# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികാം രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകാംക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങാം ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങാം പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങാം നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങാം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങാം പ്രാഥമിക സർവ്വേകാം തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങാം ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകാം പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങാം മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകാം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉാംപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായിരുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


**വാല്യം 1**

**പാറശ്ശാല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

**വാല്യം 2**

**പെരുങ്കടവിള ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

**വാല്യം 3**

**അതിയന്നൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

**വാല്യം 4**

**നേമം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

**വാല്യം 5**

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

**വാല്യം 6**

**കഴക്കൂട്ടം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

**വാല്യം 7**

**വെള്ളനാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

**വാല്യം 8**

**നെടുമങ്ങാട് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

**വാല്യം 9**

**വാമനപുരം ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

**വാല്യം 10**

**കിളിമാനൂർ ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

**വാല്യം 11**

**ചിറയിൻകീഴ് ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

**വാല്യം 12**

**വർക്കല ബ്ലോക്ക്**

*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

വാല്യം 13

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

വാല്യം 14

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

വാല്യം 15

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

വാല്യം 16

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

വാല്യം 17

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

വാല്യം 18

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

വാല്യം 19

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

വാല്യം 20

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

വാല്യം 21

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

വാല്യം 22

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

വാല്യം 23

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

വാല്യം 24

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

വാല്യം 25

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

വാല്യം 26

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

വാല്യം 27

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

വാല്യം 28

## കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

വാല്യം 29

## ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

വാല്യം 30

## റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമൂഴി
9. വെച്ചൂച്ചിറ

വാല്യം 31

## കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

വാല്യം 32

## പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

വാല്യം 33

## പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

വാല്യം 34

## കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

വാല്യം 35

## തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

വാല്യം 36

## പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

വാല്യം 37

## കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

വാല്യം 38

## ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

വാല്യം 39

## അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

വാല്യം 40

## ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

വാല്യം 41

## വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

വാല്യം 42

## ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

വാല്യം 43

## ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

വാല്യം 44

## മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

വാല്യം 45

## ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

വാല്യം 46

## മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

വാല്യം 47

## വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

വാല്യം 48

## കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

വാല്യം 49

## ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

വാല്യം 50

## ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

വാല്യം 51

## ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

വാല്യം 52

## ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

വാല്യം 53

## പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

വാല്യം 54

## പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

വാല്യം 55

## മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

വാല്യം 56

## വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

7

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

**വാല്യം 85**

### ഒല്ലൂക്കര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

**വാല്യം 86**

### പുഴക്കൽ ബ്ലോക്ക്

*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

**വാല്യം 87**

### മുല്ലശ്ശേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

**വാല്യം 88**

### തളിക്കുളം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

**വാല്യം 89**

### അന്തിക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. മണലൂർ

**വാല്യം 90**

### ചേർപ്പ് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

**വാല്യം 91**

### കൊടകര ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

**വാല്യം 92**

### ഇരിങ്ങാലക്കുട ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

**വാല്യം 93**

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

**വാല്യം 94**

### മതിലകം ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. ശ്രീനാരായണപുരം

**വാല്യം 95**

### കൊടുങ്ങല്ലൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

**വാല്യം 96**

### മാള ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

**വാല്യം 97**

### ചാലക്കുടി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

**വാല്യം 98**

### തൃത്താല ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

**വാല്യം 99**

### പട്ടാമ്പി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. വിളയൂർ

| വാല്യം 100 |
|---|

## ഒറ്റപ്പാലം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

| വാല്യം 101 |
|---|

## ശ്രീകൃഷ്ണപുരം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

| വാല്യം 102 |
|---|

## മണ്ണാർക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

| വാല്യം 103 |
|---|

## അട്ടപ്പാടി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

| വാല്യം 104 |
|---|

## പാലക്കാട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

| വാല്യം 105 |
|---|

## കുഴൽമന്ദം ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

| വാല്യം 106 |
|---|

## ചിറ്റൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

| വാല്യം 107 |
|---|

## കൊല്ലങ്കോട് ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

| വാല്യം 108 |
|---|

## നെന്മാറ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

| വാല്യം 109 |
|---|

## ആലത്തൂർ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

| വാല്യം 110 |
|---|

## മലമ്പുഴ ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

| വാല്യം 111 |
|---|

## നിലമ്പൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മുത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളികാവ്

| വാല്യം 112 |
|---|

## കൊണ്ടോട്ടി ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

| വാല്യം 113 |
|---|

## വണ്ടൂർ ബ്ലോക്ക്
*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

2

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ നങ്ങാ ട്
8. കുരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ളി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കുത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# ആലങ്കോട് ഗ്രാമപഞ്ചായത്ത്

# വികസന രേഖ

ജനകീയാസൂത്രണം


# ആലങ്കോട് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# വികസനരേഖ

**1996**


ആലങ്കോട്




1. കാളാച്ചാൽ
2. പന്താവൂർ
3. കക്കിടിപ്പുറം
4. ആലംകോട്
5. പെരുമുക്ക്
6. ചങ്ങരംകുളം
7. കോക്കൂർ നോർത്ത്
8. കോക്കൂർ സൗത്ത്
9. പാവിട്ടപ്പുറം
10. കിഴിക്കര
11. ഒതളൂർ

## പത്രാധിപർ

എൻ.എൻ. തലാപ്പിൽ

## പത്രാധിപ സമിതി

ആലംകോട് ലീലാകൃഷ്ണൻ
കെ.കെ. രാജൻ
ടി. രാമദാസ്
എം. അരുൺകുമാർ
വി.വി. മുഹമ്മദ് അഷ്റഫ്
എ.പി. ശ്രീധരൻ മാസ്റ്റർ

ക്യാമറ : ശ്രീധർ പള്ളിക്കര
ചിത്രങ്ങൾ : ശ്യാംകുമാർ മടപ്പാട്ട്

## വികസനരേഖയ്ക്കു പിന്നിൽ..........

1. കുന്നത്ത് വേലായുധൻ
2. എ.വി. കേശവൻ
3. എ.ടി. കേശവൻ മാസ്റ്റർ
4. കെ. സുബ്രഹ്മണ്യൻ
5. മുജീബ് റഹ്മാൻ
6. വി.വി. അബൂബക്കർ
7. പി.വി. കുഞ്ഞഹമ്മദ് മാസ്റ്റർ
8. സി.സി. തങ്കമണി
9. എം.പി. വേലായുധൻ
10. സി.എ. കുഞ്ഞുമോൻ
11. പി. അബ്ദുൽ ഗഫൂർ
12. സി.എസ്. മോഹൻദാസ്
13. ടി.വി. മുഹമ്മദ് അബ്ദുറഹ്മാൻ
14. അബ്ദുറഹ്മാൻ മാസ്റ്റർ
15. കെ.വി. അച്ചുതൻ
16. വി.കെ. മോഹനകൃഷ്ണൻ
17. കെ.വി. ശശീന്ദ്രൻ

## സംസ്ഥാന റിസോഴ്സ് പേഴ്സൺ

* കെ.കെ. രാജൻ

## ജില്ലാ റിസോഴ്സ് പേഴ്സൺ

1. ടി. രാമദാസ് (കൺവീനർ)
2. വി.വി. മുഹമ്മദ് അഷ്റഫ്
3. പി.പി. രാജൻ
4. അടാട്ട് വാസുദേവൻ
5. ടി.വി. സുഭാഷ്
6. എം. അരുൺകുമാർ
7. അബ്ദുറഹ്മാൻ മാസ്റ്റർ
8. ലക്ഷ്മികുമാരി ടീച്ചർ

ഡി.ടി.പി., ലേ ഔട്ട് & പ്രിന്റിംഗ്
**പേസ് എടപ്പാൾ**

# പഞ്ചായത്ത് ഭരണസമിതി



കെ.കെ. രാജൻ
(പ്രസിഡന്റ്)



പത്മാവതി അപ്പശ്ശി
(വൈസ് പ്രസിഡന്റ്)



പി.പി. യൂസഫലി
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ



പി.പി. മൂസക്കുട്ടിമാസ്റ്റർ
1-ാം വാർഡ്



ടി. മൊയ്തുണ്ണി മൗലവി
2-ാം വാർഡ്



വിജയാശിവശങ്കരൻ
3-ാം വാർഡ്



എ.പി. പുരുഷോത്തമൻ
4-ാം വാർഡ്



എം.പി. ചന്ദ്രശേഖരൻനായർ
5-ാം വാർഡ്



പി.പി. തങ്കമണി
6-ാം വാർഡ്



വി.കെ. ഐഷ
8-ാം വാർഡ്



ടി.വി. നസീർ
10-ാം വാർഡ്



പി. ഗംഗാധരൻ
സെക്രട്ടറി



ടി. രാമദാസ്
കൺവീനർ



വി.വി. മുഹമ്മദ് അഷറഫ്
ജോ. കൺവീനർ




പഞ്ചായത്തിലെ ഏറ്റവും പഴക്കം ചെന്ന സ്കൂൾ
ജി.എൽ.പി. സ്കൂൾ, ആലംകോട്



പഞ്ചായത്തിലെ 10 ബെഡ്ഡുകളുള്ള മിനി പ്രാഥമികാരോഗ്യ കേന്ദ്രം



വി.വി. അക്ബർ ഹാജി
ബ്ലോക്ക് മെമ്പർ
കോക്കൂർ ഡിവിഷൻ



ചങ്ങരംകുളത്ത് സ്ഥിതി ചെയ്യുന്ന റഗുലേറ്റഡ് മാർക്കറ്റ്



എം. ലക്ഷ്മികുമാരി ടീച്ച
(വൈസ് പ്രസിഡന്റ്
ബ്ലോക്ക് പഞ്ചായത്ത്)
ചങ്ങരംകുളം ഡിവിഷന




ജലസേചനപദ്ധതി - ലിഫ്റ്റ് ഇറിഗേഷൻ പന്താവൂർ




ചങ്ങരംകുളം മാന്തടത്ത് സ്ഥിതി ചെയ്യുന്ന ഡാനിഡ - വാട്ടർ ടാങ്ക്



ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ്, ചങ്ങരംകുളം



ഒതളൂർ ആയുർവേദ ഡിസ്പെൻസറി, ആലംകോട്



പുരാതന ക്ഷേത്രങ്ങളിലൊന്ന് - ചേന്നാത്ത് ശിവ ക്ഷേത്രം ആലംകോട്




പഞ്ചായത്തിലെ പുരാതന ആരാധനാലയ ങ്ങളിലൊന്നായ കോക്കൂർ ജുമാമസ്ജിദ്



മാനംകണ്ടത്ത് മുഹമ്മദ് ഹയ്യ് ഹാജി മെമ്മോറിയൽ ഗവ. ഹൈസ്കൂൾ, കോക്കൂർ.



കോക്കൂർ ഹൈസ്കൂളിന് വേണ്ടി സ്കൂൾ പി.ടി. എ.യും പഞ്ചായത്തും കൂടി നിർമിച്ച ക്ലാസ് റൂം.



ചങ്ങരംകുളം അങ്ങാടി - ഒരു ദൃശ്യം

## പഞ്ചായത്ത് പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | ആലങ്കോട് ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | ആലങ്കോട് |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരുമ്പടപ്പ് |
| താലൂക്ക് | : | പൊന്നാനി |
| അസംബ്ലി മണ്ഡലം | : | പൊന്നാനി |
| വിസ്തീർണം | : | 20.35 ച.കി.മീറ്റർ |

അതിരുകൾ


| | | |
|---|---|---|
| വടക്ക് | : | എടപ്പാൾ, വട്ടംകുളം ഗ്രാമപഞ്ചായത്തുകൾ |
| തെക്ക് | : | നന്നംമുക്ക് ഗ്രാമപഞ്ചായത്ത്, കാട്ടകാമ്പാൽ, കടവല്ലൂർ (തൃശൂർ ജില്ല) ഗ്രാമപഞ്ചായത്തുകൾ |
| പടിഞ്ഞാറ് | : | എടപ്പാൾ, നന്നംമുക്ക് ഗ്രാമപഞ്ചായത്ത് |
| കിഴക്ക് | : | കപ്പൂർ, ചാലിശ്ശേരി ഗ്രാമപഞ്ചായത്ത് (പാലക്കാട് ജില്ല) |

| | | |
|---|---|---|
| ജനസംഖ്യ | : | 26927 |
| പുരുഷൻ | : | 13051 |
| സ്ത്രീകൾ | : | 13876 |
| വാർഡുകൾ | : | 11 |
| പ്രസിഡന്റിന്റെ പേര് | : | കെ.കെ. രാജൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | പത്മാവതി അപ്പശ്ശി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | : | പി.പി. യൂസഫലി |
| ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാർ | : | എം. ലക്ഷ്മി കുമാരി ടീച്ചർ (വൈസ് പ്രസി. പെരുമ്പടപ്പ് ബ്ലോക്ക്) |
| | : | വി.വി. അക്ബർ ഹാജി |



പഞ്ചായത്ത് ഓഫീസ്

പഞ്ചായത്ത് സ്റ്റാഫ്



*നിൽക്കുന്നവർ ഇടത്തു നിന്ന്:–* മുഹമ്മദ് (LDC), K.K. തങ്കപ്പൻ (LDC), N.C. സേവ്യർ (LDC), പി.പി. സരോജിനി (പ്യൂൺ) *ഇരിക്കുന്നവർ ഇടത്തുനിന്ന്:–* ശാന്തകുമാരി (UDC), ജോബ് രാജ് (UDC) പി.ഗംഗാധരൻ (സെക്രട്ടറി), സി.അമ്മ (ഹെഡ്ക്ലാർക്ക്)

# മുൻ പഞ്ചായത്തു ബോർഡംഗങ്ങൾ



എം.എം. കുഞ്ഞാലൻ ഹാജി
(മുൻ പ്രസിഡന്റ്)

## 1964-1979

### മെമ്പർമാർ

1. കെ.എം. മുഹമ്മദുകുട്ടി
2. സി.പി. കാദർ
3. എം.വി. റഷീദ് മൗലവി
4. പി. കൗസല്യ (നോമിനേറ്റഡ്)
5. കെ. വേലായുധനെഴുത്തച്ഛൻ
6. എം. മുല്ലൻ (സംവരണം)



എം.പി. കുട്ടൻ നായർ
(മുൻ വൈസ് പ്രസിഡന്റ്)



എം.എം. കുഞ്ഞാലൻ ഹാജി
(മുൻ പ്രസിഡന്റ്)

## 1979 - 1984

### മെമ്പർമാർ

1. ടി.വി. അബ്ദുല്ലക്കുട്ടി
2. എം.കെ. കുഞ്ഞൻ
3. എം.എം. അഷ്റഫ്
4. ടി.വി. ആലിക്കുട്ടി
5. കെ. മൂസ്സക്കുട്ടി
6. പി.പി. കൃഷ്ണനുണ്ണിനായർ
7. പി.എ. മൊയ്തീൻകുട്ടി



എം. സുലോചന ടീച്ചർ
(മുൻ വൈസ് പ്രസിഡന്റ്)



അഷ്റഫ് കോക്കൂർ
(മുൻ പ്രസിഡന്റ്)

## 1988 - 1995

### മെമ്പർമാർ

1. എം. സുലോചന ടീച്ചർ
2. എ.പി. പുരുഷോത്തമൻ
3. കെ.പി. ചെറുണ്ണി നായർ
4. എൻ.വി. ചന്ദ്രശേഖരൻ
5. എം.എം. മൊയ്തുണ്ണി
6. ടി.വി. അബ്ദുള്ളക്കുട്ടി
7. പത്മാവതി അപ്പശ്ശി
8. പി.പി. യൂസഫലി



പി.പി. മൂസക്കുട്ടി മാസ്റ്റർ
(മുൻവൈസ് പ്രസിഡന്റ്)

## ഉള്ളടക്കം

I ആമുഖം

II സാമൂഹ്യ - സാംസ്കാരിക ചരിത്രം I

III സാമൂഹ്യ - സാംസ്കാരിക ചരിത്രം II

IV ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

A പ്രാഥമിക മേഖല

1. കൃഷിയും ജലസേചനവും
2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

B ദ്വിതീയ മേഖല

3. വ്യവസായം
4. ഗതാഗതം, ഊർജ്ജം, മാർക്കറ്റിംഗ്

C തൃതീയ മേഖല

5. വിദ്യാഭ്യാസം
6. ആരോഗ്യവും കുടിവെള്ളവും
7. പാർപ്പിടം സാമൂഹ്യക്ഷേമം
8. സംസ്ക്കാരം
9. വനിത
10. പട്ടികജാതി പട്ടികവർഗ്ഗം
11 സഹകരണം.
12. വിഭവസമാഹരണം
13. ടൂറിസം

V ഉപസംഹാരം

# I. ആമുഖം



ഇന്ത്യ വമ്പിച്ച വികസന സ്വപ്നങ്ങളുമായാണ് 1947 ആഗസ്റ്റ് 15ന് സ്വാതന്ത്ര്യത്തിന്റെ സുപ്രഭാതത്തെ എതിരേറ്റത്. വികസിത രാഷ്ട്രങ്ങൾ പിന്തുടർന്ന രാഷ്ട്രനിർമാണ പ്രവർത്തനങ്ങളിൽനിന്ന് പ്രചോദനമുൾക്കൊണ്ട് തനതായ ശൈലിയിലും ലക്ഷ്യബോധത്തോടുകൂടിയും പഞ്ചവത്സര പദ്ധതികളിലൂടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ 1952 വരെ നമുക്ക് കാത്തിരിക്കേണ്ടി വന്നു. പഞ്ചവത്സരപദ്ധതികളെട്ടെണ്ണം കഴിഞ്ഞു. എന്നിട്ടും നമ്മുടെ വികസനസ്വപ്നങ്ങൾ സാധാരണജനവിഭാഗങ്ങളെ കൃതാർത്ഥരാക്കിയില്ല. പിന്തുടർന്ന കേന്ദ്രീകൃത ആസൂത്രണ രീതി, രാഷ്ട്രീയ നേതൃത്വത്തിന്റെയും ഉദ്യോഗസ്ഥവൃന്ദത്തിന്റെയും മാത്രം നിയന്ത്രണത്തിലായിരുന്നു. വികസന പദ്ധതികൾ സംബന്ധിച്ച കാര്യങ്ങൾ ആദ്യം കേന്ദ്രത്തിലും തുടർന്ന് സംസ്ഥാനതലത്തിലും തീരുമാനങ്ങളെടുത്ത് വിവിധ വകുപ്പുകൾ മുഖേന നടപ്പാക്കുകയാണു ചെയ്തു വന്നത്. അതത് പ്രദേശത്തെ ഭൂപ്രകൃതി, ജനകീയാവശ്യങ്ങൾ തുടങ്ങിയവ പരിഗണിച്ചുകൊണ്ടുള്ള സ്കീമുകളുണ്ടായില്ല. ഡിപ്പാർട്ടുമെന്റലിസം അതിന്റെ മുഖമുദ്രയായി, പദ്ധതി പ്രവർത്തനം ജനങ്ങളിൽനിന്ന് അന്യവൽക്കരിക്കപ്പെട്ടു. ഇത് പ്രാദേശിക വിഭവ സമാഹരണ സാധ്യതകളെ ഇല്ലാതാക്കുകയും കാര്യക്ഷമതയെ പ്രതികൂലമായി ബാധിക്കുകയും ചെയ്തു.

അധികാരം ജനങ്ങളിലേക്ക് കൈമാറാൻ ഭരണഘടന മാർഗനിർദേശം നൽകിയിരുന്നുവെങ്കിലും പഞ്ചായത്തീരാജ്/നഗരപാലിക ബിൽ നിയമമാക്കിക്കൊണ്ട് അത് യാഥാർത്ഥ്യവൽക്കരിച്ച് 9-ാം പഞ്ചവത്സര പദ്ധതിയിലൂടെ പുതിയൊരു വികസന സംസ്കാരത്തിന് കേരളം തുടക്കം കുറിക്കുകയാണ്. പദ്ധതിയുടെ ആസൂത്രണം തൊട്ട് പ്രയോഗതലം വരെ ജനപങ്കാളിത്തം ഉറപ്പു വരുത്തുകയും ജനശക്തിയെ പ്രയോജനപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങൾ സമ്പൂർണ്ണവിജയത്തിലെത്തിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. ഓരോ പ്രദേശത്തെയും ഭൂപ്രകൃതി, പ്രാദേശികാവശ്യങ്ങൾ, സാധ്യതകൾ എന്നിവ കണക്കിലെടുത്ത് പരിപാടികൾ ആസൂത്രണം ചെയ്യാൻ ഇതു നമുക്ക് അവസരം നൽകുന്നു. കേരളത്തെപ്പോലെ വൈവിധ്യമാർന്ന ഭൂപ്രകൃതിയാൽ സമ്പന്നമായ ഒരു സംസ്ഥാനത്ത് ഈ രീതി പരമപ്രധാനമാണ്. പ്രാദേശികാടിസ്ഥാനത്തിൽ പദ്ധതിയുണ്ടാകുമ്പോൾ വിവിധ മേഖലകളുടെ പരസ്പരബന്ധം മനസ്സിലാക്കാനും സംയോജിത വികസന പരിപാടികൾ നടപ്പിലാക്കാനും കഴിയും. സംഭാവനകളിലൂടെയും സന്നദ്ധ പ്രവർത്തനങ്ങളിലൂടെയും വിഭവസമാഹരണം നടത്താനും സാധിക്കും. ഉൽപ്പന്നങ്ങൾക്കുള്ള വമ്പിച്ച ആഭ്യന്തര ഡിമാന്റ്, വിദ്യാസമ്പന്നമായ മാനവശേഷി, വൻതോതിൽ സംഭരിക്കാൻ കഴിയുന്ന വിഭവങ്ങൾ തുടങ്ങിയ നിരവധി അനുകൂലഘടകങ്ങളെ വിജയസോപാനത്തിന്റെ ചവിട്ടുപടികളാക്കാൻ നമുക്കു കഴിയും.

10-9-96ന് ചേർന്ന പഞ്ചായത്തു ബോർഡുയോഗം ജനകീയാസൂത്രണ പ്രക്രിയയുടെ നാന്ദികുറിച്ചു. തുടർന്ന് 17.9.96നും 4.11.96നും 'ബാമാസ് ഓഡിറ്റോറി'യത്തിൽ വെച്ച് ശില്പശാലകൾ നടന്നു. വിവിധ രംഗങ്ങളിൽ വിദഗ്ധരായ ഉദ്യോഗസ്ഥരും അനു

ദ്യോഗസ്ഥരും ജനപ്രതിനിധികളും പങ്കെടുത്ത ഈ ശില്പശാലകൾ നാനാ തുറകളിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ രൂപരേഖ ചമച്ചു. 21.9.96 മുതൽ 6.10.96 വരെ ഉള്ള കാലയളവിൽ പതിനൊന്നു വാർഡുകളിലും ഗ്രാമസഭകൾ ചേർന്നു. ഈ ഗ്രാമസഭകളിൽ മൊത്തം 2200ൽപരം ജനങ്ങൾ പങ്കെടുത്തു. വിഷയാടിസ്ഥാനത്തിൽ 12 ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച ചെയ്ത് റിപ്പോർട്ടുകൾക്ക് രൂപം നൽകി. ഇവ ക്രോഡീകരിച്ച് ഈ സമഗ്രവികസന രേഖയിൽ വിവിധ അധ്യായങ്ങളായി സമാഹരിച്ചിട്ടുണ്ട്.

സന്നദ്ധപ്രവർത്തനങ്ങളിലൂടെ കനപ്പെട്ട സംഭാവന നൽകാൻ കഴിയുന്ന ഒരു ബൃഹത്തായ സന്നദ്ധസേനയെ സജ്ജമാക്കാൻ കഴിഞ്ഞിട്ടുണ്ട്. സംഭാവനയായി വിഭവസമാഹരണം നടത്തി പദ്ധതി വിഹിതം ഫലപ്രദമായി വിനിയോഗിച്ച് ലക്ഷ്യപ്രാപ്തി കൈവരിക്കാൻ ഓരോ ഗ്രാമസഭയും പ്രതിജ്ഞാബദ്ധമായിട്ടുണ്ട്. ഇവയുടെ കരുത്തിലൂന്നിനിന്ന് അർപ്പണബോധത്തോടെ പ്രവർത്തിച്ച് ആലങ്കോട് ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ നാളെയുടെ ചരിത്രയാഥാർഥ്യമാക്കാൻ നമുക്കിവിടെ ദൃഢപ്രതിജ്ഞയെടുക്കാം.

❄ ❄ ❄



# II. സാംസ്കാരിക ചരിത്രത്തിനൊരാമുഖം

വളരെ പുരാതനമായ മഹാശിലാ സ്മാരകങ്ങൾ ബാക്കി നിൽക്കുന്ന കേരളത്തിലെ പഴയ ഗ്രാമങ്ങളിലൊന്നാണ് ആലങ്കോട്. ഗ്രാമഹൃദയത്തിൽ ഇന്നും കേടുപാടൊന്നും കൂടാതെ കാണപ്പെടുന്ന 'കുടക്കല്ല്' ആദിമജനവി ഭാഗങ്ങളുടെ ജീവിത ചരിത്രത്തിലേക്ക് വെളിച്ചം വീശുന്നു.

മൃതാവശിഷ്ടങ്ങൾ അടക്കം ചെയ്ത കല്ലറകൾക്ക് മീതെ ശില കൊണ്ടുള്ള കാലുകൾ നാട്ടി അവയ്ക്കു മേൽ സ്ഥാപിച്ചിരിയ്ക്കുന്ന കൂറ്റൻ കൂമ്പാരക്കല്ലുകളാണ് കുടക്കല്ലുകൾ. തൊപ്പിക്കല്ലുകൾ, കുടക്കല്ലുകൾ, നടുക്കല്ലുകൾ, മേശക്കല്ലുകൾ, നന്നങ്ങാടികൾ ,തുടങ്ങിയ ശവക്കല്ലറ സ്മാരകങ്ങളെല്ലാം മാനവ ചരിത്രത്തിലെ ഏറ്റവും പ്രാചീനമെന്നു കരുതാവുന്ന ഗോത്ര വർഗ്ഗ സംസ്കാരവുമായി ബന്ധപ്പെട്ടവയാണ്. പരേതാത്മാക്കളെ തൃപ്തിപ്പെടുത്തുവാനുള്ള 'അനിമിസം' പോലുള്ള പ്രാകതവിശ്വാസങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന ഈ മഹാശിലാ സ്മാരകങ്ങൾക്ക് കേരളത്തിലെ ആദിമ സംസ്ക്കാര രൂപീകരണത്തിന്റെ കാലത്തോളം പഴക്കമുണ്ട്.

തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ, കണ്ടാണശ്ശേരി, പോർക്കുളം, കാട്ടുകാമ്പാൽ എന്നീ സ്ഥലങ്ങളിൽ ധാരാളമായി കാണപ്പെടുന്ന കുടക്കല്ലുകളുടേയും തൊപ്പിക്കല്ലുകളുടേയും ശൃംഖലയിൽ ഏറ്റവും വടക്കുള്ള കുടക്കല്ലാണ് ആലങ്കോട്ടു കാണപ്പെടുന്നത്. ഈയൊരു ആദിഗോത്ര ശൃംഖല (Tribal belt) കേന്ദ്രീകരിച്ച് വളരെ പുരാതനമായൊരു ജീവിത സംസ്കാരം നിലനിന്നിരുന്നതായി പുരാവസ്തു പര്യവേക്ഷകർ നിരീക്ഷിക്കുന്നുണ്ട്. പോർക്കുളത്തേയും കണ്ടാണശ്ശേരിയിലേയും മഹാശിലാസ്മാരകങ്ങളിൽ ഉൽഖനനം നടത്തിയ പ്രശസ്ത പുരാവസ്തു പര്യവേക്ഷകൻ, ബി.കെ. താപ്പർ അവിടെ കണ്ടെത്തിയത് ശവക്കല്ലറയിലടക്കം ചെയ്ത അസ്ഥികളും ജപമണികളും മൺഭരണികളുമൊക്കെയാണ്.

മൃതദേഹം ദഹിപ്പിയ്ക്കാതെ അടക്കം ചെയ്യുന്ന സംസ്കാരം ആര്യന്മാർക്കും വളരെ മുമ്പുള്ള ഗോത്ര ജന വിഭാഗങ്ങളുടേതാണ്. ശവം ദഹിപ്പിക്കുന്ന സമ്പ്രദായം ആര്യന്മാരുടെ ആഗമനത്തിനു ശേഷമാണ് ഇവിടെ നടപ്പായതതെന്ന് ചരിത്രകാരന്മാർ വിശ്വസിയ്ക്കുന്നു. അങ്ങനെ ചിന്തിക്കുമ്പോൾ, കേരളത്തിലെ ആദിമ സംസ്ക്കാര രൂപീകരണത്തിന്റെ കാലങ്ങളിൽത്തന്നെ ആലങ്കോട് പ്രദേശങ്ങളിലും മനുഷ്യവാസമുണ്ടായിരുന്നതായി ചരിത്രം സൂചന തരുന്നു. ആ ഗോത്ര പരമ്പരയുടെ പിൻമുറക്കാരായി ധാരാളം കീഴാള ജാതിവിഭാഗങ്ങൾ ഇന്നും ഇവിടെ നിലനില്ക്കുകയും ചെയ്യുന്നുണ്ട്. കുടക്കല്ലു നിൽക്കുന്നിടത്തിനു തൊട്ടു തന്നെയുള്ള പുരാതനമായ പറയ മണ്ടകവും (തടത്തിൽ പറമ്പ്) അവിടുത്തെ വേലയും ഈ വിശ്വാസപരമ്പരകളുടെ തുടർച്ചയായിരിക്കണം. കാള, പൂതം, മൂക്കൻ ചാത്തൻ, തിറ, തെയ്യം തുടങ്ങിയ അനുഷ്ഠാന കലാരൂപങ്ങൾക്കു പുറമെ ആഭിചാര നിബദ്ധമായ ഒട്ടേറെ ആചാര വിശേഷങ്ങളും ഇവിടെ നിലനിന്നിരുന്നു. ആലങ്കോടു പഞ്ചായത്തിന്റെ മറ്റുഭാഗങ്ങളിലും കീഴാളജാതിക്കാരുടെ മണ്ടകങ്ങളും ആചാരാനുഷ്ഠാനങ്ങളും നിലനില്ക്കുന്നുണ്ട്. ഈ ഗോത്ര സംസ്കാരം തന്നെയാണ് ആലങ്കോട് ഗ്രാമത്തിന്റെ അടിസ്ഥാന ശില.

ആര്യാധിനിവേശങ്ങൾക്കു ശേഷമുള്ള വൈദികസംസ്കൃതിയുടെ കാലത്തും ആലങ്കോടിന് സമ്പന്നമായൊരു ചരിത്രമുണ്ട്. അഷ്ടവസുക്കൾ പ്രതിഷ്ഠിച്ചതെന്നു കരുതപ്പെടുന്ന പുരാതനമായ അഷ്ടയിൽ നരസിംഹമൂർത്തിക്ഷേത്രവും ഖരമഹർഷിയാൽ പ്രതിഷ്ഠിതമെന്നു വിശ്വസിക്കപ്പെടുന്ന ചേരുമംഗലം ശിവക്ഷേത്രവും ബ്രാഹ്മണ മഠങ്ങളുടെ ആധിപത്യകാലത്തിന്റെ സ്മാരകങ്ങളാണ്. പെരുമുക്ക്, ചാങ്ങലിയോട്, കക്കാട്, കരിയന്നൂര്, പൂക്കുഴി തുടങ്ങിയ ബ്രാഹ്മണ ജ

ന്മിമാരുടെ തട്ടകമായിരുന്നു ഈ ഗ്രാമം. ആദ്യകാലത്ത് വള്ളുവനാടിന്റേയും പിന്നീട് സാമൂതിരി രാജവംശത്തിന്റേയും സാമന്ത സ്വരൂപമായിരുന്ന കൂറ്റനാട് രാജാധിപത്യത്തിന് കീഴൊതുങ്ങി നിന്നുകൊണ്ട് ഈ ജന്മിമാർ നാടുഭരിച്ച കാലമാണ് ആലങ്കോടിന്റെ ഫ്യൂഡൽ ചരിത്രകാലം.

അന്ന് അഷ്ടയിൽ ക്ഷേത്രം കേന്ദ്രീകരിച്ച് കേൾവികേട്ട 'വാരമിരി' ക്കലും വേദപരിശീലനവും നടന്നിരുന്നു. ശുകപുരം ഗ്രാമക്കാരെ പ്രതിനിധീകരിച്ച് അക്കാലത്ത് ആലങ്കോട്ടുകാരായ വൈദിക ബ്രാഹ്മണർ യാഗാദി കർമ്മങ്ങളിൽ പങ്കു ചേർന്നിരുന്നു. ആ പരമ്പരയിൽ ഈ നൂറ്റാണ്ടിന്റെ ആരംഭ കാലത്ത് അഷ്ടയിൽ പാടത്ത് യാഗശാല കെട്ടി സോമയാഗം നടത്തിയ പുക്കുഴി ദിവാകരൻ സോമയാജിപ്പാട് സമീപകാലത്താണല്ലോ അന്തരിച്ചത്. വൈദിക ബ്രാഹ്മണകുലങ്ങളുടെ യാഥാസ്ഥിതിക സവർണ്ണ ഗർവങ്ങളോടു കലഹിച്ച കലാപകാരിയായ ഒരു ഉൽപ്പതിഷ്ണു ബ്രാഹ്മണനും നാലു നൂറ്റാണ്ടു കാലം മുമ്പ് ആലങ്കോട് ഗ്രാമത്തിൽ ജീവിച്ചിരുന്നു. 'ആലങ്കോട് അത്യാശ്രമി' എന്ന പേരിൽ പ്രശസ്തനായിത്തീർന്ന അദ്ദേഹം ചെറുമുക്ക് മനയിൽ ജനിച്ച് ചിട്ടപ്രകാരം വേദവേദാംഗ പരിശീലനം നേടിയ ആളായിരുന്നു. എന്നാൽ ബ്രാഹ്മണ പൗരോഹിത്യത്തിന്റെ അധികാരഗർവ്വവും അധീശത്വ ബോധവും കണ്ട് മനംമടുത്ത അദ്ദേഹം പിന്നീട് പുരോഹിത ജീവിതമുപേക്ഷിച്ച് അവധൂതനായി. ദൃഷ്ടിയിൽ പെട്ടാൽ പോലും ദോഷമുള്ളവരായി സവർണ്ണ ജന്മിത്വം അകറ്റിനിർത്തിയിരുന്ന ചെറുമക്കളുടെ കുടിലുകളിൽ അന്തിയുറങ്ങിയും അടിയാളരോടൊപ്പം ജീവിച്ചും അദ്ദേഹം വർണ്ണാശ്രമധർമ്മങ്ങളെ ധിക്കരിച്ചു. പുരോഹിത പ്രമാണിമാർ അദ്ദേഹത്തെ ഭ്രഷ്ടനാക്കി. എന്നാൽ ഒരിയ്ക്കൽ അഷ്ടയിൽ ക്ഷേത്രദർശനത്തിനു വന്ന വില്വമംഗലം സ്വാമിയാർ ചെറുമക്കുടിലിൽ ഒരു ചെറുമക്കിടാത്തിയുടെ മടിയിൽ തലവെച്ചു കിടന്ന അദ്ദേഹത്തെ കണ്ടത് ലക്ഷ്മീദേവിയുടെ മടിയിൽ തലവെച്ചു കിടക്കുന്ന വിഷ്ണുവായിട്ടാണ് എന്നാണ് കഥ. തീണ്ടൽ ജാതിക്കാരായി മാറ്റി നിർത്തപ്പെട്ടിരുന്ന കീഴാള ഗോത്ര ജന വിഭാഗത്തിന്റെ സാംസ്കാരിക സത്യം തിരിച്ചറിഞ്ഞ ഈ വിപ്ലവകാരിയെ ആശ്രമങ്ങൾക്കതീതനാകയാൽ 'അത്യാശ്രമി' എന്ന് വിജ്ഞർ വിളിച്ചു. അഷ്ടയിൽ ക്ഷേത്രമതില്ക്കകത്ത് ഇന്നും അത്യാശ്രമിക്ക് ഒരു ക്ഷേത്രമുണ്ട്.



കുടക്കല്ല് – ആലംകോട് സ്ഥിതി ചെയ്യുന്ന ഒരു ചരിത്ര സ്മാരകം

വളരെ പുരാതനമായ ഒരു ഇസ്ലാമിക ജീവിത സംസ്കാരവും ആലങ്കോടിന്റെ സാംസ്കാരിക ചരിത്രത്തിൽ തിളക്കമാർന്നു നിൽക്കുന്നു. കോക്കൂരിലേയും പെരുമുക്കിലെയും കക്കിടിക്കലേയും പഴയ പള്ളികൾ അതിന്റെ സ്മാരകങ്ങളാണ്. പരേതരായ കക്കിടിപ്പുറത്തെ അബൂബക്കർ മുസ്ല്യാരും കോക്കൂർ കുഞ്ഞഹമ്മദു മുസ്ല്യാരും വിശിഷ്ടമായൊരു മതമൈത്രിയുടെ സന്ദേശം പ്രചരിപ്പിച്ച മതപണ്ഡിതന്മാരായിരുന്നു. ജാതി മത ഭേദമന്യേ ധാരാളം ആളുകൾ വിദൂര ദേശങ്ങളിൽ നിന്നു പോലും ജീവിത ധർമ്മോപദേശം തേടി ഇവിടെ വരാറുണ്ടായിരുന്നു. ഒരു കാലത്തും ജാതി മതസ്പർദ്ധകളില്ലാതെ പുലർന്ന നന്മ നിറഞ്ഞ ഒരു ഗ്രാമജീവിതമാണ് ഈ പൂർവ്വസൂരികൾ ആലങ്കോടിന് നൽകിയിട്ടുള്ളത്. ജീർണ്ണാവസ്ഥയിലായിരുന്ന കോക്കൂരിലെ പഴയ വിഷ്ണുക്ഷേത്രം പണ്ട് കെട്ടിമേഞ്ഞു പരിപാലിച്ചിരുന്നത് ഇസ്ലാം മത വിശ്വാസികളായിരുന്നു എന്ന ചരിത്രം വിശിഷ്ടമായ ആ മാനവ സൗഹാർദ്ദത്തിന്റെ വിശ്വാസമുദ്രയാണ്. ഈ പാരമ്പര്യത്തിൽ നിന്നാണ് ഈ നൂറ്റാണ്ടിന്റെ ആരംഭകാലത്ത് ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭങ്ങളിലേക്കും കർഷക തൊഴിലാളി മുന്നേറ്റങ്ങളിലേക്കും കണ്ണു തുറന്ന ആലങ്കോടിന്റെ നവോത്ഥാന കാലചരിത്രം തുടങ്ങുന്നത്.

❑❑❑

# III. സാമൂഹിക സാംസ്കാരിക ചരിത്രം

മലബാറിന്റെ തെക്കേഅറ്റത്ത് പഴയ കൊച്ചിരാജ്യത്തിന്റെ വടക്കേ അതിർത്തിയോട് ചേർന്ന് 20.35 ച.കിലോമീറ്റർ വിസ്തൃതിയിലാണ് ആലങ്കോട് പഞ്ചായത്ത് സ്ഥിതിചെയ്യു ന്നത്. ഇന്നത്തെ പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അറ്റത്തുള്ള കപ്പൂർ, ചാലിശ്ശേരി പഞ്ചായത്തുകളോടും തൃശൂർ ജില്ലയുടെ പടിഞ്ഞാറ് വശത്തുള്ള കടവല്ലൂർ, കാട്ടകാമ്പാൽ പഞ്ചായത്തുകളോടും തൊട്ടുകിടക്കുന്നു. പുരാതന കേരളത്തിലെ അറുപത്തിനാലു ഗ്രാമങ്ങളിൽ പ്രസിദ്ധമായ ശുകപുരം ഗ്രാമത്തിലുൾപ്പെട്ടതും വൈദികസംസ്കൃതിയുടെ ഊർജ്ജംകൊണ്ട് സമ്പന്നമായതും കൊച്ചിരാജ്യത്തിന്റെ രാഷ്ട്രീയസാമൂഹ്യചലനങ്ങളെ കാലാകാലങ്ങളിൽ പരിപോഷിപ്പിച്ചതുമായ ചരിത്രപശ്ചാതലമാണ് ഈ പ്രദേശത്തിനുള്ളത്. നാടൻ കർഷകന്റെ നാളികേര പാകത്തിലുള്ള സംസ്കാരം വിളിച്ചോതുന്ന ജനവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശം മണ്ണിനെ പൊന്നാക്കുന്ന കർഷകസംസ്കാരത്തിന്റെ വിളഭൂമിയാണ്.

ആലങ്കോട് എന്ന പദത്തിന്റെ നിഷ്പത്തിയന്വേഷിച്ച് പുറകോട്ടുപോകാൻ അവലംബിക്കാവുന്ന ചരിത്രരേഖകൾ വിരളമാണ്. 'ആലം' എന്ന പദ ത്തിന് (ആളം ; സമാന പദം) സമൃദ്ധ മായ ജലം ഉള്ള ഭൂമി എന്ന അർത്ഥമുണ്ട്. ഇതുകൊണ്ടാവാം ഈ പേരിന് പ്രചാരം ലഭിച്ചത്. പഴയ ആലങ്കോട് അംശത്തിന്റെ നാനാഭാഗത്തായി സ്ഥിതി ചെയ്യുന്ന പന്താംകുന്ന്, കിളിയംകുന്ന്, കാളാംകുന്ന് തുടങ്ങിയ ഉയർന്ന പ്രദേശങ്ങളും ഇവയുടെ മദ്ധ്യഭാഗമായ വയലേലകളും അവക്കു നടുവിലൂടെ ഒഴുകുന്ന തോടും നിരവധി കുളങ്ങളും ഉള്ള ഈ പ്രദേശം ഈ നാമകരണ ത്തെ സാധൂകരിക്കുന്നു. 'ആല' എന്ന പദത്തിന് പണിശാല എന്നർത്ഥമുണ്ട്. പുരാതനനാടുവാഴികളുടെ ആയുധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രസിദ്ധിനേടിയ ഒരു ശില്പിയുടെ ആവാസ കേന്ദ്രമായതുകൊണ്ടാവാം ആലങ്കോടിന് ആ പേർ പ്രചരിച്ചതെന്നു കരുതുന്നതും യുക്തിസഹമാണ്. (ആലം+കോട്=ആലങ്കോട് അനുസ്വാരത്തോട് ഖരം ചേരുമ്പോൾ 'ങ്' അനുനാസികമായി ആദേശിക്കുന്നു. കോട് എന്ന പദത്തിന് മൂല, അറ്റം എന്നീ അർത്ഥങ്ങളുണ്ട്. ഈ അർത്ഥങ്ങൾ മേൽപ്പറഞ്ഞ നിഗമനങ്ങളെ ന്യായീകരിക്കുന്നവയാണ്. പഴയ ആലങ്കോട് ദേശത്തിന്റെ ഹൃദയസ്ഥാനത്ത് സ്ഥിതിചെയ്യുന്ന കുടക്കല്ലും അതിന്റെ പരിസരത്തുണ്ടായിരുന്ന മനകളും ക്ഷേത്രങ്ങളും ആലയും അവിടെ വസിച്ചിരുന്ന ശിൽപിയും ഈ പേരിന്റെ പ്രശസ്തിക്ക് വഴിയൊരുക്കിയതാവാം.

1921ൽ മാപ്പിളമാർ ബ്രിട്ടീഷുകാർക്കെതിരെ നടത്തിയ മലബാർകലാപത്തിന്റെ ദോഷവശങ്ങൾ ഈ പ്രദേശത്തെ ബാധിച്ചിട്ടില്ല. ഇവിടെനിന്ന് പോയി കലാപനേതാക്കളുടെ അനുയായികളായി ഖിലാഫത്തിൽ പങ്കെടുത്ത് ജയിൽവാസം വരിച്ചവരുണ്ട്. അവർ സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങിയിരുന്നതിന്റെ തെളിവുകളുമുണ്ട്. അവർ സ്വദേശത്തേക്ക് കലാപം വ്യാപിപ്പിച്ചില്ല. ഹിന്ദുമുസ്ലീം മൈത്രിയുടെ ഉത്തമ മാതൃക എക്കാലത്തും ഉയർത്തിപ്പിടിച്ച ഒരു ജനപദമാണിതെന്ന് ഈ ചരിത്രം തെളിയിക്കുന്നു. സംസ്കാരങ്ങളുടെ ഉദാത്ത പൈതൃകത്തിന്റെ ചില ദൃഷ്ടാന്തങ്ങൾ ഇവിടെ അനുസ്മരിക്കേണ്ടതുണ്ട്. സോമയാഗം നടത്തി കേരളത്തിലെ വൈദികർക്കിടയിൽ അവിസ്മരണീയനായ പൂക്കുഴി മനക്കൽ ദിവാകരൻ സോമയാജിപ്പാട് വൈദിക സംസ്കാരത്തിന്റെ 'അഗ്നി' അന്ത്യനിമിഷം വരെ കെടാതെ സൂക്ഷിച്ച് അടുത്ത കാലം വരെ ഇവിടെ ജീവിച്ചിട്ടുണ്ട്. ബോംബെ, മദ്രാസ് തുടങ്ങിയ വിദൂരസ്ഥലങ്ങളിൽ നിന്നുപോലും ഭക്തജനങ്ങൾ അനുഗ്രഹം തേടിവന്നിരുന്ന കക്കിടിപ്പുറത്തെ ശൈഖുനാ ജ:അബൂബക്കർ മുസ്ല്യാർ (അൽഹാജി) അടുത്തകാലത്താ

ണ് നിര്യാതനായത്. അതുപോലെ കോക്കൂർ കുഞ്ഞുമുഹമ്മദ് മുസ്ല്യാരും ഈ രംഗത്ത് പ്രശസ്തനായിരുന്നു. ഈ പൂർവ്വസൂരികളുടെ സംസ്കൃതിയെ പിന്തുടരുന്ന ശിഷ്യഗണങ്ങളും ആധുനിക സംസ്കാരത്തിന്റെ സന്ദേശമുൾകൊള്ളുന്നവരും ഐക്യദാർഢ്യം പുലർത്തുന്ന പ്രദേശമാണിത്.

ജാതിസമ്പ്രദായത്തിനും അനാചാരങ്ങൾക്കും എതിരായി സമൂഹ മനസ്സാക്ഷിയെ ഉണർത്തുകയും വളർത്തുകയും ചെയ്ത വ്യക്തികളും സംഭവങ്ങളും ഇവിടെയും വിരളമല്ല. മിശ്രഭോജനം, മിശ്രവിവാഹം, ക്ഷേത്രപ്രവേശനം, (ഹരിജനങ്ങൾ ക്ഷേത്രങ്ങളിൽ കുളിച്ച് ദർശനം നടത്തുന്നത്) തുടങ്ങിയ പുരോഗമനപ്രസ്ഥാനങ്ങൾക്ക് നേതൃത്വം നൽകിയ സവർണ്ണ ഹൈന്ദവ പ്രമുഖരും വിധവാവിവാഹം, മറക്കുട വലിച്ചെറിഞ്ഞ് പൊതുരംഗത്തിറങ്ങൽ തുടങ്ങിയ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളിൽ പങ്കെടുത്ത നമ്പൂതിരി ഗൃഹങ്ങളും ഈ പ്രദേശത്ത് ഉണ്ടായിരുന്നു. ഈ സംഭവപരമ്പരകളെ വിവരിക്കുന്ന ഗ്രന്ഥങ്ങൾ സഹോദരൻ അയ്യപ്പൻ, വി.ടി.ഭട്ടതിരിപ്പാട്, എം.ആർ.ബി, പ്രേംജി തുടങ്ങിയവർ വിവരിച്ചിട്ടുണ്ട്. ഇവയിൽ നിന്ന് സ്ഥലകാലങ്ങളും വ്യക്തികളും ഊഹിച്ചറിയാമെന്നല്ലാതെ തെളിവു സഹിതം രേഖപ്പെടുത്താൻ സാഹചര്യമില്ലെന്ന് ഇവിടെ രേഖപ്പെടുത്തട്ടെ.

ട്രേഡ് യൂണിയനുകളും കർഷക സംഘങ്ങളും കേരളത്തിലെവിടെയും എന്നപോലെ ഇവിടെയും അതതു കാലഘട്ടങ്ങളിൽ തന്നെ വേരുറപ്പിച്ചു ശക്തി പ്രാപിച്ചിട്ടുണ്ട്. വിവിധ വർഗ്ഗ സംഘടനകളിൽ അണിനിരന്ന തൊഴി ലാളികൾ സുസംഘടിതരും ദേശീയ രാഷ്ട്രീയത്തിൽ പ്രവർത്തനങ്ങളിൽ തല്പരരുമാണ്. പൊന്നാനിയിൽ കെ. ദാമോദരന്റെ നേതൃത്വത്തിൽ നടന്ന തൊഴിലാളി സമരങ്ങളിലും വെളിയങ്കോട്ട് കൊളാടി ഉണ്ണിയുടെ നേതൃത്വത്തിൽ നടന്ന കർഷക സമരത്തിലും ചങ്ങരംകുളത്ത് പൊൻകുന്നം ദാമോദരന്റെ നേതൃത്വത്തിൽ നടന്ന കർഷക സമരത്തിന്റെ സന്ദേശം പകരുന്ന നാടകാദികലാ പ്രവർത്തനങ്ങളിലും പങ്കെടുത്ത വ്യക്തികൾ ഈ പഞ്ചായത്തിലുണ്ട്. ഇവരെല്ലാം ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന് അടിത്തറപാകുന്നതിൽ അവിസ്മരണീയമായ പങ്കുവഹിച്ചിട്ടുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ ഭാഗമായി രൂപം കൊണ്ടു വളർന്ന മുസ്ലിം ദേശീയതയുടെ സംസ്ഥാനതല നേതൃത്വത്തിൽ സ്ഥാനം വഹിച്ച വ്യക്തികളും സംഭവങ്ങളും ഈ പ്രദേശത്തിന്റെ പ്രശസ്തി കേരളത്തിൽ പ്രചരിക്കാൻ ഇടവരുത്തിയിട്ടുണ്ട്.

ഭൂമി ബ്രാഹ്മണന്റേതായിരുന്ന ഫ്യൂഡലിസ്റ്റ് വ്യവസ്ഥിതിയുടെ അടിത്തറ തകർത്ത ഭൂപരിഷ്കരണനിയമത്തിന്റെ ഫലമായി പാട്ടക്കുടിയാനും കാണക്കുടിയാനും മറ്റും ചെറുകിടഭൂവുടമകളായി രൂപാന്തരപ്പെട്ടു. അവർ അദ്ധ്വാനത്തിലൂടെ ദാരിദ്രനിർമ്മാർജ്ജനത്തിനും ദേശീയസമ്പത്ത് പരിപോഷിപ്പിക്കുന്നതിന്നും വഴിയൊരുക്കി. കാർഷികവൃത്തി ശാസ്ത്രീയമായി മുന്നേറിയതിന്റെ ഫലമായി ഉണ്ടായ പരിവർത്തനങ്ങൾ ഇവിടെയും നാണ്യ വിളകളും ധാന്യവിഭവങ്ങളും സമ്പുഷ്ടമാക്കി. ദാരിദ്ര്യ രേഖയുടെ അടിത്തട്ടിൽ ജീവിച്ചിരുന്ന നിരവധി കുടുംബങ്ങളിൽ നിന്ന് തൊഴിൽ തേടി കടൽ കടന്നു മരുഭൂമിയിൽ ചെന്നു അദ്ധ്വാനിച്ച് സ്വദേശത്തേക്ക് സമ്പത്ത് പ്രവഹിപ്പിച്ച പ്രവാസികൾ നാടിന്റെ സാമ്പത്തിക അടിത്തറ ശക്തിപ്പെടുത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. തൊഴിൽ രഹിതരായി ഗൾഫ്നാടുകളിൽ നിന്ന് തിരിച്ചുവന്നവരെ പുനരധി വസിപ്പിക്കേണ്ട ചുമതലകൂടി നമുക്കുണ്ടെന്ന് ഇവിടെ രേഖപ്പെടുത്തുന്നു.

കോളനിരാജ്യമായ ഇന്ത്യയിലേക്ക് ബ്രിട്ടനിൽ നിന്ന് വിദ്യാസമ്പന്നരെ ഇറക്കുമതി ചെയ്യുന്നത് കുറക്കാനും ഇവിടത്തുകാരെ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിലൂടെ വളർത്തി ചുരുങ്ങിയ വേതനം നൽകി ഭരണയന്ത്രത്തിന്റെ താഴേതട്ടിൽ നിയോഗിച്ച് ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ദാസരാക്കാൻ ബോധപൂർവ്വം രൂപപ്പെടുത്തിയ 'മെക്കാളെയുടെ മിനുട്സ്' നടപ്പാക്കുന്നതിന് വേണ്ടിയാണ് ഇവിടെ ആദ്യമായി വിദ്യാഭ്യാസരംഗത്ത് ചില നടപടികൾ ബ്രിട്ടീഷ് ഭരണകൂടം ആവിഷ്കരിച്ചത്. ബ്രിട്ടീഷുകാർ നേരിട്ടു ഭരിക്കുന്ന മലബാറിൽ മുസ്ലിം ഭൂരിപക്ഷ പ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്ന മദ്രസ്സകളിൽ ജോലിചെയ്തിരുന്ന മൗലവിമാരെയും മുൻഷിമാരെയും അധ്യാപകരാക്കാൻ ട്രെയിനിംഗ് സ്കൂളുകൾ സ്ഥാപിച്ചു. ഇന്നത്തെ ലോവർ പ്രൈമറിക്ക്തുല്യമായ വിദ്യാഭ്യാസമുള്ളവർക്ക് 'മൗലവീസ് മുൻഷീസ് ട്രെയിനിംഗ്' നൽകുകയും അവർ ജോലി ചെയ്യുന്ന വിദ്യാലയങ്ങളെ ഗ്രാന്റ് നൽകി ഭരണകൂടത്തിന്റെ ലക്ഷ്യ പ്രാപ്തിക്ക് ഉപയോഗിക്കുകയും ചെയ്തു. അങ്ങനെ രൂപംകൊണ്ട പ്രൈമറി വിദ്യാലയങ്ങൾ ചുരുങ്ങിയത് മൂന്നെണ്ണമെങ്കിലും ഈ പഞ്ചായത്തിന്റെ ആദ്യകാല വിദ്യാഭ്യാസ പരിവർത്തനത്തിൽ പങ്കുവഹിച്ചിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി കേരളത്തിലെങ്ങുമെന്ന പോലെ അക്ഷരങ്ങളുടെ വെളി

ച്ചം പകർന്ന എഴുത്തച്ഛൻ സംസ്കാരത്തിൽ നിന്നുടലെടുത്ത ഒരു ശ്രേഷ്ഠ വിദ്യാകേന്ദ്രം ഈ പഞ്ചായത്തിലെ കക്കിടിപ്പുറത്തുണ്ടായിരുന്നു. തുടർന്നുള്ള ദശകങ്ങളിൽ താലൂക്ക് ബോർഡ് നിർമ്മിച്ച രണ്ട് എലിമെന്ററി സ്കൂളുകൾ (ചിയ്യാനൂരും ആലങ്കോട്ടും) പിൽക്കാലത്ത് മലബാർ ഡിസ്ട്രിക് ബോർഡ് ഏറ്റെടുക്കുകയും കുറേക്കൂടി പ്രസിദ്ധമായ നിലയിൽ വളർത്തിയെടുക്കുകയും ചെയ്തു. ഗുണമേൻമയേറിയ കക്കിടിപ്പുറം കെ.വി.എൽ.പി.സ്കൂൾ, ഒതളൂർ എൽ.പി.സ്കൂൾ എന്നിവ ക്രമത്തിൽ യു.പി.പദവിയിലേക്കുയർത്തപ്പെട്ടു. ഉപരിപഠനത്തിന് മാർഗ്ഗമില്ലാതെ വളർച്ചമുട്ടിയ യുവജനങ്ങളാണ് സ്വാതന്ത്രാനന്തരമുള്ള ആദ്യദശകത്തിൽ ഇവിടെ ജീവിച്ചിരുന്നത്. നാമമാത്രമായ പ്രഭു കുടുംബത്തിൽ നിന്ന് കുമരനെല്ലൂർ, പൊന്നാനി എന്നിവിടങ്ങളിൽ പോയി ഹൈസ്കൂൾ വിദ്യാഭ്യാസം നേടിയ ചുരുക്കം പേർ ഇവിടെ ഉണ്ടായിരുന്നു. ഈ ഇരുളടഞ്ഞ സാമൂഹ്യാന്തരീക്ഷത്തെ തേജോമയമാക്കുന്നതിന്റെ നാന്ദികുറിച്ച ഒരു പ്രശസ്ത സ്ഥാപനമാണ് നന്നംമുക്ക് പഞ്ചായത്തിൽ 1946ൽ സ്ഥാപിതമായ മൂക്കുതല ഹൈസ്കൂൾ. അന്നെന്ന പോലെ ഇന്നും ഈ പഞ്ചായത്തിലെ വലിയൊരു വിഭാഗം വിദ്യാർത്ഥികൾ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് ഈ സ്ഥാപനത്തെ ആശ്രയിച്ചുവരുന്നു. പിൽക്കാലത്ത് കോക്കൂരിലെ വിദ്യാഭ്യാസ തൽപരരായ മാനംകണ്ടത്ത് സഹോദരൻമാരുടെ ശ്രമഫലമായി രൂപംകൊണ്ട കോക്കൂർ ഗവർമ്മെണ്ട് ഹൈസ്കൂൾ, ടെക്നിക്കൽ ഹൈസ്കൂൾ (പാവിട്ടപ്പുറം) എന്നിവ ഈ പഞ്ചായത്തിൽ ഇപ്പോഴുള്ള തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളാണ്. ഇവ പഞ്ചായത്തിന്റെ തെക്ക്, കിഴക്ക് അറ്റങ്ങളിൽ സ്ഥിതിചെയ്യുന്നതിനാൽ പഞ്ചായത്തിന്റെ വടക്ക്, കിഴക്ക്, പടിഞ്ഞാറ് ഭാഗങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ ഉന്നമനത്തിന് പ്രയോജനപ്പെടുന്നില്ല. ഈ പ്രത്യേക സാഹചര്യത്തിൽ പഞ്ചായത്തിന്റെ മദ്ധ്യത്തിൽ നിന്ന് വടക്ക്ഭാഗത്തായി സമുചിതമായ ഒരുസ്ഥലത്ത് ഒരു ഉപരിവിദ്യാകേന്ദ്രം അത്യാവശ്യമാണെന്ന ജനകീയ ആവശ്യം ഈ സന്ദർഭത്തിൽ എടുത്ത്പറയേണ്ടതുണ്ട്.

തദ്ദേശസ്വയംഭരണസ്ഥാപനമെന്ന നിലയിൽ ഈ പഞ്ചായത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടേതായ ഒരു പഞ്ചായത്ത് ബോർഡ് ആദ്യമായി നിലവിൽ വന്നത് 1963 ലാണ്. ജ.എം.എം.കുഞ്ഞാലൻഹാജി പ്രസിഡണ്ടും ശ്രി.എം.പി.കുട്ടൻനായർ വൈസ്പ്രസിഡണ്ടും ആയി രൂപംകൊണ്ട ബോർഡ് 16 വർഷം തുടർച്ചയായി അധികാരത്തിലിരുന്നു. ആകെ 8 അംഗങ്ങളുള്ള ഈ ബോർഡിൽ ഒരു വനിതാമെമ്പറും, ഒരുപട്ടികജാതി അംഗവും അടങ്ങിയിരുന്നു. (പൂർണ്ണ വിവരം അന്യത്ര ചേർത്തിട്ടുണ്ട്.) ജോസഫൈൻ അലക്സാണ്ടർ ആയിരുന്നു ആദ്യ എക്സി.ഓഫീസർ. 1963ൽ നിലവിൽ വന്ന ആലങ്കോട് പഞ്ചായത്തിന്റെ ഭൂപടം ഇവിടെ ചേർത്തിട്ടുണ്ട്. അതിന്റെ അതിർത്തികളിൽ നാളിതുവരെ മാറ്റങ്ങൾ സംഭവിച്ചിട്ടില്ല.

പിന്നീടുള്ള തെരഞ്ഞെടുപ്പിലും ജ.എം.എം.കുഞ്ഞാലൻഹാജി പ്രസിഡണ്ട് ആയിക്കൊണ്ട് കക്ഷിരാഷ്ട്രീയ ബന്ധങ്ങളിൽ സാരമായ മാറ്റങ്ങളില്ലാതെ ബോർഡ് നിലവിൽ വന്നു. വൈസ് പ്രസിഡണ്ടായി ശ്രീമതി എം.സുലോചന ടീച്ചർ തെരഞ്ഞെടുക്കപ്പെട്ടു. അഞ്ചു കൊല്ലത്തിനു ശേഷം നടന്ന പൊതു തെരഞ്ഞെടുപ്പിൽ കക്ഷിരാഷ്ട്രീയ ബന്ധങ്ങളിൽ സാരമായ മാറ്റങ്ങളുണ്ടാ യി. എന്നിട്ടും പ്രസിഡണ്ടു പദം അലങ്കരിക്കുന്ന മുഖ്യ കക്ഷി ആദ്യത്തേതുതന്നെ ആയിരുന്നു. ജനാബ് അഷ്റഫ് കോക്കൂർ പ്രസിഡണ്ട് ആയും ശ്രീ.പി.പി.മൂസക്കുട്ടി വൈസ്പ്രസിഡണ്ടായും പുതിയ ബോർഡ് നിലവിൽ വന്നു. (എല്ലാ ബോർഡുകളുടെയും പൂർണ്ണവിവരം പട്ടികയായി ചേർത്തിട്ടുണ്ട്.)

1995 ഒക്ടോബർ 2നാണ് ഇന്ന ത്തെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്.

▼▼▼▼



# IV. ഭൂപ്രകൃതി. ജനപ്രകൃതി, ജലപ്രകൃതി

*ഭൂപ്രകൃതി*

ചിരപുരാതനമായ പൊന്നാനി തുറമുഖത്തിൽനിന്ന് 12 കി. മീറ്റർ തെക്കു കിഴക്കായി പൊന്നാനി താലൂക്കിന്റെ തെക്കു കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഉൾനാടൻ പ്രദേശമമാണ് ആലങ്കോട് ഗ്രാമപഞ്ചായത്ത്. ഉയർന്ന സമതലം, കുന്നുകൾ, ചെരിവുകൾ, സമതലങ്ങൾ എന്നീ വൈവിധ്യങ്ങൾ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കുണ്ട്. 20.35 ച.കിലോമീറ്റർ വിസ്തൃതിയുള്ള ഈ ഭൂപ്രദേശം ഒരുപ്പൂകിൽ, ഇരുപ്പൂകിൽ, പുഞ്ച എന്നീ വിഭാഗങ്ങളിലുൾപ്പെട്ട നെൽകൃഷിസ്ഥലങ്ങളും തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങളാൽ നിബിഢമായ പുരയിടങ്ങളും നാണ്യവിളകൾകൊണ്ട് സമൃദ്ധമായ തോട്ടങ്ങളും കൃഷിയോഗ്യമായ ചുരുക്കം തരിശ്സ്ഥലങ്ങളും നാളിതുവരെ കൊത്തും കിളയും ചെല്ലാതെ കിടക്കുന്ന ഒരു ഹെക്ടറോളം തരിശു സ്ഥലവും ഉൾപ്പെട്ടതാണ്. ഇതിന്റെ കൃത്യമായ ഒരു കണക്ക് താഴെ കൊടുക്കുന്നു.

| ഇനം | വിസ്തീർണം |
|---|---|
| നിലം (നെൽകൃഷി) | ഹെക്ടറിൽ |
| ഒരുപ്പൂകിൽ | 196 |
| ഇരുപ്പൂകിൽ | 382 |
| പുഞ്ച | 206.5 |
| പുരയിടം (തോട്ടങ്ങൾ ഉൾപ്പെടെ ) | 1219 |
| പുറമ്പോക്ക് | 20 |
| കൃഷിയോഗ്യമായ തരിശ് | 5 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 1 |
| ആകെ | 2023.5 |

ഒഴുകിവരുന്ന 'പന്താതോട്' സംസ്കൃതിയിൽ എക്കാലത്തും സ്വാധീനം ചെലുത്തിയിട്ടുണ്ട്. കാലവർഷക്കാലത്തെ പ്രകോപനവും തുലാവർഷത്തിനു ശേഷമുണ്ടാകുന്ന ശാന്തതയും തീരപ്രദേശങ്ങളിലെ വിളകളുടെ രൂപഭാവങ്ങളിൽ വലിയ മാറ്റങ്ങൾ വരുത്തുന്നു. ഡിസംബറിന്റെ അവസാനത്തോടെ വറ്റിപ്പോകുന്ന തോട്ടിൽ ജലം അടിച്ചു കയറ്റി മേൽഭാഗങ്ങളുടെ ഇരുവശത്തമുള്ള തോട്ടങ്ങളെയും കീഴ്ഭാഗത്തുള്ള പുഞ്ചപ്പാടങ്ങളേയും പച്ച പിടിപ്പിക്കാനുപകരിക്കുന്ന ഒരു പദ്ധതിയുണ്ട്. അതാണ് പന്താവൂർ ലിഫ്റ്റ് ഇറിഗേഷൻ. കാലവർഷത്തിന്റെ ജലസമൃദ്ധിയോടൊപ്പം തോട്ടിൽ അടിഞ്ഞു കൂടുന്ന മണ്ണും കല്ലും കാലപ്പഴക്കം കൊണ്ട് ഈ തോടിനെ ശുഷ്കമായിക്കിയിട്ടുണ്ട്. മണ്ണെടുത്ത് തോട് താഴ്ത്തിയും കൃഷി സ്ഥലങ്ങളാക്കി മാറ്റിയ തോടിന്റെ തീരങ്ങളെ താഴ്ത്തി തോടിന്റെ വീതി കൂട്ടിയും ജലസേചനത്തിന്റെ പ്രയോജനവശം സംപുഷ്ടമാക്കാനുള്ള പ്രവർത്തനം ബന്ധപ്പെട്ട അധ്യായത്തിൽ വിവരിച്ചത് ഇവിടെ അനുസ്മരിക്കുകയാണ്. ഈ 'പന്താതോടി'ന്റെ ഇരുവശങ്ങളിലായി സ്ഥിതി ചെയ്യുന്ന തോട്ടങ്ങളും ഇരുപ്പൂകിൽ നിലങ്ങളും പുഞ്ചനിലങ്ങളും ചേർന്ന ഭൂപ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 30 ശതമാനത്തോളം വരുന്നതാണ്. പന്താങ്കുന്ന്, കിളിയങ്കുന്ന്, കാളാംകുന്ന്, കൊടക്കാട്ടുകുന്ന്,കോലിക്കരകുന്ന്, പൊടിയനിക്കുന്ന്,മനക്കൽകുന്ന് എന്നിവയുടെ ചെരിവുപ്രദേശങ്ങളും അടിവാരങ്ങളും നാണ്യവിളകളാൽ സമൃദ്ധമായ പ്രദേശങ്ങളാണ്. ഈ കുന്നുകളെ ഉരുമ്മിക്കിടക്കുന്ന നെൽപ്പാടങ്ങളിൽ ഒരു പ്പൂകിലുകളെ ഇരുപ്പൂകിലാക്കാനും പുഞ്ചനില

ങ്ങളെ കൂടുതൽ ഫലപുഷ്ടമാക്കി ഉൽ പാദനം വർധിപ്പിക്കാനും സഹായകമായ പ്രകൃതിയുടെ വരദാന മാണ് പന്താതോട്.

ഈ പഞ്ചായത്തിന്റെ വടക്കേ അറ്റ ത്തുനിന്ന് മാന്തടം വരെയുള്ള ഭൂപ്രകൃ തിയാണ് മുകളിൽ പറഞ്ഞത്. മാന്തടം മുതൽ തെക്കോട്ട് പഴയ ഒതല്ലൂർ അംശം ഉൾപ്പെടെയുള്ള ഭൂവിഭാഗത്തിന്റെ പ്രകൃ തിയിൽ സാരമായ ചില വ്യതിയാന ങ്ങളുണ്ട്. കൃഷിയോഗ്യമായ അഞ്ച് ഹെക്ട ർ തരിശുഭൂമിയും കൃഷിയോഗ്യമല്ലാത്ത ഒരു ഹെക്ടർ തരിശുഭൂമിയും ഉൾപ്പെടുന്ന ഭൂവിഭാഗമാണ് ഇത്. പ്രകൃതിദത്തമായ ജലസേചനസൗകര്യങ്ങളൊന്നും ലഭിക്കാ ത്ത ഒരു പ്രദേശമാണിത്. സമൃദ്ധമായ നാണ്യവിളകളും വിശാലമായ പുഞ്ച പ്പാടങ്ങളും ഒട്ടേറെ ഇരുപ്പൂ നിലങ്ങളും കൊണ്ട് ഇവിടം സമ്പന്നമാണ്. ജലാശ യങ്ങളുടെ എണ്ണം അവയുടെ ഇന്ന ത്തെ നില കേടുപാടുകൾ തീർക്കേണ്ട തു സംബന്ധിച്ച വിവരങ്ങൾ എന്നിവ ബന്ധപ്പെട്ട അധ്യായത്തിൽ വിവരിച്ചി ട്ടുണ്ട്.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ (Ref. അടിസ്ഥാന വിവരരജിസ്റ്റർ)

| ഇനം | വിസ്തീർണം |
|---|---|
| നിലം | 784.5 ഹെ. |
| പുരയിടം | 1219. " |
| പുറമ്പോക്ക് | 20 " |
| കൃഷിയോഗ്യ തരിശ് | 5 " |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 1 " |
| ആകെ | 2023.5 " |

പട്ടിക 2

വിള വിസ്തീർണവും ഉൽപാദനവും (Ref. അടിസ്ഥാന വിവരരജിസ്റ്റർ)

| വിള | വിസ്തീർണം | മൊത്തം ഉത്പാദനം | ഉത്പാദന ക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 236 ഹെ | 472 ടൺ | 2000 കി.ഗ്രാം |
| നെല്ല് (രണ്ടാം വിള) | 420 ഹെ | 924 ടൺ | 2200 കി.ഗ്രാം |
| നെല്ല് (മൂന്നാം വിള) | 112 ഹെ | 336 ടൺ | 3000 കി.ഗ്രാം |
| പയർ | 30 ഹെ. | 120 ടൺ | 4000 കി.ഗ്രാം |
| എള്ള് | 5 ഹെ | 10 ടൺ | 2000 കി.ഗ്രാം |
| പച്ചക്കറികൾ | 12 ഹെ | 36 ടൺ | 3000 കി.ഗ്രാം |
| തെങ്ങ് | 380 ഹെ | 11,40,00 (എണ്ണം) | 3000 എണ്ണം |
| വാഴ | 12 ഹെ | 60000കി.ഗ്രാം | 5000കി.ഗ്രാം |
| മരച്ചീനി | 12 ഹെ | 36000 കി.ഗ്രാം | 3000 കി.ഗ്രാം |
| കുരുമുളക് | 50 ഹെ. | 30000 കി.ഗ്രാം | 600 കി.ഗ്രാം |
| പ്ലാവ് | 3000 എണ്ണം | 15000എണ്ണം | 5 എണ്ണം |
| കശുമാവ് | 25 ഹെ | 30000കി.ഗ്രാം | 1200 കി.ഗ്രാം |
| മാവ് | 10 ഹെ | 5000കി.ഗ്രാം | 500 കി.ഗ്രാം |
| റബ്ബർ | - | - | - |
| കവുങ്ങ് | 420 ഹെ | 16800 കി.ഗ്രാം | 400 കി.ഗ്രാം. |



പട്ടിക 3

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| തെങ്ങ് എണ്ണം | | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | സ്റ്റെമ്പ് ബഡ് റൂട്ട് | ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 45he | 4580 | 3620 | 7200 | - | - | 86 | 20 | 15 | 115 |
| 2 | 45 | 4530 | 2570 | 7100 | - | - | 65 | 15 | 10 | 90 |
| 3 | 50 | 5670 | 2330 | 7000 | - | - | 45 | 10 | 15 | 70 |
| 4 | 35 | 4260 | 2240 | 6500 | - | - | 30 | 20 | 15 | 65 |
| 5 | 30 | 4470 | 1730 | 6200 | - | - | 20 | 30 | 10 | 60 |
| 6 | 40 | 4690 | 1106 | 700 | - | - | 15 | 30 | 5 | 50 |
| 7 | 25 | 3180 | 1620 | 4800 | - | - | 10 | 15 | 20 | 45 |
| 8 | 25 | 3870 | 930 | 4700 | - | - | 35 | 5 | 15 | 55 |
| 9 | 30 | 4740 | 1260 | 6000 | - | - | 10 | 20 | 5 | 35 |
| 10 | 30 | 4720 | 1280 | 6000 | - | - | 30 | 40 | 12 | 80 |
| 11 | 25 | 3760 | 840 4 | 600 | - | - | 20 | 25 | 5 | 50 |
| | 380 | 47270 | 20530 | 67800 | - | - | 360 | 230 | 125 | 715 |

പട്ടിക 3

| വാർഡ് നമ്പർ | ഉഴവുപകരണങ്ങൾ | | | മരുന്നു തളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങുകയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രെയർ | നാപ്സ്റ്റാക്ക് സ്പ്രെയർ | മറ്റുള്ളവ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1 | 1 | - | 20 | 10 | 12 | - | - | - | 43 |
| 2 | 3 | - | 15 | 15 | 8 | - | - | - | 65 |
| 3 | 1 | - | 35 | 20 | 8 | - | - | 2 | 60 |
| 4 | 1 | - | 10 | 17 | 12 | 1 | 1 | - | 62 |
| 5 | 1 | - | 27 | 20 | 15 | - | 2 | 1 | 62 |
| 6 | 1 | - | 15 | 18 | 12- | - | - | 33 | |
| 7 | 2 | - | 10 | 7 | 18 | - | - | - | 57 |
| 8 | - | - | 30 | 13 | 22 | - | - | - | 55 |
| 9 | - | - | 40 | 15 | 17 | - | - | - | 55 |
| 10 | - | - | 55 | 20 | 30 | - | 2 | - | 65 |
| 11 | 1 | | | | | | | | 557 |

പട്ടിക 4

കൈവശഭൂമി വിസ്തീർണം

| വാർഡ് നമ്പർ | നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | ചെറുകിട കർഷകർ (1-2 ഹെക്ടർ) | വൻകിടകർഷകർ (2ഹെക്ടറിനു മുകളിൽ) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 395 | 12 | 2 |
| 2 | 293 | 19 | 3 |
| 3 | 217 | 12 | 4 |
| 4 | 285 | 10 | 1 |
| 5 | 372 | 19 | 4 |
| 6 | 395 | 13 | 6 |
| 7 | 292 | 14 | 3 |
| 8 | 215 | 13 | 4 |
| 9 | 328 | 19 | 3 |
| 10 | 216 | 14 | 2 |
| 11 | 352 | 11 | 9 |
| | 3360 | 156 | 41 |

*ജനപ്രകൃതി*

1991 ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യ 26927 ആണ്. അതിൽ 13876 പേർ സ്ത്രീകളും 13051പേർ പുരുഷൻമാരുമാണ്. ഇതിൽ പട്ടികജാതിയിൽപ്പെട്ട 1692 പുരുഷൻമാരും 1694സ്ത്രീകളും ഉൾപ്പെടുന്നു. പട്ടികവർഗ്ഗത്തിൽപ്പെട്ട ജനവിഭാഗം ഈ പഞ്ചായത്തിൽ ഇല്ല. മൊത്തം ജനസംഖ്യയിൽ പുരുഷൻമാരേക്കാൾ 825സ്ത്രീകൾ അധികമാണ്. ഇത് മൊത്തം ജനസംഖ്യയുടെ 3.07ശതമാനമാണ്. അതേസമയം പട്ടികജാതിയിൽപ്പെട്ട സ്ത്രീകൾ പുരുഷൻമാരേക്കാൾ 2പേർമാത്രമാണ് അധികം. അത് മൊത്തം പട്ടികജാതിക്കാരുടെ 0.06 ശതമാനം മാത്രമേയുള്ളൂ. ഈ വ്യത്യാസം ശാസ്ത്രദൃഷ്ട്യാ പരിശോധിച്ചാൽ പട്ടികജാതിയിൽപ്പെട്ട പെൺകുഞ്ഞുങ്ങളുടെ അകാലമരണം, പ്രസവം, രോഗം, എന്നിവയാലുള്ള മരണം തുടങ്ങിയ ദുരവസ്ഥയിലേക്ക് വിരൽചൂണ്ടുന്നു.

വിദ്യാഭ്യാസരംഗത്ത് മലപ്പുറം ജില്ലയിൽ ഏറ്റവും പിന്നണിയിലുള്ള പഞ്ചായത്തുകളിലൊന്നാണിത്. പ്രാഥമികവിദ്യാഭ്യാസം ലഭിക്കേണ്ട പ്രായപരിധിയിൽപ്പെട്ട കുട്ടികൾ പൂർണ്ണമായും വിദ്യാലയങ്ങളിൽ പോകുന്നുണ്ട്. പൊഴിഞ്ഞുപോക്കിൽപ്പെട്ട് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാകാത്ത ഒരുവിഭാഗം യുവാക്കൾക്കിടയിലുണ്ട്. അതിൽ ഭൂരിഭാഗം പട്ടികജാതിക്കാരാണ്. പിന്നോക്കവിഭാഗക്കാരുൾപ്പെടെയുള്ള പ്രാഥമികവിദ്യാഭ്യാസം പോലും പൂർത്തിയാകാത്ത യുവജനങ്ങൾ കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളുമായി ജീവിക്കുന്നു. എന്നാൽ യുവജനങ്ങളിൽ അഭ്യസ്തവിദ്യരായ വലിയൊരുവിഭാഗം തൊഴിൽ രഹിതരാണ്. ഇടത്തരക്കാരുടെയും കൃഷിക്കാരുടെയും കുടുംബങ്ങളിൽ കഴിയുന്ന ഇവർക്ക് തൊഴിലിൽ പരിശീലനമില്ല. കായികാദ്ധ്വാനത്തിൽ താല്പര്യവും കുറവാണ്. വസ്ത്രധാരണം, വിശ്രമവിനോദാദികൾക്കാവശ്യമായ സാമ്പത്തികശേഷി എന്നിവയുടെ അഭാവം കൊണ്ട് ഇവർ അസംതൃപ്തരാണ്. സമൂഹത്തിൽ ഇന്നുനിലവിലുള്ള ദുഷ്പ്രവണതകളിലേക്ക് ഇവർ വലിച്ചിഴക്കപ്പെടുന്ന സാഹചര്യം നിലവിലുണ്ട്. സംഘടിതമായ യുവജനപ്രസ്ഥാനം ദേശസ്നേഹപരമായ നിർമ്മാണപ്രവർത്തനങ്ങളിൽ സർവ്വാത്മനാ പങ്കെടുക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ ലക്ഷ്യബോധമില്ലാത്തവരെക്കൂടി അതിൽ അണിനിരത്താൻ കഴിയും. നിലവിലുള്ള തൊഴിലില്ലായ്മാ വേതനം ഈ പ്രശ്നത്തിന്റെ രൂക്ഷമായ അവസ്ഥക്ക് പരിഹാരമാകുന്നില്ല. സാമൂഹ്യക്ഷേമം, വനിത തുടങ്ങിയ അദ്ധ്യായങ്ങളിൽ തൊഴിൽ സാധ്യതകളും ബന്ധപ്പെട്ട പദ്ധതിപ്രവർത്തനങ്ങളും വിവരിച്ചിട്ടുണ്ട്.

ജനങ്ങളുടെ പ്രധാനവരുമാനമാർഗ്ഗമായിരുന്ന കാർഷികരംഗം ആദായകരമല്ലാതായതോടെ മറ്റു തൊഴിൽ മേഖലകളിലേക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. ചെറുകിട കർഷകർക്ക് കാർഷികവൃത്തികൊണ്ട് ഉപജീവനം സാധ്യമല്ലാതായി. വ്യവസായ വാണിജ്യ രംഗങ്ങളിൽ മുതൽമുടക്കാൻ കഴിവുള്ളവർ സന്നദ്ധമാണ്. അവർക്ക് പ്രോൽസാഹനത്തിനുള്ള അവസരമില്ല. കർഷകത്തൊഴിലാളികൾക്ക് വർഷത്തിൽ ചുരുക്കം ദിവസങ്ങളിൽ മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളൂ. അവരിൽ വലിയയൊരു വിഭാഗം കെട്ടിടനിർമ്മാണം, പുരയിടത്തിന്റെ മതിൽനിർമ്മാണം തുടങ്ങിയ പണികളിൽ വ്യാപൃതരാണ്. താരതമ്യേന കൂടുതൽ കൂലി ലഭിക്കുന്ന ഈ മേഖലകളിൽ അയൽസംസ്ഥാനങ്ങളിൽ നിന്നുവരുന്ന തൊഴിലാളികളാണ് അധികമുള്ളത്. ഇപ്രകാരമുള്ള ഓരോ തൊഴിലാളിയോടും ബന്ധപ്പെട്ട് മാതാപിതാക്കളോ, ബന്ധുക്കളോ ആയ വൃദ്ധജനങ്ങളും കുട്ടികളും ഇവിടെ വന്ന്താമസിക്കുന്നു. ചുരുക്കം വാടകവീടുകളും പീടികമുറികളും ഇവർ താമസിക്കാനുപയോഗിക്കുന്നു. എന്നാൽ കൂടുതൽ പേരും പീടികത്തിണ്ണകളും പുറമ്പോക്കു ഭൂമികളും വാസസ്ഥലങ്ങളാക്കുന്നു. ഇവരുടെ പേര്, വിലാസം തുടങ്ങിയവ ജനങ്ങൾക്കോ അധികൃതർക്കോ അറിയില്ല. ദിവസംതോറും വർദ്ധിച്ചുവരുന്ന സമൂഹദ്രോഹപരമായ ക്രിമിനൽ കുറ്റകൃത്യങ്ങൾക്ക് ഇതും വലിയൊരു പങ്കുവഹിക്കുന്നുണ്ടെന്ന് ഇവിടെ സൂചിപ്പിക്കട്ടെ.


ആര്യബ്രാഹ്മണരും സമ്പന്ന മുസ്ലിം കുടുംബങ്ങളും സൗഹാർദത്തോടെ കഴിഞ്ഞുവന്നിരുന്ന ഒരു ജനപഥമാണിത്. ഭൂരിപക്ഷമായ കർഷകരിലും തൊഴിലാളികളിലും ജാത്യാചാരങ്ങൾ നിലനിന്നിരുന്നു. തൊട്ടുകൂടായ്മയും തീണ്ടിക്കൂടായ്മയും ഇല്ലാതാക്കാനുള്ള പ്രവർത്തനങ്ങൾ ദേശീയപ്രസ്ഥാനത്തിന്റെ ആരംഭനാളുകളിൽത്തന്നെ ഇവിടെയും തുടങ്ങിയിരുന്നു. പട്ടികജാതിക്കാരെ ക്ഷേത്രക്കുളത്തിലിറങ്ങിക്കുളിച്ച് ഭ

വഴിയിൽ നടക്കാനും വൃഷലിയുടെ 'യാഹോ' കൂടാതെ ജാക്കറ്റും സാരിയും ധരിച്ച് നമ്പൂതിരിസ്ത്രീകൾ യാത്ര ചെയ്യാനും തുടങ്ങിയത് 1940കളിലാണ്. തുടർന്നുണ്ടായ പരിവർത്തനങ്ങളുടെ വേഗത ആവേശകരമാണ്. സ്വാതന്ത്ര്യാനന്തരം സംഘടിത തൊഴിലാളി പ്രസ്ഥാനങ്ങളും വർഗ്ഗസമരങ്ങളും ജനജീവിതത്തിന്റെ എല്ലാരംഗങ്ങളിലും പരിവർത്തനമുണ്ടാക്കി. മതനിരപേക്ഷസംസ്കാരം നിലനിർത്തേണ്ടതും വളർത്തേണ്ടതും നാടിന്റെ സുരക്ഷക്കും പുരോഗതിക്കും അനിവാര്യമാണെന്ന ബോധം ജനങ്ങൾ നേടിക്കഴിഞ്ഞിട്ടുണ്ട്.

*ജലപ്രകൃതി*

വർഷത്തിൽ ശരാശരി 3029 മി.മീ. മഴലഭിക്കുന്നുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിലാണ് കൂടുതൽ മഴകിട്ടുന്നത്. ഇതിനെ കാലവർഷം എന്നുപറയുന്നു. സപ്തംബർ, ഒക്ടോബർ മാസങ്ങളിൽ തുലാവർഷം എന്നപേരിൽ അറിയപ്പെടുന്ന മഴയും ലഭിക്കുന്നു. ചിലകൊല്ലങ്ങളിൽ തുലാവർഷത്തിന്റെ അളവ് താരതമ്യേന കൂടുതൽ ഉണ്ടാവാറുണ്ട്. ആവർഷത്തിൽ വരൾച്ചാകെടുതികൾ കുറയും. പാരിസ്ഥിതിക പ്രശ്നങ്ങളുടെ ഫലമായി കേരളത്തിൽ പൊതുവെ വർഷപാതം കുറഞ്ഞുവരുന്നു. ഈ പഞ്ചായത്തിലും ഇതിന്റെ ഫലമായി വരൾച്ചയും കുടിവെള്ളക്ഷാമവും രൂക്ഷമാവാറുണ്ട്. ഓരോ പുരയിടത്തിലും ഓരോകിണർ കുടിവെള്ളത്തിനായി ഉപയോഗിക്കുന്ന രീതിയാണുള്ളത്. എന്നാൽ ദരിദ്രജന വിഭാഗങ്ങളും ഭൂരഹിതരും പൊതുകിണറുകളേയും അയൽവാസികളുടെ കിണറുകളേയും ആശ്രയിക്കുന്നു. ബ്ലോക്ക്, പഞ്ചായത്ത് എന്നിവയുടെ സഹായത്താൽ വിവിധ സ്കീമുകളിൽപ്പെടുത്തി നിർമ്മിച്ച കിണറുകൾ എല്ലാ വാർഡുകളിലുമുണ്ട്. എന്നാൽ ആവശ്യം പൂർത്തീകരിക്കാൻ ഇവ പര്യാപ്തമല്ല. ഉള്ള കിണറുകൾ തന്നെ മണ്ണെടുത്തും ശുചീകരിച്ചും ജനോപകാരപ്രദമാക്കാനുള്ള നടപടികൾ കാലാനുസൃതമായി നടപ്പിൽ വരുത്താറില്ല. ഉപ്പുവെള്ളം, ചതുപ്പുനിലങ്ങളിലെ മലിനജലം എന്നിവകൊണ്ടുള്ള ദോഷം ഈ പഞ്ചായത്തിൽ വിരളമാണ്. ഇത്തരം ദോഷമുള്ള ജലാശയങ്ങളെ ശാസ്ത്ര രീതിയിൽ ഉപയോഗിച്ചും നന്നാക്കിയെടുക്കാനുള്ള പരിശ്രമം ആവശ്യമാണ്. കുടിവെള്ളത്തിനും കൃഷിക്കും ആവശ്യമായ കുഴൽക്കിണറുകൾ പലേടത്തും നിർമ്മിച്ചിട്ടുണ്ട്. സഹായധനത്തോടുകൂടി കുഴൽക്കിണറുകൾ നിർമ്മിക്കാനുള്ള പദ്ധതിനടപ്പാക്കേണ്ടതാണ്. ചമ്രവട്ടംകുറ്റിപ്പുറം എന്നിവിടങ്ങളിൽ നിന്ന് പൈപ്പുവഴിക്കെത്തുന്ന കുടിവെള്ളം പഞ്ചായത്തിന്റെ നാനാഭാഗങ്ങളിലും ഉണ്ടെന്നുപറയാമെങ്കിലും വരൾച്ച കാലങ്ങളിൽ ജനങ്ങൾക്ക് വെള്ളം കിട്ടാത്തസ്ഥിതി ഇന്നുംനിലവിലുണ്ട്.

***





# 1. കൃഷി ജലസേചനം

ആലക്കോട് ഗ്രാമ പഞ്ചായത്ത് ഒരു കാർഷിക ഗ്രാമമാണ്. 11 കുന്നിൻപ്രദേശങ്ങളും അതിനു താഴ്‌വരകളിലുള്ള നെൽപ്പാടങ്ങളും തീരപ്രദേശങ്ങളോടു ചേർന്ന് കോൾനിലങ്ങളും കൂടിയതാണ് ഇവിടത്തെ ഭൂപ്രദേശം. കാർഷിക മേഖല സമ്പന്നമായിരുന്നു. പ്രധാനകൃഷി നെല്ല്, തെങ്ങ്, കവുങ്ങ്, വാഴ എന്നിവയും ഭാഗികമായി കിഴങ്ങ്, പച്ചക്കറി എന്നിവയും കൃഷി ചെയ്തു വരുന്നു. മുൻകാലങ്ങളിൽ ജനങ്ങളുടെ പ്രധാന വരുമാനവും ജീവിതമാർഗവും കാർഷിക മേഖലയിൽ നിന്നായിരുന്നു. ഭൂവുടമകൾ അധികവും നമ്പൂതിരിത്തറവാടുകളായ മനക്കാരുടെ വകയായിരുന്നു. പാട്ടം, പകുതി വാരം എന്നീ വ്യവസ്ഥയിൽ കൃഷിഭൂമി കുടിയാന്മാരെ ഏൽപ്പിച്ച് കൃഷി നടത്തുന്ന സമ്പ്രദായം നിലനിന്നിരുന്നു. എന്നാൽ അറുപതുകളുടെ തുടക്കത്തിൽ ഈ സമ്പ്രദായത്തിൽ മാറ്റം വരികയും ക്രമേണ 1971ൽ ഭൂപരിഷ്കരണ നിയമം നടപ്പിലായതോടെ ജന്മി കുടിയാൻ വ്യവസ്ഥ ഇല്ലാതാകുകയും, കൃഷി ഭൂമി കുടിയാന്മാർക്ക് ലഭിക്കുകയും ചെയ്തു. അമ്പതുകളിൽ കുന്നിൻ പ്രദേശങ്ങളിൽ കൂടുതലും കശുമാവ് കൃഷി ഉണ്ടായിരുന്നു. എന്നാൽ ഇന്ന് കൂടുതലും ആ പ്രദേശങ്ങളിൽ തെങ്ങ് കൃഷി വ്യാപിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ മുണ്ടകൻ, വിരിപ്പ് കൃഷികൾക്ക് പ്രധാനമായും വെളുത്ത വട്ടൻ, തവളക്കണ്ണൻ, ചിറ്റ്യാണി എന്നീ വിത്തിനങ്ങളും പുഞ്ചകൃഷിക്ക് ചീരവിത്തും ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് വിരിപ്പ്, മുണ്ടകൻ കൃഷികൾക്ക് മെച്ചപ്പെട്ട വിത്തിനങ്ങളായ അശ്വതി, പൊന്നി, ജയ, കൊന്ന, മസൂരി എന്നിവയും പുഞ്ചകൃഷിക്ക് ചുവന്ന ത്രിവേണി, ആതിര എന്നീ ഇനങ്ങളും ഉപയോഗിക്കുന്നു. നെൽകൃഷി ലാഭകരമല്ലാത്ത അവസ്ഥ വന്നതോടെ നെൽപ്പാടങ്ങൾ നികത്തി തെങ്ങ് കൃഷി വ്യാപിയ്ക്കാൻ തുടങ്ങി. കാർഷിക തൊഴിലാളികളുടെ ലഭ്യതക്കുറവും കൂലിവർധനവും കൃഷിയിൽ താല്പര്യം കുറയാൻ ഇടയാക്കിയിട്ടുണ്ട്. ആധുനിക വിദ്യാഭ്യാസം സാർവത്രികമായതോടെ കാർഷിക തൊഴിലാളികളുടെ പിന്മുറക്കാർ മറ്റു തൊഴിൽ മേഖലകളിലേക്ക് മാറിയതോടെ കാർഷികവൃത്തിയിലേക്ക് ലഭ്യത കുറയാൻ തുടങ്ങി. 1975നുശേഷം ഗൾഫ് മേഖലയിൽ നിന്നുള്ള ഗണ്യമായ ധനാഗമനം കൃഷിയിടങ്ങൾ നികത്തി കെട്ടിടങ്ങൾ പണിയുന്ന സമ്പ്രദായം നിലവിൽ വരുത്തി. കർഷകരിൽ ഭൂരിഭാഗവും ഒരു ഹെക്ടറിൽ താഴെ കൃഷിഭൂമി കൈവശമുള്ളവരാണ്. ഇതു സംബന്ധിച്ച വിശദവിവരം താഴെകൊടുക്കുന്നു.

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണം ഹെക്ടറിൽ |
|---|---|---|---|
| 1 | ഒരു ഹെക്ടർ താഴെ | 3360 | 1914.2 |
| 2. | ഒരു ഹെക്ടറിനു ഇടയിൽ | 156 | 570.1 |
| 3 | രണ്ട് ഹെക്ടറിനു മുകളിൽ | 41 | 121.2 |

മഴയെ ആശ്രയിച്ചായിരുന്നു നെൽകൃഷി ചെയ്തിരുന്നത്. പറമ്പുകളിൽ മോഡൻ എന്ന നെല്ലും കൃഷി ചെയ്തിരുന്നു. തോടുകൾക്കും കുളങ്ങൾക്കും ചിറകെട്ടി സംരക്ഷിച്ച് കയറ്റുകൊട്ട്, തുടുപ്പ്, ചക്രം എന്നിവ ഉപയോഗിച്ച് ജലസേചനം നടത്തി വന്നിരുന്നു. പുതിയ ഇനം അത്യുല്പാദനശേഷിയുള്ള നെൽവിത്തുകളും രാസവളങ്ങളും വ്യാപകമായതോടെ ജലസേചനത്തിന് പമ്പുസെറ്റുകളും ഉപയോഗിക്കാൻ തുടങ്ങി. കൃഷിയുമായി ബന്ധപ്പെട്ടുകൊണ്ട് കുളങ്ങൾ തോടുകൾ എന്നിവ സംരക്ഷിച്ച് പോന്നിരുന്ന സ്ഥിതിക്കു മാറ്റമുണ്ടായി. ഇപ്പോഴുള്ളവ മണ്ണിടിഞ്ഞ് തൂർന്ന് നാമാവശേഷമായി കൊണ്ടിരിക്കയാണ്. പഞ്ചായത്തിൽ നിലവിലുള്ള കുളങ്ങളും തോടുകളും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെടുന്നില്ല.

*ഭൂവിനിയോഗം:* **പഞ്ചായത്തിൽ** 789.5 ഹെക്ടർ നെൽകൃഷിയും 1219 ഹെക്ടർ തെങ്ങ്, കവുങ്ങ്, വാഴ, കശുമാവ്

കൃഷിയും 5 ഹെക്ടർ കൃഷിയോഗ്യമായ തരിശുഭൂമിയും ഉണ്ട്. കരഭൂമിയിൽ അധികഭാഗവും ചരൽകലർന്ന ചുവന്ന മണ്ണും കൃഷിഭൂമിയിൽ ഭൂരിഭാഗവും മണൽ കലർന്ന ചളിമണ്ണുമാണ്. ജൈവവളപ്രയോഗക്കുറവും അശാസ്ത്രീയമായ രാസവള പ്രയോഗം കൊണ്ടും മണ്ണിന്റെ അമ്ലസ്വഭാവത്തിലും ഘടനയിലും കാര്യമായ മാറ്റം കാണുന്നുണ്ട്.

| നമ്പർ | വിള | വിസ്തീർണം ഹെക്ടറിൽ |
|---|---|---|
| 1 | നെല്ല് (ഒന്നാം വിള) | 236 |
| 2 | നെല്ല് (രണ്ടാം വിള) | 420 |
| 3 | നെല്ല് (മൂന്നാം വിള) | 112 |

നെൽകൃഷിയുടെ ഉല്പാദനം നാടൻ വിത്തിനങ്ങൾക്ക് ഹെക്ടറിന് 1800 1850 കിലോഗ്രാമും അത്യുല്പാദനശേഷിയുള്ള പുതിയ ഇനങ്ങൾക്ക് 32503450 കിലോഗ്രാമുമാണ്. മുഖ്യവിളയായ തെങ്ങിന്റെ വാർഷിക ഉല്പാദനക്ഷമത 3040 ആണ്. കവുങ്ങ് ശരാശരി ഒരു കുലയിൽനിന്ന് 70 അടക്ക ലഭിക്കുന്നു.

*രാസവളം:* സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലയിൽ 3ഉം വള വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ ഉള്ളത്. കൃഷിക്ക് 90%വും രാസവളം ഉപയോഗിക്കുന്നു. ജൈവ വളങ്ങൾ കുറഞ്ഞ തോതിലേ ഉപയോഗിക്കുന്നുള്ളൂ. ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ 128 ടൺ വളം ശരാശരി വില്പന നടത്തുന്നുണ്ട്.

*കീടനാശിനികൾ :* നെല്ലിന് കീടനാശിനിയും കവുങ്ങിന് കുമിൾനാശിനിയും ഉപയോഗിക്കുന്നു. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയ രീതികളോ പരിഗണിച്ച് കാണാറില്ല. ഈ തുറയിൽ കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

*കാർഷികോപകരണങ്ങൾ:* പഞ്ചായത്തിൽ 11 ട്രാക്ടറും 155 റോക്ക് സ്പയർ 154 നാപ്സ്സാക്ക് സ്പ്രയർ 5 മെതിയന്ത്രം 3 തെങ്ങു കയറ്റു യന്ത്രം എന്നിവ ഉപയോഗിക്കുന്നു. 157 നാടൻ കലപ്പകൾ ഉണ്ടെങ്കിലും നിലം ഉഴവുനടത്തുവാൻ അവയുടെ ഉപയോഗം കുറവാണ്. പഞ്ചായത്തുകളിലെ ട്രാക്ടറുകളും ഉപയോഗിക്കുന്നുണ്ട്. 65 ജോഡി ഉഴവുകാളകൾ പഞ്ചായത്തിലുണ്ട്. കൃഷിക്ക് പൂർണമായും ഉപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ ഇന്ന് അപ്രത്യക്ഷമായി കൊണ്ടിരിക്കയാണ്.

*പാടശേഖരസമിതികൾ:* കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ യോജിപ്പിച്ച് 1868ലെ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് രൂപീകരിച്ച് 10 പാടശേഖര സമിതികളാണ് ഇപ്പോഴുള്ളത്. ഇതിൽ 7 എണ്ണം വിരിപ്പ് മുണ്ടകൻ കൃഷിക്കും 3 എണ്ണം പുഞ്ചകൃഷിക്കുവേണ്ടി രൂപീകരിച്ചതാണ്. പാടശേഖരസമിതികളുടെ പ്രവർത്തനം സാമാന്യം മെച്ചപ്പെട്ട നിലയിൽ നടക്കുന്നുണ്ട്. പഞ്ചായത്തിൽ 10 പാടശേഖരസമിതികൾ പ്രവർത്തിക്കുന്നുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | സമിതിയുടെ പേര് |
|---|---|
| 1. | പന്താവൂർ പാടശേഖര സമിതി |
| 2. | കക്കിടിപ്പുറം പാടശേഖര സമിതി |
| 3. | ആര്യങ്കാവ് പാടശേഖരസമിതി |
| 4. | മുത്തൂർ പാടശേഖരസമിതി |
| 5. | ചിയ്യാനൂർ പാടശേഖര സമിതി |
| 6. | കോക്കൂർ പാടശേഖര സമിതി |
| 7. | ഒതളൂർ പാടശേഖരസമിതി |
| 8. | കോലത്തുപാടം കോൾകൃഷി കമ്മറ്റി |
| 9. | ഒതളൂർ പുഴിക്കോൾകർഷക സമിതി |
| 10. | ആലാപ്പുറം കോൾകർഷക സമിതി |

*കൂലിനിരക്ക്:* കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം അനുദിനം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്ന ഉയർച്ച, കൃഷിയോടുള്ള വിമുഖത തുടങ്ങിയവയും പ്രധാന കാരണങ്ങളാണ്. ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ 3557 കർഷക കുടുംബങ്ങളിൽ 1385 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യ ഉപജീവനമാർഗമായി ആശ്രയിക്കുന്നുള്ളൂ. ഏകദേശം 2200 പേരാണ് കർഷക തൊഴിലാളികളായി പഞ്ചായത്തിലുള്ളത്. ശരാശരി കൂലിനിരക്ക് പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 60 രൂപയുമാണ്. കൂലിനിരക്കിൽ ഒരു ഏകീകൃത സ്വഭാവമല്ല.

*കാർഷികവായ്പ:* രണ്ടു സഹകരണബാങ്കുകളടക്കം ബാങ്കുകളാണ് പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇ

കൂടാതെ പൊന്നാനി കാർഷിക ബാങ്കിൽ നിന്നും കൃഷിക്കാർക്ക് വിവിധ ആവശ്യങ്ങൾക്ക് ലോണുകൾ യഥാസമയം കൊടുത്തു വരുന്നുണ്ട്. എന്നാൽ കാർഷികവായ്പകൾ പലപ്പോഴും മറ്റു ആവശ്യങ്ങൾക്ക് ചിലവഴിക്കുന്നു എന്നാണ് പൊതു അഭിപ്രായം.

പട്ടിക (1) ഭൂവിനിയോഗം

ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണം |
|---|---|
| നിലം | 784.5 ഹെക്ടർ |
| പുരയിടം | 1219 ഹെക്ടർ |
| പുറമ്പോക്ക് | 20 |
| കൃഷിയോഗ്യ തരിശ് | 5 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 1 ഹെക്ടർ |
| ആകെ | 2023.5 ഹെക്ടർ |

പട്ടിക (2)

| വിള | വിസ്തീർണം | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 236 ഹെക്ടർ | 472 ടൺ | 2000 Kg |
| നെല്ല് (രണ്ടാം വിള) | 420 ഹെ " | 924 " | 2200 " |
| നെല്ല് (മൂന്നാം വിള) | 112 " | 336 " | 3000 " |
| പയർ | 30 " | 120 " | |

*ജലസേചനം:* പഞ്ചായത്തിൽ പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷി ചെയ്യുന്നു. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും സപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും എന്നീ രണ്ടു ഘട്ടങ്ങളിലായി മഴ ലഭിക്കുന്നു. പന്താവൂർ, ഒതളൂർ എന്നീ സ്ഥലങ്ങളിൽ പുഞ്ചകൃഷിയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച 2 ലിഫ്റ്റ് ഇറിഗേഷൻസ്കീം കൃഷിവികസനത്തിന് വേണ്ട രീതിയിൽ ഗുണകരമായിട്ടില്ല. പമ്പ് ഹൗസിലേക്ക് വെള്ളം ആവശ്യാനുസരണം പമ്പ് ചെയ്യുന്നതിന്ന് കഴിയുന്നില്ല. കനാലുകൾ ആവശ്യാനുസരണം വീതിയും ആഴവും കൂട്ടിയാൽ മാത്രമെ ഉദ്ദേശിച്ച രീതിയിൽ പമ്പിംഗ് നടത്തുവാൻ സാധിക്കുകയുള്ളൂ. പഞ്ചായത്തിൽ വിവിധ ഭാഗങ്ങളിൽ നിലവിലുള്ള കുളങ്ങളും കനാലുകളും പുനർനിർമാണം നടത്തി ജലസേചന സൗകര്യം മെച്ചപ്പെടുത്താവുന്നതാണ്. കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്ന ഇഞ്ചനുകൾക്ക് ഏക്രക്ക് മാസത്തിൽ 25 ലിറ്റർ തോതിൽ മണ്ണെണ്ണ അനുവദിക്കേണ്ടതാണ്. കൃഷി ആവശ്യത്തിന് സ്ഥാപിക്കുന്ന മോട്ടോറുകൾക്ക് കണക്ഷൻ ലഭ്യമാക്കുന്നതിന് ഇന്നുള്ള നടപടി ക്രമങ്ങളിലും മറ്റും കാര്യമായ മാറ്റം വരുത്തി കാലതാമസം കൂടാതെ കണക്ഷൻ ലഭ്യമാക്കുന്നതിന്നു വേണ്ട ക്രമീകരണങ്ങൾ ആവിഷ്കരിക്കേണ്ടതാണ്. ഇത് കൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഘടകങ്ങളാണ്. കൃഷിയെ സംരക്ഷിക്കുന്നതിന്നും കർഷകർക്ക് ആത്മവിശ്വാസം നല്കുന്നതിനും വിള ഇൻഷുറൻസ് പദ്ധതി വിപുലമായ തോതിൽ നടത്തേണ്ടതാണ്. പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു നെല്ലു സംഭരണ സംസ്കരണശാലയും തേങ്ങ, അടക്ക എന്നിവക്ക് ന്യായമായ വില ലഭ്യമാക്കുന്നതിന്ന് ഒരു സംഭരണ വിപണന കേന്ദ്രവും തുടങ്ങാവുന്നതാണ്. മെച്ചപ്പെട്ട വിത്തിനങ്ങൾ ലഭ്യമാക്കുന്നതിന്ന് കൃഷിഭവന്റെ മേൽനോട്ടത്തിനും കർഷക സമിതികൾക്ക് വിത്തുല്പാദന കേന്ദ്രം തുടങ്ങുന്നതിന്ന് പ്രോത്സാഹനം കൊടുക്കേണ്ടതും കൃഷിഭവന്റെ സേവനം കൃഷിക്കാർക്ക് വേണ്ട നിലയിൽ ഉപയോഗപ്പെടുത്തുകയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ചെയ്യേണ്ടതാണ്. ഇടവിളകൾ കൃഷി ചെയ്യുന്നതിന് ആവശ്യമായ പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

### ഗ്രാമസഭാ നിർദേശങ്ങൾ

*1-ാം വാർഡ്*

1. അമ്പത് ഏക്രയോളം നെൽകൃഷിക്കും സുമാർ 50ഓളം തോട്ടങ്ങൾക്കും ജലസേചനത്തിന് പ്രയോജനപ്പെടുന്ന വിധത്തിൽ കോതക്കടവിൽ ഇപ്പോഴുള്ള പാലത്തോട് അനുബന്ധിച്ച് ഒരു ചീർപ്പു കെട്ടി മോട്ടോർ പുര സ്ഥാപിച്ച് എല്ലാ വർഷവും ജനുവരി മാസം 1-ാം തിയ്യതി മുതൽ വെള്ളം അടിച്ചു കയറ്റി നിർത്തുവാൻ വേണ്ട നടപടികൾ വേണം.

2 പന്താവൂർ ഹരിജൻ കോളനിക്കു സമീപം സർക്കാർ 4.5 ലക്ഷം രൂപ ചിലവു ചെയ്തു നിർമിച്ച് പമ്പുഹൗസു കനാലും മോട്ടോർ സ്ഥാപിക്കാത്തതുകൊണ്ടും വൈദ്യുതിയില്ലാത്തതു കൊണ്ടും ജലസേചനസൗകര്യമില്ലാത്തതിനാൽ പുഞ്ചകൃഷിക്ക് സാധ്യമല്ലാതായിരിക്കുന്നു. ആ പ്രദേശത്തെ കൃഷി അഭിവൃദ്ധി പ്പെടുത്തുവാൻ സഹായകമായ ഈ പദ്ധതി എത്രയും വേഗം നടപ്പാക്കേണ്ടതാണ്.

3. കേരളേടത്ത് താഴംക്കുളം, പൂക്കയത്ത്കുളം, വെള്ളിക്കു

ളം എന്നിവ പുനർനിർമാണം നടത്തി ഉപയോഗപ്രദമാക്കണം.

4. കിളിയംകുന്ന് താഴംമുതൽ പന്താവൂർ ലിഫ്റ്റ് ഇറിഗേഷൻ കൂടി കോതക്കടവ് വരെ വട്ടത്തോട് ആഴവും വീതിയും കൂട്ടി ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

5. ഒന്നാം വാർഡിൽ മണക്കടവ് എന്ന സ്ഥലത്തു നിന്ന് കാളാച്ചാൽ റോഡ് വരെയുള്ള കനാൽ പുനർനിർമാണം നടത്തണം.

6. കിളിയാംകുന്ന് തുറയും തെക്കേമുക്ക് പട്ടികജാതി കോളനി തറയും തമ്മിൽ ബന്ധിപ്പിക്കുന്ന ബണ്ട് നിർമിക്കുക.

7. പഞ്ഞാകുളം, പുക്കേത്ത്കുളം, പുത്തൻകുളം എന്നിവ ചുറ്റുഭാഗവും പടുത്ത് ആഴംകൂട്ടി മോട്ടോർ പുനഃസ്ഥാപിച്ച് പ്രവർത്തനക്ഷമമാക്കുക.

*2-ാം വാർഡ്*

1. പന്താവൂർ ലിഫ്റ്റ് ഇറിഗേഷൻ മുതൽ കക്കാടി പാലം വരെയുള്ള കനാൽ 10 മീറ്റർ വീതിയിലും 5 മീറ്റർ ആഴത്തിലും പുനർനിർമാണം നടത്തി ലിഫ്റ്റ് ഇറിഗേഷന്റെ പടിഞ്ഞാറുഭാഗത്തുള്ള കോൾനിലങ്ങളിലെ വെള്ളം ഈ കനാലിലേക്ക് ലിഫ്റ്റ് ചെയ്താൽ വെള്ളപ്രശ്നം പരിഹരിക്കാൻ കഴിയും.

2. കക്കിടി പാലത്തിനു താഴെ മുളയംതോട് താഴ്ത്തി വീതി കൂട്ടിയാൽ 75 ഏക്ര സ്ഥലത്തു കൂടി രണ്ടാം വിള നെൽകൃഷി കൂടുതൽ ചെയ്യാൻ സാധിക്കുന്നതാണ്.

*3-ാം വാർഡ്*

1. എണ്ണക്കമ്പാറ മുതൽ പന്താവൂർ പാലം വരെയുള്ള തോട് ആഴം കൂട്ടി, സൈഡ് കെട്ടി, കൈവഴികൾ നിർമിച്ച് ജലസേചനയോഗ്യമാക്കുക.

2. കക്കാട് താഴം മുതൽ പരപ്പിൽ വരെയുള്ള തോട് വീതിയും ആഴവും കൂട്ടി സൈഡ് കെട്ടി പരപ്പിൽ ചീർപ്പിട്ട് ജലസേചന യോഗ്യമാക്കണം.

3. തായിലകുളം, പൊയ്യേകുളം, പെരുവകുളം പൊതുകുളങ്ങളാക്കി ആഴവും വീതിയും കൂട്ടി ജലസേചനയോഗ്യമാക്കുക.

4. കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ ഇറങ്ങുന്നതിന് റോഡ് സൗകര്യങ്ങൾ ഉണ്ടാക്കണം.

5. പച്ചക്കറി കൃഷി, പുഷ്പകൃഷി എന്നിവ നടത്തുന്നതിന് സഹകരണയൂണിറ്റുകൾക്ക് ധനസഹായം നൽകുക.

6. ഗ്രൂപ്പ് ഫാമിംഗിനെപറ്റി കൃഷി ഓഫീസിൽ നിന്നും നിർദ്ദേശങ്ങൾ നൽകണം.

7. കൂൺകൃഷിക്കുള്ള ഒരു യൂണിറ്റ് ആരംഭിക്കുന്നതിന് വേണ്ട ദനസഹായം നൽകുക.

8. ആമേപാടത്ത് ഒരു ബണ്ട് കം റോഡ് സ്ഥാപിക്കണം.

9. കൃഷി ഉപകരണങ്ങൾ കൊണ്ടുപോകുന്നതിന് വട്ടംകുളം അതിർത്തിയിലേക്കുള്ള സി.കെ.ബി. റോഡ് വൃത്തിയാക്കി ടാർ ചെയ്യണം.

*4-ാം വാർഡ്*

1. ഉദിനുപറമ്പ് പാടത്ത് മാങ്കുളം നന്നാക്കി 10 HP മോട്ടോർ സ്ഥാപിച്ച് ജലസേചനസൗകര്യമുണ്ടാക്കുക.

2. പന്താവൂർ തോടിൽനിന്ന് കിഴക്കോട്ട് തോട് വികസിപ്പിച്ച് കോതകടവ് ആര്യങ്കാവ് മേക്കുളം പ്രദേശത്ത് തോട് വഴി വെള്ളം കൊണ്ട് ജലസേചന സൗകര്യമുണ്ടാക്കുക.

3. ആര്യങ്കാവ് പാടത്ത് ഒരു കുളം നിർമിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് ജലസേചന സൗകര്യമുണ്ടാക്കുക.

4. ആര്യങ്കാവ് മുതൽ തച്ചു പറമ്പ് ഭാഗം വരെ പാടത്തേയ്ക്ക് ട്രാക്ടർ കൊണ്ടു വരുന്നതിനും കൃഷിക്ക് ആവശ്യമായ സാധനങ്ങൾ കൊണ്ടുവരുന്നതിനു ബണ്ട് കം റോഡ് നിർമിക്കുക.

5. ഉദിനുപറമ്പ് തിയ്യാടി വളപ്പ് ഭാഗത്തുള്ള പഞ്ചായത്ത് റോഡിൽനിന്നും പാടം വഴി റോഡ് നിർമിക്കണം.

6. മാങ്കുളം തോട് പരപ്പ് തോടുമായി ബന്ധിപ്പിക്കുക.

7. പാടശേഖരകമ്മറ്റികൾക്ക് ട്രാക്ടർ, സ്പെയർ എന്നിവ അനുവദിക്കുക.

8. വിത്ത്, വളം, കീടനാശിനികൾ എന്നിവ പാടശേഖരകമ്മറ്റിക്ക് സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.

9. ഏക്കറിന് 25 ലിറ്റർ മണ്ണെണ്ണ ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. മഹാളി മരുന്ന് യഥാസമയം സബ്സിഡിയോടെ കൃഷിഭവൻ മുഖേന വിതരണം ചെയ്യുക.

11. കാർഷികാവശ്യങ്ങൾക്കുള്ള മോട്ടോറുകൾക്ക് കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുക.

12. കർഷകന്റെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനമുണ്ടാക്കണം.

13. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്നവർക്ക് നഷ്ടതോത് കണക്കാക്കി നഷ്ടപരിഹാരം നൽകണം.

14. നാളികേരം പഞ്ചായത്ത് തലത്തിൽ കൊപ്ര സംഭരണകേ

ന്ദ്രം തുടങ്ങുക.

15. 10 സെനറ് ഭൂമിയുള്ള തെങ്ങ്കവുങ്ങ് കൃഷിക്കാർക്ക് കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് നൽകുന്നതിനും നടപടികൾ സ്വീകരിക്കുക.

16. തെങ്ങ് കവുങ്ങ് കൃഷിയുള്ളവർക്ക് തോട്ടം കിളക്കുന്നതിന് സഹായങ്ങൾ നൽകണം.

*5-ാം വാർഡ്*

1. കോപ്പിരക്കുണ്ട് മുതൽ (പുതുമനക്കടവ്) പടിഞ്ഞാറെ വളപ്പ് താഴം വരെ കനാൽ പുനർനിർമാണം നടത്തി ജലസേചന സൗകര്യം മെച്ചപ്പെടുത്തുക.

2. മുത്തൂർ ഭാഗത്തേക്ക് വെള്ളം പമ്പു ചെയ്ത് ഇപ്പോഴുള്ള ഇരുപ്പൂ കൃഷിക്ക് പുറമെ പുഞ്ചകൃഷിക്ക് കൂടി ഉപയുക്തമാക്കുക.

3. കോപ്പിരക്കുണ്ട് മുതൽ ചേമ്പിലക്കടവു വരെ നിലവിലുള്ള അരുത്തോട് പുനർനിർമാണം നടത്തുക.

4. കാരക്കാട്ടു താഴം മുതൽ കിളിയംകുന്ന താഴം വരെ ഒരു പുതിയ കനാൽ നിർമിക്കുക.

5. കോപ്പിരക്കുണ്ടു ഭാഗത്ത് ഒരു മോട്ടോർ തറയും ഷെഡും നിർക്കുക.

6. പള്ളിക്കര താഴം മുതൽ വാളൊളം വരെയുള്ള അരുത്തോട് ഇരുവശവും കരിങ്കൽ ഭിത്തി കെട്ടി ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.

7. വാളക്കുളം എന്ന കുളം പുനരുദ്ധരിച്ച് പമ്പ് ഹൗസ് നിർമിച്ച് മോട്ടോർ സ്ഥാപിച്ച് കിഴക്കു ഭാഗത്തെ കൃഷിക്ക് ജലസേചനം നടത്തുന്നതിന്ന് ബന്ധപ്പെട്ട കനാലും പുനർനിർമാണം നടത്തേണ്ടതാണ്.

8. തെങ്ങു നനക്കുന്നതിന്ന് കർഷകരുടെ കൂട്ടായ്മയോടു കൂടി ജലസേചന പദ്ധതി നടപ്പാക്കണം.

9. കവുങ്ങ് കൃഷിക്ക് ഇന്ന് വേണ്ടത്ര പരിഗണനയും സർക്കാർ തലത്തിൽ നടപ്പാക്കുന്നില്ല. ആയതിന്റെ പരിചരണത്തിന്നും കീടബാധ തടയുന്നതിനും സൗജന്യസാമ്പത്തിക സഹായത്തോടു കൂടിയ പദ്ധതി നടപ്പാക്കണം.

10. വാട്ടർ ഷെഡ് പദ്ധതി ഈ വാർഡിലും നടപ്പാക്കണം.

*6-ാം വാർഡ്*

1. പട്ടിശ്ശേരി പമ്പ് ഹൗസ് മുതൽ സ്റ്റേറ്റ് ഹൈവേ വരെയു ള്ള തോട് അതിന്റെ സർവ്വേക്കനുസരിച്ച് നിലവിലുള്ളതിനേ ക്കാൾ വീതിയും ആഴവും കൂട്ടുക.

2. ഉപയോഗശൂന്യമായികിടക്കുന്ന ചിറക്കുളം, പടക്കുളം കണ്ണംചിറക്കുളം എന്നിവ പുനർനിർമാണം നടത്തി ആ ഭാഗത്ത് നെൽകൃഷിക്ക് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

3. കൃഷിയിടങ്ങളിലേക്ക് ട്രാക്ടർ മുതലായ കാർഷിക യന്ത്രങ്ങൾ കൊണ്ടു പോകുന്നതിന് മാധവൻ നായർ റോഡ്, ചിറക്കുളം റോഡ്, ചങ്ങരംകുളം കോട്ടയിൽ താഴം റോഡ്, നാട്ടുകല്ല്, വാക്കത്ത് താഴം റോഡ് എന്നിവ പാടശേഖരങ്ങളിൽ അവസാനിക്കുന്നിടങ്ങളിൽ റാംപ് നിർമിക്കുക.

4. പാട്ടിശ്ശേരി പമ്പ് ഹൗസ് മുതൽ സ്റ്റേറ്റ് ഹൈവേ കടന്നു പോകുന്നതും മേൽപദ്ധതിയുടെ ആയകെട്ടിൽ പറക്ക സ്ഥലങ്ങളിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുന്നതിന് ഇപ്പോഴുള്ള കനാൽ ആഴവും വീതിയും കൂട്ടി സ്റ്റേറ്റ് ഹൈവേയിൽനിന്നും 200 മീറ്റർ അകലത്തിൽ സ്ലൂയിഡും പി.സി.ബിയും നിർമിക്കണം.

5. ചിയ്യാനൂർ കിഴിച്ചിറ തോട് പുനർനിർമാണം നടത്തി 200 മീറ്റർ പോയന്റിൽ വി.സി.ബി. നിർമിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തണം.

6. കപ്പൂർ പഞ്ചായത്തിന്റെ അതിർത്തി മുതൽ സ്റ്റേറ്റ് ഹൈവേ പട്ടിശ്ശേരി കനാൽ വരെ തോട് വിപുലീകരിച്ച് സ്ലൂയിഡ് നിർമിച്ച് ചിയ്യാനൂർ പരപ്പിൽ താഴം മുതൽ പട്ടിശ്ശേരി തോടുമായി യോജിപ്പിച്ച് കനാൽ പുനർനിമാണം നടത്തി ആവശ്യമായ ഇടങ്ങളിൽ സ്ലൂയിസ് നിർമിച്ച് 100 ഏക്ര വരുന്ന നെൽകൃഷിയെ വരൾച്ചയിൽ നിന്ന് രക്ഷിക്കണം.

7. മണ്ണ് പരിശോധന കേന്ദ്രം സ്ഥാപിക്കണം.

8. കേരകൃഷിക്കാർക്കും കുരുമുളക്, കശുവണ്ടി തുടങ്ങിയ ഉല്പന്നങ്ങൾ ചങ്ങരംകുളം റഗുലേറ്റഡ് മാർക്കറ്റിൽ വില്പന നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

9. ഭൂപരിധി 20 സെന്റാക്കി കുറക്കുക.

*7ാം വാർഡ്*

1. ചിയ്യാനൂർ പാടം മുതൽ കപ്പൂർ പഞ്ചായത്ത് അതിർത്തി വരെയുള്ള നെൽകൃഷി സ്ഥലത്ത് ഒരു ബണ്ട് കെട്ടി വെള്ളം നിലനിർത്തുക.

2. മാഞ്ചേരി പാടത്ത് ഒരു കുളം കുഴിക്കണം.

3. മാഞ്ചേരി പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ സംവിധാനം വേണം.

4. മനക്കൽകുന്ന് താഴത്ത് പാടത്തേക്ക് ട്രാക്ടർ ഇറങ്ങാൻ സൗകര്യം ചെയ്യുക.

5. വളയംകുളത്തു നിന്ന് ചിയ്യാനൂർ ഭാഗത്തേക്ക് റോഡ് വേണം. ട്രാക്ടർ ഇറങ്ങാൻ സൗകര്യം ചെയ്യണം.

6. കൂട്ടുകൃഷി സംവിധാനം നടപ്പിൽ വരുത്തണം.

7. കൃഷിസ്ഥലങ്ങളിൽ കൃഷിഓഫീസിൽ നിന്നും ഉദ്യോഗസ്ഥർ പരിശോധന നടത്തണം. നിർദേശങ്ങൾ ലഭ്യമാക്കണം.

8. തെങ്ങ്, കവുങ്ങ് കൃഷിക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കണം.

9. കോക്കൂർ സെന്ററിൽ സാധനങ്ങൾ വിറ്റഴിക്കാനുള്ള മാർക്കറ്റിംഗ് സൗകര്യം ലഭ്യമാക്കണം.

10. പൊതുവായി പച്ചക്കറി കൃഷി ചെയ്യുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം.

11. വളയംകുളം പുറമ്പോക്ക് കുളം വൃത്തിയാക്കണം.

12. പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിന് കൂട്ടുകൃഷി സമ്പ്രദായം നടപ്പിലാക്കാൻ പദ്ധതി വേണം. കൃഷി വകുപ്പ് ഇതിനു വേണ്ട മാർഗനിർദേശങ്ങൾ നൽകണം.

13. അറകഴതാഴത്ത് ഒരു പമ്പ്ഹൗസ് നിർമിക്കുക.

14. മനക്കൽ താഴം റോഡ്, ചിയ്യാനൂർ കല്ലാജി പള്ളി റോഡുമായി ബന്ധിപ്പിക്കുക.

15. മാനഞ്ചേരി പാടത്ത് കുളംകുഴിക്കാൻ സൗകര്യം ചെയ്തു തരണം.

*8-ാം വാർഡ്*

1. അശാസ്ത്രീയമായ വളം, കീടനാശനി പ്രയോഗം, ജൈവവളത്തിന്റെ അപര്യാപ്തത, കൂലി കൂടുതൽ ഉല്പാദനചിലവിലെ വർധനവ് എന്നീ കാരണങ്ങളിൽ പൊതുവെ ഈ വാർഡിലെ കൃഷിക്കാർക്ക് വിമുഖതയാണ്.

2. മാങ്കുളം ആഴം കൂട്ടി കൈത്തോടുകൾ വഴി ജലസേചന സൗകര്യം ഏർപ്പെടുത്തണം.

3. ചൂഹ്യങ്കികുളം ആഴം കൂട്ടി വെള്ളം സ്റ്റോർ ചെയ്തു ജലസേചന സൗകര്യം വർധിപ്പിച്ചാൽ 50 ഏക്ര കൃഷി ചെയ്യാവുന്നതാണ്.

4. പുത്തൻകുളം പുനരുദ്ധരിച്ച് ജലസേചനം ഏർപ്പെടുത്തുക.

5. മാങ്കുളം മുതൽ കടവല്ലൂർ തോടു വരെ കൈതോടുകൾ നിർമ്മിച്ച് ജലസേചനം ഏർപ്പെടുത്തുക.

6. കൃഷി ഇടങ്ങളിലേക്ക് കാർഷികയന്ത്രസാമഗ്രികൾ കൊണ്ടുപോകുന്നതിന്ന് ഫാം റോഡുകൾ നിർമ്മിക്കുക.

*പൊതുനിർദേശങ്ങൾ*

1. അടക്കാ വികസന കോർപ്പറേഷൻ സ്ഥാപിക്കണം

*9-ാം വാർഡ്*

പാവിട്ടപ്പുറം മുതൽ പാവിട്ടപ്പുറം താഴം വരെ തോടിന് വടക്ക് നാഷണൽ ഹൈവേ വരെ നീണ്ടു കിടക്കുന്ന 9-ാം വാർഡ് കൂടുതൽ ഉയർന്ന താഴ്‌വരകളും സമതലങ്ങളുമായി കിടക്കുന്ന ഒരു പ്രദേശമമാണ്. അതു കൊണ്ടു തന്നെ ഈ പ്രദേശം മണ്ണൊലിപ്പിനെ നേരിടുന്നു. ഇവിടെ ഉദ്ദേശം 200 ഏക്ര നെൽകൃഷിയും 100 ഏക്ര തെങ്ങും 150 ഏക്ര കവുങ്ങും ബാക്കി മറ്റു കൃഷികളുമാണ്. മണ്ണൊലിപ്പും മറ്റു അശാസ്ത്രീയ കൃഷി രീതികളും ളകൊണ്ടും മണ്ണിന്റെ ഘടനയിൽ സാരമായ മാറ്റം വന്നിട്ടുണ്ട്. നെൽകൃഷിക്ക് പുറമെ ഇടവിളയായി മറ്റു കൃഷികൾ ചെയ്യാൻ ജലസേചന സൗകര്യമില്ല. മകരകൊയ്ത്തു കഴിഞ്ഞാൽ പട്ടിശ്ശേരി ബണ്ടിൽ നിന്ന് വെള്ളം പമ്പ് ചെയ്തു തോടുകൾ, വഴി അടിച്ചു കയറ്റുകയാണെങ്കിൽ എല്ലാ വിധ കൃഷികൾക്കും ഉപകാരമായിത്തീരും. പട്ടിശ്ശേരി മുതൽ പാവിട്ടപ്പുറം താഴെ വരെയുള്ള തോട് വീതി കൂട്ടി സൈഡ് കെട്ടിപൊക്കി ട്രാക്ടർ കൊണ്ടു പോരുവാൻ സൗകര്യപ്പെടുത്തണം.

വളയംകുളം, അത്താണിക്കുളം, പഴയംകുളം, പറയംകുളം എന്നിവ പുനർനിർമാണം നടത്തി പമ്പ് സെറ്റുകൾ സ്ഥാപിക്കണം. എറവറാംകുന്ന് മുതൽ പള്ളിക്കര താഴം വരെ തോടിന്ന് ഇടക്ക് സുയിസ് നിർമ്മിക്കണം. തെങ്ങിനിടയിൽ മണ്ണിര വളർത്താനുള്ള സഹായധനം ലഭ്യമാക്കുക.

*10-ാം വാർഡ്*

വാർഡിൽ ഏകദേശം 550 ഏക്രയോളം പലതരത്തിലുള്ള കൃഷി നിലവിലുണ്ട്. നെൽകൃഷി കൂടാതെ കൂടുതലും കവുങ്ങും അത്ര തന്നെ തെങ്ങ് കൃഷിയും വാർഡിലുണ്ട്. ഇടകൃഷിയായി വാഴ കുരുമുളക് എന്നിവയും നിലവിലുണട്.

വാർഡിൽ കൃഷിക്ക് ആവശ്യമുള്ള ജലസേചന സൗകര്യം കുറവാണ്. നെൽകൃഷിക്ക് ഏറ്റവും പ്രധാനമായി വാർഡിന്റെ

ഒരു ഭാഗത്തേക്ക് ഗുണം കിട്ടുന്ന പള്ളിക്കരയോട് ചേർന്ന കിഴിക്കര, പട്ടിശ്ശേരി ബണ്ട് പമ്പ് ഹൗസിന്റെ പണി കഴിഞ്ഞെങ്കിലും പ്രവർത്തനം കുറച്ചു കൂടി വ്യാപിപ്പിച്ചാൽ കുറെ നെൽപാടങ്ങൾക്കു കൂടി ഗുണം ചെയ്യും. ഇതിന് കിഴിക്കര വെള്ളുവതൊടി ഭാഗത്തു കൂടി കടന്നു പോകുന്ന റോഡിന് ഒരു ചീർപ്പ് സ്ഥാപിക്കുകയും ഈ സ്ഥലത്ത് ഇപ്പോൾ നിലവിലുള്ള ചെറിയതോട് വീതിയും ആഴവും കൂട്ടി പമ്പ്ഹൗസ് സ്ഥിതി ചെയ്യുന്ന പട്ടിശ്ശേരി ബണ്ട് വരെ നീട്ടിയാൽ കൂടുതൽ ഗുണം ചെയ്യും. മാത്രമല്ല, പമ്പ് ഹൗസ് ഭാഗത്തേക്ക് വെള്ളം ഒഴുകി വരുന്ന തോടിന്റെ ഒരു സൈഡ് നിർബന്ധമായി കല്ലു കൊണ്ട് കെട്ടി സംരക്ഷിക്കണം. അല്ലെങ്കിൽ പറമ്പ് ഇപ്പോൾ തന്നെ കുറെഭാഗം ഇടിഞ്ഞുപോവുകയും തോട് തൂർന്നു പോവുകയും ചെയ്യും. 10-ാം വാർഡിന്റെ തുടക്കത്തിൽ സ്ഥിതി ചെയ്യുന്ന ഈ പമ്പ് ഹൗസ് കൊണ്ട് കുറെ പ്രദേശങ്ങൾക്ക് ഗുണം ചെയ്യും. മേൽപറഞ്ഞ പ്രവർത്തനം കൂടി ചെയ്താൽ പമ്പ് ഹൗസിന്റെ ഭാഗത്തേക്ക് വരുന്നതും പോകുന്നതുമായ തോടുകളിൽ നിന്ന് ചെറിയ നീർച്ചാലുകൾ നിർമിച്ചാൽ ഇടവിള ചെയ്യാൻ കഴിയും.


എറവറാംകുന്ന് വരാട്ട് താഴം പാടം ഇപ്പോൾ നിലവിലുള്ള തോട് വീതിയും ആഴവും കൂട്ടണം. വാർഡിൽ ഇപ്പോൾ നിലവിലുള്ള പുത്തൻ കുളം ഭിത്തി കെട്ടി സംരക്ഷിക്കുകയും ആഴം കൂട്ടുകയും വേണം. കിഴിക്കര ഭാഗത്ത് ഒരു പഞ്ചായത്ത് കുളം നിർമ്മിക്കണം. പച്ചക്കറി കൃഷി ഉയർത്തിക്കൊണ്ടുവരാൻ വേണ്ടി പ്രവർത്തനം ലഭ്യമാക്കണം.

*11-ാം വാർഡ്*

1. ഒതളൂർ പൂഴിക്കോൾ ബണ്ട് പടവ് മുതൽ നന്നംമുക്ക് പഞ്ചായത്ത് അതിർത്തി വരെ പെരുതോട് ആഴവും വീതിയും കൂട്ടി സൈഡ് കെട്ടുക.
2. അയ്യപ്പൻ കാവ് കുളത്തിന്റെ സമീപത്തു കൂടി പൂഴിക്കോൾ ബണ്ട് പടവിലേക്ക് വാഹനങ്ങൾ പോകാൻ റോഡ് നിർമിക്കണം.
3. ബണ്ടിന്റെ വടക്കു ഭാഗം പറമ്പരികിലൂടെ ആലാപുറം വരെ പുതുതായി തോട് നിർമ്മിക്കണം.
4. ഒതളൂർപൂഴിക്കോൾആലാപുറം പടവിലേക്ക് 9 മോട്ടോർ തറകളും 9 കെട്ടുകളും സ്ഥിരമായി നിർമിക്കുക.
5. ഒതളൂർ പടിഞ്ഞാറ്റുംമുറി ആലാപ്പുറം പടവിലേക്ക് ഒതളൂർ പടിഞ്ഞാറ്റുമുറിയിൽ നിന്ന് (കട്ടങ്ങിൽ ഇടവഴിയിൽനിന്നും) നന്നംമുക്ക് പഞ്ചായത്തുമായി ബന്ധിക്കുന്ന കൃഷിയാവശ്യത്തിനുള്ള ബണ്ട് നിർമിക്കണം.
6. കർഷകർക്കാവശ്യമായ വളം, വിത്ത്, കീടനാശിനികൾ സ്പ്രയറുകൾ, മറ്റു കാർഷിക ഉപകരണങ്ങൾ മുതലായവ കർഷകർക്ക് മിതമായ നിരക്കിൽ ലഭ്യമാക്കാനുള്ള ഒരു സംവിധാനം അത്യാന്താപേക്ഷിതമാണ്.
7. യന്ത്രവൽകൃത കൃഷിരീതികൾ അവലംബിക്കുന്നതിനുള്ള മാർഗനിർദേശങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിനു വേണ്ടതു ചെയ്യുക.
8. അത്യുല്പാദന ശേഷിയുള്ള കവുങ്ങിൻ തൈകൾ ലഭ്യമാക്കണം.
9. കവുങ്ങിന് ഉണ്ടാകുന്ന മഹാളിരോഗമടക്കമുള്ള രോഗങ്ങൾ നിർണ്ണയിക്കാനും പ്രതിരോധിക്കാനും ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കണം.
10. ആധുനിക കൃഷി രീതികൾ മനസ്സിലാക്കാനുള്ള സംവിധാനം ഉണ്ടാക്കണം.
11. അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളും അതിന്റെ കൃഷിരീതികളും വ്യാപിപ്പിക്കുക.
12. അടക്കയും തേങ്ങയും സംഭരിക്കാനുള്ള സംഭരണ കേന്ദ്രങ്ങൾ തുടങ്ങുക.
13. കർഷകർക്ക് ന്യായവില ലഭ്യമാക്കുക.

* * *





# 2. മൃഗസംരക്ഷണവും മത്സ്യബന്ധനവും

*മൃഗസംരക്ഷണം*

എല്ലാ തരത്തിലുള്ള വളർത്തു മൃഗങ്ങളും പഞ്ചായത്തിലുണ്ട്. എന്നാൽ കാള, എരുമ, പോത്ത് എന്നീ മൃഗങ്ങൾ താരതമ്യേന ചുരുക്കവുമാണ്. കാളകളെയും പോത്തുകളെയും കൊണ്ട് നിലം ഉഴുന്ന കാലം ഇന്ന് അന്യമായിക്കൊണ്ടിരിക്കുന്നതു കൊണ്ടാണ് ഇവയുടെ എണ്ണത്തിൽ കുറവു വന്നത്. പശുക്കളും ആടുകളുമാണ് പ്രധാന വളർത്തു മൃഗങ്ങളെങ്കിലും 236 കാളകളും 59 പോത്തുകളും പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലായുണ്ട്. വളർത്തു പക്ഷികൾക്കിടയിൽ കോഴികൾക്കാണ് പ്രാമുഖ്യം കാണുന്നതെങ്കിലും പഞ്ചായത്തിലെ പലഭാഗങ്ങളിലായി താറാവുകളെയും ചിലർ വളർത്തി വരുന്നു. കൂടാതെ ചില വീടുകളിൽ പ്രാവുകളെയും ചെറിയ വർണ്ണപക്ഷികളെയും വിനോദത്തിനായി വളർത്തി വരുന്നു. ഇതു പോലെതന്നെ അപൂർവ്വമായി മുയലുകളെയും വളർത്തുന്നുണ്ട്. എന്നാൽ 75% കുടുംബങ്ങളിലും കോഴികളെയാണ് വളർത്തുന്നത്.

ആധുനിക കൃഷിസമ്പ്രദായത്തിൽ യന്ത്രവൽക്കരണത്തിന്റെ പങ്ക് വളർത്തു മൃഗങ്ങളുടെ എണ്ണത്തിൽ ഗണ്യമായ കുറവു വരുത്തി. ആദികാലങ്ങളിൽ കാളകളെയും പോത്തുകളെയും കൊണ്ട് നിലമുഴുതുന്ന സമ്പ്രദായം ഇന്ന് ചരിത്ര സ്മരണയായി മാറിക്കൊണ്ടിരിക്കുന്നു. നിലവിലുള്ള കാലിത്തീറ്റയുടെ ഗണ്യമായ ദൗർലഭ്യതയും വിലക്കയറ്റവും കന്നുകാലി വളർത്തൽ നിരുത്സാഹപ്പെടുത്തി. നിലവിലുള്ള നെൽകൃഷിയിടങ്ങളുടെ വിസ്തീർണ്ണം കുറഞ്ഞതിനാൽ വൈക്കോലിന്റെ ലഭ്യതയും കുറഞ്ഞു. കന്നുകാലി വളർത്തൽ തീരെ ലാഭകരമല്ല. പഞ്ചായത്തിൽ ചങ്ങരംകുളത്ത് ആദ്യകാലത്തുണ്ടായിരുന്ന കന്നുകാലിച്ചന്ത ഇന്ന് ആഴ്ചതോറും ഒരു ചടങ്ങ് മാത്രമായിത്തീർന്നിരിക്കുന്നു.

പഞ്ചായത്തിൽ പന്താവൂർ, കോക്കൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘങ്ങളുടെ ബാലാരിഷ്ട കഴിഞ്ഞു പ്രവർത്തന രംഗത്ത് നല്ലൊരു മുന്നേറ്റം നടത്തുന്നുണ്ട്. കോക്കൂർ ക്ഷീരസഹകരണസംഘം മുഖേന ഡയറി വികസന വകുപ്പിന്റെ കീഴിൽ കോക്കൂർ പ്രദേശത്തെ 4 യുവതികൾക്ക് ക്ഷീരോത്പന്നങ്ങളുടെ നിർമ്മാണത്തിന് പരിശീലനം ലഭിക്കുകയും അവരുടെ നേതൃത്വത്തിൽ ഒരു നിർമ്മാണ വിപണന യൂണിറ്റ് പ്രവർത്തനമാരംഭിക്കുകയും ചെയ്തത് ഈ അടുത്ത കാലത്താണ്.

പട്ടിക 1

കന്നു കാലി സെൻസസ് 96

*വളർത്തുമൃഗങ്ങളും പക്ഷികളും*

| ഇനം | എണ്ണം |
|---|---|
| പശു | 2278 |
| എരുമ | - |
| പോത്ത് | 59 |
| കാള | 236 |
| ആടുകൾ | 2271 |
| കോഴി | 3821 |
| താറാവ് | 138 |

പഞ്ചായത്തിന്റെ ഏതാണ്ട് മധ്യഭാ
ത്തായി മാന്തടത്തിനടുത്ത് മൃഗാശുപത്രി
പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ ഒതള
ർ, കാളാച്ചാൽ എന്നീ പ്രദേശങ്ങളിലേക
ഈ സ്ഥാപനത്തിന്റെ പ്രയോജനം വള
കുറവാണ്. ഈ മൃഗാശുപത്രിയുടെ കീഴ
ൽ പ്രവർത്തിക്കുന്ന ഒരു വെറ്റിനറി സബ
സെന്റർ കോക്കൂരിൽ പ്രവർത്തിക്കുന്ന
ണ്ട്. ആയതുകൊണ്ട് ആശുപത്രിയു
പ്രയോജനം പഞ്ചായത്തിന്റെ വടക്ക
അറ്റത്തുള്ളവർക്ക് വേണ്ടത്ര പ്രയോജ
പ്പെടുന്നില്ല.

പഞ്ചായത്തിൽ പ്രവർത്തിച്ചു കൊ
ണ്ടിരിക്കുന്ന വെറ്റിനറി ആശുപത്രി സ്വന്ത
സ്ഥലത്താണ് നിൽക്കുന്നത്. ഇതിന് ചു
മതിൽ ഇല്ല. വെറ്റിനറി സബ്സെന്റർ ഇ
പ്രവർത്തിക്കുന്നത് വാടകകെട്ടിടത്തില
ണ്.

പഞ്ചായത്തിലെ വിവിധ ഭാഗങ്ങളി
‌ വളർത്തു മൃഗങ്ങൾക്ക് പലതരത്തിലു
‌ രോഗങ്ങളും കണ്ടുവരുന്നു. ഇവയിൽ
ധാനമായവ കുളമ്പ് രോഗം, ദഹനസം
ന്ധമായ രോഗങ്ങൾ, ശ്വാസകോശരോ
ങ്ങൾ, പരാദരോഗങ്ങൾ, അകിടുവീക്കം,
ടന്തൻ പനി, കോഴിവസന്ത, കോഴി
സൂരി തുടങ്ങിയവയാണ്.

പട്ടിക 4

1996ലെ കന്നുകാലി സെൻസസ്

| മ വർ | രോഗവിവരങ്ങൾ | പശു | എരുമ | ആട് |
|---|---|---|---|---|
| | ദഹനസംബന്ധമായവ | 553 | 35 | 343 |
| | ശ്വാസകോശസംബന്ധം | 24 | 15 | |
| | പരാദരോഗങ്ങൾ | 367 | 220 | |
| | പ്രത്യുല്പാദനപരമായ രോഗങ്ങൾ | 311 | 49 | |
| | വന്ധ്യത | 46 | | |
| | അകിടുവീക്കം | 82 | 35 | |
| | മുടന്തൻപനി | 17 | 2 | |
| | കാലി വസന്ത | | | |
| | കുളമ്പുരോഗം | | | |
| | കോഴിവസന്ത | | | |

പഞ്ചായത്തിൽ ഭക്ഷണത്തിനായും
ൻതോതിൽ മൃഗങ്ങളെ ഉപയോഗിച്ചു
രുന്നു. മാംസഭക്ഷണം സാധാരണ
ാർക്കിടയിലും വ്യാപകമായിത്തീർ
ിരിക്കുന്നു. പ്രധാനമായും ആട്, കോഴി,
ാറാവ്, പോത്ത്, കാള എന്നിവയെയാണ്
ക്ഷണത്തിനായി ഉപയോഗിക്കുന്നത്.
ക്ഷ്യാവശ്യത്തിനുള്ള മൃഗങ്ങളിൽ 85
തമാനവും അന്യസംസ്ഥാനങ്ങളിൽ
ിന്നു കൊണ്ടുവരുന്നവയാണ്. വളർത്തു
ൃഗങ്ങളെ സംരക്ഷിച്ചു വരുമാനം വർധി
ിക്കാനും തദ്വാരാ ദാരിദ്ര്യപരിഹരത്തി
ും സഹായകമായ പദ്ധതികൾ ആസൂത്ര
ണം ചെയ്യേണ്ടതാണ്.

*പ്രശ്നങ്ങൾ*

1. മൃഗങ്ങൾക്ക് ഫലപ്രദമായ ചികിത്സാ ലഭ്യത കുറവ്
2. സ്വയം തൊഴിൽ എന്ന നിലയിൽ മൃഗങ്ങളെ വളർത്താനുള്ള പദ്ധതികൾ നിലവിലില്ല.
3. ജലലഭ്യതയുടെ അഭാവം മൂലം പുൽകൃഷിക്ക് കർഷകർ മുന്നോട്ടു വരുന്നില്ല.
4. കാലിത്തീറ്റയിൽ ഗണ്യമായ വിലവർധനവ്
5. ശാസ്ത്രീയമായ കന്നുകാലി വളർത്തലിനെ സംബന്ധിച്ച് കർഷകർക്കിടയിലെ ബോധവത്ക്കരണത്തിന്റെ അഭാവം.
6. ആലകളുടെ അഭാവം.

*സാധ്യതകൾ*

ആവശ്യമായ ധനസഹായവും, മതിയായ പ്രോത്സാഹനവും ശാസ്ത്രീയമായ പരിശീലനവും ലഭ്യമാക്കിയാൽ മൃഗസംരക്ഷണ മേഖലയിൽ ഒരു കുതിച്ചുചാട്ടത്തിന് അവസരമുണ്ട്. ഒതളൂർ മേഖലയിൽ സംഘടിതമായി ആടു വളർത്തലിന് സാധ്യതകളുണ്ട്.

ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്ന കോക്കൂർ, പന്താവൂർ ഭാഗങ്ങളിൽ ഡയറി യൂണിറ്റുകളും വനിതാ സംരംഭകർക്ക് പശു വളർത്തൽ കേന്ദ്രങ്ങളും തുടങ്ങാൻ നല്ല സാധ്യത കാണുന്നു.

പഞ്ചായത്തിലെ മറ്റു പ്രദേശങ്ങളിൽ മുട്ടക്കോഴി വളർത്തൽ, ഇറച്ചിക്കോഴി വളർത്തൽ, കാട വളർത്തൽ, മുയൽ വളർത്തൽ തുടങ്ങിയവക്കും സാധ്യതകളേറെയുണ്ട്.

ശുദ്ധമായ മാംസം പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയണം. ചങ്ങരംകുളത്ത് ആധുനികരീതിയിലുള്ള ഒരു അറവുശാല സ്ഥാപിക്കണം. ഈ അറവുശാലയിൽ നിന്നു ലഭിക്കുന്ന തോൽ, ആന്തരികാവയവങ്ങൾ മുതലായവ മറ്റു ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താം. ഉദാ: ഗോബർഗ്യാസ് പ്ലാന്റ്, ജലാറ്റിൻ തുടങ്ങിയവ. അനധികൃത അറവുശാലകൾ നിരോധിച്ച് പട്ടികളുടെ ശല്യവും പരിസര മലിനീകരണവും ഒഴിവാക്കണം. പേപ്പട്ടി വിഷനിർമാർജന പരിപാടിയെ വിജയത്തിലെത്തിക്കാൻ ഇത് സഹായകവുമാണ്.

മൃഗചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടി ചങ്ങരംകുളം മൃഗാശുപത്രി ഒരു പോളിക്ലിനിക്കായി ഉയർത്തണം. ഒരു മിനി ഓപ്പറേഷൻ തിയ്യേറ്റർ സജ്ജമാക്കണം. മൃഗചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ കർഷകഭവനങ്ങളിൽ എത്തിക്കുവാൻ ആശുപത്രിയിൽ ഒരു വാഹനവും ഫോൺ സൗകര്യവും അത്യാവശ്യമാണ്. വേണ്ട മരുന്നുകൾ, ഉപകരണങ്ങൾ, രോഗപ്രതിരോധ വാക്സിനുകൾ മുതലായവ മൃഗാശുപത്രിയിൽ ലഭ്യമാക്കണം.

കൃത്രിമ ബീജസങ്കലനത്തിന് പ്രീമിയം ബുൾസെമൻ, Embry Transfer Technology മുതലായവ നടപ്പിലാക്കണം. കാലിത്തീറ്റയുടെ ഉൽപ്പാദനച്ചെലവ് വർധിച്ചതിനാൽ കർഷകർക്ക് സബ്സിഡി കൊടുത്ത് പ്രോത്സാഹിപ്പിക്കണം. മൃഗചികിത്സക്കാവശ്യമായ മരുന്നുകൾ നിശ്ചിത വിലക്കാണെങ്കിലും ആശുപത്രിയിൽ നിന്നു തന്നെ വിതരണം ചെയ്യേണ്ടതാണ്. കുറഞ്ഞ വരുമാനക്കാർക്കും സ്വയം തൊഴിലായി മൃഗസംരക്ഷണത്തിലേർപ്പെടുന്നവർക്കും മരുന്ന് സൗജന്യമായി നൽകണം.

പഞ്ചായത്തുതലത്തിൽ ഏറ്റവും

നല്ല ക്ഷീര കർഷകന് പ്രോത്സാഹനം നൽകണം.

9–ാം പഞ്ചവത്സരപദ്ധതിയിൽ നടപ്പിലാക്കാവുന്ന ചില പദ്ധതികൾ

*1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി*

4 മാസംമുതൽ 9 മാസംവരെ പ്രായമുള്ള സങ്കര വർഗ്ഗ പശുകുട്ടികളെ ഈ സ്കീമിൽ ഉൾപ്പെടുത്തി 50% സബ്സിഡി നിരക്കിൽ അവക്ക് കന്നുകാലി തീറ്റ കൊടുക്കണം. 32 മാസം വരെയോ 2 പ്രസവിക്കുന്നതു വരെയോ ഇതു തുടരാം. ഇവയ്ക്ക് ഇൻഷൂറൻസ് പരിരക്ഷ ഉറപ്പു വരുത്തണം. പ്രതിമാസവരുമാനം 900 രൂപയിൽ കവിയാത്തവർക്ക് ഈ ആനുകൂല്യം നൽകണം.

*2. ഡയറി യൂണിറ്റുകൾ*

ഒരാളുടെ പ്രതിദിന പാൽ ഉപഭോഗം 196 ഗ്രാം എന്നുള്ളത് രണ്ടായിരമാണ്ടോടെ 280 ഗ്രാം ആകണമെന്ന ലക്ഷ്യം കൈവരിക്കാൻ കഴിയണം. സഹായകമായ വിധത്തിൽ ഡെയറി യൂണിറ്റുകൾ വർധിക്കണം. ഒരു വീടിൽ ഒരു പശുവെങ്കിലും ഉള്ള നിലവന്നാൽ സ്വയം പര്യ കഴിയും.

*3. മിനി ഡയറി യൂണിറ്റുകൾ:*

3 പശുക്കൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. പദ്ധതിയുടെ പകുതി ബാങ്ക് വായ്പ, നാലിലൊന്ന് ധനസഹായം, ബാക്കി ഗുണഭോക്താവിന്റെ വിഹിതം എന്നീ ആനുപാതത്തിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

*4. വനിതാ സംരംഭകർക്കുള്ള പശുവളർത്തൽ:*

പഞ്ചായത്തിലെ 15 വനിതകൾ സംഘടിച്ച് ഒരു പശു വളർത്തൽ കേന്ദ്രം ആരംഭിക്കാം. കൺവീനർ സംഘത്തിനു വേണ്ടി ദൈനംദിന പ്രവർത്തനങ്ങൾ നടത്തുന്ന ആളായിരിക്കണം.

ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ട് DWRCA സഹായം ലഭ്യമാക്കണം.

### കോഴി വളർത്തൽ

*1. വീട്ടുമുറ്റത്തെ കോഴിവളർത്തൽ:*

ഏറ്റവും കുറഞ്ഞ ചെലവിൽ തന്നെ മുട്ടയുൽപാദിപ്പിക്കുവാനുതകുന്ന ഒരു പദ്ധതി. വീട്ടാവശ്യത്തിനുള്ള മുട്ടയുടെ ലഭ്യത ഉറപ്പു വരുത്തുന്നു. ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയർത്തുന്നു. വീട്ടമ്മമാർക്ക് വരുമാനമാർഗ്ഗം ലഭിക്കുന്നു. 45 ദിവസം പ്രായമായ 5 കോഴിക്കുഞ്ഞുങ്ങളെ നൽകാം. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ നല്കി വളർത്താം. പഞ്ചായത്തിൽ ഇങ്ങനെ 1000 യൂണിറ്റുകൾ സ്ഥാപിക്കാം.

*ഏറ്റെടുക്കാവുന്ന മറ്റു പദ്ധതികൾ*

1. എഗ്ഗ് നേഴ്സറി
2. സ്കൂൾ പോൾട്രി ക്ലബ്ബ്
3. ഇറച്ചിക്കോഴി വളർത്തൽ
4. ആടു വളർത്തൽ
5. പേവിഷ നിയന്ത്രണം

*ഗ്രാമസഭകളിൽ റിപ്പോർട്ടു ചെയ്തത്*

1. സഹകരണ സംഘങ്ങളിലൂടെ കൂടുതൽ പശുക്കളെ സാമ്പത്തിക സഹായത്തോടെ വിതരണം ചെയ്യുക.

2. ആലംകോട്, കാളാച്ചാൽ, ഒതളൂർ പ്രദേശങ്ങളിൽ കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ തുടങ്ങണം.

3. വാണിജ്യാടിസ്ഥാനത്തിൽ പുൽകൃഷി ആരംഭിക്കാൻ ജലസേചനസൗകര്യം കുറഞ്ഞ ഈ പഞ്ചായത്തിൽ ജലസേചന സൗകര്യത്തിന് കൂടുതൽ സാമ്പത്തിക സഹായം ലഭ്യമാക്കണം.

4. നിലവിലുള്ള 2 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നത് വാടക കെട്ടിടങ്ങളിലാണ്. ഇവക്ക് സ്വന്തമായ സ്ഥലവും കെട്ടിടം കെട്ടുവാനുള്ള സഹായമായി പരമാവധി 75000കയും നൽകുക. കൂടാതെ പഞ്ചായത്തിലെ കിഴിക്കര, ഒതളൂർ, ആലംകോട്, കാളാച്ചാൽ എന്നിവിടങ്ങളിലും ക്ഷീരസഹകരണ സംഘങ്ങൾക്ക് രൂപം നൽകണം.

5. വനിതാ നാടൻ ക്ഷീരോത്പന്ന യൂണിറ്റുകൾ വ്യാപകമാക്കിയാൽ കൂടുതൽ പേർക്ക് തൊഴിൽ നേടാൻ കഴിയും. ഇതിനാവശ്യമായ പരിശീലനവും സാമ്പത്തിക സാങ്കേതിക സഹായവും നൽകണം. ഉത്പന്നങ്ങൾക്ക് വിപണന മേഖലകൾ കണ്ടെത്താൻ അധികൃതർക്ക് കഴിയണം.

6. ധാതുലവണങ്ങൾ വിറ്റാമിൻ സപ്ലിമെന്റ് എന്നിവ സൗജന്യമായി വിതരണം ചെയ്യുക.

7. ഇറച്ചിക്കോഴി വളർത്തലിന് സാമ്പത്തിക സഹായം നൽകുക.

8. ദുർബല വിഭാഗക്കാർക്ക് സാമ്പത്തിക സഹായത്തിലൂടെ ആടുമാടുകളെ ലഭ്യമാക്കുക.

9. പട്ടികജാതി കോളനി നിവാസികൾക്ക് മാത്രമായി നൽകിവരുന്ന പശുവിനെ വാങ്ങാനും കാലിത്തൊഴുത്ത് നിർമ്മിക്കാനുമുള്ള ധനസഹായം കോളനിനിവാ

സികളല്ലാത്തവർക്ക്സബ്സിഡി വർധിപ്പിക്കുക.

11. മുയൽ, താറാവ് എന്നിവ വളർത്താൻ പ്രോത്സാഹനം നൽകുക.

12. പേപ്പട്ടി ശല്യം തടയാൻ വളർത്തു നായകൾക്ക് ലൈസൻസ് ഏർപ്പെടുത്തി അവയ്ക്ക് പേവിഷ പ്രതിരോധകുത്തിവെയ്പ് നടത്തുകയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

13. കന്നുകാലി ഇൻഷുറൻസ് കാര്യക്ഷമമാക്കുക.

14. കന്നുകാലി വളർത്തുന്നവർക്ക് ഗോബർഗ്യാസ് നിർമ്മാണത്തിന് സാമ്പത്തിക സാങ്കേതിക സഹായം നൽകുക.

15. സങ്കരയിനം ആടുകൾ, കോഴിക്കുഞ്ഞുങ്ങൾ എന്നിവ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുക.

16. രോഗാന്വേഷണ സർവ്വേ നടത്തുക.

17. പഞ്ചായത്തിൽ ഒരു ആല സ്ഥാപിക്കണം. ഇതിന് കോലിക്കരയിൽ സ്ഥലം നൽകുവാൻ തയ്യാറുള്ള വ്യക്തി മുന്നോട്ടു വന്നിട്ടുണ്ട്.

18. ആഴ്ച ചന്ത പുനരുജ്ജീവിപ്പിക്കുക.

## മത്സ്യബന്ധനം

ആലംകോട് ഗ്രാമപഞ്ചായത്തിലോ, പഞ്ചായത്തതിർത്തിയിലോ കടൽ, പുഴകൾ, ഇവ ഇല്ലെങ്കിലും പഞ്ചായത്തിലെ വളരെയധികം തൊഴിലാളികൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരുന്നു. ഇതിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളായിരുന്നു കൂടുതൽ. അയൽപഞ്ചായത്തുകളിലെ നരണിപ്പുഴ, ബിയ്യം കായൽ തുടങ്ങിയ പരിസരപ്രദേശങ്ങളിലായിരുന്നു ഇവർ പ്രധാനമായും മത്സ്യബന്ധനം നടത്തി വന്നിരുന്നത്. എന്നാൽ ഇവരുടെ എണ്ണം ഇന്ന് കുറഞ്ഞു വന്നിരിക്കുന്നു. മത്സ്യബന്ധനം ഉപജീവന മാർഗ്ഗമാക്കിയവർക്ക് ആവശ്യമായ പശ്ചാത്തല സൗകര്യം തീരെ ഇല്ലാതായി. ഇവർക്ക് തൊഴിൽ നൈപുണ്യമില്ലായ്മയും ഉപകരണങ്ങളുടെ ദൗർലഭ്യവും പരിഹരിച്ചു കൊടുക്കണം. തൊഴിൽ സാധ്യതകളുടെ അഭാവം, വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ, സാമ്പത്തിക പരാധീനത ആരോഗ്യപരിപാലനത്തിലുള്ള അശ്രദ്ധ ഇവ മത്സ്യതൊഴിലാളി കുടുംബങ്ങളെ അലട്ടുന്ന പ്രശ്നങ്ങളാണ്.

പഞ്ചായത്തിൽ പ്രധാനമായും കടൽ മത്സ്യം വന്നെത്തുന്നത് കൊച്ചിയിൽ നിന്നാണ്. പൊന്നാനി തുറമുഖത്തെ മണ്ണു നീക്കിയും മത്സ്യബന്ധനം പ്രോത്സാഹിപ്പിച്ചും ഇവിടത്തെ വിലക്കയറ്റം കുറച്ചു കൊണ്ടുവരാനും ഇവിടത്തെ മീൻ കച്ചവടക്കാർക്ക് ഇത് സഹായകവുമാണ്. ആദ്യകാലങ്ങളിൽ കുട്ടകളിൽ ചുമടായി മത്സ്യം കൊണ്ടു വന്ന് വില്പന നടത്തിയിരുന്നു. ഇന്ന് മത്സ്യം കിലോകണക്കിനാണ് നൽകുന്നതെങ്കിൽ പഴയ കാലത്ത് മത്സ്യം എണ്ണി നൽകുന്ന സമ്പ്രദായമായിരുന്നു. മത്തി, അയല, സ്രാവ്, ചെമ്മീൻ, മാന്തൾ, മുള്ളൻ, ചൂട ഇവ സാധാരണയായി പഞ്ചായത്തിൽ ലഭ്യമാണ്. പല തരത്തിലുള്ള കായൽ, ശുദ്ധജല മത്സ്യങ്ങളും ലഭ്യമാണ്. മറ്റു പ്രദേശങ്ങളിലെ കായലുകളിൽനിന്നും കൊണ്ടു വരുന്ന മത്സ്യങ്ങളും പഞ്ചായത്തിനകത്തെ തോട്, കുളം എന്നിവയിൽനിന്ന് ലഭ്യമാകുന്ന മത്സ്യങ്ങളും പഞ്ചായത്തിൽ വില്പന നടത്തുന്നു. കൂടാതെ കാലവർഷാരംഭത്തിൽ 'ഏറ്റുമീൻ' കയറ്റം നടക്കുമ്പോൾ ധാരാളം മത്സ്യങ്ങൾ ലഭിക്കുന്നു.

പല വിഭാഗത്തിൽ പെട്ട ആളുകളും മത്സ്യബന്ധനവും വില്പനയും തൊഴിലാക്കി ഉപജീവനമാർഗ്ഗം കണ്ടെത്തുന്നു. പഴയ കാലത്ത് സ്ത്രീകൾ എരുന്ത് വാരാൻ പോയിരുന്നെങ്കിലും ഇന്ന് ആ തൊഴിൽ നിലവിലില്ല.

ഇന്ന് കടൽ മത്സ്യങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം. ഇവ വിദൂരസ്ഥലങ്ങളിൽനിന്ന് പഞ്ചായത്തിലെത്തിച്ച് പല തൊഴിലാളികളും സൈക്കിൾ, മോട്ടോർ സൈക്കിളിൽ മറ്റു വാഹനങ്ങൾ മുഖേന മത്സ്യവില്പന നടത്തിവരുന്നു. പഞ്ചായത്തിലെ ചങ്ങരംകുളത്തിന്റെ ഹൃദയഭാഗത്ത് ഒരു സ്വകാര്യ മത്സ്യമാർക്കറ്റ് പ്രവർത്തിക്കുന്നു. ഇവിടെ എല്ലാ തരത്തിലുള്ള മത്സ്യവും ലഭ്യമാണ്.

മത്സ്യതൊഴിലാളികൾക്കായി ക്ഷേമനിധികളും സഹകരണസംഘങ്ങളും മറ്റു വിവിധ ഏജൻസികളും നമ്മുടെ സംസ്ഥാനത്തുണ്ട്. എന്നാൽ ഉൾനാടൻ തൊഴിലാളികൾക്ക് ബോധവൽക്കരണം നടത്താത്തതിനാലും ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. പഞ്ചായത്തിൽ ഇന്നുള്ള ഉൾനാടൻ മത്സ്യതൊഴിലാളികളുടെ സംഘടന രജിസ്ട്രർ ചെയ്തു പ്രവർത്തിച്ചു വരുന്നുണ്ട്.

പട്ടിക I

ഉൾനാടൻ മത്സ്യതൊഴിലാളികൾ

| വാർഡ് | ഉൾനാടൻ മത്സ്യതൊഴിലാളികൾ |
|---|---|
| 1 | 6 |
| 2 | 9 |
| 3 | 4 |
| 4 | 3 |
| 5 | 9 |

| | |
|---|---|
| 6 | 7 |
| 7 | 8 |
| 8 | 5 |
| 9 | 4 |
| 10 | 6 |
| 11 | 8 |

പട്ടിക II

### തൊഴിലാളികൾക്കു ലഭ്യമായ സഹായങ്ങൾ

ക്ഷേമനിധിയിൽ അംഗങ്ങളായവർ 20
ചികിത്സാ സഹായം ലഭ്യമായവർ 1
ഭവനനിർമ്മാണ ധനസഹായം കിട്ടിയവർ 3
സൈക്കിൾ വാങ്ങാൻ ധനസഹായം കിട്ടിയവർ 3


### പ്രശ്നങ്ങൾ


1. കായൽ മത്സ്യങ്ങൾ വളരാനുള്ള സാഹചര്യക്കുറവ്
2. മത്സ്യതൊഴിലാളികൾക്കും മറ്റു സ്വയം തൊഴിൽ അന്വേഷകർക്കും ശാസ്ത്രീയമായ മത്സ്യകൃഷിയെപ്പറ്റി അറിവില്ലായ്മ.
3. മത്സ്യരോഗങ്ങൾ പടർന്നു പിടിക്കുന്നു.
4. മത്സ്യതൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക ശോചനീയാവസ്ഥ.
5. പൊതുമത്സ്യമാർക്കറ്റിന്റെ അഭാവം.
6. നിലവിലുള്ള സ്വകാര്യമാർക്കറ്റിന്റെ ശോചനീയാവസ്ഥ

### സാധ്യതകൾ

1. നിലവിലുള്ള പൊതുകുളങ്ങൾ മത്സ്യങ്ങൾ വളർത്തുന്നതിന് അനുയോജ്യമാക്കുക.
2. കർഷകരുടെ തോട്ടങ്ങളിൽ കുടിവെള്ളം, ജലസേചനം എന്നിവയ്ക്കായി ഉപയോഗിക്കുന്ന കിണറുകളിലും കുളങ്ങളിലും മത്സ്യവളർത്തൽ പരിപാടികൾ ആവിഷ്കരിക്കുക. മാർഗനിർദേശങ്ങളും സാങ്കേതിക പരിജ്ഞാനവും നൽകുക
3. മത്സ്യവില്പന നടത്തുന്നവർക്ക് കച്ചവടാവശ്യാർത്ഥം വാഹനങ്ങൾ നൽകുക.
4. മത്സ്യതൊഴിലാളികളുടെ സ്കൂൾ കുട്ടികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് തുക വർധിപ്പിക്കുക.
5. മത്സ്യതൊഴിലാളികൾക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കാനാവശ്യമായ സഹായം ലഭ്യമാക്കുക.
6. മത്സ്യങ്ങൾക്ക് പടർന്നു പിടിക്കുന്ന രോഗങ്ങളെക്കുറിച്ച് പഠനം നടത്തുകയും പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്യുക.
7. മത്സ്യവളർത്തൽ സ്വയം തൊഴിലായി സ്വീകരിക്കുവാൻ യുവാക്കൾക്ക് സാമ്പത്തിക സാങ്കേതിക സഹായം നല്കുക.

❑❑❑





# 3. വ്യവസായം

വ്യവസായികമായി നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. എന്നാൽ ഒരു മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നമുക്കുണ്ട്. പത്തുയൂണിറ്റുള്ളതിൽ ആറെണ്ണമേ പ്രവർത്തിക്കുന്നുള്ളൂ. വൻകിടവ്യവസായങ്ങൾക്കൊന്നും യാതൊരു സാധ്യതയുമില്ല. കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണവും,വിപണനവും, പരമ്പരാഗത കുടിൽവ്യവസായങ്ങളുടെ പുന:രുജ്ജീവനം ചെറുകിടവ്യവസായങ്ങളുടെ സംരംഭങ്ങൾക്കുകൊടുക്കുന്ന പ്രോൽസാഹനം മുതലായവകൊണ്ട് ഈ രംഗത്തെ ഉത്തേജകമാക്കാനുള്ള സാഹചര്യം ഇന്നുനിലവിലുണ്ട്. അഭ്യസ്തവിദ്യർക്ക് സർക്കാർ ജോലികൾക്കായി അനന്തമായി കാത്തിരുന്നിട്ട് കാര്യമില്ലെന്നും ഏന്തെങ്കിലും സ്വയംചെയ്യുവാൻ ചെയ്യാൻ തയ്യാറാണെന്നും തോന്നിത്തുടങ്ങിയിട്ടുണ്ട്. ഈ താൽപര്യം വളർത്താനായി ക്രിയാത്മകമായി അവരെ ഈ രംഗത്തേക്ക് ആകർഷിക്കാനും ജനകീയാസൂത്രണത്തിന് എന്തുചെയ്യാൻ സാധിക്കും? വ്യാവസായിക, ധനകാര്യ, സാങ്കേതിക വിദഗ്ധരിൽ നിന്ന് എന്തൊക്കെ സഹായം ലഭിക്കും? കാർഷികഉൽപന്നങ്ങളെ വ്യാവസായികമായി വളർത്തിക്കൊണ്ടുവരാൻ എങ്ങിനെ സാധിക്കും? ഇതിന്റെയൊക്കെ അനുകൂലഘടകങ്ങളെ ഏകോപിപ്പിച്ചാൽ നമുക്കും ഈ രംഗത്ത് വളരാനുള്ള സാഹചര്യമുണ്ട്.

ഒന്നുരണ്ട് അടക്കാസംഭരണശാലകൾ ഒഴികെ, പത്തുപേർക്ക് ഒന്നിച്ച് ജോലി കൊടുക്കാൻ സാധിക്കുന്ന ഒരു സ്ഥാപനവും നമുക്കില്ല. പരമ്പരാഗത വ്യവസായം ഇല്ലെന്നുതന്നെ പറയാം. ബീഡിതെരപ്പ് കുടിൽ വ്യവസായമായി വളരെയധികം ഈ ഭാഗങ്ങളിലുണ്ടായിരുന്നു. കളിമൺ നിർമ്മാണവും, നെയ്ത്തുവ്യവസായവും ഉണ്ടായിരുന്നു. കുട്ട, മുറം, പനമ്പ്, നെയ്ത്ത്, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ധാരാളം ഉണ്ടായിരുന്നു. എന്നാൽ ഒഴിവ്സമയങ്ങളിലെ വിനോദങ്ങളെപ്പോലെ മാത്രമേ ഇപ്പോൾ ഈ വ്യവസായങ്ങളെ കാണുന്നുള്ളൂ. ചെരിപ്പുകുത്തി ഉപജീവനം നടത്തിവരുന്ന ഒരു കുടുംബം മാത്രമാണ് ഇന്ന് നമ്മുടെ പഞ്ചായത്തിലുള്ളൂ. തടിവ്യവസായം ഉണ്ടെങ്കിലും അനുബന്ധവ്യവസായം കാര്യമായൊന്നുമില്ല. പരമ്പരാഗത വ്യവസായതൊഴിലായ മരപ്പണി, കൽപ്പണി എന്നിവ ഇന്ന് കൂലികൂടുതൽ കൊണ്ട് എല്ലാജനവിഭാഗങ്ങളെയും ആകർഷിക്കുന്നുണ്ട്.

എന്നാൽ അറുപതോളം SSI രജിസ്ട്രേഷൻ ഉള്ള സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിലെല്ലാം കൂടി നൂറുപേർക്കുപോലും ജോലിയില്ല. ജോലിയുള്ളവർക്കുതന്നെ കൂലിവളരെ കുറവാണ്. കൂടുതലും ദിവസക്കൂലിക്കാരുമാണ്. വർക്കുഷാപ്പുകൾ, ലൈത്തുകൾ, എഞ്ചീനീയറിംഗ് രംഗത്ത് ജോലിചെയ്യുന്നവർ കൂടുതലും ട്രെയിനികളാണ്. അവർക്കൊന്നും കിട്ടുന്നില്ലെന്നുതന്നെ പറയാം. നിലവിലുള്ള ഈ രംഗത്തെ ഒരേകദേശരൂപം താഴെപട്ടികയിലുണ്ട്. (പട്ടിക അടുത്ത പേജ് കാണുക)

ഗ്രാമസഭകളിലെ വ്യവസായിക സർവ്വേകളിൽ നിന്ന് ലഭിച്ചവിവരം പ്രോൽസാഹനജനകമാണ്. നിലവിലുള്ളവ കാര്യക്ഷമമാക്കുകയും, തൊഴിലാളികൾക്ക് വേതനവ്യവസ്ഥ നടപ്പിലാക്കുകയും വേണം. വിജയസാധ്യതയുള്ള ചിലയൂണിറ്റുകൾ തുടങ്ങാൻ തയ്യാറുള്ളവർ ധാരാളമുണ്ട്. വനിതാവ്യവസായ യൂണിറ്റുകളും തുടങ്ങാൻ തയ്യാറുള്ളവർ ഉണ്ട്. ഗൾഫ് മേഖലയായത്കൊണ്ട് വിദേശപണം സ്വരൂപിച്ചു സഹകരണാടിസ്ഥാനത്തിൽ ചിലയൂണിറ്റുകൾക്കും താൽപര്യമുള്ളവരുണ്ട്. അടുത്തുകിടക്കുന്നതും വേണ്ടതുപോലെ പ്രവർത്തിക്കാത്തവയുമായ ചിലവ പുനരുദ്ധീകരിക്കാനും സാധ്യതയുണ്ട്.

പട്ടിക

നിലവിലുള്ള വ്യവസായങ്ങൾ

| ക്രമ നമ്പർ | വിഭാഗം | എണ്ണം | തൊഴിലാളികളുടെ എണ്ണം പുരു | സ്ത്രീ | ആകെ | കൂലിനിരക്ക് പുരു | സ്ത്രീ |
|---|---|---|---|---|---|---|---|
| 1 | ഖാദിനൂൽനൂൽപ്പുകേന്ദ്രം | 1 | – | 15 | 15 | | 30 |
| 2 | പ്ലാസ്റ്റിക് ഉൽപന്നം | 2 | 10 | 12 | 22 | 45 | 30 |
| 3 | റബ്ബർ ഉല്പന്നങ്ങൾ | 2 | 10 | – | 10 | 50 | – |
| 4 | റബ്ബർ ചെരിപ്പ് | 1 | 1 | 1 | 2 | 50 | 30 |
| 5 | ആയുർവ്വേദ മരുന്ന് | 3 | 6 | 12 | 18 | 50 | 30 |
| 6 | തടി | 3 | 12 | – | 12 | 100 | – |
| 7 | ഫർണിച്ചർ (മരം) | 1 | 4 | – | 4 | 125 | – |
| 8 | സ്റ്റീൽ ഫർണിച്ചർ | 2 | 8 | – | 8 | 100 | – |
| 9 | വർക്ക്ഷാപ്പ് | 10 | 30 | – | 30 | 50 | – |
| 10 | ലൈത്ത് & എൻജിനീയറിംഗ് | 3 | 15 | – | 15 | 60 | – |
| 11 | അടക്കാസംസ്കരണം | 4 | 30 | 150 | 180 | 60 | 35 |
| 12 | റൈസ് & ഫ്ളവർമില്ല് | 24 | 28 | – | 28 | 50 | – |
| 13 | ബേക്കറി | 6 | 12 | – | 12 | 55 | – |
| 14 | പപ്പടം | 5 | 5 | 10 | 15 | 50 | 30 |
| 15 | സോഡ | 2 | 4 | – | 4 | 50 | – |
| 16 | സർവ്വീസ് സ്റ്റേഷൻ | 1 | 3 | – | 3 | 60 | – |
| 17 | അച്ചടി | 2 | 2 | 2 | 4 | 45 | 30 |
| 18 | കുട്ട,മുറം,പനമ്പ് (പരമ്പരാഗതം) | 5 | 5 | 6 | 11 | 40 | 25 |
| 19 | ചെരിപ്പുകുത്ത് (പരമ്പരാഗതം) | 1 | 1 | – | 1 | 60 | – |
| 20 | ഹോളോബ്രിക്സ് | 1 | 2 | 2 | 4 | 70 | 40 |
| 21 | സിമന്റ് ഗ്രാസി, കട്ടില, ജനൽ | 1 | 3 | – | 3 | 80 | – |
| 22 | ടയർ റിട്രെഡ് | 2 | 4 | – | 4 | 50 | – |
| | ആകെ | 82 | 195 | 210 | 405 | | |

വ്യവസായരംഗത്തേക്ക് കടന്നുവരുവാൻ സാങ്കേതിക ഉപദേശം, സാമ്പത്തിക സഹായം, തൊഴിൽ പരിശീലനം മുതലായവ കൊടുക്കാനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം. ഇന്ന് നിലവിലുള്ള സ്ഥാപനങ്ങളിലെ ഇപ്പോഴത്തെ സ്ഥിതി പരിശോധിച്ചുതരംതിരിക്കുക. 1 ലാഭത്തിൽ പ്രവർത്തിക്കുന്നവ. 2 നഷ്ടത്തിൽ പ്രവർത്തിക്കുന്നവ. 3 നാമമാത്രം പ്രവർത്തിക്കുന്നവ. 4 തീരെ പ്രവർത്തിക്കാത്തവ എന്നിങ്ങനെ. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയുടെ കാരണം കണ്ടുപിടിച്ച് ഏതുതരത്തിലുള്ള സഹായമാണ് നൽകേണ്ടത് എന്ന് വിദഗ്ദ സമിതി പരിശോധിച്ചു വേണ്ടസഹായങ്ങൾ ചെയ്യുക. നാമമാത്രപ്രവർത്തനം നടത്തുന്നവ മുഴുവൻ സമയം പ്രവർത്തിക്കുന്നതിന് സഹായവും ഉപദേശവും ചെയ്യുക. തീരെപ്രവർത്തിക്കാത്തവയാണെങ്കിൽ, തൊഴിലുടമയുടെ താൽപര്യവും ലാഭകരമാവുമെങ്കിൽ മാത്രം പുനപ്രവർത്തനത്തിന് ആവശ്യമായ സഹായങ്ങൾ ചെയ്യുക. ഇതിന് സാങ്കേതിക വിദഗ്ദരും, ധനകാര്യസ്ഥാപനങ്ങളും പരിശീലനസൗകര്യവും ഉണ്ടാവണം. കൂട്ടായി ശ്രമിക്കുകയും വേണം. പഞ്ചായത്തിന്റെ മേൽനോട്ടവും വേണം.

കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിലെ ഉല്പന്നങ്ങളെ അസംസ്കൃത വസ്തുവായി ഉപയോഗിച്ചുകൊണ്ടാവണം നൂതനോദ്യമം. വിപണനത്തിനുള്ള രുമേഖലയും കണ്ടുപിടിക്കണം. ഓരോ യൂണിറ്റും തുടങ്ങാൻ തയ്യാറുള്ളവരെ കണ്ടുപിടിച്ച് ഓരോന്നിന്റെയും യന്ത്രസാമഗ്രികളുടെ വിവരം, എവിടെനിന്ന് ലഭിക്കുമെന്ന വിവരം, നിർമ്മാണരീതി, ഉപയോഗം എന്നിവ നവസംരംഭകരെ പരിശീലിപ്പിക്കണം. നേട്ടങ്ങൾ ഉണ്ടാക്കാനുള്ള താല്പര്യം, നഷ്ടമാവുകയാണെങ്കിൽ തന്നെ അതഭിമുഖീകരിക്കാനുള്ള മനോധൈര്യം, സ്വന്തമായി പ്രവർത്തിക്കാനുള്ള ത്രാണി, കാര്യക്ഷമത മുതലായവയുള്ളവരെ മാത്രം ഓരോന്നിലുമുള്ള താൽപര്യത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക സാമ്പത്തിക സഹായവും പരിശീലനവും കൊടുക്കുക.

ഇപ്പോൾ 1,5,11 വാർഡുകൾ കോൾ കൃഷിമേഖലയാണല്ലോ. കർഷകർക്ക് മിച്ചം വരുന്ന നെല്ല്മുഴുവൻ പുറംനാടുകളിലേക്ക് കയറ്റിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് രണ്ടോമൂന്നോ നെല്ല് അസംസ്കൃത വസ്തുവായി ഉപയോഗിച്ചുനടത്താവുന്ന വ്യവസായം തുടങ്ങാം. റൈസ്മിൽ, ഉമിഉപയോഗിച്ചുണ്ടാക്കുന്ന ഹാർഡ്ബോർഡുകൾ, കാലിത്തീറ്റ മുതലായ വ്യവസായങ്ങൾ തുടങ്ങാം. അരി ചാക്കുകളിലാക്കി വിപണനത്തിനും സാധ്യതയുണ്ട്. ഭക്ഷ്യസംസ്കരണ ശാലയിൽ അവിൽ, അട, അരിപൊടി, ഇഡ്ലിപൊടി മുതലായവയും അനുബന്ധമായി തുടങ്ങാം. കേരോല്പന്നമായ നാളികേരം വളരെയധികം വിളയുന്ന ഒരു ഭാഗംകൂടിയാണ് നമ്മുടേത്. വയൽനികത്തി പകുതിയിലധികവും തെങ്ങിൻതോട്ടമാക്കിയ നാം തേങ്ങസംസ്കരിക്കാവുന്ന ഒരുശ്രമം ഇനിയും നടത്തിയിട്ടില്ല. നല്ല സാങ്കേതിക വിദ്യ ഉപയോഗിച്ചു വെളിച്ചെണ്ണ, കാലിത്തീറ്റ, കയർവ്യവസായം മുതലായവ തുടങ്ങാം. അവശിഷ്ടമായി വരുന്ന ചകിരിച്ചോറുകൊണ്ട് കാർഷികമേഖലക്ക് താങ്ങായി ഒരുജൈവവസ്തു സംസ്കരണശാലയും ആരംഭിക്കാവുന്നതാണ്. വെളിച്ചെണ്ണ ടിന്നിലും പോളിത്തീൻ ബാഗുകളിലും മാർക്കറ്റുകളിലെത്തിക്കാം. തേങ്ങാപൊടി, തേങ്ങാവെള്ളം കൊണ്ടുണ്ടാക്കിയ പാനീയങ്ങൾ മുതലായവയും തുടങ്ങാവുന്നതാണ്. സുഗന്ധദ്രവ്യങ്ങളും വെളിച്ചണ്ണകൊണ്ടുണ്ടാക്കാവുന്നതാണ്. ചിരട്ടകൊണ്ട് വീട്ടുപകരണങ്ങളും അലങ്കാരവസ്തുക്കളും കരിയും ഉണ്ടാക്കാൻ സാധിക്കും. അതുകൊണ്ട് കാർഷികോൽപന്നമായ നെല്ലും തേങ്ങായും വ്യാവസായികമായി ഉപയോഗിച്ചാൽ വളരെയധികം കർഷകർക്ക് ആദായവും അനവധി തൊഴിലാളികൾക്ക് തൊഴിലവസരവും ലഭിക്കും.

ഉത്തരേന്ത്യയിലേക്കും വിദേശത്തേക്കും വളരെയധികം കയറ്റി അയക്കുന്ന ഒരു കാർഷികോൽപ്പന്നമാണ് അടയ്ക്ക. ഇത് വളരെയധികം ഇവിടെ വിളയുന്നു. അടയ്ക്ക സംസ്കരണത്തിനുള്ള ഒരു ആധുനിക വ്യവസായശാലക്ക് വളരെയധികം സാധ്യതയുള്ള മേഖലയാണിത്. നാലോളം അടക്കസംസ്കരണശാലകൾ ഉണ്ടെങ്കിലും അവിടെ ജോലിചെയ്യുന്ന തൊഴിലാളികൾ ഇന്ന് ചൂഷണത്തിന്റെ തീചൂളയിലാണ്. വേതനവ്യവസ്ഥ ഒന്നും ഈ മേഖലയിലില്ല. അതുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഒരു അടക്കസംഭരണശാല തുടങ്ങിയാൽ ഈ തൊഴിൽ രംഗം ചൂഷണവിമുക്തമാവാനും കൂടുതൽ തൊഴലവസരത്തിനും സാധ്യതയുണ്ട്. സ്ത്രീതൊഴിലാളികൾ ഭൂരിപക്ഷമുള്ള ഒരു മേഖലയാണിത്.

വനിതാസംരംഭകർക്ക് തൊഴിൽ സാധ്യതയുള്ള ചിലയൂണിറ്റുകളാണ് ടൈലറിംഗ്, റെഡിമെയ്ഡ് അച്ചാറുകൾ, സ്ക്വാഷുകൾ, ജാം, ഭക്ഷ്യവസ്തുപൊടികൾ, മിഠായി മുതലായവയുടെ നിർമാണം പപ്പടനിർമ്മാണയൂണിറ്റും ഇതിലുൾപ്പെടുത്താം. പഞ്ചായത്തിന്റെ വിവിധ

ഭാഗങ്ങളിൽ സ്ത്രീസഹകരണസംഘങ്ങളുടെ അടിസ്ഥാനത്തിൽ നല്ലമാനേജ്മെന്റ് ഉണ്ടെങ്കിൽ വിജയിക്കാവുന്ന മേഖലയാണ് മേലുദ്ധരിച്ചവ. പല വനിതകളും കൂട്ടായും ഒറ്റക്കും ഈരംഗത്തേക്ക് കടന്നുവരാൻ തയ്യാറായിട്ടുണ്ട്.

മരമില്ലുകളും മരംകൊണ്ടു വീട്ടുപകരണങ്ങൾ ഉണ്ടാക്കുന്നവയുമായ ചില സ്ഥാപനങ്ങൾ ഉണ്ടെങ്കിലും കരകൗശലവസ്തുക്കൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റിന് സാധ്യതയുണ്ട്. കരകൗശല വസ്തുക്കൾ ഇന്ന് കമ്പോളത്തിൽ വളരെയധികം വിറ്റഴിയുന്നുണ്ടെങ്കിലും ഉല്പാദനരംഗത്തേക്ക് കടക്കാൻ നമുക്ക് സാധിച്ചിട്ടില്ല. പാരമ്പര്യ കൈത്തൊഴിലുകാരായ മരപ്പണിക്കാർക്ക് ചെറിയ യന്ത്രോപകരണങ്ങളും വൈദ്യുതിയും സംഘടിപ്പിച്ചുകൊടുത്താൽ ഉല്പാദനം കൂട്ടാനും ശാരീരികാദ്ധ്വാനം കുറക്കാനും സാധിക്കും. ആവശ്യത്തിനു തടിയെത്തിച്ചുകൊടുക്കുവാനും മിതമായ വിലക്ക് കിട്ടാനുമുള്ള സൗകര്യം കൂടിയുണ്ടാക്കണം. കാർഷികോപകരണങ്ങൾ വളരെയധികം ഉല്പാദിപ്പിച്ചിരുന്ന ഇരുമ്പ്പണിക്കാർ ഇന്ന് നാശത്തിന്റെ വക്കിലാണ്. അവരെ പുനരധിവസിപ്പിക്കാനായി ചെറിയതോതിൽ യന്ത്രസാമഗ്രികൾ ഉപയോഗിച്ച് കാർഷികോപകരണങ്ങളും വീട്ടുപകരണങ്ങളും ഉണ്ടാക്കാനുള്ള സൗകര്യവും ചെയ്തുകൊടുക്കണം. ഗ്രിൽ, ഗേറ്റ്, ഷട്ടർ മുതലായവ ഉണ്ടാക്കാനുള്ള ചെറുകിടവ്യവസായ യൂണിറ്റുകൾക്ക് അവർക്ക് മുൻഗണന കൊടുക്കുകയും വേണം. കെട്ടിടനിർമ്മാണം കുലത്തൊഴിലിൽ നിന്ന് വിമുക്തമായി ഇന്ന്എല്ലാവരും ചെയ്യുന്ന ഒരുതൊഴിലായി മാറിയിട്ടുണ്ട്. ഈ തൊഴിലിനെ സംരക്ഷിക്കാനും ശ്രമിക്കേണ്ടതാണ്. സ്വർണ്ണപ്പണിയും ഇന്ന് കൈത്തൊഴിലിൽ നിന്ന് മാറി വ്യവസായീകരിച്ചിരിക്കുകയാണ്. അതുകൊണ്ട് സ്വർണ്ണപ്പണി അറിയുന്നവർക്ക് യന്ത്രസാമഗ്രികൾ വാങ്ങാനും പരിശീലിക്കാനും വായ്പയും സാങ്കേതികോപദേശവും ഉണ്ടാക്കിക്കൊടുക്കണം.

മറ്റു പാരമ്പര്യ തൊഴിലുകളായ നെയ്ത്ത്, ബീഡിതെരവ്,കുട്ട, മുറം, പനമ്പ്, പായനെയ്ത്ത് മുതലായവ പുനരുജ്ജീവിപ്പിക്കാൻ കഴിയുന്നതാണ്. നെയ്ത്ത് ഉപജീവനമായി ജീവിച്ചിരുന്ന കുടുംബങ്ങൾ നമ്മുടെ പ്രദേശത്തുണ്ടായിരുന്നു. ഇന്ന് അതൊക്കെ മണ്ണടിഞ്ഞുപോയി. നെയ്ത്ത് അറയാവുന്നവർക്ക് പരിശീലനവും തറിയും ചെറിയയന്ത്രോപകരണങ്ങളും കൊടുത്ത് ഈ തൊഴിൽ തുടങ്ങണം. സമീപകാലംവരെ മുറവും മടിയിൽവെച്ച് ബീഡിതെരക്കുകയും ഏതുകാര്യത്തിലും പ്രത്യേകിച്ച് രാഷ്ട്രീയകാര്യങ്ങളിൽ പ്രതികരിക്കുകയും ചെയ്തിരുന്ന ഒരുവിഭാഗമായിരുന്നു ബീഡീതെരുപ്പുകാർ. എന്നാൽ നമ്മുടെ നാട്ടിൽ ഇന്ന് അവരാരും ഈ തൊഴിൽ ചെയ്തുവരുന്നിവരില്ല. എന്നാൽ ബീഡിയുടെ ഉപയോഗം പണ്ടത്തേക്കാൾ പതിന്മടങ്ങ് വർദ്ധിച്ചിട്ടുമുണ്ട്. അതുകൊണ്ട് ബീഡിതെരുപ്പ് പ്രോൽസാഹിപ്പിക്കാൻ പരിശീലനവും സഹായവും ചെയ്യണം. സഹകരണരംഗത്ത് ബീഡിതെരുപ്പ് ഉയർത്തെഴുന്നേൽപ്പിക്കാൻ പറ്റുന്നതാണ്. പ്രത്യേകിച്ച് ഒഴിവുസമയങ്ങളിൽ സ്ത്രീകൾക്കുള്ള വരുമാനമെന്ന നിലയിൽ, പ്രസ്തുത തൊഴിലും നാമാവശേഷമാവാതിരിക്കാൻ യത്നിക്കേണ്ടതുണ്ട്. അവർക്കാവശ്യമായ, മുള, ഈറ്റ മുതലായവ മിതമായി നിരക്കിൽ സംഘടിപ്പിച്ചുകൊടുക്കുകയും വേണം. സാമ്പത്തികസഹായവും വിപണനരംഗവും ഉണ്ടാക്കിക്കൊടുക്കുകയും വേണം. ജനൽ നിർമ്മാണയൂണിറ്റ് തുടങ്ങാവുന്നതാണ്. മരംകൊണ്ടുണ്ടാക്കുന്ന കട്ടില,ജനൽ എന്നിവ ഇന്ന് സാധാരണക്കാർക്ക് അപ്രാപ്യമാണ്. അതുകൊണ്ടു പ്രസ്തുത ഉല്പന്നങ്ങൾക്ക് ഇന്ന നല്ല വിപണിയുണ്ട്. കൂടാതെ ഹോളോബ്രിക്സ്, സിമന്റ് ഗ്രാസി മുതലായവക്കും നല്ല ഡിമാന്റാണ്. അതുകൊണ്ട് ജലദൗർഭല്യമില്ലാത്ത ട്രാൻസ്പോർടിങ്ങ് സൗകര്യമുള്ള സ്ഥലങ്ങളിൽ പ്രസ്തുത സംരംഭം വിജയിക്കും.

വാഹനബാഹുല്യം പരിഗണിച്ച് കൂടുതൽ വർക്കുഷാപ്പുകൾ, സർവ്വീസ് സ്റ്റേഷനുകൾ, ടയർ റിട്ടയർസ്ഥാപനങ്ങൾ മുതലായവയും തുടങ്ങാനും വിജയിക്കാനും സാധ്യതയുണ്ട്. ഇഷ്ടംപോലെ കാർഷികതൊഴിൽ ഇഷ്ടപ്പെടാത്ത ചെറുപ്പക്കാരും ഈ രംഗത്തേക്ക് കടന്നുവരുന്നുമുണ്ട്. മാത്രമല്ല നിലവിലുള്ള പ്രസ്തുതസ്ഥാപനങ്ങളുടെ നവീകരണവും നടത്തേണ്ടതാണ്.

ഇലക്ട്രോണിക് വ്യവസായത്തിനും ഈ ഭാഗങ്ങളിൽ വളരെനല്ല സാധ്യതയുണ്ട്. വളരെയധികം വിദ്യാസമ്പന്നർക്ക് തൊഴിൽ ലഭിക്കുന്ന ഒരു മേഖലയാണ് അത്. കെൽട്രോൺ മുതലായ പൊതുമേഖലാസ്ഥാപനങ്ങൾക്ക് ഈ രംഗത്തെ സഹായിക്കാൻ സാധിക്കും. റേഡിയോ, ടേപ്പ് റിക്കോർഡർ,ടി.വി.മുതലായവയുടെ ഒരസംബ്ലിംഗ് യൂണിറ്റ്തുടങ്ങിയാൽ വളരെയധികം വിപണനസാധ്യതയുണ്ട്. അടഞ്ഞുകിടക്കുന്ന മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഇത്തരത്തിലുള്ള യൂണിറ്റ് തുടങ്ങാനുള്ള സൗകര്യമുണ്ട്. ഇലക്ട്രോണിക് പരിശീലനം കൊടുക്കുന്ന ഒരുസ്ഥാപനമായും ഇതിനെ ഉപയോഗപ്പെടുത്താം.

മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അടഞ്ഞുകിടക്കുന്ന നാലെണ്ണത്തിൽ ഇത്തരത്തിൽ എന്തെങ്കിലും തുടങ്ങാൻ സാധിക്കണം. വിദ്യാസമ്പന്നരായ വനിതകൾക്കു വളരെയധികം തൊഴിൽ സാധ്യത വർദ്ധിക്കാൻ ഇത് ഇടയാക്കും.

നാമമാത്രമായി പ്രവർത്തിക്കുന്ന ഒതളൂരിലെ ഖാദിനൂൽനൂൽപ്പു കേന്ദ്രത്തെ കൂടുതൽ പ്രവർത്തനസജ്ജമാക്കണം. ഖാദിനെയ്ത്ത് തുടങ്ങാനുള്ള സൗകര്യം ഉണ്ടാക്കണം. മറ്റുഖാദി ഉല്പന്നങ്ങളും നിർമ്മിക്കാനുള്ള സാഹചര്യമുണ്ടാക്കിയാൽ കുറെയധികം വനിതകൾക്കുകൂടി തൊഴിൽ ലഭിക്കും. ഖാദിമേഖലയിൽ സോപ്പ്നിർമ്മാണയുണിറ്റ്, തുകൽഉല്പന്നങ്ങൾ നിർമ്മിക്കൽ, തേനീച്ചവളർത്തൽ, കയറുല്പന്നങ്ങൾ ഉണ്ടാക്കൽ മുതലായവയും തുടങ്ങാവുന്നതാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഖാദിവില്ലേജ് ഇൻഡസ്ട്രീസ് തുടങ്ങാൻ സ്ഥലവും സൗകര്യവും തയ്യാറുള്ളവരും ഉണ്ട്. ഇന്ന് ഖാദിമേഖലയിൽ എന്തെങ്കിലും തുടങ്ങണമെങ്കിൽ സാങ്കേതികത്വവും സഹകരണമില്ലായ്മയും കൂടുതലാണ്. അതില്ലാതാക്കിയാൽ ഖാദിമേഖലക്ക് ഈ ഭാഗങ്ങളിൽ നല്ലവിജയസാധ്യതയുണ്ട്.

ഏതുമേഖലയിലായാലും ഇത്തരത്തിൽ വ്യവസായങ്ങൾ പുനഃസംഘടിപ്പിക്കാനും പുതുതായി തുടങ്ങാനുമൊക്കെ ഇന്ന് ഒരുപാട് കടമ്പകളുണ്ട്. (1) സർക്കാരിന്റെ ചുവപ്പ്നാടതന്നെ പ്രധാന പ്രശ്നം. (2) ഉദ്യോഗസ്ഥൻമാരുടെ മേധാവിത്വം. (3) ധനകാര്യസ്ഥാപനങ്ങളിലെ സാങ്കേതികത്വങ്ങൾ. (4) വ്യവസായസംരംഭകരോടുള്ള അവഗണന. (5) പലിശനിരക്കിലുള്ള വർദ്ധന. (6) ദീർഘകാല വായ്പകൾക്കുള്ള ബുദ്ധിമുട്ട്. (7) ഊർജ്ജപ്രതിസന്ധി മുതലായവ പ്രധാന പ്രശ്നങ്ങളാണ്. വിപണനത്തിനുള്ള ബുദ്ധിമുട്ട്, കമ്പോളസംസ്കാരത്തിന്റെ വേലിയേറ്റത്തിൽ ചെറുകിടകുടിൽപരമ്പരാഗത മേഖലയിൽ ഉണ്ടാക്കുന്ന ശുദ്ധമായ സാധനങ്ങൾകൂടി പരസ്യത്തിന്റെ കുറവുകാരണം കെട്ടിക്കിടക്കുന്നു. ജലദൗർലഭ്യവും ഒരു പ്രധാനപ്രശ്നമാണ്. പരിസ്ഥിതി മലിനീകരണമില്ലാതെ സ്ഥലം തിരഞ്ഞെടുക്കാനുള്ള ബുദ്ധിമുട്ട്, സ്ഥലപരിമിതി, ഭൂമിവിലയിലുള്ള അമിതമായ വർദ്ധന മുതലായവയും പ്രശ്നങ്ങളാണ്.

*ഇതിന് പരിഹാരമെന്ന നിലയിൽ ചില നിർദ്ദേശങ്ങളുണ്ട്.*

സാങ്കേതിക ഉപദേശം കിട്ടാനുള്ള കാലതാമസം ഒഴിവാക്കുക.

ധനകാര്യസ്ഥാപനങ്ങളിലെ വായ്പ വ്യവസ്ഥ ലഘൂകരിക്കുക. പലിശ നിരക്കു കുറച്ചു ദീർഘകാല വായ്പകൾ നൽകുക.

ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് ബാങ്കിന്റെ ശാഖകൾ താലൂക്കടിസ്ഥാനത്തിൽ തുറക്കുക

എല്ലാദേശീയസ്വകാര്യബാങ്കുകളിലും ഇൻഡസ്ട്രിയൽ കൗണ്ടർ തുറക്കുക

ബാങ്കിന്റെ ക്വാട്ടയും ഏരിയയും നിശ്ചയിക്കുക.

ബാങ്കുകളിൽ ഇൻഡസ്ട്രിക്ക് മാത്രമായി ഫീൽഡ് ഓഫീസർമാരെ നിയമിക്കുക

വൈദ്യുതപ്രതിസന്ധി പരിഹരിക്കാൻ പഞ്ചായത്തുതോറും ഡീസൽ വൈദ്യുത നിലയങ്ങൾ തുടങ്ങുക.


ജലദൗർലഭ്യം പരിഹരിക്കുക


താലൂക്ക്തോറും ചെറുകിടകുടിൽ പരമ്പരാഗതതൊഴിൽ പരിശീലനകേന്ദ്രം തുടങ്ങുക

പഞ്ചായത്തുതോറും വിപണനകേന്ദ്രം തുടങ്ങുക മുതലായവ ചില നിർദ്ദേശങ്ങളാണ്.

രാഷ്ട്രപിതാവായ ഗാന്ധിജിയുടെ ഗ്രാമങ്ങളിലേക്ക് മടങ്ങുകയെന്ന അഭിലാഷം ഗ്രാമപഞ്ചായത്തുകളിലെ ജനകീയാസൂത്രണം വഴി നടക്കാൻപോവുകയാണല്ലോ. അതുകൊണ്ട് ഗ്രാമങ്ങൾ പുതിയ ചെറുകിട,കുടിൽ,പരമ്പരാഗത വ്യവസായങ്ങൾകൊണ്ട് വികസിതമാവുമെന്ന് ആശിക്കാം.

❑❑❑





# 4. ഗതാഗതം ഊർജ്ജം, മാർക്കറ്റ്

സാമ്പത്തിക വികസനവുമായി നേരിട്ടു ബന്ധമുള്ള ഘടകങ്ങളാണ് ഗതാഗതം, ഊർജം, മാർക്കറ്റ് എന്നിവ. എപ്രകാരമാണിവ വികസനവുമായി ബന്ധപ്പെട്ടിരിക്കുന്നത്? വ്യവസായങ്ങളുടെ വളർച്ചയാണല്ലോ ദ്രുതഗതിയിലുള്ളതും സ്ഥായിയുമായ സാമ്പത്തികവികസനത്തിനും പാതയൊരുക്കുന്നത്. വ്യവസായ വളർച്ചക്ക് വേണ്ട പശ്ചാത്തലമൊരുക്കുന്നതാകട്ടെ ഗതാഗത സൗകര്യങ്ങളും വൈദ്യുതി(ഊർജ്ജം)യുടെ ലഭ്യതയും വിപണന (മാർക്കറ്റ്) സൗകര്യവുമാണ്. ആലങ്കോട് ഗ്രാമപഞ്ചായത്തിൽ ഈ മൂന്ന് ഘടകങ്ങളുടെയും അവസ്ഥ എന്താണെന്ന് ഓരോന്നായി എടുത്ത് പരിശോധിക്കാം.

*a. ഗതാഗതം*

പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് കൂടി കടന്ന് പോകുന്ന കുറ്റിപ്പുറം തൃശൂർ സ്റ്റേറ്റ് ഹൈവേയാണ് ആലങ്കോടിന്റെ ഗതാഗത രംഗത്തെ മികച്ച മുതൽക്കൂട്ട്. ഇതിന്റെ ഏഴ് കിലോമീറ്ററിലധികം ദൂരം ഈ പഞ്ചായത്തിലൂടെയാണ് കടന്ന് പോകുന്നത്. പ്രസ്തുത റോഡ് ഇതുവഴി വന്നതിന്റെ പിന്നിൽ ഒരു ചരിത്രമുണ്ട്. കുറ്റിപ്പുറത്ത് നിന്ന് ആനക്കര വഴി റോഡ് പണിയാനായിരുന്നുവത്രേ ആദ്യ നിർദ്ദേശം. എന്നാൽ കോക്കൂരിലെ മാനംകണ്ടത്ത് അബ്ദുൽഹയ്യ് ഹാജി തുടങ്ങിയ മഹത്‌വ്യക്തികളുടെ ശ്രമഫലമായി പ്രസ്തുത റോഡ് ഇത് വഴി നിർമിക്കുകയാണുണ്ടായത്. പഞ്ചായത്തിലെ ആദ്യറോഡായ ചങ്ങരംകുളം ചാലിശ്ശേരി ചെമ്മൺപാത ഹൈവേയായി മാറുകയും ചെയ്തു.

പഞ്ചായത്തിലെ മൊത്തം റോഡുകളുടെ ദൈർഘ്യം 83.211 കിലോമീറ്ററോളം വരും. ഇത് പഞ്ചായത്തിലെ യാത്രാസൗകര്യങ്ങളെ എറെക്കുറെ തൃപ്തിപ്പെടുത്തുന്നുണ്ട്. പഞ്ചായത്ത് റോഡുകളുടെ മാത്രം ദൈർഘ്യം 70.211 കി.മീ ആണ്. ഇതിൽ ടാർ ചെയ്തത് 7.5 കിലോമീറ്ററാണ്. കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കിടയിൽ ഈ രംഗത്ത് ഒരു കുതിച്ചു ചാട്ടം തന്നെ നടത്തിയിട്ടുണ്ട്. ഇപ്പോൾ പഞ്ചായത്തിലെ റോഡു ദൈർഘ്യം സംസ്ഥാന ശരാശരിയേക്കാൾ വളരെ കൂടുതലുണ്ട്.

ഇതൊക്കെയാണെങ്കിലും ഈ രംഗത്ത് ഇത്രയും പ്രശ്നങ്ങൾ അവശേഷിക്കുന്നുണ്ട്. പല റോഡുകളും നീളം കൂട്ടുകയോ പുതിയത് നിർമിക്കുകയോ വേണ്ടിയിരിക്കുന്നു. ഈ ആവശ്യം പഞ്ചായത്തിലെ 11 വാർഡുകളും ഉന്നയിച്ചിട്ടുണ്ട്. റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്താത്തത് മൂലം ചില റോഡുകൾ ഗതാഗത യോഗ്യമല്ലാതെ യായിക്കൊണ്ടിരിക്കുന്നു. കാനകളുടെയും കൾവർട്ടുകളുകളേയും അഭാവമാണ് പ്രധാനമായും റോഡുതകർച്ചക്ക് കാരണം.

പഞ്ചായത്തിലെ പല പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ ഇല്ലാത്തത് ഒരു പോരായ്മയാണ്. പ്രധാന കേന്ദ്രമായ ചങ്ങരംകുളം ബസ് സ്റ്റാന്റ് ഇനിയും പ്രവർത്തനസജ്ജമായിട്ടില്ല. എത്രയും വേഗം ഇത് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കേണ്ടിയിരിക്കുന്നു. ബസ്സുകൾ മുഴുവനും സ്റ്റാന്റിൽ കയറാൻ വേണ്ട കർശന നടപടികൾ എടുക്കുകയും വേണം. അതോടൊപ്പം ബസ് സ്റ്റാന്റിലേക്കും തിരിച്ചുമുള്ള റോഡുകളിലെ ഗതാഗത തടസ്സം ഒഴിവാക്കാനുള്ള നടപടികളും സ്വീകരിക്കണം. ടൗണിൽ ഒരു ട്രാഫിക് ഐലന്റ് അത്യാന്താപേക്ഷിതമായിരിക്കുന്നു.

*വാഹനസൗകര്യങ്ങൾ*

റോഡുകളുടെ കാര്യത്തിൽ ആലങ്കോട് ഗ്രാമപഞ്ചായത്ത് ഏറെക്കുറെ സമ്പുഷ്ടമാണെങ്കിലും വാഹനസൗകര്യം പല പ്രദേശത്തും കുറവായത് യാത്രാക്ലേശമുണ്ടാക്കുന്നുണ്ട്. പന്ത്രണ്ടോളം ബസ്സുകൾ ഓടിയിരുന്ന കോക്കൂർ ചാലിശ്ശേരി വഴി ഇപ്പോൾ നാല് ബസ്സുകളാണ് ഓടുന്നത്. 4 ബസ്സുകൾ ഓടിയിരുന്ന കോക്കൂർ ഹൈസ്കൂൾ റൂട്ടിൽ ഇപ്പോൾ ഒരെണ്ണം പോലുമില്ല. പാവിട്ടപ്പുറം ഒതളൂർ

റോഡിലൂടെ അടുത്ത കാലത്ത് ഒരു ട്രാൻസ്പോർട്ട് ഓടിത്തുടങ്ങിയിട്ടുണ്ടെങ്കിലും അത് തികച്ചും അപര്യാപ്തമാണ്. കക്കിടിപ്പുറത്തേക്ക് ഓടിയിരുന്ന ഒരേ ഒരു ബസ്സും നിർത്തലാക്കി. ഈ പ്രദേശങ്ങളിലൊക്കെ ജനങ്ങൾക്ക് ശരണം അമിത ചാർജ് ഈടാക്കുന്ന പാരലൽ ജീപ്പ് സർവ്വീസുകളാണ്.

മേൽപറഞ്ഞ മൂന്ന് പ്രദേശങ്ങൾ വഴിയും കൂടുതൽ ബസ്സ് ഓടുവാനുള്ള നടപടികൾ സ്വീകരിക്കണം. ബസ്സുകൾക്ക് ഭീഷണിയാവുകയാണെങ്കിൽ പാരലൽ സർവ്വീസുകളെ കർശനമായും നിയന്ത്രിക്കുകയും വേണം.

ആലങ്കോട് ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന റോഡുകൾ പുതുതായി നിർമ്മിക്കണം. (വാർഡ് 1 മുതൽ)

1. കൊടക്കാട്ടുകുന്നു റോഡിൽനിന്ന് വടക്കോട്ട് ഫാം റോഡ്
2. കാളാംകുന്ന് കോളനിയിൽനിന്ന് വടക്ക് ഭാഗത്തേക്ക്
3. കക്കിടിക്കൽ തച്ചു പറമ്പ്
4. പന്താവൂർ കുന്നിൽ നിന്ന് തെക്കോട് പാടം വഴി
5. പട്ടത്ത് റോഡ് ഞാറക്കുന്ന്
6. ആര്യൻകാവ് തച്ചുപറമ്പ്
7. ആലംകോട് ഹരിജൻ കോളനിയിലേക്ക്
8. ആലംകോട് തട്ടാൻപറമ്പ് റോഡിൽനിന്ന് പാടംവരെ
9
10. പെരുമുക്ക് മുത്തൂർ പാടം വഴി മാന്തടം
11. മാങ്കുന്നത്ത് റോഡ്
12. മാന്തടം ഹരിജൻ കോളനിയിലേക്ക് റോഡുകൾ.
13. പഞ്ചായത്ത് ബസ് സ്റ്റാന്റിന്റെ മേൽഭാഗത്തെ റോഡ് മുത്തൂർ റോഡുമായി ബന്ധിപ്പിക്കുക.
14. ജനതസ്കൂൾ മുൻവശറോഡ് പെരുമുക്ക് വഴിയുമായി ബന്ധപ്പെടുത്തുക.
15. വട്ടത്തൂർ റോഡ് വീതി കൂട്ടുക.
16. പാലച്ചോട് വാട്ടർ ടാങ്ക്
17. ചാലിശ്ശേരി റോഡ് അന്തിമഹാകാളൻ റോഡ്
18. ചാലിശ്ശേരി റോഡ് ആലിക്കുട്ടിയുടെ വീട്
19. മഠത്തുംപുറം കൊല്ലൻ പടി ഞാലിൽ പാടം
20. മനക്കൽ കുന്ന് കല്ലാജി പള്ളി
21. മാങ്കുളം സി.എച്ച് നഗർ മടത്തുംപുറം
22. കോക്കൂർ പോസ്റ്റാഫീസ് തെങ്ങുതറ
23. പാവിട്ടപ്പുറം വടക്കേതിൽ വഴി പാടം
24. കോക്കൂർ പാലച്ചോട് തെങ്ങിൻതറ
25. പാണൻപടി അമ്പലപ്പാടം
26. പ്രിയദർശിനി നഗർ മുതൽ അമ്പലം വഴി പാടം
27. കക്കിടിപ്പുറം സ്കൂളിന് താഴത്തുനിന്നും മാന്തടം കക്കിടിപ്പുറം റോഡു വരെ.
28. ആശാരിക്കാവ് പള്ളിത്താഴം.
29. മഠത്തുംപുറം പണ്ടാരത്തിൽ ഇടവഴി റോഡ്

*പുതുതായി ടാർ ചെയ്യേണ്ടതും റീ ടാർ, റിപ്പയറിംഗ് ചെയ്യേണ്ടതുമായ റോഡുകൾ.*

മണക്കടവ് ഹരിജൻ കോളനി റോഡ് റീടാറിംഗ്

1. കാളാച്ചാൽ കൊടക്കാട്ട് കുന്ന്
2. തെക്കേമുക്ക് ഹരിജൻ കോളനി
3. കാളാച്ചാൽ ചെറാശ്ശേരിച്ചാൽ
4. കക്കിടിപ്പുറം യു.പി. സ്കൂൾ മുൻവശം റോഡ്
5. പന്താവൂർ കോതക്കടവ്
6. കക്കിടിക്കൽ നെല്ലിശ്ശേരി
7. കക്കിടിക്കൽ കുരുതിച്ചാൽ
8. CKB റോഡ്
9. വട്ടംകുളം അതിർത്തി കക്കിടിപ്പുറം പള്ളി
10. ആലംകോട് ഗോതമ്പ് റോഡ്
11. ഉദിനൂപറമ്പ് കപ്പൂർ
12. മാന്തടം ഉദിനൂപറമ്പ് റോഡ് റീടാറിംഗ്
13. കക്കിടിപ്പുറം എറവക്കാട്
14. ആലംകോട് കോതക്കടവ്
15. ചങ്ങരംകുളം കക്കിടിപ്പുറം റീടാറിംഗ്
16. ഉദിനൂപറമ്പ് ഞാറക്കുന്ന്
17. അട്ടേക്കുന്ന് കോതക്കടവ്
18. കക്കിടിപ്പുറം റോഡ് ആലങ്കോട് LP സ്കൂൾ വരെ
19. അച്ചാഴിയത്ത് കുന്ന് റോഡ്
20. മാന്തടം റോഡ് ആലങ്കോട് ബാലവാടി
21. മാന്തടം ലക്ഷം വീട് കോളനി റോഡ്
22. ആലംകോട് പോസ്റ്റാഫീസ് കോതക്കടവ് റോഡ് വരെ
23. ആലംകോട് LP സ്കൂൾ അട്ടേപ്പാടം
24. കക്കിടിപ്പുറം റോഡ് അട്ടേപ്പാടം റോഡ്
25. കണ്ടംകുളം ഞാറക്കുന്ന്
26. ആലംകോട് പൊതുശ്മശാനം റോഡ്
27. വടക്കേൽ ഇടവഴി മുത്തൂർ റോഡ്
28. മാന്തടം പെരുമുക്ക്
29. കിളിയംകുന്ന് റോഡ്
30. പെരുമുക്ക് ഉദനിക്കടവ്
32. LP സ്കൂൾ കാരേക്കാട് ക്ഷേത്രം
33. UP സ്കൂൾ കാരേക്കാട് പാടം
34. കിളിയൻകുന്ന് അയ്യപ്പൻകുളം
35. പാലം റോഡ് ഹരിജൻ കോളനി റോഡ്

36. മാധവൻ നായർ മെമ്മോറിയൽ റോഡ്
37. ഞാറക്കുന്ന് റോഡ്
38. ദാറുസ്സലാം റോഡ്
39. കിഴക്കേച്ചിയ്യാനൂർ പടിഞ്ഞാറേ ചീയ്യാനൂർ
40. നെല്ലിച്ചോട് മണ്ണാരപ്പറമ്പ്
41. പാണംപടി നുണിയിൽ ക്ഷേത്രം
42. വളയംകുളം മനക്കൽ കുന്ന്
43. മടത്തുംപുറം അന്തിമഹാകാളൻ പാല
44. തട്ടാന്റെപടി കുറുപ്പിന്റെ പടി
45. പാലച്ചോട് ഹസ്സന്റെപടി
46. ഞാറ്റുകെട്ടിയാൽ വളയംകുളം
47. മാങ്കുളം ഹൈസ്കൂൾ
48. സി.എച്ച് നഗർ കണിയത്ത് വളപ്പിൽ പടി
49. ഹൈസ്കൂൾ റോഡ് കുറുപ്പിന്റെ പടി
50. വാക്കേത്ത് താഴം പള്ളിക്കുന്ന്
51. പാവിട്ടപ്പുറം ഒതളൂർ (PWD)
52. കോലിക്കര കിഴിക്കര വഴി ഒതളൂർ
53. വളയംകുളം പള്ളിക്കുന്ന്
54. വരാട്ട് താഴം വാക്കേത്ത് താഴംകുളം
55. കോലിക്കര കോളനി റോഡ്
56. കോലിക്കര പള്ളി റോഡ്
57. കോട്ടേക്കുന്ന് റോഡ്
58. എറവറാംകുന്ന് റോഡ്
59. കിഴിക്കര പട്ടിശ്ശേരി റോഡ്
60. പടിഞ്ഞാറ്റുമുറി അയ്യപ്പൻകാവ് സെന്റർ
61. U.P. സ്കൂൾ ആലാപുറം കോൾ പടവ്
62. ഒതളൂർ ബണ്ട് റോഡ്
63. ലക്ഷം വീട് റോഡ്
64. പടിഞ്ഞാറ്റുമുടി ട്രാൻസ്ഫോർമർ സെന്റർ
65. നെരവത്ത് ഇടവഴി മുണ്ടകൻ പാടം
66. നെരവത്ത് ഇടവഴി പൊലിയോടം മദ്രസ്സ
67. കിഴക്ക് മുറി ചർക്ക പാടം
68. ഒതളൂർ സ്കൂൾ കൂടുതൽ പരുത്തിപ്പുള്ളി പാടം വരെ
69. പന്താവൂർ പന്താപ്പാടം റോഡ് പൂക്കൈതക്കുളം വരെ നീട്ടി ടാർ ചെയ്യുക.
70. മണക്കടവ് ഹരിജൻ കോളനി റോഡ് (റീടാറിങ്ങ്)
71. പാവിട്ടപ്പുറം വലക്കവളപ്പിൽ

ഇത് കൂടാതെ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും അടിയന്തിരമായി അറ്റകുറ്റപ്പണികൾ നടത്തേണ്ട റോഡുകളിൽ ഉണ്ട്. അതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

കാനകൾ ഇല്ലാത്ത റോഡുകൾക്ക് കാന നിർമ്മിക്കുക, തൂർന്ന കാനകൾ വൃത്തിയാക്കുക സ്വാർത്ഥ താൽപര്യങ്ങൾക്കായി കാനകൾ മൂടുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുക എന്നീ കാര്യങ്ങളിലും അടിയന്തിര ശ്രദ്ധ വേണം.

### *മറ്റു സാധ്യതകൾ*

1. കാനകൾ ഇല്ലാത്ത റോഡുകൾക്ക് അവ നിർമ്മിക്കുകയും ഉള്ളവ വൃത്തിയാക്കുകയും ചെയ്യുക.
2. റോഡിലേക്ക് ചാഞ്ഞ് നിൽക്കുന്ന മരങ്ങളും കൊമ്പുകളും വെട്ടിമാറ്റുക.
3. പരസ്യബോഡുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക.
4. റോഡിലേക്ക് മതിലുകളും വേലികളും ഇറക്കിക്കെട്ടുന്നത് തടയുക.
5. പ്രധാന കേന്ദ്രങ്ങളിൽ വെയിറ്റിംഗ് ഷെഡുകൾ പണിയുക. പാവിട്ടപ്പുറം വെയിറ്റിംഗ് ഷെഡ് പുനർനിർമ്മിക്കുക.
6. ചങ്ങരംകുളത്ത് നിർമ്മിച്ച പഞ്ചായത്ത് ബസ് സ്റ്റാന്റിൽ വാഹനങ്ങൾ പ്രവേശിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.
7. സ്റ്റാന്റിലേക്കുള്ള പ്രവേശന കവാടങ്ങളിനുഭവപ്പെടുന്ന ട്രാഫിക് തടസ്സങ്ങൾക്ക് പരിഹാരം കാണുക.
8. ചങ്ങരംകുളം ബൈപാസിന്റെ രണ്ടറ്റങ്ങളിലും ട്രാഫിക് ഐലന്റും ഡിവൈഡറുകളും സ്ഥാപിക്കുക.
9. സ്റ്റേറ്റ് ഹൈവേയിൽ വാഹനപകടങ്ങൾ ധാരാളമായി നടക്കുന്ന ചങ്ങരംകുളത്തിനും വളയംകുളത്തിനും ഇടയിലുള്ള ഭാഗം മുഴുവനും ഡിവൈഡ് ചെയ്യുക.
10. പ്രസ്തുത ഭാഗത്ത് തന്നെ റോഡിന്റെ ഇരുവശമുള്ള മരങ്ങളിൽ ട്രാഫിക്കിന് ഭീഷണിയാവുന്നവ വെട്ടിമാറ്റാൻ നടപടിയെടുക്കുക.
11. സ്റ്റേറ്റ് ഹൈവേയിലെ മറ്റൊരപകട മേഖലയായ പന്താവൂർ പാലത്തിന്റെ ഇരുഭാഗത്തും ഡിവൈഡറുകൾ സ്ഥാപിക്കുക.
12. സ്റ്റേറ്റ് ഹൈവേയുടെ ഇരുഭാഗത്തുമുള്ള കാന വൃത്തിയാക്കുക.
13. പഞ്ചായത്തിലെ ഭാഗങ്ങളിലേക്ക് കൂടുതൽ ബസ്സു സർവീസുകൾ ആരംഭിക്കുക. KSRTC ബസ്സുകൾക്ക് മുൻഗണന നൽകുക.

### *B. ഊർജ്ജം*

നാടൊട്ടുക്കും നേരിടുന്ന ഒരു പ്രശ്നമാണല്ലോ ഊർജ്ജപ്രതിസന്ധി. ആലങ്കോട് ഗ്രാമപഞ്ചായത്തിലെ സ്ഥിതിയും ഇക്കാര്യത്തിൽ വിഭിന്നമല്ല. ഗാർഹിക കാർഷിക വ്യാവസായിക രംഗങ്ങളിലെല്ലാം പഞ്ചായത്തിൽ വൈദ്യുതിയുടെ ഉപഭോഗം വൻതോതിൽ നടക്കുന്നുണ്ട്. എന്നിരുന്നാലും ഇലക്ട്രിസിറ്റി ബോഡിൽ നിന്ന് പഞ്ചായത്തിന് വേണ്ടത്ര പരിഗണന ലഭിക്കുന്നില്ല എന്ന പരാതി വ്യാപകമായി ഉണ്ട്.

എടപ്പാളിലെ 110 KV സബ് സ്റ്റേഷനിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത്. പഞ്ചായത്തിന്റെ പകുതി ഭാഗം എടപ്പാൾ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിലും പകുതി ഭാഗം ചാലിശ്ശേരി സെക്ഷന്റെ കീഴിലുമാണ്. വൈദ്യുതി എത്താത്ത ചില പ്രദേശങ്ങൾ ഇനിയും പഞ്ചായത്തിലുണ്ട്. എത്തിയ സ്ഥലങ്ങളിൽ തന്നെ പ്രഖ്യാപിത അപ്രഖ്യാപിത പവർ കട്ടുകൾ, വോൾട്ടേജ് കമ്മി എന്നിങ്ങനെയുള്ള പരാതികളും പ്രശ്നങ്ങളും ഏറെയാണ്. പഞ്ചായത്തിലെ മിക്ക ട്രാൻസ്ഫോർമറുകളും അമിത ലോഡുള്ളവയാണ്. താഴെ പറയുന്ന സ്ഥലങ്ങളിലാണ് പഞ്ചായത്തിൽ LT ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു.

100 KVA

1. ചിറക്കുളം
2. ചിയ്യാനൂർ
3. കിഴിക്കര
4. വളയംകുളം WS
5. വളയംകുളം NH
6. പാവിട്ടപ്പുറം
7. ഒതളൂർ ക്ഷേത്രം
8. ഒതളൂർ പടിഞ്ഞാറ്
9. ഉദിനൂപറമ്പ്
10. കോക്കൂർ സെന്റർ
11. കോക്കൂർ HS
12. കോക്കൂർ KWA
13. കിളിയംകുന്ന്
14. പെരുമുക്ക് പള്ളി
15. അട്ടയിൽകുന്ന്
16. കക്കിടിപ്പുറം

160 KVA

17. പന്താവൂർ
18. പന്താവൂർ II
19. പെരുമുക്ക്

250 KVA

20. കോലിക്കര
21. ഒതളൂർ ബണ്ട്
22. മാന്തടം

500KVA

23. ചങ്ങരംകുളം

63 KV

24. കാളാച്ചാൽ

വൈദ്യുതി കാത്തിരിക്കുന്ന അനേകം ഗാർഹിക കാർഷിക ഉപഭോക്താക്കൾ പഞ്ചായത്തിലുണ്ട്. വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്ത് സൗജന്യമായി വയറിംഗ് നടത്തിയ വീടുകളിൽ ഇപ്പോഴും വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതീകരിച്ച രണ്ട് പട്ടികജാതി കോളനികൾ പഞ്ചായത്തിലുണ്ട്. ഇനിയും വൈദ്യുതി എത്താത്ത പട്ടികജാതി കേന്ദ്രങ്ങൾ ഇവിടെയുണ്ട് ഭീഷണി ഉയർത്തുന്ന പല ഇലക്ട്രിക്ക് പോസ്റ്റുകളും പഞ്ചായത്തിൽ കാണപ്പെടുന്നു. ഇലക്ട്രിക് ലൈൻ കടന്ന് പോകുന്ന വഴികളിലെ മരക്കൊമ്പുകളും ചില്ലകളും യഥാസമയം മുറിച്ചു മാറ്റാത്തത് വൈദ്യുതി പാഴുന്നതിനും അപകടങ്ങൾക്കും കാരണമാകാറുണ്ട്.

ടേബിൾ

നിലവിലുള്ള ഉപഭോക്താക്കൾ

| | | |
|---|---|---|
| ഗാർഹികം | : | 2691 |
| വ്യാപാരം | : | 317 |
| വ്യവസായം | : | 36 |
| കാർഷികം | : | 1170 |

| ഇനം / Ordianary | | OTP | OYEC |
|---|---|---|---|
| തൻ വർഷം കൊടുത്ത കണക്ഷനുകൾ | 89 | 48 | 172 |
| അവസാനം കണക്ഷൻ കൊടുത്ത തിയ്യതി (എടപ്പാൾ) | 26.10.96 | 18.1196 | 30.10.96 |
| കണക്ഷൻ കാത്തിരിക്കുന്നവർ (As on 22.11.96) | 348 | 10 | 92 |

***തെരുവു വിളക്കുകൾ:***

ആലങ്കോട് ഗ്രാമപഞ്ചായത്തിൽ നിലവിൽ താഴെ പറയും പ്രകാരം തെരുവ് വിളക്കുകളും സ്ഥാപിച്ചിട്ടുണ്ട്

| | | |
|---|---|---|
| വേപ്പർ ലാമ്പ് | : | 14 |
| ഫ്ളൂറസെന്റ് ട്യൂബ് | : | 4 |
| ബൾബ് | : | 203 |
| | | 221 |

തെരുവ് വിളക്കിന് വേണ്ടി പ്രതിവർഷം അടക്കുന്ന തുക : 36564 രൂപ (1.34%) എണ്ണം ഇത്രയുണ്ടെങ്കിലും ഇതിൽ പകുതി പോലും ചില സമയത്ത് പ്രവർത്തന ക്ഷമമല്ല. ഫ്യൂസായ ബൾബുകൾ യഥാസമയം മാറ്റാത്തതാണ് പ്രധാന പ്രശ്നം. പഞ്ചായത്തിലെ പല വാർഡുകളിലും ഇപ്പോഴും വേണ്ടത്ര തെരുവ് വിളക്കുകൾ എത്തിയിട്ടുമില്ല.

വൈദ്യുതി ചോർച്ച ഒഴിവാക്കാൻ കർശന നടപടികളും വൈദ്യുതിയുടെ അമിതവും അനാവശ്യവുമായ ഉപയോഗം കുറക്കുവാൻ ബോധവൽക്കരണവും നടത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന

മറ്റൊരു പ്രമുഖ ഊർജ്ജ സ്രോതസ്സ് വിറകാണ്. 80% വീടുകളും പാചകാവശ്യത്തിന് വിറകാണ് ഉപയോഗിക്കുന്നത്. ഈയിടെയായി പാചകവാതക ഉപയോഗിക്കുന്നവരുടെ എണ്ണം വർധിച്ചു വരുന്നുണ്ട്. മണ്ണെണ്ണയും പാചകാവശ്യത്തിന് ഉപയോഗിച്ചു വരുന്നു.

ഭൂരിപക്ഷം വീടുകളും പാരമ്പര്യ രീതിയിലുള്ള പാചകസംവിധാനങ്ങൾ തുടരുന്നവരാണ്. പുകയില്ലാത്ത അടുപ്പ്, പ്രഷർകുക്കറുകളുടെ ഉപയോഗം എന്നിവ വിരളമായെ കാണുന്നുള്ളൂ. ഇക്കാരണങ്ങൾ വൻതോതിലുള്ള ഊർജ്ജനഷ്ടം സംഭവിക്കുന്നുണ്ട്.

*സാധ്യതകൾ:*

1. മതിയായ ഉപഭോക്താക്കളുള്ള ഈ പഞ്ചായത്തിൽ ഒരു മേജർ സെക്ഷൻ അനുവദിക്കുക.

2. ഒരു സബ് എഞ്ചിനീയർ സെക്ഷൻ കോക്കൂർ പോസ്റ്റോഫീസ് പരിസരത്തായി അനുവദിക്കുക.

3. പ്രകാശിക്കാത്ത എല്ലാ തെരുവുവിളക്കുകളും സർവ്വെ നടത്തിയ കണ്ടെത്തുകയും പ്രകാശിപ്പിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിക്കുകയും ചെയ്യുക.

4. പുതിയ തെരുവുവിളക്കുകൾ അനുവദിക്കുക. തെരുവുവിളക്കുകൾ ഇല്ലാത്ത വാർഡുകളിൽ വിളക്കുകൾ അനുവദിക്കുക.

5. പെരുമുക്ക്, ആലംകോട്, കക്കിടിപ്പുറം, മടത്തുംപുറം, ഉദിനുപറമ്പ്, അട്ടേകുന്ന്, ആലംകോട് PHC സെന്റർ, സി.എച്ച് നഗർ, പള്ളിക്കുന്ന്, ഒതളൂർ സെന്റർ, ഒതളൂർ പടിഞ്ഞാറ്റുമുറി സെന്റർ, പൊലിയേടം, കിഴക്ക് മുറി, ഹെൽത്ത് സെന്റർ, എറവറംകുന്ന്, കിഴിക്കര സെന്റർ എന്നീ സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കുക.

6. മറികടന്നു കൊണ്ട് വൈദ്യുതി കണക്ഷൻ അനുവദിക്കുന്നത് തടയുക. അപേക്ഷകർക്ക് യഥാവിധി വൈദ്യുതി കണക്ഷൻ അനുവദിക്കുകയും ചെയ്യുക. കാർഷിക രംഗത്ത് വൈദ്യുതി സൗജന്യമാക്കുക. മുഴുവൻ പട്ടികജാതി കോളനികളും വൈദ്യുതീകരിക്കുക.

7. വോൾട്ടേജ് വേണ്ടത്ര ഇല്ലാത്ത സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ അനുവദിച്ച് പ്രശ്നം പരിഹരിക്കുക.

8-ാം വാർഡിലെ മിക്ക പ്രദേശങ്ങളിലും, 9-ാം വാർഡിലും, വാർഡ് 5ലെ മുത്തൂർ, മാന്തടം ഭാഗങ്ങലിലും 4-ാം വാർഡിലെ മിക്ക പ്രദേശങ്ങിലും മൂന്നാം വാർഡിലെ കക്കിടിപ്പുറം, റേഷൻ ഷാപ്പ് പരിസരത്തും എന്നീ വാർഡുകളിലും വേണ്ടത്ര വോൾട്ടേജ് ലഭ്യമാക്കാൻ സത്വര നടപടികൾ സ്വീകരിക്കണം.

8. 3-ാം വാർഡിലെ കക്കിടിക്കൽ പ്രദേശത്ത് അനുവദിച്ച ട്രാൻസ്ഫോർമർ ഉടൻ സ്ഥാപിക്കുക.

9. ലോഡ്ഷെഡ്ഡിങ്ങും പവർകട്ടും ഒഴിവാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക

10. കേടുവന്ന മുഴുവൻ പോസ്റ്റുകളും മാറ്റി സ്ഥാപിക്കുക. അയഞ്ഞു കിടക്കുന്ന മുഴുവൻ ഇലക്ട്രിക് ലെയിനുകളും വലിച്ചു കെട്ടുക.

11. ഓരോ വാർഡിലും ഓരോ ലൈൻമാൻമാരെ നിയമിക്കുക.

12 പരാതികൾ അറിയിക്കുവാനും എഴുതിവെക്കുവാനുമുള്ള സംവിധാനം ഉണ്ടാക്കുക. (ഓരോ വാർഡിലും)

13. വൈദ്യുതി ദുരുപയോഗം തടയാൻ ശ്രമം നടത്തുക വ്യാപകമായ ബോധവൽക്കരണം സംഘടിപ്പിക്കുക.

14. മീറ്റർ റീഡിംഗ് കാര്യക്ഷമമാക്കി ഓവർ ബില്ല് പ്രശ്നം പരിഹരിക്കുക,

15. ഈ പഞ്ചായത്തിൽ ഒരു വൈദ്യുതി ഓഫീസ് ഉണ്ടായാൽ ഒരു പരിധി വരെ സാങ്കേതിക പ്രശ്നം പരിഹരിക്കാൻ സാധിക്കും.

16. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. വൈദ്യുതേതര ഊർജമാർഗങ്ങളെ സംബന്ധിച്ച് ബോധവൽക്കരണവും സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ അനുവദിക്കുക.

17. പുകയില്ലാത്ത അടുപ്പുകൾ, പ്രഷർ കുക്കർ എന്നിവയുടെ ഉപയോഗം വ്യാപകമാക്കുക. ഇതിനായി വ്യാപകബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകുക. ANERT തുടങ്ങിയ ഏജൻസികളും സഹായം ഇക്കാര്യത്തിൽ പ്രധാനമാണ്. (സോളാർ ലാമ്പ്)

18. വൈദ്യുതി ലാഭിക്കുന്നതിനായി തീക്ഷ്ണതയേറിയ കോംപാക്റ്റ് ഫ്ലൂറസെന്റ് ലാംപിന്റെ ഉപയോഗം പരമാവധി വർധിപ്പിക്കുക.

*C. മാർക്കറ്റ്*

ആലങ്കോട് ഗ്രാമപഞ്ചായത്തിന്റെ സിരാകേന്ദ്രമായ ചങ്ങരംകുളം പട്ടണമാണ് പഞ്ചായത്തിലെ പ്രമുഖ വിപണന കേന്ദ്രം. വളരെ പൊലിമയോടെ ഒരു ആഴ്ച ചന്ത ഇവിടെ നടന്നു വന്നിരുന്നു.

സമീപ പ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലാളികൾ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിരുന്നത് ഈ ചന്തയിലായിരുന്നു. ആദ്യകാലത്ത് വൻതോതിൽ കന്നുകാലി വിപണനവും നടന്നിരുന്നു. മിക്ക കാർഷികോൽപ്പന്നങ്ങളും ചെറിയതോതിലെങ്കിലും വിറ്റഴിക്കാനും ഈ ചന്ത ഉപകരിച്ചിരുന്നു. ഈ ചന്തയിൽ വച്ച് ഉപഭോക്താവിന് ഉൽപാദകനിൽ നിന്ന് പല സാധനങ്ങളും നേരിട്ട് വാങ്ങാൻ കഴിഞ്ഞിരുന്നത് കൊണ്ട് ഉൽപാദകന് മതിയായ വില കിട്ടുകയും ഉപഭോക്താവിന് അമിത വില കൊടുക്കാതെയും കഴിഞ്ഞു. എന്നാൽ പ്രസ്തുത ചന്ത ഇന്ന് കേട്ടു കേൾവിയായി. കന്നുകാലി വിപണനം എന്നോ എടുത്തു പോയിരുന്നു.

പഞ്ചായത്തിൽ എടുത്തു പറയാനുള്ള ഒരു മാർക്കറ്റ് അടയ്ക്കാ കർഷകർക്ക് വേണ്ടി ആരംഭിച്ച റഗുലേറ്റഡ് മാർക്കറ്റാണ്. ഇത് നല്ല രീതിയിൽ നടന്നു വരുന്നു. ഇന്ത്യയിലെ അടയ്ക്കയുടെ വില നിശ്ചയിക്കുന്നത് ചങ്ങരംകുളത്താണ് എന്ന് പറഞ്ഞാൽ അതിശയോക്തിയാവില്ല. ഇന്ത്യയിലെ അടക്ക വ്യാപാരരംഗത്തെ പ്രശസ്തനായ ശ്രീ. കെ.വി. മുഹമ്മദിന്റെ മേഖലാ ഓഫീസ് ചങ്ങരംകുളത്താണ് സ്ഥിതി ചെയ്യുന്നത്.


അടക്ക ഒഴികെ മറ്റു കാർഷികോൽപ്പന്നങ്ങളൊന്നും വിറ്റഴിക്കാൻ പറ്റിയ സംവിധാനങ്ങൾ ഇവിടെയില്ല. ചില സീസണുകളിൽ കൊപ്രയും കശുവണ്ടിയും ചങ്ങരംകുളം സർവീസ് സഹകരണ ബാങ്ക് സംഭരിക്കാറുണ്ട്. സ്വകാര്യ ഉടമയിലുള്ളതാണെങ്കിലും ഒരു നല്ല മത്സ്യമാർക്കറ്റ് ചങ്ങരംകുളത്ത് പ്രവർത്തിക്കുന്നുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഈ ചന്ത വളരെ പ്രയോജനം ചെയ്യുന്നു.

ദിനേന വളർന്ന് കൊണ്ടിരിക്കുന്ന ചങ്ങരംകുളം പട്ടണം ഇന്ന് ഈ പഞ്ചായത്തിലെ ആവശ്യങ്ങളെയെല്ലാം ഒരു വിധം നിറവേറ്റാൻ പര്യാപ്തമാണ്. ഷോപ്പിംഗ് കോംപ്ലക്സുകളും സൂപ്പർ മാർക്കറ്റുകളും അടുത്ത കാലത്തായി പ്രവർത്തിച്ചു തുടങ്ങി.

### *സാധ്യതകൾ*

1. ചങ്ങരംകുളത്തെ ആഴ്ച ചന്ത പൂർവോപരി വിപുലപ്പെടുത്തുക. കന്നുകാലി വിപണനം പുനരാരംഭിക്കുകയും അതിന് വേണ്ട സൗകര്യങ്ങൾ ചെയ്ത് കൊടുക്കുകയും ചെയ്യുക.
2. ചങ്ങരംകുളത്തെ മത്സ്യമാർക്കറ്റ് പൊതുസ്ഥലത്തേക്ക് മാറ്റുക.
3. അടയ്ക്ക കൂടാതെ മറ്റു കാർഷികോൽപ്പന്നങ്ങളും വിപണനം ചെയ്യുവാനുള്ള റഗുലേറ്റഡ് മാർക്കറ്റുകൾ സ്ഥാപിക്കുക.
4. പൊതു നിരത്ത് വക്കിലുള്ള മത്സ്യ മാംസ വിൽപന നിയന്ത്രിക്കുക. അവർക്ക് മറ്റു സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

❑❑❑



# 5. വിദ്യാഭ്യാസം

കേരളത്തിലെ വിദ്യാഭ്യാസചരിത്രം ആരംഭിക്കുന്നത് മലയാള ഭാഷയുടെ ചരിത്രാരംഭം മുതൽക്കാണ്. വട്ടെഴുത്തും, കോലെഴുത്തും ചെന്തമിഴിൽ നിന്ന് മലയാളം ഉരുത്തിരിഞ്ഞ കഴിഞ്ഞകാലങ്ങളെ അനുസ്മരിപ്പിക്കുന്നു. ആദ്യകാലത്തെ സംഖ്യാഗണിതങ്ങളും തുടർന്നുള്ള ശാസ്ത്ര വിഷയങ്ങളും ഋഷി പ്രോക്തമായ ഗ്രന്ഥങ്ങളിൽ നിന്നു വളർത്തിയെടുത്തവയാണ്. ബ്രാഹ്മണഗൃഹങ്ങളും, രാജകുടുംബങ്ങളും സ്ഥാപിച്ചുവളർത്തിയ വിദ്യകേന്ദ്രങ്ങളും അവയിലെ ആശാൻമാരും ഇവിടുത്തെ വിദ്യാഭ്യാസത്തിന്റെ അടിത്തറസൃഷ്ടിച്ചു. അതുപോലെ മതപഠനരംഗത്ത് പള്ളിദറസുകളും അടത്തറയിട്ടു. തിരുവിതാംകൂറും, കൊച്ചിയും നാട്ടുരാജ്യങ്ങളായിരുന്നു. അവിടുത്തെ ഭരണകർത്താക്കൾ ദേശസ്നേഹത്തിലും പാണ്ഡിത്വത്തിലും സമുന്നത സ്ഥാനം വഹിച്ചിരുന്നു. അവർ വളർത്തിയെടുത്ത സംസ്കൃതിയെ തടസ്സപ്പെടുത്താൻ ബ്രിട്ടീഷ് വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം, ശാസ്ത്രവിദ്യാഭ്യാസത്തിന്റെ ആവശ്യകത എന്നിവ കണക്കിലെടുത്ത് ആധുനികവിദ്യാഭ്യാസത്തിന് രൂപകല്പന ചെയ്യാനും പ്രയോഗ വൽക്കരിക്കാനും ഈ നാട്ടുരാജ്യങ്ങൾക്ക് കഴിഞ്ഞു. ദേശസ്നേഹം, മാതൃഭാഷയോടുള്ള താൽപര്യം, ധന വിനിയോഗം എന്നിവ ബ്രിട്ടീഷ് ഗവൺമെന്റിന്റെ താൽപര്യങ്ങൾക്ക് എതിരാവാതെ നോക്കാൻ നിയുക്തനായ റസിഡന്റ് സായിപ്പിനുപോലും കേരളത്തിലെ നാട്ടുരാജാക്കൻമാരെ ഈ സദുദ്ധ്യമങ്ങളിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞില്ല. അവിടങ്ങളിൽ വളർന്നുവന്ന വിദ്യാഭ്യാസരംഗത്തുണ്ടായ നേട്ടങ്ങൾ അനുഭവിക്കാൻ ഭാഗ്യം ലഭിക്കാത്തവരാണ് മലബാറുകാർ.

ബ്രിട്ടീഷ് ഗവൺമെന്റിന്റെ കീഴിലുള്ളതും വെള്ളക്കാരൻ നേരിട്ട് ഭരിക്കുന്നതുമായ സംസ്ഥാനങ്ങളിൽ മദിരാശിയും ഉൾപ്പെട്ടിരുന്നു. തമിഴ്ഭാഷാ ഭൂരിപക്ഷപ്രദേശം ഉൾപ്പെടുന്ന അന്നത്തെ മദ്രാസ് സംസ്ഥാനത്തിന്റെ ഭാഗമായിരുന്ന മലബാർ ജില്ല രണ്ടുതരത്തിൽ അവഗണിക്കപ്പെട്ടു. വെള്ളക്കാരന്റെ അടിമത്വത്തിന്റെ ഫലമായി അനുഭവിക്കേണ്ടിവന്ന അവഗണനയായിരുന്നു ഒന്നാമത്തേത്. തമിഴ്ഭാഷാപ്രേമികളായിരുന്ന ഉദ്യോഗസ്ഥരുടെയും പിൽക്കാലത്ത് വന്ന ഇടക്കാല ഗവർമെന്റുകളുടെയും അവഗണന രണ്ടാമത്തേത്.

ഇന്ത്യയിലെ ജനങ്ങളിൽ ഇംഗ്ലീഷ് പരിജ്ഞാനം പ്രചരിപ്പിച്ചാൽ ചുരുങ്ങിയ ചെലവിൽ ഉദ്യോഗസ്ഥൻമാരെ ലഭിക്കുമെന്നും അവരിലൂടെ ബ്രിട്ടനോടുള്ള ദാസ്യമനോഭാവം പ്രചരിപ്പിക്കാമെന്നും 'മെക്കാളയുടെ മിനുട്സ്' ബ്രിട്ടീഷ് പാർലമെന്റിനെ ബോധ്യപ്പെടുത്തി. ഇന്ത്യയിലെത്തുന്ന ക്രിസ്തുമത പ്രചാരകരായ പാതിരിമാർക്ക് രണ്ടുതരം വിളഭൂമികൾ ഒരുക്കിക്കൊടുക്കുകയായിരുന്നു ലക്ഷ്യം. ഇംഗ്ലീഷ്കേട്ടാലറിയുന്ന ജനങ്ങളെ സൃഷ്ടിക്കുക ആദ്യത്തേതും, ക്രൈസ്തവസംസ്കാരം വളർത്തുക രണ്ടാമത്തേതും. ചുരുക്കത്തിൽ ഈലക്ഷ്യപ്രാപ്തിക്ക് മലബാറിൽ സ്വീകരിച്ച ആദ്യനടപടിയുടെ ഭാഗമായിട്ടാണ് മലപ്പുറത്തും കോഴിക്കോട്ടും ട്രൈനിംഗ് സ്കൂളുകൾ രൂപം കൊണ്ടത്. മുസ്ലിം ഭൂരിപക്ഷപ്രദേശമായ മലപ്പുറം പ്രദേശത്തെ ഈ നവീന വിദ്യാഭ്യാസം എങ്ങനെ ബാധിച്ചു എന്നുമാത്രം വ്യക്തമാക്കാം. മതവിദ്യാഭ്യാസം പ്രചരിപ്പിക്കാൻ രൂപംകൊടുത്ത മദ്രസ്സകളെ സർക്കാർ അംഗീകരിച്ച് അധ്യാപകർക്ക് ഗ്രാന്റ് നൽകിയാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതോടൊപ്പം ബന്ധപ്പെട്ട മതവിഭാഗത്തെ തങ്ങളുടെ ആജ്ഞാനുവർത്തികളാക്കാൻ കഴിയുമെന്നും ബ്രിട്ടീഷ് ഭരണകൂടം വിഭാവനം ചെയ്തു. ഇതിന്റെ ഫലമായിട്ടാണ് 'മൗലവീസ്മുൻഷീസ്' ട്രൈനിംഗ് നടപ്പാക്കിയത്. കേവലസാക്ഷരതയുണ്ടായിരുന്ന മൗലവിമാർക്കും, മുൻഷിമാർക്കും സർക്കാർ ചെലവിൽ പരിശീലനം നൽകി. തുടർന്ന് ഇവരെ മദ്രസ്സകളിലേക്ക്തന്നെ തിരിച്ചയച്ചു. ബ്രിട്ടീഷ് ഉദ്യോഗസ്ഥർ പരിശോധിച്ച് അംഗീകരിക്കുന്ന മദ്രസ്സകൾക്ക് വാർഷിക ഗ്രാന്റ് നൽകുന്ന സമ്പ്രദായവും നിലവിൽ വന്നു. ഇത്യാദി നടപടികളോടെ, ഇംഗ്ലീഷ്കാരോടുള്ള വിരോധം മൂലം അവരുടെ വിദ്യാഭ്യാസത്തിന്റെയും വിശിഷ്യാ ഇംഗ്ലീഷ് ഭാഷയേയും വെറുത്തിരുന്ന മുസ്ലിംകളുടെ മനോഭാവത്തിൽ ചില മാറ്റങ്ങളുണ്ടായി. ക്രമേണ അവർ വിദ്യാഭ്യാസസ്ഥാപനങ്ങളിലേക്ക് തിരിച്ചെത്തിത്തുടങ്ങി. ഇതിന്റെ ഫലമായി ബ്രിട്ടീഷുകാരൻ ആഗ്രഹി

ച്ചതുപോലെ അവരെ ആജ്ഞാനുവർത്തികളാക്കാൻ കഴിഞ്ഞില്ല എന്നുമാത്രമല്ല അവർ കൂടുതൽ ഉൽബുദ്ധരാവുകയും ചെയ്തു. ഇവിടങ്ങളിൽ മദ്രസ്സകളിൽ നിന്ന് രൂപപരിണാമം കൊണ്ട വിദ്യാലയങ്ങൾ പിറവിയെടുത്ത് ഗുണപരമായി പരിവർത്ത നങ്ങൾക്കും ദേശീയപ്രസ്ഥാനത്തിന്റെ പുരോഗതിക്കും വഴിതെളിയിച്ചു.

ഇതേ കാലഘട്ടത്തിൽ തിരുവിതാംകൂർകൊച്ചി നാട്ടുരാജ്യങ്ങളിൽ നിലനിന്നിരുന്ന കുടിപ്പള്ളികുടങ്ങളുടെ നാട്ടെഴുത്തച്ഛൻമാർ നടത്തിയിരുന്ന ഇരുകലങ്ങളും മലബാറിലെങ്ങും നടത്തിയിരുന്നു. നാട്ടുരാജ്യങ്ങളിൽ രാജ്യഭരണവും ദിവാൻ പേഷ്ക്കാർ തുടങ്ങിയവർ മുഖേന വരുത്തിയ പരിഷ്കാരങ്ങളും മലബാറിലേക്ക് ബാധകമായില്ല. വേണ്ടത്ര സാമ്പത്തികസഹായമോ അംഗീകാരമോ നേടാൻ കുടിപ്പള്ളിക്കുടങ്ങൾക്കും ഗുരുകുലങ്ങൾക്കും കഴിഞ്ഞില്ല. നമ്മുടെ കളരികളും ഗണിതശാസ്ത്രാധിവിദ്യകളും ആയുർവ്വേദം തുടങ്ങിയ ശാസ്ത്രശാഖകളും വേദപഠനം തുടങ്ങിയ ആത്മീയ സത്തകളും ആട്ടക്കഥ, പാഠകം, ചാക്യാർകൂത്ത് തുടങ്ങിയ കലകളും വളർച്ചയില്ലാതെ അന്യവൽക്കരിക്കപ്പെട്ട സാഹചര്യമായിരുന്നു അത്. നാടുവാഴികളും ദേശവാഴികളും പ്രഭുകുടുംബങ്ങളും ബ്രിട്ടീഷ് ഭരണത്തെ അംഗീകരിച്ചുകൊണ്ട് അവർ നേതൃത്വം നൽകിയിരുന്ന കുടിപ്പള്ളിക്കുടങ്ങളും ഗുരുകുലങ്ങളും ഉദ്യോഗസ്ഥ മേധാവികൾ അംഗീകരിക്കേണ്ടിവന്നു. അത്തരം സ്ഥാപനങ്ങളും മേൽപ്പറഞ്ഞ മദ്രസ്സകളും അംഗീകൃത (ഗ്രാന്റഡ്) വിദ്യാലയങ്ങളായി മാറ്റിയെടുത്തു. കാലക്രമത്തിൽ ഇന്ത്യയിലെങ്ങും പൗരബോധം വളർത്തിയ ദേശീയപ്രസ്ഥാന തരംഗങ്ങളെ തൃപ്തിപ്പെടുത്താൻ പരിമിതമായ അധികാരങ്ങളോടുകൂടി ജന്മികൾക്ക് മാത്രം വോട്ടവകാശമുള്ള താലൂക്ക് ബോർഡുകളും അവയെ പിന്തുടർന്ന് കുറെകൂടെ അധികാരങ്ങൾ നൽകിയ ജില്ലാ ബോർഡുകളും നിലവിൽ വന്നു. എയ്ഡഡ് വിദ്യാലയങ്ങളിൽ ഗുണമേന്മ ഏറിയവയെ താലൂക്ക് ബോർഡുകൾ ഏറ്റെടുക്കാനും കാലക്രമത്തിൽ ഡിസ്ട്രിക് ബോർഡുകൾ ഏറ്റെടുക്കാനും ഇട വന്നു. ഇതിൽ പെടാതെ വന്ന ഗ്രാന്റ് സ്കൂളുകൾ മാനേജർമാരുടെ അധീനതയിൽ നടത്തികൊണ്ടിരിന്നു.

നമ്മുടെ പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ വിദ്യാഭ്യാസം നേടുന്നതിന് പ്രത്യേകിച്ച് ഹൈസ്കൂൾ വിദ്യാഭ്യാസം നേടുന്നതിന് വേണ്ടത്ര സൗകര്യങ്ങൾ ഉണ്ടായരുന്നില്ല. അത്കൊണ്ട് ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കുമരനെല്ലൂർ ഹൈസ്കൂൾ, പൊന്നാനിയിലെ എ.വി. ഹൈസ്കൂൾ എന്ന സ്ഥാപനങ്ങളെയായിരുന്നു പ്രധാനമായും ആശ്രയിച്ചിരുന്നത്. ഈ കാലഘട്ടത്തിൽ വേണ്ടത്ര ഗതാഗത സൗകര്യങ്ങൾ ഇല്ലാത്തതു കൊണ്ട് നടന്നു പോയ് കൊണ്ടായിരുന്നു വിദ്യാലയങ്ങളിൽ എത്തിയിരുന്നത്. ഇത് വളരെ ആളുകൾക്ക് വിഷമകരമായ ഒരവസ്ഥയായിരുന്നു. അത് കൊണ്ട് വളരെ കുറഞ്ഞ ശതമാനം ആളുകളെ ആ കാലഘട്ടങ്ങളിൽ ഉപരിപഠനത്തിന് മുതിർന്നിരുന്നില്ല.

ആ കാലഘട്ടങ്ങളിലാണ് പഞ്ചായത്തിന് തൊട്ടടുത്തുള്ള നന്നംമുക്ക് പഞ്ചായത്തിൽ മൂക്കുതലയിൽ പി.ചിത്രൻ നമ്പൂതിരിപ്പാടിന്റെ പരിശ്രമത്തിന്റെ ഫലമായി ഒരു ഹൈസ്കൂൾ രൂപം കൊള്ളുന്നത്. ഇത് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസത്തിന്റെ ഉയർച്ചക്ക് പ്രചോദനം നൽകി. അടുത്ത കാലത്തായി നമ്മുടെ പഞ്ചായത്തിൽ തന്നെ കോക്കൂരിൽ ഒരു ഹൈസ്കൂൾ സ്ഥാപിതമായി .

1957 ൽ കേരളത്തിൽ നിലവിൽ വന്ന മന്ത്രിസഭയിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന പ്രൊ.ജോസഫ് മുണ്ടശ്ശേരിയുടെ വിപ്ലവകരമായ വിദ്യാഭ്യാസ പരിഷ്കാരങ്ങൾ ഒട്ടനവധി മാറ്റങ്ങൾക്ക് തുടക്കം കുറിച്ചു. അധ്യാപകർക്ക് ആശ്വാസകരമായ പല കാര്യങ്ങളും ഇതിലൂടെ ലഭ്യമായി. അസ്വാതന്ത്ര്യത്തിന്റെ മേഖലയിലൂടെ കടന്നു പോയിരുന്ന ഒന്നായിരുന്നു പുതിയ വിദ്യാഭ്യാസ ബില്ല്.)

സ്വാതന്ത്ര്യാനന്തരം അഞ്ചു വർഷം പിന്നിട്ടിട്ടും പ്രതിമാസം ലഭിക്കുന്ന എയിഡഡ് സ്കൂൾ അധ്യാപകർ നാമമാത്രമായിരുന്നു. അവരുടെ യൂണിയൻ നേതാവായിരുന്ന ശ്രീ. സി. സി. നായരുടെ നേതൃത്വത്തിൽ മദിരാശി സന്ദർശിച്ച് അധ്യാപക നേതാക്കൾ അന്നത്തെ രാജഗോപാലാചാരിയെ സന്ദർശിച്ചു കൊടുത്ത നിവേദനത്തിൽ ഒന്നാമതായി ചേർത്ത ആവശ്യം എല്ലാ അധ്യാപകർക്കും പ്രതിമാസം വേതനം ലഭിക്കണം എന്നതായിരുന്നു. വാർഷിക ഇൻക്രിമെന്റ് ഒരു രൂപയെങ്കിലും ലഭിക്കണമെന്ന് രണ്ടാമതായി ആവശ്യപ്പെട്ടു. തുടർന്ന് നടന്ന പ്രക്ഷോഭങ്ങളും സമരങ്ങളും ഈ രംഗത്ത് ഒട്ടേറെ പരിഷ്കാരങ്ങൾ വരുത്തി.പ

കേരളസംസ്ഥാനം നലവിൽ വരികയും തുടർന്ന് മലപ്പുറം ജില്ല ജന്മമെടുക്കുകയും ചെയ്തതോടെ ജില്ല മറ്റു രംഗങ്ങളിലെന്ന പോലെ വിദ്യാഭ്യാസ രംഗത്തും മുന്നേറിത്തുടങ്ങി. ജില്ലക്കൊപ്പം അതേ പുരോഗതി ആലംകോട് പഞ്ചായത്തും കൈവരിച്ചു കൊണ്ടിരുന്നു. മെഡിക്കൽ, എഞ്ചിനീയറിംഗ്, ടീച്ചർ എജ്യുക്കേഷൻ, ലോ, കംപ്യൂട്ടർ എന്നീ രംഗങ്ങളിലേക്കെല്ലാം ഈ പഞ്ചായത്തിൽ നിന്ന് ധാരാളം പേർ കടന്ന് ചെല്ലാൻ തുടങ്ങി. പൊന്നാനി താലൂക്കിലെ നിയമ ബിരുദം നേടിയ ആദ്യ മുസ്ലിം വനിത അഡ്വ.പി.പി.റസിയ ആലംകോട് ഗ്രാമപഞ്ചായത്ത്കാരിയാണ് എന്നത് വിദ്യാഭ്യാസ രംഗത്തെ നമ്മുടെ മുന്നേറ്റത്തിന് ഏറ്റവും നല്ല ഉദാഹരണമാണ്.

*പഞ്ചായത്തിലെ വിദ്യാലയങ്ങൾ*

കുടിപ്പള്ളിക്കൂടങ്ങളായും ഓത്തുപള്ളികളായും ആരംഭിച്ച് പരിണാമം വന്നിട്ടുള്ള സ്ഥാപനങ്ങളാണ് ഈ പഞ്ചായത്തിലെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ അധികവും. ഹൈസ്കൂൾ ഒന്ന്, ടെക്നിക്കൽ ഹൈസ്കൂൾ ഒന്ന്, സർക്കാർ അംഗീകാരമുള്ള (Recognised) ഹൈസ്കൂൾ രണ്ട് (ഇതിൽ ഒന്ന് CBSE). അപ്പർ പ്രൈമറി സ്കൂൾ മൂന്ന്, അംഗീകാരമില്ലാത്ത ലോവർ പ്രൈമറി സ്കൂൾ രണ്ട് എന്നീ തോതിലാണ് പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.

പട്ടിക 1

| WARD | LP | UP | HS | REMARKS. |
|---|---|---|---|---|
| 1 | 1 | - | - | |
| 2 | 1 | - | - | |
| 3 | - | 1 | - | |
| 4 | 4 | - | - | |
| 5 | 1 | 1 | - | |
| 6 | 2 | - | 1 | |
| 7 | - | 1 | 1 | |
| 8 | 1 | - | 1 | |
| 9 | 1 | - | 1 | |
| 10 | - | - | - | |
| 11 | - | 1 | - | |

ഈ വിദ്യാലയങ്ങളിലെല്ലാംകൂടി 7346 വിദ്യാർത്ഥികളുണ്ട്. അവർക്ക് വെളിച്ചം പകരാനായി 273 അധ്യാപകരും ഉണ്ട്.

പട്ടിക 2

പട്ടികജാതി വിദ്യാർത്ഥികൾ

| ആൺ | പെൺ | ആകെ |
|---|---|---|
| 400 | 368 | 768 |

(പട്ടികകൾ അടുത്ത പേജ് കാണുക)

ഇവ കൂടാതെ കേന്ദ്രഗവൺമെന്റിന്റെ ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് അനുവദിച്ച്കിട്ടിയ പാവിട്ടപ്പുറം അസ്സബാഹ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന പെൺകുട്ടികൾക്ക്മാത്രമുള്ള ഹയർസെക്കന്ററികോളേജ്, അവരുടെ തന്നെ അറബിക് കോളേജ്, ഒരു പ്രീ പ്രൈമറി സ്കൂൾ, പ്രൈവറ്റ് മേഖലയിലുള്ള പോളിടെക്നിക്, കംപ്യൂട്ടർ പഠനകേന്ദ്രം, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, ട്യൂഷൻ സെന്ററുകൾ, ട്യൂട്ടോറിയലുകൾ, ഇരുപതോളം മദ്രസ്സകൾ, 27 അംഗൻവാടികൾ എന്നിവയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

സമൂഹത്തിൽ ഇന്ന് മൊത്തത്തിൽ കാണപ്പെടുന്ന ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളോടും റസിഡൻഷ്യൽ സമ്പ്രദായത്തോടുമുള്ള ആഭിമുഖ്യം ആലംകോട് പഞ്ചായത്തിലുമുണ്ട്. അടുത്ത കാലത്തായി അത്തരം ഏതാനും വിദ്യാലയങ്ങൾ ഇവിടെ ആരംഭിക്കുകയുണ്ടായി. അതുമാത്രമല്ല നല്ലൊരു ശതമാനം കുട്ടികൾ പഞ്ചായത്തിന് പുറത്തുള്ള ഇത്തരം സ്ഥാപനങ്ങളിൽ പഠിക്കുന്നുമുണ്ട്.

*മുഖ്യപ്രശ്നങ്ങൾ*

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലേയും പഠന നിലവാരം ആശാവഹമല്ല. പലയിടത്തും തൃപ്തികരമായ ഭൗതിക സാഹചര്യങ്ങളില്ല. ചിലയിടങ്ങളിൽ അധ്യാപക രക്ഷാകർതൃ സമിതിയും മാതൃസംഗമവും സജീവങ്ങളല്ല. പ്രാഥമിക സൗകര്യങ്ങളായ മൂത്രപ്പുരപോലും തൃപ്തികരമല്ല എന്ന് പട്ടിക നാല് വ്യക്തമാക്കുന്നു.

ഒരു വിധം മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളുണ്ടായിട്ടും പഞ്ചായത്തിലെ ഏക ഹൈസ്കൂളായ കോക്കൂർ ഹയ്യ് ഹാജി മെമ്മോറിയൽ ഹൈസ്കൂളിലെ പഠനനിലവാരം വളരെ മോശമാണെന്ന് കഴിഞ്ഞ മൂന്ന് വർഷത്തെ പൊതുപരീക്ഷ വിജയശതമാനം വ്യക്തമാക്കുന്നു.

പട്ടിക 5

SSLC വിജയശതമാനം

| | 1992-93 | 93-94 | 95-96 |
|---|---|---|---|
| കോക്കൂർ ഹൈസ്കൂൾ | 19 | 15 | 22 |

പഞ്ചായത്തിലെ പല സ്കൂളുകളിലും ഫർണിച്ചർ വേണ്ടത്രയില്ല. അറ്റകുറ്റപ്പണികളുടെ അഭാവം, ചുറ്റുമതിലുകളില്ലായ്മ, കളിസ്ഥലത്തിന്റെ അഭാവവും പരിമിതിയും, പാഠപുസ്തകങ്ങൾ യഥാസമയം കിട്ടായ്മ, സർക്കാർ സ്കൂളുകളിൽ പലപ്പോഴും അനുഭവപ്പെടുന്ന അധ്യാപകരുടെ കുറവ്, രക്ഷിതാക്കളുടെ ശുഷ്കാന്തിയില്ലായ്മ എന്നിങ്ങനെ ഒട്ടനവധി പ്രശ്നങ്ങൾ വിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്നുണ്ട്.

പട്ടിക 6

| | ഉള്ളവർ | ഇല്ലാത്തവർ |
|---|---|---|
| കുടിവെള്ളം | 15 | 4 |
| കക്കൂസ് | 12 | 7 |
| ചുറ്റുമതിൽ | 8 | 11 |
| വൈദ്യുതി | 10 | 9 |

പ്രാഥമിക വിദ്യാഭ്യാസസൗകര്യം ഏറെക്കുറെ എല്ലാ വാർഡുകളിലും ഉണ്ടെങ്കിൽ ഹൈസ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ആലങ്കോട്ടെ കുട്ടികൾ പ്രയാസമനുഭവിക്കുന്നുണ്ട്. പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ കോക്കൂർ ഹൈസ്ക്കൂൾ പഞ്ചായത്തിന്റെ തെക്ക് കിഴക്കേ മൂലയിലായാണ് സ്ഥിതി ചെയ്യുന്നത്. ഒന്നു മുതൽ അഞ്ചു വരെ വാർഡുകളിലുള്ള വിദ്യാർത്ഥി കൾക്ക് 8 കിലോമീറ്റർ വരെ യാത്ര ചെയ്താലെ ഇവിടെ എത്താൻ കഴിയൂ. ബസ്സ് സൗകര്യമില്ലാത്തത് പ്രശ്നം കൂടുതൽ രൂക്ഷമാക്കുന്നു. ഈ ഭാഗത്തെ വിദ്യാർത്ഥികൾ വിദ്യാർത്ഥി ബാഹുല്യം കൊണ്ട് വീർപ്പുമുട്ടുന്ന മൂക്കുതല, എടപ്പാൾ, കുമരനെല്ലൂർ എന്നിവിടങ്ങളിലെ സ്കൂളുകളിൽ ചേർന്ന് പ്രശ്നം കൂടുതൽ സങ്കീർ ണ്ണമാക്കുകയാണിപ്പോൾ ചെയ്യുന്നത്.

ഉന്നത വിദ്യാഭ്യാസത്തിന് ഏറ്റവും അടുത്ത പൊന്നാനി MES കോളേജിലെത്താൻ ഇരുപത് കിലോ മീറ്ററിലേറെ യാത്ര ചെയ്യണം. ഏറ്റവും അടുത്ത പോളിടെക്നിക് 30 കിലോമീറ്റർ ദൂരമുള്ള തിരൂരിലാണ് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിൽ അൺ എയിഡഡ് സ്കൂളുകളുടെ വർധനവ് സർക്കാർ / എയിഡഡ് സ്കൂളുകളുടെ നിലനില്പിന് ഭീഷണിയായി വരുന്നുണ്ട്. കോക്കൂർ, കക്കിടിപ്പുറം എന്നിവിടങ്ങളിലെ LP സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്. സർക്കാർ വിദ്യാലയങ്ങളിലെ നിലവാരത്തകർച്ചയാണ് അൺ എയിഡഡുകളിലേക്ക് പോകാൻ രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നത് എന്ന സത്യം മറച്ചു വെക്കാവുന്നതല്ല.

പഞ്ചായത്തിലെ സ്കൂളുകളിലേക്ക് ഇനി നമുക്കൊന്ന് ഇറങ്ങി ചെല്ലാം.

1. MMAHMGHS കോക്കൂർ

പഞ്ചായത്തിൽ സർക്കാർ മേഖലയിലുള്ള ഏക ഹൈസ്കൂളാണ് മാനംകണ്ടത്ത് മുഹമ്മദ് അബ്ദുൾ ഹയ്യ് ഹാജി മെമ്മോറിയൽ ഗവ: ഹൈസ്കൂൾ, കോക്കൂർ. GHS കോക്കൂർ എന്ന പേരിലറിയപ്പെട്ടിരുന്ന ഈ സ്കൂളിന്റെ പേര് PTA യുടെ അപേക്ഷ പ്രകാരം 1994 ൽ സർക്കാർ MMAHMGHS കോക്കൂർ എന്ന് പുനർ നാമകരണം ചെയ്തു.

മലബാർ ഡിസ്ക്ട്രിക് ബോർഡ് മെമ്പറായിരുന്ന മാനം കണ്ടത്ത് മൊയ്തുണ്ണി ഹാജി മുൻകൈ എടുത്ത് സ്ഥാപിച്ച മാപ്പിള ബോർഡ് സ്കൂളാണ് പിന്നീട് ഹൈസ്കൂളായി 1993ൽ രജതജൂബിലി ആഘോഷിച്ച ഈ വിദ്യാലയം . പിന്നീട് മൊയ്തുണ്ണി ഹാജിയുടെ മക്കളായ അബ്ദുൾ ഹയ്യ് ഹാജിയും സഹോദരൻമാരും നാല് ഏക്കർ സ്ഥലം സ്കൂളിന് വിട്ടുകൊടുക്കുകയും സർക്കാരിൽ വേണ്ട സമ്മർദ്ദം ചെലുത്തുകയും ചെയ്തതിന്റെ ഫലമായി ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെടുകയും ചെയ്തു. 1969ൽ 12 മുറികളുള്ള ഓട് മേഞ്ഞ ഒരു കെട്ടിടവും 1970ൽ 11 മുറികളുള്ള കോൺക്രീറ്റ് കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു. വിദ്യാർത്ഥി ബാഹുല്യം നിമിത്തം 1970 മുതൽ സെഷണൽ സമ്പ്രദായം തുടങ്ങി. 1990 PTA യുടെ വകയായി ഒരു അഞ്ചു മുറി കെട്ടിടം പണി ആരംഭിച്ചു. ഇതിലേക്ക് ആലങ്കോട് പഞ്ചായത്ത് കേരള പഞ്ചായത്ത് ദിനാഘോഷത്തോടനുബന്ധിച്ച് 75000 രൂപ നൽകിയതോടെ പണി പൂർത്തീകരിച്ച് 1992ൽ 22 മുറികളുള്ള ഇരുനില കെട്ടിടം ഉദ്ഘാടനം ചെയ്തതോടെ സെഷനൽ സിസ്റ്റം അവസാനിപ്പിച്ചു. 1994ൽ കമ്പ്യൂട്ടർ പഠനം ഏർപ്പെടുത്താൻ രണ്ടുമുറികൾ വിട്ടുകൊടുത്തപ്പോൾ നിലവിലുള്ള ഡിവിഷനുകൾ നിലനിർത്താനായി PTA മൂന്ന് മുറികളുള്ള ഒരു ഓല ഷെഡ് നിർമ്മിച്ചു. ആലങ്കോട് പഞ്ചായത്ത് മുൻപ്രസിഡണ്ടും PTA എക്സിക്യൂട്ടീവ് അംഗമായ അഷ്റഫ് കോക്കൂരിന്റെ ശ്രമഫലമായി സ്കൂളിന് അനുവദിച്ചുകിട്ടിയ മൂന്ന് മുറികളുള്ള DPEP കെട്ടിടത്തിന്റെ പണി ഏതാണ്ട് പൂർത്തിയായിട്ടുണ്ട്.

കലാകായിക രംഗങ്ങളിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മോശമല്ലാത്ത നിലവാരം പുലർത്തുന്നുണ്ട്. കായിക മേളയിൽ ദേശീയതലത്തിലും ഇവിടത്തെ വിദ്യാർത്ഥികൾ പങ്കെടുത്തിട്ടുണ്ട്.

അധ്യാപക രക്ഷാകർതൃ സമിതി

കോക്കൂർ ഹൈസ്കൂളിനെപ്പറ്റി പറയുമ്പോൾ പ്രത്യേകം എടുത്ത് പറയേണ്ട ഒന്നാണ് അവിടെ പ്രവർത്തിക്കുന്ന അധ്യാപക രക്ഷാകർത്തൃ സമിതി. സംസ്ഥാനത്തിനാകമാനം മാതൃകയാകും വിധമാണ് ഇവിടത്തെ PTA പ്രവർത്തിക്കുന്നത്. കെട്ടിട നിർമ്മാണം , ഫർണീച്ചർ നിർമ്മാണം, കംപ്യൂട്ടർ കോഴ്സ്, സിൽവർ ജൂബിലി ആഘോഷം, മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹന സമ്മാനങ്ങൾ എന്നിവക്കായി കഴിഞ്ഞ നാല് വർഷം കൊണ്ട് മാത്രം ആറ് ലക്ഷത്തോളം രൂപ PTA ചെലവഴിക്കുകയുണ്ടായി. വിദ്യാലയത്തിൽ ഇന്ന് നിലനിൽക്കുന്ന ശാന്തമായ പഠന സാഹചര്യത്തിന് പിന്നിലും PTA യുടെ സഹായമുണ്ട്. ആലങ്കോട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ടായിരുന്ന ജ.എം.എം. കുഞ്ഞാലൻ ഹാജിയാണ് ഏതാനും വർഷങ്ങളായി ഇവിടത്തെ

പട്ടിക 3

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | സ്വഭാവം | വിദ്യാർത്ഥികൾ | | | ആകെ അധ്യാപ കരുടെഎണ്ണം | വാർഡ് |
|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | | |
| 1. | MMAHMGHS.Kokkur | Govt. | 1326 | 1193 | 2519 | 63 | 8 |
| 2. | T.H.S. Nannammukku. | • | 79 | 12 | 91 | 15 | 9 |
| 3. | Darussalam, English Medium School. Changaramkulam | CBSE. | 213 | 169 | 382 | 22 | 6 |
| 4. | M.V.M. Residential High School. Valayamkulam | Regd. | 53 | 59 | 112 | 9 | 7 |
| 5. | G.U.P.S. Othaloor | Govt. | 237 | 240 | 477 | 15 | 11 |
| 6. | B.T.M.U.P.S. Alancode | Aided | 283 | 281 | 564 | 20 | 5 |
| 7 | .K.V.U.P.S. Kakkidippuram | Aided | 382 | 377 | 759 | 27 | 3 |
| 8. | G.L.P.S. Alancode | Govt. | 89 | 84 | 173 | 6 | 4 |
| 9. | G.L.P.S. Chiyyanoor. | Govt. | 147 | 108 | 255 | 8 | 6 |
| 10. | AMLPS Othaloor South | Aided | 149 | 132 | 281 | 11 | 9 |
| 11. | AMLPS Kokur | Aided | 69 | 60 | 129 | 5 | 8 |
| 12. | ALPS Chiyyanoor | Aided | 87 | 87 | 174 | 6 | 6 |
| 13. | AMLPS Kakkidippuram | Aided | 74 | 54 | 128 | 5 | 2 |
| 14. | AMLPS Perumukku | Aided | 133 | 97 | 230 | 8 | 5 |
| 15. | AMLPS Panthavoor | Aided | 194 | 191 | 385 | 13 | 1 |
| 16. | Janatha ALPS Alancode | Aided | 82 | 68 | 150 | 6 | 4 |
| 17. | M.V.M Residential School Valayamkulam | - | 206 | 158 | 364 | 22 | 7 |
| 18. | Sree Dharma Sastha Educational I nstitution Changaramkulam | - | 38 | 18 | 56 | 4 | 4 |
| 19. | Irshad English School Panthavoor | - | .60 | 57 | 117 | 8 | 4 |
| | Total | | 3445 | 3901 | 7346 | 273 | |

PTA പ്രസിഡണ്ട്. അദ്ദേഹത്തിന്റെ പിന്നിൽ മുഴുവൻ രക്ഷിതാ ക്കളും ജാതിമതകക്ഷി ഭേദമന്യേ അണി നിരന്നതാണ് ഈ നേട്ടത്തിന് നിദാനം. രക്ഷിതാക്കളോട് പൂർണ്ണമായി സഹകരിക്കു ന്ന അദ്ധ്യാപകരും ഒരു മുതൽക്കൂട്ടാണ്. മാതൃസംഗമവും ഇവിടെ സജീവമായി പ്രവർത്തിക്കുന്നു. PTAയുടെ കീഴിൽ പ്രീപ്രൈമറി ക്ലാസ്സും നടക്കുന്നുണ്ട്.

സൗകര്യങ്ങൾ വർദ്ധിച്ചുവെങ്കിലും ഇനിയും പരിഹാരം കാണേണ്ട പ്രശ്നങ്ങൾ ഇവിടെയുണ്ട്. മെച്ചപ്പെട്ട ഭൗതിക സാഹചര്യങ്ങൾ ഉണ്ടായിട്ടും പഠന നിലവാരം മെച്ചപ്പെട്ടിട്ടില്ല. ടാങ്കും മറ്റും ഉണ്ടെങ്കിലും അതിലേക്ക് വെള്ളം ലഭിക്കുന്നില്ല. സമീപത്തുള്ള പള്ളിക്കിണറിൽ നിന്നാണ് ഇപ്പോൾ വെള്ളം പമ്പ് ചെയ്യുന്നത്. ജനുവരി മാസമായാൽ അതിന്റെ ലഭ്യതയും കുറയും. സ്കൂൾ കോമ്പൗണ്ടിൽ ഒരു ഗണഅ വാട്ടർ ടാപ്പ് (ഡാനിഡ) നോക്ക് കുത്തിയായി നിൽക്കുന്നുണ്ട്. ചുറ്റുമതിൽ പൂർത്തീകരിച്ചിട്ടില്ല.

*സാധ്യതകൾ*

1. പ്രൈമറി വിഭാഗം ഹൈസ്കൂളിൽ നിന്ന് വേർപ്പെടുത്തി സ്വത ന്ത്രമാക്കുക
2. നിലവിലുള്ള കമ്പ്യൂട്ടർ കോഴ്സുകൾ വിപുലീകരിച്ച് ഒരു കമ്പ്യൂട്ടർ സെന്ററാക്കി മാറ്റുക
3. പ്ളസ് ടു അനുവദിക്കുക
4. സ്കൂളിന് സ്വന്തമായി ഒഴിഞ്ഞ്

പട്ടിക 4

ഭൗതിക സാഹചര്യങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിന്റെ പേര് | ആകെ വിദ്യാർത്ഥി കളുടെ എണ്ണം | ആകെ അധ്യാപ കരുടെ എണ്ണം | മൂത്രപ്പുര കളുടെ എണ്ണം | കക്കൂസു കളുടെ എണ്ണം | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1. | MMAHMGHS. Kokkur | 2519 | 63 | 3 | 2 | ഇല്ല | ഉണ്ട് |
| 2. | T.H.S. Nannammukku | 91 | 15 | 2 | 1 | ഇല്ല | ഉണ്ട് |
| 3. | Darussalam Eng. Med. | 382 | 21 | 12 | 2 | ഇല്ല | ഉണ്ട് |
| 4. | M.V.M. Rsi. H.S Valayamkulam | 112 | 9 | 6 | 6 | ഉണ്ട് | ഉണ്ട് |
| 5. | G.U.P.S. Othaloor | 477 | 15 | 1 | 2 | ഇല്ല | ഉണ്ട് |
| 6. | B.T.M.U.P.S. Alankode. | 564 | 20 | 1 | 1 | ഉണ്ട് | ഉണ്ട് |
| 7. | K.V. U.P.S. Kakkidippuram | 759 | 27 | 2 | 1 | ഉണ്ട് | ഉണ്ട് |
| 8. | G.L.P.S. Alankode | 173 | 6 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 9. | G.L.P.S. Chiyyanur | 255 | 8 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 10. | AMLPS Othaloor. South | 281 | 11 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 11. | AMLPS Kokkur | 129 | 5 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 12. | AMLPS Kakkidippuram | 128 | 5 | 2 | 1 | ഉണ്ട് | ഇല്ല |
| 13. | ALPS Chiyyanur | 174 | 6 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 14. | AMLPS Perumukku | 230 | 8 | 1 | 1 | ഉണ്ട് | ഇല്ല |
| 15. | AMLPS Panthavoor | 385 | 13 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 16. | J.A.L.P.S. Alankode. | 150 | 6 | 1 | ഇല്ല | ഉണ്ട് | ഇല്ല |
| 17. | M.V.M. Resi. School. Valayamkulam | 364 | 22 | 6 | 6 | ഉണ്ട് | ഉണ്ട് |
| 18. | Sree Dharma SasthaSchool Ckm | 56 | 4 | 2 | 1 | ഉണ്ട് | ഉണ്ട് |
| 19. | Irshad Eng. School. Panthavoor | 60 | 8 | 2 | 1 | ഉണ്ട് | ഉണ്ട് |

കിടക്കുന്ന 80 സെന്റ് സ്ഥല ത്ത് പഞ്ചായത്ത് വക സ്റ്റേഡിയം നിർമ്മിച്ചാൽ കളിസ്ഥല ത്തിന്റെ അഭാവത്തിന് പരിഹാരമാകു.

5. നിലവിലുള്ള സ്കൂൾ കിണർ നന്നാക്കുകയോ പുതിയ ഒരു കിണർ കുഴിക്കുകയോ ചെയ്യുക

6. സ്കൂൾ കോമ്പൗണ്ടിൽ സ്ഥാപിച്ചിട്ടുള്ള ഗണഅ വാട്ടർ ടാപ്പിൽ സ്ഥിരമായി ജലം ലഭ്യമാക്കുക.

7. PTA നിർമ്മിച്ച ഓലഷെഡ് സർക്കാർ ഏറ്റെടുത്ത് സ്ഥിരം കെട്ടിടമാക്കുക

8. ചുറ്റുമതിലിന്റെ പണിപൂർത്തീകരിക്കുക

9. പഴയ കോൺക്രീറ്റ് കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ ഉടൻ ചെയ്യുക

10. അധ്യാപകരെ യഥാസമയം നിയമിക്കുക

*2. ടെക്നിക്കൽ ഹൈസ്കൂൾ നന്നംമുക്ക് പാവിട്ടപ്പുറം*

സർക്കാർ മേഖലയിലുള്ള ഈ സാങ്കേതിക വിദ്യാലയം അടുത്ത കാലത്താണ് അനുവദിച്ചുകിട്ടിയത്. പാവിട്ടപ്പുറത്തെ ഒരു വാടകക്കെട്ടിടത്തിലാണ് ഇപ്പോളിത് പ്രവർത്തിക്കുന്നത്. എട്ടാം തരം മുതൽ 10ാം തരം വരെ ക്ലാസ്സുകളാണ് ഇവിടെയുള്ളത്. ഏഴാം തരത്തിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ മത്സരപ്പരീക്ഷ നടത്തിയാണ് ഇവിടെ വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നത്. മൂന്ന് ക്ലാസ്സുകളിലായി ഇപ്പോൾ 91 കുട്ടികൾ പഠിക്കുന്നുണ്ട്. യാതൊരു വിധ പ്രാഥമിക സൗകര്യങ്ങളും ഈ വിദ്യാലയത്തിനില്ല. എല്ലാറ്റിനും അന്യരെ ആശ്രയിച്ചു കഴിയുന്നു.

ഇവിടെ ഉയർന്ന പഠന നിലവാരമുണ്ട് എന്നത് എടുത്ത് പറയേണ്ടതാണ്. മിടുക്കരായ വിദ്യാർത്ഥികളാണ് അതിന്റെ പ്രധാന അനുകൂല ഘടകം. പിന്നെ അധ്യാപകരുടെ ആത്മാർത്ഥതയും. ഏഴാം വാർഡിലെ പൊടിയേനിക്കുന്ന് ഈ ഹൈസ്കൂളിന് കെട്ടിടം പണിയാനായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കൈമാറാൻ റവന്യൂ വകുപ്പ് സമ്മതിച്ചിട്ടുണ്ട്. എന്നാൽ നടപടിക്രമങ്ങൾ ഒച്ചിനെ തോൽപ്പിക്കും വിധമാണ് മുന്നോട്ട് നീങ്ങുന്നത്. ഈ സ്ഥലത്ത് കെട്ടിടങ്ങൾ പണിത് ഇതൊരു പോളി ടെക്നിക്കായി ഉയർത്താനുള്ള സാധ്യതകൾ ഉണ്ട്.

*3. ഗവ. യു.പി. സ്കൂൾ ഒതളൂർ*

പഞ്ചായത്തിലെ മറ്റൊരു ആദ്യകാല വിദ്യാലയമാണിത് ഒതളൂർ പ്രദേശത്തെ വിദ്യാഭ്യാസ തൽപരരായ വ്യക്തികൾ മുൻകൈ എടുത്ത് സ്ഥാപിച്ച ഈ വിദ്യാലയം ആദ്യ കാലത്ത് കുടിപ്പള്ളിക്കൂടമായിരുന്നു. പിന്നീടിത് അഞ്ചാം ക്ലാസ്സ് വരെയുള്ള വിദ്യാലയമായി. യാതൊരു പ്രതിഫലവും വാങ്ങാതെ പിന്നീടിത് സർക്കാറിന് കൈമാറുകയായിരുന്നു. ഇപ്പോൾ ഏഴാം തരം വരെയുള്ള ഈ വിദ്യാലയത്തിൽ 477 വിദ്യാർത്ഥികൾ പഠിക്കുന്നു. ഇല്ലായ്മയുടെ പര്യായമായിരുന്ന ഈ വിദ്യാലയത്തിന് കഴിഞ്ഞ വർഷം പുതിയ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെട്ടതോടെ ഒരു വിധം മെച്ചപ്പെട്ട സ്ഥിതിയായിട്ടുണ്ട്. ഇപ്പോൾ ഒരു DPEP കെട്ടിടത്തിന്റെ പണി നടന്നു വരുന്നുമുണ്ട്.

ഈ വിദ്യാലയത്തിൽ നിന്ന് വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നത് കോക്കൂർ, തൃശൂർ ജില്ലയിലെ പഴഞ്ഞി എന്നിവിടങ്ങളിലെ ഹൈസ്കൂളിലേക്കാണ്. വാഹന സൗകര്യമില്ലാത്ത ഈ പ്രദേശത്തെ കുട്ടികൾ 5 കിലോമീറ്റർ നടന്ന് വേണം ഈ വിദ്യാലയങ്ങളിലെത്താൻ. ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തുകയാണ് പരിഹാരം. ഈ ആവശ്യം കുറേക്കാലമായി ഉയർന്നുവരാൻ തുടങ്ങിയിട്ട്. ഈ ആവശ്യത്തിലേക്കായി സമീപ പ്രദേശങ്ങളിൽ നിന്ന് സ്ഥലം അക്വയർ ചെയ്തുകിട്ടാനുള്ള സാധ്യതകൾ ഉണ്ട്. ഇവിടെ PTA , മാതൃസംഗമം എന്നിവ നാമമാത്രമായേ പ്രവർത്തിക്കുന്നുള്ളൂ എന്നറിവായി.

*4. ബാഫക്കി തങ്ങൾ മെമ്മോറിയൽ യു.പി.സ്കൂൾ, ആലംകോട്*

അഞ്ച് മുതൽ ഏഴ് വരെ ക്ലാസ്സുകളുള്ള ഈ വിദ്യാലയത്തിന്റെ മാനേജർ ശ്രീ. മൂസ്സക്കുട്ടിയാണ്. പ്രാഥമിക സൗകര്യങ്ങളുണ്ട്. ചുറ്റുമതിൽ ഭാഗികമാമാണ്. കളിസ്ഥലത്തിന്റെ പരിധി ക്രമേണ കുറയുകയാണ്. കുടിവെള്ള സൗകര്യം അപര്യാപത്മാണ്. ഇവിടത്തെ വിദ്യാർത്ഥികൾ മൂക്കുതല, എടപ്പാൾ, കോക്കൂർ, എന്നിവിടങ്ങളിലെ ഹൈസ്കൂളുകളെയാണ് ഉപരിപഠനത്തിന് ആശ്രയിക്കുന്നത്. മാതൃസംഗമം, PTA എന്നിവ പ്രവർത്തിക്കുന്നു. പൊതുവെ മെച്ചപ്പെട്ട പഠന നിലവാരമുണ്ട്.

*5. കെ.വി.യു.പി. സ്കൂൾ, കക്കിടിപ്പുറം*

1928ൽ സ്ഥാപിച്ച ഈ വിദ്യാലയത്തിൽ SSLC 8ാംതരം പബ്ലിക് പരീക്ഷ നിലവിലുണ്ടായിരുന്നു. ചാവക്കാട് ഡെപ്യൂട്ടി ഇൻസ്പെക്ടറുടെ കീഴിലായിരുന്നു വിദ്യാലയം. ശ്രീ. കെ.ബാലകൃഷ്ണനെഴുത്തച്ഛനായിരുന്നു മാനേജരും ഹെഡ്മ്സ്ററും. ഇപ്പോൾ ഇവിടെ 759 കുട്ടികൾ പഠിക്കുന്നുണ്ട്. കലാകായിക രംഗങ്ങളിൽ ഇവിടത്തെ വിദ്യാർത്ഥികൾ മികച്ചുനിൽക്കുന്നു.

ഈ സ്കൂളിന് ചുറ്റുമതിലില്ല. മറ്റു ഭൗതിക സാഹചര്യങ്ങളൊക്കെ ഏറെക്കുറെ തൃപ്തികരമാണ്. ഫർണിച്ചർ റിപ്പയർ, സ്കൂൾ അറ്റകുറ്റപ്പണികൾ എന്നിവ അത്യാവശ്യമായിരിക്കുന്നു. ഇവിടെ ഏഴാം ക്ലാസ്സ് പൂർത്തിയാക്കിയവർ ഉപരിപഠനത്തിന് വിഷമിക്കുന്നു. കോക്കൂർ ഹൈസ്കൂളിലേക്ക് ഇവിടെ നിന്ന് 7കിലോമീറ്ററുണ്ട്. മൂക്കുതല, എടപ്പാൾ, കുമരനെല്ലൂർ എന്നിവിടങ്ങളിലേക്കും വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നുണ്ട്. ഈ ഭാഗത്ത് ഒരു ഹൈസ്കൂൾ അനുവദിച്ചാൽ അത് പഞ്ചായത്തിലെ 1 മുതൽ 5 വാർഡുവരെയുള്ള കുട്ടികൾക്ക് ഏറെ സഹായകരമായിരിക്കും. PTA , മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നു.

*6. ഗവ: എൽ.പി. സകൂൾ ആലംകോട്*

പഞ്ചായത്തിലെ ആദ്യത്തെ സ്കൂളാണിത്. 1911ലാണ് ഇത് സ്ഥാപിച്ചത്. ഈ വിദ്യാലയത്തിലെ ഭൗതിക സാഹചര്യങ്ങൾ എല്ലാം അപര്യാപ്തമാണ്. ആവശ്യത്തിന് കെട്ടിടമില്ല, ചുറ്റുമതി ലില്ല, കക്കൂസും മൂത്രപ്പുരയും ഇല്ല. ഇപ്പോളിവിടെ 173 കുട്ടികളും 6 അധ്യാപകരുമുണ്ട്. മാതൃസംഗമവും ജാഅ യും കാര്യക്ഷമ മാക്കണം.

*7. ഗവ. എൽ. പി. സ്കൂൾ, ചിയ്യാനൂർ*

1921ൽ സ്ഥാപിച്ച ഈ വിദ്യാലയം കുറച്ചു കാലം ചങ്ങരം കുളം അങ്ങാടിയിൽ ഒരു വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുക യുണ്ടായി. പിന്നീട് അധ്യായനം കോട്ടയിൽ വേലായുധൻ നായ രുടെ ഭവനത്തിൽ വച്ചായി. വേലുകുട്ടി എഴുത്തച്ഛൻ, ചേറളശ്ശേരി കൃഷ്ണൻ നായർ എന്നിവർ ആദ്യകാല അധ്യാപകരായിരുന്നു.

ഈ വിദ്യാലയത്തിന് ഇപ്പോൾ ഒട്ടനവധി പരാധീനതകൾ ഉണ്ട്. സ്കൂൾ നിൽക്കുന്ന സ്ഥലം ഇപ്പോൾ സ്വകാര്യ ഉടമസ്ഥത യിലുള്ളതാണ്. സ്ഥലം സർക്കാർ ഏറ്റെടുക്കാനുള്ള നടപടികൾ ദ്രുതഗതിയിലാക്കേണ്ടതുണ്ട്. സ്വന്തമായി കെട്ടിടം, ചുറ്റുമതിൽ, കുടിവെള്ളം, കക്കൂസ്, മൂത്രപ്പുര എല്ലാം ഈ വിദ്യാലയത്തിന് ആവശ്യമാണ്. PTA മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നുണ്ട്.

*8. എ. എം. എൽ. പി.സ്കൂൾ ഒതളൂർ സൗത്ത് പാവിട്ടപ്പുറം*

സ്വകാര്യ മേഖലയിലുള്ള ഈ വിദ്യാലയത്തിന്റെ ആദ്യ മാനേജർ അധ്യാപകനായിരുന്ന കുഞ്ഞിമരക്കാർ മാസ്റ്ററായി രുന്നു. പാവിട്ടപ്പുറത്താണ് ഇത് സ്ഥിതി ചെയ്യുന്നത്. മാനേജ് മെന്റിനെ സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ ഇപ്പോൾ ഈ വിദ്യാലയം താൽക്കാലികമായി സർക്കാർ ഏറ്റെടു ത്തിരിക്കുകയാണ്. നന്നായി നടന്നു വന്നിരുന്ന ഈ വിദ്യാലയം ഇക്കാരണങ്ങൾ കൊണ്ടു തന്നെ ഒരു തർച്ചയുടെ വക്കിലാണ്. വിദ്യാർത്ഥികളുടെ എണ്ണം ദിനേന കുറഞ്ഞു വരികയാണ്. പ്രാ ഥമിക സൗകര്യങ്ങൾ കുറവാണ്. ജാഅ , മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നു.

*9. ആയിഷാ മെമ്മോറിയൽ എൽ.പി.സ്കൂൾ, കോക്കൂർ*

പഞ്ചായത്തിന്റെ തെക്ക് കിഴക്കേ അതിർത്തയിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയം 1974ലാണ് പ്രവർത്തനം തുടങ്ങിയത്. ഇവിടെ കുട്ടികൾ പൊതുവേ കുറവാണ്. ഉള്ളവരിൽ നല്ലൊരു ശതമാനം പേരും അയൽ പഞ്ചായത്തിൽ നിന്നുള്ളവരാണ്. കെട്ടി ടവും ഫർണീച്ചറും ഉണ്ട്. കുടിവെള്ളവും ഉണ്ട്. ചുറ്റുമതിൽ ആവ ശ്യമാണ്. PTA മാതൃസംഗമം എന്നിവ കാര്യക്ഷമമായി പ്രവർത്തി ക്കുന്നു. ആലംകോട് ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡണ്ടായിരുന്ന അഷ്റഫ് കോക്കൂരാണ് ഈ വിദ്യാലയത്തിന്റെ മാനേജർ

*10. എ.എൽ.പി. സ്കൂൾ ചിയ്യാനൂർ*

1936 ലാണ് ഈ വിദ്യാലയം ആരംഭിച്ചത്. സ്ഥാപകൻ ചേമ്പ്രത്ത് ഗോവിന്ദൻ എഴുത്തച്ഛൻ ആദ്യകാല അധ്യാപകനും ആയിരുന്നു. ആദ്യകാലത്ത് ഗേൾസ് സ്കൂൾ ആയിട്ടായിരുന്നു അംഗീകരിച്ചത്. സമീപകാലത്ത് പുതിയ കെട്ടിടം പണിത് സൗക ര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ചുറ്റുമതിൽ ഉണ്ട്. PTA , മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നു. 174 കുട്ടികൾ ഇവിടെ അധ്യയനം നടത്തുന്നു.

*11. എ.എം.എൽ.പി.എസ്. കക്കിടിപ്പുറം*

പഞ്ചായത്തിൽ ഏറ്റവും കുറവ് വിദ്യാർത്ഥികളുള്ള എയി ഡഡ് വിദ്യാലയമാണിത്. കാദർ മാസ്റ്ററായിരുന്നു മാനേജർ. 128 കുട്ടികളും 5 അധ്യാപകരും ഇപ്പോൾ ഉണ്ട്. അടുത്ത കാലത്തായി ഇവിടെ അഡ്മിഷൻ കുറഞ്ഞുവരുന്നു. കൊഴിഞ്ഞ് പോക്കും അധികമാണ്. ഈ വിദ്യാലയം അടച്ചുപൂട്ടൽ ഭീഷണിയെ നേരിടു ന്നുണ്ട്. പ്രാഥമിക സൗകര്യങ്ങൾ ഉണ്ടെങ്കിലും തൃപ്തികരമല്ല. PTA , മാതൃസംഗമം എന്നിവ പ്രവർത്തിക്കുന്നുണ്ട്.

*12 എ.എം.എൽ. പി. സ്കൂൾ പെരുമുക്ക്*

ഓത്തുപള്ളിക്കൂടമായി തുടങ്ങി പിന്നീട് അംഗീകാരം ലഭിച്ച പഞ്ചായത്തിലെ മറ്റൊരു വിദ്യാലയമാണിത്. 1932ൽ കു ഞ്ഞിമരക്കാർ മൊല്ലയാണ് സ്ഥാപനം തുടങ്ങിയത്. പ്രാഥമിക സൗകര്യങ്ങൾ ഉണ്ട്. ചുറ്റുമതിൽ ഇല്ല. PTA , മാതൃസംഗം എന്നിവ പ്രവർത്തിക്കുന്നു. പഠന നിലവാരം കുറേക്കൂടി മെച്ചപ്പെടുത്തേ ണ്ടതുണ്ട്

*13. എ.എം.എൽ.പി. സ്കൂൾ പന്താവൂർ*

1917ൽ തിയ്യത്ത് വളപ്പിൽ മുഹമ്മദ് സ്ഥാപിച്ച ഈ വിദ്യാല യം പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ കാളാച്ചാലിൽ സ്ഥിതിചെയ്യുന്നു. ഇപ്പോൾ നാലാം തരം വരെ മാത്രമേ ഉള്ളൂവെ ങ്കിലും ആദ്യകാലത്ത് അഞ്ചാംക്ലാസ്സും ഉണ്ടായിരുന്നു. ചുറ്റുമതി ൽ, പാചകപ്പുര, കക്കൂസ് എന്നിവ നിർമ്മിക്കേണ്ടിയിരിക്കുന്നു. PTA മാതൃസംഗമം എന്നിവ ഭാഗികമായി പ്രവർത്തിക്കുന്നു.

*14. ജനത എ.എൽ.പി.സ്കൂൾ, ആലംകോട്*

1960ൽ ആരംഭിച്ച ഈ സ്കൂളിന്റെ സ്ഥാപകൻ P.P. കുഞ്ഞി മരക്കാർ ആയിരുന്നു. 150 കുട്ടികൾ ഇവിടെ പഠിക്കുന്നുണ്ട്. അടുത്ത കാലത്തായി ഈ വിദ്യാലയത്തിലും കുട്ടികൾ കുറഞ്ഞു വരുന്നതായി കാണുന്നു. രണ്ടുവർഷമായി മാനേജ്മെന്റിന്റെ കാര്യത്തിൽ നിലനിൽക്കുന്ന തർക്കം അറ്റകുറ്റപ്പണികളെ ബാധിച്ചിരിക്കുന്നു. ചുറ്റുമതിൽ,കക്കൂസ് എന്നിവ ഇല്ല. PTA , മാ തൃസംഗമം എന്നിവ പ്രവർത്തിക്കുന്നു.

*15. എം.വി.എം. റസിഡൻഷ്യൽ ഹൈസ്കൂൾ, വളയംകുളം*

കേരള സർക്കാരിന്റെ അംഗീകാരമുള്ള അൺ എയിഡഡ് വിദ്യാലയമാണിത്. ഈ വിദ്യാലയത്തിൽ ഇപ്പോൾ 8,9 ക്ലാസ്സുകളുണ്ട്. അടുത്ത വർഷമേ ഹൈസ്കൂൾ പൂർത്തിയാവൂ. അസ്സബാഹ് ട്രസ്റ്റിന്റെ കീഴിലാണിത് പ്രവർത്തിക്കുന്നത്. മികച്ച ഭൗതിക സാഹചര്യങ്ങളും ഭേദപ്പെട്ട പഠനനിലവാരവും ഈ വിദ്യാലയത്തിന്റെ പ്രത്യേകതയാണ്.

*പഞ്ചായത്തിന്റെ സേവനം*

ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ വികസന കാര്യത്തിൽ ഇവിടെ നിലനിവിൽ വന്ന ഓരോ ബോർഡും മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. വാർഷിക പരീക്ഷകളിൽ ഉയർന്ന മാർക്ക് വാങ്ങിക്കുന്ന വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡുകൾ, ദരിദ്ര വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങുവാൻ ധനസഹായം, കുടവിതരണം എന്നിവ പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി പലവിധ സഹായങ്ങളും ചെയ്തിട്ടുണ്ട്. ഇതിൽ എടുത്ത് പറയാവുന്നത് പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ കോക്കൂർ ഹൈസ്കൂളിന് ചെയ്തു കൊടുത്ത സേവനങ്ങളാണ്. പി.ടി.എ നിർമ്മാണം തുടങ്ങിയ അഞ്ചുമുറികളുള്ള കെട്ടിടത്തിന് 1992 ലെ പഞ്ചായത്ത് ദിനാഘോഷ സ്മരണക്കായി 75000രൂപ നൽകുകയുണ്ടായി. കുടിവെള്ള പ്രശ്ന പരിഹാരത്തിനായി വാട്ടർ ടാങ്ക് നിർമ്മിക്കുവാനും അനുബന്ധ പ്രവർത്തനങ്ങൾക്കുമായി സ്വാശ്രയ പഞ്ചായത്ത് ഫണ്ടിൽനിന്ന് 30000രൂപ നൽകുകയുണ്ടായി.

*പരിഹാര നിർദ്ദേശങ്ങൾ*

പഞ്ചായത്തിലെ മൊത്തത്തിലുള്ള വിദ്യാഭ്യാസ രംഗത്തെ വികസനത്തിന് ഒട്ടേറെ പരിപാടിയും നടപ്പിലാക്കേണ്ടതുണ്ട്. അവയിൽ പ്രധാനപ്പെട്ടവ ഏതെല്ലാമെന്ന് നോക്കാം.

1. എല്ലാ വിദ്യാലയങ്ങളിലേയും അധ്യാപക രക്ഷാകർത്തൃ സമിതിയുടേയും മാതൃസംഗമത്തിന്റേയും പ്രവർത്തനം കാര്യക്ഷമമാക്കുക
2. സ്കൂൾ പരിശോധനകൾ കർശനമാക്കുക
3. ആൾ പ്രമോഷൻ നിർത്തലാക്കുക
4. അധ്യാപകർക്ക് ഇടയ്ക്കിടെ റിഫ്രഷർ കോഴ്സുകൾ കൊടുക്കുക. അധ്യാപന സഹായങ്ങൾ ലഭ്യമാക്കുക.
5. LP സ്കൂളുകളോടനുബന്ധിച്ച് പ്രീ പ്രൈമറി സ്കൂൾ തുട



*മികച്ച വിദ്യാർഥിക്കുള്ള പഞ്ചായത്ത് വക ക്യാഷ് അവാർഡ് മുൻ ചീഫ് വിപ്പ് കെ.പി.എ. മജീദ് കോക്കൂർ ഹൈസ്കൂളിലെ വി.വി. ആഷിഖ് അഷറഫിന് സമ്മാനിക്കുന്നു.*

ങ്ങുക

6. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക.

7. പഞ്ചായത്തിലെ 1 മുതൽ 5 വരെയുള്ള വാർഡുകൾ കേ ന്ദ്രീകരിച്ച് ഒരു ഹൈസ്കൂൾ ആരംഭിക്കുക.

8. നിലവിലുള്ള വിദ്യാലയങ്ങളെ ദോഷകരമായി ബാധിക്കി ല്ലാത്ത വിധം ഉദിനൂപറമ്പ്, കിഴിക്കര, പള്ളിക്കുന്ന് എന്നിവിടങ്ങ ളിൽ LP സ്കൂളുകൾ ആരംഭിക്കുക.

9. മദ്രസ്സാ കെട്ടിടങ്ങൾ ഭൗതിക വിദ്യാഭ്യാസ വികസനത്തിന് ഉതകുമോ എന്ന് പരിശോധിക്കുക

10. പഞ്ചായത്തിലെ സാങ്കേതിക വിദഗ്ദരെ ഉപയോഗപ്പെടുത്തി ഒരു സാങ്കേതിക വിദ്യാലയം പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുക.

11. ടെക്നിക്കൽ ഹൈസ്കൂളിന് അക്വയർ ചെയ്ത സ്ഥലത്ത് കെട്ടിടം പണിത് സ്ഥാപനം അങ്ങോട്ട് മാറ്റുക

12. കോക്കൂർ ഹൈസ്ക്കൂളിൽ പ്ളസ് ടു ആരംഭിക്കുക

13. ഇപ്പോൾ പാവിട്ടപ്പുറത്ത് അസ്സബാഹ് കോളേജിൽ കേന്ദ്രസ ർക്കാർ അംഗീകാരത്തോടെ പെൺകുട്ടികൾക്കായി നടത്തുന്ന കോഴ്സുകൾ വിപുലീകരിച്ച് അതൊരു ഉന്നത പഠനകേന്ദ്രമായി ഉയർത്തുക.

14. പരീക്ഷാസമ്പ്രദായം കുറ്റമറ്റതാക്കുക. ഒന്നും രണ്ടും ടേം പരീക്ഷാ നടത്തിപ്പിന്റെ ചുമതല DIET ഏറ്റെടുക്കുക. ചോദ്യക്ക ടലാസ് അവർ തന്നെ തയ്യാറാക്കണം.

15. സ്റ്റാഫ് ഫിക്സേഷൻ കൃത്യസമയത്ത് പൂർത്തിയാക്കി യഥാ സമയം അധ്യാപകരെ നിയമിക്കുക.

16. പാഠപുസ്തകങ്ങൾ യഥാസമയം ലഭ്യമാക്കുക.

17. എല്ലാ പ്രൈമറി വിദ്യാലയങ്ങളിലു ഉച്ചഭക്ഷണം കൃത്യമായി കൊടുക്കുക.

18. പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ച് വിദ്യാലയങ്ങളിലെ ഭൗതിക അക്കാദമിക് കാര്യ ങ്ങൾ ക്രമമായി വിലയിരുത്തുക. നിർദ്ദേശങ്ങൾ നൽകുക.

❋ ❋ ❋

# 6. കുടിവെള്ളവും പൊതുജനാരോഗ്യവും

ഈ പഞ്ചായത്തിലെ ഗൗരവമേറിയ പ്രശ്നങ്ങളിലൊന്നാണ് കുടിവെള്ളപ്രശ്നം. രൂക്ഷമായ വരൾച്ചയെ അഭിമുഖീകരിക്കേണ്ടിവരുന്ന സമയങ്ങളിൽ ഈ പഞ്ചായത്തിലെ നിവാസികൾ ഒട്ടനവധി ക്ലേശങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്നു. വർഷത്തിൽ 300 ഇഞ്ച് മഴ ലഭിക്കുന്നുണ്ടെങ്കിലും ഫിബ്രവരി, മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും കുടിവെള്ളപ്രശ്നം രൂക്ഷമാണ്. കുടിവെള്ളത്തിനായി പഞ്ചായത്തിലെ ഭൂരിപക്ഷം ജനങ്ങളും 85%ത്തോളം കിണറുകളെയാണ് ആശ്രയിക്കുന്നത്. 5047 കിണറുകളുള്ളതിൽ 1535 കിണറുകളിൽ വേണ്ടത്ര വെള്ളം ലഭിക്കുന്നില്ല. മഴയെ ആശ്രയിച്ചാണ് ഇവിടുത്തെ നെൽകൃഷി നടന്നുവരുന്നത്. ഒറ്റപ്പെട്ട മറ്റു ജലസ്രോതസ്സുകളും ഉണ്ട്. കുളങ്ങളും തോടുകളും വിവിധ വാർഡുകളിൽ സുലഭമായി വെള്ളത്തിന്റെ ലഭ്യത നൽകുന്നില്ല.

ശുദ്ധജലസ്രോതസ്സുകൾ

| കിണറുകൾ | | | | കുഴൽ കിണറുകൾ | ആകെ കിണറുകൾ |
|---|---|---|---|---|---|
| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | | |
| വെള്ളമുള്ളത് | വെള്ളമില്ലാത്തത് | വെള്ളമുള്ളത് | വെള്ളമില്ലാത്തത് | | |
| 38 | 6 | 4943 | 60 | 12 | 5047 |

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുമാണ് നമുക്ക് വേണ്ട ജലവിതരണം ലഭിച്ചുകൊണ്ടിരിക്കുന്നത്. വാട്ടർ അതോറിറ്റിയുടെ ഒരു പദ്ധതി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ഈ പഞ്ചായത്തിൽ 226 പൊതുടാപ്പുകളും 12 കുഴൽകിണറുകളും ഉണ്ട്. പൊതുടാപ്പുകളിൽ പലതും വെള്ളം വിതരണം ചെയ്യാതെ നോക്കുകുത്തികളായി നിൽക്കുന്നു. ഡാനിഡ പദ്ധതി കമ്മീഷൻ ചെയ്തുവെങ്കിലും പഞ്ചായത്തിനകത്ത് പദ്ധതിലക്ഷ്യം കൈവരിച്ചിട്ടില്ല. ഇപ്പോൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ഡാനിഡ ടാപ്പുകളിൽ പലതിലും വെള്ളം കിട്ടാത്ത അവസ്ഥ നിലനിൽക്കുകയാണ്.

പട്ടിക 2.

KWA പദ്ധതികൾ (C.R.W.S.S)

| | ടാപ്പുകളുടെ എണ്ണം |
|---|---|
| ആലക്കോട് | 20 |
| തേർത്തല്ലി | 43 |
| കൊക്കമുള്ള | 20 |
| പരപ്പ/ചുള്ളിപ്പള്ളി | 39 |
| ചാപ്പക്കൽ | 8 |
| കാർത്തികപുരം | 96 |

പഞ്ചായത്തിലെ പലഭാഗങ്ങളിലും വേനൽക്കാലങ്ങളിൽ കുടിവെള്ളം ശേഖരിക്കുന്നതിനായി ശരാശരി 1 കി.മീ. വരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു. ഈ പഞ്ചായത്തിൽ ഇന്ന് പ്രവർത്തനക്ഷമമായ സ്ഥിതിയിലുള്ള ഡാനിഡ പദ്ധതിയിൽ നിർമ്മിച്ചതാണ്. ഇതിന്റെ 2 സ്റ്റോറേജുകൾ കോക്കോർ പൊട്ടിക്കണ്ടി കുന്നിലും തേർത്തല്ലിയിലും സ്ഥിതി ചെയ്യുന്നുണ്ട്. എന്നാൽ ഈ ബൃഹത് പദ്ധതി പല സാങ്കേതിക കാരണങ്ങളാൽ 13 വർഷങ്ങളായി പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിലെ പല കുന്നിൻ പ്രദേശങ്ങളിലും വേനൽക്കാലത്ത് വെള്ളം ലഭിക്കുന്നില്ല. പലരും ആഴംകൂട്ടി വൃത്തിയാക്കിയാൽ ഉപയോഗിക്കാൻ കഴിയാവുന്നതാണ്. സ്വകാര്യകുളങ്ങളിൽ പലതും വേനൽ കാലങ്ങളിൽ വറ്റുന്നവയാണ്. കൃഷിക്കാർ ജലസേചനത്തിനായി പലകുളങ്ങളും ഉപയോഗിച്ചുവരുന്നു. പഞ്ചായത്തുകിണറുകളിൽ പലതും പാർശ്വഭിത്തി ഇല്ലാത്തവയാണ്. ചിലകിണറുകളിൽ വെള്ളമുണ്ടെങ്കിലും മണ്ണിടിച്ചിൽ അനുഭവപ്പെടുന്നുണ്ട്. കുഴൽകിണറുകൾ പലതും കേടുവന്നുകിടക്കുകയാണ്. ഇതിനു റിപ്പയർ ആവശ്യമാണ്.

കുടിവെള്ള പ്രശ്നപ്രദേശങ്ങൾ

1-ാം വാർഡ്: കാളാച്ചാലിൽ തെക്കേമുക്ക് കോളനി, കൊടക്കാട്ടുകുന്ന് പ്രദേശം, കാളാംകുന്ന് പ്രദേശം

2-ാം വാർഡ്: പന്താംകുന്ന് പ്രദേശം, ചിറ്റടിക്കുന്ന പ്രദേശം, നെല്ലിയോത്തറ.

3-ാം വാർഡ്: കക്കിടിപ്പുറം സ്കൂളിനു സമീപമുള്ള ഹരിജൻ കോളനി, കോട്ടേക്കുന്ന് പ്രദേശം, കക്കിടിപ്പുറം റേഷൻഷാപ്പ് പരിസരം, ആട്ടേക്കുന്ന് പ്രദേശം, താഴ്പറമ്പ് പ്രദേശം, കക്കാട്ട് ഹരിജൻകോളനി പ്രദേശം, ഉദിനുപറമ്പ് പ്രദേശം, ആലക്കോട് പ്രദേശം.

4-ാം വാർഡ്: മാങ്ങോട്ട് അച്ചിപ്പറമ്പുകുന്ന് പ്രദേശം, മാന്തടം ലക്ഷംവീട് കോളനി, മാന്തടം ചെറുകുന്നത്ത്, അയിലക്കാട് ഹരിജൻ കോളനിപ്രദേശം, അങ്ങാടിക്കുന്ന് ഹരിജൻ കോളനി, ഉദിനുപറമ്പ് ഹരിജൻ കോളനി, ചിറ്റേനൂർ ഇരിങ്ങാലിക്കൽ ഭാഗം, ചേലിക്കൽ ഭാഗം,

5-ാം വാർഡ്: പെരുമുക്ക് ഹരിജൻ കോളനി, പെരുമുക്ക് പടിഞ്ഞാറു ഭാഗം, പെരുമുക്ക് എൽ.പി.സ്കൂളിനു വടക്കു ഭാഗം, കിളിയാംകുന്ന്, ചങ്ങരംകുളം അങ്ങാടിയുടെ പടിഞ്ഞാറുഭാഗം, മുത്തൂർ ഭാഗം

6-ാം വാർഡ്: ചിയ്യാനൂർ ലക്ഷംവീട് കോളനി പ്രദേശം, ചിയ്യാനൂർ, നാട്ടുകല്ലിങ്ങൽ എന്നീ ഹരിജൻ കോളനിപ്രദേശങ്ങൾ, കിഴക്കെ ചിയ്യാനൂർ ഭാഗം, ചിയ്യാനൂർ എൽ.പി.സ്കൂൾ പരിസരം, അയ്യോത്ത്കുന്ന് പ്രദേശം, ചിയ്യാനൂർ ഭൂദാനകോളനി

7-ാം വാർഡ്: മനക്കൽകുന്ന്, പൊടിയേനികുന്ന്, പാണംപടി, മടത്തുംപുറം ഹരിജൻ കോളനി

8-ാം വാർഡ്: കോക്കൂർ ഹരിജൻ കോളനി, കോക്കൂർ കിഴക്കുംമുറി, പാവിട്ടപ്പുറം, കോലിക്കര, കോക്കൂർ കാണിയത്തുവളപ്പിൽ പ്രദേശം, പാണംപടിമേഖല, കുറുവത്തുവളപ്പിൽ മേഖല, ഇല്ലത്തുവളപ്പിൽ പ്രദേശം, മാങ്കുളം അമ്പലപ്രദേശം, തെങ്ങിൽ തറ, ഷാലിമാർ പാറപ്പുറം.

9-ാംവാർഡ്: കോലിക്കര ഹരിജൻ കോളനി, കോലിക്കര പള്ളിപ്രദേശം, പള്ളിക്കുന്ന്, പാറിട്ടപ്പുറം

10-ാം വാർഡ്: കോട്ടേകുന്ന്പ്രദേശം, എറവാംകുന്ന്, കിഴിക്കര, കിഴിക്കര ലക്ഷംവീട്കോളനി, കിഴിക്കര പാവിട്ടപ്പുറത്തിന്റെ മേൽഭാഗം

11-ാം വാർഡ്: ഒതളൂർ കിഴക്കുംമുറി, ഒതളൂർ പടിഞ്ഞാറ്റുംമുറിപ്രദേശം, പൊലിയോടം, ഒതളൂർ തെക്കുംമുറി, ഒതളൂർ വടക്കുംമുറി, ഒതളൂർചർക്കക്ലാസ് പ്രദേശം, യു.പി.സ്കൂൾ സമീപപ്രദേശം

*നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ*

1-ാം വാർഡ്: കാളാച്ചാലിൽ തെക്കേമുക്ക് കോളനിയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. കൊടക്കാട്ടുകുന്ന് പ്രദേശത്ത് പൈപ്പ്ലൈൻ സ്ഥാപിക്കുക. കാളാംകുന്ന് പ്രദേശത്ത് നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. നിലവിലുള്ള പഞ്ചായത്തുകിണറുകൾ വൃത്തിയാക്കി കോൺക്രീറ്റ് റിംഗ് ഇറക്കുക. കാളാച്ചാൽ സെന്ററിൽറോഡ് പുറമ്പോക്കിൽ നല്ലജലസ്രോതസ്സുള്ള നിലവിലുള്ള കിണർ ചുറ്റുമതിൽ കെട്ടി ഉപയോഗപ്രദമാക്കുക. നിലവിലുള്ള കുഴൽക്കിണറുകൾ ഉപയോഗപ്രദമാക്കുക

2-ാം വാർഡ്: പന്താംകുന്ന് പ്രദേശത്ത് നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. വീടുകളിലേക്ക് വാട്ടർകണക്ഷൻ ലഭ്യമാക്കണം, ചിറ്റഴിക്കുന്ന് പ്രദേശത്ത് പൈപ്പ്ലൈൻ ഇടണം. കൂടാതെ കിണർ കുഴിക്കണം. നെല്ലിശ്ശേരി തറയിൽ പൈപ്പുകൾ സ്ഥാപിക്കണം

3-ാം വാർഡ്: കക്കിടിപ്പുറം ഹരിജൻ കോളനിയിലേക്ക് വാട്ടർ കണക്ഷൻ ലഭ്യമല്ല. കേടുവന്ന പൈപ്പുകൾ ശരിയാക്കണം. ഈപ്രദേശത്ത് കളത്തിൽതാഴത്ത് കിണർകുഴിച്ച് ടാങ്ക്കെട്ടി വെള്ളം വിതരണം ചെയ്യണം. കോട്ടേകുന്ന് പ്രദേശത്തക്ക് വെള്ളം പൈപ്പുകൾ വഴി എത്തുന്നില്ല. എത്തിക്കണം. ടാങ്കുകൾ റിപ്പയർ ചെയ്യിക്കണം. കോട്ടേകുന്ന് കോളനിയിൽ ഒരുഹാന്റ് പമ്പ് സ്ഥാപിക്കണം. പഞ്ചായത്തുകിണർ താഴ്ത്തി വെള്ളം ലഭ്യമാക്കണം. കക്കിടിപ്പുറം റേഷൻഷാപ്പ് പരിസരത്ത് നിലവിലുള്ള ഹാന്റ് പമ്പ് റിപ്പയർ ചെയ്യുക. പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. അട്ടേകുന്ന് പ്രദേശത്ത് നിലവിലുള്ള ടാപ്പുകളിൽ വെള്ളംകിട്ടുന്നതിനുള്ള പ്രവർത്തനം നടത്തണം. ടാപ്പുകൾ ദീർഘിപ്പിക്കണം. പഞ്ചായത്തുകിണറുകൾ റിപ്പയർ ചെയ്യണം. അട്ടേകുന്ന് പ്രദേശത്ത് ടാങ്ക് സ്ഥാപിച്ച് വീട്ടുകണക്ഷൻ കൊടുക്കണം. തച്ചുപറമ്പുഭാഗത്തേക്ക് പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. കിണറുകൾ റിപ്പയർ ചെയ്ത് റിംഗ് ഇറക്കി ശുദ്ധജലം ലഭ്യമാക്കണം. കക്കാട്ഹരിജൻ കോളനി പ്രദേശത്ത് നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കണം. കേടുവന്ന പൊതുടാപ്പുകൾ റിപ്പയർ ചെയ്ത് ശുദ്ധജലം എത്തിക്കണം. പൊതുകിണറുകൾ ആഴംകൂട്ടണം. ഒരു പൊതുകിണർ അനുവദിക്കണം. (കക്കാട്ട് ഭാഗം) . കക്കാട്ട് ഭാഗത്തേക്ക് ഉദിനുപറമ്പ് വരെയുള്ള ഭാഗങ്ങളിലേക്ക് നിലവിലുള്ള പൈപ്പ് റിപ്പയർ ചെയ്യണം. ഹാന്റ് പമ്പ് റിപ്പയർ ചെയ്യണം. ഉദിനുപറമ്പിൽ 2 പൊതുകിണറുകൾ സ്ഥാപിക്കണം. ഉദിനുപറമ്പിൽ ടാങ്കുകെട്ടി പൈപ്പുവഴി വീടുകളിലേക്ക് കണക്ഷൻ ലഭ്യമാക്കണം.

4-ാം വാർഡ്: അച്ചാഴിയത്ത് കുന്ന്, പോസ്റ്റ് ഓഫീസ് മുതൽ കുട്ടുമുപ്പൻ റോഡ്, മാന്തടം ഹരിജൻ കോളനി, മാന്തടം മുതൽ കക്കിടിപ്പുറം അട്ടേക്കുന്ന് അതിർത്തിവരെ, ആലംകോട് ഹരിജൻ കോളനി ആലംകോട് പൂമുഖത്ത് ഇടവഴി, ആലംകോട് തട്ടാൻപറമ്പ് റോഡ്മുതൽ ജി. എൽ.പി. സ്കൂൾ അതിർത്തിവരെ, ചേലാക്കൽഭാഗം, അട്ടേകുന്ന് ഹരിജൻകോളനി ആലങ്കോട് റോഡുമുതൽ കക്കാട്ട് ഹരിജൻകോളനി റോഡുവരെ, മാന്തടം പൊതുശ്മശാനറോഡ് ഉദിനുപറമ്പ് മുതൽ ഞാറകുന്ന് വരെ, ചിയ്യാനൂർ ഇരിക്കാലിക്കൽ ഭാഗം എന്നീ സ്ഥലങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുകയും പുതിയ ടാപ്പുകൾ സ്ഥാപിക്കുകയും വേണം. കേടുവന്ന ടാപ്പുകൾ റിപ്പയർ ചെയ്യിക്കണം.

കിണർ: നിലവിലുള്ള പഞ്ചായത്തുകിണർ റിപ്പയർ ചെയ്യണം. മാന്തടം ഹരിജൻ കോളനി, അട്ടേകുന്ന് ഹരിജൻകോളനി, ആലംകോട് ഹരിജൻകോളനി, ഉദിനുപറമ്പ്, ഞാറക്കുന്ന് സ്ഥലങ്ങളിൽ പുതിയ കിണർ കുഴിക്കണം. കിണറുകളില്ലാത്ത വീട്ടുകാർക്ക് പുതിയ കിണർ കുഴിക്കാൻ സഹായം എത്തിക്കണം.

ഹാന്റ് പമ്പ്: കേടുവന്ന ഹാന്റ് പമ്പുകൾ റിപ്പയർ ചെയ്യണം. 10 വീടുകൾക്ക് ഒരു പൊതുടാപ്പ് വീതം സ്ഥാപിക്കണം. വീട്ടുകണക്ഷൻ കഴിയുന്നത്ര വ്യാപിപ്പിക്കണം. 25ഓളം പൊതുകിണർ സ്ഥാപിക്കണം. അട്ടേകുന്ന് ഉദിനുപറമ്പ്, ഞാറക്കുന്ന്, അച്ചാഴിയത്ത്കുന്ന് ഭാഗങ്ങളിൽ ടാങ്കുക

ൾ കെട്ടി ജലവിതരണം നടത്തണം. നില വിലുള്ള ഡാനിഡടാപ്പുകൾ വാർഡിന്റെ മറ്റുഭാഗങ്ങളിലേക്ക് വ്യാപിപ്പിക്കണം.

5-ാം വാർഡ്: പെരുമുക്ക് ഹരിജൻ കോള നിയിലെ ഹാന്റ്പമ്പ് കേടുവന്നത്. റിപ്പയർ ചെയ്യണം. പെരുമുക്ക് LP സ്കൂളിനു സമീ പത്തുകൂടെ വടക്കോട്ടു പോകുന്ന റോഡി ൽ പൈപ്പ്ലൈൻ സ്ഥാപിക്കണം. പെരുമു ക്ക് ട്രാൻസ്ഫോർമറിന് ഇരുവശവുമുള്ള റോഡുകളിൽ പൈപ്പ്ലൈൻ സ്ഥാപി ക്കണം. ചങ്ങരംകുളം ഭൂദാനകോളനി, ഹരിജൻകോളനി(ചങ്ങരംകുളം), പെരുമു ക്ക് പടിഞ്ഞാറ് ഭാഗം, ചങ്ങരംകുളം അ ങ്ങാടിയുടെ പടിഞ്ഞാറ്ഭാഗം, മുത്തൂർ ഭാ ഗം, കിളിയാംകുന്ന്, പന്താവൂർ പുറമ്പോ ക്ക് എന്നിവിടങ്ങളിൽ പൈപ്പ് സ്ഥാപിക്കു ക. പന്താവൂർ പുറമ്പോക്കിൽ കിണർ കുഴിക്കണം. മാന്തടം ചാത്തൻകുളങ്ങരവ ഴി ചേമ്പിൻകടവ് റോഡ് പൈപ്പ്ലൈൻ ഇടണം.

6-ാം വാർഡ്: കിഴക്കേചിയ്യാനൂർ ഭാഗ ത്തും പുതിയ ടാപ്പുകൾ സ്ഥാപിക്കുക യും കുടിവെള്ള ലഭ്യത ഉറപ്പുവരുത്തുക. അതേസമയം നിലവിലുള്ള ടാപ്പുകൾ റിപ്പ യർ ചെയ്യുക. നാട്ടുകല്ലിൽ കോളനിയിൽ കിണർ റിപ്പയർ ചെയ്യുകയും കിണർ ഇടിയുന്നതും മറ്റും തടയുക ആവശ്യമാ ണ്. ഭൂദാനംകോളനി, LP സ്കൂൾ പരിസ രം, അയ്യോത്ത്കുന്ന് എന്നിവിടങ്ങളിൽ നിലവിലുള്ള കിണറുകൾ നന്നാക്കുകയും ചിയ്യാനൂർ മാധവൻ നായർ മെമ്മോറിയൽ റോഡിൽ സ്ഥിതിചെയ്യുന്ന പാടുകുളം എന്ന സ്ഥലത്ത് ഒരു മിനിവാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയാൽ ഈ പ്രദേശത്തു മൊത്തം അനുഭവപ്പെടുന്ന ജലദൗർലഭ്യം പരിഹരിക്കാൻ സാധിക്കും.

7-ാം വാർഡ്: മനക്കൽകുന്ന്, പൊടി യേനികുന്ന്, ഹരിജൻ കോളനിയിലുള്ള കിണർ, പാണംപടി, മഠത്തുംപുറം ഹരി ജൻകോളനി, എന്നീ പ്രദേശങ്ങൾ ഉയർ ന്ന സ്ഥലമാണ്. ഈ പ്രദേശങ്ങളിൽ മിനി ടാങ്കുകൾ നിർമ്മിക്കുകയും ശുദ്ധജലവി തരണം ത്വരിതപ്പെടുത്തുകയും ചെയ്യുക. നിലവിലുള്ള പൊതുകിണർ, ഹാന്റ് പമ്പ് എന്നിവ റിപ്പയർ ചെയ്തു ഉപയോഗപ്ര ദമാക്കുകയും വേണം. കൂടാതെ വളയം കുളം മെയിൻ റോഡ് പുറംപോക്കിൽ ഒരി ക്കലും വറ്റാത്ത ഒരു ജലസ്രോതസ്സുണ്ട്. ഇതു കുടിവെള്ളവിതരണത്തിന് ഉപയോ ഗപ്രദമാക്കണം. ഈ മേഖലയിലെ കുടി വെള്ളക്ഷാമം പരിഹരിക്കാൻ ഒരുപരിധി വരെ ഇതു സഹായകമാകും. ഈ വാർഡി ൽ പൊടിയാനിക്കുന്ന് പ്രദേശത്തു സ്ഥി തിചെയ്യുന്ന വാട്ടർടാങ്കിലേയും ജലവിതര ണം കാര്യക്ഷമമാക്കി വാർഡിലെ മുഴുവ ൻ ടാപ്പുകളിലും ജലലഭ്യത ഉറപ്പുവരുത്തു ക.

8-ാം വാർഡ്: ഈ വാർഡിൽ കോക്കൂർ ഹരിജൻകോളനികളിലുള്ള പൊതുകിണ റുകളിൽ ജലലഭ്യതക്കുവേണ്ടി ഭൂഗർഭ ജലവിനിയോഗസമ്പ്രദായം ഏർപ്പെടുത്ത ണം. കിഴക്കുംമുറി, പാവിട്ടപ്പുറം, കോലി ക്കര, കണിയത്തുവളപ്പിൽ പ്രദേശം എന്നീ ഭാഗങ്ങളിൽ നിലവിലുള്ള ടാപ്പു കളിലെ ജലലഭ്യത ഉറപ്പു വരുത്തണം. ഇ തിലേക്കായ് പൊടിയാനിക്കുന്ന് പ്രദേശ ത്തെ വാട്ടർ ടാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. കൂടാതെ കൂടുതൽ പ്രദേശങ്ങളിലേക്ക് ടാപ്പുകൾ നീട്ടിക്കൊടു ക്കുകയും വേണം. പാണംപടി, കുറുവ ത്തുവളപ്പിൽ, ഇല്ലത്തുവളപ്പിൽ, മാങ്ങകു ളം, അമ്പലപ്രദേശം, തെങ്ങിൻതറ, ഷാലി മാർ പാറപ്പുറം ഈ പ്രദേശങ്ങളിലെ ജലക്ഷാമം പരിഹരിക്കാൻ മാങ്കുളം, പു ത്തൻകുളം എന്നിവ നന്നാക്കുകയും ഒരു മിനിജലവിതരണ പദ്ധതി തുടങ്ങുകയും വേണം.

9-ാം വാർഡ്: കോലിക്കരഹരിജൻ ഏറ്റ വും ഉയർന്ന കുന്നിൻ പ്രദേശമാണ്. ഇവി ടെ കുടിവെള്ളലഭ്യതയും രൂക്ഷമാണ്. ഇ തിനോട് തൊട്ടുകിടക്കുന്ന പ്രദേശമാണ് കോലിക്കരപള്ളി പ്രദേശം. ഈ പ്രദേ ശത്തു ജലലഭ്യതയുള്ള വയൽ പ്രദേശമു ണ്ട്. ഇവിടെ ഒരു മിനിജലവിതരണപദ്ധതി നടപ്പാക്കിയാൽ കുടിവെള്ളക്ഷാമം പരിഹ രിക്കാവുന്നതാണ്. പള്ളിക്കുന്ന് പാവിട്ട പ്പുറം പ്രദേശങ്ങളിൽ ഇടിഞ്ഞ പൊതുകി ണറുകൾ ഉണ്ട്. ഇവ കുടിവെള്ളത്തിനു ഉപയോഗപ്രദമാക്കണം. വാക്കേത്തു താ ഴെ കുളവും ഈ പ്രദേശത്താണ്. ഈ കു ളം നന്നാക്കി ജലവിതരണത്തിനു ഉപയോഗപ്രദമാക്കണം.

10-ാം വാർഡ്: കോട്ടേകുന്ന് പ്രദേശത്ത് പുതിയ കണറുകൾ കുഴിക്കുകയും പുതി യ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക. വാർഡിന്റെ 4 ഭാഗത്തായി 4 കുഴൽകിണ റുകൾ സ്ഥാപിക്കണം. കുന്നുപ്രദേശം, കിഴിക്കര ലക്ഷംവീട് കോളനി മിനിവാട്ടർ പ്ലാന്റുകൾ നിർമ്മിച്ചു ജലലഭ്യത ഉറപ്പുവരുത്തണം.

11-ാം വാർഡ്.: ഒതളൂർപ്രദേശം കുടിവെ ള്ളത്തിനു രൂക്ഷത അനുഭവപ്പെടുന്ന സ്ഥ ലമാണ്. ഇവിടെ ഡാനിഡ പദ്ധതി പ്രകാരമുള്ള 7 ടാപ്പുകളുടെ എണ്ണം 25 എ ണ്ണം ആയി വർദ്ധിപ്പിക്കുകയും ഉയർ ന്നപ്രദേശങ്ങളിൽ പൊതുകിണറുകൾ കുഴിക്കുകയും ഇവയിൽനിന്നും ജലം ടാങ്കുകളിലേക്ക് പമ്പുചെയ്തു വിതരണം മെച്ചപ്പെടുത്തുകയും വേണം. ടാപ്പുകൾ പുതിയതായി ഒതളൂർ ചർക്കക്ലാസിന് സമീപം ദീർഘിപ്പിക്കണം. യു. പി. സ്കൂ ളിലേക്ക് ടാങ്കിൽ നിന്നും വെള്ളം പൈ പ്പുവഴി നേരിട്ട് എത്തിക്കുന്നതിന് സംവി ധാനം ഏർപ്പെടുത്തണം.

*പൊതു നിർദ്ദേശങ്ങൾ*

1. ഡാനിഡ പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ള വാട്ടർ ടാങ്കുകളിലൂടെ എല്ലാ ഉയർന്ന പ്രദേശങ്ങളിലേക്കും വെള്ളം ലഭിക്കാ നുള്ള പദ്ധതി നിലവിലുണ്ടെങ്കിലും ഈ ടാങ്കുകൾ നിറക്കാനുള്ള സാഹചര്യങ്ങൾ പമ്പിംഗ് സംവിധാനത്തിൽ ഇല്ലാത്ത തുകൊണ്ടും വർഷകാലങ്ങളൽ പോലും ടാങ്കിന്റെ പകുതി ഭാഗം വരെ വെള്ളം നിറ

ക്കാൻ കഴിയുന്നുള്ളൂ. എന്നാൽ വേനൽ കാലങ്ങളിൽ ടാങ്കിന്റെ പകുതിഭാഗം വരെ വെള്ളം നിറക്കാൻ കഴിയാത്തത്കൊണ്ട് ഉയർന്നടാപ്പുകളിൽ വെള്ളം സ്ഥിരമായി ലഭിക്കുന്നില്ല. ഇതിന് പരിഹാരമായി ഉയർന്ന പ്രദേശങ്ങളിൽ മിനിവാട്ടർ ടാങ്കുകൾ നിർമ്മിച്ച് അതിൽ വെള്ളം സ്റ്റോറു ചെയ്യുകയും, ആ ടാങ്കിൽ തന്നെ ടാപ്പുകൾ ഘടിപ്പിച്ച് പൊതുജനങ്ങൾക്ക് വെള്ളം എടുക്കാനുള്ള സംവിധാനം ഉണ്ടാക്കിയാൽ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും.

2. വാട്ടർ അതോറിട്ടി ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്ന ഭാരതപ്പുഴയിലെ പംമ്പിംഗ് കൂടാതെ വേനൽകാലങ്ങളിൽ പഞ്ചായത്തിലുള്ള കിണറുകളിൽ താൽക്കാലിക പംമ്പിംഗ് സൗകര്യം ഏർപ്പെടുത്തണം.

3. ഡാനിഡ പദ്ധതിക്കു കീഴിൽ ഹൗസ്കണക്ഷനുകൾ ഉടനെ ഏർപ്പെടുത്തണം.

4. മിനിവാട്ടർ സ്കീം പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും നടപ്പാക്കുക.

## *ആരോഗ്യം ശുചിത്വം*

ആരോഗ്യമുള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്താണ്. ഈ പഞ്ചായത്തിലെ ആരോഗ്യസ്ഥിതി കേരളത്തിന്റെ ശരാശരി ആരോഗ്യസ്ഥിതിയേക്കാൾ വളരെ മെച്ചപ്പെട്ടതാണ്. ഇവിടുത്തെ ശിശുമരണ നിരക്കും മാതൃമരണനിരക്കും താരതമ്യേന കുറവാണ്. ഇത് ഇവിടുത്തെ മെച്ചപ്പെട്ട ആരോഗ്യസ്ഥിതിയേയും ജീവിതനിലവാരത്തേയും സൂചിപ്പിക്കുന്നു.

ഏറ്റവും പുതിയ കണക്കു പ്രകാരം ഈ പഞ്ചായത്തിൽ ഒരു വയസ്സിനു താഴെ പ്രായമുള്ള കുട്ടികൾ 493ഉം 12 വയസ്സു വരെ പ്രായമുള്ള കുട്ടികൾ 486ഉം 2–3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ 520ഉം 3–5 വയസ്സുവരെ പ്രയമുള്ള കുട്ടികൾ 1361ഉം ആണ്. മറ്റു വിവരങ്ങൾ

പട്ടിക

| ജനസംഖ്യ | പുരുഷൻമാർ | സ്ത്രീകൾ |
|---|---|---|
| 23,863 | 14731 | 14132 |

ആരോഗ്യ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിലെ മുക്കിലും മൂലയിലും എത്തിയിട്ടുണ്ടെന്ന് പറയാം. കുടുംബാസൂത്രണ പ്രവർത്തനങ്ങളിലും രോഗപ്രതിരോധ പ്രവർത്തനങ്ങളിലും ജനങ്ങൾ വളരെ ഉത്സുകരാണ്. 15 മുതൽ 44വയസ്സുവരെയുള്ള 3575 ദമ്പതികൾ ഈ പഞ്ചായത്തിൽ ഉണ്ടെന്ന് ആരോഗ്യസർവ്വേകൾ രേഖപ്പെടുത്തുന്നു. ഇതിൽ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ 1562പേർ സ്വീകരിച്ചിട്ടുണ്ട്.

ടേബിൾ 2

ജനന മരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1993 | 103 | 101 | ഇല്ല |
| 1994 | 63 | 94 | ഇല്ല |
| 1995 | 30 | 93 | 1 |

ടേബിൾ 3

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

കുട്ടികളുടെ അടിസ്ഥാനത്തിൽ

| | | |
|---|---|---|
| കുട്ടികളുടെ എണ്ണം | 1 | 10 |
| | 2 | 375 |
| 2ൽ കൂടുതൽ കുട്ടികൾ | – | 1177 |

ടേബിൾ 4

വയസ്സുതിരിച്ചുള്ള ദമ്പതിമാരുടെ കണക്കുകൾ

| Age Group | ദമ്പതിമാരുടെ എണ്ണം |
|---|---|
| 15-19 | 150 |
| 20-24 | 646 |
| 25-29 | 1034 |
| 30-34 | 904 |
| 35-39 | 615 |
| 40-44 | 220 |

പ്രതിരോധന കുത്തിവെപ്പു നില

(ടേബിൾ 5)

ടേബിൾ 6

| ടെറ്റനസ് | ടോക്സോയ്ഡ് (T.T) | |
|---|---|---|
| ഗർഭിണികൾ | 1D | 2D |
| | 173 | 148 |

വികലാംഗരുടെ തരംതിരിച്ചുള്ള കണക്കുകൾ ടേബിൾ(7)ൽ കൊടുത്തിട്ടുണ്ട്.

വികലാംഗർ നടത്തുന്ന അഞ്ച് പബ്ലിക്ക് ടെലഫോൺ ബൂത്ത് ഈ പഞ്ചായത്തിൽ ഉണ്ട്.

ടേബിൾ 7

അംഗവൈകല്യമുള്ളവർ

| | |
|---|---|
| അന്ധർ | 4 |
| ബധിരർ | 15 |
| മൂകർ | 7 |
| ബധിരമൂകർ | 5 |
| ചലനവൈകല്യമുള്ളവർ | 25 |
| ആകെ | 50 |

കാര്യമായ ഒരു പകർച്ചവ്യാധിയും ഈ പഞ്ചായത്തിൽ ഇതുവരെ ബാധിച്ചിട്ടില്ല. സാധാരണ അസുഖങ്ങൾ മാത്രമേ ഡിസ്പെൻസറിയിൽ എത്തുന്നുള്ളു. എന്നാൽ ചങ്ങരംകുളം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു ആരോഗ്യകേന്ദ്രം ഇവിടെയുണ്ട്.

5 കുഷ്ടരോഗികളെ പഞ്ചായത്തിൽ കണ്ടെത്തി. ആലങ്കോട് ഹെൽത്ത് സെന്റർ മുഖേന ചികിത്സിച്ചുവരുന്നുണ്ട്. ക്ഷയരോഗികളായി 18 പേർ ഇവിടെ ചികിത്സ നടത്തുന്നുണ്ട്.

പകർച്ചവ്യാധി വിവരങ്ങൾ (ടേബിൾ 8)

(ശേഖരണത്തിൽ നിന്ന്)

| വർഷം | ജല ജന്യ രോഗം | വായു ജന്യ രോഗം | പ്രാണി ജന്യ രോഗം | മറ്റുള്ളവ |
|---|---|---|---|---|
| 1993 | 153 | 12 | 1 | 10 |
| 1994 | 107 | 8 | 18 | |
| 1995 | 187 | 3 | 3 | 7 |

പ്രതിരോധ കുത്തിവെപ്പുകൾ കുട്ടികളിൽ നൽകിവരുന്നു. ലക്ഷ്യം സാധിക്കാൻ ആരോഗ്യപ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. കുട്ടികളെ ബാധിക്കുന്ന BCG. അ

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീഡിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1വയസ്സിനു താഴെ | 376 | 372 | 338 | 320 | 372 | 338 | 320 | - | 309 | | | | | |
| 1-3 വയസ്സ് | 681 | 609 | 572 | 545 | 521 | 609 | 572 | 545 | 521 | 68 | 53 | | | 529 |
| 3-6വയസ്സ് | 799 | 746 | 807 | 773 | 615 | 746 | 807 | 773 | 615 | 163 | 128 | - | 31 | 710 |

ഞ്ചാംപനി, ടെറ്റനസ്, ഡിഫ്തീരിയ, വില്ലൻ ചുമ, പോളിയോ മുതലായ മാരക രോഗങ്ങൾക്കുള്ള പ്രതിരോധ കുത്തിവെപ്പുകൾ എല്ലാ വിഭാഗം ജനങ്ങളും പ്രയോജനപ്പെടുത്തുന്നു. പൾസ് പോളിയോ ഇമ്യൂണൈസേഷൻ പൊതുജനപങ്കാളിത്തത്തോടെ ഈ പഞ്ചായത്തിൽ പൂർണ്ണമായും ലക്ഷ്യത്തിലെത്തിച്ചു. ഈ പഞ്ചായത്തിലെ ഗർഭിണികളുടെയും അമ്മമാരുടെയും ആരോഗ്യസ്ഥിതിയെപ്പറ്റിയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്

പട്ടിക 9

ഇരുമ്പ് / ഫോളിക്ആസിഡ് ഗുളികകൾ

| | |
|---|---|
| ലഭിച്ച ഗർഭിണികൾ | 113 |
| ' ' ' കുട്ടികൾ | 439 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികൾ | 268 |

ആരോഗ്യ പ്രവർത്തകർ ഈ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ വീടുകൾ സന്ദർശനം നടത്തിയിട്ടുണ്ട്. ഇവിടെ സ്ത്രീകളിലധികവും പ്രസവത്തോടനുബന്ധിച്ച വന്ധ്യംകരണ ശസ്ത്രക്രിയയാണ് ഇഷ്ടപ്പെടുന്നത്. സ്ത്രീകളിൽ താൽക്കാലിക ഗർഭനിരോധനത്തിന് കോപ്പർ ടി പ്രചാരം നേടിയിട്ടുണ്ട്.

കുടംബാസൂത്രണത്തിന്റെ ആവശ്യകത ഈ പഞ്ചായത്തിൽ ജനങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. ഇന്ന് ഒന്നാംക്ലാസിൽ കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു.

ആരോഗ്യ കാര്യത്തിൽ ഈ പഞ്ചായത്തിൽ ജനങ്ങൾ മുഖ്യമായി ആശ്രയിക്കുന്നത് അലോപ്പതി, ആയുർവ്വേദ ഡിസ്പെൻസറികളെയും സ്വകാര്യ ഉടമയിലുള്ള സ്ഥാപനങ്ങളെയുമാണ്.

ടേബിൾ 10

ആരോഗ്യ സ്ഥാപനങ്ങൾ

ക്രമനമ്പർ സ്ഥാപനത്തിന്റെ പേര് ഇനം കെട്ടിടം സ്വന്തം / വാടക ഉദ്യോഗസ്ഥരുടെ എണ്ണം.

1 പ്രൈമറി ഹെൽത്ത്സെന്റർ ആലംകോട് അലോപ്പതി സ്വന്തം 12

2 ഐ.പി.പി.സബ് സെന്റർ, ഒതളൂർ അലോപ്പതി സ്വന്തം 1

3 ഐ.പി.പി.സബ് സെന്റർ, കക്കിടിപ്പുറം അലോപ്പതി സ്വന്തം 1

4 കുടുംബക്ഷേമകേന്ദ്രം ചങ്ങരംകുളം ' സ്വന്തം 1

5 ഐ.പി.പി.സബ് സെന്റർ, പെരുമുക്ക് ' സ്വന്തം 1

6 കുടുംബക്ഷേമ കേന്ദ്രം കോക്കൂർ ' സ്വന്തം 1

7 ഗവ.ആയുർവേദ ഡിസ്പെൻസറി, ഒതളൂർ(ആലങ്കോട്) ' സ്വന്തം 4

ആലംകോട് പഞ്ചായത്തിലെ നാലാം വാർഡിൽ സ്വന്തമായ സ്ഥലത്തും കെട്ടിടത്തിലും പ്രവർത്തിക്കുന്ന ഗവ. ആയുർവേദ ഡിസ്പെൻസറി വികസന സാധ്യതയുള്ളതാണ്. 25സെന്റ് സ്ഥലത്ത് പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതൊരു താലൂക്ക് ആയുർവ്വേദ ആശുപത്രിയായി വികസിപ്പിച്ച് രോഗികളെ കിടത്തിചികിത്സിപ്പിക്കാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

*പ്രൈമറി ഹെൽത്ത് സെന്റർ ആലംകോട്*

1963ൽ ജനപങ്കാളിത്തത്തോടു കൂടി ഒരു ഏക്രസ്ഥലത്ത് നിർമ്മിച്ച മിനി പ്രൈമറി ഹെൽത്ത് സെന്റർ 1988ൽ I.P.P പദ്ധതിപ്രകാരം 10 കിടക്കകളുള്ള പ്രസവവാർഡ് ഇതിന്റെ പ്രവർത്തനത്തിനാവശ്യമായ ആധുനികരീതിയിലുള്ള ഓപ്പറേഷൻ തിയ്യറ്ററോട്കൂടി ആരംഭിച്ചു. നാളിതുവരെ ഇവിടെ പ്രസവ കേസുകൾ പ്രവേശിപ്പിക്കുകയോ ചികിത്സിപ്പിക്കുകയോ ചെയ്തിട്ടില്ല. ഇതിനു പ്രധാന കാരണം ഒരു സ്ത്രീ ഡോക്ടറെയോ സ്ത്രീ വിദഗ്ദ ഡോക്ടറെയോ നിയമിക്കാത്തതാണ്. ആലംകോട്, നന്നംമുക്ക്, വട്ടംകുളം, മാറഞ്ചേരി എന്നീ പഞ്ചായത്തുകളിൽപ്പെട്ട രോഗികളും ഇവിടെ ചികിത്സക്കു വരാറുണ്ട്. പട്ടികജാതി പ്രാമുഖ്യമുള്ള ഈ പഞ്ചായത്തിൽ 65% വരുന്ന ജനങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. പ്രസവകേസുകൾക്കും; സ്ത്രീരോഗചികിത്സക്കും ആയി പാവപ്പെട്ട ജനങ്ങൾ കുന്നംകുളം, തൃശൂർ എന്നിവിടങ്ങളിലെ സ്വകാര്യ ആസ്പത്രികളെയാണ് ആശ്രയിക്കുന്നത്. ഇത് ഭാരിച്ച ചിലവുകൾക്ക് കാരണമാകുന്നു. പല നിവേദനങ്ങളും സമരമുറകളും അവലംബിച്ചെങ്കിലും വനിതാ ഡോക്ടറെ നിയമിക്കാനോ പ്രസവ വാർഡ് പ്രവർത്തന സജ്ജമാക്കാനോ ഒരു നീക്കവും ഉണ്ടായിട്ടില്ല.

*നിർദ്ദേശങ്ങൾ*

1 പ്രൈമറി ഹെൽത്ത് സെന്റർ അപ്ഗ്രേഡ് ചെയ്ത് ഒരു ഗവൺമെന്റ് ആസ്പത്രിയാക്കി മാറ്റുക. അതുവഴി ഒന്നിലധികം ഡോക്ടർമാരെയും ഒരു ഗൈനക്കോളജിസ്റ്റിനെയും നിയമിക്കുക. പ്രസവവാർഡ് പ്രവർത്തനം ആരംഭിച്ച് രോഗികളെ പ്രവേശിപ്പിക്കുക. ഒരു ചിൽഡ്രൻ സ്പെഷ്യലിസ്റ്റിനെ നിയമിക്കുക.

2. ആസ്പത്രി പ്രവർത്തനത്തിനാവശ്യമായ മറ്റു ഉദ്യോഗസ്ഥരെ നിയമിക്കുക.

3. ലബോറട്ടറിയിലേക്ക് ആവശ്യമായ ഉപകരണങ്ങളും മരുന്നുകളും ലഭ്യമാക്കുക.

4. X-RAY PLANT സ്ഥാപിക്കുക.

5. ബഹുജന പങ്കാളിത്തത്തോടുകൂടിയും

പൊന്നാനി പാർലമെന്റ് മെമ്പർ വഴി വികസന പ്രവർത്തനങ്ങൾക്ക് നീക്കിവെക്കുന്ന സംഖ്യയിൽ നിന്ന് ഒരു വിഹിതം ഉപയോഗിച്ചും 25 കിടക്കകളുള്ള ഒരു ജനറൽ വാർഡ് നിർമിക്കുക.

6. ഒരു ആംബുലൻസും വേണ്ടത്ര മരുന്നുകളും ലഭ്യമാക്കുക

7. ആരോഗ്യ സംരക്ഷണത്തിന് അനിവാര്യമായ ഒരു ഘടകമാണ് വ്യായാമം. വ്യായാമത്തിനാവശ്യമായ ഒരു കളിസ്ഥലം പഞ്ചായത്തിന്റെ കീഴിൽ ഉണ്ടാകണം. ചിയ്യാനൂർ ലക്ഷംവീട് കോളനിയുടെ വടക്കുഭാഗത്ത് കിടക്കുന്ന വിശാലമായ ഒരു ഏക്ര സ്ഥലം ഇതിനുവേണ്ടി പഞ്ചായത്തിന് പൊന്നിൻവിലക്ക് എടുക്കാവുന്നതാണ്. അതുപോലെ കുട്ടികളുടെ ആരോഗ്യസംരക്ഷണത്തിന് ഒരു മിനി പാർക്ക് ആവശ്യമാണ്. വില്ലേജ് ആഫീസിന് തൊട്ടുകിടക്കുന്ന റവന്യു പുറമ്പോക്ക് സ്ഥലം ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതാണ്. ചങ്ങരംകുളം ആസ്ഥാനമാക്കി ചിയ്യാനൂർ പാടത്ത് ഈ പഞ്ചായത്തിനുവേണ്ടി ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുക

8. പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ആരോഗ്യ കേന്ദ്രങ്ങളിൽ ഗർഭിണികൾക്കുള്ള അയൺ ഗുളികകൾ, വിറ്റാമിൻഎ തുടങ്ങിയവയും മാസത്തിലൊരിക്കൽ നടത്തുന്ന രോഗപ്രതിരോധകുത്തിവെപ്പ് ഇവ ശരിയായ രീതിയിൽ ഉപയോഗിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കുക.

*ഗ്രാമസഭാ നിർദ്ദേശങ്ങൾ*

സബ്സെന്ററുകൾ ഇല്ലാത്ത വാർഡുകളിൽ സബ്സെന്ററുകൾ ആരംഭിക്കുക.

രണ്ടാം വാർഡിൽ പാറക്കൽത്തോടിന് സമീപമുള്ള IPP സെന്റർ ഹെൽത്ത് സെന്ററായി ഉയർത്തണം.

3–ാം വാർഡ്ഉദിനൂപറമ്പിൽ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിക്കുക.

4–ാം വാർഡ് ഇവിടെ അട്ടേക്കുന്നിൽ സ്ഥിതിചെയ്യുന്ന ഒതളൂർ ആയുർവേദ ഡിസ്പെൻസറിക്ക് ചുറ്റുമതിൽ നിർമിക്കുക, കിടത്തിചികിത്സിക്കാനാവശ്യമായ കെട്ടിടങ്ങൾ നിർമ്മിക്കുക. ചങ്ങരംകുളം കുടുംബക്ഷേമകേന്ദ്രം അഭിവൃദ്ധിപ്പെടുത്തുക.

5–ാം വാർഡിൽ പെരുമുക്കിൽ കുടുംബക്ഷേമ ഉപകേന്ദ്രം സ്ഥാപിക്കുക

6–ാം വാർഡ്പ്രൈമറി ഹെൽത്ത്സെന്റർ അപ്ഗ്രേഡ് ചെയ്ത് ഗവൺമെന്റ് ആശുപത്രിയാക്കുക. ഒരു ഡോക്ടറെകൂടി നിയമിക്കുക.

7–ാം വാർഡിൽ വളയംകുളത്ത് ഹെൽത്ത് സെന്റർ നിർമിക്കുക.

8–ാം വാർഡിൽ ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി ബോധവൽക്കരണം നടത്തുക

9–ാം വാർഡിൽ ഫാമിലി ഹെൽത്ത് സെന്റർ ആരംഭിക്കുക

10–ാം വാർഡിൽ കിഴിക്കരയിൽ IPP സെന്റർ ആരംഭിക്കണം.

11–ാം വാർഡിലെ ഒതളൂരിലെ IPP സെന്ററിൽ സ്ഥിരം ഡോക്ടറെ നിയമിക്കണം

*പൊതുനിർദ്ദേശങ്ങൾ*

1. കുപ്പത്തൊട്ടികൾ ഓരോ സെന്ററുകളിലും സ്ഥാപിച്ച് അവ നീക്കം ചെയ്യാനുള്ള നടപടികൾ എടുക്കുക.
2. പൊതു അറവു ശാല സ്ഥാപിക്കുക.
3. അനധികൃത അറവും, ഇറച്ചിക്കച്ചവടവും വിൽപനയും നിരോധിക്കുക.
4. ഡാനിറ്റേഷൻ പദ്ധതി പൂർത്തീകരിക്കുക.
5. വളർത്തു മൃഗങ്ങൾക്ക് ലൈസൻസ് കൊടുക്കുക. നായപിടുത്തം ഊർജിതമാക്കുക.
6. കൊതുകുനശീകരണം നടത്തുന്നതിനെപ്പറ്റി ബോധവൽക്കരണം നടത്തുക.
7. ഓടകൾ വൃത്തിയാക്കൽ പൊതുജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്തുക.
8. പന്താവൂർ പാലത്തിന് സമീപം പുറമ്പോക്കിലുള്ള സ്ഥലത്ത് പണി പൂർത്തീകരിക്കാതെ കിടക്കുന്ന സാനിറ്റേഷൻ പൂർത്തീകരിക്കുക.
9. പഞ്ചായത്ത് നിലവിലുള്ള പൊതുശ്മശാനം വൈദ്യുത ശ്മശാനമാക്കി മാറ്റണം.
10. ഇപ്പോഴുള്ള പൊതുശ്മശാനം മതിൽ കെട്ടി സംരക്ഷിക്കുക.
11. ജനങ്ങളെ ബോധവൽകരണം നടത്തി ഘട്ടംഘട്ടമായി സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കുക.
12. ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിച്ച് പഞ്ചായത്തിനെ ലഹരി വിമുക്തമാക്കുക.
13. കിണറുകളിൽ ക്ലോറിനേഷൻ നടപ്പിലാക്കുക.

## പരിസരശുചീകരണം

90% രോഗങ്ങളും തടയാൻ പറ്റുന്ന ഏകമാർഗ്ഗമാണ് ശുദ്ധജലവിനിയോഗവും സുരക്ഷിതമായ സ്ഥലത്തുള്ള മലമൂത്ര വിസർജ്ജനവും. പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും മലമൂത്ര വിസർജ്ജനത്തിനുള്ള സൗകര്യം അപര്യാപ്തമാണ്. എന്നാൽ ആലംകോട് പഞ്ചായത്തിനു മാത്രം അവകാശപ്പെടാവുന്ന ഒരു പദ്ധതിയാണ് 199192 കാലഘട്ടങ്ങളിൽ പഞ്ചായത്തിന്റേയും പൊതുജനങ്ങളുടേയും സോഷ്യോ ഇക്കണോമിക് യൂണിറ്റിന്റെയും സംയുക്താഭിമുഖ്യത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ 'മിനിമം ഇൻപുട്ട് സാനിട്ടേഷൻ പ്രോഗ്രാം' (MISP) നിർമ്മാണപ്രവർത്തനങ്ങളിൽ ഗുണഭോക്താവിന്റെ മാനുഷികാദ്ധ്വാനവും ആകെ വരുന്ന ചിലവിന്റെ 50%വും വഹിച്ചു കൊണ്ട് ഏകദേശം 450 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ നിർമിച്ചു. ദക്ഷിണേന്ത്യയിൽ തന്നെ ഇത്തരം ഒരു പദ്ധതി ആദ്യമാണ്. പരസ്പര സഹകരണവും ബോധവത്ക്കരത്തിലൂടെയുള്ള കഠിനാദ്ധ്വാനവുമായിരുന്നു ഇതിന്റെ പിന്നിലെ രഹസ്യം. നാലു ലക്ഷം വീടു കോളനികളിലായി നൂറോളം കുടുംബാംഗ

ങ്ങൾക്ക് ഈ പദ്ധതി പ്രകാരം സ്വന്തമായി കക്കൂസുകൾ ലഭിച്ചു. പൊതുകക്കൂസിനു വേണ്ടി ഒരിക്കൽ മുറവിളി കൂട്ടിയിരുന്നവരായിരുന്നു ഈ കുടുംബാംഗങ്ങൾ.

ശുചിത്വപരിപാടിയുടെ രണ്ടാംഘട്ടമായി പഞ്ചായത്തിൽ വീണ്ടും 300 കക്കൂസുകൾ നിർമിച്ചു. മലമൂത്ര വിസർജനത്തിന് ഒരു സുരക്ഷിതമായ സ്ഥലം ആവശ്യമാണെന്ന ബോധം ജനങ്ങളിൽ എത്തിക്കാൻ സാധിച്ചിട്ടുണ്ട്. ഈ പദ്ധതി കൊണ്ട് ഇടത്തരക്കാരിലെ പാവപ്പെട്ടവർക്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും ഏറെ പ്രയോജനം ഉണ്ടായിട്ടുണ്ട്. പദ്ധതിയുടെ ലക്ഷ്യവും ഇതായിരുന്നു. അതേ സമയം ഇപ്പോഴും കക്കൂസില്ലാത്ത ഒരു വിഭാഗം പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി ഉണ്ട്. ഇത്തരം പദ്ധതികളുമായി ഭാവിയിൽ സഹകരിച്ചു കൊണ്ട് ഒരു കുടുംബത്തിന് ഒരു കക്കൂസ് എന്ന ലക്ഷ്യ പ്രാപ്തിയ്ക്കായി വരുംകാലങ്ങളിൽ പ്രവർത്തിക്കുവാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു.

ആരോഗ്യബോധവൽക്കരണത്തിനു സ്ഥിരമായി പ്രത്യേക കമ്മിറ്റികൾ ഉണ്ടാക്കി ശുചിത്വബോധം വളർത്തുവാനും ഇതിനായി ദൃശ്യ ശ്രവ്യമാധ്യമങ്ങളും മറ്റു ഉപയോഗപ്പെടുത്തുവാനും പങ്കാളിത്ത പരിശീലനം തുടങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്.

ആലംകോട് പഞ്ചായത്തിൽ പരിസര മലിനീകരണത്തിന് കാരണമായ ഘടകങ്ങളിൽ പ്രധാനമായത് ചങ്ങരംകുളം അങ്ങാടിയുടെ ശോചനീയാവസ്ഥയാണ്. ഇടുങ്ങിയ കെട്ടിട സമുച്ചയങ്ങളും നിലവിലുള്ളത്. അടഞ്ഞുകിടക്കുന്നതുമാണ്. ഓടകളും അഴുക്കുചാലുകളും ഇല്ലായ്മയുമാണ് മറ്റൊരു പ്രശ്നം മത്സ്യമാർക്കറ്റാണ്. മത്സ്യം സൂക്ഷിക്കുവാനും അവശിഷ്ടം സംസ്കരിക്കുവാനും സൗകര്യമില്ല. അതു പോലെ തന്നെ അങ്ങാടിയിൽ കുമിഞ്ഞുകൂടുന്ന ചപ്പുചവറുകൾ സ്ഥിരമായി നീക്കം ചെയ്യാനോ സംസ്കരിക്കുവാനോ വിഷമമുള്ള അവസ്ഥയിലാണ്. പഞ്ചായത്തിന്റെ ബസ്സ്റ്റാന്റ് കൂടി കാര്യക്ഷമമാകുമ്പോൾ ഈ വാണിജ്യ കേന്ദ്രം വൃത്തിയുടെ കാര്യത്തിൽ ഏറെ പിന്നോട്ടു പോകുമെന്ന് ഭയപ്പെടുന്നു. ചങ്ങരംകുളം ടൗണിന്റെ ശുചീകരണത്തിനും വികസനത്തിനുമായി നന്നംമുക്ക് ഗ്രാമപഞ്ചായത്തുമായി ജോയന്റ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഗ്രാമസഭാചർച്ചകളിൽ ശുചീകരണത്തിന് അനുഭവപ്പെടുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും താഴെ കൊടുക്കുന്നു.

*ജനപങ്കാളിത്തത്തെക്കുറിച്ചുള്ള അവബോധക്കുറവ്*

സന്നദ്ധസംഘടനകൾ, സർക്കാർ ഏജൻസികൾ, NGO തുടങ്ങിയവയുടെ സഹായത്തോടെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക. ശുചിത്വ ബോധനമാർഗ്ഗങ്ങൾ ശാസ്ത്രീയമായി എല്ലാ വാർഡുകളിലും സംഘടിപ്പിക്കുക. വാർഡ് സാനിറ്ററി യൂണിറ്റുകൾ വ്യക്തമായ നിർദേശങ്ങൾ കൊടുക്കുക.

*സംഘാടകത്വം*

ഷോപ്പുകളും മാർക്കറ്റും സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലെ കച്ചവടക്കാരെയോ വ്യാപാരി വ്യവസായി സംഘടനനകളെയോ ഉൾപ്പെടുത്തി വാണിജ്യകേന്ദ്രങ്ങളിൽ പഞ്ചായത്ത് സാനിറ്റേഷൻ പദ്ധതിയെ കുറിച്ച് ചർച്ച നടത്തുക.

*ചപ്പു ചവറുകൾ ശാസ്ത്രീയമായി നീക്കം ചെയ്യുക.*

ഇവ യഥാവിധം നീക്കം ചെയ്യാൻ പഞ്ചായത്തു തലത്തിലും വ്യാപാരികളുടെ ഭാഗത്തു നിന്നും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുക. കമ്പോസ്റ്റു കുഴികൾ ഉണ്ടാക്കി അവശാസ്ത്രീയമായി ഉപയോഗപ്രദമാക്കുകയും ചെയ്യുക.

*ഡിപ്പാർട്ട്മെന്റൽ പ്രശ്നങ്ങൾ*

പഞ്ചായത്തുകൾക്ക് ടൗണുകളിൽ ശുചീകരണാവശ്യത്തിനു വേണ്ട പ്രവർത്തനം നടത്താൻ 'മറ്റു' ഡിപ്പാർട്ടുമെന്റുകളിൽനിന്നും വരുന്ന നിയമകരുക്കൾ ഒഴിവാക്കുക.

*പൊതുഭോജനശാലകൾ*

ശുചിത്വത്തിനു മങ്ങലേല്പിക്കുന്ന പ്രധാനഘടകങ്ങളിൽ ഒന്ന് ഹോട്ടലുകൾ ആണ്. ഹോട്ടലുകളിലെ മലിനജലം പൊതുനിരത്തിലേക്ക് വിടുന്നത് കർശനമായി നിരോധിക്കുക. ഹോട്ടലുകളിലെ കിണർ, വെള്ള ടാങ്കുകൾ എന്നിവ ഉദ്യോസ്ഥർ വൃത്തി ഉറപ്പു വരുത്തുക. അതു പോലെ ഭോജനശാലകളിലെ അടുക്കളയും കലവറയും ശാസ്ത്രീയമായി സംവിധാനം ചെയ്യേണ്ടതും ജീവനക്കാരെ ഇടയ്ക്കിടെ ആരോഗ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്.

*ശാസ്ത്രീയ അറവുശാലകൾ, കോഴിവളർത്തു കേന്ദ്രങ്ങൾ*

ഇന്നത്തെ സാഹചര്യത്തിൽ പൊതുജനാരോഗ്യത്തിനു ഭീഷണിയായി തീർന്നിരിക്കുന്ന ഘടകങ്ങളാണ് അശാസ്ത്രീയമായ അറവുശാലകൾ ആരോഗ്യമുള്ള മൃഗങ്ങളെ മാത്രമേ കശാപ്പു ചെയ്യുകയുള്ളൂ എന്ന് ഉറപ്പു വരുത്തണം. അതു പോലെ മൃഗങ്ങളെ വൈദ്യപരിശോധനക്ക് വിധേയമാക്കുകയും വേണം. ഇതിന് മൃഗസംരക്ഷണവകുപ്പിന്റെ സഹായം തേടുന്നതാണ്. അതു പോലെ ഇറച്ചി കോഴി വില്പന കേന്ദ്രത്തിൽനിന്നുള്ള അവശിഷ്ടം ശാസ്ത്രീയമായി സംസ്കരിക്കാനും കഴിയും.

*പുകയില്ലാത്ത അടുപ്പുകൾ*

പഞ്ചായത്തിൽ എല്ലാ വീടുകളിലും അനർട്ടിന്റെ സഹായത്തോടെ പുകയില്ലാത്ത അടുപ്പുകൾ വ്യാപകമാക്കുക.

*കുടിവെള്ള സ്രോതസ്സുകളുടെ ശുചീകരണം*

പഞ്ചായത്തിലെ എല്ലാ കുടി വെള്ള സ്രോതസ്സുകളും ആരോഗ്യവകുപ്പിന്റെ സ

ഹായത്തോടെ സന്നദ്ധസംഘടനകൾ പഞ്ചായത്ത് എന്നിവയുടെ സംയുക്താഭി മുഖ്യത്തിൽ ശുചീകരിച്ചു വരുന്നു. ജല ജന്യരോഗങ്ങൾ ഒരു പരിധിയോളം തട യാൻ ഇതുകൊണ്ട് സാധിക്കുന്നുണ്ട്. ഇത് ഒരു സ്ഥിരം സംവിധാനമാക്കാൻ പഞ്ചാ യത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തി ക്കുന്ന Reg സന്നദ്ധസംഘടനകൾക്കു കഴിയുന്നതാണ്.

*നിയമനിർമ്മാണ നടപടികൾ*

നിലവിലുള്ള ആരോഗ്യനിയമങ്ങൾ (മദ്രാസ്സ് പബ്ലിക് ആക്റ്റ്) അപര്യാപ്ത മാണെന്ന് വ്യക്തമായും മനസ്സിലാവുന്ന താണ്. ഇത് തികച്ചും മാറേണ്ടതു അനിവാ ര്യമാണ്.


*കൗൺസിലിംഗ് സെന്ററുകൾ*

സുരക്ഷിതവും കെട്ടുറപ്പുള്ളതുമായ കുടുംബബന്ധങ്ങൾക്കും മാനസികാരോ ഗ്യം നിലനിർത്തുന്നതിനും ആരോഗ്യവ കുപ്പുമായി ബന്ധപ്പെട്ട് കൗൺസിലിംഗ് സെന്ററുകൾ തുടങ്ങേണ്ടതാണ്.

*നിർബന്ധമായ പ്രതിരോധക്കുത്തിവെപ്പ് ഉറപ്പു വരുത്തുക.*

പഞ്ചായത്തിൽ ജനിച്ചു വളരുന്ന 5 വയസ്സിനു താഴെയുള്ള എല്ലാ കുട്ടിക ൾക്കും 6 മാരകരോഗങ്ങൾക്കെതിരെ 100% പ്രതിരോധ മരുന്ന് ലഭിച്ചിരിക്കുന്നത് ഉറപ്പു വരുത്തണം. ഇതിനായി ആരോഗ്യവ കുപ്പും പഞ്ചായത്തും യോജിച്ച് പ്രവർ ത്തിക്കണം. സ്കൂൾ പ്രവേശനത്തിന് പ്രതിരോധ കുത്തിവെപ്പിന്റെ കാർഡ് നിർബന്ധമാക്കണം.

❑❑❑



# 7. പാർപ്പിടവും സാമൂഹ്യക്ഷേമവും

*പാർപ്പിടം:* സൗഹൃദവും സഹിഷ്ണുതയും സംസ്കാരത്തിന്റെ അസ്തിത്വമാക്കി മലപ്പുറം ജില്ലയുടെ തെക്കെ അറ്റത്തും കേരളത്തിന്റെ സാംസ്കാരിക കേന്ദ്രമായ തൃശൂർ ജില്ലയോടും നെല്ലറയായ പാലക്കാട് ജില്ലയോടും തോളുരുമ്മി ക്കിടക്കുന്ന ഗ്രാമമാണ് ആലംകോട് ഗ്രാമ പഞ്ചായത്ത്.

പഴയകാലത്ത് ജന്മിമാരുടെ ചൂഷണത്തിനു വിധേയരായിരുന്ന ഇവിടുത്തെ ദുർബലവിഭാഗക്കാർക്ക് പാർപ്പിടം വെക്കാനുള്ള സ്ഥലം പോലും ജന്മിമാരാണ് കൊടുത്തിരുന്നത്. എന്നാൽ കുടിയിറക്കൽ നിരോധന ഓർഡിനൻസ് (1957) വന്നതിനു ശേഷം പുരവെയ്ക്കാൻ ഭൂവുടമകൾ സ്ഥലം അനുവദിക്കാതായി. 1962നു ശേഷം നിലവിൽ വന്ന ഭൂപരിഷ്കരണ നിയമം നിലവിൽ വന്നതോടു കൂടി കുടിയാന്മാർക്ക് കുടികിടപ്പ് സ്വന്തമായി. എന്നാൽ ഭൂമി സ്വന്തമായിട്ടില്ലാത്ത ജനങ്ങൾ പുരയിടം ലഭിക്കാൻ വളരെ വിഷമമുള്ള സാഹചര്യമാണ് ഈ പഞ്ചായത്തിലുള്ളത്.

ആലംകോട് ഗ്രാമപഞ്ചായത്തിൽ നമ്പൂതിരി, നായർ തറവാടുകളുടെ പ്രൗഢിയും തേജസ്സും മങ്ങലേൽക്കാതെ നില കൊള്ളുന്ന ചുരുക്കം വീടുകൾ ഇന്നുമുണ്ട്. പട്ടികജാതിക്കാരിലും പിന്നോക്ക വിഭാഗക്കാരിലും വളരെ ഉയർന്ന നിലവാരത്തിലുള്ള വീടുകൾ നിർമ്മിച്ചിട്ടുള്ള ചുരുക്കം ആളുകളുണ്ട്. എന്നാൽ ഭൂരിപക്ഷമായ ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്കു ഇന്നും ഓലപ്പുരകളും പുല്ലുമേഞ്ഞ മാടങ്ങളുമാണുള്ളത്. ജനസംഖ്യാനുപാതികമായി നോക്കുമ്പോൾ നികുതിക്കു വിധേയമായ രീതിയിൽ അത്യാവശ്യ സൗകര്യങ്ങളോടു കൂടിയ വീടുകൾ കുറവാണെന്നു കാണാം. ഇവിടത്തെ പാർപ്പിടം ദൗർലഭ്യം പരിഗണിക്കാൻ സഹായകമായ ഒരു പട്ടിക താഴെ ചേർക്കുന്നു.

| പട്ടിക വീടുകൾ | | | |
|---|---|---|---|
| കോൺക്രീറ്റ് | ഓടിട്ടത് | കുടിലുകളും ഓല മേഞ്ഞതും | ആകെ |
| 949 | 4424 | 632<br>216<br>848 | 6321 |

14 ശതമാനത്തോളം ഓലക്കുടിലുകളും 85 ശതമാനത്തോളം ഓടുമേഞ്ഞ വീടുകളും ഒരു ശതമാനത്തോളം കോൺക്രീറ്റ് കെട്ടിടങ്ങളും ഭാഗികമായി ഓടുമേഞ്ഞതും ഉൾപ്പെടെ മൊത്തം വീടുകളിൽ 70 ശതമാനത്തോളം 200 500 ചതുരശ്ര അടി വിസ്തീർണ്ണമുള്ളവയാണ്. ഇതിൽ 20 ശതമാനം വീടുകളുടെ ചുമർ, മേൽക്കൂര, തറ എന്നിവ തൃപ്തികരമല്ല. വലിയ വീടുകൾ ആധുനികരീതിയിലും ആകർഷകമായും നിർമിച്ചവയാണ്. എന്നാൽ ചാണകം മെഴുകിയ തറകളോടു കൂടിയ അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്ര ലഭിക്കാത്ത വീടുകളും പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ 11 വാർഡുകളിലായി 4 ലക്ഷം വീട് കോളനികളും നാല് സ്ഥലങ്ങളിലായി 4 സെന്റ് കോളനികളുമുണ്ട്. കോളനികളിലും മറ്റും താമസിക്കുന്നവർ കക്കൂസ് ഇല്ലാത്തതു മൂലം അനുഭവിക്കുന്ന വിഷമങ്ങളും കുടിവെള്ളക്ഷാമവും പരിഹരിക്കേണ്ടതുണ്ട്.

പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ കാലാകാലങ്ങളിലായി പല നടപടികളും സ്വീകരിച്ചിട്ടുണ്ട്. IAY, JRY, NREP, MWS, RLEGP തുടങ്ങിയ പദ്ധതികളിലൂടെ ഈ പഞ്ചായത്തിലെ ദുർബലവിഭാഗക്കാർക്ക് പാർപ്പിട സൗകര്യം നൽകാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്.

വിവിധ സ്കീമുകളിൽ നിർമിച്ച വീടുകളുടെ പട്ടിക

| പദ്ധതികളുടെ പേര് | നടപ്പാക്കിയ വർഷം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| RLGEP | 84-85 to 88-89 | 59 |
| NREP | 85-86 to 88-89 | 59 |
| MWS | 90-91 to 95-96 | 44 |
| IAY | 86-87 to 96-97 | 75 |
| JRY | 92-93 to 95-96 | 23 |
| ആകെ | | 220 |

സർക്കാർ നിശ്ചയിച്ചിട്ടുള്ള ഭൂമിയുടെ വിലയനുസരിച്ച് ഭൂമി കിട്ടാനുള്ള വിഷമമാണ് വിവിധ പദ്ധതി പ്രകാരം വീടുകൾ നിർമ്മിക്കാൻ തടസ്സമായി നിൽക്കുന്നത്.

ഓരോ വർഷം ചെല്ലുന്തോറും കുടുംബങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിനാൽ വീടുകളുടെ ആവശ്യവും ക്രമാതീതമായി വളർന്നുവരുന്നു. കൂട്ടുകുടുംബ വ്യവസ്ഥ തകർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പ്രശ്നം രൂക്ഷമായിരിക്കുകയാണ്.

ഈ പഞ്ചായത്തിൽ സ്വന്തമായി പാർപ്പിടമില്ലാതെ വിവിധ വാർഡുകളിൽ പുറംപോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവരുണ്ട്. ഇവരെ മാറ്റിപ്പാർപ്പിക്കേണ്ടതും അടിസ്ഥാനസൗകര്യം ലഭ്യമാക്കേണ്ടതും അത്യാവശ്യമാണ്.

പഞ്ചായത്തിലുള്ള 4 ലക്ഷം വീട് കോളനികളിലായി നൂറോളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. ഇവരുടെ വീടുകൾ യഥാവിധി റിപ്പയർ ചെയ്യേണ്ടതും ആവശ്യമാണ്.

ഈ കോളനികളിൽ താമസിക്കുന്നവരിൽ പലർക്കും പട്ടയം ലഭ്യമായിട്ടില്ല. കൂടാതെ പഞ്ചായത്തിലുള്ള 4 സെന്റ് കോളനികളിലും പട്ടയത്തിന്റെ പ്രശ്നം നിലനിൽക്കുന്നു. മാത്രമല്ല, പഞ്ചായത്തിലുള്ള കോളനികളിലെ വീടുകൾ പൂർണമായി പണിതീർക്കാതെയുള്ള അവസ്ഥയും നിലനിൽക്കുന്നു.

ലക്ഷംവീട് കോളനികൾ പട്ടിക

| ക്രമ നമ്പർ | വാർഡു നമ്പർ | ലക്ഷം വീടു കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 3 | ഉദിനിപറമ്പ് | 15 |
| 2 | 4 | മാന്തടം | 20 |
| 3 | 6 | ചിയ്യാനൂർ | 19 |
| 4 | 10 | കിഴിക്കര | 46 |

4 സെന്റ് കോളനികൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | പേര് |
|---|---|---|
| 1 | 3 | ഉദിനിപറമ്പ് |
| 2 | 6 | ചിയ്യാനൂർ ഭൂദാനം |
| 3 | 5 | ചങ്ങരംകുളം ,, |
| 4 | 3 | കക്കിടിപ്പുറം ,, |

പട്ടികജാതി കോളനികളിൽ പഞ്ചായത്തിൽ 17 എണ്ണം അംഗീകൃതമാണ്. പട്ടികജാതിക്കാർ മാത്രം അധിവസിക്കുന്ന കോളനികൾ നിർദേശിക്കപ്പെട്ടിട്ടുള്ളത് സംസ്ഥാനതലത്തിൽ അംഗീകരിക്കേണ്ടതുണ്ട്. ഗവ. അംഗീകൃത പട്ടികജാതികോളനികൾ (പഴയലിസ്റ്റ് പ്രകാരം)

*പ്രശ്നങ്ങൾ:*

*1. കെട്ടിടനിർമ്മാണസാമഗ്രികളുടെയും ഭൂമിയുടെയും വിലക്കയറ്റം*

*2. നിർമ്മാണ സാമഗ്രികളുടെ പ്രാദേശിക തലത്തിലുള്ള ലഭ്യത കുറവ്*

*3. ഭവനവായ്പകൾ ലഭിക്കാനുള്ള വിഷമങ്ങൾ*

*4. ചെലവുകുറഞ്ഞ വീട് എന്ന ആശയം ജനങ്ങളിലെത്തിയിട്ടില്ല.*

*5. ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം.*

*6. കെട്ടിടനിർമ്മാണ തൊഴിലാളികളുടെ കൂലി വർധന.*

*7. പ്രാദേശിക സാമഗ്രികൾ ഉപയോഗിച്ച് ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കാൻ കഴിവുള്ള വിദഗ്ധരായ തൊഴിലാളികളുടെ അഭാവം.*

*8. കുറഞ്ഞ വിസ്തീർണത്തിൽ സ്ഥലമുള്ളവർക്ക് പൊതുനിരത്തിൽനിന്നും 3മീറ്റർ വിട്ടുകൊണ്ടുള്ള വീട് നിർമാണം.*

*പൊതു സാധ്യതകൾ*

*1. ഭവനനിർമാണരംഗത്തെ സ്ഥാപനങ്ങളെയും അവയുടെ പ്രവർത്തനങ്ങളെയും കുറിച്ച് ജനതയിൽ അവബോധം വളർത്തുക*

*2. ഈ രംഗത്തു പ്രവർത്തിക്കുന്ന ഏജൻസികളെ ജനങ്ങൾക്കു പരിചയപ്പെടുത്തുക.*

*3. വായ്പകളിലും പലിശനിരക്കിലും സാമ്പത്തിക മാനദണ്ഡം അടിസ്ഥാന ഘടകമാക്കി ഉദാരവത്ക്കരണം നടത്തുക.*

*4. ഹൗസിംഗ് സൊസൈറ്റികൾ സ്ഥാപിക്കുക.*

*5. ഭവനനിർമാണബോർഡുമായി ഇടത്തരക്കാർക്ക് വീട് വെക്കാനും റിപ്പയർ ചെയ്യാനും സഹായം നൽകുക.*

*6. നിലവിലുള്ള പ്രശ്നങ്ങൾ ഇല്ലാതാക്കാൻ സ്വന്തമായ പാർപ്പിടവും സ്ഥലവും ഓരോ കുടുംബത്തിന്റെയും അവകാശമായി പരിഗണിക്കുക.*

*7. സർക്കാർ ഏജൻസികളുടെ ചെലവു കുറഞ്ഞ വീട് നിർമാണത്തെക്കുറിച്ച്* പരിശീലനവും അതു വഴി ഓരോ വാർഡിലും

| ക്രമ നമ്പർ | വാർഡ് | കോളനിയുടെ പേര് | SC കുടുംബങ്ങൾ | SC ജനസംഖ്യ |
|---|---|---|---|---|
| 1 | 6 | നാട്ടുകല്ലിങ്ങൽ | 13 | 96 |
| 2 | 3 | കക്കിടിപ്പുറം | 15 | 95 |
| 3 | 3 | ഉദിനിപ്പറമ്പ് | 20 | 86 |
| 4 | 3 | കക്കാട്ട് | 12 | 57 |
| 5 | 1 | പന്താവൂർ | 12 | 59 |
| 6 | 6 | ചിയ്യാനൂർ | 20 | 84 |
| 7 | 7 | നരിപറമ്പ് (മനക്കൽകുന്ന്) | 10 | 44 |
| 8 | 9 | കോലിക്കര | 12 | 57 |
| 9 | 11 | ഒതളൂർ | 16 | 46 |
| 10 | 5 | പെരുമുക്ക് | 40 | 171 |
| 11 | 4 | ആലംകോട് | 39 | 190 |
| 12 | 7 | മഠത്തുംപുറം | 50 | 238 |
| 13 | 8 | കോക്കൂർ | 50 | 242 |
| 14 | 4 | അട്ടയിൽകുന്ന് IHDP | 26 | 125 |
| 15 | 1 | തെക്കെമുക്ക് | 10 | 60 |
| 16 | 10 | കോട്ടയിൽകുന്ന് | 10 | 67 |
| 17 | 4 | മാന്തടം | 38 | 190 |

മാതൃകാവീടുകളുടെ നിർമാണവും നട ത്തുക.

8. നിലവിലുള്ള പാർപ്പിട നിർമാണവായ്പാ തുക കാലാനുസൃതമായി വർധിപ്പിക്കുക.

9. നിർമാണ പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പു വരുത്തുക.

10. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള റവന്യൂ മിച്ചഭൂമി പുറംപോക്ക് സ്ഥലങ്ങൾ തിട്ടപ്പെടുത്തി അർഹതപ്പെട്ട വർക്ക് പാർപ്പിടം നൽകാനുള്ള പദ്ധതി നടപ്പിലാക്കുക.

11. പഞ്ചായത്തിലെ ലക്ഷംവീട് കോളനികളിലെ വീടുകൾ റിപ്പയർ ചെയ്യുന്നതിന് സാമ്പത്തിക സഹായം നൽകുക.

*ഗ്രാമസഭയിൽ ചർച്ച ചെയ്ത ആവശ്യങ്ങൾ*

- ഓല വീടുകൾക്ക് ഓടു മേയാൻ ധനസഹായം നല്കണം.
- വീടുകളുടെ അറ്റകുറ്റപണികൾക്ക് സാമ്പത്തികസഹായം നൽകണം.
- സ്വന്തമായി ഭൂമിയുള്ളവരും വീടു നിർമ്മിക്കാൻ സാമ്പത്തികശേഷിയില്ലാത്തവരുമായവർക്ക് ധനസഹായം നൽകുക.
- വിവിധ സ്കീമുകൾ മുഖാന്തിരമുള്ള ഭവനവായ്പാസഹായം കാലാനുസൃതമായി വർധിപ്പിക്കുക.

### *സാമൂഹ്യക്ഷേമം*

നമ്മുടെ രാജ്യം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളികളിലൊന്നാണ് ദാരിദ്ര്യം. സമൂഹത്തിലെ അസമത്വവും രൂക്ഷമായ തൊഴിലില്ലായ്മയും ദാരിദ്ര്യത്തിനു കാരണമായി.

കാർഷിക രാജ്യമായ നമ്മുടെ ഇന്ത്യയിൽ തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കപ്പെടാൻ സാധ്യതകളുണ്ട്. എന്നാൽ വിദ്യാഭ്യാസപരവും സാംസ്കാരികമായി ഉയർന്നു നിൽക്കുന്ന സമൂഹത്തിലെ ഒരു വിഭാഗം ജനങ്ങൾ കാർഷിക വൃത്തിയിൽ നിന്നകന്ന് സർക്കാർ ജോലികളെ മാത്രം ആശ്രയിക്കുന്ന അവസ്ഥയാണ്. ഏതു തൊഴിലിനും അതിന്റെ മാന്യത കല്പിക്കുന്ന ഒരു സംസ്കാരം ജനങ്ങൾക്കിടയിലില്ല.

തൊഴിൽ രംഗത്ത് വമ്പിച്ച മുതൽ മുടക്കിനുള്ള വിഷമതകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന ജനസമൂഹമാണിന്നുള്ളത്. ശാരീരികാധ്വാനം കുറച്ച് കൊണ്ട് കൂടുതൽ സാമ്പത്തിക നേട്ടം കൈവരിക്കുന്നതിനുവേണ്ടി പുതിയ മേഖലകൾ (ബ്ലേഡുകമ്പനികൾ, ഷെയർ മാർക്കറ്റ്) ആരംഭിക്കുന്നു.

പല പദ്ധതികൾക്കും വായ്പാസഹായം ലഭ്യമാക്കുന്നതിനുള്ള സാഹചര്യമില്ലാത്തതിനാൽ തൊഴിലില്ലായ്മാ പ്രശ്നം വർധിപ്പിക്കുന്നു. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന്റെ അഭാവം ഇവിടെ നിലനില്ക്കുന്നു.

സാധാരണക്കാരുടെയും ദുർബല വിഭാഗക്കാരുടെയും ക്ഷേമപ്രവർത്തനങ്ങളിൽ വ്യാപൃതരായിക്കൊണ്ടിരിക്കുന്നു. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് ഇപ്പോൾ സ്ഥിതി ചെയ്യുന്നത് പെരുമ്പടപ്പിലാണ്. ഒതളൂർ, ആലംകോട് എന്നീ വില്ലേജ് സർക്കിളുകൾ വഴിയാണ് പഞ്ചായത്തിലെ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഇതിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിലൂടെ പഞ്ചായത്തിലെ യഥാർഥ ഗുണഭോക്താക്കളെ

കണ്ടെത്തേണ്ടിയിരിക്കുന്നു. പഞ്ചായത്തിലെ രണ്ടു വില്ലേജ് സർക്കിളുകളിലായി ഒരു വി.ഇ.ഒ., ലേഡി വി.ഇ.ഒ. എന്നിവരിലൂടെ ലഭ്യമായ IRDP സർവ്വെ ലിസ്റ്റ് താഴെ ചേർക്കുന്നു.

IRDP സർവ്വെ ലിസ്റ്റ് (പഴയ പത്തു വാർഡു പ്രകാരം)

| വാർഡ് | സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങൾ | SC കുടുംബങ്ങൾ | സാമ്പത്തിക സഹായം ലഭിച്ചവർ | SC കുടുംബങ്ങൾ | |
|---|---|---|---|---|---|
| 1 | 251 | 14 | | | |
| 2 | 135 | 15 | | | |
| 3 | 192 | 11 | 157 | 92 | ആലംകോട് സർക്കിൾ |
| 4 | 135 | 29 | | | |
| 5 | 157 | 11 | | | |
| 6 | 144 | 9 | | | |
| 7 | 138 | 36 | | | |
| 8 | 196 | 43 | 140 | 79 | ഒതളൂർ സർക്കിൾ |
| 9 | 168 | 4 | | | |
| 10 | 196 | 28 | | | |
| | 3482 | 191 | 297 | 171 | |

ബ്ലോക്കു മുഖാന്തരം നടപ്പിൽ വരുത്തുന്ന എല്ലാ പദ്ധതികൾക്കും IRDP സർവ്വേ ലിസ്റ്റിനെയാണ് ആശ്രയിക്കുന്നത്. IRDP സർവെ പ്രകാരം ഈ പഞ്ചായത്തിൽ ആകെ 3482 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയെന്ന് സൂചിപ്പിക്കുന്നു. ഇതിൽ പട്ടികജാതിക്കാർ 191 കുടുംബങ്ങളാണ്. ഇതുവരെ സഹായം ലഭ്യമായത് 297 കുടുംബങ്ങൾക്കാണ്. ഇവരിൽ 171 കുടുംബങ്ങൾ പട്ടികജാതിക്കാരാണ്. കാര്യമായ മാറ്റങ്ങൾ ഉണ്ടായാൽ മാത്രമേ ഈ പദ്ധതികൾ ഉദ്ദേശലക്ഷ്യത്തിലെത്തൂ. ദാരിദ്ര്യരേഖക്കു താഴെയുള്ളവരെ കണ്ടെത്തുന്നതിനു വേണ്ടി IRDP സർവ്വെ ലിസ്റ്റ് ശാസ്ത്രീയമാക്കണം. കൂടാതെ ഈ പദ്ധതികളുടെ വിജയത്തിനു പിന്നിൽ ബാങ്കുകൾക്ക് വലിയൊരു പങ്കു വഹിക്കാനുണ്ട്. ആലങ്കോട് ഗ്രാമപഞ്ചായത്തിൽ സൗത്ത് മലബാർ ഗ്രാമീണബാങ്ക്, സർവീസ് സഹകരണബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ എന്നീ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. ഈ ബാങ്കുകളുടെ സഹായം പദ്ധതി വിജയത്തെ വലിയൊരളവിൽ വർധിപ്പിക്കാനാവും. വായ്പ ലഭിക്കുന്നതിനു വേണ്ടിയുള്ള സാങ്കേതികത്വം ലഘൂകരിച്ചാൽ സാധാരണക്കാരായ ഗുണഭോക്താക്കൾക്ക് ഗുണം ചെയ്യും.

ഡവലപ്പ്മെന്റ് ബ്ലോക്കിലൂടെ നടപ്പിലാക്കി വരുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായ 7 DWCRA യൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ തൃപ്തികരമല്ല. ഗുണഭോക്താക്കൾക്ക് DWCRAയുടെ ഉദ്ദേശലക്ഷ്യത്തെക്കുറിച്ചുള്ള അറിവില്ലായ്മയും പ്രവർത്തനത്തെക്കുറിച്ച് ബോധവത്ക്കരണത്തിന്റെ അഭാവം പല DWCRA യൂണിറ്റുകളിലും വ്യക്തമാക്കുന്നു.

വനിതകൾക്കും കുട്ടികൾക്കും കൂടുതൽ പ്രയോജനം ലഭ്യമാക്കുന്ന ഈ പദ്ധതിയുടെ പ്രവർത്തനത്തിൽ തൃപ്തികരമായ അഭിപ്രായം ഉണ്ടാക്കിയെടുക്കണം. യൂണിറ്റിൽ അംഗങ്ങളാകുന്ന എല്ലാവരുടേയും പ്രവർത്തനം ഊർജ്ജസ്വലമാക്കിയെങ്കിലേ പദ്ധതിയുടെ ഉദ്ദേശം ഫലവത്താകുകയുള്ളൂ.

*ട്രൈസം:*

ട്രൈസം പരിശീലനം കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടിയിരിക്കുന്നു. 18 നും 35നും ഇടയിൽ വയസ്സുള്ള യുവതീയുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകുന്ന ഈ പദ്ധതി അധികമാരും യഥാർത്ഥമായി പ്രയോജനപ്പെടുത്തുന്നില്ല. പരിശീലകൻ ഉദ്ദേശിക്കുന്ന തൊഴിലിൽ പരിശീലനം നല്കാൻ കഴിയാത്തത് ഇതിന്റെ പരാജയത്തിനു കാരണമാകുന്നു. കൂടാതെ പരിശീലനം ലഭിച്ചതിനു ശേഷം സ്വയം തൊഴിലായി സ്വീകരിച്ച് മുന്നോട്ടു പോകുന്നില്ല. പരിശീലനസമയത്ത് നൽകുന്ന സ്റ്റൈപ്പന്റ്, ആകർഷകമായ തൊഴിൽ പരിശീലനങ്ങൾ ഫലപ്രദമായ ബോധവൽക്കരണം എന്നിവ പദ്ധതിയുടെ വിജയ

| വാർഡ് | തൊഴിൽ സംരംഭത്തിന്റെ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1 (Formal) | 88-89 | 15 |
| 2 | 1 (Formal) | 89-90 | 15 |
| 3 | 1 (In formal) | 91-92 | 5 |
| 4 | | | |
| 5 | 1 (informal) | 91-92 | 5 |
| 6 | 1 (Formal) | 90-91 | 15 |
| 7. | | | |
| 8 | 1 (formal) | 94-95 | 10 |
| 9 | | | |
| 10 | I (formal) | 90-91 | 10 |

ത്തിനായി വിനിയോഗിക്കേണ്ടിയിരിക്കുന്നു. 2വില്ലേജ് സർക്കിളുകളിലൂടെ ഗ്രാമവികസനവകുപ്പ് പഞ്ചായത്തിൽ പല ഭാഗങ്ങളിലായി ഗ്രാമീണ തൊഴിലാളികൾക്ക് അവരുടെ കഠിനാധ്വാനം ലഘൂകരിക്കുന്നതിനുമായി ആധുനിക തൊഴിലുപകരണങ്ങൾ ഗ്രാമീണ കൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP)യിലൂടെ വിതരണം ചെയ്തിട്ടുണ്ട്. ലഭ്യമായ IRDP സർവ്വെയുടെയും മറ്റും കണക്കനുസരിച്ച് 64 പേർ ഈ പദ്ധതിക്ക് അർഹതയുണ്ട്. ഇപ്രകാരം ഇവരിൽ 33 പേർക്ക് ഈ പദ്ധതിയിൽ ആനുകൂല്യം ലഭിച്ചു.

ലഭ്യമായ കണക്കുകളിൽനിന്നും വ്യത്യസ്തമായി IRDP സർവ്വെയിൽ പെട്ടതും സർവെ ലിസ്റ്റിൽ അർഹതയുണ്ടായിട്ടും ലിസ്റ്റിൽ ഇല്ലാത്ത അനേകം കൈതൊഴിലുകാർ പഞ്ചായത്തിലുണ്ട്. ഇവർക്കെല്ലാവർക്കും ലഭ്യമാവത്തക്ക രീതിയിൽ ഈ പദ്ധതിയെ വളർത്തിയെടുക്കേണ്ടതാണ്.

പട്ടിക

ഗ്രാമീണകൈതൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (RAP) വാർഡ് IRDP സർവേ സഹായം സഹായത്തിന് കുറിപ്പ്

| വാർഡ് നമ്പർ | IRDP പ്രകാരം | സഹായം ലഭിച്ചവർ | സഹായത്തിന് അർഹതയുള്ളവർ |
|---|---|---|---|
| 1 | 7 | 3 | – |
| 2 | 4 | 3 | – |
| 3 | 9 | 7 | 1 പഴയ 10 |
| 4 | 2 | – | – വാർഡുകളെ പരാമർശിക്കുന്നു |
| 5 | 3 | 2 | – |
| 6 | 3 | 1 | – |
| 7 | 5 | 2 | 1 |
| 8 | 7 | 4 | 1 |
| 9 | 11 | 5 | 4 |
| 10 | 13 | 6 | 2 |
| ആകെ | 64 | 33 | 9 |

സാമൂഹ്യക്ഷേമപരിപാടികളുടെ ഭാഗമായി സാധാരണക്കാരുടെ ശുചീകരണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് നടപ്പിലാക്കി വരുന്ന CRSP കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്നുണ്ട്. ആധുനിക സംവിധാനം ഈ കക്കൂസുകളുടെ ദീർഘകാല ഉപയോഗത്തിനുപകരിക്കുന്നു. എന്നാൽ ഈ പദ്ധതിയുടെ വിജയം ഗുണഭോക്താക്കളുടെ ഉത്തരവാദിത്വത്തിൻ മേലാണ്. കാരണം, ഒരു കക്കൂസ് നിർമാണത്തിനായി ആകെ നൽകുന്ന 2000 രൂപ കൊണ്ട് സാധാരണക്കാർക്ക് ഇത് നിർമിക്കാൻ കഴിയാതെ വരുന്നു. ഇക്കാരണത്താൽ പല ഗുണഭോക്താക്കളും യഥാസമയം പണിതീർക്കാൻ കഴിയാത്തതിൽ ബുദ്ധിമുട്ടനുഭവിക്കുന്നു. നിലവിലുള്ള സഹായ സംഖ്യയുടെ വർധനവ് ഈ പദ്ധതിയുടെ വിജയത്തിനത്യാവശ്യമാണ്.

CRSP കക്കൂസുകളെപ്പറ്റിയുള്ള വിവരം

| വാർഡ് നമ്പർ | വർഷം | പൂർത്തികരിച്ചവയുടെഎണ്ണം | പദ്ധതി |
|---|---|---|---|
| 1 | 93-94 | 11 | CRSP |
| 2 | 94-95 | 24 | CRSP |
| 3 | 94-95 | 2 | CRSP |
| 4 | 95-96 | 4 | CRSP |
| 5 | 95-96 | 1 | CRSP |
| 6 | 93-94 | 6 | CRSP |
| 7 | | | |
| 8 | 94-95 | 6 | CRSP |
| 9 | 95-96 | 3 | CRSP |
| 10 | 90-91 | 7 | JRY |
| 11 | | | |

ക്ഷേമപരിപാടികളുടെ ഭാഗമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പെൻഷൻ പദ്ധതികൾ, പഞ്ചായത്തിലുള്ളവർക്ക് ലഭിച്ചു വരുന്നു. കൂടാതെ വിധവകളുടെ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം, പട്ടികജാതി പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം, തൊഴിലില്ലായ്മാ വേതനം, രോഗികൾക്കു നൽകിവരുന്ന പെൻഷൻ എന്നിവ പഞ്ചായത്തിലെ ആളുകൾക്ക് ലഭിച്ചു വരുന്നു.

പെൻഷനുകൾ: പഞ്ചായത്തിൽ നൽകിവരുന്ന ധനസഹായം ലഭിക്കുന്നവരുടെ വിവരം

പഞ്ചായത്ത് - ആലംകോട്
അഗതിപെൻഷൻ - Nil
വിധവ പെൻഷൻ - 198
വികലാംഗ പെൻഷൻ - 104
വാർധക്യ പെൻഷൻ - 150
ക്ഷയരോഗി പെൻഷൻ - 5
ക്യാൻസർ രോഗി പെൻഷൻ - 8
കർഷക തൊഴിലാളി - 350
തൊഴിലില്ലായ്മ വേതനം - 500

മേൽസൂചിപിച്ച പട്ടിക പ്രകാരം പെൻഷൻ നൽകിവരുന്നതിൽ എപ്പോഴും കാലതാമസം അനുഭവപ്പെടുന്നു. കൂടാതെ നൽകിവന്നിരുന്ന പല പെൻഷനുകളും ഇടയ്ക്കു വെച്ച് തടസ്സം നേരിടുകയും വീണ്ടും അപേക്ഷ നൽകി വളരെയേറെ കാലതാമസം അനുഭവപ്പെടുന്നു. പെൻഷനർഹരായവർ വളരെയധികം പഞ്ചായത്തിലുണ്ട്. യഥാർഥ ഗുണഭോക്താക്കൾക്ക് ശരിയായ വിധത്തിൽ പെൻഷൻ ലഭ്യമാക്കേണ്ടതാണ്. 500 പേർ തൊഴിലില്ലായ്മ വേതനം ലഭിക്കുന്നവരാണ്. തൊഴിലില്ലാത്തവർ കൂടുതൽ പേർ പഞ്ചായത്തിലുണ്ട്.

*അംഗൻവാടികൾ*

ICDSന്റെ കീഴിൽ പഞ്ചായത്തിലെ 11 വാർഡുകളിലായി ആകെ 27 അംഗൻവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 6 വയസ്സിനു താഴെയുള്ള കുട്ടികൾ വരുന്നുണ്ട്. മിക്ക അംഗൻവാടികളിലും പ്രാഥമികാവശ്യങ്ങൾ വളരെ കുറവാണ്. ഇവയിൽ 7 അംഗൻവാടികൾക്കു മാത്രമേ സ്വന്തമായി കെട്ടിടങ്ങളുള്ളൂ. സ്വന്തമായി സ്ഥലമുണ്ടായിട്ടും കെട്ടിടം ഇല്ലാതെ താല്ക്കാലിക ഷെഡുകളിൽ പ്രവർത്തിച്ചു വരുന്ന അംഗൻവാടികളുമുണ്ട്. കുട്ടികളുടെ ശാ

പഞ്ചായത്തിലെ ICDS അംഗൻവാടികളുടെ പൊതു വിവരങ്ങൾ
പഴയ 10 വാർഡിന്റെ അടിസ്ഥാനത്തിൽ

| വാർഡ് നമ്പർ | അംഗൻവാടികളുടെ എണ്ണം | 06 വയസ്സിലുള്ള കുട്ടികളുടെ എണ്ണം | സ്വന്തമായി | സ്വന്തമായി കെട്ടിടമില്ലാത്തവ | സ്ഥലമുണ്ടായിട്ടും കെട്ടിടമില്ലാത്തവ | കളിപ്പാട്ടമുള്ളവ | കളിപ്പാട്ടമില്ലാത്തത് | വികലാംഗരുടെ എണ്ണം |
|---|---|---|---|---|---|---|---|---|
| 1 | 3 | 1 114 | 2 | 1 | 1 | ഇല്ല | ഇല്ല | 9 |
| | | 2 105 | | | | " | " | 14 |
| | | 3 85 | 3 | | | " | " | 12 |
| 2 | 2 | 4 136 | 4 | | | " | " | 11 |
| | | 5 130 | 5 | | | " | " | 7 |
| | | | | | | | | 12 |
| 3 | 3 | 6 141 | | 6 | 6 | ഇല്ല | ഇല്ല | 4 |
| | | 7 116 | | 7 | 7 | " | " | 6 |
| | | 8 91 | 8 | | | | | |
| 4 | 3 | 9 101 | 9 | | | " | " | 7 |
| | | 10 106 | | 10 | | | | 5 |
| | | 11 75 | | 11 | 11 | " | " | 8 |
| 5 | 3 | 12 56 | | 12 | | " | " | 3 |
| | | 13 84 | | 13 | | " | " | 2 |
| | | 15 73 | | 15 | 15 | " | " | 8 |
| 6 | 3 | 14 56 | 14 | | | " | " | 5 |
| | | 16 133 | | 16 | 16 | " | " | 5 |
| | | 17 110 | | 17 | 17 | " | " | 10 |
| 7 | 2 | 18 94 | | 18 | | " | " | 8 |
| | | 19 101 | | 19 | 19 | " | " | 18 |
| 8 | 3 | 20 114 | | 20 | | " | " | 10 |
| | | 21 107 | | 21 | 21 | " | " | 6 |
| | | 22 91 | | 22 | | " | " | 5 |
| | | | | | | | | 2 |
| 9 | 2 | 23 120 | | 23 | | " | " | 8 |
| | | 24 102 | | 24 | | " | " | 7 |
| 10 | 3 | 25 131 | | 25 | 25 | " | " | 13 |
| | | 26 124 | | 26 | 26 | " | " | 14 |
| | | 27 104 | | 27 | | " | " | 15 |

രീരികവും മാനസികവുമായ വളർച്ചക്ക് അത്യന്താപേക്ഷിതമായ സൗകര്യങ്ങൾ പോലും പരിമിതമായ അംഗൻവാടികൾ പഞ്ചായത്തിലുണ്ട്. കളിപ്പാട്ടം, കളിക്കാനുള്ള സൗകര്യം, സ്ഥല പരിമിതി എന്നിവയും പരിമിതി തന്നെ. ഒരു വർക്കറും ഹെ

ൽപ്പറും അടങ്ങുന്നതാണ് അംഗൻവാടിയുടെ തസ്തികകൾ. ഇതിലൂടെ വനിതകളെ വലിയൊരളവിൽ പൊതുരംഗത്തു കടന്നു വന്നു. തുച്ഛമായ വേതനം ഈ സാധാരണ കുടുംബത്തിലെ അംഗങ്ങളായ അംഗൻവാടി ജീവനക്കാർക്ക് വളരെ പരിമിതമാണ്. ഇതിനു സർക്കാർ തലത്തിൽ ഇക്കാര്യത്തിൽ വലിയ മാറ്റം ആവശ്യമായിരിക്കുന്നു. അമിതമായ ജോലിഭാരവും ലഭ്യമാകുന്ന വേതനവും വളരെ വലിയ വിരോധാഭാസമായി നിലനില്ക്കുന്നു.

*പൊതുവിതരണം*

പഞ്ചായത്തിൽ ആകെ 10 പൊതുവിതരണ കേന്ദ്രമാണുള്ളത്. കൂടാതെ ഒരു മാവേലി സ്റ്റോറും പ്രവർത്തിക്കുന്നുണ്ട്. മാവേലി സ്റ്റോറിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. പൊതുവിതരണകേന്ദ്രത്തിലൂടെ എല്ലാ അവശ്യസാധനങ്ങളും ലഭ്യമാക്കണം. കൂടാതെ പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ പുതിയ പൊതുവിതരണകേന്ദ്രം തുറക്കേണ്ടിയിരിക്കുന്നു. ചങ്ങരംകുളം ഭാഗത്തെ കുറെയേറെയാളുകൾ നന്നംമുക്ക് പഞ്ചായത്തിലെ ഒരു പൊതുവിതരണകേന്ദ്രത്തെ ആശ്രയിക്കുന്നു.

*പ്രശ്നങ്ങൾ*

1. ജനസഹായ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ
2. അർഹരായവർക്ക് മുഴുവൻ സഹായം ലഭ്യമാകുന്നില്ല.
3. ലഭ്യമാകുന്ന സഹായം വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താതിരിക്കൽ
4. സഹായം ലഭ്യമായതിനു ശേഷം അവയുടെ യൂട്ടിലൈസേഷൻ പരിശോധനയുടെ അഭാവം.

*സാധ്യതകൾ:*

1. വിവിധ പദ്ധതികളെക്കുറിച്ചുള്ള ബോധവത്ക്കരണം രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പങ്ക് ഇക്കാര്യത്തിൽ പ്രധാനമാണ്.
2. സഹായം അർഹരായവർക്ക് മാത്രമാണ് ലഭിക്കുന്നത് എന്നുറപ്പാക്കണം. അതുപോലെ അർഹരായവർക്ക് മുഴുവൻ സഹായം ലഭിക്കുകയും വേണം.
3. ലഭ്യമായ സഹായങ്ങൾ ഗുണഭോക്താക്കൾ ശരിയായ വിധത്തിൽ ഉപയോഗിക്കുന്നത് ഉറപ്പു വരുത്താൻ മോണിറ്ററിംഗ് സമ്പ്രദായം നടപ്പിലാക്കുക.
4. ദുരുപയോഗം ചെയ്യുന്നവർക്ക് തുടർന്നും സഹായം നൽകാതിരിക്കുക.
5. ഗുണഭോക്താക്കൾക്ക് ശരിയായ മാർഗ്ഗദർശനം നൽകാനായി ഗൈഡൻസ് ബ്യൂറോകൾ തുടങ്ങുക.
6. ദുർബലവിഭാഗത്തിൽപെട്ട എല്ലാ പെൺകുട്ടികൾ വിവാഹധനസഹായം നൽകുക.
7. നൽകിവരുന്ന വിവാഹധനസഹായം ഉയർത്തുക.
8. നടപ്പിലാക്കിവരുന്ന പെൻഷനുകൾക്ക് കാലതാമസം നേരിടാത്ത രീതിയിൽ സഹായം ലഭ്യമാക്കണം.
9. നിലവിലുള്ള DWCRA യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കുക.

*ഗ്രാമസഭാ നിർദേശങ്ങൾ*

1. സ്വന്തമായി സ്ഥലവും കെട്ടിടവുമില്ലാത്ത അംഗൻവാടികൾക്ക് പുതിയ കെട്ടിടവും മറ്റും ലഭ്യമാക്കുക.
2. അംഗൻവാടികളിൽ കുട്ടികൾക്ക് വിശ്രമിക്കാനും ഉറങ്ങാനും ആവശ്യമായ സൗകര്യങ്ങൾ നൽകുക.
3. അംഗൻവാടികളിൽ കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങൾ നിർമ്മിച്ചു നൽകുക.
4. അംഗൻവാടി ജീവനക്കാർക്ക് നൽകിവരുന്ന വേതനത്തിൽ കാര്യമായ വർധനവരുത്തുക.
5. സാമൂഹ്യക്ഷേമവകുപ്പ് അംഗൻവാടി കെട്ടിടങ്ങൾക്കായി അനുവദിക്കുന്ന 25000 രൂപയിൽ നിന്നും 35000 രൂപ വരെ ഉയർത്തുക
6. അംഗൻവാടികൾക്ക് ചുറ്റുമതിൽ നിർമിക്കുക
7. പെൻഷൻ കുടിശ്ശികകൾ അടിയന്തിരമായി നൽകണം.
8. ഉദിനുപറമ്പ്, പള്ളിക്കുന്ന് ഭാഗത്ത് പൊതു വിതരണ കേന്ദ്രം ആവശ്യമാണ്.
9. അടിയന്തിര ദുരിതാശ്വാസ പ്രവർത്തനം നടത്തുന്നതിനായി പഞ്ചായത്തു പ്രസിഡന്റിന്റെ പ്രത്യേക ദുരിതാശ്വാസ ഫണ്ട് സ്വരൂപിക്കുക.
10. അംഗൻവാടികളിൽ നൽകിവരുന്ന കുട്ടികൾക്കും അമ്മമാർക്കുമുള്ള പോഷകാഹാരത്തിന്റെ അളവ് വർധിപ്പിക്കുക.
11. LKG, UKG സ്ഥാപനങ്ങളിൽ കുട്ടികളെ അയക്കാതിരിക്കുന്നതിനാവശ്യമായ ബോധവത്ക്കരണം രക്ഷിതാക്കൾക്കു നൽകണം.
12. നൽകിവരുന്ന പെൻഷനുകളിൽ കാലതാമസം വരുത്താതിരിക്കുക.
13. പെൻഷൻ ലഭിക്കുന്നതിനുള്ള സാങ്കേതികത്വങ്ങളിൽ അയവു വരുത്തുക.

※ ※ ※

# 8. സംസ്കാരം

വികസനത്തിന്റെ സംസ്കാരവും സംസ്കാരത്തിന്റെ വികാസവും പരസ്പരം പൂരകങ്ങളാകാതെവയ്യ. ഇന്നത്തെ കാലഘട്ടത്തിൽ വികസനത്തെ നയിക്കുന്നത് സാസ്കാരികമായ ഒരവബോധമായിരിക്കേണ്ടതുണ്ട്. വികസനകാര്യത്തിൽ മുൻഗണനാമേഖലകൾ നിശ്ചയിക്കുന്നതിലും പാരിസ്ഥിതികമടക്കമുള്ള ഘടകങ്ങൾക്ക് പ്രാധാന്യംനൽകുന്ന കാര്യത്തിലും വികസനരംഗത്തെ ഈ സംസ്കാരം മറന്ന് വ്യക്തിയേയും സമൂഹത്തേയും നയിക്കേണ്ടത്. അത്തരം സമൂഹത്തിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ഒരു സംസ്കാരം പഴയതിനെപുറംതള്ളി സ്ഥാനമേറ്റെടുക്കും.

അനന്തമായ ചരിത്ര സാംസ്കാരിക വിസ്മയങ്ങളുടെ ശൃംഖലയിലെ ഒരു കണ്ണിയാണ് ആലങ്കോടിന്റേയും സാംസ്കാരിക ചരിത്രം. ഭൂതകാലം ആര്യാധിനിവേശകാലത്തേക്കോ, ഭാഷോൽപണിഘട്ടത്തിലേക്കോ നീട്ടിക്കൊണ്ടുപോകാമെങ്കിലും അതിന്റെ അപ്രായോഗികതയോർത്ത് സ്വാതന്ത്ര്യാനന്തരഘട്ടത്തിലേക്ക് മാത്രമായി ചുരുങ്ങുകയാണ്. ഇങ്ങനെയൊരു ഘട്ടവിഭജനം സാങ്കേതികമാണെന്നും സംസ്കാരത്തിന്റെ വേരുകൾക്ക് കൃത്യമായ കാലയളവു കൽപ്പിക്കാവതല്ല എന്ന് അറിയായ്കയല്ല.

സ്വാതന്ത്രത്തിന്റെ ഒരുപുതിയ ആകാശത്തിൻകീഴിൽ കലാസാംസ്കാരിക പ്രവർത്തനങ്ങൾ ഇവിയെ ഊർജ്ജസലമായി നടക്കുകയുണ്ടായി. തൊട്ടയൽപ്പക്കമായ മേഴത്തൂരിൽ നിന്ന് വി.ടി.കൊളുത്തിയ സമുദായ പരിഷ്കരണത്തിന്റെ തിരിയുടെ പ്രകാശത്തിൽ നമ്പൂതിരീസമുദായവും ശ്രീനാരായണപ്രസ്ഥാനത്തിന്റേയും നവോത്ഥാന സന്ദേശങ്ങൾ നേരിട്ട് ഇങ്ങോട്ട് ഒഴുകിയെത്തിയില്ലെങ്കിലും അതിന്റെ അലയൊലികൾ കേട്ടുണർന്ന അവർണ്ണവിഭാഗങ്ങളും മതപഠനകേന്ദ്രങ്ങൾക്ക് പുറത്ത്നിന്നുള്ള വിദ്യയുടെ വെളിച്ചത്തിലേക്ക് ഉണർന്നു വരികയായിരുന്ന മുസ്ലിം ജനവിഭാഗങ്ങളും സ്വാതന്ത്രാനന്തര സാസ്കാരിക രംഗത്തെ സമ്പന്നവും സാരവത്തുമാക്കാൻ സഹായകമായിട്ടുണ്ട്. ഇതിന്റെ പ്രകടമായ സവിശേഷതകൾ ജാതിമതസ്പർദ്ധകളിൽ നിന്നുള്ള മോചനവും അനാചാരങ്ങളിൽ നിന്ന് മുക്തമാകാനുള്ള വെമ്പലും സർവ്വോപരി സമത്വബോധം മനസ്സിൽ നാമ്പിട്ടു എന്നുള്ളതുമാണ്. പിൽക്കാല രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ സാംസ്കാരിക ബോധത്തിൽ നിന്ന് വളം വലിച്ചെടുത്തു വളർന്നതോടൊപ്പം അവയുടെ പ്രവർത്തനം ആലങ്കോട്ടുകാരുടെ സാംസ്കാരികൗന്നത്യത്തെ കൂടുതൽ പുഷ്കലമാക്കുകയും ചെയ്തു.

### കലാസാഹിത്യരംഗം

പകിട്ടുള്ള കലാപാരമ്പര്യം ഉണ്ടായിരുന്ന ആലംകോടിന് അത് നിലനിർത്തുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഖേദത്തോടെ പറയേണ്ടിയിരിക്കുന്നു. എത്രയെത്ര നാടൻ കലകളും നാട്ടാചാരങ്ങളും ഇവിടെ മണ്ണടിഞ്ഞുപോയി. പുള്ളുവൻപാട്ട്, പരിചമുട്ട്കളി എന്നിവ മണ്ണടിഞ്ഞുപോയ നമ്മുടെ പാരമ്പര്യകലകളാണ്. നമ്മുടെ ഉത്സവങ്ങളും മറ്റും ഇത്തരം കലകളുടെ സംഗമസ്ഥാനമായിരുന്നു. പറയപൂതം, മണ്ണാൻപുതം, മുക്കൻചാത്തൻ എന്നിവ എടുത്ത്പറയാവുന്ന പ്രാചീനകലകളിൽപ്പെടുന്നു. ഈ കലാരൂപങ്ങളിൽ ചിലവ മാത്രം ആചാരപരമായ അടിസ്ഥാനങ്ങളിൽ ഇന്ന് നിലനിൽക്കുന്നു. ദഫ്മുട്ട്, കോൽക്കളി, കുത്ത്റാത്തിബ് എന്നീ മുസ്ലിം കലകൾ നാമമാത്രമായി നിലനിൽക്കുന്നു. പുതിയതലമുറ ഈ കലകളെ വേദികളിലെ മത്സരഇനങ്ങളായി മാറ്റിയിരിക്കുന്നു. ദഫ്മുട്ടിൽ പ്രശസ്തനായിത്തീർന്ന തലാപിൽ അബ്ദുറഹിമാൻ ഈ പഞ്ചായത്തിലെ പന്താവൂർകാരൻ ആണ്.

അത്പോലെ ആയോധനകലയിൽ അഭിമാനം ഉയർത്തിപ്പിടിച്ച് പ്രതിഭാസ്തനായിരുന്നു വി.കെ മാധവപ്പണിക്കർ. വി.കെ.എം. കളരി എന്നപേരിൽ അദ്ദേഹം നടത്തിയിരുന്ന സ്ഥാപനങ്ങളിൽ നിന്ന് ഒട്ടനവധിപേർ പ്രസ്തുതകലയിൽ പ്രാവീണ്യം നേടിയിട്ടുണ്ട്. ഈ ശിഷ്യഗണ കലാസാഹിത്യരംഗത്ത് വൻകിടക്കാരെയൊന്നും ആലങ്കോടിന് സംഭാവനചെയ്യാൻ കഴിഞ്ഞിട്ടില്ല എങ്കിലും പഞ്ചായത്തിന്റെ പങ്ക് ഈരംഗത്തും ചെറുതല്ല.

ദീർഘകാലം മൂക്കുതല ഹൈസ്കൂളിൽ അദ്ധ്യാപകനായി സേവനമുനുഷ്ഠിച്ച വിദ്വാൻ എ.കൃഷ്ണൻ, പൊൻകുന്നം ദാമോദരൻ എന്നിവർ ഈരംഗത്ത് ഒട്ടനവധി സംഭാവനകൾ നൽകിയിട്ടുണ്ട്. ശ്രീ പൊൻകുന്നം ദാമോദരൻ ഒട്ടനവധി കവിതകളും, പാട്ടുകളും നാടകങ്ങളും രചിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ കവിതകളെഴുതിയിരുന്ന ശ്രീ. എ.ടി.കരുണാകരമേനോൻ മഹാകവി വള്ളത്തോളിന്റെ മാനസശിഷ്യൻ കൂടി അയിരുന്നു. മറ്റു സുഹൃത്തുക്കളോടൊപ്പം 'തിരനോട്ടം' എന്ന സമാഹൃതകൃതിയും പ്രസിദ്ധീകരിച്ചിട്ടുള്ള ശ്രീ. എം.ടി.കുട്ടികൃഷ്ണമേനോൻ ധാരാളം കവിതകളെഴുതുകയും ആനുകാലികങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. റേഡിയോ ഗാനങ്ങളിലൂടെയും അദ്ദേഹം അറിയപ്പെടുന്നു. കവിതകളും നാടകങ്ങളും ലേഖനങ്ങളുമായി പത്തുഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ള ശ്രീ. എൻ.എൻ.തലാപ്പിൽ കലാസാംസ്കാരികരംഗത്ത് ഇന്നും നിറഞ്ഞുനിൽക്കുന്ന വ്യക്തിയാണ്.

ചരിത്രപണ്ഡിതൻമാർക്കും ചരിത്രാമ്പേഷണ കൃതികൾക്കും ഒഴിച്ചുകൂടാനാകാത്ത ഗ്രന്ഥമാണ് 'ഇബ്നുബത്തുത്ത കണ്ട കേരളം' എന്ന ഗ്രന്ഥം. ഇന്ന് 'ശ്രീ.വേലായുധൻ പണികശ്ശേരിയുടെ പേരിലറിയപ്പെടുന്ന ഈ ഗ്രന്ഥം വിവർ

ത്തനം ചെയ്തത് കോക്കൂരിലെ അറബി ഭാഷാ പണ്ഡിതനായിരുന്ന നാലകത്ത് അബ്ദുൽ റഷീദ്മൗലവിയായിരുന്നു. അദ്ദേഹത്തിന്റെയും പണക്കശ്ശേരിയുടെയും ഒരു സംയുക്ത സംരംഭമായിരുന്നു അത്. പ്രശസ്തി ഒട്ടും അഭിലഷിക്കാത്ത അദ്ദേഹവും അദ്ദേഹത്തിന്റെ പേര് പ്രസ്തുത ഗ്രന്ഥത്തിന്റെ തുടർന്നുള്ള പതിപ്പുകളിലും ചരിത്രാന്വേഷകരുടെ പഠനങ്ങളിലും വിസ്മരിക്കപ്പെട്ടു എന്നത് തികച്ചും ഖേദകരമായി. പോയകാലത്ത് അധികമാരാലും അറിയപ്പെടാതിരിക്കുകയും അങ്ങനെ ആഗ്രഹിക്കാതിരിക്കുകയും ചെയ്ത ഒട്ടനവധി പേർ ഇനിയുമുണ്ട്. മാപ്പിളപ്പാട്ടുകർത്താവായ ഇല്ലത്തുവളപ്പിൽ മാമു, അറബികവികളായിരുന്ന അഹമ്മദ് മൗലവി, വി.എം.മൗലവി, മാപ്പിളപ്പാട്ടുകാരിയായ ആയിഷ എന്നിവർ അവരിൽപ്പെടുന്നു.

ഹാജി കെ.വി.മുഹമ്മദ് എന്നപേരിൽ അറിയപ്പെടുന്ന ശ്രീ.കെ.വി.എം. പന്താവൂർ നിരവധി മുസ്ലിം മതഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തിട്ടുണ്ട്. കൂടാതെ മതപരമായ മറ്റുപുസ്തകങ്ങളും. സാഹിത്യപ്രവർത്തനരംഗത്ത് സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു പ്രതിഭാധനമാണ് 'നീലിദ' മരണോത്സവം എന്നീ കഥാസമാഹാരങ്ങളുടെയും, നിരവധി റേഡിയോനാടകങ്ങളുടെയും കർത്താവായ അഡ്വ: അബ്ദുള്ള സോണ.

അറുപതുകളുടെ ആദ്യകാലത്ത് സജീവമായ നാടക പ്രവർത്തനങ്ങളും ആലങ്കോട് പ്രദേശത്ത് നടക്കുകയുണ്ടായി. ശ്രീ. എം.കെ.മുഹമ്മദ്കുട്ടി, ശ്രീ.പി.എം.അബ്ദുറഹീം, നെല്ലിശ്ശേരിഇബ്രാഹിം, ബാലകൃഷ്ണൻ തുടങ്ങിയവരും അക്കാലത്ത് നാടകരംഗത്ത് പ്രയത്നിച്ചവരാണ്.

സംസ്കാരത്തെ ഉപരിവിപ്ലവമായി ഉൾക്കൊള്ളുന്നതിൽ വ്യഗ്രമാർന്നവരുടെ ആധിപത്യത്തിനിടക്കും വിജ്ഞാനത്തിന്റെ പുതിയമേഖലകൾ കണ്ടെത്തി സാംസ്കാരിക സാമൂഹ്യരംഗത്ത് ആധിപത്യം പുലർത്തിയിട്ടുള്ള ഒരാളാണ് ആലങ്കോട് ലീലാകൃഷ്ണൻ. നിളയുടെ തീരത്തെ സാംസ്കാരികമായ ഉദയാസ്തമയങ്ങൾ കണ്ടെത്തുന്ന വിശദമായ ഒരുഗ്രന്ഥവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശാസ്ത്രസാഹിത്യരംഗത്ത് ഉയർന്നുനിൽക്കുന്ന പ്രതിഭധനനാണ് ഡോ.ടി.പ്രദീപ്. രണ്ടു ശാസ്ത്ര ഗ്രന്ഥങ്ങൾ ഉൾപ്പെടെ നിരവധി ലേഖനങ്ങൾ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ചവിട്ടുനാടകരംഗത്തെ പ്രഗല്ഭനായ ശ്രീ.കെ.വി.ബാലകൃഷ്ണൻനായർ നാടകരംഗത്തെ പ്രതിഭയായിരുന്ന അന്തരിച്ച ശ്രീ.ടി.എൻ. ബാലകൃഷ്ണക്കുറുപ്പ്, ആലങ്കോട്പഞ്ചായത്ത് മുൻ ബോർഡ് അംഗം ശ്രീ.കെ.വേലായുധനെഴുത്തച്ഛൻ മേക്കപ്പ്, നാടകാവതരണം എന്നീ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ശ്രീ.കെ. ബാലകൃഷ്ണനെഴുത്തച്ഛൻ, ശ്രീ.സി. ശിവശങ്കരൻ മാസ്റ്റർ എന്നിവരുടെ സേവനങ്ങൾ നിസ്തുലങ്ങളാണ്. നാട്ടാചാരങ്ങളും നാടൻ കലകളും കരകൗശലവും ഏറെക്കുറെ മൺമറഞ്ഞു പോയിട്ടുണ്ടെന്ന് പറയാം. ഈ കലാരൂപങ്ങളിൽ ചിലതെങ്കിലും നാമമാത്രമായി നിലനിൽക്കുന്നത് ആചാരപരമായ അടിസ്ഥാനത്തിലാണ്. കുട്ടനെയ്ത്ത് പോലുള്ള നാടൻ സാങ്കേതിക വിദ്യ അസംസ്കൃത വസ്തുക്കളുടെ അഭാവവും നഗരവൽക്കരണത്തിന്റെ ഗതിവേഗവും കാരണം അന്യമായി കഴിഞ്ഞു എന്ന് പറയാം.

വായനശാലാ രംഗത്തും പഞ്ചായത്ത് പിന്നിലല്ല. 1956 ൽ കേരളപ്പിറവിയോടടുപ്പിച്ചാണ് നളന്ദ കലാകേന്ദ്രം എന്ന പേരിൽ ഇന്നും നിലനിൽക്കുന്നു. ഗ്രാമീണ വായനശാല & ഗ്രന്ഥശാല പന്താവൂർ എന്ന സാംസ്കാരിക കേന്ദ്രം ശ്രീ. വി. ടി. ഭട്ടതിരിപ്പാട് ഉൽഘാടനം ചെയ്തത്. നാലു വർഷങ്ങൾക്കു ശേഷം കക്കിടിപ്പുറം ബ്രദേഴ്സ് ക്ലബ്ബ് എന്ന സാംസ്കാരിക സ്ഥാപനം രൂപമെടുത്തു. നാടകത്തിനും നൃത്തത്തിനുമായിരുന്നു അവർ പ്രാമുഖ്യം കൊടുത്തത്. പിന്നീട് ഈ രണ്ടു സ്ഥാപനങ്ങളും ഒന്നാവുകയും നളന്ദ കലാകേന്ദ്രം എന്ന പേരിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരികയും ചെയ്യുന്നു. ഗ്രന്ഥശാല സംഘം അംഗീകാരമുള്ള ഒരു ഗ്രന്ഥശാല ഇതിന്റെ കീഴിലുണ്ട്.

1960 കളിൽ കോക്കൂരിൽ നന്നായി പ്രവർത്തിച്ചിരുന്ന കോക്കൂർ യുവജന വായന ശാല എന്ന ഗ്രന്ഥശാല ഇന്ന് നിലവിലില്ല. കോക്കൂരിൽ തന്നെ യുവചേതനയുടെ കീഴിൽ ഒരു ഗ്രന്ഥശാല കുറച്ചു കാലം പ്രവർത്തിക്കുകയുണ്ടായി. ഇതിനും ദീർഘായുസ്സ് ഉണ്ടായിരുന്നില്ല. ഇതു പോലെ തന്നെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒട്ടനവധി വായനശാലകൾ ഉടലെടുക്കുകയും വൈകാതെ തന്നെ ചരിത്രത്തിന്റെ ഭാഗമായി തീരുകയും ചെയ്തിട്ടുണ്ട്. വായനയിൽ നിന്നും ജനങ്ങൾ പ്രത്യേകിച്ച് യുവജനങ്ങൾ ദൃശ്യശ്രാവ്യ രംഗത്തേക്ക് മാറിയത് തന്നെയായയിരുന്നു പല ഗ്രന്ഥശാലകളുടേയും അധഃപതനത്തിനു കാരണം.

കൂടാതെ ചങ്ങരംകുളം കേന്ദ്രമാക്കി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ചങ്ങരംകുളം സാംസ്കാരിക സമിതി & ഗ്രന്ഥശാല, ഈ പ്രദേശത്ത് വായനാശീലം വളർത്തുന്നതിൽ പ്രധാന പങ്കു വഹിച്ചു കൊണ്ടിരിക്കുന്നു.

നമ്മുടെ നാട്ടിലെ വായന ശാലകൾക്ക് അതിവിദൂരമല്ലാത്ത കാലം വരെ ആ പ്രദേശത്തെ വിജ്ഞാന വിതരണ കാര്യങ്ങളിലും സാംസ്കാരിക ഉന്നതിയിലും കാര്യമായ പങ്കുണ്ടായിരുന്നു. വായനയെ അർഹിക്കുന്ന ഗൗരവത്തോടെ കണ്ടിരുന്ന ഒരു തലമുറയായിരുന്നു അന്നത്തെ പ്രധാന നേട്ടം. ഇന്നത്തെ തലമുറയുടെ മുൻഗണനാ ക്രമങ്ങൾക്ക് മാറ്റം വന്നിട്ടുണ്ട് എന്ന വസ്തുത അംഗീകരിക്കേണ്ടിയിരിക്കുന്നു. ഗൗരവമായ വായനയും സാംസ്കാരിക പ്രവർത്തനവും പുതിയ തലമുറക്ക് ആവശ്യമാണ്. ഉപരിതലസ്പർശികളായ ചലച്ചിത്രങ്ങളിലൂടേയും ഗ്രന്ഥങ്ങളിലൂടേയും ടെലിവിഷൻ ചാനൽ പരിപാടികളിലൂടേയും അവരുടെ തൃഷ്ണ ശമിപ്പിക്കപ്പെടുന്നു.

പഞ്ചായത്തിലെ വായന ശാലകളുടെയും ക്ലബ്ബുകളുടെയും വിവരം

| നമ്പർ | വാർഡ് | പേര് | സ്ഥാപിച്ച വർഷം | റജിസ്ട്രേഷൻ | ലഭിച്ച ധന സഹായം | പുസ്തകങ്ങളുടെ എണ്ണം | മറ്റു വിവരങ്ങൾ (ആസ്തിയും മറ്റും) |
|---|---|---|---|---|---|---|---|
| 1 | I | ജനകീയ പ്രശ്നപരിഹാര സമിതി, കാളാച്ചാൽ | 1996 | 184/96 | - | - | |
| 2 | I | JPPS Arts & Sports Club കാളാച്ചാൽ | 1996 | - | - | - | |
| 3 | I | പബ്ളിക് ലൈബ്രറി, കാളാച്ചാൽ | 1993 | - | - | 550 | |
| 4 | II | നളന്ദ കലാകേന്ദ്രം&വായന ശാല പന്താവൂർ | 1956 | 2079 | വാർഷിക ഗ്രാന്റ് | 3500 | |
| 5 | II | രാജീവ് മെമ്മോറിയൽ ചാരിറ്റബിൾ സൊസൈറ്റി | 1991 | 1000/91 | | | |
| 6 | IV | AKG സാംസ്കാരിക കേന്ദ്രം & വായനശാല ആലംകോട് | 1988 | 125/90 | | 500 | |
| 7 | VII | തനിമ കലാവേദി കോക്കൂർ | 1989 | 125/92 | | | |
| 8 | VII | റിക്രിയേഷൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ് കോക്കൂർ | 1990 | 368/92 | | 300 | ടി.വി |
| 9 | IV | സംഘം സ്പോർട്സ് ആലംകോട് | | | | | സ്വന്തം കെട്ടിടം |
| 10 | VIII | ബ്രദേഴ്സ് Arts & Sports Club CH നഗർ കോക്കൂർ | 1972 | | | | നെഹ്റു യുവക് കേന്ദ്ര അഫിലിയേഷൻ |
| 11 | VII | സാൻഡോസ് Arts Club & Library വളയംകുളം | | | | | |
| 12 | IV | സൂര്യ, ഉദിനൂപറമ്പ് | | | | | |
| 13 | VI | സൂര്യതരംഗം കലാസാംസ്കാരിക സമിതി ചിയ്യാനൂർ | | | | | |
| 14 | III | പ്രതിഭ ഗ്രന്ഥ ശാല കക്കിടിപ്പുറം | 1983 | | വാർഷിക ഗ്രാന്റ് | 500 | സ്വന്തം കെട്ടിടം, TV സംഗീത നാടക അക്കാദമി അംഗീകാരം |

ഉദ്ദേശം 30 വർഷങ്ങൾക്ക് മുമ്പ് തന്നെ ഈ പഞ്ചായത്തിൽ ഒരു സിനിമാ കൊട്ടക സ്ഥാപിതമാവുകയുണ്ടായി. നവീന സിനിമയുടെ ആസ്ഥാന തലത്തിലേക്ക് പ്രേക്ഷകരെ ആനയിക്കാനുതകും വിധത്തിലുള്ള ഫിലിം സൊസൈറ്റി പ്രസ്ഥാനങ്ങളൊന്നും ഇവിടെ പ്രവർത്തിക്കുകയുണ്ടായില്ല. മലയാള സിനിമാരംഗത്ത് പ്രശസ്തനായ അടൂർ ഗോപാലകൃഷ്ണന്റെ അസിസ്റ്റന്റായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സഹസംവിധായകനായ ശ്രീ പഞ്ചായത്തിലെ മാന്തടം സ്വദേശിയാണ്.

വളരെ വർഷങ്ങൾക്കു മുമ്പെ നമ്മുടെ പഞ്ചായത്ത് ദൃശ്യശ്രാവ്യ രംഗത്ത് ശ്രദ്ധ പതിപ്പിക്കുന്നു. ആലംകോട്, സാംസ്കാരിക പ്രവർത്തനങ്ങൾ രൂപം കൊണ്ട കാലം മുതൽ നടത്തിവരുന്നുണ്ട്. 1964 ൽ ആദ്യ പഞ്ചായത്ത് രൂപം കൊണ്ട സമയത്ത് ആലംകോട് പ്രദേശത്ത് ഒരു 'റേഡിയോ കേന്ദ്രം' സ്ഥാപിക്കുകയുണ്ടായി. പഞ്ചായത്തിലെ 4ാം വാർഡിൽ ജനങ്ങൾക്ക് ആസ്വദിക്കാനുതകും വിധം ഒരു ടി.വി. സ്ഥാപിച്ചിട്ടുണ്ട്.

സ്വാതന്ത്ര്യ സമരത്തിന്റേയും അയിത്തോച്ചാടന പ്രസ്ഥാനങ്ങളുടെയും മറ്റും അലയൊലികൾ സമൂഹത്തിലുണ്ടാക്കിയ മാറ്റങ്ങൾക്കു ശേഷം സാമ്പത്തിക സാമൂഹ്യ മേഖലകളിൽ വൻകുതിച്ചു ചാട്ടത്തിനിടയാക്കിയ സംഭവം ഗൾഫ് പണത്തിന്റെ ഒഴുക്കായിരുന്നു. സാമ്പത്തികമായ ഉന്നതി അവരുടെ വിദ്യാഭ്യാസ സാംസ്കാരിക മേഖലകളെയും സമ്പന്നമാക്കി. പുതുപുത്തൻ വിജ്ഞാനങ്ങളോടൊപ്പം ആധുനിക യന്ത്രസാമഗ്രികളുമായി അടുത്തിടപഴകുവാനും ജനങ്ങൾക്കവസരമേകി.

വർഷങ്ങൾക്കു മുന്നെ നമ്മുടെ പഞ്ചായത്തിൽ അമ്പലങ്ങളിലും പള്ളികളിലും നടന്നിരുന്ന ആഘോഷങ്ങൾ സാംസ്കാരിക രംഗത്ത് ഒരു പുതിയ അദ്ധ്യായം തുറന്നു. കേരളത്തിലെ ദുർലഭം ക്ഷേത്രങ്ങളിൽ മാത്രം കണ്ടുവരുന്ന ഒരു പ്രത്യേക ആചാരവും ആഘോഷവുമാണ് പാന. പാനച്ചാട്ട വിദഗ്ദനായ ആലങ്കോട് മുത്തേടത്ത് വളപ്പിൽ ഗോവിന്ദൻ കുട്ടിനായർ ഉൾപ്പെട്ട പലരും ഇന്ന് ആ വിശിഷ്ട ചടങ്ങ് നടത്തി വരുന്നുണ്ട്.

*പഞ്ചായത്തിലെ പ്രധാന ഉത്സവങ്ങൾ*

1. കേക്കൂർ ശ്രീ മഹാ വിഷ്ണു ക്ഷേത്രോൽസവം
2. ഒതളൂർ പുതു വെയ്പ് എന്ന മണലിയാർകാവ് ക്ഷേത്രോൽസവം
4. വളയംകുളം കോഴിശ്ശൃങ്ങാട്ട് ക്ഷേത്രോൽസവം
5. മാങ്കുന്നത്ത് കാവ് ക്ഷേത്രോൽസവം
6. പെരുമുക്ക് കാരേക്കാട് ക്ഷേത്രോൽസവം
7. ആര്യൻ കാവ് ക്ഷോത്രോൽസവം
8. ചേനാത്ത് ശിവ ക്ഷേത്രം ശിവരാത്രി മഹോത്സവം
9. കിഴിയപ്പുറത്ത് പൂയം മഹോൽസവം
10. കക്കിടിപ്പുറം അസുര മഹാകാളൻ ക്ഷേത്രോൽസവം
11. ഉദിനൂപറമ്പ് കാർത്യായനി ക്ഷേത്രോൽസവം
12. പന്താവൂർ ലക്ഷ്മീ നരസിംഹ മൂർത്തി ക്ഷേത്രോൽസവം
13. അഷ്ടയിൽ ക്ഷേത്രോൽസവം
14. പാവിട്ടപ്പുറം നേർച്ച

*പ്രധാന മസ്ജിദുകൾ*

1. കോക്കൂർ വലിയ ജുമുഅത്ത് പള്ളി
2. കോക്കൂർ സൈഫുദ്ദീൻ ജുമുഅത്ത് പള്ളി
3. കോക്കൂർ തെക്ക് മുറി ജുമുഅത്ത് പള്ളി
4. പെരുമുക്ക് ജുമുഅത്ത് പള്ളി
5. പന്താവൂർ '
6. കാളാകുന്ന് '
7. ആലംകോട് '
8. കക്കിടിപ്പുറം മഖാം
9. ഒതളൂർ പടിഞ്ഞാറ്റ് മുറി '
10. ഒതളൂർ പൊലിയോടത്ത് ജുമുഅത്ത് പള്ളി
11. കിഴിക്കര '
12. എറവറാംകുന്ന് '
13. പള്ളിക്കുന്ന് ഞാലിൽ

*വാസ്തുവിദ്യ:*

ഗൾഫ് മേഖലയിൽ നല്ലൊരു ശതമാനം ജനങ്ങൾ താമസിക്കുന്നുണ്ട് ഈ പഞ്ചായത്തിൽ. പരിസ്ഥിതി സന്തുലനം ഒട്ടും പാലിക്കാത്ത വൻ കോൺക്രീറ്റ് എടുപ്പുകൾ ധാരാളം ഉണ്ട്. പകുതിയിലേറെ വീടുകൾ ഓടിട്ടതാണ്. അങ്ങിങ്ങ് ഓലമേഞ്ഞ വീടുകളും പഞ്ചായത്തിൽ കാണാൻ കഴിയും. പ്രാചീന വാസ്തു നിദർശനങ്ങളായ ഒട്ടേറെ ദേവാലയങ്ങളും പഴയ തറവാടുകളും പഞ്ചായത്തിലുണ്ട്.

*സാക്ഷരത :*

1990 സാക്ഷരതാ പ്രവർത്തനം മികച്ച രീതിയിൽ നടത്തിയ ഒരു പഞ്ചായത്താണ് ഇത്. തുടർ വിദ്യാഭ്യാസ പ്രവർത്തനവുമായി മുന്നോട്ടുപോകുന്നതിൽ ഇന്ന് ഒരു മാന്ദ്യം അനുഭവപ്പെടുന്നുണ്ട്. തുടർ വിദ്യാഭ്യാസ പ്രവർത്തനം തുടരണമെന്ന് പല ഗ്രാമ സഭകളിൽ നിന്നും ഉയർന്ന് വന്നിട്ടുണ്ട്. ഇതിന് ജന പങ്കാളിത്തത്തോടെ പരിഹാരം കാണേണ്ടതുണ്ട്. സാക്ഷരതാ പ്രവർത്തനം ഒരു പുത്തനുണർവ് ഈ പഞ്ചായത്തിൽ ജനങ്ങളിൽ ഉണ്ടാക്കിയിട്ടുണ്ട്. 4 ജന വിദ്യാകേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

1. റിക്രിയേഷൻ ജനവിദ്യാകേന്ദ്രം കോക്കൂർ
2. നിള ജനവിദ്യാ കേന്ദ്രം മാന്തടം
3. സാന്റോസ് ജനവിദ്യാകേന്ദ്രം വളയംകുളം
4. നളന്ദ ജനവിദ്യാ കേന്ദ്രം പന്താവൂർ

*കായിക രംഗം*

പഞ്ചായത്തിൽ കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനു വേണ്ടി ചെറിയ തോതിലുള്ള സംരംഭങ്ങൾ നടത്താറുണ്ട്. വേനൽ കാലമായാൽ നെൽപാടങ്ങളിൽ തലങ്ങും വിലങ്ങും നടത്താറുള്ള ഫുട്ബോൾ ടൂർണ്ണമെന്റ് ഇതിന് നല്ലൊരു ഉദാഹരണമാണ്. ബാറ്റ്മിന്റൺ, ഷട്ടിൽ , വോളിബോൾ എന്നീ ടൂർണ്ണമെന്റുകളും ഈയിടെയായി ക്രിക്കറ്റ് ടൂർണ്ണമെന്റും നടന്നുവരുന്നുണ്ട്.

കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കേണ്ടതുണ്ട്. സ്കൂളുകളിലും കോളേജുകളിലും മികച്ച പ്രകടനം കാഴ്ച വെച്ച അനേകം വിദ്യാർത്ഥികൾ പഠനത്തിനു ശേഷം കായിക രം

ഗത്തേക്ക് വിടപറയുന്നു. കായിക രംഗത്തെ പരീക്ഷിച്ചെടുക്കേണ്ടതിന്റെ വലിയൊരു ഉത്തരവാദിത്തം നമുക്കേറ്റെടുക്കേണ്ടതുണ്ട്.

നാടൻ വിനോദങ്ങളായ കുട്ടിയും കോലും, തലപ്പന്ത്, ഗോലി തുടങ്ങിയവയും നടന്നുവരുന്നുണ്ട്. പക്ഷേ ഇതൊക്കെ കൊച്ചുകുട്ടികളിൽ ഒതുങ്ങിയിരിക്കുന്നു. കാർഷിക സാംസ്കാരത്തിന്റെ ഭാഗമായ കാളപ്പൂട്ട് മത്സരം ഉണ്ടായിരുന്നത് നാമവശേഷമായി. വളയംകുളത്ത് നടന്ന് വന്നിരുന്ന ഈ മത്സരം പഞ്ചായത്തിന്റെ ഉത്സവമായിരുന്നു. കരാട്ടെ, ജിംനേഷ്യം , കളരിപ്പയറ്റ് എന്നിവ ചെറിയ തോതിൽ നടക്കുന്നുണ്ട്.

1970 കളിൽ കോക്കൂരിൽ പ്രവർത്തിച്ചിരുന്ന KSS എന്ന സാംസ്കാരിക വേദിയുടെ കീഴിൽ പ്രശസ്തമായ ഒരു വോളിബോൾ ടീം ഉണ്ടായിരുന്നു. സി.എ. കുഞ്ഞുമോൻ, കെ. സുബ്രമണ്യൻ തുടങ്ങിയവർ നേതൃത്വം കൊടുത്തിരുന്ന പ്രസ്തുത ടീം സംസ്ഥാനാടിസ്ഥാനത്തിൽ പല മത്സരങ്ങളിലും പങ്കെടുത്തിരുന്നു. അത് ബ്രദേഴ്സ് സ്പോർട്സ് ക്ലബ്ബിന്റെ കീഴിൽ പഞ്ചായത്തിലെ മികച്ച ഒരു ഫുട്ബോൾ ടീമും ഉണ്ടായിരുന്നു. ജീവിത പ്രശ്നങ്ങളുമായി ഇതിന്റെയെല്ലാം ടീമംഗങ്ങൾ വിവിധ മേഖലകളിലേക്ക് നീങ്ങിയപ്പോൾ എല്ലാം ഓർമ്മകളായി അവശേഷിച്ചു.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

തനിമയോടെ നിലനിർത്തിരുന്ന നമ്മുടെ സാംസ്കാരിക പാരമ്പര്യത്തിന് 1970 കളുടെ തുടക്കത്തോടെ മാറ്റങ്ങൾ സംഭവിക്കുകയായി. ഈ കാലഘട്ടത്തിൽ ഗൾഫ് രാജ്യങ്ങളിലേക്കുണ്ടായ കുടിയേറ്റവും തദ്വാരാ ഉണ്ടായ സാമ്പത്തിക മുന്നേറ്റവുമാണ് ഇതിന് കാരണമായി ഭവിച്ചത്. ജീവിതം ലാളിത്യം വെടിഞ്ഞ് ആർഭാടപൂർണ്ണമായി.

ഒരു തരം യാന്ത്രിക ജീവിതത്തിന്റെ എല്ലാ മേഖലയിലും കൈവന്നു. ഉപഭോക്തൃസംസ്കാരം വളർന്നു വന്നു. ജീവിതം സുവർണ്ണമാക്കാനുള്ള ഈ മത്സരിച്ചോട്ടത്തിനിടയിൽ പലതും നമുക്ക് കൈമോശം വന്നത് ഗൗനിക്കപ്പെട്ടില്ല.

നമ്മുടെ സാംസ്കാരിക രംഗം നേരിടുന്ന പ്രശ്നങ്ങളെ താഴെ പറയും പ്രകാരം ചുരുക്കി സംഗ്രഹിക്കാം.

1. വ്യക്തിപരവും സംഘടിതവുമായുള്ള സാംസ്കാരിക പ്രവർത്തനങ്ങളുടെ അഭാവം
2. ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നുകയറ്റം മൂലം വായനാസാംസ്കാരത്തിനേറ്റ തിരിച്ചടി.
3. സംഘടിത യത്നങ്ങളിൽ പൊതുവേയുള്ള താൽപര്യക്കുറവ്
4. സാമ്പത്തികാഭിവൃദ്ധി മൂലമുണ്ടായ ഉപഭോഗാസക്തിയും തന്മൂലമുണ്ടായ ആർഭാടങ്ങളും
5. നാടൻ സാങ്കേതിക വിദ്യകളുടേയും കരകൗശലാദികളുടേയും തകർച്ച
6. പൊതു വേദികളുടെ അഭാവം
7. അന്ധമായ കക്ഷിരാഷ്ട്രീയം

*പരിഹാര നിർദ്ദേശങ്ങൾ*

1. ചങ്ങരംകുളത്തും കോക്കൂരിലും ഓരോ സ്റ്റേഡിയങ്ങൾ നിർമ്മിക്കുക
2. നിർദ്ദിഷ്ട ചങ്ങരംകുളം സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കുക
3. ഓരോ വാർഡിലും ഒരുവായന ശാലയുടെയെങ്കിലും സജീവമായ പ്രവർത്തനം ഉറപ്പ് വരുത്തുക.
4. വാർഡിലൊന്നിൽ സാംസ്കാരിക പ്രവർത്തനങ്ങൾ ഒത്തുകൂടുന്നതിനുള്ള വേദി സൃഷ്ടിക്കുക
5. താണ കുടുംബങ്ങളുടെ ഒറ്റപ്പെടലിൽ നിന്നും ഇലക്ട്രോണിക് മാധ്യമങ്ങളുടെ തടവറയിൽ നിന്നും ഓരോ വ്യക്തിയേയും പരസ്പരമുള്ള അറിവിന്റെ വെളിച്ചത്തിലേക്കിറക്കി കൊണ്ട് വരിക
6. ആഡംബരത്തിനെതിരെ ലാളിത്യത്തിന്റെ തത്വശാസ്ത്രം ബോധപൂർവം പ്രചരിപ്പിക്കുക
7. നാട്ടറിവുകളും സാങ്കേതിക വിദ്യകളും പ്രാചീന കലകളും ശേഖരിച്ചു വക്കുക, സംരക്ഷിക്കുക.
8. വികസനം സംസ്കാരാധിഷ്ടിതമായിരിക്കണമെന്ന ബോധം വളർത്തുക
9. കുട്ടികളിലെ വിവിധ കഴിവുകൾ വളർത്താൻ പഞ്ചായത്ത് തലത്തിൽ പ്രോൽസാഹനം നൽകുക
10. പഞ്ചായത്തിന് ഒരു സാംസ്കാരിക വിഭാഗം രൂപീകരിക്കുക
11. നാടൻ കലകൾ പരിശീലിപ്പിക്കാനായി ഒരു പരിശീലന കേന്ദ്രം ആരംഭിക്കുക.
12. എല്ലാ വാർഡുകളിലും പൊതു ഠ.ഢ. കേന്ദ്രങ്ങളാരംഭിക്കുക
13. പൊതു കളിസ്ഥലങ്ങൾ നിർമ്മിക്കുക
14. നിലവിൽ പ്രവർത്തിക്കുന്ന സാംസ്കാരിക സമിതികൾക്ക് സ്ഥലം, കെട്ടിടം എന്നിവ സ്വന്തമാക്കാൻ സാമ്പത്തിക സഹായം നൽകുക
15. സ്പോർട്സ് സാമഗ്രികൾ വാങ്ങുവാൻ ക്ലബ്ബുകൾക്ക് ധന സഹായം നൽകുക.
16. കേരളോത്സവം കുറേക്കൂടി മെച്ചപ്പെടുത്തി നടത്തുക
17. പഞ്ചായത്ത് തലത്തിൽ ലൈബ്രറി ഉടൻ ആരംഭിക്കണം.
18. പഞ്ചായത്ത് തലത്തിൽ നാടൻ കലാമത്സരങ്ങൾ നടത്തണം.
19. ക്ലബ്ബുകളുടെ വാർഷികാഘോഷങ്ങൾ നടത്തുന്നതിന് ധനസഹായം നൽകണം.
20. ആനുകാലിക പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തുവഴി ലഭിക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുക.

* * *



# 9. വനിത

ജനകീയ മുന്നേറ്റങ്ങളിൽ പുരുഷന്മാരോടൊപ്പം നിൽക്കേണ്ട സ്ത്രീകൾ നൂറ്റാണ്ടുകളായി അരങ്ങിന്റെ പിൻനിരയിലാണ്. ലോകത്താകമാനം കഴിഞ്ഞ കുറെ ദശകങ്ങളായി വനിതാ വിമോചന പ്രസ്ഥാനങ്ങൾ തിരിച്ചറിവിന്റെ പാതയിലാണ്. ആസൂത്രണവും വികസനവും നമ്മുടെ നാട്ടിന്റെ അടിത്തട്ടിലെത്തിക്കണമെങ്കിൽ വനിതകൾ ഉണർന്നേ മതിയാകു. സമൂഹത്തിന്റെ ഏതു മേഖലയിലും പുരുഷന്മാരോടൊപ്പം കിടപിടിക്കാൻ തക്ക വൈഭവം സ്ത്രീകൾക്കുണ്ടെന്ന് നാളിതു വരെയുള്ള ചരിത്രം നമ്മോടു പറയുന്നു.

സ്വാതന്ത്ര്യം കിട്ടിയിട്ട് 50 വർഷത്തോളമായിട്ടും ആസൂത്രിതമായ ഒരു വഴിത്തിരിവ് നമ്മുടെ നാട്ടിൽ ഇനിയും വനിതകളുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. വനിതാ പ്രസ്ഥാനങ്ങളുമായി സജീവമായി ബന്ധം പുലർത്തുന്ന വിദ്യാഭ്യാസമുള്ള വനിതകൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമമുണ്ട്. പ്രശ്നങ്ങളെ യഥാവിധി മനസ്സിലാക്കാനും അതിനു വേണ്ടി പ്രയത്നിക്കാനും കഴിവുള്ള വനിതാ പ്രസ്ഥാനങ്ങളും ഇവിടെയുണ്ട്. എന്നിരുന്നാലും നമ്മുടെ നാടിനു യോജിച്ച തിരിച്ചറിവിന്റെ ഉൾക്കണ്ണുള്ള ഒരു വനിതാ വിമോചന പ്രസ്ഥാനം നമ്മുടെ പഞ്ചായത്തിന് അന്യമാകുന്നു. ഈ പഞ്ചായത്തിൽ CBNP പ്രവർത്തനത്തിൽ വനിതകളുടെ സജീവ പങ്കാളിത്തമുണ്ട്.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യയായ 26927ൽ 13876 പേർ സ്ത്രീകളാണ്. 1990ലെ സാക്ഷരതാ പ്രസ്ഥാനം നമ്മുടെ നാട്ടിലെ സ്ത്രീകളിൽ ഒരു പുത്തൻ ഉണർവ്വ് നൽകി എന്നതിൽ സംശയമില്ല. അക്ഷരത്തെ മാറ്റത്തിന്റെ പടവാളാക്കിയതിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ സജീവമായി രംഗത്തിറങ്ങുകയും അതിൽ വിജയിക്കുകയും ചെയ്തിരിക്കുന്നു. ഏറ്റവും പ്രശംസനീയമായ കാര്യമാകുന്നു ഇത്. എന്നിരുന്നാലും പഞ്ചായത്തിൽ ഇപ്പോൾ 70% സ്ത്രീകളേ സാക്ഷരരായുള്ളു.

തൊഴിൽ മേഖലയെക്കുറിച്ചു പറയുമ്പോൾ ഏറ്റവും കൂടുതൽ വനിതകൾ തൊഴിലെടുക്കുന്ന മേഖല കൃഷിയുമായി ബന്ധപ്പെട്ടാണ് ഏകദേശം 1000 സ്ത്രീകൾ കർഷകതൊഴിലാളികളാണ്. എന്നാൽ കർഷകരുടെ എണ്ണം 86 മാത്രമാണ്. വിശദമായ സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം | പുരുഷന്മാരുടെ എണ്ണം |
|---|---|---|
| കർഷകൻ | 86 | 870 |
| കർഷകതൊഴിലാളി | 1000 | 1557 |
| മൃസംരക്ഷണം | 11 | 118 |
| ചെറുകിട വ്യവസായം | 15 | 43 |
| കെട്ടിടനിർമാണം | 22 | 204 |
| ഗതാഗതം, വാർത്താ വിനിമയം | 06 | 268 |
| വ്യാപാരം | 17 | 756 |
| മറ്റുള്ളവ | 207 | 584 |

വിദ്യാഭ്യാസപരമായി സ്ത്രീകൾ പുരുഷന്മാരേക്കാൾ വളരെ പിറകിലാണ്. പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാത്തവർ കുറവാണെങ്കിലും ഭൂരിപക്ഷമം പേരും 7–ാം ക്ലാസ് കഴിയുന്നതോടെ പഠനം നിർത്തുന്നു. സമൂഹത്തിന്റെ അടിത്തട്ടിൽ കിടക്കുന്നവർ ഇന്നും കർഷകതൊഴിലാളികൾ തന്നെ. അവരെ സമൂഹത്തിന്റെ ഏറ്റവും താഴെത്തട്ടിൽനിന്ന് മുകളിലേക്ക് എത്തിക്കുന്നതിന് നമ്മുടെ സമൂഹത്തിന്റെ ഉപരിഘടന തന്നെ മാറ്റേണ്ടിയിരിക്കുന്നു.

നാളിതുവരെയായി ഉള്ള പഞ്ചായത്തിന്റെ ചരിത്രമെടുത്തു പരിശോധിക്കുമ്പോൾ നാമമാത്രമായ മേഖലകളിൽ സ്ത്രീകൾക്ക് അർഹമായ പ്രാധിനിത്യം കൊടുത്തിട്ടുണ്ടെങ്കിലും ഒട്ടേറെ മേഖലകളിൽ അവർ ഇന്നും അവഗണിക്കപ്പെടുകയാണ്. കുടുംബമാണ് സമൂഹത്തിന്റെ ആണിക്കല്ല്. Charity begins at home എന്നാണല്ലോ ആപ്തവാക്യം. മെച്ചപ്പെട്ട ഒരു കുടുംബാന്തരീക്ഷം നിലനിൽക്കണമെങ്കിൽ സാമ്പത്തികമായി സ്ത്രീകൾ സ്വയം പര്യാപ്തരായേ മതിയാകു. എല്ലാറ്റിന്റെയും അടിസ്ഥാനം സാമ്പത്തികമാകുമ്പോൾ ഇത്തരത്തിലുള്ള ഒരു സ്വയം പര്യാപ്തത ഉണ്ടെങ്കിൽ തീർച്ചയായും സമൂഹം അഭിവൃദ്ധിപ്പെടുക തന്നെ ചെയ്യും.

പഞ്ചായത്തിലെ വനിതകളുടെ ഉന്നമനത്തിനു വേണ്ടി അവരുടേതായ സമാരംഭങ്ങൾ തുടങ്ങണം. റെഡിമെയ്ഡു വസ്ത്രനിർമ്മാണം, തയ്യൽ പരിശീലനം, മെഴുകിതിരി നിർമ്മാണം, ചെറിയ വ്യവസായങ്ങൾ, സോപ്പ് നിർമ്മാണം സഹകരണാടിസ്ഥാനത്തിലുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം, ക്ഷീര വ്യവസായം തുടങ്ങി ഒട്ടേറെ മേഖലകളിൽ തൊഴിലുകൾ കണ്ടെത്താവുന്നതാണ്.

*പ്രശ്നങ്ങൾ*

ജീവിതത്തിന്റെ സമസ്ത മേഖലകളിലും സ്ത്രീകൾ അവഗണിക്കപ്പെട്ടിരിക്കുകയാണ്. ഏറ്റവും പ്രധാന പ്രശ്നം തൊഴിലില്ലായ്മ തന്നെ. വികസനരംഗത്ത് സ്ത്രീകളെ ബോധപൂർവ്വം മാറ്റി നിർത്തുന്ന പ്രവണത നമ്മുടെ സമൂഹത്തിൽ പ്രകടമാണ്. അത് മാറ്റിയെടുത്തേ തീരു. നമ്മുടെ നാട്ടിലെ പെൺകുട്ടികൾ ഇന്നും വീടിന്റെ അകത്തളങ്ങളിൽ ഒതുങ്ങി ജീവിതം തള്ളിനീക്കാൻ വിധിക്കപ്പെട്ടവരാണ്.

സ്ത്രീധന സമ്പ്രദായം സമൂഹത്തിലെ പുഴുക്കുത്തായി നിലനിൽക്കുന്നു. ഗൾഫ് പണത്തിന്റെ സ്വാധീനം മൂലം കുറെയേറെ കുടുംബങ്ങൾ സാമ്പത്തികമായി നല്ല നിലയിലാണെങ്കിലും അത് ഒരു നീർക്കുമിളയാണ്. പുരുഷമേധാവിത്വത്തി

ൽ അടിസ്ഥാനപ്പെടുത്തിയ ഒരു കുടുംബാന്തരീക്ഷമമാണ് നാളിതുവരെയായി ഇവിടെ നിലനിൽക്കുന്നത്. ഏതു മേഖലയിലും വിവേചനം പ്രകടമാണ്. ഗവൺമെന്റ് മേഖലയിൽ ഒരേ തൊഴിലുകളെടുക്കുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം നല്കുമ്പോൾ കാർഷികമേഖലയിലും കെട്ടിട മേഖലയിലും തുടങ്ങി മറ്റു മേഖലകളിലും പണിയെടുക്കുന്ന സ്ത്രീകൾക്ക് പുരുഷന്മാരുടെ പകുതി വേതനമേ ലഭിക്കുന്നുള്ളൂ.

പട്ടിക ശ്രദ്ധിക്കുക

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കർഷകതൊഴിലാളി | 50 | 110 |
| നിർമാണതൊഴിലാളി | 60 | 120 |

ഈ മേഖലയിലുള്ള അസമത്വങ്ങൾ ഇത്രയേറെ പ്രകടമാണെങ്കിലും അതിനെതിരെ ഉള്ള ഒരു ബോധവൽക്കരണം നാളിതുവരെയായി വനിതകളുടെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ല. മാറ്റത്തിന്റെ കാഹളം ഏറ്റുവാങ്ങിക്കൊണ്ട് തങ്ങളിൽനിന്ന് എടുത്തുമാറ്റപ്പെട്ട അവകാശങ്ങൾ തിരിച്ചു വാങ്ങിക്കൊണ്ട് ഒരു പുതിയ മുന്നേറ്റം സ്ത്രീകളുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടിയിരിക്കുന്നു. തിരിച്ചറിവിന്റെ പാത ഉൾക്കൊള്ളാൻ പുരുഷന്മാരും തയ്യാറാകണം.

ഗ്രാമസഭകളിൽനിന്നും വന്ന നിർദേശങ്ങൾ ചുവടെ ചേർക്കുന്നു. ഒന്നു മുതൽ പതിനൊന്ന് വാർഡുകളിൽ നിന്ന് ഏറെകുറെ സമാനങ്ങളായ നിർദേശങ്ങളാണ് ഉരുത്തിരിഞ്ഞു വന്നിട്ടുള്ളത്. വാർഡുതിരിച്ചുള്ള നിർദേശങ്ങൾ.

1–ാം വാർഡ്: തൊഴിലില്ലായ്മയാണ് പ്രധാന പ്രശ്നം. വനിതകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു വേണ്ടി പുതിയ തൊഴിൽ ശാലകൾ ആരംഭിക്കണം. തയ്യൽ പരിശീലനം, റെഡിമെയ്ഡ് വസ്ത്ര നിർമാണം, പച്ചക്കറി കൃഷി, മത്സ്യം വളർത്തൽ തുടങ്ങിയവ ആരംഭിക്കാവുന്നതാണ്. മഹിളാ സമാജങ്ങൾ ആരംഭിച്ച് സ്ത്രീ ബോധവൽക്കരണം നടത്തണം.

2–ാം വാർഡ്. ബുക്ക് ബൈന്റിംഗ്, പായ നെയ്ത്ത്, മെഴുകിതിരി വ്യവസായം, കൂൺകൃഷി, അച്ചാറു നിർമ്മാണം, കോഴി വളർത്തൽ തുടങ്ങിയ തൊഴിൽ മേഖലകളിൽ ധാരാളം സാധ്യതകൾ ഉണ്ട്.

3–ാം വാർഡ് കാർഷിക വൃത്തിയിൽ ഏർപ്പെട്ട കുടുംബങ്ങൾ ഇന്നും സമൂഹത്തിന്റെ പിന്നണിയിൽ തന്നെ. വനിതകളെ സമൂഹത്തിന്റെ മുന്നണിയിലെത്തിക്കുന്നതിനു വേണ്ടി ബോധവൽക്കരണം നടത്തണം. അംഗൻവാടി, ബാലവാടി, തുടങ്ങിയവ ആരംഭിക്കാനും ക്ഷീരവ്യവസായം, റെഡിമെയ്ഡ് നിർമ്മാണം, തയ്യൽ പരിശീലനകേന്ദ്രം തുടങ്ങിയവ ആരംഭിക്കാവുന്നതാണ്.

4–ാം വാർഡ്: ഈ വാർഡിൽ ഭൂരിഭാഗം വനിതകളും കൂലിപണിക്കാരാണ്. ബഹുജനസംഘടനകളിൽ പങ്കാളിത്തം കുറവാണ്. 3 അംഗൻവാടികളുണ്ട്. മാന്തടം ഭാഗത്ത് ഒരു മഹിളാസമാജം സ്ഥാപിക്കണം. പച്ചക്കറികൃഷി നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. പായ നെയ്ത്ത്, കസേര നിർമ്മാണം തുടങ്ങിയ ചെറുകിട തൊഴിൽ ശാലകൾ ആരംഭിക്കാവുന്നതാണ്. വനിതാ സഹകരണ സംഘം ആരംഭിക്കണം. തുന്നൽ പരിശീലന കേന്ദ്രം, ആടു വളർത്തൽ, കോഴി വളർത്തൽ, പുസ്തകബൈന്റിംഗ് യൂണിറ്റ്, മെഴുകുതിരി നിർമ്മാണം, തുന്നൽ മിഷ്യൻ വാങ്ങുന്നതിന് ധനസഹായം നൽകണം. നിലവിലുള്ള പ്രസവാനുകൂല്യങ്ങൾ വർധിപ്പിക്കണം.

5–ാം വാർഡ്: ബി.ടി.എം.യു.പി. സ്കൂൾ പെൺകുട്ടികൾക്കു മാത്രമുള്ള ഹൈസ്കൂൾ ആയി ഉയർത്തണം. ഏറ്റവും അടുത്തുള്ള ഹൈസ്കൂൾ 3 കി.മീ അകലെ ആയതിനാൽ 7–ാം ക്ലാസോടെ പഠിപ്പു നിർത്തുന്ന സ്ഥിതിയിലാണ്. ഗവൺമെന്റ് ഉടമയിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ച് ഇത് പരിഹരിക്കാവുന്നതാണ്. ടൈപ്പ്റൈറ്റിംഗ് സെന്റർ, ആടുവളർത്തൽ കേന്ദ്രങ്ങൾ, കോഴിവളർത്തൽ കേന്ദ്രം തുടങ്ങിയവക്ക് നല്ല സാധ്യതകളുണ്ട്.

6–ാം വാർഡ്: ജനസംഖ്യയിൽ ഭൂരിഭാഗവും സ്ത്രീകളാണെങ്കിലും വിദ്യാഭ്യാസപരമായും തൊഴിൽപരമായും സാമൂഹികപരമായും സാംസ്കാരികപരമായും സ്ത്രീകൾ ഏറെ പിന്നോക്കാവസ്ഥയിലാണ്. സഹകരണാടിസ്ഥാനത്തിൽ ഈ വാർഡിലെ സ്ത്രീകളെ സംഘടിപ്പിച്ച് സോപ്പു നിർമാണം, മെഴുകുതിരി വ്യവസായം, കൂൺ കൃഷി, പട്ടുനൂൽ വ്യവസായം തുടങ്ങിയ യൂണിറ്റുകൾ സ്ഥാപിക്കാവുന്നതാണ്. 1989ൽ നിലവിലുണ്ടായിരുന്ന സോപ്പുനിർമാണ ശാല ചില സാങ്കേതിക കാരണങ്ങളാൽ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അത് എത്രയും പെട്ടെന്ന് തുറന്ന് പ്രവർത്തിക്കണം. ഒരു മഹിളാസമാജം അത്യാവശ്യമാണ്. ആറാം വാർഡിലാണ് പഞ്ചായത്തിലെ പ്രധാന ആരോഗ്യ കേന്ദ്രമായ മിനി പ്രാഥമിക ആരോഗ്യകേന്ദ്രം സ്ഥിതി ചെയ്യുന്നത്. ഈ സ്ഥാപനത്തിൽ ഒരു ഗൈനക്കോളജിസ്റ്റിനെ ഉടൻ നിയമിക്കുകയും ചുരുങ്ങിയത് 10 ബെഡ്ഡുകളും എക്സ് റെ യൂണിറ്റും മിനി ഓപ്പറേഷൻ തിയേറ്ററും സ്ഥാപിക്കണം. ഈ വാർഡിൽ സ്ത്രീകളുടെ നേതൃത്വത്തിൽ 4 അംഗൻവാടികൾ ഉണ്ട്. പഞ്ചായത്തിന്റെ കൈവശമുള്ള ചിയ്യാനൂർ ലക്ഷം വീട് കോളനിയിൽ 6 സെന്റ് സ്ഥലത്ത് ഒരു അംഗൻവാടിയും ഒരു ഗ്രന്ഥശാലയും നിർമിക്കണം.

7–ാം വാർഡ്: ഈ വാർഡിൽ 2 അംഗൻവാടി മാത്രമേയുള്ളൂ. ഗവൺമെന്റ് സ്ഥാപനമായി ഒരു റസ്റ്റ് ഹൗസ് ഉണ്ട്. സമ്പൂർണ്ണ മദ്യനിരോധനം നടപ്പിലാക്കണം. സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കായി ഒരു റെഡിമെയ്ഡ് വസ്ത്രനിർമ്മാണശാല സ്ഥാപിക്കണം.

8–ാം വാർഡ്: സ്വയം തൊഴിൽ കണ്ടെത്തുന്നതിനു വേണ്ടി ഗവ: ആഭിമുഖ്യത്തിൽ മിനി വ്യവസായം ആരംഭിക്കണം. സ്ത്രീകൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകണം.

9–ാം വാർഡ്: വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഒരു കുടുംബകോടതി നിലവിൽ വരണം. ക്ഷീരവികസന സർവ്വീസ് സഹകരണസംഘം പ്രവർത്തിക്കുന്നത് മുൻനിർത്തി പശു വളർത്തൽ പ്രോത്സാഹനം നൽകണം.

10–ാം വാർഡ്: ഒരു മഹിളാസമാജം സ്ഥാപിക്കണം. പെൺകുട്ടികൾക്കു മാത്രമായി

ഒരു വിദ്യാഭ്യാസ സ്ഥാപനം സ്ഥാപിക്കണം. വാർഡിൽ തുന്നൽ പരിശീലന കേന്ദ്രം, സ്വയം തൊഴിൽ യൂണിറ്റ്, ആടുവളർത്തൽ, കോഴി വളർത്തൽ എന്നിവക്ക് ഓരോ ഗ്രൂപ്പുണ്ടാക്കി സാമ്പത്തിക സഹായം സബ്സിഡി നിരക്കിൽ നടപ്പാക്കണം. ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണം.

11-ാം വാർഡ്: ഒതളൂർ യു.പി. സ്കൂൾ ഹൈസ്കൂൾ ആക്കി മാറ്റണം. സഹകരണാടിസ്ഥാനത്തിൽ സ്ത്രീകൾക്കായി നൂൽനൂൽപ്പ് കേന്ദ്രങ്ങൾ ആരംഭിക്കണം. സമ്പൂർണ്ണമദ്യനിരോധനം നടപ്പിലാക്കണം. ബസ്സുകളിൽ സ്ത്രീകളുടെ സംവരണം ഉറപ്പു വരുത്തുകയും നടപ്പിൽ വരുത്തുകയും വേണം. ഇതിനു വേണ്ടി വനിതാ സെല്ലുകൾ രൂപീകരിച്ച് നിരീക്ഷണം നടത്തണം.

*പൊതു നിർദ്ദേശങ്ങൾ*

1. ഈ പഞ്ചായത്തിന്റെ പൊതുവായ വികസനത്തിന് സഹായകമാകാൻ ഓരോ വാർഡിൽനിന്നും പ്രാധാന്യം അർഹിക്കുന്ന ഒരു സാധ്യത തിരഞ്ഞെടുത്ത് 9-ാം പദ്ധതിയുടെ ആദ്യവർഷത്തിൽ തന്നെ പ്രായോഗികമാക്കണമെന്ന് നിർദ്ദേശിക്കുന്നു. തൊട്ടടുത്ത സ്ഥാനം അർഹിക്കുന്ന രണ്ടാമതൊരു സ്കീം ഓരോ വാർഡിൽ നിന്നും തെരഞ്ഞെടുത്ത് രണ്ടാം വർഷത്തിലും നടപ്പാക്കണം. ഇപ്രകാരമുള്ള ഒരു പൊതു കാഴ്ച്ചപ്പാടോടെ പഞ്ചായത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ വനിതാക്ഷേമത്തിന് അർഹമായ ഭാഗവും ബഹുജനങ്ങളിൽനിന്നുള്ള വിഭവസമാഹരണവും ഉപയോഗിച്ച് ഫലപ്രദമായി നടപ്പാക്കേണ്ടതാണ്.


2. പൊതുസ്ഥലങ്ങളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.


3. സ്ത്രീകളിൽ നേതൃത്വഗുണം ഉയർത്തുന്നതിന് നേതൃത്വപരിശീലന ക്യാമ്പുകൾ സംഘടിപ്പിക്കണം.

4. ആനുകൂല്യങ്ങൾക്ക് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിൽ സ്ത്രീകൾ കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേകം പരിഗണന നൽകണം.

5. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പ്രത്യേകം സംരക്ഷണം നൽകണം.

❑❑❑





# 10. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1991ലെ ജനസംഖ്യ കണക്കനുസരിച്ച് പഞ്ചായത്തിൽ മൊത്തം ജനസംഖ്യയിൽ 3386 പേർ പട്ടികജാതിയിൽ പെട്ടവരാണ്. അതിൽ പുരുഷന്മാർ 1692ഉം സ്ത്രീകൾ 1694ഉം ആണ്. മൊത്തം ജനസംഖ്യയുടെ 12.57% വരും ഈ പഞ്ചായത്തിലെ പട്ടികജാതിക്കാർ. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഈ പഞ്ചായത്തിൽ ഇല്ല. പട്ടികജാതിയിൽപ്പെട്ടവർ പ്രധാനപ്പെട്ട 7 സമുദായമായി അറിയപ്പെടുന്നവരാണ്. കണക്ക, പുലയ, പെരുമണ്ണാൻ, പറയ, പാണർ, പരവൻ, കൂടാർ എന്നീ സമുദായങ്ങളാണ്. ഈ 7 സമുദായത്തിൽപ്പെട്ടവരും പട്ടികജാതിയിൽപ്പെട്ടവരാണെങ്കിലും സാമുദായികാചാരങ്ങളിൽ ഇവർ വിഭിന്നത പുലർത്തുന്നവരാണ്. അന്ധ വിശ്വാസങ്ങളിലും അനാചാരങ്ങളിലും വിശ്വസിച്ചിരുന്ന ഇവർ വിഭിന്നത പുലർത്തുന്നവരാണ്. അന്ധവിശ്വാസികളായിരുന്ന ഇവർ ഗാന്ധിജിയുടെ ഹരിജനോദ്ധാരണ പ്രവർത്തനത്തിന്റെയും മറ്റു സാമൂഹിക നവോത്ഥാനത്തിന്റെയും പ്രചാരണം കൊണ്ടും ഉണ്ടായ വിദ്യാഭ്യാസ സൗകര്യങ്ങളുടേയും ഫലമായി ഇന്ത്യയിലെ ഭൂരിപക്ഷ സംസ്ഥാനങ്ങളിലെ പട്ടികജാതിക്കാരുടെ സ്ഥിതിയിൽ സാമുദായികപരവും സാംസ്കാരികപരമായും ഏറെ മെച്ചപ്പെട്ടു കഴിഞ്ഞു. എങ്കിലും ഇന്ത്യാഗവൺമെന്റോ വികസനഏജൻസികളോ ഉദ്ദേശിച്ച രീതിയിലുള്ള പുരോഗതി ഇന്നും അന്യമാണ്. ഇന്ത്യ ഗവൺമെന്റും കേരളസർക്കാരും ഓരോ പഞ്ചവത്സരപദ്ധതികളിലൂടെയും പട്ടികജാതി പട്ടിക വർഗ്ഗക്കാരുടെ പുരോഗതിക്ക് വേണ്ടി ഏറെ ധനം വ്യയം ചെയ്യുന്നുണ്ടെങ്കിലും പലതും ഈ വിഭാഗങ്ങളിലേക്ക് എത്തുന്നില്ല എന്നതാണ് സത്യം. എത്തുന്നവയാകട്ടെ ഇടനിലക്കാരുടെയും അധികാരിവർഗ്ഗത്തിന്റെയും ചൂഷണഫലമായി നാമമാത്രമായ സഹായങ്ങൾ മാത്രമാണ് ഇവരിലേക്ക് എത്തുന്നത്. അതു ഉപയോഗിക്കേണ്ട വിധവും സാങ്കേതിക അറിവിന്റെയും അഭാവം മൂലം കിട്ടുന്ന സാമ്പത്തിക സഹായം ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ അംഗീകരിക്കപ്പെട്ട 17 പട്ടിക ജാതി കോളനികളിലും (പട്ടിക 1) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏകദേശം 1000 കുടുംബങ്ങളിലായി താമസിക്കുന്ന ഈ വിഭാഗം പ്രാഥമിക ജീവിതസൗകര്യങ്ങളുടെ അഭാവം മൂലം ദുരിതമനുഭവിക്കുകയാണ്. വെള്ളം, പാർപ്പിടം വൈദ്യുതി, സാനിറ്ററി സൗകര്യങ്ങൾ, ആരോഗ്യ പരിപാലനസൗകര്യങ്ങൾ എന്നിവ ഇനിയും മെച്ചപ്പെടേണ്ടതായുണ്ട്.

*പാർപ്പിടം, കുടിവെള്ളം, വൈദ്യുതി, സാനിറ്ററി*

പാർപ്പിട സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും ഇനിയും അനേക കുടുംബങ്ങൾ ഇനിയും ആവശ്യക്കാരായുണ്ട്. J.R.Y. IAY. MWS. IRDP. NREP RLEGP എന്നീ വികസന ഏജൻസികളിൽ കൂടി ഏറെ സൗകര്യങ്ങൾ ലഭിച്ചിട്ടുണ്ട്. എന്നാൽ കുടിവെള്ളം വൈദ്യുതി, സാനിറ്ററി സൗകര്യങ്ങൾ എന്നിവ ഇനിയും ലഭ്യമാക്കണം. പല കോളനികളിലും വൈദ്യുതിയും കുടിവെള്ളവും എത്തണം. കോലിക്കര മുതലായ ഉയർന്ന സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഹരിജൻ കോളനികൾ കുടിവെള്ളമെത്തിക്കുവാൻ തീവ്രയത്ന പരിപാടികൾ ആസൂത്രണം ചെയ്യണം. ഇതു വരെ വിവിധ ഏജൻസികളിൽ കൂടി കഴിഞ്ഞ പഞ്ചവൽസര പദ്ധതികളിൽ കൂടി ലഭിച്ച സഹായം ചുവടെ ചേർക്കുന്നു.

1990-91ൽ 14 വീടുകൾ, 91-92ൽ 53 കക്കൂസുകൾ, 92-93ൽ 7 വീടുകളും 93-94ൽ ഒരു വീടും 8 കക്കൂസുകളും, ഒരു കിണറും 94-95ൽ 95-96ൽ 8 വീടുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിനു പുറമെ അൺടൈഡ് ഫണ്ടിൽ SCP സ്കീമിൽ 9091ൽ ഒരു വീടു നിർമ്മിക്കുകയും 5 വീടുകൾ ഓടിടുകയും 6 വീടുകൾ വയറിംഗ് നടത്തുകയും 19 കക്കൂസുകൾ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. 92-93ൽ 27 വീടുകൾ വയറിംഗ് നടത്തുകയും 95-96ൽ 33 കക്കൂസുകൾ നിർമ്മിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ഇനിയും വീടു വെയ്ക്കുവാൻ സ്ഥലം ഇല്ലാതെയും വീടുകൾ ഇല്ലാതെയും നൂറോളം കുടുംബങ്ങൾ ഉണ്ട്. ഇതിനെല്ലാം ഇനിയും പരിഹാരം കാണണം.

*തൊഴിൽ:* പട്ടിക ജാതി കുടുംബങ്ങൾ കൂടുതലും കാർഷിക മേഖലയിൽ തൊഴിലെടുത്തു ജീവിക്കുന്നവരാണ്. എന്നാൽ ഗൾഫ് പണത്തിന്റെ കുത്തൊഴുക്കും കൃഷിഭൂമി നികത്തി പറമ്പാക്കുന്നതു മൂലം കൃഷി മേഖല തകർന്നതിന്റെ അടിസ്ഥാനത്തിൽ നിർമാണത്തൊഴിൽ രംഗത്തേക്ക് ഈ വിഭാഗം മാറിക്കൊണ്ടിരിക്കുകയാണ്. നിർമ്മാണത്തൊഴിൽ രംഗത്ത് കൂടുതൽ കൂലി ലഭിക്കുന്നതു ഒരു കാരണമാണ്. കാർഷിക മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ശരിയായ രീതിയിൽ കൃഷി ചെയ്യുന്നതിനാവശ്യമായ ബോധവൽക്കരണവും ശാസ്ത്രീയ രീതിയിൽ കൃഷി സമ്പ്രദായവും കൃഷിക്കാവശ്യമായ വിത്ത്, വളം, കീടനാശിനി എന്നിവ യഥാകാലം ലഭ്യമാക്കുകയും ആവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കൃഷിമേഖല പരിപോഷിക്കപ്പെടുന്നതിലൂടെ രാജ്യത്തിലെ പുരോഗതിയിൽ ഒരു പുത്തനുണർവ്വ് ഉണ്ടാക്കുകയും ഈ മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ ഉണ്ടാക്കുകയും ചെയ്യാവുന്നതാണ്. ഈ പഞ്ചായത്തിൽ ഗവ

ൺമെന്റ് മേഖലയിൽ തൊഴിലെടുക്കുന്ന പട്ടിക ജാതിക്കാർ വളരെ കുറവാണ്. അഭ്യസ്ഥവിദ്യരായ യുവജനങ്ങൾ ഏറെയുണ്ടെങ്കിലും അർഹമായ തൊഴിൽ ഇന്നും ലഭിക്കുന്നില്ല. സംവരണ തത്വം പാലിക്കുന്നതിനായി ഈ വിഭാഗങ്ങളിൽപ്പെട്ടവരെ ക്ലാസ് 4, ക്ലാസ് 3 എന്നീ വിഭാഗങ്ങളിൽ മാത്രം നിയമിക്കുന്നു. വ്യവസായിക മേഖല ഈ പ്രദേശങ്ങളിൽ ദുർലഭമായതിനാൽ ഇവിടേയും ഇവർക്ക് തൊഴിൽ ലഭിക്കുന്നില്ല. ഈ വിഭാഗങ്ങളുടെ പാരമ്പര്യതൊഴിലായ കുട്ട നെയ്ത്ത്, പനമ്പ് പായ നെയ്ത്ത്, മുതലായ തൊഴിൽ മേഖലകളും അസംസ്കൃത വസ്തുക്കളുടെ കുറവും ശരിയായ രീതിയിലുള്ള വിപണന സൗകര്യം ഇല്ലാത്തതും മതിയായ വില ലഭിക്കാത്തതു മൂലം പാരമ്പര്യതൊഴിൽ മേഖല തകർന്നിരിക്കയാണ്. ഈ മേഖലയിലെ പുനരുദ്ധാരണത്തിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. കൂലി വേല, കല്ലുവെട്ട്, ഉൾനാടൻ മത്സ്യബന്ധനം എന്നിവയിലാണ് ഈ വിഭാഗങ്ങളുടെ തൊഴിൽ കൂടുതലും.

*വിദ്യാഭ്യാസം.:* വിദ്യാഭ്യാസ സൗകര്യങ്ങളുടെയും ബോധവൽക്കരണത്തിന്റെയും കുറവ് നിമിത്തം വിദ്യാഭ്യാസ മേഖലയിൽ ഉദ്ദേശിച്ച പുരോഗതി ഇവർക്ക് ലഭിക്കുന്നില്ല. ഏറിയ കൂറും സെക്കന്ററി തലത്തിൽ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നു. പഴയ തലമുറ നിരക്ഷരാണ് കൂടുതൽ. ഇത് പുതിയ തലമുറയുടെ വിദ്യാഭ്യാസത്തിനു വിഘാതം സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ ഒരു ഹൈസ്കൂളും 3 യു.പി. സ്കൂളും ഒരു ടെക്നിക്ക് ഹൈസ്കൂളും 9 എൽ.പി. സ്കൂളുകളും 3 അൺഎയ്ഡഡ് സ്കൂളുകളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകൾ ഒഴിച്ച് ബാക്കി സ്കൂളുകളിലെല്ലാം കൂടി ആയിരത്തോളം പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. കൊഴിഞ്ഞുപോക്ക് വ്യാപകമായ രീതിയിൽ ഇല്ലെങ്കിലും അപൂർവ്വമായി നടക്കുന്നുണ്ട്. ഇതു തടയേണ്ടതാണ്. ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിന് പഞ്ചായത്തിൽ സൗകര്യമില്ല. ഉന്നത വിദ്യാഭ്യാസത്തിനായി ദൂരസ്ഥലങ്ങളിലേക്ക് പോകേണ്ടത് ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസത്തിനു തടസ്സം സൃഷ്ടിക്കുന്നുണ്ട്. പ്രൊഫഷനൽ വിദ്യാഭ്യാസം ലഭിച്ചവർ പഞ്ചായത്തിൽ ദുർലഭമമാണ്. പഞ്ചായത്തിൽ ഇതു വരെ കിട്ടിയ വിവരം വെച്ച് ഒരു പെൺകുട്ടി L.L.B. എടുക്കുയും ഒരു കുട്ടി മെഡിസിനു പഠിക്കുകയും ചെയ്യുന്നുണ്ട്. സാമ്പത്തിക പുരോഗതി ലഭിച്ച കുടുംബത്തിൽപ്പെട്ടവർക്ക് മാത്രമേ ആ മേഖലയിൽ എത്തപ്പെടുവാൻ കഴിയുന്നുള്ളു. പഞ്ചായത്തിലെ സ്കൂളുകളുടെ വിവരങ്ങളും പട്ടികജാതി വിദ്യാർത്ഥികളുടെ കണക്കും പട്ടിക രണ്ടിൽ കാണിച്ചിട്ടുണ്ട്.

*സാംസ്കാരികം:* തനതായ ഒരു സാംസ്കാരിക പാരമ്പര്യം കൈമുതലായുള്ള ഒരു വിഭാഗമാണ് ഇവർ. എന്നാൽ പാരമ്പര്യ കലകളും സംസ്കാരവും പുത്തൻ സാമ്പത്തിക വ്യവസ്ഥിതിയിൽ കൈമോശം വന്നു കൊണ്ടിരിക്കുകയാണ്. പൊതു സാംസ്കാരിക കാര്യങ്ങളിൽ ഈ വിഭാഗങ്ങളുടെ പ്രാതിനിധ്യം സജീവമായി ഉണ്ടാകുന്നുണ്ട്. ക്ഷേത്രകലകളും നാടൻകലകളും ഈ വിഭാഗത്തിനു സ്വന്തമായി ഉണ്ടായിരുന്നെങ്കിലും അതു പരിപോഷിപ്പിക്കപ്പെടാതിരുന്നതിനാലും യുവജനങ്ങൾ അതിലേക്ക് ആകർഷിക്കപ്പെടാതിരുന്നതിനാലും അവ നശിച്ചു കൊണ്ടിരിക്കുകയാണ്.

*സഹകരണ പ്രസ്ഥാനം:* പഞ്ചായത്തിൽ പട്ടിക വിഭാഗങ്ങൾക്കായി ഒരു സഹകരണ സംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളും അതിൽ അംഗങ്ങളല്ല. അതിനാൽ ഈ സംഘത്തിന്റെ പ്രവർത്തനം ഒരു ന്യൂനപക്ഷത്തിനു മാത്രം ഗുണം ചെയ്യുന്നുള്ളു. കൊടുത്ത സാമ്പത്തിക സഹായങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടാതിരുന്നതിനാൽ ഇതു കൊണ്ടുദ്ദേശിച്ച ഫലം ലഭിച്ചില്ല. അതിനാൽ കൊടുത്ത സാമ്പത്തികസഹായങ്ങൾ തിരിച്ചടുപ്പിക്കുന്നതിന് കഴിയാതെ സാമ്പത്തികമായി ഈ സഹകരണസംഘം തകർന്ന നിലയിലാണ്. ഇതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു പൊതു സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കും പൊന്നാനി അർബ്ബൻ കോ ഓപ്പറേറ്റീവ് ബാങ്കും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തു ബാങ്കുകളിലെ നടപടിക്രമങ്ങളുടെ വിഷമാവസ്ഥ കാരണം പട്ടിക വിഭാഗക്കാർക്ക് അർഹമായ സാമ്പത്തിക സഹായം ലഭിക്കുന്നില്ല. അർഹിക്കപ്പെടുന്ന സാമ്പത്തിക സഹായം മറ്റു വിഭാഗത്തിൽപ്പെട്ടവർ തട്ടിയെടുക്കുകയും ചെയ്യുന്നു.

*പ്രശ്നങ്ങൾ ഗ്രാമസഭകളിൽനിന്ന്*

1. ഭൂരഹിത പട്ടികജാതിക്കാർക്ക് ഭൂമി ലഭ്യമാക്കണം.
2. ഭവന രഹിതർക്ക് വീടു വെക്കുന്നതിനു സാമ്പത്തിക സഹായം ലഭിക്കണം.
3. ആരോഗ്യപരിപാലനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.
3. ചങ്ങരംകുളത്ത് സ്ഥിതി ചെയ്യുന്ന പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആരോഗ്യപരിപാലനത്തിന് സ്പെഷലൈസ് ചെയ്ത ഡോക്ടർമാരെ നിയമിക്കുകയും രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം.
4. സാമ്പത്തിക കടക്കെണിയിൽപ്പെടുന്ന പട്ടിക ജാതിക്കാരെ രക്ഷിക്കുന്നതിനു പ്രത്യേക പദ്ധതി വേണം.
5. വൈദ്യുതി, കുടിവെള്ളം എല്ലാ പട്ടിക ജാതികുടുംബങ്ങൾക്കും ലഭ്യമാക്കണം.
6. 7,8 വാർഡുകളിലേക്ക് പൊതുവായി ഒരു ശ്മശാനം ആധുനിക സൗകര്യങ്ങളോടു കൂടി നിർമ്മിക്കണം.
7. നിലവിലുള്ള പൊതു ശ്മശാനത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.
8. പട്ടിക ജാതി കോളനികളിൽ ടെലിവിഷൻ സെന്റർ സ്ഥാപിക്കുകയും നിലവിലുള്ളതിനു സ്വന്തമായ സ്ഥലവും കെട്ടിടവും നിർമ്മിക്കണം.
9. കോലിക്കര പട്ടികജാതി കോളനിയിൽ പൊതുജന പങ്കാളിത്തത്തോടു കൂടി കുടിവെള്ളം ലഭിക്കുന്നതിനു പ്രത്യേക ടാങ്ക് നിർമ്മിച്ച ശുദ്ധജല വിതരണം നടത്തണം.
10. 5 പട്ടിക ജാതി കുടുംബത്തിനു ഒരു ടാപ്പ് കണക്കാക്കി എല്ലാ പട്ടിക ജാതി കോളനികളിലും പൊതു ടാപ്പുകൾ ഫിറ്റു ചെയ്യുകയും കേടു വന്നവ നന്നാക്കുകയും ചെയ്യുക.
11. സ്വന്തമായി കിണർ കുഴിക്കുന്നതിനു സാമ്പത്തിക സഹായം ലഭിക്കുമാറാക്കണം.
12. കോളനികളിലേക്ക് പോകുന്ന റോഡുകൾ ടാർ ചെയ്യുകയും റോഡുകൾ ഇല്ലാത്തിടത്ത് പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യണം.
13. കോളനിയിലേക്കുള്ള വൈദ്യുതി വിതരണത്തിലുള്ള വോൾട്ടേജ് ക്ഷാമം പരിഹ

രിക്കണം.
14. പാരമ്പര്യതൊഴിൽമേഖല പുനർജീവിപ്പിക്കപ്പെടുകയും ഉൽപ്പന്നങ്ങൾ വിപണി കണ്ടെത്തുകയും ചെയ്യണം.
15. സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള ഉപാധികൾ ലളിത വൽക്കരിക്കപ്പെടുകയും സാമ്പത്തിക സഹായം വഴി വിട്ടു ഉപയോഗിക്കുന്നതും ദുർവിനിയോഗം ചെയ്യുന്നത് തടയുകയും ചെയ്യണം.
16. സാമ്പത്തിക സഹായങ്ങളും മറ്റും നൽകപ്പെടുമ്പോൾ ഇടനിലക്കാരെ ഒഴിവാക്കുകയും ഉദ്യോഗസ്ഥന്മാരുടെ അനാരോഗ്യപരമായ ഇടപ്പെടലുകൾ തടയുകയും വേണം.
17. പട്ടികജാതി കുടുംബങ്ങൾ തിങ്ങി താമസിക്കുന്ന കോളനികളിൽ പരിസര മലിനീകരണം തടയുന്നതിനും, പകർച്ച വ്യാധികൾ തടയുന്നതിനു ബോധവൽക്കരണം നടത്തുകയും ചെയ്യണം.
18. എല്ലാ പട്ടികജാതി കോളനികളിലും പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അവ ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നു ഉറപ്പു വരുത്തുകയും ചെയ്യണം.
19. പ്രശസ്ത വിജയം കരസ്ഥമാക്കുന്ന പട്ടിക ജാതി വിദ്യാർഥി, വിദ്യാർഥിനികൾക്ക് പ്രത്യേക സമ്മാന പദ്ധതി ഏർപ്പെടുത്തണം.
20. ഉന്നത വിദ്യാഭ്യാസം ലഭിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
21. എല്ലാ പട്ടികജാതി കുടുംബങ്ങൾക്കും പട്ടയം ലഭ്യമാക്കണം.
22. കക്കിടിപ്പുറം, ഉദിനിപ്പറമ്പു ഭാഗത്തേക്ക് ഗതാഗത സൗകര്യം ലഭിക്കുന്നതിനു ട്രാൻസ്പോർട്ട് ബസ്, മിനി ബസ് മുതലായവക്ക് പെർമിറ്റ് നൽകണം.
23. വാർഡു 3ൽ 4 സെന്റ് ഭൂമിയിൽ പണി തീരാത്ത വീടുകൾ പണി പൂർത്തിയാക്കി താമസക്കാർക്ക് നൽകണം.
24. കക്കൂസുകൾ ഇല്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് കക്കൂസുകൾ നിർമ്മിച്ചു നൽകണം.
25. പട്ടികജാതിക്കാരുടെ വീടുകൾ റിപ്പയർ ചെയ്യുന്നതിനു സാമ്പത്തികസഹായം വേണം.
26. എല്ലാ ഹരിജൻ കോളനികളും വൈദ്യുതീകരിക്കണം.
27. പട്ടികജാതിക്കാരുടെ കിണറുകൾ റിപ്പയർ ചെയ്യുന്നതിന് ധനസഹായം വേണം.
28. മാന്തടം ഹരിജൻ കോളനി അംബേദ്കർ കോളനിയായി അംഗീകരിക്കുക.

*പരിഹാരങ്ങളും സാധ്യതകളും*


1. സാമ്പത്തിക ഏജൻസികളുടെയും സന്നദ്ധസംഘടനകളുടേയും സഹായ സഹകരണത്തോടെ പാർപ്പിടങ്ങൾ നിർമ്മിക്കുക.
2. ചെറുകിട വ്യവസായങ്ങളായ തുണി നെയ്ത്ത്, കരകൗശവസ്തുക്കൾ നിർമ്മിക്കുക, സോപ്പു നിർമ്മാണം, കുട്ട പനമ്പു, ഫർണിച്ചർ നിർമ്മാണം, അച്ചാറു കമ്പനി, ഇഷ്ടിക നിർമ്മാണം എന്നിവ പൊതുജന സഹകരണത്തോടെ നടപ്പാക്കുക.
3. സ്വയം തൊഴിലിനു സാമ്പത്തിക സഹായം അനുവദിക്കുകയും അവ ദുർവിനിയോഗം ചെയ്യുന്നത് കർശനമായി പരിശോധിക്കുകയും ചെയ്യുക.
4. പട്ടിക ജാതി സഹകണസംഘം സഹകരണ ബങ്കാക്കി ഉയർത്തി സാമ്പത്തിക സഹായങ്ങൾ നൽകുകയും പാരമ്പര്യ തൊഴിൽമേഖലക്കു വിപണി കണ്ടെത്തുകയും ചെയ്യുക.
5. വിദ്യാഭ്യാസ പുരോഗതിയ്ക്കു സന്നദ്ധ സംഘടനകളുടേയും വിദ്യാസമ്പന്നരായ പട്ടികജാതി യുവാക്കളുടേയും സഹകണത്തോടെ ട്യൂഷൻ സെന്ററുകൾ സ്ഥാപിക്കുക
6. വിദ്യാഭ്യാസ പുരോഗതിയുടെ ആവശ്യങ്ങൾ പട്ടിക ജാതിക്കാർക്ക് ബോധ്യപ്പെടുത്തുന്നതിന് സെമിനാറുകൾ സംഘടിപ്പിച്ചു ബോധവൽക്കരണം നടത്തുക.
7. സന്നദ്ധ സംഘടനകളുടെയും യുവാക്കളുടേയും സഹകരണത്തോടെ കോളനികളിലേക്ക് പുതിയ റോഡുകൾ നിർമ്മിക്കുക.
8. എല്ലാ വിദ്യാലയങ്ങളിലും അധ്യാപക രക്ഷകർത്താക്കളുടെ യോഗത്തിൽ പട്ടിക ജാതി വിദ്യാർഥികളുടെ പഠന നിലവാരത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയും നിലവാരം ഉയർത്തുന്നതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കുക.
9. സ്വകാര്യമേഖലയിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തുക.
10. പട്ടികജാതി കുടുംബങ്ങളെ ഇൻഷൂർ ചെയ്ത സുരക്ഷിതത്വം ഉറപ്പു വരുത്തുക.
11. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകൾ ഉണ്ടാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വിപണി കണ്ടെത്തുകയും ചെയ്യുക.
12. കുടുംബത്തിന്റെ ആശ്രയമായ കുടുംബനാഥൻ മരണപ്പെട്ട കുടുംബത്തിനു സാമ്പത്തിക സഹായം നൽകണം.
13. സർക്കാർ ഉദ്യോഗങ്ങൾക്കായുള്ള മത്സരപ്പരീക്ഷകൾക്ക് പട്ടികജാതിക ഉദ്യോഗാർഥികളെ സജ്ജമാക്കുന്നതിന് സൗജന്യകോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കണം.
14. പഞ്ചായത്തുകളിലെ സമ്പദ്ശേഷി വിനിയോഗിക്കപ്പെടുമ്പോൾ ജനസംഖ്യാനുപാതമായ വിഹിതം പട്ടികജാതിക്കാർക്ക് പ്രയോജനപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കപ്പെടണം.

1987 വരെ അംഗീകരിച്ച ഹരിജൻ കോളനികളുടെ പേരും കുടുംബങ്ങളുടെ എണ്ണവും ജനസംഖ്യയും

1. നാട്ടുകല്ലിങ്ങൽ 13 96
2. കക്കാട്ടു മേലേപ്പുറം 15 95
3. ഉദിനിപ്പറമ്പ് 20 86
4. കക്കിടിപ്പുറം 12 57
5. പന്താവൂർ 12 59
6. ചിയ്യാനൂർ 20 84
7. നരിപ്പറമ്പ് (മനയ്ക്കൽകുന്ന്) 10 44
8. കോലിക്കര 12 57
9. ഒതളൂർ 16 46
10. പെരുമുക്ക് 40 171
11. ആലംകോട് 39 180
12. മറത്തുപുറം 50 238
13. കോക്കൂർ 50 242
14. അട്ടയിൽ കുന്ന് 26 125
15. തെക്കേമുക്ക് 10 60
16. കോട്ടയിൽകുന്ന് താഴം 10 69
17. മാന്തടം 38 190

പട്ടിക 2

| Sl No | Ward No | Name School | Total Student | SC Student male | SC Student Female | കൊഴിഞ്ഞു പോയവർ | Lapsum Grand Amt. |
|---|---|---|---|---|---|---|---|
| 1 | I | എ.എം.എൽ.പി. സ്കൂൾ പന്താവൂർ | 385 | 19 | 16 | | |
| 2. | II | എ.എം.എൽ.പി. സ്കൂൾ കക്കിടിക്കൽ | 128 | 2 | 1 | | 125.00 |
| 3. | III | കെ.വി.യു.പി. സ്കൂൾ കക്കിടിപ്പുറം | 759 | 77 | 65 | 1 | 8440.00 |
| 4. | IV | ഗവ: എൽ.പി. സ്കൂൾ ആലംകോട് | | | | | |
| 5. | V | എ.എം.എൽ.പി. സ്കൂൾ പെരുമുക്ക് | 230 | 14 | 3 | | 1210.00 |
| 6. | V | ബി.ടി.എം.യു.പി. സ്കൂൾ ആലംകോട് | 564 | 35 | 36 | | |
| 7. | IV | ജനത എ.എൽ.പി. സ്കൂൾ ആലംകോട് | 150 | 12 | 167 | | |
| 8. | VI | ഗവ. എൽ.പി. സ്കൂൾ ചിയ്യാനൂർ | 255 | 28 | 20 | | |
| 9. | VI | എ.എൽ.പി. സ്കൂൾ ചിയ്യാനൂർ | 174 | 15 | 20 | | |
| 10. | VII | ഗവ. ഹൈസ്കൂൾ കോക്കൂർ | 2519 | 135 | 139 | | |
| 11. | VIII | ആയിഷാ മെമ്മോറിയൽ എ.എം.എൽ.പി. സ്കൂൾ കോക്കൂർ | 129 | 7 | 8 | | |
| 12. | IX | എ.എം.എൽ.പി. സ്കൂൾ ഒതളൂർ സൗത്ത് | 281 | 7 | 3 | | 510.00 |
| 13. | IX | ജൂനിയർ ടെക്നിക് സ്കൂൾ നന്നംമുക്ക് | | | | | |
| 14. | XI | ഗവ. യു.പി. സ്കൂൾ ഒതളൂർ | 477 | 26 | 21 | | 3140.00 |
| 15. | VI | ദാറുസ്സലാം ഇംഗ്ലീഷ് മീഡിയം സ്കൂൾ | 382 | Nil | Nil | | |
| 16 | IV | ശ്രീ ധർമ്മ ശാസ്ത എജുക്കേഷനൽ ഇൻസ്റ്റിറ്റ്യൂട്ട് | 56 | 2 | Nil | | |





# 11. സഹകരണം

*അവലോകനം*

ഈ പഞ്ചായത്തിന്റെ പ്രാന്തപ്രദേശമായ ചെറവല്ലൂരിൽ പ്രവർത്തിച്ചിരുന്ന ചെറവല്ലൂർ സഹകരണ സംഘം' എന്ന സ്ഥാപനത്തിന്റെ പരാജയമാണ് ഈ മേഖലയിലെ സഹകരണ സ്ഥാപനത്തിന്റെ ആവിർഭാവത്തിന് പ്രചോദനമായത്. തൽഫലമായി ചങ്ങരംകുളം സർവീസ് സഹകരണ സംഘം എന്ന സ്ഥാപനം 2031964ൽ ചങ്ങരംകുളത്തിന്റെ ഹൃദയഭാഗത്ത് രൂപം കൊണ്ടു.

ഈ പ്രദേശത്തെ സർവതോന്മുഖമായ വികസനം സഹകരണ മേഖലയിലൂടെ സാധ്യമാകാമെങ്കിലും ഈ രംഗത്ത് സഹകരണ സ്ഥാപനങ്ങൾ കാര്യമായ ചലനങ്ങൾ സൃഷ്ടിച്ചിട്ടില്ലായെന്നു തന്നെ പറയാം. ഒറ്റപ്പെട്ട സംഘങ്ങൾ അങ്ങിങ്ങായി രൂപീകൃതമായിട്ടുണ്ടെങ്കിലും അവ ജനശ്രദ്ധയാകർഷിക്കുന്നതിലും കാര്യക്ഷമമായ പ്രവർത്തനശേഷി കൈവരിക്കുന്നതിലും അനുദിനം പുറകോട്ട് പോകുന്ന അവസ്ഥയാണ് പ്രകടമാകുന്നത്.

ഈ പഞ്ചായത്ത് പ്രവർത്തന പരിധിയിലുള്ള സംഘങ്ങൾ താഴെ പറയുന്നു.

1. പൊന്നാനി കാർഷിക ഗ്രാമ വികസന ബാങ്ക് (ക്രെഡിറ്റ്)
2. പൊന്നാനി താലൂക്ക് ഗ്രാമീണ ഭവനവായ്പാ സംഘം (ക്രെഡിറ്റ്)
3. പൊന്നാനി അർബൻ സഹകരണബാങ്ക് ചങ്ങരംകുളം ശാഖ (ക്രെഡിറ്റ്)
4. ചങ്ങരംകുളം സർവീസ് സഹകരണ ബാങ്ക് (ക്രെഡിറ്റ്)
5. പട്ടികജാതി വികസന സഹകരണ സംഘം (ക്രെഡിറ്റ്)

*വ്യവസായ സഹകരണ സംഘങ്ങൾ (നോൺ ക്രെഡിറ്റ്)*

1. ചങ്ങരംകുളം വനിതാ വ്യവസായ ഗാർമെന്റ്സ് സഹകരണ സംഘം
2. പന്താവൂർ ക്ഷീരോല്പാദക സഹകരണ സംഘം.
3. കോക്കൂർ ക്ഷീരോല്പാദക സഹകരണ സംഘം

ഈ പഞ്ചായത്ത് പൊന്നാനി കാർഷിക ഗ്രാമ വികസന ബാങ്കിന്റെ പരിധിയിൽ പെടുന്നു. ഈ സ്ഥാപനം കാർഷിക ഗ്രാമ വികസന പ്രവർത്തനങ്ങൾക്കും മറ്റും നാമമാത്ര വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും ഈ പഞ്ചായത്തിന്റെ അഭിവൃദ്ധിക്കാവശ്യമായ വായ്പകളോ മറ്റാനുകൂല്യങ്ങളോ നൽകുന്നില്ല. കർഷകർക്ക് ആവശ്യമായ സ്കീമുകൾ തയ്യാറാക്കുന്നതിലും അവ യഥാസമയം കർഷകരെ അറിയിക്കുന്നതിലും ഈ സ്ഥാപനം ബഹുദൂരം പുറകോട്ട് പോയി കൊണ്ടിരിക്കുന്നു.

ഈ പഞ്ചായത്ത് പ്രവർത്തന പരിധിയിൽ പെടുന്ന വിധത്തിൽ ഗ്രാമീണ ഭവന വായ്പാ സഹകരണ സംഘം താലൂക്ക് ആസ്ഥാനത്ത് പ്രവർത്തിക്കുന്നു. ഈ സ്ഥാപനത്തിന്റെ പ്രവർത്തനം അവലോകനം ചെയ്യണമെങ്കിൽ അതിന്റെ പ്രവർത്തന പരിധിയിൽ ഈ പഞ്ചായ്യത്തു പ്രദേശം ഉൾപെട്ടിട്ടില്ലായെന്നു തോന്നിപ്പോകും. ഈ പഞ്ചായത്തിൽ ഭവന വായ്പാ രംഗത്ത് ചലനാത്മകമായ പ്രവർത്തനങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സ്ഥാപനം കൂടുതൽ കാര്യക്ഷമതയും അഭിവൃദ്ധിയും നേടേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ അടുത്ത കാലത്തായി രൂപം കൊണ്ടിട്ടുണ്ടെങ്കിലും ഈ പ്രദേശത്തെ മുഴുവൻ ജനങ്ങളുടെയും ഉന്നമനം ലാക്കാക്കുന്നതിൽ ഇവ വേണ്ടത്ര വിജയിച്ചിട്ടില്ല. കാര്യക്ഷമമല്ലാത്ത നടത്തിപ്പ് ഇവയുടെ പരാജയകാരണങ്ങളായി തീർന്നേക്കാം.

വ്യാവസായരംഗത്ത് ഈ പഞ്ചായത്തിൽ വൻവികസന സാധ്യതകളുണ്ടെങ്കിലും നിലവിലുള്ള വ്യവസായസഹകരണ സംഘങ്ങളുടെ കാര്യക്ഷമമാല്ലാത്ത പ്രവർത്തനം ഈ സാധ്യതക്ക് മങ്ങലേൽപ്പിക്കുന്നു. ചങ്ങരംകുളം വനിതാ വ്യവസായ ഗാർമെന്റ്സ് സഹകരണസംഘം ഈ പഞ്ചായത്ത് പ്രവർത്തന പരിധിയായി പ്രവർത്തിക്കുന്നു. ഈ സംഘത്തിന്റെ പ്രവർത്തനം പ്രാരംഭദിശയിലേ മുരടിച്ച് വരുന്ന സ്ഥിതി വിശേഷമാണ് പ്രകടമാകുന്നത്. കാരണം 1994ൽ ഈ സംഘത്തിന് പ്രവർത്തനനാനുമതി ലഭിച്ചെങ്കിലും ഇന്നു വരെ വസ്ത്ര നിർമാണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കൂടാതെ ഈ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ശ്രദ്ധ വസ്ത്ര നിർമാണരംഗത്തേക്ക് ആകർഷിക്കുന്നതിൽ സംഘം പാടേ പരാജയപ്പെട്ടിരിക്കുന്നു. ജനശ്രദ്ധ ആകർഷിക്കുന്നതിൽ ഒരു പരിധി വരെ വിജയം കൈവരിച്ച ഈ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളിൽ ഒന്നാണ് ചങ്ങരംകുളം സർവീസ് സഹകരണ ബാങ്ക്.

ചങ്ങരംകുളം സർവീസ് സഹകരണ ബാങ്ക് സംബന്ധിച്ച വിവരങ്ങൾ

I 1) പ്രവർത്തന പരിധി : ആലംകോട്, നന്നംമുക്ക് പഞ്ചായത്ത്

2) ക്രെഡിറ്റ് / നോൺക്രെഡിറ്റ് : ക്രെഡിറ്റ്

3) പ്രവർത്തനം ആരംഭിച്ച വർഷം : 203 1964

4) ആകെ അംഗങ്ങൾ : 4865

5) ഒരു ഓഹരിയുടെ വില : 51.25 ക

6) അംഗീകൃത ഓഹരി മൂലധനം : 6,00,000

7) പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം : 7,48,943

8) സർക്കാർ ഓഹരിയുണ്ടോ : ഉണ്ട്

9) ഉണ്ടെങ്കിൽ ലഭിച്ച തുക: 98450

10) പരമാവധി കടം എടുക്കാവുന്ന തുക: 5000

II പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം : 52,42,747

b) ഹ്രസ്വകാലം : 19,65,815

III നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

| ഇനം | തുക |
|---|---|
| 1. കവുങ്ങ് ലോൺ | 2,32,600 |
| 2. നേന്ത്രവാഴ | 6,02,235 |
| 3. കിണർ, പമ്പ്സെറ്റ് | 53186 |

b) മറ്റു വായ്പകൾ

| ഇനം | തുക |
|---|---|
| IRDP ലോൺ | 4400 |
| FA ലോൺ | 5000 |

104

കാർഷികേതര വായ്പകൾ 31,87,070

C) പ്രത്യേക വായ്പകൾ

| ഇനം | തുക |
|---|---|
| തയ്യൽ മെഷീൻ (സ്വയം തൊഴിൽ) | 73920 |
| സ്വർണപ്പണ്ട പണയം | 36,90,990 |

IV) മറ്റു സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

1. ജില്ലാ സഹകരണബാങ്ക് കാർഷിക വായ്പ 11,75,825
2. " കാർഷിക വായ്പ (മധ്യകാലം) 18,700
3. " സ്വർണ്ണപ്പണയവായ്പ 34,00,000

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1. കവുങ്ങ് ലോൺ | 1,21,600 |
| 2. നേന്ത്രവാഴ ലോൺ | 1,68,035 |
| 3. കിണർ, പമ്പ്സെറ്റ് | 4860 |
| 4. കാർഷികേതര വായ്പകൾ | 9,80,425 |
| 5. സ്വർണപ്പണ്ടം പണയ വായ്പ | 2,42,450 |

VI) സ്ഥാപനത്തിന്റെ ചെലവുകൾ

1) Establishment Charges : 3,11,172
2) Contingencies : 89417

VII) സ്ഥാപനം നടത്തുന്ന പ്രവർത്തനങ്ങൾ

1. കാർഷിക വായ്പകളും കാർഷികേതര വായ്പകളും കൊടുക്കുന്നു.
2. സ്വർണപ്പണ്ട പണയത്തിന്മേൽ വായ്പ നല്കുന്നു.
3. വളം കീടനാശിനി വിതരണം.
4. കർഷകരിൽനിന്ന് കേരഫെഡിന് കൊപ്ര സംഭരിക്കുന്നു.
5. ചിട്ടിഫണ്ടുകൾ നടത്തുന്നു. കൂടാതെ അതാത് കാലം ഗവൺമെന്റ് നിർദേശിക്കുന്ന ഓണച്ചന്ത, മാവേലി സ്റ്റോർ മുതലായവ നടത്തുന്നു.

സഹകരണ രംഗത്ത് പ്രവർത്തനപുരോഗതി കൈവരിക്കുന്നതിൽ ഈ സ്ഥാപനത്തിന് വിപുലമായ സാധ്യതകളാണുള്ളത്. മാനേജ്മെന്റും ഭരണസമിതി അംഗങ്ങളും ഈ സ്ഥാപനത്തിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് തീവ്രശ്രമം നടത്തുന്നത് അഭിമാനാർഹമാണ്. അംഗങ്ങളും മറ്റും ഈ സ്ഥാപനത്തിൽ നിന്നെടുത്ത വായ്പകൾ വീഴ്ച വരുത്താതെ തിരിച്ചടക്കുകയാണെങ്കിൽ കൂടുതൽ സാമ്പത്തിക ഭദ്രതയോടെ ഇതിന്ന് പ്രവർത്തിക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

പൊന്നാനി കാർഷിക വികസന ബാങ്ക് ഈ പഞ്ചായത്ത് പ്രദേശത്ത് വിതരണം ചെയ്ത വായ്പകളുടെ വിവരം.

പട്ടിക

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക (ലക്ഷം) |
|---|---|---|
| 24 | സാധാരണ വായ്പ | 4.81 |
| 48 | പദ്ധതി വായ്പ | 29 |
| 67 | കാർഷികേതര വായ്പ | 28.85 |
| 68 | ഭവനം | 39.28 |
| 207 | | 99.94 |

*പ്രശ്നങ്ങൾ*

1. ഈ പഞ്ചായത്തിന്റെ സർവ്വതോന്മുഖമായ വികസനം സഹകരണ സ്ഥാപനങ്ങളിലൂടെ സാധ്യമാകാമെങ്കിലും വിവിധ തരത്തിലുള്ള വിഭവങ്ങളുടെ അപര്യാപ്തതയും കാര്യക്ഷമമല്ലാത്ത നടത്തിപ്പും ഇവക്ക് തടസ്സം സൃഷ്ടിക്കുന്നു.
2. ബഹുഭൂരിഭാഗവും കൃഷിക്കാരായ ഈ പഞ്ചായത്തിൽ കാർഷിക വായ്പാ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾ അംഗങ്ങളിലുള്ള വിശ്വാസക്കുറവ് മൂലം വായ്പ യഥാസമയം അനുവദിക്കുന്നതിന് വിമുഖത കാട്ടുന്നു.
3. അടുത്ത കാലത്തായി ക്ഷീരോല്പാദക സഹകരണസംഘങ്ങൾ തിരഞ്ഞെടുത്ത് വാർഡുകളിൽ രൂപീകൃതമായിട്ടുണ്ടെങ്കിലും അവ പ്രവർത്തന മേഖല വ്യാപിപ്പിക്കുന്നതിലും കാര്യക്ഷമമായ പ്രവർത്തന ശേഷി കൈവരിക്കുന്നതിലുമുള്ള പരാജയം.
4. വനിതാ വ്യവസായ സഹകരണസംഘത്തിന്റെ ജനാധിപത്യപരമായ പ്രവർത്തനത്തിന്റെ അഭാവവവും സ്വജനപക്ഷപാതവും.
5. ഈ പ്രദേശത്ത് വിവിധ മേഖലകളിൽ വൈദഗ്ധ്യം നേടിയ വ്യക്തികളുണ്ടെങ്കിലും അവർക്ക് സഹകരണാടിസ്ഥാനത്തിൽ സംഘടിക്കുവാൻ സാധിച്ചിട്ടില്ല.
6. സഹകരണ സ്ഥാപനങ്ങളുടെ അമിതമായ എസ്റ്റാബ്ലിഷ്മെന്റ് ചിലവുകൾ.
7. പുതിയ പ്രവർത്തന മേഖലകളിലേക്ക് കടന്നുകയറാനുള്ള ആത്മധൈര്യമില്ലായ്മ.

*സാധ്യതകൾ*

1. ബഹുഭൂരിഭാഗവും കർഷകരായ ഈ പഞ്ചായത്തിൽ കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് യഥാർഥ വില ലഭിക്കുന്നതിനും ഉൽപ്പന്നങ്ങൾ യഥാസമയം വിപണനം നടത്തുന്നതിനും വേണ്ടി പഞ്ചായത്ത് തലത്തിൽ കാർഷിക വിപണന സംസ്കരണ സംഘങ്ങൾ രൂപീകരിക്കുക.
2. പഞ്ചായത്തിലെ എല്ലാ ദേശങ്ങൾക്കും പ്രാതിനിധ്യം നൽകുന്ന വിധത്തിലോ വാർഡടിസ്ഥാനത്തിലോ ചെറുകിട വ്യവസായ സഹകരണസംഘങ്ങൾ (ക്ഷീരം, നെയ്ത്ത്, കൈത്തറി, വസ്ത്രനിർമാണം, ചെരുപ്പ് നിർമാണം, ബുക്ക് ബൈന്റിംഗ്, ചൂരൽ, കുട്ട നിർമാണം, ആയുർവേദ മരുന്ന് നിർമാണം) രൂപീകരിക്കുക.
3. നിലവിലുള്ള സംഘങ്ങളുടെ മാനേജ്മെന്റിന് പ്രൊഫഷണൽ മാനേജ്മെന്റ് പരിശീലനം നൽകുക.
4. നിലവിലുള്ള ഉൽപാദന സഹകരണ സംഘങ്ങളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന്നാവശ്യമായ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
5. വിദ്യാഭ്യാസ പരമായി പിന്നോക്കം നിൽക്കുന്ന ഈ പ്രദേശത്ത് സഹകരണ പാരലൽ കോളേജുകൾ ആരംഭിക്കുക.
6. അവശ്യസാധനങ്ങളുടെ വില അനുദിനം വർധിച്ച് വരുന്ന സ്ഥിതി കണക്കിലെടുത്ത് പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങൾക്കും സഹകരണ മേഖലയിലൂടെ അവശ്യവസ്തുക്കൾ ലഭ്യമാക്കുക.
7. ക്ഷീരവ്യവസായ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് അംഗങ്ങളുടെ ഉൽപാദനചിലവിന് ആനുപാതികമായ വില നൽകുന്നതിന് ആവശ്യമായ പുതിയ സ്കീമുകൾ നടപ്പിലാക്കുക.
8. പട്ടികജാതിക്കാർക്ക് പ്രാതിനിധ്യമുള്ള ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ പട്ടിക ജാതി വികസന സഹകരണസംഘങ്ങൾ തുടങ്ങുക.
9. ആവശ്യമായ സ്ഥലങ്ങളിൽ സഹകരണമേഖലയിലുള്ള റേഷൻ വിതരണ സമ്പ്രദായം ആരംഭിക്കുക.
10. ആതുരസേവനരംഗത്ത് പുത്തൻ ചലനങ്ങൾ സൃഷ്ടിക്കാനുതകുന്ന വിധത്തിൽ സഹകരണ ആശുപത്രികൾ സ്ഥാപിക്കുക.

ഇന്നത്തെ കാലഘട്ടത്തിൽ സഹകരണ രംഗം സജീവമാക്കി മാത്രമേ നാം ഉദ്ദേശിക്കുന്ന രീതിയിൽ ജനപങ്കാളിത്തത്തോടെയുള്ള വികസനം സാധ്യമാകൂ. അതിന് കൃഷി, ജലസേചനം, ക്ഷീരവികസനം, വിദ്യാഭ്യാസം മുതലായ മേഖലകളിലെല്ലാം സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തണം. അതിനുള്ള സാധ്യതകൾ പരമാ

വധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

ഈ രംഗത്ത് ഇന്ന് പ്രവർത്തിച്ചു വരുന്ന പൊന്നാനി താലൂക്ക് മോട്ടോർ വെഹിക്കിൾ സഹകരണ സംഘം, പൊന്നാനി താലൂക്ക് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം, പൊന്നാനി പി.സി.സി., പൊന്നാനി അധ്യാപക സഹകരണസംഘം എന്നിവയിൽ അംഗങ്ങളായ സഹകാരികൾ താലൂക്ക് മുഴുവൻ വ്യാപിക്കുന്ന നിലയിൽ അവയുടെ പ്രവർത്തനം വിപുലപ്പെടുത്തേണ്ടതാണ്. ഈ പഞ്ചായത്തിലെ ആളുകൾക്ക് പരമാവധി പ്രയോജനം ലഭിക്കുംവിധം അത്തരം മേഖലകളിലെല്ലാം സഹകരണസംഘങ്ങൾ കെട്ടിപ്പടുക്കേണ്ടതുണ്ട്. എടപ്പാൾ തട്ടാൻപടി കേന്ദ്രമായി പ്രവർത്തിക്കുന്ന പൊന്നാനി താലൂക്ക് കോഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി നടത്തുന്ന കോഓപ്പറേറ്റീവ് കോളേജ് ഈ പഞ്ചായത്തിലെ വിദ്യാർഥികൾക്കു കൂടി വളരെ പ്രയോജനപ്പെടുന്നുണ്ട്.

സഹകരണ മേഖല ശക്തമാക്കി പഞ്ചായത്തിലെ ജനകീയപ്രശ്നങ്ങൾ പരമാവധി പരിഹരിക്കാനുള്ള പദ്ധതികൾ നമുക്ക് ആവിഷ്കരിക്കാൻ കഴിയേണ്ടതുണ്ട്.

# 12. വിഭവസമാഹരണം

ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ഗ്രാമസഭകളിൽ 12 ഗ്രൂപ്പുകളിലായി നടന്ന ചർച്ചകളിൽ മറ്റുഗ്രൂപ്പുകളുടേതിൽ നിന്നും വ്യത്യസ്ഥമായാണ് 'വിഭവസമാഹരണം' എന്ന വിഷയത്തിൽ ചർച്ച നടന്നത്. മറ്റു പതിനൊന്നു ഗ്രൂപ്പുകളിലും ഒട്ടേറെ പ്രശ്നങ്ങളും പ്രയാസങ്ങളും ആവശ്യങ്ങളും ആവലാതികളുമാണ് ഉന്നയിക്കപ്പെട്ടതെങ്കിൽ അത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ വിഭവങ്ങൾ പഞ്ചായത്തിന്റെ പരിമിതികൾക്കകത്തുനിന്ന് സമാഹരിക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള ബാധ്യതയാണ് ഈ ഗ്രൂപ്പിൽ നിക്ഷിപ്തമായിരുന്നത്. അവയിൽ ഉരുത്തിരിഞ്ഞ ആശയങ്ങളുടെ സംക്ഷിപ്തരൂപമാണ് ഇവിടെ കുറിക്കുന്നത്. ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളെല്ലാം നിറവേറ്റുന്നതിന് ഇന്നത്തെ തോതിലുള്ള വരുമാനംകൊണ്ട് പഞ്ചായത്തിന് കഴിയില്ലെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ഇവിടെയാണ് അധിക വിഭവശേഷി കണ്ടെത്താനുള്ള ശ്രമത്തിന്റെ പ്രസക്തി. ആ ശ്രമത്തിന്റെ വിജയത്തിലൂടെ മാത്രമേ നമ്മുടെ വികസന സ്വപ്നങ്ങൾ പൂവണിയുകയുള്ളൂ. അതിനാകട്ടെ പുതിയൊരു വികസനസംസ്കാരം വളർത്തിയെടുക്കാൻ നമുക്ക് കഴിയുകയും വേണം. നമ്മുടെ പഞ്ചായത്തിന്റെ പൊതുവായ സാമ്പത്തികനില അവലോകനം ചെയ്തപ്പോൾ ഇന്നത്തേതിൽ നിന്നും വളരെയേറെ ബാധ്യതകൾ ഏറ്റെടുക്കാൻ അതിന് കഴിയില്ലെന്ന് വ്യക്തമായി. പഞ്ചായത്തിന്റെ വരവ് സംബന്ധിച്ച വിവരങ്ങൾ (199596 സാമ്പത്തികവർഷത്തിന്റെ അടിസ്ഥാനത്തിൽ) താഴെ പറയും പ്രകാരമാണ്.

പട്ടിക 1

| ഇനം | ധനാഭ്യർത്ഥന | പിരിച്ചത് | ബാക്കി |
|---|---|---|---|
| കെട്ടിടനികുതി | 372927.80 | 372927.80 | - |
| തൊഴിൽനികുതി | 77165.00 | 77165.00 | |
| വിനോദനികുതി | 64558.70 | 64558.70 | |
| അഡീഷണൽനികുതി | 38775.65 | 38775.65 | |
| പ്രദർശനനികുതി | 2765.00 | 2765.00 | |
| പ്രദർശനനികുതിയിൽ മേലുള്ള സർചാർജ് | 691.00 | 691.00 | |
| ചന്തവരവ് | 1550.00 | 1550.00 | |
| ലാന്റ് സെസ് | 18462.05 | 18462,05 | |
| ലൈസൻസ് ഫീസ് | 9814.75 | 9814.75 | |
| വസ്തുകൈമാറ്റനികുതി 75% | 92632.00 | 92632.00 | |
| വസ്തുകൈമാറ്റനികുതി 25% | 113128.00 | 113128.00 | |
| സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റുവരവുകൾ | 96758.70 | 96758.70 | |
| ഡെപ്പോസിറ്റ് | 1012943.75 | 1012943,75 | |
| മറ്റുള്ളവ | 823940.00 | 823940.00 | |
| ആകെ | 27,26,112.40 | 27,26,112.40 | |

1995-96ലെ ചെലവ് സംബന്ധിച്ച വിവരങ്ങൾ താഴെപറയും പ്രകാരം സംഗ്രഹിക്കാം.

പട്ടിക 2

| ഇനം | തുക |
|---|---|
| ഭരണം | 442765.80 |
| പൊതുമരാമത്ത് | 514247.00 |
| വിദ്യാഭ്യാസം | 1704.00 |
| ജലവിതരണം, ഓടകൾ | 55526.00 + 12234 |
| പൊതുജനാരോഗ്യം | 36564.00+ 36890 |
| ആകെ | 1099930.80 |

മുകളിൽ കാണിച്ച ചെലവുകൾക്കാധാരമായ പ്രവർത്തനങ്ങൾ മാത്രമല്ല പഞ്ചായത്ത് രാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിൽ നിന്ന് 374635 രൂപയും 95-96 വർഷത്തിൽ നമ്മുടെ പഞ്ചായത്തിൽ ചിലവഴിച്ചിട്ടുണ്ട്. അതിന്റെ വിശദരൂപം താഴെചേർക്കുന്നു.

പഞ്ചായത്ത് രാജ് നിയമപ്രകാരം മറ്റുവകുപ്പുകളിൽ നിന്നും അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

പട്ടിക 3

| | പദ്ധതി വിഹിതം | പദ്ധതിയേതര വിഹിതം | ആകെ |
|---|---|---|---|
| മൃഗസംരക്ഷണം | 2832 | | 2832 |
| ആരോഗ്യം | 1465 | | 1465 |

| | | | |
|---|---|---|---|
| കൃഷി | 2688 | | |
| | 351950 | | |
| | 2000 | | 357838 |
| | 1200 | | |
| ഹരിജനക്ഷേമം | 2000 | | |
| | 4000 | 500 | 12500 |
| | 6000 | | |
| ആകെ | 374135 | 500 | 374635 |

കൂടാതെ കേന്ദ്രസംസ്ഥാന സർക്കാറുകളിൽ നിന്ന് ഗ്രാന്റായി ലഭിച്ചതുകയും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് സഹായകമായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ വിവിധ ഇനങ്ങളിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

പട്ടിക 4

| VRM | MI | VTC | അടിസ്ഥാനനികുതി | | Sept grand | JRY | അൺടൈംസ് | ആകെ |
|---|---|---|---|---|---|---|---|---|
| | | | 25% | 75% | | | | |
| 1675.00 | 11203.00 | 108486 | 33009 | - | - | 408089 | 287500 | 8,65,038.00 |

സമീപകാലത്ത് പഞ്ചായത്ത് ചങ്ങരംകുളത്ത് പണിത ബസ്സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും ഒരുനല്ല വരുമാനമാർഗ്ഗമായി വരുന്നതേയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ കടംതിരിച്ചടവിനുവേണ്ടി മൊത്തചിലവിന്റെ ഒരുനല്ല ശതമാനം വേണ്ടിവരുന്നുണ്ട്.

15,05,504 രൂപ വായ്പ എടുത്തുപയോഗിച്ച് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നുള്ള വരുമാനം വായ്പാസഹിതം തിരിച്ചടക്കാൻ പോലും പര്യാപ്തമാകാത്ത സ്ഥിതിയിലാണിന്നുള്ളത്. ബസ് സ്റ്റാന്റും ഷോപ്പിംഗ്കോംപ്ലക്സും ഫലപ്രദമായ രീതിയിൽ നല്ലൊരുവരുമാന മാർഗ്ഗമാക്കി മാറ്റാൻ വേണ്ട നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ ആസ്ഥാനവും പ്രധാനവ്യവസായ കേന്ദ്രവുമായ ചങ്ങരംകുളത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇൻഡ്യൻ ബാങ്ക്, സൗത്ത്മലബാർ ഗ്രാമീണബാങ്ക്, മലപ്പുറംജില്ലാ സഹകരണബാങ്ക്, പൊന്നാനി കോഓപ്പറേറ്റീവ് അർബൻബാങ്ക്, ചങ്ങരുകുളം സർവ്വീസ് സഹകരണബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങൾ വളരെ ഭംഗിയായി പ്രവർത്തിച്ചുവരുന്നു. അതത് ബാങ്കുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം ഇവയിൽ നിന്ന് ലഭിക്കുന്നുമുണ്ട്. എന്നാൽ പ്രാദേശിക ഉല്പാദനമേഖലകളുമായി ബന്ധപ്പെട്ട് പ്രത്യേക സ്കീമുകൾ നടപ്പിലാക്കുന്നതിൽ അവ വൈമുഖ്യം കാണിക്കുന്നതായാണ് അനുഭവം. പ്രധാനമായും കാർഷികവായ്പകളാണ് ഇവിടെ ആവശ്യമായി വരുന്നത്. ഈ പ്രദേശത്തു നിന്നും ലഭിക്കുന്ന നിക്ഷേപത്തിന് ആനുപാതികമായി വായ്പകൾ നൽകുന്നതിന് ചിലസ്ഥാപനങ്ങൾ തയ്യാറാകുന്നില്ല എന്നത് ദു:ഖകരമാണ്.

ഇതിനുപുറമേ 'ബ്ലേഡ്കമ്പനികൾ' എന്ന അപരനാമത്തിൽ അറിയപ്പെടുന്ന ഒരു ഡസനോളം സ്വകാര്യ ധനകാര്യസ്ഥാപനങ്ങൾ ചങ്ങരംകുളത്ത് മാത്രമായുണ്ട്. ഇവയ്ക്കു പുറമെ രഹസ്യമായി വ്യക്തികളും ഏജൻസികളും നടത്തുന്ന അനൗപചാരിക 'സ്ഥാപനങ്ങൾ' വേറെയുമുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന വായ്പകളുടെ പലിശനിരക്ക് വളരെ ഉയർന്നതാണ്. ഇവക്ക് ബദലായി പ്രാദേശിക വിഭവസമാഹരണത്തിലൂടെ 'പലിശരഹിത വായ്പകൾ' നൽകുന്നതിനുള്ള സംവിധാനം രൂപീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ശ്രമങ്ങൾ ചെറിയതോതിൽ കണ്ടുവരുന്നത് സന്തോഷദായകമാണ്.

നമ്മുടെ പഞ്ചായത്തിലെ ഏകദേശം രണ്ടായിരത്തി അഞ്ഞൂറോളം പേർ ഗൾഫ് നാടുകളിൽ ജോലിചെയ്യുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. എന്നാൽ ഇവരിൽ ഭൂരിഭാഗവും വലിയ വീടുകളും കെട്ടിടങ്ങളും നിർമ്മിക്കുന്നതിലും ആഢംബരത്തിനുമാണ് ധനം ഉപയോഗിക്കുന്നത് എന്ന് പറയേണ്ടിയിരിക്കുന്നു. അഭിലഷണീയമായ രീതിയിൽ കാർഷികമേഖലയിലോ, വ്യവസായമേഖലയിലോ, മറ്റുല്പാദനമേഖലയിലോ മുതൽ മുടക്കാൻ ഇവരിൽ അധികം പേരും തയ്യാറാകുന്നില്ല. ഗൾഫ് മലയാളികളുടെ സമ്പാദ്യങ്ങൾ വ്യവസായ കാർഷികമേഖലകളിലേക്ക് തിരിച്ചുവിടാനുള്ള സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി വിഭവസമാഹരണത്തിന് ഉതകുംവിധം എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കാമെന്ന വിചിന്തനത്തിനിടയിൽ ഗ്രാമസഭകളിലുയർന്ന പ്രശ്നങ്ങളും സാധ്യതകളും പരിഹാര നിർദ്ദേശങ്ങളും താഴെപറയും പ്രകാരം സംഗ്രഹിക്കാവുന്നതാണ്.

1. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും വലിയവിഭവം മനുഷ്യവിഭവം തന്നെയാണ്. മാനവവിഭവശേഷി നാടിന്റെ നൻമക്ക് ഫലപ്രദമായി ഉപയോഗിക്കാനുള്ള ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതുണ്ട്. യുവജന,സന്നദ്ധ,സാമൂഹ്യസാംസ്കാരികസംഘടനകളുടെയെല്ലാം പ്രവർത്തനശേഷി ഇതിലേക്ക് തിരിച്ചുവിടേണ്ടതുണ്ട്. സന്നദ്ധപ്രവർത്തനങ്ങളിൽ പ്രകടമാകുന്ന താൽപര്യക്കുറവ് മാറ്റി നവേന്മേഷത്തോടെ പുതിയൊരുസൃഷ്ടിക്കായ് അണിചേരാൻ നമുക്ക് കഴിയണം. പ്രത്യേക പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ സന്നദ്ധസംഘടനകൾക്കായുള്ള ധനസഹായ പദ്ധതികൾ അർഹതയുള്ളവർക്ക് ലഭ്യമാക്കാനും ഫലപ്രദമായി ഉപയോഗിക്കാനും കഴിയേണ്ടതുമുണ്ട്. മനുഷ്യസഹജമായ വാസന നശീകരണത്തിലല്ല, നിർമ്മാണമേഖലയിലാണ് പ്രതിഫലിക്കേണ്ടത്. പന്താവൂർ പാലംമുതൽ കോലത്തുപാടം വരെയുള്ള തോട് നമ്മുടെ നാട്ടിലെ യുവജനങ്ങളുടെ സേവനസന്നദ്ധത ഉപയോഗിച്ചുകൊണ്ട് വീതികൂടിയ സംഭവം ഇത്തരം ശ്രമങ്ങൾ വിജയിക്കുമെന്നതിനുദാഹരണമാണ്.

2. നമ്മുടെ പഞ്ചായത്തിലെ രണ്ടായിരത്തി അഞ്ഞൂറോളം ആളുകൾ ഗൾഫുനാ ടുകളിൽ ജോലിചെയ്യുന്നതായാണ് ഗ്രാമസഭാറിപ്പോർട്ടിൽ നിന്ന് ലഭിച്ച കണക്കുകൾ വ്യക്തമാക്കുന്നത്. ഇവരിൽ വലിയൊരു വിഭാഗം സ്ഥിരവരുമാനത്തിനുതകുന്ന ഒരു തൊഴിൽ ലഭിച്ചാൽ നാട്ടിൽതന്നെ ജീവിക്കണമെന്നാഗ്രഹിക്കുന്നവരാണ്. ഇവരുടെ വരുമാനം ഫലപ്രദമായ രീതിയിൽ ഉപയോഗിച്ചുകൊണ്ട് ഒട്ടേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വ്യവസായികവാണിജ്യ പുരോഗതി സാദ്ധ്യമാക്കാനും കഴിയും. എന്നാൽ അതിന് അനുയോജ്യമായ പദ്ധതികൾ ആവിഷ്കരിക്കാനും നാടിനും നാട്ടാർക്കും പ്രയോജനപ്പെടും

വിധം തങ്ങളുടെ ധനം വിനിയോഗിക്കുന്നതിനും പ്രചോദനവും പ്രോൽസാഹനവും നൽകാനുള്ള യാതൊരു നടപടിയും നാളിതുവരെ ഉണ്ടായിട്ടില്ലെന്ന് ഖേദപൂർവ്വം ഓർമ്മിക്കേണ്ടതുണ്ട്. ഇത്തരത്തിലുള്ള സംരംഭങ്ങൾ അല്പം പോലും വൈകാതെ ആരംഭിക്കുകയും എല്ലാതലങ്ങളിൽ നിന്നും അതിന് സഹകരണം ഉറപ്പുവരുത്തുകയും ചെയ്യേണ്ടതുണ്ട്. ഇക്കാര്യത്തിൽ പ്രായോഗികമായ പ്രാദേശിക സ്കീമുകൾ തയ്യാറാക്കി അനുവദിക്കാൻ പ്രതേക കർമ്മസേനയെ നിയോഗിക്കേണ്ടതുണ്ട്.

3. നികുതിപിരിവ് കാര്യക്ഷമമായരീതിയിൽ നടത്താൻ പഞ്ചായത്തിന് കഴിയണം. ഇക്കാര്യത്തിൽ 100% വിജയം കൈവരിക്കാൻ കഴിഞ്ഞ സാമ്പത്തികവർഷവും നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. അത് അഭിനന്ദാർഹവും അഭിമാനിക്കേണ്ടതുമാണ്. എന്നാൽ തദ്ദേശ ഗവർമെണ്ടിന് ലഭിക്കേണ്ട മുഴുവൻ നികുതികളും ലഭ്യമാക്കുന്നതിന് കുറ്റമറ്റ സമ്പ്രദായം നിലവിലുണ്ടോ എന്ന്സംശയമാണ്. പലനികുതികളും കുറ്റമറ്റരീതിയിൽ ചുമത്താൻ കഴിഞ്ഞിട്ടില്ലെന്ന് തോന്നുന്നു. ഉദാഹരണമായി 370 കച്ചവടസ്ഥാപനങ്ങളിൽ നിന്നാണ് ലൈസൻസ്ഫീസ് ഇനത്തിൽ പഞ്ചായത്തിന് നികുതി ലഭിക്കുന്നത്. യഥാർത്ഥത്തിൽ ഇതിലുമെത്രയോ അധികം സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. വായ്പയെടുക്കുന്നതിനോ മറ്റെന്തെങ്കിലും ആവശ്യത്തിനോ ലൈസൻസ് ആവശ്യമായി വരുമ്പോൾ മാത്രമാണ് പലരും ലൈസൻസിനു അപേക്ഷിക്കുന്നതു തന്നെ. പഞ്ചായത്തിലുള്ള മുഴുവൻ കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി ഫീസ് ചുമത്തിയാൽ വലിയൊരു തുക ലഭ്യമാകും. മുഴുവൻ കെട്ടിടങ്ങൾക്കും അവയർഹിക്കുന്ന നികുതി മറ്റു യാതൊരു പ്രത്യേക പരഗണയുമില്ലാതെ ചുമത്താൻ കഴിയണം. വിനോദനികുതികൾക്ക് പ്രത്യേക സ്ഥിരം മാനദണ്ഡം രൂപീകരിച്ച് നിശ്ചിതവരുമാനം ലഭിക്കുമെന്ന് ഉറപ്പുവരുത്താവുന്നതാണ്. കിട്ടേണ്ട മുഴുവൻ നികുതികളും കുടിശ്ശികയില്ലാതെ തുടർന്നും പിരിച്ചെടുക്കേണ്ടതിന്റെ ആവശ്യകത പ്രത്യേകം സൂചിപ്പിക്കുകയാണ്. അതോടൊപ്പം പഞ്ചായത്ത് ആക്ട് നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കേണ്ടതാണ്. നികുതികൾ നൽകുന്നത് തങ്ങളുടെ കടമയാണെന്ന ബോധം ജനങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ഊട്ടി ഉറപ്പിക്കേണ്ടതാണ്.

4. സാമ്പത്തികമായി ഉയർന്നനിലയിലുള്ള ഒരു നൂറ് വീടെങ്കിലും നമ്മുടെ പഞ്ചായത്തിൽ കണ്ടെത്താൻ പ്രയാസമില്ല. അത്തരം കുടുംബങ്ങളുടെ പ്രത്യേകസഹകരണത്തോടെ നിശ്ചിതമായ ഏതെങ്കിലും വികസനപ്രവർത്തനം സാധ്യമാക്കാവുന്നതാണ്. അത്തരക്കാരിൽ നിന്ന് ധനം (സംഭാവന) ശേഖരിച്ച് ഒരു പ്രത്യേക നിധി തന്നെ സ്വരൂപിക്കാമെന്ന നിർദ്ദേശം ഗ്രാമസഭകളിൽ നിന്നും പൊന്തിവന്നിട്ടുണ്ട്. ഇതുപോലെ തൊഴിലാളികളിൽ നിന്നും 'അദ്ധ്വാനം' സൗജന്യമായി ലഭ്യമാക്കാം. ഒരുവാർഡിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 പേരുടെ 10ദിവസത്തെ സൗജന്യസേവനം നാടിന്റെ വികസനത്തിന് ലഭിക്കുമെന്ന് ഉറപ്പാക്കിയാൽ11,000 മനുഷ്യപ്രയത്നം ഒരു വർഷം നമുക്ക് ലഭിക്കും. ഇച്ഛാശക്തിയോടെ പ്രവർത്തിച്ചാൽ ഇത് വളരെ എളുപ്പത്തിൽ ലഭ്യമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. സ്കീമുകൾ തയ്യാറാക്കുന്നതിനും മറ്റും വിദഗ്ദരുടെ ഒരുസ്ഥിരം സമിതിയുടെ സൗജന്യസേവനം ഉറപ്പാക്കാം. സാധനസാമഗ്രികൾ, തൊഴിലുപകരണങ്ങൾ എന്നിവ ശേഖരിക്കാനുള്ള കൂട്ടായശ്രമവും വിജയിക്കുമെന്ന് തീർച്ചയാണ്. സൗജന്യ സേവനംനൽകുന്ന സന്നദ്ധഭടൻമാർക്ക് ഭക്ഷണം നൽകാനുള്ള വിഭവങ്ങളും (അരി,പച്ചക്കറി,നാളികേരം,വിറക്,Etc) അവ സംഭാവനചെയ്യാൻ കഴിയുന്നവരിൽ നിന്ന് സ്വരൂപീകരിക്കാവുന്നതാണ്.

5. പുതിയസേവനങ്ങൾ തദ്ദേശഗവർമെണ്ടിന്റെ ഭാഗത്ത്നിന്നും നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും അവക്ക് പ്രത്യേകഫീസോ, ചാർജ്ജോ ഈടാക്കുകയും ചെയ്യാവുന്നതാണ്. ഇത് ഒരു പുതിയ വരുമാനമാർഗ്ഗമായി മാറും.

6. സമൂഹമനസ്സാക്ഷിയെ തട്ടിയുണർത്തിക്കൊണ്ട് വിദ്യാഭ്യാസ, ആരോഗ്യരംഗങ്ങളിലെ പോരായ്മകൾ പരിഹരിക്കുന്നതിന് പ്രത്യേക നിധികൾ സംഭാവനകൾ സ്വരൂപിച്ച് രൂപീകരിക്കാവുന്നതാണ്.

7. ഏതെങ്കിലും നിശ്ചിതപദ്ധതി നടപ്പിലാക്കുന്നതിനായി ബെനിഫിറ്റ്ഷോ, സമ്മാനപദ്ധതികൾ, കുറികൾ മുതലായവ നടത്തി ധനസമാഹരണം നടത്താനും ശ്രമിക്കാവുന്നതാണ്. ഇക്കാര്യത്തിലും സംഭാവന സ്വീകരിക്കാവുന്നതാണ്.

8. ബാങ്കുകളുടേയും മറ്റുധനകാര്യസ്ഥാപനങ്ങളുടെയും സഹായസഹകരണങ്ങൾ പരമാവധി ലക്ഷ്യമാക്കി വികസനത്തിൽ അവയെ പ്രധാനപങ്കാളികളാക്കണം. പ്രാദേശികമായി ബാങ്കുകളിലും മറ്റുധനകാര്യസ്ഥാപനങ്ങളിലും ലഭിക്കുന്ന നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം അതത് പ്രദേശത്തിന്റെ വികസനാവശ്യങ്ങൾക്കായി വിനിയോഗിക്കപ്പെടും എന്ന് നിയമം മൂലം ഉറപ്പുവരുത്തണം. നമ്മുടെനാട്ടിലെ ജനങ്ങളുടെ പണംശേഖരിച്ച് വൻകിട നഗരങ്ങളിലെ വലിയപ്രോജക്ടുകൾക്ക് വായ്പനൽകുകയും അതേസമയം നമ്മുടെ നാട്ടിൽ ആരംഭിക്കാനാഗ്രഹിക്കുന്ന ചെറുകിടസംരംഭങ്ങൾക്കുപോലും അത്നൽകാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സ്ഥിതി മാറ്റിയെടുക്കണം.

9. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് സ്വകാര്യസ്ഥാപനങ്ങളിൽ നിന്നും 'പരസ്യനികുതി' ഈടാക്കാം. (പരസ്യങ്ങളുടെ കടന്നുകയറ്റംവഴി കമ്പോളസംസ്കാരത്തിനടിമപ്പെടുന്ന ദുരവസ്ഥ കണ്ടുകൊണ്ടു തന്നെ അതിനെ അതിജീവിക്കാൻ നമ്മുടെ പഞ്ചായത്തിൽ നിന്നുമാത്രം ഒരുശ്രമം ഉണ്ടായത്കൊണ്ടാകില്ല. എങ്കിലും നികുതിയിനത്തിൽ പഞ്ചായത്തിന് അധികവരുമാനം കിട്ടുന്നതോടൊപ്പം ഭ്രമിപ്പിക്കുന്ന പരസ്യങ്ങൾ ഒരുപരിധിവരെ കുറക്കാനും ഇതുവഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.)

10. സ്പോൺസർഷിപ്പു വഴി പഞ്ചായത്തിലെ പല നിർമ്മാണപ്രവർത്തനങ്ങളും നടത്താൻ കഴിയും. ഉദാഹരണമായി പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ ആവശ്യമായ ബസ് വെയിറ്റിംഗ് ഷെഡുകൾ സ്വകാര്യവ്യക്തികളെകൊണ്ടോ, സ്ഥാപനങ്ങളെകൊണ്ടോ സ്പോൺസർ ചെയ്യിക്കാൻ കഴിയും.

11. മറ്റൊരുപ്രധാന നിർദ്ദേശം ഭരണച്ചെലവ് പരമാവധി കുറക്കണമെന്നതാണ്. ആത്മാർത്ഥമായ ശ്രമം ഈ കാര്യത്തിൽ പ്രകടമാകേണ്ടതുണ്ട്.

12. നിർമ്മാണ, വികസനപ്രവർത്തനങ്ങളിൽ ഇന്നുനാം കാണുന്ന ഏറ്റവും പ്രധാന

പ്രശ്നം ഇടത്തട്ടുകാരും കോൺട്രാക്ടർമാരും നോമിനികൾ പോലും എടുക്കുന്ന അമിതലാഭമാണ്. ജനകീയസമിതികൾ പ്രാദേശികമായി രൂപീകരിച്ച് പരിപൂർണ്ണമായും അവയുടെ നേതൃത്വത്തിൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയാൽ ഈ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കാൻ കഴിയും. ഇത്തരം ഉദ്ദേശങ്ങളോടെ മുമ്പ് പല പദ്ധതികളും നിർദ്ദേശിക്കപ്പെട്ടിരുന്ന 'ബെനിഫിഷ്യറി കമ്മറ്റി' കളെപ്പോലെയുള്ള കടലാസുകമ്മറ്റികൾ ഇനിയുമുണ്ടായിക്കൂടാ. ജനകീയപങ്കാളിത്തം തന്നെയാണ് ഏത് പരിപാടിയുടെയും വിജയത്തിനാധാരമാവുക.

13. ഇതിനെല്ലാം പുറമെ പദ്ധതികളുടെയും, പദ്ധതികളുടെ നടത്തിപ്പിന്റേയും പഞ്ചായത്തിന്റെ മുഴുവൻ പ്രവർത്തനങ്ങളുടെയും വ്യക്തമായ ചിത്രം ജനങ്ങൾക്ക് ലഭിക്കാനുള്ള സംവിധാനം ഉണ്ടാക്കണം. സുതാര്യതക്കുറവ് ഒരുവലിയ പ്രശ്നംതന്നെയാണ്. തദ്ദേശഗവർമെണ്ടുകളുടെ ഓരോ പ്രവർത്തനവും, വരവുചെലവുകണക്കുമെല്ലാം വളരെ വ്യക്തതയോടെ മുഴുവനാൾക്കും അറിയാൻ കഴിയണം. ഇതിന് സമയാസമയങ്ങളിൽ വരവുചെലവുകണക്കുകൾ അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുകയും ഗ്രാമസഭകളിൽ അതുസംബന്ധിച്ച് ചർച്ചചെയ്യുകയും ഒക്കെവേണം.

14. ടൂറിസം വികസനത്തിനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് വിഭവസമാഹരണത്തിനുള്ള ശ്രമവും നമ്മുടെ പഞ്ചായത്തിൽ വിജയിക്കും. ഈ രംഗത്ത് വലിയ സാധ്യതകളുള്ള ഒരുപദ്ധതി പന്താവൂർ പാലത്തിന് സമീപം നടക്കാവുന്നതാണ്. പ്രകൃതിമനോഹരമായ ഈ പ്രദേശത്ത് മുൻ മലപ്പുറം ജില്ലാ കളക്ടർ ശ്രീ.കുരുവിളജോൺ IAS നേരിട്ട് സന്ദർശനം നടത്തി ബൃഹത്തായ ഒരു പദ്ധതിക്ക് രൂപം നൽകിയിരുന്നു. അദ്ദേഹം ജില്ലയിൽ നിന്ന് പോയശേഷം ഇക്കാര്യത്തിൽ ഒരുശ്രമവും നടന്നുമില്ല. പാലത്തിന് കിഴക്ക് ഭാഗത്തുള്ള വയലിന്റെ മധ്യഭാഗത്ത് ഒരുവൃത്താകൃതിയിലുള്ള കുന്നുപോലെ ഉയർന്നുനിൽക്കുന്ന സ്ഥലത്ത് ആകർഷകമായ 'മോട്ടർ' സ്ഥാപിച്ച് അതിനുചുറ്റും വെള്ളം കെട്ടി ഉയർത്തിനിർത്തി മനോഹാരിത വർദ്ധിപ്പിച്ച് പാലത്തിന് വടക്ക്ഭാഗത്ത് ബോട്ട്ജെട്ടി സ്ഥാപിച്ച് ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്താനും വിനോദസഞ്ചാരികളെ ആകർഷിക്കാനുമുള്ള ഒരു ബൃഹത്തായ പദ്ധതി നടപ്പിലാക്കാവുന്നതാണ്. ടൂറിസ്റ്റുകൾക്ക് താമസിക്കാൻ വളയംകുളം റസ്റ്റഹൗസ് പോലുള്ള സർക്കാർ സ്ഥാപനങ്ങളും മറ്റുസ്വകാര്യ സ്ഥാപനങ്ങളും ചങ്ങരംകുളത്തും പരിസരത്തും ഇപ്പോൾതന്നെയുണ്ടതാനും. വാഹനപാർക്കിംഗ് സൗകര്യവും മറ്റും ഏർപ്പെടുത്തുന്നതിന് പൊതുസ്ഥലം തന്നെ ഇവിടെ അനുയോജ്യമായ ഭാഗത്തുണ്ട്. പന്താവൂരിൽ മുകളിൽ സൂചിപ്പിച്ച പരിപാടി ഭംഗിയായി നടപ്പിലാക്കാൻ കഴിഞ്ഞാൽ അതി പഞ്ചായത്തിന് വലിയൊരു മുതൽക്കൂട്ടാകും.

നമ്മുടെ ആവശ്യങ്ങൾ വർദ്ധിച്ചുവരുന്നതുകൊണ്ടും അവയെല്ലാം നിറവേറ്റുന്നതിനുള്ള വിഭവങ്ങൾ മുഴുവൻ മറ്റുഏജൻസികളിൽ നിന്നും കിട്ടാനുള്ള സാധ്യതയില്ലാത്തതുകൊണ്ടും പ്രാദേശികമായി പരമാവധി വിഭവശേഷി സമാഹരിക്കുക മാത്രമാണ് കരണീയമായിട്ടുള്ളത്. ഇക്കാര്യത്തിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവനാളുകളെയും സഹകരിപ്പിക്കാം എന്ന ലക്ഷ്യത്തോടെ ഗ്രാമസഭകളിൽ ചർച്ചചെയ്ത് തീരുമാനമെടുത്തിരിക്കുകയാണ്.







# 13. ടൂറിസം

കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിൽ നിന്ന് ഉത്തരകേരളത്തിലേക്കു വരുന്ന ഏതൊരു യാത്രക്കാരനേയും മലപ്പുറം ജില്ലയിലേക്കു സ്വാഗതം ചെയ്യുന്ന പഞ്ചായത്താണ് ആലങ്കോട്. കുന്ദംകുളം കഴിഞ്ഞാൽ പെരുമ്പിലാവിൽ നിന്ന് N.H.17ന്റെ ശാഖയായ കുറ്റിപ്പുറം തൃശൂർ റോഡിലൂടെയായിരിക്കും യാത്ര. മലപ്പുറം ജില്ലയിലേക്കുള്ള പ്രവേശനം സ്ഥലം കല്ലുംപുറം എന്നപേരിൽ അറിയപ്പെടുന്നു.

കല്ലുംപുറത്തിനും പാവിട്ടപ്പുറത്തിനും ഇടക്കുള്ള 'ബാമാസ് ഓഡിറ്റോറിയ'വും അനുബന്ധമായ താമസസൗകര്യങ്ങളും ഒരുകിലോമീറ്ററോളം യാത്ര ചെയ്താൽ പൊതുനിരത്തിനോടുരുമ്മി സ്ഥിതിചെയ്യുന്ന 'രാജകീയ മംഗല്യഭവനും' യാത്രക്കാരുടെ സൗകര്യത്തിനായി സ്വകാര്യവ്യക്തികളൊരുക്കിയ സ്ഥാപനങ്ങളാണ്. ഇവയ്ക്കുമദ്ധ്യേ, വളയംകുളം അങ്ങാടിയുടെ തൊട്ടുതെക്കു ഭാഗത്തായി ഒരു ഗസ്റ്റ്ഹൗസും ഉണ്ട്. അനുദിനം വികസിച്ചുവരുന്ന വളയംകുളം ആധുനിക സൗകര്യങ്ങളുള്ള ഹോട്ടലും റസ്റ്റോറന്റുകളും കൊണ്ട് ആകർഷകമായിക്കൊണ്ടിരിക്കുന്നു. സർക്കാർ സ്ഥാപനമായ ഈ റസ്റ്റ്ഹൗസ് യാത്രക്കാർ ഉപയോഗിക്കുന്നതിലൂടെ പൊതുഖജനാവിന് മുതൽക്കൂട്ടായിത്തീരും.


പൂച്ചെടികൾ നട്ടുവളർത്തിയും ആകർഷകമായ ബോർഡുകൾസ്ഥാപിച്ചും മറ്റും ഈ സ്ഥാപനങ്ങൾ യാത്രക്കാരുടെ ശ്രദ്ധയാകർഷിക്കുന്ന വിധത്തിൽ നവീകരിക്കേണ്ടതിന്റെ പ്രധാന്യം ഇവിടെ രേഖപ്പെടുത്തുന്നു.

അതിദ്രുതം പുരോഗതിയിലേക്ക് മുന്നേറുന്ന നഗരമാണ് എടപ്പാൾ. അവിടത്തെ ജനത്തിരക്കും ഹോട്ടലുകളിൽ ഒഴിവുള്ള മുറികൾ ലഭ്യമല്ലാത്ത സാഹചര്യവും കണക്കിലെടുക്കുമ്പോൾ ചങ്ങരംകുളത്തിനും എടപ്പാളിനും മദ്ധ്യേ ടൂറിസ്റ്റുകൾക്ക് താമസസൗകര്യമുള്ള ഒരു സ്ഥാപനം പുതുതായി ഉണ്ടാവേണ്ടതാണെന്ന ഒരു നിർദ്ദേശം നിലവിലുണ്ട്. ടൂറിസം വികസനത്തിനായി രൂപം കൊടുത്ത റിപ്പോർട്ടുകളിലും മേപ്പുകളിലും ഇത് രേഖപ്പെടുത്തിയിട്ടുണ്ടെന്നും അറിയുന്നു. അവയിൽ നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന സ്ഥലം ചുറ്റും പച്ചപിടിച്ച തോട്ടങ്ങളും വയലുകളുമുള്ള കാളാച്ചാലിന്റെ തൊട്ടുകിഴക്കായി സ്ഥിതിചെയ്യുന്ന വിശാലമായ കൃഷിസ്ഥലമാണ്.

അത്യാവശ്യമായ സ്ഥലത്ത് സമുചിതമായ കെട്ടിടം നിർമ്മിച്ചും ചുറ്റും മതിൽ കെട്ടിയും അഴകാർന്ന പൂന്തോട്ടവും കുളവും മറ്റും നിർമ്മിച്ചും ഒരു ടൂറിസ്റ്റ് കേന്ദ്രം നിർമ്മിക്കാനുള്ള സാഹചര്യം ഇവിടെയുണ്ട്.

ഈ പഞ്ചായത്തിലെ ചരിത്രപ്രസിദ്ധമായ കുടക്കല്ല്, ക്ഷേത്രങ്ങൾ, പള്ളികൾ എന്നിവ ടൂറിസ്റ്റ്ഗൈഡിൽ ഉൾപ്പെടുത്താനും ഇവയുടെ ചരിത്രപശ്ചാത്തലം വിവരിക്കാനും ബന്ധപ്പെട്ടവർ ശ്രദ്ധിക്കണമെന്ന് ഇത്തരുണത്തിൽ ഇവിടെ രേഖപ്പെടുത്തുന്നു.

● ● ●



# V. ഉപസംഹാരം

ഇന്ത്യയിൽ നിലനിന്നിരുന്ന വികസനരീതി മുകളിൽ നിന്ന് താഴോട്ട് ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടപ്പാക്കുന്ന പഞ്ചവത്സരപദ്ധതികളുടെ ഭാഗമായ പ്രവർത്തനങ്ങളായിരുന്നു. സംസ്ഥാന ഭരണകൂടങ്ങളും അതേ വികസനനയം തുടർന്നുവന്നു. ഓരോവകുപ്പും സർക്കുലറുകളിലൂടെ ജില്ലാബ്ലോക്ക് നിലവാരത്തിൽ പ്രായോഗികമാക്കാനുള്ള പദ്ധതികൾ നിർദ്ദേശിച്ചു. ഇത് കല്പനകളായി കയ്യിൽ കിട്ടുമ്പോൾ കീഴുദ്യോഗസ്ഥൻ നടപ്പിൽ വരുത്താൻ പ്രതിബദ്ധനാകുന്നു. ആ ഉദ്യോഗസ്ഥൻ തന്റെ ഓഫീസിനോടു ബന്ധപ്പെട്ട സമിതികളെജനാധിപത്യസംവിധാനത്തെ അവസരോചിതം ഉപയോഗിക്കാൻ ശ്രമിച്ചു.തദ്ദേശഭരണസ്ഥാപനങ്ങൾക്കും, അവയുടെ ഉദ്യോഗസ്ഥ നേതൃത്വത്തിനായിരുന്നു മുഖ്യസ്ഥാനം. പലനിർദ്ദേശങ്ങളും വൈകികിട്ടുന്നതിനാൽ തുക പ്രയോജനപ്പെടുത്താനും കഴിഞ്ഞില്ല. ഇത് ഡിപ്പാർട്ട്മെന്റലിസം ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വത്തിനും അഴിമതിക്കും കളമൊരുക്കി.

ഈ ദോഷവശം പരിഹരിക്കാനും ജനോപകാര പ്രദമായി കൂടുതൽ ഗുണഫലങ്ങൾ നേടാനുപകരിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനം നടത്താനും ഉദ്ദേശിച്ചു കൊണ്ടാണ് കേരളം ജനകീയാസൂത്രണത്തിന് രൂപം നൽകിയത്. ഈ ഗർഭഗൃഹത്തിൽ ഉരുത്തിരിഞ്ഞ ശാസ്ത്ര  സാങ്കേതിക  വൈജ്ഞാനിക ഗവേഷണപരമായ കണ്ടെത്തലുകൾ ക്രോഡീകരിക്കാനും പഠനശിബിരങ്ങളിലൂടെയും ശില്പശാലകളിലൂടെയും നാട്ടിലങ്ങോളമിങ്ങോളം സേവന സന്നദ്ധരായ പ്രവർത്തകരെ വളർത്തിയെടുക്കാൻ ഇതിനകം കഴിഞ്ഞിട്ടുണ്ട്. പദ്ധതി വിഹിതത്തിന്റെ പോരായ്മ നികത്താൻ സർക്കാർ ഇതര ഏജൻസികളുടെ സഹായം ലഭിക്കാനും ജനപങ്കാളിത്തത്തിലൂടെ വിഭവസമാഹരണം നടത്തി മുതൽമുടക്കിന് മൂല്യം കൂട്ടാനും അങ്ങനെ നിർദ്ധിഷ്ട പദ്ധതി പരിപൂർണ്ണവിജയത്തിലെത്തിക്കാനും കഴിയുമെന്ന വിശ്വാസം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഇതിനകം ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു.

വസ്തുനിഷ്ഠമായ ഈ സമീപനം മൂല്യനിർണ്ണയത്തിനും തദ്വാരാ ഗുണഭോക്താക്കളായ ബഹുജനങ്ങളുടെ അംഗീകാരത്തിനും വഴിയൊരുക്കുമെന്നതിൽ സംശയമില്ല. തെളിവുകളുടെ അടിസ്ഥാനത്തിൽ വസ്തുതകൾ വിലയിരുത്താനും നേട്ടങ്ങൾക്കു വേണ്ടി ഐക്യം വളർത്താനും ദേശസ്നേഹത്തിലധിഷ്ഠിതമായ കർമ്മോന്മുഖത വളർത്താനും ഈ നയസമീപനം ഉപകരിക്കുന്നു.

ആവശ്യവും പ്രയോജനവും പരിഗണിച്ച് മുൻഗണനാക്രമത്തിൽ പദ്ധതികളംഗീകരിച്ച് നടപ്പാക്കാൻ പ്രാദേശികതലത്തിൽ സാധിക്കുന്ന രീതിയാണ് ജനകീയാസൂത്രണം കൊണ്ട് ലഭിക്കുന്നത്. നാടിന്റെ മുഖച്ഛായ മാറ്റിക്കൊണ്ട് പുരോഗതിയുടെ പുലരി പ്രഭ പരത്താൻ ഇതു സഹായമാകുമെന്ന് നമുക്ക് പ്രത്യാശിക്കാം.

ഇവിടെ കക്ഷിമാത്സര്യത്തിന് പ്രസക്തിയില്ല. ഏറെ സേവനം ചെയ്യുന്നവൻ ഏറെ അംഗീകരിക്കപ്പെടുന്നു. പ്രദേശങ്ങൾ തമ്മിൽ ആരോഗ്യകരമായ ശക്തി പ്രകടനം കാഴ്ചവെക്കുന്നതിലൂടെ ഒരു സ്പോർട്സ്മാൻ സ്പിരിറ്റ് എങ്ങും പ്രകടമാകും. ഇത്രയും രേഖപ്പെടുത്തുമ്പോൾ കേരളത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിൽ 40% തദ്ദേശ ഭരണസ്ഥാപനങ്ങൾക്കു യഥാവിധി വീതിച്ചു കൊടുത്തുകൊണ്ടാണ് വികസന പ്രവർത്തനം നടപ്പിലാക്കുന്നതെന്ന വസ്തുത പരമ പ്രധാനമാണ്. പ്രതിവർഷം ഒരു പഞ്ചായത്തിന് 72.9ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി ലഭിക്കും. ഇതിന്റെ 25% വിഭവ സമാഹരണത്തിലൂടെ ജനപങ്കാളിത്തത്തിലൂടെ കൂട്ടിച്ചേർക്കാൻ ഓരോ പഞ്ചായത്തിനും കഴിയണം. അതായത് ചുരുങ്ങിയത് 18.25 ലക്ഷം രൂപ അതതു പഞ്ചായത്തിലെ ജനപങ്കാളിത്തമായി പദ്ധതി പ്രവർത്തനത്തിൽ മുതൽമുടക്കാൻ കഴിയണം. അങ്ങനെ മൊത്തം ഒരു പഞ്ചായത്തിൽ 91.15 ലക്ഷം രൂപമൂല്യമുള്ള പദ്ധതി പ്രവർത്തനം ഓരോ പഞ്ചായത്തിലും നടത്താൻ കഴിയും. ജനസംഖ്യയുടെ അനുപാതം പഞ്ചായത്തിന്റെ ഗ്രേഡ്, സാധ്യതകളുടെ സാഹചര്യം എന്നിവ പരിഗണിക്കുമ്പോൾ ഒന്നാം ഗ്രേഡിൽപെടുന്നതും അനുദിനം വികസിക്കുന്ന ചങ്ങരംകുളം നഗരത്തിന്റെ പ്രാധാന്യവും മറ്റും പരിഗണിച്ചാൽ ആലംകോട് പഞ്ചായത്തിന് ഒമ്പതാം പദ്ധതിയുടെ ആദ്യവർഷം ഒരു കോടിയിൽ കുറയാത്ത സംഖ്യ മുതൽ മുടക്കിക്കൊണ്ട് വികസനമാർഗത്തിൽ ഒരു കുതിച്ചുകയറ്റം നടത്താൻ കഴിയുമെന്ന ഉത്തമവിശ്വാസം ഇവിടെ രേഖപ്പെടുത്തുന്നു.

# K.V. MUHAMED

**NUT MERCHANT AND COMMISSION AGENT**
**CHANGARAMKULAM**
**P.O. NANNAMMUKKU - 679 575**

Phone: Offi. 50461 CKLM
297, 313 EDPL
Resi. Fathima Manzil
Ayilakkad
441, 7766


*Our branches and sister concerns:*

| | | |
|---|---|---|
| 1. K.V. Mohamed, Court Road, Calicut | Phone | 365016 - 365155 |
| 2. K.V. Mohamed, Malgodiwn, Cuttack | " | 610558 - 611754 |
| 3. Keveyam & Co; Indore | " | 532042 - 490436 |
| 4. Keveyam & Co; Nagore | " | 768026 - 533802 |
| 5. Keveyam & Co; Supariwala, Bombay | " | 7664912 - 5228469 |
| 6. Bava Salam, Supari Traders, Kanpur | " | 310694 - 310444 |
| 7. Bava Salam Supari Traders, Patna | " | 641199 - 642217 |
| 8. Bava Salam Supari Traders, Calcutta | " | 256069 - 3218340 |
| 9. Keveyam & Co; Kechery | " | 562097 |
| 10. Keveyam Fuels, Kunnamkulam | " | 522363 |

OFFICE OF THE MARANCHERY GRAMA PANCHAYATH

# മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം




## വികസന രേഖ '96

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി




# മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട്

# നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി


ഖദീജ എം
(പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)


ഹൈദരലി
(വൈ. പ്രസിഡണ്ട്, ഗ്രാമ പഞ്ചായത്ത്)


പി. വി. ബഷീർ
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)


വി. ടി. വേലായുധൻ
(മെമ്പർ 1 –ാം വാർഡ്)


ഷക്കീല കെ. വി
(മെമ്പർ 2 –ാം വാർഡ്)


എൻ. അബൂബക്കർ
(മെമ്പർ 3 –ാം വാർഡ്)


കെ. ഗോപിനാഥൻ
(മെമ്പർ 5 –ാം വാർഡ്).


ഇ. അബ്ദുൾ നാസർ
(മെമ്പർ 7 –ാം വാർഡ്)


ഇ. കെ. കാർത്ത്യായനി
(മെമ്പർ 8 –ാം വാർഡ്)


ഉണ്ണിമുഹമ്മദ്. എം. പി
(മെമ്പർ 9 –ാം വാർഡ്)


ഇ. കമലം
(മെമ്പർ 11 –ാം വാർഡ്)



പി. പ്രമീള
(മെമ്പർ 12 –ാം വാർഡ്)

113

## അകത്തേക്ക്


| | പേജ് |
|---|---|
| 1. ആമുഖം. | 5 |
| 2. പഞ്ചായത്ത് പൊതു വിവരണം. | 7 |
| 3. അധികാരത്തിലിരുന്ന പ്രസിഡണ്ടുമാർ-ഭരണ സമിതികൾ | 8 |
| 4. സാമൂഹ്യ-സാംസ്കാരിക ചരിത്രം, ഒരു ലഘു വിവരണം | 10 |
| 5.വികസന മേഖലകൾ | 16 |
| 5-1 . കൃഷിയും ജലസേചനവും | 17 |
| 5-2. മൃഗ സംരക്ഷണവും മത്സ്യ ബന്ധനവും | 26 |
| 5-3 . വ്യവസായം | 29 |
| 5-4. വിദ്യാഭ്യാസം | 37 |
| 5-5. കുടിവെള്ളവും പൊതുജനാരോഗ്യവും | 43 |
| 5-6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്. | 50 |
| 5-7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും. | 57 |
| 5-8. സംസ്കാരം. | 63 |
| 5-9. വനിത. | 68 |
| 5-10. സഹകരണം. | 70 |
| 5-11. പട്ടിക ജാതിപട്ടിക-വർഗ്ഗ ക്ഷേമം. | 74 |
| 5-12. വിഭവ സമാഹരണം. | 77 |
| 5-13. ടൂറിസം. | 82 |
| 6. മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പുതിയ ഭരണ സമിതിയുടെ നേതൃത്വത്തിൽ | 83 |
| 7. ഉപസംഹാരം. | 85 |

114



*"എല്ലാവരുടെയും
അത്യാവശ്യങ്ങൾ
നിറവേറ്റാൻ വേണ്ട
വിഭവങ്ങൾ ഈ
പ്രകൃതിയിലുണ്ട്
എന്നാൽ
ആരുടേയും
ദുരയെ തൃപ്തി
പ്പെടുത്തുവാൻ
വിഭങ്ങളില്ല
താനും"*

*ഗാന്ധിജി-*

വികസന റിപ്പോർട്ട് ക്രോഡീകരണ

സമിതി അംഗങ്ങൾ

1. എം. ഖദീജ
( പ്രസിഡണ്ട് ഗ്രാമ പഞ്ചായത്ത്)

2. പി. സുബ്രഹ്മണ്യൻ
( സെക്രട്ടറി ഗ്രാമ പഞ്ചായത്ത്)

3. കെ. ആർ. ചെറായി
( കൺവീനർ ഡി. ആർ. പി.)

4. വി. ഇസ്മായിൽ (ഡി. ആർ. പി.)

5. ടി.വി. അബ്ബാസ് (ഡി. ആർ. പി.)


6. എം. അബ്ദുല്ല (ഡി. ആർ. പി.)

Type Setting, Layout & Printing :

DESKTEC Computers, Pattampi Road, Opp: Block Office, Edapal, 679 576.

# ആമുഖം

1



ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയായി കേരള സർക്കാർ പ്രഖ്യാപിച്ചിരിക്കയാണ്. ഇത് വികസന ചരിത്രത്തിലെ ഒരു നൂതന അദ്ധ്യായമാണ്. ആസൂത്രണത്തിലും വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം, ജാതി മത രാഷ്ട്രീയ കക്ഷി പരിഗണനകൾക്കതീതമായി മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ആസൂത്രണപ്രക്രിയ വളരെ സ്വാഗതാർഹമാണ്.

അധികാരത്തോടൊപ്പം സമ്പത്തും (40%പദ്ധതി വിഹിതം) പഞ്ചായത്തുകൾക്കു നൽകുന്നതിനാൽ ജനാഭിലാഷത്തിൻെറ പൂർത്തീകരണത്തിന് സാധ്യമാകുമെന്നതാണ് ഇതിൻെറ സവിശേഷത.

5-9-96 ൻെറ ജില്ലാതല പരിശീലന പരിപാടിയുടെ സ്വാഗത സംഘ രൂപീകരണത്തോടുകൂടി മാറഞ്ചേരി പഞ്ചായത്തിൽ, ഈ പദ്ധതിയുടെ ക്രിയാത്മക പ്രവർത്തനത്തിലേക്ക് കടന്നു. 10-9-96 ൻെറ പഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാന പ്രകാരം രണ്ടു വാർഡിന് ഒരാൾ എന്ന നിലയിൽ 6 പേരെയും, ജില്ലാ പഞ്ചായത്തിൽ നിന്ന് രണ്ടുപേരേയും, പ്രസിഡണ്ടും സെക്രട്ടറിയും ഉൾപ്പെടെ 10 പേരെ 1996 സെപ്തബർ 11, 12, 13, തിയ്യതികളിൽ തവനൂരിൽ വെച്ച് നടന്ന ജില്ലാ പരിശീലന ക്യാമ്പിൽ പഞ്ചായത്തിൽ നിന്ന് പങ്കെടുപ്പിച്ചു.

തുടർന്ന് സപ്തംബർ 17 ാം തിയ്യതി വാർഡുകളിൽ നിന്ന് 4 പേരെ വീതം തെരഞ്ഞെടുത്തവർക്ക് പുറമെ മുഴുവൻ പഞ്ചായത്ത് മെമ്പർമാരെയും , പഞ്ചായത്തിലെ ഓഫീസുകളിലെ മേധാവികളെയും പരിചയ സമ്പന്നരായ മറ്റു വ്യക്തികളെയും പങ്കെടുപ്പിച്ചുകൊണ്ട്, പഞ്ചായത്തു തല ശില്പശാല പെരുവഴിക്കുളം ഹിദായത്തുൽ ഇസ്ലാം മദ്രസ്സയിൽ വെച്ച് സംഘടിപ്പിക്കുകയുണ്ടായി. ശില്പശാലയിൽ 84 പേർ പങ്കടുത്തു.

21 - 9 - 96, 27 - 9 - 96, 29 -9 - 96, 2 -10 - 96 എന്നീ തിയ്യതികളിലായി പഞ്ചായത്തിലെ 12

വാർഡുകളിലും ഗ്രാമ സഭ ചേർന്നു. ഓരോ വാർഡുകളിലും ഗ്രാമസഭ ചേരുന്നതിനു മുമ്പ് സ്വാഗതസംഘം രൂപീകരിച്ച് പ്രചരണ പരിപാടികൾ ആവിഷ്ക്കരിച്ചു. പോസ്റ്ററുകൾ, ചുമരെഴുത്ത്, വിളമ്പര ജാഥ എന്നിവക്കു പുറമെ ക്ഷണക്കത്തുകൾ എല്ലാവീടുകളിലും കൊടുക്കുകയും, ഒരു വീട്ടിൽ നിന്ന് ഒരാളെങ്കിലും സഭയിൽ പങ്കെടുക്കണമെന്ന് പ്രത്യേകം ക്ഷണിക്കുകയും ചെയ്തു.

12 ഗ്രാമസഭകളിൽ 1993 പേർ പങ്കെടുത്തു. മൊത്തം സദസ്സിൽ സ്ത്രീകൾക്കായിരുന്നു മുൻ തൂക്കം. പങ്കെടുത്തവർ മുഖ്യമായും നാലു ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാവിഷയങ്ങളെകുറിച്ചും ചർച്ചചെയ്തു.

പഞ്ചായത്തു മെമ്പർമാരും ഡി. ആർ. പി മാരും എൽ. ആർ. പി മാരും ചർച്ചക്ക് നേതൃത്വം നൽകി. പഞ്ചായത്ത്തല സെമിനാറിലേക്ക് ഓരോ ഗ്രൂപ്പിൽ നിന്നും രണ്ടുപേരെ വീതം പ്രതിനിധികളായി തെരഞ്ഞെടുത്തു.

7-10-96 ന് കുണ്ടുകടവ് മദ്രസ്സയിൽ ചേർന്ന പഞ്ചായത്ത് മെമ്പർ മാരുടെയും ഡി ആർ പിമാർ, എൽ ആർ പി. മാർ എന്നിവരുടെ സംയുക്ത യോഗത്തിൽ വെച്ച് ഓരോ വാർഡുകളിലേയും എൽ ആർ പി കൺവീനർമാരെ തെരഞ്ഞെടുക്കുകയും ഏഴ് കേന്ദ്രങ്ങളിൽ കലാജാഥ നടത്താൻ തീരുമാനിക്കുകയും ചെയ്തു. 8-10-96 ന് കുണ്ടുകടവിൽ നിന്ന് കലാജാഥയുടെ ഉൽഘാടനവും, 9-10-96 ന് പരിച്ചകത്ത് സമാപനവും നടന്നു.

23-10-96 ന് ചേർന്ന പഞ്ചായത്ത് ഭരണസമിതിയുടെയും ഡി ആർ പി, എൽ ആർ പിമാരുടെയും സംയുക്തയോഗം ദ്വിതീയ വിവരശേഖരണം 25-10-96 ന് പഞ്ചായത്ത് ഓഫീസിൽ എത്തിക്കാൻ തീരുമാനിച്ചു,

***"ഒമ്പതാം പദ്ധതി ജനകീയ പദ്ധതി, അധികാരം ജനങ്ങളിലേക്ക്"*** എന്ന മുദ്രവാക്യം ഉയർത്തിപ്പിടിച്ച് നടത്തിയ ജനകീയ കാമ്പയിനിൻെറ വിജയത്തെ പറ്റി യോഗം അവലോകനം നടത്തി.

ഒക്ടോബർ 29, 30, 31 തിയ്യതികളിൽ തവനൂരിൽ നടത്തിയ രണ്ടാം ഘട്ട ജില്ലാ തല ക്യാമ്പിനുശേഷം 3-11-96 ന് പനമ്പാട് യു.പി സ്കൂളിൽ വെച്ച് പഞ്ചായത്ത് തല രണ്ടാം ഘട്ട ശില്പശാല നടത്തി. പരിശീലനത്തിൽ 21 ഉദ്യോഗസ്ഥൻമാരടക്കം 112 പേർ പങ്കെടുത്തു.

ശിൽപശാലക്കു ശേഷം പഞ്ചായത്ത് വികസന സെമിനാറിൻെറ വിജയകരമായ നടത്തിപ്പിന് നാലു സബ് കമ്മറ്റികൾ ഉൾപ്പെട്ട സ്വാഗതസംഘം രൂപീകരിച്ചു.

പഞ്ചായത്തു മെമ്പർമാർ ചെയർമാൻമാരും പഞ്ചായത്തിലെ വകുപ്പു ഉദ്യോഗസ്ഥൻമാർ, കൺവീനർമാരും ഓരോ ഗ്രൂപ്പിലേക്കും ഡി ആർ പിമാരും ഉൾപ്പെടുന്ന 12 വിഷയങ്ങളുടെയും റിപ്പോർട്ട് തയ്യാറാക്കാൻ വിദഗ്ദ സംഘത്തെ ചുമതലപ്പെടുത്തി. 13-ാമത്തെ വിഷയമായി ടൂറിസവും റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് . ഈ പഞ്ചായത്തിലെ ഭൂ പ്രകൃതി, മൺതരങ്ങൾ, ഭൂവിനിയോഗം. ജല സമ്പത്ത് തുടങ്ങിയ വിവരങ്ങൾ സമാഹരിക്കാൻ നാലു പഠന പര്യടന ഗ്രൂപ്പുകൾ പഞ്ചായത്തിൽ സഞ്ചരിച്ച് വിവരങ്ങൾ ശേഖരിച്ചു.

ജനകീയാസൂത്രണത്തിനുവേണ്ട എല്ലാ പ്രവർത്തനങ്ങളും എപ്പോഴും ചെയ്തു തരാൻ പഞ്ചായത്തിലെ എല്ലാ വകുപ്പുദ്യോഗസ്ഥൻമാരും പരിചയ സമ്പന്നരായ സന്നദ്ധ പ്രവർത്തകൻമാരും തയ്യാറായിട്ടുണ്ട്. ഇവരുടെയെല്ലാം പങ്കാളിത്വത്തോടു കൂടി സൂക്ഷ്മമായി തയ്യാറാക്കിയ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ വികസന റിപ്പോർട്ട് , നമ്മുടെ പഞ്ചായത്തിൻെറ നാളേക്കുള്ള എല്ലാമേഖലയുടെയും വികസന ലക്ഷ്യം ഉറപ്പുവരുത്തുന്നതിന് സഹായിക്കുമെന്ന പ്രത്യാശയോടെ...........

# 2

## പഞ്ചായത്ത് പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് : | മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്. |
| ഉൾപ്പെടുന്ന പഴയ അംശങ്ങൾ : | പുറങ്ങ്, കാഞ്ഞിരമുക്ക്, മാറഞ്ചേരി. |
| ഉൾപ്പെടുന്ന പുതിയ വില്ലേജ്: | മാറഞ്ചേരി വില്ലേജ്. |
| ബ്ലോക്ക് പഞ്ചായത്ത് : | പെരുമ്പടപ്പ്. |
| താലൂക്ക് : | പൊന്നാനി. |
| അസംബ്ലി മണ്ഡലം : | പൊന്നാനി. |
| വിസ്തീർണ്ണം : | 5040 ഏക്കർ 70 സെൻറ്. |
| അതിരുകൾ :- | |
| വടക്ക് : | കുണ്ടുകടവ് പുഴ, ബിയ്യം കായൽ. |
| കിഴക്ക് : | ബിയ്യം കായൽ. |
| തെക്ക് : | കായൽ, വെളിയങ്കോട് പഞ്ചായത്ത്. |
| പടിഞ്ഞാറ് : | കനോലി കനാൽ, കുണ്ടുകടവ് പുഴ. |
| ജനസംഖ്യ : | 31329 |
| പുരുഷൻമാർ : | 15833 |
| സ്ത്രീകൾ : | 15496 |
| വാർഡുകൾ : | 12 |
| പ്രസിഡണ്ടിൻെറ പേര് : | കുമാരി ഖദീജ മൂത്തേടത്ത്. |
| വൈസ് പ്രസിഡണ്ടിൻെറ പേര് : | ഇ. ഹൈദരാലി. |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ : | പി. വി. ബഷീർ. |

## 1963 നു മുമ്പ് അധികാരത്തിലിരുന്ന പ്രസിഡണ്ടുമാർ

1. വി. പോക്കു സാഹിബ് (1943-48 വരെ)
2. കൂളത്ത് മൊയ്തുട്ടി സാഹിബ് ( 1948 - 52 വരെ)
3. പി.യം. മൊയ്തുണ്ണി (1952- 56 വരെ)
4. അഡ്വ: പി.സി. അഹമ്മദുണ്ണി (1956-63 വരെ)

(കൊല്ലം ഏകദേശ വിവരം മാത്രം)

## തെരഞ്ഞെടുപ്പിലൂടെ അധികാരമേറ്റെടുത്ത മുൻ പഞ്ചായത്ത് ഭരണ സമിതികൾ

1963 മുതൽ 1979 വരെ

| ക്രമ നമ്പർ | പേര് | വാർഡ് | പദവി |
|---|---|---|---|
| 1 | പി.പി. മുഹമ്മദുകുട്ടി | 5 | പ്രസിഡണ്ട് |
| 2 | കെ. അച്ചുതൻ | 1 | വൈസ് പ്രസിഡണ്ട് |
| 3 | പി. യം. മാമു | 2 | മെമ്പർ |
| 4 | ടി. ഇബ്രാഹിം | 3 | മെമ്പർ |
| 5 | ടി. പി. ബാപ്പുട്ടി | 4 | മെമ്പർ |
| 6 | എം. കറപ്പൻ | 5 | ദ്വയാംഗ മണ്ഡല മെമ്പർ |
| 7 | പി. എം. മൊയ്തുണ്ണി | 6 | മെമ്പർ |
| 8 | എം. മുഹമ്മദ് | 7 | മെമ്പർ |
| 9 | പി. ഭാർഗവി അമ്മ | - | നോമിനേറ്റഡ് വനിതാ മെമ്പർ |

1979 മുതൽ 84 വരെ

| ക്രമ നമ്പർ | പേര് | വാർഡ് | റിമാർക്സ് |
|---|---|---|---|
| 1 | ടി.വി. കുഞ്ഞഹമ്മദ്. | 8 | പ്രസിഡണ്ട് (1979-82) |
| 2 | എ. മുഹമ്മദുണ്ണി. | 9 | പ്രസിഡണ്ട് (82-84) |
| 3 | കെ. ഗോപാലൻ. | 5 | വൈസ് പ്രസിഡണ്ട് (79-82) |
| 4 | കെ. വി. ജമീല. | 10 | വൈസ് പ്രസിഡണ്ട് (82-84) |
| 5 | കെ. കെ. അച്ചു. | 1 | മെമ്പർ |
| 6 | പി. അബ്ദു ഹാജി. | 2 | മെമ്പർ |
| 7 | സി.കെ. രാഘവപ്പണിക്കർ. (കെ. ആർ. ചെറായി) | 3 | മെമ്പർ |
| 8 | സി.യം. മൊയ്തുണ്ണി. | 4 | മെമ്പർ |
| 9 | സി.സി. മാമാൻ. | 6 | മെമ്പർ |
| 10 | എം. എ. കരീം. | 7 | മെമ്പർ |

1984 മുതൽ 88 വരെ സ്പെഷ്യൽ ഓഫീസറുടെ ഭരണത്തിൻ കീഴിലായിരുന്നു

1988 മുതൽ 1995 വരെ

| ക്രമ നമ്പർ | പേര് | വാർഡ് | റിമാർക്സ് |
|---|---|---|---|
| 1 | ടി.വി കുഞ്ഞഹമ്മദ് ഹാജി | 9 | പ്രസിഡണ്ട് (1988 -90) |
| 2 | എം.എ. കരീം | 11 | പ്രസിഡണ്ട് (90 -95) |
| 3 | വി. ടി. വേലായുധൻ | 1 | വൈസ് പ്രസിഡണ്ട് (88-90) |
| 4 | എൻ. അബൂ.ക്കർ | 3 | വൈസ് പ്രസിഡണ്ട് (90 -95) |
| 5 | പി. ജമില | 2 | മെമ്പർ |
| 6 | ഇ. അച്ചുതൻ | 4 | മെമ്പർ |
| 7 | എൻ. പി. സുധാകരൻ | 5 | മെമ്പർ |
| 8 | ഇ. കമലം | 6 | മെമ്പർ |
| 9 | ടി. ആലി | 7 | മെമ്പർ |
| 10 | എൻ. കെ. ഇബ്രാഹീം | 8 | മെമ്പർ |
| 11 | എ. പി. മുഹമ്മദ് | 10 | മെമ്പർ |

# സാമൂഹിക സാംസ്കാരിക ചരിത്രം - ഒരു ലഘു വിവരണം

കേരളം രൂപമെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന മലബാർ ജില്ലയിലെ തെക്കേ അറ്റത്തെ താലൂക്കായ പൊന്നാനി താലൂക്കിൽ ആദ്യമായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളിൽ ഒന്നാണ് മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്. നാലു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടതെന്ന് പറയാമെങ്കിലും തെക്ക് ഭാഗത്ത് കോടഞ്ചേരിയും പരിച്ചകവും പുറങ്ങിൻെറ തെക്കു പടിഞ്ഞാറെ മൂലയും വെളിയങ്കോട് പഞ്ചായത്തുമായി ചേർന്നു കിടക്കുന്നത് കൊണ്ട് ഈ പഞ്ചായത്ത് തികച്ചും ഒരു അർദ്ധ ദ്വീപാണ്. വടക്കുഭാഗത്ത് കുണ്ടുകടവ് പുഴയും ബിയ്യം കായലും കിഴക്കുഭാഗം മുഴവൻ ബിയ്യം കായലും തെക്ക് കോടഞ്ചേരി പാടവും, വെളിയങ്കോട് പഞ്ചായത്തും പടിഞ്ഞാറ് കനോലി കനാലും പഞ്ചായത്തിൻെറ അതിരുകളായി കിടക്കുന്നു. പുറങ്ങ്, കാഞ്ഞിരമുക്ക്, മാറഞ്ചേരി എന്നീ പഴയ അംശങ്ങൾ കൂട്ടി ച്ചേർത്താണ് മാറഞ്ചേരി പഞ്ചായത്ത് രൂപീകരിച്ചത്.

## ഉറങ്ങിക്കിടക്കുന്ന ചരിത്രസ്മരണകൾ

ഇന്നും അറിയപ്പെടുന്ന ആഴ്‌വാഞ്ചേരി തമ്പ്രാക്കളുടെ ആസ്ഥാനം മാറഞ്ചേരിയിലായിരുന്നു. കുണ്ടുകടവ് കോട്ടപ്പടി റോഡിൽ, മാറഞ്ചേരിയിൽ അധികാരിപ്പടി ബസ്‌റ്റോപ്പിന്ന് തൊട്ടു കിഴക്ക് ഭാഗത്ത് ഗതകാല പ്രതാപങ്ങൾ കാടുപിടിച്ചു കിടക്കുന്നത് കാണാം. പാക്കനാർ ആവശ്യപ്പെട്ട പൊന്നുകൊണ്ടുള്ള പശുവിനെയും കുട്ടിയേയും നടത്തിക്കൊണ്ടുവന്ന് സ്ഥാപിച്ചിരിക്കുന്നത് ഇവിടെയുള്ള ഒരു വൻമരത്തിൻെറ താഴെയാണെന്ന് പറയപ്പെടുന്നു. ഒരു വലിയ വെള്ളപ്പൊക്കം വന്നപ്പോൾ മനപ്പറമ്പാകെ മുങ്ങി. നിത്യകർമങ്ങൾ നിർവ്വഹിക്കാൻ പുറത്തിറങ്ങാൻ കഴിയാതെ കുഴങ്ങിയതുകൊണ്ട് മേലിൽ വെള്ള പ്പൊക്കമെടുതി വരാത്ത സ്ഥലത്ത് പോയി താമസിക്കാൻ അവർ തീർച്ചപ്പെടുത്തി. ഏകദേശം മുന്നൂറ് കൊല്ലങ്ങൾക്ക് മുമ്പ് അവർ ആതവനാട്ടേക്ക് താമസം മാറ്റി പോയെന്ന് ഐതീഹ്യം.

കുണ്ടുകടവ് ബസ്‌റ്റോപ്പിന് അൽപ്പം തെക്കു ഭാഗത്തായി കഴിഞ്ഞ മുന്നൂറ് കൊല്ലത്തെ പാരമ്പര്യവുമായി ചെറായി പണിക്കൻമാർ ഇപ്പോഴും പാർക്കുന്നുണ്ട്. അക്ഷരവിദ്യയും അയോധനകലയും ആതുര ശുശ്രൂഷയും ആയിരുന്നു എക്കാലത്തും അവരുടെ കുലത്തൊഴിൽ. തച്ചോളി ഒതേനൻ വന്ന് ആയുധാഭ്യാസം പഠിപ്പിച്ച ചെറായിക്കളരിയുടെ പിൻമുറക്കാരാണിവർ. മർമ്മ ചികിത്സ, ബാല ചികിത്സ., വാത ചികിത്സ തുടങ്ങി എല്ലാ ചികിത്സാ മുറകളിലും അവർ പ്രശസ്തരായിരുന്നു. കളരിപ്പയറ്റും ആയുധ പൂജയും കുട്ടികളെ എഴുത്തിനിരുത്തലും അവരുടെ കളരിയിൽ നടന്നിരുന്നു. പല വിഷയങ്ങളിലുമുള്ള താളിയോല ഗ്രന്ഥങ്ങളും ചെമ്പോലകളും അവർ സൂക്ഷിച്ചിരുന്നു.

വലിയ ഉണ്ണിപ്പണിക്കർ, വലിയ കോന്നിപ്പണിക്കർ, ഇട്ടീരിപ്പണിക്കർ, കോന്നുകുട്ടിപ്പണിക്കർ, ഉണ്ണിപ്പണിക്കർ എന്നിവർ ഓരോ തലമുറയിലേയും കണ്ണികളായിരുന്നു.

കായികാഭ്യാസ ആയോധനമുറകളിൽ നിപുണനും പ്രഗത്ഭനുമായിരുന്നു, പരേതനായ നാലകത്ത് ബാപ്പു ഗുരുക്കൾ എന്ന അത്തർ ബാപ്പുക്ക. മർമ്മ ചികിത്സാ രംഗത്ത് കഴിവുറ്റ അദ്ദേഹത്തിന്, കേരളത്തിനകത്തും പുറത്തും ധാരാളം ശിഷ്യഗണങ്ങളുണ്ട്. പൊട്ടിയ എല്ലുകൾ കൂട്ടിച്ചേർക്കുവാനും മുറിവുകൾ ഉണക്കുവാനും പച്ചമരുന്നുകളുടേയും എണ്ണയുടെയും പ്രയോഗത്തിൽ ചെറായി പണിക്കൻമാരെ പോലെ വൈദഗ്ദ്യം പ്രകടിപ്പിച്ച മറ്റൊരുമാന്യ ദേഹമായിരുന്നു കാഞ്ഞിരമുക്കിലെ പരേതനായ കാടാഞ്ചേരി ബാവക്കുട്ടി സാഹിബ്.

കാഞ്ഞിരമുക്കിലെ തോന്നികുറുമ്പക്കാവ് ഭഗവതി ക്ഷേത്രവും പുറങ്ങിലെ ആവേൻകോട്ട ഭഗവതിക്ഷേത്രവും കാട്ടിലയിൽ ശിവക്ഷേത്രവും പുറങ്ങ് ശിവക്ഷേത്രവും പുറങ്ങിക്കാവ് അമ്പലവും

121

പഴയകാല ക്ഷേത്രങ്ങളാണ്. ചിറക്കലെ വാളയാർകുണ്ട് ഭഗവതി ക്ഷേത്രവും തോട്ടുമുഖത്ത് ഭഗവതി ക്ഷേത്രവും പട്ടിക ജാതിക്കാരുടെ പ്രത്യേക വിഭാഗങ്ങളുടെ ക്ഷേത്രങ്ങളായി അറിയപ്പെട്ടിരുന്നുവെങ്കിലും ഇന്ന്, ഇവരണ്ടും എല്ലാവരുടേയും ആരാധനാലയങ്ങളാണ്. കരിങ്കല്ലത്താണിയിൽ ഒരയ്യപ്പക്ഷേത്രം അടുത്തകാലത്ത് ഉണ്ടാക്കിയിട്ടുണ്ട്. ഇവകൂടാതെ നിരവധി അമ്പലങ്ങൾ ഈയിടെ പുനരുദ്ധരിച്ചിട്ടുണ്ട്.

പുറങ്ങ് പള്ളി, കാഞ്ഞിരമുക്ക് പള്ളി, കോടഞ്ചേരി പള്ളി എന്നിവ പുരാതന മുസ്ലിം ജുമാഅത്ത് പള്ളികളാണ് ഇവയിൽ ഏറ്റവും പഴക്കമുള്ളത് കോടഞ്ചേരി പള്ളിയാണ് - സുമാർ 700 കൊല്ലം. കേരളത്തിലെ മുസ്ലീം ലോകം മുഴുവൻ ഈ പള്ളിയെ പറ്റി കേട്ടറിവുള്ളവരാണ്. കേരളത്തിലെ നാനാ ഭാഗത്തുനിന്നും ഈ പള്ളിയിലെ ദർസിൽ വന്ന് പഠിച്ചുപോയ മതപണ്ഡിതൻമാർ മുഖേനയാണ് ഈ പ്രശസ്തി ഉണ്ടായത്. കശുവണ്ടി രാജാവായിരുന്ന കൊല്ലത്തെ തങ്ങൾ കുഞ്ഞുമുസ്ല്യാർ ഈ പള്ളിയിൽ പാർത്ത് പഠിച്ചുപോയ പ്രമുഖരിൽ ഒരാളാണെന്ന് പറയപ്പെടുന്നു.

ആലുവയിലെ പാനായിക്കുളത്തുനിന്ന് മതപഠനത്തിനായി പൊന്നാനി വലിയജുമാഅത്ത് പള്ളിയിൽ താമസിച്ച് പഠിച്ച്, പുറങ്ങ് ജുമാഅത്ത് പള്ളിയിൽ ദർസിട്ട പുതിയാപ്പ അബ്ദുൾറഹ്മാൻ മുസ്ലിയാരുടെ സേവനമാണ് പുറങ്ങ് പള്ളിക്ക് പ്രശസ്തിനേടിക്കൊടുത്തത്.

കൂടാതെ മാറഞ്ചേരി മസ്ജിദുൽ അസ്ഹർ, സെൻററിലെ മസ്ജിദുൽ അക്ബർ, വടമുക്ക് കുന്നത്ത് പള്ളി, ജൗഹർ പള്ളി, താമലശ്ശേരി പള്ളി, പരിച്ചകത്തെ മസ്ജിദുസ്സലഫി, കാഞ്ഞിരമുക്കിലെ മസ്ജിദുൽ മുജാഹിദീൻ, പുറങ്ങിലെ മസ്ജിദുൽ മനാർ, മാരാമിറ്റം പള്ളി, കരിങ്കല്ലത്താണി പള്ളി, ആളം പള്ളി, പെരുവഴിക്കുളം പള്ളി, മസ്ജിദുൽ റഹ്മാൻ, പനമ്പാട് നോർത്തിലെ മസ്ജിദ് നൂറുൽഹുദാ തറയിൽപള്ളി, നീറ്റിക്കൽ പള്ളിഎന്നിവയും നമ്മുടെ പഞ്ചായത്തിലെ ജുമുഅ നടക്കുന്ന പള്ളികളാണ്. ഇവക്ക് പുറമേ 18 നമസ്ക്കാര പള്ളികളും 23 മദ്രസകളും ഈ പഞ്ചായത്തിൻെറ സാംസ്ക്കാരിക പൈതൃകത്തിൻെറ ചിഹ്നങ്ങളായി നിലകൊള്ളുന്നു.

മാറഞ്ചേരി പ്രദേശം പണ്ടുകാലത്ത് നമ്പൂതിരിമാരുടെ ആവാസകേന്ദ്രമായിരുന്നു. പുറങ്ങിലും നമ്പൂതിരിമാരുണ്ടായിരുന്നു. എന്നാൽ കാഞ്ഞിരമുക്കിൽ നമ്പൂതിരിമാർ ആരും തന്നെ ഉണ്ടായിരുന്നില്ല. ഇന്നും ഇല്ല. ഗ്രാമാതിർത്തികളായ കാഞ്ഞിരമുക്കിലെ മൂക്കോലംതാഴത്തും ചിറപ്പറമ്പിലും മാറഞ്ചേരിയിലെ വടമുക്കിലും തുറുവാണം ദ്വീപിലുമാണ് പട്ടികജാതിക്കാർ കോളനിയായി താമസിച്ചുവരുന്നത്.

കാലനിർണ്ണയം പറയാൻ കഴിയില്ലെങ്കിലും ധനാഢ്യൻമാരായ നിരവധി മുസ്ലീം കുടുംബങ്ങൾ മാറഞ്ചേരി പഞ്ചായത്തിൽ ഉണ്ടായിരുന്നു. തെക്കേൽ , മുല്ലക്കാട്ട്, അമ്പത്തേൽ ചീതമഠത്തിൽ , ഇളയേടത്ത് ചാത്തോത്തയിൽ എന്നിവർ മാറഞ്ചേരിയിലും, മങ്കുഴിയിലും , അയലുള്ളി, കുയിപ്പുള്ളി, ഉദിനൂർ, വീട്ടിലെവളപ്പിൽ തൈക്കൂട്ടത്തിൽ കരിയറക്കൽ എന്നീ കുടുംബങ്ങൾ പുറങ്ങിലും പ്രധാനികളായിരുന്നു.

കക്കാടത്ത് , ഇളയിടത്ത്, പള്ളിക്കര മരക്കാത്തയിൽ , പൂവ്വക്കാട്ട്, പറേരിക്കൽ കളത്തുംപടിക്കൽ , കണ്ണേങ്കലത്ത് എന്നിവർ പഴയ നായർകുടുംബക്കാരാണ്.

പുന്നക്കൽ, കണ്ണറാവിൽ, പുതുപ്പറമ്പിൽ, തെക്കെകര, പുതുശ്ശേരി,മേനോത്ത് തുടങ്ങിയ തീയ്യകുടുംബക്കാരും പ്രധാനികളായിരുന്നു.

നമ്മുടെ പഞ്ചായത്തിലെ പ്രധാന മാർക്കറ്റ് 'തണ്ണീർ പന്തൽ' ചന്തയായിരുന്നു. -ശനിയാഴ്ച-. സ്വാതന്ത്ര്യ സമര സേനാനി ഇ. മൊയ്തു മൗലവിയുടെ ജ്യേഷ്ഠസഹോദരൻ ഇളയേടത്ത് മമ്മു മുസ്ലിയാർ ആയിരുന്നു ചന്തയുടെ സ്ഥാപകൻ, അദ്ദേഹത്തിൻെറ കാലത്തെ ചന്ത പ്രസിദ്ധമായിരുന്നു. തൃശൂർ, കുന്നംകുളം, പഴഞ്ഞി മുതലായ വ്യാപാര കേന്ദ്രങ്ങളിൽ നിന്ന് വഞ്ചികളിൽ വെള്ളിയാഴ്ച തൊട്ടേ സാധനങ്ങൾ വന്നു നിറയും. ചാവക്കാട്, പൊന്നാനി എന്നിവിടങ്ങളിൽ നിന്ന് കനോലി കനാൽ വഴിയും ചരക്കുകൾ വന്നെത്തുന്നതിനു പുറമെ, നൂറുകണക്കിന് തോണികളിലാണ് കായൽ തീരത്ത് സാധനങ്ങൾ വന്നണയുക.

പ്രധാന കച്ചവടം തുണിച്ചരക്കുകൾ, നാളികേരം, പുകയില, അടക്ക, മുളക്, പച്ചക്കറികൾ, ഉണക്കമത്സ്യം, മൺ പാത്രങ്ങൾ, മൃഗങ്ങൾ കോഴികൾ, വാഴപ്പഴം തുടങ്ങി നിത്യോപയോഗ സാധനങ്ങളും സ്വർണ്ണം, വെള്ളി ആഭരണങ്ങളും ചന്തയിൽ നിന്ന് സുലഭമായി ലഭിച്ചിരുന്നു. ചന്ത ദിവസം മാത്രം ലഭിക്കാറുള്ള മാംസം എടപ്പാളിൽ നിന്നാണ് കശാപ്പുകാർ എത്തി വിതരണം നടത്തിയിരുന്നത്

ചന്തയിൽ എത്തിച്ചേർന്നിരുന്ന ജനങ്ങളിൽ ദാഹിച്ചു വരുന്നവർക്ക് ചന്തയുടെ തൊട്ട് തെക്ക് കിഴക്ക് ഭാഗത്ത് പന്തലിട്ട് മുല്ലപ്പുള്ളി മനയിൽ നിന്നും സംഭാരം സൗജന്യമായി വിതരണം ചെയ്തിരുന്നു. അതുകൊണ്ടാണത്രെ ഇന്നത്തെ മാറഞ്ചേരി സെൻററിൽ നടന്നിരുന്ന ചന്തക്ക് 'തണ്ണീർ പന്തൽ' എന്ന പേര് സിദ്ധിച്ചത്.

മാറഞ്ചേരിയിൽ തപാലാപ്പീസ് ഇല്ലായിരുന്നു. വെളിയങ്കോടു നിന്നു വരുന്ന പോസ്റ്റ്മാൻ കത്തുകളും മറ്റും വിതരണം ചെയ്തിരുന്നത് ഈ ആഴ്ച്ച ചന്തയിൽ വെച്ചാണ്.

സിവിൽ ക്രിമിനൽ കോടതിയായും ഈ ചന്ത ഉപയോഗപ്പെടുത്തിയിരുന്നു. ന്യായാധിപൻമാർ, അംശം അധികാരിമാർ. അന്നത്തെ മേനോൻ എന്നറിയപ്പെടുന്ന വില്ലേജ് അസിസ്റ്റൻറ്, 'കോൽകാരൻ' എന്നറിയപ്പെടുന്ന വില്ലേജ് ശിപായിമാർ സഹായികളും, നാട്ടിലെ വാചാലതയുള്ള ചിലർ വക്കീലൻമാർ. അധികാരിമാർക്ക് വിദ്യാഭ്യാസത്തേക്കാൾ തറവാട്ടുമഹിമയും സാമ്പത്തിക ശേഷിയുമായിരുന്നു പ്രധാനം. മാളിയേക്കൽ വാക്കാട്ടേൽ മുഹമ്മദുണ്ണി സാഹിബ്, ചീതമഠത്തിൽ കുഞ്ഞാലൻ സാഹിബ് എന്നിവരും പിൻകാലത്ത് കണ്ണേങ്കലത്ത് ഗോവിന്ദൻ നായർ, ഗോപാലൻ നായർ, മാധവൻ നായർ മുതലായവരും അധികാരിമാരായിരുന്നു. പറേരിക്കൽ കോരുണ്ണി പണിക്കർ, നാരായണപ്പണിക്കർ എന്നിവർ പുറങ്ങിലും ഇളേടത്ത് നാരയണ മേനോൻ കാഞ്ഞിരമുക്കിലും അധികാരിമാരായിരുന്നു.

ഈ പ്രസിദ്ധമായ ചന്ത ഇന്ന് പഴമക്കാരുടെ ഓർമ്മകളും പുതിയ തലമുറക്ക് പുതുമയുള്ള വാർത്തയായും അവശേഷിച്ചിരിക്കുന്നു.

മാറഞ്ചേരിയിലെ ആദ്യത്തെ എയ്ഡഡ് സ്കൂൾ സ്ഥാപിച്ച ആന്തൂർ ഏന്തീൻ കുട്ടി മാസ്റ്ററും, കോടഞ്ചേരി അധികാരിയായിരുന്ന കളത്തും പടിക്കൽ കുഞ്ഞീതു കുട്ടിയും, മൊയ്തുമൗലവിയുടെ പിതാവായ മലയം കുളത്തേൽ മരക്കാർ മുസ്ല്യാരും, പനമ്പാട് യു.പി.സ്കൂളിൻെറ സ്ഥാപകനായ തെക്കേകര കറുപ്പൻ മാസ്റ്ററെന്ന അപ്പുമാസ്റ്ററും മാറഞ്ചേരിയുടെ പഴയകാല ചരിത്രത്തിൽ അനുസ്മരിക്കപ്പെടേണ്ടവരാണ്. മുസ്ലീംകളിൽ അന്ന് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങൾക്കെതിരെ ''ദുരാചാര മർദ്ദനം'' എന്ന അറബി മലയാള കൃതിയുടെയും, മുഹമ്മദ് നബിയെ പുകഴത്തിപ്പാടിയ അറബി കാവ്യ സമാഹാരത്തിൻെറയും കർത്താവു കൂടിയാണ് മൊയ്തു മൗലവിയുടെ പിതാവായ മരക്കാർ മുസ്ല്യാർ.

## സ്വാതന്ത്ര്യസമരവും സ്വാതന്ത്ര്യത്തിന് ശേഷവും

കഴിഞ്ഞ നൂറ് കൊല്ലത്തെ ചരിത്രം സ്വാതന്ത്ര്യ സമരകാലഘട്ടത്തിൻെറയും സ്വാതന്ത്ര്യാനന്തരകാലഘട്ടത്തിൻെറയും ചരിത്രമാണല്ലോ. സ്വാതന്ത്ര്യ സമരത്തിന് നിർണ്ണായകമായ സംഭാവന നൽകിയ പഞ്ചായത്ത് തന്നെയാണിത്, ഇ. മൊയ്തു മൗലവിയും, പി. കൃഷ്ണപ്പണിക്കരും മാറഞ്ചേരിയുടെ, പനമ്പാടിൻെറ മക്കളായി സ്വാതന്ത്ര്യസമര ചരിത്രത്തിൽ എക്കാലത്തും സ്ഥാനംപിടിക്കും. പി. കണാരൻ മാസ്റ്ററും വി. ബാപ്പു സാഹിബുമാണ് അവരുടെ പ്രധാന പിൻമുറക്കാർ. കണാരൻ മാസ്റ്റർ പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയുടെ സ്ഥാപക നേതാവായി മാറി. ഉപ്പുസത്യാഗ്രഹത്തിൽ പങ്കടുത്ത് മർദ്ദനമേറ്റ് ജയിൽവാസം വരിച്ച ത്യാഗിവര്യനായ കൃഷ്ണപ്പണിക്കർ വളരെ മുമ്പു തന്നെ നാടിനോട് വിടപറഞ്ഞു. എങ്കിലും 1995 വരെ മൊയ്തു മൗലവി നമ്മോടൊപ്പമുണ്ടായിരുന്നു. 110 -ാമത്തെ വയസ്സിലാണ് അദ്ദേഹം നിര്യാതനായത്. 1921 ലെ സ്വാതന്ത്ര്യസമര ചരിത്രത്തിലെ വീരഗാഥ രചിച്ച മലബാർ കലാപം മാറഞ്ചേരിയെ ബാധിച്ചിരുന്നില്ലെങ്കിലും ഇവിടെ നിന്നും പോലീസും, എം.എസ്.പിയും കൂടി നിരവധി പേരെ തടവുകാരാക്കുകയും പലരെയും ശിക്ഷിക്കുകയും ചെയ്തു. വി. ബാപ്പു സാഹിബിൻെറ പിതാവ് മാണൂരയിൽ അഹമ്മദുണ്ണി സാഹിബ് മാത്രമാണ്, പിടിക്കപ്പെട്ടെങ്കിലും നിരുപാധികം വിട്ടയക്കപ്പെട്ട ഒരേ ഒരാൾ. മൊയ്തു മൗലവിയുടെ പിതാവായ മരക്കാർ മുസ്ല്യാർ, കൊട്ടിലുങ്ങൽ അയമു, ഇളയോടത്ത് മുസ്സ, ഇബ്രാഹീം ഇളയോടത്ത്, ഇളയോടത്ത് മാമു, കാഞ്ഞിരപ്പറമ്പിൽ മാമു, കൂമ്പുട്ടിൽ അയമു, ഒസ്സാൻ അഹമ്മദ്, ഇളയോടത്ത് മുരിയം ചിറക്കൽ അബൂബക്കർ മൗലവി എന്നിവരെല്ലാം പല സന്ദർഭങ്ങളിലായി ജയിൽവാസം അനുഭവിക്കേണ്ടി വന്നവരാണ്.

മൊയ്തുമൗലവി അന്നേ അറിയപ്പെടുന്ന കോൺഗ്രസ്സ് നേതാവായതുകൊണ്ട് അദ്ദേഹത്തെ പിടിക്കുന്നതിനുള്ള തിരച്ചിൽ നടത്തിയാണ് മുൻ സൂചിപ്പിച്ചവരെയെല്ലാം അറസ്റ്റ് ചെയ്തതും കോടതി ആറുമാസം ശിക്ഷിച്ചതും. മൊയ്തുമൗലവിയേയും അറസ്റ്റ് ചെയ്തു ജയിലിലടച്ചു.

മലബാർ കലാപത്തെപ്പറ്റി മാറഞ്ചേരിയിലുണ്ടായ സംഭവവികാസങ്ങൾ മൊയ്തു മൗലവിയുടെ ഭാഷയിൽ തന്നെ ഇങ്ങിനെ സംഗ്രഹിക്കാം.

''ഈ ഘട്ടത്തിൽ എൻെറ വീട്ടിലേക്കും ഒന്ന് കണ്ണോടിക്കേണ്ടിയിരിക്കുന്നു. മാർഷൽ ലാ പരിധിയിൽ പെട്ട പ്രദേശമായിരുന്നുവെങ്കിലും മാറഞ്ചേരിയിൽ പറയത്തക്ക യാതൊരു അനിഷ്ടസംഭവവും നടക്കുകയുണ്ടായില്ല. തങ്ങളുടെ നാട്ടിൽ കുഴപ്പങ്ങളുണ്ടാകാതിരിക്കുന്നതിന് തദ്ദേശിയർ വളരെ മുൻകരുതലോടുകൂടി പ്രവർത്തിച്ചു. എന്നിട്ടും പട്ടാളം അവിടെയും പ്രവേശിക്കുകയുണ്ടായി. നിരപരാധികളായ പലരേയും പിടിച്ചുകെട്ടി. പള്ളിയിൽ ഓതുന്ന വിദ്യാർത്ഥികളേയും പഠിപ്പിക്കുന്ന ഉസ്താദിനേയും അവർ ഒഴിവാക്കിയില്ല. എൻെറ വീട്ടിലും പട്ടാളക്കാർ പ്രവേശിക്കുകയുണ്ടായി. തദവസരത്തിൽഎൻെറ മാതാപിതാക്കളും ഒരു ചെറിയകുട്ടിയും മാത്രമേ അവിടെയുണ്ടായിരുന്നുള്ളൂ. വീട്ടിൽ പണിതീർത്ത് വെച്ചിരുന്ന മരസാമനങ്ങൾ

പട്ടാളക്കാർ കേടുവരുത്തി. കത്തി, വടി, മോതിരം എന്നിവയിൽ എൻെറ പിതാവിന് വലിയ കമ്പമുണ്ടായിരുന്നു. അതെല്ലാം അവർ എടുത്തുകൊണ്ടുപോയി. എന്നെ പിടിക്കാനെന്ന പേരിലാണ് അവർ വന്നത്. ഞാൻ സ്ഥലത്തില്ലെന്നും കോഴിക്കോട്ടാണെന്നും എല്ലാവർക്കും അറിയാം, എന്നിട്ടും എൻെറ വീട് ഒഴിവാക്കുകയുണ്ടായില്ല, വയോ വൃദ്ധനായ പിതാവിനേയും ചെറിയകുട്ടിയേയും അവർ പിടിച്ചു കൊണ്ടുപോയി. തൊട്ടടുത്ത വീട്ടിൽ നിന്നും എൻെറ മൂന്ന് മരുമക്കളെയും പിടിച്ചു. മാറഞ്ചേരി ചന്തയിൽ കച്ചവടം ചെയ്യുന്ന ഒന്നുമറിയാത്ത ചില പാവങ്ങളെയും അവർ വെറുതെ വിട്ടില്ല. വേറെ ഒരുമരുമകനെ കൂടി അവിടെനിന്നും പിടിച്ചു. പള്ളിയിലെ മുസ്ല്യാൻമാരെ പിന്നീട് വിട്ടയക്കുകയുണ്ടായി. എല്ലാവരുടെയും കൈകൾ കെട്ടി പൊന്നാനിയിലേക്ക് കൊണ്ടുപോയി. അന്ന് രാത്രി അവരെ സബ് ജയിലിലും പോലീസ് സ്റ്റേഷനിലും അടച്ചുപൂട്ടി. യാതൊരു ഭക്ഷണവും കൊടുക്കുകയുണ്ടായില്ല.

പിറ്റെ ദിവസം മജിസ്ട്രേറ്റിൻെറ മുമ്പാകെ ഇവരെയെല്ലാം ഹാജരാക്കി. മജിസ്ട്രേറ്റ് പതിവുപോലെ കുറ്റം ചെയ്തിട്ടുണ്ടോ എന്ന് എല്ലാവരോടും ചോദിച്ചു. ആ ചോദ്യം തൻെറ പിതാവിൻെറ നേരെ തൊടുത്തു വിട്ടപ്പോൾ അദ്ദേഹം നൽകിയ മറുപടി ഇപ്രകാരമായിരുന്നു. ''ഞാൻ കുറ്റമൊന്നും ചെയ്തിട്ടില്ല, എന്നെ വെറുതെ പിടിച്ചു കൊണ്ടുവന്നതാണ്. എന്നാൽ ഞാൻ ഒരു കുറ്റം ചെയതിട്ടുണ്ട്. മൊയ്തു എന്നുപേരായ ഒരു മകനെ ഞാൻ ഉണ്ടാക്കിയിട്ടുണ്ട്. അതൊരു കുറ്റമായി പരിഗണിക്കുന്നുണ്ടെങ്കിൽ അത്, ആ കുറ്റം ഞാൻ സമ്മതിക്കാം !! മകനെ നല്ല വഴിക്ക് നടത്താഞ്ഞത് എന്തുകൊണ്ടാണ് എന്ന് മെജിസ്ട്രേറ്റ്.

'' ഞാൻ അവനെ നല്ല വഴിക്ക് തന്നെയാണ് നടത്തിയത്. ഇപ്പോൾ അവന് പ്രായപൂർത്തി വന്നിരിക്കുന്നു അതുകൊണ്ട് എനിക്ക് അവൻെറ മേൽ യാതൊരു ഉത്തരവാദിത്വവുമില്ല. പിന്നത്തെ ഉത്തരവാദിത്വമെല്ലാം ഗവൺമെൻറിനാണ് ''.

പൊന്നാനിയിലെ അന്നത്തെ മജിസ്ട്രേറ്റ് കുറച്ചെങ്കിലും മനുഷ്യപ്പറ്റുള്ള ഒരു വ്യക്തിയായതുകൊണ്ട് എല്ലാവരെയും ആറാറുമാസം തടവിനു ശിക്ഷിച്ചു. കുറ്റം തെളിയിക്കാൻ വലിയ സാക്ഷിവിസ്താരമൊന്നും ആവശ്യമില്ല, പട്ടാള നിയമ കാലത്ത് ആറു മാസത്തെ ശിക്ഷ നൽകുകയെന്നത് ഒരു പുതുമ തന്നെയാണ്. ഏറ്റവും കുറഞ്ഞ ശിക്ഷ രണ്ടു കൊല്ലമാണെന്നോർക്കണം.

മാറഞ്ചേരിയിലെ ഒസ്സാൻ അഹമ്മദ് ലഹളക്ക് വട്ടം കൂട്ടുന്നുണ്ടെന്ന് അയാളുടെ ശത്രുക്കൾ ചില കള്ള വാർത്തകൾ പ്രചരിപ്പിക്കുകയുണ്ടായി. തന്നെ കെണിയിൽ അകപ്പെടുത്താൻ ചിലർ ശ്രമിക്കുന്നുണ്ടെന്ന് അഹമ്മദ് മനസ്സിലാക്കി. പകൽ സമയത്ത് വെളിയിൽ സഞ്ചരിക്കാതെ ഒളിവിൽ കഴിച്ചുകൂട്ടി. ഒരു ദിവസം അയാളുടെ സ്ഥലം കണ്ടുപിടിക്കപ്പെട്ടു. പട്ടാളക്കാരെയും കുറെ പോലീസുകാരെയും ചിലർ കൊണ്ടു വന്നു. പട്ടാളത്തിൻെറ വരവോടുകൂടി നാടാകെ ഇളകിവശായി. ജനങ്ങൾ പലഭാഗത്തേക്കും ഓടാൻ തുടങ്ങി. അഹമ്മദിനെ നായാടി പിടിക്കുകയായിരുന്നു പ്രധാന ലക്ഷ്യം. ഇത് കണ്ടറിഞ്ഞ അഹമ്മദ് പിടുത്തം കൊടുക്കാതെ ഓടി രക്ഷപ്പെടാൻ ഒരു ഭഗീരഥ പ്രയത്നം നടത്തിയെങ്കിലും സാധ്യമായില്ല. ഗത്യന്തരമില്ലാതെ വന്നപ്പോൾ മത ഭക്തയായ ഒരു സ്ത്രീ താമസിക്കുന്ന വീട്ടിനുള്ളിലേക്ക് ഓടിക്കയറി.പട്ടാളവും പരിവാരവും വീടുവളഞ്ഞു. ഇതിനിടയിൽ അഹമ്മദ് ഒരു മുറിയിൽ കടന്ന് കതക് ബന്ധിച്ചു. ആ മുറിക്ക് ഒരു വാതിലല്ലാതെ മറ്റു ദ്വാരങ്ങളൊന്നുമില്ല. ശരണം മുട്ടിയ അഹമ്മദ് രണ്ടും കൽപ്പിച്ച് കത്തിയും ഊരിപ്പിടിച്ചുകൊണ്ട് വെളിയിലേക്ക് ചാടി, ഒരു പോലീസുകാരൻെറ കഥകഴിച്ചുകൊണ്ട്, അഹമ്മദ് ഓടിപ്പോകും മധ്യേ തടഞ്ഞുവീണു. അപ്പോൾ എല്ലാവരും കൂടി അയാളെ പിടിച്ചു കെട്ടി. വളരെയധികം ദേഹോപദ്രവമേൽപ്പിച്ച്, ഒരു കട്ടിലിൽ വരിഞ്ഞുകെട്ടി പൊന്നാനിയിലേക്ക് കൊണ്ടുപോയി. ഈ സംഭവത്തിനുശേഷം മാറഞ്ചേരിയിൽ പട്ടാളത്തിൻെറയും പോലീസുകാരുടെയും ഉപദ്രവമുണ്ടായിട്ടില്ല. ചുരുക്കത്തിൽ ശ്രീ. അഹമ്മദാണ് മാറഞ്ചേരിയെ രക്ഷിച്ചതെന്ന് പറയാം.''

ദേശീയ പ്രസ്ഥാനത്തോടൊപ്പം കർഷക പ്രസ്ഥാനവും ബീഡിത്തൊഴിലാളി പ്രസ്ഥാനവും അധ്യാപക പ്രസ്ഥാനവും സജീവമായി. ഭൂമിക്ക്‌വേണ്ടിയും കൂലിക്ക് വേണ്ടിയും ജോലി സ്ഥിരതക്കും ശമ്പള പരിഷ്കരണത്തിനും വേണ്ടിയുള്ള നിരവധി പ്രക്ഷോഭ സമരങ്ങൾ ഈ പഞ്ചായത്തിൽ നടന്നിട്ടുണ്ട് . 1958 ൽ പനമ്പാട് യു.പി. സ്കൂളിലെ 13 അധ്യാപകർ നടത്തിയ സമരം പിരിച്ചുവിടലിനെതിരായി, ജോലി സ്ഥിരതക്കുവേണ്ടിയുള്ള സമരമായിരുന്നു. ആ സമരത്തിൻെറ നേട്ടമാണ് കാഞ്ഞിരമുക്കിലെ പനമ്പാട് ന്യൂ യു.പി. സ്കൂൾ.

1957-ലെ മന്ത്രിസഭയുടെ കാലത്ത് കൊണ്ടു വന്ന കാർഷിക പരിഷ്കരണത്തിൻെറ ഭാഗമായി മര്യാദപ്പാട്ടം നിശ്ചയിക്കുന്ന വ്യവസ്ഥമൂലം പാട്ട കൃഷിക്കാർക്ക് കഞ്ഞി കുടിച്ച് കഴിയാനുള്ള മിച്ചമെങ്കിലും അവരുടെ ഉത്പാദനത്തിൽ നിന്നും കിട്ടിത്തുടങ്ങി. 1970 ലെ ഐക്യജനാതിപത്യ മന്ത്രിസഭ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം മൂലം കൃഷിഭൂമി കൃഷിക്കാർക്ക് സ്വന്തമാക്കാനും കുടിക്കിടപ്പുകാർക്ക് പത്തു സെൻറ് ഭൂമി ലഭ്യമാക്കാനും സാധിച്ചു. ഭൂ പരിധി നിശ്ചയിച്ച് മിച്ചഭൂമി വിതരണം നടത്തിയതോടു കൂടി, ഭൂമിയില്ലാത്ത എത്രയോ പേർക്ക് നമ്മുടെ പഞ്ചായത്തിൽ ഭൂമി സ്വന്തമായി ലഭിച്ചു.

ഇതോടൊപ്പം തന്നെ ആധുനിക കൃഷി സമ്പ്രദായങ്ങളും പുതിയ അത്യുൽപാദനശേഷിയുള്ള വിത്തുകളും രാസവളപ്രയോഗവും കീടനാശിനിയും വന്നതോടുകൂടി നെൽകൃഷിയിലും തെങ്ങ് കൃഷിയിലും ഒരു കുതിച്ചുചാട്ടം തന്നെ നടന്നു. കാർഷിക രംഗത്ത് ഏറ്റവും ഉണർവ്വ് അനുഭവപ്പെട്ട കാലമായിരുന്നു അത്.

പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ സ്കൂൾ, ഇന്ന് ഹൈസ്ക്കൂളായി മാറിക്കഴിഞ്ഞ മാറഞ്ചേരി ബോർഡ് ലോവർ എലമെൻററി സ്കൂളാണ്. ആദ്യത്തെ മാനേജ്മെൻറ് ലോവർ എലമെൻററി സ്കൂൾ മാറഞ്ചേരിയിൽ സ്ഥാപിച്ചത്. എ. ഏന്തീൻ കുട്ടി മാസ്റ്ററാണെന്ന് മുമ്പ് പറഞ്ഞുവല്ലോ. ആ സ്ഥാപനത്തിന് അധികം ആയുസ്സുണ്ടായില്ല. കാഞ്ഞിരമുക്ക് ജി. എൽ.പിസ്കൂളും. പുറങ്ങ് ജി, എൽ.പിസ്കൂളും സ്ഥാപിച്ച കാലത്ത് തന്നെ മൊയ്തുമൗലവിയുടെ അനുജനായ ഇ. അബ്ദുമാസ്റ്റർ 1918-ൽ മാറഞ്ചേരിയിൽ എം.യു.മദ്രസ്സാ എൽ.പി.സ്കൂളും തെക്കേകര കറപ്പൻ മാസ്റ്റർ പനമ്പാട് സ്കൂളും സ്ഥാപിച്ചിരുന്നു. കാഞ്ഞിരമുക്ക് ജി.എൽ.പി സ്കൂൾ ആദ്യം സ്ഥാപിച്ചത് ശങ്കരൻ കുട്ടി മേനോൻെറ പറമ്പിലും പുറങ്ങ് ജി.എൽ.പി സ്കൂൾ തൊട്ട് തെക്ക് ഭാഗത്തെ കോക്കാം പറമ്പിലുമായിരുന്നു. 1930-ലാണ് പരേതനായ ആമുഹാജി വടമുക്ക് എ.എം.എൽ.പി. സ്കൂൾ സ്ഥാപിച്ചത്.

ഇന്ന് പഞ്ചായത്തിൽ ഒരു ഗവൺമെൻറ് ഹൈസ്ക്കൂളും രണ്ട് എയ്ഡഡ് യു.പി, സ്കൂളും ഉൾപ്പെടെ 13 വിദ്യാലയങ്ങളുണ്ട്. പനമ്പാട് ഒരു യു.പി. സ്കൂളും മാറഞ്ചേരിയിൽ അവ്വുമാസ്റ്റർ സ്ഥാപിച്ച ഒരു എൽ..പി സ്കൂളും നാമാവശേഷമാകുകയും ചെയ്തു.

ഗ്രന്ഥശാലകളും കലാസമിതികളും സ്പോർട്സ് ക്ലബ്ബുകളും ഇവിടെ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. പി. കണാരപ്പണിക്കർ ആണ് ജയ്ഹിന്ദ് ഗ്രന്ഥാലയം എന്ന ആദ്യത്തെ വായനശാലയുടെ ശില്പി. ആദ്യം കാഞ്ഞിരമുക്കിലും പിന്നീട് വളരെക്കാലം സ്വന്തം കെട്ടിടത്തിലും പനമ്പാട് ആ സ്ഥാപനം പ്രവർത്തിച്ചു. ധാരാളം സ്പോർട്സ് ക്ലബ്ബുകൾ അക്കാലത്ത് സജീവമായിരുന്നു. ബാഡ്മിൻറൺ, വോളിബോൾ, ഫുഡ്ബോൾ എന്നീ കളികളിൽ ജനങ്ങൾ തൽപ്പരരായിരുന്നു. മലബാർ അടിസ്ഥാനത്തിൽ കൊല്ലം തോറും പനമ്പാട് വെച്ച് ബാഡ്മിൻറൺ ടൂർണ്ണമെൻറുകൾ നടന്നിരുന്നു. പല കലാമസിതികളും കൊല്ലം തോറും നാടകങ്ങൾ അവതരിപ്പിച്ചിരുന്നു. ഇ. മൊയ്തുമൗലവിയുടെ മകൻ റഷീദും, എ. കാദർ മാസ്റ്ററും, ടി. കെ. മുഹമ്മദ് മാസ്റ്ററും, ടി.ആർ.സിയുമാണ് സ്വന്തമായി സാഹിത്യ കൃതികൾ പ്രസിദ്ധീകരിച്ചവർ. ഇന്ന് സ്വന്തമായി സ്ഥലവും കെട്ടിടവും പുസ്തകങ്ങളുമുള്ള നാല് ഗ്രന്ഥശാലകൾ പഞ്ചായത്തിലുണ്ട്. പ്രവർത്തനം മന്ദീഭവിച്ച രണ്ട് ലൈബ്രറികളും. ഇവയ്ക്ക് പുറമെ പഞ്ചായത്തിൻെറ നേരിട്ടുള്ള നിയന്ത്രണത്തിൽ മാറഞ്ചേരി പഞ്ചായത്ത് സെൻട്രൽ ലൈബ്രറിയും പ്രവർത്തിക്കുന്നു. കൂടാതെ ഡസൻ കണക്കിന് ക്ലബ്ബുകൾ വേറേയും.

1961-ലാണ് മാറഞ്ചേരി ഗവൺമെൻറ് ആശുപത്രി സ്ഥാപിച്ചത്. ആശുപത്രി നിർമ്മിക്കുന്നതിന് ഒരേക്ര സ്ഥലവും കെട്ടിട നിർമ്മാണത്തിന് 40,000/- രൂപയും സംഭാവന ചെയ്തത് പയ്യപ്പുള്ളി ബാപ്പു സാഹിബ് ആണ്. പഞ്ചായത്ത് ഓഫീസ് കെട്ടിടം നിൽക്കുന്ന സ്ഥലവും സഹകരണ ബാങ്ക് ഓഫീസ് പ്രവർത്തിക്കുന്ന സ്ഥലവും സംഭാവന ചെയ്തത് 16 കൊല്ലം നമ്മുടെ പഞ്ചായത്തിൻെറ പ്രസിഡണ്ടായി സേവനമനുഷ്ഠിച്ച പയ്യപ്പുള്ളി മുഹമ്മദു കുട്ടി സാഹിബാണ് എന്നതും ഇവിടെ സ്മരണീയമാണ്.

1961 വരെ ആശുപത്രിയെ കുറിച്ചോ ചികിത്സാ സൗകര്യങ്ങളെ കുറിച്ചോ മാറഞ്ചേരിക്കാർക്ക് സ്വപ്നങ്ങളുണ്ടായിരുന്നില്ല. ഗതാഗത സൗകര്യത്തിൻെറ അഭാവമായിരുന്നു പ്രധാനകാരണം. ആശുപത്രി സൗകര്യത്തിനുവേണ്ടി പൊന്നാനി ആശുപത്രിയെ തന്നെയാണ് ആളുകൾ ആശ്രയിച്ചിരുന്നത്. അക്കാലത്ത് പൊന്നാനി താലൂക്ക് ആശുപത്രി വളരെ ചിട്ടയോടെയാണ് പ്രവർത്തിച്ചിരുന്നത്. ബ്രിട്ടീഷുകാരൻെറ അച്ചടക്കവും, വൃത്തിയും നിഷ്ഠയും അവിടെ പാലിക്കപ്പെട്ടിരുന്നു. ആശുപത്രി ഗെയ്റ്റ് കടന്നാൽ തന്നെ നല്ല ഭംഗിയുള്ള പൂന്തോട്ടവും വൃത്തിയുള്ള ഡോക്ടറുടെ മുറിയും ശുചിത്വം പാലിച്ച വാർഡുകളും ഉണ്ടായിരുന്നു. രോഗികൾക്ക് മൂന്ന് നേരം സുഭിക്ഷമായ ഭക്ഷണ സാധനങ്ങളും ആശുപത്രിയിൽ നിന്ന് നൽകിയിരുന്നു.

മാറഞ്ചേരി പഞ്ചായത്തിലെ ആദ്യത്തെ റോഡിന് തുടക്കം കുറിച്ചത് വെളിയങ്കോട് പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന കൊളാടി ഉണ്ണിയാണ്. അദ്ദേഹവും ആനകത്ത് കുഞ്ഞിമോനും (എം.ടി. മുഹമ്മദ്) കൂടി വെളിയങ്കോടിൻെറ അതിർത്തിവരെ വന്നു നിന്ന, വെളിയങ്കോട് കുണ്ടുകടവ് റോഡ്, കുണ്ടുകടവിനടുത്തുള്ള കുന്നേനി പാടം വരെ വെട്ടിച്ചു. 1964-ൽ പയ്യപ്പുള്ളി മുഹമ്മദുകുട്ടി സാഹിബ് പ്രസിഡണ്ടായപ്പോഴാണ് കുന്നേനി പാടത്തുകൂടി ഈ റോഡ് കുണ്ടുകടവ് വരെയെത്തിച്ചത്. 1956 ൽ കൊടമന നാരായണൻ നായർ മലബാർ ഡിസ്ട്രിക് ബോർഡ് മെമ്പറായിരുന്ന കാലത്താണ് കുണ്ടുകടവ് കോട്ടപ്പടി റോഡിൻെറ പണി ആരംഭിച്ചത്.

മൂന്ന് ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ടുകിടക്കുന്ന മാറഞ്ചേരി പഞ്ചായത്തുകാർക്ക് ജല ഗതാഗതം മാത്രമായിരുന്നു ആശ്രയം. കനോലി കനാലിൽ കൂടി ചാവക്കാട്, കണ്ടശ്ശങ്കടവ്, കൊടുങ്ങല്ലൂർ, കൊച്ചി വരെ തെക്കോട്ടും തിരൂർ വരെ വടക്കോട്ടും ഉള്ളയാത്രയും ചരക്ക് കൊണ്ട് പോകലും വഞ്ചിവഴിയായിരുന്നു. ഇടക്കാലത്ത് പൊന്നാനിയിൽ നിന്ന് തിരൂർക്കും ചാവക്കാട്ടേക്കും ബോട്ട് സർവ്വീസ് ഉണ്ടായിരുന്നു. കനോലി കനാൽ മുതൽ ബിയ്യം വരെയും, ബിയ്യം മുതൽ തെക്കോട്ട് കുന്നംകുളം വരെയും വഞ്ചിവഴിയാണ് ഗതാഗതം. വട്ടംകുളം എടപ്പാൾ ഭാഗത്തേക്കും യാത്രക്ക് വഞ്ചി തന്നെ. ഗതാഗത സൗകര്യങ്ങളുടെ അഭാവം ഈ പ്രദേശത്തിൻെറ വികസനം വളരെകാലം തടഞ്ഞു നിർത്തി.

പണ്ടു മുതൽക്കെ രാഷ്ട്രീയ പ്രബുദ്ധതയുള്ള ഈ നാട്ടിൽ എല്ലാ രാഷ്ട്രീയ പാർട്ടി കളുടേയും ഘടകങ്ങൾ സജീവമാണ്. രാഷ്ട്രീയ വിരോധം കൊണ്ട് പരസ്പരമുള്ള ഏറ്റമുട്ടലുകളൊന്നുംതന്നെ ഇവിടെ നടക്കാറില്ല.

രാഷ്ട്രീയ നേതാക്കൾ തമ്മിലുള്ള പരസ്പര ബഹുമാനവും അംഗീകരണവും തന്നെയാണ് അതിൻെറ അടിസ്ഥാന കാരണം. 1957 -ലെ വിമോചന സമര മുന്നണിക്ക് പോലും വിത്തിട്ടത് ഈ പഞ്ചായത്തിലാണ്.

1970-80 കാലത്ത് വന്ന വ്യാപകമായ ഗൾഫ് കുടിയേറ്റത്തോടുകൂടി സാമ്പത്തിക രംഗത്തുണ്ടായ മാറ്റം പഞ്ചായത്തിലെ എല്ലാ തുറകളേയും ബാധിച്ചു. വിപുലമായ വ്യാപാര മേഖലയും കെട്ടിട നിർമ്മാണവും കൃഷിക്കാരെയും കർഷകത്തൊഴിലാളികളെയും കാർഷികവൃത്തിയിൽ നിന്നും തിരിച്ചുവിട്ടു.കാർഷിക രംഗത്ത് മാന്ദ്യത അനുഭവപ്പെടാനും കൃഷിയോടുള്ള ആഭിമുഖ്യം കുറയാനും തുടങ്ങി. പരമ്പരാഗതമായി നിലനിന്നിരുന്ന ചകിരി-കയർ വ്യവസായവും, ബീഡി വ്യവസായവും, എണ്ണയാട്ടൽ വ്യവസായവും ഏറെക്കുറെ അപ്രത്യക്ഷമായി. കാലഘട്ടത്തിൻെറ സാധ്യതക്കൊത്ത് ആധുനിക വ്യവസായങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ആരംഭിക്കുകയും ചെയ്തില്ല. ഗതാഗത സൗകര്യവും വൈദ്യുതിയും പുതുതായി ലഭിച്ചിട്ടും ആരും വ്യവസായ രംഗത്ത് വന്നില്ല.

കാർഷിക രംഗത്തെ നിശ്ചലതയുടെയും വ്യവസായിക മാന്ദ്യത്തിൻേറയും ഫലമായി ഉണ്ടാകേണ്ട സാമ്പത്തിക വിഷമതകൾ, ഓരോ വീട്ടിലും വന്നു ചേരുന്ന ഗൾഫ് പണം കൊണ്ട് അറിയാതെ പോകുകയും ചെയ്തു. എന്ത് വിലകൊടുത്തും സാധനങ്ങൾ വാങ്ങുന്നതിനും എത്രവിലയുള്ള വസ്തുക്കൾ സ്വന്തമാക്കുന്നതിനും ആർക്കും ഒരു ബുദ്ധിമുട്ടും തോന്നിയില്ല. ഭൂമി ഉൽപാദനോപകരണമെന്ന നിലയിൽ നിന്നും ഒരു കച്ചവട ചരക്കായി മാറുകയാണുണ്ടായത്. നിലങ്ങളും പറമ്പുകളും ഒരു പോലെ കച്ചവടം നടന്നു കൊണ്ടിരുന്നു. നാട്ടിൻ പുറങ്ങളിലെ എല്ലാ പ്രധാന കേന്ദ്രങ്ങളും വ്യാപാര കേന്ദ്രങ്ങളായി മാറി. കൃഷിയിലും വ്യവസായത്തിലും ജനങ്ങൾക്ക് ഒട്ടും താത്പര്യമില്ലാത്ത ഒരു കാലഘട്ടത്തിൽ നാം എത്തി നിൽക്കുകയാണ്.

ഈ അലസതയിൽ നിന്നും മോചനം നേടാനും കാർഷിക രംഗത്തും വ്യവസായ രംഗത്തും പരമാവധി ശ്രദ്ധപതിപ്പിക്കുവാനും തൻമൂലം പഞ്ചായത്തിലെ ഉൽപാദന രംഗത്തും മറ്റെല്ലാ രംഗത്തും പുതിയ ശൈലി ആവിഷ്കരിക്കാനും വേണ്ടിയുള്ള ജനകീയാസൂത്രണ പ്രക്രിയയുടെ കർമ്മരംഗത്തിറങ്ങിയിരിക്കുകയാണ് നമ്മൾ. കേരളത്തിലങ്ങോളമിങ്ങോളം നടക്കുന്ന ഈ പുതിയ നിർമ്മാണ പ്രവർത്തനത്തിൽ പലരംഗത്തും നടക്കുന്ന പുതിയ സംരംഭങ്ങൾ ജന ശ്രദ്ധയിൽ കൊണ്ടുവരേണ്ടതുണ്ട്. പന്ത്രണ്ട് വാർഡുകളിലും നടന്ന വിശേഷാൽ ഗ്രാമസഭായോഗങ്ങളിലെ ജനപങ്കാളിത്തവും പുതിയ കർമ്മരംഗങ്ങൾ ഏറ്റെടുക്കുന്നതിന് ജനങ്ങൾക്കുള്ള തയ്യാറെടുപ്പും ശുഭോദർക്കമാണ്.

ഈ കർമ്മ സന്നദ്ധതയെ പഞ്ചായത്തിൻെറ സമഗ്ര വികസന പരിപാടിയിലേക്ക് നയിക്കുവാൻ പഞ്ചായത്ത് ഭരണ സമിതി തയ്യാറായിരിക്കുന്നു. അക്ഷീണം പ്രവർത്തനരംഗത്ത് നിൽക്കാൻ തയ്യാറുള്ള ഡി.ആർ.പി. മാരും. എൽ.ആർ.പി. മാരും ഗ്രാമസഭാ പ്രതിനധികളുമടങ്ങിയ കർമ്മസേന ഇവരോടൊപ്പം തന്നെയുണ്ട്. പഞ്ചായത്തിലെ എല്ലാ വകുപ്പുദ്യോഗസ്ഥൻമാരും അവരുടെ വിവിധ മേഖലകളിലെ സാങ്കേതികജ്ഞാനം പകർന്നു തരാൻ ഒന്നിച്ചു വന്നിട്ടുണ്ട്. ഈ മൂന്ന് ഘടകങ്ങളും ഒന്നിച്ചു മുന്നോട്ടുപോകാൻ തയ്യാറെടുത്തിരിക്കുന്നു.

മാറഞ്ചേരി പഞ്ചായത്ത് എല്ലാ അർത്ഥത്തിലും അതിൻെറ ദേശീയ ബോധത്തിൻേറയും രാജ്യസ്നേഹത്തിൻേറയും പരസ്പര വിശ്വാസത്തിൻേറയും ഐക്യത്തിൻേറയും കൊടിക്കൂറയേന്തി ഈ മഹായജ്ഞം വിജയിപ്പിക്കുമെന്ന കാര്യത്തിൽ ഭിന്നാഭിപ്രായമില്ല.

ഒരു പുതിയ പ്രഭാതത്തിൻെറ

തുയിലുണർത്തുപാട്ടുമായി,

ജനകീയാഭിലാഷങ്ങളുടെ

സാക്ഷാത്കാരത്തിൻെറ

പെരുമ്പറ മുഴക്കിക്കൊണ്ട്,

ആയിരം അധരങ്ങൾ കൊണ്ട്

ഊതി ഉരുക്കിയെടുത്ത്,


ഒരിക്കൽ കൂടി ആവർത്തിച്ചെടുക്കാൻ,

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൻെറ

വികസന റിപ്പോർട്ട്

1996 നവംബർ 30-നു ചേരുന്ന

വികസന സെമിനാറിൽ അവതരിപ്പിക്കുന്നു.




5

# വികസന മേഖലകൾ

# കൃഷിയും ജലസേചനവും

## മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്

## ഭൂപ്രകൃതി വിവരണം

പടിഞ്ഞാറ്റും മുറി പുഴവക്കത്തു നിന്നും കുണ്ടുകടവ് കോട്ടപ്പടി റോഡിലൂടെ ഐനിച്ചിറവരേക്കും - പടിഞ്ഞാറ് നിന്ന് കിഴക്കോട്ട്



| ഭൂപ്രകൃതി | പുഴയോരം സമതലം | നെൽപ്പാടം | സമതലം | നെൽപ്പാടം | സമതലം | ഉയർന്ന സമതലം | കായൽ |
|---|---|---|---|---|---|---|---|
| മൺതരം | മണൽ പറ്റുള്ള എക്കൽ മണ്ണ് | മണൽ പറ്റുള്ള ചേറ് | മണൽ കുറഞ്ഞ പശയുള്ള എക്കൽ മണ്ണ് | മണൽ കുറഞ്ഞ ചേറ് | മണലുള്ള പശകുറഞ്ഞ എക്കൽ മണ്ണ് | ചരൽ ചെമ്മൺ പാറ | ചേറ് |
| സസ്യാവരണം | തെങ്ങ് | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | നെല്ല് | തെങ്ങ് ഫലവൃക്ഷങ്ങൾ | തെങ്ങ് ഫലവൃക്ഷങ്ങൾ കവുങ്ങ് | നെല്ല് |
| പരിസ്ഥിതി പ്രശ്നങ്ങൾ | പുഴയോരം | തരിശിടുന്നു പുളികയറുന്നു തൂർക്കുന്നു | - | തരിശിടുന്നു പുളികയറുന്നു തൂർക്കുന്നു | - | - | വെള്ളം ബണ്ടു കെട്ടി വറ്റിക്കണം |
| മറ്റു കാര്യങ്ങൾ | ചകിരി പൂഴ്ത്തുന്ന സ്ഥലം | - | - | - | - | - | - |

ഏകദേശ രൂപം : പഠനപര്യടനത്തിലൂടെ ശേഖരിച്ചത്

മൊത്തം പഞ്ചായത്തിന്റെ ഭൂ പ്രകൃതിയായി കണക്കാക്കാം.

പട്ടിക 2

| മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് ഭൂവിനിയോഗം | | | | |
|---|---|---|---|---|
| ക്രമ നമ്പ്ര് | വിളവുകൾ | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉൽപാദനം | ഉൽപാദനക്ഷമത |
| 1 | നെല്ല് ഒന്നാം വിള | 45 ഹെക്ടർ | 45000 കി ഗ്രാം | 1000 കി.ഗ്രാം/ഹെക്ടർ |
| 2 | നെല്ല് രണ്ടാം വിള | 45 ഹെക്ടർ | 56250 കി ഗ്രാം | 1200 കി.ഗ്രാം/ഹെക്ടർ |
| 3 | നെല്ല് മൂന്നാം വിള | 308.5 ഹെക്ടർ | 539875 കി ഗ്രാം | 1750 കി.ഗ്രാം/ഹെക്ടർ |
| 4 | തെങ്ങ് | 603 ഹെക്ടർ | 6038000 കി ഗ്രാം | 50 തേങ്ങ ഒരു തെങ്ങിൽ നിന്ന് |
| 5 | കവുങ്ങ് | 14 ഹെക്ടർ | 7000 കി ഗ്രാം | 500 കിലോ,ഹെക്ടറിൽ |
| 6 | പയറ് | 40 ഹെക്ടർ | 8000 കി ഗ്രാം | 200 കിലോ,ഹെക്ടറിൽ |
| 7 | എള്ള് | 10 ഹെക്ടർ | 4000 കി ഗ്രാം | 200 കിലോ,ഹെക്ടറിൽ |
| 8 | പച്ചക്കറികൾ | 9 ഹെക്ടർ | 1800 കി ഗ്രാം | 10 കിലോ ,ഹെക്ടറിൽ |
| 9 | മരച്ചീനി | 5 ഹെക്ടർ | 8000 കി ഗ്രാം | 160 കിലോ,ഹെക്ടറിൽ |
| 10 | കുരുമുളക് | 6 ഹെക്ടർ | 300 കി ഗ്രാം | 50 കിലോ, ഹെക്ടറിൽ |
| 11 | പ്ലാവ് | 1 ഹെക്ടർ | 500 കി ഗ്രാം | - |
| 12 | കശുമാവ് | 2 ഹെക്ടർ | 200 കി ഗ്രാം | 100 കിലോ,ഹെക്ടറിൽ |
| 13 | മാവ് | 2 ഹെക്ടർ | 6000 കി ഗ്രാം | 3000 കിലോ,ഹെക്ടറിൽ |
| 14 | വാഴ | 6 ഹെക്ടർ | 150000 കി ഗ്രാം | 10 കിലോ ഒന്നിൽ നിന്ന് |

3.2 ഫോറം: മാറഞ്ചേരി കൃഷി ഭവനിൽ നിന്ന് എടുത്തത്

| വിളയുടെ പേര് | വിശദവിവരം | 1994 - 95 | | 1995 - 96 | |
|---|---|---|---|---|---|
| | | ആനുകൂല്യം ലഭിച്ച കൃഷിക്കാർ | തുക | കൃഷിക്കാരുടെ എണ്ണം | തുക |
| തെങ്ങ് | സമഗ്ര നാളികേരവികസന പദ്ധതി പ്രകാരം കിണർ കുഴിക്കുാൻ സബ്സീഡി. | 25 | 62500/- | 40 | 2,54000 |
| | പമ്പ് സെറ്റ് വാങ്ങാൻ. | 25 | 62500/- | 55 | |
| | സ്പ്രെയർ വാങ്ങാൻ. | 2 | 2000/- | 5 | |
| | തെങ്ങുകയറ്റ യന്ത്രത്തിന്. (TXD, DXT. WCT സങ്കരയിനം തൈകൾ. 650 തൈകൾ വിതരണം ചെയ്തു. പച്ചില വള വിത്ത് വിതരണം ചെയ്തു) | 1 | 500/. | - | - |
| | ആകെ | 53 | 1,27500/- | 100 | 2,54000 |
| നെല്ല് | ഉൽപാദന ബോണസ്സ്. | | | 25 പേർക്ക് വിരിപ്പുകൃഷിക്ക് | 4510/- |
| | വിരിപ്പു-മുണ്ടകൻ കൃഷിക്ക്. | 110 | 16830/- | 225 (പുഞ്ച കൃഷിക്ക്) | 27663/- |
| | കുമ്മായം വിതരണം ചെയ്യാൻ കോൾ നിലങ്ങൾക്ക് മാത്രം. 120 മിനികിറ്റ് നെൽ വിത്ത് നൽകി (വെള്ളം വറ്റിക്കാൻ പുഞ്ചകൃഷിക്കാർക്ക് സബ്സിഡിയുണ്ട്. കൃഷി ഭവൻ മുഖേനയല്ല) | 11പടവുകൾക്ക് | 59125/- | 11 പടവുകൾ | 70000 |
| കവുങ്ങ് | മഹാളിക്ക് സ്പ്രേ ചെയ്യാൻ. മംഗള കവുങ്ങിൻ തൈ 250 എണ്ണം 78 കൃഷക്കാർക്ക് വിതരണം ചെയ്തു. | 14 | 2408 | - - | - |
| സുഗന്ധ വിളകൾക്ക് മഞ്ഞൾ, ഇഞ്ചി, ഗ്രാമ്പു കുരുമുളക് | സ്പ്രെയർ വാങ്ങാൻ | 1 | 750 | - | - |
| | ഇഞ്ചി,മഞ്ഞൾ,കുരുമുളക് പ്രദർശനത്തോട്ടങ്ങൾക്ക് സബ്സിഡി. | 14 | 10866 | 12 | 8469/- |
| | കുരുമുളക് വള്ളി മിനികിറ്റായി. | - | - | 17 | 3400/- |
| പയർ | മിനികിറ്റ് സൗജന്യം | 5പേർക്ക് | 5 കിറ്റ് | 4പേർക്ക് | 4 കിറ്റ് |
| എള്ള് നിലക്കടല | എള്ള് | - | - | 6 പേർക്ക് | 6 കി. |
| | നിലക്കടല, | - | - | 9 പേർക്ക് | 112.5 കി |
| | എള്ള് | 10 | 10Kg | - | - |
| പച്ചക്കറി | സ്കൂൾ വിദ്യാർത്ഥികൾക്ക് സമ്മാനം. | 3 | 450 | 4 | 800 |
| | സൗജന്യ പച്ചക്കറി വിത്ത് | 3 സ്കൂൾ | 720പേക്കറ്റ് | 3 സ്കൂൾ | 960 പേക്കറ്റ് |
| | സൗജന്യ പച്ചക്കറി വിത്ത് കൃഷിക്കാർക്ക്. | 4 | 4 പേക്കററ് | 3 | 3പേക്കറ്റ് |
| മരച്ചീനി കിഴങ്ങുവർഗ്ഗങ്ങൾ | ഒരു പ്രദർശന തോട്ടം | 1 | 500 | - | - |
| | കിഴങ്ങുകൾ | 2 പേർക്ക് | 2 കിറ്റ് | 3 | 3 കിറ്റ് |
| മറ്റുള്ളവ | പച്ചില വളച്ചെടി വിത്ത്. | - | - | 40 പേർക്ക് | 200 കിലോ. |
| | കമ്പോസ്റ്റ് പരിശീലന ക്ലാസ്. | - | - | 115പേർക്ക് | 5 ക്ലാസ് |
| | ജൈവാണു വള പ്രദർശനം, 50% സബ്സിഡി. | - | - | 1 | 500/- |
| | പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് നെല്ല്, വാഴ. തെങ്ങ്. | 62 | 4961/- | 171/- | 93570/- |
| | കമ്പോസ്റ്റ് വള നിർമ്മാണ സബ്സിഡി | 206 | 5150/- | 100/- | 2500/- |
| | ബയോഗ്യാസ് പ്ലാൻറിന് സബ്സിഡി | 1 | 2500/- | - | - |

130

# കൃഷിയും ജലസേചനവും

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ഭൂമിയിൽ ഏറ്റവും പ്രധാനം തെങ്ങു കൃഷിയാണ്. തെങ്ങിൻ തോട്ടങ്ങൾക്കിടയിൽ നെൽ കൃഷിക്ക് പറ്റിയ വയലുകളും കരഭാഗത്തു നിന്ന് കിഴക്ക് പുഞ്ചകൃഷി ചെയ്യുന്ന കായലുംഅവയുടെ കരയിൽ നെൽ വയലും കിടക്കുന്നു. വില്ലേജിൽ നിന്ന് കിട്ടിയ രേഖയനുസരിച്ച് 2760 ഏക്കർ തെങ്ങിൻ തോട്ടവും 1630 ഏക്കർ ഒരുപ്പൂൽ, ഇരുപ്പൂൽ, മുപ്പൂൽ കൃഷി സ്ഥലങ്ങളും 339. 65 ഏക്കർ കായൽ നിലവും ആണ്. നെൽ കൃഷി നടത്തുന്ന പ്രദേശങ്ങൾ പകുതിയിലധികവും തെങ്ങിൻ തോട്ടങ്ങളായി മാറിക്കഴിഞ്ഞിരിക്കന്നു. കായൽ കരയിലും തെങ്ങിൻ പറമ്പുകളിൽ ചിലേടങ്ങളിലും കവുങ്ങ് കൃഷിയുണ്ട്. പഞ്ചായത്തില എല്ലാ പറമ്പുകളിലും ഫലവൃക്ഷങ്ങൾകാണാം. എല്ലാ പറമ്പുകളിലും പണ്ടു കാലത്ത് വാഴ, വെറ്റില,ചേമ്പ്, കാവത്ത്, കപ്പ, കൂർക്ക എന്നിവയും കൃഷി ചെയ്തിരുന്നു. തെങ്ങിൻ തോട്ടങ്ങളിൽ കാലാവർഷാരംഭത്തിൽ വ്യാപകമായി പയറും രായിയും ഉണ്ടാക്കിയിരുന്നു. ഇന്ന് വെറ്റില കൃഷി, കിഴങ്ങ് കൃഷി, രായി, പയൽ കൃഷി എന്നിവ അപ്രത്യക്ഷമായിരിക്കുന്നു. തെങ്ങ് കൃഷി നെൽ കൃഷിയേക്കാൾ അദ്ധ്വാനക്കുറവും ആദായകരവുമായതുകൊണ്ട് പലരും നെൽ കൃഷി വേണ്ടെന്ന് വെച്ചിരിക്കുന്നു. സാർവത്രിക വിദ്യാഭ്യാസം സിദ്ധിച്ചതോടു കൂടി പുതിയ തൊഴിൽ രംഗങ്ങളിലേക്കും ഗൾഫ് മേഖലകളിലേക്കും കൃഷിക്കാരുടെയും കർഷകത്തൊഴിലാളികളുടേയും മക്കൾ മാറി പ്പോയതുകൊണ്ട് നെൽകൃഷി രംഗത്ത് ശ്രദ്ധിക്കാൻ ആളില്ലാതായിരിക്കുന്നു. തെങ്ങിൻ പറമ്പുകൾക്കു 5-8 കൊല്ലം മുതൽ മുടക്കിയിടാൻ ഈ പുതിയ തൊഴിൽ മേഖലയിലെത്തി പ്പെട്ടവർക്ക് വിഷമമില്ലാതെ വന്നതു കൊണ്ടും, ജൻമി സമ്പ്രദായം അവസാനിച്ചതുകൊണ്ടും കൊല്ലത്തിൽ 2-3 പുകിലും കൃഷി ചെയ്ത് പാട്ടം അളക്കേണ്ട ബാധ്യതയിൽ നിന്നും ഒഴിവായതും തെങ്ങു കൃഷിക്കാർക്ക് പ്രോത്സാഹനമായി. കരപ്രദേശങ്ങളിലെ ഒരുപ്പൂൽ, ഇരുപ്പൂൽ, പാടങ്ങളിൽ വ്യാപകമായുണ്ടായിരുന്ന പച്ചക്കറി കൃഷി വയലുകൾ നികത്തിപ്പോയതുകൊണ്ട് തീരെ ഇല്ലാതായി ക്കഴിഞ്ഞിരിക്കുന്നു. കാലാവർഷാരംഭത്തിൽ പുരയിടങ്ങളിൽ ഉണ്ടാക്കിയിരുന്ന പച്ചക്കറി കൃഷിയും വേണ്ടെന്നു വെച്ചിരിക്കുന്നു. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയായ ചരൽ പ്രദേശങ്ങളിലും മണൽ കുറവായ എക്കൽ പ്രദേശങ്ങളിലും കുരുമുക് , ഇഞ്ചി, മഞ്ഞൾ എന്നിവ കൃഷി ചെയ്തിരുന്നു. മാവ്, പ്ലാവ്, പുളി, എന്നീ ഫലവൃക്ഷങ്ങളും തേക്ക്, ഐനി, ഞാവൽ തുടങ്ങിയ മരങ്ങളും വളർന്നിരുന്നു. വലിയ മരങ്ങളെല്ലാം ഇല്ലാതായെങ്കിലും എല്ലാ പറമ്പുകളിലും ഈ മരങ്ങൾ ഇന്നും കാണാവുന്നതാണ്. മാവ് (മുവ്വാണ്ടൻ) നാണ്യ വിള എന്ന നിലയിൽ ശ്രദ്ധാപൂർവ്വം വെച്ചുപിടിപ്പിക്കന്നുണ്ട്. പഞ്ചായത്തിലെ പടിഞ്ഞാറെ അതിർത്തിയായ കനോലി കനാലിൽ നിന്നും വടക്കേ അതിർത്തിയായ കുണ്ടുകടവ് പുഴയിൽ നിന്നും ഉപ്പു വെള്ളം കയറി എക്കാലത്തും നെൽ കൃഷിക്ക് നാശം സംഭവിക്കുന്നു. നെൽപ്പാടങ്ങൾ നികത്തുകയുംനെൽകൃഷിയുടെ പ്രാധാന്യം കുറയുകയും ചെയ്തതോടുകൂടി രണ്ടാം വിളക്കും, മൂന്നാം വിളക്കും, പച്ചക്കറി കൃഷികൾക്കും വേണ്ടി സംരക്ഷിച്ചിരുന്ന കുളങ്ങൾ അനാഥമായി, പുതിയ വീടുകളിലെ സംവിധാനത്തിൽ വീടുകളോട് ചേർന്ന കുളിമുറികൾ വന്നതോടുകൂടി ജനങ്ങൾക്ക് കുളങ്ങൾ ആവശ്യമില്ലാതായി. കന്നുപൂട്ടാനും എണ്ണയാട്ടാനും പാലിനും വേണ്ടി ധാരാളം കന്നുകാലികളെ വളർത്തിയിരുന്നത് വേണ്ടെന്നു വെച്ചതോടെ അവർക്കും കുളങ്ങളുടെ ഉപയോഗം ചുരുങ്ങി വന്നു. എങ്കിലും പഞ്ചായത്തിലെ എല്ലാവാർഡുകളിലും വറ്റാത്ത കുളങ്ങൾ ധാരാളമുണ്ട്.

പഴയതലമുറക്ക് കൃഷിയിൽ ഉണ്ടായിരുന്ന താൽപര്യം പുതിയ തലമുറക്ക് ഇല്ലാതായിരിക്കുന്നു. പരമ്പരാഗതമായ കൃഷി രീതികൾ സമൂഹം മറന്നു കഴിഞ്ഞു. പുതുതായി കൃഷി രീതികൾ സ്വായത്തമാക്കാനുള്ള ശ്രമവും അവർക്കിടയിലില്ല. പണ്ടത്തെപോലെ കർഷക തൊഴിലാളി രംഗത്തേക്ക് സ്ത്രീകളുംപുരുഷൻമാരും കടന്നു വരുന്നില്ല. സ്ത്രീകൾ കെട്ടിട നിർമ്മാണം, ടൈലറിങ്ങ്, സെയിൽസ് എന്നീ രംഗങ്ങളിലേക്ക് മാറിക്കഴിഞ്ഞു . പണ്ടുണ്ടായിരുന്നതിൻെറ 10% മായി കുറഞ്ഞിരിക്കുകയാണ് കാർഷികത്തൊഴിലാളികളുടെ എണ്ണം. പുരുഷൻമാരുടെ സ്ഥിതിയും അതു തന്നെ. ഡ്രൈവർ, കണ്ടക്ടർ, ക്ലീനർ, മെക്കാനിക്കുകൾ, കെട്ടിട നിർമ്മാണത്തൊഴിലാളികൾ, ഇലക്ട്രിഷൻ, ടൈലർ, കച്ചവടക്കാർ, ഗൾഫുകാർ എന്നീ മേഖലകളിലേക്കു കടന്നു കയറിയതാണ് ഈ മാറ്റത്തിനു കാരണം. പുരുഷത്തൊഴിലാളികൾക്ക് പകരം വെക്കുന്നത് തമിഴ്

നാട്ടിൽ നിന്നും വന്നവരെയാണ്. പകലന്തിയോളം വെയിലും മഴയും മഞ്ഞും കൊണ്ടു പാടത്തെ ചെളിയും മണ്ണും പൊടിയും ആവാതെയുള്ള പ്രവർത്തികൾ ഉള്ളതുകൊണ്ട് പുതിയ തലമുറ അവിടേക്ക് ആകർഷിക്കപ്പെടുകയാണ്.

പുതുതായി വെച്ചു പിടിപ്പിച്ച തെങ്ങിൻ തോട്ടങ്ങൾ പഴയതോട്ടങ്ങളെപ്പോലെ ഉൽപാദന ക്ഷമതയുള്ളവയല്ല. തെങ്ങുകൾ അകലം കുറച്ച് വെക്കുന്നതുകൊണ്ടും,വയൽ നികത്തി വെക്കുന്ന തെങ്ങുകൾക്ക് വേണ്ടത്ര മണ്ണിട്ടു കൊടുക്കാത്തതു കൊണ്ടും അവിടെ നിന്ന് പണ്ടുണ്ടായിരുന്ന നീർവാർച്ച ഇല്ലാതാകുന്നതു കൊണ്ടും തെങ്ങു കൃഷിയെപ്പറ്റി പണ്ടുള്ളവർക്കുണ്ടായിരുന്ന അനുഭവജ്ഞാനം പുതിയ കൃഷിക്കാർക്കില്ലാത്തതുകൊണ്ടുമാണ് ഉൽപാദനം കുറയുന്നത്.പറമ്പുകളുടെ അതിർത്തികൾ മതിലുകെട്ടിയതുകൊണ്ട് പച്ചില വള ചെടികൾ കുറയുകയും, വേണ്ടത്ര ജൈവവള പ്രയോഗമോ, രാസ വള പ്രയോഗമോ പരിചരണമോ ഇല്ലാത്തതും മറ്റു കാരണങ്ങളാണ്. കന്നുകാലി വളർത്തൽ കുറഞ്ഞതോടെ ജൈവവളത്തിന്റെ ലഭ്യതയും കുറഞ്ഞുപോയി. പഞ്ചായത്തിൽ 5 രാസ വള വിൽപ്പന കേന്ദ്രങ്ങളുണ്ട്. മണ്ണു പരിശോധന നടത്തിക്കൊണ്ടല്ല രാസവളം പ്രയോഗിക്കുന്നത്. കാർഷിക രംഗത്ത് ആധുനിക കാർഷികയന്ത്രങ്ങളും ആവശ്യത്തിനുമാത്രം വന്നു ചേർന്നിട്ടില്ല. കായലിൽ നടത്തിയിരുന്ന പുഞ്ചകൃഷി ഓരോരുത്തരുടെയും നിലങ്ങൾ വെവ്വേറെ വരമ്പുകെട്ടി ചക്രം വെച്ചോ, തുടുപ്പു കൊണ്ടോ കയറ്റ്കൊട്ടകൊണ്ടോ വെള്ളം വറ്റിച്ചാണ് കൃഷി നടത്തിയിരുന്നത്.കൃഷിക്ക് വെള്ളം കൊടുത്തിരുന്നതും അങ്ങിനെത്തന്നെയായിരുന്നു. ഇന്ന് നൂറുകണക്കിന് ഏക്കർ കൃഷിസ്ഥലം കർഷകരുടെ കോൾ കമ്മിറ്റിയും സഹകരണ സംഘങ്ങളും മുഖേന ബണ്ടുകെട്ടി വലിയ മോട്ടോർ വെച്ച് വെള്ളം വറ്റിക്കുകയും മോട്ടോർ വെച്ചുതന്നെ വെള്ളം അടിച്ചുകൊടുക്കുകയും ചെയ്യുന്നു. നെൽ കൃഷി രംഗത്ത് കരഭൂമിയിൽ നെൽകൃഷി തീരെ കുറഞ്ഞു പോയെങ്കിലും ഒന്നിച്ചു വിളയെടുക്കുന്ന മേഖലയായി കോൾനിലങ്ങളിലെ പുഞ്ചകൃഷി ഇന്നും നിലനിൽക്കുന്നുണ്ട്. എന്നാലും കഴിഞ്ഞ രണ്ടു കൊല്ലമായി പഞ്ചായത്തിലെ കോൾ നിലങ്ങളിൽ ധാരാളം കൃഷിക്കാർ നിലങ്ങൾ തരിശിടാൻ തുടങ്ങിയിട്ടുണ്ട്. ഒരേ സമയത്ത് വേണ്ടത്ര തൊഴിലാളികളെ കൃഷിയിറക്കാനും കൊയ്യാനും കിട്ടാത്തതാണ് പ്രധാന കാരണം.

ഇവിടേക്ക് നടീൽ യന്ത്രങ്ങളും മെതി യന്ത്രങ്ങളും കൊയ്ത്തു യന്ത്രങ്ങളും കൊണ്ടു വരേണ്ടതാണ്. ട്രാക്ടറും ട്രില്ലറും ഇറക്കാൻ തുടങ്ങിയിട്ടുണ്ട് പല കോൾ നിലങ്ങൾക്കും സ്ഥിരമായ ബണ്ട് ഇല്ലാത്തതും ആവശ്യമായ നേരത്ത് വൈദ്യുതി കണക്ഷൻ നൽകാത്ത വിദ്യുച്ഛക്തി ഡിപ്പാർട്ട്മെൻറിന്റെ മർക്കട മുഷ്ടിയും മുൻ കൂട്ടി കൃഷിയിറക്കാൻ തടസ്സം സൃഷ്ടിക്കുന്നു. അതുകൊണ്ട് പലപ്പോഴും കൃഷിക്ക് വെള്ളം കിട്ടാതെയും ബിയ്യം കെട്ടിന്റെ ചോർച്ച കാരണം പുളി കയറി കൃഷിക്ക് കരുതിയ വെള്ളം പുളിവെള്ളമാവുന്നതുകൊണ്ടും കാല വർഷാരംഭത്തിൽ കനത്ത മഴ കാരണം മുങ്ങിപ്പോകാനിടവരാൻ സാദ്ധ്യതയുണ്ടാവുക മൂലവും കൃഷി നശിക്കാൻ ഇടവരുന്നു. സ്ഥിരമായ ബണ്ടുണ്ടാവുകയും സ്ഥിരമായ വൈദ്യുതി കണക്ഷൻ ഉണ്ടാവുകയോ അല്ലെങ്കിൽ ആവശ്യപ്പെടുന്ന സമയത്ത് കണക്ഷൻ നൽകാൻ തയ്യാറാവുകയും ചെയ്താൽ ഈ കനത്ത നഷ്ടം ഒഴിവാക്കാൻ കഴിയും.

**ഗ്രാമസഭാ ചർച്ചകളിൽ നിന്നും വന്ന പ്രശ്നങ്ങൾ:**

**തെങ്ങ്:** പഞ്ചായത്തിലെ പ്രധാന കൃഷി തെങ്ങാണ്. നെൽ പാടങ്ങളിലേക്ക് കൂടി തെങ്ങു കൃഷി വ്യാപിച്ചു വരികയാണ്. വില്ലേജിൽ നിന്നും കിട്ടിയ കണക്കനുസരിച്ച് 2760 ഏക്കർ തെങ്ങുകൃഷിയാണ്. ഇന്ന് അതിനേക്കാൾ എത്രയൊ വർദ്ധിച്ചിട്ടുണ്ട്. കാഞ്ഞിരമുക്കിലെ ഉയർന്ന സമതലങ്ങളൊഴികെ പഞ്ചായത്തിലെ എല്ലാ പ്രദേശവും തെങ്ങു കൃഷിക്കനുയോജ്യമായ ഫലപുഷ്ടിയുള്ള എക്കൽ മണ്ണാണ്. തെങ്ങുകളുടെ അകലം കുറയുന്നതുകൊണ്ട് ഉൽപ്പാദനം കുറവാണ്. പല പറമ്പുകളും വേണ്ടത്ര പരിചരണമില്ലാത്തവയാണ്.

താഴെ പറയുന്ന നിർദ്ദേശങ്ങളും സാധ്യതകളും പരിഗണനാർഹമാണ്.

1. മണ്ണ് പരിശോധിച്ചു വളം നിശ്ചയിച്ചു തരാൻ കൃഷി ഭവൻ മുഖേന സംവിധാനമുണ്ടാക്കണം. ( സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ സ്കീം നിലവിലുണ്ടെങ്കിലും കൃഷിക്കാർ അത് പ്രയോജനപ്പെടുത്തുന്നില്ല.)

2. തെങ്ങുകൾക്ക് മണ്ട ചീയൽ , ചെന്നീരൊലിപ്പ് എന്നീ രോഗങ്ങൾ കണ്ടു വരുന്നു. പരിഹാരം കാണണം. കേടുവന്നവ വെട്ടി നീക്കി പകരം പുതിയവ വെച്ചുപിടിപ്പിക്കാൻ സഹായം നൽകണം.

3. തെങ്ങുകൾക്ക് പുളിമണ്ണിടാനും ജൈവ-രാസ വളപ്രയോഗങ്ങൾക്കും സബ്സിഡി അനുവദിക്കണം.

4. പുതിയ തരം തൈകളും വളങ്ങളും കൃഷി ഭവൻ മുഖേന നൽകാൻ സംവിധാന മുണ്ടാക്കണം.

5. ഗ്രൂപ്പ് ഫാമിങ്ങ് നടപ്പാക്കണം.

6. കിണർ, പമ്പ് സെറ്റ് സ്ഥാപിക്കാൻ 10 സെൻറ് മുതൽക്കുള്ളവർക്കെല്ലാം സഹായം നൽകുന്ന പദ്ധതിയും ഡ്രിപ്പ് ഇറിഗേഷൻ പദ്ധതിയും നടപ്പിലാക്കാൻ ശ്രദ്ധിക്കണം.

7. കൃഷിപ്പണി നടത്താൻ വായ്പ ലഭിക്കുന്ന സ്കീമുകളുണ്ടാവണം.

8. എല്ലാ വാർഡുകളിലും നിരവധി കുളങ്ങളുണ്ട് . അവ നന്നാക്കി സംരക്ഷിക്കാൻ പദ്ധതിയുണ്ടാവണം.

കുളങ്ങളുടെ ലിസ്റ്റ് ഓരോ വാർഡിൽ നിന്നും എടുത്ത് പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. 8-ാം പദ്ധതിയിൽ തെങ്ങ് കൃഷിക്ക് സഹായകമായി നടപ്പിലാക്കിയ സ്കീമുകളെ പറ്റിയുള്ള വിവരം പട്ടിക 3 ൽ കൊടുത്തിട്ടുണ്ട്.

നിലവിലുള്ള സ്കീമിൽ കിണറിനും പമ്പ് സെറ്റിനും കൂടി 2500/-+2500/-=5000/-ക സബ്സിഡിയുണ്ട്. റെയ്ഡ്കോവിൽ നിന്നും മാത്രം പമ്പ് സെറ്റ് വാങ്ങുന്നവർക്കേ ഈ ആനുകൂല്യം ലഭിക്കുന്നുള്ളൂ. തൻമൂലം ഈ ആനുകൂല്യം പ്രയോജനപ്പെടുത്താൻ കർഷകർ വിമുഖത കാട്ടുന്നു ISI ഉള്ള ഏത് പമ്പ് സെറ്റ് വാങ്ങുന്നതിനും ഈ ആനുകൂല്യം നൽകിയാൽ ഈ സ്കീം കർഷകർ കൂടുതലായി പ്രയോജനപ്പെടുത്തും.

ഗ്രൂപ്പ് ഇറിഗേഷൻ പ്രകാരം കിണർ കുഴിക്കുവാനും പമ്പ് സെറ്റ് സ്ഥാപിക്കുവാനും 50% സബ്സിഡി അനുവദിക്കുന്നുണ്ട്. ഒരു ഗ്രൂപ്പിൽ 12 കൃഷിക്കാരും ചുരുങ്ങിയത് 5 ഏക്കർ ഭൂമിയും ഉള്ള ഗുണഭോക്താക്കൾക്ക് ഈ ആനുകൂല്യം ലഭിക്കും. ഇത് ആരും പ്രയോജനപ്പെടുത്തിയിട്ടില്ല.

### പുതിയ നിർദ്ദേശങ്ങൾ.

1. തെങ്ങിന് വേണ്ട ജൈവ വളനിർമ്മാണത്തിന് സബ്സിഡി നൽകണം.

2, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം പരിശീലിപ്പിക്കുകയും അത് പ്രോത്സാഹിപ്പിക്കാൻ ആദ്യപടിയെന്ന നിലയിൽ സഹായം നൽകുകയും വേണം.

3. തെങ്ങിൻ വിള ഇൻഷുറൻസ് പദ്ധതിയിൽ കൂമ്പു ചീയൽ, ചെന്നീരൊലിപ്പ് എന്നിവ കൂടി ഉൾപ്പെടുത്തണം. തെങ്ങുകൾക്ക് നമ്പർ ഇടണം.

4. കാർഷിക തൊഴിലാളികൾക്ക് കാർഷിക പ്രവൃത്തിയിൽ ട്രെയ്നിങ്ങ് നൽകുകയും, പരിശീലനം ലഭിച്ച തൊഴിലാളികളെ ആവശ്യത്തിന് കിട്ടുകയും വേണം.

### നെല്ല് :-

#### ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ.

പഞ്ചായത്തിൽ രണ്ടാം സ്ഥാനം നെൽകൃഷിക്കാണ്. വില്ലേജിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് 1430 ഏക്കർ കരനിലവും 276.285 ഏക്കർ പുഞ്ച സ്ഥലവും കായലും കൂടി ആകെ 1706.285 ഏക്കർ സ്ഥലത്ത് നെൽകൃഷിയുണ്ട്. ഇതിൽ 3 പൂലം എടുക്കുന്ന സ്ഥലങ്ങൾ പലതും ഒരുപ്പൂലും ഇരുപ്പൂലും ആയിമാറിക്കഴിഞ്ഞു. എത്രയോ സ്ഥലം തൂർത്ത് തെങ്ങിൻ തോട്ടമായി. തരിശായിക്കിടക്കുന്ന സ്ഥലവും കുറവല്ല. പുതിയ തലമുറ നെൽകൃഷി രംഗത്തേക്ക് തീരെ കടന്നു വരുന്നില്ല. പഴയ തലമുറ നെൽകൃഷി എങ്ങിനെയെങ്കിലും ഉന്തി നീക്കി മുന്നോട്ട് കൊണ്ടുപോവുകയാണ്. കർഷക ത്തൊഴിലാളികളെ കിട്ടാനുള്ള വിഷമം, കൂലി കൂടുതൽ, പ്രവൃത്തിയിലെ കാര്യക്ഷമതയില്ലായ്മ, പണ്ട് ചെയ്തിരുന്ന പല പ്രവൃത്തികളും കൃഷിക്കാരൻെറ സ്വന്തം ചെലവിൽ പ്രത്യേകം ചെയ്യിക്കേണ്ടി വരുന്നത് എന്നിവ നെൽകൃഷി രംഗത്ത് മടുപ്പുണ്ടാക്കുന്നു. പറോട്ടിപ്പാടം, കണ്ണാത്തേൽ പാടം, വാക്കാട്ടേൽ പാടം, പെരുമ്പുള്ളിപ്പാടം, പെരിങ്ങാട്ടുതൊടി, പൂട്ടക്കോൾ, പുതുക്കോൾ, വാൾപറമ്പിൽ കോൾ, ആളത്തിനു ചുറ്റുമുള്ള കൃഷിഭൂമി, ഇരുമ്പയിൽ കെട്ട്,കോടഞ്ചേരിപ്പാടം തുടങ്ങിയ വിസ്തൃതമായ നെൽ കൃഷിസ്ഥലങ്ങൾ തരിശായിക്കിടക്കുകയാണ്.

വടക്കുംമുറിവളപ്പിലെ ലിഫ്റ്റ് ഇറിഗേഷനും കാഞ്ഞിരമുക്ക് ലിഫ്റ്റ് ഇറിഗേഷനും വേണ്ടവിധം പ്രവർത്തിക്കുന്നില്ല. വടക്കുമുറി വളപ്പിൽ വലിയ പമ്പ് സ്ഥാപിക്കണം. കനാലുകളിൽ ചോർച്ചയുള്ളതുകൊണ്ട് വെള്ളം വേണ്ടദിക്കിലേക്കെല്ലാം എത്തുന്നില്ല. 1- 2-3-4-5-12 വാർഡുകളിലെ നിലങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നു. ഇത് തടയുന്നതിന് ബണ്ടുകൾ വേണം. അറ്റകുറ്റപ്പണി നടത്തേണ്ടവ നടത്തണം. മടത്തിത്തോട് ബണ്ട് ഇഷ്ടം പോലെ തുറന്നു വിടുന്നത് അവസാനിപ്പിക്കണം. അതിൻെറ ഷട്ടർ കേടുവന്നത് നന്നാക്കണം. ചേക്കോട്ടിൽ, പത്താൻ കാട്, ചമ്മിണിത്തോട്, ചാങ്കേൽ തോട്, കോലത്തേൽ തോട്, പടിഞ്ഞാറ്റുമുറി തോട്, വട്ടേത്ത് തോട് എന്നിവക്ക് ബണ്ടുകൾ കെട്ടുകയും പുളികയറുന്നത് (മകരമാസത്തിൽ)

ശ്രദ്ധിക്കുകയും വേണം.

**കനാലുകൾ :**

നെടുംപുറം വരേക്കും, പുളിക്കക്കടവ് വരേക്കും, പത്താൻ കാട് വരേക്കും, മടത്തിത്തോട്ടിലേക്കും കനാലുകൾ നീട്ടണം. അരുമ്പൻ കുണ്ട്, പൂച്ചമ്മത്ത് തോട് നിർമ്മിക്കണം.

**ബണ്ടുകൾ :**

ഇരുമ്പയിൽ കെട്ടിന് ബണ്ടും മോട്ടോറും വേണം. മുല്ലമാട് ബണ്ടിലെ തോടുകൾ ആഴം കൂട്ടണം. അരുച്ചാലുകൾ വെക്കണം. നടുപ്പോട്ടക്കും മുല്ലമാടിനും ഇടക്ക് ബണ്ട് ഉയർത്തണം. കോടഞ്ചേരി പാടത്തിന് ജലസേചനത്തിന് തോടുവെക്കണം. കുമ്മിപ്പാലം-മാറാടിബണ്ടും, മാറാടി-ചേലക്കടവ് ബണ്ടും നിർമ്മിക്കണം. മടക്കൽതാഴം ബണ്ട് നിർമ്മിക്കണം. വെട്ടിക്കടവ് - ബിയ്യം പദ്ധതി നടപ്പാക്കണം. കുണ്ടംകുഴിക്ക് 30 HP മോട്ടോർ വെക്കണം. അരുച്ചാൽ വെക്കണം.

തൊഴിലാളികളെ കിട്ടാനില്ലാത്ത പ്രശ്നം പരിഹരിക്കാൻ പാടങ്ങളിലേക്ക് വാഹനങ്ങളും യന്ത്രങ്ങളും കൊണ്ടുവരണം. അതിനുള്ള റോഡുകൾ പലരും വെട്ടിപ്പിടിച്ചതുൾപ്പടെയുള്ളവ വീതികൂട്ടുകയും തുറന്ന് കൊടുക്കുകയും പുതിയവ ഉണ്ടാക്കുകയും വേണം. നരിക്കുനി ഭാഗത്തും, ഫാം റോഡ്, ചിറപ്പറമ്പിൽ നിന്ന് കായലിലേക്ക്, കുണ്ടൻ കുഴിയിലേക്ക്, വെള്ളംചിറ ഭാഗത്ത് എന്നീ റോഡുകൾ പ്രധാനമായും ശ്രദ്ധിക്കണം. ട്രാക്ടർ, നടീൽ യന്ത്രം, കൊയ്ത്തുയന്ത്രം, മെതിയന്ത്രം തുടങ്ങിയ സംവിധാനങ്ങൾ പുഞ്ചകൃഷിക്ക് പ്രത്യേകിച്ചും കൂടിയേ തീരൂ. പഞ്ചായത്ത് വാങ്ങി ആവശ്യക്കാർക്ക് നൽകിയാലും മതി. നല്ല വിത്ത്, വളം, കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ കിട്ടണം. ബാങ്കുകളിൽ നിന്ന് വിളയുടെ ഗ്യാരണ്ടിയിൽ വായ്പ കിട്ടാൻ സൗകര്യം ഉണ്ടാകണം. കൃഷി ഭവൻെറ സഹായങ്ങളും നിർദ്ദേശങ്ങളും കാർഷിക പ്രശ്നങ്ങളെ കുറിച്ച് ക്ലാസ്സും കിട്ടണം.

പാടശേഖര കമ്മിറ്റിക്ക് കഴിയാത്ത പക്ഷം കഴിവുള്ള കൃഷിക്കാർക്ക് യന്ത്രങ്ങൾ വാങ്ങാൻ അനുവദിക്കുന്ന വ്യവസ്ഥ വേണം. എങ്കിൽ അവർ അതിൻെറ സംരക്ഷണവും അറ്റകുറ്റപ്പണിയും നടത്തും. വാടക വാങ്ങി ആവശ്യക്കാർക്ക് ഉപയോഗിക്കാം.

എട്ടാം പദ്ധതിയിൽ നെൽകൃഷിക്ക് സഹായകമായി നടപ്പിലാക്കിയ സ്ക്കീമുകളെ സംബന്ധിച്ച വിവരം വിശദമായി പട്ടിക 3 ൽ കൊടുത്തിട്ടുണ്ട്.

**നിർദ്ദേശങ്ങൾ:-**

1. ഗ്രൂപ്പു ഫാമുകളുടെ റജിസ്ട്രേഷൻ പുതുക്കാൻ വൈകുന്നതുകൊണ്ട് പല ആനുകൂല്യങ്ങളും കൃഷിക്കാർക്ക് നഷ്ടപ്പെടുന്നു. പുതുക്കുന്നതിനുള്ള നിയമങ്ങൾ ഭേദഗതി ചെയ്ത് വിഷമം പരിഹരിക്കണം.

2. തൃശൂർ ജില്ലയിൽ കോൾ കൃഷിക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും പൊന്നാനി കോൾ നിലങ്ങൾക്കും നൽകണം. ചമ്രവട്ടം റെഗുലേറ്റർ പണിയണം.

3. വിത്ത് സമയത്തിന് കിട്ടാൻ പഞ്ചായത്തിൽ തന്നെ വിത്തുൽപ്പാദന സംരംഭങ്ങൾക്ക് പ്രോത്സാഹനവും സഹായവും നൽകണം.

4. ഇരുമ്പയിൽ കെട്ടിൽ പട്ടയം കിട്ടാത്തവർക്ക് പട്ടയം നൽകണം.

5. എല്ലാ കോൾ ബണ്ടുകളും വാഹനങ്ങളും യന്ത്രങ്ങളും കൊണ്ടുപോകാവുന്ന സൗകര്യത്തോടുകൂടി നിർമ്മിക്കണം.

6. അരുമ്പൻ കുണ്ടിലെ കുളങ്ങൾ നന്നാക്കി മൂന്ന് പൂവ്വലും കൃഷിയെടുക്കാർ സംവിധാനമുണ്ടാക്കണം. അരുമ്പൻ കുണ്ട്, പൂച്ചമ്മത്ത് തോടു നിർമ്മിക്കണം. കനാലുകൾ ആവശ്യമുള്ളവയെല്ലാം നിർമ്മിക്കണം.

7. മരുന്നുതളി, പടവ് അടിസ്ഥാനത്തിൽ നടത്താൻ കൃഷിക്കാർ തയ്യാറാവണം. യന്ത്രവൽക്കരണവും ഇതേ അടിസ്ഥാനത്തിൽ നടത്താം.

8. കോൾവികസന ഏജൻസി പൊന്നാനി മേഖലക്ക് പ്രത്യേകമായി ഉണ്ടാക്കണം. മലപ്പുറം ജില്ലയുടെ കീഴിലായതുകൊണ്ട് തൃശൂരുമായി ബന്ധിപ്പിച്ചാൽ തൃശൂർ ജില്ലക്ക് അനുവദിച്ച ഫണ്ട് മലപ്പുറം ജില്ലക്കാർക്ക് കിട്ടാതെ പോകുന്നു. തരിശുനിലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കണം.

9. കർഷകത്തൊഴിലാളികൾക്ക് കൂലി നിരക്കിൽ പഞ്ചായത്തിലാകെ ഏകീകരിച്ച കൂലി വ്യവസ്ഥ നടപ്പാക്കാൻ കഴിയണം. ഓരോ തൊഴിലാളിയും ഇഷ്ടംപോലെ കൂലി വാങ്ങുന്ന രീതി അവസാനിപ്പിക്കണം. ജോലിക്ക് കാര്യക്ഷമതയും ഉണ്ടാകേണ്ടിയിരിക്കുന്നു.

**കവുങ്ങ് :**

**ഗ്രാമസഭാ റിപ്പോർട്ട്**

1, 6, 8, 9 എന്നീ വാർഡുകളിലാണ് പ്രധാനമായും കവുങ്ങ് കൃഷിയുള്ളത്. വെള്ളം കിട്ടാത്ത പ്രശ്നങ്ങളുണ്ട്. സ്വതവെ ഈ പഞ്ചായത്തിൽ കവുങ്ങിന് രോഗങ്ങൾ കുറവാണ്. മറ്റു പ്രശ്നങ്ങൾ കവുങ്ങു കൃഷിക്കാർക്കില്ല. കവുങ്ങു കൃഷിക്കാർക്ക് എട്ടാം പദ്ധതിയിൽ നടപ്പിലാക്കിയ ആനുകൂല്യങ്ങൾ പട്ടിക മൂന്നിൽ ചേർത്തിട്ടുണ്ട്.

**കുരുമുളക് :**

എല്ലാ പ്രദേശത്തും തോട്ടവിളയായും ഇടവിളയായും കുരുമുളക് കൃഷി ചെയ്യാം എന്നാൽ തെങ്ങു കൃഷി പ്രധാനമായതു കൊണ്ട് ഇടവിള മാത്രമെ പ്രായോഗികമാകൂ. പ്രത്യേക പ്രശ്നങ്ങളും വിഷമതകളും ഗ്രാമസഭാ റിപ്പോർട്ടിൽ വന്നിട്ടില്ല. എട്ടാം പദ്ധതിയിലെ സ്കീമുകൾ പട്ടിക മൂന്നിൽ ചേർത്തിട്ടുണ്ട്. കുരുമുളക് കൃഷി ഒരിടവിളയായി എല്ലാവർക്കും കൃഷി ചെയ്യാം. തെങ്ങിൻ തോട്ടം പൂട്ടുന്നതിനും മറ്റും തടസ്സം നേരിടാതെ ശ്രദ്ധിക്കണമെന്ന് മാത്രം.

**പയറ് :-**

പണ്ടു കാലത്തെ പേലെ രണ്ടാം വിളക്ക് ശേഷം പാടങ്ങളിൽ എള്ളും പയറും വിതക്കുന്ന രീതി ഇന്നു കാണുന്നില്ല, കാല വർഷാരംഭത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി പയർ കൃഷി ചെയ്യുന്ന സ്വഭാവവും മാറക്കഴിഞ്ഞിരിക്കുന്നു. തെങ്ങുകൾ അകലം കുറച്ച് വെച്ചത് കാരണം പയറിന് സൂര്യ പ്രകാശം കിട്ടാത്തതു കൊണ്ടും തെങ്ങോലകളിൽ നിന്നും വെള്ളം ഇറ്റു വീഴുന്നതു കൊണ്ടും പയർ കൃഷി ഫലപ്രദമാകുന്നില്ല. സൗകര്യമുള്ളേടത്ത് ഈ വക കൃഷികൾ പുനരാരംഭിക്കേണ്ടതാണ്. എട്ടാം പദ്ധതിയിലെ സ്കീമുകൾ പട്ടിക മൂന്നിൽ ചേർത്തിട്ടുണ്ട്.

**എള്ള്, നിലക്കടല:-**

ഈ കൃഷിയെപ്പറ്റി ഗ്രാമസഭാ റിപ്പോർട്ടിൽ സ്പർശിച്ചിട്ടേയില്ല. ഈ കൃഷികളും നടത്താൻ പറ്റിയ മണ്ണാണ് നമുക്കുള്ളത്.

**പച്ചക്കറി:-**

പച്ചക്കറി കൃഷി പൂർണ്ണമായും ഇല്ലാതായ സ്ഥിതിക്ക് ജനങ്ങളുടെ നിത്യോപയോഗ സാധനമായ ഈ കൃഷിക്ക് അടിയന്തിരമായും പ്രോത്സാഹനം നൽകേണ്ടിയിരിക്കുന്നു. സഹകരണ സംരഭങ്ങളോടെ പച്ചക്കറി കൃഷി നടത്താനുള്ള നിർദ്ദേശം ഗ്രാമസഭാ റിപ്പോർട്ടുകളിലുണ്ട്. അടുക്കളത്തോട്ടം എന്ന നിലയിൽ 50 വീടുകളെങ്കിലും ഉൾപ്പെടുത്തി, ഓരോ വാർഡിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും ആവശ്യം കഴിഞ്ഞുള്ളവ ശേഖരിച്ച് വിപണനം നടത്തുവാനുമുള്ള സംവിധാനങ്ങൾ ഉണ്ടാക്കണം. പഞ്ചായത്താകെ ഈ പദ്ധതി കൊണ്ടു വന്ന് 600 കൃഷിക്കാരെയെങ്കിലും പച്ചക്കറി കൃഷി രംഗത്ത് കൊണ്ടു വരേണ്ടതാണ്. അവർക്ക് നല്ല വിത്തും വള പ്രയോഗത്തിനുള്ള നിർദ്ദേശങ്ങളും കൃഷഷിഭവൻ മുഖേന നൽകാൻ സംവിധാനമുണ്ടാക്കണം. ഓരോ വാർഡിലും അവയുടെ വിൽപ്പന കേന്ദ്രങ്ങളും ഉണ്ടാകണം.

**മരച്ചീനി - ചേമ്പ് - ചേന - കൂർക്ക - കിഴങ്ങുകൾ :-**

വിപുലമായി നടത്തിയിരുന്ന കിഴങ്ങു വർഗ്ഗ കൃഷിയിലേക്ക് കൃഷിക്കാരെ കൊണ്ടു വരേണ്ടതും പഞ്ചായത്തിനാവശ്യമായ കിഴങ്ങു വർഗ്ഗങ്ങൾ ഇവിടെ തന്നെ ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുകയും വേണം.

**ഹോർട്ടികൾച്ചർ കൃഷിയും, പുഷ്പ കൃഷിയും :-**

പ്രതിദിനം നമ്മുടെ നാട്ടിൽ നിന്നും പുഷ്പങ്ങൾക്ക് വേണ്ടിമാത്രം വലിയ സംഖ്യ അന്യസംസ്ഥാനങ്ങളിലേക്ക് പോകുന്നു. ശ്രദ്ധാപൂർവ്വം സഹകരിച്ചാൽ ഏറ്റവും നല്ല വരുമാന മാർഗ്ഗമായി ഈ കൃഷി വളർത്തി ക്കൊണ്ടുവരാം.

**വാഴ, വെറ്റില:-**

വാഴ കൃഷി അൽപ്പാൽപ്പം നടക്കുന്നുണ്ടെങ്കിലും വെറ്റില കൃഷി തീരെ വേണ്ടന്നു വെച്ചിരിക്കുന്നു. പഞ്ചായത്തിലെ മണൽ കൂടുതലുള്ള എക്കൽ മണ്ണും പുഴയോരങ്ങളുമൊഴികെ എല്ലാ ദിക്കിലും ലാഭകരമായ രീതിയിൽ ഇവ കൃഷി ചെയ്യാം.

**ഔഷധ സസ്യ കൃഷി :-**

എല്ലാ പറമ്പിലും നട്ടു വളർത്താവുന്നവയാണ് ഔഷധ സസ്യങ്ങൾ. എട്ടാം വാർഡ് ഔഷധ സസ്യ കൃഷിക്കായി ആയുർവേദ ഡോക്ടർമാരുടെ സംഘടന ദത്തെടുത്തു കഴിഞ്ഞിരിക്കുന്നു. ഇവ നട്ടു വളർത്തിയാൽ അവയുടെ വിപണനത്തിനുള്ള അവസരം നമ്മുടെ പഞ്ചായത്തിന് കൈവരാൻ പോകുന്നു. ഈ കൃഷി വളരെ ലാഭകരവും പ്രത്യേക പരിഗണന ആവശ്യമില്ലാത്തതുമാണ്. ഇക്കാര്യത്തിലും പഞ്ചായത്തിൽ ഒരു സ്കീം ആസൂത്രണം ചെയ്യാവുന്നതാണ്.

**കശുമാവ് , മാവ്, പ്ലാവ്, പുളി.**

കാഞ്ഞിരമുക്കിലും തുറുവാണത്തും കശുമാവ് കൃഷി കൂടുതലുണ്ടായിരുന്നു. ഇന്ന് അവയെല്ലാം തെങ്ങിൻ തോട്ടങ്ങൾക്ക് വഴിമാറി ക്കൊടുത്തിരിക്കുന്നു. മറ്റു ഫല വൃക്ഷങ്ങളും എണ്ണം കുറഞ്ഞിരിക്കുന്നു. നല്ല വരുമാനം ലഭി ക്കുന്നവയാണ് ഫലവൃക്ഷങ്ങൾ. ഇവ വിറകിനും പണിത്തരങ്ങൾക്കും പറ്റിയ മരങ്ങളായി ഉപ യോഗിക്കുകയും ചെയ്യാം. അവയെ സംരക്ഷിക്കു വാനും കൂടുതൽ വെച്ചു പിടിപ്പിക്കാനും പ്രോത്സാഹനമുണ്ടാകണം. റോഡരികിൽ വെ ച്ചു പിടിപ്പിക്കുന്ന മരങ്ങൾ കൂടി ജനോപകാര പ്രദമായ ഫലവൃക്ഷങ്ങൾ ആവുന്നതാണുത്തമം.

**കൂൺ കൃഷി :-**

വളരെ ലാഭകരമായ കൃഷിയാണിത്. വീട്ടിൽ വെച്ച് നടത്താവുന്നതുമാണ്. ആവശ്യ ക്കാർ, ഉൽപ്പന്നമുണ്ടങ്കിൽ സുലഭമായുണ്ടാവു മെന്നതാണനുഭവം. പഞ്ചായത്തിൽ കൂൺ കൃഷി സംരംഭത്തിൽ ഏർപ്പെടാൻ തയ്യാറുള്ളവരെ കണ്ടെത്തുകയും പരിശീലിപ്പിക്കുകയും കൃഷി നടത്താൻ സൗകര്യമേർപ്പടുത്തിക്കൊടുക്കുകയും വേണം.

**പുൽ കൃഷി :-**

തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി പുൽകൃഷി നടത്താം. പശുക്കളെ വളർത്താൻ കഴിയാത്തവർക്കും പുൽ കൃഷി നടത്താവു ന്നതാണ്. കാലിത്തീറ്റയുടേയും വൈക്കോലി ൻേറയും വില വർദ്ധിച്ചുവരുന്ന കാലമായതിനാൽ പുൽ കൃഷിക്കാർക്ക് സാമ്പത്തിക നേട്ടം കൈവ രിക്കാം. കൃഷി ഭവൻേറ സാങ്കേതിക ഉപദേശ ങ്ങളും ധനസഹായവും വേണം. മിക്ക തെങ്ങിൻ തോട്ടങ്ങളിലും ജലസേചനമുള്ളതുകൊണ്ട് പ്രത്യേക കിണറോ പമ്പുസെറ്റോ കൂടാതെ തന്നെ പുൽകൃഷി നടത്താവുന്നതാണ്.

**സാധ്യതകൾ:-**

1. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ഫല പ്രദമാക്കുക.
2. തരിശിടുന്ന ഭൂമികൾ കൃഷിക്കുപ യുക്തമാ ക്കുക.
3. കനാലുകൾ ചോർച്ച തീർത്ത് നിർദ്ദിഷ്ട സ്ഥാനത്തെത്തിക്കുന്നതിനും കനാലുകൾ നീട്ടുന്നതിനും സംവിധാനമുണ്ടാക്കുക.
4. പുഞ്ചക്കായലുകൾക്ക് വാഹനം കൊ ണ്ടുപോകാനുള്ള സംവിധാ നത്തോടുകൂടി സ്ഥിരം ബണ്ടുകൾ ഉണ്ടാക്കുക.
5. ആവശ്യക്കാർക്ക് പമ്പുസെറ്റും പെട്ടിയും പറയും ലഭ്യമാക്കുക.
6. ആവശ്യമായ സമയത്ത് വൈദ്യുതി ലഭ്യമാക്കുക.
7. നെൽകൃഷി സ്ഥലങ്ങളിലേക്ക് ഉപ്പുവെള്ളം കയറാതിരിക്കാൻ നിർമ്മിച്ച ബണ്ടുകൾ അശ്രദ്ധമാക്കിയിടാതിരിക്കാനും, ബണ്ടുക ൾ ആവശ്യമുള്ളേടത്ത് ബണ്ടുകൾ നിർമ്മി ച്ച് ഉപ്പു വെള്ളം കയറുന്നത് തടയുക.
8. കായലുകളിൽ ഇടക്ക് വേണ്ട ബണ്ടുകൾ നിർമിക്കാൻ ഏർപ്പാടു ചെയ്യുക.
9. കായലുകളിൽ അരുച്ചാലുകൾ ഉണ്ടാക്കുക.
10. രാസവളം, വിത്ത്, കാർഷിക വായ്പ എന്നിവ കൃഷിക്കാർക്ക് കിട്ടാനുള്ള സംവി ധാനമുണ്ടാക്കുക.
11. ജൈവവള ലഭ്യത വർദ്ധിപ്പിക്കുക.
12. കൃഷിയിടങ്ങളിലേക്ക് ട്രാക്ടറും മറ്റു വാഹനങ്ങളും കൊണ്ടുപോകാനുള്ള സൗകര്യവും റോഡുകളും ഉണ്ടാക്കുക.
13. കൃഷി, യന്ത്ര വൽക്കരിക്കുക.
14. തൊഴിലാളികളുടെ ലഭ്യത, കൂലി പ്രശ്ന ങ്ങൾ പരിഹരിക്കുക.
15. എല്ലാ കൃഷി സ്ഥലങ്ങളിലും മറ്റും മണ്ണ് പരിശോധിച്ച് വളം ചേർക്കുന്നതിനുള്ള സമ്പ്രദായം അംഗീകരിക്കുക.
16. കൃഷി ഭവൻേറ സഹായങ്ങളും, നിർദ്ദേശ ങ്ങളും കർഷകർക്ക് ലഭ്യമാക്കുക.
17. ആവശ്യമായ കുളങ്ങൾ വൃത്തിയാക്കി കൃഷിക്ക് ഉപയുക്തമാക്കുക.
18. ഇരുമ്പയിൽ കെട്ടിലെ കൃഷിക്കാർക്ക് പട്ടയം കിട്ടാനുള്ള സാഹചര്യം ഒരുക്കുക.
19. പാടശേഖരങ്ങളിലെ ഗ്രൂപ്പ് ഫാമിങ് സൊസൈറ്റികളുടെ റെജിസ്ട്രേഷൻ പുതുക്കുന്നതിന് നിയമ ഭേതഗതികൾ കൊണ്ടു വന്ന് തടസ്സങ്ങൾ പരിഹരിക്കുക.
20. തെങ്ങ് കൃഷിക്ക് വളം കുമ്മായം, പുളി മണ്ണിടൽ, കിണറ്, പമ്പ് സെറ്റ്, പച്ചില വള കൃഷി എന്നിവക്ക് സബ്സിഡി അനുവ ദിക്കുക, വ്യവസ്ഥകൾ ലഘൂകരിക്കുക.
21. കുണ്ടുകടവ് മുതൽ മാപ്പാലതാഴം വരെ യുള്ള പുഴയോര പ്രദേശങ്ങളിൽ കരിങ്കൽ ഭിത്തി കെട്ടി ഉപ്പു വെള്ളം കയറുന്നത് തടയുക.

# 5-2

### മൃഗസംരക്ഷണം

പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശുവും, ആടും, വിരളമായി എരുമകളുമാണ്. ഉഴവുകാളകളേയും പോത്തുകളേയും നാമമാത്രമായി വളർത്തുന്നുണ്ട്. കോഴിയാണ് വളർത്തു പക്ഷികളിൽ പ്രധാനം. താറാവുകളും ഇല്ലാതില്ല. ഇപ്പോൾ പഞ്ചായത്തിൽ കിട്ടിയേടത്തോളം വിവരമനുസരിച്ച് 700 പശുക്കളും 2100 ആടുകളും 30 ഉഴവു കാളകളും 70 എരുമകളും 40 പോത്തുകളുമാണുള്ളത്. പഞ്ചായത്തിലെ 70% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. മാറഞ്ചേരിയിൽ രണ്ട് കോഴി ഫാമുകളുണ്ട്. ഇറച്ചിക്ക് വേണ്ടിയെല്ലങ്കിലും ഏതാനും വീടുകളിൽ വിനോദത്തിനായി മുയലുകളേയും കാടകളേയും വളർത്തുന്നുണ്ട്.

| വളർത്തുമൃഗങ്ങളും പക്ഷികളും | | സങ്കരയിനം | നാടൻ |
|---|---|---|---|
| 1. | പശു | 300 | 400 |
| 2. | കിടാരി | 100 | 200 |
| 3 | കാള | 5 | 25 |
| 4 | എരുമ | 20 | 50 |
| 5 | പോത്ത് | 10 | 30 |
| 6 | ആട് | 600 | 1500 |
| 7 | കോഴി | 2000 | 2800 |
| 8 | താറാവ് | 150 | |



## മൃഗ സംരക്ഷണവും മത്സ്യബന്ധനവും

കാർഷിക രംഗത്ത് യന്ത്രവൽക്കരണവും നെൽകൃഷിയുടെ മാന്ദ്യതയും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. റോഡുഗതാഗതം വികസിച്ചതോടെ വണ്ടിക്കാളകളുടെ എണ്ണം കുറയാനിടയായി. യന്ത്രവൽക്കരണത്തോടെ കാളത്തേക്കിനും കന്ന് പൂട്ടാനും ചക്കാട്ടാനും ഉപയോഗിച്ചിരുന്ന കന്നുകളുടെ എണ്ണവും ഇല്ലാതായി. വിവിധ രോഗങ്ങൾ കോഴി വളർത്തുന്നതിലുള്ള താൽപര്യവും ഇല്ലാതക്കി.

കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്, വൈക്കോലിൻേറയും പുല്ലിൻേറയും ക്ഷാമം, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് കാലി വളർത്തലിനെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങൾ. ഈ പഞ്ചായത്തിൽ രണ്ട് പാൽ സൊസൈറ്റികളുണ്ടെങ്കിലും ഒന്ന് പ്രവർത്തന രഹിതമാണ്. മറ്റൊന്ന് കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. വളർത്തുമൃഗങ്ങളുടേയും പക്ഷികളുടേയും, നമ്മുടെ പഞ്ചായത്തിലെ 96-97 വർഷത്തിൽ ശേഖരിച്ച സ്ഥിതിവിവരക്കണക്കിൻെറ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം പട്ടിക ചേർക്കുന്നു.

100 ഓളം കലപ്പകളും എട്ട് ട്രാക്ടറുകളും നാല് ട്രില്ലറുകളുമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

പഞ്ചായത്തിൽ മൃഗാശുപത്രി ഉള്ളത് കാഞ്ഞിരമുക്കിലാണ്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൻെറ സേവനം വേണ്ടത്ര ലഭ്യമല്ല. പഞ്ചായത്തിൻെറ തെക്കൻ മേഖലയിൽ പെട്ട 6, 7, 8, 9,10 എന്നീ വാർഡുകളിലുള്ളവർ കാലികൾക്ക് രോഗം വന്നാൽ ആറ് കിലോമീറ്റർ ദൂരെയുള്ള പെരുമ്പടപ്പ് ബ്ലോക്കിലെ മൃഗാശുപത്രിയാണ് ഉപയോഗപ്പെടുത്താൻ നിർബന്ധിതരാകുന്നത്. സമയത്തിനു ചികിത്സ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യവും ഉണ്ടാകാറുണ്ട്. കാലികളിൽ പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പുരോഗം, ഉദരരോഗം, കാലാവസ്ഥാ മാറ്റത്തിനനുസരിച്ച് പനി, ത്വക്ക് രോഗങ്ങൾ, ദഹനസംബന്ധമായ രോഗങ്ങൾ, ശ്വാസകോശ സംബന്ധമായവ എന്നിവയാണ്. കാലി കർഷകരുടെ അറിവില്ലായ്മയും ശുചിത്വമില്ലായ്മയും രോഗങ്ങൾ പടരാൻ കാരണമാകുന്നുണ്ട്. ഈ

പഞ്ചായത്തിൽ ആറ് ഗോബർ ഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ടെങ്കിലും പലതും പ്രവർത്തനക്ഷമമല്ല. മൃഗസംരക്ഷണ വകുപ്പുമുഖേന ഗ്യാസ് പ്ലാൻറ് നിർമ്മിക്കുന്നതിന് സബ്സിഡി ഉള്ളതായി കേൾക്കുന്നു. പക്ഷെ ജനങ്ങൾ കാര്യമായി അതുപയോഗപ്പെടുത്തിയതായി അറിവില്ല.

കാലി വളർത്തലിലൂടെ ജൈവവളത്തിൻെറ പ്രധാന പങ്ക് നിറവേറ്റാൻ കഴിയുമെങ്കിലും നെൽകൃഷി പൊതുവെ ലാഭകരമല്ലാതായതോടെ കാലി കൃഷിക്കും മാന്ദ്യത അനുഭവപ്പെടുന്നു.

മുമ്പ് മിക്കവാറും വീടുകളിലും കോഴി വളർത്തൽ പതിവായി ഉണ്ടായിരുന്നു. എന്നാൽ ഇന്ന് മാംസത്തിനുവേണ്ടി വൻ തോതിൽ മറ്റു പ്രദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്ന സ്ഥിതിയാണുള്ളത്. ഈ പാശ്ചാത്തലത്തിൽ നമ്മുടെ പഞ്ചായത്തിൽ കോഴി ഫാമുകൾക്ക് വലിയ സാധ്യതയുണ്ട്. പുഴയോരവും കായൽ പ്രദേശങ്ങളും ധാരാളമുള്ളതിനാൽ താറാവു കൃഷിയും ലാഭകരമാക്കാം.

ക്ഷീര വികസന വകുപ്പിൻെറ പല പദ്ധതികളും കാലി കർഷകരുടെ അറിവില്ലായ്മ നിമിത്തം പ്രയോജനപ്പെടുത്തുന്നില്ല. ഗുണമേൻമയുള്ള സങ്കരയിനം പശുക്കളെ ശാസ്ത്രീയമായി പരിരക്ഷിച്ച് കാലി വളർത്തൽ വ്യാവസായി കാടിസ്ഥാനത്തിൽ കൊണ്ടുവരാൻ കർഷകരെ പ്രേരിപ്പിക്കാനുള്ള മാതൃകാ ഡയറി യൂണിറ്റ് പദ്ധതികളും, മുപ്പതുപേരടങ്ങുന്ന യഥാർത്ഥ ക്ഷീര കർഷകരെ ഒന്നിച്ച് സംഘടിപ്പിച്ച് കാലി വളർത്തൽ ശാസ്ത്രീയമാക്കുന്ന, കർഷക സമ്പർക്ക പരിപാടിയും, പശുക്കൾക്ക് ശരിയായ പാർപ്പിടം ലഭ്യമാക്കുന്ന, 2000ത്തോളം രൂപ. സബ്സിഡിയുള്ള മാതൃകാ കാലിത്തൊഴുത്ത് പദ്ധതിയും ഈ പഞ്ചായത്തിൽ പ്രയോജനപ്പെടുത്താൻ കർഷകർ രംഗത്തു വരേണ്ടതാണ്.

ശുദ്ധമായ പലുൽപ്പാദന കിറ്റു പദ്ധതിയും പച്ചപ്പുൽ ഉൽപ്പാദന പരിപാടികളും ഈ പഞ്ചായത്തിലെ കർഷകർക്ക് അന്യമാണ്. ആറുമാസം മുതൽ ആദ്യ പ്രസവം വരെ കന്നു കുട്ടികൾക്ക് കാലിത്തീറ്റയുടെ വിലയിൽ 50% സബ്സിഡിയോടെ വിതരണം ചെയ്യുന്ന പദ്ധതിയും, ഗർഭം ധരിച്ച് ഏഴുമാസം മുതൽ ഒമ്പത് മാസം വരെ മൂന്നുമാസക്കാലത്തേക്ക് ദിനം പ്രതി രണ്ടര കിലോ വെച്ച്, കാലിത്തീറ്റ വിതരണം ചെയ്യുന്ന പരിപാടിയും വനിതകൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി പശുവും തൊഴുത്തും സമ്പാദിക്കുന്നതിന്, 7500 രൂപ സബ്സിഡിയോടെ ലഭിക്കുന്ന 15000 രൂപയുടെ പരിപാടിയും ക്ഷീര വികസന വകുപ്പിൽ നിന്ന് നമ്മുടെ പഞ്ചായത്ത് ഉപയോഗപ്പെടുത്തേണ്ടതാണ്.

പ്രത്യുൽപ്പാദന നിരക്ക് കൂടുതലുള്ള മലബാരി ആടുകൾ നമ്മുടെ പഞ്ചായത്തിൻെറ അടുത്തുള്ള പൊന്നാനി പ്രദേശങ്ങളിൽ സുലഭമാണ്. ഈ സൗകര്യം ഉപയോഗപ്പെടുത്തി ലാഭകരമായ വിധത്തിൽ ഗോട്ട് ഫാം നമ്മുടെ പഞ്ചായത്തിലും വിവിധ ഭാഗങ്ങളിൽ ഉണ്ടാക്കുന്നതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയും.

**പ്രശ്നങ്ങൾ :-**

1. കാലിത്തീറ്റയുടെ അമിതമായ വില വർദ്ധന.
2. വൈക്കോൽ, പുല്ല് എന്നിവയുടെ ലഭ്യതക്കുറവ്
3. മൃഗ ചികത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
4. കോഴി വസന്ത രോഗം തടയാൻ ഫലപ്രദമായ സംവിധനത്തിൻെറ അഭാവം കോഴിവളർത്തൽ നിരുത്സാഹപ്പെടുത്തുന്നു.
5. ക്ഷീര വിപണനത്തിനുള്ള അസൗകര്യങ്ങൾ.
6. അജ്ഞാത ജീവികളുടെയും നായ്ക്കളുടേയും ഭീഷണമായ അന്തരീക്ഷം.
7. കാലിക്കർഷകർക്ക് സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസം.

**സാധ്യതകൾ :-**

1. നിലവിലുള്ള ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുകയും പുതിയവ രൂപീകരിക്കുകയും ചെയ്യുക.
2. കുറഞ്ഞ വിലക്ക് കാലിത്തീറ്റയും തീറ്റ പുൽ കൃഷിക്ക് വിത്തും വളവും സൗജന്യ നിരക്കിൽ ലഭ്യമാക്കുകയും ചെയ്യുക.
3. കന്നുകാലികൾക്ക് ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.
4. ആടുവളർത്തുന്നതിന് ഫാമുകൾ ഉണ്ടാക്കുകയും താൽപര്യമുള്ളവർക്ക് വ്യക്തിപരമായി വളർത്താൻ പ്രോത്സാഹനം നൽകുകയും ചെയ്യുക.
5. കന്നുകാലി വളർത്തൽ പോലെ കോഴിവളർത്തലിനും ഒറ്റക്കും ഫാം അടിസ്ഥാനത്തിലും പദ്ധതി ഉണ്ടാക്കുക.
6. എല്ലാ ദിക്കിലും ചികിത്സക്ക് മൃഗഡോക്ടറുടെ സഹായം ലഭ്യമാക്കുക.
7. താറാവു വളർത്തലിന് കായലോരത്തിനും കരഭൂമിക്കും ഇടയിൽ താത്പര്യമുള്ളവർക്ക് സഹായം ചെയ്യുക.
8. സങ്കരയിനം പശുക്കളെയും എരുമകളേയും വിതരണം ചെയ്യാൻ സംവിധാനം. അവയ്ക്ക് തൊഴുത്തുണ്ടാക്കുന്നതിന് ധന സഹായം.

9. പാൽ ശേഖരിച്ച് വിൽപ്പന നടത്തുന്നതിനും നല്ല വില ലഭിക്കുന്നതിനും സംവിധാനം.

10. മുയൽ, കാട എന്നിവ വളർത്തുന്നതിന് സഹായം.

11. പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കോഴിക്കുഞ്ഞുൽപ്പാദനകേന്ദ്രം.

## മത്സ്യ ബന്ധനം

മൂന്ന് ഭാഗവും ജലാശയങ്ങളും, ധാരാളം കുളങ്ങളുമുള്ള പഞ്ചായത്തിൽ മത്സ്യ ബന്ധനത്തിനും മത്സ്യ കൃഷിക്കും സാധ്യത ഏറെയുണ്ട്. പടിഞ്ഞാറ് കനോലി കനാലിലും വടക്കു ഭാഗത്തെ കുണ്ടുകടവ് പുഴയിൽ ബിയ്യം കെട്ടുവരെയും ഉപ്പുവെള്ളത്തിലുള്ള മത്സ്യവും കിഴക്കും തെക്കുമുള്ള കായയലിലും കുളങ്ങളിലും ശുദ്ധജലമത്സ്യവും ലഭ്യമാണ്. ഉപ്പുവെള്ളത്തിൽ നരിമീൻ, ബഹുമീൻ, ഇളമീൻ, പൂമീൻ, കരിമീൻ, ചെമ്മീൻ, മാലാൻ, ചെമ്പല്ലി, കോര, കയ്യൻ, തെരണ്ടി, ഏട്ട, പാര, പ്രാച്ചി, പൂളാൻ, പൂവ്വാൻ, പട്ടത്തി, വെട്ടൻ, നെടുക. ഏരി, കയ്യേരി, കൽബ, പാലാത്തൻ,കക്ക, ഞണ്ട്, എന്നിവയും ശുദ്ധജലത്തിൽ കണ്ണൻ, കടു, മൊയ്യ്, കോലാൻ, പരൽ, വാള, പൊരിക്ക്, ആരൽ, മനിഞ്ഞിൽ എന്നിവയും ധാരാളമായി ഉണ്ടായിരുന്നു. എന്നാൽ ഉപ്പുവെള്ളത്തിൽ നരിമീൻ, ബഹുമീൻ, ഇളമീൻ, കോര, തെരണ്ടി, മഞ്ഞൾ ഏട്ട, കക്ക എന്നിവയും ശുദ്ധജലത്തിലെ കണ്ണൻ,പരൽ എന്നിവയും നാമാവശേഷമായിരിക്കുന്നു.


വലിച്ചുകൂട്ടുവല, കൊട്ടുവല, കണ്ടാടിവല, കോരുവല, മണിവല, അരിപ്പവല, ചൂണ്ടൽ, വെള്ളവലി, തുരുമ്പ്, തടുക്ക് എന്നീ ഉപകരണങ്ങൾ ഉപയോഗിച്ചാണ് മത്സ്യം പിടിച്ചിരുന്നത്. ഇവയിൽ വലിച്ചുകൂട്ടുവല, കൊട്ടുവല, കോരുവല, തടുക്ക് എന്നിവ ഉപയോഗത്തിലില്ല. വട്ടപ്പറമ്പിൽ ബാപ്പു, തടത്തിൽ മുഹമ്മദുണ്ണി, പേരോത്തേൽ ബാപ്പു എന്നിവർ മത്സ്യ ബന്ധനത്തിൽ പ്രസിദ്ധരായിരുന്നു. കടൽ മത്സ്യങ്ങളും ഈ പഞ്ചായത്തിൽ സുലഭയിക്കിട്ടും. കടൽ മത്സ്യബന്ധനത്തിൽ ഈ പഞ്ചായത്തിൽ നിന്നും ആരും ബന്ധ പ്പെടുന്നില്ല. മത്സ്യം വാങ്ങി കച്ചവടം ചെയ്യുന്ന മത്സ്യ തൊഴിലാളികൾ ധാരാളമുണ്ട്.

പഞ്ചായത്തിൽ മുമ്പുകിട്ടിയിരുന്നത്ര മത്സ്യം ഇപ്പോൾ ലഭിക്കുന്നില്ല. പഞ്ചായത്തിലെല്ലായിടത്തുമായി ചിതറിക്കിടക്കുന്ന കുളങ്ങളിലും ശുദ്ധജല മത്സ്യങ്ങളുണ്ടായിരുന്നു. രണ്ടു തരം ജലാശയങ്ങളിലേയും മത്സ്യ സമ്പത്ത് ഗണ്യമായി കുറഞ്ഞിരിക്കുന്നു. കായലിലും കുളങ്ങളിലുമുള്ള ശുദ്ധജല മത്സ്യങ്ങൾ മത്സ്യ രോഗം മൂലം നാമമാത്രമായിക്കഴിഞ്ഞിരിക്കുന്നു. കായലുകളിലും കുളങ്ങളിലും പുഴയോരത്തോട് തൊട്ടുകിടക്കുന്ന സ്ഥലങ്ങളിലും മത്സ്യകൃഷി നടത്താനുള്ള സാധ്യതകളുണ്ട്. മത്സ്യത്തിനാണെങ്കിൽ മറ്റെല്ലാ സാധനങ്ങളെക്കാളും വില കൂടുതലുണ്ട്. എത്ര മത്സ്യം കിട്ടിയാലും ഇവിടെ വിറ്റഴിക്കാൻ വിഷമമില്ല. വളർത്തു മത്സ്യമാകുമ്പോൾ ആവശ്യമനുസരിച്ച് പിടിച്ച് വിൽക്കാനും കഴിയും.മത്സ്യം വളർത്തുന്നതിനു വേണ്ട പരിശീലനവും സാങ്കേതിക ജ്ഞാനവും ജനങ്ങൾക്കാവശ്യമാണ്.

കുളങ്ങളിൽ പുതിയ തരം ശുദ്ധ മത്സ്യങ്ങളേയും, കായലിലും മറ്റും ചമ്മീനും വളർത്താൻ പദ്ധതികളാവിഷ്ക്കരിക്കണം. കുളം നന്നാക്കുവാനും മത്സ്യത്തിനും വേണ്ടതീറ്റക്കും നല്ലതരം മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാനും വേണ്ട സഹായ പദ്ധതികളുണ്ടാവണം. മത്സ്യം വളർത്തുന്നതുകൊണ്ടുള്ള സാമ്പത്തിക നേട്ടം ജനങ്ങളെ ബോധ്യപ്പെടുത്തണം. കുളങ്ങളിലെ മത്സ്യകൃഷിക്ക് ചെറു സംഘങ്ങളായി സംഘടിപ്പിക്കുന്നതാണ് ഫലപ്രദം.മത്സ്യത്തെ സംരക്ഷിക്കുന്നതിനും അവ അന്യാധീനപ്പെട്ടു പോവാതിരിക്കാനും കൂട്ടായ മേൽനോട്ടം ഉണ്ടാവുന്നതാണ് നല്ലത്.

മത്സ്യകൃഷിക്കാർക്കും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുകയാണെങ്കിൽ തൊഴിലില്ലാത്തവരെ ഈ രംഗത്തേക്ക് കൊണ്ടുവരാൻ സാധിക്കും.

കടലോരമില്ലെങ്കിലും കടലോര പഞ്ചായത്തുകളോടടുത്തുകിടക്കുന്ന പഞ്ചായത്തായത് കൊണ്ട് ഈ പ്രദേശത്തെ കടലോര പഞ്ചായത്തായി അംഗീകരിക്കണം. കടൽമത്സ്യം വിറ്റഴിക്കുന്ന ധാരാളം മത്സ്യത്തൊഴിലാളികൾ ഈ പഞ്ചായത്തിലുണ്ട്. പുഴയിൽ നിന്നും കായലിൽ നിന്നും കുളത്തിൽ നിന്നും മത്സ്യം പിടിച്ചുപജീവനം കഴിക്കുന്നവരും ധാരാളമുണ്ട്. ഇവർക്കെല്ലാം കൊല്ലം തോറും ജോലിയില്ലാത്ത നിലയാണ് കാലാകാലമായുള്ളത്. മത്സ്യത്തൊഴിലാളി ക്ഷേമത്തിനു നൽകുന്ന എല്ലാ അനുകൂല്യങ്ങളും ഇവിടെ ഈ രംഗത്തുള്ളവർക്കും ലഭ്യമാക്കാനുള്ള സംവിധാനമുണ്ടാവണം. മത്സ്യം കേടുകൂടാതെ സൂക്ഷിച്ചു വിതരണം ചെയ്യാൻ കോൾഡ് സ്റ്റോറേജ് വേണം. ഒരു ടിൻ ഫിഷ് ഫാക്ടറിക്കും സാധ്യതയുണ്ട്.



# വ്യവസായം

വ്യവസായ മേഖലയിൽ നമ്മുടെ പഞ്ചായത്തിന് ഇക്കാലമെത്രയും കാര്യമായ നേട്ടങ്ങൾ ഒന്നും തന്നെ കൈവരിക്കാനായിട്ടില്ല. പൊതു മേഖലയിലോ സ്വകാര്യ മേഖലയിലോ വൻകിട വ്യവസായ യൂ.റിറ്റുകൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല.

ചെറുകിട മേഖലയിലെ 83 സ്വകാര്യ യൂണിറ്റുകളും മൂന്ന് കയർ വ്യവസായ സഹകരണ സംഘങ്ങളുമാണ് പ്രധാന വ്യവസായ യൂണിറ്റുകൾ. ഇതിൽ 58 എണ്ണം സ്മോൾ സർവ്വീസ് ആൻറ് ബിസിനസ് എൻറർപ്രൈസസ് യൂണിറ്റുകളും 25 എണ്ണം ചെറുകിട വ്യവസായ യൂണിറ്റുകളുമാണ്. 83 എണ്ണം വ്യവസായ വകുപ്പിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും ചെറുകിട വ്യവസായ മേഖലയിലും സർവ്വീസ് മേഖലയിലുമായി 65 എണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തനരംഗത്തുള്ളൂ.

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി 4884 പേർ ജോലി ചെയ്യുന്നു. പുരുഷൻമാർ 3666, സ്ത്രീകൾ 1218. ആകെ വ്യവസായ തൊഴിലാളികൾ 486 പേർ മാത്രമാണെന്ന വസ്തുത പഞ്ചായത്തിൻെറ വ്യവസായ രംഗത്തെ ദയനീയത വിളിച്ചോതുന്നു. വ്യവസായ മേഖലയിൽ പഞ്ചായത്തിന് പുറത്തു പോയി ജോലി ചെയ്യുന്നവർ വിരളമാണ്. ഖാദി മേഖലയിൽ യാതൊരു വ്യവസായവും നമ്മുടെ പഞ്ചായത്തിലില്ല. പരമ്പരാഗത മേഖലയിൽ പ്രധാനം കയർ വ്യവസായമാണ്. അതിൽ തന്നെ അഴുകിയ ചകിരി തുമ്പാക്കലും ചകിരി പിരിയും മാത്രമാണ്. വളരെ കുറഞ്ഞ കൂലി നിരക്കിൽ പ്രവർത്തിച്ചിട്ടും കയർ സഹകരണസംഘങ്ങൾ നഷ്ടത്തിലാണ് എന്ന വസ്തുത പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

ബീഡിവ്യവസായമേഖലയിൽ നല്ലൊരു വിഭാഗം സ്ത്രീ പുരുഷൻമാർ ഇവിടെ ജോലി ചെയ്തിരുന്നുവെങ്കിലും ഈ മേഖല ഇപ്പോൾ പാടെ തകർന്നിരിക്കുകയാണ്. 1960 കളിൽ തഴപ്പായ, കൊട്ട, മുറം, പനമ്പ് എന്നിവയുടെ നിർമ്മാണ രംഗത്ത് വളരെ പേർ ജോലി ചെയ്തിരുന്നു, അതും ഇപ്പോൾ അസ്തമിച്ചിരിക്കുയാണ്.

അംബേദ്ക്കർ കോളനിയിൽ സഹകരണാടിസ്ഥാനത്തിൽ റജിസ്ത്ര് ചെയ്ത ഹാൻറ്ലൂം വീവേർസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഉത്പ്പാദന രംഗത്തേക്ക് കടന്നു വന്നിട്ടില്ല. ഇത് മറ്റെന്തെങ്കിലും യൂണിറ്റാക്കി മാറ്റാൻ വ്യവസായ വകുപ്പിൽ നിന്ന് നിർദ്ദേശം കൊടുത്തതായിട്ടാണ് അറിയുന്നത്.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിലും ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക രണ്ടിലും വ്യവസായ സഹകരണസംഘങ്ങൾ പട്ടിക മൂന്നിലും പരമ്പരാഗത വ്യവസായം പട്ടിക നാലിലും ചേർത്തിരിക്കുന്നു.

## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

മൊത്തം തൊഴിൽ സേനയിൽ പുരുഷൻമാരുടെ ആധിപത്യം കാണാമെങ്കിലും പരമ്പരാഗത വ്യവസായമായ കയർ നിർമ്മാണ രംഗത്തും കെട്ടിട നിർമ്മാണ രംഗത്തും അധ്യാപക വൃത്തിയിലും സ്ത്രീകൾക്കാണ് പ്രാമുഖ്യം. മറ്റു തൊഴിൽ മേഖലയിൽ സ്ത്രീകളുടെ പങ്ക് തുലോം കുറവാണ്.

പട്ടിക 1

| ക്രമ നമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ | |
| 1 | കയർ (സഹകരണ മേഖല) | 41 | 39 | 80 | |
| 2 | കയർ (സ്വകാര്യ മേഖല ) | 15 | 60 | 75 | |
| 3 | പരമ്പരാഗത കുടിൽ വ്യവസായം, ബീഡി നിർമ്മാണം | 35 | 17 | 52 | |
| 4 | ചെറുകിട വ്യവസായങ്ങൾ | 172 | 40 | 212 | |
| 5 | ഭക്ഷ്യ സംസ്കരണം | 18 | 4 | 22 | |
| 6. | മറ്റു വ്യവസായങ്ങൾ | 40 | 5 | 45 | |
| | ആകെ | 321 | 165 | 486 | |

പട്ടിക 2

| | ഇനം | ആകെ വ്യവസായ ങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ |
| 1 | തടി വ്യവസായം | 6 | 24 | - | 24 |
| 2 | എഞ്ചിനീയറിങ്ങ് | 3 | 14 | - | 14 |
| 3 | കയർ (സ്വകാര്യം) | 3 | 15 | 60 | 75 |
| 4 | അച്ചടി | 3 | 9 | 3 | 12 |
| 5 | ഭക്ഷ്യ സംസ്കരണം | 4 | 18 | 4 | 22 |
| 6. | ഓയിൽ മില്ലുകൾ | 3 | 15 | 2 | 17 |
| 7 | അപ്പോൾസറി | 3 | 6 | - | 6 |
| 8 | റെഡിമെയ്ഡ് ഗാർമെൻറ്സ് | 3 | 9 | 30 | 39 |
| 9 | മറ്റുള്ളവ | 34 | 135 | 10 | 145 |
| | ആകെ | 62 | 345 | 109 | 354 |

## വ്യവസായ സഹകരണ സംഘങ്ങൾ

പട്ടിക 3

| ക്രമ നമ്പർ | ഇനം | മെമ്പർമാരുടെ എണ്ണം | തൊഴിലാളികളുടെ എണ്ണം | | | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|---|
| | | | പു. | സ്ത്രീ | ആകെ | |
| 1 | പുറങ്ങ് വടക്കേ പുറം കയർ സൊസൈറ്റി | 625 | 25 | 15 | 40 | നഷ്ടം |
| 2 | കാഞ്ഞിരമുക്ക് കയർ വ്യവസായ സൊസൈറ്റി | 448 | 8 | 13 | 21 | നഷ്ടം |
| 3 | പുറങ്ങ് കയർ വ്യവസായ സംഘം | 455 | 15 | 19 | 34 | നഷ്ടം |
| | ആകെ | | 41 | 39 | 80 | |

## പരമ്പരാഗത കുടിൽ വ്യവസായം

പട്ടിക 4

| ക്രമ നമ്പ്ര് | ഇനം | തൊഴിലാളികൾ | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1 | ബീഡി വ്യവസായം | 35 | 17 | 52 |

## പ്രശ്നങ്ങൾ

വ്യവസായത്തിനാവശ്യമായ വൈദ്യുതി, ഗതാഗതം തുടങ്ങി അടിസ്ഥാന സൗകര്യങ്ങൾ ഇന്നും നമ്മുടെ പഞ്ചായത്തിൽ പുരോഗതി പ്രാപിച്ചിട്ടില്ല. 7.87 ച.മൈൽ വിസതീർണ്ണവും 31329 വരുന്ന ജനസംഖയും 5000ത്തോളം വീടുകളുമുള്ള നമ്മുടെ പഞ്ചായത്തിൽ നിത്യോപയോഗ സാധനങ്ങളുടെ നല്ലൊരു വിപണിയായിട്ടും നമുക്കാവശ്യമായ ഉൽപ്പന്നങ്ങൾ നിർമിച്ചു വിൽക്കുന്ന ഒരു വ്യവസായ യൂണിറ്റു പോലും ഉയർന്നുവരാത്തത് ഗൗരവപൂർവ്വം കാണേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച് വ്യവസായ വളർച്ചക്കാവശ്യമായ ഏതാനും അനുകൂല ഘടകങ്ങളായ ഉയർന്ന സാക്ഷരത, ഉയർന്ന ആരോഗ്യ പരിരക്ഷ, ഉയർന്ന ഉപഭോഗ നിലവാരം, സുഖസൗകര്യങ്ങളോടു കൂടി ജീവിക്കാനുള്ള തൽപ്പരത എന്നിവയെല്ലാം ഉണ്ടെങ്കിലും വേണ്ടതോതിൽ വ്യവസായ വളർച്ച കൈവരിക്കാൻ കഴിയാതെ പോയത് താഴെ പറയുന്ന കാര്യങ്ങൾ കൊണ്ടാണ്.

1. സാങ്കേതിക പരിജ്ഞാനക്കുറവ്
2. സർക്കാർ ധനസഹായ സ്ഥാപനങ്ങളിൽ നിന്നും മറ്റും ധനസഹായം ലഭിക്കാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.
3. പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനികവൽക്കരണത്തിൻേറയും വൈവിധ്യവൽക്കരണത്തിൻേറയും യന്ത്രസാമഗ്രികളുടെയും അഭാവം.
4. വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കാനുള്ള സ്ഥല സൗകര്യത്തിൻെറ കുറവ്.
5. അടിസ്ഥാന സൗകര്യങ്ങളിൽ പെട്ട ഗതാഗതം, വൈദ്യുതി കണക്ഷൻ, വോൾട്ടത എന്നിവയുടെ പരിമിതി.
6. ഒരു വ്യവസായ സംരഭകന്ന് ആവശ്യമായി വേണ്ടുന്ന മാനസിക തയ്യാറെടുപ്പിൻെറ ശക്തമായ പ്രേരണയില്ലായ്മ.
7. വിദഗ്ദ തൊഴിലാളികളുടെ അപര്യാപ്തത.
8. വ്യവസായ സബ്സിഡി അർഹമാം വിധം ലഭിക്കായ്മ.
9. മുഖ്യ കാർഷികോൽപ്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.
10. വി പണന രംഗത്തെ വെല്ലു വിളികൾ.
11. തൊഴിലാളികളുടെ യാഥാർത്ഥ്യ ബോധമില്ലാത്ത സമീപനം.
12. സ്ഥിതി വിവരക്കണക്കുകളുടെ അഭാവം.
13. പദ്ധതികളും അനുയോജ്യമായ സ്കീമുകളും തിരഞ്ഞെടുക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അഭാവം.
14. കൂലി ഏകീകരണത്തിൻെറയും ബോധവൽക്കരണത്തിൻെറയും അഭാവം.
15. വിപണിക്കനുസൃതമായി ഉൽപ്പന്നങ്ങളുടെ ഗുണമേൻമ. രൂപകൽപ്പന, ഉൽപ്പാദനക്ഷമത എന്നിവയിൽ മാറ്റം വരുത്താനു കെൽപില്ലായ്മ.
16. സർക്കാർ ജോലിക്കു വേണ്ടിയുള്ള അഭിവാഞ്ജ.
17. സ്വയം തൊഴിൽ ചെയ്യാനുള്ള താൽപ്പര്യമില്ലായ്മ.
18. വ്യവസായ സംരംഭങ്ങൾക്കുതകുന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവം.
19. ഗൾഫ് മേഖലകളിലേക്ക് ചേക്കേറാനുള്ള അഭിനിവേശം.
20. വ്യാവസായിക സംരംഭങ്ങളിലും തൊഴിലാളികളിലും സ്ത്രീ പങ്കാളിത്തത്തിൻെറ അഭാവം.

വിവിധ തൊഴിൽ മേഖലയിൽ ഏകീകൃതമായ കൂലി നിരക്ക് നിലവിലില്ലെങ്കലും സമീപപ്രദേശങ്ങളെ അപേക്ഷിച്ച് സാമാന്യം ഭേദപ്പെട്ട കൂലി നമ്മുടെ പഞ്ചായത്തിലെ തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്.

## സാധ്യതകളും നിർദ്ദേശങ്ങളും

1. മുഖ്യ കാർഷിക വിളയായ നാളികേരം ഉപയോഗപ്പെടുത്തി ഒരു വ്യവസായ കോംപ്ലക്സ് സ്ഥാപിക്കുക.
2. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ പ്ലോട്ടു സ്ഥാപിക്കുകയും. ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.
3. പരമ്പരാഗത വ്യവസായങ്ങൾ നവീകരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്ക്കരിക്കുക.
4. സംരംഭകത്വ പരിശീലനം മെച്ചപ്പെടുത്തുക.
5. സഹകരണ മേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ തുടങ്ങുക.

6. പഞ്ചായത്തിൻെറ ലഭ്യമായ അസംസ്കൃത വസ്തുക്കൾ ഉപയോഗപ്പെടുത്തി വ്യവസായ വികസനത്തിന് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

7. ഗൾഫ് കുടിയേറ്റക്കാരെ വ്യവസായ രംഗത്ത് മുതൽ മുടക്കാൻ പ്രോത്സാഹിപ്പിക്കുക.

8. ഖാദി ബോർഡിൻേറയും മറ്റും സഹായത്താൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബുക്ക് ബൈൻറിങ്ങ്, അച്ചാർ നിർമ്മാണം, ഭക്ഷ്യ സംസ്കരണം, സോപ്പ്, മെഴുകുതിരി, കരകൗശല വസ്തുക്കൾ തുടങ്ങിയവയുടെ നിർമ്മാണ യൂണിറ്റുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആരംഭിക്കുക.

9. ആയുർവേദ ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.

10. ബിൽഡിങ്ങ് മെറ്റീരിയൽസ് നിർമ്മാണയൂണിറ്റ് ആരംഭിക്കുക.

11. വിപണന സാധ്യത കൂടുതലുള്ള ലതർ, പ്ലാസ്റ്റിക്, റെക്സിൻ എന്നിവ കൊണ്ടുള്ള ഉൽപ്പാദന യൂണിറ്റ് ആരംഭിക്കുവാൻ പരിജ്ഞാനവും പ്രോത്സാഹനവും നൽകുക.

12. വാഹനങ്ങൾക്കാവശ്യമായ റബ്ബറധിഷ്ഠിതമായ പാർട്സുകളുടെ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

13. ക്ഷീരവ്യവസായത്തെ പ്രോത്സാഹിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

14. വ്യവസായ വളർച്ചക്കാവശ്യമായ അന്തരീക്ഷം സൃഷ്ടിക്കാൻ വേണ്ടി വ്യവസായ വകുപ്പിൻേറയും വ്യവസായ രംഗത്തുള്ള സംഘടനകളുടേയും മറ്റു പൊതുമേഖല സ്ഥാപനങ്ങളുടേയും സഹകരത്തോടു കൂടി രണ്ടാഴ്ചയെങ്കിലും നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക മേള വർഷം തോറും പഞ്ചായത്തിൽ സംഘടിപ്പിക്കുക.

മേൽ പറഞ്ഞ പ്രശ്നങ്ങളുടേയും സാധ്യതകളുടേയും നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിൽ സ്കീമുകൾ പരിഗണിക്കുമ്പോൾ സഹായകമായ ഒരു പട്ടിക താഴെ കൊടുക്കുന്നു.

| വിഭാഗം | ക്രമ നമ്പ്ര് | ഇനം |
|---|---|---|
| ജനറൽ SSI | 1 | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| | 2 | യന്ത്രം ഉപയോഗിച്ച് പച്ച ചകിരി നാര് നിർമ്മാണം |
| | 3 | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| | 4 | ചവിട്ടി, ചൂടിപ്പടം, ചകിരിനാരിൻെറ കിടക്ക, തലയണ തുടങ്ങിയവ |
| | 5 | ചകിരിച്ചോറ് ഉപയോഗിച്ച് വളം |
| | 6 | തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണീച്ചറും |
| | 7 | ചിരട്ട പ്പൊടി |
| | 8 | തേങ്ങാ പൗഡറും ക്രീമും |
| | 9 | വെളിച്ചെണ്ണ |
| | 10 | കന്നുകാലിത്തീറ്റ |
| | 11 | തേങ്ങാ വെള്ള മുപയോഗിച്ച് ശീതള പാനീയങ്ങളും ആസവങ്ങളും. |
| | 12 | ചിരട്ടക്കരി |
| | 13 | ചിപ്സ് നിർമ്മാണം ( നേന്ത്രക്കായ, കപ്പ, ഉരുളക്കിഴങ്ങ്) |

പട്ടിക 4

| വിഭാഗം | നമ്പ്ര് | ഇനം |
| --- | --- | --- |
| ജനറൽ S SI (വനിത) | 1 | തെങ്ങ് , ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ കയിൻ ചട്ടുകം, സ്പൂൺ മുതലായ ഗൃഹോപകരണങ്ങൾ, ഐസ്ക്രീം കപ്പ്, കപ്പും സോസറും, ഹെയർ പിൻ, ക്ലിപ്പുകൾ തുടങ്ങിയ വസ്തുക്കൾ ഉണ്ടാക്കുന്ന യൂണിറ്റ് |
| | 2 | പഴ ജാമുകൾ : കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ..... |
| | 3 | അവിൽ നിർമ്മാണം |
| | 4 | ഫാൻസി ഫൈബർ (വാഴ നാര്, കൈതനാര്) |

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ പട്ടിക പ്പെടുത്തി താഴെ ചേർക്കുന്നു.

| വിഭാഗം | നമ്പർ | ഇനം |
| --- | --- | --- |
| ജനറൽ S S I | 1 | ശാസ്ത്രീയമായ കോഴിവളർത്തൽ |
| | 2 | ആധുനിക രീതിയിലുള്ള മരുന്ന് നിർമ്മാണം |
| | 3 | മരം ഫർണീച്ചർ |
| | 4 | ഹവായി ചെരുപ്പുകൾ |
| | 5 | അലൂമിനിയ പാത്രങ്ങൾ |
| | 6 | ഫാൻസി ലെതർ ഗുഡ്സ് |
| | 7 | സ്കൂൾ ബാഗ് |
| | 8 | പ്ലാസ്റ്റിക് ബട്ടൻസ് |
| | 9 | അലങ്കാര പണി ചെയത മരം കൊണ്ടുള്ള വീട്ടു പകരണങ്ങൾ |
| | 10 | ലിക്വുഡ് ഡിറ്റർജൻറ് |
| | 11 | ക്ലീനിങ്ങ് പൗഡർ |
| | 12 | ഓട്ടോ ഇലക്ട്രിക് ഷോപ്പ് |
| | 13 | ഇലക്ട്രിക് ജനറൽ വർക്ക് ഷോപ്പ് |
| | 14 | ജനറൽ എഞ്ചിനീയറിങ്ങ് |
| | 15 | ഇരു ചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ് |
| | 16 | ഇല ക്ട്രോണിക് ഫാൻ റെഗുലേറ്റർ |
| | 17 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം |
| | 18 | ഇലക്ട്രോണിക് ഓവർ ലോഡ് കട്ട് ഓഫ് സ്റ്റപ്പപ്പു നിർമ്മാണം |

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| ജനറൽ S S I | 19 | എമർജൻസി ലാമ്പു നിർമ്മാണം |
| | 20 | സ്വിച്ച് ബോർഡ് നിർമ്മാണം |
| | 21 | സിന്തറ്റിക് വിനാഗിരി |
| | 22 | ചെരുപ്പുകൾ ഷൂസുകൾ എന്നിവയുടെ നിർമ്മാണം |
| | 23 | സ്വർണ്ണം, വെള്ളി ആഭരണങ്ങളുടെ നിർമ്മാണം |
| വനിത | 1 | ഉന്നത നിലവാരമുള്ള റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 2 | അലക്കു സോപ്പ് |
| | 3 | സോപ്പു പൊടി നിർമ്മാണം |
| | 4 | പേപ്പർ കവർ നിർമ്മാണം |
| സഹകരണം (വനിത) | 1 | കുട, നോട്ടു ബുക്ക് നിർമ്മാണം |
| | 2 | ബാഗ്, റെയിൻ കോട്ട് മുതലായ റെക്സിൻ ഉൽപ്പന്നങ്ങൾ |
| | 3 | കറി പൗഡർ |
| | 4 | കരിങ്കല്ലുടച്ച് ജില്ലിയാക്കൽ |
| സഹകരണം (ജനറൽ) | 1 | സിമൻറ് കൊണ്ടുള്ള ജനാല, കട്ടില, വെൻറിലേറ്റർ തുടങ്ങിയവ |
| | 2 | സ്റ്റീൽ ഫർണീച്ചർ |
| | 3 | പവർ ലൂം തുണി നിർമ്മാണം |
| | 4 | ഇഷ്ടിക നിർമ്മാണം |
| | 5 | നെയ്ത്ത് |
| | 6 | പഠന സാമഗ്രികളും ലാബോറട്ടറി ഉപകരണങ്ങളും |
| | 7 | സോളാർലൈറ്റുകൾക്കുള്ള പ്ലൈറ്റ്സും അനുബന്ധ ഉപകരണങ്ങളും |
| സഹകരണം (പട്ടിക ജാതി) | 1 | കൂൺകൃഷി |
| | 2 | സിമൻറ് ഇഷ്ടിക നിർമ്മാണം |
| | 3 | റെഡിമെയ്ഡ് വസ്ത്രങ്ങൾ |
| | 4 | കിടക്ക നിർമ്മാണം |

കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനം നൽകുന്ന ഒരു തൊഴിലാണ് സെറി കൾച്ചർ (പട്ടു നൂൽ പുഴു വളർത്തൽ) ഒരേക്ര സ്ഥലത്തു നിന്ന് ഇതിൻെറ വിവിധ ഘട്ടങ്ങളിൽ 5 പേർക്ക് തൊഴിൽ ലഭിക്കും

1995 ഒക്ടോബറിൽ സഹകരണ മേഖല യിൽ പ്രവർത്തനമാരംഭിച്ച ഒരു സ്ഥാപനമാണ് കേരള സംസ്ഥാന സെറികൾച്ചർ സഹകരണ സംഘം എന്ന സെറിഫസ്. മൾബറി കൃഷിമുതൽ പട്ടുതുണിത്തരങ്ങളുടെ ഉൽപ്പാദനം വരെ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു. 50 സെൻറ് സ്ഥലമുള്ള ഏതൊരാൾക്കും സെറികൾച്ചർ തുടങ്ങാം.

## ജില്ലാ സെറിഫെ് നൽകുന്ന സഹായങ്ങൾ

കർഷകർക്ക് സൗജന്യമായി മൾബറി വിത്തുകൾ നൽകുന്നു.

2. 250 ക സ്റ്റൈപ്പൻേറാടുകൂടി ഒരുമാസത്തെ സെറി കൾച്ചർ പരിശീലനം നൽകുന്നു.

3. പട്ടുനൂൽ പുഴു വളർത്തുന്നതിനുവേണ്ടിയുള്ള ഷെഡ്ഢ് നിർമ്മാണത്തിന് 3000 ക സബ്സിഡി.

പട്ടുനൂൽ പുഴു വളർത്തുന്ന ഉപകരണങ്ങൾക്ക് 2000 ക സബ്സിഡി.

4. മാതൃകാ തോട്ടമായി അംഗീകരിക്കുന്ന കൃഷി സ്ഥലത്തിന് 500 ക വീതം 5 വർഷത്തെ ധന സഹായം

5. കൃഷിക്കാർ ഉൽപ്പാദിപ്പിക്കുന്ന കൊക്കൂൺ ജില്ലാ ഓഫീസുകളിൽ ശേഖരിക്കുന്നു. ഒരു കിലോ കൊക്കൂണിന് 100 രൂപ താങ്ങു വില. ഒരുകിലോ കൊക്കൂണിന് 5 രൂപ സബ്സിഡി.

മേൽ പറഞ്ഞ സാദ്ധ്യതകളും നിർദ്ദേശങ്ങളും ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാ ക്രമം നിശ്ചയിച്ച് പ്രാവർത്തികമാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് അദ്ഭുത പൂർവ്വമായ അഭിവൃദ്ധി ഉണ്ടാക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ നമുക്ക് തന്നെ ലഭ്യമാക്കാനും, എന്തിനും അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതി വിശേഷം ഒഴിവാക്കാനും കഴിയും. നമ്മുടെ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു വിഭാഗം തൊഴിൽ രഹിതർക്ക് തൊഴിൽ ലഭ്യമാക്കാനും കഴിയും പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുവാനും നമ്മുടെ ആളോഹരി വരുമാനം വർദ്ധിപ്പിക്കാനും ഒരു പരിധിവരെ പ്രയോജനപ്പെടും. ജനങ്ങളുടെ സാമൂഹ്യ, സാമ്പത്തിക, സാംസ്ക്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹ്യ ജീവിത ക്രമവും അനുഭവങ്ങളും വികസന സാക്ഷരതയും വളർന്നു വരാൻ പാശ്ചാത്തലമൊരുക്കുകയും ചെയ്യും.

147

5-4



# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് മലപ്പുറം ജില്ലയിൽ ഏറെക്കുറെ മുന്നിട്ടു നിൽക്കുന്ന പ്രദേശമാണ് മാറഞ്ചേരി ഗ്രാമ പഞ്ചായത്ത്. പഴയ ഓത്തു പള്ളികളും എഴുത്തു പള്ളികളുമാണ് ഈ പഞ്ചായത്തിലെ സ്വകാര്യ സർക്കാർ വിദ്യാലയങ്ങളുടെ ഉറവിടങ്ങൾ. മാറഞ്ചേരിയിലെ ആദ്യത്തെ വിദ്യാലയം ഇപ്പോൾ കാത്തലിക് സിറിയൻ ബാങ്ക് നിൽക്കുന്ന സ്ഥലത്ത് ആന്തൂര് ഏന്തീൻ കുട്ടി മാസ്റ്റർ സ്ഥാപിച്ച ലോവർ എലമെൻററി സ്കൂൾ ആയിരുന്നു. ആ സ്ഥാപനം എന്നോ നാമാവശേഷമായി. അക്കാലത്ത് നടന്നിരുന്ന സ്കൂളുകൾ രാവും പകലും പ്രവർത്തിച്ചിരുന്നു. രാത്രി ഷിഫ്ടിന് 'നൈറ്റ് സ്കൂൾ' എന്നായിരുന്നു പേര്. അന്ന് മലബാർ ജില്ലയിൽ നിലവിലുണ്ടായിരുന്ന താലൂക്ക് ബോർഡുകൾ സ്കൂളുണ്ടാക്കാൻ മുൻകൈയ്യെടുത്തു. 1918 മുതൽക്കാണ് സ്ഥിരമായ വിദ്യാലയങ്ങൾ ഉടലെടുത്തത്. 1918 ജൂണിലാണ് എം.യു.മദ്രസ്സാ എൽ.പി.സ്കൂൾ ഇന്നു കാണുന്ന സ്ഥലത്ത് സ്ഥാപിച്ചത്. ഇ. മൊയ്തു മൗലവിയുടെ അനുജനായ എളേടത്ത് അബ്ദു മാസ്റ്ററായിരുന്നു ഈ സ്കൂളിൻെറ സ്ഥാപകനും മാനേജറും പ്രധാന അധ്യാപകനും. അതേ കാലത്തു തന്നെ മലബാർ ഡിസ്ട്രിക് ബോർഡ് ഒരു ലോവർ എലമെൻററി സ്കൂൾ സ്ഥാപിച്ചു. അതാണ് ഇന്നത്തെ മാറഞ്ചേരി ഗവൺമെൻറ് ഹൈസ്ക്കൂളായി ഉയർന്നത്. തെക്കേകര അപ്പു എന്ന കറപ്പൻ മാസ്റ്ററാണ് പഞ്ചായത്തിലെ ആദ്യത്തെ ഹയർ എലിമെൻററി സ്കൂൾ പനമ്പാട് സ്ഥാപിച്ചത്. അതേ കാലത്തു തന്നെ കാഞ്ഞിരമുക്കിൽ ശങ്കരൻകുട്ടി മേനോൻെറ പറമ്പിലും, പുറങ്ങിൽ ചെറായി പണിക്കൻമാരുടെ കോക്കാമ്പറമ്പിലും ഉണ്ടായിരുന്ന എഴുത്തുപള്ളികളുടെ സ്ഥാനത്ത് ജില്ലാ ബോർഡ് സ്ഥാപിച്ച സ്കൂളുകളാണ് കാഞ്ഞിരമുക്ക് ജി.എൽ.പി.സ്കൂളും, പുറങ്ങ് ജി.എൽ.പി.സ്കൂളും. റൗളത്തുൽ ഉലും (വിജ്ഞാനത്തിൻെറ പൂന്തോട്ടം) എന്ന പേരിൽ പ്രശസ്തമായ നിലയിൽ ഒരു ഹയർ എലമെൻററി സ്കൂൾ വി. പോക്കു സാഹിബ് പനമ്പാട് സ്കൂളിന് നേരെ പടിഞ്ഞാറ് വശത്ത് സ്ഥാപിച്ചിരുന്നു. അല്പകാലത്തിനുള്ളിൽ ഇത് നാമാവശേഷമായി. ഇന്ന് പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂളും രണ്ട് യു.പി.സ്കൂളുമുൾപ്പടെ 13 വിദ്യാലയങ്ങളുണ്ട്, എങ്കിലും ഇന്ന് മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ എൽ.പി., യു.പി., ഹൈസ്ക്കൂൾ തലങ്ങളിൽ വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യങ്ങൾ അപര്യാപ്തമായിട്ടാണിരിക്കുന്നത്. പഞ്ചായത്തിലെ മൊത്തം സ്കൂളുകളിൽ 6187 കുട്ടികൾ പഠിക്കുന്നുണ്ട്. ഏകദേശം 200 അധ്യാപകർ പഠിപ്പിക്കുന്നു. ഇതിന് പുറമെ രണ്ട് ട്യൂട്ടോറിയൽ കോളേജുകളും മൂന്ന് ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ടുകളും 28 അംഗണവാടികളുമുൾപ്പടെ 32 പ്രീ-പ്രൈമറി സ്ഥാപനങ്ങളും പഞ്ചായത്തിലുണ്ട്. ഉന്നത സാങ്കേതിക-പ്രൊഫഷണൽ വിദ്യാഭ്യാസ രംഗത്ത് പഠിക്കുന്നവർ ഈ പഞ്ചായത്തിൽ വിരളമാണ്.

പഞ്ചായത്തിൽ നിലവിലുള്ള വിദ്യാലയങ്ങളെ കുറിച്ചും വിദ്യാർത്ഥികളെ കുറിച്ചും അധ്യാപകരെ കുറിച്ചും പട്ടിക-എ യിൽ നിന്ന് മനസ്സിലാക്കാം.

# വിദ്യാലയങ്ങളുടെ വിവരങ്ങൾ

പട്ടിക - എ

| ക്രമ നമ്പർ | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | ആകെകുട്ടികൾ | | | SC/ST കുട്ടികൾ | | | അധ്യാപകർ | | | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 1 | P.N.U.P.S. കാഞ്ഞിരമുക്ക് | എയ്ഡഡ് | 557 | 561 | 1118 | 49 | 39 | 88 | 7 | 25 | 32 | |
| 2 | A.M.L.P.S. കാരക്കാട് | എയ്ഡഡ് | 69 | 77 | 146 | 3 | - | 3 | 1 | 5 | 6 | |
| 3 | G.L.P.S. പുറങ്ങ് | ഗവൺമെൻറ് | 206 | 162 | 368 | - | - | - | 6 | 3 | 9 | വാടക കെട്ടിടം |
| 4 | G.L.P.S. കാഞ്ഞിരമുക്ക് | ഗവൺമെൻറ് | 73 | 62 | 135 | 5 | 4 | 9 | 3 | 3 | 6 | വാടക കെട്ടിടം |
| 5 | A.U.P. S പനമ്പാട് | എയ്ഡഡ് | 430 | 450 | 880 | 24 | 19 | 43 | 9 | 19 | 28 | |
| 6 | M.U.M.L.P.S.മാറഞ്ചേരി | എയ്ഡഡ് | 146 | 138 | 284 | 2 | 4 | 6 | 1 | 9 | 10 | |
| 7 | G.H.S. മാറഞ്ചേരി | ഗവൺമെൻറ് | 1103 | 996 | 2099 | 71 | 59 | 130 | | | 67 | |
| 8 | AZHAR L.P.S. മാറഞ്ചേരി | അൺ എയ്ഡഡ് | 80 | 49 | 129 | - | - | - | 1 | 4 | 5 | ഇംഗ്ലീഷ് മീഡിയം |
| 9 | A.M.L.P.S. വടമുക്ക് | എയ്ഡഡ് | 120 | 108 | 228 | 14 | 14 | 28 | 1 | 7 | 8 | |
| 10 | A.M.L.P.S. താമലശ്ശേരി | എയ്ഡഡ് | 71 | 73 | 144 | - | - | - | 2 | 4 | 6 | |
| 11 | A.M.L.P.S. പരിച്ചകം | എയ്ഡഡ് | 121 | 130 | 251 | 2 | 3 | 5 | 2 | 8 | 10 | |
| 12 | A.M.L.P.S. പനമ്പാട് വെസ്റ്റ് | എയ്ഡഡ് | 95 | 99 | 194 | 3 | 2 | 5 | 1 | 6 | 7 | |
| 13 | A.L.P.S. പുറങ്ങ് | എയ്ഡഡ് | 107 | 104 | 211 | - | - | - | - | 6 | 6 | |
| | | ആകെ | 3178 | 3009 | 6187 | 173 | 144 | 317 | | | 200 | |

പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ മാറഞ്ചേരി G.H.S ലെയും
മറ്റു പ്രൈമറി വിദ്യാലയങ്ങളിലേയും ഭൗതിക സാഹചര്യം തൃപ്തികരമല്ല
പട്ടിക"B" നോക്കുക

പട്ടിക"B"

## വിദ്യാലയങ്ങളിലെ സൗകര്യങ്ങൾ

| ക്രമ നമ്പർ | വിദ്യാലയത്തിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളി സ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | P.N.U.P.S. കാഞ്ഞിരമുക്ക് | NA | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 2 | A.M.L.P.S. കാരക്കാട് | NA | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | G.L.P.S. പുറങ്ങ് | 20 സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 4 | G.L.P.S. കാഞ്ഞിരമുക്ക് | 51.13 സെൻറ് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 5 | A.U.P.S. പനമ്പാട് | 2 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6 | M.U.M.L.P.S.മാറഞ്ചേരി | 25 സെൻറ് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 7 | G.H.S. മാറഞ്ചേരി | 83 സെൻറ് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് |
| 8 | AZHAR L.P.S. മാറഞ്ചേരി | 1 ഏക്കർ | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 9 | A.M.L.P.S. വടമുക്ക് | 1 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| 10 | A.M.L.P.S. താമലശ്ശേരി | 9 സെൻറ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | A.M.L.P.S. പരിച്ചകം | 1.5 ഏക്കർ | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 12 | A.M.L.P.S. പനമ്പാട് വെസ്റ്റ് | 1 ഏക്കർ | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 13 | A.L.P.S. പുറങ്ങ് | 1ഏക്കർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |



149

പഞ്ചായത്തിലെ മൊത്തം പ്രൈമറി സ്കൂളുകളിലെ 3,4 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളിൽ പകുതിയോളം പ്രതീക്ഷിച്ച മിനിമം നിലവാരത്തിലും താഴെയാണ് (പട്ടിക ശ്രദ്ധിക്കുക)

പട്ടിക C

**3 , 4 ക്ലാസുകളിലെ ഗുണ നിലവാരം മാർക്കിൻെറ അടിസ്ഥാനത്തിൽ.**

| ക്ലാസ് | കുട്ടികളുടെ എണ്ണം | 40 മാർക്കിൽ താഴെ | 40 - 50 | 50 - 60 | 60 ന് മുകളിൽ |
|---|---|---|---|---|---|
| 3 | 626 | 311 | 152 | 96 | 67 |
| 4 | 649 | 308 | 161 | 119 | 61 |
| ആകെ | 1275 | 619 | 313 | 215 | 128 |
| ശതമാനം | 100% | 48% | 25% | 17% | 10% |

പഞ്ചായത്തിലെ ഏക ഹൈസ്കൂളായ മാറഞ്ചേരി G.H.S ലെ കഴിഞ്ഞ 5 വർഷത്തെ S.S.L.C. വിജയ നിരക്ക് പരിശോധിച്ചപ്പോൾ വിജയ ശതമാനം സംസ്ഥാന ശരാശരിയേക്കാൾ താഴെയായാണ് കാണുന്നത്.

പട്ടിക D നോക്കുക.

പട്ടിക D

**മാറഞ്ചേരി ഹൈസ്കൂളിലെ S.S.L.C. വിജയ നിരക്ക്**

| വർഷം | കുട്ടികളുടെ എണ്ണം | വിജയിച്ചവർ (മാർക്കിൻെറ അടിസ്ഥാനത്തിൽ) | | | | | ശതമാനം |
|---|---|---|---|---|---|---|---|
| | | 210-300 | 300-360 | 360-480 | 480 ന് മുകളിൽ | ആകെ | |
| 1991-92 | 306 | - | - | - | - | 37 | 12.12 |
| 1992-93 | 482 | - | - | - | - | 63 | 13.07 |
| 1993-94 | 405 | 48 | 4 | 3 | 2 | 57 | 14.07 |
| 1994-95 | 407 | 32 | 11 | 6 | 1 | 51 | 12.53 |
| 1995-96 | 376 | 33 | 5 | 9 | - | 47 | 12.50 |

## PTA, MTA പങ്കാളിത്തം

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കുക, പഠനനിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുക, അധ്യാപകരും രക്ഷിതാക്കളും തമ്മിൽ ആരോഗ്യപരമായ സൗഹൃദബന്ധം സ്ഥാപിക്കുക, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ ഭാഗഭാക്കുകളാകുക, തുടങ്ങിയ ലക്ഷ്യങ്ങളോടെ സ്ഥാപിതമായ പി.ടി.എ., എം.ടി.എ., സ്കൂൾ വികസന സമിതികൾ എന്നിവ ഈ പഞ്ചായത്തിലെ മിക്ക വിദ്യാലയങ്ങളിലും കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് പറയാനാവില്ല.

പല വിദ്യാലയങ്ങളും മാനേജ്മെൻറ് സ്കൂളുകളായിട്ടുപോലും, ഇല്ലായ്മയിൽ കഴിയേണ്ടി വരുന്ന അവസ്ഥ സൃഷ്ടിച്ചതും, വിദ്യാലയങ്ങളിലെ പഠന നിലവാരത്തിലും പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും മോശമായ അവസ്ഥ സംജാതമായതും പ്രസ്തുത സമിതികളുടെ സജീവമായ പങ്കാളിത്തക്കുറവിനാലാണ്.

പല സ്കൂളുകളിലേയും പി.ടി.എ. യുടെ പങ്കാളിത്തം ഉച്ചക്കഞ്ഞിവിതരണത്തിലെ സാമ്പത്തിക സഹായത്തിൽ പരിമിതമാണ്. ഈ നില മാറ്റി സ്കൂളുകളുടെ പുരോഗതിക്കും അഭിവൃദ്ധിക്കും വേണ്ടി സദാ പ്രവർത്തനനിരതമാവേണ്ട പി.ടി.എ, എം.ടി.എ, വികസന സമിതികൾ പഞ്ചായത്തിൽ ഉണ്ടാവേണ്ടത് വിദ്യാഭ്യാസത്തിൻെറ ഉയർച്ചക്ക് അനിവാര്യമാണെന്ന് ബോധ്യപ്പെട്ടിരിക്കുന്നു.

## ഇല്ലായ്മയുടെ നടുവിൽ ഒരു ഹൈസ്കൂൾ

വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്ന സാധാരണക്കാരുടേയും, ദുർബല വിഭാഗങ്ങളുടേയും കുട്ടികളുടെ, ഹൈസ്കൂൾവിദ്യാഭ്യാസത്തിനുള്ള പഞ്ചായത്തിലെ ഏകസ്ഥാപനമായ മാറഞ്ചേരി ഗവ:ഹൈസ്കൂൾ 1974 സെപ്തംബർ 9-നാണ് ആരംഭിച്ചത്.

83 സെൻറിൽ പ്രവർത്തിച്ചിരുന്ന സർക്കാർ യു.പി സ്കൂൾ, 4.17 ഏക്കർ സ്ഥലം അക്വയർ ചെയ്യാൻ അന്ന് സർക്കാർ നിർദ്ദേശിച്ച വിലയായ 21700 രൂപ പൊന്നാനി സബ്ട്രഷറിയിൽ അടക്കുന്നതിന് പുറമേ 6 ക്ലാസ് മുറികളുള്ള കെട്ടിടവും, ആവശ്യമായ ഫർണീച്ചറുകളും സ്കൂൾ സ്പോൺസറിംഗ് കമ്മറ്റി നല്കണമെന്ന സർക്കാർ വ്യവസ്ഥ പാലിച്ചപ്പോഴാണ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്.

2300-ഓളം കുട്ടികൾ പഠിക്കുന്ന പ്രീ-പ്രൈമറിതലം മുതൽ 10-ാംതരം വരെയുള്ള ഈ വിദ്യാലയത്തിൽ ഇന്ന് കാണുന്ന പലകെട്ടിടങ്ങളും, ഫർണിച്ചറുകളും നാട്ടിലും മറുനാട്ടിലുമുള്ളവരുടെ സഹായത്തോടെ പി.ടി.എ കമ്മിറ്റി സംഘടിപ്പിച്ചതാണ് . ഇപ്പോൾ ഹൈസ്കൂൾ 23 സ്ഥിരം ക്ലാസ് മുറികളിലും, 6 ക്ലാസ് മുറികളുള്ള ഓല ഷെഡിലുമാണ് പ്രവർത്തിക്കുന്നത്.

1994 ൽ ഒരു ലക്ഷം രൂപ ചെലവിൽ രണ്ട് ക്ലാസ്മുറികൾ മാറഞ്ചേരി സ്വദേശിയായ പുക്കയിൽ മുസ്തഫയും, 95 ൽ 2, 25000 ൽ പരം രൂപ ചെലവാക്കി മാറഞ്ചേരി സാധു മുസ്ലിം സംരക്ഷണസമിതി (അബുദാബി) 2 ക്ലാസ്മുറികളുള്ള ഒരു കോൺക്രീറ്റ് കെട്ടിടവും നിർമ്മിച്ചു നല്കിയതും പി.ടി.എ. യുടെ ശ്രമഫലമാണ്.

സ്കൂളിലേക്ക് ആവശ്യമായ ഫർണീച്ചർ ഉണ്ടാക്കുക, അറ്റകുറ്റപ്പണികൾ നടത്തുക, ഉച്ചക്കഞ്ഞിവിതരണച്ചെലവുകൾ നിർവഹിക്കുക, വൈദ്യുതി ബിൽ അടക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്നതിനു പുറമേ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ ടാങ്കും, ടാപ്പും സ്ഥാപിച്ചതും പി.ടി.എ യാണ്.

ഡി.പി.ഇ.പി. പ്രകാരം ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക മൂത്രപ്പുരയും കക്കൂസും അഞ്ച് ഇടച്ചുമരും മൂന്ന് ക്ലാസ്മുറികൾ എന്നിവ ലഭ്യമായത് പി.ടി.എ യുടെ പ്രവർത്തനഫലമാണ്. ഈ ആവശ്യാർത്ഥം 68000 രൂപക്കാണ് പി.ടി.എ സ്ഥലം വാങ്ങി സ്കൂളിന് ഉപയോഗപ്പെടുത്തിയത്.

സ്കൂളിൻെറ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കാൻ താഴെപറയുന്ന കാര്യങ്ങൾ പരിഗണനാർഹമാണ്.

1. കളിസ്ഥലം
2. പൊതുയോഗങ്ങളും ചർച്ചകളും നടത്താനാവശ്യമായ ഹാൾ.
3. ലൈബ്രറി, ലാബ് എന്നിവ സജ്ജീകരിക്കാനുള്ള കെട്ടിടം
4. മുൻസർക്കാറിൻെറ Go Rt 448/95 dt 6-2-95-ാം നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച 24.5 ലക്ഷം രൂപയുടെ 18 ക്ലാസ്മുറി കളുള്ള 3 നില കെട്ടിടത്തിന് പ്രത്യേകാനുമതിയും (SS) സാങ്കേതികാനുമതിയും (TS) ഇപ്പോഴത്തെ സർ ക്കാറിൽ നിന്നും ലഭ്യമാക്കുക.
5. അക്വയർ ചെയ്യാൻ പാകത്തിൽ ഇപ്പോൾ സ്കൂൾ പരിസരത്തുള്ള 1.22 ഏക്കർ സ്ഥലം അക്വയർ ചെയ്യുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്ത് ജനറൽ എഡ്യുക്കേഷൻ എം-3 ൽ കിടക്കുന്ന ഫയൽ പ്രകാരം ആവശ്യമായ സംഖ്യ ബജറ്റിൽ വകയിരുത്തി സർക്കാർ അടിയന്തിരമായി സ്ഥലം അക്വയർ ചെയ്യുക

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ പഠനവിധേയമാക്കിയപ്പോൾ പഞ്ചായത്തിൽ വിദ്യാഭ്യാസ രംഗത്ത് നിലനിൽ

ക്കുന്ന പ്രശനങ്ങൾ പലതാണ്.

## പ്രശ്നങ്ങൾ.

1. പ്രൈമറി സ്കൂളിലെ പകുതിയോളം വിദ്യാർത്ഥികൾ പ്രതീക്ഷിക്കുന്ന ആവശ്യ നിലവാരത്തിലും താഴെയാണ്.

2. പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ അപര്യാപ്തമാണ്

3. പഞ്ചായത്തിലെ രണ്ട് ഗവൺമെൻറ് എൽ.പി സ്കൂളുകൾ വാടക കെട്ടിടത്തിലായതിനാൽ ഗവൺമെൻറിൻെറ നൂതന ആനുകൂല്യങ്ങൾ ഈ സ്കൂളുകൾക്ക് ലഭ്യമല്ല.

4. പഞ്ചായത്തിലെ വിദ്യാർത്ഥികളു ടെ പഠന നിലവാര തകർച്ചയും മെച്ചപ്പെട്ട വിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ പ്രവാഹവും, പഞ്ചായത്തിലെ സ്കൂളിൽ കുട്ടികളുടെ എണ്ണവും, ഡിവിഷനും കുറയാൻ കാരണമായിട്ടുണ്ട്.

5. പ്രാഥമിക വിദ്യാലയങ്ങളിൽ ഭൂരിഭാഗവും സ്വകാര്യ മേനേജ്മെൻറിന് കീഴിലായതുകൊണ്ട് ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഇടപെടാൻ സാധിക്കുന്നില്ല.

6. മാറഞ്ചേരി ഗവൺമെൻറ് ഹൈസ്ക്കൂളിലെ ഷിഫ്റ്റ് സംമ്പ്രദായം പഠന നിലവാരത്തേയും S.S.L.C. വിജയ ശതമാനത്തേയും കാര്യമായി ബാധിച്ചിട്ടുണ്ട്.

7. പുറങ്ങ് . കാരക്കാട്, കുണ്ടുകടവ് എന്നിവിടങ്ങളിലെ L.P. സ്കൂളുകളിൽ നിന്ന് വിജയിക്കുന്ന കുട്ടികൾക്ക് ഉപരി പഠനത്തിനായി അഞ്ചിൽ കൂടുതൽ കിലോമീറ്റർ യാത്ര ചെയ്യേണ്ടതുള്ളതു കൊണ്ട് പലരും പഠനം നിർത്തുന്നു.

8. ഹൈസ്ക്കൂളിലെ പഠിപ്പ് മുടക്ക് സമരങ്ങൾ അദ്ധ്യയന ദിനങ്ങൾ നഷ്ടപ്പെടുത്തുന്നു.

9. സർക്കാർ സ്കൂളുകളിൽ യഥാസമയം അധ്യാപകരെ നിയമിക്കാത്തത് പഠന നിലവാരത്തെ ബാധിക്കുന്നു.

10. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾ ക്ലാസ് ബഹിഷകരിച്ച് മറ്റ് അനാശാസ്യ പ്രവർത്തനങ്ങളിലേക്ക് നീങ്ങുന്നു.

11. ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങളിൽ കുട്ടികൾ പിന്നോക്കം നിൽക്കുന്നു.

12. പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

13 സാങ്കേതിക തൊഴിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

14. പാഠ്യേതര രംഗത്ത് ജില്ലാതലത്തിലും സംസ്ഥാന തലത്തിലും പ്രാതിനിധ്യം തീരെ ഇല്ല.

15. വർഷക്കാലങ്ങളിലെ യാത്രാ ദുരിതം പഞ്ചായത്തിലെ അംബേദ്ക്കർ കോളനിയിലെ ഭൂരിഭാഗം പട്ടികജാതി വിദ്യാർത്ഥികളുടേയും പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.

16. വിദ്യാർത്ഥികളിൽ സേവന സംസ്കാരവും പ്രവൃത്തി പരിചയവും വർദ്ധിപ്പിക്കുവാൻ കാര്യമായ പ്രവർത്തനങ്ങളൊന്നും വിദ്യാലയ ങ്ങളിൽ നടക്കുന്നില്ല.

17. അനൗപചാരിക വിദ്യാഭ്യാസ ഏജൻസികളുടെയും ജനവിദ്യാ കേന്ദ്രങ്ങളുടെയും പ്രവർത്തനം ആസൂത്രിതവും കാര്യക്ഷമവുമല്ല.

18. എസ്. എസ്. എൽ.സി. പഠനത്തിനു ശേഷം ഉപരിപഠനത്തിനായുള്ള യാതൊരു സാദ്ധ്യതയും പഞ്ചായത്തിലില്ല.

## നിർദ്ദേശങ്ങളും സാധ്യതകളും

1. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലക്സും, ജനകീയമോണിറ്ററി സമിതിയും.

2. പഞ്ചായത്തിലെ സ്കൂളുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്താൻ ആസൂത്രിത പരിപാടികളും, പഞ്ചായത്തിലെ നല്ലസ്കൂൾ കണ്ടെത്തലും

3. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളായ മാറഞ്ചേരി ഗവ: ഹൈസ്ക്കൂളിൽ പ്ലസ്ടു.

4. തൊഴിലിനോട് അഭിമുഖ്യം വളർത്തുന്നതിന് തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകൽ.

5. പഞ്ചായത്തിലെ 2, 3, 4, 11, 12 എന്നീ വാർഡുകളിലേയും, 8,9,10 എന്നീ വാർഡുകളിലേയും എൽ. പി.സ്കൂളുകളിൽ നിന്ന് നാലാം തരം പാസ്സായി വരുന്ന കുട്ടികളുടെ പഠന സൗകര്യത്തിന് അനുയോജ്യമായ സ്ഥലത്ത് യു. പി. സ്കൂളുകൾ.

6. അധ്യാപകർക്ക് കലോചിതമായ പരിശീലനങ്ങൾ

7. പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂളുകളിൽ സാഹിത്യ സമാജം, സ്കൗട്ട്സ് ആൻറ് ഗൈഡ്, സയൻസ് ക്ലബ്ബുകൾ തുടങ്ങിയവ സജീവമാക്കൽ.

8. പി. ടി. എ യുടേയും, എം.ടി.എ. യുടേയും പങ്കാളിത്തം സജീവമാക്കൽ.

9. എസ്. എസ്. എൽ.സി. വിജയയശതമാനം വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻ കൈ എടുത്ത് കോച്ചിംഗ് സെൻററുകൾ.

10. സ്കൂൾ റിസോഴ്സ് ഗ്രൂപ്പും, സ്കൂൾ ശുചീകരണ സമിതിയും സജീവമാക്കൽ.

## കുടിവെള്ളം

ആരോഗ്യ പുരോഗതിയുടെ മുഖ്യ സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിൻെറ ലഭ്യതയും ഗുണ നിലവാരവും. പഞ്ചായത്തിൻെറ വികസന പ്രവർത്ത്നങ്ങളിൽ അതു പ്രധാനമായി പരിഗണി ക്കേണ്ടതുണ്ട്. പുഴയോര പ്രദേശങ്ങളിൽ താമസി ക്കുന്നവർക്ക് കുടിക്കാനുള്ള ശുദ്ധ ജലം ഒരു കിട്ടാക്കനിയാണ്. ഈ പ്രദേശത്തുകാർ കാലാകാ ലങ്ങളായി മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നവും ഇതു തന്നെയാണ്. ഈ പ്രശ്നം വളരെ രൂക്ഷമായിട്ടുള്ളത് ബിയ്യം കായലിൻേറയും കനോ ലി കനാലിൻേറയും തീരപ്രദേശമായ 2, 3, , 12 എന്നീ വാർഡുകളിയത്തിൻെറ ഉയർന്ന പ്രദേശമായ എട്ടാം വാർഡിൽ വേനൽ കാലത്ത് തീർത്തും വറ്റിപ്പോകുന്ന കിണറുകളാണധികവും. അതു പോലെ തന്നെ മറ്റു വാർഡുകളിലും പ്രത്യേകിച്ച് 7, 10 വാർഡുകളിൽ കോൺക്രീറ്റ് കിണറുകളിലധികവും ഓരു കലർന്ന ചുവപ്പു വെള്ളമായതിനാൽ വേനൽ കാലത്ത് കുടിവെള്ള ക്ഷാമം ഉണ്ടാവുക പതിവാണ്. കുറച്ചുകാലങ്ങളായി ഇതനുഭവപ്പെട്ടു വരുന്നു. ഈ പഞ്ചായത്തിലെ എല്ലാ സ്ഥലങ്ങളിലും വെള്ളം ലഭിക്കുവാനുള്ള പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. എട്ടാം, വാർഡ് വടമുക്കിൽ അഞ്ചു ലക്ഷം ലിറ്റർ കപ്പാസി

# കുടിവെള്ളവും പൊതുജനാരോഗ്യവും

ലാണ്. സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞിപാകം ചെയ്യാൻ പോലും ശുദ്ധജലം കിട്ടാത്ത സ്ഥലങ്ങളുണ്ട്. ഈ ഭാഗങ്ങളിൽ എവിടെ കുഴിച്ചാലും ഉപ്പു വെള്ളമാണ് കിട്ടുക. അതു കൊണ്ടു തന്നെ ഇവിടെ പൈപ്പു വെള്ളമാണ് ആശ്രയം. 2, 3 എന്നീ വാർഡുകളിൽ 27 ടാപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അതു തന്നെ അപര്യാപ്തമാണ്. പലപ്പോഴും ഈ പൈപ്പുകളിൽ വെള്ളമുണ്ടാകാറില്ലാത്തതു കൊണ്ട് പഴയതു പോലെ തന്നെ ദൂര സ്ഥലങ്ങളിൽ നിന്ന് വെള്ളം കെട്ടിക്കൊണ്ടുവരേണ്ട ഗതികേടാണുള്ളത്. മേൽ പറഞ്ഞ വാർഡുകളിൽ നിലവിലുള്ള പൈപ്പ് ലൈനുകൾ നീട്ടി കൂടുതൽ സ്ഥലങ്ങളിൽ ടാപ്പുകൾ സ്ഥാപിച്ച് വെള്ളം സ്ഥിരമായി കിട്ടുവാനുള്ള സംവിധാനമുണ്ടാക്കേണ്ടതുണ്ട്. ഈഴുവത്തിരുത്തി പഞ്ചായത്തിലെ ടാങ്കിൽ നിന്നാണ് വെള്ളം ഇവിടേക്ക് ലഭിക്കുന്നത്. മറ്റു വാർഡുകളിൽ ശുദ്ധ ജലം ലഭിക്കാത്ത പ്രശ്നമില്ല, എങ്കിലും വേനൽ കാലങ്ങളിൽ കുടിവെള്ള പ്രശ്നം രൂക്ഷമായി അനുഭവപ്പെടാറുണ്ട്. പഞ്ചാറ്റിയുള്ള KWAയുടെ ഒരു കൂറ്റൻ ടാങ്ക് നോക്കുകുത്തിയായി നിൽക്കുവാൻ തുടങ്ങിയിട്ട് വർഷങ്ങളായി. അത് കമ്മീഷൻ ചെയ്യുകയാണെങ്കിൽ ഈ പഞ്ചായത്ത് മുഴുവനും സുലഭമായി വെള്ളം കൊടുക്കുവാൻ സാധിക്കുന്നതാണ്. പഞ്ചായത്തിൽ 27 ടാപ്പുകളൊഴികെ മറ്റു ഒരു സ്ഥലത്തും ടാപ്പുകൾ സ്ഥാപിച്ചിട്ടില്ല. അതുകൊണ്ട് പഞ്ചായത്തിന് പൊതുവായ ഒരു ടാപ്പിങ്ങ് സംവിധാനം ഉണ്ടാക്കുകയും, വടമുക്കിലെ ടാങ്കിനെ കേന്ദ്രീകരിച്ചുകൊണ്ടുള്ള പ്രവർത്തനം തുടങ്ങേണ്ടതുമാണ്.

ഈ പഞ്ചായത്തിലെ നാലാം വാർഡിൽ പഞ്ചായത്തിൻെറ മുളക്കൽ കുളത്തിൽ അത്ഭുതമുളവാക്കുന്ന ജലസ്രോതസ്സുകളുണ്ട്. അതുപോലെ വടമുക്കിൽ ഗവൺമെൻറ് മിച്ചഭൂമിയായെടുത്ത മടക്കൽ താഴത്തും ഒരു കുളമുണ്ട്. ഇതെല്ലാം കൂടി വെള്ളത്തിനുവേണ്ടി പ്രയോജനപ്പെടുത്താവുന്നതാണ്. പഞ്ചായത്തിൽ പൊതു കിണറുകളും കുളങ്ങളും താരതമ്യേന കുറവാണ്, എങ്കിലും സ്വകാര്യ കിണറുകൾ ധാരാളമായും കുളങ്ങൾ ചുരുക്കമായുമുണ്ട്.

ശുദ്ധ ജല സ്രോതസ്സുകൾ

പട്ടിക I

| പൊതു കിണറുകൾ | | സ്വകാര്യ കിണറുകൾ | | വെള്ളമുള്ള കുളങ്ങൾ | പുളിവെള്ളമുള്ള കിണറുകൾ | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|---|
| വെള്ളമുള്ളത് | ഇല്ലാത്തത് | വെള്ളമുള്ളത് | ഇല്ലാത്തത് | | | | |
| 22 | 6 | 2062 | 633 | 2 | 205 | 13 | 2943 |

പട്ടിക II

**ഈഴുവത്തിരുത്തി പഞ്ചായത്ത് ടാങ്കിൽ നിന്നും ലഭിക്കുന്നത്**

| പുളിക്കക്കടവ് വാർഡ് - 2 | പടിഞ്ഞാറ്റു മുറി. വാർഡ് - 3 | മൊത്തം ടാപ്പുകൾ | സ്വകാര്യ കണക്ഷൻ |
|---|---|---|---|
| 70 | 17 | 27 | ഇല്ല |

ഈഴവത്തിരുത്തി പഞ്ചായത്തിൽ നിന്നും ബിയ്യം കായലിന്റെ അടിയിൽ കൂടി പുളിക്കക്കടവ് ഏരിയയിലേക്ക് വെള്ളം എത്തിക്കുവാൻ ഇട്ടിരിക്കുന്ന പൈപ്പ് പൊട്ടിയിരിക്കുന്നത് കൊണ്ട് മുമ്പ് കിട്ടിയിരുന്ന വെള്ളം പോലും ഇപ്പോൾ കിട്ടുന്നില്ല.

## ചെറുകിട ശുദ്ധ ജല പദ്ധതികൾ

നാലാം വാർഡിൽ പഞ്ചായത്ത് അധീനതയിലുള്ള മുളക്കൽ കുളം ഏത് വേനൽ കാലത്തും വറ്റാത്തതാണ്. ഇവിടെ കിണർ കുഴിച്ച് മോട്ടോർ സ്ഥാപിച്ച് ചുറ്റുഭാഗങ്ങളിലേക്ക് കുടിവെള്ളമെത്തിക്കാനുള്ള സംവിധാനം ഉണ്ടാക്കാവുന്നതാണ്. പന്ത്രണ്ടാം വാർഡിലെ ഒരു സ്വകാര്യ കുളത്തിൽ നിന്നും ആ വാർഡിലേക്കും മറ്റും ആവശ്യമുള്ള വെള്ളം എത്തിക്കുവാനുള്ള ഒരു മിനി വാട്ടർ സ്കീമിന് സാങ്ക്ഷൻ കൊടുത്തിട്ടുണ്ടായിരുന്നുവെങ്കിലും അത് ഇന്നും കടലാസിൽ തന്നെയാണ്. അതുപോലെ തന്നെ എല്ലാ വാർഡുകളിലും ഓരോ മിനി വാട്ടർ സ്കീം നടപ്പാക്കുകയോ അല്ലെങ്കിൽ വടമുക്കിലുള്ള വാട്ടർ ടാങ്ക് കമ്മീഷൻ ചെയ്യുകയോ ചെയ്യാവുന്നതാണ്.

## പ്രശ്നങ്ങൾ ; നിർദ്ദേശങ്ങൾ

1. നിലവിലുള്ള ടാപ്പുകളിൽ കൃത്യമായി വെള്ളം കിട്ടുന്നില്ല.

2. പത്തായിൽ സെൻറർ, പുളിക്കക്കടവ് ഏരിയ, കുണ്ടുകടവ്, പടിഞ്ഞാറ്റുമുറി, തോട്ടുമുഖം പരിസരം, പൂച്ചാൺകുന്ന് , മടത്തിത്തോട് പരിസരം എന്നിവിടങ്ങളിൽ പുതിയ ടാപ്പുകൾ, അഞ്ചു വീടിന് ഒരു ടാപ്പെന്ന നിലയിൽ അനുവദിക്കുക.

3. പട്ടത്തേൽ കോളനി, അയിക്കലയിൽ കോളനി, പനമ്പാട് വെസ്റ്റ് സ്കൂൾ, കൊടക്കാട്ട് പറമ്പ്, പത്താം വാർഡിലേയും, പതിനൊന്നാം വാർഡിലേയും അംഗനവാടികൾക്കടുത്തും പൊതു കിണർ കുഴിക്കുക.

4. പന്ത്രണ്ടാം വാർഡിലെ ലക്ഷം വീട് കോളനി, നെച്ചിക്കാട്ട് കോളനി, പുറങ്ങ് സബ്സെൻറർ, പുറങ്ങ് എ. എം. എൽ. പി. സ്കൂൾ എന്നിവിടങ്ങളിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

5. പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡരികുകളിൽ കുഴിച്ചിട്ട പൈപ്പുകൾ ഉപയോഗപ്പെടുത്തുക.

6. വേനൽ കാലത്ത് കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കാൻ സംവിധാനമുണ്ടാക്കുക.

## സാധ്യതകൾ

1. നിലവിലുള്ള പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കുക.

2. ഓരു കയറ്റം തടയാൻ തീരപ്രദേശങ്ങളിൽ പമ്പിങ്ങ് നിയന്ത്രിക്കുക.

3. വടമുക്കിലെ വാട്ടർ ടാങ്കും തുറുവാണം അംബേദ്കർ കോളനിയിലെ മിനി വാട്ടർ ടാപ്പും കമ്മീഷൻ ചെയ്യുക.

4. പൊതു വിതരണത്തിനുള്ള വെള്ളം അണുവിമുക്തമാണെന്ന് ഉറപ്പുവരുത്താൻ സംവിധാനമുണ്ടാക്കുക.

5. പഞ്ചായത്തിലാകെ ജല സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.

6. വിശേഷാൽ ഗ്രാമസഭകൾ നിർദ്ദേശിച്ച സ്ഥലങ്ങളിൽ പുതിയ ടാപ്പുകൾ സ്ഥാപിക്കുക.

7. ജല സംരക്ഷണത്തെക്കുറിച്ചും ജലജന്യ രോഗങ്ങളെ കുറിച്ചും ബോധവൽക്കരണ പരിപാടികൾ നടത്തുക.

# ആരോഗ്യം

1961 വരെ പഞ്ചായത്തിൽ പാരമ്പര്യ വൈദ്യൻമാരെയാണ്ആശ്രയിച്ചിരുന്നത്. അലോപ്പതി, ഹോമിയോ ചികത്സാ സൗകര്യങ്ങൾ ഒന്നും തന്നെ അടുത്തകാലം വരെ പഞ്ചായത്തിൽ വ്യാപകമായിരുന്നില്ല. 1961 ൽ പയ്യപ്പുള്ളി ബാപ്പു എന്ന പൗരമുഖ്യൻ ഒരേക്കർ സ്ഥലവും കെട്ടിട നിർമ്മാണത്തിന് 40,000 രൂപയും സംഭാവന നൽകി, മാറഞ്ചേരി പ്രാഥമികാരോഗ്യകേന്ദ്രം സ്ഥാപിച്ചതോടുകൂടി പഞ്ചായത്തിൽ അലോപ്പതി ചികിത്സക്ക് തുടക്കം കുറിച്ചെങ്കിലും, ആയുർവേദ, ഹോമിയോ. പ്രകൃതി ചികിത്സാ രീതികൾക്കുള്ള സൗകര്യങ്ങൾ ഒന്നും പഞ്ചായത്തിൽ എവിടെയും ഇല്ല. പഞ്ചായത്തിൽ ഇപ്പോൾ ഒരു ബ്ലോക്കു പി. എച്ച്. സി. യും ഒരു മിനി പി. എച്ച്. സി.യും അവക്ക് കിഴിൽ അഞ്ച് സബ് സെൻററുകളുമാണ് പഞ്ചായത്തിലെ മുഴുവൻ ജനങ്ങൾക്കും ചികിത്സാ സൗകര്യം ലഭ്യമാക്കിക്കൊണ്ടിരക്കുന്നത്. അതിൽതന്നെ മൂന്ന് സബ്-സെൻററുകൾ 22 കി. മി. ദൂരെയുള്ള തവനൂർ പി. എച്ച്. സി.ക്ക് കീഴിലാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിലെ 8 വാർഡുകൾ ഈ തവനൂർ പി. എച്ച്. സി.ക്ക്കീഴിലാണ് താനും. വിചിത്രമായ ഈ സ്ഥിതി വിശേഷം ഈ 8 വാർഡുകളിലും സർക്കാരിൽ നിന്നുള്ള പൊതുജനാരോഗ്യ സേവനങ്ങളെ തീരെ ദുർബലമാക്കി കളയുന്നുണ്ട്. തവനൂരിൽ നിന്നുള്ള ഹെൽത്ത് ഫീൽഡ് വർക്കേർസ് ഈ പ്രദേശങ്ങളിൽ സന്ദർശനം നടത്തുന്നതുപോലും വിരളമാണ്. അതുകൊണ്ട് തവനൂർ പി. എച്ച്. സി.ക്ക് കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ സബ്-സെൻററുകളും അതിലെ ഉദ്യോഗസ്ഥരേയും മാറഞ്ചേരി പി. എച്ച്. സി.ക്ക് കീഴിൽ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

പൊന്നാനി താലൂക്കിൽ ഗവൺമെൻറ് ആയുർവേദ ആശുപത്രിയോ, മാറഞ്ചേരി പഞ്ചായത്തിൽ ആയുർവേദ ഡിസ്പെൻസറിയോ ഇല്ല. മാറഞ്ചേരി പഞ്ചായത്ത് രണ്ടാം വാർഡിൽ നവകേരള വായനശാലയുടെ അടുത്തുള്ള പഞ്ചായത്തിൻെറ ഒരേക്കർ സ്ഥലത്ത് ഗവൺമെൻറ് ആയുർവേദ ആശുപത്രി സ്ഥാപിക്കേണ്ടതാണ്. പി. എച്ച്. സി.ക്ക് കീഴിലുള്ള സബ്-സെൻററുകളിൽ ഡോക്ടർമാരുടെ സേവനം ആഴ്ചയിലൊരു ദിവസവും കൂടി കിട്ടാത്ത അവസ്ഥയിലാണ്. ഇതിന് പരിഹാരം കാണുകയും സ്പെഷലിസ്റ്റുകളുൾപ്പടെയുള്ള ഡോക്ടർമാരുടെ സേവനം ആഴ്ചയിൽ എല്ലാ ദിവസവും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മാറഞ്ചേരി സെൻററിലുള്ള പഴയ പി. എച്ച്. സി.യിൽ 16 ബെഡ്ഡുകളുള്ള ബിൽഡിങ്ങുണ്ട്. പക്ഷെ, രോഗികളെ അഡ്മിറ്റു ചെയ്ത് ചികിത്സിക്കാൻ വേണ്ടത്ര ഡോക്ടർമാരോ, നഴ്സുമാരോ മറ്റു സ്റ്റാഫുകളോ ഇല്ല. നേരത്തെ ഇവിടെ രോഗികളെ അഡ്മിറ്റ് ചെയ്യുന്ന സമ്പ്രദായം ഉണ്ടായിരുന്നു. ദൗർഭാഗ്യ വശാൽ സർക്കാരിൻെറ അനാസ്ഥമൂലം സ്ഥാപനം ഇന്ന് പരിതാപകരമായ സ്ഥിതിയിലാണ്. അനുയോജ്യമായ കെട്ടിടങ്ങളും വേണ്ടത്ര സൗകര്യവുമുള്ള ഈ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ രോഗികളെ അഡ്മിറ്റ്ചെയ്തു ചികിത്സിക്കാനുള്ള സംവിധാനം ഏർപ്പെടുത്താൻ ശ്രമിക്കേണ്ടതാണ്.

മാറഞ്ചേരി പഞ്ചായത്തിൽ സബ്-സെൻററുകളില്ലാത്ത വാർഡുകളായ 1, 3, 4, 5, 9, 11 എന്നിവിടങ്ങളിൽ അടിയന്തിരമായി സബ്-സെൻററുകൾ സ്ഥാപിക്കണം. അതിൽ തന്നെ നാലാം വാർഡിൽ കുണ്ടുകടവ് സെ ൻററിലുള്ള പഞ്ചായത്ത് ഷോപ്പിംങ്ങ് കോപ്ലക്സിൻെറ തൊട്ടടുത്തുള്ള പഞ്ചായത്തിൻെറ പതിനഞ്ച് സെൻറ് സ്ഥലം പ്രയോജനപ്പെടുത്താവുന്നതാണ്.

## ആരോഗ്യ സ്ഥാപനങ്ങളും പ്രവർത്തനങ്ങളും

മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ : 2

ഐ.പി.പി ഉപ കേന്ദ്രങ്ങൾ : 5

മൊത്തം ജീവനക്കാർ : 32

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ.

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ഇല്ല | 1 | - |
| 2 | ഐ. പി.പി സബ്-സെൻറർ കാഞ്ഞിരമുക്ക് | 2 | 3 |
| 3 | ഇല്ല | 3 | - |
| 4 | ഇല്ല | 4 | - |
| 5 | ഇല്ല | 5 | - |
| 6 | പനമ്പാട് ഐ. പി .പി സബ്-സെൻറർ | 6 | 3 |
| 7 | മുക്കാല ഐ. പി .പി സബ്-സെൻറർ മാറഞ്ചേരി പ്രൈമറി ഹെൽത്ത് സെൻറർ(ഓൾഡ്) | 7 | 9 |
| 8 | ഐ. പി .പി സബ്-സെൻറർ വടമുക്ക് | 8 | 1 |
| 9 | ഇല്ല | 9 | - |
| 10 | പ്രൈമറി ഹെൽത്ത് സെൻറർ (ന്യൂ) | 10 | 14 |
| 11 | ഇല്ല | 11 | - |
| 12 | ഐ. പി .പി സബ്-സെൻറർ പുറങ്ങ് | 12 | 2 |

### പരിസര ശുചിത്വം

പഞ്ചായത്തിൻെറ മിക്ക ഭാഗങ്ങളിലും ശുചീകരണത്തിൻെറ അഭാവം പ്രകടമായി കാണാവുന്നതാണ്. മൂന്നു ജീവനക്കാരെ പുതുതായി നിയമിച്ചിട്ടുണ്ടെങ്കിലും, അപര്യാപ്തമാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ശാസ്ത്രീയമായ അറവുശാലകളോ മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള സംവിധാനങ്ങളോ ഇല്ല. ഗുരുതരമായ ഈ പ്രശ്നത്തെക്കുറിച്ച് ഗ്രാമസഭകളിൽ നിന്ന് നിരവധി പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ അറവു മൃഗങ്ങളെ പരിശോധിച്ച് ഭക്ഷ്യയോഗ്യമാണോ എന്ന് ഉറപ്പു വരുത്തേണ്ടതാണ്. വിൽക്കപ്പെടുന്ന മത്സ്യങ്ങൾ പഴകിയതും, അമോണിയം സൾഫേറ്റ് പോലുള്ള രാസപദാർത്ഥങ്ങളും ഉപയോഗിക്കുന്നതാണെന്ന ആക്ഷേപം ധാരാളമായി പൊതുജനങ്ങളിൽ നിന്നും ഉയർന്നു വരാറുണ്ട്. ഇത്തരം മത്സ്യങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കാനും അത്തരം മത്സ്യങ്ങൾ വിൽപ്പന നടത്തുന്ന കച്ചവടക്കാർക്കെതിരെ നടപടി സ്വീകരിക്കാനും ആരോഗ്യവകുപ്പ് തയ്യാറാകേണ്ടതാണ്.

ഗ്രാമസഭകളിൽ നിന്നും ഈ വിഷയത്തിൽ ഉയർന്നു വന്ന പ്രശ്ങ്ങളും പരിഹാരങ്ങളും താഴെ പറയും പ്രകാരം ക്രമപ്പെടുത്താവുന്നതാണ്

ഒന്നാം വാർഡിൽ പത്തായിൽ സെൻററിലും മൂന്ന് നാല് വാർഡുകളിൽ കുണ്ടുകടവ് സെൻററിലും, അഞ്ചാം വാർഡിൽ കരിങ്കല്ലത്താണി സെൻററിലും, ആറാം വാർഡിൽ പനമ്പാട് സെൻററിലും, ഏഴിൽ അധികാരിപ്പടിയിലും, പത്തിൽ മാറഞ്ചേരി സെൻററിലും മത്സ്യ മാർക്കറ്റുകൾ സ്ഥാപിക്കുകയും ഇപ്പോൾ നിലവിലുള്ള റോഡിൽ വെച്ച് മത്സ്യ വിൽപ്പന നിരോധിക്കേണ്ടതുമാണ്. പഞ്ചായത്തിൽ രണ്ടിടത്തെങ്കിലും (മാറഞ്ചേരി, കുണ്ടുകടവ് എന്നിവിടങ്ങളിൽ)അറവുശാലകൾ സ്ഥാപിക്കേണ്ടതാണ്. മൂന്നാം വാർഡിൽ പഴയ കടവിനു സമീപമുള്ള പുഴയോരത്ത് ഇതിന് അനുയോജ്യമായ സ്ഥലസൗകര്യമുണ്ട്.

ഹോട്ടലുകൾ, ശീതളപാനീയ ശാലകൾ എന്നിവിടങ്ങളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ വിൽപ്പന ആരോഗ്യ നിയന്ത്രണ നിയമങ്ങൾക്ക് വിധേയമാക്കേണ്ടതും, ആയത് പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹെൽത്ത്

കാർഡ് സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്. അങ്ങാടികൾ ശുചിയാക്കുന്ന കാര്യത്തിൽ കച്ചവടക്കാരെ ബോധവൽക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൻെറ പുഴയോര പ്രദേശങ്ങളിൽ ചതുപ്പുനിലം ആകയാൽ പകർച്ച വ്യാധികൾ പടർന്ന് പിടിക്കാറുണ്ട്. ലക്ഷം വീട് കോളനികളിലും പുറംമ്പോക്ക് പ്രദേശങ്ങളിലും തിങ്ങിത്താമസിക്കുന്നവരിലും പകർച്ചവ്യാധികൾ ഉണ്ടാവുക സാധാരണയാണ്. ഇതിനെതിരെ കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകു നശീകരണം എന്നിവ ഫലപ്രദമായി നടത്തേണ്ടതാണ്. ചപ്പു ചവറുകൾ ശേഖരിച്ച് വ്യവസായികാടിസ്ഥാനത്തിൽ കമ്പോസ്റ്റുവളം നിർമ്മിക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും, ചപ്പുചവറുകളും കമ്പോസ്റ്റു വളമാക്കിയാൽ അടുക്കളത്തോട്ടങ്ങളിൽ വളമായി ഉപയോഗിക്കാം. ഒപ്പം ഗ്രാമ പരിസരം ശുചിയായി സൂക്ഷിക്കാനും കഴിയുന്നതാണ്. ഈ വിഷയത്തിൽ വീട്ടമ്മമാരെ ബോധവൽക്കരിക്കേണ്ടതാണ്. റോഡരികിലും പഞ്ചായത്തുവക പുറമ്പോക്കുസ്ഥലങ്ങളിലും ഔഷധച്ചെടികൾ നട്ടുവളർത്താവുന്നതാണ്.

### കക്കൂസ്

ശുചിത്വത്തെ കുറിച്ച് ചിന്തിക്കുമ്പോൾ ഏറ്റവും പ്രഥമമായി ഓർക്കേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിൻെറ പരിധിയിൽ സ്വന്തമായി കക്കൂസില്ലാത്ത രണ്ടായിരത്തിൽപരം കുടുംബങ്ങളുണ്ട്. അതിനാൽ വിരശല്യം, വയറിളക്കരോഗങ്ങൾ എന്നിവ ധാരാളമായി കണ്ടുവരുന്നുണ്ട്. അഞ്ഞൂറിൽപരം ജലജന്യ രോഗങ്ങൾ 95-96 വർഷത്തിൽ പഞ്ചായത്തിലെ ആരോഗ്യ കേന്ദ്രങ്ങളിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്ന പ്രയാസങ്ങളും അവക്കുള്ള പരിഹാരങ്ങളും താഴെ കാണും പ്രകാരം സംഗ്രഹിക്കാം.

| പ്രശ്നങ്ങൾ | സാധ്യതകൾ |
|---|---|
| 1. സാമ്പത്തിക പരാധീനത | സർക്കാർ, അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സ്മാഹരണം നടത്താവുന്നതാണ് |
| 2. സ്ഥല പരിമിതി. (കോളനിയിലും, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മറ്റു സ്ഥലങ്ങളിലും) | പൊതുവായി ഒരു സെപ്റ്റിക് ടാങ്ക് നിർമ്മിക്കുക |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതിനാൽ | ആരോഗ്യ ബോധവൽക്കരണ യൂണിറ്റിൻെറ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യ പ്രവർത്തകരെ-ഉദ്യോഗസ്ഥരെ, ബന്ധപ്പെടുത്തി അയൽകൂട്ടങ്ങളിൽ ചർച്ചാ ക്ലാസുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിൻെറ പ്രദർശനങ്ങൾ, സ്ലൈഡ്, വീഡിയോ |

പഞ്ചായത്തിലെ ആരോഗ്യ സർവ്വേ മുതലായ സംരംഭങ്ങളിലൂടെ പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും ആരോഗ്യസ്ഥിതി മനസ്സിലാക്കുകയും, പഞ്ചായത്തിൽ ഒരു ആരോഗ്യ ഡയരക്ടറി തന്നെ സ്ഥാപിക്കാൻ കഴിയുമാറ് പഞ്ചായത്തിൽ ആരോഗ്യ ബോധവൽക്കരണ ശ്രമങ്ങൾ നടത്തുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കേണ്ട നിർദ്ദേശങ്ങൾ

**യോഗാഭ്യാസ കേന്ദ്രം**

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും, യോഗാഭ്യാസത്തിന്നും ഉതകുന്ന ഒരു യോഗ പരിശീന കേന്ദ്രം പഞ്ചായത്തിൻെറ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകുക വഴി ജനങ്ങളുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായകമാകും.

**പൊതു ശ്മശാനം**

എട്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിൻെറ പൊതുശ്മശാനത്തിൽ വൈദ്യുതീകരണം നടപ്പിലാക്കേണ്ടതാണ്.

**ഹെൽത്ത് കാർഡ് സമ്പ്രദായം**

ചികിത്സാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത് കാർഡ്. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യ നിലയെക്കുറിച്ചുള്ള വിവരങ്ങൾ, രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുവാനും സഹായിക്കും. ആരോഗ്യ പ്രവർത്തകരെയും സന്നദ്ധപ്രവർത്തകരെയും ഒരുമിപ്പിച്ചു ഇത് നടപ്പാക്കാവുന്നതാണ്. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം കാർഡിൽ രേഖപ്പെടുത്തുകയും ഇതിൻെറ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**കാലാഹരണപ്പെട്ട നിയമങ്ങൾ**

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ മദ്രാസ് പബ്ലിക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക് ഹെൽത്ത് ആക്ട് എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി ആരോഗ്യ രംഗത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമ നിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

**പാരമ്പര്യ വൈദ്യ മേഖല**


തലമുറകളിലൂടെ തലമുറകളിലേക്ക് കൈമാറി വന്ന പാരമ്പര്യ ചികിത്സാ സമ്പ്രദായം ഇന്ന് വേരറ്റുപോവുകയാണ്. ചികിത്സാ രംഗത്ത് ഈ മേഖലയിൽ വരാവുന്ന വിടവ് നികത്തുവാൻ പഞ്ചായത്ത് പരിധിയിലുള്ള പാരമ്പര്യ വൈദ്യൻമാരെ സമ്മേളിപ്പിച്ചുകൊണ്ട് സെമിനാറുകളും ക്ലാസുകളും സംഘടിപ്പിക്കുകയും ഈ വൈദ്യശാഖ പരിപോഷിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൻെറ വിവിധ കേന്ദ്രങ്ങളിൽ ലഹരി പദാർത്ഥ വിൽപ്പന, സ്കൂളുകളുടെ പരിസരത്ത് ആരോഗ്യത്തിന് ഹാനികരമായ വിധത്തിലുള്ള മിഠായികളുടെ വിൽപ്പന എന്നിവ കർശനമായി നിരോധിക്കേണ്ടതാണ്. പുകവലി, മദ്യപാനം, മുറുക്ക്, പാൻപരാഗ് മുതലായവ ആരോഗ്യത്തിന് ഹാനികരമാണ് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് പഞ്ചായ ത്തിൽ ബോധവൽക്കരണം നടത്തുകയും പഞ്ചായത്ത് ഒരു ലഹരി വിമുക്തമേഖലയായി പ്രഖ്യാപിക്കുകയും ചെയ്യേണ്ടതാണ്. രക്തദാനത്തെ കുറിച്ച് ജനങ്ങൾക്കുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, രക്ത ദാനത്തിൻെറ പ്രാധാന്യത്തെ കുറിച്ച് ജനങ്ങളെ ബോധവർക്കരിക്കുക എന്നിവ അനിവാര്യമാണ്.

**പഞ്ചായത്തിലെ ആരോഗ്യ രംഗവും വാർഡ് തിരിച്ച സ്ഥിതി വിശേഷവും**

| വാർഡ് | സ്ഥാപനങ്ങൾ | | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ | മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ |
|---|---|---|---|---|---|
| | പൊതു സ്ഥാപനങ്ങൾ | സ്വകാര്യ സ്ഥാപനങ്ങൾ | | | |
| 1 | ഇല്ല | ഇല്ല | ചൊറി, പനി, ദന്തരോഗങ്ങൾ | അടുത്ത പി.എച്ച്.സി. യിൽ നിന്ന് ഡോക്ടർ കൃത്യമായി വരാറില്ല | ഒരു ഐ.പി.പി. സബ്-സെൻറർ സ്ഥാപിക്കുക. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക. |
| 2 | ഒരു ഐ.പി.പി സബ് - സെൻറർ | ഇല്ല | വയറിളക്കം, ചൊറി, പനി, ദന്തരോഗങ്ങൾ | ഡോക്ടറില്ല, മരുന്നുകൾ വേണ്ടത്ര ലഭ്യമല്ല, പ്രവർത്തനം തൃപ്തികരമല്ല | നിലവിലുള്ള ഐ.പി.പി. സെൻറർ മിനി പി, എച്ച്.സി യായി ഉയർത്തുക, ആയുർവേദ ആശുപത്രി നിർമ്മിക്കുക |

| | | | | | |
|---|---|---|---|---|---|
| 3 | ഇല്ല | ചൈതന്യ ആയുർവേദ ക്ലീനിക് | വയറിളക്കം, ചൊറി, ദന്തരോഗങ്ങൾ, പനി. | ആരോഗ്യക്ലാസുകൾ നടക്കാറില്ല, മരുന്നുകൾ ലഭിക്കുന്നില്ല | ഒരു ഐ.പി.പി. സബ്-സെൻറർ സ്ഥാപിച്ച് ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക. |
| 4 | ഇല്ല | ആയുർവേദ ക്ലീനിക് രണ്ടെണ്ണം | പനി,വയറിളക്കം, ചൊറി, ദന്തരോഗം. | അടുത്ത പി.എച്ച്.സി.യിൽ നിന്നുള്ള സേവനം തൃപ്തികരമല്ല. | കുണ്ടുകടവിൽ ഒരു ഐ.പി.പി. സബ്-സെൻറർ സ്ഥാപിക്കുക, ഒരു ഹോമിയോ ഡിസ്പെൻസറി സ്ഥാപിക്കുക |
| 5 | ഇല്ല | ആയുർവേദ ക്ലീനിക് രണ്ടെണ്ണം | പനി,വയറിളക്കം, ചൊറി, ദന്തരോഗം. | അടുത്തുള്ള പി.എച്ച്.സി.യിൽ നിന്നുള്ള സേവനം തൃപ്തികരമല്ല, മരുന്നുകൾ ലഭിക്കുന്നില്ല. | ഒരു ഐ.പി.പി. സബ്-സെൻറർ സ്ഥാപിച്ച് ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുക. |
| 6 | ഒരു ഐ.പി.പി സബ്-സെൻറർ | ഇല്ല | പനി,ചൊറി, ചെങ്കണ്ണ്, ദന്തരോഗം, വയറിളക്കം. | പി.എച്ച്.സി.യിൽ നിന്നുള്ള സേവനം തൃപ്തികരമല്ല, ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല. | ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭ്യമാക്കുകയും , ആവശ്യമായ മരുന്ന് വിതരണം ചെയ്യുകയും വേണം. |
| 7 | ഒരു സബ്-സെൻറർ, ഒരു പി. എച്ച്. സി. | ഒരു ഹോമിയോ ക്ലീനിക് | പനി,വയറിളക്കം, ചൊറി, ചെങ്കണ്ണ്. | പ്രതിരോധ കുത്തിവെപ്പുകൾ നടക്കാറുണ്ട്, ആരോഗ്യ ക്ലാസുകൾ നടക്കാറില്ല | പി.എച്ച്.സിയിൽ മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കണം, അത്യാവശ്യ മരുന്നുകൾ ലഭ്യമാക്കണം. |
| 8 | ഒരു സബ്-സെൻറർ, | ഇല്ല | പനി,വയറിളക്കം, ചൊറി, ദന്തരോഗങ്ങൾ. | കുട്ടികൾക്ക് കുത്തിവെപ്പുകൾ നടക്കാറുണ്ട്, ആരോഗ്യ ക്ലാസുകൾ നടക്കാറില്ല | സബ്-സെൻറർ പ്രവർത്തനക്ഷമമാക്കുക |
| 9 | ഇല്ല | ഒരു അലോപ്പതി ക്ലിനിക്, ഒരു ദന്തൽ ക്ലിനിക് | പനി, ദന്തരോഗങ്ങൾ, വയറിളക്കം, ചൊറി. | അടുത്തുള്ള പി.എച്ച്.സി.യുടെ പ്രവർത്തനം തൃപ്തികരമല്ല, മരുന്നുകൾ ലഭ്യമല്ല. | അടുത്തുള്ള പി. എച്ച്. സി. യിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക. ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക |
| 10 | ഒരു പ്രൈമറി ഹെൽത്ത് സെൻറർ | ഇല്ല | ദന്തരോഗങ്ങൾ, വളംകടി, വയറിളക്കം, പനി. | അടുത്തുള്ള പി.എച്ച്.സി.യുടെ പ്രവർത്തനം തൃപ്തികരമല്ല, മരുന്നുകൾ ലഭ്യമല്ല. | മുഴുവൻ സമയവും ഡോക്ടറുടെ സേവനം ലഭ്യമാക്കുക, ആവശ്യത്തിനുള്ള മരുന്നുകൾ ലഭ്യമാക്കുക, രോഗികളെകിടത്തി ചികിത്സിക്കുക. |
| 11 | ഇല്ല | ഇല്ല | പനി, തലവേദന, ചെങ്കണ്ണ്, വയറിളക്കം, ചൊറി, | അടുത്തുള്ള സബ്-സെൻററിൽ നിന്നും സേവനം ലഭ്യമല്ല. | ഒരു സബ് - സെൻറർ സ്ഥാപിക്കുക. |
| 12 | ഒരു സബ്-സെൻറർ | ഇല്ല | ചൊറി, നേത്രരോഗം, പനി, ദന്തരോഗങ്ങൾ. | കുട്ടികൾക്ക് കുത്തിവെപ്പുകൾ നടക്കാറുണ്ട്, ആരോഗ്യ ക്ലാസുകൾ നടക്കാറില്ല | സബ്- സെൻറർ ലക്ഷ്യബോധത്തോടെ പ്രവർത്തന യോഗ്യമാക്കുക |



5-6



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

പഴയകാലങ്ങളിൽ മാറഞ്ചേരി ജല ഗതാഗതങ്ങളെയായിരുന്നു ആശ്രയിച്ചിരുന്നത്. ഈ ഗ്രാമപഞ്ചായത്തിൻെറ പ്രധാനപ്പെട്ട മൂന്നു ഭാഗങ്ങളും ജല ഗതാഗതത്തിനനുയോജ്യമാണ്. ഈ പഞ്ചായത്തിൻെറ വടക്കു ഭാഗത്തും, പടിഞ്ഞാറു ഭാഗത്തുമായി കിടക്കുന്ന കാഞ്ഞിരമുക്ക് പുഴ, ബിയ്യം കായൽ, എന്നിവയും, കിഴക്കും തെക്കും ഭാഗത്ത് വിശാലമായി കിടക്കുന്ന കായൽ പ്രദേശങ്ങളും ജല ഗതാഗതത്തെ പഴയ കാലങ്ങളിൽ സഹായിച്ചു. കാഞ്ഞിരമുക്ക് പുഴയിൽ നിന്ന്, ഈ ഗ്രാമ പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തു ആരംഭിക്കുന്ന പ്രധാന തോടാണ് കനോലി കനാൽ. 1848 മലബാർ കലക്ടറായിരുന്ന കനോലി നിർമ്മിച്ചതാണ് കനോലി കനാൽ. വടക്ക് പയ്യോളി മുതൽ തെക്ക് കൊച്ചിവരെ ഈ കനാൽ നീണ്ടു കിടക്കുന്നു. മൂരാട് പുഴ, കോരപ്പുഴ, ചാലിയാർ പുഴ, തിരൂർ, പൊന്നാനി പുഴ, ഭാരതപ്പുഴ, കാഞ്ഞിരമുക്ക് പുഴ, പൂതപ്പുഴ തുടങ്ങിയ ഏഴ് പുഴകൾ ഈ കനാലിന് കുറുകെ ഒഴുകുന്നു. ഈ കനാൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ ഗതാഗത സൗകര്യത്തിന് ഒരു മുതൽ കൂട്ടാണ്.

പിൽകാലത്ത് റോഡ് ഗതാഗതം ശക്തിപ്പെട്ടു തുടങ്ങി. ഇടവഴികളും, പെരുവഴികളും നാട്ടുകാർ സന്നദ്ധ പ്രവർത്തനത്തിലൂടെ വെട്ടി റോഡാക്കിയ ചരിത്രമാണ്, റോഡ് നിർമ്മാണ കാര്യത്തിൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിന് പറയാനുള്ളത്. റോഡുകൾ മനുഷ്യൻെറ നിത്യ വിനിമയങ്ങൾക്ക് അത്യന്താപേക്ഷിതമായ ഒരു ഘടകമാണ്. ഗ്രാമീണ ജീവിതത്തിൻെറ ജീവനാഡിയായ റോഡുകളുടെ പുരോഗതിയിൽ മാത്രമേ ഗതാഗതം ശക്തിപ്പെടുത്തുകയുള്ളൂ, ഗ്രാമമുണ്ടാവുകയുള്ളൂ. ആയതിനാൽ ഫാം റോഡുകളുടെ വികസനം ഈ പഞ്ചായത്തിൻെറ കോൾ നിലങ്ങളുടെ വികസനത്തിന്ന് അവശ്യം ആവശ്യമാണ്.

9 കി.മി. പി.ഡബ്ലിയു.ഡി. റോഡും, 9.5 കി.മീ. മെറ്റൽ റോഡും, 6.03 കി.മി. ടാർ റോഡും, 42.453 കി.മി. മറ്റു പഞ്ചായത്ത് റോഡുകളും കൂടി ആകെ 63.383 കി.മി. റോഡുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. നാഷനൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ എന്നീ റോഡുകൾ ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നില്ല. കഴിഞ്ഞ വർഷം റോഡ് ഇനത്തിൽ കണക്കാക്കപ്പെട്ട എസ്റ്റിമേറ്റ് തുക 416000 രൂപയും യഥാർത്ഥ ചെലവ് 345511 രൂപയുമാണ്. നടപ്പാലം വകയിലുള്ള എസ്റ്റിമേറ്റ് സംഖ്യ 5000 രൂപയും യഥാർത്ഥ ചിലവ് 4924 രൂപയുമാണ്. മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് റോഡുകളുടെ വിവരങ്ങളടങ്ങിയ പട്ടിക റിപ്പോർട്ടിൻെറ അവസാനത്തിൽ കൊടുത്തിട്ടുണ്ട്.

### പ്രശ്നങ്ങൾ ; നിർദ്ദേശങ്ങൾ .

1. ഈ പഞ്ചായത്തിലെ ഒറ്റപ്പെട്ട രണ്ടു ദ്വീപുകളാണ് ആളം, തുറുവാണം എന്നിവ. 113 ഓളം കുടുംബങ്ങൾ താമസിക്കുന്ന ആളം ദ്വീപ് നിവാസികൾക്ക് റോഡ്ഗതാഗതം സാധ്യമായിട്ടില്ല. വർഷക്കാലങ്ങളിൽ പ്രധാന സെൻററുകളിലെത്തിച്ചേരാൻ ഇവർക്കുള്ള ദുരിതം ചില്ലറയല്ല. 125 കുടുംബങ്ങൾ താമസിക്കുന്ന തുറുവാണം ദ്വീപുകാർക്കും വർഷക്കാലങ്ങളിൽ റോഡിൻെറ സൗകര്യത്തിലുള്ള അപര്യാപ്തി മൂലം മാറഞ്ചേരി, വടമുക്ക് സെൻറുകളിലെത്താൻ തോണിയാണ് ശരണം.

2. റോഡ് ടാർ ചെയ്യാനുള്ള പ്രധാന സ്കീം ജെ. ആർ. വൈ. ആണ് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ നിബന്ധനയനുസരിച്ച് തീരദേശ പഞ്ചായത്തുകളിൽ ഈ റോഡിൻെറ വീതി 6 മീറ്ററാണ്. മാറഞ്ചേരി പഞ്ചായത്തിൽ ജന സാന്ദ്രത കൂടിയതിനാലും, ഭൂവുടമകളധികവും അഞ്ചു സെൻറും പത്തു സെൻറും മാത്രമുള്ള വരായിരുന്നതിനാലും, റോഡുകളുടെ വീതി 6 മീറ്റർ കിട്ടുന്നില്ല. ആയതിനാൽ ജന സാന്ദ്രത കൂടിയ പഞ്ചായത്തുകളെ ഈ നിബന്ധനയിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

3. മിക്ക റോഡുകൾക്കും കാണകളില്ല. പ്രധാനപ്പെട്ട. പി. ഡബ്ലിയു. ഡി. റോഡികൾക്കു പോലും കാണകളോ ആധുനികമായ ഡ്രൈനേജ് സംവിധാനങ്ങളോ ഇല്ല. ആധുനികമായ കൾവർട്ടുകളുടെ സൗകര്യം ചില റോഡുകൾക്കില്ല. മഴക്കാലത്ത് വെള്ളം കെട്ടിനിന്ന് റോഡ് കുണ്ടും കുഴിയുമായി തകരാറാവുന്നു.

4. പല പഞ്ചായത്ത് റോഡുകളുംപഴയകാലത്ത് ജലം ഒഴുകിപ്പോയിരുന്ന തോടുകളോ ഇടവഴികളോ ആയിരുന്നു. വർഷക്കാലങ്ങളിൽ ജലമൊഴുകിപ്പോകാൻ സൗകര്യ മില്ലാത്തതിനാൽ ഈ റോഡുകൾ തോടുകളായി മാറുന്നു.

5. ആളം നടപ്പാലം ഗതാഗത യോഗ്യമാക്കാൻ വിപുലീകരിച്ച പദ്ധതി ആവശ്യമാണ്. തുറുവാണം ബണ്ടും ഗതാഗതയോഗ്യമാക്കണം.

6. ടാർ ചെയ്തിട്ടില്ലാത്ത പഞ്ചായത്തിലെ എല്ലാ റോഡുകളും ടാർ ചെയ്യണം. ഫാം റോഡുകൾക്ക് പ്രത്യേക പരിഗണന വേണം.

7. ബിയ്യം കെട്ട് മോട്ടോർ വാഹന ഗതാഗത യോഗ്യമാക്കണം തോടുകൾക്ക് കുറുകെ സ്ലാബിട്ട് സൗകര്യമുണ്ടാക്കണം.

8. തകരാറിലായിക്കിടക്കുന്ന എല്ലാ റോഡുകളും റിപ്പയർ ചെയ്യണം.

9. കരിങ്കല്ലത്താണി - നടുവട്ടം പി. ഡബ്ലിയു. ഡി റോഡ് ഐനിച്ചിറ ഭാഗം വരെ വീതികൂട്ടണം. അപകടകരമയ എഡ്ജ് നിരപ്പാക്കണം. അത്താണി സെൻററിൽ ഒരു ട്രാഫിക് ഐലൻറ് സ്ഥാപിക്കണം. ഈ വഴിയിൽ കെ. എസ്. ആർ. ടി. സി. ബസ്സുകൾ സർവ്വീസ് ആരംഭിക്കണം.

10. കൃഷ്ണപ്പണിക്കർ റോഡ് റീ ടാറിങ്ങ് നടത്തണം. ഫാം റോഡുകളിൽ നിന്ന് പുഞ്ചക്കോളുകളിലേക്ക് ട്രാക്ടർ ഇറക്കാൻ റോഡ് സൗകര്യം വേണം.

11. നാട്ടുകാർ നിർമ്മിച്ച് ഏൽപ്പിക്കുന്ന റോഡുകൾ ഏറ്റെടുത്ത് ഗതാഗതയോഗ്യമാക്കണം.

12. പഞ്ചായത്ത് റോഡുകളിൽ യാത്രക്കാരുടെ ആവശ്യം പരിഗണിച്ച് വാടകക്ക് വരാത്ത ഓട്ടോറിക്ഷക്കാരുടെ മർക്കടമുഷ്ടി അവസാനിപ്പിക്കണം.

13. ബസ് ഷെഡ്യൂൾ പുനർ നിർണ്ണയിച്ച് യാത്രാക്ലേശം ഒഴിവാക്കണം.

14. റോഡിന് തടസ്സമുണ്ടാക്കുന്ന വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം. റോഡുകളുടെ വീതി നിലനിർത്താൻ ജാഗ്രത വേണം.

15. വെളിയങ്കോട് ലോക്ക് കം ബ്രിഡ്ജിൻെറ നിർമ്മാണത്തിന് സംവിധാനം വേണം.

16. കുണ്ടുകടവ് എടക്കഴിയൂർ റോഡിൽ ബസ് സർവ്വീസ് തുടങ്ങണം.

17. പുതുതായി നിർമ്മാണം നടത്തി പഞ്ചായത്ത് ഏറ്റെടുക്കേണ്ട റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.

(a) കരുണക്കോട്ട്പടി-ഉപ്പിലയിൽ താഴം റോഡ്. പള്ളിയുടെ ഓപ്പോസിറ്റ് റോഡ്., ചകൂത്തേൽ-തൈവളപ്പ് അമ്പലം റോഡ്.

(b) വാർഡ് 4 ലെ കുട്ടാടം പാടം തോട് റോഡ്, ഇല്ലത്തേൽ പടി - വിരണിക്കുളം തോട് റോഡ്, കോളനി വരെ, മങ്കുഴിയിൽ തോട് റോഡ്.

(c) എ. മുഹമ്മദുണ്ണി സ്മാരക റോഡ്, പറോട്ടിപ്പാടം- വടമുക്ക് റോഡ്.

(d) കണ്ണാത്ത് ഭഗവതി ക്ഷേത്രം റോഡ്, എം. ജി. റോഡ്, അച്ചാട്ടേൽ പടി, ഏറമ്പത്തേൽ ഇടവഴി റോഡ്. ഇളയടത്ത് പറമ്പ് - കോടഞ്ചേരി റോഡ് എക്സറ്റൻഷൻ.

(e) ചെറുക്ക് - താമരക്കൽ റോഡ്.

(f) എളംകുളത്തേൽ - മാസ്റ്റർ പടി റോഡ്, കാഞ്ഞിലയിൽ മേഖല - ആശുപത്രി റോഡ്,

(g) കോടഞ്ചേരി പള്ളി, പരിച്ചകം സ്കൂൾ കോളനി റോഡ്, സഞ്ജയ് ഗാന്ധി - പനമ്പാട് വെസ്റ്റ് റോഡ്, സഞ്ജയ് ഗാന്ധി റോഡ് - കൊട്ടത്തേരി മേഖല റോഡ്.

(h) പൂങ്ങോട്ട് താഴം - ചീർപ്പ് റോഡ്.

## സാധ്യതകൾ :-

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ മറ്റു വികസന സാധ്യതകളെ പറ്റി താഴെ വിവരിക്കുന്നു.

### 1. വെയിറ്റിംഗ് ഷെഡ് നിർമ്മാണം :-

ചാത്തോത്തേൽ പടി, മാറഞ്ചേരി സെൻറർ (പടിഞ്ഞാറു ഭാഗം), മാസ്റ്റർ പടി, മാറഞ്ചേരി ഹൈസ്ക്കൂൾ, പനമ്പാട് വളവ്, അവുണ്ടിത്തറ, കരിങ്കല്ലത്താണി സെൻറർ, പുറങ്ങ് എന്നിവിടങ്ങളിൽ പഞ്ചായത്ത് നേരിട്ടോ, സന്നദ്ധ സംഘടനകൾ മുഖേനയോ സൗകര്യ പ്രദമായ വെയിറ്റിങ്ങ് ഷെഡ് നിർമിക്കേണ്ടതാണ്.

### 2) ആഴ്ച ചന്തയും ഉത്സവ ചന്തയും :-

മാറഞ്ചേരി സെൻററിൽ പഴയകാലത്ത് 'തണ്ണീർ പന്തൽ ചന്ത' എന്ന ആഴ്ച ചന്ത നടന്നിരുന്നു ഈ ആഴ്ച ചന്ത പുനാരംഭിക്കാൻ സാധിക്കും. പനമ്പാട് അവുണ്ടിത്തറ കേന്ദ്രമാക്കി കൃഷി ഭവൻ പരിസരത്ത് വാവുതല ഉൽസവത്തോടനുബന്ധിച്ച് ഒരു കാർഷിക മേള നടത്താൻ പദ്ധതി തയ്യാറാക്കണം.

### 3) ജല ഗതാഗത വികസനം:-

മാറഞ്ചേരി പഞ്ചായത്തിൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഉൾനാടൻ ജല ഗതാഗത മാർഗ്ഗങ്ങൾ പുനരുദ്ധരിക്കാൻ വിപുലമായ പദ്ധതി തയ്യാറാക്കണം. പുനരുദ്ധരിക്കേണ്ട ജല ഗതാഗത മാർഗ്ഗളെ പ്പറ്റി താഴെ വിവരിക്കുന്നു.

(a) കനോലി കനാൽ വികസനം : കനോലി കനാലിൻെറ ചരിത്ര വസ്തുതകൾ ആമുഖമായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഇടിഞ്ഞുകൊണ്ടിരിക്കുന്ന ഈ കനാലിൻെറ ഭിത്തി കെട്ടിപ്പടുത്ത് കനാലിന് 2.5 മീറ്റർ ആഴം കൂട്ടിയാൽ ചരക്ക് ഗതാഗത രംഗത്ത് നമ്മുടെ പഞ്ചായത്തിന് ഉത്തര ദക്ഷിണ കേരളവുമായി ബന്ധപ്പെടാൻ സൗകര്യം ലഭിക്കും.

(b) കടവുകളുടെ വികസനം : താഴെ പറയുന്ന പഴയ കടവുകൾക്ക് ഗതാഗത സൗകര്യം അത്യാവശ്യമാണ്.

i) ചേലക്കടവ് : മാറഞ്ചേരിയേയും നന്നമുക്ക് പഞ്ചായത്തിലെ മൂക്കുതലയേയും ബന്ധിപ്പിക്കുന്നു. ഒരു നടപ്പാലം നിർമിച്ച് ഗതാഗതം സാദ്ധ്യമാക്കുന്നത് വരെ യമഹ ഘടിപ്പിച്ച ചങ്ങാടം കടത്തു സർവ്വീസ് നടത്തണം.

ii) ഒളമ്പക്കടവ് : മാറഞ്ചേരിയേയും എടപ്പാൾ പഞ്ചായത്തിലെ കോലൊളമ്പിനേയും ബന്ധിപ്പിക്കുന്ന ഒരു നടപ്പാലം ഗതാഗത സൗകര്യത്തിന്നാവശ്യമാണ്. പ്രസ്തുത പാലം നിർമ്മിക്കുന്നത് വരെ യമഹ എഞ്ചിൻ ഘടിപ്പിച്ച ചങ്ങാടം അത്യാവശ്യമാണ്.

iii) പുളിക്കക്കടവ്:- മാറഞ്ചേരി പഞ്ചായത്തിൽ കടത്തുവകയിൽ ചെറിയ വരുമാനം ലഭിക്കുന്ന ഏക കടവാണിത്. ഒരു ടൂറിസ്റ്റ് കേന്ദ്രമായി ഉയരാൻ സർവ്വ സാദ്ധ്യതയുമുള്ള ഈ ഭാഗത്ത് ഒരു യമഹ ഘടിപ്പിച്ച ചങ്ങാടമോ, മറ്റ് ബോട്ടു സർവ്വീസുകളോ ആവശ്യമാണ്. മാറഞ്ചേരിയേയും ഇഴുവത്തിരുത്തി-പൊന്നാനി ഭാഗങ്ങളെയും ബന്ധിപ്പിക്കാൻ ഈ കടവിൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

(c) കായൽ ഗതാഗത വികസനം : മാറഞ്ചേരി പഞ്ചായത്തിൻെറ വടക്കേ അതിർത്തിയായ ബിയ്യം കായൽ മുതൽ തൃശൂർ ജില്ലയിലെ വെട്ടിക്കടവ് വരെയുള്ളകായൽ ഗതാഗത മാർഗ്ഗം പണ്ടുകാലം മുതലേ ചരക്കുഗതാഗതവും യാത്രാഗതാഗതവും സാദ്ധ്യമായിരുന്നു. പന്തീരായിരത്തോളം ഏക്കർ വരുന്ന കോൾ മേഖലയുടെ വികസനം ഈ ഗതാഗത സൗകര്യത്തിലധിഷ്ഠിതമാണ്. പഞ്ചായത്തുകളിൽ വരുന്ന കായൽ ഭാഗങ്ങൾ ആഴവും വീതിയും കൂട്ടി, ബോട്ട് സർവ്വീസ് നടത്താൻ വിപുലമായ പദ്ധതി വേണം. ഒഴുകിപ്പോകുന്ന ജല സമ്പത്ത് വേനൽ കാലങ്ങളിൽ പുഞ്ചകൃഷിക് പ്രയോജനപ്പെടുത്താം.

(d) റയിൽവേ :- താനൂർ-ഗുരുവായൂർ റെയിൽവേ നിർമ്മാണം തീരദേശത്ത് കൂടി പൂർത്തിയായാൽ മാറഞ്ചേരി പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്തിന് വികസന സാധ്യത.

## മാർക്കറ്റ്

റോഡരുകുകൾ മാർക്കറ്റായി ഉപയോഗിച്ചു കച്ചവടം നടത്തുന്ന കാഴ്ചയാണ് പഞ്ചായത്തിൻെറ പല കച്ചവട കേന്ദ്രങ്ങളിലും കാണുന്നത്. ഈ ഗ്രാമ പഞ്ചായത്തിന് സ്വന്തമായ ഒരു മാർക്കറ്റ് സംവിധാനമില്ല. തൻമൂലം മത്സ്യ മടക്കുള്ള സാധനങ്ങൾ നിരത്തുകളിൽ വിൽപ്പന നടത്തുന്നു. ആയതിനാൽ പ്രധാന കച്ചവട കേന്ദ്രങ്ങളായ, മാറഞ്ചേരി സെൻറർ, പനമ്പാട് , കാഞ്ഞിരമുക്ക്, കുണ്ടുകടവ് എന്നിവിടങ്ങളിൽ ആധുനികമായ ഒരോ മാർക്കറ്റ് നിർമ്മിക്കാനുള്ള സാധ്യതകൾ പഞ്ചായത്ത് ആരായേണ്ടതാണ്.

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ | നീളം (കി.മീ.) | വീതി (മീറ്ററിൽ) | നിർമ്മിച്ച കൊല്ലം | ടാർ ചെയ്തത് | അല്ലാത്തത് |
|---|---|---|---|---|---|---|---|
| 1 | തണ്ണീർ പന്തൽ - ചേലക്കടവ് (ഇ. മൊയ്തു മൗലവി സ്മാരകം)റോഡ് | 7 | 2.5 | 6 | 1965-66 | | അല്ല |
| 2 | താമലശ്ശേരി മാറാടി റോഡ് | 9 | 0.950 | 3 | 1966-67 | | അല്ല |
| 3 | വടമുക്ക് -മാറാടി റോഡ് | 8 | 0.585 | 3 | 1974-75 | | അല്ല |
| 4 | വടമുക്ക്- വെള്ളുവൻ ചിറ റോഡ് | 8 | 1.000 | 4 | 1968-69 | | അല്ല |
| 5 | അധികാരിപ്പടി - കോലൊളമ്പ് റോഡ് | 7,8 | 3.500 | 4 | 1953- 54 | പകുതിടാർ ചെയ്തത് | |
| 6 | പനമ്പാട് - വെള്ളുവൻ ചിറ റോഡ് (രാജീവ് ഗാന്ധി സ്മാരക റോഡ്) | 6 | 1.20 | 4 | 1974 - 75 | | അല്ല |

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | നീളം (കി.മീ.) | വീതി (മീറ്ററിൽ) | നിർമ്മിച്ച കൊല്ലം | ടാർ ചെയ്തത് | അല്ലാത്തത് |
|---|---|---|---|---|---|---|---|
| 7 | പനമ്പാട് - പരത്തരമുക്ക് റോഡ് (കൃഷ്ണപ്പണിക്കർ റോഡ്) | 6,11 | 0.645 | 6 | 1971-72 | ആണ് | |
| 8 | മഹാത്മാ ഗാന്ധി റോഡ് (മുക്കാല- വെളിയങ്കോട്) | 7 | 2 | 6 | 1970-71 | ആണ് | |
| 9 | തണ്ണീർ പന്തൽ - വെളിയങ്കോട് | 9,10 | 2.085 | 6 | 1956-57 | ആണ് | |
| 10 | കാഞ്ഞിരമുക്ക് - ആളം റോഡ് | 1 | 0.800 | 4 | 1969-70 | - | അല്ല |
| 11 | ബിയ്യം-കാഞ്ഞിരമുക്ക്.മുക്കോലം താഴം റോഡ് | 1 | 0.697 | 7 | 1974-75 | - | അല്ല |
| 12 | കുണ്ടുകടവ്- വെളിയങ്കോട് റോഡ് | 3 | 0.350 | 4 | 1960-61 | - | അല്ല |
| 13 | വടമുക്ക് - ചെറുക്ക് റോഡ് | 8 | 0.420 | 3 | 1973-74 | - | അല്ല |
| 14 | പരത്തരമുക്ക് - കടവ് - വെളിയങ്കോട് റോഡ് (കൃഷ്ണപ്പണിക്കർ റോഡ് രണ്ടാം ഭാഗം) | 12 | 0.700 | 5 | 1975-76 | ആണ് | - |
| 15 | ശാന്തിപുരം -രാരു നായർ മുക്ക് റോഡ് | 10 | 0.600 | 4 | 1975-76 | | അല്ല |
| 16 | അവിണ്ടിത്തറ - പുഞ്ചക്കോൾ റോഡ് (അരുമംകുണ്ട് ) | 6,5 | 1.200 | 3 | 1975-76 | | അല്ല |
| 17 | ഏറമ്പത്തേൽ - ഇടവഴി റോഡ് | 7 | 0.960 | 4 | 1975-76 | | അല്ല |
| 18 | തൈവളപ്പിൽ അമ്പലം കൊടിച്ചിൽ നിലം റോഡ് | 1 | 1.015 | 4 | 1976-77 | | അല്ല |
| 19 | കാഞ്ഞിരമുക്ക് -ബിയ്യം ഉപ്പിലത്താഴം റോഡ് | 1 | 0.950 | 4 | 1976-77 | | അല്ല |
| 20 | കാഞ്ഞിരമുക്ക് -ആളം ഉപ്പിലത്താഴം റോഡ് | 1 | 0.280 | 4 | 1976-77 | | അല്ല |
| 21 | ബിയ്യം അമ്പലത്താഴം, ചെറുകുളം നിലം റോഡ് | 2 | 0.185 | 4 | 1976-77 | | അല്ല |
| 22 | കുണ്ടുകടവ്- വെളിയങ്കോട് കനോലി കനാൽ (നിയർ:ചീർപ്പ് പാലം)റോഡ് | 12 | 0.750 | 4 | 1978-79 | | അല്ല |
| 23 | കുണ്ടുകടവ് വെളിയങ്കോട്-പടിഞ്ഞാറ്റു മുറി റോഡ് | 3 | 0.925 | 4 | 1978-79 | | അല്ല |
| 24 | പുറങ്ങ് ജുമുഅത്ത് പള്ളി-കാരക്കാട് (എ. എം. എൽ. പി. സ്കൂൾ ) റോഡ് | 2 | 1.200 | 4 | 1977-78 | ആണ് | |
| 25 | അയിരുള്ളിപ്പാടം-കുര്യേയെപ്പാടം റോഡ് | 4 | 0.875 | 4 | 1974-75 | | അല്ല |
| 26 | പത്തായിൽ പീടിക-പുളിക്കകടവ് റോഡ് | 2 | 1.400 | 5 | 1978-79 | | അല്ല |
| 27 | ബിയ്യം -ഉപ്പിലത്താഴം റോഡ് | 1 | 0.250 | 3.5 | 1976-77 | | അല്ല |
| 28 | ബിയ്യം - അമ്പലത്താഴം റോഡ് | 1 | 0.170 | 4 | 1976-77 | | അല്ല |
| 29 | പത്തായി സെൻറർ-പുളിക്കകടവ് റോഡ് | 2 | 0.895 | 4 | 1975-76 | | അല്ല |
| 30 | വിളക്കത്തറപടി-പാറോട്ടിപ്പാടം റോഡ് | 6 | 0.450 | 3 | 1981-82 | | അല്ല |
| 31 | മലയംകുളത്തേൽപടി-മാങ്ങാട്ടുതാഴം റോഡ് | 7 | 0.250 | 3 | 1981-82 | | അല്ല |
| 32 | വൈദ്യർ മുക്ക് - പുറങ്ങ് പള്ളി റോഡ് | 3 | 400 | 3 | | | അല്ല |
| 33 | കുര്യേയെ പാടം റോഡ് | 4,11 | 1.850 | 3.50 | 1982-83 | | അല്ല |
| 34 | ലിഫ്റ്റ് ഇറിഗേഷൻ റോഡ് | 2 | 900 | 3 | 1983-84 | | അല്ല |
| 35 | ജുമുഅത്ത് പള്ളി - പാലഞ്ചേരി റോഡ് | 1 | 350 | 3.5 | 1983-84 | | അല്ല |
| 36 | ചാത്തോത്തേൽ പടി-തലക്കാട്ട് താഴംറോഡ് | 9 | 640 | 3 | 1983-84 | | അല്ല |
| 37 | മഠത്തിൽ തോടു മുതൽ - പുളിക്കക്കടവ് വരെയുള്ള റോഡ് | 2 | 530 | 3 | 1983-84 | | അല്ല |
| 38 | ചേന്ദംകുളം റോഡ് | 5 | 280 | 3 | 1983-84 | | അല്ല |
| 39 | അവുണ്ടിത്തറ-ഏമ്പത്തേരി പാടം റോഡ് | 5 | 890 | 3 | 1983-84 | | അല്ല |
| 40 | ലിഫ്റ്റ് ഇറിഗേഷൻ-ഉപ്പിലതാഴം റോഡും ആളം റോഡും ബന്ധിക്കുന്ന റോഡ്. | 1 | 220 | 3 | 1983-84 | | അല്ല |
| 41 | പനമ്പാട് വെള്ളുവൻ ചിറ റോഡിൽ നിന്നും ഏമ്പത്തേരിപാടത്തെക്കുള്ള റോഡ് | 6 | 260 | 4 | 1983-84 | | അല്ല |
| 42 | പുളിഞ്ചോട് - ഏമ്പത്തേരി പാടം റോഡ് | 5 | 382 | 3 | 1981-82 | | അല്ല |

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ | നീളം (കി.മി.) | വീതി (മീറ്ററിൽ) | നിർമ്മിച്ച കൊല്ലം | ടാർ ചെയ്തത് ആണ് | അല്ല |
|---|---|---|---|---|---|---|---|
| 43 | കോടഞ്ചേരി പള്ളിറോഡ് | 10 | 0.410 | 4 | 1983-84 | | അല്ല |
| 44 | പത്തരമുക്ക് - ഇല്ലത്തേൽ പറമ്പ് റോഡ് | 11 | 0.375 | 5 | 1984-85 | | അല്ല |
| 45 | പനമ്പാട് ലക്ഷം വീട് കോളനി റോഡ് | 6 | 0.65 | 2.8 | | | |
| 46 | പാണം വളപ്പ് കോളനി റോഡ് | 1 | 0.250 | 2.80 | | | |
| 47 | കുരിയെപ്പാടം റോഡിൽ നിന്നും കിഴക്കോട്ട് അവുണ്ടിത്തറ റോഡ് | 6 | 1 | 3 | 1985-86 | | അല്ല |
| 48 | തൊട്ടുമുഖം അമ്പലം പുളിക്കക്കടവ് റോഡ് | 2 | 0.800 | 3 | | | |
| 49 | തലാപ്പിൽ റൊഡ് | 11 | 1.043 | 3 | 1984-85 | | അല്ല |
| 50 | പത്തരമുക്ക്-അരുമൻകുണ്ട് പാടം റോഡ് | 11 | 0.760 | 3 | 1985-86 | | അല്ല |
| 51 | കൊടിച്ചിൽ പറമ്പ് റോഡ് | 2 | 0.300 | 3 | 1985-86 | | |
| 52 | മസ്ജിദ് റോഡ് | 10 | 0.710 | 3 | 1983-84 | | അല്ല |
| 53 | മാരാമിറ്റം റോഡ് | 12 | 0.600 | 3 | 1984-85 | | അല്ല |
| 54 | കീഴ്കുളം റോഡ് | 2 | 0.240 | 3 | 1976-77 | | അല്ല |
| 55 | തുറുവാണം വടമുക്ക് റോഡ് | 8 | 0.600 | 6 | | | അല്ല |
| 56 | മാരാമിറ്റം - കാട്ടിൽ താഴം റോഡ് | 12 | 0.660 | 4 | 4 | 1988-89 | |
| 57 | മാരാമിറ്റം പള്ളി ചീർപ്പു പാലം റോഡ് | 12 | 0.760 | 4 | | | അല്ല |
| 58 | കോടഞ്ചേരി പള്ളി-എളേടത്ത് പറമ്പ് റോഡ് | 7,10 | 0.740 | 4.20 | | | |
| 59 | അയിനിച്ചിറ മുല്ലമാട് റോഡ് | 5 | 0.75 | 4.2 | | | |
| 60 | പുറങ്ങ് സ്റ്റോപ്പു മുതൽ മൈലംകോട് മനപ്പടി റോഡ് | 4 | 0.150 | 4 | | | |
| 61 | തുറുവേണം ഹരിജൻ കോളനി റോഡ് | 8 | 0.350 | 4 | | | |
| 62 | കൃഷ്ണപ്പണിക്കർ റോഡിൽ നിന്നും കുരിയെ പാടം റോഡ് | 11 | 0.350 | 4 | | | |
| 63 | പത്തരമുക്ക് - കുരിയെ പാടം റോഡ് | 11 | 0.650 | 4 | | | |
| 64 | പുറങ്ങ് ബസ്റ്റോപ്പ് മുതൽ കുമ്മപറമ്പു വരെയുള്ള റോഡ്. | 4 | 0.400 | 4 | | | |
| 65 | തുറുവാണം ബണ്ടു - ശ്മശാനം റോഡ് | 8 | 1440 | 6 | - | - | അല്ല |
| 66 | സജ്ഞയ് ഗാന്ധി സ്മാരക റോഡ് | 10 | 1 | 4 | - | - | അല്ല |
| 67 | കുഞ്ഞു മൊയ്തു സ്മാരക റോഡ് | 11 | 1 | 4 | - | - | അല്ല |
| 68 | കുണ്ടുകടവ് എടക്കഴിയൂർ റോഡ് മുതൽ | 12 | - | - | - | - | - |
| | ചാങ്കയിൽ തെക്കെതോട് റോഡ് | | 0.350 | 3.50 | | | |
| 69 | ഇമ്പിച്ചിബാവ മെമ്മോറിയൽ റോഡ് | 10 | 0.550 | 4 | | | അല്ല |

## ഊർജ്ജം

പഴയ കാലങ്ങളിൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഊർജ്ജത്തിനു വേണ്ടി വിറക്, മണ്ണെണ്ണ എന്നിവ മാത്രം ഉപയോഗിച്ചിരുന്നു. 1965-ഓടു കൂടി പഞ്ചായത്തിൻെറ പ്രധാന കേന്ദ്രത്തിൽ വൈദ്യുതീകരണം സാധ്യമായപ്പോൾ അപൂർവ്വം ഭവനങ്ങളിൽ മാത്രം ബൾബുകൾ പ്രകാശം പൊഴിച്ചു. എന്നാൽ ഇന്ന് പ്രധാന ഊർജ്ജത്തിൻെറ ആശ്രയം വൈദ്യുതി തന്നെയാണ്. വിറകിന് പുറമെ ലിക്യുഡ് പെട്രോളിയം ഗ്യാസിൻെറ ഉപയോഗം വർദ്ധിച്ചു വരുന്നുണ്ട്.

ഈ ഗ്രാമ പഞ്ചായത്തിൽ വൈദ്യുതി വിതരണം ചെയ്യപ്പെടുന്നത് എടപ്പാൾ 66 കെ.വി. സബ്സ്റ്റേഷൻ മുഖേനയാണ്. ഈ പഞ്ചായത്ത് വൈദ്യുതിയുടെ കാര്യത്തിൽ, പൊന്നാനി, പുന്നയൂർക്കുളം എന്നീ രണ്ട് മേജർ സെക്ഷനുകളുടെ കീഴിൽ നിലകൊള്ളുന്നു. പുന്നയൂർക്കുളം, പൊന്നാനി, എടപ്പാൾ എന്നീ ഫീഡറുകളിലൂടെയാണ് വൈദ്യുതി വിതരണം സാധ്യമാകുന്നത്. നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിവരം പട്ടിക 1ൽ ഉൾപ്പെടുത്തുന്നു.

പട്ടിക 1

| ക്രമ നമ്പ്ര് | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കപ്പെട്ടസ്ഥലം | മേജർ സെക്ഷൻ |
|---|---|---|
| 1 | ബിയ്യം | പൊന്നാനി |
| 2 | പത്തായിൽ | പൊന്നാനി |
| 3 | കാഞ്ഞിരമുക്ക് | പൊന്നാനി |
| 4 | കരിങ്കല്ലത്താണി | പൊന്നാനി |
| 5 | കാഞ്ഞിരമുക്ക് ഇറിഗേഷൻ | പൊന്നാനി |
| 6 | ആളം | പൊന്നാനി |
| 7 | പനമ്പാട് വളവ് | പൊന്നാനി |
| 8 | പുറങ്ങ് | പൊന്നാനി |
| 9 | പുറങ്ങ് പള്ളി | പൊന്നാനി |
| 10 | കുണ്ടുകടവ് | പൊന്നാനി |
| 11 | മാരാമുറ്റം | പൊന്നാനി |
| 12 | തുറുവാണം | പുന്നയൂർക്കുളം |
| 13 | കുണ്ടുംകുഴി | പുന്നയൂർക്കുളം |
| 14 | പെരുവഴിക്കുളം | പുന്നയൂർക്കുളം |
| 15 | വടമുക്ക് | പുന്നയൂർക്കുളം |
| 16 | താമലശ്ശേരി | പുന്നയൂർക്കുളം |
| 17 | പരിച്ചകം | പുന്നയൂർക്കുളം |
| 18 | മാറഞ്ചേരി | പുന്നയൂർക്കുളം |
| 19 | കുമ്മിപ്പാലം | പുന്നയൂർക്കുളം |

നിലവിലുള്ള വൈദ്യുത ഉപഭോക്താക്കളുടെ തരം തിരിച്ച കണക്ക് പട്ടിക 2 ൽ ചേർക്കുന്നു.

പട്ടിക 2

| ക്രമ നമ്പ്ര് | ആവശ്യങ്ങൾ | പൊന്നാനി | പുന്നയൂർക്കുളം | ആകെ എണ്ണം |
|---|---|---|---|---|
| 1 | ഗാർഹികം | 1780 | 435 | 2215 |
| 2 | വ്യാപാരം | 210 | 310 | 520 |
| 3 | വ്യവസായം | 30 | 23 | 53 |
| 4 | കാർഷികം | 260 | 165 | 425 |
| | ആകെ | 2280 | 933 | 3213 |

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ആകെ 164 സ്ട്രീറ്റ് ലൈറ്റുകളാണുള്ളത്. മെർക്കുറി, ട്യൂബ് ലൈറ്റുകൾ എന്നിവ അധികം സ്ഥാപിക്കപ്പെട്ടിട്ടില്ല. 10 സോഡിയം വെപ്പർ ലാമ്പുകൾ അടുത്ത കാലത്ത് സ്ഥാപിക്കപ്പെട്ടു. വൈദ്യുതീകരിക്കപ്പെട്ട പട്ടികജാതി കോളനി ഒന്നു മാത്രമാണ്. സ്ട്രീറ്റ്ലൈറ്റിന് വേണ്ടി മാറഞ്ചേരി പഞ്ചായത്ത് പ്രതിമാസം 2025 വൈദ്യുതി ചാർജ്ജായി ഇലക്ട്രിസിറ്റി ഓഫീസിലടക്കുന്നു.

16-7-96 വരെ അപേക്ഷ നൽകി കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ളവരുടെ വിവരം താഴെ പട്ടികയിൽ ചേർക്കുന്നു.

| നമ്പ്ര് | അപേക്ഷയുടെ തരം | മേജർ സെക്ഷൻ | | ആകെ |
|---|---|---|---|---|
| | | പൊന്നാനി | പുന്നയൂർക്കുളം | |
| 1 | ഓർഡിനറി | 75 | 50 | 125 |
| 2 | ഒ. ടി.പി | 2 | ഇല്ല | 2 |
| 3 | ഒ.വൈ.ഇ.സി | 24 | 2 | 26 |
| | ആകെ | 101 | 52 | 153 |

ഊർജത്തിൻെറ മേഖലയിൽ ഈ പഞ്ചായത്ത് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. അവ താഴെ കുറിക്കുന്നു.

പ്രശ്നങ്ങൾ :-

1) മാറഞ്ചേരി ഗ്രാമപഞ്ചായത്തിലെ വൈദ്യുതോപഭോക്താക്കൾ തൃശൂർ ജില്ലയിലെ പുന്നയൂക്കുളം മേജർ സെക്ഷനിലും മലപ്പുറം ജില്ലയിലെ പൊന്നാനി മേജർ സെക്ഷനിലുമായി വിഭജിക്കപ്പെട്ടിരിക്കുന്നതിനാൽ പല പ്രയാസങ്ങളും അഭിമുഖീകരിക്കേണ്ടിവരുന്നു.

2) വേണ്ടത്ര ജീവനക്കാരെ വൈദ്യുതബോർഡ് യഥാസമയം നിയമിക്കാത്തതിനാൽ കേടുപാ

167

ടുകൾ തീർക്കാൻ ബുദ്ധിമുട്ടാവുന്നു.. വൈദ്യുത വിതരണം നിരന്തരം നിലച്ചുപോകുന്നത് നിത്യസംഭവമാണ്. വൈദ്യുത പ്രസരണ-വിതരണ നഷ്ടം സംഭവിച്ചുകൊണ്ടിരിക്കുന്നു.

3) യഥാർത്ഥത്തിൽ ലഭിക്കേണ്ടതിൻെറ 72% മാത്രമാണ് എടപ്പാൾ 66 കെ.വി. സബ് സ്റ്റേഷൻ മുഖേന വിതരണം ചെയ്യപ്പെടുന്നത്.

4) ട്രാൻസ്ഫോർമറുകൾക്ക് ഓവർ ലോഡ് അനുഭവപ്പെടുന്നതിനാൽ വോൾട്ടേജ് ക്ഷാമം എല്ലായിടത്തും അനുഭവപ്പെടുന്നു. ഉപഭോക്താക്കൾ സ്റ്റപ്പപ്പ് ഉപയോഗിക്കുന്ന പലഭാഗങ്ങളും ഉണ്ട്. സ്റ്റപ്പപ്പ് ഇല്ലാത്ത ഉപഭോക്താക്കൾ ബുദ്ധിമുട്ടുന്നു.

5) പഞ്ചായത്തിലെ മുവ്വായിരത്തോളം വീട് കെട്ടിടം എന്നിവക്ക് വൈദ്യുതി ലഭിച്ചിട്ടില്ല.

6) കാഞ്ഞിരമുക്കിലുള്ള ഒരു ആൽമരം മുറിച്ചുമാറ്റാത്തതിനാൽ 110 കെ.വി. ലൈൻ പോകാനുണ്ടായിട്ടുള്ള തടസ്സം കാരണം പൊന്നാനി സബ് സ്റ്റേഷൻെറ നിർമ്മാണ പുരോഗതി വഴിമുട്ടുന്നു.

7) കൃഷിക്കാവശ്യമായ മണ്ണെണ്ണയുടെ ലഭ്യതയിലുള്ള കുറവ്, വൈദ്യുത ക്ഷാമം, എന്നിവ തെങ്ങ്, കവുങ്ങ്, നെല്ല് മുതലായ കൃഷിയെ ബാധിക്കുന്നു.

**സാധ്യതകളും നിർദ്ദേശങ്ങളും :-**

1)എടപ്പാളിൽ ഇപ്പോൾ സ്ഥിതി ചെയ്യുന്ന 66 കെ.വി സബ്സ്റ്റേഷൻ 110 കെ. വി. സ്റ്റേഷനായി ഉയർത്തിയാൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം. പൊന്നാനിയിൽ നിർമ്മാണമാരംഭിച്ച 110 കെ. വി സബ് സ്റ്റേഷൻ ഉടനടി പണി പൂർത്തിയാക്കി വൈദ്യുതി വിതരണം നടത്തിയാൽ മാറഞ്ചേരി ഗ്രാമപഞ്ചായത്തിൻെറ വോൾട്ടേജ് ക്ഷാമം പരിഹരിക്കാം.

2) കർഷകർക്ക് നൽകപ്പെടുന്ന ഡീസൽ, മണ്ണെണ്ണ പെർമിറ്റുകളിൽ അളവു വർദ്ധിപ്പിച്ചാൽ കർഷകർക്ക് ജലസേചനത്തിന് ഊർജ്ജ പ്രതിസന്ധി ഉണ്ടായിരിക്കില്ല.

3) പാചകഗ്യാസിൻെറ സേവന വിതരണ പരിധിയിൽ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിനെ മുഴുവൻ ഉൾപ്പെടുത്തണം.

4) വിറകിനാവശ്യമാശ്യമായ വൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുകയും വിറക് ഡിപ്പോകൾ സ്ഥാപിക്കുകയും, ക്ഷമത കൂടിയ അടുപ്പുകൾ പ്രചരിപ്പിക്കുകയും ചെയ്യുക.

5) സ്ട്രീറ്റു ലൈറ്റുകളില്ലാത്ത എല്ലാ പഞ്ചായത്ത് റോഡുകളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

6) പഞ്ചായത്തിലെ വൈദ്യുതീകരിക്കാത്ത എല്ലാ വീടുകളും വൈദ്യുതീകരിക്കാൻ പദ്ധതി വേണം.

7) കാർഷികാവശ്യത്തിനുള്ള വൈദ്യുതി സൗജന്യമായി നൽകുക.

8) പ്രധാന കേന്ദ്രങ്ങളിൽ സോഡിയം വെപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

9) കുടിൽ ജ്യോതി പുനരാരംഭിക്കണം.

10) പഞ്ചായത്തിൻെറ മധ്യ ഭാഗത്ത്,പൊന്നാനി മേജർ സെക്ഷൻെറ കീഴിൽ ഒരു സബ് എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കണം.

11) എല്ലാ വിദ്യാലയങ്ങളിലും വൈദ്യുതി എത്തിക്കണം.

12) ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റിയും എണ്ണവും വർദ്ധിപ്പിക്കണം.

13) മാറഞ്ചേരിയുടെ മുഴുവൻ ഭാഗവും പൊന്നാനി മേജർ സെക്ഷൻെറ കീഴിലാക്കണം.

14) ലക്ഷം വീട് ഉൾപ്പെടെയുള്ള എല്ലാ കോളനികളും വൈദ്യുതീകരിക്കണം.

15) സിംഗ്ൾ ലൈൻ പോകുന്ന ലൈനുകൾ ത്രീ ഫെയ്സാക്കണം.

16) അനർട്ടിൻെറ സേവനങ്ങൾ ഉപയോഗപ്രദമാക്കുകയും, ബയോഗ്യാസ് പ്ലാൻറുകൾ, പുകയില്ലാത്ത അടുപ്പ്, സൗരോർജ്ജ പമ്പുകൾ എന്നിവ പഞ്ചായത്തിൽ എല്ലാ ഭാഗങ്ങളിലും സ്ഥാപിക്കുകയും വേണം. പാവപ്പെട്ടവർക്ക് സൗരോർജ്ജ റാന്തലുകൾ സൗജന്യമായി വിതരണം ചെയ്യണം.

17) റോഡിൻെറ മധ്യ ഭാഗത്തുള്ള വൈദ്യുത പോസ്റ്റുകൾ റോഡരികിലേക്ക് മാറ്റണം.

18) വിറക്, മണ്ണെണ്ണ, പെർമിറ്റ് എന്നിവ ലഭിക്കാൻ നടപടി വേണം.

19) പുളിക്കക്കടവിനും പത്തായിൽ സെൻററിനും മധ്യേ, മൂന്നാം വാർഡ് പടിഞ്ഞാറു ഭാഗം, നാലാം വാർഡ് തെക്കു ഭാഗം, പനമ്പാട് സെൻറർ, മാസ്റ്റർ പടി, അധികാരിപ്പടി, നീറ്റിക്കൽ പള്ളി, മാറാടി, പരിച്ചകം, പരുത്തറമുക്ക്, പുറങ്ങ്, അയ്യത്നടം എന്നിവിടങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.

20) മാറഞ്ചേരി, വെളിയങ്കോട്, പെരുമ്പടപ്പ് എന്നീ പഞ്ചായത്തുകൾ കൂട്ടിച്ചേർത്ത്, മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ഒരിലക്ട്രിസിറ്റി മേജർ സെക്ഷൻ സ്ഥാപിക്കുകയും, ഈ ഗ്രാമ പഞ്ചായത്തിനെ മലബാർ വോൾട്ടേജ് ഇംപ്രൂവ്മെൻറ് പദ്ധതിയിൽ ഉൾപ്പെടുത്തുകയും വേണം.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

സാംസ്കാരികമായി ഏറെ മുൻപന്തിയിൽ നിൽക്കുന്ന പഞ്ചായത്താണ് മാറഞ്ചേരി എങ്കിലും പാർപ്പിട രംഗത്ത് വളരെയധികം പ്രശ്നങ്ങൾ നിലനിൽക്കുന്നു. ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗം കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നിൽക്കുന്നു. പഞ്ചായത്തിൽ ഭൂരിപക്ഷം ജനങ്ങളും നിത്യവൃത്തിക്ക് ആശ്രയിക്കുന്നത് കൂലിപ്പണിയും കൃഷിപ്പണിയുമാണ്. അതുകൊണ്ടു തന്നെ കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ കൂടുതൽ. പഞ്ചായത്തിൽ ആകെ 7041 കെട്ടിടങ്ങൾ ഉള്ളതിൽ 443 കെട്ടിടങ്ങൾ ഒന്നിൽ കൂടുതൽ നിലകളുള്ളതും 2016 വീടുകൾ കോൺക്രീറ്റ് കെട്ടിടങ്ങളും 2128 കെട്ടിടങ്ങൾ ഓടിട്ടതുമാണ്. ബാക്കി 2897 കെട്ടിടങ്ങൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്. പഞ്ചായത്തിലെ ഗൾഫ് പണമുപയോഗിച്ച നിർമ്മിക്കപ്പെട്ട വീടുകളിൽ ഭൂരിഭാഗവും ആർഭാടമായ കോൺക്രീറ്റ് സൗധങ്ങളാണ്. ഗൾഫിൽ അദ്ധ്വാനിച്ചുണ്ടാക്കുന്ന പണത്തിൻെറ വലിയൊരുഭാഗം ഉൽപ്പാദനക്ഷമതയില്ലാത്ത രൂപത്തിൽ കോൺക്രീറ്റ് സൗധങ്ങൾക്കു വേണ്ടി മുടങ്ങിക്കിടക്കുന്നതു കാരണം പഞ്ചായത്തിൽ വ്യവസായമോ മറ്റ് ഉൽപ്പാദനപരമായ സംരംഭങ്ങളിലോ മുടക്കുന്നതിന് മൂലധനത്തിൻെറ അഭാവം നിലനിൽക്കുന്നു.




| വാർഡ് | കെട്ടിടങ്ങളുടെ എണ്ണം | ഒന്നിൽ കൂടുതൽ നിലകളുള്ളവ | മേൽപുരയുടെ സ്വഭാവം | | | മറ്റുള്ളവ | വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ നിർമ്മിച്ചവ |
|---|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | | |
| 1 | 481 | 24 | 174 | 124 | 182 | 1 | 21 |
| 2 | 658 | 53 | 135 | 173 | 350 | - | - |
| 3 | 512 | 46 | 159 | 149 | 204 | - | 20 |
| 4 | 705 | 58 | 193 | 184 | 328 | - | - |
| 5 | 671 | 29 | 181 | 275 | 215 | - | 1 |
| 6 | 670 | 29 | 189 | 225 | 255 | 1 | 20 |
| 7 | 672 | 51 | 160 | 175 | 307 | - | 20 |
| 8 | 582 | 42 | 135 | 185 | 262 | - | 20 |
| 9 | 884 | 49 | 310 | 305 | 269 | - | - |
| 10 | 695 | 32 | 385 | 195 | 215 | - | - |
| 11 | 541 | 30 | 95 | 138 | 308 | - | - |
| 12 | | | | | | | |
| ആകെ | 7041 | 443 | 2016 | 2128 | 2895 | 2 | 102 |

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന പൊന്നാനി താലൂക്ക് റൂറൽ ഹൗസിങ്ങ് സൊസൈറ്റി, പൊന്നാനി കാർഷിക വികസന ബാങ്ക് എന്നിവയെ പഞ്ചായത്തിലെ ജനങ്ങൾ വീടു നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. കൂടാതെ പൊതുമേഖലയിലേയും സ്വകാര്യ മേഖലയിലേയും രംഗത്ത് പ്രവർത്തിക്കുന്ന ഹൗസിങ്ങ് ഏജൻസികൾ വഴിയും വീടു നിർമ്മാണത്തിനുള്ള

സഹായം പഞ്ചായത്തിൽ ലഭ്യമാകുന്നു. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാർക്ക് ലഭിക്കാത്ത അവസ്ഥയാണുള്ളത്.

ഈ ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവന നിർമ്മാണ വായ്പകൾ ഉദാരമാക്കേണ്ടതാണ്. ഇതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1) നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2) പലിശ നിരക്ക് പരമാവധി 10%മായി നിജപ്പെടുത്തുക.

3) ജാമ്യ വ്യവസ്ഥയും മറ്റു സാങ്കേതികത്വങ്ങളും ലഘൂകരിക്കുക.

4) പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ ഏകദേശം രണ്ടായിരത്തോളം കുടുംബങ്ങളും സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വളരെ മോശപ്പെട്ടതുമാകുന്നു.

സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗങ്ങൾക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർഭല വിഭാഗക്കാർക്ക് മാത്രമായും അതിൽ വരലിലെണ്ണാവുന്നവർക്ക് മാത്രവുമാണ് ലഭിക്കുന്നത്.

ദുർബല വിഭാഗങ്ങൾക്ക് വീട് വെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിന്നും, പുതുക്കിപ്പണിയാനുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാകാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർ ത്തനത്തിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുൽപാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്ത ജനവിഭാഗളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ വിവിധ പദ്ധതികളനുസരിച്ച് ലഭ്യമായ വീടുകളുടെ എണ്ണം 102 മാത്രമാണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡു വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന വായ്പയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം മൂലവും കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവ് നിമിത്തവും പാവപ്പെട്ടവന്റെ 'സ്വന്തമായൊരു വീട്' എന്ന ആഗ്രഹം വെറുമൊരു മോഹമായിത്തന്നെ ശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്. ഇങ്ങനെയുള്ള അവസ്ഥ കണക്കിലെടുത്ത് ഭവന നിർമ്മാണത്തിന് സർക്കാർ വിവിധ പദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും ബ്ലോക്കുവഴി നൽകുന്ന ഐ. എ. വൈ., ജെ.ആർ. വൈ. എന്നീ പദ്ധതികളിലൂടെ വായ്പാ പരിധിയും, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതിയുടെ വായ്പാ പരിധിയുംവർദ്ധിപ്പിക്കാനും വായ്പക്കുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കപ്പെടേണ്ടതുമുണ്ട്.

പഞ്ചായത്തിൽ ആകെ അഞ്ച് അംഗീകൃത പട്ടികജാതി കോളനികളിലായി 155 കുടുംബങ്ങളും 134 വീടുകളിലായി 1742 അംഗങ്ങളും താമസിക്കുന്നതായി കണക്കുകൾ കാണിക്കുന്നു.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും പുറംമ്പോക്കു സ്ഥലങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസവും ഭവന രഹിതർക്ക് വീടു നിർമ്മിച്ചു നൽകുവാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമായ വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി സാധിക്കുകയില്ലെന്ന് അനുഭവങ്ങൾ തെളിയിക്കുന്നു. വാർഡുതലത്തിൽ ഒരു ബൃഹത്തായ പദ്ധതിക്കേ ഇത് മാറ്റിയെടുക്കാൻ കഴിയൂ എന്ന് നാം തിരിച്ചറിയുന്നു. ഇതിനായി വാർഡുതലത്തിൽ ഗുണഭോക്താക്കളെയും സന്നദ്ധസം ഘടനകളെയും വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾക്ക് എത്ര രൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമെ സാധനങ്ങളും അദ്ധ്വാനവും സംഭാവന വഴി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചീനിയർ മുതൽ ലേബർ വരെയുള്ളവരെ സംഘം വഴി സപ്ലൈ ചെയ്യുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്ക് എത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടനകൾ) ഈ സംഘത്തിൽ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണ

ത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക.

3. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്ക് സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധി മുട്ടുകൾ ഒഴിവാക്കുക.

4. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്ത് തലത്തിൽ സൂക്ഷിക്കുക.

5. ചെലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

6. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

കോളനികളുടെ പാർപ്പിട പ്രശ്നം സങ്കീർണ്ണമായ മറ്റു പ്രശ്നങ്ങളും സൃഷ്ടിക്കുന്നുണ്ട്. കൊച്ചു വീടുകളിലെ ജന ബാഹുല്യമാണ് ഇതിനു കാരണം. വീടുകൾ തൊട്ടു തൊട്ട് കിടക്കുന്നതും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇവ പരിഹരിക്കുന്നതിന് പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും സർക്കാർ പുറം മ്പോക്കു ഭൂമിയും പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. നമ്മുടെ ലക്ഷ്യം അഞ്ചു വർഷം കൊണ്ട് പഞ്ചായ ത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമല്ലെങ്കിലും പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്ക് ഒന്നിച്ചു മുന്നേറാം.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ദരിക്കുവാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസം ഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമ പദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര സംസ്ഥാന ഗവൺമെ ൻറുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമാ സഹകരണ ത്തോടെ ക്ഷേമനിധിബോർഡുകൾ വഴി നടപ്പാ ക്കുന്നവയുമായി ഇതിനെ രണ്ടായി തിരിക്കാം.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനുകളും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പ റേഷനുകളും പ്രവർത്തിക്കുന്നുണ്ട്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗസ്ഥ തലത്തിലുള്ള ബോധവൽക്കരണ ക്കുറവ്, ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാ മാലകൾ എന്നിവ എടുത്തുപറയേണ്ടവ തന്നെ യാണ്.

തൊഴിലാളി - തൊഴിലുടമ സഹകരണത്തോ ടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചാ യത്തിൽ കയർ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, ബാർബർമാർ, ടൈലർമാർ എന്നിവർ കൂടുത ലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധി യിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യം ലഭിക്കാൻ, ഇതിൻെറ ഓഫീസ് പാലക്കാട്ടായതിനാൽ സാധിക്കുന്നില്ല. വനിതാ വികസന കോർപ്പറേഷൻ ആസ്ഥാനം തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ വഴിയുള്ള ആനുകൂല്യങ്ങൾ ലഭിക്കാറില്ല. പൊതു പ്രവർത്തന രംഗത്ത് പ്രവർത്തിക്കുന്ന പല വനിതകൾക്കും ഇതേ കുറിച്ച് അറിയില്ല എന്നതാണ് യാഥാർത്ഥ്യം. വനിതകൾക്ക് അന്യമാണ് ഈ കോർപ്പറേഷനെ ന്നാണ് പഞ്ചായത്തിനെ വിലയിരുത്തുമ്പോൾ അറിയാൻ കഴിയുക.

സാമൂഹ്യ ക്ഷേമരംഗത്ത് കാര്യമായി പ്രവർ ത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാ ക്കുന്നത് ബ്ലോക്കാഫീസ് വഴിയാണ്. രണ്ടു സർക്കിളുകളിലൂടെ നടപ്പാക്കിയ പദ്ധതികളെ കുറിച്ച് അവരുടെ കണക്കുകളിലുള്ള പട്ടിക താഴെ കൊടുക്കുന്നു.

ഐ. ആർ.ഡി.പി. സർവ്വെ സഹായ ലഭ്യതാകണക്ക്
(മാറഞ്ചേരി വില്ലേജ്) പട്ടിക 1

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| '92-93 | 70 | 1,43,642 | 30,39,961 |
| 93-94 | 43 | 1,05,921 | 20,66,662 |
| 94-95 | 45 | 2,36,800 | 52,52,250 |
| 95-96 | 48 | 1,05,921 | 20,66,662 |
| ആകെ | 206 | 5,92,284 | 1,24,25,485 |

മാറഞ്ചേരി വില്ലേജിൽ 92 ലെ ഐ. ആർ.ഡി.പി സർവ്വെ ലിസ്റ്റിൽ 1861 കുടുംബ ങ്ങളാണുള്ളത്. ഇതിൽ 45 കുടുംബങ്ങൾ പട്ടികജാതി വിഭാഗത്തിൽ പെട്ടവരാണ്. 92-93 മുതൽ 95-96 വരെ 206 കുടുംബങ്ങൾക്ക് മാത്ര മാണ് ഐ. ആർ.ഡി.പി സഹായ പദ്ധതികൾ ലഭ്യമായിട്ടുള്ളത്.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീമനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലക്ക് പരമാവധി ഫണ്ടനുവദിച്ച് കൊണ്ട് സഹകരണ ബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്തക്കളെ പരമാവധി സഹായിക്കാൻ ജില്ല സംസ്ഥാന സഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശസാൽകൃത ബാങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം.ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വെ നടത്തണം.

### ഡി. ഡബ്ലിയു. സി. ആർ. എ സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനുവേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി. ഡബ്ലിയു. സി. ആർ. എ.

### ഡി. ഡബ്ലിയു. സി. ആർ. എ സഹായ ലഭ്യതാ കണക്ക്

(മാറഞ്ചേരി വില്ലേജ്) പട്ടിക 1

| വർഷം | എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| 88-89 | 15 | 27000 | 54000 |
| 89-90 | 12 | 24000 | 24000 |
| 90-91 | 16 | 60000 | 75000 |
| 91-92 | 21 | 62175 | 1,02175 |
| ആകെ | 64 | 1,73,175 | 2,55,175 |

## വിവിധ പെൻഷനുകൾ

### വിധവാ പെൻഷൻ:-

മാറഞ്ചേരി പഞ്ചായത്തിൽ 42 പേർക്കാണ് വിധവാ പെൻഷൻ കിട്ടുന്നത്. ഇവിടെ പെൻഷൻ കിട്ടാൻ അർഹതയുള്ളവർ ധാരാളം പേരുണ്ടെങ്കിലും അതിൻെറ വിവരങ്ങൾ അറിയാത്തതു കാരണം അപേക്ഷിക്കാത്തവരുണ്ട്. വിധവാ പെൻഷൻെറ നിലവിലുള്ള വരുമാന പരിധി ഉയർത്തേണ്ടതാണ്. കൈകുഞ്ഞുങ്ങളുള്ള വിധവകൾക്ക് അദ്ധ്വാനിക്കുവാനുള്ള ആരോഗ്യമുണ്ടെങ്കിലും കുട്ടികളുടെ പരിപാലനം കണക്കിലെടുത്ത് പെൻഷൻ അനുവദിക്കേണ്ടതാണ്. ഈ കാരണം പറഞ്ഞ് നമ്മുടെ പഞ്ചായത്തിൽ നിരവധി പേർക്ക് വിധവാ പെൻഷൻ നിഷേധിച്ചിട്ടുണ്ട്.

### വികലാംഗ പെൻഷൻ:-

പഞ്ചായത്തിൽ 34 പേർക്കാണ് ഈ പെൻഷൻ ലഭിക്കുന്നത്. വികലാംഗ പെൻഷന് അപേക്ഷിക്കുമ്പോൾ ഹാജരാക്കുന്ന വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ഇന്നു നേരിടുന്ന പ്രയാസങ്ങൾ ലഘൂകരിക്കാൻ വേണ്ടി സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം താലൂക്ക് ആശുപത്രികളുടെ മെഡിക്കൽ ഓഫീസർക്ക് നൽകണം.

### കർഷക തൊഴിലാളി പെൻഷൻ :-

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അതേസമയം അർഹരായ മുഴുവൻ പേർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകണം. അർഹരായവരെ തെരഞ്ഞെടുത്ത് ലിസ്റ്റ് പ്രസിദ്ധീകരിക്കണം

### വികലാംഗർ

| വയസ്സ് | അംഗവൈകല്യം സംഭവിച്ചവർ | മാനസി വൈകല്യംസംഭവി ച്ചവർ | ബധിരരും മൂകരും | അന്ധർ |
|---|---|---|---|---|
| 6 മാസം വരെ. | 4 | - | - | 2 |
| 6 മാസം മുതൽ ഒരു യസ്സു വരെ | 25 | 12 | - | 5 |
| ഒരു വയസ്സു മുതൽ14 വയസ്സുവരെ | - | - | 14 | - |
| 14 വയസ്സിനു മുകളിൽ | 107 | 64 | 31 | 17 |

# അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ, 12 വാർഡുകളിലായി 28 എണ്ണം പ്രവർത്തിക്കുന്നു. ആയിരം ജനസംഖ്യക്ക് ഒരു അൻഗൻവാടി എന്ന ഐ. സി. ഡി. എസ്. സ്കീമിലെ തത്വപ്രകാരം, 1991 ലെ സെൻസസ് അനുസരിച്ച് പരമാവധി അനുവദിക്കാവുന്ന അംഗൻവാടികൾ മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ പ്രവർത്തന മാരംഭിച്ചിട്ടുണ്ട്. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിൻെറ കടന്നു കയറ്റം പഞ്ചായത്തിലും പ്രകടമാണ് നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം, ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസംതൃപ്തി ഉണ്ടാക്കുകയും, പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധി ക്കുകയും ചെയ്യുന്നു. സ്വന്തമായ കെട്ടിടമില്ലാത്തതും സ്ഥലമില്ലാത്തതും കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താതകതതും കളിപ്പാട്ടങ്ങളില്ലാത്തും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അംഗക്കളരിയായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെ യാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ട് തസ്തിക കളാണ് ഇതിലുള്ളത്. രാവിലെ ഒമ്പതുമണി മുതൽ വൈകീട്ട് മൂന്നു മണി വരെ ജോലി ചെയ്യുന്ന ഇവർ ആരോഗ്യ മേഖലയിലെ ഗൃഹ സന്ദർശന മുൾപ്പടെ നടത്തേണ്ടതായും വരുന്നുണ്ട്. പ്രയാസം സഹിച്ചും നാടിൻെറ ഉന്നമനത്തിനു വേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാ രുടെ വേതനം വളരെ തുച്ഛമാണ് ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

**നിർദ്ദേശങ്ങൾ പ്രശ്നങ്ങൾ :-**

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെകൊണ്ടോ ജെ. ആർ. വൈ. ഫണ്ടോ ഉപയോഗിച്ച് അംഗൻ വാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും, ഉള്ളവയിൽ അറ്റകുറ്റപ്പണി നടത്തിക്കുകയും ചെയ്യുക.

2. പഞ്ചായത്ത് ലീസ് ഭൂമിയോ മിച്ച ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ നൽകുക.

3. ഡി. ഡബ്ലിയു. സി. ആർ. എ. യൂണിറ്റുൾക്ക് നൽകുന്ന ഫണ്ടിൻെറ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങുവാൻ നൽകുക.

4. അംഗൻവാടികളിലെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

5. അനർട്ട് അടുപ്പുകൾ അംഗൻവാടികൾക്ക് ബാധകമാക്കുക.

6. ശുചിത്വ പരിപാലനത്തിൻെറ ഭാഗമായി മുഴുവൻ അംഗൻവാടികളിലും പാഴ്വസ്തുക്കളും മാലിന്യവസ്തുക്കളും നീക്കം ചെയ്യാൻ സംവിധാനമുണ്ടാക്കുക.

7. അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

8. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

9. പൊതു പ്രവർത്തനത്തിൽ വർക്കർമാരെയും ഹെൽപ്പർമാരെയും ബോധവൽക്കരണം നടത്തുക.

10. അംഗനവാടികളോട് അനുബന്ധിച്ച് സ്ത്രീകളുടെ സൊസൈറ്റി രൂപീകരിച്ച് പാരമ്പര്യ തൊഴിലും തൊഴിലവസരത്തിന് സാധ്യതയുമുള്ള പുതിയ പദ്ധതികൾ രൂപികരിക്കന്നതിന് വനിതാ ഏജൻസികൾ മുഖാന്തിരമോ ഡിപ്പാർട്ട്മെൻറ് മുഖാന്തിരമോ സാമ്പത്തിക സഹായം നൽകുന്നത് നന്നായിരിക്കും.

11. തൊഴിവസരങ്ങൾ സൃഷ്ടിക്കന്നതിനുള്ള സൊസൈറ്റികൾ രൂപീകരിക്കുന്നത് നന്നായിരിക്കും

12. അഗതികൾക്കും, വിധവകൾക്കും വികലാംഗർക്കുമുള്ള പെൻഷനുകൾ പഞ്ചായത്ത് തലത്തിലൂടെ വിതരണം ചെയ്യുന്നതിനുള്ള സംവിധാനമുണ്ടായാൽ കൂടുതൽ പ്രയോജനപ്രദമായിരിക്കും.

13. അഗതിമന്ദിരങ്ങളും വികലാംഗരായ കുട്ടികളെ താമസിച്ച് പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിലുണ്ടായാൽ മെച്ചമായ പ്രവർത്തനം കാഴ്ചവെക്കാൻ സാധിക്കും.

14. വിദ്യാഭ്യാസപരമായി പിന്നോക്കമുള്ള കുടുംബങ്ങളിലെ കുട്ടികൾക്ക് സ്കൂൾ സമയത്തിനു ശേഷമുള്ള അവരുടെ പഠനവും ഒന്നിച്ചു കൂടിയുള്ള കളിയും പരിപോഷിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉണ്ടാകുന്നത് പുരോഗതിക്ക് സഹായകരമായിരിക്കും.

15. വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. ജില്ലാ ആശുപത്രിയായ മഞ്ചേരിയിൽ എത്തിപ്പെടാനുള്ള വിഷമവും സർട്ടിഫിക്കറ്റ് കിട്ടുവാനുള്ള കാലതാമസവും വളരെയധികം പ്രയാസങ്ങളുണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതുകൊണ്ടുതന്നെ ദൂരയാത്രയും ഒഴിവാക്കിക്കൊടുക്കണം. ഇതിന് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്ക് ആശുപത്രിയിലെ പ്രധാന മെഡിക്കൽ ഓഫീസർക്ക് നൽകണം.

## അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഇല്ലാത്തത് | കെട്ടിടം ഉള്ളത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം ഇല്ലാത്തവർ | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 2 | 106 | 94 | - | - | - | 106 | - | 108 |
| | | | 108 | 88 | - | - | 108 | | - | 108 |
| 2 | 2 | 3 | 109 | 104 | - | - | 109 | - | - | |
| | | | 110 | 146 | - | 110 | | 111 | - | |
| | | | 111 | 131 | - | - | - | - | - | |
| 3 | 3 | 2 | 112 | 154 | - | - | - | 112 | - | |
| | | | 113 | 103 | - | - | 113 | | - | 113 |
| 4 | 4 | 3 | 107 | 96 | - | - | - | 107 | - | |
| | | | 114 | 232 | - | - | - | 114 | - | |
| | | | 115 | 166 | - | - | - | 115 | - | |
| 5 | 5 | 2 | 116 | 109 | - | - | - | 116 | - | |
| | | | 117 | 109 | - | - | - | 117 | - | |
| 6 | 6 | 2 | 118 | 86 | - | - | - | 118 | - | |
| | | | 119 | 99 | - | - | 119 | - | - | 119 |
| 7 | 7 | 3 | 121 | 68 | - | - | - | 121 | | |
| | | | 122 | 119 | - | - | 122 | - | - | 122 |
| | | | 126 | 88 | - | - | - | 126 | - | |
| 8 | 8 | 3 | 123 | 56 | - | - | 123 | - | - | 123 |
| | | | 124 | 121 | - | - | 124 | - | - | 124 |
| | | | 125 | 110 | - | - | - | 125 | - | |
| 9 | 9 | 2 | 127 | 100 | - | - | - | 127 | - | |
| | | | 128 | 108 | - | - | - | 128 | - | |
| 10 | 10 | 3 | 129 | 100 | - | - | 129 | - | - | 129 |
| | | | 130 | 75 | - | - | - | 130 | - | |
| | | | 131 | 99 | - | - | - | 131 | - | |
| 11 | 11 | 2 | 120 | 83 | - | 120 | - | - | - | |
| | | | 132 | 159 | - | - | - | - | - | |
| 12 | 12 | 1 | 133 | 120 | - | - | 133 | - | - | 133 |

# സംസ്കാരം

സ്വാതന്ത്ര്യസമര പ്രസ്ഥാനങ്ങളുടെ ആദ്യനാളിലുണ്ടായ സാംസ്കാരിക നവോത്ഥാന ചിന്താഗതിയുടെ അലകൾ മാറഞ്ചേരി ഗ്രാമപഞ്ചായത്തിലും എത്തിയിട്ടുണ്ട്. ജാതിക്കും അയിത്തത്തിനും അന്ധവിശ്വാസങ്ങൾക്കുമെതിരെ കലാപക്കൊടിയുമായി ഉയർന്നുവന്ന പി. കൃഷ്ണപ്പണിക്കർ, കണാരൻ മാസ്റ്റർ എന്നിവരെ നമുക്ക് മറക്കാനാവില്ല. മുസ്ലീം സമുദായത്തിലെ ദുരാചാരങ്ങൾക്കെതിരെ രംഗത്തു വന്ന ഉൽപ്പതിഷ്ണുക്കളിലെ പ്രമുഖനാണ് മൊയ്തു മൗലവിയുടെ പിതാവായ മലയംകുളത്തേൽ മരക്കാർ മുസ്ല്യാർ. ഇദ്ദേഹത്തിൻെറ 'ദുരാചാര മർദ്ദന'മെന്ന അറബിമലയാളം കൃതി മുസ്ലീം സാമൂഹിക ബോധമണ്ഡലത്തിലെ ഒരു വിസ്ഫോടനമായിരുന്നു.

കലാരംഗത്ത് നമ്മുടെ വേരുകൾ നൂറ്റാണ്ടുകൾക്കപ്പുറത്തുണ്ട്. അനുഷ്ഠാന കലകളായ വാദ്യങ്ങൾ, പൂതം കളികൾ, തോറ്റം, തുയിലുണർത്തുപാട്ട്, ഓണക്കളി, ഒപ്പന, ദഫ്മുട്ട്, അറവന മുട്ട്, വില്ലിൻമേൽ തായമ്പക മുതലായവ ഇവിടെ നിലനിന്നിരുന്നുവെങ്കിലും നമ്മുടെ ഗ്രാമത്തിൻേറതെന്ന് പറയാവുന്നത്, ആയോധന കലകളിൽ പ്രാഗൽഭ്യം നേടിയ നമ്പൂതിരിമാരിൽ നിന്നുയർന്നു വന്ന സംഘക്കളി അഥവാ യാത്രക്കളിയായിരുന്നു. ചരിത്ര പുരാണമായി മാറിയ ഈ കലാരൂപം മാരാമിറ്റം, മൈലങ്കോട് മനകളിലെ നമ്പൂതിരിമാരാണ് അവതരിപ്പിച്ചിരുന്നത്. ഈഴവ സമുദായത്തിൻേറതായ പരിചമുട്ടുകളി, കിണ്ണം കളി എന്നിവ എടുത്തു പറയേണ്ടവയാണ്. ഈ ഗ്രാമത്തിനെ ഇന്നും ആവേശം കൊള്ളിക്കുന്ന ദ്രുത താള ലയത്തോടുകൂടിയ ഒരു കലാരൂപമാണ് കോൽക്കളി. ഈ രംഗത്ത് പ്രഗത്ഭരായ ടി. സി. അബ്ദു, ഒ.വി. മൊയ്തീൻ എന്നിവരുടെ സ്മരണ എന്തുകൊണ്ടും പ്രസക്തമാണ്.

ക്ലാസിക്കൽ കലകളായ കഥകളി, കൂടിയാട്ടം, ഓട്ടംതുള്ളൽ, എന്നിവ അഭ്യസിച്ചവർ ഇവിടെ ഉണ്ടായതായി അറിവില്ല. എങ്കിലും ശാസ്ത്രീയ നൃത്തങ്ങൾ പഠിപ്പിക്കുന്നവരും പഠിച്ചവരും വിരളമല്ല. ക്ലാസിക്കൽ കലകളെ പോലെ സംഗീതത്തിലേയും വേരുകൾ തേടുന്ന ഒരന്വേഷകനെ ഈ ഗ്രാമം നിരാശപ്പെടുത്തുമെങ്കിലും ഈ നൂറ്റാണ്ടിൻെറ മധ്യത്തോടെ കടന്നു വന്ന പല സംഗീതജ്ഞരും ഇവടെയുണ്ട്. ഇതിൽ പ്രധാനി പരേതനായ വി.കെ. മായിൻ തന്നെ. ഇന്നു പ്രഗത്ഭരായ ചെറുപ്പക്കാരുടെ ഈ രംഗത്തെ സാന്നിദ്ധ്യം അഭിമാനകരം തന്നെ.

ക്ലാസിക്കൽ കലകളോടടുത്തു നിൽക്കുന്ന നാടകത്തിനും ഈ ഗ്രാമത്തിൽ വലിയ പഴക്കമൊന്നുമില്ല. തെക്കു നിന്നെത്തിയ സംഗീത നാടക സംഘങ്ങളെ പറ്റിയൊന്നും പഴമക്കാർ പറഞ്ഞു കേട്ടിട്ടുമില്ല. എങ്കിലും പഴയ സംഗീത നാടകങ്ങൾ കണ്ട് ആവേശ ഭരിതരായി 'പാവന മധുരാ പുരി' പാടി നടന്നിരുന്ന ചില ഭാഗവതർമാരെപ്പറ്റി സൂചനകളുണ്ട്. പനമ്പാട് സ്കൂളിലെ വാർഷികോത്സവങ്ങളോടെയാണ് നാടകാവതരണം ഇവിടെ പച്ച പിടിച്ചതെന്ന് പറയാം. ദേശീയ പ്രസ്ഥാനങ്ങളോട് ഐക്യദാർഢ്യം പുലർത്തുന്ന നാടകങ്ങളായിരുന്നു അവിടെ അവർ അവതരിപ്പിച്ചിരുന്നത്. 1946 ൽ ശ്രീ. പി. കരുണാകരപ്പണിക്കരുടെ ശ്രമഫലമായി പനമ്പാട് സ്ഥാപിതമായ 'ജയ് ഹിന്ദ്' വായനശാലയും ഗ്രന്ഥാലയവും ഇവിടുത്തെ ചെറുപ്പക്കാരുടെ നാടകബോധത്തിന് തിളക്കം കൂട്ടുകയും പഞ്ചായത്തിലെ മുഴുവൻ ആളുകളുടേയും സാംസ്കാരിക ബോധത്തിൽ ഒരുപുത്തൻ ഉണർവ്വ് ഉണ്ടാക്കുകയും ചെയ്തു. കേരളത്തിലെ അന്നറിയപ്പെടുന്ന മുഴുവൻ എഴുത്തുകാരുടെയും ഗ്രന്ഥങ്ങൾ ഇവിടുത്തെ ലൈബ്രറിയിൽ ഉണ്ടായിരുന്നു. മറ്റു സഹായങ്ങളൊന്നും ലഭിക്കാത്ത അക്കാലത്ത് സംഭാവനകളിലൂടെയാണ് ഈ പുസ്തകങ്ങളെല്ലാം ശേഖരിച്ചത്. ഈ വായനശാലയുടെ കീഴിൽ വളർന്നു വന്ന ഒരു കലാകാരനും കലാ പ്രവർത്തനകനുമായിരുന്നു ശ്രീ. ടി. ശ്രീധരൻ മാസ്റ്റർ. സ്വന്തമായി കെട്ടിടമുണ്ടായിരുന്ന ഈ സ്ഥാപനം ഇന്നീ ഗ്രാമത്തിൻെറ ചരിത്രത്തിൽ തുടിക്കുന്ന ഒരോർമ്മ ക്കുറിപ്പുമാത്രം. എങ്കിലും ജയ്ഹിന്ദിൽ നിന്നും വേർപ്പിരിഞ്ഞവർ സ്ഥാപിച്ച നവോദയം വായനശാല സ്വന്തമായ കെട്ടിടത്തോടെ ഇന്നും

നിലനിൽക്കുന്നു. പി. കണാരൻ മാസ്റ്റർ, ടി. ശങ്കരൻ മാസ്റ്റർ, എ. മൊയ്തീൻ മാസ്റ്റർ, സി. പത്മനാഭൻ നായർ എന്നിവരൊക്കെ ഈ സ്ഥാപനം സ്ഥാപിക്കാൻ മുൻകയ്യെടുത്തവരാണ്. നവോദയം വായനശാല പ്രവർത്തനരംഗത്തിപ്പോൾ 45 വർഷം പിന്നിട്ടു.

ഇന്നിവിടെ ആറു ലൈബ്രറികളും വായനശാലകളും പ്രവർത്തിക്കുന്നു. അതിലാറെണ്ണവും കേരള ഗ്രന്ഥശാലാ സംഘത്തിൽ അഫിലിയേഷൻ

യിരുന്നു. വി. കെ. മായിൻ ആയിരുന്നു സംഗീതം നയിച്ചിരുന്നത്. സ്ത്രീകൾ നാടകവേദിയിൽ നിന്ന് മാറി നിന്നിരുന്ന അക്കാലത്ത് ധീരതയോടെ അരങ്ങത്തെത്തിയവരാണ് പഞ്ചായത്ത് മെമ്പറായ ഇ. കമലം, സതി, ജാനകി എന്നിവർ. പ്രസിദ്ധ നോവലിസ്റ്റ് എം.ഡി. രത്നമ്മ ഈ സമിതിയിലെ പിന്നണി ഗായികയായിരുന്നു. അന്നത്തെ പ്രസിദ്ധ ഗായകനായിരുന്ന എൻ. പി. പോക്കർ ആയിരുന്നു പിന്നണി ഗായകൻ. ഇതൊരു പ്രൊഫഷണൽ സ്വപ്നത്തിൽ നിന്നുടലെടുത്ത നാടക വേദി ആയി

**ലൈബ്രറികൾ സംബന്ധിച്ച വിവരങ്ങൾ**

| ക്രമ നമ്പ്ര് | വാർഡ് | പേര് | പുസ്തകങ്ങൾ (എണ്ണം) | വില | മെമ്പർമാർ | കിട്ടുന്ന ഗ്രാൻറ് KSLC യിൽനിന്ന് | സ്വന്തം ഥലവും കെട്ടിവും |
|---|---|---|---|---|---|---|---|
| 1 | 9 | മാറഞ്ചേരി പഞ്ചായതത് സെൻട്രൽ ലൈബ്രറി (പഞ്ചായത്ത് വക) | 3742 | 37529.96 | 101 | 1500 | ഉണ്ട് |
| 2 | 11 | നവോദയം കലാസമിതി ആൻറ് ഗ്രന്ഥശാല പുറങ്ങ് | 3513 | 18295 | 124 | 9000 | ഉണ്ട് |
| 3 | 2 | നവകേരളം വായനശാല കാഞ്ഞിരമുക്ക് | 2441. | 12447. | 76 | ഇല്ല | ഉണ്ട് നിശ്ചമാണ് |
| 4 | 4 | യുഗവേദി ഗ്രന്ഥശാല കുണ്ടുകടവ്, പുറങ്ങ്. | 2709 | 25129 | 67 | 5600 | ഉണ്ട് |
| 5 | 12 | ജ്ഞാനോദയം വായനശാല പുറങ്ങ്. | 1868 | 10218 | 88 | 5100 | ഉണ്ട് |
| 6 | 7 | മാറഞ്ചേരി ഗ്രന്ഥാലയം അല്ലിപ്പറമ്പ്. | 784 | 7500 | 60 | ഇല്ല | ഇല്ല |
| 7 | | ജയ്ഹിന്ദ് ഗ്രന്ഥാലയം ഇന്ന് നിലവിലില്ല. | | | | | |

ഉള്ളവയാണ്. ഗ്രന്ഥശാലകളെ പറ്റി പറയുമ്പോൾ വിട്ടുപോകാൻ പാടില്ലാത്ത ഒരു പേരാണ് കെ. ആർ. ചെറായിയുടേത്. കാഞ്ഞിരമുക്ക് നവകേരള വായനശാലയുടെ പുരോഗതിക്ക് വേണ്ടി പ്രവർത്തിച്ച പ്രധാനികളായിരുന്നു എം. ടി. മുഹമ്മദ് മാസ്റ്റർ, കക്കാടത്ത് ഗോപാല മേനോൻ തുടങ്ങിയവർ.

മാറഞ്ചേരിയിലെ കലാസമിതികളെ പറ്റി പ്രതിപാദിക്കുമ്പോൾ ഓർക്കേണ്ട ഒന്നാണ് നവസുമം കലാവേദി പ്രസിദ്ധ കവി പൊൻകുന്നം ദാമോദരൻെറ കാർമികത്വത്തിലും കണാരൻ മാസ്റ്ററുടെ സംഘടനാ പാടവത്തിലും രൂപം കൊണ്ട ഒന്നായിരുന്നു ആ കലാ സംഘടന. കെ. ആർ. ചൊയി, അയ്യപ്പൻ മാസ്റ്റർ, ഐ. പി. ഉണ്ണി, മാധവൻ, കൃഷ്ണൻ നായർ, അച്ചുതൻ മാസ്റ്റർ തുടങ്ങിയവർ ഈ കലാവേദിയിലെ നടൻമാരാ

രുന്നുവെങ്കിലും എന്തുകൊണ്ടോ ആ സ്വപ്നം പൊലിഞ്ഞു പോയി. ഈ ഗ്രാമത്തിൽ ഇന്നും ഒരത്ഭുതം പോലെ നിലിനിൽക്കുന്ന ഒരു പ്രൊഫഷണൽ നാടക ട്രൂപ്പാണ് 1979 ൽ രൂപീകരിച്ച 'ഇടശ്ശേരി നാടക അരങ്ങ്'. കേരളത്തിലെ പ്രസിദ്ധ കലാകാരൻമാർ ബന്ധപ്പെടുന്ന ഈ സമിതി കേരളത്തിലങ്ങോളമിങ്ങോളം ചിലപ്പോഴൊക്കെ സ്റ്റേറ്റിനു പുറത്തും നാടകം അവതരിപ്പിക്കുന്നു.

നമ്മുടെ പഞ്ചായത്തിലിപ്പോൾ 25 ഓളം കലാസാംസ്കാരിക സമിതികളുണ്ട്. പക്ഷെ ഭൂരിഭാഗവും പേരിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. അവയിൽ ചിലത് സാമൂഹിക സേവന രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവയാണ്. പഞ്ചായത്തിലെ സാമൂഹിക രാഷ്ട്രീയ ചലനങ്ങളിൽ നിഷ്പക്ഷതയോടെ ഇടപെടാൻ ശ്രമിക്കുന്ന ''വോസ്കോ''

ഈ രംഗത്ത് നിറഞ്ഞു നിൽക്കുന്നു. സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുന്ന 'ഐവോക്സ്', 'യാസ്' തുടങ്ങിയവയുടെ പ്രവർത്തനവും ശ്ലാഘനീയമാണ്. എന്നാൽ കലാരംഗത്ത് അൽപ്പമെങ്കിലും ശ്രദ്ധ പതിപ്പിക്കുന്ന സ്ഥാപനമാണ് 'സഹത'. തുറുവാണത്തെ 'യുവശക്തി' വാർഷികത്തോടനുബന്ധിച്ച് നാടകങ്ങളും നൃത്ത നൃത്യങ്ങളും അവതരിപ്പിക്കാറുണ്ട്. കാഞ്ഞിരമുക്കിലുള്ള 'നവധാര' വള്ളം കളി മത്സരത്തിൽ മുന്നിട്ടു നിൽക്കുന്നു. മുക്കാലയിലുള്ള 'ബോധന' കേരളോത്സവത്തിലും മറ്റും തങ്ങളുടെ പങ്ക് നിർവ്വഹിക്കാറുണ്ട്. പനമ്പാട് 'യുവത'പോലുള്ള സമിതികൾ ക്ഷേത്രോത്സവങ്ങളിൽ കലാപരിപാടികൾ സ്പോൺസർ ചെയ്യുന്നു. കോളനി 'ഫ്രൻറ്സ്', രാജീവ്ഗാന്ധി സാംസ്കാരിക കേന്ദ്രം തുടങ്ങിയവ സാമൂഹിക സേവനം പ്രവർത്തനരംഗമായെടുക്കുന്നു. നവോദയ കലാസമിതി വായനശാലയിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. മറ്റുള്ള സമിതികളിൽ ഭൂരിഭാഗവും പ്രൊഫഷണൽ സംഘങ്ങളുടെ അവതരണങ്ങൾക്ക് വേദിയൊരുക്കുന്നതിൽ ഒതുങ്ങി നിൽക്കുന്നു.

## കലാസാംസ്കാരിക വേദികൾ

| ക്രമ നമ്പ്ര് | പേര് | പ്രവർത്തനം |
|---|---|---|
| 1 | വോസ്കോ മാറഞ്ചേരി | സാമൂഹികരംഗത്തും കലാകായിക രംഗത്തുമുള്ള പ്രവർത്തനം |
| 2 | ശില്പി കലാവേദി പുറങ്ങ് | സംഗീത ക്ലാസുകൾ നടത്തുന്നു |
| 3 | സൂര്യ പുറങ്ങ് | ഇപ്പോൾ നിശ്ചലം |
| 4 | പ്രതിഭ പുറങ്ങ് | പ്രവർത്തനമില്ല |
| 5 | റെഡ് സ്റ്റാർ പരിച്ചകം | പ്രവർത്തനമില്ല |
| 6 | ഐവോക്സ് പരിച്ചകം | സാമൂഹിക പ്രവർത്തനം |
| 7 | താമലശ്ശേരി ഫുഡ് ബോൾ അസോസിയേഷൻ | കായിക രംഗത്തെ പ്രവർത്തനം |
| 8 | യാസ് മാറഞ്ചേരി | സാമൂഹിക പ്രവർത്തനം |
| 9 | ബോധന അധികാരിപ്പടി | കലാകായിക സാമൂഹിക രംഗം |
| 10 | സഹത അല്ലിപ്പറമ്പ് | കലാ പ്രവർത്തനം |
| 11 | യുവത പനമ്പാട് | ക്ഷേത്രങ്ങളിൽ കലാപരിപാടികൾ സ്പോൺസർ ചെയ്യുന്നു. |
| 12 | കോളനി ഫ്രൻറ്സ് പനമ്പാട് | കലാപ്രവർത്തനം |
| 13 | പഞ്ചമി പനമ്പാട് | നാടകാവതരണം |
| 14 | യുവശക്തി തുറുവാണം | നാടകാവതരണം |
| 15 | ക്ലാസിക് വടമുക്ക് | കലാകായിക രംഗം |
| 16 | ന്യൂ വേവ്സ് വടമുക്ക് | സ്പോർട്സ് |
| 17 | നവോദയം | പ്രവർത്തനമില്ല |
| 18 | നവധാര കാഞ്ഞിരമുക്ക് | വള്ളം കളി |
| 19 | യുവ താര | പ്രവർത്തനമില്ല |
| 20 | ഇടശ്ശേരി നാടക അരങ്ങ് പനമ്പാട് | കല (പ്രൊഫഷണൽ നാടക ട്രൂപ്പ്) |
| 21 | സംഗീത കാഞ്ഞിരമുക്ക് | പ്രവർത്തനമില്ല |

പട്ടിക തുടർച്ച

| ക്രമ നമ്പ്ര് | പേര് | പ്രവർത്തനം |
|---|---|---|
| 22 | ശ്രീകൃഷ്ണ കാഞ്ഞിരമുക്ക് | നൃത്തം, സംഗീതം അഭ്യസിപ്പിക്കൽ. |
| 23 | രാജീവ് ഗാന്ധി സാംസ്കാരിക കേന്ദ്രം പനമ്പാട് | സാമൂഹിക പ്രവർത്തനം |
| 24 | സൗഹൃദ പുറങ്ങ് | കലാ-കായികം. |
| 25 | സി. എച്ച്. മെമ്മോറിയൽ കൾച്ചറൽ അസോസിയേഷൻ | സാമൂഹിക, വിദ്യാഭ്യാസം. |
| 26 | വികാസ് പുറങ്ങ് | കലാകായിക രംഗത്തുള്ള പ്രവർത്തനം |

അറിയപ്പെടുന്ന എഴുത്തുകാരും പത്രപ്രവർത്തകരും ഈ വടക്കൻ വന്നേരി ഗ്രാമ ത്തിലുണ്ട്. ഇല്ലത്തേൽ അബ്ദുൾ ഖാദർ മാസ്റ്റർ മൺമറഞ്ഞ ഗ്രന്ഥകർത്താക്കളിൽ പ്രമുഖനായിരുന്നു. ''അമ്മാട്ടി'', ''കുശുണ്ടയും കുന്തിരിയും'', ശമ്പളം കിട്ടട്ടെ'' തുടങ്ങിയവ അദ്ദേഹത്തിൻെറ പ്രമുഖ നാടക കൃതികളാണ്. ഗ്രന്ഥകർത്താവ് എന്ന നിലയിലും ആദരിക്കപ്പെടുന്ന ഇ.മൊയ്തു മൗലവി, മുഹമ്മദ് അബ്ദുറഹിമാൻ സാഹിബിനെ പറ്റി എഴുതിയ ''എൻെറ കൂട്ടുകാരൻ'' എന്ന പുസ്തകം വളരെ പ്രസിദ്ധമാണ്. ഇദ്ദേഹത്തിൻെറ മകനായ എം. റഷീദ്. ഇന്നത്തെ അറിയപ്പെടുന്ന എഴുത്തുകാരനും ഗ്രന്ഥകർത്താവും തന്നെ. ശ്രീ. ടി.കെ. മുഹമ്മദിൻെറ ''ഈത്തപ്പഴം'' (ചെറു കഥകൾ) പ്രസിദ്ധിയാർജ്ജിച്ച കൃതിയാണ്. അച്ചടിച്ച ചില നാടകങ്ങളും ഇവിടുത്തുകാരുടേതായുണ്ട്. കവിതകളും കഥകളുമായി രംഗത്തെിയ പലരും എന്തുകൊണ്ടോ രംഗം വിട്ടിണ്ട്. വളരെ പണ്ടുതന്നെ പത്രം വായിക്കുന്ന സ്വഭാവക്കാരായിരുന്നു ഈ ഗ്രാമവാസികൾ. ഇതിൻെറ മുന്നിൽ നിന്നവരായിരുന്നു ഗ്രാമത്തിലെ ബീഡിത്തൊഴിലാകൾ. പത്രം ഏജൻറുമാരില്ലാതിരുന്ന കാലത്ത് തപാൽ സഞ്ചികളും തൂക്കിവരുന്ന അഞ്ചൽ കാരൻ വഴിയായിരുന്നു പത്രങ്ങൾ കിട്ടിയിരുന്നത്. ലഭ്യാമായ ഏകദേശകണക്കു പ്രകാരം ഇന്നീ പഞ്ചായത്തിൽ മനോരമ, മാതൃഭൂമി, ചന്ദ്രിക, ദേശാഭിമാനി, മാധ്യമം എന്നീ പത്രങ്ങളെല്ലാം കൂടി 1500ൽ പരം കോപ്പികൾ ഈ പഞ്ചായത്തിൽ വിറ്റഴിക്കുന്നു. ഇതര മാധ്യമങ്ങളായ റേഡിയോ, സാധാരണക്കാരുടെ വീടുകളിൽ സാർവ്വത്രികമാണ്. പത്തു വീടിന് ഒരെണ്ണമെന്ന നിലയിൽ ടി.വിയുണ്ട്. കേബിൾ ടി.വിയുടെ പ്രവർത്തനവും ഇവിടെ ഒട്ടും പിന്നിലല്ല.

കായിക രംഗത്ത് ഈ പ്രദേശം മോശമല്ല . ജയ്ഹിന്ദ് വായനശാലയുട കീഴിൽ ഒന്നാം തരം ബാഡ്മിൻറൻ ടീം ഉണ്ടായിരുന്നു കരുണാകരപ്പണിക്കർ, എം. മൊയ്തീൻ മാസ്റ്റർ എന്നിവർ ഈ രംഗത്ത് പ്രഗത്ഭരായിരുന്നു. ഫുഡ്ബോൾ ക്രിക്കറ്റ് തുടങ്ങിയവയാണ് ഇവിടുത്തെ പ്രധാന കളികൾ.

മത സൗഹാർദ്ധത്തിൻെറ കേളിരംഗമായ ഈ പഞ്ചായത്തിൽ ഉത്സവങ്ങൾ ധാരാളമുണ്ട് തോന്നികുറുമ്പക്കാവ് പൂരം, ആവേൻ കോട്ട വേല, കൊല്ലൻെറ കോവിലിലെ തേർപൂജ, തെക്കേകരകായിൽ ഏഴു ദിവസം നീണ്ടു നിൽക്കുന്ന തോറ്റം പാട്ട്, കുംഭഭരണി ഉത്സവം തുടങ്ങിയവയാണ് പ്രധാന ഉത്സവങ്ങൾ. ഇതിനു പുറമെ ഏതാണ്ട് 12 ക്ഷേത്രങ്ങളിൽ കലാപരിപാടികളോടെ ഉത്സവങ്ങൾ നടക്കുന്നുണ്ട്. ഉത്സവങ്ങളിലെ ആഹ്ലാദം എല്ലാ സമുദായ ങ്ങളും ഒന്നിച്ചു പങ്കിടുന്നു.

ഒട്ടും മോശമല്ലാത്ത സാംസ്കാരിക പാരമ്പര്യമുള്ള ഈ ഗ്രാമത്തിൽ ഇന്നും അതിൻെറ ആവേശവും പ്രവർത്തനവും നിലനിൽക്കുന്നു. എങ്കിലും അവയെ പൂർവ്വാധികം ശക്തിപ്പെടുത്തുകയും ചിലതിനെ സംരക്ഷി ക്കുകയും വേണം.

## പ്രശ്നങ്ങൾ

1. 1, 3,5, 6, 8, 10 എന്നീ വാർഡുകളിൽ വായനശാലകളോ ലൈബ്രറികളോ ഇല്ല.

2. കലാസമിതികളുടെ പ്രവർത്തനം ആസൂത്രിതമല്ല.

3. നാടൻ കലാ രൂപങ്ങൾ കാലഹരണപ്പെടുന്നു.

4. അശ്ലീല സിനിമകളും, പോസ്റ്ററുകളും, മാ-മാസികകളും വ്യാപകമാണ്.

5. സ്ത്രീകളുടെ വായനാ ശീലം വളരെ കുറവാണ്.

6. പലകടകളിലും മയക്കുമരുന്നുകൾ ലഭ്യമാണ്.

7. പഞ്ചായത്തിലൊരു സാംസ്കാരിക നിലയമില്ല.

8. പഞ്ചായത്തിൽ ഇൻഡോർ സ്റ്റഡിയമില്ല.

# വനിത

സമൂഹത്തിലെ മറ്റുവികാസങ്ങളോടൊപ്പം മാത്രമെ സ്ത്രീകളുടെ സാമൂഹ്യ പുരോഗതി കൈവരിക്കാൻ സാധിക്കുകയുള്ളൂ. സ്ത്രീ പീഡനം, സ്ത്രീകളോട് മറ്റുവിധത്തിലുള്ള ഇടപെടലുകൾ, കേരളത്തിൽ ഈയിടെയായി വലിയ ധാർമ്മിക അധഃപ്പതനം സംഭവിച്ചിട്ടുണ്ടെന്ന തോന്നൽ ചിലർക്കുള്ളതായി കാണുന്നു. ഇവിടെ വർദ്ധിച്ചു വരുന്ന സ്ത്രീപീഡനക്കേസുകളാണ് ഈ തോന്നലിന്ന് പിന്നിൽ പലപ്പോഴും ഉള്ളതായി കണ്ടിട്ടുള്ളത്. ഈ നൂറ്റാണ്ടിൻെറ ചരിത്രം മൊത്തത്തിൽ കാണുവാൻ ശ്രമിക്കുന്നവർ ഇക്കാര്യത്തെ ചൊല്ലി വിഷമിക്കുകയില്ല. ഒന്നുരണ്ട് ദശകങ്ങൾക്ക് മുമ്പുവരെ മറഞ്ഞും ഒളിഞ്ഞും കിടന്നിരുന്ന കാര്യങ്ങൾ പത്രങ്ങളിലൂടെയും മറ്റു മാർഗ്ഗങ്ങളിലൂടെയും വെളിച്ചം കാണുന്നു. ഇതിൽ പത്രങ്ങളുടെ പങ്കിനെമാത്രം കണ്ടാൽ പോര. വനിതകളുടെ ഇടയിലുണ്ടായിട്ടുള്ള പൊതു ബോധത്തേയും നാം കാണേണ്ടതാണ്. ലൈംഗിക വസ്തുക്കളായി മാത്രം തങ്ങളെ കാണുന്നതിനെതിരെ വനിതകളുടെ മുന്നേറ്റമുണ്ടായിട്ടുണ്ട്. നാട്യങ്ങളും കാപട്യങ്ങളുമില്ലാത്ത സ്ത്രീ-പുരുഷബന്ധത്തിൻെറ കാലാവസ്ഥയിലേക്കാണ് കേരളം മുന്നേറേണ്ടത്. ഈ മുന്നേറ്റത്തിൽ അതിൻെറ ചെറിയ തോതിലുള്ള പങ്ക് നമ്മുടെ പഞ്ചായത്തിലും ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ള സന്തോഷകരമായുള്ള വസ്താത നമ്മളെ ആവേശം കൊള്ളിക്കുന്നു. കൂടുതൽ ആവേശകരമായ നിർദ്ദേശങ്ങൾ ഈ സെമിനാറിൽ വെക്കുവാൻ ഉദ്ദേശിക്കുന്നു.

പന്ത്രണ്ട് ഗ്രാമസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശങ്ങളും സാധ്യകളും താഴെ പറയുന്നു.

ഇടത്തരക്കാരും താഴ്ന്ന വരുമാനക്കാരുമായ ജനവിഭാഗങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഹിന്ദുക്കളും മുസ്ലീംകളും സമ്മിശ്രമായി ജീവിക്കുന്നു. പുറത്തുനിന്നു വന്നു താമസിക്കുന്ന മറ്റു വിഭാഗക്കാരുമുണ്ട്. തെങ്ങ്, കവുങ്ങ്, നെല്ല് മുതലായവയോട് ബന്ധപ്പെട്ട തൊഴിൽ മേഖലയാണ് ഈ പഞ്ചായത്തിലുള്ളത്. സ്ത്രീകളുടെ പരമ്പരാഗത തൊഴിൽ മേഖലകളായ കാർഷികവൃത്തിയും കയറുൽപ്പന്നങ്ങളുണ്ടാക്കുന്ന പ്രവർത്തനവും ഇന്ന് ഒരു മുരടിപ്പിൻെറ അവസ്ഥയിലാണ് നിലകൊള്ളുന്നത്. പരമ്പരാഗതമായ തൊഴിൽ മേഖലകളുടെ വികസനം ഈ പഞ്ചായത്തിൻെറ വികസനത്തിന് മാർഗ്ഗദർശനമായിത്തീരുന്നതാണ്.

1. തൊഴിൽ രംഗത്ത് പുരുഷൻമാരാണ് കൂടുതൽ. മൂന്ന് ദശകങ്ങൾക്ക് മുമ്പ് കാർഷികരംഗത്തും കയർ മേഖലയിൽ മാത്രം ഒതുങ്ങി നിന്നിരുന്ന സ്ത്രീകളുടെ തൊഴിൽ രംഗം ക്രമേണ കെട്ടിട നിർമ്മാണ രംഗത്തേക്ക് കടന്നു വരികയും കാർഷിക മേകലയിലും കയർ മേഖലയിലും പ്രവർത്തിച്ചിരുന്ന വനിതകൾ കെട്ടിട നിർമ്മാണ രംഗത്തേക്ക് ചേക്കേറുകയും ചെയ്തു. വിദ്യാഭ്യാസ രംഗം, ആരോഗ്യരംഗം, സാമൂഹ്യ ക്ഷേമം കൂടാതെ മറ്റു സമസ്ത മേഖലയിലും ഇന്ന് വനിതകൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഗൾഫ് മേഖലയിലെ സാമ്പത്തിക വരുമാനത്തിൻെറ ഭാഗമായും, സമൂഹത്തിൻെറ സന്തുലനമല്ലാത്ത സാമ്പത്തിക വളർച്ചയുടെ ഭാഗമായും വനിതകളിൽ ന്യൂനപക്ഷം ഇന്ന് തൊഴിൽ രംഗത്തു നിന്നു വിട്ടു നിൽക്കുന്നുണ്ട്.

2. സ്ത്രീകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം. മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് വനിതകളുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

3. സ്ത്രീകളുടെ നേരെ പ്രമാദമായ ആക്രമ സംഭവങ്ങളുണ്ടായിട്ടില്ല.

4. സ്ത്രീകൾക്ക് തനതായി നേതൃത്വ പരിശീലന പരിപാടികൾ പഞ്ചായത്തിലില്ല.

5. പൊതു പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പ്രായോഗികാനുഭവങ്ങളും ആത്മവിശ്വാസങ്ങളും മെച്ചപ്പെടുത്തുവാൻ ഗ്രാമപഞ്ചായത്ത് സഹകണസംഘങ്ങൾ മറ്റു സ്ഥാപനങ്ങളുടെ വനിതാ സംവരണവും, വനിതാരംഗത്ത് പ്രവർത്തിക്കുന്ന മഹിളാ സമാജങ്ങളുടെ, പ്രവർത്തനങ്ങളും മഹിളാ സംഘടനകളുടെ സജീവ സാന്നിദ്ധ്യവും വലിയ സംഭാവനകൾ നൽകിയിട്ടുണ്ട്.

6. നാമമാത്രമായ സ്ത്രീകളുടെ തൊഴിൽ യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്.

7. കാർഷിക വകുപ്പിൻെറ ആഭിമുഖ്യത്തിൽ അടുക്കളത്തോട്ടം, കൂൺ കൃഷി, ഔഷധച്ചെടി വളർത്തൽ, പൂവ് കൃഷി എന്നീ കാർഷിക

9. കുട്ടികൾക്ക് ഉല്ലാസകേന്ദ്രമില്ല.

10. സർഗ്ഗവാസനകൾ പ്രോത്സാഹിപ്പിക്കുന്നില്ല.

11. ഗൈഡൻസ് ബ്യൂറോയുടെ അഭാവം.

12. നവ സാക്ഷരർക്കായി പ്രവർത്തിക്കുന്ന ജനവിദ്യാ കേന്ദ്രങ്ങൾ നിശ്ചലമാണ്.

13. വിവാഹ ചടങ്ങുകളുടെ വർദ്ധിച്ചുവരുന്ന ആർഭാടം, ദുർവ്യയം.

14. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.

**സാധ്യതകൾ :-**

1. നാടൻ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കൽ..

2. സാംസ്കാരിക നിലയങ്ങളുടെ സ്ഥാപനം.

3. മൊബൈൽ ലൈബ്രറി.

4. സർഗ്ഗാത്മക ഭാവനകൾക്ക് സമ്മർ കോച്ചിങ്ങ് ക്യാമ്പുകൾ.

5. പ്രൈമറി വിദ്യാലയങ്ങളിൽ പാഠ്യേതര ഗ്രന്ഥശേഖരം.

6. കലാസമിതി കളുടെ ഏകീകരണം.

7. സാക്ഷരതാ പ്രവർത്തനം പുനരുജ്ജീവിപ്പിക്കൽ.

8. അനാചാരങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം.

9. മത സൗഹാർദ്ദം വളർത്താനുള്ള പരിപാടികൾ.

10. കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കൊരു വാർഷിക കലണ്ടർ.

11. ദേശീയ പ്രാധാന്യ ദിനങ്ങൾ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ, പൊതുജന പങ്കാളിത്തത്തോടെ ആഘോഷിക്കൽ.

12. കലാ-കായിക സാഹിത്യ മത്സരങ്ങൾ.

13. ലൈബ്രറികളുടെ പ്രവർത്തന വൈവിധ്യവും ഏകീകരണവും.

14. സർവ്വോപരി പഞ്ചായത്ത് സാർവ്വത്രീകമായ ലഹരി വിമുക്തമേഖല.

പദ്ധതികൾക്ക് വാർഡ് അടിസ്ഥാനത്തിൽ ബൃഹത്തായ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

8. പഞ്ചായത്തിലെ വനിതകളുടെ ആഭിമുഖ്യത്തിൽ ആടുമാടു വളർത്തൽ, കോഴിവളർത്തൽ, മീൻ വളർത്തൽ എന്നിവയുടെ കേന്ദ്രങ്ങൾ വാർഡുകളിൽ കഴിയുന്നത്ര സ്ഥലങ്ങളിൽ ആരംഭിക്കുക. പാൽ വിതരണത്തിന് സഹകരണാടിസ്ഥാനത്തിൽ ക്ഷീര വിതരണ കേന്ദ്രങ്ങളാരംഭിക്കുക.

9. കൈതൊഴിൽ പ്രോത്സാഹനത്തിനും, പരിപോഷണത്തിനും വേണ്ടി ബുക്ക് ബൈൻഡിങ്ങ്, കസേര നെയ്ത്ത്, പായ നെയ്ത്ത്, കൊട്ട നെയ്ത്ത്, കവർ നിർമ്മാണം, തീപ്പെട്ടി നിർമ്മാണം, ചിരട്ട, കയർ മുതലായ വസ്തുക്കൾ കൊണ്ടുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണ യൂണിറ്റുകൾ എന്നിവ ആവശ്യാനുസരണം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ആരംഭിക്കാവുന്നതാണ്.

10. പഞ്ചായത്തടിസ്ഥാനത്തിൽ സമഗ്രമായ രീതിയിൽ തയ്യൽ പരിശീലന കേന്ദ്രവും, എംബ്രോയിഡറി യൂണിറ്റും, റേഡിയോ അസ്സംബ്ലിങ്ങും ആരംഭിക്കുക. ഇതിനോടനുബന്ധിച്ച് ഗാർമെൻറ് നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

11. പുതിയ റാട്ടയുടെ പരിശീലനത്തോടുകൂടി കയർനിർമ്മാണവും വിവിധ കയർ ഉത്പ്പന്നങ്ങളായ ചവിട്ടി, കയറ്റുപായ മുതലായ വീട്ടുപകരണങ്ങൾ നിർമ്മിക്കാനുള്ള യൂണിറ്റുകൾ പഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിൽ ആരംഭിക്കുക.

12. ഭക്ഷ്യാവശ്യത്തിനുള്ള അരിപ്പൊടി, മല്ലി, മുളക് മഞ്ഞൾ മുതലായ പൊടിച്ച് പാക്കറ്റാക്കി കൊടുക്കാനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

13. അച്ചാർ, ജാം, സ്ക്വാഷ് തുടങ്ങിയവയുടെ യൂണിറ്റ് ആവശ്യാനുസരണം തുടങ്ങണം.

14. നിർജ്ജീവമായിക്കിടക്കുന്ന മഹിളാ സമാജങ്ങളെ സജീവമാക്കുകയും പുതിയ പ്രദേശങ്ങളിൽ മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും ചെയ്യുക.

15. കൃഷി, ആരോഗ്യം, സാമൂഹ്യക്ഷേമം, വ്യവസായം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയോജിപ്പിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുക.

16. വനിതാ സെൽ:-പഞ്ചായത്ത് കേന്ദ്രമായും വാർഡ് കേന്ദ്രമായും വനിതാ സെൽ രൂപീകരിക്കുക. വനിതാ സെല്ലിലെ അംഗങ്ങളെ തെരഞ്ഞെടുക്കാനുള്ള അധികാരം വികസന ബോർഡിന് നൽകുക.

**പ്രവർത്തനങ്ങൾ**

വനിതകൾക്ക് നിയമ സഹായം നൽകുക പദ്ധതികളുടെ ഗുണപരമായ പരിശോധനകൾ (ആരോഗ്യം, അംഗൻവാടികൾ, വിദ്യാലയങ്ങൾ, കൃഷിഭവൻ, സി.ബി.എൻ. പി. കേന്ദ്രങ്ങൾ, സാക്ഷരതാ കേന്ദ്രങ്ങൾ)

ഉപദേശക സമിതികളിൽ വനിതാസംവരണം (താലൂക്ക് സഭ, ആശുപത്രി, കൃഷി ഭവൻ, പി.ടി.എ)

ശൈശവവിവാഹം, പഠനത്തിൽ കൊഴിഞ്ഞ് പോക്ക്, പെൻഷൻ വിതരണം, വിവാഹധൂർത്ത്, അനാചാരങ്ങൾ വീണ്ടും തിരിച്ച് വരൽ എന്നിവയെ സംബന്ധിച്ച് അംഗനവാടികളിലും ആരോഗ്യ ഉപകേന്ദ്രങ്ങളിലും കൗൺസിലിങ്ങ് നടത്തുക, ഐ.സി.ഡി.എസ്. പ്രവർത്തനങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ പോഷകാഹാര വിതരണ കേന്ദ്രങ്ങൾ ആരംഭിക്കുക.

മലപ്പുറം ജില്ലയിൽ ദാരിദ്ര നിർമ്മാജനത്തിൻെറ ഭാഗമായാരംഭിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങളെ സംബന്ധിച്ച് പഞ്ചായത്തടിസ്ഥാനത്തിലുള്ള ജനപ്രതിനിധികളുമായി ചർച്ച നടത്തുക. ആത്മഹത്യക്ക് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള വാർത്തകൾ പ്രസിദ്ധീകരിക്കുന്നത് സെൻസർ ചെയ്യുക. ഇലക്ട്രോണിക് മാധ്യമങ്ങളുടെ നിലവാരക്കുറവ് പ്രത്യേകിച്ച് - സീരിയൽ - പരിഹരിക്കുക. സമാന്തര ടി.വി. പ്രചരണം (കേബിൾ ടി.വി.) നിയന്ത്രണ വിധേയമക്കുക.

നീല ചിത്രങ്ങൾ, അശ്ലീല സിനിമ, അശ്ലീല സിനിമാ പോസ്റ്ററുകൾ, വാണിജ്യാവശ്യത്തിന് സ്ത്രീകളെ പ്രദർശിപ്പിക്കുന്ന ചിത്രങ്ങൾ, കച്ചവട സംസ്കാരത്തിൻെറ ഭാഗമായി വരുന്ന സൗന്ദര്യ മത്സരം എന്നിവ നിരോധിക്കുക.

കാർഷിക തൊഴിൽ രംഗത്തെ വനിതകളുടെ പിന്നോക്കം പോകലിനെപ്പറ്റി വിലയിരുത്തുകയും നമ്മുടെ സംസ്ഥാനത്തിൻെറ സമഗ്ര വികസനത്തിന് കാർഷിക വികസനം മാത്രമേ ഉതകൂ എന്നുള്ള വസ്തുത കർഷകത്തൊഴിലാളികളെ ബോധവൽക്കരിക്കുകയും ചെയ്യുക. മേൽ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തങ്ങൾ വനിതാ സെല്ലിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുത്തുകയും മാസത്തിൽ രണ്ടു പ്രാവശ്യം വാർഡടിസ്ഥാനത്തിൽ ബോധവൽക്കരണവും കൗൺസിലിങ്ങും നടത്തുകയും ചെയ്യുക. മദ്യം, മയക്കുമരുന്ന്, സ്ത്രീധനം എന്നിവക്കെതിരായിട്ടുള്ള ബോധവൽക്കരണം വനിതാ സെല്ലിൻെറ ആഭിമുഖ്യത്തിൽ നടത്താവുന്നതാണ്.

5-10

# സഹകരണം

കാർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിൻെറ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1904) അടിസ്ഥാനത്തിൽ രൂപീകൃതമായയ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. കാലക്രമേണ വിവിധ മേഖലകളിൽ സഹകരണ പ്രസ്ഥാനത്തിൻെറ പ്രവർത്തനം തുടങ്ങുകയും ഇന്ന് സഹകരണ പ്രസ്ഥാനം പടർന്നു പന്തലിച്ച് വളരുകയും ചെയ്തിട്ടുണ്ട്. സഹകരണ സംഘങ്ങളുടെ പ്രവർത്തനം നമ്മുടെ നാടിൻെറ പുരോഗതിക്ക് വിലപ്പെട്ട സംഭാവനകൾ നൽകിപ്പോന്നിട്ടുള്ളതും ജനങ്ങളുടെ ദൈനംദിന ജീവിതത്തിൽ ബന്ധപ്പെട്ടു വരുന്നതുമാണ്.

മാറഞ്ചേരി പഞ്ചായത്തിൽ വിവിധ മേഖലകളിലായി സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഈ പഞ്ചായത്തിൻെറ പുരോഗതിക്ക് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ടെന്നതിന് യാതൊരു സംശയവുമില്ല. എന്നാൽ ഇന്നു പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പ്രവർത്തനം കുറെ കൂടി കാര്യക്ഷമമാക്കുകയും പ്രവർത്തനരഹിതവും പ്രവർത്തനം കുറവുള്ള സഹകരണ സംഘങ്ങൾ അവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വിവിധ മേഖലകളിൽ പുതിയ സഹകരണസംഘങ്ങൾ തുടങ്ങുകയും ചെയ്യേണ്ടതുണ്ട്. മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ ബീഡി സഹകരണ സംഘമാണ് ആദ്യമായി ഉടലെടുത്തത്. എന്നാൽ സാമ്പത്തിക ബുദ്ധിമുട്ടും മറ്റു പല സാങ്കേതിക കാരണങ്ങളാലും ഇത് പ്രവർത്തന രഹിതമായി.

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ മാറഞ്ചേരി, കാഞ്ഞിരമുക്ക്, പുറങ്ങ് എന്നീ വില്ലേജുകൾ ഉൾപ്പെടുത്തി ദിവംഗദനായ ശ്രീ. അമ്മനാട്ട് പി. എം. മാമു സാഹിബിൻെറ അദ്ധ്യക്ഷതയിൽ രൂപം കൊണ്ട മാറഞ്ചേരി സർവ്വീസ് സഹകരണ ബാങ്കാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ വായ്പാ സഹകരണ സംഘം. ഇദ്ദേഹത്തിനു പുറമെ ശ്രീ. സി.സി. മാമാൻ സാഹിബ്, കെ. ബാവ മാസ്റ്റർ, സി.എം. മുഹമ്മദലി, എം. മൊയ്തീൻകുട്ടി മാസ്റ്റർ, എം. മുഹമ്മദ് സാഹിബ് തലക്കാട്ട്, പി. എം.അബ്ദുണ്ണി സാഹിബ്, ഇ. എം. മൂസ്സ സാഹിബ്, എം. പി. അബ്ദുറഹിമാൻ സാഹിബ് എന്നിവർ ആദ്യ ഭരണ സമിതി അംഗങ്ങളായിരുന്നു. ദിവംഗദരായ പയ്യപ്പുള്ളി [illegible]മ്മത് കുട്ടി സാഹിബ്, സി.സി. മാമാൻ സാഹിബ്, എം മൊയ്തീൻ കുട്ടി മാസ്റ്റർ, കൊട്ടിലുങ്ങൽ ബാവ മാസ്റ്റർ, എം. ടി. മുഹമ്മത് മാസ്റ്റർ, മുള്ളത്തേൽ എം. കെ. കോയ സാഹിബ് എന്നിവരുടെ ദീർഘകാല പ്രവർത്തനങ്ങൾ ഈ സംഘത്തെ സംബന്ധിച്ചേടത്തോളം എന്നുമെന്നും സ്മരിക്കപ്പെടേണ്ടതാണ്. തുടർന്ന് ഈ ബാങ്കിൻെറ അധ്യക്ഷ പദവി വഹിച്ച തലക്കാട്ട് എം. അബ്ദുൽ കരീം, ചൂലയിൽ കെ. വി. അബൂബക്കർ എന്നിവരെയും മറ്റു സഹകാരികളുടെയും പ്രവർത്തനം ഈ സംഘത്തിൻെറ പുരോഗതിക്ക് വിലപ്പെട്ട സഹായങ്ങൾ നൽകിയിട്ടുണ്ട്.

സഹകരണ മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും നിരവധി ആളുകൾ ഈ പഞ്ചായത്തിൽ ജോലി ചെയ്തുവരുന്നുണ്ട്. താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പല സംഘങ്ങളുടെയും പ്രവർത്തന പരിധി ഈ പഞ്ചായത്തു കൂടി ഉൾപ്പെട്ടതാണ്.

### സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

കാർഷക മേഖലയിൽ മാറഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക് നല്ല നിലയിൽ പ്രവർത്തിക്കുന്നു. രണ്ട് ക്ഷീരോത്പ്പാദക സഹകരണ സംഘങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇതിൽ മാറഞ്ചേരിയിൽ രൂപം കൊണ്ട സംഘം പ്രവർത്തനരഹിതവും പുറങ്ങിൽ പ്രവർത്തിച്ചു വരുന്ന സഹകരണ സംഘത്തിൻെറ പ്രവർത്തനം ക്രമേണ കുറഞ്ഞു വരികയുമാണ്. കയർ വ്യവസായ മേഖലയിൽ പഞ്ചായത്തിൽ മൂന്ന് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ സ്കൂൾ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും മാറഞ്ചേരി മേഖല പ്രൈമറി സ്കൂൾ സൊസൈറ്റി പ്രവർ

ത്തന രഹിതമാണ്. മാറഞ്ചേരി ഗവ: കോ-ഓപ്. സ്റ്റോർ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു. ഇതിൻെറ കീഴിൽ സ്കൂൾ പാഠ പുസ്തക വിതരണം നടത്തുന്നുണ്ടെങ്കിലും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൻെറ പരിധിയിൽ രൂപീകരിച്ച വനിതാ സഹകരണ സംഘത്തിൻെറ പ്രവർത്തനം പുരോഗമിച്ചുവരുന്നു. കൂടാതെ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുല്ലമാട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം, താലൂക്ക് തലത്തിൽ പ്രവർത്തിക്കുന്ന പൊന്നാനി കാർഷിക വികസന ബാങ്ക്, താലൂക്ക് ഹൗസിങ്ങ് സഹകരണ സംഘം, പൊന്നാനി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്കിൻെറ മാറഞ്ചേരി ശാഖ എന്നിവയും നല്ല നിലയിൽ പ്രവർത്തിക്കുന്നു. ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിൻെറ ശാഖയും പഞ്ചായത്തിൻെറ പരിധിയിലുണ്ട്. വിവിധ മേഖലകളിൽ ധാരാളം സഹകരണ സംഘങ്ങൾ ഇനിയും രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

**കാർഷിക മേഖല:-**

ഏകദേശം 5000 ത്തോളം കാർഷിക കുടുംബങ്ങളുള്ള ഒരു പഞ്ചായത്താണിത്. ഹ്രസ്വകാല കാർഷിക-കാർഷികേതര വായ്പ്പകളും മധ്യകാല കാർഷികേതര വായ്പകളും ഐ. ആർ. ഡി.പ്പി വായ്പ, അതാതു സമയങ്ങളിൽ ഗവൺമെൻറ് നടപ്പിലാക്കുന്ന മറ്റു വിവിധ വായ്പകൾ എന്നിവ മാറഞ്ചേരി സർവ്വീസ് സഹകരണ ബാങ്കു മുഖേന വിതരണം നടത്തുന്നു. കാർഷികേതര ദീർഘകാല വായ്പകൾ നൽകുന്നതിന് ഈ അടുത്ത കാലത്ത് ബാങ്കിന് അംഗീകാരം കിട്ടിയിട്ടുണ്ട്. കാർഷിക ഹ്രസ്വകാല വായ്പ നൽകുന്നതിനും കർഷകർക്ക് പലിശ സബ്സിഡി അനുവദിച്ചു കൊടുക്കുകയും ചെയതു വരുന്നു. ഈ പഞ്ചായത്തിൽ ഭൂരിഭാഗവും ചെറുകിട കർഷകരായതിനാൽ പല സാങ്കേതിക കാരണങ്ങളാലും, ഇന്നത്തെ ചട്ടങ്ങൾ പ്രകാരം അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിന് സംഘത്തിന് കഴിയുന്നില്ല. 7000ത്തോളം അംഗങ്ങൾ ഈ ബാങ്കിൽ മെമ്പർമാരാണ്. വായ്പ നൽകുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ടും ഈ ബാങ്കിന് അനുഭവപ്പെടുന്നുണ്ട്. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിക്കുന്നതിന് കഴിയുന്ന പക്ഷം, ഇത് ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് വായ്പ നൽകുന്നതിന് കഴിയുന്നതും, തദ്വാര പഞ്ചായത്തിൻെറ വകസനത്തിന് ഉപയോഗപ്രദമാകുമെന്നതിന് സംശയമില്ല. വളം വിൽപന, കൊപ്രസംഭരണം,ഉൽസവകാല ചന്തകൾ വിവിധയിനം സമ്പാദ്യ പദ്ധതികൾ വിവിധയിനം കാർഷിക-കാർഷികേതര വായ്പകളുടെ വിതരണം പണ്ടം പണയവായ്പ എന്നിവ ഈ ബാങ്കിൻെറ പ്രധാനപ്പെട്ട പ്രവർത്തനങ്ങളാണ്.

**ദീർഘകാല കാർഷിക വായ്പകൾ :-**

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയിലുള്ള പൊന്നാനി കാർഷിക ഗ്രാമ വികസന ബാങ്ക് ആണ് ഈ പഞ്ചായത്തിലെ കർഷകർക്കാവശ്യമായ ദീർഘകാല വായ്പ നൽകി വരുന്നത്. കാർഷിക മേഖലയുടെ ആവശ്യത്തിനായി വേണ്ടത്ര ഫണ്ട് ഈ സംഘത്തിന്ന് ലഭ്യമാകാത്തതിനാലും വായ്പ വാങ്ങുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടു കാരണവും കർഷകർക്ക് യഥേഷ്ടം വായ്പ വാങ്ങുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്.

**കയർ വ്യവസായ സഹകരണ സംഘങ്ങൾ**

കയർ വ്യവസായ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ മൂന്നെണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇതിൻെറ പ്രവർത്തനം ഒട്ടും തൃപ്തികരമല്ല. കൂടുതൽ ധനസഹായം കാര്യക്ഷമമായ പ്രവർത്തനത്തിന് ലഭ്യമാക്കേണ്ടത് ആവശ്യമാണ്.

**ഭവന നിർമ്മാണ സഹകരണ സംഘം**

പൊന്നാനി താലൂക്ക് പ്രവർത്തന പരിധിയിലുള്ള റൂറൽ ഹൗസിങ്ങ് സഹകരണ സംഘം ഈ പഞ്ചായത്തിലെ ആളുകൾക്ക് ഭവന നിർമ്മാണത്തിലുള്ള വായ്പ നൽകിവരുന്നു. വായ്പക്ക് ആവശ്യമായ ഫണ്ട് ലഭ്യമാണെങ്കിലും വായ്പക്ക് കുറെ കൂടി ലളിതമായ ജാമ്യ വ്യവസ്ഥ നടപ്പിലാക്കുന്നത് ഉപകാരപ്രദമായിരിക്കും.

**അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക്**

കാർഷികേതര ആവശ്യങ്ങൾക്ക് പൊന്നാനി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ ബാങ്കിൻെറ പ്രവർത്തനപരിധിയിൽ മാറഞ്ചേരി പഞ്ചായത്തും ഉൾപ്പെടുന്നു. ഈ ബാങ്കിൻെറ ശാഖ മാറഞ്ചേരിയിലുംപ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്ക് ലാഭത്തിൽ പ്രവർത്തിക്കുന്നു, താഴെ തട്ടിൽ കിടക്കുന്ന ജനങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി അവരെ സഹായിക്കുന്നതിന്നും അതുവഴി പഞ്ചായത്തിൻെറ വികസനത്തിൽ നല്ല പങ്ക് വഹിക്കുന്നതിനും കഴിയേണ്ടതാണ്. നിലവിലുള്ള വായ്പാ സമ്പ്രദായത്തിൽ ലളിതമായ ജാമ്യ വ്യവസ്ഥകൾ നടപ്പിലാക്കുകയും താഴെ തട്ടിൽ കിടക്കുന്ന ജനവിഭാഗങ്ങൾക്കും മറ്റും വായ്പ നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിലെ ഓരോ വാർഡുകളിലുമുള്ള താഴെ തട്ടിൽ കിടക്കുന്ന, ചുരുങ്ങിയത് പത്ത് കുടുംബങ്ങളെ

തെരഞ്ഞെടുത്ത്, 12 വാർഡുകളിലായി ചുരുങ്ങിയത് വർഷത്തിൽ 120 കുടുംബങ്ങളെ ദത്തെടുത്ത് ചുരുങ്ങിയ പലിശ നിരക്കിൽ കാർഷി കേതര വായ്പകൾ നൽകി അവരെ സഹായിക്കുന്നതിന്നും അതുവഴി ഈ പഞ്ചായത്തിൻെറ വികസന പ്രവർത്തനത്തിൽ കാര്യമായ പങ്കുവഹിക്കുന്നതിനും കഴിയേണ്ടതുമാണ്.

### കാർഷിക മേഖലയിൽ നടപ്പിലാക്കേണ്ട പദ്ധതികൾ

1. ബാങ്കിൻെറ നിലവിലുള്ള നഷ്ടം നികത്തുന്നതിന്ന് പലിശ രഹിത വായ്പയായോ കൂടുതൽ സംഖ്യ ഓഹരി മൂലധനമായി അനുവദിച്ചു കിട്ടേണ്ടതാണ്.

2. എല്ലാ കർഷകരേയും അംഗങ്ങളാക്കുകയും ഓഹരി മൂലധനം വർദ്ധിപ്പിക്കുകയും ചെയ്യുക.

3. നിക്ഷേപ സമാഹരണം നടത്തി കാർഷിക വായ്പ, കൺസ്യൂമർ വായ്പ, സ്വർണ്ണപണ്ട പണയ വായ്പ, ഭവന നിർമ്മാണ വായ്പ എന്നിവ കഴിയുന്നത്ര വർദ്ധിപ്പിക്കുന്നതിന്ന് ശ്രമിക്കുക.

4. പഞ്ചായത്തിൻെറ പ്രവർത്തന പരിധിയിൽപെട്ട കാഞ്ഞിരമുക്ക്, പുറങ്ങ് എന്നീ സ്ഥലങ്ങളിൽ ബാങ്കിൻെറ ബ്രാഞ്ചുകൾ തുടങ്ങുക.

5. ദീർഘകാല വായ്പ നൽകി വരുന്ന കാർഷിക ഗ്രാമ വികസന ബാങ്കിൻെറ വായ്പാ വിതരണ സംവിധാനം ലളിത വൽക്കരിക്കുക.

### ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ നടപ്പിലാക്കേണ്ട പദ്ധതികൾ.

1. കാലിത്തീറ്റ വിതരണത്തിന് സംവിധാനമുണ്ടാക്കണം.

2. നല്ലയിനം കറവമാടുകളെ അംഗങ്ങൾക്കു ലഭിക്കുന്നതിനുള്ള സംവിധാനം സംഘങ്ങൾ ചെയ്തുകൊടുക്കണം.

3. കന്നുകാലികളുടെ സംരക്ഷണത്തിന്നായി മൃഗസംരക്ഷണ ഉദ്യോഗസ്ഥരുടെ സേവനം തക്കസമയത്ത് ലഭ്യമാകണം.

4. ക്ഷീര സംഭരണവും അവയുടെ വിതരണവും നല്ല രീതിയിൽ നടത്തുകയും ആയത് വർദ്ധിപ്പികയും ചെയ്യുക. കയർ സഹകരണ സംഘങ്ങളിൽ പരമ്പരാഗത തൊഴിൽ മേഖല പരിപോഷിപ്പിക്കുന്നതിന് വേണ്ടി കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം സംഘങ്ങൾക്ക് ലഭ്യമാക്കുക.

### മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ:-

1. മാറഞ്ചേരി സർവ്വീസ് സഹകരണ ബാങ്ക്. നമ്പർ എം. 28.

2. പൊന്നാനി സഹകരണ അർബൻ ബാങ്ക്, മാറഞ്ചേരി ശാഖ.

3. കാർഷിക ഗ്രാമ വികസന ബാങ്ക്, പൊന്നാനി. എം: 398.

4. മുല്ലമുട് കോൾ കൾട്ടിവേഷൻ സഹകരണ സംഘം. എം: 27.

5 പുറങ്ങ് വടക്കേപുറം കയർ വ്യവസായ സഹകരണ സംഘം. എം: 602.

6. പുറങ്ങ് കയർ വ്യവസായ സഹകരണ സംഘം.

എം: 244.

7. കാഞ്ഞിരമുക്ക് കയർ വ്യവസായ സഹകരണ സംഘം. എം: 603.

8. കൂണ്ടുകടവ് ക്ഷീരോൽപ്പാദക സഹകരണ സംഘം. ബി:54

9. മാറഞ്ചേരി ഗവ: ഹൈസ്ക്കൂൾ സഹകരണ സ്റ്റോർ.

10. മാറഞ്ചേരി മേഖല പ്രൈമറി സ്കൂൾ സഹകരണ സൊസൈറ്റി.

11. മാറഞ്ചേരി വനിതാ സഹകരണ സംഘം. എം: 516.

12. മലപ്പുറം ജില്ലാ സഹകരണ ബാങ്ക് -മാറഞ്ചേരി ശാഖ.

13. റൂറൽ ഹൗസിങ്ങ് സഹകരണ സൊസൈറ്റി, പൊന്നാനി.

### പ്രശ്നങ്ങൾ

1. കേര കർഷക സഹകരണ സംഘം രൂപീകരിക്കുക.

2.. ക്രെഡിറ്റ് സഹകരണ സംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുക.

3. ക്ഷീരോത്പാദന രംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ കണ്ടെത്തുക.

4. പഞ്ചായത്തിൻെറ വികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണ്ണായക പങ്കു

വഹിക്കാൻ കഴിയുന്നില്ല.

5. കയർ മേഖലക്ക് ഇനിയും വികസിക്കുന്നതിനുള്ള സാധ്യതകളുണ്ട്. അതിനായുള്ള യോജിച്ച നീക്കത്തിന് നിലവിലുള്ള സംഘങ്ങൾക്ക് സാമ്പത്തിക ഞെരുക്കം.

6. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കുവാൻ സാധ്യതകളുണ്ട്, അത് പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

7. സ്മിത്ത്, കാർപൻെററി സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

8. മത്സ്യ കൃഷിക്കാരെ സഹകരണ സംഘത്തിൻെറ കീഴിൽ കൊണ്ടുവരാൻ സാധിച്ചിട്ടില്ല.

9. യഥാസമയത്ത് വിദ്യാർത്ഥികൾക്ക് പാഠപുസ്തകങ്ങളും മറ്റും ലഭ്യമാക്കുന്നതിൽ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ പരാജയപ്പെട്ടിരിക്കുന്നു.

10. സഹകരണ സംഘങ്ങളുടെ സേവനം എല്ലാ മേഖലയിലും വേണ്ടവിധത്തിൽ എത്തുന്നില്ല.

11. പഞ്ചായത്ത് വികസന ഫണ്ട് സഹകരണ സംഘത്തിൽ നിക്ഷേപിക്കുന്നില്ല.

12. മത്സ്യക്കച്ചവടക്കാർ, മത്സ്യ ബന്ധനക്കാർ എന്നിവർക്കായുള്ള സഹകരണ സംഘങ്ങൾ നിലവിലില്ല.

13, സഹകരണാടിസ്ഥാനത്തിൽ ആടുമാടുകൾ, കോഴികൾ എന്നിവയെ വളർത്താനുള്ള സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

14. തേനീച്ച വളർത്താൻ സഹകരണ സംഘം നിലവിലില്ല.

15. ഇടപാടുകാരുടെ സൗകര്യാർത്ഥം സായാഹ്ന ബാങ്കോ സർവ്വീസ് സഹകരണ ബാങ്കിൻെറ ശാഖയോ പഞ്ചായത്തിൻെറ പരിധിയിലില്ല.

16. സർവ്വീസ് സഹകരണ സംഘങ്ങളുടെ ലക്ഷ്യം മുഖ്യമായും ഇന്നത്തെ സാഹചര്യത്തിൽ ലാഭമായിട്ടാണ് കാണുന്നത്. അല്ലാതെ പൊതുജന സേവനമോ സഹകരണമോ അല്ല.

17. വായ്പാ നിബന്ധനകൾ ലളിതമല്ല.

18. ഗ്രൂപ്പ് ഡെപ്പോസിറ്റ് സ്കീം പഞ്ചായത്തിലെ സഹകരണ സംഘങ്ങളിൽ നിലവിലില്ല.

19. വായ്പക്കാർക്ക് സർക്കാരിൽ നിന്ന് അനുവദിച്ചു കിട്ടുന്ന പലിശ സബ്സിഡി യഥാസമയം ലഭിക്കുന്നില്ല.

20. പഞ്ചായത്തിൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നില്ല.

21. നെല്ല് സംസ്കരണ വിതരണ യൂണിറ്റ് സഹകരണ സംഘത്തിലൂടെ തുടങ്ങിയിട്ടില്ല.

22 പഞ്ചായത്തിൽ കെട്ടിട നിർമ്മാണ സഹകരണ സംഘം രൂപീകൃതമായിട്ടില്ല.

23. പെരുകിക്കൊണ്ടിരിക്കുന്ന ബ്ലേഡ് കമ്പനിക്കാരുടെ പ്രവർത്തനം സഹകരണ സംഘങ്ങൾക്ക് വെല്ലുവിളിയാണ്.

24. കുടിൽ വ്യവസായങ്ങൾക്ക് സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നില്ല.

25. പഞ്ചായത്തിൽ പട്ടികജാതി സഹകരണ സംഘം നിലവിലില്ല.

സാധ്യതകൾ:

1. പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

2. അയൽകൂട്ടങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളെ സംഘടിപ്പിക്കുക.

3. പ്രൊഫഷണൽ മാനേജ്മെൻറ് പരിശീലനം.

4. തൊഴിലാളികൾക്ക് പ്രത്യേക പഠനക്ലാസുകൾ.

5. സംഘടനകളുടെ പ്രവർത്തനം ജനാധിപത്യപരമാക്കൽ.

6. നിലവിലുള്ള ഉൽപ്പാദന സഹകരണ സംഘങ്ങളുടെ ഉൽപ്പാദനക്ഷമത ഉയർത്തന്നതിനുള്ള പ്രവർത്തനങ്ങൾ.

7. പഞ്ചായത്ത് വികസന പദ്ധതികളുമായി ബന്ധപ്പെട്ടുള്ള മാർക്കറ്റിങ്ങ് സർവ്വീസ് സഹകരണ സംഘങ്ങൾ.

8. കോ-ഓപറേറ്റീവ് മനേജ്മെൻറിൽ വനിതകൾക്ക് ആനുപാതിക പ്രാതിനിധ്യം.

9. സർവ്വീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവൽക്കരിക്കുക.

10 ലേബർ കോൺട്രാക്ട് സൊസൈറ്റികൾ പോലുള്ള നൂതന സംരംഭങ്ങൾ.

11. സോഷ്യൽ ഓഡിറ്റിങ്ങ് നടപ്പാക്കുക.

12. ജനറൽ ബോഡികൾ ചടങ്ങാക്കാതെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ശ്രമിക്കുക.

13. ക്രെഡിറ്റ് സംഘങ്ങൾ, സംഘങ്ങളുടെ ആവശ്യത്തിനനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കാൻ ശ്രമിക്കുക.

# പട്ടികജാതി ക്ഷേമം

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ അഞ്ച് അംഗീകൃത കോളനികളിലും മറ്റ് സ്ഥലങ്ങളിൽ ഇടകലർന്നുമായി 289 കുടുംബങ്ങളിലായി 1742 അംഗങ്ങളാണ് പട്ടികജാതിക്കാരായുള്ളത്. ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ആറു ശതമാനത്തോളം വരുമിത്. ഉച്ചനീചത്വങ്ങളും അനാചാരങ്ങളും ഏറെക്കുറെ അവസാനിച്ചിട്ടുണ്ടെങ്കിലും വിദ്യാഭ്യാസ സാമ്പത്തിക രംഗങ്ങളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ ഈ വിഭാഗക്കാർക്ക് കഴിഞ്ഞിട്ടില്ല. കുടികിടപ്പവകാശവും മിച്ചഭൂമിയുടെ വിതരണവും സാക്ഷരതാ പ്രവർത്തനവും സാമൂഹ്യ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്. ജാതി മത വ്യത്യാസമില്ലാതെ ചടങ്ങുകളിൽ പങ്കെടുപ്പിക്കുകയും പൊതുപരിപാടികളിൽ അർഹമായ സ്ഥാനവും ഈ വിഭാഗക്കാർക്ക് ലഭിക്കുന്നുണ്ട്.

ഈ വിഭാഗക്കാർക്ക് സർക്കാർ പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെങ്കിൽപോലും പദ്ധതികളെ കുറിച്ചുള്ള അജ്ഞതയും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകളും നിമിത്തം, ഇവയുടെ ആനുകൂല്യം ശരിയായ രീതിയിൽ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല എന്ന് മാത്രമല്ല, ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താനും കഴിയുന്നില്ല. സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങളിലധികവും കോളനികളിലൂടെയാണ് നൽകിക്കൊണ്ടിരിക്കുന്നത്. തൻമൂലം ഒറ്റപ്പെട്ടു താമസിക്കുന്ന ഈ വിഭാഗക്കാർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. കോളനികളിലും ഒറ്റപ്പെട്ടുമായി താമസിക്കുന്ന ഈ വിഭാഗക്കാരുടെ പ്രശ്നങ്ങൾ പലതും, ഇപ്പോഴും പരിഹരിക്കപ്പെടാതെ കിടക്കുന്നു. ഈ കോളനികളുടെ വിവരം പട്ടിക എ യിൽ ചേർക്കുന്നു

പട്ടിക എ

| ക്രമ നമ്പ്ര് | വാർഡ് | കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | ഓല | ഓട് | കോൺക്രീറ്റ് | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | കക്കൂസ് ഉള്ളവർ | വീട് ഉള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 8 | തുറുവാണം അംബേദ്കർ ഗ്രാമം. | 34 | 173 | 9 | 25 | - | 24 | 10 | 13 | 15 |
| 2 | 8 | വടമുക്ക് കോളനി (I.H.D.P.) | 43 | 225 | 8 | 34 | 1 | 21 | 22 | 13 | 8 |
| 3 | 5 | ഐനിച്ചിറ കോളനി. | 15 | - | 4 | 7 | 4 | 11 | 4 | 4 | - |
| 4 | 1 | മഹാത്മാ ഗാന്ധി കോളനി. | 10 | 47 | 2 | 8 | - | - | 10 | 8 | - |
| 5 | 1 | മൂക്കോലത്താഴം കോളനി. | 24 | 150 | 8 | 10 | 6 | 6 | 15 | 7 | 5 |

## അംഗീകാരത്തിനു സമർപ്പിച്ച കോളനികൾ

| ക്രമ നമ്പ്ര് | വാർഡ് | കോളനികളുടെ പേര് | | അംഗങ്ങളുടെ എണ്ണം | ഓല | ഓട് | കോൺക്രീറ്റ് | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | കക്കൂസ് ഉള്ളവർ | വീട് ഉള്ളവർ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | തോട്ടുമുഖം അമ്പലത്താഴം | 16 | 108 | 12 | 4 | - | - | 16 | 3 | 5 |
| 2 | 4 | ഇടത്തിക്കാവ് | 7 | 33 | 2 | 4 | 1 | 2 | 5 | 1 | - |
| 3 | 2 | പുളിക്കക്കടവ് | 12 | 75 | 8 | 4 | - | 3 | 9 | 9 | 2 |
| 4 | 7 | അല്ലിപ്പറമ്പ് | 11 | 58 | 5 | 6 | - | - | 11 | 2 | 3 |

### വിദ്യാഭ്യാസം

സാരക്ഷരതാ പ്രവർത്തനം, നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാൻ സഹായിച്ചെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര നേട്ടം കൈവരിക്കാൻ സാധിച്ചിട്ടില്ല. രക്ഷിതാക്കളുടെ സാമ്പത്തിക പരാധീനതയും വിദ്യാഭ്യാസ രംഗത്ത് ഇവർക്കിടയിലുള്ള ബോധവൽക്കരണത്തിൻെറ അപര്യാപ്തതയും, സ്കൂളുകളുടെ കുറവും, ഗതാഗത സൗകര്യമില്ലായ്മയും പ്രൈമറി ഘട്ടത്തിൽ തന്നെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനിടവരുത്തുന്നു. എസ്. എസ്. എൽ. സി. ക്കുമേൽ പഠനം നടത്തുന്നവരുടെ എണ്ണം തുലോം കുറവാണ്. എസ്. എസ്. എൽ. സിക്ക് പരാജയപ്പെടുന്ന കുട്ടികളെ തുടർന്ന് പഠിപ്പിക്കുന്നതിന് രക്ഷിതാക്കളുടെ സാമ്പത്തിക സ്ഥിതി അനുവദിക്കുന്നില്ല.

### തൊഴിൽ

ഈ വിഭാഗക്കാരധികവും പണിയെടുക്കുന്നത് കാർഷിക മേഖലയിലാണ്. എന്നാൽ കാർഷിക വിളകളുടെ ഗണ്യമായ കുറവും, കൃഷി ലാഭകരമല്ലാത്തതിനാൽ ഭൂവുടമകൾ ഭൂമി തരിശിടുന്നതും ഈ രംഗത്ത് തൊഴിൽ സാധ്യത ഇല്ലാതാക്കുന്നു. ഈ മേഖലയിൽ സീസണുകളിലാണ് തൊഴിൽ എന്നതുകൊണ്ട് കുടുംബ നിവൃത്തിക്കായി ചെയ്തുവന്നിരുന്ന പ്രധാന കൈതൊഴിലുകളായിരുന്ന തഴപ്പായ നെയ്ത്ത് , കൊട്ട, പനമ്പ്, മുറം എന്നിവയുടെ നിർമ്മാണം കൈതോലയും മുളയും സംരക്ഷിക്കപ്പെടാത്തതുകൊണ്ട് പൂർണ്ണമായും തടസ്സപ്പെട്ടിരിക്കുന്നു. അതുകൊണ്ട് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടേണ്ടതുണ്ട്.

### പാർപ്പിടം.

സർക്കാർ ഏജൻസികൾ മുഖേന നടപ്പാക്കി വരുന്ന വീട് നിർമ്മാണത്തിനുള്ള ധന സഹായങ്ങൾ വേണ്ടത്ര ഉപയോഗപ്പെടുത്താൻ കഴിയുന്നില്ല. പ്രയാസമേറിയ നിബന്ധനകളും, അനുവദിക്കുന്ന തുക വീടു നിർമ്മാണത്തിന് അപര്യാപ്തമായതു കൊണ്ടും ഇത് ഫലപ്രാപ്തിയിലെത്തിക്കാൻ കഴിയുന്നില്ല. തൻമൂലം ധന സഹായം ലഭിച്ച മിക്ക വീടുകളും പണിപൂർത്തിയാകാതെ കിടക്കുന്നു. വീടുവെക്കാൻ സ്വന്തമായി സ്ഥലമില്ലാത്തതു കൊണ്ട് പുറംപോക്കിൽ കുടിൽ കെട്ടി താമസിക്കുന്നവരുമുണ്ട്. അവരെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. കക്കൂസില്ലാത്തവർക്കത് നിർമ്മിച്ചു നൽകി പരിസര മലിനീകരണം ഒഴിവാക്കേണ്ടതാണ്.

### ആരോഗ്യം

ആരോഗ്യരംഗത്ത് ഈ വിഭാഗക്കാർക്ക് പറയത്തക്ക നേട്ടങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. ആധുനിക ചികിത്സാസൗകര്യങ്ങൾ ഈ പഞ്ചായത്തിൽ വളരെ കുറവായത് കൊണ്ടും സ്വകാര്യ മേഖലയിലാണ് ഇവ നിലനിൽക്കുന്നത് എന്നതു കൊണ്ടും ഈ വിഭാക്കാരുടെ സാമ്പത്തിക സ്ഥിതി സ്വകാര്യ മേഖലയിലെ ചികിത്സക്ക് അനുവദിക്കാത്തതുകൊണ്ടും ചികിത്സ കിട്ടാതെ മരണം വരെ സംഭവിക്കുന്നു.

### പ്രശ്നങ്ങൾ

1 സാമ്പത്തിക രംഗത്തുള്ള മന്ദീഭാവവും ബോധവൽകരണത്തിൻെറ കുറവും വിദ്യാഭ്യാസ രംഗത്തെ കുട്ടികളുടെ കൊഴിഞ്ഞുപോക്കിനു കാരണമാവുന്നു.

2. കാർഷിക മേഖലയിലെ തൊഴിൽ സാധ്യതയുടെ കുറവും പരമ്പരാഗത കൈത്തൊഴിലുകളുടെ നിശ്ചലാവസ്ഥയും ജീവിതം ദുസ്സഹമാക്കുന്നു.

3. എല്ലാവർക്കും സ്വന്തമായി വീടില്ല, സ്ഥലവുമില്ല.

4. വീടുനിർമ്മിക്കാൻ നൽകുന്ന ധനസഹായം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാൻ കഴിയാതെ, ലഭിക്കുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

5. ചില സർക്കാരുദ്യോഗസ്ഥൻമാരിൽ നിന്ന് ഈ വിഭാഗത്തിന് അവജ്ഞയും ചൂഷണമനോഭാവവും നേരിടേണ്ടിവരുന്നു.

6. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടതല്ല. നിർധന കുടുംബത്തിലെ അംഗങ്ങളുടെ ചികിത്സക്ക് ധന സഹായം ലഭിക്കുന്നില്ല.

7. സർക്കാർ നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര ബോധവാൻമാരല്ല. കടക്കെണിയിൽ അകപ്പെട്ടുപോകുന്നു.

### വൈദ്യുതി

വൈദ്യുതീകരിക്കുന്നതിന് പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ നിന്നും ഗ്രാമ പഞ്ചായത്തിൽ നിന്നും ധനസഹായം നൽകുന്നുണ്ടെങ്കിലും വൈദ്യുത കണക്ഷൻ ലഭിക്കുന്നില്ല.

### കുടിവെള്ളം

ബിയ്യം കായൽ കനോലികനാൽ എന്നിവയുടെ തീരങ്ങളിലുള്ള കിണറുകളിൽ ഉപ്പു വെള്ളമായതിനാൽ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. തുറുവാണം അംബേദ്ക്കർ ഗ്രാമം, വടമുക്ക്

ഐ.എച്ച്.ഡി.പി. കോളനി എന്നിവിടങ്ങളിൽ വേനൽ കാലത്ത് കുടിവെള്ളക്ഷാമം നേരിടുന്നു.

## സാധ്യതകൾ

വടമുക്ക് ഐ.എച്ച്.ഡി.പി. കോളനിയിൽ ശുദ്ധജല വിതരണത്തിൻെറ ഭാഗമായി സ്ഥാപിച്ചിട്ടുള്ള, അഞ്ച് ലക്ഷം ലിറ്റർ വെള്ളത്തിൻെറ വ്യാപ്തിയുള്ള വാട്ടർ ടാങ്ക് പ്രവർത്തന യോഗ്യമാക്കിയാൽ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ കഴിയും. തുറുവാണം അംബേദ്കർ ഗ്രാമത്തിലെ വാട്ടർ ടാങ്ക് പ്രവർത്തനയോഗ്യമാക്കിയാൽ ഇവിടുത്തെ കുടിവെള്ള ക്ഷാമവും പരിഹരിക്കാവുന്നതാണ്.

വോൾട്ടേജ് ക്ഷാമം പരിഹരിക്കുകയും എത്രയും പെട്ടന്ന് കണക്ഷൻ ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്താൽ വൈദ്യുത രംഗത്ത് നേട്ടം കൈവരിക്കാൻ കഴിയും.

കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക, കൃഷിഭൂമികൾ തരിശാക്കിയിടാൻ അനുവദിക്കാതിരിക്കുക, സഹകരണാടിസ്ഥാനത്തിൽ കൃഷി നടത്താൻ വേണ്ട നടപടികൾ സ്വീകരിക്കുക, കാർഷിക വിളകൾക്ക് തറവില നിശ്ചയിച്ചുകൊണ്ട് സർക്കാർ മുഖേനയോ, ഗ്രാമ പഞ്ചായത്ത് മുഖേനയോ ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുക. പായ നെയ്ത്ത്, കൊട്ട, പനമ്പ് , മുറം എന്നിവയുടെ നിർമ്മാണത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ മിതമായ വിലക്ക് ലഭിക്കുന്നതിനു വേണ്ടി, ബാംബൂ കോർപ്പറേഷൻ വഴി പഞ്ചായത്തിൽ വിതരണം നടത്തുക.

സഹകരമേഖലയിൽ പ്രസ്സോടുകൂടിയ ബുക്ക് ബൈൻഡിംഗ് യൂണിറ്റ് ആരംഭിക്കുക, കുടിൽ വ്യവസായങ്ങൾ തുടങ്ങാൻ സാമ്പത്തിക സഹായം നൽകുക സർക്കാർ ഏജൻസികൾ നൽകി വരുന്ന ധനസഹായങ്ങളും വായ്പകളും ഏകോപിപ്പിച്ച് പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും, വായ്പയുടെ നിബന്ധനകൾ ലഘൂകരിക്കുകയും ഗുണഭോക്താക്കൾ ഇത്തരം സഹായങ്ങൾ ദുരുപയോഗപ്പെടുത്താതിരിക്കാൻ ഗ്രാമ പഞ്ചായത്തിന് മേൽ നോട്ടം വഹിക്കാവുന്നതുമാണ്.

പഞ്ചായത്തിൽ തരിശിടുന്ന കൃഷി ഭൂമികൾ പാട്ട വ്യവസ്ഥയിൽ പഞ്ചായത്ത് ഏറ്റെടുത്ത് കാർഷികോൽപ്പന്നങ്ങളും പച്ചക്കറികളും ഉൽപ്പാദിപ്പിക്കാൻ ഈ വിഭാഗത്തിലെ സ്ത്രീകളെ ഉൾപ്പെടുത്തി സഹകരണാടിസ്ഥാനത്തിൽ ഒരു പദ്ധതി ആരംഭിക്കുകയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി കണ്ടത്തേണ്ടതുമാണ്.

വീടു നിർമ്മാണത്തിനുള്ള ധനസഹായം വർദ്ധിപ്പിക്കുയും വീടിൻെറ സൗകര്യം വർദ്ധിപ്പിക്കാൻ ഉപഭോക്താക്കൾക്ക് അനുവാദം നൽകുകയും കക്കൂസ് നിർബന്ധമാക്കിക്കൊണ്ട് അതിന് ധനസഹായം നൽകുകയും ചെയ്യുക. വീട് പുതുക്കിപ്പണിയുന്നതിനും അറ്റകുറ്റപ്പണികൾക്കും ധനസഹായം നൽകുകയും പലിശ രഹിത വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുകയും ചെയ്യുക. വീടും സ്ഥലവും ഇല്ലാത്തവർക്ക് ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം പഞ്ചായത്തിൻെറ അധീനതയിലുള്ള ഭൂമിയിൽ നാലു സെൻറു വീതം നൽകി വീടുവെച്ച് അവരെ പുനരധിവസിപ്പിക്കുക. ലക്ഷം വീട് കോളനികളിൽ താമസിക്കുന്ന ഈ വിഭാഗക്കാർക്ക് വീടിൻെറ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ധന സഹായം നൽകുക. കോളനികളിൽ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

വടമുക്കിൻെറയും തുറുവാണം കുന്നിൻെറയും സംഗമസ്ഥാനത്ത് സ്ഥിതിചെയ്യുന്ന വടമുക്ക് ഐ.പി.പി. സബ് സെൻററിൽ ഒരു ഡോക്ടറേയും ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ സ്ഥിരമായി നിയമിക്കുകയും ചെയ്യുക. തുറുവാണം അംബേദ്കർ ഗ്രാമത്തിലുള്ള കുട്ടികൾക്ക് നിയമപരമായി പോളിയോ വാക്സിൻ ലഭിക്കണമെങ്കിൽ 30 കിലോമീറ്ററോളം (അതിൽ ഒരു കി.മി. ജലയാത്രയും)യാത്ര ചെയ്ത് തവനൂർ പി.എച്ച്. സി. ലെത്തിയാൽ മാത്രമെ സാധ്യമാകൂ. ഇത് പരിഹരിക്കണമെങ്കിൽ മാറഞ്ചേരി പി.എച്ച്. സിയുടെ കീഴിൽ അംബേദ്കർ ഗ്രാമത്തെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

വടമുക്ക് ഐ. എച്ച്. ഡി. പി. കോളനിയിലുള്ള പഞ്ചായത്തിൻെറ 20 സെൻറ് സ്ഥലം ഉപയോഗപ്പെടുത്തി ഒരു കമ്മ്യൂണിറ്റി ഹാളും സാംസ്കാരിക നിലയവും വായനശാലയും സ്ഥാപിക്കുകയും ചെയ്യുക. അംബേദ്കർ ഗ്രാമത്തിലുള്ള കുട്ടികളുടെ പ്രൈമറി വിദ്യാഭ്യാസ രംഗത്തുനിന്നുള്ള കൊഴിഞ്ഞ് പോക്ക് തടയുന്നതിന്, തുറുവാണം വടമുക്ക് ബണ്ട് കം റോഡ് ഉയർത്തി ഗതാഗതയോഗ്യമാക്കുകയും, വടമുക്ക് എൽ. പി. സ്കൂൾ, യു.പി. സ്കൂളായി ഉയർത്തുകയും ചെയ്താൽ ഈ രംഗത്ത് കാര്യമായ പുരോഗതി കൈവരിക്കാൻ കഴിയുന്നതാണ്.

# 5-12

# വിഭവ സമാഹരണം

**അവലോകനം :-**

ആസൂത്രണ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് വിഭവ സമാഹരണത്തിന് വളരെ പ്രാധാന്യമുണ്ട്. വിഭവങ്ങൾ കണ്ടെത്തുക, അവ വേണ്ടവിധത്തിൽ യഥാസമയത്ത് ഉപയോഗിക്കുക. അവയുടെ വർദ്ധിച്ചുവരുന്ന ഉറവിടങ്ങൾ മനസ്സിലാക്കുക, ഫലപ്രദമായി വിനിയോഗിക്കുക എന്നിവ ഒരു വികസ്വര പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം പ്രാധാന്യമർഹിക്കുന്നതാണ്.

മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ വിഭവ സമാഹരണം സംബന്ധിച്ച് ചിന്തിക്കുമ്പോൾ ഈ പ്രദേശത്തെ കാർഷിക തകർച്ചയാണ് നാം നേരിടുന്ന പ്രധാന പ്രതിസന്ധികളിലൊന്ന്. നമ്മുടെ കൃഷിയിടങ്ങൾ പലതും തരിശിടുകയോ, യഥാവിധി കൃഷിവിധികൾ പാലിക്കാതെ മുരടിപ്പിക്കുകയോ ചെയ്യുന്നു. നിലങ്ങൾ പലതും നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നു. അവിടവിടെയായി കാണുന്ന കാർഷിക വിളകൾക്കാകട്ടെ അമിതമായ രാസവള പ്രയോഗം മൂലം വിളകളുടെയും മണ്ണിന്റെയും ഗുണം ദിനംപ്രതി കുറയുകയും ചെയ്യുന്നു.

പ്രധാന കൃഷി തെങ്ങാണ്. നെല്ല്, കവുങ്ങ്, വാഴ, കുരുമുളക്, മാവ്, പ്ലാവ് എന്നിവയും ഈ മണ്ണിൽ വളരുന്നു. ഇവയിൽ നിന്നുള്ള ഉൽപ്പാദനം, കഴിഞ്ഞ ഏതാനും വർഷങ്ങളുമായി താരതമ്യപ്പെടുത്തിയാൽ ഉൽപ്പാദനത്തിലെ കുറവ് നമുക്ക് ബോധ്യമാകുന്നതാണ്. രാസവള പ്രയോഗത്തിനു പകരം ജൈവവളങ്ങൾ പ്രയോഗിക്കുന്നതിന്റെ പ്രാധാന്യവും കൃഷിയിടങ്ങൾ തരിശിടുന്നതു മൂലമുള്ള ഭവിഷ്യത്തും കർഷകരെ ബോധവൽക്കരിക്കേണ്ടതുണ്ട്.

വ്യവസായികമായി നാം വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു. ഏതാനും ഓയിൽ മില്ലുകളും, റൈസ് ആൻറ് ഫ്ളവർ മില്ലുകളുമാണ് ഈ പ്രദേശത്തെ വ്യവസായ സ്ഥാപനങ്ങൾ. അഭ്യസ്ഥവിദ്യരായ ചെറുപ്പക്കാർക്ക് സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്ന പക്ഷം കാർഷിക വിഭവങ്ങളുപയോഗിച്ചു കൊണ്ട് പല വ്യവസായ സ്ഥാപനങ്ങളും ഈ മേഖലകളിൽ ഉയർന്നു വരുന്നതാണ്. ഈ ഗ്രാമ പ്രദേശത്തുനിന്ന് ആയിരത്തിലധികം പേർ ഗൾഫ് മേഖലകളിൽ തൊഴിൽ ചെയ്തു വരുന്നുണ്ട്. ഇവരുടെ സമ്പത്തിന്റെ സിംഹ ഭാഗവും വൻകിട കോൺക്രീറ്റ് സൗധങ്ങൾ കെട്ടിപ്പൊക്കാനും ആഡംബര വസ്തുക്കൾ ശേഖരിക്കാനുമാണ് ഇപ്പോൾ ഉപയോഗിക്കുന്നത്. ഇവരുടെ സമ്പാദ്യം നാടിനുകൂടി ഉപകാരപ്രദമായ മേഖലകളിലേക്ക് തിരിച്ചുവിടേണ്ടതാണ്. ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സാങ്കേതിക ജ്ഞാനവും നൽകാൻ തയ്യാറാകുന്ന പക്ഷം ഇത് സുസാദ്ധ്യമാകും.

അഭ്യസ്ഥവിദ്യരും അരോഗദൃഢഗാത്രരുമായ യുവതീ യുവാക്കൾ, ഈ പഞ്ചായത്തിന്റെ മനുഷ്യവിഭവ സമ്പത്താണ്. ഇത് ആസൂത്രിമായി ഉപയോഗപ്പെടുത്താൻ സംവിധാനമുണ്ടാകേണ്ടതുണ്ട്.

**പഞ്ചായത്തുവക ഭൂസ്വത്തുകൾ:-**

- കാഞ്ഞിരമുക്കിൽ ഒരേക്കർ സ്ഥലം.
- കുണ്ടകടവിലുള്ള 15 സെൻറ് സ്ഥലം
- പരിച്ചകത്തുള്ള 85 സെൻറ് സ്ഥലം

**ധനകാര്യ സ്ഥാപനങ്ങൾ:-**

കാത്തലിക് സിറിയൻ ബാങ്ക്, സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്, പൊന്നാനി അർബൻ കോ-ഓപ്പറേറ്റീവ് ബാങ്ക് മാറഞ്ചേരി ശാഖ, ജില്ലാ സഹകരണ ബാങ്ക് മാറഞ്ചേരി ശാഖ എന്നിവയാണ് പ്രധാനപ്പെട്ട ധനകാര്യ സ്ഥാപനങ്ങൾ. സ്വകാര്യ മേഖലയിൽ കൊള്ളപ്പലിശ ഈടാക്കുന്ന നിരവധി ബ്ലേഡുകമ്പനികൾ ഈ പഞ്ചായത്തിലെ ജനങ്ങളെ പരമാവധി ചൂഷണം ചെയ്യുന്നുണ്ട്.

# വരുമാന മാർഗ്ഗങ്ങൾ

കെട്ടിടനികുതി, തൊഴിൽ നികുതി, വിനോദ നികുതി എന്നിവയാണ് പഞ്ചായത്ത് നേരിട്ട് പിരിച്ചെടുക്കുന്ന പ്രധാന നികുതികൾ കൂടാതെ കച്ചവടക്കാരിൽ നിന്നും മറ്റും ലൈസൻസ് ഫീസും പിരിച്ചെടുക്കുന്നു. നികുതി പിരിവിൽ ശുഷ്കാന്തി കാണിക്കുന്നതിനാൽ, കഴിഞ്ഞ 14 വർഷമായി തുടർച്ചയായി 100% നികുതികളും ഫീസുകളും നമ്മുടെ പഞ്ചായത്തിന് പിരിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന ഭൂനികുതി, വസ്തുകൈമാറ്റ നികുതി എന്നിവ സർക്കാരിൽ നിന്നും ലഭിക്കുന്നുമുണ്ട്.

**1. കെട്ടിട നികുതി:-**

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിൽ 94-95 വർഷത്തിൽ 4226 കെട്ടിടങ്ങളിൽ നിന്ന് 353237.4 രൂപയും, 95-96 വർഷത്തിൽ 4407 കെട്ടിടങ്ങളിൽ നിന്ന് 405689.35 രൂപയും കെട്ടിട നികുതി യിനത്തിൽ പിരിച്ചെടുത്തു. നികുതി ചുമത്തുന്ന കെട്ടിടങ്ങൾ 181 എണ്ണം വർദ്ധിച്ചപ്പോൾ, നികുതി 52451.95 രൂപ വർദ്ധിച്ചു. 8%മാണിവിടെ കെട്ടിട നികുതി ചുമത്തുന്നത്. കെട്ടിട നികുതി ചുമത്തു ന്നതിന് വ്യക്തമായ മാനദണ്ഡം നിശ്ചയിക്കേ ണ്ടതാണ്.

**2. തൊഴിൽ നികുതി:-**

തൊഴിൽ നികുതിയിനത്തിൽ 1994-95, 95-96 എന്നീ വർഷങ്ങളിൽ യഥാക്രമം 88740 രൂപയും 64046 രൂപയും പിരിച്ചെടുത്തിട്ടുണ്ട്. തൊഴിൽ നികുതിയിനത്തിൽ സർക്കാർ വരുത്തിയ മാറ്റമാണ് 24694 രൂപയുടെ കുറവുണ്ടാകാൻ കാരണമായത്. പഞ്ചായത്ത് പ്രദേശങ്ങളിലും മുനിസിപ്പൽ പ്രദേ ശങ്ങളിലും തൊഴിൽ നികുതി ചുമത്തുന്നത് സംബ ന്ധിച്ച് നിലവിലുള്ള നിയമത്തിൽ വലിയ അന്തരം ഇപ്പോഴും നിലനിൽക്കുന്നുണ്ട്. പഞ്ചായത്ത് പ്രദേ ശത്തെ അപേക്ഷിച്ച് മുനിസിപ്പൽ പ്രദേശത്ത് തൊഴിൽ നികുതി താരതമ്യേന കുറവാണ്. ഇതു മൂലം സ്ഥലം മാറ്റം വഴി പഞ്ചായത്തു പ്രദേശ ത്തുള്ള ജീവനക്കാർക്ക് വിഷമങ്ങൾ അനുഭവപ്പെ ടുന്നു. അതുകൊണ്ട് തൊഴിൽ നികുതി ഏകീകരി ക്കേണ്ടതാണ്.

**3. വിനോദനികുതി :-**

പഞ്ചായത്തു പ്രദേശത്ത് രണ്ടു സിനിമാ ശാലകളുണ്ട്. ഇവയിൽ നിന്ന് ടിക്കറ്റ് ചാർജ്ജിന്റെ 20% വിനോദനികുതിയും, വിനോദനികുതിയുടെ 60% അഡീഷണൽ വിനോദനികുതിയും ഈടാക്കു ന്നു. വിനോദനികുതിയിനത്തിൽ ആകെ 1994-95, 95-96 വർഷത്തിൽ യഥാക്രമം 128470.7 രൂപയും, 163896.05 രൂപയും പിരിച്ചെടുത്തിട്ടുണ്ട്. വർദ്ധ നവ് 35425.35 രൂപ നികുതിവെട്ടിപ്പ് നടത്താൻ ഇടനൽകാത്തവിധം വിനോദനികുതിനിയമങ്ങൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്.

**4. വസ്തു കൈമാറ്റ നികുതി :-**

വസ്തു കൈമാറ്റ നികുതി 75% ഇനത്തിൽ 1994-95 വർഷത്തിൽ 295867 രൂപ ലഭിച്ചപ്പോൾ, 95-96 വർഷത്തിൽ 190127 രൂപമാത്രമാണ് ലഭി ച്ചത്. 25% ഇനത്തിൽ യഥാക്രമം 100000 രൂപയും, 186000 രൂപയുമാണ് വസ്തു കൈമാറ്റ നികുതി. അത് അതാതു വർഷം തന്നെ പഞ്ചായത്തിനു കൈമാറേണ്ടതാണ്.

**5. ഗവൺമെൻറ് ഗ്രാൻറുകൾ :-**

1994-95 വർഷത്തിൽ 473615 രൂപയും 95-96 വർഷത്തിൽ 334683 രൂപയും ഗ്രാൻറിനത്തിൽ ലഭിച്ചിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നിന്ന് 95-96 വർഷത്തിൽ 343032 രൂപലഭിച്ചിട്ടുണ്ട്. 94-95 വർഷത്തിൽ ഈയിനത്തിൽ ഒന്നും തന്നെ ലഭിച്ചി ട്ടില്ല.

വരവുകളുടെ പട്ടിക

| നമ്പർ | ഇനം | 1994-95 | 1995-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | കെട്ടിട നികുതി | 353237.40 | 405689.35 | 52451.95 | 14.85% |
| 2 | തൊഴിൽ നികുതി | 88740.00 | 64046.00 | -24694.00 | 27.83% |
| 3 | വിനോദ നികുതി | 128470.70 | 163896.05 | 35425.35 | 27.57% |
| 4 | വസ്തു കൈമാറ്റനികുതി | 295867.00 | 190127.00 | -105740.00 | 35.74% |
| 5 | ,, ,, 25% | 100000.00 | 186000.00 | 86000.00 | 86% |
| 6 | ഗവൺമെൻറ് ഗ്രാൻറുകൾ | 473615.00 | 334683.00 | -138932.00 | 29.33% |
| 7 | ഡെപ്പോസിറ്റ് | 86740.55 | 153734.35 | 66993.80 | 77.23% |
| 8 | മറ്റുള്ളവ | 61513.80 | 310328.75 | 248814.95 | 404.49% |
| 9 | ജെ.ആർ.വൈ ഇനത്തിൽ | 248439.00 | 264489.00 | 16050.00 | 6.46% |
| 10 | മറ്റുവകുപ്പുകളിൽ നിന്ന് | - | 343032.00 | - | - |
| | ആകെ | 1836623.40 | 2416025.50 | | |

പഞ്ചായത്തിന് സർക്കാർ നൽകുന്ന ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട ഗതികേടാണിപ്പോൾ. എല്ലാ വിധത്തിലുമുള്ള വിവേചനങ്ങളുമൊഴിവാക്കി അർഹതയുള്ള ഗ്രാൻറുകൾ എത്രയും വേഗം പഞ്ചായത്തുകൾക്ക് കൈമാറേണ്ടതുണ്ട്. ഇപ്പോൾ രണ്ടും മൂന്നും വർഷം കഴിഞ്ഞാണ് സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ്, കോമ്പൻസേഷൻ തുടങ്ങിയ ഗ്രാൻറുകൾ പഞ്ചായത്തിന് ലഭിക്കുന്നത്. ഗ്രാൻറുകൾ വിതരണം ചെയ്യാൻ ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, ദാരിദ്ര്യ രേഖക്കുതാഴെയുള്ള ജനങ്ങളുടെ എണ്ണം, സ്ത്രീകളുടെ എണ്ണം എന്നിവ മാനദണ്ഡമാക്കേണ്ടതാണ്.

1994-95 വർഷത്തെ ആകെ വരവ് 1836623.4 രൂപയും 95-96 വർഷത്തിൽ 2416025.5 രൂപയും ആകുന്നു.

## ചെലവുകൾ

ഈ പഞ്ചായത്തിൽ 1994 - 95 വർഷത്തിൽ ആകെ ചെലവ് 19,24,928 രൂപയും 1995 - 96 വർഷത്തിൽ 20,50,345 രൂപയും ആകുന്നു. ഇതിൽ നടത്തിപ്പും പിരിവും ഇനത്തിൽ മേൽപ്പറഞ്ഞ രണ്ടു വർഷങ്ങളിൽ യഥാക്രമം 3,70,813 രൂപയും 5,33,561 രൂപയും ചിലവഴിച്ചിട്ടുണ്ട്. ഈ ഇനത്തിൽ 1,62,748 രൂപയുടെ വർദ്ധനവ് വന്നു. പൊതുമരാമത്ത് പണികൾക്ക് കഴിഞ്ഞ രണ്ടു വർഷങ്ങളിൽ യഥാക്രമം 7,74,889 രൂപയും 3,70,961 രൂപയുമാണ് ചിലവാക്കിയിട്ടുള്ളത്. 94-95 വർഷത്തേക്കാൾ 4,93,928 രൂപ കുറവാണ് ഈ ഇനത്തിൽ 1995-96 വർഷത്തിൽ ചിലവഴിച്ചത്.

നടത്തിപ്പും പിരിവും ഇനത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ 43.89% കൂടുതൽ ചെലവഴിച്ചപ്പോൾ, പൊതുമരാമത്ത് പണികൾക്ക് 1994-95 വർഷത്തിൽ 52.13% കുറവാണ് ചെലവഴിച്ചിട്ടുള്ളത്. നടത്തിപ്പും പിരിവുമായി ഭീമമായ വർദ്ധന വർഷാവർഷങ്ങളിൽ സംഭവിക്കുമ്പോൾ മറ്റു വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാൻ സംഖ്യ പോരാതെ വരുന്നു. ഇതിനു പരിഹാരം കാണേണ്ടതുണ്ട്. പഞ്ചായത്തീരാജ് നിയമം നടപ്പിലാക്കിയപ്പോൾ മറ്റു വകുപ്പുകൾ കൈകാര്യം ചെയ്തിരുന്ന പല ചുമതലകളും ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായി. അതുകൊണ്ട് ഗ്രാമ പഞ്ചായത്തുകളെ സഹായിക്കാൻ സർക്കാർ ബാദ്ധ്യസ്ഥരാണ്. കൂടാതെ പഞ്ചായത്ത് പ്രസിഡൻറ്, മെമ്പർമാർ എന്നിവർക്ക് ശമ്പളം നൽകാൻ പഞ്ചായത്ത് ഫണ്ട് തന്നെ ഉപയോഗിക്കേണ്ടിവരുന്നു. ഇതുമൂലം നടത്തിപ്പും പിരിവും ഇനത്തിൽ വൻ വർദ്ധന വർഷാവർഷങ്ങളിൽ സംഭവിക്കുന്നു. നടത്തിപ്പും പിരിവും ഇനത്തിൽ പഞ്ചായത്തുകൾക്ക് വരുന്ന ചിലവിൻെറ 50% സർക്കാർ ഗ്രാൻറായി നൽകിയാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. വിദ്യാഭ്യാസത്തിന് 1994-95 വർഷത്തിൽ 38,913 രൂപ ചിലവഴിച്ചപ്പോൾ 1995-96 വർഷത്തിൽ 20,787 രൂപയാണ് ചിലവാക്കിയത്. തെരുവ് വിളക്കുൾക്ക് ആയത് യഥാക്രമം 24,300 രൂപയും 29700 രൂപയും ആകുന്നു. ജെ. ആർ. വൈ. ഇനത്തിൽ 1994-95 വർഷത്തിൽ 2,48,439 രൂപയും 1995-96 വർഷത്തിൽ 2,64,439 രൂപയും ചിലവഴിക്കാൻ സാധിച്ചു. മറ്റു വകുപ്പുകൾക്കായി 1994-95 വർഷത്തിൽ തുകയൊന്നും ചിലവഴിച്ചിട്ടില്ല. 1995 - 96 വർഷത്തിൽ മറ്റുവകുപ്പുകൾക്ക് 135302 രൂപ ചെലവഴിക്കാൻ സാധിച്ചിട്ടുണ്ട്.

## ചെലവുകളുടെ പട്ടിക.

| നമ്പർ | ഇനം | വർഷം 1994-95 | വർഷം 1995-96 | വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| 1 | നടത്തിപ്പും പിരിവും | 370813.00 | 533561.00 | 162748.00 | 43.89% |
| 2 | പൊതുമരാമത്ത് | 774889.00 | 370961.00 | -403928.00 | 52.13% |
| 3 | വിദ്യാഭ്യാസം | 38913.00 | 20787.00 | -18126.00 | 46.58% |
| 4 | തെരുവ് വിളക്ക് | 24300.00 | 29700.00 | 5400.00 | 22.22% |
| 5 | നിക്ഷേപങ്ങൾ മടക്കികൊടുക്കൽ | 57019.00 | 142031.00 | 85012.00 | 149.1% |
| 6 | പലവക | 410555.00 | 553514.00 | 142959.00 | 34.82% |
| 7 | ജെ. ആർ. വൈ. | 248439.00 | 264489.00 | 16050.00 | 6.46% |
| 8 | മറ്റു വകുപ്പുകളിൽ നിന്നും | - | 135302.00 | - | |
| | ആകെ. | 19,24,928.00 | 20,50,345.00 | | |

### മറ്റു ധനാഗമന മാർഗ്ഗങ്ങൾ :

1. കുണ്ടുകടവിലുള്ള 15 സെൻറ് സ്ഥലത്ത് വിലവിലുള്ള ഷോപ്പിങ്ങ് കോംപ്ലക്സ് വിപുലീകരിച്ച് വാടകയിനത്തിൽ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

2. ലൈസൻസ് ഫീസുകൾ സർവ്വീസ് കാലോചിതമായി പരിഷ്കരിച്ചും എല്ലാ വ്യാപാര-വ്യവസായ സ്ഥാപനങ്ങൾക്കും ലൈസൻസ് ഫീ ചുമത്തിയും വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

3. പഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കുന്നത് ഉദ്യോഗസ്ഥരിൽ നിന്നും ഏതാനും കച്ചവടക്കാരിൽ നിന്നുമാണ്. പഞ്ചായത്ത് പരിധിയിൽ തൊഴിൽ ചെയ്യുന്ന എല്ലാവിഭാഗം ജനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

4. മോട്ടോർ വാഹനങ്ങൾ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമാക്കി ആയതിന് ഫീസ് ചുമത്താവുന്നതാണ്.

5. അറവുശാലകൾ, മത്സ്യമാർക്കറ്റുകൾ എന്നിവ പഞ്ചായത്തു വക ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

6. അടിസ്ഥാന ഭൂനികുതി കാലോചിതമായി പരിഷ്കരിക്കുകയും നിശ്ചിത പരിധിയിലധികം ഭൂമി കൈവശമുള്ള കുടുംബത്തിന് പ്രത്യേക സർചാർജ്ജ് ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

7. ടെലിവിഷൻ സെറ്റിന് പഞ്ചായത്തുവക ലൈസൻസ് ചുമത്താവുന്നതാണ്.

8. കേബിൾ ടി.വിയുടെ ഡിഷ് ആൻറിന സ്ഥാപിക്കുന്നതിന് പഞ്ചായത്തിൻെറ മുൻകൂട്ടിയുള്ള അനുമതി നിർബന്ധമാക്കുകയും അതിന് ഫീസ് ചുമത്തുകയും ചെയ്യാവുന്നതാണ്.

9. പഞ്ചായത്തിലെ ലീസ് ഭൂമിയിൽ ചകിരി അഴുക്കുന്നവരിൽ നിന്ന് നാമമാത്രമായ ഫീസാണ് ഈടാക്കിവരുന്നത്. ഇത് വർദ്ധിപ്പിക്കേണ്ടതാണ്. ലീസ് ഭൂമി വെറുതെയിട്ടിരിക്കുന്നവരിൽ നിന്നും പഞ്ചായത്ത് തിരിച്ചു വാങ്ങുകയും മറ്റു ആവശ്യക്കാർക്ക് നൽകുകയും ചെയ്യേണ്ടതാണ്. ഇവിടെ ചെമ്മീൻ കൃഷിയും പരീക്ഷിക്കാവുന്നതാണ്.

10. പുഴയിലെ പുളിമണ്ണ് പഞ്ചായത്തിന് ലേലം ചെയ്ത് നൽകാവുന്നതാണ്.

11. പരസ്യ നികുതി ഏർപ്പെടുത്താവുന്നതാണ്.

12. വിദേശങ്ങളിൽ ജോലി ചെയ്യുന്ന ഗൾഫ് മലയാളികൾ പഞ്ചായത്തിൽ പേർ റജിസ്റ്റർ ചെയ്യണമെന്ന് നിർബന്ധമാക്കുകയും അവരിൽ നിന്ന് നിശ്ചിത തുക ഫീസ് ഈടാക്കുകയും ചെയ്യാവുന്നതാണ്. ഇതുമൂലം ഗൾഫ് മേഖലയിൽ തൊഴിലെടുക്കുന്നവരുടെ ഒരുകണക്ക് പഞ്ചായത്തിൽ ലഭിക്കുന്നതിനു പുറമെ അവർക്ക് വോട്ടവകാശം വനിയോഗിക്കുന്നതിനുള്ള അവസരം നൽകുവാനും സഹായകരമാണ്.

### പ്രശ്നങ്ങൾ:-

1. ഭരണ ചിലവിലെ വർദ്ധനവ്.
2. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
3. പ്രാദേശികാവശ്യങ്ങൾ അനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.
4. സന്നദ്ധ പ്രവർത്തകരുടെ താൽപര്യക്കുറവ്.
5. കോൺട്രാക്ടർമാരും മറ്റ് ഇടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.
6. സുതാര്യത കുറവ്.

### സാധ്യതകൾ :-

1. നികുതി ഘടന കാര്യക്ഷമമാക്കൽ, വെട്ടിപ്പു തടയുക.
2. പുതിയ സേവനങ്ങൾ നൽകി അവക്ക് ചാർജ്ജ് ഈടാക്കുക.
3. നികുതികളുടെ മിനിമം നിരക്ക് ഉയർത്തുക.
4. ഭരണ ചിലവ് കുറക്കുക.
5. പഞ്ചായത്ത് നിയമം അധികാരം നൽകുന്ന പുതിയ നികുതികൾ ചുമത്തുക.
6. സന്നദ്ധപ്രവരത്തനങ്ങൾ സംഘടിപ്പിക്കുക.
7. ആരോഗ്യ വിദ്യാഭ്യാസ ക്ഷേമ പ്രവർത്തന

ങ്ങൾക്കുള്ള സന്നദ്ധ സംഘങ്ങൾ രൂപീകരിക്കുക.

8. ധനകാര്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കാൻ സംവിധാനം ഏർപ്പെടുത്തുക.

9. പഞ്ചായത്തിന് ഒരു ക്രഡിറ്റ് പ്ലാൻ തയ്യാറാക്കുക.

10. പഞ്ചായത്തിൻെറ ചെലവുകൾ സുതാര്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

11. സന്നദ്ധ സംഘടനകൾക്കുള്ള സഹായ പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുക.

**സാമ്പത്തിക സഹായ പദ്ധതി:-**

ഈ പ്രദേശത്ത് ബ്ലയ്ഡു കമ്പനികൾ സാമ്പത്തികരംഗം അനുദിനം കാർന്നു തിന്നുന്ന ഒരു മഹാവ്യാധിയായി പടർന്നുപിടിച്ചിരിക്കുകയാണ്. ഇവയെ ശക്തിയായി നിയന്ത്രിക്കുകയോ നിരോധിക്കുകയോ ചെയ്യേണ്ടതുണ്ട്. ജനങ്ങൾക്ക് ആവശ്യമായ ധനസഹായങ്ങൾ നൽകാൻ ഈ പ്രദേശത്തെ ബാങ്കുകളുടേയും സഹകരണ സ്ഥാപനങ്ങളുടേയും വ്യവസ്ഥകൾ പരമാവധി ഉദാരമാക്കണം. അംഗീകൃതമാർഗ്ഗങ്ങളിൽ കൂടി ജനങ്ങളുടെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കാൻ വഴി തുറക്കപ്പെടുമ്പോൾ സ്വഭാവികമായും ബ്ലയ്ഡുകമ്പനികൾക്ക് നിലനിൽപ്പില്ലാതാവുന്നതാണ്.

കൂടാതെ പലിശയിടീക്കാതെ വായ്പ നൽകുന്നതിനെകുറിച്ച് ചിന്തിക്കാവുന്നതുമാണ്. മാറഞ്ചേരി, പുറങ്ങ്, കാഞ്ഞിരമുക്ക് എന്നീ പ്രദേശങ്ങളിൽ ഓരോ പലിശ രഹിത നിധികൾ വളരെ ചെറിയ മുതൽ മുടക്കോടെ വിജയകരമായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിൻെറ പ്രവർത്തനങ്ങൾ പഠിക്കുകയും വിപുലമായ രീതിയിൽ ഇവ നടത്തുന്നതിന് സംവിധാനം ഏർപ്പെടുത്തുന്നതിനെ കുറിച്ച് ചിന്തിക്കുകയും ചെയ്യേണ്ടതുണ്ട്.

ഈ പ്രദേശത്തെ ബാങ്കുകളിൽ പലിശരഹിതമായി വൻതുകകൾ നിക്ഷേപമുണ്ടെന്നു മനസ്സിലാക്കുന്നു. പലിശ രഹിത സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം ഇത്തരം നിക്ഷേപങ്ങൾ സ്വരൂപിക്കാവുന്നതാണ്. കൂടാതെ ഗൾഫ് മലയാളികളുടെ അകമഴിഞ്ഞ സഹകരണം ഈ വിഷയത്തിൽ ലഭിക്കുന്നതുമാണ്.

**പ്രസിഡൻറിൻെറ ദുരിതാശ്വാസ നിധി:-**

പ്രകൃതിക്ഷോപം, നിർധനരും നിരാലംബരും, രോഗികളുമായ ജനവിഭാഗങ്ങൾക്ക് സഹായം, പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം, സമർത്ഥരും സാമ്പത്തിക ശേഷികുറഞ്ഞവരുമായ കുട്ടികളുടെ വിദ്യാഭ്യാസം, പാവപ്പെട്ടവരുടെ പാർപ്പിട നിർമ്മാണം മുതലായ അത്യാവശ്യങ്ങൾക്കായി പഞ്ചായത്ത് പ്രസിഡണ്ടിൻെറ ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണ്. ഈ പ്രദേശത്തെ സമ്പന്നരുടെയും വിദേശ സഹോദരങ്ങളുടേയും അകമഴിഞ്ഞ സാമ്പത്തിക സഹായം ഈ ആവശ്യത്തിലേക്കു പ്രതീക്ഷിക്കാവുന്നതാണ്.

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നതോടൊപ്പം ആയത് വ്യാവസായികമായി ഇവിടെത്തന്നെ ഉപയോഗപ്പെടുത്താൻ നാം വഴിതേടേണ്ടിയിരിക്കുന്നു. അതുമൂലം തൊഴിലില്ലായ്മ പരിഹരിക്കാനും അശരണരേയും, ആലംബഹീനരേയും സഹായിക്കാനും അതുവഴി വികസനത്തിൻെറ പുത്തൻ പാതയിലേക്ക് ഒരു പച്ചപ്പടർപ്പായി ഈ കൊച്ചുഗ്രാമം മുന്നേറി സ്വയം പര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് പ്രത്യാശിക്കാം.

മാറഞ്ചേരി ഗ്രാമ പഞ്ചായത്തിലെ ബിയ്യം കായൽ, ഐനിച്ചിറ, ആളം, കാക്കാതുരുത്ത്, കാഞ്ഞിരമുക്ക് പുഴയോരം എന്നീ പ്രദേശങ്ങൾ ടൂറിസ വികസനത്തിന് സാധ്യതയുള്ള പ്രദേശങ്ങളാണ്. പല പദ്ധതികളും ഈ പ്രദേശവുമായി ബന്ധപ്പെട്ട് പല വകുപ്പുകളിൽ കിടക്കുന്നുണ്ട്. കൃഷി വികസനം ലക്ഷ്യം വെച്ചുകൊണ്ടും അതോടൊപ്പം തന്നെ ടൂറിസ്റ്റുകളെ

# ടൂറിസം

ആകർഷിക്കുവാനും ഉപകരിക്കുന്ന ഒരു കോടി രൂപയുടെ പദ്ധതി ഇറിഗേഷൻ മേജർ വകുപ്പും ടൂറിസ്റ്റ് ഡിപ്പാർട്ട്മെൻറും സംയുക്ത മായി തയ്യാറാക്കിയിട്ട് വർഷങ്ങൾ കടന്നുപോയി, പ്രാവർത്തികമായിട്ടില്ല.

ഓണാഘോഷത്തോടനുബന്ധിച്ച് കാഞ്ഞിരമുക്കിലെ പുളിക്കക്കടവിൽ ജലോൽസവം നടക്കാറുണ്ട്. കടവിൻെറ അക്കരെ, ഈഴുവത്തിരുത്തി പഞ്ചായത്തിൽപെട്ട സ്ഥലത്ത് സ്റ്റേജും ഗാലറി യും സ്ഥാപിച്ചിട്ടുണ്ട്. ടൂറിസം ലക്ഷ്യം വെച്ചു കൊണ്ട്, ഈ പ്രദേശവുമായി ബന്ധപ്പെട്ട മാറ ഞ്ചേരി പഞ്ചായത്തിലെ പുളിക്കക്കടവ് റോഡ് ഭാഗികമായി ടാർ ചെയ്തു കഴിഞ്ഞു. ബാക്കിഭാഗം ടാർ ചെയ്യാൻ സംവിധാനമുണ്ടാക്കി വരുന്നു. ഈ പ്രദേശങ്ങൾ ടൂറിസ്റ്റ് മേഖലയിൽ വരുമ്പോൾ, പൊന്നാനി ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിൽ പെട്ട എടപ്പാൾ, ഈഴുവത്തിരുത്തി പഞ്ചായത്തുകളുടേയും പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്തിൻെറ പരിധിയിൽ പെട്ട മാറഞ്ചേരി പഞ്ചായത്തിൻേറയും മുഖഛായ മാറ്റാൻ കഴിയും. കെ. എൽ. ഡി. സി.യുടെ രൂപരേഖയിലുള്ള, ബിയ്യം മുതൽ തൃശൂർ ജില്ലയിലെ വെട്ടിക്കടവ് വരെയുള്ള കായൽ തോടുകൾ വീതിയും ആഴവും കൂട്ടിയാൽ ജലഗതാഗതം ടൂറിസത്തിൻെറ ഭാഗമായി വളർത്തിക്കൊണ്ടുവരാനും പുഞ്ചകൃഷിക്ക് വെള്ളം സ്റ്റോക്ക് ചെയ്യാനും ഉപകരിക്കും.

മേൽ സൂചിപ്പിച്ച പ്രദേശങ്ങളെല്ലാം പ്രകൃതി രമണീയമാണെന്ന് മാത്രമല്ല, ആസൂത്രണത്തിൻെറ കരവിരുതുകൾ കൂടി ഒന്നിച്ചുചേരുമ്പോൾ വികസന രംഗത്ത് അപ്രതീക്ഷിതമായ മാറ്റത്തിന് കളമൊരുക്കും.

കാക്കാതുരുത്ത്, ആളം ദ്വീപ് എന്നിവിടങ്ങളിൽ അപൂർവ്വമായി കണ്ടുവരുന്ന പക്ഷികൾ രാത്രി കാലങ്ങളിൽ ചേക്കേറുന്ന സ്ഥലങ്ങളാണ്. അതുപോലത്തന്നെ ബിയ്യം മുതൽ വെട്ടിക്കടവ് വരെയുള്ള കായലുകളിൽ അപൂർവ്വ പക്ഷികളായ ബത്തരണ്ട, ഞൗഞ്ഞോടൻ, ഞാറ, നീലക്കോഴി, പാതിരാ കൊക്ക്, വിവിധയിനം മറ്റുകൊക്കുകൾ എന്നിവ വേനൽ കാലങ്ങളിൽ ധാരാളമായി വിരുന്നു വരുന്നു. വർണ്ണ മനോഹരമായ വിവിധയിനം പക്ഷികളുടെ വിഹാര കേന്ദ്രവും നൂറുകണക്കിന് ദേശാടനപക്ഷികളുടെ സംഗമ ഭൂമിയുമായ ഈ പ്രദേശങ്ങൾ അധികൃതരുടെ അനാസ്ഥ നേരിടുന്നു എന്ന് മാത്രമല്ല പക്ഷി വേട്ടക്കാരുടെ നിർദയമായ വെടിയുണ്ടകൾക്കിരയാവുന്ന പക്ഷികളുടെ കഥ എന്തുമാത്രം ദയനീയമല്ല.

ദേശാടന പക്ഷികൾ ഈ പ്രദേശങ്ങളെ തെരഞ്ഞെടുക്കാനുള്ള പ്രധാന കാരണം ഇഷ്ട ഭോജനമായ ഞണ്ടുകൾ, കക്കകൾ, മത്സ്യം എന്നിവ ഇവിടെ സുലഭമായി ലഭിക്കുന്നുണ്ട് എന്നതാണ്.

ടൂറിസം വികസിപ്പിക്കാനും പക്ഷി സങ്കേതം സംരക്ഷിക്കാനും ആവശ്യമായ ചില നിർദ്ദേശങ്ങൾ.

1. പക്ഷികൾക്ക് സൈ്വരമായി വിഹരിക്കാൻ അനുയോജ്യമായ ചെടികൾ നട്ടുപിടിപ്പിക്കുക.

2. പക്ഷിവളർത്തു കേന്ദ്രം സംരക്ഷിക്കുകയും ഒരു ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കുകയും ചെയ്യുക, വിദ്യാഭ്യാസ ടൂറിസം വളർത്തിക്കൊണ്ടു വരിക.

3. പുഴയിൽ വിനോദ സഞ്ചാരികളേയും പക്ഷി നിരീക്ഷകരേയും സഹായിക്കാൻ മോട്ടോർ ഘടിപ്പിച്ച ടൂറിസ്റ്റു ബോട്ടുകൾ ഏർപ്പെടുത്തുക.

4. ടൂറിസത്തിന് ഉപയോഗപ്പെടുത്തുന്ന സ്ഥലത്ത് പക്ഷി മ്യൂസിയം, സയൻസ് മ്യൂസിയം, സ്നേക്ക് പാർക്ക്, അമ്യൂസ്മെൻറ് പാർക്ക്, ബോട്ട് സർവ്വീസ് എന്നിവ ഏർപ്പെടുത്തുക.

5. ടൂറിസ്റ്റുകളുടെ സൗകര്യാർത്ഥം കാക്കാതുരുത്ത്, ആളം ദ്വീപ്, ഐനിച്ചിറ, കാഞ്ഞിരമുക്ക് എന്നീ പ്രദേശങ്ങളെ നടപ്പാലങ്ങൾ മുഖേന ബന്ധിപ്പിക്കുക.

6. തോക്കുകളും മറ്റുപകരണങ്ങളും ഉപയോഗിച്ചുള്ള പക്ഷിവേട്ട കർശനമായി നിയന്ത്രിക്കുക.

194

6

# മാറഞ്ചേരി ഗ്രാമ പഞ്ചായത്ത് പുതിയ ഭരണസമിതിയുടെ നേതൃത്വത്തിൽ...

1995 ഒക്ടോബർ 2 - ഗാന്ധിജയന്തി ദിനത്തിൽ മാറഞ്ചേരി പഞ്ചായത്ത് ഭരണ സമിതി അധികാരമേറ്റു. പഞ്ചായത്ത് ഓഫീസ് അംഗണത്തിൽ നടന്ന സത്യപ്രതിജ്ഞാ ചടങ്ങിൽ മുൻ പ്രസിഡണ്ടുമാരായ ടി.വി. കുഞ്ഞഹമ്മദ് ഹാജി, എം. എ. കരീം എന്നിവരടക്കം എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സാമൂഹ്യ-സാംസ്കാരിക സംഘടനകളുടേയും പ്രതിനിധികൾ പങ്കെടുത്ത് ആശംസകൾ നേർന്നു. പ്രസിഡണ്ട് എം.ഖദീജ തൻെറ സത്യപ്രതിജ്ഞാ ചടങ്ങിനു ശേഷം ചെയ്ത പ്രസംഗത്തിൽ, കക്ഷി രാഷ്ട്രീയത്തിന്നധീതമായി ഭരണം നടത്തുമെന്നും, അതിന്നായി എല്ലാവരുടേയും സഹായ സഹകരങ്ങൾ അഭ്യർത്ഥിക്കുകയും ചെയ്തു. തുടർന്നുള്ള പഞ്ചായത്തിൻെറ പ്രവർത്തനങ്ങളെല്ലാം വികസനം എന്ന ലക്ഷ്യം വെച്ചുകൊണ്ട്, ഭരണസമിതി ഒറ്റക്കെട്ടായാണ് മുന്നോട്ട് പോകുന്നത്. ഓരോ വകുപ്പു കൾക്കും അതർഹിക്കുന്ന പ്രാധാന്യം നൽകിക്കൊണ്ടാണ് പദ്ധതികൾ ആവിഷ്കരിക്കുന്നത്.

**കൃഷി:-**

പഞ്ചായത്തിലെ കാർഷിക പ്രശ്നങ്ങളെ പറ്റി പഠിക്കാനും കൃഷിക്കാരെ സഹായിക്കുന്നതിനും വേണ്ടി കാർഷിക വികസന സമിതി രൂപീകരിച്ചു. പനമ്പാട് സ്കൂളിൽ വെച്ച് കാർഷിക സെമിനാർ നടത്തി, മുൻ എം. എൽ. എ. പി.ടി. മോഹനകൃഷ്ണൻ സെമിനാർ ഉദ്ഘാടനം ചെയ്തു. പൊന്നാനി കോൾ കൃഷി മേഖലയെ ബാധിക്കുന്ന പ്രശ്നങ്ങളും പ്രതിവിധികളും സജീവമായി ചർച്ച ചെയ്യപ്പെട്ടു. ചിങ്ങം ഒന്നിന് കാർഷിക ദിനം ആചരിച്ചു. കൃഷിക്കാർക്ക് ഗവൺമെൻറിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ പറ്റി വിശദീകരിച്ചു. കൂൺ കൃഷിയെപ്പറ്റി കൃഷി ഓഫീസർ ജനാർദ്ദനൻ ക്ലാസെടുത്തു. വടമുക്കിലെ ഐ. എച്ച്. ഡി. പി. കോളനിയിൽ വിവിധ വകുപ്പുകളിലെ ഉദ്യോഗ സ്ഥൻമാരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു ബോധ വൽക്കരണ സെമിനാർ നടത്തി. കൃഷി. പട്ടിക ജാതി വികസനം, ഭവനനിർമ്മാണം എന്നിവയെപ്പറ്റിയെല്ലാം ക്ലാസുകളുണ്ടായിരുന്നു. ആ യോഗത്തിൽ വെച്ച് കൃഷിക്ക് മരുന്നടിക്കാനുള്ള സ്പ്രേയർ വിതരണം ചെയ്തു.

ഓണം കായികമേള, കേരളോത്സവം എന്നിവ രാഷ്ട്രീയ, സാമൂഹ്യ-സാംസ്കാരിക-സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. കലാമത്സരങ്ങൾക്ക് ടി. ആർ. സിയുടേയും കായിക മത്സരങ്ങൾക്ക് ടി. കുഞ്ഞുമോളൻെറയും സേവനങ്ങൾ അനുമോദനമർഹിക്കുന്നു.

**ആരോഗ്യം:-**

ജാപ്പാനീസ് പനിക്കെതിരെ ലക്ഷം വീട് കോളനികളിലും ഐ. എച്ച്. ഡി.പി കോളനികളിലും പട്ടികജാതി കോളനികളിലും പഞ്ചായത്ത് ഭരണ സമിതിയുടേയും തവനൂർ-മാറഞ്ചേരി പി. എച്ച്. സി. കളുടേയും സംയുക്താഭിമുഖ്യത്തിൽ ബോധവൽകരണ സെമിനാർ നടത്തി. ഡി.ഡി.ടി. അടിച്ചു. കിണറും പരിസരവും ശുചിയാക്കി. ഈ ആവശ്യത്തിന്നായി രണ്ട് സ്പ്രേയറുകൾ വാങ്ങുകയും ചെയ്തു. പഞ്ചായത്തിലെ ജനങ്ങളിൽ ഉൽക്കണ്ഠയുണ്ടാക്കിയ ക്യാൻസർ രോഗ ബാധയെ കുറിച്ചുള്ള റിപ്പോർട്ടുകൾ ആരോഗ്യ മന്ത്രിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തി. അതനുസരിച്ച് തിരുവനന്തപുരം റീജിണൽ ക്യാൻസർ ഇൻസ്റ്റിട്യൂട്ടിൽ നിന്ന് ഡോക്ടർ ബാബു മാത്യു പഞ്ചായത്തിലെത്തി, ക്യാൻസർ രോഗം മൂലം മരിക്കാനിടയായ പലരുടേയും വീടുകൾ സന്ദർശിച്ച് റിപ്പോർട്ട് ശേഖരിക്കുകയും, എം.യു. മദ്രസ്സ എൽ. പി.സ്കൂളിൽ വെച്ച് ക്ലാസ് നടത്തുകയും ചെയ്തു. പിന്നീട്

എല്ലാ വാർഡുകളിലും പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ, സന്നദ്ധ സംഘടനകളുടേയും ആരോഗ്യവകുപ്പിൻേറയും സഹായത്തോടെ ഒരു ആരോഗ്യ സർവ്വെ നടത്തു വാനും തീരുമാനി ച്ചിട്ടുണ്ട്. അതിനുവേണ്ടി ഓരോ വാർഡിലും പഞ്ചായത്ത് മെമ്പർമാരുടെ നേതൃത്വത്തിൽ കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. ഡിസംബർ മാസത്തിൽ സർവ്വെ പൂർത്തിയാവും ആദ്യം ഇക്കാര്യത്തിൽ തുടക്കം കുറിച്ചത് 'ഐവോക്സ് ' എന്ന സംഘടനയാണെങ്കിലും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് മുൻ കൈയെടുത്തത് 'വോസ്കോ'യാണ്. കേരളാ സ്റ്റേറ്റ് ഗവൺമെൻറ് ആയുർവേദ മെഡിക്കൽ ഓഫീസേർസ് അസോസിയേഷൻെറ പ്രസിഡണ്ടായ ഡോക്ടർ മുഹമ്മദ് ബിൻ അഹമ്മദിൻെറ നേതൃത്വത്തിൽ, പഞ്ചായത്തിലെ എട്ടാം വാർഡ് ഔഷധ സസ്യങ്ങൾ വെച്ചുപിടിപ്പിക്കന്നതിന് ദത്തെടുക്കുകയും പ്രവർത്തനം പുരോഗമിക്കുകയും ചെയ്യുന്നു.

**വിദ്യാഭ്യാസം:-**

പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി വില്ലേജ് എഡ്യുക്കേഷൻ കമ്മിറ്റി (വി. ഇ. സി) രൂപീകരിച്ച് 95-96 അധ്യയനവർഷം മുതൽ പ്രവർത്തിച്ചുവരുന്നു. സ്കൂളുകളുടെ പ്രവർത്തനങ്ങളും പഠനനിലവാരവും പരിശോധിക്കാൻ വി. ഇ. സി യുടെ കീഴിൽ ജനപങ്കാളിത്തമുള്ള മോണിറ്ററിങ്ങ് സെൽ തെരഞ്ഞെടുത്തിട്ടുണ്ട്. 25-11.96 ന് കാഞ്ഞിരമുക്ക് പി.എൻ.യു.പി സ്കൂളിൽ വെച്ച് ഡി.പി.ഇ.പി.യുടെയും തിരൂർ ഡയറ്റിൻേറയും പൊന്നാനി ബി.ആർ.സി യുടേയും സഹകരണത്തോടെ പഞ്ചായത്തിലെ പ്രധാനാ ധ്യാപകർക്കും, പി.ടി.എ., എം.ടി.എ. പ്രസിഡണ്ടുമാർക്കും സ്കൂൾ എസ്. ആർ. ജി. കൺവീനർമാർക്കും അധ്യാപക സംഘടനാ പ്രതിനിധികൾക്കും ട്രെയിനിംങ്ങ് ക്യാമ്പ് സംഘടിപ്പിച്ചു.

ബി. ആർ. സി.യുടെ സഹകരണത്തോടെ, വി. ഇ. സി. യുടെ മേൽനോട്ടത്തിൽ പരിശോധന നടത്തി 95-96 അധ്യയന വർഷത്തിൽ പഞ്ചായത്തിലെ ഏറ്റവും നല്ല സ്കൂൾ കണ്ടെത്തി പ്രോൽസാഹനം നൽകി. ബെസ്റ്റ് സ്കൂളായി തെരഞ്ഞെടുക്കപ്പെട്ട എ. എം. എൽ. പി. സ്കൂളിന് പഞ്ചായത്ത് വക കേഷ് അവാർഡും, മാറഞ്ചേരി അനശ്വര ജ്വല്ലറി സംഭാവന നൽകിയ റോളിങ്ങ് ട്രോഫിയും വി. ഇ. സി, പഞ്ചായത്ത് ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ വെച്ച് ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് എം. ഖദീജ വിതരണം ചെയ്തു. ഈ അധ്യയന വർഷത്തിലും നല്ല സ്കൂൾ കണ്ടെത്തുന്നതിനു പുറമെ പഞ്ചായത്തിലെ ഏറ്റവും നല്ല അധ്യാപകനെ തെരഞ്ഞെടുത്ത് പ്രോൽസാ ഹിപ്പിക്കുവാനും പരിപാടികൾ ആവിഷ്ക രിച്ചിട്ടുണ്ട്.

**ഗതാഗതം :-**

പത്തുലക്ഷം ഉറുപ്പികയുടെ വികസന പ്രവർത്തനങ്ങൾ ഈ ഭരണ സമിതി നിലവിൽ വന്ന ശേഷം നടത്തിയിട്ടുണ്ട്. ഇതിൽ കൂടുതൽ സംഖ്യയും റോഡുകൾക്ക് വേണ്ടി ചെലവാക്കി. ജെ. ആർ. വൈ പദ്ധതിയിൽ അധികാരിപ്പടി ഒളമ്പക്കടവ് റോഡ് കുറേഭാഗം ടാർ ചെയ്യുന്ന പ്രവർത്തനം പുരോഗമിച്ചു വരുന്നു. തുറുവാണം അംബേദ്ക്കർ ഗ്രാമത്തിലേക്കു പോകുന്ന ബണ്ട്കം റോഡ് ഉയർത്തുവാൻ രണ്ടേമുക്കാൽ ലക്ഷം ഉറുപ്പികയും സ്ലൂയിസ് ഉണ്ടാക്കുവാൻ ഒരു ലക്ഷം ഉറുപ്പികയും വകയിരുത്തിയിട്ടുണ്ട്. പടിഞ്ഞാറ്റും മുറി റോഡ്, ഏറമ്പത്തേൽ ഇടവഴി റോഡ് എന്നിവ ടെണ്ടർ ചെയ്യാനും 96-97 ജെ. ആർ.വൈ സ്കീമിൽ കൃഷ്ണപ്പണിക്കർ റോഡ് അറ്റകുറ്റപണി നടത്താനും, ആളം ദ്വീപിലേക്കുള്ള നടപ്പാലം ഒരു ലക്ഷം രൂപാ ചെലവിൽ റിപ്പയർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. അവിണ്ടിത്തറ-കൂര്യേപാടം, മസ്ജിദ് റോഡ്, മാരാമിറ്റം-കാട്ടിലെത്താഴം റോഡിൽ കൾവർട്ട് നിർമ്മാണം എന്നിവ ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിച്ചു കഴിഞ്ഞു. കുണ്ടുകടവിലെ അഹമ്മദ് കുരിക്കൾ ഷോപ്പിങ്ങ് കോംപ്ലക്സ് 17-11-95 ന് അന്നത്തെ തദ്ദേശ സ്വയം ഭരണ വകുപ്പു മന്ത്രി പി.കെ.കെ. ബാവ ഉൽഘാടനം ചെയ്തു. നാലു മുറികൾ ലേലത്തിൽ കൊടുത്തു.

60 കക്കൂസുകൾ ഉണ്ടാക്കാനുള്ള സഹായധനം അനുവദിച്ചിട്ടുണ്ട്. ഇനിയും കക്കൂസുകളുണ്ടാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ശുദ്ധജലത്തിന് രണ്ടു പൊതു കിണറുകൾ കുഴിക്കുകയും മറ്റുപൊതുകിണറുകൾ റിപ്പയർ ചെയ്യുകയും ചെയ്തു. പുതിയ മൂന്ന് കിണറുകൾ കുഴിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്.

ബഹുജനങ്ങളുടെ സഹകരണത്തോടു കൂടി പഞ്ചായത്തിൻെറ വികസന പ്രവർത്തന രംഗത്ത് ഒരുമുന്നേറ്റം സൃഷ്ടിക്കാൻ നിലവിലുള്ള ഭരണ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. ഗവൺമെൻറിൽ നിന്നും പഞ്ചായത്തിലേക്ക് കിട്ടേണ്ട ആനുകൂല്യങ്ങൾക്ക് വേണ്ടി പരിശ്രമിച്ചുകൊണ്ടിരിക്കുന്നു.

തുടർന്നുള്ള ജനകീയാസൂത്രണ പദ്ധതിയിലും വമ്പിച്ച ജനപങ്കാളിത്തവും സർക്കാരിൻെറ പ്രത്യേക പരിഗണനയും പ്രതീക്ഷിക്കുന്നു.

# ഉപസംഹാരം

നമ്മുടെ പഞ്ചായത്തിന്റെ പ്രശ്നങ്ങളും പ്രതിവിധികളും സാധ്യതകളും 12 വാർഡുകളിൽ നിന്നും ശേഖരിച്ച് 12 വിഷയങ്ങളായി തിരിച്ച് അപഗ്രഥിച്ച് ജനഹൃദയങ്ങൾ തൊട്ടറിഞ്ഞ പ്രതിനിധികൾ ഒന്നിച്ചിരുന്ന് ചർച്ചചെയ്ത് ഒരു വികസന റിപ്പോർട്ട് തയ്യാറാക്കിയിരിക്കുകയാണ്.

കഴിഞ്ഞകാല പദ്ധതികളിലൂടെയുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും എന്തെല്ലാമെന്ന് പരിശോധിച്ച് പഞ്ചായത്തിലെ വികസന മേഖലകളുടെ ഇന്നത്തെ നിലയെന്താണെന്ന് ഒറ്റ നോട്ടത്തിൽ കാണാവുന്ന സ്ഥിതിവിവരങ്ങൾ, അതാതു വകുപ്പുമേധാവികളുടെ സഹകരണത്തോടെ ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, അടുത്ത അഞ്ചുകൊല്ലത്തേക്കുവേണ്ട നിർദ്ദേശങ്ങളും.

ഈ റിപ്പോർട്ട് പരിപൂർണ്ണമായിക്കഴിഞ്ഞു എന്ന് ധരിക്കരുത് ഏത് റിപ്പോർട്ടിലും പോരായ്മകൾ വീണ്ടും കണ്ടെത്താതിരിക്കില്ല. അതുകൊണ്ടു തന്നെ കൂട്ടിച്ചേർക്കലുകൾക്കും അൽപ്പം ചില തിരത്തലുകൾക്കും വിധേയമാണ് ഈ റിപ്പോർട്ട്.

ജനകീയാസൂത്രണ പ്രക്രിയയുടെ അടിസ്ഥാന തത്വമെന്ന നിലക്ക് റിപ്പോർട്ടുണ്ടാക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനും അതിന് മേൽനോട്ടം വഹിക്കുവാനും അവ വിലയിരുത്തുവാനും ഉള്ള പരമാധികാരികൾ ജനങ്ങളാണെന്നിരിക്കെ പഞ്ചായത്ത് വികസന സെമിനാറിലെ വിപുലമായ പ്രാതിനിധ്യത്തോടെ ഈ റിപ്പോർട്ടും വിലയിരുത്തപ്പെടേണ്ടതുണ്ട്.

12 വിഷയങ്ങളും വെവ്വേറെ ഒരിക്കൽ കൂടി വിശകലനം ചെയ്ത് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ഓരോ രംഗത്തും കൈവരേണ്ട പുരോഗതി എന്തെന്ന് മുൻകൂട്ടി കാണുന്നതിനുള്ള തികഞ്ഞ ഗൗരവബോധത്തോടെ എല്ലാ പ്രതിനിധികളുടേയും പങ്കാളിത്തം ഈ സെമിനാറിനുണ്ടാവുമെന്ന ഉത്തമ വിശ്വാസത്തിൽ ഈ റിപ്പോർട്ട് നാടിന്റെ കർമ്മ ശേഷിക്കുമുമ്പിൽ സമർപ്പിക്കുന്നു.

1. കൃഷി , ജലസേചനം.
1. പി.വി.ബഷീർ.(ചെയർമാൻ)
2. ജനാർദ്ദനൻ,കൃഷി ഓഫീസർ(കൺവീനർ)
3. കെ.ആർ. ചെറായി.ഡി.ആർ.പി.
4. ടി.വി.കുഞ്ഞമ്മഹമ്മദ് ഹാജി. ( മുൻ പഞ്ചായത്ത് പ്രസിഡൻറ്)
5. പി. എം. സേതുമാധവൻ.

2. മൃഗ സംരക്ഷണം, മത്സ്യ ബന്ധനം.
1. എൻ. അബൂബക്കർ (ചെയർമാൻ)
2. പി. സി. ജോഷ് കുമാർ.(വി.എസ്) കൺവീനർ , കാഞ്ഞിരമുക്ക്.
3. യം. പി. മുഹമ്മദ് ഹാജി. ഡി.ആർ.പി.
4. വി. ടി. ശ്രീനിവാസൻ
5. സി. പി. ഖാലിദ് മാസ്റ്റർ
6. ടി. കുഞ്ഞഹമ്മദ്.

3. വിദ്യാഭ്യാസം.
1. പി. പ്രമീള. (ചെയർമാൻ)
2. കെ. പി. ശങ്കരനാരായണൻ നമ്പൂതിരി (കൺവീനർ)
3. കെ. ബാപ്പുട്ടി മാസ്ററർ
4. ടി. വി. അബ്ബാസ് ഡി.ആർ.പി.
5. പ്രൊഫ. ചന്ദ്രഹാസൻ.
6. പി. എം. മുഹമ്മദ് ഇബ്രാഹീം.
7. എ. മുഹമ്മദ് മാറഞ്ചേരി.
8. കെ. കെ. ശ്രീധരൻ (ഹെഡ്മാസ്റ്റർ, ജി.എൽ. പി സ്കൂൾ, പുറങ്ങ്.)
9. കെ. കെ. രാമൻ (ജി.എൽ.പി.സ്കൂൾ കാഞ്ഞിരമുക്ക്)
10. ഇന്ദിര. ഹെഡ് മാസ്റ്റർ എ .എം.എൽ. പി.സ്കൂൾ പരിച്ചകം.
11. കെ. കെ. രാമൻ കർത്ത, H.M. G.H.S മാറഞ്ചേരി

4. ആരോഗ്യം , കുടിവെള്ളം
1. എം. ഖദീജ പ്രസിഡൻറ്.(ചെയർമാൻ)
2.ഡോ.കെ.യം. ദാസൻ മെഡിക്കൽ ഓഫീസർ. പി.എച്ച്.സി. മാറഞ്ചേരി.
3. എം. അബ്ദുല്ല. ഡി. ആർ. പി.
4.ഡോ. മുഹമ്മദ്ബിൻ അഹമ്മദ് (സീനിയർ,മെഡിക്കൽ ഓഫീസർ ആയ്യുർവ്വേദ ഡിസ്പൻസറി ചങ്ങരംകുളം)
5.ഡോ. കെ.ടി.വി. പ്രേമചന്ദ്രൻ.
6. എം . അബ്ദുല്ലകുഞ്ഞ്.
7.എ. ശ്രീധരൻനായർ (Rt HI)
8. തേജോമയൻ. ഫാർമസിസ്റ്റ്
9.എ.വി അബൂബക്കർ
10. കമാലുദ്ദീൻ (Rt HI)

5. വ്യവസായം.
1. അബ്ദുൾനാസർ (ചെയർമാൻ)
2. ടി. അബ്ദു . വില്ലേജ് ഓഫീസർ മാറഞ്ചേരി (കൺവീനർ)
3.വി. ഇസ്മായിൽ. ഡി.ആർ.പി.
4. ജോൺ കെ.എസ്. അസി. ഡിസ്ട്രിക്ട്. ഇൻഡസ്ട്രീസ് ഓഫീസർ, പൊന്നനി
5. ടി.കെ. മുഹമ്മദ്. കാത്തലിക്ക് സിറിയൻ ബാങ്ക്, മാറഞ്ചേരി
6. കെ.വി. ശ്രീരാമൻ . എൽ. ആർ.പി
7. ടി. എം. കുഞ്ഞിമോൻ
8. കെ. രാജൻ . ഡപ്യൂട്ടി തഹസിൽദാർ . പൊന്നാനി.

6.റോഡ്,ഊർജ്ജം.
1. ഇ. ഹൈദരാലി. (ചെയർമാൻ)
2. വി. അബ്ദുൾഖാദർ. എഞ്ചിനീയർ (കൺവീനർ പെരുമ്പടപ്പ് ബ്ളോക്ക് )
3.സി. ടി. മുഹമ്മദുണ്ണി എഞ്ചിനീയർ ലോക്കൽ ബേഡീസ്, പൊന്നാനി.
4.അബ്രഹാം . സബ്ബ് എഞ്ചിനീയർ ഇലക്ട്രിസിറ്റി.
5. ടി. കെ. അബ്ദുൾഗഫൂർ. ഡി.ആർ.പി
6. ടി.കെ. സുബ്രഹ്മണ്യൻ ( റിട്ട: ഓവർസിയർ)

7. പാർപ്പിടം, സാമൂഹ്യക്ഷേമം.
1.ഷക്കീല. കെ. വി .(ചെയർമാൻ )
2..എൻ.കെ. അബ്ദുല്ല (കൺവീനർ)
3. എ. അബ്ദുൾലത്തീഫ്. ഡി. ആർ. പി. ചാർജ്ജ്.
4. എൻ.കെ. അബ്ദുല്ലകുട്ടി.
5. പി. കൃഷ്ണൻ.
6. സരസ്വതി.ഐ.സി.ഡി.എസ്. ഓഫീസർ.ചങ്ങരംകുളം

8.സംസ്കാരം
1. എം.പി. ഉണ്ണിമുഹമ്മദ് (ചെയർമാൻ)
2. കെ.മുഹമ്മദ് ബഷീർ . എ.ഇ.ഒ. ഓഫീസ് എടപ്പാൾ (കൺവീനർ)
3.ടി.ആർ.സി. ഡി.ആർ.പി. ചാർജ്ജ്.
4.മുഹമ്മദ് നജീബ്. എ.
5.എം.എ. കുഞ്ഞിമുഹമ്മദ്
6.എം.വി. മുഹമ്മദുണ്ണി
7.ഇ.അച്ചുണ്ണി.
8.കെ.ശിവശങ്കരൻ
9.ഇ.എ.വിജയൻ

9.വനിത.
1.ഇ.കെ.കാർത്യായനി (ചെയർമാൻ)
2.എം.കെ.വിജയകുമാരി (LVO) (കൺവീനർ)
3. എം. കറപ്പു ഡി. ആർ. പി. ചാർജ്ജ്
4. ടി. മുഹമ്മദ് അഷറഫ് പുറങ്ങ്
5. ആസ്യ യൂസഫ്
6. എ. ഫാത്തിമ

10. സഹകരണം
1. ഇ. കമലം (ചെയർമാൻ)
2. എം. രവീന്ദ്രൻ. (കൺവീനർ), സിക്രട്ടറി മാറഞ്ചേരി സർവ്വീസ് ബാങ്ക്.
3. വി. ഇസ്മായിൽ. ഡി. ആർ. പി.
4. യു. മുഹമ്മദ്.
5. എൻ. പോക്കർ.
6. പി. മുഹമ്മദാലി ജി.എൽ.പിഎസ് കല്ലുർമ്മ
7. അംബിക. സി.പി.
8. ടി. പി. അബദുൽ അസീസ്.

11 പട്ടിക ജാതി വികസനം.
1. വി.ടി. വേലായുധൻ (ചെയർമാൻ)
2.ഇ.കുഞ്ഞിമോൻ,പ്രിൻസിപ്പാൾ,ഐ.ടി.സി,പൊന്നാനി
3. കെ.പി ഗോപാല കൃഷ്ണൻ, വി.ഡി.സി., ജെ. ഡി.ഓഫീസ്, പൊന്നാനി.
4. പി. പി. ശങ്കരൻ
5. കാഞ്ചന. ടി, സെക്രട്ടറി, പട്ടിക ജാതി സർവ്വീസ്. കോ-ഓപ്പ്. സൊസൈറ്റി, പൊന്നാനി
6. എം. ടി. സുശീല. ഗ്രാമ പഞ്ചായത്ത് , മാറഞ്ചേരി.
7. ഇ ബാലകൃഷ്ണൻ.

12. വിഭവസമാഹരണം.
1. കെ. ഗോപിനാഥൻ (ചെയർമാൻ)
2. ടി. മുഹമ്മദാലി. യു.ഡി.സി. (കൺവീനർ)
3. എം. ശ്രീരാമനുണ്ണി.
4. പി.സി. അബ്ദുല്ല.
5. ജയൻ അറക്കൽ

13. ടൂറിസം.
1. എം. ഖദീജ (പ്രസിഡണ്ട്) ചെയർമാൻ
2. വി. ഇസ്മയിൽ. ഡി. ആർ. പി.
3. ഇ. ഹൈദരാലി, വൈസ് പ്രസിഡണ്ട
4. ടി.വി. കുഞ്ഞഹമ്മദ് ഹാജി.
5. എം. അബ്ദല്ല . ഡി. ആർ. പി.

198

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

## ജനകീയാസൂത്രണം



# സമഗ്ര വികസന രേഖ

# അധികാരം ജനങ്ങളിലേക്ക്



അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

# സമഗ്ര വികസന രേഖ

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

OFFICE OF THE NANNAMUKKU GRAMA PANCHAYATH




“പഞ്ചായത്ത് രാജ്
സ്ഥാപിക്കപ്പെട്ടു
കഴിയുമ്പോൾ,
അക്രമത്തിന്
ഒരിക്കലും നേടാൻ
കഴിയാത്തത്
പൊതുജനാ
ഭിപ്രായത്തിന്
നിർവ്വഹിക്കാൻ
കഴിയും.”

ഗാന്ധിജി.

“എന്റെ ജീവിതമാണ് എന്റെ സന്ദേശം”

മലപ്പുറം ജില്ല



എഡിറ്റർ

എം. വേണുഗോപാലൻ മാസ്റ്റർ

സബ് എഡിറ്റർമാർ

ശ്രീമതി. കെ. ആയിഷക്കുട്ടി ടീച്ചർ

എം. ടി. ഹൈദ്രോസ്

കെ. രാധാകൃഷ്ണൻ

എഡിറ്റോറിയൽ സ്റ്റാഫ്

ടി. പി. യൂസഫ്

പി. കെ. കരുണാകരൻമാസ്റ്റർ

എ. കെ. മുഹമ്മദ് കുട്ടി.

ഇ. പി. ഏനു

കെ. വേലായുധൻ

സുഹറ മമ്പാട്

പ്രേമൻ കോട്ടേപ്പാട്ട്

എ. വി. അബ്ദുറു ഹാജി

എൻ. ജറോഡ്

ഉപദേശകസമിതി

ഇ. വി. ഹൈദ്രു ഹാജി

കെ. സി. അഹമ്മദ്


വി. ആർ. ഭരതൻ മാസ്റ്റർ

Type Setting & Layout

**DESKTEC COMPUTERS,**

Pattampi Road, Opp: Block Office, Edapal

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്



OFFICE OF THE NANNAMUKKU GRAMA PANCHAYATH

205

# മുൻ പഞ്ചായത്ത് പ്രസിഡണ്ടുമാർ



ശ്രീ. മാനു എന്ന കോത

(1955,56- 1961, 1964 ജനുവരി മുതൽ 1979 ആഗസ്റ്റ് വരെ)

ശ്രീമതി. ആയിഷക്കുട്ടി ടീച്ചർ.

1979-84, മലപ്പുറം ജില്ലയിലെ ആദ്യത്തെ വനിതാ പ്രസിഡണ്ട്,

ജില്ലാ കൗൺസിൽ മെമ്പർ,

ഇപ്പോഴത്തെ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട്. (1995 ഒക്ടോബർ മുതൽ..)



കെ. സി. അഹമ്മദ്. (1988-95 )

**മുൻ വൈസ് പ്രസിഡണ്ടുമാർ**



ഇടമന കേശവൻ നായർ(1964-79)

കെ.വി. ചേന്നു(1979-84)

ഇ. വി. ഹൈദ്രു ഹാജി (1988 മുതൽ തുടരുന്നു)

206

# ഇപ്പോഴത്തെ ഭരണ സമിതി

## നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്



കെ. ആയിഷക്കുട്ടി ടീച്ചർ
പ്രസിഡണ്ട്



ഇ.വി. ഹൈദ്രു ഹാജി
വൈസ് പ്രസിഡണ്ട്



പി.വി. ലക്ഷ്മണൻ
ചെയർമാൻ, സ്റ്റാണ്ടിങ്ങ് കമ്മറ്റി



ടി. പി. യൂസഫ്
സെക്രട്ടറി



കെ. വി. അബ്ദുൽ കരീം
മെമ്പർ വാർഡ് 1



ഇ. എസ്. സുനീതി
മെമ്പർ വാർഡ് 2

കെ. സി. അഹമ്മദ്
മെമ്പർ വാർഡ് 3



എൻ. കെ. അഹമ്മദ്
മെമ്പർ വാർഡ് 4



പി. വി. മണികണ്ഠൻ
മെമ്പർ വാർഡ് 6



കെ. വൽസല
മെമ്പർ വാർഡ് 9




സുഹറ മമ്പാട്
മെമ്പർ വാർഡ് 10



വി. ആർ. ഭരതൻ മാസ്റ്റർ
മെമ്പർ വാർഡ് 11

## നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ



ഇരിക്കുന്നവർ: *എം. നാരായണൻ, ടി.പി. യൂസഫ്, ആയിഷക്കുട്ടി ടീച്ചർ, സൈനബ.*
നിൽക്കുന്നവർ, വലത്തുനിന്ന് : എൽ.ടി. അനിൽകുമാർ, രാജഗോപാലൻ, എൻ. ജറോഡ്,
എം.സി. സതി, കെ. രാധ, ഇ.പി. കാളി.

# ഡി. ആർ. പി. മാർ



എം. ടി. ഹൈദ്രോസ്
(കൺവീനർ, ഡി. ആർ. പി.)



കെ. രാധാകൃഷ്ണൻ




കെ. വേലായുധൻ




എ. വി. അബ്ദുറു ഹാജി.



എം. വേണു ഗോപാലൻ
മാസ്റ്റർ



ഹമീദ് മാസ്റ്റർ



ഇ. പി. ഏനു

സുഹറ മമ്പാട്




പി.കെ. കരുണാകരൻ
മാസ്റ്റർ

മൺമറഞ്ഞ മുൻ
പഞ്ചായത്തംഗങ്ങളുടെ
പാവന സ്മരണക്ക്

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് ഓഫീസ്





സാംസ്കാരിക നിലയം

211

ഉള്ളടക്കം


1. ആമുഖം 14

2. പഞ്ചായത്തിൻെറ പൊതു വിവരണം 16

3. സാമൂഹ്യ സാംസ്കാരിക ചരിത്രം 17

4. ഭൂപ്രകൃതി-ജലപ്രകൃതി 21

5. വികസന മേഖലകൾ 23

കൃഷി 24

മൃഗ സംരക്ഷണം 29

വ്യവസായം 33

വിദ്യാഭ്യാസം 37

ആരോഗ്യ ശുചിത്വം 46

ഗതാഗതം 50

ഊർജ്ജം 54

പാർപ്പിടവും ....... 57

സംസ്കാരം 64

വനിത 66

സഹകരണം 69

പട്ടികജാതി ക്ഷേമം 72

വിഭവ സമാഹരണം 76

ജനകീയ പദ്ധതി 78

# നന്ദിയോടെ.......

വിവിധരംഗങ്ങൾ നിറഞ്ഞുനിന്ന അനേകം സേവന സന്നദ്ധതകൊണ്ടു ധന്യമായ നന്നംമുക്ക് പഞ്ചായത്തിന്റെ കൊച്ചു വികസന രേഖ, നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ക്രിയാത്മക വികസനത്തിന് ആക്കം കൂട്ടുമെന്നും, തുടക്കം കുറിക്കുന്നുവെന്നും ഞങ്ങൾ വിശ്വസിക്കുന്നു. ഈ വികസന റിപ്പോർട്ടു തയ്യാറാക്കുന്നതിനു വേണ്ടി രാപകലന്യേ ഞങ്ങളോടു ചേർന്ന് പ്രവർത്തിച്ച, രാഷ്ട്രീയ, സാമൂഹ്യ, വിദ്യാഭ്യാസ രംഗത്തെ പ്രഗത്ഭമതികളോടും, നന്നംമുക്കിന്റെ ആബാല വൃദ്ധം ജനങ്ങളോടും വികസന റിപ്പോർട്ട് പുസ്തക രൂപത്തിലാക്കാൻ അഹോരാത്രം സഹകരിച്ച, എടപ്പാളിലെ ഡസ്ക്ടെക് കമ്പ്യൂട്ടേഴ്സിനോടുമുള്ള ഹൃദയംഗമമായ കൃതജ്ഞതയോടെയാണ് ഞങ്ങൾ ഈ വികസന രേഖ സമർപ്പിക്കുന്നത്.

മത-ജാതീയ-രാഷ്ട്രീയ-വർഗ്ഗവിഭിന്നതകൾക്കതീതമായി നന്നംമുക്കിന്റെ സമഗ്രവികസനം മാത്രം ലക്ഷ്യമാക്കിയുള്ള നമ്മുടെ പ്രയാണം നിർവിഘ്നം തുടരാൻ കഴിയും എന്ന് പ്രത്യാശിച്ചുകൊണ്ട്...


വികസന രേഖാ പത്രാധിപസമിതി.

# 1 ആമുഖം

ജനങ്ങളുടെ ജീവിത നിലവാരത്തെ സ്ഥിരവും, നീതിപൂർവ്വകവുമായ രീതിയിൽ പടിപടിയായി ഉയർത്തുകയും, സമ്പത്തിൻെറ നീതിപൂർവ്വകമായ വിതരണം ഉറപ്പുവരുത്തുകയുമാണ് വികസനം കൊണ്ട്ലക്ഷ്യമാക്കുന്നത്. താരതമ്യേന താഴ്ന്ന സാമ്പത്തിക നിലവാരത്തിൽ, ഉയർന്ന ജീവിത ഗുണമേൻമ ഉറപ്പുവരുത്തുവാൻ നീതിപൂർവ്വകമായ വിതരണത്തിലൂടെ കേരളത്തിന് സാധിച്ചിട്ടുണ്ട്, എന്നത് ഒരു പ്രത്യേകതയാണ്. പൊതു വിദ്യാഭ്യാസവും സാർവ്വത്രികമായ ആരോഗ്യസംവിധാനവും പൊതുവിതരണ ശൃംഖലയുമാണ് ഈ നേട്ടങ്ങൾ കേരളത്തിന് ഉണ്ടാക്കിയത്. ഇത് മൂലം മെച്ചപ്പെട്ട സാക്ഷരതയും താഴ്ന്ന ശിശുമരണ നിരക്കും നീണ്ട ജീവിത ദൈർഘ്യവും കേരളത്തെ മറ്റു ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് വേർതിരിച്ച് നിർത്തുന്നു.

കർഷക പ്രസ്ഥാനത്തിൻെറ അതിശക്തവും, ലക്ഷ്യബോധമുള്ളതുമായ സമരങ്ങൾ സമഗ്രമായ ഭൂ പരിഷ്കരണത്തിന് നൽപ്പതു കൊല്ലം മുമ്പ് തന്നെ കളമൊരുക്കിയിട്ടുണ്ട്. ഭൂവുടമ ബന്ധത്തിൽ നിന്നും മറ്റും ജീവിതത്തിൻെറ എല്ലാതലങ്ങളിലും കാര്യമായ സ്വാധീനം ചെലുത്തി. സംഘടിതമായ ട്രേഡ് യൂണിയനുകളുടെ പ്രവർത്തനം അസംഘടിത മേഖലയിൽ പോലും തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത നിലവാരം പ്രദാനം ചെയ്തു. ഇതിൻെറ അലയൊലി നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. ഈ ദൃശ നേട്ടങ്ങൾ കൊയ്തെടുത്തെങ്കിലും, ആളോഹരി വരുമാനത്തിൻെറ കാര്യത്തിൽ നാം ഇന്ത്യൻ ശരാശരിയുടെ പോലും പിന്നിലാണ്.

ഹ്രസ്വകാല വിളകളിൽ നിന്ന് ദീർഘകാല വിളകൾ കൃഷിചെയ്യുന്നതിൽ കർഷകർ ആകൃഷ്ടരായതോടെ കാർഷികോൽപ്പാദന രംഗത്ത് നമ്മുടെ സംസ്ഥാനം പിന്തള്ളപ്പെട്ടു. നമ്മുടെ മുഖ്യ വിളകളുടെ ഉൽപ്പാദനം പോലും ദേശീയ ശരാശരിയുടെ താഴെയാണ്, വ്യാസായിക രംഗത്തും നാം വളരെ പിന്നിലാണ്. കേന്ദ്ര സർക്കാരിൻേറയും ദേശീയ കുത്തകകളുടേയും നിക്ഷേപം ഇവിടെ വളരെ കുറവാണ്. വൈദ്യുത പ്രതിസന്ധി അനുദിനം മൂർച്ചിച്ചു കൊണ്ടിരിക്കുന്നു.



പ്രതിസന്ധികളെ സമർത്ഥമായി മുറിച്ചുകടക്കേണ്ട ബാധ്യതയുള്ള സംസ്ഥാന സർക്കാറിൻെറ സാമ്പത്തിക സ്ഥിതിയും വർഷങ്ങളായി അവതാളത്തിലാണ്. സേവന ക്ഷേമ മേഖലകളിൽ കൂടുതൽ മുതൽ മുടക്കുന്ന ഈ സംസ്ഥാനത്തിൻെറ റവന്യൂ കമ്മി വർഷം തോറും വർദ്ധിച്ചു കൊണ്ടിരിക്കുകയാണ്. പ്രകൃതി സമ്പത്തിൻെറ അനിയന്ത്രിതമായ ചൂഷണമാണ് ഇവിടെ നടക്കുന്നത്, മഴക്കാടുകൾ വൻതോതിൽ നശിപ്പിക്കപ്പെടുകയും ജലാശയങ്ങൾ ദീർഘവീക്ഷണമില്ലാതെ നികത്തപ്പെടുകയും ചെയ്യുന്നതുകൊണ്ട് ഇന്ത്യയിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്ന സംസ്ഥാനങ്ങളിലൊന്നായ കേരളം വരൾച്ചയെ നേരിടുന്നു.

കേരളത്തിൻെറ സാമ്പത്തിക പ്രതിസന്ധിക്ക് നേരിയ അളവിൽ ആശ്വാസം പകരുന്നത് വിദേശ മലയാളികളാണ്. എന്നാൽ ഗൾഫ്

മലയാളികൾ തങ്ങളുടെ പണം ഉൽപ്പാദനക്ഷമമായ മേഖലയിൽ മുടക്കുന്നതിനു പകരം മണിമാളികകൾ കെട്ടിപ്പൊക്കുന്നതിലും, ഉപഭോഗ വസ്തുക്കൾ വാങ്ങിക്കൂട്ടുന്നതിലും, തൽപ്പരരായിരിക്കുന്നു. ദേശസാൽകൃത ബാങ്കുകളാവട്ടെ ഇവിടെ നിന്ന് നിക്ഷേപമായി ലഭിക്കുന്ന പണം വായ്പയായി നൽകുന്നത് ഏറെക്കുറെ മറ്റു സംസ്ഥാനങ്ങളിലേക്കാണ്. കക്ഷി രാഷ്ട്രീയ മത പരിഗണനകൾക്കതീതമായി ചിന്തിച്ച് ഈ പ്രതിസന്ധി പരിഹരിക്കാനാവശ്യമായ സംവിധാനങ്ങൾ നാം ചെയ്തേ പറ്റൂ. മേൽ പറഞ്ഞ പ്രശ്നങ്ങൾ കേരളത്തിൻെറ മാത്രം പ്രശ്നങ്ങളല്ലാത്തതുകൊണ്ട് എല്ലാ പ്രശ്നങ്ങളും ലഘൂകരിക്കുക എളുപ്പമല്ല. എന്നാൽ ഈ സംസ്ഥാനത്തിൻെറ ഭൂതകാല നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുന്ന പ്രവർത്തനങ്ങളിൽ നാം അടിയന്തിരമായി ഇടപെടണം.

കഴിഞ്ഞകാലങ്ങളിൽ ആസൂത്രണവും അധികാരവും മുകളിൽ നിന്ന് താഴേക്ക് ഒഴുകുകയായിരുന്നു. ജനങ്ങളുടെ ഇഛക്കൊത്ത് പ്രവർത്തിക്കാൻ സർക്കാരിനോ ഉദ്യോഗസ്ഥ മേധാവികൾക്കോ കഴിഞ്ഞിരുന്നില്ല. ജനകീയാവശ്യങ്ങൾക്ക് ചെവികൊടുക്കാൻ ആരുമില്ലാത്ത ദുരവസ്ഥ. ഈ അവസ്ഥയെ മറികടക്കാനാണ് വികേന്ദ്രീകൃത ആസൂത്രണം കൊണ്ട് ഉദ്ദേശിക്കുന്നത്. പഞ്ചായത്തുകളുടെ അധികാര പരിധിയിൽ പെടുന്ന വിഷയങ്ങളിൽ ജനഹിതമനുസരിച്ച് തീരുമാനമെടുക്കുകയും മുൻഗണനാ ക്രമം നിശ്ചയിച്ച് ആവശ്യമായ വിഭവങ്ങൾ കണ്ടെത്തി നടപ്പിലാക്കുകയുമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഗ്രാമ സഭകളിൽ നിന്നുയർന്നു വന്ന ജനകീയവശ്യങ്ങളാണ് ഇവിടെ പരിഗണിപ്പെടുന്നത്. പരിമിതികൾ ഒട്ടേറെ ഉണ്ടായിട്ടും ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രാരംഭപ്രവർത്തനങ്ങൾ സമയബന്ധിതമായി നമ്മുടെ പഞ്ചായത്തിൽ ആരംഭിച്ചു. തുടർന്നും ഈ പ്രവർത്തനങ്ങൾ ചിട്ടയോടെ സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാതലത്തിൽ നടന്ന റിസോഴ്സ് പേഴ്സൻ ക്യാമ്പിൽ പഞ്ചായത്ത് പ്രസിഡണ്ട്, സെക്രട്ടറി, ബ്ലോക്ക് മെമ്പർമാർ ഉൾപ്പെടെ ഒമ്പത് പേർ പങ്കെടുത്തു. പഞ്ചായത്ത് തലത്തിൽ നടന്ന എൽ. ആർ. പി.ക്യാമ്പിലെ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു . ഗ്രാമ സഭക്ക് മുന്നോടിയായി നടത്തിയ പ്രചരണ പ്രവർത്തനങ്ങൾ കുറ്റമറ്റതാക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. ഗ്രാമ സഭകളിലെ പങ്കാളിത്തം വളരെ മെച്ചപ്പെട്ടതായിരുന്നു. നാളിതുവരെയില്ലാത്ത വിധത്തിൽ സ്ത്രീ പങ്കാളിത്തം ഗ്രാമ സഭകളിലുണ്ടായത് ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിലെ 11ാം വാർഡിലെ ഗ്രാമ സഭ എടുത്തു പറയത്തക്കതാണ്. ഒരു ദിവസം നീണ്ടു നിന്ന പ്രാദേശിക ഉൽസവമായാണ് അത് നടന്നത്. നഴ്സറികുട്ടികൾ മുതൽ വൃദ്ധൻമാർ വരെ പ്രസ്തുത ഗ്രാമ സഭയിൽ സജീവമായി പങ്കെടുത്തു.

തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും മെച്ചപ്പെട്ട ജന പങ്കാളിത്തം ഉണ്ടായിരുന്നു. വിഭവ ഭൂപട നിർമ്മാണം കൂടുതൽ സമയമെടുക്കും എന്നതുകൊണ്ട് ഏപ്രിൽ മാസത്തേക്ക് മാറ്റി വെച്ചിരിക്കുകയാണ്.

ഗ്രാമ സഭമുതൽ വികസന സെമിനാറുവരെയുള്ള ചിട്ടയായ പ്രവർത്തനത്തിൽ ഉദ്യോഗസ്ഥ പങ്കാളിത്തം മെച്ചപ്പെട്ടതായിരുന്നു. പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ സഹായിക്കാൻ വിദഗ്ദൻമാരുടെ ഒരു സമിതിക്ക് രൂപം കൊടുത്തിട്ടുണ്ട്.

ചുരുക്കത്തിൽ ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും, വിദഗ്ദൻമാരും കാരണവൻമാരും ഉൾപ്പെട്ട് ,പ്രാദേശികമായി സന്നദ്ധ പ്രവർത്തനങ്ങളും സംഭാവനകളും സമാഹരിച്ചുകൊണ്ട് ഒരു പുതിയ വികസന സംസ്കാരത്തിന് തുടക്കം കുറിക്കാൻ കഴിയുമെന്ന് ഞങ്ങളാശിക്കുന്നു.

2

## പഞ്ചായത്തിൻെറ പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന അംശങ്ങൾ | : | പള്ളിക്കര, നന്നംമുക്ക് |
| ബ്ലോക്ക് പഞ്ചായത്ത് | : | പെരുമ്പടപ്പ്. |
| താലൂക്ക് | : | പൊന്നാനി. |
| അസംബ്ലി മണ്ഡലം | : | പൊന്നാനി. |
| പാർലമെൻറ് മണ്ഡലം | : | പൊന്നാനി. |
| വിസ്തീർണ്ണം | : | 19.36 ച. കി. മി. |
| അതിരുകൾ:- | | |
| വടക്ക് | : | ആലംങ്കോട്, എടപ്പാൾ പഞ്ചായത്തുകൾ |
| കിഴക്ക് | : | ആലംങ്കോട് പഞ്ചായത്ത്. |
| തെക്ക് | : | പെരുമ്പടപ്പ്, കാട്ടകമ്പാൽ പഞ്ചായത്തുകൾ. |
| പടിഞ്ഞാറ് | : | മാറഞ്ചേരി, വെളിയംകോട് പഞ്ചായത്തുകൾ. |
| ജനസംഖ്യ | | |
| 1991 ലെ സെൻസസനുസരിച്ച് | : | 25108 |
| പുരുഷൻമാർ | : | 12055 |
| സ്ത്രീകൾ | : | 13053 |
| ജനസാന്ദ്രത | : | 1297 / ച. കി. മി. |
| അക്ഷരാഭ്യാസമുള്ളവർ :- | | |
| പുരുഷൻമാർ | : | 9137 |
| സ്ത്രീകൾ | : | 9239 |
| വാർഡുകൾ | : | 11 |
| പ്രസിഡണ്ട് | : | ശ്രീമതി. കെ. ആയിഷക്കുട്ടി ടീച്ചർ. |
| വൈസ് പ്രസിഡണ്ട് | : | ഇടശ്ശേരി വളപ്പിൽ ഹൈദ്രു ഹാജി. |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | പി. വി. ലക്ഷ്മണൻ |

3

# സാമൂഹ്യ-സാംസ്കാരിക ചരിത്രം

കായലോരത്തെ പൂക്കൈതക്കാടുകളിലെ സുഗന്ധം പേറിവരുന്ന ഇളം കാറ്റ് നാടൊട്ടുക്കും നറുമണം പരത്തിയിരുന്നതിനാൽ 'സുഗന്ധമൂല' എന്നർത്ഥത്തിൽ നന്നംമുക്ക് എന്ന പേർ വന്നു എന്നാണ് പഴമക്കാർ പറയുന്നത്. സാമൂതിരിയുടെ ഭരണത്തിൻ കീഴിലുണ്ടായിരുന്ന ഊരുകളിലൊന്നിൻെറ കേന്ദ്രമായിരുന്നു ഈ പ്രദേശം. സാമൂതിരിയുടെ പ്രതിപുരുഷൻമാരായ പൊഴിയൂർ നന്നാട്ട് നായൻമാരായിരുന്നു ഈ പ്രദേശം ഭരിച്ചിരുന്നത്.

നന്നംമുക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ഒട്ടനവധി ഐതീഹ്യങ്ങളുണ്ട്. അദ്വൈത സിദ്ധാന്തത്തിൻെറ ഉപജ്ഞാതാവായിരുന്ന ശ്രീ. ശങ്കരൻെറ പാദസ്പർശം കൊണ്ട് പവിത്രമായതാണ് ഈ മണ്ണ്. ആചാര്യസ്വാമികൾ സ്ഥാപിച്ച ആറ് ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മൂക്കുതലയിലെ കണ്ണേങ്കാവ്, മേലേക്കാവ്, രക്തേശ്വരം, കീഴേക്കാവ്, കരുവാട്ട് കാവ് എന്നിവ ആചാര്യസ്വാമികൾ സ്ഥാപിച്ചതാണെന്ന് കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതീഹ്യമാലയിൽ കാണുന്നു. ഉദ്ദണ്ഡശാസ്ത്രികളുടേയും, മേൽപ്പത്തൂരിൻേറയും, പൂന്താനത്തിൻേറയും കാക്കശ്ശേരി ഭട്ടതിരിയുടേയും പാദസ്പർശം ഈ മണ്ണിലുണ്ടായി. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഇടക്കിടെ ഈ പ്രദേശത്തുവന്ന് മേലേക്കാവിലമ്മയെ ഭജിക്കാറുണ്ടായിരുന്നു. ഉദ്ദണ്ഡശാസ്ത്രിയുടെ "നീ താൻ കവിമല്ലൻ" എന്ന പ്രശംസക്ക് പാത്രമായ ശങ്കരമാരാരും ഈ പ്രദേശത്തുകാരനായിരുന്നു. ഐതീഹ്യ പ്രസിദ്ധമായ ഒട്ടനവധി മുസ്ലീം പള്ളികളും മൂക്കുതല മാർത്തോമാ പള്ളിയും എടുത്തുപറയത്തക്ക ദേവാലയങ്ങളാണ്.

ടിപ്പുസുൽത്താൻെറ പട മൈസൂരിലേക്ക് തിരിച്ചുപോയത് ഈ വഴിക്കാണ്. ഉദ്ദേശം നാലുമാസക്കാലം ടിപ്പുവിൻെറ പട താവളമടിച്ചത് നന്നംമുക്ക് പഞ്ചായത്തിലെ പള്ളിക്കരയിലാണത്രെ. വേളയാട്ടു കളരിക്കലെ വലിയ പണിക്കർ ടിപ്പുവിൻെറ കളരി ഗുരുവായിരുന്നു. കളരിപ്പയറ്റിലെ അത്ഭുതകരമായ ഒട്ടനവധി അടവുകൾ ടിപ്പു പഠിച്ചത് ഇവിടെ നിന്നാണ്. സ്വർണ്ണനാണയങ്ങൾ നൽകി കുളപ്പറമ്പിൽ തറവാട്ടുകാരിൽ നിന്ന് ഭൂമി വാങ്ങി ഗുരു ദക്ഷിണ നൽകിയാണ് ടിപ്പു തിരിച്ചു പോയത് എന്നുമാണ് ഐതിഹ്യം. നൂറിൽ പരം യാഗങ്ങൾക്ക് നേതൃത്വം നൽകി ലോക പ്രശസ്തനായ വേദരത്നം ഏർക്കര രാമൻ നമ്പൂതിരിപ്പാടും, ഈ പഞ്ചായത്തിൻെറ പെരുമ വർദ്ധിപ്പിക്കുന്നു. ചങ്ങമ്പള്ളി ഗുരുക്കളിൽ നിന്ന് വിദ്യ അഭ്യസിച്ച ശേഷം സമ്പന്നരെ കൊള്ളയടിച്ച് കൊള്ളമുതൽ പാവപ്പെട്ടവർക്ക് വീതിച്ചു നൽകിയിരുന്ന പെരുമ്പിലാവിൽ കേളുമേനാനും ഈ പ്രദേശത്താണ് ജീവിച്ചിരുന്നത്.

ദേശീയ പ്രസ്ഥാനത്തിനും കനത്ത സംഭാവന നൽകാൻ ഈ പ്രദേശത്തിനു കഴി ഞ്ഞിട്ടുണ്ട്. പ്രശസ്തരെല്ലങ്കിലും ദേശാഭിമാന പ്രചോദിതരായ വളണ്ടിയർമാരെ സ്വതന്ത്ര്യ പ്രസ്ഥാനത്തിനു സംഭാവനചെയ്യാൻ ഈ പ്രദേശ ങ്ങളിൽ വേരുണ്ടായിരുന്ന കോൺഗ്രസ്സ് സോഷ്യ ലിസ്റ്റ് പാർട്ടി ശ്രദ്ധിച്ചിരുന്നു.

ഖിലാഫത്ത് പ്രസ്ഥാനവും ഈ പ്രദേശത്ത് ശക്തമായിരുന്നു. ഖിലാഫത്ത് പ്രസ്ഥാനത്തിൽ സജീവമായി പ്രവർത്തിക്കുകയും സമരം സംഘടിപ്പിക്കുകയും ചെയ്തതിൻെറ ഫലമായി പോലീസ് മർദ്ദനത്തിനിരയായി ശിക്ഷിക്കപ്പെട്ട്, ആന്തമാൻ നിക്കോബാർ ദ്വീപുകളിലേക്ക് നാടുകടത്തപ്പെട്ടവരാണ് കാഞ്ഞിയൂർ അടത്തിപ്പറമ്പിൽ സഹോദരൻമാർ. ഇവരുടെ അനന്തിര തലമുറകളിൽ പെട്ടവർ ഇപ്പോൾ ദ്വീപിലെ ഭരണാധികാരികളാണ്. ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് പോലീസ് കേസിലകപ്പെട്ട് മലബാർ സ്പെഷ്യൽ പോലീസ് വീടു വളഞ്ഞപ്പോൾ വൈരമോതിരം വിഴുങ്ങി ആത്മഹത്യചെയ്ത കിളിയംകുന്നത്ത് സഹോദരൻമാരും, വല്ലാർ ജയിലിൽ 12 വർഷം തടവു ശിക്ഷയനുഭവിച്ച വടക്കേതിൽ കാദർ, കൂടാതെ മൂക്കുതല കിഴ



മേലേക്കാവ് അമ്പലം



ചങ്ങരംകുളം മുസ്ലീം പള്ളി



മൂക്കുതല കൃസ്ത്യൻ പള്ളി

ക്കേതിൽ അബ്ദുറഹിമാൻ, കീഴ്‌വീട്ടുവളപ്പിൽ അയമുണ്ണി മുസ്ലിയാർ, കുറുങ്ങാട്ടു വളപ്പിൽ മമ്മി എന്നിവർ ജയിൽ ശിക്ഷയനുഭവിച്ചവരാണ്. കള്ളുഷാപ്പുകത്തിച്ചതിൻെറ പേരിൽ അറസ്റ്റിലായ 75 പേരെ സംരക്ഷിച്ചത് പെരുമ്പാൾ വടക്കേപുരക്കൽ ചങ്ങു എന്നയാളായിരുന്നു. വേട്ടനായ്ക്കളെ പോലെ മുസ്ലീം കുടുംബങ്ങളെ ദ്രോഹിച്ച മലബാർ സ്പെഷ്യൽ പോലീസിൽ നിന്ന് അവരെ രക്ഷിക്കാൻ ഈ പ്രദേശത്തെ ഹിന്ദു സഹോദരൻമാർ ശ്രദ്ധിച്ചിരുന്നു പഴയകാലത്തു തന്നെ മതസൗഹാർദ്ദം നിലനിന്നിരുന്നതിൻെറ ഉദാഹരണമായി നമുക്കിതിനെ കാണാം.

ഭൂമിയുടെ ബഹുഭൂരിഭാഗവും ഏതാനും ജൻമികുടുംബങ്ങളുടേതായിരുന്നു. പകരാവൂർ മന, ഏർക്കര മന, ആഴ്‌വാഞ്ചേരി മന, കാഞ്ഞിയൂർ മന, പന്താവൂർ-മംഗലത്തേരി മനകൾ, പുല്ലാനംപള്ളി മന, മുല്ലപ്പുള്ളി മന, വാക്കാട്ട് മന, മൂത്തേടത്ത് മന, തോട്ടുപുറത്ത് മന, വിരളിപ്പുറത്ത് മന എന്നിവരുടെ കൈവശമായിരുന്നു ഭൂമിയിലധികവും. കർഷകസംഘത്തിൻെ നേതൃത്വത്തിൽ അതി ശക്തമായ സമരം ഭൂമിക്കുവേണ്ടി ഈ പ്രദേശത്തും നടന്നിട്ടുണ്ട്. ഭൂപരിഷ്കരണ നിയമം, സാധാരണക്കാരൻെറ ചിരകാല സ്വപ്നം സാക്ഷാത്കരിച്ചുകൊണ്ട്അവരെ ഭൂ ഉടമകളാക്കി. കൃഷി ഭൂമിയുടെ ഉടമാവകാശം സമൂഹ്യ ബന്ധങ്ങളിൽ വരുത്തിയ മാറ്റം ചെറുതല്ല.

നന്നംമുക്ക് പഞ്ചായത്ത് ബോർഡ് ആദ്യമായി നിലവിൽ വന്നത് 1955-56 ലാണ്. അക്ഷരാഭ്യാസമുള്ളവർ കൈപൊക്കിയാണ് ആദ്യ തെരഞ്ഞെടുപ്പ് നടത്തിയത്. ആദ്യത്തെ പ്രസിഡണ്ട്, ശ്രീ. പി.വി. മാനു എന്ന കോതയാണ്. മലബാർ ഡിസ്ട്രിക് ബോർഡിൽ ഉൾപ്പെടാത്ത പ്രദേശമായിരുന്നു നന്നംമുക്ക്. എന്നാൽ പഞ്ചായത്തിൻെറ പരിധിയിൽ ഇന്നുള്ള പല പ്രദേശങ്ങളും മലബാർ ഡിസ്ട്രിക്ട് ബോർഡിൻെറ കീഴിലായിരുന്നു. ആദ്യ പഞ്ചായത്തിൻെറ അതിർത്തി നന്നംമുക്ക് അംശം മാത്രമായിരുന്നു. പള്ളിക്കര അംശം ഡിസ്ട്രിക് ബോർഡിൻെറ ഭാഗവും. 1962 ജനുവരി ഒന്നിന് കേരള സംസ്ഥാന അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ ഏകീകരിച്ചപ്പോൾ നന്നംമുക്ക് പള്ളിക്കര അംശങ്ങൾ ചേർന്ന് ഇന്നുള്ള നന്നം മുക്ക് പഞ്ചായത്ത് രൂപപ്പെട്ടു.

1961 ഡിസംബർ 31 വരെ ശ്രീ. മാനു എന്ന കോത പ്രസിഡണ്ടായി തുടർന്നു. കെ. വി. അബ്ദുള്ള കുട്ടി നന്നാമുക്ക്, ചെമ്പേത്ത് അഹമ്മദുണ്ണി, പി. വി. പത്മനാഭൻ, കെ. ഇബ്രാഹീം, പറവീട്ടിൽ കുട്ടൻ നായർ, പി.പി. ചാത്തൻ, പി. കെ. കൃഷ്ണൻ നായർ, വി.വി. പങ്ങുണ്ണി, തുടങ്ങിയവർ ഈ ബോർഡിൽ അംഗങ്ങളാ യിരുന്നു. പഞ്ചായത്ത് ഏകീകരണത്തിനു ശേഷം നടന്ന ആദ്യത്തെ തെരഞ്ഞെടുപ്പിൽ ശ്രീ. മാനു എന്ന കോത തന്നെ തെരഞ്ഞെടുക്കപ്പെട്ടു. ഇടവേളയിൽ (1-1-62 മുതൽ 1963 ഡിസംബർ കൂടി) പഞ്ചായത്ത് ഇൻസ്പെക്ടർ സ്പെഷ്യൽ ഓഫീസറായി നന്നംമുക്ക് പഞ്ചായത്ത് ഭരിച്ചു. 1963 ഡിസംബറിലെ പഞ്ചായത്തു തെര ഞ്ഞെടുപ്പിൽ ചില പ്രത്യേകതകൾ സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. വനിതാ അംഗത്തെ പഞ്ചായത്ത് കമ്മറ്റി നോമിനേറ്റ് ചെയ്യുക യായിരുന്നു. ഹരിജൻ അംഗത്തെ ദ്വയാംഗ വാർഡിൽ നിന്ന് തെരഞ്ഞെടുത്തിരുന്നു.

ബോർഡംഗങ്ങളുടെ പേരുവിവരം താഴെ കൊടുക്കുന്നു.

1) പി.വി. മാനു എന്ന കോത
2) കുഞ്ഞീതു മുസ്ല്യാർ. എ. കെ.
3) കോഴിക്കൽ അബ്ദുറഹിമാൻ
4) എടമന കേശവൻ നായർ.
5) ചിറ്റയിൽ ബാപ്പു ഹാജി.
6) പള്ളിക്കരവളപ്പിൽ ബാപ്പുട്ടി.
7) ചക്കൻ. പി.പി. (പട്ടികജാതി സംവരണം)
8) ഗംഗകുഞ്ഞമ്മ തമ്പുരാട്ടി.(വനിതാ മെമ്പർ)
9) പകരാവൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട്.

1964 ജനുവരി ഒന്നുമുതൽ 1979 വരെ ഈ ഭരണസമിതി നിലനിന്നു. 1979 സപ്തംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീമതി കെ. ആയിഷക്കുട്ടി ടീച്ചർ, പി.വി. ലക്ഷ്മണൻ, കെ.സി. അഹമ്മദ്, ഇ. വി. ഹൈദ്രു ഹാജി, കെ. രാഘവൻ, എ.കെ. മുഹമ്മദുകുട്ടി, പി.പി. കുഞ്ഞാപ്പ, കെ.വി.ചേന്ദു, മൊടവത്തു മൊയ്തുണ്ണി എന്നിവരടങ്ങുന്ന പഞ്ചായത്ത് ബോർഡ് തെരഞ്ഞെ ടുക്കപ്പെട്ടു. ശ്രീമതി കെ. ആയിഷക്കുട്ടി ടീച്ചർ മലപ്പുറം ജില്ലയിലെ ആദ്യത്തെ വനിതാ പ്രസിണ്ടായി തെരഞ്ഞെടുക്കപ്പെട്ടത് ഈ സന്ദർഭത്തിലാണ്.

1988 ലാണ് പിന്നീട് തെരഞ്ഞെടുപ്പ് നടന്നത് .പ്രസ്തുത തെരഞ്ഞെടുപ്പിൽ ശ്രീമതി ആയിഷക്കുട്ടി ടീച്ചർ, സർവ്വശ്രീ. കെ. സി. അഹമ്മദ്, ഇ. വി. ഹൈദ്രുഹാജി, പി. വി. ലക്ഷ്മണൻ, കെ. വേലായുധൻ, കെ. വി. വേണുഗോപാലൻ, സി. എം. യൂസഫ്, ജി. കമലാ ദേവി, പി. ആലു, കെ. വി. അഹമ്മദ് എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. ശ്രീ. കെ. സി. അഹമ്മദായിരുന്നു പ്രസിഡണ്ട്. പ്രസ്തുത സമിതിയിൽ

219

അംഗമായിരുന്ന ശ്രീ. കെ.വി. അഹമ്മദ് പഞ്ചായത്ത് മെമ്പറായിരിക്കെ ദിവംഗദനായത്. ഈ സന്ദർഭത്തിൽ ഖേദപൂർവ്വം സ്മരിക്കുന്നു.

1995 സപ്തംബർ മാസത്തിൽ നടന്ന തെരഞ്ഞെടുപ്പിൽ നിലവിൽ വന്ന പഞ്ചായത്ത് ബോർഡാണ് ഇപ്പോൾ അധികാരത്തിലുള്ളത്. 1995 ഒക്ടോബർ 2-ാം തിയ്യതി അധികാരമേറ്റ സമിതി യുടെ പ്രസിഡണ്ട് ശ്രീമതി കെ. ആയിഷക്കുട്ടി ടീച്ചറാണ്. ഇ.വി. ഹൈദ്രു ഹാജിയാണ് വൈസ് പ്രസിഡണ്ട്. ബോർഡംഗങ്ങളുടെ പേരു വിവരം താഴെ കൊടുക്കുന്നു.

1. അബ്ദുൾ കരീം കെ. വി.
2. ഇ. എസ്. സുനീതി.
3. കെ. സി. അഹമ്മദ്.
4. ഇ. വി. ഹൈദ്രു ഹാജി.
5. എൻ. കെ. അഹമ്മദ്.
6. പി.വി. മണികണ്ഠൻ.
7. പി.വി. ലക്ഷ്മണൻ.
8. കെ. ആയിഷക്കുട്ടി ടീച്ചർ.
9. കെ. വൽസല.
10. സുഹറ മമ്പാട്.
11. വി. ആർ. ഭരതൻ.

ഇപ്പോൾ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് സ്ഥലം സൗജന്യമായി സംഭാവന ചെയ്തത് ശ്രീ. മാനു എന്ന കോതയാണ്. സ്വന്തം സഹോദരന്റെ സ്മരണക്കാ യി കല്ലൂർമ്മ സെൻററിൽ ഹെൽത്ത് ഡിപ്പാർട്ട്മെ ൻറിന്റെ സബ് സെൻറർ നിർമ്മിക്കാൻ 25 സെൻറ് സ്ഥലം സ്റ്റാൻറിങ്ങ് കമ്മറ്റി ചെയർമാൻ പി.വി. ലക്ഷ്മണൻ സൗജന്യമായി നൽകിയതാണ്.

1961 മുതൽ പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചിരുന്നത് ഓഫീസ് കോമ്പൗണ്ടിലുള്ള കമ്യൂണിറ്റി ഹാളിലാണ്. പ്രസ്തുത കെട്ടിടം ഉൽഘാടനം ചെയ്തത് പാലക്കാട് ജില്ലാ കലക്ടറാ യിരുന്ന ശ്രീ. കെ. നാരായണനാണ്. പ്രസ്തുത കെട്ടിടത്തിൽ നല്ലനിലയിൽ ഒരു സാംസ്കാരിക നിലയം പ്രവർത്തിക്കുന്നു. ഇന്നുള്ള കെട്ടിടത്തിൽ ഓഫീസ് പ്രവർത്തന മാരംഭിച്ചത് 17-4-1972 മുതലാണ്. പകരാവൂർ വാസുദേവൻ നമ്പൂതി രിപ്പാട് സംഭാവനയായി നൽകിയ ഒരേക്കർ സ്ഥലത്ത് ഒരു പൊതു ശ്മശാനം നിലനി ൽക്കുന്നു.

വിനോബാ ഭാവയുടെ നേതൃത്വത്തിലുണ്ടായിരുന്ന ഭൂദാന പ്രസ്ഥാനത്തിന് ഭൂമി നൽകിയ ശ്രീ. മാനു എന്ന കോതയേയും സുഭാഷ് ചന്ദ്ര ബോസിന്റെ നേതൃത്വത്തിലുണ്ടായിരുന്ന, ഐ. എൻ. എ. ഭടനായിരുന്ന കറുത്താലിൽ മൊയ്തുണ്ണിയേയും ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. പൊതു വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കു വേണ്ടി ആദ്യത്തെ പ്രൈമറി സ്കൂൾ സ്ഥാപിച്ച ശ്രീമാൻ പെരുമ്പാൾ ചങ്ങുവും സ്വകാര്യ സ്വത്തായിരുന്ന മൂക്കുതല ഹൈസ്ക്കൂൾ ഒരു രൂപ പ്രതിഫലം വാങ്ങി സർക്കാറിലേക്ക് വിട്ടു കൊടുത്ത പകരാവൂർ ചിത്രൻ നമ്പൂതിരിപ്പാടും സ്മര്യ പുരുഷൻ മാരാണ്.

ആന്തൂർ വളപ്പിൽ കുഞ്ഞിമരക്കാർ ഹാജിയുടെ ഓർമക്കായി അദ്ദേഹത്തിന്റെ മകൻ മുഹമ്മദ്, പള്ളിക്കര സബ് സെൻററിന് 10 സെൻറ് സ്ഥലം സൗജന്യമായി കൊടുത്തിരിക്കുന്നു. പിടാവന്നൂർ സബ്സെൻററിപ്പോൾ സ്ഥിതി ചെയ്യുന്ന സ്ഥലം സംഭാനയായി നൽകിയത് പരേതനായ ശ്രീ. കെ. വി. അഹമ്മദ് സാഹിബാണ്. സ്രായിൻ ക്കടവ് സൻെററിന് സ്ഥലം സംഭാവന ചെയ്തത് പരേതനായ ശ്രീ. എം. കെ. നായരാണ്. ഇപ്പോൾ നന്നമുക്ക് പി. എച്ച്. സി. പ്രവർത്തിക്കുന്ന സ്ഥലം ഒരു ഗ്രാമീണ വായനശാലക്കായി സംഭാവന ചെയ്തത് വരിയത്ത് വളപ്പിൽ ആലി ഹാജിയാണ്. ജനോപകാരപ്രദമായ കാര്യങ്ങളിൽ ഈ പ്രദേശത്തുള്ള ജനങ്ങളുടെ താൽപര്യം വിളിച്ചോതുന്ന കാര്യങ്ങളാണ് മേൽ പ്രസ്താവിച്ചത്.



ടിപ്പുസുൽത്താൻ കളരി അഭ്യസിച്ച സ്ഥലം വേളാട്ട് കളരി, പള്ളിക്കര

# 4

# ഭൂപ്രകൃതി, ജന പ്രകൃതി, ജല പ്രകൃതി

അറബിക്കടലിൽ നിന്ന് ഉദ്ദേശം എട്ടു കിലോമീറ്റർ മാത്രം അകലെ സ്ഥിതി ചെയ്യുന്ന നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്, മൂന്നു ഭാഗവും കായൽ നിലങ്ങളാൽ ചുറ്റപ്പെട്ടതാണ്. മണൽ കലർന്ന പശിമ രാശിയുള്ള 800 ഹെക്ടർ കായൽ നിലങ്ങൾ ഈ പഞ്ചായത്തിൻെറ കാർഷിക മേഖലയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നു. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പ്രദേശങ്ങളും സമതലങ്ങളാണ്. മണൽ കലർന്ന എക്കൽ മണ്ണ് നിറഞ്ഞതാണ് ഈ പഞ്ചായത്ത്. കരഭൂമിയിലെ പ്രധാന വിള നാളികേരവും അടക്കയുമാണ്. കുത്തനെയുള്ള ചെരിവുകളോ താഴ്‌വാരങ്ങളോ പഞ്ചായത്തിലില്ല. പഞ്ചായത്തിലെ 4, 5, വാർഡുകളെ ഉൾകൊള്ളുന്ന പള്ളിക്കര, 10-ാം വാർഡിലെ കുഴപ്പുള്ളി തുടങ്ങിയ പ്രദേശങ്ങൾ 10 മീറ്ററോളം ഉയരമുള്ള പ്രദേശങ്ങളാണ്. ഈ പഞ്ചായത്തിൽ സമുദ്ര നിരപ്പിൽ ഏറ്റവും ഉയരം കൂടിയ പ്രദേശങ്ങൾ മേൽ പറഞ്ഞവയാണ്.

അക്ഷാംശം 10° 48' 36'' നും 10° 44' 03'' നും രേഖാംശം 76° 36' 9''നും 76° 41' 9''നും ഇടക്കാണ് നന്നംമുക്ക് പഞ്ചായത്തിൻെറ സ്ഥാനം.

ഭൂപ്രകൃതിയനുസരിച്ച് ഈ പഞ്ചായത്തിനെ പ്രധാനമായും നാലായി തരം തിരിക്കാം.

| | | |
|---|---|---|
| 1. സമതലം | : | 957.82 ഹെക്ടർ |
| 2. ഉയർന്ന സമതലം | : | 52 ഹെക്ടർ |
| 3. കായൽ നിലങ്ങൾ | : | 800 ഹെക്ടർ |
| 4. വെള്ളം കയറുന്ന മേഖല | : | 100 ഹെക്ടർ |

ഉപരിതല മൺതരങ്ങൾ അനുസരിച്ച് പഞ്ചായത്തിനെ മൂന്നായി തരം തിരിക്കാം.

1. മണൽ കലർന്ന എക്കൽ മണ്ണ്.
2. മണൽ കലർന്ന പശിമരാശി മണ്ണ്.
3. വെട്ടുകൽ മണ്ണ്.

## ജന പ്രകൃതി.

1991 ലെ സെൻസസ് കണക്കുകളനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 25108 ആണ്. 12055 പുരുഷൻമാരും 13053 സ്ത്രീകളും. എന്നാൽ പഞ്ചായത്തിലിപ്പോൾ നടത്തിയ കണക്കെടുപ്പു പ്രകാരം ജനസംഖ്യ 28667 ആണ്. (13462 പുരുഷൻമാരും 15205 സ്ത്രീകളും). മൊത്തം ജനസംഖ്യയുടെ 73.18 % സാക്ഷരരാണ്. വളരെ മെച്ചപ്പെട്ട നിലയിൽ സാക്ഷരതാ പ്രവർത്തനം നടത്തിയ പഞ്ചായത്താണിത്. രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിൽ മലപ്പുറം ജില്ലയിലെ ഏറ്റവും മെച്ചപ്പെട്ട പഞ്ചായത്താണിത്. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിലുള്ള വർദ്ധനവിനനുസരിച്ച് ഗുണനിലവാരം മെച്ചപ്പെടുത്താൻ കഴിയുന്നില്ല. സർക്കാർ മേഖലയിൽ പ്രവർത്തിക്കുന്ന പ്രൈമറി വിദ്യാലയങ്ങൾ ഈ പഞ്ചായത്തിൽ സ്വകാര്യ വ്യക്തികളുടെ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ പ്രൈമറി വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വളരെ മോശമാണ്. ഈ പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക്

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുള്ള ഏക സൗകര്യമായ ജി. എച്ച്. എസ്. മൂക്കുതലയുടെ സ്ഥിതി വളരെ ശോചനീയമാണ്. പടിപടിയായി വിജയശതമാനം ഉയർന്നു വരുന്നുണ്ടെങ്കിലും ഭൗതിക സാഹചര്യം മെച്ചപ്പെടുത്താനുള്ള ശ്രമങ്ങളൊന്നും ഇതുവരെ വിജയിച്ചിട്ടില്ല.

പരമ്പരാഗത തൊഴിൽ മേഖലയുടെ തകർച്ചയും, കാർഷിക രംഗത്തെ വിലയിടിവും,ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യങ്ങൾക്ക് പിടിപെടുന്ന രോഗങ്ങളും മൂലം സാമ്പത്തിക മേഖല തകർച്ചയെ നേരിടുകയാണ്. ഗൾഫ് മേഖലയിൽ നിന്ന് ഈ പ്രദേശത്തുകാർ അയക്കുന്ന പണത്തിൻെറ സ്വാധീനം സാമ്പത്തിക രംഗത്തെ ഈ തകർച്ചക്ക് തൽക്കാലത്തേക്കെങ്കിലും തടയിടുന്നുണ്ടെങ്കിലും ശാശ്വതമായ ഒരു പരിഹാരമായി ഇതുകണക്കാക്കുവാനാകില്ല.

## ജലപ്രകൃതി

വർഷത്തിൽ ശരാശരി 4000മില്ലീ മീറ്റർ മഴ നന്നംമുക്ക് പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. മഴയുടെ ലഭ്യത ഏതാനും വർഷങ്ങളായി കുറഞ്ഞു വരുന്നു എന്നത് ആശങ്കക്ക് വക നൽകുന്നു. മൂന്ന് ഭാഗവും കായലുകളാൽ ചുറ്റപ്പെട്ട കിടക്കുന്ന നന്നംമുക്ക് പഞ്ചായത്തിൽ ജല ദൗർലഭ്യം മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. 4, 5, വാർഡുകൾ ഉൾക്കൊള്ളുന്ന പള്ളിക്കരയിലും പത്താം വാർഡിലെ കുഴപ്പുള്ളി ഭാഗത്തും വേനൽ കാലത്ത് കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

**പഞ്ചാത്തിലെ പ്രധാന കുളങ്ങൾ :-**

| | |
|---|---|
| 1. അയ്യർ കുളം | 11ാം വാർഡ്. |
| 2. അയ്യൻ കുളം | 3 ാം വാർഡ്. |
| 3. വേളയാട്ടുകുളം | 4 ാം വാർഡ്. |
| 4. പുന്നക്കൽ കുളം | 5 ാം വാർഡ്. |
| 5. ചേരാത്ത് കുളം | 6 ാം വാർഡ്. |
| 6. വേമ്പുഴ റിസർവേയർ | 6 ാം വാർഡ്. |
| 7. നീലയിൽ കുളം | 7 ാം വാർഡ്. |
| 8. കക്കാട് കുളം | 6 ാം വാർഡ്. |
| 9. കരുവാട്ടുകുളം | 2 ാം വാർഡ്. |
| 10. പാലംകുളം | 1 ാം വാർഡ്. |
| 11. പാലിശ്ശേരി കുളം | 3 ാം വാർഡ്. |


ഇതിനു പുറമെ പ്രധാന ക്ഷേത്രങ്ങളിലും, മുസ്ലീം പള്ളികളിലും ഈ പ്രദേശത്ത് കുളങ്ങളുണ്ട്.

''പുറം കഠോരം, പരിശുഷ്കമൊട്ടു -
ക്കുള്ളാമൃദു സാദനു സാനു സിദ്ധ;
നാടൻ കൃഷിക്കാരൊരു നാളികേര-
പാകത്തിലാണങ്ങനെ മിക്കപേരും.''

കുറ്റിപ്പുറത്ത് കേശവൻ നായർ

# 5

# വികസന മേഖലകൾ



# 5-1

**കർക്കിടകത്തിൽ പത്തില........**

*താള്, തകര, ചേമ്പ്, ചേന, ആനത്തൂവ, ചീര, പയറ്, മത്തൻ, കുമ്പളം, മുരിങ്ങ.*

# കൃഷി

## കാർഷിക ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം !

കൃഷിക്ക് ദേശീയ തലത്തിൽ നാം നൽകുന്ന പ്രാധാന്യം അന്വർത്ഥമാക്കി പ്രാദേശികമായി നന്നംമുക്ക് ഗ്രാമ പഞ്ചായത്തു പ്രദേശം അറിയപ്പെട്ടിരിക്കുന്നു. മൂന്നുഭാഗവും കായലുകളാൽ ചുറ്റപ്പെട്ട് കിടക്കുന്ന ഈ സുന്ദരമായ ഗ്രാമ പ്രദേശത്തുനിന്നും അടക്ക, കുരുമുളക് തുടങ്ങിയ കാർഷിക വിഭവങ്ങൾ തൃശൂരിൻേറയും മറ്റും മൊത്ത സംഭരണ കേന്ദ്രങ്ങളിൽ എത്തിപ്പെട്ടിരുന്നു എന്ന് ചരിത്രം. ശേഷിത കാർഷിക വിഭവങ്ങൾ കുന്നംകുളം, പഴഞ്ഞി, കാട്ടകാമ്പാൽ തുടങ്ങിയ വിപണ കേന്ദ്രങ്ങളെ സമ്പുഷ്ടമാക്കുകയും കാർഷിക ഭൂപടത്തിൽ ചങ്ങരംകുളം സ്ഥാനം പിടിക്കുകയും ചെയ്തത് തികച്ചും അനുഭവത്തിലുള്ള വസ്തുതയത്രെ.

കാർഷിക പുരോഗതിയുടെ മുന്നേറ്റത്തിൽ ജവഹർലാൽ നെഹ്‌റുവിൻെറ കാലത്തുനടന്ന ഹരിത വിപ്ലവം നന്നം മുക്കിൻെറ നിത്യഹരിത ശോഭക്ക് മാറ്റു കൂട്ടിയതായി കാർഷിക ചരിത്രം രേഖപ്പെടുത്തുന്നു. ഭൂപരിഷ്ക്കരണത്തിൻെറ സദ്ഫലങ്ങളിൽ ഉൾകൊള്ളാത്ത ചില പ്രശ്നങ്ങളെങ്കിലും ജൻമി, കുടിയാൻ ബന്ധങ്ങളെ ഉലക്കുകയോ, ആയത് കാർഷികോൽപ്പാദന രംഗത്ത് മന്ദഗതി സൃഷ്ടിക്കുകയും ചെയ്തുവോ എന്ന് സംശയിക്കേണ്ടതുണ്ട്. ''കൃഷി ഭൂമി കർഷകന് '' എന്ന നിലയിൽ മണ്ണിൽ പണിയെടുക്കുന്നവന് സ്വന്തമായി ഭൂമി ലഭിച്ചുവെങ്കിലും തുണ്ട് തുണ്ടായി കിടക്കുന്ന കൃഷി ഭൂമിയും '' സ്വന്തമായാൽ എന്തുമാകാം'' എന്ന ചില കാഴ്ചപ്പാടുകളും കാർഷിക ഉത്സാഹക്കുറവിന് ആക്കം വർദ്ധിപ്പിക്കുക ഉണ്ടായി എന്ന് ചില പഴമക്കാർ പറയുന്നത് തള്ളിക്കളയാനാവില്ല. എന്നാൽ കാർഷിക ഗവേഷണങ്ങൾ പുരോഗമിക്കുകയും അത്യൽഭുതകരമായ അത്യുൽപ്പാദനശേഷിയുള്ള തൈനാൻ - 3 തുടങ്ങിയ ഇനങ്ങൾ പരീക്ഷണാത്മകമായി രംഗത്തെത്തുകയും, രാസ വളങ്ങൾ പരീക്ഷണ വിധേയമാകുകയും ചെയ്തപ്പോൾ കാർഷിക രംഗം വീണ്ടും ഊർജ്ജസ്വലമായിത്തീർന്നു. ത്വരിദ ഗതിയിലുള്ള നഗരവൽക്കരണ പ്രക്രിയ (Urbanisation) നന്നംമുക്കിൻെറ ഗ്രാമ സൗഭഗം ചോർത്തിയെടുക്കുന്നുവോ എന്ന് നാം സംശയിക്കുമ്പോൾ, ഇതൊരു പൊതു പ്രതിഭാസമായി കണക്കാക്കിയാൽ മതി എന്ന് വാദിക്കുന്നവരുമുണ്ട്. നിലവിലുള്ള നെൽപ്പാടങ്ങളിൽ 3% മുതൽ 5% വരെ മാത്രമെ ഇവിടങ്ങളിൽ നികത്തപ്പെടുന്നുള്ളൂ എന്നത് ആശ്വാസ ദായകം തന്നെ !. ഇതു തന്നെ കൂട്ടുകുടുംബ വ്യവസ്ഥിതിയുടെ തകർച്ചയും, പൊതുവായ പാർപ്പിട പ്രശ്നവും, ഗൾഫ് പണത്തിൻെറ സ്വാധീനവും അരങ്ങ് തകർക്കുമ്പോൾ നെൽകൃഷിയുടെ 75% വരുന്ന കോൾ നിലങ്ങൾക്ക് വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നില്ല എന്ന് കാണുന്നു. നികത്തപ്പെടുന്നിടങ്ങളിൽ പ്രധാനമായി തെങ്ങ്, വാഴ തുടങ്ങിയവ സ്ഥായിയായി കൃഷിചെയ്യപ്പെടുന്നുണ്ട് എന്നതും ഒരു പകര വ്യവസ്ഥയായി വേണമെങ്കിൽ പറയാം.

## കാർഷിക രംഗം - പൊതു അവസ്ഥ

കാർഷിക രംഗം പൊതുവെ മന്ദഗതിയിലാണെന്ന് സംസ്ഥാനാടിസ്ഥാനത്തിൽ നമുക്ക് മനസ്സിലാക്കേണ്ടതുണ്ട്. വിശിഷ്യാ നെല്ലുൽപ്പാദന രംഗം തന്നെ. സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കാർഷിക പദ്ധതികളുടെ കേന്ദ്രീകൃത സ്വഭാവവും ഉൽപ്പാദന ചിലവിൻെറ വർദ്ധനവും നിലവിലുള്ള വേതന വ്യവസ്ഥകളും തൊഴിലാളി മേഖലയിലെ കാര്യക്ഷമതാ കുറവും ശരാശരി കർഷകനെ കാർഷിക രംഗത്തുനിന്നും വികർഷിക്കുന്നു എന്നതിൽ അത്ഭുതപ്പെടാനില്ല. നിവിലുള്ള സമ്പദ് വ്യവസ്ഥയിൽ മറ്റു മേഖലകളിൽ നിക്ഷേപിക്കപ്പെടുന്ന മുതൽ മുടക്കിന് ലഭ്യമാവുന്ന ലാഭ വിഹിതം, കാർഷിക മേഖലാപുരോഗതിക്കുനേരെ മുഖം തിരിക്കുന്നു എന്ന് കർഷകർക്കഭിപ്രായമുണ്ട്. ഭക്ഷ്യ പ്രധാനമായ ഒരു സാമൂഹ്യ സേവനമായി കൃഷിയെ വീക്ഷിച്ചിരുന്ന കാഴ്ച്ചപ്പാട് മാറുന്നു എന്നത് തുലോം പരിതാപകരമെത്രെ. നിലവിലുള്ള കൃഷിഭൂയിൽനിന്നും പരമാവധി ഉൽപ്പാദനം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രിതമായി നടപ്പാക്കേണ്ടതുണ്ട്.

കായലോരങ്ങളിലെ മണൽ കലർന്ന പശിമരാശി മണ്ണും (Sandy alluvial soil), തെങ്ങിൻ തോട്ടങ്ങളിലെ ചെളികലർന്ന പശിമരാശി മണ്ണും, കുന്നിൻ മണ്ടയിലുള്ള വെട്ടുകൽ മണ്ണും കാർഷിക മേഖലക്ക്മുതൽ കൂട്ടായി കാണാം. പൊതുവെ അമ്ല സ്വഭാവമുള്ള രാസ പ്രതികരണം(soil reaction) അഞ്ചുമുതൽ 4.5 വരെ താഴ്ന്ന് പോകാറുണ്ട്. എങ്കിലും കുമ്മായ പ്രധാനമായ വസ്തുക്കളുടെ ഉപയോഗം നിമിത്തം(soil P$^{H}$ ) കൂടുതൽ അമ്ലത്വ പ്രശ്നങ്ങളിലേക്ക് കടക്കുന്നത് നിയന്ത്രിക്കാൻ കഴിയാറുണ്ട്. പൊതുവെ പരിശോധിക്കുമ്പോൾ കഴിഞ്ഞ അഞ്ചു വർഷമായി നമുക്കു ലഭിച്ച ഏറ്റക്കുറച്ചിലുകളിൽ ഉൾപാദന രംഗം മുരടിക്കുന്നതായി കാണുന്നില്ല.

ഉത്പ്പാദന രംഗം നമുക്കൊന്ന് പരിശോധിക്കാം.

| വർഷം | വിള | ഉത്പ്പാദനം ശരാശരി(കോൾ ഉൾപ്പടെ) |
|---|---|---|
| 1990-91 | നെല്ല് | 1800-2700 കി.ഗ്രാം/ഏക്കർ |
| 91-92 | നെല്ല് | 1850-3000 കി.ഗ്രാം/ഏക്കർ |
| 92-93 | നെല്ല് | 1750-2800 കി.ഗ്രാം/ഏക്കർ |
| 93-94 | നെല്ല് | 1650-2650 കി.ഗ്രാം/ഏക്കർ |
| 94-95 | നെല്ല് | 1900-3200 കി.ഗ്രാം/ഏക്കർ |

നെൽകൃഷിയുടെ ഏറ്റക്കുറച്ചിലുകൾ നാം കണ്ടുകഴിഞ്ഞു മറ്റു വിളകളുടെ സ്ഥിതിയെന്ത് ? നമുക്ക് പരിശോധിക്കാം

പോയ വർഷങ്ങളിലെ ശരാശരി കണക്കെടുക്കുമ്പോൾ വിവിധ വിളകൾ നമുക്കു നൽകിയ ഉൽപ്പാദനം

| വർഷം | വിളകൾ(ഓരോന്നിനും ഒന്ന് എന്ന തോതിൽ) | | |
|---|---|---|---|
| | തെങ്ങ് (എണ്ണം) | കവുങ്ങ് (എണ്ണം) | നേന്ത്രവാഴ |
| 1990-91 | 60-80 | 200-300 | 4-6 കി. |
| 91-92 | 60-90 | 170-260 | 4-5 കി. |
| 92-93 | 100-110 | 160-250 | 5-7 കി. |
| 93-94 | 40-90 | 210-310 | 5.5-6.8 കി. |
| 94-95 | 50-95 | 210-340 | 4-9 കി. |

### കാർഷികോൽപ്പാദന മാന്ദ്യത്തിൻെറ കാരണങ്ങൾ:-

കാർഷിക മേഖല ശാസ്ത്രീയമായി നേട്ടങ്ങൾ കൈവരിച്ചുകൊണ്ടിരിക്കുകയാണ്. പരിമിതമായിട്ടുള്ള വിഭവശേഷിയിൽ നിന്നും പരമാവധി നേട്ടം കൊയ്യുകയാണല്ലോ ശാസ്ത്രീയത! കർഷകരിൽ നിന്നുമുള്ള അപഗ്രഥനാപരമായി ലഭിച്ച ഉൽപ്പാദന രഹസ്യങ്ങളും, പരീക്ഷണ ശാലകളിൽ നിന്നുമുള്ള പരീക്ഷണ വിധേയമായ ശാസ്ത്രീയതയും കർഷകരിലെത്തുമ്പോൾ വികസിതമാവുന്നില്ല. ഒരു പരിധി വരെ കാർഷിക വിജ്ഞാപനം ഉൾക്കൊള്ളാൻ മടിക്കുന്ന കർഷക മനസ്സുകളെ മാറ്റിയെടുക്കാനാവുന്നില്ല നമുക്ക് ! ഈ സന്ദർഭത്തിൽ കൂടുതൽ വികേന്ദ്രീകൃതവും, പ്രാദേശിക സ്വഭാവങ്ങൾക്കനുസൃതവുമായ പുതിയ പദ്ധതികളുമായി രംഗത്തെത്തേണ്ടത് നമ്മുടെ കൃഷി വകുപ്പ് ! ഇത് സ്വീകരിക്കാൻ കുറച്ചെങ്കിലും പുരോഗമന കർഷകരും ! ഇത് സംയോജിപ്പിച്ചെടുത്താൽ ഒരു വിധത്തിൽ നമ്മുടെ കാർഷിക രംഗം കൊഴുത്തേക്കും.

ഉള്ള അറിവുകളെ നിസ്സാരമാക്കി തള്ളിക്കൊണ്ട്, കാർഷിക മുറകളിൽ അശാസ്ത്രീയത നിറക്കുന്ന കർഷകനെ വിജ്ഞാന വ്യാപനത്തിലൂടെ മാറ്റിയെടുക്കണം. വിത്തുമുതൽ വിത്തു വരെ കൂട്ടായി പ്രവർത്തിച്ച് ഉൽപ്പാദന ചെലവ് കുറക്കുകയും ഉൽപ്പാദനം കൂട്ടുകയും ചെയ്യുന്ന 'സംഘ കൃഷി' അഥവാ Group Farming പോലുള്ള പദ്ധതികൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാ

ക്കണം. കണ്ടം ഉഴുതൊരുക്കി വിളവെടുപ്പു വരെയുള്ള കാർഷിക പരിചരണങ്ങൾ (Cultural Practices) ശാസ്ത്രീയ വൽകരിക്കുകയും വേണം.

## ഉൽപ്പാദന ഉപാധികളുടെ കുറവ്!

കാർഷിക ഉൽപ്പാദന ഉപാധികൾ (Agricultural Production Inputs) സമയാധിഷ്ഠിതമായി ലഭ്യമല്ല. വിത്ത്, വളം, കീടനാശിനി തുടങ്ങിയ രാസ വസ്തുക്കൾ, ഉഴവു സാമഗ്രികൾ, കാർഷിക വായ്പകൾ തുടങ്ങിയ ഉൽപ്പാദനത്തിനാവശ്യമായ എല്ലാം തന്നെ ഉൽപ്പാദന ഉപാധികളാണ്. ഇവ സമയ ബന്ധിതമായി ന്യായ വിലക്ക്, അർഹിക്കുന്ന ഗുണ നിലവാരത്തോടെ നിയമം മൂലം ലഭ്യമാക്കണം. കൃഷി വകുപ്പും സഹകരണ വകുപ്പും കൂടുതൽ സംയോജിതമായി പ്രവർത്തിച്ചെങ്കിൽ ഇതു സാധ്യമാകുമെന്ന് തീർച്ച. കൃഷി ഭവനുകൾ കൂടുതൽജനകീയ പദ്ധതികളിലൂടെ കർഷകരിലേക്കിറങ്ങാനുള്ള പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്.

## തൊഴിൽ മേഖലാ പ്രശ്നങ്ങൾ

കാർഷിക മേഖലയിലെ തൊഴിലാളികൾ ഇതരമേഖലകളിലേക്ക് ചേക്കേറിക്കൊണ്ടിരിക്കുന്ന ദയനീയമായ അനുഭവം കർഷകർ രുചിച്ചു കൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയിലെ വേതന പ്രശ്നം ഒരു കാരണമൊന്നുമല്ല. ഒരു പക്ഷേ കയ്യിൽ ചേറു പുരളുകയോ, ദേഹം അഴുക്കാവുകയോ ചെയ്യുന്നത് ഇഷ്ടപ്പെടായ്കയും മണ്ണിൻെറ മണത്തോടുള്ള പ്രായോഗിക താൽപര്യ കുറവും ഒരു കാരണമാകാം കർഷക തൊഴിലാളി ക്ഷേമ പ്രവർത്തനങ്ങൾ ആകർഷകമാക്കുകയും, കാർഷികത്തൊഴിലിന് കൂടുതൽ മാന്യത കൽപ്പിച്ചു കൊടുക്കുകയും നിയമം മുഖേന തന്നെ ചെയ്യേണ്ടി വന്നേക്കാം. 11 മുതൽ 13% വരെ കർഷക തൊഴിലാളികൾ ഇതര മേഖലകളിലേക്ക് കുടിയേറുന്നു എന്നാണ് കണക്ക്. കർഷക തൊഴിലാളികൾക്ക് കാര്യക്ഷമതയെ കുറിച്ച് ബോധവൽക്കരണം തന്നെ ട്രേഡ് യൂണിയനുകൾ മുൻകൈ എടുത്ത് നടത്തേണ്ടി വന്നേക്കും. ഇത് തൊഴിലിൻെറ മാന്യതയും മണ്ണിൽ തൊഴിലെടുക്കുന്നവൻെറ ആത്മസത്തയും ഉയർത്തിയേക്കും എന്നു തോന്നുന്നു.

## വിപണന പ്രശ്നങ്ങൾ

എന്തെല്ലാം പ്രശ്നങ്ങൾ നേരിട്ടാലും കാർഷിക മേഖലയിലെ ഉൽപ്പന്നങ്ങൾ ശരിയായി വിറ്റഴിക്കപ്പെടേണ്ടതുണ്ട്. പണ്ടുതുതൽ നിലവിലുണ്ടായിരുന്ന മദ്ധ്യവർത്തികൾ (Inter Mediaries) ഇന്നും രംഗം അടക്കി വാഴുന്നുണ്ട്. നെല്ല്, തേങ്ങ, അടക്ക, പച്ചക്കറികൾ തുടങ്ങിയവക്ക് പുതിയ വിപണികൾ ഏർപ്പെടുത്തുമ്പോൾ ഉപഭോഗ സംസ്കൃതിക്ക് മാത്രമല്ല, ഉൽപ്പാദന സംസ്കൃതിക്കും നമ്മെ നയിക്കാനാവുംഎന്ന് ബോധ്യപ്പെടും. നമ്മുടെ സഹകരണ മേഖലയും, സഹകരണ വകുപ്പും, കൃഷി വകുപ്പും കൂടുതൽ സംയോജിതമായി പൊതു വിപണി ഓരോ ഗ്രാമ പഞ്ചായത്തിലും നടപ്പിലാക്കി പുതിയൊരു കൊടുക്കൽ വാങ്ങൽ സമ്പ്രദായം (Barter System) നാം ആവിഷ്കരി ക്കേണ്ടതുണ്ട്.

## അനുബന്ധ മേഖലകളു ടെ സംയോജനം

ജലസേചനം, സഹകരണം, മൃഗസംരക്ഷണം, മത്സ്യബന്ധനം എന്നിവ കൃഷിയോട് അഭേദ്യബന്ധമുള്ള വകുപ്പുകളത്രെ. സമയബന്ധിതവും ആവശ്യപ്രചോദിതവുമായ ജലസേചന പദ്ധതികൾ കൂടുതൽ ജനോപകാരപ്രദമായി ആവിഷ്കരിക്കേണ്ടതുണ്ട്. പാടശേഖര സമിതികൾ, കോൾ പടവു കമ്മറ്റികൾ എന്നിവയുമായി കൂടുതൽ ബന്ധപ്പെട്ട് ആവശ്യാധിഷ്ഠിതമായ ജലസേചന, ജല നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. കാർഷികോൽപ്പാദനത്തിന് അത്യന്താപേക്ഷിതമത്രേ!

കാർഷികോൽപ്പാദനോപാധികളുടെ വിതരണം, സഹകരണ സ്ഥാപനങ്ങൾക് ഏറ്റെടുത്ത് നടത്താവുന്നതാണെന്ന് നാം മനസ്സിലാക്കിയിട്ടുണ്ട്. അവശ്യ ഉൽപ്പാദനോ പാധികളായ (Essential Inputs) വിത്ത്, വളം, കീട-കുമിൾ നാശിനികൾ, കാർഷിക വായ്പ എന്നിവയുടെ സമയ ബന്ധിത വിതരണം കൃഷിയും സഹകരണ മേഖലയുമായി കൂടുതൽ പരസ്പര പൂരകങ്ങളായി വർത്തിക്കാൻ ഇടയാക്കുമെന്ന് മനസ്സിലാക്കണം.

ഒരു ശരാശരി കർഷകൻ കാലിസമ്പത്തും, കോഴി സമ്പത്തും, തോട്ടവും വയലും ചേർന്നുള്ള സമൃദ്ധിയിൽ വസിച്ചിരുന്നുവല്ലോ. പാലും, കോഴിമുട്ടയും പച്ചക്കറികളും, നെല്ലും സ്വന്തമായി ഉൽപ്പാദിപ്പിക്കുന്നതിന് കർഷകന് ഉത്സാഹമുണ്ടായിരുന്നു. ഇന്ന് ഈ ബഹുമുഖമായ കൃഷി സമ്പ്രദായം (Multi Faced System of agriculture) അവഗണിക്കപ്പെടുകയോ നിഷ്കാസിതമാവുകയോ ചെയ്യുന്നു എന്ന് ദുഃഖത്തോടെ ഓർക്കേണ്ടതുണ്ട്. അറുപതുകളിൽ ജൈവ വാതക ഉപഭോഗം ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ച് പ്രചരിപ്പിച്ചിരുന്നു. ഇന്നും കൃഷി ഭവനുകൾ വലിയ സബ്സിഡികൾ അനുവദിച്ചുകൊണ്ട് നടപ്പിലാക്കുന്ന പുതിയ ബയോഗ്യാസ് പ്ലാൻറുകൾക്ക് ഉദ്ദേശിത പ്രചരണം ലഭിച്ചിട്ടില്ല എന്നത് നാം മനസ്സിലാക്കേണ്ടതാണ്. പാചക വാതക ക്ഷാമം പരിഹരിക്കുന്നതിനും, ചാണകത്തിൻെറ കൂടുതൽ ഫലപ്രദമായ ഉപയോഗത്തിനും ബയോഗ്യാസ്

പ്ലാൻറുകൾ കൂടുതൽ പ്രചരിപ്പിക്കാവുന്നതാണ്.

കൃഷി , ജലസേചനം, മൃഗ സംരക്ഷണം, സഹകരണം മത്സ്യ ബന്ധനം, തുടങ്ങിയ വകുപ്പു കളുടെ സംയോജനം നമ്മുടെ കാർഷിക ഉൽപ്പാദന രംഗം കൂടുതൽ പുഷ്ടമാക്കി നിലനിർത്തുന്നതിന് ഉപോൽബലകമായിരിക്കും.

## കോൾ മേഖല.

ആകെ കൃഷി ഭൂമിയുടെ ഏതാണ്ട് 40% വും നെൽകൃഷിയാണ്. ഇതിൽ തന്നെ 75% കോൾ മേഖലയിലെ, കാർഷിക രംഗംനിറഞ്ഞാണിരി ക്കുന്നത്. ആദ്യ കാലങ്ങളിൽ വെള്ളം വറ്റിച്ചെ ടുക്കുന്നത് ചക്രം മുഖേനയും കയറ്റുകൊട്ടയും തുടുപ്പ് മുതലായവയും ഉപയോഗിച്ചായിരുന്നു. കോൾ മേഖലയെങ്കിലും ശകലിതമായ (Fragmented) കണ്ടങ്ങളിൽ ഐകരൂപ്യമല്ലാത്ത കൃഷി രീതി നിലനിന്നിരുന്നു പോലും! കണ്ടത്തിലെ ചെളി കോരിവച്ച് കുറ്റിയടിച്ചുവരമ്പുണ്ടാക്കി, ചണ്ടിയും മറ്റും ഉപയോഗിച്ച് കൃത്രിമ ബണ്ടുകൾ സൃഷ്ടിച്ചെടു ത്തു കൃഷിയിടങ്ങൾ ഒരുക്കിയിരുന്നു. രാസ വളങ്ങളില്ലാതെ 20 മേനി മണിവരെ ഉൽപ്പാദിതമായ പൊക്കാളിയും നാടൻ വിത്തിനങ്ങളും ആദ്യകാല ത്തെ ഉൽപ്പാദനപ്പൊലിമയായിരുന്നു. ഉൽസാഹ ഭരുതരു സാമൂഹ്യമേള എന്ന നിലയിൽ കൃഷിക്കാരനും, കർഷകത്തൊഴിലാളിയും കൃഷിപ്പണിയിൽ ഭാഗഭാഗിത്വം നിലനിർത്തി യിരുന്നു. ( തകഴിയുടെ പ്രശസ്തമായ ''രണ്ടിട ങ്ങഴി''യിലെ ജൻമി-കുടിയാൻ ബന്ധം സ്മരണീയമാണ്, മലബാറിലെ ഈ ഗ്രാമത്തിലും)

യാന്ത്രിക യുഗപ്പിറവിയോടെ നവീന യാ ന്ത്രിക ലഭ്യതക്കൊപ്പം, പഴമയുടെ നഷ്ട സൗഭാഗ്യങ്ങളും നാം അനുഭവിക്കുന്നു. എഞ്ചി നുകളും, മോട്ടോർ പമ്പുസെറ്റുകളും പോലെയുള്ള യാന്ത്രിക സംവിധാനം, കൂടുതൽ രാസ വസ്തു ക്കളുടെ പ്രചരണം, രാസ വളങ്ങൾ , അത്യുൽ പ്പാദന ശേഷിയുള്ള വിത്തിനങ്ങൾ എന്നിവ യൊക്കെ രംഗ പ്രവേശം ചെയ്യുകയും, കൂടെ ത്തന്നെ ഒഴിയാബാധകളായ കീട-രോഗ ബാധകൾ നമുക്കു പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു വല്ലോ.

കാർഷിക സബ്സിഡികളും, മറ്റു ചില പ്രോത്സാഹനങ്ങളും സരക്കാർ നൽകുന്നത് കോൾ മേഖലാ പ്രശ്നങ്ങളുടെ അനിവാര്യതയിലേക്ക് വിരൽ ചൂണ്ടുന്നു. കാലം ചെല്ലുന്തോറും കൃഷിച്ചെലവിൻെറ വർദ്ധനവും ശാസ്ത്രീയ വൽക്കരണത്തിൻെറ പ്രായോഗിക വൈഷമ്യ ങ്ങളും, അന്ധമായ രാഷ്ട്രീയ വിധേയത്വത്തിൽ അലിഞ്ഞുചേരുന്ന തൊഴിലാളി കാര്യക്ഷമതയും, സംഘടിതമെങ്കിലും കോൾ മേഖലയിലെ രൂക്ഷ പ്രതിസന്ധികളാണെന്നു കണ്ടിരിക്കുന്നു.

നിലവിലുള്ള പമ്പിങ്ങ് സബ്സിഡി, ഉൽപ്പാദന ബോണസ്, രാസ വസ്തുക്കളിലെ സബ്സിഡി, എന്നിവ ഉയർത്തി സമയബന്ധി തമാക്കുവാൻ കൃഷി ഭവനുകൾ മുഖേന സാധിക്കുകയും നിലവിലുള്ള ജല നിർമ്മാർജ്ജിത പ്രവൃത്തികൾ കൂടുതൽ ഫലപ്രദമാക്കുകയും ഉൽപ്പാദനോപാധികൾ കൃത്യമായി ലഭ്യമാവുക യുംചെയ്താൽ കോൾ മേഖല രക്ഷപ്പെട്ടേക്കും. ഈ ഭക്ഷ്യ പ്രധാന മേഖല തളരുന്നത് നമ്മുടെ അടിസ്ഥാന ആവശ്യങ്ങളെ തകിടം മറിക്കുമെന്ന തിനാൽ നവീന സംഘകൃഷി പോലുള്ള സംഘടിത പദ്ധതികൾ പ്രോത്സാഹിപ്പിക്കപ്പെടുകയും, കൃഷിക്ക് വെള്ള ആവശ്യമായ സമയത്ത് ലിഫ്റ്റ് ഇറിഗേഷൻ സ്റ്റോറേജിലേക്ക് വെള്ളമെടുക്കാതി രിക്കുകയും നാം ഊന്നൽ കൊടുക്കേണ്ട വസ്തുതകളാണ്.

കാലാവസ്ഥയുടെ ചൂതുകളിയില്ലാത്ത കൃഷിയിൽ ഏക്കറിൽ ഏതാണ്ട് 5000 മുതൽ 7000 വരെ കൃഷിച്ചെലവ് കണക്കാക്കുന്നുണ്ട് . ഉൽപ്പാദനം 3500 കി. ഗ്രാം മുതൽ 4000 കി. ഗ്രാം ലഭിക്കുന്നു എന്നത് മാത്രമാണ് ഏക ആശ്വാസം. മൺസൂൺ ആരംഭത്തിലെ അതിവർഷവും കാലാവസ്ഥാ വൈജാത്യങ്ങളും കർഷകന് നിത്യ ഭീഷണിയാവുന്നത് ഇവിടത്തെ മാത്രം പ്രത്യേകതയല്ലല്ലോ ?

## തോട്ടങ്ങൾ

തെങ്ങ്, കവുങ്ങ്, കുരുമുളക്, നാടൻ വാഴകൾ, മാവ്, പ്ലാവ് തുടങ്ങി ഇട തിങ്ങി വളരുന്ന കവുങ്ങിൻ തോട്ടങ്ങളാണ് നന്നംമുക്കിൻെറ പഴയ കാല പ്രതാപത്തിൻെറ ഐശ്വര്യ ചിഹ്നമായി കാണപ്പെട്ടിരുന്നത്. ഗാർഹിക ഉപയോഗത്തിന് തോട്ടങ്ങൾ നശിപ്പിക്കപ്പെടുന്നത് വളരെ കുറ വായതുകൊണ്ട് ഈ പ്രതാപം ഇന്നും നിലനി ൽക്കുന്നത് കർഷകൻെറ ഭാഗ്യമായി കരുതാം. കവുങ്ങിൻ തോട്ടങ്ങളെന്നു പറയുന്നതിൻെറ കാരണങ്ങൾ മുഖ്യമായും സംരക്ഷിത വിളയായി (Protected Crop) കവുങ്ങിനെ കാണുന്നതു തന്നെ. പണ്ട് തുലാ തേക്കും-ഏത്തം-കാളത്തേക്കും (Cattled irrigation) ഉണ്ടായിരുന്നതൊക്കെ ഓർമ്മകളായി. ഇന്ന് എഞ്ചിനുകളും മോട്ടോർ പമ്പുസെറ്റുകളും രംഗത്തുണ്ട്.

തോട്ടങ്ങളിൽ രാസ വള പ്രയോഗം വളരെ കുറവാണ്. ഓരോ വിളകളും പരസ്പര പൂരക ങ്ങളായി വർത്തിക്കുന്നു. ചേമ്പ്, ചേന, നന ക്കിഴങ്ങ്, ഇഞ്ചി തുടങ്ങിയവയും തോട്ടങ്ങളിൽ ലഭ്യമാണ്. ''കർക്കിടകത്തിൽ പത്തില'' വെക്കു ന്നതിനുള്ള ഇലക്കറികൾ തോട്ടങ്ങളിൽ സുലഭമാണ്. അടക്ക പച്ചയായും, പഴുക്കയായും മാത്രമല്ല ''കളിയടക്ക''യായും ഉപയോഗിച്ചിരുന്നു.

തോട്ടങ്ങളിൽ കാലാവർഷാരംഭത്തിൽ തടം എടുക്കലും (Arrangment of Basins) ജൈവവളം ചേർക്കലും, കാലവർഷാന്ത്യത്തിൽ - തുലാം-വൃശ്ചികമാസങ്ങളിൽ -തടം മൂടലും തോട്ടം കിളയും (കിഴങ്ങു വിളകളുടെ വിളയെടുപ്പും കുറച്ചു കഴിഞ്ഞാൽ തുടങ്ങും) ധനു മാസത്തിൽ തോട്ടം തിരികൂട്ടലും-ജലസേചനാരംഭം- സ്ഥിരമായി നടന്നു വരുന്നു. തടം രീതിയിലുള്ള ജലസേചനമാണ് (Basin Metherd) പ്രാവർത്തികമാക്കുന്നത്. വ്യായാമ പ്രധാനമായ ''ഏത്തംതേക്ക് '' ഓർക്കാൻ സുഖപ്രദമായഓർമ്മയാണ് എന്നുമാത്രം.

യന്ത്ര വൽകൃത ജലസേചനം തോട്ടങ്ങളെ പ്രോത്സാഹിപ്പിക്കുന്നു എന്ന് കാണാം. വിവിധ വിളകൾക്കു വേണ്ടി നടത്തുന്ന കാർഷിക പരിചരണ മുറകൾ മണ്ണിൻെറ ഘടന നിലനിർത്തുന്നതിനും, വള മൂലകങ്ങളുടെ മണ്ണിലെ അസംതുലിതാവസ്ത ക്രമീകരിക്കുന്നതിനും ഇടയാക്കുന്നു.

**മറ്റു കൃഷികൾ**

വെണ്ട, വഴുതിന, കയ്പ, പടവലം, മത്തൻ, പയറ്, കുമ്പളം, വെള്ളരി തുടങ്ങിയ പച്ചക്കറികൾ ഗാർഹീകാവശ്യത്തിന് ഉലപ്പാദിപ്പിക്കപ്പെട്ടിരുന്നത് കുറയുന്നു എന്നു കാണാം. പുതിയ പദ്ധതികൾ ആവിഷ്കരിച്ച് ഇത് പുനഃസ്ഥാപിക്കേണ്ടതുണ്ട്. കാലാവസ്ഥാനുബന്ധിയായ ഭക്ഷണ രീതിക്ക് ഉതകുന്ന തരത്തിൽ നേന്ത്രക്കായ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയും നിലനിർത്തേണ്ടതുണ്ട്.

കേരളത്തിലെ ആചാരോപചാരങ്ങളും കൃഷിരീതിയും മലയാളിയുടെ ശാരീരിക ആരോഗ്യ സ്ഥിതിയുമായി കൂടുതൽ ബന്ധപ്പെട്ടിരിക്കുന്നു.

മരച്ചീനി, മധുരക്കിഴങ്ങ്, കൂർക്ക തുടങ്ങിയവയുടെ കൃഷിയും ആശങ്കാജനകമായി കുറയുന്നുണ്ട്. തിരുവാതിര ആഘോഷവേളയിൽ കുവ്വപ്പൊടി (പടുകൃഷിയായി തോട്ടങ്ങളിൽ നിന്നും ശേഖരിക്കുന്ന നാടൻ കുവ്വ) ഉപയോഗത്തിലിരുന്നു. ഇത് ഔഷധ വീര്യമുള്ളതാകയാൽ ഒരു കൃഷിയായി തന്നെ പ്രോത്സാഹിപ്പിക്കുകയുംകുവ്വപ്പൊടി ശേഖരണത്തിന് നൂതന മാർഗ്ഗങ്ങൾ കണ്ടെത്തുകയും ആശാസ്യമാണെന്നു കാണാം.

ആഴത്തിൽ ചിന്തിക്കുമ്പോൾ കാർഷിക രംഗത്ത് മൂല്യച്യുതിയേൽക്കാത്ത ഈ ''സുഗന്ധ മൂലക്ക്'' സർക്കാർ ആവിഷ്കൃത പദ്ധതികളിലൂടെ കൂടുതൽ കാർഷിക പുരോഗതി കൈവരിക്കാനാകുമെന്ന് സംശയലേശമന്യേ പ്രഖ്യാപിക്കുക തന്നെയാവാം.

**കാർഷികാനുബന്ധ മേഖലകളിലെ സൗകര്യങ്ങൾ - പ്രശ്നങ്ങൾ.**

**ജലസേചനം :-** നന്നംമുക്കിൻെറ പട്ടണത്തിൽ-ചങ്ങരംകുളം-തന്നെ ചെറുകിട ജലസേചന പദ്ധതിയുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ട്. ജലസേചനരഗത്തെ ഉണർവ്വും ഊർജ്ജ്വസ്വലതയും ആവിഷ്കരിച്ചു നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രായോഗികതയും കാർഷികോൽപ്പാദനത്തെ വൻതോതിൽ സഹായിക്കുമെന്ന്നമുക്കറിയാം തോടുകളും കുളങ്ങളും മറ്റും ഈ ഗ്രാമത്തിലെ ജലസേചന പദ്ധതികൾക്ക് ആക്കം കൂട്ടുമെന്നും നാം മനസ്സിലാക്കിയിട്ടുണ്ട്.

**നടപ്പിലാക്കാവുന്ന ചില പദ്ധതികൾ**

1. വാർഡ് 1,2,11 എന്നിവയിൽ പെടുന്ന 1800 മീറ്റർ ഹൈലവൽ തോട് മൂച്ചിക്കൽ കടവുമുതൽ പുതുമന കടവു വരെ എഞ്ചിൻ തറ ഉൾപ്പടെ ശരിയാക്കൽ.

2. കൂളൻ-ആലപ്പുറം ബണ്ട് ഉയർത്തി ശരിയാക്കുക.

(ഇതിന് ലോക്കൽ കമ്മറ്റികളുടെ സഹായം തേടാം)

3. നീലയിൽ പടവ് ബണ്ട് ഉയർത്തി ശരിയാക്കുക.

(ഇത് മത്സ്യ ബന്ധനം, ഗതാഗതം എന്നിവക്ക് സഹായകമാകും).

4.വെമ്പുഴ ഭാഗത്ത് ചീർപ്പ് (VCB) നിർമ്മിക്കുക.

5. നബാർഡ് അംഗീകരിച്ച 15 ലക്ഷം അടങ്കൽ വരുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കൽ.

6. ഉദ്ദേശം പത്തു ലക്ഷം അടങ്കൽ വക കൊള്ളിച്ചുള്ള നെടുന്തോട്-നൂറടി തോട് ആഴം കൂട്ടി ശരിയാക്കുക.

(ഈ പ്രവൃത്തിയിൽ ശ്രമദാനം കൂടി ഉൾപ്പെടുത്താവുന്നതാണ്.)

7. അഞ്ചു ലക്ഷം രൂപ വകയിരുത്തപ്പെട്ട അയ്യംകുളം നാലുഭാഗവും പടുത്തു ശരിയാക്കൽ.

8. നിലവിൽ ലഭ്യമായ ഫണ്ട് ഉപയോഗിച്ചു പള്ളിക്കര ചാനലിൽ ചീർപ്പ് - VCB - നിർമ്മിക്കുക.

പുറമെ മൊത്തം പരിശോധിച്ച് ആവശ്യമായ VCB, എഞ്ചിൻ തറ തുടങ്ങിയവ നിർമ്മിക്കുന്നതിനും തോടുകൾ ആഴം കൂട്ടി ശരിയാക്കുന്നതിനും ആവശ്യമായ പദ്ധതികൾക്ക് ചെറുകിട ജലസേചന പദ്ധതികൾ അത്യന്താപേക്ഷിതമായി നടപ്പിലാക്കണം.

സന്നദ്ധസംഘടനാ കർമ്മ നിരതത്വം കൊണ്ട് പല ജലസേചന പ്രവൃത്തികളും നമുക്ക് നടത്താവുന്നതാണ്. മുണ്ടകൻ നെൽ കൃഷി, ജലസേചനം മൂലം പുതുതായി കൂടുതൽ സ്ഥലത്ത് വ്യാപിപ്പിക്കാനാവുമെന്ന് ഇതിനകം ബോദ്ധ്യമായിട്ടുണ്ട്. ●

228

# മൃഗ സംരക്ഷണം, ക്ഷീര വികസനം, കോഴിവളർത്തൽ

''ജീവികൾക്കൊക്കെയും വേണമല്ലോ
മറ്റുള്ള ജീവികൾ തൻ സഹായം........''

കാർഷിക ഗ്രാമമായ നന്നംമുക്കിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ. നിലം ഉഴുന്നതിനും, ജലസേചനത്തിനും, ആവശ്യമായി ആശ്രയിച്ചിരുന്നത് കന്നുകാലികളെ തന്നെയാണ്. അടുത്തകാലം വരെയും കൃഷിയിടത്തിൽ ജലസേചനം നടത്തുവാൻ മൂരി, പോത്ത് എന്നിവയെ ഉപയോഗിച്ചിരുന്നു. ഇപ്പോഴും കർഷകർ നിലം ഉഴുന്നതിന് അധികവും ഉപയോഗിക്കുന്നത് പോത്തുകളെ തന്നെയാണ്. പഞ്ചായത്തിൻെറ മുൻ പ്രസിഡണ്ടും,ഇപ്പോഴത്തെ ഭരണ സമിതി അംഗവുമായ ശ്രീ. കെ. സി. അഹമ്മദിന് പഞ്ചായത്തിൻെറ കിഴക്കേ അതിർത്തിയായ പള്ളിക്കരയിൽ കാളപ്പൂട്ട് മത്സരം നടത്തുന്നതിനായി പ്രത്യേകം തയ്യാറാക്കിയ ''കാളപ്പൂട്ട് കണ്ടം'' തന്നെയുണ്ട്. മത്സരത്തിനായി പ്രത്യേകം പരിശീലനം നേടിയ പോത്തിനേയും വളർത്തുന്നുണ്ട്. വർഷത്തിൽ മൂന്ന് പ്രാവശ്യമെങ്കിലും ഇവിടെ കാളപ്പൂട്ട് മത്സരം നടത്തിവരാറുണ്ട്.

ധവള സമൃദ്ധിയുടെ പ്രതീക്ഷകൾ സാക്ഷാൽ കരിക്കാതെ പോയ പഞ്ചായത്തുകളിൽ ഒന്നാണ് നന്നംമുക്ക്. കന്നുകാലി വളർത്തലിന് അനുയോജ്യമായ ഒട്ടേറെ അനുകൂലമായ ഘടകങ്ങൾ ഇവിടെ ഉണ്ടെങ്കിലും അവ പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല. പശു, എരുമ, ആട് എന്നിവ ഉൽപാദനശേഷി കുറഞ്ഞവയാണ്. പാൽ വിറ്റ് ഉപജീവനം നടത്തുന്നവർക്ക്, പാലിന് അർഹമായ വില ലഭിക്കാത്തതിനാലും, പശു വളർത്തൽ ജനങ്ങൾക്ക് നിരാശയും, മടുപ്പും ഉളവാക്കുന്ന ഒരു തൊഴിലായി മാറിയിരിക്കുന്നു. പഞ്ചായത്തിൻെറ ഒരറ്റത്തു പ്രവർത്തിക്കുന്ന പള്ളിക്കര മൃഗാശുപത്രി മുഴുവൻ കർഷകർക്കും ഉപകാരപ്രദമല്ല. കൃത്രിമ ബീജ സങ്കലനത്തിനും, ചികിത്സക്കുമായി കിലോമീറ്ററുകളോളം നടത്തികൊണ്ടു പോകേണ്ടിവരുന്നു.

കന്നുകാലി വളർത്തുന്ന ശീലം ഗ്രാമീണരിൽ നിന്ന് വേരറ്റുതുടങ്ങിയിരിക്കുന്നു. ഈ അവസ്ഥമാറ്റി എടുക്കുന്നതിന്, തയ്യാറുള്ള യുവതീയുവാക്കളെ ഈ മേഖലയിലേക്ക് കൊണ്ടുവരികയും വേണം. പഞ്ചായത്തുതലത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന രണ്ട് ആനന്ദ് മാതൃകാ ക്ഷീരാൽപ്പാദക സഹകരസംഘവും, 1996 നവംബർ 11 ന് ആരംഭിച്ച കാഞ്ഞിയൂർ ക്ഷീരോൽപ്പാദക സഹകരണസംഘവുമാണ് ഇന്ന് പാൽ വിറ്റഴിക്കുന്നതിന് കർഷകർ ആശ്രയിച്ചു പോരുന്നത്. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന കാഞ്ഞിയൂർ ക്ഷീരോത്പ്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി വാർഡ് 3,4,5,6,7 ഉം പടിഞ്ഞാറൻ മേഖലയിൽ പ്രവർത്തിക്കുന്ന കാഞ്ഞിയൂർ ക്ഷീരോത്പ്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി 1, 2, 8,9,10,11 എന്നിവയാണ്. 1,2,8,9,10,11 വാർഡുകൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ ഒരു മൃഗാശുപത്രി ഇവിടെ തുടങ്ങേണ്ടതാണ്.

കുളമ്പ്രോഗം, താടവീക്ക്, അകിടുവീക്കം, വന്ധ്യതാ എന്നീ രോഗങ്ങൾ കന്നുകാലികൾക്കിടയിൽ കണ്ടുവരുന്നു. രോഗങ്ങൾക്ക് ചികിത്സകിട്ടാതെ കാലികൾ ചത്തു പോകുന്ന സംഭവം സാധാരണമാണ്. ധാതുലവണങ്ങളുടെ കുറവും, കാലികൾക്കിടയിൽ കൃത്രിമ കാലിത്തീറ്റ ഭക്ഷിച്ചുണ്ടാകുന്ന രോഗവും ഭീഷണിയായിത്തീർന്നിട്ടുണ്ട്. കാലിത്തീറ്റയുടെ ദൗർലഭ്യമാണ് കന്നുകാലിവളർത്തൽ നേരിടുന്ന മറ്റൊരു പ്രശ്നം. നെൽകൃഷി കുറഞ്ഞതോടെ, വൈക്കോ

ലിനും ക്ഷാമം നേരിടുകയാണ്. മേച്ചിൽ സ്ഥലം തീരെയില്ല എന്നു തന്നെ പറയാം.

പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്ന ഒരു പ്രശ്നമാണ്. പ്രാദേശികമായി പട്ടി പിടുത്തക്കാരെ കിട്ടാത്തതിനാൽ ഈ പ്രശ്നം എളുപ്പം പരിഹരിക്കാനുമാവില്ല.

### ഇപ്പോഴുള്ള പാൽ സൊസൈറ്റികൾ

1. നന്നം മുക്ക്ക്ഷീരോൽപ്പാദക സഹകരണ സംഘം ക്ലിപ്തം.

നമ്പർ എം. 114 (ആനന്ദ് മാതൃക)

പി. ഒ. നന്നംമുക്ക് (സൗത്ത്)

2. കാഞ്ഞിയൂർ ക്ഷീരോത്പ്പാദക സഹകരണ സംഘം ക്ലിപ്തം

നമ്പർ എം. 127 (ആനന്ദ് മാതൃക)

പി. ഒ. മൂക്കുതല.

### പ്രധാന പ്രശ്നങ്ങൾ.

1) പാൽ വിലയുടെ കുറവും വിപണിയില്ലായ്മയും

2. അത്യുൽപ്പാദന ശേഷിയുള്ള നല്ലതരം പശുക്കളുടെ കുറവ്.

3. നിലവിലുള്ള മൃഗാശുപത്രിയുടെ കുറവ്

4. കാലി രോഗങ്ങൾ

5. വായ്പാ സൗകര്യ കുറവ്

6. കാലിത്തീറ്റ ചെറിയ വിലക്ക് ലഭിക്കുന്നില്ല.

7. പേപ്പട്ടി ശല്യം സ്ഥിരമായി അനുഭവപ്പെടുന്നു.

### മറ്റ് നിർദ്ദേശങ്ങൾ

1) സംഘങ്ങൾ അടുത്ത അഞ്ച് വർഷത്തിനുള്ളിൽ പ്രതിദിനം സംഭരിക്കാൻ ഉദ്ദേശിക്കുന്ന പാലിൽ നന്നംമുക്ക് പഞ്ചായത്തിലെ ഉപഭോഗം കഴിച്ച് ബാക്കി കേടുകൂടാതെ സംഭരിച്ച് വെക്കുവാനും, സംസ്കരിക്കുവാനും വേണ്ട സൗകര്യങ്ങൾ ഏതെങ്കിലും ഒരു സംഘത്തിൽ ഉണ്ടാക്കണം.

2) നല്ലയിനം കറവമാടുകളെ അംഗങ്ങൾക്ക് ലഭിക്കാനുള്ള സംവിധാനം സംഘങ്ങൾക്ക് അനുവദിച്ച് കൊടുക്കണം.

3) കാലിത്തീറ്റ വിതരണത്തിന്നായി ഒരോ സംഘത്തിലും സംവിധാനമുണ്ടാക്കണം.

4. കന്നുകാലികളുടെ സംരക്ഷണത്തിനായി

### ക്ഷീരോൽപ്പാദന സഹകരണസംഘങ്ങൾ

| സംഘത്തിൻെറ പേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ | ലാഭമോ നഷ്ടമോ | ജീവനക്കാർ |
|---|---|---|---|---|---|
| നന്നംമുക്ക് ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം. എം. 114 (D) APCOS പി. ഒ. നന്നംമുക്ക് (S) | 1994 | പഞ്ചായത്തിൻെറ 3,4,5,6,7, വാർഡുകൾ | 132 | ലാഭം | 2 |
| കാഞ്ഞിയൂർ ക്ഷീരോൽപ്പാദക സഹകരണസംഘം ക്ലിപ്തം. എം. 127 (D) APCOS പി.ഒ. മൂക്കുതല. | 1996 | പഞ്ചായത്തിൻെറ 1,2,8,9,10,11 വാർഡുകൾ | 80 | ലാഭം | 2 |
| മൂക്കുതല ക്ഷീരോൽപ്പാദക സഹകരണസംഘം എം.35 | പ്രവർത്തിക്കുന്നില്ല. | | | | |

മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം തക്ക സമയത്ത് ലഭ്യമാക്കണം.

5) തീറ്റപ്പുൽ കൃഷി വ്യാപകമാക്കുക.

6) കാഞ്ഞിയൂർ ക്ഷീരോത്പ്പാദക സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ ഒരു മൃഗാശുപത്രി അനുവദിക്കുക.

7)വനിതകൾക്ക് കൂടുതൽ തൊഴിൽ സാധ്യതകൾ അനുവദിക്കുക.

ഇന്നത്തെ കാലി സമ്പത്തിൻെറ അപ്രായോഗിക പ്രശ്നങ്ങൾ ചുണ്ടിക്കാണിച്ച് കമ്പോള ഉപഭോഗിതമായി, മൃഗസംരക്ഷണരംഗം ശോഷിക്കുന്നത് കർഷകരിൽ നിന്നും നാം മനസ്സിലാക്കുകയാണ്. കൂടുതൽ പാൽ തരുന്ന, മികച്ചയിനം സങ്കര വർഗ്ഗമാടുകളെ, പ്രായോഗിക വിലക്ക് മൃഗ സംരക്ഷണ യൂണിയനുകളിൽ കൂടി വിതരണം ചെയ്യുകയും Catle Feed,തൊഴുത്തു നിർമ്മാണം, ഗർഭകാല സംരക്ഷണം തുടങ്ങിയ പദ്ധതികൾ കൂടുതൽ പ്രായോജിതമാക്കുകയും അനിവാര്യമാണ്.

## കാലി സമ്പത്ത്

നിലവിൽ മൂന്ന് വിടുകൾക്ക് (കാർഷിക കുടുംബങ്ങൾക്ക്) ഒരു പശു എന്ന തോതിലും 167 കൃഷിക്കാർക്ക് ഒരു ജോഡി കന്ന്(Ploughting Caltle) എന്ന തോതിലും കാലി വളർത്തൽ ഉണ്ട്. ആടിനെ സംബന്ധിച്ചേടത്തോളം 210 കർഷകന് ഒരു ആട് എന്നാണ് കണക്ക്. ഇത് പ്രോത്സാഹന ജനകമായ ഒരു കണക്കായി കണ്ടുകൂടാ. വളർത്തു പക്ഷികൾ ഗ്രാമീണ മേഖലയിൽ 47 വീടുകൾക്ക് ഒരു കോഴി എന്ന നിലയിൽ ഏതാണ്ട് കണ്ടു വരുന്നു.

മൃഗസംരക്ഷണത്തിന് • നിലിവിലുള്ള മൃഗാശുപത്രി കൂടുതൽ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പിലാക്കുകയും വേണം. മിൽമയുടെ സഹായത്തോടെ ചെറു മിഠായി യൂണിറ്റ് (Mini Confectionary Unit)-പാലുൽപ്പന്ന പാനീയ നിർമ്മാണം തുടങ്ങിയവ ചെറിയ മുതൽ മുടക്കോടെ തുടങ്ങാവുന്ന വ്യവസായ ങ്ങളാണ്. ഇതിന് സർക്കാർ പ്രോത്സാഹനം കൂടിയേ തീരൂ.

ഇറച്ചിക്കോഴി വിൽപ്പന കേന്ദ്രവും മുട്ട ഉൽപ്പാദന കേന്ദ്രങ്ങളും വ്യാപകമാക്കുകയും സർക്കാർ ധനസഹായം നൽകി തൊഴിൽ മേഖല യിൽ പുരോഗതി ഉണ്ടാക്കുകയും ചെയ്യാവു ന്നതാണ്.

## മത്സ്യ ബന്ധനം

കായൽ നിലങ്ങളുടെ സമ്പുഷ്ടി ധനാഗമ മാർഗ്ഗമാക്കുവാൻ അനുയോജ്യമായ പ്രദേശമാണ് നന്നംമുക്ക്. മിക്ക കോൾപാടങ്ങളുടേയും ബണ്ടുകൾ ഉയർത്തി ഗതാഗത യോഗ്യമാക്കുകയും ചതുപ്പു പ്രദേശങ്ങളിൽ ഫിഷറീസ് വകുപ്പിൻെറ സഹായത്തോടെ, പുഷ്ടിയോടെ മീൻ വളർത്തൽ ആരംഭിക്കാവുന്നതുമാണ്. കുറഞ്ഞമുതൽ മുടക്കിൽ ശുദ്ധജല ചെമ്മീൻ, കാട്‌ല, മൃഗാല, സൈപ്രനസ്സ്, തിലൊപ്പിയ എന്നീതരം മത്സ്യക്കുഞ്ഞുങ്ങൾ സൗജന്യ നിരക്കിലും അല്ലാതേയും ഫിഷറീസ് വകുപ്പ് നൽകിവരുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൻെറ ധനവിനിമയരംഗത്ത് കാര്യമായ സംഭാവനകൾ ചെയ്യാൻ, കൃഷി വകുപ്പിൻേറയും ഫിഷറീസ് വകുപ്പിൻേറയും സംയോജനം സാദ്ധ്യമാവുന്ന 'മത്സ്യം വളർത്തൽ കായലുകളിൽ 'എന്ന ഒരു പുതിയ പദ്ധതി നമുക്ക് ആവിഷ്കരിക്കാവുന്നതാണ്.

## കാർഷികാനുബന്ധതൊഴിൽ - ഒരവലോകനം

കൃഷി ഭാരതത്തിൻെറ തന്നെ ഭൂരിപക്ഷ ത്തിൻെറ തൊഴിലാണല്ലോ. കാർഷികാധിഷ്ഠിത തൊഴിൽ മേഖലകൾ പക്ഷെ ഇനിയും വികാസം പ്രാപിക്കേണ്ടതായിട്ടാണിരിക്കുന്നത്. ഈ നന്നംമുക്കിനെ സംബന്ധിച്ചടത്തോളം നമുക്ക് താഴെ പറയുന്ന കർഷക തൊഴിലുകൾ വികസിപ്പി ച്ചെടുക്കാവുന്നതാണ്.

1. **താറാവു കൃഷി**:- കുട്ടനാടൻ കായലോരത്തെ പ്രധാനപ്പെട്ട ഉപതൊഴിലായ താറാവു വളർത്തൽ നമ്മുടെ കായലോരങ്ങളിലും പ്രാവർത്തികമാക്കാവുന്നതാണ്.

2. **ആടുവളർത്തൽ**:- സർക്കാർ സഹായം ലഭ്യമായാൽ ലാഭകരമായി നടത്താവുന്ന ഒരു തൊഴിലാണിത്.

3. **ഇളനീർ പാർലറുകൾ**:- കൃഷി വകുപ്പിൻെറ ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ തൊഴിൽ- ഇനത്തിൽ വരുന്ന ഈ പദ്ധതി കൂടുതൽ പ്രായോഗിക വീക്ഷണത്തോടെ നടപ്പിലാക്കേണ്ടതുമാണ്.

മേൽപറഞ്ഞവക്കുപുറമെ, തേനീച്ച വളർത്തൽ, ഖാദി ബോർഡിൻെറ വിവിധ പദ്ധതികൾ, മത്സ്യ സംസ്കരണ യൂണിറ്റ്, പാലുൽപ്പന്ന നിർമ്മിതി തുടങ്ങിയ പല കാർഷികാനുബന്ധതൊഴിലുകൾക്കുള്ള സാധ്യത പഠനം നടത്തി വിലയിരുത്തി സർക്കാർ സഹായത്തോടെ നടപ്പിലാക്കാമോ എന്ന് പരിശോധിക്കേണ്ടതാണ്.

വാഴ നാര് ഉപയോഗിച്ച് നിർമ്മിക്കുന്ന സഞ്ചി, കാർപെറ്റ് എന്നിവയുടെ യൂണിറ്റ് തുടങ്ങാവുന്നതാണ്. ചിരട്ട ഉപയേയാഗിച്ച് കരകൗശല വസ്തുക്കളും, അക്കാതോടുകൾ കൊണ്ട് ബ്രഷുകളും, പൊടുന്നി ഇല കൊണ്ട് ഇൻസ്റ്റൻറ് പാത്രങ്ങളും നിർമ്മിക്കാവുന്നതാണ്.

## അനുബന്ധം 1

### കാർഷിക മേഖല പ്രശ്ന പരിഹാര നിർദ്ദേശങ്ങൾ.

1. കൃഷിഭവൻെറ പ്രവർത്തനങ്ങൾ കൂടുതൽ വികേന്ദ്രീകൃത പദ്ധതികളോടെ ഊർജ്ജിത മാക്കുക.

2. ഒരു ലക്ഷം യുവാക്കൾക്ക് തൊഴിൽ നൽകുന്ന പദ്ധതിയിൽ പഞ്ചായത്തടിസ്ഥാന ത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക. ഇതിന് പ്രാദേശിക നേതൃത്വവുമായി കൂടിയാ ലോചിച്ച് ഓരോ പഞ്ചായത്തിനും സ്വതന്ത്രമായ തീരുമാന സ്വാതന്ത്ര്യം അനുവദി ക്കുക.

3. എല്ലാ കോൾ പടവുകളുടേയും ബണ്ടുകൾ ഉയർത്തി പണിയുക.

4. മൃഗ സംരക്ഷണ വകുപ്പ് കൂടുതൽ ജനകീയ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുക.

5. വിളഇൻഷൂറൻസ് പദ്ധതികൾ കൂടുതൽ ഫലവത്താക്കുക.

6. കൃഷിഭവൻ മുഖേന ഉൽപ്പാദനോപാദി വിതരണം കാര്യക്ഷമമാക്കുക.

7. ഉൽപ്പാദന ബോണസും പമ്പിങ്ങ് സബ്സിഡിയും ഉയർത്തുക.

8. രാസവളം വിലക്കുറക്കുകയും ലഭ്യത വർദ്ധിപ്പിക്കുകയും ചെയ്യുക.

9. തോടുകൾ റിപ്പയർ ചെയ്ത് ആവശ്യമായ ചീർപ്പുകൾ കാലവിളംബം കൂടാതെ പണിതു കൊടുക്കുക.

10. ശുദ്ധജലമത്സ്യ പൊതുഞാറ്റടികൾ പ്രദർശനാർത്ഥം തയ്യാറാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കുക.

11. കാർഷിക വായ്പകൾ ഉദാരമാക്കുകയും വിളനഷ്ടം കണക്കാക്കി ഇളവുകൾ അനുവദി ക്കുകയും ചെയ്യുക.

12. പുഷ്പ -സസ്യ കൃഷി പദ്ധതികൾ ആവിഷ്ക രിക്കുക. വികേന്ദ്രീകൃത സസ്യ പുഷ്പ കൃഷി ഞാറ്റിടൽ കൂടുതൽ അനുവദിക്കുക.

13. എല്ലാ കോൾ പടവുകൾക്കും വ്യക്തികൾക്കും ട്രാക്ടർ, പവർ ട്രില്ലർ എന്നിവ സബ്സിഡി നിരക്കിൽ കാലതാമസമൊന്നും കൂടാതെ അനുവദിക്കുക.

14. അനുവദിക്കപ്പെട്ട പുഞ്ച സ്പെഷ്യൽ ഓഫീസ് ഉടനടി പ്രവർത്തനമാരംഭിക്കണം.

15. നെല്ലു സംഭരണ - സംസ്കരണ കേന്ദ്രങ്ങൾ സഹകരണ മേഖലയിൽ തുടങ്ങുക.

| *നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്* | | |
|---|---|---|
| **കാർഷികരംഗം** | | |
| നെൽകൃഷി | | |
| കോൾകൃഷി | - | 800 ഹെക്ടർ |
| വിരിപ്പ് | - | 60 ഹെക്ടർ |
| മുണ്ടകൻ | - | 80 ഹെക്ടർ |
| തെങ്ങ് | - | 392 ഹെക്ടർ |
| കവുങ്ങ് | - | 362 ഹെക്ടർ |
| കുരുമുളക് | - | 25 ഹെക്ടർ |
| നേന്ത്രവാഴ | - | 50 ഹെക്ടർ |
| കിഴങ്ങുകൾ | - | 5 ഹെക്ടർ |
| കപ്പ | - | 15 ഹെക്ടർ |
| പയറു വർഗ്ഗങ്ങൾ | - | 15 ഹെക്ടർ |
| ഇഞ്ചി | - | 5 ഹെക്ടർ |

16. തിരുത്തുമ്മൽ കോളിലുള്ള ഹൈലവൽ കനാൽ ആഴംകൂട്ടുക.

17. ബിയ്യം ഷട്ടർ റിപ്പയർ ചെയ്യുകയും ചക്രവട്ടം പദ്ധതി ഉടനെ നടപ്പിലാക്കുകയും വേണം.

18. ഒതല്ലൂരിൽ നിന്നും തുടങ്ങുന്ന 100 അടി തോട് ആഴം കൂട്ടുകയും ചേലക്കടവ്, നീല യിൽ, മണ്ണാങ്കട തുടങ്ങിയ ഭാഗത്ത് ബണ്ടുകൾ കെട്ടുകയും വേണം.

19. വിവിധ കാർഷികാനുബന്ധ ഏജൻസികൾ നൽകുന്ന സഹായപദ്ധതികൾ ഏകോപിപ്പിച്ച് കൃഷിഭവൻ മുഖേന യാക്കുക.

20. കൃഷി ഭവനിലെ കൃഷി അസിസ്റ്റൻ റുമാരുടെ എണ്ണം കൂട്ടുകയും രണ്ടു വാർഡു കൾക്ക് ഒരു കൃഷി അസിസ്റ്റൻറ് ഓഫീസ് എന്ന തോതിൽ പ്രവർത്തനമാരംഭിക്കുകയും, വാർഡുതലത്തിൽ കർഷക ക്ലബ്ബുകൾ അനുവദിക്കുകയും ചെയ്യുക.

# 5-3

# വ്യവസായം

മലപ്പുറം, തൃശൂർ ജില്ലകളുടെ അതിർത്തിയിലുള്ള നന്നംമുക്ക് പഞ്ചായത്ത് വ്യാവസായിക വികസനത്തിന് ധാരാളം സാധ്യതകൾ ഉള്ളതാണ്. ആലങ്കോട് നന്നംമുക്ക് പഞ്ചായത്തുകൾക്ക് അതിരിട്ടുകൊണ്ട് കടന്നു പോകുന്ന സറ്റേറ്റ് ഹൈവെ, ഗതാഗതത്തിന് സാധ്യതകൾ വർദ്ധിപ്പിക്കുന്നു. 1970 ൽ തന്നെ 19.36 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള ഈ പഞ്ചായത്തിൽ 60 കിലോ മീറ്റർ ടാർ ചെയ്ത റോഡുകളുണ്ട്. പഞ്ചായത്ത് വകയായുള്ള ചെമ്മൺ പാതകളും കുറവല്ല. ചുറ്റും കായലുകൾ ഉൾക്കൊള്ളുന്ന ഈ പഞ്ചായത്തിൽ ജലക്ഷാമവും താരതമ്യേന കുറവാണ്. തേങ്ങ, അടക്ക ഇവിടുത്തെ മുഖ്യ കാർഷികോൽപ്പന്നങ്ങളാണ്.

ഇത്രയെറെ ഭൗതിക സാഹചര്യങ്ങൾ ഒത്തിണങ്ങിയിട്ടും വ്യാവസായിക മുന്നേറ്റത്തിന് കളമൊരുങ്ങാത്തത് ദുരൂഹമായിരിക്കുന്നു.

വൻ വ്യാവസായങ്ങളൊന്നും തന്നെ ഈ ഗ്രാമ പഞ്ചായത്തിലില്ല. പഞ്ചായത്തിൽ ആകെ ഉള്ള 14 റൈസ് മില്ലുകളിൽ ഒരെണ്ണം മാത്രമാണ് ഉൽപ്പാദന യൂണിറ്റ്. 13 എണ്ണവും ജോബ് വർക്ക് യൂണിറ്റുകളാണ്. 800 ഹെക്ടർ കായൽ കൃഷിയുള്ള ഈ പഞ്ചായത്തിൽ, നെല്ല് മറ്റു സ്ഥലങ്ങളിലാണ് സംസ്കരിച്ചെടുക്കുന്നത്.

നാല് മരമില്ല് (അറക്കമില്ല്)കളിൽ മൂന്നെണ്ണം പ്രവർത്തിക്കുന്നുണ്ട്. തടിയുടെ ലഭ്യതക്കുറവ് ഈ വ്യവസായത്തെ പ്രതിസന്ധിയിൽ എത്തിച്ചിരിക്കുന്നു.

114 കുടിൽ വ്യവസായ യൂണിറ്റുകൾ പഞ്ചായത്തിനകത്ത് ഉള്ളതായാണ് ഔദ്യോഗിക കണക്ക്. മുളയുടെ ലഭ്യത ഇല്ലായ്മ മൂലംഒരൊറ്റ കേന്ദ്രിലും പ്രവർത്തനം നടക്കുന്നില്ല.

വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം നാമമാത്രമാണ്. നിലവിലുള്ള വ്യവസായ യൂണിറ്റുകളും തൊഴിലാളികളുടെ എണ്ണവും പട്ടിക ഒന്നിൽ കൊടുക്കുന്നു.

| നമ്പർ | ഇനം | എണ്ണം | തൊഴിലാളികൾ | | പ്രവർത്തനക്ഷമത |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | |
| 1 | റൈസ് മിൽ<br>കൊപ്രമിൽ | 14<br>1 | 18<br>2 | - | ഒരെണ്ണം മാത്രം ഉൽപ്പാദന യൂണിറ്റ് |
| 2 | തടി വ്യവസായം | 4 | 6 | - | ഒരെണ്ണം പൂർണ്ണമായി നിലച്ചിരിക്കുന്നു. |
| 3 | അച്ചടി | 3 | 3 | 3 | |
| 4 | ചെരുപ്പ് | 1 | 1 | - | |
| 5 | ഹോളോ ബ്രിക്സ | 2 | 4 | | |
| 6 | എഞ്ചി. വ്യവസായം | 4 | 8 | - | രണ്ട് ഓട്ടോ മെബൈൽ വർക്ക് ഷോപ്പ്. 2 വെൽഡിങ്ങ് യൂണിറ്റ് |

| നമ്പർ | ഇനം 233 | എണ്ണം | തൊഴിലാളികൾ | | പ്രവർത്തനക്ഷമത |
|---|---|---|---|---|---|
| | | | പുരുഷൻ | സ്ത്രീ | |
| 7 | സോപ്പ് നിർമ്മാണം | 1 | 1 | - | - |
| 8 | ഓട്ടോ സർവ്വീസ് സെൻറർ | 2 | 2 | - | - |
| 9 | സർവ്വീസ് സ്റ്റേഷൻ | 1 | 2 | - | - |
| 9 | കുടിൽ വ്യവസായം | 114 | - | - | അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യമില്ലായ്ക, പ്രവർത്തിക്കുന്നില്ല. |
| 11 | ഐസ് ക്രീം | 1 | 2 | - | - |

## കുടിൽ വ്യവസായ യൂണിറ്റുകൾ

മുള ഉപയോഗിച്ചുള്ള കുടിൽ വ്യവസായ യൂണിറ്റുകൾ പൂർണ്ണമായും നിലച്ചിരിക്കുകയാണ്. മുളയുടെ ലഭ്യതക്കുറവാണ് കാരണം. ചാലക്കുടി മേഖലയിൽ നിന്നും മുള കൊണ്ടു നിർമ്മിച്ച വസ്തുക്കൾ ഇവിടെ വിൽപ്പന നടത്തുന്നുണ്ട്. ഒരു വെങ്കല പാത്ര യൂണിറ്റ് (ഭാഗികമായി) പ്രവർത്തിക്കുന്നു.. 11 ഇരുമ്പു പണിക്കാർ കുടുംബങ്ങൾ പഞ്ചായത്തിനകത്തുണ്ടെങ്കിലും ഏഴെണ്ണം മാത്രമെ പ്രവർത്തിക്കുന്നുള്ളൂ.

## പ്രശ്നങ്ങൾ.

പഞ്ചാത്തിലെ 73% ജനങ്ങൾ സാക്ഷരരാണ്. ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവരുടെ ഉയർന്ന വരുമാനം ഇവിടുത്തെ ജീവിത നിലവാരം ഉയർത്തിയിരിക്കുന്നു. വാർത്താ വിനിമയവും, ഗതാഗത സൗകര്യങ്ങളും ഈ പ്രദേശത്ത് താരതമ്യേന നല്ല നിലവാരം പുലർത്തുന്നു. സുഖസൗകര്യങ്ങളോടെ ജീവിക്കുന്നതിൽ തൽപ്പരരായ ജനങ്ങളാണിവിടെ. എന്നെല്ലാമായിട്ടും വ്യവസായിക വളർച്ച പ്രാപിക്കാൻ കഴിയാത്തത് താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണ്.

1. ഭൂമിയുടെ ഉയർന്ന വില. വ്യവസായങ്ങളുടെ സ്ഥാപനത്തിന് തടസ്സമാകുന്നു.

2. പതിനാലു റൈസ് മില്ലുകളുണ്ടെങ്കിലും ഒന്നു മാത്രമാണ് ഉൽപ്പാദന യൂണിറ്റ്. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന നെല്ല് അങ്കമാലി മേഖലയിലാണ് അരിയാക്കുന്നത്.

3. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, 114 കുടിൽ വ്യവസായങ്ങളെതകർത്തിരിക്കുന്നു. ചൂരൽ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ, ഇവയിൽ പരിശീലനം നൽകുകയും, മുളയുടെ ലഭ്യത ഉറപ്പാക്കുകയും വേണം.

4. നാളികേര വ്യവസായത്തെ പ്രയോജനപ്പെടുത്തുന്നില്ല.

5. നിലവിലുള്ള വൈദ്യുത വിതരണ സമ്പ്രദായത്തിൽ കാര്യമായ മാറ്റം വരണം.

6. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം പ്രത്യുൽപ്പാദന മേഖലയിൽ പ്രയോജനപ്പെടുത്തുന്നില്ല.

7. വനിതകൾക്ക് തൊഴിലവസരങ്ങൾ വളരെ കുറവാണ്.

8. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിലാളികളുടെ അഭാവം.

9. വ്യവസായ സംരംഭകരുടെ കുറവ്.

10. വ്യവസായ മേഖലയുമായി ബന്ധപ്പെട്ട ശാസ്ത്രീയമായ അറിവില്ലായ്മ.

11. മര വ്യവസാവുമായി ബന്ധപ്പെട്ട തടികളുടെ കുറവ്.

12 തടി വ്യവസായം അഭിവൃദ്ധിപ്പെടുത്താനുപയോഗിക്കുന്ന യന്ത്ര സാമഗ്രികളെ കുറിച്ചുള്ള അറിവില്ലായ്മ.

13. ഡിപ്പാർമെൻറുകളുടെ കർക്കശമായ നിയന്ത്രണം.

14. നിലവിലുള്ള വ്യവസായങ്ങളിലെ

കുറഞ്ഞ കൂലി നിരക്ക്.

15. തൊഴിൽ മേഖലയിലെ സുരക്ഷിതത്വ ക്കുറവ്.

## സാധ്യതകൾ

1. സാങ്കേതിക പരിശീലനം നൽകിയും, ചൂരൽ, മുള തുടങ്ങിയ അസംസ്കൃത വസ്തുക്കൾ, സിഡ്കോ വഴി വിതരണം ചെയ്തും, നിലവിലുള്ള കുടിൽ വ്യവസായ യൂണിറ്റുകൾ പുനാരാരംഭിക്കുക.

2. മുഖ്യ കാർഷികോൽപ്പന്നങ്ങളിലൊന്നായ നാളികേരം ശാസ്ത്രീയമായ രീതിയിൽ സംസ്ക രിച്ചെടുക്കാൻ പരിശീലനം നൽകി വ്യവസായ രംഗത്ത് പ്രയോജനപ്പെടുത്തണം (ഡ്രയൽ യൂണിറ്റ്, കൊപ്ര പ്രൊസ്സസിങ്ങ്)

3. പച്ചത്തൊണ്ടിൽ നിന്ന് കയറും കയറുൽപ്പ ന്നങ്ങളുമുണ്ടാക്കുന്ന വ്യവസായ യൂണിറ്റിന് സാധ്യത ഏറെയുണ്ട്. ധാരാളം സ്ത്രീകൾക്ക് ഈ മേഖലയിൽ തൊഴിൽ കൊടുക്കാനാകും. ഈ മേഖലയിൽ മുന്നോട്ടു വരാൻ തയ്യാറുള്ള വ്യവസായ സംരംഭകരുമുണ്ട്.

4. ഖാദി ഗ്രാമ വ്യവസായ ബോർഡിൻെറ കീഴിലുള്ള വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ സാധ്യതകളുണ്ട്. സ്ത്രീകളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിൽ ഖാദി യൂണിറ്റുകൾക്ക് ഒരളവോളം സഹായിക്കാനാവും. 11, 6, 7വാർഡുകളിൽ ഖാദി യൂണിറ്റ് പ്രയോജനം ചെയ്യും.

5. രോഗ പ്രതിരോധ ശേഷിയുള്ളതും വർഷം തോറും 14 കി.ഗ്രാം. വരെ തേൻ നൽകുന്നതുമായ ഇറ്റാലിയൻ തേനീച്ച വളർത്തൽ പഞ്ചായത്തിലുട നീളം പ്രചരിപ്പിക്കണം.

6. പരമ്പരാഗതമായ ഇരുമ്പുപണിയിലേർപ്പെട്ട 11 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ആധുനിക കാർഷിക ഉപകരണങ്ങൾ റിപ്പയർ ചെയ്യുന്നതിൽ ഈ കുടുംബങ്ങൾക്ക് പരിശീലനം നൽകി, കൊയത്ത്, നടീൽ, മെതി യന്ത്രങ്ങൾ പ്രചരിപ്പിക്കണം.

7. ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം മുഖ്യമായും കെട്ടിട നിർമ്മാണ രംഗത്താണ് പ്രയോജനപ്പെടുന്നത്. ഈ സ്ഥിതിക്ക് മാറ്റം വരുത്തി ഉൽപ്പാദന മേഖലയിൽ പണം മുടക്കാൻ ബോധപൂർവ്വമായ പ്രചരണം വേണം.

8. എഞ്ചിനീയറിങ്ങ്വ്യവസായത്തിന് പഞ്ചായ ത്തിൽ ധാരാളം സാധ്യതകളുണ്ട്. ശാസ്ത്രീയമായ പരിശീലനവും ആധുനിക യന്ത്രങ്ങളും ഈ മേഖലയിൽ പ്രചരിപ്പിക്കണം.

9. മോട്ടോർ വാഹനങ്ങൾ റിപ്പയർ ചെയ്യുന്ന യൂണിറ്റുകൾ ശാസ്ത്രീയമായല്ല ഇന്ന് പ്രവർത്തി ക്കുന്നത്. ഈ രംഗത്ത് ശാസ്ത്രീയമായ പരിശീല നവും, ആധുനിക യന്ത്രങ്ങളും പ്രചരിപ്പിക്കു ന്നതു വഴി തൊഴിൽ സാധ്യത മെച്ചപ്പെടും.

10. പഞ്ചായത്തിനകത്തും പുറത്തുമായി 5 പ്രിൻറിങ്ങ് പ്രസ്സുകളുണ്ടെങ്കിലും മെച്ചപ്പെട്ട അച്ചടിവേലകൾക്ക് കുന്നംകുളത്തോ ശിവകാ ശിയിലോ പോകേണ്ട അവസ്ഥയാണുള്ളത്. ഓഫ്സെറ്റ് പ്രിൻറ്റിങ്ങ് പ്രസ് ഈ മേഖലയിൽ ലാഭകരമായി നടത്താൻ കഴിയും.

11. പഞ്ചായത്തിനകത്തെ ഫോട്ടോ സ്റ്റുഡിയോ കൾ ആകർഷകമായ തൊഴിൽ മേഖലയാണ്. സ്റ്റുഡിയോകളുടെ ആധുനിക വൽക്കരണത്തിന് ഊന്നൽ കൊടുക്കണം.

12. പഞ്ചായത്തിനകത്തുള്ള തുകൽ തൊഴിലാ ളികൾക്ക് ലതർ ടെക്നോളജിയിൽ സാങ്കേതിക പരിശീലനം നൽകി ലതർ ഷൂ ഉൽപ്പാദന യൂണിറ്റ് ലാഭകരമായി ആരംഭിക്കാൻ കഴിയും.

13. ഇലക്ട്രിക്കൽ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്ന യൂണിറ്റുകൾ ഒ.പി.സി വ്യവസ്ഥയിൽ ആരംഭി ച്ചാൽ തൊഴിൽ നൽകാനും, വിപണി കണ്ടെ ത്താനും പ്രയാസമുണ്ടായിരിക്കയില്ല.

14, ശാസ്ത്രീയമായ രീതിയൽ ആധുനിക യന്ത്രങ്ങളുപയോഗിച്ച് റെഡിമെയ്ഡ് വ്യവ സായം, സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കും. സാങ്കേതിക പരിശീലനം നൽകുന്നതോടൊപ്പം മാറുന്ന ഫാഷനെ കുറിച്ച് അവബോധം ഉണ്ടാക്കുകയും വേണം.

15. ഖാദി ഗ്രാമ വ്യവസായ ബോർഡിൽ നിന്ന് ചുരുങ്ങിയ പലിശക്ക് പണമെടുത്ത് പപ്പട വ്യവസായ ത്തെ യന്ത്രവൽക്കരിക്കാം.

16. കായൽ കൃഷിയിടങ്ങളിലെ കൊയ്ത്തുകാലത്ത് നെല്ല് സംഭരിച്ച് പഞ്ചായത്തിനകത്തെ മില്ലുകളിൽ അരിയാക്കാനുള്ള പ്രവർത്തനം നടത്തണം. ഇക്കാര്യത്തിൽ സഹകരണസംഘങ്ങളുടെയും ഇതര സർക്കാർ ഏജൻസികളുടേയും സേവനം പ്രയോജനപ്പെടുത്താം.

17 മുട്ട കോഴിവളർത്തൽ, (ബാക്ക് )യൂണിറ്റുകൾ സ്ഥാപിക്കണം

18. ആധുനിക യന്ത്രങ്ങളുപയോഗിച്ച് കറി പൗഡർ നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുകയും, കമ്മീഷൻ വ്യവസ്ഥയിൽ വനിതാ റെപ്രസെ ൻേററ്റീവുകളെ നിയമിക്കുകയും ചെയ്യുക.

19. പഞ്ചായത്തിനകത്ത് അറവു ശാലകൾ വളരെ അശാസ്ത്രീയമായി പ്രവർത്തിക്കുന്നു. ആധുനിക രീതിയിലുള്ള അറവു ശാലകൾ, ശീതസംഭര

ണികൾ എന്നിവ ഏർപ്പെടുത്തണം.

20. അറവുശാലകളിലേയും മത്സ്യമാർക്കറ്റിലേയും അവശിഷ്ടങ്ങൾ വലിയ തോതിൽ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാക്കുന്നു. അറവുശാലകളിലെ അവശിഷ്ടങ്ങളും, പച്ചക്കറി മാർക്കറ്റിലെ അവശിഷ്ടങ്ങളും ചേർത്ത് ശാസ്ത്രീയമായ രീതിയിൽ ജൈവവളം ഉൽപ്പാദിപ്പിക്കുന്ന യൂണിറ്റ് ഏർപ്പെടുത്തണം. പട്ടികജാതി കോളനികൾ കേന്ദ്രീകരിച്ച് 10 ആടുകൾ വീതം നൽകി ശാസ്ത്രീയമായ പരിചരണത്തിലൂടെ മാംസത്തിൻെറ ഉൽപ്പാദനം വർദ്ധിപ്പിക്കാം. മാർക്കറ്റിങ്ങിന് ഒരിക്കലും പ്രയാസം നേരിടുകയില്ല.

21. ചിരട്ടക്കരി ഉപയോഗിച്ച് കാർബൺ ബ്ലോക്കുകൾ ഉണ്ടാക്കുന്ന വ്യവസായത്തിന്, സംരഭകർ മുന്നോട്ടുവന്നതായി 8, 7, വാർഡുകളിൽ നിന്നും ഗ്രാമ സഭാ റിപ്പോർട്ടുകളിൽ വന്നതായിരുന്നു.

22. പഞ്ചായത്തിലെ വാർഡ് 4ൽ കൃഷ്ണ തിയേറ്ററിന് സമീപവും, വാർഡ് 3 ൽ കാഞ്ഞിയൂർ പാടത്തും, വാർഡ് 11ൽ മടത്തിപ്പാടത്തും പാടം നികത്തി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ10 ഷെഡ്ഡുകൾ വീതമുള്ള മിനി വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിച്ച് വ്യവസായി കളെ ആകർഷിക്കണം.

23. വ്യവസായ സംരഭകരുടെ ലിസ്റ്റ് തയ്യാറാക്കി പരിശീലനം നൽകുന്ന ഏജൻസികളുമായി ബന്ധപ്പെട്ട് പരിശീലിപ്പിച്ചെടുക്കുവാൻ പഞ്ചായത്ത് മുൻകൈയെടുക്കണം.

24 ആധുനിക കൃഷിയന്ത്രങ്ങൾ വാങ്ങാൻ സഹകരണ സംഘങ്ങൾ വഴി ശ്രമം നടത്തുകയും തവനൂർ കാർഷിക എഞ്ചിനീയറിങ്ങ് കോളേജിൽ നിന്ന് ബന്ധപ്പെട്ടവർക്ക് പരിശീലനം നൽകുകയും വേണം.

25. ദേശ സാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുമായി ബന്ധപ്പെട്ട് വ്യവസായ സംരഭകർക്ക് ലളിതമായ വ്യവസ്ഥയിൽ കടം കിട്ടാനുള്ള ഏർപ്പാടുണ്ടാക്കണം.

26. ചങ്ങരംകുളം മേഖലയിലെ ബേക്കറികളിലധികവും ബേക്കിങ്ങ് യൂണിറ്റുകൾ ഉള്ളവയല്ല. അന്യസ്ഥലങ്ങളിൽ നിന്ന് സാധനങ്ങൾ വാങ്ങി വിൽപ്പന നടത്തുന്നു. വീടുകൾ കേന്ദ്രീകരിച്ച് ഗുണമേൻമയുള്ള ബേക്കറിയുൽപ്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നത് ആദായകരമായിരിക്കും.

27. 11ാം വാർഡിൽ നിന്നും അവിൽ ഉൽപ്പാദന യൂണിറ്റ് തുടങ്ങാൻ മുന്നോട്ട് വന്നിട്ടുണ്ട്.

# 5-4



റിട്ടയേർഡ് വിദ്യാഭ്യാസ ജോ.ഡയരക്ടർ ശ്രീ. പകരാവൂർ മനക്കൽ ചിത്രൻനമ്പൂതിരിപ്പാട് അവർകൾ, 1946 ൽ സ്ഥാപിച്ചതും, 1958 ൽ കേരള സർക്കാറിന് ഒരു രൂപ പ്രതിഫലത്തിന് കൈമാറിയതുമായ, ഏക്കറുകൾ അടങ്ങുന്ന സ്ഥലവും കെട്ടിടങ്ങളും

# വിദ്യാഭ്യാസം

*''വിദ്യാധനം സർവ്വധനാൽ പ്രധാനം''*

സാർവത്രികമായ വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ ലോക ശരാശരിയുടെ മുകളിലാണ് [redacted] കേരള സംസ്ഥാനത്തിൻെറ സ്ഥാനം. പക്ഷെ വിദ്യാഭ്യാസ ഗുണമേൻമയുടെ കാര്യത്തിൽ നാം വളരെ പിന്നിലാണ്. നിലവിലുള്ള പദ്ധതിയിൽ കാര്യമായ അഴിച്ചു പണി നടത്തുന്നതിനെ കുറിച്ച്‌വിദ്യാഭ്യാസ രംഗത്തെ പ്രമുഖർ ചിന്തിച്ചു കൊണ്ടിരിക്കുന്നു.

സാർവത്രികമായ വിദ്യാഭ്യാസത്തിൻെറ രംഗത്തും ഗണനീയ സ്ഥാനം നന്നമുക്ക് ഗ്രാമ പഞ്ചായത്തിനുണ്ട്. 5 വയസ്സിന് മേൽ പ്രായമുള്ള കുട്ടികളെയെല്ലാം വിദ്യാലയങ്ങളിൽ പ്രവേശിപ്പിച്ചുകഴിഞ്ഞതായി നാം ഉറപ്പു വരുത്തിയിട്ടുണ്ട്. പ്രൈമറി വിദ്യാഭ്യാസ രംഗത്തെ കൊഴിഞ്ഞ് പോക്ക് ഗണ്യമായ തോതിൽ കുറച്ചു കൊണ്ടുവരാൻ ബോധപൂർവ്വമായ പരിശ്രമത്തിൻെറ ഫലമായി കഴിഞ്ഞിട്ടുണ്ട്.

സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിൽ, ഈ പ്രദേശത്തും വിദ്യാഭ്യാസ കാര്യങ്ങളിൽ വളരെ പിറകിലായിരുന്നു. ചാതുർ വർണ്ണ്യത്തിൻെറ വേലിക്കെട്ടുകൾ, ശൂദ്രനെ പൂർണ്ണമായും വിദ്യാഭ്യാസത്തിൽ നിന്നകറ്റി. എഴുത്തു പള്ളിക്കൂടങ്ങളും ഓത്തുപള്ളിക്കൂടങ്ങളും ന്യൂനപക്ഷം ജനങ്ങൾക്കുമാത്രമേ പ്രയോജനപ്പെട്ടിരുന്നുള്ളൂ.

മലബാർ മേഖലയിൽ എഴുത്തച്ഛൻ സമുദായമാണ് മിക്കവാറും പള്ളിക്കൂടങ്ങൾ നടത്തിയിരുന്നത്. വിദ്യാഭ്യാസ കാര്യങ്ങളിൽ പണ്ടുമുതൽക്കേ മുന്നിലായിരുന്ന തിരുക്കൊച്ചി സംസ്ഥാനത്തിൻെറ തൊട്ടടുത്ത് കിടക്കുന്ന ഈ പ്രദേശം അന്നും മലബാറിലെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് മുന്നിലായി രുന്നു എന്നു കാണാം.

ഇന്നത്തെ രീതിയിലുള്ള പൊതു വിദ്യാഭ്യാസത്തിന് ഈ പ്രദേശത്ത് തുടക്കം കുറിച്ചത് 1912ലാണ്. ഇപ്പോൾ പഞ്ചായത്ത് ഓഫീസ് സ്ഥിതി ചെയ്യുന്ന സ്ഥലത്ത് പെരുമ്പാൾ ചങ്ങു എന്ന ആളാണ്ആദ്യത്തെ പ്രൈമറി വിദ്യാലയം സ്ഥാപിച്ചത്. വർഷങ്ങൾക്കു ശേഷം പട്ടിക്കാട് നാരായണൻ എന്ന ആൾ പ്രസ്തുത വിദ്യാലയത്തിന് പുതിയ കെട്ടിടമുണ്ടാക്കി കല്ലൂർമ്മയിലേക്ക് മാറ്റി.

പിടി. ഭാസ്കരപ്പണിക്കരുടെ നേതൃത്വത്തിൽ മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നതിനുശേഷം ഈ പ്രദേശത്ത് 4 എൽ.പി. സ്കൂളുകളും ഒരു യു.പി. സ്കൂളും നിർമ്മിച്ചു. സെക്കണ്ടറി വിദ്യാഭ്യാസം നേടുവാൻ ഈ പ്രദേശത്തുകാർ കുമരനെല്ലൂർ ഗവ:ഹൈസ്ക്കൂളിനേയും, പഴഞ്ഞി ഹൈസ്ക്കൂളിനേയും, വെട്ടത്തു പുതിയങ്ങാടി ഗേൾസ് ഹൈസ്ക്കൂളിനേയുമാണ് ആശ്രയിച്ചിരുന്നത്.

ബ്രിട്ടീഷ് സാമ്രാജ്യത്തോടുള്ള കഠിനമായ എതിർപ്പ്, ഭൗതിക വിദ്യാഭ്യാസത്തിൽ നിന്ന് മുസ്ലീം കളെ ഒഴിച്ചു നിർത്തി. മുസ്ലീം പെൺകുട്ടികൾ ഭൗതിക വിദ്യാഭ്യാസം നേടുന്നത് കടുത്ത അപരാധമായാണ് കണക്കാക്കിയിരുന്നത്. ഇത്ര കഠിനമായ എതിർപ്പുകളെഅവഗണിച്ച് 8 ാംതരം വരെ പഠിച്ച പള്ളിക്കരയിലെ നബീസ എന്ന മഹതി അനുഭവിച്ച പീഡനങ്ങളുടെ കഥ ആരെയും കരളലിയിപ്പിക്കാൻ പോന്നതാണ്.

ഇത്ര വലിയ തോതിൽ അല്ലെങ്കിലും മുസ്ലിം ആൺ കുട്ടികളുടെയും മറ്റു താഴ്ന്ന ജാതിക്കാരുടെയും കഥകളും വ്യത്യസ്തമായിരുന്നില്ല. ഇതിൽ എടുത്തു പറയേണ്ട മറ്റൊരുവിഭാഗമാണ് ഹരിജൻ പുരുഷ സ്ത്രീ വിഭാഗങ്ങൾ.

1946 ലാണ് മൂക്കുതലയിൽ ഒരു ഹൈസ്ക്കൂൾ സ്ഥാപിതമായത്. പകരാവൂർ മനയിലെ ചിത്രൻ നമ്പൂതിരിപ്പാടാണ് ഈ വിദ്യാലയം സ്ഥാപിച്ചത്. മാറഞ്ചേരി, വെളിയങ്കോട്, ആലങ്കോട്, പെരുമ്പടപ്പ്, നന്നംമുക്ക് പഞ്ചായത്തുകളിൽ ഒട്ടനവധി പേർക്ക് വിദ്യാസമ്പന്നരാകാൻ കഴിഞ്ഞത് മഹാനായ ചിത്രൻ നമ്പൂതിരിപ്പാട് ഈ വിദ്യാലയം സ്ഥാപിച്ചത് കൊണ്ടാണ്. ഈ ഗ്രാമ പഞ്ചായത്തിൻെറ വിദ്യാഭ്യാസ പുരോഗതിയിൽ നിർണ്ണയാക സ്ഥാനമാണ് അദ്ദേഹത്തിനുള്ളതെന്ന് തങ്കലിപികളാൽ എഴുതപ്പെട്ടിരിക്കയാണ്.

ഇന്ന് മൂക്കുതല ഗവ: ഹൈസ്ക്കൂളിൻെറ സ്ഥിതി പരിതാപകരമാണ്. വർഷങ്ങളായി അറ്റകുറ്റപ്പണി നടത്താത്തതുകൊണ്ട് കെട്ടിടങ്ങൾ പലതും അപകടകരമായ സ്ഥിതിയിലാണ്. വേണ്ടത്ര അധ്യാപകരില്ലാത്ത അവസ്ഥയും, പഠനോപകരണങ്ങളുടേയും, കെട്ടിടം, ഫർണീച്ചർ തുടങ്ങിയവയുടേയും അഭാവം ഇടത്തരക്കാരൻേറയും, സാധാരക്കാരൻേറയും മക്കൾക്ക് പഠനത്തിൽ നീതി നിഷേധിക്കുന്നു. പ്രസ്തുത വിദ്യാലയത്തിൽ നിലനിന്നിരുന്ന 'വൊക്കേഷണൽ ഹയർ സെക്കണ്ടറി കോഴ്സ് ' മൂന്ന് വർഷമായി പ്രവർത്തിക്കുന്നില്ല. ഒരു കമ്പ്യൂട്ടർ കോഴ്സ് അനുവദിച്ചത് ഇനിയും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ഇല്ലായ്മയുടെ പട്ടിക മാത്രം നിരത്താനുള്ള പ്രസ്തുത വിദ്യാലയം ഇപ്പോൾ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ തയ്യാറെടുക്കുന്നു.

ഇല്ലായ്മയുടെ നടുവിലും പ്രത്യാശയുടെ നാമ്പുകളുണ്ട്. 1957-58 ൽ ഒരു രൂപ പ്രതിഫലത്തിന് സർക്കാറിലേക്ക് കൈമാറിയ ഈ സ്ഥാപനത്തിലെ എസ്. എസ്. എൽ. സി വിജയശതമാനം വളരെ താഴ്ന്ന നിലയിലെത്തിയിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷമായി വിജയ ശതമാനത്തിൽ കാണുന്ന വർദ്ധനവ് നേരിയതെങ്കിലും പ്രത്യാശ നൽകുന്നു. അധ്യാപകരുടേയും, രക്ഷിതാക്കളുടേയും , വിദ്യാർത്ഥികളുടേയും കൂട്ടായ്മ ഇതിനു പിന്നിലുണ്ടെന്ന് പറയാതിരിക്കാൻ വയ്യ.

ഗ്രാമ പഞ്ചായത്തിൽ ഇന്നു നിലവിലുള്ള പ്രൈമറി വിദ്യാലയങ്ങളുടേയും സ്ഥിതി മെച്ചമല്ല. സർക്കാർ മേഖലയിൽ ഇന്നു നിലവിലുള്ള ഒരൊറ്റ പ്രൈമറി സ്കൂളിനും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. സ്വകാര്യ സ്ഥലത്താണ് പ്രവർത്തിക്കുന്നത്. അതുകൊണ്ടു തന്നെ സ്ഥലപരിമിതി പഠനത്തെ ആഴത്തിൽ ബാധിക്കുന്നു. കുട്ടികളെ അധ്യാപകന് കൂടുതൽ ശ്രദ്ധചെലുത്തി പഠിപ്പിക്കാനുതകുംവിധം അധ്യാപക വിദ്യാർത്ഥി അനുപാതം ഇനിയും കുറയേണ്ടതുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ, അധ്യാപകരുടെ പുനഃപരിശീലനം, മൂല്യനിർണ്ണയത്തിൽ കാലോചിതമായ മാറ്റം എന്നിവ പ്രൈമറി, സെക്കണ്ടറി വിദ്യാഭ്യാസത്തിൻെറ പുരോഗതിക്ക് അനിവാര്യമാണ്.

പാഠപുസ്തകങ്ങൾ സമയത്തിനു ലഭിക്കായ്മ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് ഒരു ശാപമായി മാറിയിരിക്കുന്നു. സിലബസ്സിൻെറ കാഠിന്യം കുറച്ചേതീരൂ. കൂടുതൽ പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യ ഉപകരണങ്ങൾ, ഫർണീച്ചറുകൾ, ലാബററ്ററി ഉപകരണങ്ങൾ ,നല്ല ലൈബ്രറി എന്നിവയും ലഭ്യമാക്കേണ്ടതാണ്.

**കഴിഞ്ഞ അഞ്ചു വർഷത്തെ എസ്. എസ്. എൽ. സി. വിജയ ശതമാനം**

| 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 18% | 18% | 19% | 20% | 25% |

## പ്രീ-പ്രൈമറി തലം

പിഞ്ചുകുഞ്ഞുങ്ങളുടെ ശാരീരികവും, മാനസികവുമായ വളർച്ചക്ക് അനുപേക്ഷണീയമായ ഘടകമാണ് പ്രീ-പ്രൈമറി വിദ്യാഭ്യാസം. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് അടുത്തകാലത്തായി സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്. പഞ്ചായത്തിലിന്ന് 26 അംഗൻവാടികളുണ്ട്. ഇവയിലെല്ലാം കൂടി മുന്നൂറ് കുട്ടികളോളമുണ്ട്. എണ്ണത്തിലുള്ള വർദ്ധനവിനനുസരിച്ച് അംഗൻവാടികളുടെ സൗകര്യങ്ങൾ വർദ്ധിച്ചിട്ടില്ല. രണ്ട് അംഗൻ വാടികൾ മാത്രം സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. മറ്റുള്ളവക്ക് സ്ഥലവും കെട്ടിടവുമുണ്ടാക്കാനുള്ള ശ്രമം വഴിമുട്ടി നിൽക്കുന്നു. പിഞ്ചോമനകൾക്ക് മാനസികോല്ലാസമുണ്ടാക്കുന്ന തരത്തിൽ

അംഗൻവാടികളിൽ വൃത്തിയുള്ള സ്ഥിരം കെട്ടിടങ്ങളും കളിക്കോപ്പുകളുംഅനിവാര്യമാണ്. പക്ഷേ സ്ഥിതി വളരെ പരുങ്ങലിലാണ്. കളിക്കോപ്പുകൾ മാത്രമല്ല, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സാഹചര്യങ്ങൾ പോലും ലഭ്യമല്ല. സന്തുഷ്ടനും ആരോഗ്യവാൻമാരുമായി വരും തലമുറ വളർന്നുവരാൻ ഒട്ടനവധി കാര്യങ്ങൾ ഈ രംഗത്ത് ചെയ്തു തീർക്കാൻ ഗ്രാമ പഞ്ചായത്തിനു ബാധ്യതയുണ്ട്.

## അൺ എയ്ഡഡ് മേഖല

സർക്കാർ മേഖലയിലും സ്വകാര്യമേഖലയിലുമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അസൗകര്യവും ഗുണ നിലവാര തകർച്ചയുമായിരിക്കാം സമ്പന്നരായ ഒരു വിഭാഗത്തെ, തങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് അൺ എയ്ഡഡ് മേഖല തെരഞ്ഞെടുക്കാൻ പ്രേരിപ്പിച്ചത്. പക്ഷെ ഈ മേഖലയിൽ സ്ഥാപനങ്ങൾ തുറക്കുന്നവരുടെ ലാഭക്കൊതിയും, ആരോഗ്യകരമല്ലാത്ത മത്സര ബുദ്ധിയും സമൂഹത്തിന് ദൂരവ്യാപകമായ അനന്തരഫലങ്ങളുണ്ടാക്കുന്നു എന്നതാണ് വിദഗ്ദമതം. അൺ എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസം സമൂഹത്തിലിന്ന് സ്റ്റാറ്റസിൻെറ കൂടി പ്രശ്നമായിരിക്കുന്നു. പഞ്ചായത്തിനകത്തും പുറത്തുമായി, ഒട്ടനവധി അൺ എയ്ഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ വിദ്യാർത്ഥികൾ പഠിക്കുന്നു. അൺ എയ്ഡഡ് വിദ്യാലയങ്ങളധികവും മത സംഘടനകൾ നടത്തുന്നവയാണ്.

## പാരലൽ കോളേജുകൾ

വിദ്യാഭ്യാസത്തിൻെറ യഥാർത്ഥ ലക്ഷ്യം ജനങ്ങൾ മറന്നുപോയത് പോലെ തോന്നുന്നു. കൂടുതൽ മാർക്ക് നേടലാണ് വിദ്യാഭ്യാസ ലക്ഷ്യം എന്നു വന്നിരിക്കുന്നു. ഇതോടുകൂടി ഇതര പ്രദേശങ്ങളെ പോലെ നന്നംമുക്ക് പഞ്ചായത്തിലും നിത്യേനയെന്നോണം പാരരലൽ കൊളേജുകൾ മുളച്ചുവരുന്നു. പല പാരലൽ കോളേജുകളും കൊള്ളിമീൻ പോലെ മിന്നി മറയുന്നു, ചിലതു മാത്രം അവശേഷിക്കുന്നു. സ്കൂളിൽ പോകുന്ന ബഹുഭൂരിഭാഗവും പാരലൽ കോളേജുകളിൽ പോകുന്നുണ്ടെന്നതാണ് സത്യം. അതുകൊണ്ടുതന്നെ ഔപചാരിക വിദ്യാഭ്യാസത്തിന് രണ്ടാം സ്ഥാനമേ രക്ഷിതാക്കളും വിദ്യാർത്ഥികളും നൽകുന്നുള്ളൂ എന്ന് തോന്നിപ്പോകും. ബിരുദ പഠനത്തിനും പാരലൽ കേളേജുകളെ ആശ്രയി ക്കുന്നവരും കുറവല്ല. പ്രീഡിഗ്രിയുടെ സീറ്റ് വർദ്ധിപ്പിക്കാത്തതും പത്താം തരം പാസ്സായ എല്ലാവർക്കും കോളേജുകളിൽ പോകണമെന്ന് താൽപര്യമുള്ളതും പാരലൽ കോളേജുകൾ മുതലെടുക്കാറുണ്ട്.

## ഉന്നത വിദ്യാഭ്യാസ രംഗം

ഉന്നത വിദ്യാഭ്യാസത്തിന് നന്നംമുക്ക് പഞ്ചായത്തിലെ കുട്ടികൾക്ക് വളരെ പ്രയാസമാണ്. ഏറ്റവുമടുത്തുള്ള പൊന്നാനി എം. ഇ. എസ് കോളേജിലേക്ക് 18 കിലോമീറ്റർ ദൂരമുണ്ട്. വളാഞ്ചേരി എം. ഇസ്. എസ്. കോളേജ്. പട്ടാമ്പി സംസ്കൃത കോളേജ്, പഴഞ്ഞി എം. ഡി. കോളേജ്, ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജ് ഗുരുവായൂർ ശ്രീകൃഷ്ണ കോളേജ് എന്നിവിടങ്ങളിലാണ് നന്നംമുക്ക് പഞ്ചായത്തിലെ വിദ്യാർത്ഥികൾ ഉപരി പഠനം നടത്തുന്നത്. ഇതോടൊപ്പം എടപ്പാൾ, കുന്നംകുളം ഭാഗത്തെ സ്വകാര്യ സ്ഥാപനങ്ങളിലും കുട്ടികൾ പഠിക്കുന്നുണ്ട്. തിരൂർ സീതി സാഹിബ് മെമ്മോറിയൽ പോളിടെക്നിക്, കോട്ടക്കൽ വനിതാ പോളിടെക്നിക് എന്നിവിടങ്ങളിലും നന്നംമുക്ക് പഞ്ചായത്തിൽ നിന്ന് വിദ്യാർത്ഥികൾ പോകുന്നു.

## സാക്ഷരതാ പ്രവർത്തനം

സ്വാതന്ത്ര്യത്തിനു മുമ്പു തന്നെ കോൺഗ്രസ് വളണ്ടിയർമാർ വായനശാലകൾ കേന്ദ്രീകരിച്ച് സാക്ഷരതാ പ്രവർത്തനം നടത്തിയിരുന്നു. സ്വാതന്ത്ര്യ പ്രസ്ഥാനത്തിൻെറ ചൂടും ചൂരും ജനങ്ങളറിഞ്ഞത് സാക്ഷരതാ പ്രവർത്തനത്തിലൂടെയാണ്.

സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനമായി കേരള സംസ്ഥാനത്തെ മാറ്റിയെടുക്കാൻ നടന്ന ത്യാഗോജ്ജ്വലമായ പ്രവർത്തനം ഇന്ത്യക്കാകെ മാതൃകയാണ്. ഈ പ്രസ്ഥാനത്തിൽ നന്നംമുക്ക് പഞ്ചായത്ത് ഒരു നല്ല മാതൃക സൃഷ്ടിച്ചു. ഒന്നാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിലും രണ്ടാംഘട്ട സാക്ഷരതാ പ്രവർത്തനത്തിലും ഒരുപോലെ പ്രവർത്തിച്ച പഞ്ചായത്ത് എന്ന ഖ്യാതി നന്നംമുക്കിനുണ്ട്. മലപ്പുറം ജില്ലയിൽ രണ്ടാം ഘട്ട സാക്ഷരതാ പ്രവർത്തനത്തിന് ഒന്നാം സ്ഥാനം നേടിയ പഞ്ചായത്താണിത് എന്ന് ഞങ്ങൾ അഭിമാന പൂർവ്വം സ്മരിക്കുന്നു.

നന്നംമുക്ക് പഞ്ചായത്തിലെ 11 ഗ്രാമസഭകളിലും ഗൗരവമുള്ള ചർച്ചകളാണ് വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നടന്നത്. പ്രസ്തുത നിഗമനങ്ങളും നിർദ്ദേശങ്ങളും താഴെക്കൊടുക്കുന്നു.

### പ്രശ്നങ്ങൾ

1. ഗൾഫ് പണത്തിൻെറ സ്വാധീനവും, രക്ഷിതാക്കൾ വിദേശത്തായത് മൂലം നിയന്ത്രിക്കാനാളില്ലാത്ത അവസ്ഥയും ചിലകുട്ടികളെയെങ്കിലും പഠനത്തിൽ വിമുഖരാക്കുന്നു.

2. പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും

ഭൗതിക സാഹചര്യങ്ങൾ കുറവാണ്.

3. സർക്കാർ സ്കൂളുകളിൽ വേണ്ടത്ര അധ്യാപകരില്ലാത്ത അവസ്ഥയുണ്ട്.

4. സമയത്തിന് പാഠപുസ്തകങ്ങൾ ലഭിക്കായ്മ ഒരു വലിയ പ്രശനമാകുന്നു.

5. പഠനോപകരണങ്ങളുടെ കുറവ് പഠനത്തെ ബാധിക്കുന്നു. മൂത്രപ്പുര, കക്കൂസ്, കുടിവെള്ള സൗകര്യം എന്നിവ മെച്ചപ്പെടുത്തേണ്ടതുണ്ട്.

7. വിദ്യാലയ രാഷ്ട്രീയം പഠനനിലവാരത്തെ ബാധിക്കുന്നു എന്ന് രക്ഷിതാക്കൾക്ക് ആക്ഷേപമുണ്ട്.

8. പഞ്ചായത്തിലെ മൂന്ന് വാർഡുകളിൽ എൽ,പി സ്കൂളുകൾ പോലുമില്ല.

9. ഉച്ചക്കഞ്ഞി വിതരണത്തിന് സാമ്പത്തിക പ്രയാസം നേരിടുന്നുണ്ട്.

10. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ സമയാസമയത്ത് നടക്കുന്നില്ല.

11. ചില വിദ്യാലയങ്ങളിലെങ്കിലും അധ്യാപക രക്ഷാകർതൃ സമിതിയും മാതൃസമിതിയും സജീവമല്ല.

12. ക്ലാസുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കൂടുന്നതുകൊണ്ട്, വ്യക്തിപരമായി കുട്ടികളെ ശ്രദ്ധിക്കാൻ അധ്യാപകർക്ക് കഴിയുന്നില്ല.

**സാധ്യതകൾ**

1. പഞ്ചായത്തിലെ ഒരു യു.പി.സ്കൂൾ ഹൈസ്ക്കൂളാക്കി മാറ്റണം.

2. വിദ്യാലയങ്ങളുടെ അറ്റകുറ്റപ്പണി, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ കാര്യങ്ങളിൽ പ്രാദേശിക ഭരണകൂടങ്ങൾ സമർത്ഥമായി ഇടപെടണം.

3. ഡി.പി.ഇ.പി., ഡയറ്റ് എന്നിവയുടെ സഹകരണത്തോടെ നിലവിലുള്ള മുഴുവൻ അധ്യാപകർക്കും പുനഃപരിശീലനം നൽകണം.

4. മുന്തിയ പരിഗണനകൾ നൽകി പാഠപുസ്തകങ്ങൾ യഥാസമയം എത്തിക്കണം.

5. പഠനോപകരണങ്ങൾ കളിക്കോപ്പുകൾ, ദൃശ്യ, ശ്രാവ്യ ഉകരണങ്ങൾ, ലൈബ്രറി, ലാബറട്ടറി എന്നിവയുടെ പേരായ്മകൾ നികത്തണം.

6. പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളവും എത്തിക്കുന്നതിൽ ജാഗ്രത വേണം.

7. ഉച്ചക്കഞ്ഞി വിതരണത്തിനുള്ള ചെലവുകൾ ജനപങ്കാളിത്തത്തോടെ ഗ്രാമ പഞ്ചായത്ത് നിർവ്വഹിക്കണം.

8. ഒരു കിലോമീറ്ററിലധികം ഒന്നാം ക്ലാസിലെ കുട്ടിക്ക് നടന്നു സ്കൂളിൽ പോകേണ്ട ഗതി വരാത്ത വിധം പുതിയ എൽ. പി. സ്കൂളുകൾ അനുവദിക്കണം.

9. മാതൃസമിതി, പി.ടി. എ. എന്നിവ സജീവമാക്കണം.

10.അധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കണം.

11. സ്കൂൾ കോംപ്ലക്സുകൾ സജീവമാക്കണം.

12.പാഠ്യേതര പ്രവർത്തനങ്ങശക്ക് മുന്തിയ പരിഗണന വേണം.

13. കാർഷിക ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് , മാത്തമാറ്റിക്സ് ക്ലബ്ബ്, സയൻസ് ക്ലബ്ബ് എന്നിവയും സംഘടിപ്പിക്കണം.

14. സാഹിത്യ സമാജങ്ങൾ പഠന വിനോദയാത്രകൾ എന്നിവ സംഘടിപ്പിക്കണം.

15. കയ്യെഴുത്തു മാസികകൾ, പൂന്തോട്ട നിർമ്മാണം, പച്ചക്കറി തോട്ട നിർമ്മാണം, ചുരുങ്ങിയ തോതിലുള്ള മറ്റു കൃഷികൾ തുടങ്ങിയവ സംഘടിപ്പിക്കണം.

16. മൂക്കുതല ഹൈസ്കൂളിനോടനുബന്ധിച്ച് വി. എച്ച്. സി. കോഴ്സ് പുനരാരംഭിക്കുകയും, കമ്പ്യൂട്ടർ കോഴ്സ് തുടങ്ങുകയും ചെയ്യുക.

കഴിഞ്ഞ അഞ്ചു വർഷത്തെ കണക്കുകൾ സൂക്ഷ്മപരിശോധനക്ക് വിധേയമാക്കിയപ്പോൾ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറഞ്ഞുവരുന്നതായി കാണുന്നു. 1991-92 ൽ 6740 വിദ്യാർത്ഥികളുണ്ടായിരുന്നു. 1995-96 ൽ വിദ്യാർത്ഥികളുടെ എണ്ണം 6233 ആയി കുറഞ്ഞു. ജനന നിരക്കിലുണ്ടായ കുറവും ഇംഗ്ലീഷ് മീഡിയം സ്കൂളുകളോടുള്ള അതിരു കടന്ന ഭ്രമവും ഈ കുറവിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. പഞ്ചായത്തിലെ ഇന്നത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അവസ്ഥ വെളിവാക്കുന്ന പട്ടികകൾ അനുബന്ധമായി കൊടുത്തിട്ടുണ്ട്. നിലവിലുള്ള ശോച്യാവസ്ഥ പരിഹരിക്കാൻ വിദ്യാഭ്യാസ തൽപ്പരരായ മുഴുവൻ പേരുടേയും കൂട്ടായ്മയോടു കൂടിയ പ്രവർത്തനം കൊണ്ട് സാധിക്കും. വുദ്യാഭ്യാസത്തിൻെറ യഥാർത്ഥ ലക്ഷ്യങ്ങൾ നേടാനുതകും വിധം പദ്ധതികളാവിഷ്കരിച്ച് നടപ്പിലാക്കാൻ ജനകീയ പദ്ധതിയിലൂടെ ഗ്രാമ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും, ജില്ലാ പഞ്ചായത്തിനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

സ്കൂളുകളുടെ പൊതു വിവരം

| | സ്കൂളിന്റെ പേര് | LP UP HS | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | അധ്യാപകരുടെ എണ്ണം | | | | മൊത്തം വിസ്തീർണ്ണം | കളിസ്ഥലം | ഉപയോഗിക്കാത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം | [illegible] |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരമില്ലാത്തത് | ആൺ | പെൺ | ആകെ | ആകെ പോസ്റ്റ് | നിലവിലുള്ളത് | ഒഴിവുള്ളത് | ദീർഘകാല ഒഴിവ് | | | | |
| 1 | AMLP സ്കൂൾ കാഞ്ഞിയൂർ | LP | - | ✓ | - | - | 107 | 111 | 218 | 7 | 7 | - | - | 10 | 1/2 | - | |
| 2 | GMLP സ്കൂൾ വടക്കും മുറി | LP | ✓ | - | - | - | 93 | 83 | 176 | 7 | 7 | - | - | 25സെ | 25സെ | - | ചുറ്റുമതിലുണ്ട് |
| 3 | GLP സ്കൂൾ വടക്കും മുറി | LP | ✓ | - | - | - | 150 | 149 | 299 | 9 | 9 | - | - | - | 1250ചഏ | | ചുറ്റുമതിലുണ്ട് |
| 4 | GLP സ്കൂൾ മൂക്കുതല | LP | ✓ | - | - | 141 | 121 | 262 | 9 | 9 | - | - | | 79സെ50സെ | 5സെ | | ചുറ്റുമതിലില്ല |
| 5 | GMLP സ്കൂൾ പള്ളിക്കര | LP | ✓ | - | - | - | 101 | 108 | 209 | 7 | 7 | - | - | 4456 | 2400 | - | ചുറ്റുമതിലില്ല |
| 6 | GLP സ്കൂൾ കല്ലൂർമ്മ | LP | ✓ | - | - | - | 103 | 82 | 185 | 6 | 6 | - | - | 1/2ഏ1 | 2ഏ | - | ചുറ്റുമതിലില്ല |
| 7 | AMLP സ്കൂൾ കല്ലൂർമ്മ | LP | - | ✓ | - | - | 81 | 79 | 160 | 5 | 5 | - | - | 1/2 ഏ | - | - | ചുറ്റുമതിലില്ല |
| 8 | AMLP സ്കൂൾ നന്നംമുക്ക് | LP | - | ✓ | - | - | 60 | 62 | 122 | 5 | 5 | - | - | 1 ഏ | 1/2ഏ | - | ചുറ്റുമതിലില്ല |
| 9 | GSALP സ്കൂൾ നന്നംമുക്ക് | LP | - | ✓ | - | - | 60 | 66 | 126 | 5 | 5 | - | - | 38സെ | 18സെ | - | ചുറ്റുമതിലുണ്ട് |
| 10 | SSMUP സ്കൂൾ വടക്കുംമുറി | UP | - | ✓ | - | - | 285 | 280 | 565 | 17 | 18 | - | - | 150സെ | 1ഏ | - | ചുറ്റുമതിലില്ല |
| 11 | MTMUP സ്കൂൾ നന്നംമുക്ക് | UP | - | ✓ | - | - | 572 | 538 | 1110 | 24 | 32 | - | - | 2ഏ | 1ഏ | - | ചുറ്റുമതിലുണ്ട് |
| 12 | GHS മൂക്കുതല | HS | ✓ | - | - | - | 1435 | 1434 | 2869 | 101 | 94 | 7 | 2 | 4.64ഏ | 1ഏ | 40 സെ | ഭാഗികമായി ചുറ്റുമതിലുണ്ട് |

ആകെ സ്കൂൾ = 12
എൽ. പി. = 9
യു. പി. = 2
ഹൈസ്കൂൾ = 1

ആകെ ഗവ: സ്കൂൾ = 6
ആകെ എയിഡഡ് = 6

| | | 1991-92 | | | 1992-93 | | | 1993-94 | | | 1994-95 | | | 1995-96 | | | 1996-97 | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | TTC | BEd | MA/MSc/ MEd |
| 1 | GHS മുക്കുതല | 1651 | 1400 | 3051 | 1700 | 1487 | 3187 | 1611 | 1433 | 3044 | 1586 | 1447 | 3033 | 1546 | 1455 | 3001 | 1436 | 1442 | 2878 | 11 | 67 | 10 |
| 2 | MTMUP സ്കൂൾ നന്നംമുക്ക് | 547 | 542 | 1089 | 646 | 648 | 1294 | 566 | 559 | 1125 | 545 | 537 | 1082 | 610 | 562 | 1172 | 572 | 538 | 1110 | 23 | - | - |
| 3 | SSMUPS വടക്കുംമുറി | 277 | 268 | 545 | 278 | 268 | 546 | 268 | 279 | 547 | 270 | 277 | 547 | 273 | 274 | 547 | 285 | 280 | 565 | 3 | 8 | 1 |
| 4 | GLPS വടക്കും മുറി | 179 | 172 | 351 | 170 | 170 | 340 | 160 | 158 | 318 | 160 | 152 | 312 | 149 | 147 | 296 | 150 | 134 | 287 | 7 | 1 | |
| 5 | GMLPS വടക്കും മുറി | 99 | 121 | 220 | 101 | 118 | 219 | 112 | 115 | 227 | 116 | 95 | 211 | 92 | 84 | 176 | 79 | 76 | 155 | 5 | - | - |
| 6 | GLP സ്കൂൾ മുക്കുതല | 151 | 124 | 275 | 159 | 131 | 290 | 154 | 129 | 283 | 148 | 118 | 266 | 141 | 122 | 263 | 137 | 133 | 270 | 7 | - | - |
| 7 | AMLP സ്കൂൾ കാഞ്ഞിയൂർ | 126 | 109 | 235 | 117 | 111 | 228 | 113 | 112 | 225 | 107 | 121 | 228 | 102 | 110 | 215 | 100 | 98 | 198 | 5 | 1 | - |
| 8 | GMLPS പള്ളിക്കര | 141 | 141 | 282 | 132 | 130 | 262 | 122 | 133 | 255 | 118 | 119 | 237 | 97 | 104 | 201 | 87 | 113 | 200 | 5 | 1 | - |
| 9 | GLP സ്കൂൾ കല്ലൂർമ്മ | 95 | 113 | 208 | 91 | 109 | 200 | 95 | 101 | 196 | 96 | 103 | 199 | 103 | 86 | 189 | 97 | 85 | 182 | 5 | - | - |
| 10 | AMLP സ്കൂൾ കല്ലൂർമ്മ | 99 | 70 | 169 | 96 | 75 | 171 | 100 | 76 | 176 | 89 | 81 | 170 | 81 | 79 | 160 | 77 | 76 | 153 | 3 | 1 | - |
| 11 | GSA LPS നന്നംമുക്ക് | 74 | 72 | 146 | 83 | 70 | 153 | 77 | 62 | 139 | 68 | 65 | 133 | 59 | 67 | 126 | 52 | 64 | 116 | 2 | 2 | - |
| 12 | AMLPS നന്നംമുക്ക് | 87 | 82 | 169 | 79 | 84 | 163 | 74 | 74 | 148 | 68 | 69 | 137 | 64 | 62 | 126 | 60 | 62 | 122 | 4 | - | - |
| | TOTAL | 3526 | 3214 | 6740 | 3652 | 3401 | 7053 | 3452 | 3231 | 6653 | 3371 | 3184 | 6555 | 3320 | 3152 | 6472 | 3132 | 3101 | 6233 | 80 | 81 | 11 |

## SSLC വിജയശതമാനം

### 1991-92 മുതൽ 1995-96 വരെ

| | 1991-92 | | | | 1992-93 | | | | 1993-94 | | | | 1994-95 | | | | 1995-96 | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | പരീക്ഷക്കിരുന്നവർ | ജയിച്ചവർ | | | പരീക്ഷക്കിരുന്നവർ | ജയിച്ചവർ | | | പരീക്ഷക്കിരുന്നവർ | ജയിച്ചവർ | | | പരീക്ഷക്കിരുന്നവർ | ജയിച്ചവർ | | | പരീക്ഷക്കിരുന്നവർ | ജയിച്ചവർ | | |
| | | B | G | Total | | B | G | Total | | B | G | Total | | B | G | Total | | B | G | Total |
| | 665 | 60 | 59 | 119 | 708 | 60 | 67 | 127 | 730 | 70 | 68 | 138 | 701 | 65 | 70 | 140 | 700 | 84 | 91 | 175 |
| ശതമാനം | | 18 % | | | | 18% | | | | 19% | | | | 20% | | | | 25% | | |

## നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

## ഭൗതിക സാഹചര്യങ്ങൾ

| | സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകൾ | കെട്ടിടങ്ങൾ | | | മുറികൾ | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ | ഇനി ആവശ്യമുള്ള കെട്ടിടം / മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട് / ഇല്ല | മൂത്രപ്പുരകൾ | മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ള മൂത്രപ്പുരകളുടെ എണ്ണം | നിലവിലുള്ള കക്കൂസ് കളുടെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സൗകര്യം ഉണ്ട്/ഇല്ല കിണർ/പൈപ്പ് | ചുറ്റുമതിൽ ഉണ്ട്/ ഇല്ല | പാചകപ്പുര | സ്റ്റോർ റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ / ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധ സ്ഥിരം | താൽക്കാലികം | | | | | | | | | | | | | ബെഞ്ച് | ഡസ്ക് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | AMLP സ്കൂൾ കാഞ്ഞിയൂർ | 6 | 3 | - | - | 4 | - | - | - | ഇല്ല | 2 | 15 | - | 1 | - | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 15 | 8 | 2 | 3 | മേശ 1 കസേര 2 |
| 2 | GMLP സ്കൂൾ വടക്കും മുറി | 6 | 1 | ഇല്ല | ഇല്ല | സ്ഥിരം | ഇല്ല | 6 | ഇല്ല | ഇല്ല | 1 | 4 | 1 | ഇല്ല | - | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 40 | 20 | 2 | 5 | റൂളർ=1, ക്ലോക്ക്=1 |
| 3 | GLP സ്കൂൾ വടക്കും മുറി | 8 | 2 | - | - | - | 8 | - | 4 | സ്വകാര്യ ഭൂമി | 2 | 10 | - | 1 | - | പൈപ്പ് | ഇല്ല | ഉണ്ട് | - | ഇല്ല | 4 | 10 | 3 | 5 | റാക്ക്=1, അലമാര 1 |
| 4 | GLP സ്കൂൾ മൂക്കുതല | 8 | 2 | - | - | ഹാൾ | - | - | - | സ്ഥലം ഉണ്ട് | 1 | 8 | 2 | 1 | - | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 80 | 20 | - | - | ഷെൽഫ്=2 റാക്ക്=2 |
| 5 | GMLP സ്കൂൾ പള്ളിക്കര | 6 | 1 | - | - | 4 | - | - | 2 | 1 | 1 | 6 | 1 | - | 1 | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 16 | - | - | - | - |
| 6 | GLP സ്കൂൾ കല്ലൂർമ്മ | 4 | 1 | - | - | - | - | 4 | 1 | ഇല്ല | 1 | 2 | 1 | - | - | പൈപ്പ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 6 | 5 | - | - | - |
| 7 | AMLP സ്കൂൾ കല്ലൂർമ്മ | 5 | 2 | - | - | 1 | - | - | 2 | ഭൂമിഉണ്ട് | 1 | 5 | 1 | 1 | - | പൈപ്പ് | | | | | | | | | |
| 8 | AMLP സ്കൂൾ നന്നംമുക്ക് | 4 | 1 | - | - | - | - | - | 1 | ഉണ്ട് | 1 | 10 | 1 | 1 | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | - | 2 | 2 | മേശ =1കസേര=2 |
| 9 | GSALP സ്കൂൾ നന്നംമുക്ക് | 4 | 2 | - | - | 2 | 2 | 1 | - | - | - | 1 | 10 | 1 | 1 | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 6 | 6 | 2 | 4 | റാക്ക് =1 |
| 10 | SSMUP സ്കൂൾ വടക്കുംമുറി | 12 | 10 | - | 2 | 4 | 13 | - | - | - | 1 | 1 | 1 | - | - | പൈപ്പ് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 50 | 25 | 5 | 5 | റാക്ക് 3, അലമാര 2 |
| 11 | MTMUP സ്കൂൾ നന്നംമുക്ക് | 24 | 24 | - | - | 24 | - | - | 9 | ഉണ്ട് | 2 | 10 | 3 | ഇല്ല | 2 | പൈപ്പ് കിണർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 93 | 50 | 20 | 10 | അലമാര 3, മേശ 2 കസേര =5 |
| | GHS മൂക്കുതല | 68 | 12 | - | - | - | - | - | 20 | ഉണ്ട് | 3 | 10 | 3 | 1 | 1 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 350 | 350 | 60 | 60 | കസേര 2, റാക്ക് 2 മേശ 2, അലമാര 2 |

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

**വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

| വാർഡ് | സ്കൂളുകളുടെ എണ്ണം | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | ഹൈസ്കൂൾ | | | യു. പി.എസ് | | | എൽ. പി.എസ് | | | |
| | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | സാങ്കേതിക വിദ്യാലയങ്ങൾ (മറ്റുള്ളവ) |
| 1 | | | | | | | ✓ | | | |
| 2 | ✓ | | | | | | | ✓ | | |
| 3 | | | | | | | | | | |
| 4 | | | | | | | ✓ | | | |
| 5 | | | | | | | | | | |
| 6 | | | | | | | | ✓ | | |
| 7 | | | | | ✓ | | | ✓ | | |
| 8 | | | | | | | ✓ | | | |
| 9 | | | | | | | ✓ | | | ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിട്യൂട്ട് = 1, ട്യൂഷൻ സെൻറർ =3 |
| 10 | | | | | ✓ | | ✓ | | | |
| 11 | | | | | | | | | | |
| ആകെ | 1 | | | | 2 | | 5 | 3 | | |

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് അധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരം

| സ്കൂളുകൾ | അധ്യാപകർ | | | വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| GHS മൂക്കുതല (എച്ച്. എസ്) | 28 | 48 | 76 | 1186 | 1212 | 2398 |
| (യു. പി. എസ്) | 11 | 7 | 18 | 249 | 222 | 471 |
| ആകെ | 39 | 55 | 94 | 1435 | 1434 | 2869 |
| SSMUP സ്കൂൾ വടക്കുംമുറി | 4 | 13 | 17 | 285 | 280 | 565 |
| MTMUP സ്കൂൾ നന്നംമുക്ക് | 11 | 21 | 32 | 572 | 538 | 1110 |
| ആകെ | 15 | 34 | 49 | 857 | 818 | 1675 |
| AMLP സ്കൂൾ കാഞ്ഞിയൂർ | 0 | 7 | 7 | 107 | 111 | 218 |
| GMLP സ്കൂൾ വടക്കും മുറി | 1 | 6 | 7 | 93 | 83 | 176 |
| GLP സ്കൂൾ വടക്കും മുറി | 5 | 4 | 9 | 150 | 149 | 299 |
| GLP സ്കൂൾ മൂക്കുതല | 3 | 6 | 9 | 141 | 121 | 262 |
| GMLP സ്കൂൾ പള്ളിക്കര | 3 | 4 | 7 | 101 | 108 | 209 |
| GLP സ്കൂൾ കല്ലൂർമ്മ | 2 | 4 | 6 | 103 | 82 | 185 |
| AMLP സ്കൂൾ കല്ലൂർമ്മ | 2 | 3 | 5 | 81 | 79 | 160 |
| AMLP സ്കൂൾ നന്നംമുക്ക് | 1 | 4 | 5 | 60 | 62 | 122 |
| GSALP സ്കൂൾ നന്നംമുക്ക് | 0 | 5 | 5 | 60 | 66 | 126 |
| ആകെ | 17 | 43 | 60 | 896 | 861 | 1757 |

## നിർമാല്യം . എം. ടി.

ജ്ഞാനപീഠ ജേതാവ്, മലയാളത്തിൻെറ പ്രിയപ്പെട്ട കഥാകാരൻ, സിനിമാ സംവിധാന രംഗത്തേക്കുള്ള ആദ്യ ചുവടുവയ്പ്പിൽ തന്നെ യശഃശരീരനായ പി. ജെ. ആൻറണിക്ക് ഭരത് അവാർഡും, നന്നംമുക്കിലെ മൂക്കുതല ഗ്രാമത്തിനു ലോകപ്രശസ്തിയും തൻെറ സ്വർണ്ണമെഡലിനൊപ്പം വാങ്ങിക്കൊടുത്ത, ശ്രീമാൻ എം.ടി. വാസുദേവൻ നായർ കഥപറഞ്ഞു പോന്ന കീഴേക്കാവും, ക്ഷേത്രകുളവും, മാരാത്തെ ഭവനവും കഥയിലെ മൂക്കുതലക്കാരൻ മുസ്ലീം കന്നുകച്ചവടക്കാരനും നമ്മുടെ സാംസ്കാരിക മുതൽ കൂട്ടുതന്നെ......!

# 5-5

# ആരോഗ്യം ശുചിത്വം

1974 വരെ പഞ്ചായത്തിലെ ആരോഗ്യ രംഗം ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചി രുന്നത്. ആധുനിക ചികിത്സാ രീതികളൊന്നും ഉണ്ടായിരുന്നില്ല. കൂടുതൽ പേരും അന്ധ വിശ്വാസ പ്രാകൃത ചികിത്സാ രീതിയായിരുന്നു അവലംബിച്ചികരുന്നത് ഇത്രയേറെ പുരോഗമിച്ച ഈ കാലഘട്ടത്തിലും വളരെ ചുരുക്കം ചിലരെങ്കിലും ഇപ്പോഴും ഈ പ്രാകൃത ചികിത്സാ രീതികൾ അനുവർത്തിക്കുന്നുണ്ട്.

1964ൽ ആദ്യമായി കല്ലൂർമ്മയിൽ ഒരുസബ് സെൻററർ നിലവിൽ വന്നു. അതിനു ശേഷം നമ്മുടെ പഞ്ചായത്തിൽ ഒരു ആലോപ്പതി സർക്കാർ ആശുപത്രി 1986 ൽ പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിൽ വാര്യർ മൂലയിൽ പ്രവർത്തിച്ചു തുടങ്ങി. ദിവസേന അസിസ്റ്റൻറ് റാങ്കിലുള്ള ഡോക്ടർ വന്ന് രോഗികളെ പരിശോധിച്ചു വരുന്നുണ്ട്. ആരോഗ്യ രംഗത്ത് ഇപ്പോഴും നമ്മുടെ ഗ്രാമത്തിൽ ശാസ്ത്രീയമായ ചികിത്സാ സമ്പ്രദായം നിലവിലില്ല. ഇതു കാരണത്താൽ ചുവടെയുള്ള രോഗ കണക്കുകൾ ഉദാഹരണമാണ്.

**നിലവിലുള്ള രോഗ കണക്കുകൾ**

| | | |
|---|---|---|
| 1. ആകെ ജനസംഖ്യ | : | 28667 |
| 2. ത്വക്ക് രോഗം | : | 220 |
| 3. വാത രോഗം | : | 150 |
| 4. പകർച്ച വ്യാധികൾ | : | 139 |
| 5. കുഷ്ഠ രോഗം | : | 20 |
| 6. ക്ഷയം | : | 35 |
| 7. ഹൃദ്രോഗം | : | 25 |
| 8. ക്യാൻസർ | : | 75 |
| പ്രമേഹം | : | 550 |
| 9. രക്ത സമ്മർദ്ദം | : | 125 |
| 10. അന്ധർ | : | 155 |
| 11 ബധിരർ | : | 142 |
| 12. മൂകർ | : | 65 |
| 13 ബധിരമൂകർ | : | 40 |
| 14. ചലന വൈകല്യ മുള്ളവർ | : | 200 |

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ മിക്ക ഡിസ്പൻസറികളിലും ആവശ്യത്തിന് മരുന്നുകൾ ഇല്ല.

2. രോഗ നിർണ്ണയത്തിന് പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാർ ഇല്ല.

3. രോഗങ്ങളെ കുറിച്ച് ബോധമില്ല.

4. പോഷകമൂല്യമുള്ള ആവശ്യ ഭക്ഷണമില്ലായ്മ.

5. പരിസര ശുചീകരണമില്ലായ്മ.

6. ഉപയോഗ ശൂന്യമായ മാംസം, മത്സ്യം, പച്ചക്കറി എന്നിവയുടെ ഉപയോഗം.

7. മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് സംവിധാനമില്ല.

8. പുകവലി, മദ്യപാനം, പുകയില, കൂട്ടിയുള്ള മുറുക്കൽ, ഇവയുടെ ദൂഷ്യങ്ങളെ കുറിച്ചുള്ള ബോധമില്ലായ്മ.

9 രക്ത ദാനത്തെ കുറിച്ചുള്ള ജനങ്ങളുടെ ഭയാശങ്കകൾ.

10. നേത്ര ദാനത്തെ കുറിച്ചുള്ള അറിവില്ലായ്മ.

## പരിഹാരങ്ങൾ

1. പഞ്ചായത്തിൽ ഹോമിയോ ഡിസ്പ്പൻസറികൾ സ്ഥാപിക്കുക. നിലവിലുള്ള ഡിസ്പൻസറി 10 ബെഡ്ഡുള്ള ആസ്പത്രിയാക്കി ഉയർത്തുക.

2.രോഗ നിർണ്ണയത്തിന് വേണ്ടി പാരാമെഡിക്കൽ ഉദ്യോഗസ്ഥൻമാരെ നിയമിക്കണം

3. രോഗങ്ങളെ കുറിച്ച് ബോധവൽക്കരണം നടത്തുക.

4. പോഷക മൂല്യമുള്ള അവശ്യ ഭക്ഷണത്തെ കുറിച്ച് അറിവുണ്ടാക്കുക, ലഭ്യത ഉറപ്പു വരുത്തുക.

5. പരിസര ശുചീകരണം നടപ്പാക്കുക.

6. കേടു വന്നതും കാലഹരപ്പെട്ടതുമായ മാസം , മത്സ്യം, പച്ചറികൾ എന്നിവയുടെ വിതരണം തടയുന്നതിന് സംവിധാനമുണ്ടാക്കുക.

7. മുഴുവൻ ജനങ്ങൾക്കും ഹെൽത്ത് കാർഡ് നിർബന്ധമാക്കുക.

8. മദ്യപാനം, പുകവലി, പുകയില , ഉപയോഗിക്കൽ ഇവയുടെ ദൂഷ്യ ഫലങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുക.

9. രക്ത ദാനത്തെ കുറിച്ചുള്ള ഭയാശങ്കകൾ ദുരീകരിക്കുകയും, പഞ്ചായത്തിനു കീഴിൽ രക്ത ഗ്രൂപ്പ് നിർണ്ണയം നടത്തുകയും രക്തബാങ്ക് സ്ഥാപിക്കുകയും ചെയ്യുക.

10. നേത്ര ദാനത്തെ കുറിച്ചുള്ള ബോധവൽക്കരണം നടത്തുകയും ഇതിന് സംവിധാനം രൂപപ്പെടുത്തുകയും ചെയ്യുക.

## പരിസര ശുചിത്വം

വ്യവസായ വൽകരണം വളരെ കുറഞ്ഞ പ്രദേശ മാകയാൽ പരിസര മലിനീകരണം പ്രശ്നമല്ല. എന്നിരിക്കലും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നും ശുചീകരണ പ്രശ്നങ്ങൾ ഗ്രാമ സഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ശുചീകരണത്തിന് സ്ഥിരമായി ജീവനക്കാരെ നിയമിക്കുകയും ''ക്ലീൻ നന്നംമുക്ക്'' എന്നൊരു പദ്ധതി ആവിഷ്കരിച്ചു നടപ്പാക്കുകയും വേണം. ഗ്രാമ സഭയിൽ ഉയർന്നു വന്ന ചില പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. മുൻ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. മാനു എന്ന കോത സംഭാവന ചെയ്ത, എട്ടാം വാർഡിൽ, സബ് സെൻററിനോട് ചേർന്ന് ഡിസ്പൻസറി പണിത് പ്രവർത്തനമാരംഭിക്കുക.

2. ആരോഗ്യ പ്രവർത്തനങ്ങൾക്ക് ഗവൺമെൻറ് തലത്തിൽ നേതൃത്വം നൽകുക.

**നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്**

രോഗങ്ങൾ സംബന്ധിച്ച വിവരം

| വർഷം | ഇൻ പേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ത്വക്ക് രോഗം | വാത രോഗം ([illegible]) | പകർച്ച വ്യാധികൾ | വിഷ ചികിത്സ (പാമ്പുകടി) | മറ്റു രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|---|---|
| 1992-93 | | 5675 | 125 | 80 | 25 | 4 | 5441 | 5675 |
| 1993-94 | | 10200 | 210 | 30 | 50 | ഇല്ല | 9910 | 10200 |
| 1994-95 | | 4521 | 80 | 164 | 24 | ഇല്ല | 4253 | 4521 |
| 1995-95 | | 12670 | 220 | 150 | 40 | 2 | 12258 | 12670 |
| ആകെ | ഇല്ല | 33066 | 635 | 424 | 139 | 6 | 31862 | 33066 |

3. റോഡുകളിൽ ചെളിവെള്ളം കെട്ടിനിൽക്കുന്നത് ഒഴിവാക്കാൻ ഓവുചാലുകൾ ഫലപ്രദമാക്കുക.

4. പൊതുടാപ്പിന് കീഴിൽ അലക്ക്, കുളി എന്നിവ ഒഴിവാക്കുക. വാഹനം കഴുകുന്നതും ശരിയല്ല.

ചെറിയ ശ്രദ്ധ പതിപ്പിക്കുകയാണെങ്കിൽ സന്നദ്ധ സംഘടനകളുടെ യുവജന നേതൃത്വം പ്രയോജനപ്പെടുത്തി പൊതു പരിപാടികൾ ആവിഷ്കരിക്കാവുന്നതാണ്. സേവന വാരം, ശുചിത്വ വാരം, മലിനീകരണ നിർമ്മാർജനം, തുടങ്ങിയ ജനകീയ മുന്നേറ്റ പരിപാടികൾക്ക് പഞ്ചായത്ത് ഭരണ സമിതിക്ക് കഴിയുകയുാണെങ്കിൽ ഈ ഗ്രാമീണ ശാലീനത, മാലിന്യ രഹിതമായി നമുക്ക് സംരക്ഷിക്കാൻ കഴിയുമെന്ന് സംശയലേശമന്യേ പറയാവുന്നതാണ്.

### നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

### കുട്ടികളുടെ ആരോഗ്യപോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 166 | 189 | - | - | - | - | - | - |
| 1-3 വയസ്സ് | 455 | 555 | - | - | 3 | 4 | 1 | - |
| 3-6 വയസ്സ് | 580 | 600 | - | - | 7 | 5 | 1 | - |

### നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

### കുട്ടികളുടെ യും ഗർഭിണികളുടെയും പ്രതിരോധ കുറിപ്പ്.

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1 D | 2D | 3D | BD | 1 D | 2D | 3D | BD | 1 D | 2D | 3D | BD | |
| 1 വയസ്സി താഴെ | 169 | 179 | 203 | 216 | - | 197 | 203 | 216 | - | - | - | - | - | 209 |
| 1-3 വയസ്സ് | - | - | - | - | 196 | - | - | - | 196 | - | - | - | - | - |
| 3-6 വയസ്സ് | - | - | - | - | - | - | - | - | - | 10 | 18 | - | 88 | - |

### ടെറ്റനസ് ടോക്സോയിസ് (TT)

| | 1 D | 2D | 3D |
|---|---|---|---|
| ഗർഭിണികൾ | 173 | 187 | 38 |

# കുടിവെള്ളം

ശുചിത്വമുള്ള പാർപ്പിടം, ശുദ്ധമായ വെള്ളം, ശുദ്ധമായ വായു എന്നിവ ഒരു ഗ്രാമീണ ജനതയുടെ ആരോഗ്യകാര്യത്തിൽ പ്രധാന സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണെന്ന് പറയേണ്ടതില്ലല്ലോ ?

നമ്മുടെ ഗ്രാമത്തെ സംബന്ധിച്ചിട ത്തോളം മുൻ കാലങ്ങൾ മുതൽക്കുതന്നെ കുടി വെള്ള ക്ഷാമം അനുഭവപ്പെട്ടിട്ടുണ്ട്. കുടി വെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പല പദ്ധതികളും നടപ്പാക്കിയെങ്കിലും പരിപൂർണ്ണമായും കുടിവെള്ള ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടില്ല. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നത് വാർഡ് 4-ൽ പള്ളിക്കര പള്ളിക്കുന്ന് പ്രദേശത്താണ്. വേനലിന്റെ അവസാനം ആകുമ്പോഴേക്കും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള പദ്ധതികൾ പരമാവധി ഉപയോഗപ്പെടുത്തിയും, പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചും ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്.



നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് പ്രാഥമിക ആരോഗ്യ കേന്ദ്രം

പഞ്ചായത്തിൽ പൊതുടാപ്പുകൾ 40 എണ്ണവും, കിണറുകൾ 19 എണ്ണവുമാണ് ഇപ്പോൾ നിലവിലുള്ളത്. ഇതിൽ പലതും ഉപയോഗ ശൂന്യവുമാണ്.

### പ്രശ്നങ്ങൾ

1. നിലവിലുള്ള പൊതുടാപ്പുകളിൽ പലതിലും വെള്ളം കിട്ടുന്നില്ല.

2. നിലവിലുള്ള പല കിണറുകളും മണ്ണിടിഞ്ഞ് ഉപയോഗശൂന്യമാകുന്നു.

3. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിച്ചിട്ടില്ല.

4. പൊതുടാപ്പുകളിൽ വെള്ളം പാഴായിപ്പോകുന്നു.

5. ടാപ്പുകളിലെ കുടിവെള്ളം മറ്റു പല ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.

6. പൈപ്പുകൾ പലസ്ഥലത്തും പൊട്ടി കേടുവരുന്നു.

### പരിഹാരങ്ങൾ

1. നിലവിലുള്ള പൊതുടാപ്പുകളിൽ സ്ഥിരമായി വെള്ളം ഉണ്ടാകുന്ന അവസ്ഥ ഉണ്ടാക്കുക.

2. പഞ്ചായത്തിൽഹൗസ് കണക്ഷൻ ആവശ്യമുള്ളവർക്ക് അനുവദിക്കുക.

3. കേട് വരുന്ന പൈപ്പുകൾ അപ്പപ്പോൾ റിപ്പയർ ചെയ്യിക്കുക.

4. കേടുവരുന്ന പൈപ്പുകളെപറ്റി വിവരം അറിയിക്കുന്നതിന് പഞ്ചായത്തിൽ സംവിധാനം ഉണ്ടാക്കുക

5. പൈപ്പുകൾ റിപ്പയർ ചെയ്യുവാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.

6. ഉപയോഗശൂന്യമായിക്കൊണ്ടിരിക്കുന്ന കിണറുകൾ റിപ്പയർ ചെയ്ത് ഉപയോഗ പ്രദമാക്കുക.

7. യഥാസമയങ്ങളിൽ കിണറുകളുടെയും, പൈപ്പുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുക.

8. 4-ാം വാർഡ് പള്ളിക്കര പള്ളിക്കുന്ന് പ്രദേശത്തെ ലക്ഷം വീട് കോളനിയിൽ 1983 ൽ പണികഴിപ്പിച്ച വാട്ടർടാങ്കിൽ വെള്ളം കയറ്റി സപ്ലൈ ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കുക.

# 5-6

# ഗതാഗതം

ഒരു വികസിത ഗ്രാമത്തിൻെറ മുഖഛായുള്ള നന്നംമുക്ക് പഞ്ചായത്ത് റോഡുകളുടെ കാര്യത്തിൽ സമ്പന്നമാണെന്ന് അവകാശപ്പെടാൻ കഴിയാത്ത അവസ്ഥയിലാണ്. പഞ്ചായത്തിൻെറ ഏതു ഭാഗത്തും വാഹന ഗതാഗതം സാധ്യമാണങ്കിലും നിലവിലുള്ള റോഡുകളുടെ സ്ഥിതി പരിതാപ കരമാണ്. വികസിച്ചു വരുന്ന അയൽ പ്രദേശങ്ങൾക്കൊപ്പം നിൽക്കാൻ ഇനിയും നമുക്ക് ബഹുദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. നിലവിലുള്ള റോഡുകളുടെ വീതി കുറഞ്ഞതും കാനകൾ തീരെ ഇല്ലാത്തതും റോഡുകളുടെ സംരക്ഷണം പ്രയാസമാക്കുന്നു. ഓരോ മഴക്കാലം കഴിയുമ്പോഴും റോഡുകളുടെ അറ്റകുറ്റപ്പണിക്കായി പഞ്ചായത്ത് ഫണ്ടിൻെറ വലിയ ഭാഗം ചെലവഴിക്കേണ്ട അവസ്ഥയാണിന്ന്.

മൊത്തം 60 കിലോമീറ്റർ ടാർ ചെയ്ത റോഡാണ് പഞ്ചായത്തിലുള്ളത്. ഇതിൽ 48 കി. മീ. പഞ്ചായത്ത് വകയും 12 കി. മീ. പി. ഡബ്ല്യൂ. ഡി. വകയുമാണ്. പി. ഡബ്ല്യൂ. ഡി. വകയായ ചങ്ങരംകുളം എരമംഗലം റോഡും, ചങ്ങരംകുളം-ചെറവല്ലൂർ റോഡും പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. വെള്ളം ഒഴുകിപ്പോകാൻ പറ്റാത്ത അവസ്ഥയിലായതിനാൽ കാഞ്ഞിയൂർ, മൂക്കുതല ഹൈസ്ക്കൂൾ, കാട്ടു പറമ്പ്, നരണിപ്പുഴ ഭാഗങ്ങളിലും, ചങ്ങരംകുളം പാറക്കൽ ഭാഗത്തും ഇന്ന് പി. ഡബ്ല്യൂ. ഡി. റോഡിൻെറ അവശിഷ്ടങ്ങളേ ഉള്ളൂ. പഞ്ചായത്ത് വകയായ ടാർ റോഡുകൾ നന്നംമുക്ക് ഭാഗത്തൊഴികെ സാമാന്യം നല്ല സ്ഥിതിയിലാണ്. എഴുത്തച്ചൻ പടി റോഡ്, ചങ്ങരംകുളം-മാട്ടം റോഡ്, ഐനിച്ചോട്-ലക്ഷംവീട് റോഡ്, തെങ്ങിൽ പള്ളി- കാഞ്ഞിയൂർ റോഡ്, കാഞ്ഞിയൂർ-പെരുമുക്ക് റോഡ്, മൂച്ചിക്കൽ റോഡ്, കാട്ടു പറമ്പ് റോഡ് എന്നിവ അടിയന്തിരമായി ടാർ ചെയ്യേണ്ടിയിരിക്കുന്നു. നന്നംമുക്ക് -മുതുകാട് റോഡിൻെറ ടാർ ചെയ്യുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങി ക്കഴിഞ്ഞു. സ്റ്റേറ്റ് ഹൈവേ മുതൽ പള്ളിക്കര ബണ്ട് വരെയുള്ള, ഭാഗവും, മാക്കാലി മുതൽ വെള്ളങ്ങഴി പടിവരെയുള്ള റോഡുകളും അടിയന്തിര പരിഗണന നൽകി ടാർ ചെയ്യേണ്ടതാണ്.

നരണിപ്പുഴ റോഡിൽ നിന്ന് ചേലക്കടവ് റോഡിലേക്ക്, ചരിത്ര പ്രസിദ്ധമായ കണ്ണേങ്കാവ് വഴിയുള്ള റോഡ് വീതി കൂട്ടുന്നതിനും നന്നാക്കുന്നതിനും തടസ്സങ്ങളേറെയുണ്ടെങ്കിലും ജനപ്രതിനിധി കളുടെ കൂട്ടായ ശ്രമഫലമായി പ്രസ്തുത റോഡ് മുന്തിയ പരിഗണ നൽകി ശരിയാക്കേണ്ടതാണ്.

**പ്രശ്നങ്ങൾ.**

1. റോഡരുകിൽ കാനകളില്ലാത്തതിനാൽ വെള്ളം കെട്ടിനിന്ന് റോഡുകൾ നശിച്ചു പോകുന്നു.

2. താരതമ്യേന വീതി കുറഞ്ഞ റോഡുകൾക്ക്, അരികിൽ നടപ്പാതകളില്ലാത്തതിനാൽ അപകടങ്ങൾ വർദ്ധിക്കുന്നു .

3. റോഡരുകിൽ മതിൽ നിർമ്മിക്കുന്നതുമൂലം വെള്ളം ഒഴുകിപ്പോകാനുള്ള ചാലുകൾ അടക്കപ്പെടുന്നു.

4. റോഡ് നിർമ്മാണ സമയത്തുതന്നെ ആവശ്യമുള്ള ഇടങ്ങളിൽ കൾവർട്ടുകൾ നിർമ്മിക്കാത്തതിനാൽ റോഡുകൾ ഉപയോഗ ശൂന്യമാകുന്നു.

5. പഴയ കാലങ്ങളിൽ സ്ഥാപിച്ച ഇലക്ട്രിക്ക് പോസ്റ്റുകൾ റോഡ് വീതികൂട്ടുന്നതോടൊപ്പം മാറ്റി സ്ഥാപിക്കാത്തതിനാൽ അപകടങ്ങ ളേറുന്നു.

## സാധ്യതകൾ

1. മൂച്ചിക്കൽ റോഡിനെ മാറഞ്ചേരി പഞ്ചായ ത്തുമായി ബന്ധിപ്പിക്കുന്ന തരത്തിൽ പാലം നിർമ്മിച്ചാൽ പൊന്നാനിയിലേക്കുള്ള യാത്ര വളരെ എളുപ്പമാകും.

2. മാങ്ങാർകടവ്-കാട്ടുപറമ്പ് ഹരിജൻ കോളനി റോഡ് നിർമ്മിക്കുന്നത് മൂലം പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തുള്ളവർക്ക് പഞ്ചായത്താ ഫീസിലേക്കുള്ള ദൂരം വളരെ കുറയുകയും കായൽ കൃഷിക്ക് സഹായകരമായി തീരുകയും ചെയ്യും.

3. ആലംകോട് പഞ്ചായത്തുമായി സഹകരിച്ച് പള്ളിക്കര ബണ്ടു വഴിയുള്ള റോഡ് ടാർ ചെയ്ത് മിനി ബസ് അനുവദിക്കുന്ന പക്ഷം പ്രസ്തുത പ്രദേശത്തിൻെറ യാത്രാ ദുരിതം പരിഹരിക്കാം.

4. പള്ളിക്കര-പള്ളിക്കുന്ന്-വാക്കാട്ട് പറമ്പ് റോഡ് നിർമ്മാണം.

5. ചേലക്കടവ് ഭാഗത്തേക്ക് അഞ്ചു ബസ്സുക ളോടിയിരുന്നു. ഇന്ന് ഒരു ബസ്സ് മാത്രമേയുള്ളൂ. തൃശൂർ - പൊന്നാനി ഭാഗത്തേക്ക് മിനി ബസ്സു കൾക്ക് പെർമിറ്റ് നൽകണം.

6. നന്നംമുക്കിനെ കല്ലൂർമ്മ-തരിയത്തുമായി ബന്ധിപ്പിക്കുന്ന ചെമ്പേത്ത് റോഡ് നിർമ്മിക്കണം.

7. മൂച്ചിക്കൽ ഭാഗത്തിനെ കോലൊളമ്പുമായി ബന്ധിപ്പിക്കുന്ന ബണ്ട് വീതി കൂട്ടി ഗതാഗത യോഗ്യമാക്കണം.

8. മൂക്കുതല ഹൈസ്ക്കൂൾ വിദ്യാർത്ഥികളുടെ യാത്രാ ദുരിതം പരിഹരിക്കാവുന്ന വിധത്തിൽ സ്കൂൾ സമയം കണക്കാക്കി ചങ്ങരംകുളം-എര മംഗലം റൂട്ടിൽ കൂടുതൽ ബസ്സുകളനുവധി ക്കണം.

9. ആമയം-ചങ്ങരംകുളം റൂട്ടിൽ മിനിബസ്സുകൾ അനുവദിക്കുക.

10. നന്നംമുക്ക് - ചങ്ങരംകുളം റൂട്ടിൽ മിനി ബസ്സുകൾ അനുവദിക്കുക.

11. മാക്കാലി റോഡിൽ നിന്ന് മടത്തിപ്പാടം വഴി ചങ്ങരംകുളം-നരണിപ്പുഴ പി. ഡബ്ല്യൂ. ഡി. റോഡുമായി ബന്ധിപ്പിക്കുന്ന വിധത്തിൽ ബണ്ടു റോഡു നിർമ്മിച്ചാൽ മത്സ്യ ബന്ധനത്തിനും കായൽ കൃഷിക്കും സഹായകമായിരിക്കും.

### പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ.

| ക്രമ നമ്പർ | റോഡിൻെറ പേര് | ഉദ്ദേശ നീളം |
|---|---|---|
| 1 | മാങ്ങാർക്കടവ് -കാട്ടു പറമ്പ് കോളനി റോഡ് | 2 കി. മി |
| 2 | പള്ളിക്കര- പള്ളിക്കുന്ന്-വാക്കാട്ട് പറമ്പ് റോഡ് | 1 കി. മി |
| 3 | മൂച്ചിക്കൽ - കോലൊളമ്പ് - റോഡ് (ബണ്ട് വീതികൂട്ടി റോഡാക്കൽ) | 1½ കി.മി |
| 4 | ചേലക്കടവ് മാറഞ്ചേരി റോഡ് | 2½ കി.മി |
| 5. | മാക്കാലി - മടത്തിപ്പാടം റോഡ് | ½ കി.മി |
| 6. | നന്നംമുക്ക്- കല്ലൂർമ്മ- തരിയത്ത്- ചെമ്പേത്ത് റോഡ് | 1 കി. മി |
| 7 | ചേലക്കടവ് റോഡുമുതൽ പുളിഞ്ചോട് വരെ (ബണ്ട് -കം - റോഡ്) | 1 കി. മി |
| 8. | എഴുത്തച്ഛൻ പടി റോഡുമുതൽ കാഞ്ഞിയൂർ പാടം വരെയുള്ള റോഡിൽ നിന്നും ആരംഭിച്ച് കാഞ്ഞിയൂർ പാടത്ത് അവസാനിക്കുന്ന റോഡ് | 300 മിറ്റർ |
| 9 | മുതുകാട് റോഡുമുതൽ സ്രായിൻകടവുവരെ (ബണ്ട് റോഡ്) | 11/2 കി. മി |
| 10 | വേളയാട്ട് അമ്പലം മുതൽ സ്റ്റേറ്റ് ഹൈവേ വരെ | 1 കി.മി |

## ടാർ ചെയ്ത് ഗതാഗത യോഗ്യമാക്കേണ്ട റോഡുകൾ.

| | |
|---|---|
| 1. ശിവക്ഷേത്രം മൂച്ചിക്കൽ റോഡ്. | 2 കി.മി |
| 2. പള്ളിക്കര കിഴിക്കര റോഡ് | 1½ കി.മി |
| 3. കാഞ്ഞിയൂർ പെരുമുക്ക് റോഡ് | 1½ കി.മി |
| 4. കാഞ്ഞിയൂർ -തരിയത്ത് റോഡ് | 1½ കി.മി |
| 5. നന്നംമുക്ക് -മുതുകാട് റോഡ് | 1½ കി.മി |
| 6. സ്റ്റേറ്റ് ഹൈവേ - പള്ളിക്കൽ റോഡ് | 1½ കി.മി |
| 7. മാക്കാലി- വെള്ളംങ്ങഴി പാടം റോഡ് | 1 കി.മി |
| 8. പകരാവൂർ പടി മു തൽ ചേലക്കടവ് റോഡുവരെ ( കണ്ണേങ്കാവ് വഴി) | 1 കി.മി |
| 9. നരണിപ്പുഴ റോഡു മുതൽ കാട്ടുപറമ്പ് കൈതപ്പുറം റോഡ് | 500 മീ. |
| 10. കല്ലൂർമ്മ മുതൽ സ്രായിൻ കടവുവരെ ബണ്ട് റോഡ് | 1½ കി.മി |
| 11. എഴുത്തച്ചൻ പടി റോഡ് | 1½ കി.മി |
| 12. മുതുകാട്-കൂളൻ പടവ് നോർത്ത് റോഡ് | 1 കി.മി |
| 13. മാങ്ങാർക്കടവ് കല്ലൂർമ്മ ജംഗ്ഷൻ റോഡ് | 1½ കി.മി |
| 14. മനക്കപ്പടി റോഡ് | 750 മീറ്റർ |
| 15. കൊളാടിമുക്ക് റോഡ് | 1 കി.മി |
| 16. തരിയത്ത് നിന്ന് ചെറവല്ലൂർ റോഡുമുതൽ എഴുത്തച്ചൻ പടി റോഡ് വരെ | 750 മീറ്റർ. |
| 17. ചെറവല്ലൂർ റോഡിൽ നിന്ന് (മാർത്തോമ്മാ സ്കൂളിന് പടിഞ്ഞാറു വശം) ലക്ഷം വീട് വഴികാഞ്ഞൂർ പ്പാടം റോഡ് വരെ. | 900 മീറ്റർ |
| 18. തെങ്ങിൽ പള്ളി മുതൽ കൊളാടിമുക്ക് വഴി പാടം വരെ രണ്ട് റോഡുകൾ | 1½ കി.മി |
| 19. ചെറവല്ലൂർ റോഡുമുതൽ (മാർത്തോമ്മാ സ്കൂളിന് തെക്കുവശം) സ്രായിക്കടവ് റോഡ് | 800 മീ |
| 20 സ്രായിക്കടവ് റോഡുമുതൽവെമ്പുഴ റോഡുവരെ | 850 മീറ്റർ |
| 21. പാറക്കൽ നിന്ന് പടിഞ്ഞാറ് എഴുത്തൻ റോഡുവരെ | 500 മീറ്റർ |
| 22 കാഞ്ഞിയൂർ പാടം റോഡു മുതൽ തുറയിൽ താഴം വഴി നരണിപ്പുഴ റോഡ് വരെ | 500 മീ |
| 23. തുറയിൽ താഴം റോഡ് | 500 മീറ്റർ |
| 24. വെള്ളുത്തേടത്ത് പടി റോഡ് | 800 മീ |
| 25. നരണിപ്പുഴ റോഡുമുതൽ മുത്തൂർ പാടം വരെ | 1 കി.മി. |
| 26. പ്രസ്തുത റോഡിൻെറ ശാഖാ റോഡ് | 350 മീ. |
| 27. ചങ്ങരംകുളം ഭൂതാനം കോളനി റോഡുമുതൽ പെരുമുക്ക് പള്ളി വരെയുള്ള റോഡ് | 1½ കി.മി |
| 28 കാഞ്ഞിയൂർ സ്കൂൾ മുതൽ മുത്തൂർ പാടം റോഡ് | 1½ കി.മി |
| 29. നരണിപ്പുഴ റോഡു മുതൽ കരുവാട്ട് ക്ഷേത്രം വരെയും ശാഖാ റോഡും | 1½ കി.മി |
| 30. നരണിപ്പുഴ റോഡുമുതൽ കാഞ്ഞൂർ പാടം റോഡ് | 300 മീറ്റർ |
| 31 നരണിപ്പുഴ റോഡിൽ നിന്ന് ചേലക്കടവ് റോഡുവരെ | 700 മീ. |
| 32. സ്രായിക്കടവ് - ചേറാത്ത് പാടം റോഡ് | 650 മീ. |

33. നരണിപ്പുഴ പകരാവൂർ പടി മുതൽ കാഞ്ഞൂർ പാടം റോഡ് 500 മീ.

34. മാക്കാലി റോഡു മുതൽ കടുക്കുഴി പാടം റോഡ് 400 മീ.

35 നരണിപ്പുഴ റോഡുമുതൽ എഞ്ചിനീയർ പടി റോഡ് 300 മീ

35 ചങ്ങരംകുളം മാട്ടം റോഡ് 500 മീ.

37 കല്ലൂർമ്മ ശിവ ക്ഷേത്രം മുതൽ പരപ്പിൽ പാടം (തൃക്കേകടവ്) 700 മീ.

38 പുതുമനക്കടവ് റോഡ് 500 മീ

39. ചെറവല്ലൂർ റോഡിൽ നിന്ന് കോട്ടിയാട്ട് റോഡുവരെ ചാലിയപ്പാടം റോഡ് 750 മീ.

40. കല്ലൂർമ്മ സെൻററിൽ നിന്ന് ഹരിജൻ കോളനി (തെക്കും താഴം ) 700 മീ.

41. നന്നംമുക്ക് പള്ളി ത്താഴം റോഡ് 750 മീ.

42. മൂച്ചിക്കൽ റോഡുമുതൽ ചേമ്പില വളപ്പിൽ റോഡ് 300 മീ.

43. നരണിപ്പുഴ റോഡുമുതൽ കൊളഞ്ചേരി പാടം വരെ 300 മീ.

44. കോട്ടിയാട്ട് റോഡിൽ നിന്ന് വാക്കാട്ട് പറമ്പ് റോഡ് വരെ 800 മീ.

## വിഷവൈദ്യം

പണ്ട് പകരാവൂർ മനക്കൽ
വിഷവൈദ്യ ചികിത്സ
നടത്തിയിരുന്നു പോലും! വിഷം
തീണ്ടിയാൽ വൈദ്യർ കൊടുക്കുന്ന
കുരുമുളകിന് മധുരമാണത്രെ!!
ശിരസ്സിലും ചെവിയിലും മന്ത്രിച്ചൂതി
പ്രത്യേക മരുന്നു കൊടുത്ത്
വിഷമിറക്കിയിരുന്നു ,
എന്ന്ഐതിഹ്യപരമായി
പറയപ്പെടുന്നുണ്ട് !!!

# 5-7

# ഊർജ്ജം

1970 കളുടെ ആരംഭത്തോടെയാണ്. ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയത്. കാലം ഒട്ടേറെ പിന്നിട്ടെങ്കിലും വൈദ്യുതി വിതത രണത്തിൽ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ബഹുദൂരം പിന്നിലാണ് നന്നംമുക്ക് പഞ്ചായത്ത്. ഇന്നും 30% വീടുകൾ ഈ പഞ്ചായത്തിൽ വൈദ്യുതീകരിക്കാത്തതാണ്. വൈദ്യുതി ലഭിച്ചിട്ടില്ലാത്ത ഹരിജൻ കോളനികൾ ഇന്നും പഞ്ചായത്തിലുണ്ട്.

എടപ്പാൾ 66 കെ. വി., കൂറ്റനാട് 66 കെ. വി. സബ് സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. 26 ട്രാൻസ്ഫോർമറുകളിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി വിതരണം നടക്കുന്നത്. 7000 ത്തോളം ഗാർഹീക ഉപഭോക്താക്കളും വിരലിലെണ്ണാവുന്ന വ്യാവസായിക ഉപഭോക്താക്കൾക്കും വൈദ്യുതി വിതരണം ചെയ്യാൻ ഇത്രയും ട്രാൻസ്ഫോർമറുകളുടെ ശേഷി പോര. അതുകൊണ്ടു തന്നെ പിക്ക് ലോഡ് സമയത്ത് മിന്നാമിനുങ്ങിൻെറ നുറുങ്ങുവെട്ടം മാത്രമെ പഞ്ചായത്തിൻെറ പല ഭാഗത്തും ലഭിക്കുന്നുള്ളൂ. വ്യാവസായികമായി വലിയ മുന്നേറ്റത്തിന് ദാഹിക്കുന്ന ഈ പഞ്ചായത്തിൻെറ ആവശ്യം നിറവേറ്റാൻ വൈദ്യുതി വിതരണ രംഗത്ത് ഇനിയും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ ആവശ്യമാണ്. തൃശൂർ ജില്ലയിലെ പഴഞ്ഞി ഭാഗത്തു നിന്നും മലപ്പുറം ജില്ലയിലെ പെരുമ്പടപ്പിൽ നിന്നും പാലക്കാട് ജില്ലയിലെ ചാലിശ്ശേരിയിൽ നിന്നും ആലങ്കോട് പഞ്ചായത്തിൽ നിന്നും ഈ പ്രദേശത്തേക്ക് വൈദ്യുത വിതരണം നടക്കുന്നതിനാൽ കാർഷിക-വ്യാവസായിക-ഗാർഹിക ആവശ്യത്തിന്നായി വിനിയോഗിക്കുന്ന വൈദ്യുതിയുടെ കൃത്യമായ കണക്ക് അവതരിപ്പിക്കുക പ്രയാസമാണ്. വൈദ്യുതി വിതരണ രംഗത്ത് തൃപ്തികരമായ നില കൈവരിക്കാൻ ഇനിയും ഒട്ടേറെ പ്രവർത്തനങ്ങൾ ഈ രംഗത്ത് നടത്തിയേ തീരൂ.

പാചകാവശ്യത്തിന്ന് പഞ്ചായത്തിലെ 75% വീടുകളിലും വിറകാണുപയോഗിക്കുന്നത്. വിറകിൻെറ ലഭ്യത അനുദിനം കുറഞ്ഞു വരുന്നു.

വിറകിനായി പഞ്ചായത്തിനകത്ത് പ്രവർത്തിക്കുന്ന തടി അറുപ്പ് മില്ലുകളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ്. ഇന്ന് ഉൽപ്പന്നത്തിൻെറ അമിതമായ വില സാധാരണക്കാരന് വലിയ പ്രയാസമുണ്ടാക്കുന്നു. അതുകൊണ്ട് വ്യാവസായികാവശ്യത്തിന് ഉപയോഗിക്കാവുന്ന ചകിരിയും ചിരട്ടയും ഇവിടുത്തെ പ്രധാന ഇന്ധനമായി തീരുന്നു. മണ്ണെണ്ണ സ്റ്റൗകളെ ആശ്രയിക്കുന്നവരും താരതമ്യേന കുറവാണ്. മണ്ണെണ്ണ പെർമിറ്റ് ലഭിക്കാൻ സർക്കാർ ഏർപ്പെടുത്തിയ വരുമാന പരിധി സാധാരണക്കാരനെ പ്രതികൂലമായി ബാധിച്ചിരിക്കുന്നു. പഞ്ചായത്തിനകത്ത് പാചകവാതകം ഉപയോഗിക്കുന്നവരുടെ എണ്ണം വിരളമാണ്. ആലങ്കോട്, നന്നംമുക്ക് പഞ്ചായത്തുകൾ ഗ്യാസ് വിതരണ ഏജൻസി യുടെ പരിധിക്ക് പുറത്തായതുകൊണ്ട് റജിസ്ട്രേഷൻ പോലും അസാധ്യമാവുന്നു. വലിയ സ്വാധീനം ഉപയോഗിക്കാൻ

കഴിയുന്ന പലർക്കും പഞ്ചായത്തിന്നകത്ത് ഗ്യാസ് കണക്ഷൻ ലഭിക്കുന്നു എന്നത് സംശയത്തിന്നിട നൽകുന്നു.

നന്നംമുക്ക് പഞ്ചായത്തിൽ വൈദ്യുത വിതരണത്തിന്ന് സ്ഥാപിച്ച ട്രാൻസ് ഫോർമറുകളുടെ വിവരം.

| നമ്പർ | സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1 | കല്ലൂർമ്മ | 163 കെ. വി. എ |
| 2 | തരിയത്ത് | 100 കെ. വി. എ |
| 3 | നീലയിൽ പടവ് | 100 കെ. വി. എ |
| 4 | സ്രായിക്കടവ് | 163 കെ. വി. എ |
| 5 | നന്നംമുക്ക് | 163 കെ. വി. എ |
| 6 | മുതുകാട് | 100 കെ. വി. എ |
| 7 | കൂളൻ പടവ് | 163 കെ. വി. എ |
| 8 | ഐനിച്ചോട് | 63 കെ. വി. എ |
| 9 | അയ്യംകുളം | 63 കെ. വി. എ |
| 10 | കോട്ടിയാട്ട് | 100 കെ. വി. എ |
| 11 | പള്ളിക്കര സൗത്ത് | 100 കെ. വി. എ |
| 12 | പള്ളിക്കര നോർത്ത്(1) | 63 കെ. വി. എ |
| 13 | പള്ളിക്കര നോർത്ത് (2) | 100 കെ. വി. എ |
| 14 | ചങ്ങരംകുളം | 500 കെ. വി. എ |
| 15 | കാഞ്ഞിയൂർ | 100 കെ. വി. എ |
| 16 | വടക്കുമുറി | 100 കെ. വി. എ |
| 17 | ചേലക്കടവ് | 163 കെ. വി. എ |
| 18 | ചേലക്കടവ് പള്ളി | 100 കെ. വി. എ |
| 19 | നരണിപ്പുഴ(1) | 163 കെ. വി. എ |
| 20 | നരണിപ്പുഴ റേഷൻകട | 100 കെ. വി. എ |
| 21 | മാക്കാലി | 100 കെ. വി. എ |
| 22 | പെരുങ്കുഴി | 100 കെ. വി. എ |
| 23 | NMവുഡ് ഇൻഡസ്ട്രീസ് | 163കെ.വി. |
| 24 | വട്ടത്തൂർ വുഡ് ഇൻഡസ്ട്രീസ് | 100 കെ.വി.എ |
| 25 | പകരാവൂർ പടി | 100 കെ. വി. എ |
| 26 | രാജകീയ കല്യാണ മണ്ഡപം | 63കെ. വി. എ |
| 27 | ചിയ്യാന്നൂർ പാടം | 63 കെ. വി. എ |

| | | |
|---|---|---|
| മൊത്തം സി. ഡി. അടച്ചവർ | = | 8868 |
| ഹൗസ് കണക്ഷൻ | = | 4591 |
| കാർഷിക കണക്ഷൻ | = | 3063 |
| എഫക്ടഡ് കണക്ഷൻ | = | 7638 |
| വ്യാവസായം | = | 28 |

## പ്രശ്നങ്ങൾ

1. വികിന് ക്ഷാമവും, കൂടിയ വിലയും

2. പാചക ഗ്യാസ് കണക്ഷന് സ്വകാര്യ ഏജൻസിയെ ആശ്രയിക്കേണ്ടി വരുന്നു.

3. വരുമാന പരിധി ഉയർത്തിയത് മൂലം മണ്ണെണ്ണ-പെർമിറ്റ് ആവശ്യക്കാർക്ക് ലഭിക്കുന്നില്ല.

4. പ്രേക്ഷണ വിതരണ രംഗങ്ങളിലെ ശ്രദ്ധക്കുറവ് വൈദ്യുതി ലഭ്യതയെ പ്രതികൂലമായി ബാധിക്കുന്നു.

5. ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി ലഭിച്ചിട്ടില്ല.

6. വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ ഇനിയുമുണ്ട്.

7. സി.ഡി. അടച്ചിട്ടും കണക്ഷൻ ലഭിക്കാത്ത ഉപഭോക്താക്കൾ അനവധിയാണ്.

8. കാർഷികാവശ്യത്തിന്നുപോലും സാങ്കേതിക കാരണത്താൽ വൈദ്യുതി ലഭിക്കുന്നില്ല.

9. കെ. എസ്. ഇ. ബി. ഓഫീസിലെ ജീവനക്കാരുടെ അഭാവം പലപ്പോഴും ആവശ്യക്കാർക്ക് വിഷമങ്ങളുണ്ടാക്കുന്നു.

10. സമ്പന്ന കുടുംബങ്ങളിൽ സെറ്റെപ്പ് ഉപയോഗിക്കുന്നതുമൂലം സാധാരണക്കാരന് പ്രയാസങ്ങളുണ്ടാകുന്നു.

11. സ്ട്രീറ്റ് ലൈറ്റുകൾ പഞ്ചായത്തിന് വളരെ കുറവാണ്.

12. അലങ്കാര ദീപങ്ങളും, വിവാഹം, ഉൽസവം തുടങ്ങിയ സന്ദർഭങ്ങളിലെ അമിത ഉപയോഗങ്ങളും നിയന്ത്രിക്കപ്പെടുന്നില്ല.

## സാധ്യതകൾ.

1.കണ്ണേങ്കാവ്, ചേലക്കടവ്, മാട്ടം തുടങ്ങിയ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചാൽ വോൾട്ടേജ് കുറവ് പരിഹരിക്കാൻ കഴിയും.

2. വൈദ്യുതി ലൈനുകളോട് തൊട്ടു നിൽക്കുന്ന മരച്ചില്ലകൾ സമയാസമയങ്ങളിൽ വെട്ടിമാറ്റിയാൽ പ്രസരണ നഷ്ടം കുറക്കാം.

3. കോളനികളിൽ വൈദ്യുതി എത്തിക്കാൻ മുന്തിയ പരിഗണന നൽകണം.

4. ഗ്രാമ സഭകൾ സമർപ്പിച്ച നിർദ്ദേശങ്ങൾ അനുസരിച്ച് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കാൻ പഞ്ചായത്തിൻെറ വിഭവ ശേഷി പര്യാപ്തമല്ല. ലൈറ്റുകളുടെ എണ്ണംകുറച്ചാണെങ്കിലും തുല്യമായ വിതരണം ഉറപ്പുവരുത്തണം.

5. നിലവിലുള്ള ലൈനുകളോട് സിംഗ്ൾ ഫെയ്സ് ലൈൻ ബന്ധിപ്പിച്ചാൽ അനേകം പേരുടെ ആക്ഷേപങ്ങൾ കുറക്കത്തക്ക നിലയിൽ കണക്ഷനുകൾ നൽകാൻ കഴിയും.

6. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വനം വകുപ്പുമായി സഹകരിച്ച് വിറക് വിതരണം ചെയ്യാനുള്ള ഏർപ്പാടുണ്ടാക്കുന്നത് നന്നായിരിക്കും.

7. പുകയില്ലാത്തതും ഇന്ധനക്ഷമതയുള്ളതുമായ അടുപ്പുകൾ പ്രചരിപ്പിക്കണം.

8. അനർട്ടിൻെറ സഹകരണത്തോടെ സോളാർ വിളക്കുകളും പാനലുകളുംസാധാരണക്കാരന് എത്തിക്കണം.

ഒ. വൈ. സി. അടച്ചവരിക്കാർക്ക് പോലും കണക്ഷൻ നൽകാൻ കമ്പി, ക്രോസ് ആം,വെതർ പ്രൂഫ് വയർ, മീറ്റർ എന്നിവ ഇല്ലാത്തത് മൂലം കഴിയുന്നില്ല. പക്ഷെ പല കേന്ദ്രങ്ങളിലും ഇവ കെട്ടികിടക്കുന്നു. സന്തുലിതമായ വിതരണ ക്രമം വഴി ഈ പ്രശ്നങ്ങൾ ലഘൂകരിക്കാം.

9. ബയോഗ്യാസ് പ്ലാൻറുകൾ പ്രചരിപ്പിക്കപ്പെടണം.

10. സെക്ഷൻ ഓഫീസ് ചങ്ങരംകുളത്ത് ആരംഭിക്കണം.

11. കായൽ കൃഷിയുടെ അഭിവൃദ്ധിക്ക് മുൻതൂക്കം നൽകി സബ്സ്റ്റേഷൻ ആരംഭിക്കണം

---

**നസ്രാണിക്കുന്ന്**

***പൊന്നാനി താലൂക്കിൽ അപൂർവ്വമായി മാത്രമുണ്ടായിരുന്ന ക്രിസ്തുമതക്കാർക്ക് ആദ്യമായി പള്ളി പണിഞ്ഞ് 'ഇടവക' അനുവദിക്കപ്പെട്ടത് മൂക്കുതലയിലെ നസ്രാണിക്കുന്നിലാണ്. ഇവിടെ ഇന്നും നസ്രാണിക്കുന്ന് എന്നു തന്നെ അറിയപ്പെടുന്നു.***

# 5-8

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

## പാർപ്പിടം

വിദ്യാഭ്യാസ പരമായും സാംസ്കാരിക മായും മുൻപന്തിയിൽ നിൽക്കുന്ന ഈ പഞ്ചായത്ത് പള്ളിക്കര നന്നംമുക്ക് ഭാഗങ്ങളി ലായി സ്ഥിതി ചെയ്യുന്നു. ഗൾഫ് പണം ഈ പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിൽ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണമം ക്രിയാത്മക മായ രീതിയിൽ ഉപയോഗപ്പെ ടുത്തുവാൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗംകോൺക്രീറ്റ് സൗധത്തിൽ ഒതുങ്ങി നിൽക്കുന്നു. 50%ത്തിൽ കൂടുതൽ കുടുംബങ്ങൾ ഗൾഫ് മേഖലയിലും 20% കാർഷിക വൃത്തിയിലും, 20% കൂലിപ്പണിയിലും, 5% ഗവൺമെൻറ് ജോലിക്കാരും, 5% മറ്റുമേഖലകളിലുമായി തൊഴിലെടുക്കുന്നു. ഈ പഞ്ചായത്തിലെ 9% കുടിലുകളും, 47%പേർ ഇടത്തരം വീടുകളിലുമാണ് താമസിക്കുന്നത്. ഈ പഞ്ചായത്തിൻെറ മൂന്നു ഭാഗം കായലിനാൽ ചുറ്റപ്പെട്ടു കിടക്കുന്നതിനാൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളും, കർഷകത്തൊ ഴിലാളികളും തിങ്ങി താമസിക്കുന്നു. ഈ പഞ്ചായത്തിലെ വീടുക ളിൽ ടെറസ്സ് 1758, ഇടത്തരംഭേദപ്പെട്ടവ 2836, കുടിലുകൾ 1559. എന്നിങ്ങനെയാണ്.

പഞ്ചായത്തിൽ 11 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ വിവിധ തരം വീടുകളുമായി തുല്യത പുലർത്തുന്നു ണ്ടെങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമ്മാണ ചെലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു. ആർഭാടമേറിയ വലിയ വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട് പി. ഡബ്ല്യൂ.ഡി റോഡിന് സമീപമായി ലക്ഷങ്ങൾ മുടക്കി വലിയ വീടുകൾ നിർമ്മിക്കുന്നു. വയൽ നികത്തി കെട്ടിടം പണിയുന്ന അവസ്ഥയും പഞ്ചായത്തിലില്ലാതില്ല. ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന കാർഷിക വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കിൻെറ ചങ്ങരംകുളം ശാഖാ, പൊന്നാനി ഹൗസിങ്ങ് സൊസൈറ്റി എന്നിവയെയാണ് പഞ്ചായത്തിലെ ജനങ്ങൾ വീടുനിർമാണ്ണത്തിന്ന് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യ വ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് കിട്ടാത്ത സ്ഥിതിയാണുള്ളത്.

ഭവന വായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ വായ്പാ വ്യവസ്ഥ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെ പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2. പലിശ നിരക്ക് 12% മായി നിജപ്പെടുത്തുക.
3. പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടുകൂടി വീട് നിർമ്മിച്ചു നൽകുക.

ഈ പഞ്ചായത്തിൽ 10% കുടുംബങ്ങൾ വീടും സ്ഥലവും ഇല്ലാത്തവരാണ് എന്നിരിക്കെ സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിൻെറ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ

കാണിക്കുന്നു. സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല ഇടത്തരം വിഭാഗക്കാർക്ക് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന. ഭവന വായ്പ, ദുർബല വിഭാഗക്കാർക്ക് മാത്രമായി, അതും വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്.

ദുർബല ജന വിഭാഗക്കാർക്ക് വീടുവെക്കാനും ഇടത്തരക്കാർക്ക് നിർമ്മാണത്തിനും പുതുക്കി പണിയുന്നതിനുമുള്ള സഹായങ്ങളും വായ്പകളും ലഭ്യമാക്കാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ സാമൂഹ്യ പ്രവർത്തനങ്ങളിൽ ഉത്സാഹക്കുറവ് കാണപ്പെടുന്നു. ജനകീയ ആവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതുണ്ട്. അതുവഴി നാടിൻെറ പ്രത്യുൽപ്പാദന രംഗങ്ങളിൽ അത്മാർത്ഥതയോടെയും അർപ്പണബോധത്തോടേയും സമസ്ത ജന വിഭാങ്ങളേയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൻെറ വിവിധ പദ്ധതികളടക്കം നിലവിലുള്ള വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

| വാർഡ് | കോൺക്രീറ്റ് | ഓട് | ഓല |
|---|---|---|---|
| 1 | 74 | 235 | 224 |
| 2 | 178 | 276 | 181 |
| 3 | 412 | 335 | 163 |
| 4 | 363 | 312 | 121 |
| 5 | 154 | 228 | 299 |
| 6 | 135 | 260 | 127 |
| 7 | 138 | 234 | 87 |
| 8 | 142 | 392 | 109 |
| 9 | 134 | 234 | 176 |
| 10 | 58 | 330 | 66 |

വിവിധ സ്കീമനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 1984-85 കാലയളവുമുതൽ 1995-96 വരെ, 11 വാർഡുകളിലായി 200 വീടുകൾ പണികഴിച്ചിട്ടുണ്ട്. 95-96 ൽ മാത്രം 45 വീടുകൾ നിർമിച്ചിട്ടുണ്ട്. ഭവന നിർമ്മാണ ബോർഡുവഴി ദുർബല വിഭാഗങ്ങൾക്കു നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കേണ്ടിയിരിക്കന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റവും കൂലിയിനത്തിലുള്ള ക്രമാതീതമായ വർദ്ധനവും നിമിത്തം പാവപ്പെട്ടവൻെറ സ്വന്തമായ വീട് എന്ന സ്വപ്നം, സ്വപ്നമായി തന്നെ അവശേഷിക്കവെ കിട്ടിയ ആനുകൂല്യംകൊണ്ട് വീടുനിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

72 -73 വർഷങ്ങളിൽ വിദഗ്ദ തൊഴിലാളികൾക്ക് 10 രൂപ കൂലി നിരക്കുണ്ടായിരുന്നപ്പോൾ സാധാരണ തൊഴിലാളിക്ക് 6-8 രൂപയായിരുന്നു കൂലി. 75-76 കാലയെളവിൽ ഈ പഞ്ചായത്തിൽ ഗൾഫ് പണത്തിൻെറ സ്വാധീനം നിമിത്തം വിദഗ്ദ തൊഴിലാളികൾക്കും സാധാരണ തൊഴിലാളികൾക്കും യഥാക്രമം 25-15 രൂപ നിരക്കിലും, 92-93 വർഷങ്ങളിൽ യഥാക്രമം 80-90, 50-60 എന്ന നിരക്കിലും വർദ്ധനവ് കാണിക്കുന്നു. 93-94 ൽ യഥാക്രമം 110-100 , 80-80 എന്ന നിരക്കിലും, 94-96 കാലയിളവിൽ ജീവിത നിലവാരം ഉയരുകയും പണത്തിൻെറ മൂല്യകുറവ് കാരണവും എല്ലാരംഗങ്ങളിലും ഉള്ള തൊഴിലാളികളുടെ കുറവു നിമിത്തവും കൂലി നിരക്കിൽ ഭീമമായ വർദ്ധനവുണ്ടായി.

**1996 അവസാനത്തിലെ കണക്ക്.**

വിദഗ്ദ തൊഴിലാളികൾക്ക് 200-210 വരെയും

സാധാരണക്കാർക്ക് 125 വരെയും.

സ്ത്രീകളിൽ വിദഗ്ദ തൊഴിലാളികളില്ലാത്തതിനാൽ കൂലി വർദ്ധനവിൽ പുരുഷതൊഴിലാളികൾക്കൊപ്പം കൂലി വർദ്ധനവില്ല. കൺസ്ട്രക്ഷൻ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് ജോലിയനുസരിച്ച് കൂലി ലഭിക്കുന്നില്ല. ഈ മേഖലയിലുള്ള സ്ത്രീ തൊഴിലാളികളുടെ കൂലി നിരക്ക് 90-100 രൂപ അനുപാതത്തിൽ നൽകുന്നു.

**പരിഹാരം.**

1. രാജീവ് ദശലക്ഷം വീടുപദ്ധതി, മൈത്രീ ഭവന നിർമ്മാണ പദ്ധതി മുതലായവയുടെ വായ്പ ലഘൂകരിക്കുകയും ഗ്രാൻറ് കൂട്ടുകയും ചെയ്യേണ്ടതാണ്.

2. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക. സാങ്കേതിക വിദഗ്ദരെ സംഘത്തിൽ ഉൾപ്പെടുത്തുക.

3. സർക്കാർ പദ്ധതികൾ പഞ്ചായത്ത് സന്നദ്ധ സംഘനകളിലൂടെ നടപ്പാക്കുക.

4. കെട്ടിട നിർമ്മാണ സാമഗ്രികൾ മിതമായ നിരക്കിൽ ലഭ്യമാക്കുക.

5. അപേക്ഷകൾ പഞ്ചായത്ത് വഴി വിതരണം ചെയ്യുക.

6. റജിസ്ട്രേഷൻ ഓഫീസിൽ തിരച്ചിൽ ഫീസും പകർപ്പു ഫീസും കുറക്കുക.

7. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.

8. സർക്കാർ ഏജൻസികൾ വഴി വീടുകൾ നൽകുന്നതിൻെറ രേഖ പഞ്ചായത്ത് തലത്തിൽ ശരിയാക്കുക.

9. പ്രകൃതി ക്ഷോഭം പുനരധിവാസ പദ്ധതികളുടെ സങ്കീർണ്ണതകൾ ഒഴിവാക്കുകയും ഗ്രാൻറ് കൂട്ടുകയും ചെയ്യുക.

10. ഭൂമിയില്ലാത്ത കർഷക തൊഴിലാളികൾക്കും പട്ടികജാതിക്കാർക്കും അഞ്ചുസെൻറ് സ്ഥലം സൗജന്യമായി കൊടുത്ത് വീട് നൽകുക.

11. എൽ. ഐ. സി തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുക.

12. ജന സാന്ദ്രതയുള്ള സ്ഥലങ്ങളിൽ ഫ്ളാറ്റ് സമ്പ്രദായം നടപ്പിലാക്കുക.

നമ്മുടെ ലക്ഷ്യം അഞ്ചുവർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരമാവധി പരിഹരിക്കലാവട്ടെ. അതിനുള്ള കൂട്ടായ്മക്കായി നമുക്കൊന്നിക്കാം - ഒരുമിക്കൂ.

# സാമൂഹ്യക്ഷേമം

സാമൂഹ്യരംഗത്ത് ദാരിദ്ര്യ രേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കുവാൻ ഐ. ആർ. ഡി. പി. പോലുള്ള പദ്ധതികളാണ് നിലവിലുള്ളത്. തൊഴിലാളി, തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ നടപ്പാക്കപ്പെടുന്നവയുമായി രണ്ടായി തരം തിരിക്കാം. ഇതിനു പുറമെ പട്ടിക ജാതി വികസനത്തിനായി പട്ടിക ജാതി വികസന കോർപ്പറേഷനും, പിന്നോക്ക വർഗ്ഗ ക്ഷേമത്തിനായി പിന്നോക്ക വർഗ്ഗ കോർപ്പറേഷനും നിലവിലുണ്ട്. ഈ പദ്ധതിയിൽ ദരിദ്ര നിർമ്മാർജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ്'വലിയതോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാവുന്നത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെ കുറിച്ചുള്ള അറിവില്ലായ്മ അർഹതപ്പെട്ടവർക്ക് കിട്ടാത്തതും ഉദ്യോഗതലത്തിലുള്ള ബോധവൽകരണക്കുറവ്. ആവശ്യത്തിനും സമയത്തിനും കിട്ടാത്തതും. ഉപയോഗപ്പെടുത്തുമ്പോഴുള്ള സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്ത് പറയേണ്ടവ തന്നെയാണ്.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം തന്നെ കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, ഉൾനാടൻ മത്സ്യ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവർ കൂടുതൽ ഉണ്ടെങ്കിലും, എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

പട്ടികജാതി വികസന കോർപ്പറേഷൻ വഴിയുള്ള അനുകൂല്യം ലഭിക്കുന്നുണ്ടെങ്കിലും ഈആഫീസ് പാലക്കാട്ടായതിനാലാണ് ഏറെ പ്രയാസങ്ങൾ അനുഭവപ്പെടുന്നത്.

വനിതാ കോർപ്പറേഷൻ തിരുവനന്തപുരത്തായതിനാൽ പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് ഈ അനകൂല്യം ലഭിക്കുന്നില്ല. ഈ കോർപ്പറേഷൻ വനിതകൾക്ക് അന്യമാണെന്നാണ് പഞ്ചായത്തിലെ വിലയിരുത്തൽ.

സാമൂഹ്യ ക്ഷേമ രംഗത്ത് പഞ്ചായത്തിലേക്ക് സഹായം ലഭിച്ചു കൊണ്ടിരിക്കുന്നത് ബ്ലോക്ക് മുഖേനയാണ്. നന്നംമുക്ക് പഞ്ചായത്തിലെ 2 VEO സർക്കിൾ, മൂക്കുതല, നന്നംമുക്ക് എന്നിവയാണ്. മൂക്കുതല സർക്കിളിൽ 1991 മുതൽ 1995-96 വരെ 109 കുടുംബങ്ങൾക്കാണ് സഹാധനം ലഭിച്ചിരിക്കുന്നത്. SC -42കുടുംബങ്ങൾ

പട്ടിക നമ്പർ 1

**IRDP സഹായം ലഭിച്ചവർ**

നന്നംമുക്ക് സർക്കിൾ

| വർഷം | എണ്ണം | സബ്സിഡി | ലോൺ |
|---|---|---|---|
| 91-92 | 25 | 62727 | 1224443 |
| 92-93 | 14 | 30216 | 64785 |
| 93-94 | 7 | 22925 | 36725 |
| 94-95 | 22 | 88900 | 172486 |
| 95-96 | 29 | 126850 | 157400 |

പട്ടിക 2 മൂക്കുതല സർക്കിൾ

| വർഷം | എണ്ണം | സബ്സിഡി | ലോൺ |
|---|---|---|---|
| 1991-92 | 26 | 77815 | 70459 |
| 92-93 | 26 | 61885 | 112999 |
| 93-94 | 12 | 43000 | 85850 |
| 94-95 | 19 | 83075 | 141915 |
| 95-96 | 28 | 128960 | 299540 |

നന്നംമുക്ക് സർക്കിളിൽ 680 കുടുംബങ്ങൾ ദരിദ്രരേഖക്ക് താഴെയായി കണ്ടിരിക്കുന്നു.

96-97 ൽ വായ്പ സബ്സിഡിയുമായി.......... ലഭിച്ചിട്ടുണ്ട്.

ഈ പദ്ധതിയെ കുറിച്ച് സർക്കാറിന്റെ നിർവ്വചനം കാലേകൂട്ടി മാറ്റത്തിനു വിധേയമാക്കേണ്ടതാണ്. ദാരിദ്ര രേഖയുടെ പരിധി 25000 രൂപയാക്കേണ്ടതാണ്. ദേശസാൽകൃത ബാങ്കുകൾ ഈ പദ്ധതിയിൽവായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണമേഖലക്ക് ഇതിനാവശ്യമായ ഫണ്ട് നൽകികൊണ്ടും സഹകരണ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴിയും സർക്കാർ നടപടി സ്വീകരിക്കണം. അതോടൊപ്പം ദേശാൽകൃത ബേങ്കുകളെ കൊണ്ട് ഗുണഭോക്താക്കളെ സഹായിക്കുവാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. അർഹതയുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷം തോറും സർവ്വേ നടത്തണം.

## DWCRA യൂണിറ്റ്

1. റെഡിമെയ്ഡ് യൂണിറ്റ്, 2. കറി പൗഡർ യൂണിറ്റ്, 3. പച്ചക്കറി യൂണിറ്റ്, 4. ഡയറി യൂണിറ്റ്, 5. ചങ്ങരംകുളം ഹോട്ടൽ യൂണിറ്റ് എന്നിവയുണ്ടെങ്കിലും എല്ലാം തന്നെ നിർജ്ജീവമാണ്. പഴയ യൂണിറ്റുകൾ കാര്യക്ഷമമാക്കി പ്രവർത്തിപ്പിക്കുക. പുതിയ യൂണിറ്റുകൾ തുടങ്ങാൻ വേണ്ട മാർഗ്ഗ നിർദ്ദേശങ്ങളും പ്രോത്സാഹനവും സർക്കാർ തലത്തിൽ നിന്നും ഉണ്ടാവണം. 91-92 മുതൽ 95-96 കാലയളവിൽ 70 സ്ത്രീകൾക്കായ് 555000 രൂപ സബ്സിഡി ഉൾപ്പെടാതെ വിതരണം നടന്നതായി കണക്കുകൾ വെളിവാക്കുന്നു. ഈ പ്രാദേശിക വിഭവങ്ങൾ ഉൾപ്പെടുത്തികൊണ്ടുള്ള നല്ലയൂണിറ്റുകൾ ആരംഭിക്കേണ്ടതാണ്.

ഉദാഃ- നെല്ല്, അടക്ക, നാളികേരവെള്ളം, കശുമാങ്ങ, മാങ്ങ, ഉൾനാടൻ മത്സ്യം എന്നിവ ഉപയോഗിച്ചുള്ള യൂണിറ്റുകൾ ഈ പഞ്ചായത്തിൽ തുടങ്ങുവാൻ സാധിക്കുന്നതാണ്. ഇത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ വിപണന കേന്ദ്രം ഉണ്ടാക്കേണ്ടതാണ്. ഇത്തരം സംരംഭങ്ങളുടെ മേൽ നോട്ടത്തിനായി സന്നദ്ധ സംഘടനകൾ അടങ്ങുന്ന ഉപഭോക്തൃ കമ്മറ്റി ഉണ്ടാവേണ്ടതാണ്. ഗൾഫ് മേഖലയിൽ നിന്നും മടങ്ങിവരുന്നവരുടെ സർവ്വേ നടത്തി പുതിയ തൊഴിൽ മേഖല ഈ പഞ്ചായത്തിൽ ആവശ്യമാണ്. നിലവിലുള്ള തയ്യൽ യൂണിറ്റ് മെച്ചപ്പെടുത്തുവാനും, അംഗനവാടിയിലേക്കും സ്കൂളിലേക്കും, കുട്ടികൾക്കുള്ള യൂണിഫോം നിർമ്മാണം ഇത്തരം യൂണിറ്റുകളെ ഏൽപ്പിക്കേണ്ടതാണ്.

## ട്രൈസം

18 നും 35 നും മദ്ധ്യത്തിലുള്ളവർക്കുള്ള സ്വയം തൊഴിൽ പരിശീലനമാണ് ട്രൈസം. 92-93 മുതൽ 95-96 വർഷം വരെ നന്നംമുക്ക് സക്കിളിൽ 21 പേർക്കും മൂക്കുതലയിൽ 22 പേർക്കും പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാക്കുന്നു. ഓരോ വാർഡിനും അനുയോജ്യമായ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരഭം ആരംഭിക്കുവാനും ശ്രദ്ധിക്കണം. ഇതു വഴി പരിശീലനം ലഭിക്കുന്നവർക്ക് തുടർയോഗ്യതാടിസ്ഥാ നത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. വളരെ ചുരുക്കം പേർക്ക് മാത്രമേ ഇത്തരം പദ്ധതിയുടെ പരിശീലനം ലഭിക്കുവാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും, ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപ്പൻറ് തുകകൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കൾ അധികമാണെങ്കിലും ബ്ലോക്കിൽ നിന്നുംപരിധി നിശ്ചയിച്ചിട്ടുള്ളതുകൊണ്ട് ആവശ്യക്കാർക്കു മുഴുവനും ഇതിൽ ഉൾപ്പെടുവാൻ സാധിക്കുന്നില്ല. 1992-93 തുടങ്ങി 95-96 വർഷത്തിൽ ഗ്രാമീണ തൊഴിലാളികൾക്ക് നൽകി വരുന്ന ടൂൾകിറ്റ് നന്നംമുക്ക് സർക്കിളിൽ 11 പേർക്കും. മൂക്കുതലയിൽ നിന്ന് 20 പേർക്കും വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു.

ഗ്രാമീണ തൊഴിലാളികൾക്കാവശ്യമായ ഉപകരണങ്ങൾ ലഭിക്കത്തക്ക വിധത്തിൽ ജനകീയമായി പുനരാവിഷ്കരിക്കേണ്ടതാണ്.

ദാരിദ്ര്യ രേഖക്ക് താഴെയുള്ളവർക്കായി കക്കൂസ് നിർമ്മിക്കുവാനുള്ള പദ്ധതിയാണ് സി. ആർ. എസ്. പി. പദ്ധതി 92-93 മുതൽ വരെയുള്ള കാലയളവിൽ 2 വി. ഇ. ഒ. സർക്കിളിലായി ...........സംഖ്യ ചിലവായിട്ടുണ്ട്. നിർമ്മാണ സാധനങ്ങൾക്ക് വില വർദ്ധന കാരണം നിലവിലുള്ള സംഖ്യ അപര്യാപ്തമാണ്. സംഖ്യ വർദ്ധിപ്പിക്കുക. ദാരിദ്ര രേഖക്ക് ഏതാഴെയുള്ള മുഴുവൻ ജനങ്ങൾക്കും കക്കൂസിനുള്ള പദ്ധതി ആവിഷ്കരിക്കണം.

സി. ആർ. എസ്. പി. കക്കൂസുകൾ മൂക്കുതല സർക്കിൾ

| വർഷം | CRSP കക്കൂസ് | മൊത്തം | വീടുകൾ IAY | MWE | JRY | മൊത്തം |
|---|---|---|---|---|---|---|
| 1991-92 | 6 | 6 | 2 | 5 | - | 7 |
| 92-93 | 2 | 2 | 1 | 5 | 2 | 8 |
| 93-94 | 7 | 7 | 1 | 2 | 3 | 6 |
| 94-95 | 4 | 4 | 1 | 2 | 4 | 7 |
| 95-96 | 4 | 4 | 14 | - | - | 14 |

## വില്ലേജാഫീസിൽ നിന്നും ക്ഷേമ പദ്ധതികൾ

സാമൂഹ്യ ക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും, വിധവകളുടെ പെൺകുട്ടികൾക്ക് ഉള്ള വിവാഹ ധന സഹായവുംപഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. അർഹരായവർക്ക് യഥാസമയം പെൻഷൻ ലഭിക്കുന്നില്ല എന്നുള്ളത് ഇതിൻെറ പോരായ്മയാണ്.

**വിധവാ പെൻഷൻ**

പ്രായ പൂർത്തിയായ ആൺമക്കൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കുകയില്ല. ഈ നിബന്ധനമാറ്റി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭിക്കുവാനുള്ള നടപടി സ്വീകരിക്കണം. 69 പേർക്ക് ഈ പെൻഷൻ ഇപ്പോൾ ലഭിക്കുന്നു.

**വികലാംഗപെൻഷൻ**

വികലാംഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റിന് ജില്ലാ ആസ്പത്രിയായ മഞ്ചേരിയിൽ മെഡിക്കൽ ബോർഡിൽ എത്തിപ്പെടുവാനുള്ള വിഷമവും, സർട്ടിഫിക്കറ്റിനുള്ള കാല താമസവും വളരെയധികം പ്രയാസങ്ങൾ ഉണ്ടാക്കുന്നു. വികലാംഗർ എന്നുള്ളതുകൊണ്ട് തന്നെ ദൂരയാത്ര ഒഴിവാക്കിക്കൊടുക്കണം. ഇതിന് വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം താലൂക്ക് ആശുപത്രിക്ക് നൽകണം.

**കർഷക തൊഴിലാളി പെൻഷൻ**

അർഹമായ ധാരാളം കർഷക തൊഴിലാളികൾ ഉണ്ടായിട്ടും പെൻഷൻ ലഭിക്കുന്നില്ല. അർഹരായ മുഴുവൻ അപേക്ഷകരേയും തെരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകണം. തിരഞ്ഞെടുക്കുന്നവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കണം.

| 91-92 | 92-93 | 93-94 | 95-96 |
|---|---|---|---|
| 234 | 227 | 209 | 189 |

കർഷക തൊഴിലാളികൾ പഞ്ചായത്തിൽ കൂടുതൽ ഉണ്ടെങ്കിലും പെൻഷന് തിരഞ്ഞെടുത്തവർ കുറഞ്ഞുവരുന്നതായി കാണുന്നു.

ഇതിന് കാരണം അപേക്ഷകരെ തിരഞ്ഞെടുക്കുന്നതിനുള്ള കാലതാമസമാണ്.. ഇതിന് പരിഹാരമായി ഗ്രാമ പഞ്ചായത്ത് മുഖേന അപേക്ഷ തിരഞ്ഞെടുക്കണം.

**തൊഴിലില്ലായ്മ വേതനം.**

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം പറ്റുന്നവർ 207 പേര് അണെന്നാണ് കണക്കുകൾ കാണിക്കുന്നത്. തെഴിലില്ലായ്മ വേതനം പറ്റുന്നവരുടെ സേവനം ഉൽപ്പാദന രംഗത്ത് എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ആഴത്തിൽ ചിന്തിക്കേണ്ടിയിരിക്കുന്നു.

## അംഗൻ വാടികൾ :-

സാമൂഹ്യരംഗത്ത് അടിസ്ഥാന പരമായ പ്രവർത്തനം കാഴ്ചവെക്കുന്നു, അംഗൻവാടികൾ. നമ്മുടെ പഞ്ചായത്തിൽ 11 വാർഡുകളിലായി 26 അംഗൻ വാടികളുണ്ട്. 1000 ജനങ്ങൾക്ക് ഒരംഗനവാടി എന്ന ICDS ൻെറ ലക്ഷ്യം പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടുണ്ട്. നിലവിലുള്ള അംഗനവാടികളുടെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം ജീവനക്കാരിൽ പ്രയാസവും, കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു ഇത് അംഗനവാടികളുടെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടം, കളിക്കോപ്പുകൾ എന്നിവ ഇല്ലാത്തതും, സ്ഥലമില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരുതലമുറയെ വാർത്തെടുക്കുന്ന അങ്കക്കളരി യായി ഈ സ്ഥാപനത്തെ നാം കാണണം അംഗനവാടിയിലെ ജീവനക്കാരുടെ സ്ഥിതി വളരെ ദയനീയമാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് നിലവിലുള്ളത്. ഇവർ സാമൂഹ്യ സേവനരംഗത്തും ആരോഗ്യ മേഖലയിലുള്ള ഗൃഹ സന്ദർശനമുൾപ്പെടെയുള്ള ജോലികളും ചെയ്തുവരുന്നുണ്ട്. പ്രയാസങ്ങൾ സഹിച്ചും നാടിൻെറ ഉന്നമനത്തിനുവേണ്ടി അശ്രാന്ത പരിശ്രമം നടത്തുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

261

## അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | എണ്ണം | അംഗൻവാടി നമ്പർ | കുട്ടികളുടെ എണ്ണം | കെട്ടിടം ഇല്ലാത്തത് | കെട്ടിടം ഉള്ളത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിപ്പാട്ടം | | സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവർ |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | ഉള്ളത് | ഇല്ലാത്തവർ | |
| 1 | 1 | 2 | 28, 29 | 70 | 2 | - | - | 2 | - | 2 | - |
| 2 | 2 | 3 | 30. 31, 37 | 106 | 3 | - | - | 3 | - | 3 | - |
| 3 | 3 | 2 | 32, 35. | 80 | 2 | - | - | 2 | - | 2 | - |
| 4 | 4 | 2 | 37,38 | 72 | 2 | - | 1 | 1 | - | 2 | - |
| 5 | 5 | 3 | 34, 33, 36 | 80 | 3 | - | 1 | 2 | - | 3 | - |
| 6 | 6 | 3 | 39, 40, 41 | 80 | 2 | 1 | 1 | 2 | 1 | 2 | - |
| 7 | 7 | 2 | 42, 43 | 60 | 2 | - | - | 2 | - | 2 | - |
| 8 | 8 | 2 | 44, 45 | 65 | 2 | - | 1 | 1 | - | 2 | - |
| 9 | 9 | 3 | 46,47,53 | 70 | 1 | 1 | 1 | 1 | - | 2 | - |
| 10 | 10 | 2 | 48, 49 | 65 | 1 | - | 1 | 1 | - | 2 | - |
| 11 | 11 | 2 | 50, 51 | 69 | 2 | - | - | 2 | - | 2 | - |

## കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി

നമ്മുടെ പഞ്ചായത്തിൽ കുറേ പേർ കെട്ടിട നീർമ്മാണ രംഗത്ത് പണിയെടുക്കുന്നുണ്ട്. മുഴുവൻ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. ഉടമ വിഹിതം പിരിക്കുന്നില്ല, കഠിനാദ്ധ്വാനം ചെയ്യുന്ന തൊഴിൽ മേഖല യായതുകൊണ്ട് 65 വയസ്സാവുമ്പോഴേക്കും തൊഴിലെടുക്കാൻ പറ്റാത്ത അവസ്ഥ യാണ്. ഇവരുടെ പെൻഷൻ പ്രായം 55 വയസ്സു വരെയാക്കി ചുരുക്കണം. ഭവന നിർമ്മാണ പദ്ധതികൾ കാര്യക്ഷമമായി നടക്കുന്നില്ല.

**ആഭരണ തൊഴിലാളി ക്ഷേമനിധി**

വളരെ കുറച്ചുപേർ ഈ രംഗത്ത് പണി യെടുക്കുന്നുവെങ്കിലും ഇതുവരെ ക്ഷേമനിധി യിൽ അംഗങ്ങളായിട്ടില്ല. അംഗങ്ങളാ വേണ്ടതുണ്ട്.

**കൈതൊഴിലാളി - വിദഗ്ദതൊഴിലാളി**

**ക്ഷേമനിധി**

തയ്യൽ, ബാർബർ, കൊല്ലൻ, മരംകയറ്റം, മൂശാരി, ആശാരി, കരുവാൻ, സൈക്കിൾ റിപ്പയറിങ്ങ്, മോട്ടോർ റിപ്പയറിങ്ങ്, ഇലക്ട്രിക്കൽ വയറിങ്ങ്, പ്ലംബിങ്ങ്, ഓട്ടോ മൊ ബൈൽ എന്നീ വിഭാഗങ്ങളിൽ പെട്ടവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലുള്ള മുഴുവൻ തൊഴിലാളികളും ഇതിൽ അംഗങ്ങളായിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിന് പഞ്ചായത്തു തലത്തിൽ ഒരു സെൽ രൂപീക രിക്കണം. അതാതു പ്രദേശത്തെ അയൽ കൂട്ടങ്ങൾ സജീവമായി പ്രവർത്തിക്കാനുള്ള ബോധവൽക്കരണം നടത്തണം.

## പൊതു വിതരണം

നമ്മുടെ പഞ്ചായത്തിൽ ആകെ ഒമ്പത് റേഷൻ ഷാപ്പുകളാണുള്ളത് ഇതിൽ നാലെണ്ണം പി. സി. സി. സൊസൈറ്റിയുടെ കീഴിലും, കമ്മീഷൻ വ്യവസ്ഥയിൽ അഞ്ചെണ്ണവുമുണ്ട്.

ഈ പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ ഇല്ലാത്തതിൻെറ കുറവ് അനുഭവപ്പെടുന്നുണ്ട്. ഓണം, റംസാൻ, ക്രിസ്തുമസ് കാലങ്ങളിൽ സർവ്വീസ് ബാങ്കുകൾ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനും സാധാരണക്കാരന് മിതമായ നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി പ്രത്യേക ചന്തകൾ സംഘടിപ്പിക്കാറുണ്ട്.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ റേഷൻ ഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ പരാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

2. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിക്കുവാനുള്ള സംവിധാനം ഉണ്ടാക്കണം.

3. റേഷൻ കടയിൽ കൂടി വരുന്ന മോശമായ ഭക്ഷ്യസാധനങ്ങൾ ജനങ്ങളിലടിച്ചേൽപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കണം.

4. ഗോതമ്പുൽന്നങ്ങൾ യഥാസമയം ഓരോ കാർഡ് ഉടമകൾക്കും വിതരണം ചെയ്യണം.

---

സ്നേഹിതാ കർഷകാ മിഥ്യാ പരിഷ്കാര-
മോഹികൾക്കങ്ങൊരു മോശക്കാരൻ
എന്നാലുമങ്ങതൻ നിസ്വാർത്ഥ യത്നത്തിൽ
നിന്നാണീ യന്ത്രത്തിൻ ഘോഷമെല്ലാം.

മഹാകവി വള്ളത്തോൾ

# 5-9

# സംസ്കാരം

സാമൂതിരി മഹാരാജാവിൻെറ കീഴിൽ ആഴ്വാഞ്ചേരി മന ഇടനിലക്കാരനായി പൊഴിയൂർ നന്നാട്ട് നാടുവാഴി കുടുംബം,മലബാറിൻെറ ഭാഗമായ ഈ കൊച്ചു ഗ്രാമത്തിലെ നന്നംമുക്ക് കല്ലൂർമ്മ, കാഞ്ഞിയൂർ പ്രദേശവും, പഴയ മുക്തി സ്ഥൽ ആയ, മൂക്കുതലയിലെ പെരുമ്പിലാവ് മേനോൻ കുടുംബം നാടുവാഴിയായി പള്ളിക്കര, പിടാവനൂർ, മൂക്കുതല പ്രദേശത്തുമായിരുന്നു ഭരണം നടത്തിയിരുന്നത്.

പോർച്ചുഗീസ് കാരൻെറ പറങ്കിമാവും, കേരളീയൻെറ മൂവാണ്ടൻമാവും, തേൻ പിലാവും, തെങ്ങും. കവുങ്ങും തിങ്ങിനറഞ്ഞ ഒരു ഗ്രാമമായിരുന്നു ഇത്. എന്നിരുന്നാലും സാംസ്കാരിക പരമായും, സാമൂഹ്യപരമായും, വിദ്യാഭ്യാസ പരമായും മറ്റു പ്രദേശങ്ങളെ പോലെ തന്നെ ഈ പ്രദേശവും അതിൻേറതായ തനിമ ഉൾകൊണ്ടിട്ടുണ്ട്. സാമൂഹ്യപരമായി അവർണ്ണന് ഇവിടെയും ക്ഷേത്ര പ്രവേശനം നിഷേധിച്ചിരുന്നു. 1948 ൽ മുൻ പഞ്ചായത്ത് പ്രസിഡണ്ടായിരുന്ന ശ്രീ. മാനു എന്ന കോതയുടെ നേതൃത്വത്തിൽ അവർണ്ണന് ക്ഷേത്ര പ്രവേശനം അനുവദിച്ചു കിട്ടുന്നതിനു വേണ്ടി സമരമുറകൾ നടത്തുകയും അടിച്ചമർത്തപ്പെട്ട അവർണ്ണർക്ക് കല്ലൂർമ്മ ശിവക്ഷേത്രത്തിൽ പ്രവേശനം അനുവദിക്കുകയും ചെയ്തു. ഇതി ൻെറ അലയൊ ലികൾ ഈ പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും വ്യാപി ക്കുകയുണ്ടായി.

ജീവകാരുണ്യ പ്രവർത്തനത്തിനും പിനോഭാജിയുടെ ഭൂദാന പ്രസ്ഥാനത്തിനും ഐക്യദാർ ഢ്യം പ്രഖ്യാപി ച്ചുകൊണ്ട് നന്നംമുക്ക് പഞ്ചായത്തിലെ പെരുമ്പാൾ പ്രദേശത്തും, മൂക്കുതല ഭാഗത്തും ഭൂമി ദാനം ചെയ്യുകയുണ്ടായി. കേരളത്തിലെ അന്നത്തെ ഭൂദാന പ്രസ്ഥാനത്തിൻെറ നേതാക്കളായ തിരുവത്ര ദാമോദരൻ, ശങ്കരൻ മാസ്റ്റർ എന്നിവർ ഈ പ്രദേശത്ത് വന്നിട്ടുണ്ട്. ഈ പ്രദേശത്ത് ഭൂദാന പ്രസ്ഥാനത്തിന് നേതൃത്വം കൊടുത്തത് ശ്രീ. മാനു എന്ന കോതയായിരുന്നു.

എഴുത്തിനിരുത്തുക എന്ന വിദ്യാഭ്യാസ സമ്പ്രദായം സവർണ്ണരുടെ കുത്തകയായിരുന്നു. അവർണ്ണന് ഒരിക്കലും പഠിക്കുവാനോ, വേദം കേൾക്കുവാനോ പാടില്ലായിരുന്നു. ഇവിടേയും ഈ സ്ഥിതി തന്നെയാണ് നിലനിന്നിരുന്നത്. ഈ വ്യവസ്ഥക്ക് ഒരറുതി വരുത്തിക്കൊണ്ട് വിദ്യാഭ്യാസ പരമായി വളരെ പിന്നോക്കം നിന്നിരുന്ന ഈ നാട്ടിലെ ജനങ്ങളുടെ വദ്യാഭ്യാസ പുരോഗതിക്കു വേണ്ടി പ്രയത്നിച്ച മഹത് വ്യക്തികളിൽ ചുരുക്കം ചിലരെ എടുത്തു പറയേണ്ടതാണ്. അവരിൽ പ്രമുഖർ മണാളർമാസ്റ്റർ കാഞ്ഞിയൂർ, അപ്പു എഴുത്തച്ചൻ മാസ്റ്റർ പള്ളിക്കര, മൂസ്സക്കുട്ടി



പുള്ളുവൻ പാട്ട്

മാസ്റ്റർ, പകരാവൂർ ചിത്രൻ നമ്പൂതിരി മൂക്കുതല, സി. പി. രാമുണ്ണിമാസ്റ്റർ നന്നം മുക്ക് , കുട്ടികൃഷ്ണൻ എഴുത്തച്ചൻ, രാമനെഴുത്തച്ചൻ മാസ്റ്റർ തരിയത്ത്, പോക്കർ മാസ്റ്റർ കല്ലൂർമ്മ എന്നിവരാണ്.

മുസ്ലീം സമുദായം ഓത്തുപള്ളി വദ്യാഭ്യാസത്തിനുമാത്രം ശ്രദ്ധനൽകിയിരുന്ന ഒരു കാലമുണ്ടായിരുന്നു ഈ ഗ്രാമത്തിൽ പഠിക്കാൻ മടികാണിച്ചിരുന്ന മുസ്ലീം സമുദായത്തെ വദ്യാഭ്യാസ പരമായി ഉണർത്തുന്നതിനു വേണ്ടി അഹോരാത്രം പാടുപെട്ട മൂസ്സമൊ ല്ലാക്ക, തെങ്ങിൽ മുഹമ്മദ് മുസ്ല്യാർ, എം. മുഹമ്മദ് മുസ്ല്യാർ, ചിറ്റൂർ അയമുണ്ണി മുസ്ല്യാർ, വീരാൻ മുസ്ല്യാർ തുടങ്ങിയവരുടെ പരിശ്രമം എടുത്തു പറയേണ്ടതു തന്നെയാണ്.

## കലകൾ

നാടൻകലകളെകൊണ്ട് ഉൽസവപ്പറമ്പുകളെ രേമാഞ്ചെമണിയിച്ചഒരു കാലഘട്ടം ഈ കൊച്ചു ഗ്രാമത്തിനുമുണ്ടായിരുന്നു. മുൻ കാലങ്ങളിലെ പ്രധാന നാടൻ കലകളായ പൊട്ടിക്കളി, പാണർപൂതം, മണ്ണാർ പൂതം, തെയ്യം തിറ, കോൽക്കളി, ദഫ് മുട്ട്, പരിചമുട്ട്, കൈകൊട്ടിക്കളി, കൈകൊട്ട്പാട്ട് , തിരുവാതിരക്കളി, പുള്ളുവൻ പാട്ട്, പാമ്പു തുള്ളൽ, കാളകളി, തേര് തുള്ളൽ, നന്തുണിപ്പാട്ട്, മൂക്കൻ ചാത്തൻ, വൈക്കോൽ പൂതം, നടീൽ പാട്ട്, മുട്ടും വിളിപ്പാട്ട്, തുമ്പിയറയൽ എന്നിവ ഇവിടെയുണ്ടായി രുന്നു. ഇവയിൽ മിക്കവയും ഇന്ന് അപ്രത്യക്ഷമായിഎന്നു തന്നെ പറയേണ്ടിയിരിക്കുന്നു.

പണ്ട് കാലം മുതൽക്കുതന്നെ വായനാശീലം നമ്മുടെ ഗ്രാമത്തിൽ നിലനിന്നിരുന്നു. ഇതിൻെറ ഭാഗമായി പല വായനശാലകളും ഗ്രാമത്തിലുണ്ടായിരുന്നു. മൂക്കുതലയിലെ ഗ്രാമീണ വായനശാല , നന്നംമുക്ക് യുവജന വായനശാല, കല്ലൂർമ്മ ഉദയ വായനശാല, ചങ്ങരംകുളം പാണക്കാട് തങ്ങൾ മെമ്മോറിയൽ ലൈബ്രറി, പഞ്ചായത്ത് സാംസ്കാരിക നിലയം. ചങ്ങരംകുളം സാംസ്കാരിക സമിതി ഗ്രന്ഥശാല പള്ളിക്കര പ്രസൻറ് കൾച്ചറൽ സെൻറർ, നന്നംമുക്ക് എ. കെ. ജി. വായനശാല, പള്ളിക്കര വിശ്വപ്രഭ വായനശാല എന്നിവയിൽ ചിലത് വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു.

സാംസ്കാരിക സമിതി ഗ്രനഥശാല അടുക്കും ചിട്ടയുമുള്ള പ്രവർത്തനം കൊണ്ട് നാട്ടുകാരിൽ മതിപ്പുളവാക്കിയിരിക്കുന്നു

**കായിക രംഗം**

കായികവളർച്ചക്ക് പ്രയോജനപ്പെടുന്ന നാടൻ കളികൾ ഇവിടേയും ധാരാളമായി ഉണ്ടായിരുന്നു. ഉദാഹരണമായി കാറകൊട്ടുകളി, പകിടകളി, ആട്ടക്കളം, ചെറുമക്കളി, വഞ്ചിക്കളി മുതലായ കളികൾ എടുത്തു പറയേണ്ടതാണെങ്കിലും ഇപ്പോൾ അവ ഇല്ലാതായി വരുന്നു നമ്മുടെ പഞ്ചായത്ത് സ്പോർട്സിലും ഗയിംസിലും വളരെ മുൻ പന്തിയിലാണെന്ന് പറയാം. ഉദാഹരണമായി 1991-92ൽ സംസ്ഥാന നിലവാരത്തിൽ സ്പോർട്സിൽ 400 മീറ്റർ ഓട്ടത്തിൽ ഒന്നാം സമ്മാനവും 1992-93 വർഷത്തിൽ അഖിലേന്ത്യാടിസ്ഥാനത്തിൽ രണ്ടാം സമ്മാനവും ഈ പഞ്ചായത്തിലെ അബൂബക്കറിന് ലഭിച്ചത് പ്രത്യേകം സ്മരണീയമാണ്, അതുപോലെ തന്നെ 1996 ൽ നടന്ന ഓണം സ്പോർട്സിൽ ബ്ലോക്ക് ചാമ്പ്യൻഷിപ്പും ഈ പഞ്ചായത്തിനായിരുന്നു. ജില്ലാതലത്തിൽ മൂന്നിനങ്ങൾക്ക് രണ്ടാം സമ്മാനവും ലഭിച്ചു.

**പ്രശ്നങ്ങൾ.**

1. ഈ പഞ്ചായത്തിൻെറ മിക്ക വാർഡുകളിലും സാമൂഹ്യ സാംസ്കാരിക നിലയങ്ങളോ, കളിസ്ഥലങ്ങളോ ഇല്ല.

2. കലാകായിക രംഗത്ത് പ്രാചീനമായ കളികളും കലകളും നാമാവശേഷമായി. കാർഷിക സംസ്കാരത്തിൻേറയും ക്ഷീരോൽപ്പാദന പുരോഗതിയുടേയും ഭാഗമായി കാളപൂട്ടിനും മൃഗപരിപാലനത്തിനും വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

3. കലാ സാഹിത്യാഭിരുചിയുള്ള ദരിദ്ര വിദ്യാർത്ഥികളുടെ പുരോഗതിക്ക് വേണ്ടത്ര സാമ്പത്തിക സഹായം ലഭിക്കുന്നില്ല.

**പരിഹാരങ്ങളും നിർദ്ദേശങ്ങളും**

1. പൊതുവായി ഈ പഞ്ചായത്തിൽ ഒരു കളിസ്ഥലം ഉണ്ടാക്കുക.

2. വായന ശാലകളില്ലാത്ത എല്ലാ വാർഡുകളിലും വായന ശാലകൾ സ്ഥാപിക്കുക.

3. വിദ്യാർത്ഥികളുടെ ഒഴിവുസമയങ്ങൾ കലാ-കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള സാഹചര്യം ഒരുക്കികൊടുക്കുക.

4. കലാ സാഹിത്യാഭിരുചി വളർത്തുന്നതിനു വേണ്ടി പഞ്ചായത്ത് തലത്തിലുള്ള മത്സരങ്ങളുടെ എണ്ണം കൂട്ടുക. അതോടൊപ്പം തന്നെ എല്ലാ വാനശാലകളിലും ന്യൂസ് പേപ്പർ പഞ്ചായത്തിൽ നിന്നും അനുവദിക്കുക.

5. നാമവശേഷമായിക്കൊണ്ടിരിക്കുന്ന നാടൻ കളികളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി വേദിയൊരുക്കുക.

# 5-10

# വനിത

കണ്ണുനീർ തുള്ളിയെ സ്ത്രീയൊടുപമിച്ച് എന്നുതുടങ്ങിയ ഗാനങ്ങൾ സ്ത്രീകളെ പറ്റി നാം കേൾക്കുന്നു. അവർ അനുഭവിക്കുന്ന വേദന കളേയും യാതനകളേയും പറ്റി എഴുതാത്ത കവിയോ എഴുത്തുകാരനോ ഉണ്ടോ എന്ന് സംശയമാണ്. സ്ത്രീ സ്നേഹമാണ്, ത്യാഗമാണ്, ദേവതയാണ് എന്നു തുടങ്ങിയാൽ സാഹിത്യ കാരൻമാർ അവസാനിപ്പിക്കാറില്ല. സ്നേഹവും ത്യാഗവും മാത്രമല്ല, അസൂയയും വഞ്ചനയും അവളുടെ കൂടപ്പിറപ്പാണെന്ന് അവകാശപ്പെടു ന്നവരും ധാരാളമുണ്ട്. ഇങ്ങനെ തുടങ്ങി നാടൊട്ടുക്ക് വനിതാ പുനരുദ്ധാരണത്തിന് വേണ്ടി വിമോചന പ്രസ്ഥാനങ്ങൾ സജീവമായി പ്രവർത്തിക്കുമ്പോഴും നമ്മുടെ സമൂഹത്തിലെ സ്ത്രീകൾ ജാതി മത ഭേദമന്യേ അനാചാര ത്തിലും അന്ധവിശ്വാസത്തിലും അകപ്പെട്ട് പുറം ലോകങ്ങളിൽ നടക്കുന്നതെന്ത് എന്നറിയാതെ അടുക്കളയുടെ നാലു ചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിക്കഴിയാൻ ആഗ്രഹിക്കുന്നു. പണ്ടുകാലം മുതൽക്കു തന്നെ സാമൂഹ്യ പ്രവർത്തന മേഖലകളിലേക്ക് എത്തി നോക്കാൻ സ്ത്രീ സമൂഹത്തിന് പൊതുവെ താൽപര്യ മില്ലാത്ത അവസ്ഥയാണുള്ളത്. പ്രത്യേകിച്ച് ഏത് മേഖലയിലും വനിതാ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നാൽ ആദ്യകാല വനിതകളിൽ സാമൂഹ്യ സേവന രംഗത്ത് അസൂയാവഹമായ സ്ഥാനം പിടിച്ചു പറ്റിയവർ നമ്മളിൽ കുറവല്ല. കല്ലൂർമ്മയിലെ ഇ.കെ.ജി. ചെത്തല്ലൂരിൻെറ ഭാര്യ പട്ടിക്കാട്ട് ജാനകി അമ്മ, പെരുമ്പാളിലെ പി.വി. കാർത്യായനി ടീച്ചർ, വില്ലേജ് ഓഫീസർ മാധവൻ നായരുടെ ഭാര്യ പട്ടിക്കാ് മീനാക്ഷിയമ്മ തുടങ്ങിയവർ വിദ്യാ ഭ്യാസ പരമായ കാര്യങ്ങളിൽ മുന്നിട്ടുനിന്ന വരായിരുന്നു. അതുപോലെ തന്നെ സ്ത്രീ പുറത്തിറങ്ങുന്നത് പോലും അപമാനമായ ഒരു കാലഘട്ടത്തിൽ വീടുകൾ തോറും കയറിയിറങ്ങി സ്ത്രീകളെ ബോധവൽകരിച്ച് ഒരു മഹിളാ സമാജം രൂപീകരിക്കാൻ നേതൃത്വം നൽകിയ വനിതകളും നമ്മുടെ കൂട്ടത്തിലുണ്ട്. ഗംഗ ക്കുഞ്ഞമ്മ തമ്പുരാട്ടി മൂക്കുതലയിലും, നന്നംമുക്കിൽ ശ്രീമതി ആയിഷക്കുട്ടി ടീച്ചറുടേയും പ്രവർത്തന ഫലമായി 1959 ൽ പഞ്ചായത്തിലെ ആദ്യത്തെ മഹിളാ സമാജത്തിന് രൂപം കൊടുത്തു. ആദ്യ കാലങ്ങളിൽ വൻ വിജയത്തിലൂടെ കടന്നുപോയ മഹിളാ സമാജം ഇന്ന് അൽപ്പം നിർജ്ജീവാവസ്ഥയിലാണുള്ളത്. അതു പോലെ തന്നെ 1-1-1962 ൽ പഞ്ചായത്തുകൾ ഏകീകരിച്ചു വരികയും 1963 ഡിസംബറിൽ ആദ്യത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കുകയും ചെയ്തു. 1964 ജനുവരി ഒന്നാം തിയ്യതി സ്റ്റേറ്റിൽ, ഏകീകരിച്ച പഞ്ചായത്ത് ബോർഡിൽ വനിതാ മെമ്പറെ നോമിനേറ്റ് ചെയ്തതനുസരിച്ച് ചാലിയത്ത് ഗംഗക്കുഞ്ഞമ്മ തമ്പുരാട്ടി എന്നവരാണ് വനിതാ മെമ്പറായി കടന്നു വന്നത്. മതത്തിൻെറ ചട്ടക്കൂട്ടിൽ നിന്ന് ഒരിക്കലും പുറത്തുകടക്കാൻ പറ്റാത്ത അവസ്ഥയിലും ഇതിനെ തൃണവൽക്കരിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്തേക്കു കടന്നുവന്ന നെല്ലിയത്ത് വളപ്പിൽ നഫീസ എന്നവർ മുസ്ലീം സ്ത്രീകൾക്ക് മാതൃക

കാണിച്ചു.

നന്നംമുക്ക് പഞ്ചായത്തിൽ ഹൈ സ്ക്കൂൾ ഇല്ലാത്തനാതിൽ കരുത്താലിൽ ആയിഷക്കുട്ടി തുടങ്ങിയവർ പുതിയങ്ങാടി മുസ്ലീം ഗേൾസ് ഹൈസ്ക്കൂളിലാണ് പഠിച്ചിരുന്നത്. 1949 ൽ നന്നംമുക്ക് പഞ്ചായത്തിൽ ആദ്യമായി എസ്. എസ്. എൽ. സി പാസ്സായ മുസ്ലീം സ്ത്രീയും ഇവർ തന്നെയാണ്.

20ാം നൂറ്റാണ്ടിൻെറ ആരംഭത്തോടുകൂടി പ്രാഥമിക വിദ്യാഭ്യാസത്തിന് പെൺകുട്ടികൾക്ക് സൗകര്യം ലഭിച്ചിരുന്നെങ്കിലും ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യമില്ലായിരുന്നു. അതുകൊണ്ടു തന്നെ സ്ത്രീകളുടെ ജോലി അടുക്കളയിൽ മാത്രം. എന്നാൽ 1939-45 കാലഘട്ടത്തിലെ രണ്ടാം ലോക മഹായുദ്ധത്തിൽ പട്ടാളത്തിലേക്ക് കടന്നുപോയ യുവാക്കളും ഗൾഫ് മുന്നേറ്റവും നമ്മുടെ പഞ്ചായത്തിൻെറ മുഖഛായ തന്നെമാറ്റി. ഇതിൻെറ എല്ലാം ഫലമായി വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിക്കുകയും പരിമിതമായ തൊഴിൽ മേഖലകളിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും സ്ത്രീകളടെ പങ്കാളിത്തം കുറവാണെങ്കിലും അധ്യാപന രംഗത്ത് നമ്മുടെ പഞ്ചായത്തിൽ വനിതകൾ സ്ഥാനം പിടിച്ചിരുന്നു. തൊഴിൽ മേഖലയിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന 1991 സെൻസസ് പട്ടിക താഴെ കൊടുക്കുന്നു.

| തൊഴിൽ മേഖല | സ്ത്രീകളുടെ എണ്ണം |
|---|---|
| കർഷകൻ | 110 |
| കർഷകത്തൊഴിലാളി | 924 |
| കെട്ടിട നിർമ്മാണം | 150 |
| വ്യാപാരം | 23 |
| മറ്റുള്ളവ | 227 |
| ആകെ | 1434 |

തൊഴിൽ മേഖലയിലെന്നല്ല പൊതുരംഗത്തും സ്ത്രീ പങ്കാളിത്തക്കുറവ് ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. എന്നാൽ ഈ അടുത്ത കാലഘട്ടത്തിൽ കാൻഫെഡ്, ഒന്നും രണ്ടും ഘട്ട സാക്ഷരത സി.ബി.എൻ.പി. എന്നീ സന്നദ്ധ സംഘടനകളിലൂടെ വനിതകളുടെ വികസനത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു നീണ്ട നിര തന്നെ നമ്മുടെ പഞ്ചായത്തിൽ ഉയർന്നു വന്നിട്ടുണ്ട്. ഇതിൻെറയൊക്കെ പിന്നിൽ വളരെ ബുദ്ധിമുട്ടി പ്രവർത്തിക്കുന്ന പ്രധാന വ്യക്തികളാണ് കറുത്താലിൽ ആയിഷക്കുട്ടടീച്ചർ, കെ. രാധാഭായി ടീച്ചർ എന്നിവർ. സാമൂഹ്യ സേവനത്തിന് സംസ്ഥാന അവർഡ് കിട്ടിയ ഒരു മഹൽ വ്യക്തിയാണ് ഈ പഞ്ചായത്തിലെ ഇപ്പോഴത്തെ പ്രസിഡണ്ടുകൂടിയായ ശ്രീമതി ആയിഷക്കുട്ടിടീച്ചർ. അധ്യാപന രംഗത്ത് മാത്രമല്ല സാക്ഷരതയിലൂടെയും സി.ബി.എൻ.പി.യിലൂടെ യും പഞ്ചായത്തിൻെറ അഭിമാനമായ ശ്രീമതി രാധാഭായി ടീച്ചർ ഈ വർഷത്തെ അധ്യാപകരുടെ പ്രശസ്ത സേവനത്തിനുള്ള സംസ്ഥാന അവാർഡിന് അർഹയായി.

സ്കൂൾ വിദ്യാർത്ഥികളിൽ എണ്ണത്തിലും പഠനത്തിലും പരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. എസ്. എസ്. എൽ.സി തലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വദ്യാഭ്യാസ രംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. ഇതിൻെറ പ്രധാന കാരണം ഒരു പരിധി കഴിഞ്ഞാൽ വിവാഹ കമ്പോളത്തിൽ ഞങ്ങളുടെ മക്കൾക്ക് വിലയില്ലാ താവും എന്ന വികലമായ ചിന്തയാണ്. സ്ത്രീകൾക്ക് നേരെയുള്ള അക്രമങ്ങളും സ്ത്രീപീഡന ങ്ങളും നമ്മുടെ പഞ്ചായത്തിൽ കുറവാണ്. എന്നാൽ മിക്ക സ്ത്രീക്കും മദ്യം എന്ന മാരക വിഷത്തിനടിമപ്പെട്ട തങ്ങളുടെ ഭർത്താക്കൻമാരുടെ പീഡനത്തിന് ഇരയാകേണ്ടിവരുന്നു. വളരെയേറെ ഉത്തമഗുണങ്ങളുടെ വിളനിലമാണ് സത്യത്തിൽ സ്ത്രീ. എന്നാൽ അജ്ഞത കൊണ്ടോ സ്വയം ചുരുങ്ങിക്കൂടാനുള്ള അനഭിലഷണീയമായ പ്രവണത കൊണ്ടോ നാം തരംതാണു പോവുന്നു. സ്ത്രീത്വം ഒരു ശാപമല്ല. നാം നമ്മുടെ തെറ്റുകൾ സ്വയം കണ്ടെത്തി മുന്നോട്ട് കുതിക്കുകയാണ് വേണ്ടത്. ജീവിത സമരത്തിൽ നാം പുരുഷനോടൊപ്പം സജീവ പങ്കാളികളാവുക.

## വനിതാ മേഖല നേരിടുന്ന പ്രശ്നങ്ങൾ

1. രൂക്ഷമായ തൊഴിലില്ലായ്മ സ്ത്രീകൾക്കിടയിലെ പ്രധാന പ്രശ്നമാണ്.

2. തൊഴിൽ മേഖലയിൽ കൂലി നിരക്കിലുള്ള വിവേചനം

3. ജോലികൾ ഏറ്റെടുക്കാനുള്ള വിമുകത സ്ത്രീകളുടെ ഭാഗത്തും ഉത്തരവാതിത്വം ഏൽപ്പിക്കാനുള്ള താൽപ്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തുമുണ്ട്.

4. സാമൂഹ്യ സേവന രംഗത്ത് സ്ത്രീകൾ ധീരമായി പ്രവർത്തന സജ്ജരായി പുറത്തു വരുന്നില്ല.

5. തൊഴിൽ മേഖലയിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലത്തിന് സൗകര്യങ്ങൾ ലഭിക്കുന്നില്ല.

6. സാമ്പത്തിക ഞെരുക്കം സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് തടസ്സം നിൽക്കുന്നു.

7. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമായ അറിവില്ലായ്മ സ്ത്രീകളെ വിഷമിപ്പിക്കുന്നു.

8. അംഗനവാടി വർക്കർമാരും ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു. പഞ്ചായത്തിലെ അഗനവാടികൾക്ക് സ്വന്തമായ കെട്ടിടങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ഇല്ല.

9. വിദ്യാലയങ്ങളിലെ പാഠ്യേതര മേഖലകളിൽ പെൺകുട്ടികളുടെ പങ്കാളിത്തം കുറവാണ്. പഞ്ചായത്തിൽ ആകെ ഒരു ഹൈസ്ക്കൂൾ ആണ് നിലവിലുള്ളത്. അതു തന്നെ ഷിഫ്റ്റ് സമ്പ്രദായത്തിലുമാണ്.

10. 'മ' പ്രസിദ്ധീകരണങ്ങളുടെ സ്വാധീനം സ്ത്രീ കളെ ചൂഷണം ചെയ്യുന്നു.

## സാധ്യതകൾ

സാമൂഹ്യ രംഗത്തും പൊതു രംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കഴിയുന്നത്ര സ്ത്രീകളെ തങ്ങളുടെ നേതൃത്വ നിരയിൽ കൊണ്ടുവരുന്നതിന് രാഷ്ട്രീയ സാംസ്കാരിക സംഘടകൾ പ്രത്യേകം താൽപര്യം കാണിക്കണം. സ്ത്രീകൾക്ക് സ്വന്ത മായി സംഘടനകളും സമിതികളും രൂപീകരിച്ച് അത്തരം സംഘടനകൾക്ക് നേതൃത്വം കൊടുക്കാൻ പ്രാപ്തരാക്കുക. കൂടാതെ അയൽകൂട്ടങ്ങളിലും മാതൃ സംഗമങ്ങളിലും വനിതകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ശ്രമിക്കേണ്ടതാണ്.

1. സ്ത്രീകളുടേതായ സഹകരണത്തിലൂടെ ഉൽപ്പാദനപരമായ സ്വയം തൊഴിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാൻ മുൻ കൈ എടുക്കുക.

2. വിഭവ സാധ്യത കണക്കിലെടുത്ത്തൊഴിൽ യൂണിറ്റുകൾ തുടങ്ങുകയും അവക്കുള്ള പരിശീല പിപാടികൾ സംഘടിപ്പിക്കുകയും ചെയ്യുക.

3. ഖാദി ബോർഡിൻെറ സഹായ സഹകരണത്തോടെ തൊഴിൽ മേഖലകൾ സൃഷ്ടിക്കുക.

4. ഇറ്റാലിയൻ തേനീച്ച വളർത്തൽ , കൂൺ കൃഷി പച്ചക്കറി തോട്ടം, ക്ഷീരോൽപ്പാദന രംഗം, എന്നിവ പോലെത്തെ ചെറു സംരംഭങ്ങൾക്ക് തുടക്കം കുറിക്കുക.

5. നിലവാരം പുലർത്തുന്ന പ്രസിദ്ധീകരണങ്ങൾ വായിക്കാനുള്ള അവസരം സൃഷ്ടിക്കുക.

6. പെൺകുട്ടികൾക്ക് മാത്രമായി ഒരു ഹൈസ്ക്കൂൾ അനുവദിക്കുക.

7. തൊഴിലവസരങ്ങളെ കുറിച്ചും അതിൻെറ നിയമങ്ങളെയും വകുപ്പുകളേയും കുറിച്ച് വിവരങ്ങൾ നൽകുക.

8. തൊഴിൽ യൂണിറ്റുകൾ തുടങ്ങുന്നതിനാവശ്യമായ സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുക.

9. വിധവാ പെൻഷൻ, അഗതി പെൻഷൻ, മാതൃ സഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.

10 അംഗനവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട. സംവിധാനം വികസിപ്പിക്കുക.

11. സമ്പൂർണ്ണ മദ്യ നിരോധനം ഏർപ്പെടുത്തുക.

12. വനിതാ വികസിത കോർപ്പറേഷൻെറ പ്രവർത്തനം കാര്യക്ഷമമാക്കുകയും ജില്ലയിൽ ഒരു ഓഫീസ് അനുവദിക്കുകയും ചെയ്യുക.

# 5-11

# സഹകരണം

" I will not measure the success of the Co-0perative movement by the number of societies formed, but by the moral condition of the members"

MAHATHMA GANDHI

ഇന്ത്യൻ കർഷകന് മിതമായ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനും, പണമിടപാടുകാരിൽ നിന്നും കർഷകനെ രക്ഷിക്കുന്നതിനും വേണ്ടി തക്കാവി നിയമം നടപ്പിലാക്കുകയുണ്ടായി, അത് വേണ്ട പോലെ നടപ്പിലാക്കാൻകഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ യൂറോപ്യൻ നാടുകളിലെ സഹകരണ മാതൃക ഇന്ത്യയിൽ പരീക്ഷിച്ചു നോക്കാൻ ബ്രിട്ടീഷ് സർക്കാർ ശ്രമം ആരംഭിച്ചു. 1892 ൽ മദിരാശി ഗവൺമെൻറ് സർഫെഡറിക് നിക്കോൾസൺ എന്ന ഐ. സി. എസ് ഉദ്യോഗസ്ഥനെ യൂറോപ്പിലേക്കയച്ചു. ഇന്ത്യയിൽ മടങ്ങി വന്ന് 1895 ൽ റിപ്പോർട്ട് ഗവൺമെൻറിൽ സമർപ്പിക്കുകയും ചെയ്തു. കാർഷിക രാജ്യമായ ഇന്ത്യയിൽ ജർമനിയിൽ നിലനിന്നിരുന്ന റൈഫീസൻ മാതൃകയിൽ ഉള്ള സഹകരണ സ്ഥാപനങ്ങൾ ആണ് ഉചിതം എന്ന് റിപ്പോർട്ടിൽ വ്യക്തമായിരുന്നു. 1901 ലെ ''ഫാമിങ്ങ് കമ്മീഷൻ'' റിപ്പോർട്ടിൽ കർഷകൻെറ ആശ്വാസത്തിന് ഉതകുന്ന വായ്പാ സംഘങ്ങൾ ഗവൺമെൻറ് മുൻ കൈഎടുത്ത് നടപ്പിലാക്കുവാൻ നിർദ്ദേശിച്ചു. അന്നത്തെ വൈസ്രോയിയായിരുന്ന കഴ്സൺ പ്രഭു ഒരു കമ്മറ്റി രൂപപീകരിച്ചു. 1903 ൽ ഇന്ത്യൻ പാർലമെൻറിൽ ബിൽ അവതരിപ്പിച്ചു പാസാക്കി. 1904 ൽ ആദ്യത്തെ സഹകരണ നിയമം ഇന്ത്യയിൽ നടപ്പിൽ വരുകയും ചെയ്തു. എന്നാൽ ഇത് ഒരു ബഹുജന പ്രസ്ഥാനമായിവളർന്നത് സ്വാതന്ത്ര്യ ലബ്ദിക്കു ശേഷമാണ്.

കേരളത്തിൽ സഹകരണ പ്രസ്ഥാനം 1969 മെയ് 15 ന് നിലവിൽ വന്നു. സഹകരണ രംഗത്ത് വിപ്ലവകരമായ പുരോഗതി ഈ നിയമത്തോടുകൂടിയാണ് എന്ന് പറയാം. കാർഷിക മേഖലയിൽ നന്നംമുക്ക് , ആലംങ്കോട് എന്നീ പഞ്ചായത്തുകൾ പ്രവർത്തന വ്യാപ്തിയുള്ളതും ചങ്ങരംകുളം ആസ്ഥാനമായ പ്രവർത്തിക്കുന്നതും ആയ സർവ്വീസ് സഹകരണ ബാങ്കാണ് വിവിധ തരത്തിലുള്ള വായ്പകൾ കർഷകന് കൊടുക്കുന്ന ഏക സ്ഥാപനം. ആദ്യത്തെ സഹകരണ സ്ഥാപനമായി പ്രവർത്തനം തുടങ്ങിയതും ചങ്ങരംകുളം

സർവ്വീസ് സഹകരണ ബാങ്കാണ്. ഇന്ന് ഏറ്റവും നല്ലരീതിയിൽ പ്രവർത്തനം നടത്തുകയും ജനങ്ങൾക്കിടയിൽ വിശ്വാസം നേടിയെടുക്കാനും ഈ സഹകരണ സ്ഥാപന ത്തിന് കഴിഞ്ഞിട്ടുണ്ട്. ഓണക്കാലത്ത് മാർക്കറ്റിൽ വില പിടിച്ചു നിർത്തുവാനും സാധാരണക്കാരന് ആശ്വാസം പകരുന്നതിനുമായി ഓണച്ചന്തകൾ നടത്തി പ്രസിദ്ധിനേടിയ ഭരണസമിതിയുടെ കൂട്ടുത്തരവാദിത്വം കൂടുതൽ ഉന്നതിയിലേക്ക് ഈ സ്ഥാപനത്തെ എടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

### സഹകരസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

കാർഷിക മേഖലയിൽ ചങ്ങരംകുളം സർവ്വീസ് സഹകരണ ബാങ്ക് ഈ പഞ്ചായത്തിലെ കർഷകർക്ക് ആവശ്യമായ ഹ്രസ്വകാല , മദ്ധ്യകാല, വായ്പകൾ നൽകുന്നു. പഞ്ചായത്തിന് സ്വന്തമായി സർവ്വീസ് സഹകരണ ബാങ്ക് ഇല്ല. നന്നം മുക്ക്, അലങ്കോട് പഞ്ചായത്തുകളിലായി പ്രവർത്തിക്കുന്ന പട്ടികജാതി സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിലവിലുണ്ട്. ഇതിന്റെ പ്രവർത്തന പരിതി രണ്ടു പഞ്ചായത്തുകൾ തന്നെയാണ്. ഈ വിഭാഗത്തിൽ പെട്ട ആളുകൾക്ക് അർഹമായ വായ്പാ സൗകര്യങ്ങൾ ഈ സഹകരണസ്ഥാപനം വഴി ലഭിക്കുന്നുണ്ട്. പട്ടികജാതിക്കാർക്കായി ഈ പഞ്ചായത്തിൽ സഹകരണ സ്ഥാപനം നിലവിലില്ല. ഒരു സെറി കൾച്ചറൽ സഹകരണ സ്ഥാപനം റെജിസ്റ്റർ ചെയ്തിരുന്നു ഇപ്പോൾ പ്രവർത്തന രഹിതമാണ്. ക്ഷീര കർഷകർക്ക് ആശ്വാസം നൽകുന്ന രൂപത്തിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന രണ്ട് ആനന്ദ് മാതൃകാ സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പാൽ കിഴക്കൻ മേഖലയിൽ പ്രവർത്തിക്കുന്ന 3, 4, 5, 6, 7, 8, എന്നീ വാർഡുകൾ പ്രവർത്തന പരിധിയായി നന്നം മുക്ക് ക്ഷീരോൽപ്പാദന സഹകരണ സംഘവും, പടിഞ്ഞാറൻ മേഖലയിൽ പ്രവർത്തിക്കുന്ന 1, 2, 9, 10, 11 വാർഡുകൾ പ്രവർത്തന പരിധിയായി കാഞ്ഞിയൂർ ക്ഷീരോ ൽപ്പാദന സഹകരണ സംഘവും പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം വളരെ നല്ലരീതിയിൽ തന്നെയാണ്. സഹകണരംഗത്ത് നന്നംമുക്ക് പഞ്ചായത്തിൽ ഒരു സഹകരണ ഡിസ്പൻസറി സൊസൈറ്റി പ്രവർത്തിക്കുന്നുണ്ട്, കാര്യമായ പ്രവർത്തനം നടത്താൻ സാധിക്കാത്ത അവസ്ഥ യിലാണ്. മൂന്ന് സ്കൂൾ സഹകരണസംഘങ്ങൾ കൂടി പ്രവർത്തിക്കുന്നു. ഇതിൽ മൂക്കുതല സെൻട്രൽ സ്കൂൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. നല്ല രീതിയിൽ പ്രവർത്തിക്കുന്നത് നന്നംമുക്ക് ഏരിയാ സ്കൂൾ, മൂക്കുതല ഗവൺമെൻറ് ഹൈസ്ക്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയാണ്. മൂക്കുതല ക്ഷീരോൽപ്പാദക സഹകരണസംഘം എന്ന പേരിൽ തുടങ്ങി ഒരു പരമ്പരാഗത ക്ഷീര സഹകരണ സംഘം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പട്ടിക ഇതോടൊപ്പം ഉൾപ്പെടുത്തിയിരിക്കുന്നു.

### നിർദ്ദേശം.

1. കൂടുതൽ കർഷകർക്കും ചെറുകിട വ്യവസായികൾക്കും ദീർഘകാല വായ്പ നൽകുന്നതിന്ന് ബോർഡിന്റേയും റിസർവ് ബാങ്കിന്റേയും സാമ്പത്തിക സഹായം ലഭ്യമാക്കേണ്ടിയിരിക്കുന്നു.

# സഹകരണസംഘങ്ങൾ

## നന്നംമുക്ക് ഗ്രാമ പഞ്ചായത്ത്

| സ്ഥാപനങ്ങൾ | പ്രവർത്തന | പ്രവർത്തന പരിധി | വ്യാപാരം/ മൂലധനം | ലാഭം വിറ്റുവരവ് | ഓഹരി നഷ്ടം | വായ്പ | ഗവ: ഓഹരി | ഗവ:ഗ്യാരൻറി | പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|
| മൂക്കുതല സെൻട്രൽ സ്കൂൾ എം : 245 | നന്നംമുക്ക് പഞ്ചായത്ത് | 260/50 | - | -1091/44 | 230 | | | | |
| നന്നംമുക്ക് ഏരിയാ സ്കൂൾ | നന്നംമുക്ക് സ്കൂൾ മാത്രം | 3221/35 | 41573/60 | -2855/35 | 389 | | | | |
| ആലംങ്കോട് പഞ്ചായത്ത് പട്ടിക ജാതി SCC LTD. നമ്പർ എം. 310. 30-6-95 | ആലംങ്കോട് നന്നംമുക്ക് | 211564/50 | - | -44753/97 | 18752 | 155430.77 | 6000 | 200000 | - |
| ചങ്ങരംകുളം SCB | ആലംങ്കോട് നന്നംമുക്ക് | 8884903/81 | --3083959/62 | 563393 | | 5111923 | 98450 | 200000 (Kerafed Share) | |
| മൂക്കുതല ജി. എച്ച്. എസ് എം. 193 | മൂക്കുതല സ്കൂൾ മാത്രം | 8850/22 | 94219/10 | -964/45 | 9057 | | | 700 | |
| നന്നംമുക്ക് സെറികൾച്ചറൽ സഹകരണസംഘം K.V./nd . M 78 | പഞ്ചായത്ത് | 1000 | | -637.95 | 1000 | | | | പ്രവർത്തിക്കുന്നില്ല |
| മൂക്കുതല ക്ഷീരോത്പ്പാദക സഹകരണ സംഘം എം. 35 | | | | | | | | | ഇപ്പോൾ പവർത്തിക്കുന്നില്ല |
| നന്നംമുക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം ക്ലിപതം | | | | | | | | | |
| മൂക്കുതല ക്ഷീരോത്പ്പാദക സഹകരണ സംഘം ക്ലിപതം നമ്പർ എം.114 (D) APCOS | 3,4,5,6,7,8 വാർഡുകും | 1400 | - | ലാഭം | 132 | | | 4000 | |
| നന്നംമുക്ക് ക്ഷീരോത്പ്പാദക സഹകരണ സംഘം എം.1274 (D) APCOS | 1.2,3,9,10,11 വാർഡുകൾ | 2630 | - | ലാഭം | 80 | | | | |

# 5-12

# പട്ടികജാതി ക്ഷേമം

സാമൂഹ്യമായ ഉച്ചനീചത്വങ്ങളുടെ സ്വാധീനത്തിൽ ജാതീയമായ അനാചാരങ്ങളും സവർണാവർണ വൈജാത്യങ്ങളും ഈ നന്നം മുക്കിലും നിലനിന്നിരുന്നു.

ജാതിപരമായ കുലത്തൊഴിലുകൾ പിന്തുടർന്നു വന്നിരുന്നവർ പലരും അത്തരം തൊഴിലുകൾ ഉപേക്ഷിച്ചുവന്നു. നല്ല കർഷ കത്തൊഴിലാളികളെ സംഭാവന ചെയ്യുകയും, ജാതീയ അനാചാരങ്ങൾ ക്കിടയിലും നല്ലതൊഴിലാളി മുതലാളി ബന്ധം നിലനിർത്തുകയും ചെയ്തിരുന്ന കാലഘട്ടം. എല്ലാ രംഗങ്ങളിലും വിശിഷ്യാ കാർഷികരംഗത്തും നിലനിന്നിരുന്നു.

ഇന്നത്തെ പട്ടിക ജാതിക്കാരുടെ പ്രശ്നങ്ങളിലേക്ക് നമുക്കൊന്നെത്തിനോക്കാം.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 11.5% പട്ടികജാതിക്കാരാണ്. 13 അംഗീകൃത കോളനികളിലായി 214 കുടുംബങ്ങളും അംഗീകാരം ലഭിച്ചിട്ടി ല്ലാത്ത കോളനികളിൽ ഇടകലർന്ന് 355 ഓളം കുടുംബങ്ങളിലുമായി ഏകദേശം 2697 പട്ടികജാതി അംഗങ്ങൾ ജീവിച്ചുവരുന്നു.

വിദ്യാഭ്യാസ സാമൂഹിക രംഗങ്ങളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. മുൻ കാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാതരം ചടങ്ങുകളിലും എല്ലാ പൊതു പരിപാടികളിലും പരിഗണന ലഭിക്കുകയും ചെയ്തു വരുന്നുണ്ട്.

സർക്കാർ നടപ്പിലാക്കി വരുന്ന പല പദ്ധതി കളുടേയും പ്രയാസമേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികളെ കുറിച്ചുള്ള അജ്ഞത കൊണ്ടും പല പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല.

### കോളനികളുടെ വിവരം

| നമ്പർ | വാർഡ് നമ്പർ | കോളനികളുടെ പേര് | വീടുകൾ | കുടുംബങ്ങൾ |
|---|---|---|---|---|
| 1 | 1 | പെരുമങ്ങാട്ട് | 15 | 17 |
| 2 | 1 | പൂഞ്ഞാത്ത് | 10 | 11 |
| 3 | 2 | കരുവാട്ട് | 17 | 19 |
| 4 | 4 | പള്ളിക്കര | 10 | 12 |
| 5 | 4 | വാക്കാട്ട് | 15 | 15 |
| 6 | 6 | സ്രായിക്കടവ് | 23 | 25 |



ഈ പഞ്ചായത്തിൽ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന, എന്നന്നും സ്മരിക്കപ്പെടേണ്ട "നായാടി" സമൂഹം

| | | | | |
|---|---|---|---|---|
| 7 | 6 | ഗുരുതിപറമ്പ് | 29 | 30 |
| 8 | 7 | കല്ലൂർമ്മ | 28 | 32 |
| 9 | 8 | ഭൂതാനം | 30 | 35 |
| 10 | 9 | കാട്ടുപറമ്പ് | 47 | 50 |
| 11 | 9 | മാക്കാലി | 26 | 29 |
| 12 | 9 | പെരിശ്ശേരി | 15 | 17 |
| 13 | 10 | തെക്കുമുറി | 20 | 22 |

## വിദ്യാഭ്യാസം

പൊതുവെ അക്ഷരാഭ്യാസമുള്ളവരാ ണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എസ്. എസ്. എൽ. സിക്കു ശേഷം ഉപരിപഠനത്തിന് പലകുട്ടികൾക്കും കഴിയാതെ വരുന്നു. കുട്ടികളുടെ പഠനത്തിൽ രക്ഷിതാക്കൾവേണ്ടത്ര ശ്രദ്ധിക്കാത്തതും കുട്ടികളിൽ ഇതിന്റെ ആവശ്യകതയെ കുറിച്ച് വേണ്ടത്ര ബോധമില്ലായ്മയും ഇതിനു കാരണമായിട്ടുണ്ട്. ഇത് മാറ്റി എടുക്കുന്നതിന് സമഗ്രമായ ബോധവൽകരണം നടത്തണം.

പ്രൈമറിതലം മുതൽ ഹൈസ്ക്കൂൾ തലം വരെ 690 വിദ്യാർത്ഥികൾ പഠനം നടത്തികൊണ്ടിരിക്കുന്നു. ഇതിൽ ആൺകുട്ടികൾ 360 ഉം പെൺകുട്ടികൾ 330 ഉം ആണ്. എസ്. എസ്. എൽ. സിക്ക് പരാജയപ്പെട്ടാൽ തുടർന്നു പഠിക്കുന്നതിനുള്ള താൽപര്യം കാണിക്കുകയില്ല. പൊതുവെ എസ്. എസ്. എൽ. സിക്കുമേൽ പഠനം നടത്തുന്ന വരുടെ എണ്ണം കുറവാണ്. ഇത് ഉടനെ മാറ്റിയെടു ക്കേണ്ടതാണ്.

## തൊഴിൽ

ഈ വിഭാഗത്തിൽ കൂടുതലും കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരാണെങ്കിലും നല്ലൊരു വിഭാഗം നിർമ്മാണ തൊഴിലിലും ഏർപ്പെട്ടുവരുന്നു. പുരുഷൻമാർക്ക് 110 മുതൽ 125 വരെയും സ്ത്രീകൾക്ക് 60 മുതൽ 90 രൂപ വരെയും കൂലി ലഭിക്കുന്നു. എന്നാൽ അടുത്ത കാലത്തായി കാർഷിക മേഖലയിലുണ്ടായ തകർച്ച ഈ വിഭാഗത്തിന് മറ്റു മേഖലകളിൽ തൊഴിൽ തേടാൻ നിർബന്ധിതരായതിന്റെ ഫലമായി ഇവരിൽ നല്ലൊരു വിഭാഗം കൂടുതൽ തൊഴിലവസരങ്ങളും കൂലി വർദ്ധനയുമുള്ള നിർമ്മാണ രംഗത്താണ് തൊഴിലെടുക്കുന്നത്. പുതിയ തലമുറ ഏറെക്കുറെ പൂർണ്ണമായും കാർഷിക മേഖലയിൽ നിന്നും മാറി. കാർഷിക മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കുന്നതിന് ആവശ്യമായ നടപടികൾ കൈകൊള്ളേണ്ടതാണ്.

പരമ്പരാഗത വ്യവസായങ്ങളായിരുന്ന പായ നെയ്ത്ത്, കുട്ട നെയ്ത്ത് മുതലായവ, അസംസ്കൃത സാധനങ്ങളുടെ ദൗലഭ്യം മൂലവും, പുതിയ തലമുറക്ക് ഈ മേഖലയിൽ തൊഴിലെടുക്കുന്നതിനുള്ള അപകർഷതാ ബോധം കാരണവും ഈ വ്യവസായങ്ങൾ പൂർണ്ണമായും നിലക്കുന്ന അവസ്ഥയാണുള്ളത്.

## പാർപ്പിടം.

സർക്കാർ ഏജൻസികൾ നടപ്പാക്കി വരുന്ന പദ്ധതികൾ ഏറെക്കുറെ സഹായകമായിട്ടുണ്ടെങ്കിലും പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കാൻ സാധിച്ചിട്ടില്ല. മിക്ക ഹരിജൻ കോളനികളിലും പ്രാഥമിക സൗകര്യങ്ങൾ തൃപ്തികരമല്ല. ചെറ്റകുടിലുകളിൽ താമസിക്കന്ന കുടുംബങ്ങളുംഈ പഞ്ചായത്തിലെ കോളനികളിൽ ഇന്നും കാണാൻ കഴിയും. പലരും വിവിധ ഏജൻസികളിൽ നിന്ന് വായപെയെടുത്ത്വലിയ കടക്കെണിയിൽ അകപ്പെട്ടു പോയിട്ടുണ്ട്. ഭൂമിയുടെ രേഖഓഫീസുകളിൽ പെട്ടുപോയതിനാൽ മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന അവസ്ഥയും നിലനിൽക്കുന്നു. വീടുപണിക്കു ലഭ്യമാകുന്ന തുകയുടെ അപര്യാപ്തത കാരണം പലവീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്.വീടുവെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനാവശ്യമായ സ്ഥലവും ആവശ്യമായ ധനസഹായവും ലഭ്യമാക്കിയെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാ വുകയുള്ളൂ.

മിക്ക കോളനികളിലും കക്കൂസ് ഇല്ലാത്ത അവസ്ഥയാണുള്ളത്. ഒരു വീടിന് ഒരു കക്കൂസ് എന്ന രീതി നിർബന്ധമായും നടപ്പിൽ വരുത്തി പ്രശ്നം പരിഹരിക്കേണ്ടതാണ്.

പല ആരോഗ്യ കേന്ദ്രങ്ങളുണ്ടെങ്കിലും അവിടുങ്ങളിലെത്തിപ്പെടാൻ പല കോളനി നിവാസികൾക്കും പ്രയാസമാണ്. അതുകൊണ്ട് തന്നെ ആരോഗ്യ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞു വരുന്നു. അന്യ സംസ്ഥാനങ്ങളിലുള്ളവർ കുറഞ്ഞ വേതനത്തിന് തൊഴിലെടുക്കുന്നത് ഇവിടത്തെ തൊഴിലാളികളെ പ്രതികൂലമായി ബാധിക്കുന്നു.

2. സ്വന്തമായി വീടില്ലാത്തവർ നിരവധിയാണ്. വീടുവെക്കാൻ സ്ഥലമില്ലാത്തവരും ഇക്കൂട്ടത്തിലുണ്ട്. സർക്കാർ കൊടുക്കുന്ന ധന സഹായം കൊണ്ട് വീടുപണി പൂർത്തിയാക്കാനാവുന്നില്ല. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.

3. കോളനികളിലും ഒറ്റപ്പെട്ട വീടുകളിലും

വൈദ്യുതി പൂർണ്ണമായുംഎത്തിയിട്ടില്ല.

4. കുടിവെള്ളത്തിന് പ്രയാസം നേരിടുന്ന കോളനികളുണ്ട്.

5. വിദ്യാഭ്യാസത്തിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ല. ഉയർന്ന പഠനത്തിന് സാമ്പത്തിക പരാധീനത പ്രശ്നമാകുന്നു.

6. നിർദ്ധനനായ കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും പെൺകുട്ടികളുടെ വിവാഹത്തിനും ധന സഹായം ലഭിക്കുന്നില്ല.

7. പട്ടികജാതി വികസനകോർപ്പറേഷനും, ഹരിജന ക്ഷേമ വകുപ്പും വിദ്യാഭ്യാസമുള്ള യുവതീ യുവാക്കൾക്ക് നൽകുന്ന ധന സഹായം ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

പ്രസ്തുത സഹായങ്ങൾ നേടുന്നതിനു വേണ്ടിയുള്ള പ്രയാസമേറിയ നിബന്ധനകൾ കാരണം ലക്ഷ്യം നേടാനാവുന്നില്ല.

8. ഐ. ആർ. ഡി.പി. പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല.

9. ക്ഷേമ പദ്ധതികളെ കുറിച്ച് വേണ്ടത്ര അറിവില്ല.

10. ആരോഗ്യ സംരക്ഷണ സംവിധാനം മെച്ചപ്പെട്ടിട്ടില്ല.

11. കൈവശഭൂമിക്ക് പട്ടയം ലഭിക്കാത്തവരുണ്ട്.

12. പഞ്ചായത്തിലുള്ള ഏക പൊതുശ്മശാനം വളരെ ദൂരെ ആയതിനാൽ പല കോളനി നിവാസികൾക്കും ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല.

13. ഗതാഗത സൗകര്യം പല കോളനികളിലും ഇല്ല. ഉള്ളത് തൃപ്തികരമല്ല.

**പരിഹാര നിർദ്ദേശങ്ങൾ**

1. കാർഷിക മേഖല കൂടുതൽ കാര്യക്ഷമമാക്കുകയും, കർഷകത്തൊഴിലാളികളേയും, യുവജനങ്ങളേയും കർഷക വൃത്തിയിൽ തൽപരരാക്കു ന്നതിനും വേണ്ടത്ര ബോധവൽകരണം നടത്തുക.

കാർഷിക മേഖലയിൽ കൂടുതൽ യന്ത്രവൽകരണം നടപ്പിൽ വരുത്തുകയും, കാർഷിക യന്ത്രങ്ങൾ പരിശീലിപ്പിക്കുകയും ചെയ്യുക.

2. സ്വന്തമായി വീടില്ലാത്തവർക്ക് വീടുവെക്കുന്നതിനാവശ്യമായ ധന സഹായം കാലോചിതമായി ഉയർത്തുകയും സാധനസാ മഗ്രികൾ കുറഞ്ഞ വിലക്ക് ലഭ്യമാക്കുകയും ചെയ്യുക

വിവിധ ധനസഹായത്തിനുള്ള പ്രയാസമേറിയ നിബന്ധനകൾ ഒഴിവാക്കുക.

സ്വന്തമായി സ്ഥലമില്ലാത്തവർക്ക് അതതു പ്രദേശത്തെ വിലനിലവാരമനുസരിച്ചുള്ള സംഖ്യ, സ്ഥലം വാങ്ങുന്നതിനും വിടുവെക്കുന്നതിനും അനുവദിക്കുക

മണ്ണൊലിപ്പ് തടയുകയും അതിര് സംരക്ഷിക്കുകയും ചെയ്യുക.

പ്രാഥമിക സൗകര്യങ്ങളില്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനാവശ്യമായ ധന സഹായം അനുവദിക്കുക.

കോളനിയിലെ പരിസര ശുചീകരണത്തിന് ഡ്രൈനേജ് സൗകര്യം ഏർപ്പെടുത്തുക.

സ്വന്തമായി വീടും കിണറും ഉള്ളവർക്ക് അത് റിപ്പയർ ചെയ്യുന്നതിനും, കിണറില്ലാത്തവർക്ക് കിണർ കുഴിക്കുന്നതിനും ഗ്രാൻറ് അനുവദിക്കുക.

3. വൈദ്യുതി എത്താത്ത കോളനികളിലേക്ക് അടിയന്തിരമായി വൈദുതി എത്തിക്കുക.

പട്ടികജാതി കുടുംബങ്ങളുടെ എല്ലാ വീടുകളും വൈദ്യുതീകരിക്കുക.

എല്ലാ പട്ടികജാതി കോളനികളിലും സ്ട്രീറ്റ് ലൈറ്റ് അടിയന്തിരമായി സ്ഥാപിക്കുക.

4. പലകോളനികളിലും വേനൽ കാല മാവുന്നതോടുകൂടി കുടിവെള്ളത്തിന് പ്രയാസ ങ്ങൾ നേരിടുന്നുണ്ട്.

രണ്ടാം വാർഡിൽ കരുവാട്ട് കോളനിയിൽ വെള്ളത്തിനു സർക്കാർ ചിലവിൽ നിർമ്മിച്ച കിണറും പമ്പ് സെറ്റും വൈദ്യുതി ലഭ്യമാക്കി ഉടൻ പ്രവർത്തനക്ഷമമാക്കുക.

കോളനിയിൽ സ്ഥാപിച്ച കുഴൽ കിണറുകൾ പ്രവർത്തനക്ഷമമാക്കുക.

5. നൂറ്റാണ്ടുകളായി അടിച്ചമർത്തപ്പെട്ട വിഭാഗം എന്ന നിലക്ക് ആധുനിക വിദ്യാഭ്യാസ സങ്കേതം ഉൾകൊള്ളാൻ ഇന്നും പ്രാപ്തരല്ല.അതുകൊണ്ട് വിദ്യാഭ്യാസത്തിൻെറ മുഖ്യ ധാരയിലേക്ക് കുട്ടികളെ എത്തിക്കാൻ പരിഹാര ബോധനത്തിനുള്ള അവസരം ഉണ്ടാക്കുക.

എസ്. എസ്. എൽ. സിക്ക് പരാജയപ്പെടുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് രണ്ടാമത് പരീക്ഷ എഴുതുന്നതിനുള്ള സഹായധനം എല്ലാ പേർക്കും ലഭ്യമാക്കുക.

ഉപരിപഠനത്തിനുള്ള സഹായം ഉയർത്തുകയും, അഭ്യസ്ഥവിദ്യർക്ക് തൊഴിൽ കണ്ടെത്തു ന്നതിന് സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്യുക.

ആൺകുട്ടികൾക്കു വേണ്ടിയുള്ള പ്രീ. മെട്രിക് ഹോസ്റ്റൽ പുതുതായി ആരംഭിക്കുക.

മാക്കാലിയിൽ നിന്നും 2.5 കി.മി. യാത്ര ചെയ്ത് വേണം ഈ വിഭാഗത്തിലെ കുട്ടികൾക്ക് പ്രൈമറി സ്കൂളിൽ എത്തിച്ചേരാൻ. അതു കൊണ്ട് മാക്കാലി ഹരിജൻ കോളനിയോടു ചേർന്ന് ഒരു പ്രൈമറി സ്കൂൾ സ്ഥാപിക്കുക.

6. പട്ടികജാതി കുടുംബാംഗങ്ങൾക്ക് ചികിത്സാ സഹായം അനുവദിക്കുകയും ചെയ്യുക. പട്ടിക ജാതി വികസന കോർപ്പറേഷനിൽ നിന്നും സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും, അഭ്യസ്ത വിദ്യർക്ക് തൊഴിൽ കണ്ടെത്തുന്നതിന് അനുവ ദിക്കുന്ന ധന സഹായത്തിനുള്ള നിബന്ധനങ്ങൾ ലഘൂകരിക്കുകയും, ജാമ്യ വ്യവസ്ഥയും, സെക്യൂരിറ്റിയും പൂർണ്ണമായും ഒഴിവാക്കു കയും ചെയ്യുക.

സാദ്ധ്യതയുള്ള മേഖലകളിൽ കുടിൽ വ്യവസായ സഹകരണ സംഘങ്ങൾ (കുട്ട നെയ്ത്ത്, പായ നെയ്ത്ത്, പരമ്പ് നെയ്ത്ത്) സ്ഥാപിക്കുകയും അംഗങ്ങൾക്ക് ഈ മേഖലയിൽ പരിശീലനം ലഭ്യമാക്കുകയും ചെയ്യുക.

ഖാദി വ്യവസായ ബോർഡിൻെറ ശാഖകൾ സ്ഥാപിച്ച് കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരം ഉണ്ടാക്കുകയും ചെയ്യുക.

കോളനികളോടു ചേർന്ന് പെൺകുട്ടി കൾക്ക് തയ്യൽ പരിശീലനം നൽകി സർക്കാർ സഹായ ത്തോടു കൂടി ഒരു റെഡിമെയ്ഡ് ഗാർമെൻറ് യൂണിറ്റ് സ്ഥാപിക്കുക.

8. ഐ. ആർ. ഡി.പി. തുടങ്ങിയ പദ്ധതികളെ സംബന്ധിച്ച് കോളനികളിൽ വ്യാപകമായ ബോധവൽക്കരണ ക്ലാസും വീഡിയോ പ്രദർശന ങ്ങളും നടത്തുക.

9. എല്ലാ ക്ഷേമ പദ്ധതികളെ സംബന്ധിച്ചും കോളനിയിൽ ബോധവൽക്കരണം നടത്തുക.

എല്ലാ കോളനികളിലും ഒരോ ടി.വി. സെറ്റ് സ്ഥാപിക്കുക.

10. പ്രൈമറി ഹെൽത്ത് സെൻററുകൾ കോളനികളോട് ചേർത്ത് സ്ഥാപിക്കുക.

പ്രാഥമിക ചികിത്സാ സൗകര്യം ഈ വിഭാഗങ്ങളിലെ എല്ലാം അംഗങ്ങൾക്കും ലഭ്യമാക്കുക.

ആരോഗ്യ സെമിനാറുകൾ കോളനികളിൽ നിർബന്ധമാക്കുകയും, കാര്യക്ഷമമാക്കുകയും ചെയ്യുക.

11. പട്ടയം ലഭ്യമല്ലാത്ത പട്ടിക ജാതി കുടുംബ ങ്ങൾക്ക് കൈവശ ഭൂമിയുടെ പട്ടയം ലഭുക്കുന്ന തിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക.

12. പൊതുശ്മശാനം നിൽക്കുന്ന പിടാവനൂർ-കാട്ടുപറമ്പ് പ്രദേശത്തേക്ക് പെരുമ്പാൾ താഴത്തു നിന്നും ഒരു ബണ്ട് റോഡ് നിർമ്മിച്ചാൽ, പള്ളി ക്കര,നന്നംമുക്ക്, കല്ലൂർമ്മ പ്രദേശങ്ങളിലു ള്ളവർക്ക് പൊതുശ്മശാനവുമായി ബന്ധ പ്പെടുന്നതിന് എളുപ്പമായിരിക്കും, മാത്രമല്ല പൊതുജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസാമായി ബന്ധപ്പെടുന്നതിന് ഗതാഗത സൗകര്യം വർദ്ധി ക്കുകയും ചെയ്യും.

13. പുഞ്ഞാത്ത് ഹരിജൻ കോളനി, കാട്ടുപറമ്പ് ഹരിജൻ കോളനി പടിഞ്ഞാറുഭാഗം തുടങ്ങിയ കോളനികളിലെ ദുർഘടം പിടിച്ച ഇടവഴികൾ വീതി കൂട്ടി ഗതാഗത യോഗ്യമാക്കുക. മാക്കാലി മുതൽ പിടാവന്നൂർ സെൻറർ വരെയുള്ള ആർ. എൽ. ഇ. ജി. പി യിൽ നിർമ്മിച്ച റോഡ് ഉടൻ റീടാറിങ്ങ് നടത്തുകയും യാത്രാ സൗകര്യത്തിന് ബസ്സ് റൂട്ട് അനുവദിക്കുകും ചെയ്യക.

സ്രായിക്കടവ് കോളനി റോഡ് അറ്റ കുറ്റ പ്പണി തീർക്കുകയും റോഡിന് സൈഡ് പ്രൊട്ടക്ഷൻ തീർത്ത് ഗതാഗത യോഗ്യമാക്കു കയും ചെയ്യുക.

14. പട്ടികജാതി കുടുംബാംഗങ്ങളുടെ പുരാത നകലകൾ നിലനിർത്തുന്നതിനും പരിപോഷിപ്പി ക്കുന്നതിനും വേണ്ടി പ്രോത്സാ ഹനവും സാഹചര്യവും ഉണണ്ടാക്കികൊടുക്കുക.

15. കോളനി പ്രദേശങ്ങളിൽ വായാനാ ശീലം വളർത്തുന്നതിന് വേണ്ടി മിനി ലൈബ്രറികൾ ഗ്രാമ പഞ്ചായത്ത് മുഖേന സ്ഥാപിക്കുക.

16. പട്ടികജാതി സ്ത്രീകൾക്കായി ചകിരി നാര് ഉപയോഗിച്ച് വിവിധ കയറുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള പരിശീലനം കൊടുക്കു കയും ശേഷം തൊഴിൽകണ്ടെത്തുന്നതിനു വേണ്ടി സഹകരണ സംഘങ്ങൾ സ്ഥാപിക്കകയും ചെയ്യുക.

17. പട്ടികജാതി കുടുംബങ്ങളിൽ കാലി വളർത്തലുള്ള കുടുംബങ്ങൾക്ക് ബയോഗ്യാസ് അനുവദിക്കുക.

18. തയ്യൽ പരിശീലനം ലഭിച്ച വനിതകൾക്ക് തയ്യൽ മെഷീനും, ഉപകരണങ്ങളും വാങ്ങുന്നതി നുള്ള സബ്സിഡിയോടുകൂടിയ ലോൺ അനുവദിക്കക.

19. വായ്പകൾ ഉദ്ദേശ്യകാര്യങ്ങൾക്ക് ചെലവഴി ക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുകയും ദുർവിനിയോഗം തടയുകയും ചെയ്യുക.

20. ഓട്ടോമൊബൈൽ എഞ്ചിനീയറിങ്ങിൽ, അഭ്യസ്ത വിദ്യരായ യുവാക്കൾക്ക് പരിശീലനം കൊടുക്കാനുള്ള ഒരു സ്ഥാപനം നന്നംമുക്ക് പഞ്ചായത്തിൽ ആരംഭിക്കുകയും പ്രസ്തുത സ്ഥാപനത്തിൽ 50% സീറ്റ് പട്ടികജാതി യുവാക്ക ൾക്കായി നീക്കി വെക്കുകയും ചെയ്യുക.

# 5-13

# വിഭവസമാഹരണം

നന്നംമുക്ക് ഗ്രാമ പഞ്ചായത്ത് ഇന്ന് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനം കാർഷിക മേഖലയിലെ മുരടിപ്പാണ്. 800 ഹെക്ടറോളം കായൽ നിലങ്ങളും, തെങ്ങ് കവുങ്ങ് എന്നിവ മഖ്യ വിളായ കരഭൂമിയും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞാലേ സാമ്പത്തികമായ മുന്നേറ്റത്തിന് കളമൊരുക്കാനാവൂ. ഭൗതിക സാഹചര്യങ്ങളൊക്കെ ഉണ്ടായിട്ടും വ്യവസായിക വളർച്ച പ്രാപിക്കാത്ത നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ഒരു വ്യാവസായികാ ന്തരീക്ഷം വളർത്തിയെടുക്കേണ്ടിയിരിക്കുന്നു.

ഒമ്പതാം പദ്ധതി ലക്ഷ്യമിടുന്ന ജനോപകാര പ്രദമായ, പുതിയ പദ്ധതികളേറ്റടുത്ത് വിജയിപ്പിക്കാൻ ഗ്രാമ തലത്തിൽ ഒട്ടനവധി പുതിയ ധനാഗമന മാർഗ്ഗങ്ങളെ നമുക്കാശ്രയിക്കേ ണ്ടിവരും. സർക്കാരിൽ നിന്നു ലഭിക്കുന്ന ഗ്രാൻറുകളും മറ്റിതര നികുതി വരുമാനങ്ങളെയും മാത്രം ആശ്രയിച്ച് വികസന രംഗത്ത് മുന്നേറാൻ കഴിയും എന്ന സങ്കൽപ്പം മിഥ്യയാണ്. പാഴായിപ്പോകുന്ന യുവശക്തിയും സമ്പന്ന രുടേയും സൻമനസ്സുള്ളവരുടെയും സഭാവനകളും നമുക്ക് മുതൽകൂട്ടാവണം. നിലവിലുള്ള നികുതി സമ്പ്രദായത്തിൻെറ ഘടനക്ക് കാര്യമായ മാറ്റം സംഭവിക്കണം. ധന വിനിയോഗ രംഗത്തും കഴിഞ്ഞകാല കീഴ്‌വഴക്കങ്ങൾ മാറ്റിമറിക്കാനുള്ള ബോധപൂർവ്വമായ ശ്രമം ആവശ്യമാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ധന സ്ഥിതി മെച്ചപ്പെടുത്തുന്നതിന് പുതിയ നികുതികളേർപ്പെടുത്താനുള്ള അധികാരവും ഗ്രാമ പഞ്ചാത്തുകൾക്ക് ലഭിക്കണം. സ്റ്റാമ്പ് ഡ്യൂട്ടിയിനത്തിൽ പഞ്ചായത്തുകൾക്ക് ലഭിക്കേണ്ട തുക, പ്രവർത്തനക്ഷമമല്ലാത്ത പൈപ്പുകളുടെ പേരിൽ വാട്ടർ അതോറിട്ടിക്ക് കൈമാറുന്ന രീതിയിൽ മാറ്റം വരുത്തേണ്ടതുണ്ട്.

പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗങ്ങൾ താഴെ കൊടുക്കുന്നു. (1995-96ലെ കണക്ക്)

| | | |
|---|---|---|
| 1. കെട്ടിട നികുതി | : | 298628.03 രൂപ |
| 2. ലൈബ്രറി ഫീസ് | : | 14803.87 രൂപ |
| 3. തൊഴിൽ നികുതി | : | 64355.00 രൂപ |
| 4. ഡി. ആൻറ് ഒ ട്രേഡ് | | |
| ലൈസൻസ് ഫീസ് | : | 12058.50 രൂപ |
| 5. പി. എഫ്. എ. ലൈസൻസ് ഫീസ് | : | 918 രൂപ |
| 6. വിനോദ നികുതി, അഡീഷണൽ - | | |
| വിനോദ നികുതി | : | 100400.00 രൂപ |
| 7. ഗവ: ധനസഹായം, | | |
| ഇതര വരുമാനങ്ങൾ | : | 114335.55 രൂപ |
| ആകെ വരുമാനം | : | 605498.95 രൂപ |

വർഷാരംഭത്തിൽ നീക്കിയിരിപ്പ് : 931995.27 രൂപ

പഞ്ചായത്തിൻെറ ഈ വർഷത്തെ മൊത്തം ചെലവ് 1699996.00 രൂപയും അവസാന ബാക്കി 837498.22 രൂപയുമാണ്.

**ഗ്രാമ സഭയിൽ നിന്നും വന്ന നിർദ്ദേശങ്ങൾ.**

1. വിവാഹം, ജനനം, മരണം എന്നിവക്ക് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ചുരുങ്ങിയ നികുതി ഏർപ്പെടുത്തുക.

2. സ്വകാര്യ പണമിടപാടുകളെ പെട്ടന്നുള്ള സാമ്പത്തിക കാര്യങ്ങൾക്ക് ജനങ്ങൾ സമീപിക്കുന്നു. പക്ഷേ ഇന്ന് സ്വകാര്യ പണമിടപാടുകാർ സമൂഹത്തിന് ദൂരവ്യാപകമായ ദോഷങ്ങൾ വരുത്തിവെക്കുന്നു. ഇവയെ നിയന്ത്രിക്കുന്നതിനും, വരുമാനത്തിനനുസരിച്ച് നികുതി ഈടാക്കുന്നതിനും പഞ്ചായത്തുകൾക്ക് അധികാരം വേണം.

3. ഭൂമിയുടെ റജിസ്ട്രേഷനുള്ള വില നിശ്ചയിച്ചിരക്കുന്നത് യഥാർത്ഥ ഭൂവിലയേക്കാൾ വളരെ കുറവാണ്. ഭൂ വില പ്രാദേശികമായി നിശ്ചയിക്കാനുള്ള അധികാരം പഞ്ചായത്തുകൾക്ക് ലഭിക്കണം. രജി. ഫീസിൻെറ വിഹിതവും ലഭിക്കണം.

4. പാരലൽ സർവ്വീസ് നടത്തുന്ന വാഹനങ്ങളിൽ നിന്ന് നികുതി പിരിക്കാൻ ഗ്രാമ പഞ്ചായത്തിന് അധികാരം നൽകണം.

5. ബിൽഡിങ്ങ് കോൺട്രാക്ടർമാർക്ക് ലൈസൻസ് ഏർപ്പെടുത്തുകയും , ലൈസൻസ് ഫീ പഞ്ചായത്തിന് ലഭിക്കുകയും വേണം.

6. അതതു പഞ്ചായത്ത് പരിധിയിലെ ബാങ്കുകൾ ഡെപ്പോസിറ്റ് തുകയുടെ 90% അതതു പഞ്ചായത്തുകളിൽ വായ്പ നൽകണമെന്ന് നിയമം മൂലം നിർബന്ധിക്കുക.

7. വസ്തു കൈമാററ നികുതിയുട റിവാല്യുവേഷൻ നടത്തി ലഭിക്കുന്ന തുക പഞ്ചായത്തുകൾക്ക് ലഭ്യമാക്കുക.

8. പഞ്ചായത്തു വകയായി ഒരു ഷോപ്പിങ്ങ് കോംപ്ലക്സ് ചങ്ങരംകുളം ടൗണിൽ നിർമ്മിക്കുക.

9. യുവജനസംഘടകളുടെ സഹായം അഭ്യർത്ഥിച്ച് വൈദഗ്ദ്യം ആവശ്യമില്ലാത്ത മേഖലയിൽ മനുഷ്യാദ്ധ്വാനം സംഭാവനയായി കിട്ടുന്നതിനുള്ള സാഹചര്യം ഒരുക്കുക.

10. സാമ്പത്തിക ഭദ്രതയുള്ളവരുടെ ബാങ്കു ഡെപ്പോസിറ്റുകൾ വിവിധ ബാങ്കുകളിലുണ്ട്. ഈ പണത്തിലൊരു പങ്ക് വ്യാവസായിക മേഖലയിൽ നിക്ഷേപിക്കാൻ നിയമം മൂലം നിർബന്ധിക്കുക.

11. ബാങ്കു ലോക്കറുകളിൽ സ്വർണ്ണം സൂക്ഷിച്ചവരിൽ നിന്ന് നിശ്ചിത ഫീസ് ഈടാക്കാൻ ഗ്രാമ പഞ്ചായത്തുകൾക്കധികാരം നൽകുക.

# ജനകീയ പദ്ധതി

കേട്ടോജനങ്ങളെ നാട്ടിൽ നടക്കുന്ന
കൂട്ടായൊരാസൂത്രണത്തിൻെറ മാറ്റൊലി
ഗാന്ധിജി പണ്ടുവിഭാവനം ചെയ്തൊരു
ഗ്രാമ സ്വരാജിൽ സഫലമാം ശംഖൊലി
മണ്ണിൽ തുടിപ്പും കിടപ്പുമറിയുന്ന
മണ്ണിൻെറ മക്കളാം സാധാജനങ്ങടെ
കൂട്ടായ ചർച്ചയും ചിന്തയുമൊന്നിച്ചാൽ
കൂടുമീ നാടിൻെറ ശ്രേയസ്സുനാൾക്കുനാൾ
ഒട്ടേറെ പദ്ധതി വന്നുപോയെങ്കിലും.
ഒന്നും അടിത്തട്ടിലെത്താത്തതത്ഭുതം
മദ്ധ്യവർത്തീജനം പങ്കിട്ടെടുത്തിട്ട്
മാന്യത പൂണ്ടു വിലസിനടക്കുന്നു.
പാവം ജനങ്ങൾക്കു കിട്ടേണ്ടതൊക്കെയും
കേമൻെറ കീശയിൽ വന്നു ചേർന്നിടുന്നു.
അപ്പം പകുത്ത കുരങ്ങനെ പോലിവർ
അൽപ്പവും നൽകാതെ വെട്ടിവിഴുങ്ങുന്നു.
ആദിവാസി പുനരുദ്ധാരണത്തിന്
ആയിരമല്ലേനേകായിരം കോടികൾ
സർക്കാർ കണക്കിൽ ചെലവു ചെയ്തെങ്കിലും
ആദിവാസികൾ ഇന്നും ദാരിദ്ര്യ വാസികൾ.
ഇത്തരം ദുർഗതി മാറണം, മാറ്റുവാൻ
ഒത്തൊരുങ്ങീടണം ഗ്രാമസഭരളിൽ
നമ്മുടെ നാടിൻ വികസന പദ്ധതി
നാം തന്നെ ആസൂത്രണം ചെയ്തൊരുക്കണം.
ഉന്നതൻമാർ ചേർന്നൊരുക്കിയ പദ്ധതി
ഒന്നുമേ നേരായ് നടന്നില്ലിതുവരേ.
നമ്മൾ നിനച്ചാൽ നടക്കാത്ത കാര്യങ്ങൾ
നൻമപൂക്കും നാട്ടിലില്ലെന്നറികനാം.
താഴെ കിടയിലെ നമ്മളീ കാര്യത്തിൽ
താഴെയല്ലെന്നൊന്ന് ബോധ്യമാക്കീടണം.

ഒത്തൊരുമിക്കാം പുരോഗതി നേടിടാം
ഒന്നാണ് നാമെന്ന ചിന്തവളർത്തിടാം.
ഒരുങ്ങാം നാം പലനൂലാൽ
കൊരുത്തുള്ള ചരടുപോൽ
നിറങ്ങളേഴും കലർന്നാൽ
ഒരേനിറമെന്നപോലെ
മതവും ജാതിക്കറയും
മറക്കാം രാഷ്ട്രീയ ഭേദം.
ഒരേ മന്ത്രം മനതാരിൽ
അതീ നാട്ടിൽ പുരോഗതി.

വരുവിൻ സോദര സോദരിമാരേ
വരുവിൻ മണ്ണിൻ മണമറിവോരേ.
വരുവിന്നരതലചുറ്റിമുറുക്കി
വളരാൻ നാടിന്നുയിരുകൊടുക്കാൻ
ഗാന്ധിജി തന്നുടെ സ്വപ്നം പുലരാൻ
അന്ധത നീങ്ങിട്ടുന്നതിനേടാൻ
നവ പദ്ധതിയാൽ നമ്മുടെ രാജ്യം
നവനവ രൂപം പ്രാപിക്കട്ടെ.
ജയ ജയ ജയ ജയ ജയ ജയ ജയ
ജയ ജയ ജയ ജയ ജയ ഗ്രാമ സഭ ജയ

ബാലൻ സി. മൂക്കുതല

279

## കുറിപ്പുകൾ

Edited and Published by Nannamukku Grama Panchayath, Nannamukku South PO. 679575.
Photo: Shreedharan Pallikkara, DTP & Layout: Desktec Edapal.

# അധികാരം ജനങ്ങളിലേക്ക്

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയ പദ്ധതിയുടെ 35-40% തുക തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക്.

ആസൂത്രണം താഴെ തട്ടിൽ നിന്ന് മുകളിലോട്ട്.

ആസൂത്രണത്തിലും നിർവ്വഹണത്തിലും വിപുലമായ ജന പങ്കാളിത്തം.

പഞ്ചായത്ത് രാജ്-നഗരപാലിക സ്ഥാപനങ്ങളിൽ പ്രത്യേക ഗ്രാമ സഭകൾ.

ജന ലക്ഷങ്ങൾ ഒത്തൊരുമയോടെ കർമരംഗത്തേക്ക്.

ജന പ്രതിനിധികളും വിദഗ്ദരും ഉദ്യോഗസ്ഥരും അണിചേരുന്നു.

വികസന സെമിനാറുകൾ, പരിശീലന ക്ലാസുകൾ.

വികസനാവശ്യങ്ങൾ പദ്ധതികളാക്കാൻ ടാസ്ക് ഫോഴ്സുകൾ.

ഉന്നത തല മാർഗ്ഗ നിർദ്ദേശക സമിതി.



Ebenezer, Thrissur - 12. Ph: 361892, 3609

ഒമ്പതാം പദ്ധതി
ജനകീയ പദ്ധതി



# പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്

## സമഗ്ര വികസനരേഖ.

283

## പത്രാധിപ സമിതി


**എഡിററർ**

എൻ. വി. അബൂബക്കർ,

**എഡിറേറാറിയൽ സ്ററാഫ്**

ഇ. ജി. നരേന്ദ്രൻ,
സി. പി. മമ്മിക്കുട്ടിമാസ്ററർ,
സി. പി. രവീന്ദ്രനാഥ്,
കെ. വി. രാഘവവാരിയർ,
കെ. ബാവക്കുട്ടിമാസ്ററർ,
എ. മൊയ്തു,
വി. എം. അബ്ദുള്ളക്കുട്ടിമാസ്ററർ,
പി. കെ. പോക്കുമാസ്ററർ,
എം. എസ്. ഗോപി,
പി. പരമേശ്വരൻ,
കെ. ഷൽജി,
ഇബ്രാഹിംകുട്ടി മാസ്ററർ
കോരാട്ടയിൽ കുഞ്ഞിമോൻ
ഷരീഫ്
ദേവു

1




# ആമുഖം


**ജനകീയാസൂത്രണ** പ്രസ്ഥാനത്തിന്റെ ഭാഗമായി പെരുമ്പടപ്പ് പഞ്ചായത്തിൽ 1996 സപ്തംബർ 17—ാംന്ന- ലോക്കൽ റിസോഴ്സ് ഒന്നാം ഘട്ട പരിശീലനം നടക്കുകയുണ്ടായി. അതോടെയാണ് ഈ പഞ്ചായത്തിൽ "അധികാരം ജനങ്ങളിലേക്ക്" എന്ന ആശയം പരന്നത്. ഒൻപതാം പദ്ധതി ജനകീയ പദ്ധതി എന്ന വാക്യം കൊച്ചുകുട്ടികളുടെ ചുണ്ടിൽ പോലും ഈരടികളായി. ഒക്ടോബർ 2—ാംന്ന-യോടു കൂടി 11 വാർഡുകളിലും ഗ്രാമസഭകൾചേർന്നു. ശരാശരി 250 പേർ ഗ്രാമ സഭകളിൽ പങ്കെടുത്തു. സ്ത്രീകളുടെ പങ്കാളിത്തം മോശമായിരുന്നില്ല. ഇത്രയധികം ജനങ്ങൾ ഓരോ വാർഡിലും ഒത്തുകൂടിയ സംഭവം അപൂർവ്വമായിരുന്നു .സാക്ഷരതാ പ്രസ്ഥാനത്തിൽ കക്ഷി–ജാതി ചിന്തകൾമറന്ന് ഒന്നുചേർന്നത് പോലെ ജനകീയാസൂത്രണ പ്രസ്ഥാനവും പുതിയ ഒത്തുചേരലിന് കളമൊരുക്കി. ഗ്രാമസഭകളിൽ ജനങ്ങൾ മുന്നോട്ട്വെച്ചവികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി അവ മുൻഗണനാ ക്രമത്തിൽ സ്കീമുകളാക്കി മാററുക എന്ന ഭാരിച്ച ഉത്തരവാദിത്വമാണ് ഇനി നമുക്ക് ഏറെറടുക്കാനുള്ളത്.

ഒന്നാംഘട്ട പരിശീലനത്തിന്ശേഷം ദ്വിതീയ വിവരശേഖരം എന്നപരിപാടി തികച്ചും പുതുമയുള്ളതും ശ്രമകരവുമായിരുന്നു. ഈ പ്രവർത്തനം ഭംഗിയായി നിർവ്വഹിക്കാൻ ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. പഞ്ചായത്തിനെ മൂന്നു മേഖലകളാക്കിനടത്തിയ 'തലങ്ങും വിലങ്ങും'നടത്തത്തിലൂടെയും പഴമക്കാരിൽ നിന്നു, അറിഞ്ഞ നാട്ടറിവും കേട്ടറിവും, ഓഫീസുകളിൽ നിന്ന് ലഭിച്ച വിവരങ്ങൾ, ഇവയെല്ലാം സംഘടിപ്പിച്ചാണ് ഈ റിപ്പോർട്ട് തയ്യാറാക്കായിട്ടുള്ളത്.

ഈ റിപ്പോർട്ട് തെയ്യാറാക്കാൻ നിരവധി ആളുകളുടെ ആത്മാർത്ഥമായ സഹായം ഉണ്ടായിട്ടുണ്ട്. എല്ലാവരോടും നിസ്സീമമാക കൃതജ്ഞത രേഖപ്പെടുത്താൻ ഈ അവസരം ഉപയോഗിക്കുന്നു.

## പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്

**ഭരണസമിതി**



ഇ ജി. നരേന്ദ്രൻ (പ്രസിഡണ്ട്)




വി സി കുഞ്ഞിപ്പു (വൈ: പ്രസിഡണ്ട്)



**സി. പി. മമ്മിക്കുട്ടി മാസ്റ്റർ**
(ചെയർമാൻ, സ്റ്റാൻറിംഗ് കമ്മിററി.)

| | |
|---|---|
| **കരുമത്ത് മുഹമ്മദ്** | (മെമ്പർ) |
| **പാണക്കാട് ലത്തീഫ്** | ,, |
| **ടി എസ് ബാലാദിത്യൻ** | ,, |
| **താഹിറാ ബഷീർ** | ,, |
| **സി. മൂസക്കുട്ടി** | ,, |
| **ബിവാത്തുമ്മ മുഹമ്മദ്** | ,, |
| **സുഹ്റ മുഹമ്മദ്** | ,, |
| **മുംതാസ് ഷാഹുൽ ഹമീദ്** | ,, |

2




# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | — | പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | — | പെരുമ്പടപ്പ്, [illegible] |
| ബ്ലോക്ക് പഞ്ചായത്ത് | — | പെരുമ്പടപ്പ് |
| ബ്ലോക്ക് പഞ്ച: ഡിവിഷൻ | — | പെരുമ്പടപ്പ്, [illegible] |
| താലൂക്ക് | — | പൊന്നാനി |
| അസംബ്ലി മണ്ഡലം | — | പൊന്നാനി |
| ലോകസഭാ മണ്ഡലം | — | പൊന്നാനി |
| വിസ്തീർണ്ണം | — | 3688.34 ഏക്കർ (1492.6158 ഹെക്ടർ) |
| അതിരുകൾ | — | വടക്ക്: മലപ്പുറം ജില്ലയിലെ വെളിയങ്കോട് പഞ്ചായത്ത്, വട: കിഴക്ക് ആലങ്കോട് പഞ്ചായത്ത്<br>കിഴക്ക് ആലങ്കോട് പഞ്ചായത്ത്<br>തെക്ക്: തൃശൂർ ജില്ലയിലെ കാട്ടകാമ്പാൽ, പുന്നയൂർക്കുളം പഞ്ചായത്തുകൾ<br>പടിഞ്ഞാറ്: അറബിക്കടൽ. |
| ജനസംഖ്യ | — | 28161 |
| പുരുഷൻമാർ | — | 13993 |
| സ്ത്രീകൾ | — | 14168 |
| വാർഡുകൾ | — | 11 |
| പ്രസിഡണ്ടിൻെറ പേര് | — | ഇ. ജി. നരേന്ദ്രൻ |
| വൈസ് പ്രസിഡണ്ട് | — | വി. സി. കുഞ്ഞിപ്പു |
| സ്റ്റാണ്ടിങ്ങ്കമ്മററിചെയർമാൻ | — | സി. പി. മമ്മിക്കുട്ടി മാസ്ററർ. |

# സാമൂഹിക- സാംസ്കാരിക
# ചരിത്രം

ഐതിഹ്യ പ്രസിദ്ധമായ വന്നേരി നാടിന്റെ ഹൃദയഭാഗമാണ് പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത്.

വന്നേരിയിലുള്ള ചിത്രകൂടമായിരുന്ന പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആദ്യത്തെ തല സ്ഥാനം എന്നത് ചരിത്രം.

പെരുമ്പടപ്പ് സ്വരൂപത്തിന്റെ ജന്മഭൂമിയായിരുന്ന ചിത്രകൂടം ഉൾപ്പെടുന്ന വന്നേരി എന്നസ്ഥലവും പെരുമ്പടപ്പ് സ്വരൂപത്തിന്റെ മേൽക്കോയ്മാസ്ഥാനവും കൊച്ചി രാജാക്കൻമാരുടെ പട്ടാഭിഷേകവും നടന്നുവന്നിരുന്നത് ഇന്നത്തെ പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്തിൽപ്പെട്ട വന്നേരിയിൽ വെച്ചായിരുന്നു. വന്നേരിയിലുള്ള ചിത്രകൂടമായിരുന്ന പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആദ്യത്തെ തല സ്ഥാനം.

ചേരമാൻ പെരുമാക്കളുടെ മരുമക്കളായിട്ട് അഞ്ച് പെൺതാവഴി തമ്പുരാട്ടിമാരിൽ ഇളയ തമ്പുരാട്ടിക്കല്ലാതെ മററു നാലുപേർക്കും ആൺവഴി തമ്പുരാക്കന്മാർ ഉണ്ടായിരുന്നില്ല പ്രസ്തുത അഞ്ചുതാവഴികളെ പെരുമ്പടപ്പ്സ്വരൂപം എന്നുപറയുന്നു.

ഇതിൽ ഇളയ തമ്പുരാട്ടിയുടെ ഭർത്താവ് പെരുമ്പടപ്പിൽ നമ്പൂതിരിയായിരുന്നു. 13-ാം നൂററാണ്ടിന്റെ അന്ത്യത്തിൽ രാഷ്ട്രീയമോ സൈനികമോ ആയ ഏതോ സമർദ്ദത്താൽ മഹോദയ പുരത്തേക്ക് താമസം മാററിയതായി ചരിത്രരേഖകൾ പറയുന്നു'ഉണ്ണിയാടി ചരിതം' 'കോകില സന്ദേശം' എന്നിവയിൽ പെരുമ്പടപ്പ് വന്നേരിയെപ്പററി പ്രതിപാദിക്കുന്നുണ്ട്.

രാജ പരമ്പരകളോടനുബന്ധിച്ച് ഒരു കാലത്ത് നിലനിന്നിരുന്ന അയിരൂർ കോവിലകം, കൊരട്ടിക്കര മന, ചേരിയത്ത് ചേന്നമംഗലത്ത് മന, കൊച്ചീൻ രാജാക്കന്മാരുടെ ആസ്ഥാന അമ്പലമായ കൊയപ്പുള്ളി ക്ഷേത്രം, ചാലുകുളങ്ങര ക്ഷേത്രം, പട്ടാളേശ്വരം ക്ഷേത്രം, കോടത്തൂർ കൊയ്യാമാം ക്ഷേത്രം, മന്ത്രവാദത്തിൽ പേരുകേട്ട കാട്ടുമാടം മനയും അവരുടെ കുലദൈവക്ഷേത്രമായ മണക്കാട്ട് മുത്തശ്ശിയമ്മ ക്ഷേത്രം, കോഴിക്കോട് സാമൂതിരി കോവിലകം വകയായ പ്രസിദ്ധമായ പാലപ്പെട്ടി ക്ഷേത്രം, (താലപ്പൊലിക്ക് തിരികൊളുത്തി ധീവരസഭയുടെ കൈവശമുള്ള പാലപ്പെട്ടി താഴംപറമ്പും (ആലുംതാഴം) മററും കോഴിക്കോട് സാമൂതിരി കോവിലകം വകയാണ്.) കോടത്തൂർ 'കൊയ്യാമാം' ക്ഷേത്രവും സാമൂതിരി വകയായിരുന്നു.

അയിരൂർ കോവിലകം അന്യംനിന്നു പോയതായി കാണുന്നു. ജീവിച്ചിരിക്കുന്നവരെപ്പററി വിവരമില്ല. അയിരൂർ കോവിലകം പറമ്പ് ഇന്നുമുണ്ട്. പുതിയിരുത്തി കോവിലകം അന്തേവാസികളുടെ കുടുംബ ക്ഷേത്രവും സന്തതി പരമ്പരകളും ഇന്നും നിലവിലുണ്ട്.

ചേരിയത്ത് ചേന്നമംഗലത്ത് മന നിന്നിരുന്ന വന്നേരി എന്ന സ്ഥലത്താണ് ഇന്ന് വന്നേരി ഹൈസ്കൂൾ സ്ഥിതിചെയ്യുന്നത്. അവിടെയാണ് വന്നേരി ചിത്രകൂടം ഉണ്ടായിരുന്നത് എന്ന് കരുതപ്പെടുന്നു. അതുപോലെ ഇന്നത്തെ പഞ്ചായത്താഫീസും, ബ്ലോക്കാഫീസും, കൃഷിഭവനും, വില്ലേജാഫീസും മററും സ്ഥിതിചെയ്യുന്ന വലിയ പറമ്പ് എന്ന സ്ഥലത്തായിരുന്നു കൊച്ചി രാജാക്കന്മാരുടെ കൊട്ടാരം ഉണ്ടായിരുന്നത്. രാജകൊട്ടാരത്തിന്റെ അന്തഃപുരത്തിൽ സ്ഥിതി ചെയ്തിരുന്ന വലിയ കിണർ ഇന്നുമുണ്ട്. രാജ കുടുംബം ഉപയോഗിച്ചിരുന്ന കുളവും (ഉപയോഗശൂന്യം) പതിയറ യു. പി. സ്കൂളിന്റെ വടക്കുഭാഗ

യിലൂടെ കണ്ടശ്ശൻ കടവ് കൊച്ചി ഭാഗങ്ങളിൽ നിന്നുപോലും ചരക്കുകൾ കയററിറക്ക നടത്തിയിരുന്നു. പടിഞ്ഞാറ് കനോലി കനാലിലെ 'തോട്ടവക്ക്' കിഴക്ക് നൂണക്കടവ് എന്നിവിടങ്ങളായിരുന്നു താവളങ്ങൾ. കനോലി കനാലിന് പടിഞ്ഞാറ് ഭാഗത്ത് ടിപ്പു സുൽത്താൻ വെട്ടുവഴി എന്ന പേരിൽ അറിയപ്പെട്ടിരുന്ന നടവഴിയാണ് യാത്രക്ക് ഉപയോഗിച്ചിരുന്നത്. 1954–55 ൽ നിലവിൽ വന്ന മലബാർ ഡിസ്ട്രിക്ററ് ബോഡ് തെരെഞ്ഞെടുപ്പിൽ അണ്ടത്തോട് നിയോജക മണ്ഡലത്തിൽ നിന്നും വിജയിച്ച സഖാവ് കൊടമന നാരായണൻ നായരുടെ മുൻകൈയോടെ നിർമ്മിച്ചതാണ് കണ്ടകടവ് കോട്ടപ്പടി റോഡ്. ഈ റോഡിലാണ് പഞ്ചായത്തിലെ ആദ്യത്തെ ബസ് സർവ്വീസ് ആരംഭിച്ചത്. (രണ്ട് അററവും മുട്ടാതിരുന്ന കണ്ടകടവ് കോട്ടപ്പടി ബസ്സ് സർവ്വീസ്) പിന്നീട് 10 വർഷങ്ങൾക്കു ശേഷം സഖാവ് ഇമ്പിച്ചിബാവ ട്രാൻസ്പോർട്ട് മന്ത്രിയായിരിക്കുമ്പോഴാണ് ടിപ്പു സുൽത്താൻ റോഡ് നിർമ്മിച്ചത്. 57–ലെ ഇ. എം. എസ്. സഭ നിലവിൽ വന്ന ശേഷമാണ് വൈദ്യുതി പഞ്ചായത്തിൽ എത്തിയത്. ടെലഫോൺ സൗകര്യം അതിനും 5 വർഷങ്ങൾക്കുശേഷം ആണ് പഞ്ചായത്തിനു ലഭിച്ചത്.

1957–ലെ ഭൂപരിഷ്കരണ നിയമത്തോടെയാണ് ഇവിടത്തെ പാട്ട കുടിയാന്മാരും വാരകൃഷിക്കാരും ഭൂമിക്ക് ഉടമകളായത്. അതിനു മുമ്പ് ഭൂഉടമകൾ മുകളിൽ സൂചിപ്പിച്ച രാജ കുടുംബങ്ങളും കോവിലകങ്ങളും മററ് ദേവസ്വങ്ങളും മനകളുമായിരുന്നു. 1970 ലെ ഐതിഹാസികമായ കുടികിടപ്പ് സമരത്തോടും നിയമത്തോടും കൂടിയാണ് കുടികിടപ്പുകാർക്ക് ഉടമാവകാശം നേടിയെടുക്കാൻ കഴിഞ്ഞത്.

1954 — 55ൽ മലബാർ ഡിസ്ട്രിക്ട്ബോഡ് തെരഞ്ഞപ്പിനു മമ്പ്തന്നെ അയിരൂർ പഞ്ചായത്ത് നിലവിലുണ്ടായിരുന്നു, അതിന്റെ പ്രസിഡണ്ട് കാരാട്ട് രാമൻമേനോൻ, ആയിരുന്നു. പിന്നീട് പെരുമ്പടപ്പ "ബോഡ്" രൂപീകരിച്ചു അതിന്റെ പ്രസിഡണ്ട് കൊളാടി ഗോവിന്ദൻകുട്ടിയായിരുന്നു. 1968 ൽ ഈ പഞ്ചായത്ത് വീണ്ടും വിഭജിച്ച് പെരുമ്പടപ്പ്, എരമംഗലം പഞ്ചായത്തുകളായി രൂപാന്തരപ്പെട്ടു ഇതിൽ പെരുമ്പടപ്പ് പഞ്ചായത്തിന്റെ പ്രസിഡ A. S. ഹസ്സൻകുട്ടിയായിരുന്നു. ഈ പഞ്ചായത്ത് ഭരണം 1979 വരെ നിലനിന്നു. അതിനുശേഷം നടന്ന തെരഞ്ഞെടുപ്പുകളിൽ ഭരണ സമിതി അംഗങ്ങളായി വന്നിട്ടുള്ളവർ താഴെ പറയുന്നവരാണ്.

പ്രസിഡണ്ടുമാർ:- കാരാട്ട് രാമമേനോൻ, കൊളാടി ഗോവിന്ദൻകുട്ടി, എ. എസ്. ഹസ്സൻകുട്ടി, പി. പി മുഹമ്മദ്, തണ്ടാംകോളി കുഞ്ഞിമോൻ

മെമ്പർമാർ:– വി. മുഹമ്മദ്, എൻ മുഹമ്മദ് കുട്ടി, എം. താച്ചുട്ടി പണിക്കർ, കെ. പി. അബ്ദുല്ല, ടി. ശ്രീധരൻ, എം. കെ. സാറുടീച്ചർ, എ. അഹമ്മദ്, എം. ബാപ്പു, സി. മുഹമ്മദ് ശരീഫ്, പി. എ. അഹമ്മദ്, പി. വി, അബൂബക്കർ, കെ. മുഹമ്മദ്, എ. കെ. ആമിന, പി. കദീജ വി. എം. ആലി മുഹമ്മദ്, എം. എ. മോഹനൻ, പി. ബീരാൻ ഹാജി, ഒ. ഭരതൻ, സി. പി. മമ്മിക്കുട്ടി മാസ്റ്റർ.

പ്രസിദ്ധ മത പണ്ഡിതനും പരിശുദ്ധ ഖുർ ആൻ പരിഭാഷകനുമായിരുന്ന സി. എൻ. അഹമ്മദ് മൗലവി, ഗോവ വിമോചന സമര സേനാനിയും രാഷ്ട്രീയ പ്രവർത്തകനുമായിരുന്ന വി എം. മുഹമ്മദ്, മാടത്തേരി രാഘവൻ നായർ. കടപ്പുറം മേഖലയിൽ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യത്തെ സ്വാധീന മേഖലയായ പാലപ്പെട്ടിയിൽ മത്സ്യതൊഴിലാളി മേഖലയിൽ പാർട്ടിക്ക് ആളും അർത്ഥവും സജീവ പങ്കാളിത്തവും കൊണ്ട് സംഭാവന അർപ്പിച്ച ഈച്ചരൻ, ഗോപാലൻ എന്നിവരെ ബഹുമാനപൂർവ്വം സ്മരിക്കുകയാണ്.

പെരുമ്പടപ്പ് പഞ്ചായത്തിലെ ആദ്യത്തെ പോസ്റ്റോഫീസ് നിലവിൽ വന്നത് 1940–കളിൽ പാറയിലാണ്. അന്നത്തെ അഞ്ചലോട്ടക്കാരൻ അപ്പു ഈ പ്രദേശത്തുകാരനാണ്. പെരുമ്പടപ്പ് പോലീസ് സ്റ്റേഷൻ, പെരുമ്പടപ്പ് ബ്ലോക്കാഫീസ്, മൃഗാശുപത്രി, വില്ലേജ് ആഫീസ്, പെരുമ്പടപ്പ് കൃഷിഭവൻ, പെരുമ്പടപ്പ് ബ്ലോക്ക് പഞ്ചായത്ത് ആഫീസ്, പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് ആഫീസ്, എഞ്ചിനീയർ ആഫീസ് എന്നിവ എല്ലാം പെരുമ്പടപ്പിലാണ് നിലനിൽക്കുന്നത്.


★

4

# ഭൂ പ്രകൃതി

# ജന പ്രകൃതി

# ജല പ്രകൃതി




പെരുമ്പടപ്പ് പഞ്ചായത്തിനെ മൂന്നായി ഭാഗി ച്ചുകൊണ്ടാണ് കനോലി കനാലും പുഞ്ചക്കായലും കുറുകെയൊഴുകുന്നത്. മൂന്ന് വാർഡുകൾ ചേർന്നതാണ്, പടിഞ്ഞാറെ ഭാഗം. മദ്ധ്യഭാഗത്ത് ആറ് വാർഡുകളും കിഴക്ക് ഭാഗത്ത് 2 വാർഡുകളുമാണുള്ളത്.

അറബിക്കടലിൽ പാദം കഴുകുന്ന പടിഞ്ഞാറെ ഭാഗം പൊതുവെ സമതല പ്രദേശമാണ്. പൂഴിമണ്ണാണ് ഇവിടെ. ഈ ഭാഗത്ത് കൂടി കുറുകെ NH–17 റോഡ് കടന്നുപോകുന്നു. ഈ റോഡിൽ നിന്ന് കടപ്പുറത്തെത്തുന്ന നിരവധി ചെറിയ റോഡുകളുണ്ട്. ധാരാളം കശുമാവുകളും തെങ്ങുകളുമുള്ള പ്രദേശമാണ ത് രാമച്ച കൃഷിയുമുണ്ട്.

കനോലി കനാലിന്റെ കിഴക്ക് ഭാഗവും സമതലങ്ങളാണ്. കനോലി കനാൽ മുൻപ് ഗതാഗതത്തിന് ധാരാളമായി ഉപയോഗിച്ചിരിന്നു. പാസഞ്ചർ യന്ത്ര ബോട്ടുകൾ പൊന്നാനി–ചാവക്കാട് റൂട്ടിലോടിയിരുന്നു. നാടൻ കെട്ട് വള്ളങ്ങളും ധാരാളമുണ്ടായിരുന്നു. വള്ളങ്ങളും വള്ളക്കാരും അപൂർവ്വമായേ ഇന്നുള്ളൂ. മദ്ധ്യഭാഗത്തിന്റെ കിഴക്കൻ പ്രദേശം നിരവധി കുന്നുകളാൽ അലംകൃതമാണ്. പട്ടേരിക്കുന്ന്, തവളക്കുന്ന്, കൊയ്യുള്ളിക്കുന്ന്, നൂണക്കടവ്, വന്നേരിക്കുന്ന്, എന്നിങ്ങനെ പേരുകളിൽ അറിയപ്പെടുന്ന കുന്നുകൾ നിരവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷിയാണ്.

മദ്ധ്യഭാഗവും കിഴക്കൻ ഭാഗവും തമ്മിൽ വേർതിരിക്കുന്നത് പുഞ്ചക്കായലാണ്. വർഷക്കാലത്ത് നിറഞ്ഞും വേനൽക്കാലത്ത് വരണ്ടും കിടക്കുന്ന പ്രദേശമാണിത്. കിഴക്കൻ ഭാഗത്തെ രണ്ട് വാർഡുകളും ഭൂമിശാസ്ത്രപരമായി മെയിൻ ലാൻറിൽ നിന്ന് വേറിട്ട് കിടക്കുന്ന ദ്വീപുകൾ അടങ്ങുന്ന ഈ ഭാഗം പ്രകൃതി സൗന്ദര്യം കൊണ്ട് അനുഗ്രഹീതമാണ്. ചൊവല്ലൂർ പ്രധാന ദ്വീപും, ആമയം കുരിക്കാട്, തുരുത്തുമ്മൽ എന്നിവ ചെറുദ്വീപുകളുമാണ്. നമ്പ്യാരക്കാട് കുന്ന് ഇവിടുത്തെ പ്രധാനപ്പെട്ട കുന്നാണ്. തൃക്കേക്കടവ് പാലം വഴി നന്നംമുക്ക് പഞ്ചായത്തുമായി ബന്ധം സ്ഥാപിക്കുന്നു.

ഭൂമിശാസ്ത്രപരമായി പെരുമ്പടപ്പിനെ 9 ആയി തരംതിരിക്കാം.

1 തീര സമതലം
2 ചതുപ്പ് നിലം
3 കളിമൺ സമതലം
4 ചെങ്കൽ പ്രദേശം
5 കുന്ന് പ്രദേശം
6 പുഞ്ചനിലം – വെള്ളം കയറുന്ന പ്രദേശം
7 ചരിവ് പ്രദേശം
8 ഉയന്ന സമതലം
9 താഴ്ന്ന സമതലം

തീര സമതലത്തിൽ പൂഴിമണ്ണും ചളുപ്പ് നില ത്തിൽ എക്കൽ മണ്ണുമാണുള്ളത്. കളിമൺ പ്രദേശ ത്തെ മണ്ണ് വീടുകളുടെ ഭിത്തി നിർമ്മാണത്തിന് ഉപ യോഗിക്കുന്നു. കുന്നുപ്രദേശങ്ങളിലും പാറയാണുള്ള ത്. പുഞ്ചക്കായൽ നിലങ്ങൾക്കിടയിൽ ചീഞ്ഞളി ഞ്ഞ വൃക്ഷങ്ങളുടേ അവശിഷ്ടങ്ങൾ കാണപ്പെടുന്നു.

പെരുമ്പടപ്പ് പഞ്ചായത്തിൻെറ മൊത്തം വിസ്തീർണ്ണം 15.02 സ്ക്വയർ മീററാണ്.

## ജനപ്രകൃതി

മതസൗഹാർദ്ദം മുഖമുദ്രയായി സ്വീകരിട്ടുള്ള ഒരു ജനതയാണ് പെരുമ്പടപ്പ് പഞ്ചായത്തിലുള്ളത്. മുസ്ലിം മതക്കാരും ഹിന്ദുമതക്കാരും മാത്രമെയുള്ളു. 1991 ലെ സെൻസസ് അനുസരിച്ച് ആകെ ജനസം ഖ്യ 28б1 ആകുന്നു.

മലപ്പുറം ജില്ലയുടെ തെക്കെ അററത്ത് കിടക്കു ന്ന ഈ പഞ്ചായത്ത് തൃശ്ശൂർ ജില്ലയുമായി ഉററ സമ്പ ക്കത്തിലാണ്. ജനങ്ങൾ വാണിജ്യ ആവശ്യങ്ങ ൾ പ്രധാനമായും ആശ്രയിക്കുന്നത് കുന്നംകുളത്തെയും തൃശ്ശൂരിനെയുമാണ്. ഭൂമിശാസ്ത്രപരമായ കാരണങ്ങ ളാൽ പെരുമ്പടപ്പ്കാർ മലപ്പുറത്തേക്ക് പോകുന്ന ത് ഓഫീസ് സംബന്ധമായ കാര്യങ്ങൾക്ക് മാത്ര മാണ്. മലപ്പുറം ജില്ലയുടെ വടക്ക് പ്രദേശത്തെ ജന ങ്ങളുമായി സംസാര രീതിയിലും വസ്ത്രധാരണ രീ തിയിലും ഇവിടത്തുകാർ വ്യത്യസ്തത പുലത്തുന്നു. ജ ന സംഖ്യയുടെ വാർഡ് തിരിച്ചുള്ള കണക്ക് പട്ടിക യിൽ കൊടുത്തിരിക്കുന്നു. (സെൻസസ് സമയത്ത് 1ഉം, 2ഉം വാഡുകൾ ഒരു വാർഡായിരുന്നു.)

| വാർഡ് | പുരുഷൻ | സ്ത്രീ | ആകെ. |
|---|---|---|---|
| 1 | | | |
| 2 | 1941 | 1850 | 3791 |
| 3 | 1727 | 1688 | 3415 |
| 4 | 1552 | 1481 | 3033 |
| 5 | 928 | 1012 | 1940 |
| 6 | 1022 | 1046 | 2068 |
| 7 | 1183 | 1205 | 2388 |
| 8 | 1219 | 1239 | 2458 |
| 9 | 1393 | 1502 | 2895 |
| 10 | 1648 | 1771 | 3419 |
| 11 | 1380 | 1374 | 2754 |
| ആകെ | 13993 | 14168 | 28161 |

## ജലപ്രകൃതി


പ്രധാന ജലസ്രോതസ്സുകളായി പറയാനുള്ളത് കനോലി കനാലും പുഞ്ചക്കായലുമാണ്. അയിരൂർ തോടും കാരാക്കണ്ടിതോടും അനുബന്ധമായി പറ യാം. ഇവയിൽ കനാലൊഴിച്ച് ബാക്കിയെല്ലാം വേനൽക്കാലത്ത് വരളുന്നവയാണ്. പണ്ട് കാല ത്ത് ഈ തോടുകളെല്ലാം മതിയാവോളം വീതിയുള്ള വയായിരുന്നു. നെൽകൃഷിക്കാരുടെ അഭയസങ്കേത വുമായിരുന്നു അന്ന്. ഇന്ന് വീതി കുറഞ്ഞ് തെങ്ങി ഞെരുങ്ങിയാണ് വെള്ളമൊഴുകുന്നത്. വരളുന്ന വയ ലിന് നീരേകാനാവശ്യമായ ജലമുൾക്കൊള്ളാനുള്ള സംഭരണശേഷി അവക്കിന്നില്ല.

ഏതാനും അടി താഴ്ത്തിയാൽ വെള്ളം ലഭിക്കു ന്ന പടിഞ്ഞാറൻ ഭാഗത്ത് കുഴൽക്കിണറുകൾ സർവ്വ സാധാരണമാണ്. കനാലിൻെറ തീരങ്ങളിൽ വെള്ള ത്തിന് ഉപ്പ്രസമുള്ളതുകൊണ്ട് അവിടങ്ങളിൽ കുടി വെള്ളപ്രശ്നമുണ്ട്. മദ്ധ്യഭാഗത്തെ വീടുകളിൽ മിക്ക തിലും കിണർ സൗകര്യമുണ്ട്. എന്നാൽ കോളനിക ളിൽ ആവശ്യത്തിന് കിണറുകളില്ല. ചെങ്കൽ പ്രദേ ശങ്ങളിൽ വളരെ താഴ്ത്തിയാൽ മാത്രമെ ജലം ലഭി ക്കുന്നുള്ളു.

കായലിലും തോടുകളിലും വഷക്കാലത്ത് നിറ യുന്ന വെള്ളം ഒഴുകി പാഴായിപ്പോകുകയാണ്. ഇത് ചീർപ്പ് കെട്ടി നിയന്ത്രിക്കുന്ന കാര്യങ്ങൾ കൃഷി വി ഭാഗത്തിൽ വിശദീകരിച്ചിട്ടുണ്ട് വെള്ളം ഒഴുകിപ്പോ വാതെ കെട്ടിനിന്ന് തെങ്ങുകളുടെ വേര് ചീയുന്ന പ്രശ്നം 7—ാം വാർഡിലുണ്ട്. പണ്ടുണ്ടായിരുന്ന തോ ടുകൾ തൂന്ന്പോയതാണു കാരണം.

വിവിധ സ്കീമുകളിൽ പഞ്ചായത്തിൽ 7 പൊതു കിണറുകളും 22 പൊതു കുളങ്ങളും നിർമ്മിച്ചിട്ടുണ്ട്. ഇവയിൽ പലതും വേണ്ട വിധത്തിൽ ഉപയോഗിക്ക പ്പെടാതെ കിടക്കുകയാണ്. സ്വകാര്യ കിണറുകളും സ്വകാര്യ കുളങ്ങളും വേറെയുമുണ്ട്. പൊതുവിലും സ്വകാര്യത്തിലും അല്ലാത്ത കുറെ കുളങ്ങളും പഞ്ചാ യത്തിലുണ്ട്. ഇവയുടെയെല്ലാം കാര്യക്ഷമമായ കൈകാര്യത്തിലൂടെ ജല വിഭവങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കാവുന്നതാണ്.


— • —




# 5

# സാമൂഹിക സാമ്പത്തിക മേഖലകൾ

# കൃഷിയും ജലസേചനവും




**പെ**രുമ്പടപ്പ്‌ പഞ്ചായത്ത്‌ തികച്ചും ഒരു കാർ
ിക ഗ്രാമമാണ്‌. ആറു കുന്നിൻ പ്രദേശങ്ങളും താ
വരകളിലുള്ള കായൽ നിലങ്ങളും അറബിക്കടലി
ാട്ട്‌ ചേർന്നുകിടക്കുന്ന തീര പ്രദേശങ്ങളും അടങ്ങി
താണ്‌ ഇവിടുത്തെ ഭൂപ്രദേശം. മുഖ്യകൃഷി നാളി
രം, നെല്ല്‌. ഇടവിളകളായി വാഴ, കിഴങ്ങുവ
ങ്ങൾ, പച്ചക്കറികൾ എന്നിവയും കൊക്കോ കൃഷി
രാചയപ്പെട്ടതിനു ശേഷം തെങ്ങിൻ തോട്ടങ്ങൾക്കി
യിൽ കുരുമുളക്, ജാതി എന്നീ ഇടവിളകളും കൃഷി
പയ്യുന്നു. കൂടാതെ ജില്ലയിലെ ഏററവും കൂടുതൽ രാ
ച്ച കൃഷിയുള്ളത്‌ ഈ പഞ്ചായത്തിലെ പാലപ്പെട്ടി
ദേശത്താണ്‌. പഴയകാലത്ത്‌ ജനങ്ങളുടെ മുഖ്യ
തൊഴിൽ നാളികേര കൃഷിയും, നെൽകൃഷിയും,
സ്യബന്ധനവും അതുമായി ബന്ധപ്പെട്ട മററ്‌ തൊ
ലുകളുമായിരുന്നു. ഭൂപ്രദേശത്തിൻെറ നിംനോന്നത
യ അടിസ്ഥാനപ്പെടുത്തി സമുദ്രനിരപ്പിൽ നിന്നും
ഏററവും കൂടിയ ഉയർച്ചയുള്ള പ്രദേശം പട്ടേരിക്കുന്നാ
ണ്‌. കൂടാതെ കൊഴപ്പുള്ളിക്കുന്ന്‌, തവളക്കുന്ന്‌,
ുണക്കടവ്‌ കുന്ന്‌, വന്നേരി കുന്ന്‌ എന്നീ ഉയർന്ന
പ്രദേശങ്ങളാണ്‌. പഞ്ചായത്തിൻെറ പടിഞ്ഞാറും
മധ്യഭാഗവും കിഴക്കൻ മേഖലയും മററ്‌ സ്ഥലങ്ങളെ
അപേക്ഷിച്ച്‌ സമനിരപ്പാണ്‌. പഞ്ചായത്തിൻെറ
കിഴക്കൻ പ്രദേശമായ 1ഉം 2ഉം വാർഡുകൾ അട
ങ്ങിയ ചെറവല്ലൂർ ദേശം 4 ഭാഗവും വെള്ളത്താൽ ചു

ററപ്പെട്ടു കിടക്കുന്ന ഒരു ദ്വീപാണ്‌. ഇതിൻെറ തെ:
പടിഞ്ഞാററ്‌ ഭാഗം ആമയം എന്ന ഒരു ഉപദ്വീപും
അതിനു കിഴക്ക്‌ ഭാഗം കുരിക്കാട് എന്ന ഒരു കൊച്ചു
ദ്വീപും, ചെറവല്ലൂർ പടിഞ്ഞാററ്‌ ഭാഗത്തിന്‌ വടക്കേ
ഭാഗം തുരുത്ത്‌ എന്ന മറെറാരു ദ്വീപും അടങ്ങിയ
പ്രദേശമാണ്‌. നന്നംമുക്ക്‌ പഞ്ചായത്തിൽ നിന്ന്‌
ഒരു റോഡ്‌ ത്രിക്കേകടവ്‌ എന്ന പാലത്തിലൂടെ കട
ന്നുപോകുന്നു. ഈ റോഡുതന്നെയാണ്‌ ആമയം ഭാഗ
ത്തെ ചെറവല്ലൂരുമായി ബന്ധിപ്പിക്കുന്നതും. ആ റോ
ഡ്‌ ആമയം എന്ന സ്ഥലത്ത്‌ ഉപ്പുങ്ങൽ കടവിൽ
അവസാനിക്കുന്നു. കുരിക്കാട് ദ്വീപുമായി ചെറവ
ല്ലൂരിനെ ബന്ധിപ്പിക്കുന്നത്‌ ഒരു ചെറിയ റോഡാ
ണ്‌. എന്നാൽ തുരുത്ത്‌ എന്ന ദ്വീപുമായി ബന്ധ
പ്പെടുവാൻ വഞ്ചിയിലൂടെ അല്ലാതെ മററ്‌ മാർഗ്ഗമില്ല.
പെരുമ്പടപ്പ്‌ പഞ്ചായത്തിലെ മററ്‌ സ്ഥലങ്ങളി
ലേക്ക്‌ പോകുന്നതിന്‌ സുമാർ ഒരു കിലോമീററരോ
ളം വരുന്ന പുഞ്ചക്കായലിലെ കടവ്‌ വഞ്ചി മാത്ര
മാണ്‌ ആശ്രയം. 3 മുതൽ 7, 8 വാർഡ് ഉൾപ്പെടുന്ന
പ്രദേശം കുന്നുകളും സമതലങ്ങളും അടങ്ങിയ മറെറാ
രു ഭാഗമാണ്‌. ഈ ഭാഗത്തിന്‌ തെക്ക്‌ വടക്കായി
കുറുകെ മുറിച്ച്‌ കൊണ്ടു കനോലി കനാൽകടന്നുപോ
കുന്നു. 9, 10, 11 വാർഡുകൾ ഉൾപ്പെട്ട ബാക്കി പ്ര
ദേശം കടലോര പ്രദേശമാണ്‌. ഇതിനെ ബന്ധപ്പെ
ടുത്തുന്ന കണ്ടിച്ചിറ പാലം നിവിൽ വന്നിട്ട്‌ സുമാർ
25 വർഷമേ ആയിട്ടുള്ളൂ.

## പട്ടിക 1

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | നിലം | 1451.89 ഏക്കർ |
| 2 | പുരയിടം | 2020.42 ഏക്കർ |
| 3 | പുറംപോക്ക് | 153.39 ഏക്കർ |
| 4 | കൃഷിയോഗ്യമല്ലാത്ത തരിശ് | 62.64 ഏക്കർ |
| | ആകെ | 3688.34 |

### നെൽകൃഷി

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നല്കി യിരുന്നത് നെൽകൃഷിക്കാണ്. പഞ്ചായത്തിന്റെ കിഴക്ക് പ്രദേശങ്ങളിലുള്ള പുഞ്ചക്കായൽ നെൽകൃഷി വളരെ ശ്രമകരമായ ഒരു കൃഷിയായിരുന്നു. ഒന്നുകിൽ വെള്ളപ്പൊക്കം കൊണ്ട് നശിച്ചുപോകുക. അല്ലെങ്കിൽ വരൾച്ചകൊണ്ട് നശിച്ചുപോകുക എന്നിങ്ങനെ തികച്ചും ഒരു ഭാഗ്യ പരീക്ഷണം എന്നനിലക്കാണ് കൃഷി നടത്തിപ്പോന്നത്. പടിഞ്ഞാറൻ മേഖലയിൽ നെൽകൃഷി " കട്ടാടൻ പാടം " എന്ന പേരിലാണ് അറിയപ്പെടുന്നത്. ഇവിടെ കൃഷി മഴയെ ആശ്രയിച്ചാണ് നടത്തുന്നത്.

1 ചീര, 2 നവര, 3 പൂഴിക്കരിപ്പാല,
4 കട്ടാടൻ, 5 പാണ്ടി 6 ചൂരപ്പാണ്ടി,
7 ആര്യൻ വിത്ത്. 8 അയ്യൻകാളി, 9 തവളക്കണ്ണൻ, 10 ചിറ്റേനി, 11 കഴഞ്ഞപൂത്താട്, 12 പള്ള്യാല്, 13 കൊടിയൻ,
14 പൊക്കാളി, 15 വെള്ളപ്പൊക്കാളി തുടങ്ങി അറുപതോളം ഇനം നെൽവിത്തുകൾ ഇവിടെ കൃഷി ചെയ്തിരുന്നു. 60 ദിവസം മുതൽ 120 ദിവസം വരെ വിളവെടുപ്പിന് സമയം പിടിക്കുന്ന ഈ വിത്തിനങ്ങളിൽ ഒന്ന്‌രണ്ടിനങ്ങളെ ഇന്ന് കൃഷിചെയ്യുന്നുള്ളു. മറ്റുള്ളവ പുതിയ വിത്തിനങ്ങളാണ്.

ഒന്നും രണ്ടും വാർഡുകൾ കൂടിയ ചെറവല്ലൂർ പ്രദേശത്തിനു നാലു ഭാഗത്തും, 3ഉം 4ഉം വാർഡുകളുടെ കിഴക്കുഭാഗത്തും 5-ാം വാർഡിന്റെ വടക്കുമായാണ് പുഞ്ചകൃഷി നടത്തുന്ന കായൽ നിലങ്ങൾ വ്യാപിച്ചു കിടക്കുന്നത്. ഈ കായൽ നിലങ്ങളുടെ ബണ്ട് നിർമ്മാണത്തിന് നാളിതുവരെയായി സർക്കാർ ഏജൻസികൾ ചിലവഴിച്ച സംഖ്യകളുടെ കൃത്യമായ കണക്ക് ലഭ്യമല്ല. തൃശ്ശൂർ കോൾ കൃഷി ഓഫീസുമായി ബന്ധപ്പെട്ടിട്ടും പറയത്തക്ക ഫലമൊന്നുമുണ്ടായിട്ടില്ല.

## പട്ടിക 2

### പെരുമ്പടപ്പ് പഞ്ചായത്തിൽപ്പെട്ട കോൾ പടവുകളുടെ വിവരം

| | പടവിന്റെ പേര് | വിസ്തൃതി ഹെക്ടറിൽ | കർഷകർ എണ്ണം |
|---|---|---|---|
| 1 | ചെറവല്ലൂർ തെക്കെ കെട്ട് | 56.4 | 90 |
| 2 | ചെറവല്ലൂർ പുറം കോൾ | 34.4 | 60 |
| 3 | നൂണക്കടവ് കോൾ | 84 | 176 |
| 4 | എടമ്പാടം | 34 | 78 |
| 5 | വള്ളവമ്പായികോൾ | 34 | 27 |
| 6 | പഴഞ്ചീറ | 16.8 | 44 |
| 7 | കൈതക്കൽ | 10 | 19 |
| 8 | തുരുത്തുമ്മൽ കോൾ | 33 | * 63 |
| 9 | നീലയിൽ പടവ് | 6.6 | * 19 |

* നന്നംമുക്ക്, പെരുമ്പടപ്പ് എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്നു.

ഒരുകാര്യം തീർച്ച വ്യത്യസ്ത ഏജൻസികൾ മുഖേന കോടികൾ ചിലവഴിച്ചിട്ടും കൃഷിക്കാർക്ക് അതിന്റെ ഗുണഫലം കിട്ടിയിട്ടില്ല. പാടശേഖരക്കമ്മിറ്റികളിൽ പലതിനും സ്വന്തമായി മോട്ടോറുകളും പെട്ടിയും പറയും ഇല്ല. ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് സ്ഥലം അക്വയർ ചെയ്ത് കരഭാഗത്തുകൂടി തോടുവെട്ടിയിട്ടുണ്ട്. ചിലതിന് അതും ഉപയോഗപ്രദമല്ല.

5-ാം വാർഡിന് പടിഞ്ഞാറും 6, 7, 8 വാർഡുകളിലും കൂടിയാണ്. കട്ടാടൻ പാടം എന്ന പേരിലറിയപ്പെടുന്ന കന്നി, മകരം കൃഷി നടത്തുന്ന കൃഷി

| ആകെ ഭൂമി ഏക്ര | നെല്ല് 3 പൂവ്വം | 2 പൂവ്വം | രാമച്ചം | കശുമാവ് | തെങ്ങ് |
|---|---|---|---|---|---|
| 842.18 | 110.18 | 57 | 30 | 25 | 620 |

**ഇപ്പോഴുള്ളത്**

| ആകെ ഭൂമി ഏക്ര | നെല്ല് 3 പൂവ്വം | 2 പൂവ്വം | രാമച്ചം | കശുമാവ് | തെങ്ങ് |
|---|---|---|---|---|---|
| 842.18 | 80.18 | ഇല്ല | 175 | | 567 |

NOTE:— കൃഷിസ്ഥലത്തിൽ നെല്ല് രാമച്ച കൃഷിയായും കശുമാവ് തെങ്ങും രാമച്ചവുമായിമാററി യതാണ്.

സ്ഥലങ്ങളുള്ളത് ഇവിടത്തെ പ്രധാന പ്രശ്നം ജലക്ഷാമമാണ്. ഇരിഗേഷൻ കനാലും, ചിലതോടുകളും ഉണ്ടെങ്കിലും അവയൊക്കെ തൂർന്നും, കയ്യേറിയും ജലസേചന സൗകര്യം തീരെ ഇല്ലാത്ത അവസ്ഥയിലാണ്. കൂടാതെ കനോലി കനാലിൽ നിന്നും ഉപ്പുവെള്ളം കയറിയ കൃഷി നശിക്കുന്ന പ്രശ്നവുമുണ്ട്.

കനോലി കനാലിന് പടിഞ്ഞാറും അറബിക്കടലിന് കിഴക്കുമായി വ്യാപിച്ചു കിടക്കുന്ന പാടങ്ങൾ 3 പൂവ്വം കൃഷി നടക്കുന്നുണ്ട്. 9, 10, 11 വാർഡുകൾ കൂടിയ ഈ പ്രദേശത്തിന്റെ കനാലിന്റെ പടിഞ്ഞാറും ടിപ്പുസുൽത്താൻ റോഡിന്റെ കിഴക്കുമായുള്ള പ്രദേശത്ത് ധാരാളം കുളങ്ങളുണ്ട്. അവയുടെ ജല ലഭ്യത കുറഞ്ഞുവരുന്നു. ഈ കുളങ്ങൾ ഏതാനും കൃഷി നിലങ്ങൾക്ക് പൊതുവായി എന്ന നിലക്കുള്ള പൊതു കുളങ്ങളായാണ് ഉപയോഗിക്കുന്നത്.

ടിപ്പു സുൽത്താൻ റോഡിന് പടിഞ്ഞാറുഭാഗം മേൽപറഞ്ഞ 9, 10, 11 വാർഡുകളിൽ ഉൾപ്പെട്ട പ്രദേശത്ത് കൃഷിസ്ഥലങ്ങൾ രാമച്ചകൃഷിക്കായി വ്യാപകമായി ഉപയോഗിച്ചു വരുന്നു.

ഈ സ്ഥലങ്ങളിൽ വർഷക്കാലത്ത് വെള്ളം കടലിലേക്ക് ഒഴുക്കിക്കളയുന്നതിനും മററു സമയങ്ങളിൽ ജല സംഭരണികളായി ഉപയോഗിക്കുന്ന തോടുകൾ ' അറപ്പ ' എന്ന പേരിലറിയപ്പെടുന്ന തോടുകളാണ്. **ഇവിടത്തെ പ്രശ്നം ഇവയുടെ കയ്യേററങ്ങളാണ്.**

## വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം | മൊത്തംഉല്പാദനം |
|---|---|---|
| 1 നെല്ല് ഒന്നാംവിള | 944.6 ഏക്ര | 13390 kg |
| 2 നെല്ല് രണ്ടാംവിള | 506.87 | 10900 kg |
| 3 നെല്ല് മൂന്നാംവിള | 500.00 | 20000 kg |
| 4 പയർ | 81.60 | |
| 5 എള്ള് | 15.00 | |
| 6 പച്ചക്കറികൾ | 300 00 | |
| 7 തെങ്ങ് | 1000 00 | |
| 8 വാഴ | 150 00 | |
| 9 മരച്ചീനി | 100 00 | |
| 10 കുരുമുളക് | 150 00 | |
| 11 പ്ലാവ് | 50 00 | |
| 12 കശുമാവ് | 100 00 | |
| 13 മാവ് | 80 00 | |
| 14 കവുങ്ങ് | 250 00 | |

നെൽകൃഷിയെപ്പററി ഗ്രാമസഭകളിൽ സജീവ മായി നടന്ന ചർച്ചകളുടെ റിപ്പോർട്ട് പ്രകാരം താഴപ റയുന്നവയാണ്. ആവശ്യങ്ങൾ

ചെറവല്ലൂർ ഒന്നും, രണ്ടും വാർഡുകളിൽപ്പെട്ട 1 തെക്കെകെട്ട്, 2 പുറംകോൾ, 3 എടമ്പാടം, 4 കൈതക്കൽ. 5 തുരുത്തുമ്മൽ. 6 നീലയിൽ പടവ് എന്നിങ്ങനെ 184ൽ പരം ഹെക്ടർ വരുന്ന കോൾ കൃഷിയെ അഭിവൃദ്ധിപ്പെടുത്താൻ പുറം ബണ്ട കൾ ബലപ്പെടുത്തുകയും സുരക്ഷിതമാക്കുകയും. ഉൾ തോടുകൾ വീതിയും ആഴവും കൂട്ടുകയും ജലസംഭരണ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. കരയോര ത്തുനിന്നാരംഭിക്കുന്ന ഇരിഗേഷൻ കനാലുകൾ നിർ മ്മിക്കുകയും. അവക്ക് മുകളിലൂടെ ട്രാക്ടറുകളും മററും കടത്തികൊണ്ടുപോകുന്നതിന് സൗകര്യം ചെയ്തുകൊ ടുക്കുകയും വേണം.

വള്ളവമ്പായി കോളിനു ബണ്ടുവേണം.

പഴഞ്ചിറ കോളിന്റെ വടക്ക് ഭാഗം സുമാർ 25 മീററർ നീളത്തിൽ ഇന്നുള്ള റോഡ് ഒരു മീററർ ഉയ ർത്തിയാൽ അവിടെ 2 പൂവ്വം കൃഷി നടത്താം.

ചുററും ഇരിഗേഷൻ കനാൽ വേണം.

നൂണക്കടവ് കോൾപ്പടവിന്റെ പടിഞ്ഞാറുഭാ ഗത്ത് വന്നേരി ഹൈസ്കൂൾ താഴം വരെ ഇപ്പോഴുള്ള ഇരിഗേഷൻ കനാൽ വീതിയും ആഴവും കൂട്ടി ഹൈ സ്കൂൾ കളത്തിനും തെക്ക് ഭാഗം പുന്നയൂർക്കുളം പഞ്ചാ യത്തിലെ ഉപ്പുങ്ങൽ വടക്കെകെട്ടിലെ 'പലവട്ടം' തോടിനോടു മുട്ടിക്കുക.

പോലീസ് സ്റ്റേഷൻ താഴം, നൂണക്കടവ്, മുത്ത പ്പൻ കൊടി താഴം. എന്നിവിടങ്ങളിൽ ഇന്നുനിലവി ലുള്ള പഞ്ചായത്ത് ഇടവഴികളും, റോഡുകളും ഫാം റോഡുകളാക്കി (ദൂരം ശരാശരി 25 മീററർ) കനാലി ന്നു മുകളിൽ സ്ലാബിട്ട് ട്രാക്ടർ കൊണ്ടുപോകാൻ സൗകര്യപ്പെടുത്തുക.

ബണ്ടിനകത്തെ മെയിൻ തോടുകളും ഇടത്തോടു കളും വീതിയും ആഴവും കൂട്ടി ജല സംഭരണശേഷി വർദ്ധിപ്പിക്കുക.

ചെറവല്ലൂർ കടവ് ഭാഗത്ത് ബണ്ട് ബലപ്പെ ടുത്തി ഒരു പാലം നിർമ്മിച്ച് ചെറുവല്ലൂരിലേക്ക് വാഹന ഗതാഗതം സ്ഥാപിക്കുക.

കോടത്തൂർ ഹെൽത്ത് സബ്സെൻററിന്റെ അ ടുത്ത് നിന്നാരംഭിച്ച് തലയണപ്പറമ്പ് വരെ നീണ്ടു കിടക്കുന്ന സർക്കാർ ജല നിർഗമനത്തോട് ആഴവും വീതിയും കൂട്ടുക.

ആനറപ്പാലത്തിന്മേൽ ചീർപ്പ് അററകുററപ്പ ണി നടത്തി ഉപയോഗപ്രദമാക്കുക.

ചിമ്മൻതറ ഓവുപാലം മുതൽ പാടശേഖരത്തി ന്റെ പടിഞ്ഞാറൻ ഓരത്തിലൂടെ ഒരു മീററർ വീതി യിൽ സുമാർ 250 മീററർ നീളത്തിൽ ഒരുതോട് കല്ലു റ കുളത്തിലേക്ക് നിർമ്മിക്കുക. കുളത്തിൽ നിന്ന് നി ർദ്ദിഷ്ട കല്ലുറ റോഡിന്റെ മദ്ധ്യത്തിലേക്ക് സുമാർ 50 മീററർ നീളത്തിൽ ഒരു അനുബന്ധ തോടും, കററി ക്കാട്ടുപറത്തെ കൾവർട്ടിന്റെ മുഖത്തുനിന്ന് ഓവുപാ ലംവരെ 100 മീററർ നീളത്തിൽ മറെറാരു തോടും നിർമ്മിച്ച് ഈ തോടുകളിലൂടെ ഒഴുകി എത്തുന്ന വെ ള്ളം നിയന്ത്രിക്കാൻ കല്ലുറ റോഡിന്റെ മദ്ധ്യത്തിൽ ഒരു ചീർപ്പുകൂടി നിർമ്മിച്ചാൽ, പിന്നെ വേണ്ട തോട് പുന്നയൂർക്കുളം പഞ്ചായത്തുകാർ വെട്ടാമെന്ന് പറ യുന്നു. അവക്ക് ഈ തോട് ഒരു പൊതുജല സംഭരണി യാകുന്ന '' പെരുന്തോട് '' എന്ന കുളവുമായി ബന്ധി പ്പിക്കാം.

അയിരൂർ പാടത്തിലെ പെരുള്ളിപാടത്തിന്റെ കിഴക്കുഭാഗത്തുള്ള തോട് വീതി കൂട്ടി നീർവാർച്ച സൗകര്യമുണ്ടാക്കുക.

കോരം കായി പാടശേഖരത്തിൽ പുളി വെള്ളം കയറുന്നത് തടയാനുള്ള സംവിധാനമുണ്ടാക്കുക.

അയിരൂർ പാടത്തിലെ നിലവിലുള്ള തോടുകൾ പുനർനിർണ്ണയം ചെയ്യുക.

എളാട്ടയിൽ പാടശേഖരത്തിലെ പുറപ്പാടം തോട്ടുവരമ്പ് വീതി കൂട്ടുക.

കനോലിക്കനാലിൽ നിന്നും ഉപ്പുവെള്ളം കയ റാതിരിക്കാൻ പാലപ്പെട്ടി കടവത്ത് നിലവിലുള്ള ചീർപ്പിന്ന് പലകയിടുക.

കനോലിക്കനാലിന്ന് പടിഞ്ഞാറ് ഭാഗത്തുള്ള പുഞ്ചകൃഷിക്ക് പ്രത്യേകമായുള്ള പൊതു കളങ്ങൾ സംരക്ഷിക്കുക.

അറപ്പകൾ വീതിയും ആഴവും കൂട്ടി സൗകര്യ പ്പെടുത്തുക.

## മററൊരു പ്രധാന നിർദ്ദേശം:

**കിഴക്കൻ കായലിൽ നിന്നും വെള്ളം അടിച്ചു കയററി കുട്ടാടൻ പാടത്ത് സ്റ്റോർ ചെയ്യുക എന്നതാണ്.** ഈ പദ്ധതി നടപ്പിലായാൽ കുട്ടാടൻ പാടത്ത് ഒരു പുഞ്ച കൃഷി കൂടി എടുക്കാം. പച്ചക്കറികൾ കൃഷി നടത്താം, തെങ്ങിന് ജലസേചനം നടത്താം, കിണറുകളിലെയും, കുളങ്ങളിലെയും, നീർ ഒഴുക്ക് വർദ്ധിപ്പിക്കാം. വന്നേരി ഹൈസ്കൂൾ താഴത്തുനിന്നു വെള്ളം പമ്പ് ചെയ്ത് പുന്നയൂർക്കുളം—പെരുമ്പടപ്പ് പഞ്ചായത്തതൃത്തിയിലെ ഇടവഴിയിലൂടെ കുട്ടാടൻ പാടത്തെത്തിക്കാം.

അതേപോലെ വടക്ക് പഴഞ്ചിറ പാടത്തുനിന്ന് അടിയാർ കുളംവഴി വെളിയങ്കോട് പെരുമ്പടപ്പ് പഞ്ചായത്തതൃത്തിയിലെ ഇടവഴിയിലൂടെ എളാട്ടയിൽ പാടത്തുമെത്തിച്ചാൽ നിർദ്ദിഷ്ട കല്ലറ തോടിന്റെ പുറംവരമ്പ് അയിരൂർ പാടത്തെ ഒരു ജല സംഭരണിയാക്കി മാററാം.

## പട്ടിക 5

## 9, 10, 11 വാർഡിലെ നീർച്ചാലുകൾ

### വലിയ അറപ്പ

പൊററാടി തോട് പാടത്തുകൂടി ഒഴുകി അറബിക്കടലിൽ ചേരുന്നു. കടലിലെ ഉപ്പുവെള്ളം പാടത്തേക്ക് കയറാതിരിക്കാൻ ചീർപ്പ് കെട്ടിയിരിക്കുന്നു.

നീളം 500 മീററർ വീതി 3 മീററർ

### ചെറിയ അറപ്പ

ഗോപാലൻ ചാലിൽ നിന്നും കത്താലിയാക്കാടെ ചാലിൽ നിന്നുമുള്ള മഴവെള്ളം ഒഴുകി അറബിക്കടലിൽ ചേരുന്നു.

നീളം 650 മീററർ വീതി 3 മീററർ

### അള്ളായി അറപ്പ

കത്താലിക്കാടെ ചാലിൽ നിന്ന് മഴവെള്ളവും, അള്ളായി ഭാഗത്തെ ചാലിൽ നിന്നുള്ള മഴവെള്ളവും അറബിക്കടലിൽ ചേരുന്നു.

നീളം 500 മീററർ വീതി 3 മീററർ

### പുവ്വാങ്കര അറപ്പ

പുവ്വാങ്കര ഭാഗത്തെ നെൽപ്പാടങ്ങളിൽ നിന്നുള്ള മഴവെള്ളം ഒഴുകി അറബിക്കടലിൽ ചേരുന്നു.

നീളം 500 മീററർ വീതി 3 മീററർ

## നാളികേര കൃഷി

പഞ്ചായത്തിൽ ഏററവും കൂടുതൽ സ്ഥലങ്ങളിൽ വ്യാപിച്ചു കിടക്കുന്നത് തെങ്ങുകൃഷിയാണ്. സാമാന്യം ഭേദപ്പെട്ട വിളവും, കൊപ്രയുടെ തൂക്കം കൂടുതലും, വെളിച്ചെണ്ണയുടെ അളവ് കൂടുതലും കിട്ടുന്നതാണ് ഈ പ്രദേശത്തെ നാളികേരം.

ധാരാളം ജൈവ വളങ്ങളും മണ്ണിലെ ജൈവാംശം വർദ്ധിപ്പിക്കുന്നതിന് പയർ കൃഷി നടത്താൻ പറയുന്നതിനു എത്രയോ മുമ്പ് മുതൽ പയർ വ്യാപകമായി കൃഷി ചെയ്തിരുന്ന പ്രദേശമാണ്. ഇപ്പോൾ അനിയന്ത്രിതമായ രാസവള പ്രയോഗം മൂലം മണ്ണിന്റെ ഘടന തന്നെ മാറിയിട്ടുണ്ട്. എന്നാലും പറയത്തക്ക കേടുകൾ ഒന്നും തന്നെ ഇല്ല. കാററു വീഴ്ച ഓല മുരടിപ്പ് എന്നീ രോഗങ്ങൾ ഈ പ്രദേശത്തില്ല.

എന്നാൽ അയിരൂർ 7, 8 വാർഡുകളുടെ പടിഞ്ഞാറു ഭാഗം കനോലിക്കനാലിന് കിഴക്കുള്ള തെങ്ങുകൾക്ക് വ്യാപകമായ വേര് പൊന്തൽ, കായ്ഫലമില്ലായ്മ എന്നീ പ്രശ്നങ്ങളുണ്ട് വെള്ളംകെട്ടി നില്ക്കൽ ഉപ്പുവെള്ളം കയറൽ എന്നിവ കാരണമാവാം. മണ്ണു പരിശോധനയും ശാസ്ത്രീയമായ വള പ്രയോഗവും നടത്തേണ്ടതുണ്ട്.

ഉല്പാദനം മെച്ചപ്പെട്ടതാണ് കേരളത്തിലെ ശരാശരിയേക്കാൾ കൂടുതലുമാണ്.

297

## നിർദ്ദേശങ്ങൾ

1 ജലസേചന സൗകര്യം വളരെ പരിമിതമാണ്.
2 പാടശേഖര കമ്മററികൾക്ക് സ്ഥിരമായി മോട്ടോറും പെട്ടിയും പറയും ഇല്ല.
3 ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ബോധ വല്ക്കരണം നടക്കുന്നില്ല.
4 നെൽകൃഷി പ്രായേണ നഷ്ടത്തിലാണ്.
5 കർഷക തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
6 കർഷക തൊഴിലാളികളുടെ കൂലി നിരക്ക് വളരെ കൂടുതലാണ്. സേവന നിലവാരം കുറഞ്ഞു വരുന്നു.
7 മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം നടത്തിവരുന്നത്.
8 കാർഷിക യന്ത്രോപകരണങ്ങളുടെ ലഭ്യത തുലോം കുറവാണ്.
9 കൊപ്ര വിപണനത്തിന് പ്രാദേശിക സൗകര്യങ്ങൾ ഇല്ല.
10 നല്ല ഇനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
11 കൃഷിവകുപ്പിന്റെ സേവനം വേണ്ട അളവിൽ ലഭിക്കുന്നില്ല.
12 നെൽപ്പാടങ്ങളിൽ പുളിവെള്ളം കയറുന്നത് തടയുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല.
13 തേങ്ങക്ക് വേണ്ടത്ര വിലകിട്ടുന്നില്ല.
14 നല്ല ഇനം നടീൽ വസ്തുക്കൾ ലഭിക്കുന്നില്ല.
15 ജൈവ വളങ്ങളുടെ ഉപയോഗം നാമമാത്രമാണ്. ജൈവ വളം കിട്ടുന്നില്ല.
16 ഉൽപാദന ക്ഷമത കുറഞ്ഞു വരുന്നു.
17 വായ്പാസൗകര്യം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ

1 കനോലികനാലിന്റെ ഇരു പാർശ്വങ്ങളിലും ഉണ്ടാക്കിയിട്ടുള്ള സ്ലൂയിസ്സുകൾ നന്നാക്കുകയും ഷട്ടറുകൾ ഇട്ട് ശരിയാക്കുകയും വേണം.
2 വർഷകാലങ്ങളിൽ വെള്ളം കെട്ടി നിന്ന് കൃഷി നാശം സംഭവിക്കുന്നത് തടയാൻ പുരാതനമായി വെള്ളം ഒഴുകിപോയിരുന്ന തോടുകൾ തൂന്ന് പോയിരിക്കുന്നു. അവ വീണ്ടും തോടുകളാക്കി മാറേറണ്ടതാണ്.
3 തുണ്ടു ഭൂമികളിൽ ലാഭകരമായി കൃഷിചെയ്യുവാൻ കഴിയാത്തതുകൊണ്ട് ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം ഏർപ്പെടുത്തുക.
4 പൊതു കുളങ്ങൾ കിണറുകൾ എന്നിവ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക. ഇതിനുള്ള സ്ഥലം വിട്ടുതരാൻ കർഷകർ തയ്യാറാണ്.
5 ഈ താലൂക്കിലെ തന്നെ ഒട്ടുമിക്ക കൃഷിയിടങ്ങളിലേക്കും ജലമെത്തിക്കുവാൻ കഴിയാവുന്ന ചമ്രവട്ടം കം റഗുലേറററർ ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.
6 പ്രകൃതിക്ഷോഭം മൂലം കൃഷി നശിക്കുന്ന കർഷക്ക് ധന സഹായം വർദ്ധിപ്പിക്കുക.
7 പാടങ്ങൾ നികത്തുന്നതിനെതിരെ നിയന്ത്രണങ്ങൾ കൊണ്ടുവരിക.
8 ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകമായ വിധത്തിൽ അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക.
9 പുതിയ നേഴ്സറികൾ ആരംഭിക്കുക.
10 പര്ച്ചേയിങ്ങ് സെൻററുകൾ സ്ഥാപിക്കുവാനും പൊതു മാർക്കററ് സ്ഥാപിക്കുവാനും മുൻകൈ എടുക്കുക.
11 കർഷക സഹകരണ സംഘങ്ങൾ രൂപീകരിച്ച് അതുവഴി ആവശ്യമായ യന്ത്രസാമഗ്രികൾ വിത്ത്, വളം, കീടനാശിനികൾ എന്നിവ കൃഷിക്കാർക്ക് ലഭ്യമാക്കുക.
12 നാളികേര കൃഷിക്കാർ, നെൽകൃഷിക്കാർ എന്നിവർക്ക് ഉല്പാദന ബോണസ്സ് ഏർപ്പെടുത്തുക.
13 ട്രാക്ടറുകൾ ഇറക്കാൻ പററാത്ത പാടശേഖരങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കുക.
14 പുതുതായി തോടുകൾ നിർമ്മിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.
15 കനോലികനാലിൽ വെളിയങ്കോട് ഭാഗത്ത് സ്ഥിതിചെയ്യുന്ന "ലോക്ക്" വേണ്ട വിധത്തിൽ സംവിധാനം ചെയ്യപ്പെടുകയാണെങ്കിൽ കനാലിന്റെ ഈ ഭാഗങ്ങളിലേക്ക് ഉപ്പുവെള്ളം കയറി കൃഷിയും മററും നശിക്കുന്നത് ഫലപ്രദമായി തടയുവാൻ കഴിയും.
16 കാർഷിക വിളകളും മററു ഉൽപന്നങ്ങളും നഷ്ടം കൂടാതെ വിററഴിക്കുന്നതിന് റഗുലേററഡ് മാർക്കററിങ്ങ് സൊസൈററി അനുവദിക്കുക.
17 ചെറവല്ലൂരിനെ പെരുമ്പടപ്പുമായി ബന്ധിപ്പിക്കുന്നതിന് ചെറവല്ലൂർ കടവിൽ നിലവിലുള്ള രണ്ടുഭാഗത്തെ ബണ്ടുകളും ഉയർത്തി ജലസേചനം സാദ്ധ്യമാക്കുന്നതിന് റഗുലേറററർ കം ബ്രിഡ്ജ് സ്ഥാപിക്കുക ★

# 5 2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

## മൃഗസംരക്ഷണം

ഈ നൂററാണ്ടിൻെറ ആദ്യ കാലഘട്ടങ്ങൾ പരിശോധിക്കുമ്പോൾ പെരുമ്പടപ്പ് പഞ്ചായത്തിൻെറ മിക്കവാറും ഭാഗങ്ങളിൽ വീട്ടുമൃഗങ്ങൾ സർവ്വസാധാരണയായിരുന്നു. കൃഷി, ജൈവവളം, പാല് തുടങ്ങിയ ആവശ്യങ്ങൾക്കായിരുന്നു പ്രാധാന്യം. നാടൻ ഇനങ്ങളായിരുന്നു അന്നുണ്ടായിരുന്നത്. 6 നാഴിപാൽ എന്ന തോതിൽ അവയിൽനിന്നും കിട്ടുമായിരുന്നെങ്കിൽ 16 നാഴിക്ക് നാഴി വെണ്ണ കിട്ടുമായിരുന്നു. വിശാലമായ നെററിത്തടവും നിലത്തിഴയുന്ന വാലും എഴുന്നുനിൽക്കുന്ന ക്ഷീരധമനികളും ഉള്ള പശുക്കൾ ലക്ഷണമൊത്ത പശു എന്നാണ് പറഞ്ഞിരുന്നത്. പശുവിൻെറ നിറത്തിന് പ്രാധാന്യം കൽപിച്ചിരുന്നു. പൈശാചിക രോഗങ്ങൾക്ക് കറുത്ത പശുവിൻെറ പാലും കല്ല്യാണങ്ങൾക്ക് പ്രത്യേകിച്ചും സന്താനസൗഭാഗ്യത്തിന് വെളുത്ത പശുവിൻെറ പാലും തിരഞ്ഞെടുത്തിരുന്ന കാലമായിരുന്നു. പല വീടുകളിലും വിത്തു കാളകളെ വളർത്തിയിരുന്നു.

മണ്ണ് കൊണ്ടുണ്ടാക്കിയ കയ്താളി(പാത്രം)യാണ് വെള്ളം കൊടുക്കുവാനുപയോഗിച്ചിരുന്നത്. രണ്ടാഴ്ചയിൽ ഒരിക്കൽ മാത്രമെ അവ വൃത്തിയാക്കാറുള്ളൂ. ഉമിത്തവിടാണ് വെള്ളത്തോടൊപ്പം കൊടുത്തിരുന്നത്. ചക്കിനാട്ടിയ പിണ്ണാക്കും കൊടുത്തിരുന്നു. കാളകളേയും പ്രസവിക്കാത്ത പശു (മച്ചി) വിനേയും ചക്കാട്ടാൻ ഉപയോഗിച്ചിരുന്നു

പശുവിൻെറ മൂക്ക് കുത്തുന്ന സമ്പ്രദായം അന്നില്ലായിരുന്നു. കാളകളെ മാത്രമെ മൂക്ക് കുത്തുമായിരുന്നുള്ളൂ.

ആ കാലത്ത് വളർത്തുമൃഗങ്ങളെ വിശാലമായ പറമ്പുകളിലും പാടങ്ങളിലും അഴിച്ചുവിടുമായിരുന്നു. ചെപ്പറം കടപ്പുറം നീലിപാടം എരിയകൾ ആടുമാടുകൾക്ക് മേയാൻ പ്രസിദ്ധമായിരുന്നു. ഒരേക്കറ് ഭൂമിയിൽ 40 തെങ്ങ് വെച്ചിരുന്ന കാലം ഒരു തെങ്ങ് പോയാലെ മറെറാരു തയ്യ് വെക്കൂ. മതിൽക്കെട്ടുകളും വേലിക്കെട്ടുകളും ഇല്ലാതിരുന്ന ആ കാലത്ത് മൃഗങ്ങൾക്കും അതിരുകളില്ലായിരുന്നു. അന്യ മൃഗങ്ങളെ കൊണ്ടുവന്ന് മേക്കുന്നതിന് പറമ്പിൻെറ ഉടമ ചെറിയ പ്രതിഫലം നോട്ടക്കാരന് കൊടുക്കുമായിരുന്നു.

പശുവിൻെറ പാല് വിൽക്കാമെന്നുവെച്ചാൽ അത് വാങ്ങാൻ ആളില്ലായിരുന്നു. ഇന്ന് വെള്ളം ചേർക്കാത്ത പാല് കിട്ടാനില്ല.

ആടുമാടുകൾക്ക് രോഗം വന്നാൽ തെണ്ടൻ തല്ലുക എന്ന പ്രാകൃത രീതി നിലനിന്നിരുന്നു. മണ്ണാൻമാരാണ് ആ വിദ്യ ഉപയോഗിച്ചിരുന്നത്. ഓണം, വിഷു അറിയിക്കലും അവരുടെ അവകാശമായിരുന്നു

പശു, ആട്, കോഴി എന്നിവയെ വളർത്താൻ കൊടുത്തിരുന്നു. ഇന്നും ചില ഭാഗങ്ങളിൽ ഇത് നിലനില്ക്കുന്നുണ്ട്. ***മക്കപ്പാതി*** എന്നാണ് ആ സമ്പ്രദായത്തെ പറയുന്നത്.

മൃഗങ്ങളുടെ മാംസം ഇന്നത്തെപോലെ സാധാരണമായി ഉപയോഗിച്ചിരുന്നില്ല. പെരുമ്പടപ്പ് പഞ്ചായത്തിൽ അന്നും ഇന്നും ചന്തകളൊന്നുമില്ല. എല്ലാം അയൽ പ്രദേശങ്ങളെയാണ് പണ്ടും ആശ്രയിച്ചിരുന്നത്. കോഴിയെ അങ്ങോട്ടു കൊടുത്ത് മാട് മാംസം ഇങ്ങോട്ടു വാങ്ങുന്ന ആററുപുറം ചന്ത, കാലിചന്തകളായ പയ്യപ്പള്ളി തണ്ണീർ പന്തൽ ചന്ത, കടിക്കാട് ചന്ത, കൂട്ടങ്ങൽ ചന്ത, കാഞ്ഞൂര് ചന്ത ഇതൊന്നും ഇന്നില്ല. പെരുമ്പിലാവ് ചന്ത ഇന്നും ഉണ്ടെങ്കിലും നാട്ടിൽതന്നെ കച്ചവട ബ്രോക്കർമാർ യഥേഷ്ടം ഉള്ളതിനാൽ ചന്തകളെ ആശ്രയിക്കൽ അപൂർവ്വമാണ്.

മാറിവന്ന കാലങ്ങളിൽ സിന്ധി, ജെഴ്സി, ഹോൾസ്റ്റൈൻ, തുടങ്ങിയ ഇനം പശുക്കൾ വന്നു. ഇവകൾ നാടൻ പശുക്കളേക്കാൾ കൂടുതൽ അളവ് പാൽ കിട്ടുമായിരുന്നു. ഗുണനിലവാരം മോശമായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിനുശേഷമാണ് സങ്കര വർഗ്ഗങ്ങൾ എത്താൻ തുടങ്ങിയത്.

പശു ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. പക്ഷികളിൽ ഇന്നും പ്രധാനം കോഴിതന്നെയാണ്. 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. കോഴി വസന്ത എന്ന രോഗം അവയുടെ എണ്ണത്തിൽ സാരമായ കുറവു വരുത്തുകയും ലാഭകരമല്ലാത്ത ഒരു പുതിയ സ്ഥിതിവിശേഷം ഉണ്ടാകുവാനും കാരണമായി.

പഞ്ചായത്തിലെ നിലവിലുള്ള വളർത്തുമൃഗ-പക്ഷി സംഖ്യ-പട്ടിക 1, 2 കാണുക.

## പട്ടിക 1

| വളർത്തു മൃഗങ്ങളും പക്ഷികളും | |
|---|---|
| കാള നാടൻ | 4 |
| കാള സങ്കരം (വംശ വർദ്ധനവ്) | 3 |
| കാള സങ്കരം (മററുള്ളവ) | 27 |
| പശു നാടൻ കറവ ഉള്ളത് | 65 |
| പശു നാടൻ കറവ ഇല്ലാത്തത് | 80 |
| പശു സങ്കരം കറവ ഉള്ളത് | 395 |
| പശു സങ്കരം കറവ ഇല്ലാത്തത് | 265 |
| എരുമ കറവ ഉള്ളത് | 20 |
| എരുമ കറവ ഇല്ലാത്തത് | 12 |
| പോത്ത് | 69 |
| ആട് | 1895 |
| പട്ടി | 65 |

(പൂച്ചകൾ സർവ്വ സാധാരണം)

## പട്ടിക 2

| വളർത്തു പക്ഷി സംഖ്യ | |
|---|---|
| പൂവൻകോഴി | 1265 |
| പിടക്കോഴി (മുട്ട ഇടുന്നത്) | 8944 |
| മുട്ട ഇടാത്തത് | 1448 |
| താറാവ് (ആൺ) | 225 |
| താറാവ് (പെൺ) | 253 |

മററുള്ളവ:- പ്രാവ്, തത്ത, ലവ്ബേഡ്സ് എന്നിവയേയും പല വീടുകളിലും വളർത്തുന്നുണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് 3-ാം വാർഡിൽ ആകുന്നു. പഞ്ചായത്തിന്റെ ആസ്ഥാന ഓഫീസുകളെല്ലാം ഇവിടെയാണ്. മൃഗാസ്പത്രി 1963-ൽ 8239 ക. ചെലവഴിച്ച് നിർമ്മിച്ച കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 25 സെൻറ് സ്ഥലം ആശുപത്രിക്കു സ്വന്തമായുണ്ടെന്ന് രേഖകൾ വ്യക്തമാക്കുന്നു. ഒരു സബ് സെൻററായി തുടങ്ങി 1-10-1964 ന് ഡിപ്പാർട്ട്മെൻറിന് കൈമാറി. 1976-ൽ ഇത് ഡിസ്പൻസറിയായി ഉയർത്തി.

ഇപ്പോൾ വെററിനറി സർജൻ, ലൈവ് സ്റ്റോർ അസിസ്റ്റൻറ്, അററണ്ടർ, സ്വീപ്പർ (ദിവസക്കൂലി) ഇങ്ങനെ 4 പേരാണ സ്റ്റാഫായിട്ടുള്ളത്.

ആശുപത്രിയിൽ ഒരു ഫ്രിഡ്ജ് ഉണ്ടായിരുന്നത് ഇന്ന് പ്രവർത്തിക്കുന്നില്ല 2500ക. യോളം അതിന് റിപ്പയറിംഗ് ചാർജ് പ്രതീക്ഷിക്കുന്നു. മൃഗാസ്പത്രിയിൽ ലാട്രിൻ, യൂറിനൽ സൗകര്യങ്ങളില്ല. വാക്സിൻ അടുത്തുള്ള ഫ്രിഡ്ജുകളിൽ സൂക്ഷിക്കുന്നു.

ഈ ആശുപത്രിയുടെ സൗകര്യങ്ങൾ 1,2,9,10, 11 വാർഡുകളിലേക്ക് എത്തിക്കാൻ പ്രയാസമുണ്ട്. സമയത്ത് ചികിത്സ കിട്ടാതെ കാലികൾ ചാകുന്ന സാഹചര്യം നിലവിലുണ്ട്.

കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. അറിവില്ലായ്മയും ഡോക്ടറുമായി ബന്ധപ്പെടുവാൻ വൈകുന്നതും ഇതിന്റെ വൈകല്യമാണ്.

ഗോബർ ഗ്യാസ് പ്ലാൻറുകൾ വളരെ പരിമിതം. കർഷകർക്കുള്ള അജ്ഞതയാണ് പ്രധാന കാരണം. ഉപോൽപന്നമായി കിട്ടുന്നവ ജൈവവളത്തിനും പാചകത്തിനും വെളിച്ചത്തിനും ആവശ്യമായ ഇന്ധനവും കണ്ടെത്താൻ ഇതുവഴി കഴിയുമെങ്കിലും ഇവയൊന്നും ജനങ്ങൾക്ക് പ്രാവർത്തികമാക്കാൻ കഴിയുന്നില്ല.

കൃഷി ലാഭകരമല്ലാത്തതിനാൽ കൃഷിയുമായി ബന്ധപ്പെട്ട കാലിവളർത്തൽ ക്ഷയിച്ചുവരികയാണ്.

വളർത്തുമൃഗ, പക്ഷികളുടെ രോഗവിവരങ്ങൾ ബീജ സങ്കലനം, പ്രതിരോധ ചികിത്സ എന്നിവക്ക് പട്ടിക 3, 4 കാണുക.

## പട്ടിക 3

കൃത്രിമ ബീജസങ്കലന വിവരങ്ങൾ:-

| | |
|---|---|
| പശു:- കൃത്രിമ ബീജസങ്കലനം നടത്തിയവ | 372 |
| എരുമ:- കൃത്രിമ ബീജസങ്കലനം നടത്തിയവ | 20 |
| പ്രതിരോധ കുത്തിവെപ്പ്:- | |
| പട്ടി (നായ) | 40 |

# പെരുമ്പടപ്പ് ഗ്രാമപഞ്ചായത്ത് രോഗവിവരങ്ങൾ

പട്ടിക 4

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹന സംബന്ധമായവ<br>Digestive disordes | 624 | 17 | 602 | ഇല്ല | 12 | 4250 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 2 | ശ്വാസകോശ സംബന്ധം<br>Respitary diseases | 369 | 7 | 158 | | | 1315 | | | | |
| 3 | ഉപാപചയ സംബന്ധം<br>Mefabolic diseases | 32 | 10 | 33 | | | 148 | | | | |
| 4 | ത്വക്ക് രോഗങ്ങൾ<br>Skin diseases | 230 | 12 | 63 | | 5 | 1065 | | | | |
| 5 | ധാതുലവണങ്ങളുടെ അഭാവം<br>Deficing diseases | 46 | 7 | 118 | | | | | | | |
| 6 | പരാദ രോഗങ്ങൾ<br>Parasitic diseases | 282 | 2 | 125 | | 4 | | 4 | | | |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ<br>Gynacolagical disordes | 210 | 1 | 39 | | | | | | | |
| 8 | വന്ധ്യത<br>Infertility | 140 | 1 | 42 | | | | | | | |
| 9 | അകിടുവീക്കം<br>Mastites | 159 | | 72 | | | | | | | |
| 10 | മുടന്തൻപനി<br>Ephemeral Fever | 141 | | | | | | | | | |
| 11 | പകർച്ചവ്യാധികൾ<br>Contagin diseases | 141 | | | | | 4382 | 2 | | | |

ലൈവ് സ്റ്റോക്ക് സെൻസസ് & സാമൂഹ്യ സാമ്പത്തിക സർവ്വേ.

സ്വകാര്യമായി ഒരു വ്യവസായംപോലെ കോഴികളെ വളർത്തുന്ന ധാരാളം പേർ ഈ പഞ്ചായത്തിലുണ്ട്. തീററവിലയുടെ കുതിച്ചുകയററം കാരണം ഒന്നും ലാഭകരമല്ല എന്ന് കച്ചവടക്കാർ പറയുന്നു. നാടൻ കോഴികളുടെ എണ്ണം കുറഞ്ഞു വരികയാണ്. നെൽകൃഷിയിനിന്നും ആളുകൾ പിന്മാറുന്നതുകൊണ്ടാണത്രെ, പരുന്ത്, കൊക്ക്, പൊന്മഎന്നിവയൊക്കെ കുറഞ്ഞു വരുന്നതായി കാരണവന്മാർ പറയുന്നു. പഞ്ചായത്തിന്റെ കിഴക്കൻ കായൽപ്രദേശങ്ങളിൽ പറന്നെത്തുന്ന സീസൺ പക്ഷികൾക്ക് കുറവില്ല. കുയിൽ, കത്തിച്ചൂട്ടാൻ, നത്ത്, മൂങ്ങ എന്നിവയുടെ ശബ്ദവും വിരളം. തെക്ക് ഭാഗത്തുനിന്ന് നത്ത് കരഞ്ഞാൽ ചത്ത്കരയും എന്നൊരു വിശ്വാസം പണ്ട് നിലനിന്നിരുന്നു.

മുയലും ഉടുമ്പും എന്നിവയെ പണ്ടൊക്കെ ഇടവഴികളിൽനിന്നും തോട്ടകളിൽനിന്നും കിട്ടുമായിരുന്നു. ആയിരം പേരുടെ ***ആസ്ത്മ*** മാററാൻ ഒരുടുമ്പ് എന്നാണ് പ്രമാണം. ഇന്ന് ഉടുമ്പില്ല. മുയൽ വളർത്താൻ സാദ്ധ്യതയുള്ള പ്രദേശമാണെങ്കിലും അപൂർവ്വമാണ്.

### *പ്രധാന പ്രശ്നങ്ങൾ:-*

1. കാലിത്തീററ വിലകൂടുതൽ.

2. പുല്ല്, വൈക്കോൽ ക്ഷാമം.

3. ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.

4 കാലിവളർത്താൻസാമ്പത്തിക സഹായമില്ലായ്മ.

5 പേപ്പട്ടി, കുറുക്കൻ, അജ്ഞാത ജീവി എന്നിവയുടെ ശല്ല്യം

6. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങൾ കുറവാണ്.

7. കോഴികൾ പെട്ടെന്ന് രോഗംവന്ന് ചത്തൊടുങ്ങുന്നു.

8. പ്രതിരോധ ചികിത്സാ സൗകര്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല

### *സാദ്ധ്യതകൾ:-*

1 മൃഗസംരക്ഷണത്തിനുള്ള പ്രത്യേകിച്ചും കുളമ്പുരോഗം, വയറിളക്കം മററു പകർച്ചവ്യാധികൾക്ക് കൂടുതൽ മരുന്നുകൾ ലഭ്യമാക്കുകയും ഔദ്യോഗിക സംവിധാനങ്ങൾ മെച്ചപ്പെടുത്തുകയും വേണം.

2 3 മേഖലകളായി കിടക്കുന്ന പെരുമ്പടപ്പ് പഞ്ചായത്തിൽ കനോലികനാലിന് പടിഞ്ഞാറും (കടലോരപ്രദേശം), കിഴക്ക് ഒററപ്പെട്ടു കിടക്കുന്ന ചെറവല്ലൂര് ഭാഗത്തും സബ്-സെൻററുകൾ അനുവദിക്കുക.

3 കാലിത്തീററ ചെറിയ വിലക്ക ലഭ്യമാക്കുക. (50% കുറച്ച്)

4 തീററപ്പുല്ല് വിത്തുകൾ വെററിനറി ഹോസ്പിററൽ മുഖേന വിതരണം ചെയ്യുക. അവക്ക് വളം ഉദാരമാക്കുക

5 പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളേയും രജിസ്റ്റർ ചെയ്യുകയും 1981 82 കാലഘട്ടത്തിൽ തുടങ്ങിവെച്ച ഇൻഷുറൻസ് പദ്ധതി സൗജന്യമായി വീണ്ടും ആരംഭിക്കുക.

6 ഗോബർ ഗ്യാസ് പദ്ധതി ഊർജ്ജിതമായി നടപ്പിലാക്കുക. പ്രത്യേകിച്ചും കോഴിക്കാഷ്ഠം ഉപയോഗിച്ചുള്ള ഗ്യാസ് പദ്ധതി നടപ്പിലാക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

7 I R D P ഗുണഭോക്താക്കൾക്ക് അയൽ സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവന്ന വിദേശഇൻ

മാരുടെ മേൽനോട്ടത്തിൽ ആട്ടമാടുകളെ വിതരണം ചെയ്യുക. ഇന്ന് നിലവിലുള്ള (അയൽ വീടുകളിൽനിന്നും കൈമാറുന്ന) സമ്പ്രദായം അവസാനിപ്പിക്കുക.

8 വെള്ളക്കെട്ടുള്ള പഞ്ചായത്തായതിനാൽ പണ്ടൊക്കെ എരുമകളെ ധാരാളം വളർത്തിയിരുന്നു. എരുമവളർത്തുവാനുള്ള ധനസഹായം ലഭ്യമാക്കുക പ്രോത്സാഹനം നൽകുക അത്യുല്പാദന ശേഷിയുള്ള മുറ, സുർത്തി മുതലായവയെ കൃഷിക്കാർക്കിടയിൽ പ്രചരിപ്പിക്കുക.

9 അറവു ഇനങ്ങൾക്ക് നിർബന്ധ വൈദ്യപരിശോധന നടപ്പിലാക്കാൻ നിർദ്ദേശം നൽകുക. പഞ്ചായത്ത് ബോർഡിന് അധികാരം നല്കുകയും മൃഗ ഡോക്ടറുടെ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുകയും ചെയ്യുക.

10 എല്ലാ വളർത്തുമൃഗങ്ങളേയും പേവിഷബാധ നിർമ്മാർജ്ജനം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കുക.

11 മുയൽ വളർത്തലിന് പ്രോത്സാഹനം നല്കുക.

12 അത്യുല്പാദനശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് സാമ്പത്തിക സഹായവും ബോധവൽക്കരണവും നല്കുക.

13 അത്യുല്പാദനശേഷിയുള്ള സാനൻ, യമുന, പ്യാരി വടക്കൻ മലബാറിൽ വളർത്തുന്ന ഇനം ആടുകളുടെ കുഞ്ഞുങ്ങളെ കൃഷിക്കാർക്കിടയിൽ സൗജന്യ നിരക്കിൽ വിതരണം ചെയ്യുക.

14 പാൽ വിപണനത്തിന് പഞ്ചായത്തിൽ സൊസൈററികൾ രൂപീകരിക്കുകയും സർക്കാർ ഉടമയിൽ ആക്കുകയും ചെയ്യുക.

15 കന്നുകാലിവളർത്തുന്നവർക്ക് തൊഴുത്ത് നിർമ്മിക്കുവാനാവശ്യമായി ധനസഹായം നല്കുക.

16 പേപ്പട്ടി ശല്യം വിക്കവാറും ഗ്രാമങ്ങളിൽ രൂക്ഷമാണ്. കൂടാതെ അജ്ഞാത ജീവികൾ നിരന്തരം മൃഗങ്ങളെ ആക്രമിക്കുന്നു പട്ടികൾ അലഞ്ഞുതിരിഞ്ഞു നടക്കുന്നു.
ഇവയെ പിടികൂടുവാനും നശിപ്പിക്കുവാനും തന്ത്രങ്ങൾ ആവിഷ്കരിക്കുക.

17 മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുള്ള നിരവധി പ്രശ്നങ്ങൾക്ക് അടിയന്തര സഹായങ്ങളെത്തിക്കാൻ മൊബൈൽ വാഹനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുകയും വാർഡുകളിൽ കേമ്പ് ചെയ്യുകയും വേണം.

18 പോളിക്ലിനിക് വഴി ഉപഭോക്താക്കളെ തിരഞ്ഞെടുത്ത് ആട്, കോഴി എന്നിവക്ക് ബ്രീഡിംങ്ങ് സ്കിം നടപ്പിലാക്കുക.

19 പെരുമ്പടപ്പിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥിരം അറവുശാലകളുണ്ടാക്കുകയും അവ കുററമററതായി പ്രവർത്തിക്കുന്നുവെന്ന് ഉറപ്പു വരുത്തുകയും വേണം.

20 വെററിനറി ഹോസ്പിററൽ സ്ഥിരമായി വാഹനമില്ലാത്തതിനാൽ ചികിത്സ വൈകി എത്തുന്നു. ഉടമകൾ നഷ്ടം നികത്താനാകുന്നില്ല. വാഹനം അനുവദിക്കുക.

21 വെററിനറി ഹോസ്പിററലിന് ടെലഫോൺ അനുവദിക്കുക ദ്വീപുകളിലുള്ളവർക്ക് ഹോസ്പിററലുമായിബന്ധപ്പെടലാനും വിദഗ്ദോപദേശം തേടുവാനും ഇതുവഴി സാധിക്കും

22 സ്ലോട്ടർ ഹൗസസ് സ്ഥാപിക്കുകയും തോല് സംസ്കരിക്കുന്നതോടൊപ്പം തീററപ്പുല്ല് വികസനത്തിന് ഒരു ഏകമുഖ പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുക.

23 24 മണിക്കൂറും പ്രവർത്തിക്കാനുള്ള സംവിധാനം വെററിനറി ഹോസ്പിററലിൽ നടപ്പിലാക്കുക.

അതോടൊപ്പം ലബോറട്ടറി സ്ഥാപിക്കുക. കർഷകർക്ക് മൃഗപരിപാലനത്തെക്കുറിച്ച് ഫ്രീ ട്രെയിനിങ്ങ് കൊടുക്കുക

25 കൂടുതൽ പശുക്കളെ വളർത്തുന്നവർക്ക് കറവയന്ത്രം സബ്സിഡി സഹായ വിലക്ക് വിതരണം ചെയ്യുകയാണെങ്കിൽ അകിടുവീക്കം പോലുള്ള രോഗങ്ങൾ ഒരു പരിധിവരെ കുറക്കുകയും കറവ അറിയാത്തവർക്ക് ഈ ഉപകരണത്തിന്റെ സേവനം ലഭ്യമാക്കുകയും ചെയ്യുന്നതുകൊണ്ട് പശുക്കളുടെ ആരോഗ്യനിലമെച്ചപ്പെടുകയും പാലുൽപാദനം കൂടുകയും ചെയ്യും

26 സങ്കര ഇനം പശുക്കളെ വിതരണം ചെയ്യുമ്പോൾ 65% നാടൻ ജനസ്സ് 35% വിദേശ വീര്യവും ഒത്തിണങ്ങിയ പശുക്കളെ വിതരണം ചെയ്യുക.

27 പെരുമ്പടപ്പ് വെററിനറി ഹോസ്പിററൽ പോളി ക്ലിനിക് ആക്കി ഉയർത്തുക.

*സാദ്ധ്യതകൾ:-*

28 കോഴി വളർത്തുന്നതിന് സാമ്പികസഹായവും പ്രതിരോധ കുത്തിവെപ്പ് നടത്തുവാനുള്ള ട്രെയിനിങ്ങും നൽകുക.

29 കോഴിത്തീററ സുലഭമാക്കുകയും വിലകുറക്കുകയും ചെയ്യുക.

30 കോഴിത്തീററ കാലിത്തീററ നിർമ്മാണത്തിന് വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുക

31 ഓരോ വാർഡിൽ നിന്നും 7 പേരെ തെരഞ്ഞെടുത്ത് കോഴികൾക്ക് കുത്തിവെക്കുന്ന വാക്സിൻ ട്രെനിങ്ങ് നൽകുക.

32 കോഴികൾ ഇൻഷൂറൻസ് പദ്ധതി നടപ്പിലാക്കുക.

33 പെരുമ്പടപ്പ് വെള്ളക്കെട്ടുള്ള പ്രദേശമായതിനാൽ, അത്തരം ഭാഗങ്ങളിൽ താറാവ് വളർത്താൻവേണ്ട സഹായങ്ങൾ നൽകുക.

# മത്സ്യബന്ധനം

പെരുമ്പടപ്പ് പഞ്ചായത്ത് ഒരു തീരദേശ പഞ്ചായത്താണ്. ഏകദേശം 3 കി മീ. നീണ്ടുകിടക്കുന്ന കടലോരം. വടക്ക വലിയ അറപ്പ മുതൽ തെക്ക് പുവ്വാൻകര അറപ്പവരെയാണ്. പഞ്ചായത്തിലെ 9. 10. 11 വാർഡുകരം ഇതിൽ ഉരംപ്പെടുന്നു ഏകദേശം അര കി. മീററോളം കര കടൽ പോയി എന്ന് പഴമക്കാർ പറയുന്നു. ഇതിൽ കൂടുതലും 9-ാം വാർഡിലാണ്.

കടൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട 2500 ൽ അധികം തൊഴിലാളികരം ഉണ്ടായിരുന്നത് ഇന്ന് 400 ആയി ചുരുങ്ങി എന്ന സ്ഥിതി വിവരണക്കണക്കുകരം കാണിക്കുന്നു 200 ചാപ്പകരം ഉണ്ടായിരുന്നത് എല്ലാം നശിച്ചു പോയി. 10-ാം വാർഡിൽ ഒരു ഫിഷറീസ് കോളനിയുണ്ട് ഒരു ഐസ് പ്ലാൻറ് മാത്രമെയുള്ളു രണ്ടു മത്സ്യ സഹകരണ സംഘങ്ങരം നിലവിലുണ്ട്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട പ്രവർത്തിക്കുന്ന ബോട്ടുകളില്ല. വല കെട്ടുന്നവരുടെ നീണ്ടനിര ഇന്ന് അപ്രത്യക്ഷമായി. 136 വഞ്ചികളുണ്ടായിരുന്നത് 40 ആയി കുറഞ്ഞു.

പണ്ടുകാലത്ത് മീനെണ്ണ കൊളമ്പിലേക്ക് കയററി അയച്ചിരുന്നതിനാൽ ഒരു പ്രമുഖസ്ഥാനം ഈ പ്രദേശത്തിനായിരുന്നു.

ഇന്ന് കടലിൽനിന്നു കിട്ടുന്ന മത്സ്യങ്ങരം പ്രധാനമായും അയല, മത്തി, ചെമ്മീൻ, ചമ്പാൻ, നെത്തൽ, ചൂട അയക്കോറ, മാന്തരം, സ്രാവ് തുടങ്ങിയവയാണ്. ഓരോകാലത്തും കിട്ടുന്ന മത്സ്യങ്ങളുടെ പട്ടിക 1 കാണുക.

ഓരോ കാലത്തും കിട്ടുന്ന മീനുകളുടെ ഇനം

| മാസം | ഇനം |
|---|---|
| ജനുവരി മുതൽ മെയ് വരെ | അയല, മത്തി, നെത്തൽ, ചൂട മുള്ളൻ, മാന്തരം. |
| ജൂൺ മുതൽ ആഗസ്റ്റ് | ചെമ്മീൻ, അയല മത്തി, നെത്തൽ, ചൂട മുള്ളൻ. |
| സെപ്തംബർ മുതൽ ഡിസംബർ വരെ | അയല, മത്തി, നെത്തൽ, കൂന്തരം, മുള്ളൻ, സ്രാവ് അയക്കോറ, ആകോലി. |

അവലംബം : സോഷ്യോ എക്കണോമിക് സർവ്വേ.

അറബിക്കടലിന് പാരലലായി 9,10,11 വാർഡുകളുടെ കിഴക്ക ഭാഗത്തുകൂടെ കനോലികനാൽ ഒഴുകുന്നു കനാലിൻെറ തീരങ്ങരം സംരക്ഷിക്കാത്തതു കൊണ്ടും ചീർപ്പുകരം പ്രവർത്തന രഹിതമായതിനാലും 7, 8, 9 10. 11 വാർഡുകളിലെ കൃഷിയോടൊപ്പം ഉരംനാടൻ മത്സ്യ വികസന സാദ്ധ്യതകളേയും സാരമായി ബാധിച്ചിരിക്കുന്നു. ഉരംനാടൻ മത്സ്യ തൊഴിലാളികരംക്ക് കുറവില്ലാത്ത പഞ്ചായത്താണിത്. പഞ്ചായത്തിൻെറ കിഴക്കേയററം ചെറവല്ലൂർ ആമയം, കോള്കായൽപ്രദേശമാണ്. 1, 2, 3 വാർഡുകളിലെ 28ഓളം കുടുംബങ്ങരം ഉരംനാടൻ മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവരാണ്. അമ്പതോളം കുളങ്ങളും നിരവധി തോടുകളും ഉള്ളതിനാൽ ഉരംനാടൻ മത്സ്യവികസനത്തിനു ഏറെ സാദ്ധ്യതകളാണ്. പട്ടിക 2 കാണുക.

**പട്ടിക 2.**

| കടൽ മത്സ്യം | | | | | ഉൾനാടൻ മത്സ്യം | | മത്സ്യ ബന്ധനോപകരണങ്ങൾ | | |
|---|---|---|---|---|---|---|---|---|---|
| മത്സ്യ ബന്ധന തൊഴിലാളികൾ | | മറ്റു തൊഴിലാളികൾ | | | വിസ്തീർണ്ണം | കർഷകരുടെ എണ്ണം | യന്ത്രവൽകൃത ബോട്ടുകൾ | യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങൾ | ഘടിപ്പിക്കാത്തവ |
| മുഖ്യ തൊഴിൽ | ഭാഗിക തൊഴിൽ | മത്സ്യ വിപണനം | വല നന്നാക്കൽ | മത്സ്യ സംസ്കരണം | | | | | |
| 787 | 50 | 275 | 12 | 5 | N A. | 94 | 3 | 39 | 22 |

**അവലംബം : പൊതുവിവര ശേഖരണ സർവ്വേ**

പെരുമ്പടപ്പ് പഞ്ചായത്തിൽ 20-ഓളം മത്സ്യ വില്പനകേന്ദ്രങ്ങളാണുള്ളത്. ഇവയെല്ലാം സ്വകാര്യ സ്ഥലത്തോ റോഡിന്റെ പാർശ്വങ്ങളിലോ ആണ് പ്രവർത്തിക്കുന്നത്. പൊതുമാർക്കററ് എവിടേയുമില്ല.

വളരെയേറെ സാദ്ധ്യതകളുള്ള ശുദ്ധജല മത്സ്യ കൃഷി, ചെമ്മീൻ കൃഷി, എന്നിവയിൽ കാര്യമായ ഒരു ചലനവും ഇതുവരെ ഉണ്ടായിട്ടില്ല ഇത്തരം കൃഷി സമ്പ്രദായത്തെക്കുറിച്ച് പരിജ്ഞാനമില്ലാത്തതും വിദഗ്ദോപദേശം കിട്ടാത്തതും പ്രധാന കാരണങ്ങളാണ്.

കടലോര പ്രദേശമായ 9, 10, 11 വാർഡുകളിലാണ് മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ രൂക്ഷമായ പാർപ്പിടം കക്കൂസ് കടിവെള്ളം എന്നീ പ്രശ്നങ്ങൾക്ക് കാര്യമായ പരിഹാരമുണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല. അതുപോലെ വൈദ്യുതി ഇന്നും പലർക്കും ഒരു മരീചികയാണ്. വിദ്യാഭ്യാസ രംഗത്ത് ഏറെ പിന്നോക്കാവസ്ഥയിലാണ്. പഞ്ചായത്തിലെ ഏക ഗവ: ഹൈസ്കൂൾ പ്രവർത്തിക്കുന്ന ഈ മേഖല വിദ്യാഭ്യാസ നിലവാരത്തിൽ ഇന്നും അതിന്റെ ശൈശവ ദശയിലാണ്. ഉയർന്ന നിലവാരത്തിൽ എത്താത്തവരും ഇടക്കുവെച്ച് പഠനം നിർത്തിപോകുന്നവരുമാണ് അധികവും.

മത്സ്യഫെഡ് മുഖേന ചില സഹായങ്ങൾ എത്തിനോക്കുന്നുണ്ടെങ്കിലും 10% പോലുമാകുന്നില്ല അവ യഥാർത്ഥ മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാകുന്നില്ല. കടൽഭിത്തി നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ ഏറെ ഭീഷണിയിലാണ് ഈ പ്രദേശങ്ങൾ ഏപ്രിൽ മുതൽ ജൂലൈ വരെയുള്ള മാസങ്ങൾ പഞ്ഞ മാസങ്ങളായതിനാൽ മത്സ്യത്തൊഴിലാളികൾ ഏറെ ബുദ്ധിമുട്ടുന്നു.

തീരദേശ നിയമം അതേപടി നടപ്പിലാക്കുന്നതിൽ പ്രതിഷേധിച്ച് അടുത്ത് നടന്ന തീരദേശ ബന്ദിൽ ഈ പ്രദേശവും സജീവമായി പങ്കുകൊണ്ടിരുന്നു.

### *പ്രധാന പ്രശ്നങ്ങൾ:-*

1 കടൽതീരം കടൽഭിത്തികെട്ടി സംരക്ഷിച്ചിട്ടില്ല

2 മത്സ്യബന്ധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നില്ല.

3 മത്സ്യ വിപണനത്തിനു ആധുനിക സംവിധാനങ്ങളോ പൊതു സംവിധാനങ്ങളോ ഇല്ല.

4 മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന പ്രദേശങ്ങളിൽ പരിസര ശുചിത്വത്തിന്റെ പോരായ്മ ഗൗരവതരമാണ്. കുടിവെള്ളം കക്കൂസ് തുടങ്ങിയ സൗകര്യങ്ങൾ അപര്യാപ്തം,

5 പുഴയിലും ഉൾനാടൻ ജലാശയങ്ങളിലും കണ്ടുവരുന്ന മത്സ്യരോഗം പ്രധാന പ്രശ്നമാണ്.

6 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ അവസരം കുറവാണ്.

7 കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം തകർച്ചയിലാണ്.

8 പാർപ്പിടം പ്രധാന പ്രശ്നമാണ്.

### *സാദ്ധ്യതകൾ:-*

1 കടൽഭിത്തി അടിയന്തിരമായി നിർമ്മിക്കുക.

2 രാത്രികാലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് ദിശ മനസ്സിലാക്കുവാൻ പാലപ്പെട്ടി കടപ്പുറത്ത് ഒരു ലൈററ് ഹൗസ് സ്ഥാപിക്കുക.

3 മത്സ്യബന്ധന ഉപകരണങ്ങൾക്ക് ധനസഹായം നൽകുകയും റിപ്പയറിങ്ങിന് ഒരു വർക്ക്ഷോപ്പ് സ്ഥാപിക്കുകയും ചെയ്യുക.

4 മത്സ്യത്തൊഴിലാളി യുവതീ യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു ചെമ്മീൻ വ്യവസായശാല സ്ഥാപിക്കുക.

5 തീരദേശ പഞ്ചായത്ത് രൂപീകരണം നടപ്പിലാക്കുക

6 മത്സ്യത്തൊഴിലാളികളുടെ പെൺകുട്ടികൾക്കുള്ള വിവാഹ സഹായം വർദ്ധിപ്പിക്കുക.

7 നിർദ്ധനരായ വിദ്യാർത്ഥികൾക്ക് അപ്പർപ്രൈമറിവരെ സൗജന്യ പാഠപുസ്തകം വസ്ത്രം എന്നിവ നൽകുക.

8 വൈദ്യുതീകരിക്കാത്ത വീടുകൾ വൈദ്യുതീകരിക്കുക.

9 വീടില്ലാത്ത മത്സ്യത്തൊഴിലാളികൾക്ക് വീട് വെക്കുവാൻ ധനസഹായവും കക്കൂസ് ഇല്ലാത്തവർക്ക് കക്കൂസ് നിർമ്മിച്ചു കൊടുക്കുകയും ചെയ്യുക.

10 മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുകയും കുടിശ്ശിക ഉടൻ വിതരണം ചെയ്യുകയും വേണം.

11 റേഷൻ വിതരണം വർദ്ധിപ്പിക്കുക. പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുക.

12 പ്രകൃതിക്ഷോഭംമൂലം വീട് നഷ്ടപ്പെടുന്നവരെ മാററിപാർപ്പിക്കാൻ കൂടുതൽ ആശ്വാസ കേന്ദ്രം സ്ഥാപിക്കുക.

13 മത്സ്യബന്ധനവുമായി ബന്ധപ്പെട്ട ഓഫീസു കരം 10-ാം വാർഡിൽ ഏർപ്പെടുത്തുക.

14 മത്സ്യക്ഷാമം മൂലം ദുരിതമനുഭവിക്കുന്ന തൊഴിലാളികൾക്ക് ഉപതൊഴിൽ പദ്ധതി നടപ്പിലാക്കുക.

15 ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷി നടത്തുവാൻ വേണ്ട ഫണ്ട് അനുവദിക്കുക

16 തീരപ്രദേശത്തുനിന്ന് മണൽ വാരൽ. ഇത്തരം വാരൽ ഉടൻ നിരോധിക്കുക. നിരോധന ബോർഡുകരം സ്ഥാപിക്കുക.

17 പുതിയിരുത്തിയിൽ ഒരു മത്സ്യവില്പനകേന്ദ്രം സ്ഥാപിക്കുക. (ആശുപത്രി പരിസരത്ത്)

18 കടൽ ഉൾനാടൻ മത്സ്യബന്ധനം കച്ചവടം എന്നിവയുമായി ബന്ധപ്പെട്ട എല്ലാവർക്കും ആനുകൂല്യങ്ങരം കിട്ടുന്നതിനാവശ്യമായ മത്സ്യ തൊഴിലാളി ക്ഷേമനിധിയിൽ എല്ലാവരേയും ഉൾപ്പെടുത്തുക

19 പഞ്ചായത്തിന്റെ കൈവശമുള്ള ചങ്ങേങ്ങലം കളത്തിന്റെ ശോചനീയാവസ്ഥ പരിഹരിച്ച് കൃഷിക്കും മത്സ്യബന്ധനത്തിനും ഉപയോഗപ്പെടുത്തുക.

20 പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽസ്ഥിരം വില്പന മാർക്കറ്റുകരം നിർമ്മിക്കുക.

21 തീരദേശ മത്സ്യത്തൊഴിലാളികൾക്ക് നല്കുന്ന എല്ലാ സാമ്പത്തിക സഹായവും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഉറപ്പു വരുത്തുക.


22 10 സെൻറിൽ കൂടുതലുള്ള സ്വകാര്യ കുളങ്ങളിൽ മത്സ്യം വളർത്തലിന് സാമ്പത്തിക സഹായവും സാങ്കേതിക സഹായവും ലഭ്യമാക്കുക. കൂടാതെ സൗകര്യമുള്ള ഭാഗങ്ങളിൽ പൊതുകുളങ്ങരം നിർമ്മിച്ച് ഈ സംവിധാനം ഉണ്ടാക്കുക മത്സ്യം ലേലംചെയ്തു വില്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക.

23 നൂണക്കടവ് പടവിൽ തോടുകളടക്കമുള്ള 300 ഏക്കറോളംവരുന്ന സ്ഥലത്ത് കൃഷി ഇല്ലാത്ത ഇടവേളകളിൽ മത്സ്യകൃഷി നടത്താനുള്ള പദ്ധതി ഉണ്ടാക്കുക. (ഹ്രസ്വകാല. കൊണ്ട വിളവെടുപ്പ് നടത്താവുന്ന സംവിധാനം ഉണ്ടാക്കുക.) (പ്രസ്തുത 300 ഏക്കറോളം വരുന്ന മത്സ്യകൃഷി നടത്തുവാൻ നെൽകൃഷിക്കുവേണ്ടി നിർമ്മിക്കുന്ന ബണ്ടിന്മേൽ കാലവർഷത്തിൽ ഉയരുന്ന വെള്ളത്തിന്റെ തോതനുസരിച്ച് (50—60 c. m ) ഒരു നെററ് മാത്രം മതിയാകും.) ഈ പദ്ധതി നടപ്പിലാക്കിയാൽ നൂണക്കടവ് കോരംപടവിലെ മത്സ്യകൃഷികൊണ്ടും മററിതര കൃഷികൊണ്ടും ജീവിക്കുന്ന ആയിരത്തോളം വരുന്ന കർഷകത്തൊഴിലാളികൾക്ക് ഐശ്വര്യം കൈവരിക്കാൻ കഴിയുമെന്ന് നിർദ്ദേശിക്കുന്നു.

24 മത്സ്യത്തൊഴിലാളി വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാൻറ് വർദ്ധിപ്പിക്കുക.

25 മത്സ്യത്തൊഴിലാളി തിങ്ങിപ്പാർക്കുന്ന പാലപ്പെട്ടി മേഖലയിലുള്ള ഗവ: ആശുപത്രിയുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും ലേഡി ഡോക ടർ അടക്കമുള്ള ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുകയും ചെയ്യുക.

26 പാലപ്പെട്ടി 10 ാം വാർഡിൽ ഒരു മത്സ്യ സംസ്കരണ കേന്ദ്രവും ഗവ: ഐസ് പ്ലാൻറും സ്ഥാപിക്കുക.




# 5 3

# വ്യവസായം

കേരളത്തിന്റെ വ്യവസായിക ഭൂപടത്തിൽ പെരുമ്പടപ്പ് പഞ്ചായത്തിനെ കാണാൻ കഴിയില്ല. പ്രധാനപ്പെട്ട ഒരു വ്യവസായ സ്ഥാപനങ്ങളും നമ്മുടെ പഞ്ചായത്തിലില്ല. പൊതുമേഖല, സ്വകാര്യമേഖല, സഹകരണമേഖല എന്നിങ്ങനെ പ്രധാനമായും തരംതിരിച്ചാൽ സ്വകാര്യ മേഖലയിൽ മാത്രമാണ് നാമ മാത്രമായ ചെറുകിട സ്ഥാപനങ്ങളെ കണ്ടെത്താൻ കഴിയുകയൊള്ളൂ.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പരമ്പരാഗത-കുടിൽ വ്യവസായിക രംഗത്തും എടുത്തു പറയത്തക്കതായിട്ട് ഒന്നും തന്നെ ഇല്ല.

നമ്മുടെ പഞ്ചായത്തിന്റെ തീരദേശ മേഖലയിൽ നിലനിന്നിരുന്ന മത്സ്യ സംസ്കരണ വ്യവസായം സ്ത്രീകളടക്കം നിരവധിയാളുകൾക്ക് തൊഴിൽ നല്കിയിരുന്ന ഒന്നായിരുന്നു. ഇന്ന് ഈ വ്യവസായം ഇവിടെ പൂർണ്ണമായും നാമാവശേഷമായിരിക്കുന്ന ഒരവസ്ഥയാണുള്ളത്. മത്സ്യബന്ധനത്തിനുള്ള സാഹചര്യം നഷ്ടപ്പെട്ടതാണ് ഈ അവസ്ഥക്ക് കാരണമായത്. ഈ പ്രദേശത്ത് 400ൽ പരം സ്ത്രീകൾ ബീഡി വ്യവസായവുമായി ബന്ധപ്പെട്ട് ജോലിചെയ്യുന്നുണ്ട്. പഞ്ചായത്തിന് പുറത്തുള്ള പല സ്വകാര്യ ബീഡി കമ്പനികൾക്കും വേണ്ടിയാണ് കുറഞ്ഞ കൂലി നിരക്ക് ഇവർ ജോലി ചെയ്യുന്നത്. ഒന്ന് രണ്ട് ബീഡി കമ്പനികൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലുള്ളത്.

അതുപോലെതന്നെ പഞ്ചായത്തിന്റെ കിഴക്കൻ മേഖലകളിലെ നിരവധിയാളുകൾ പപ്പട നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്തും പുറത്തും ജോലി ചെയ്യുന്നുണ്ട്.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി ചില കുടുംബങ്ങൾ പായനെയ്ത്ത്, കുട്ടനെയ്ത്ത് കയർ കൈകൊണ്ട് പിരിച്ചുണ്ടാക്കൽ, കത്തി, മടവാൾ തുടങ്ങിയവയുടെ നിർമ്മാണം എന്നിവ നടത്തുന്നുണ്ട്.

ചെറുകിട വ്യവസായിക മേഖലയിലെ സ്വകാര്യ ഉടമസ്ഥതയിലുള്ള വെളിച്ചെണ്ണ നിർമ്മാണം തടിവ്യവസായം, ഭക്ഷ്യധാന്യം പൊടിക്കുന്ന മില്ലുകൾ, ഒരു ഐസ് ഫാക്ടറി, എഞ്ചിനീയറിംഗ് വർക്സ് ( ഗ്രിൽ, ഗെയ്റ്റ് ) തുടങ്ങിയവയാണ് മറ്റ് വ്യവസായ യൂണിറ്റുകളായി ഇവിടെയുള്ളത്.

1991ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിൽ 8164 പുരുഷന്മാരും 12969 സ്ത്രീകളും തൊഴിൽ രഹിതരാണ്. ഗൾഫ് മേഖലയെ ആശ്രയിച്ചാണ് നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം കുടുംബ

ങ്ങളും നിലനില്ക്കുന്നത്. ഗൾഫ് മേഖലയിൽ സംജാതമായിട്ടുള്ള പുതിയ തൊഴിൽ പ്രശ്നങ്ങളും മററും നമ്മുടെ പഞ്ചായത്തിലെ ജനങ്ങളെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക മേഖലയുടെ മുരടിപ്പ് മാററിയെടുക്കുവാനും, ചെറുകിട-വ്യവസായിക മേഖലകളിലേക്ക് യുവജനങ്ങളെ തിരിച്ചു വിടുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അടിയന്തിരമായി രൂപം കൊടുക്കേണ്ടതുണ്ട്. വിവിധ ഗ്രാമ സഭകളിൽ നിന്ന് വന്ന റിപ്പോർട്ട് പ്രകാരം നിരവധി യുവതീയുവാക്കൾ ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്.

## പ്രശ്നങ്ങൾ

നമ്മുടെ പഞ്ചായത്ത് ഭൂമി ശാസ്ത്രപരമായി മൂന്ന് മേഖലകളായാണ് കിടക്കുന്നത്. അതുകൊണ്ടു തന്നെ മുഴുവൻ ജനങ്ങളേയും ഏകോപിച്ചുകൊണ്ടുള്ള ഒരു പ്രവർത്തനം നടത്തുവാൻ ഏറെ ബുദ്ധിമുട്ടുണ്ട്. വ്യവസായ വികസനത്തിനാവശ്യമായ വൈദ്യുതി ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇനിയും വികസിക്കേണ്ടതുണ്ട്. സഹകരണ മേഖലയിലോ, ഖാദിമേഖലയിലൊ ഒരൊററ വ്യവസായ സ്ഥാപനവും നമ്മുടെ പഞ്ചായത്തിലില്ല എന്നത് ഗൗരവപൂർവ്വം ചർച്ച് ചെയ്യേണ്ടതാണ്. ഈ രംഗത്ത് ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ തീരെ തൃപ്തികരമല്ല. ബാങ്കുകളുടെ സഹായം എളുപ്പത്തിലും വേഗത്തിലും ലഭിക്കാത്തതിനാൽ ചില സംരംഭങ്ങൾ നിർത്തിവെക്കേണ്ടി വന്നിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ബാങ്കുകളിൽ എത്തുന്ന നിക്ഷേപങ്ങളിൽ സിംഹഭാഗവും അന്യ സംസ്ഥാനങ്ങളിലേക്ക് ഒഴുകുകയാണ്. നിക്ഷേപത്തിൻെറ 60 ശതമാനമെങ്കിലും ഇവിടുത്തെ വ്യവസായിക സംരംഭകർക്കു വായ്പയായി ലഭിക്കുന്ന സാഹചര്യം ഉണ്ടായാലെ ഈ രംഗത്ത് താല്പര്യമുള്ളവർ കടന്നു വരികയൊള്ളൂ. വ്യവസായിക വളർച്ചക്ക് തടസ്സമായി നില്ക്കുന്ന മററു കാരണങ്ങൾ താഴെ പറയുന്നവയാണ്.

1 മുഖ്യ കാർഷികോല്പന്നമായ നാളികേരം വ്യവസായ രംഗത്ത് പ്രയോജനപ്പെടുന്നില്ല.

2 സാങ്കേതിക പരിജ്ഞാന കുറവ്.

3 വിപണന സാദ്ധ്യത കുറവ്.

4 വ്യവസായിക മേഖലയുമായുള്ള സമ്പർക്കക്കുറവ്

5 സാങ്കേതിക പരിശീലനം ലഭിച്ച തൊഴിൽ രഹിതക്ക് തൊഴിൽ നല്കാനുള്ള സാദ്ധ്യത ഇല്ലായ്മ.

6 പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്കും കൈത്തൊഴിലുകാർക്കും പരിശീലനം ലഭിക്കാനുള്ള സാദ്ധ്യത കുറവ്.

7 വ്യവസായിക വികസനവുമായി ബന്ധപ്പെട്ട ശാസ്ത്രീയ ബോധ വല്കരണ കുറവ്.

8 ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസിക മായ തയ്യാറെടുപ്പിൻെറ പ്രേരണക്കുറവ്.

## സാദ്ധ്യതകൾ

നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകളും ഗൾഫ് മേഖലയിലും മററു സ്ഥലങ്ങളിലുമായി ജോലിയെടുക്കുന്നവരാണ്. ഒരു വൻകിട വ്യവസായത്തിനുള്ള സാദ്ധ്യതകൾ വളരെ കുറവായ നമ്മുടെ പഞ്ചായത്തിൽ പരമ്പരാഗത കടൽ വ്യവസായങ്ങൾക്കും, ചെറുകിട ഖാദിഗ്രാമ വ്യവസായങ്ങൾക്കും നിരവധി സാദ്ധ്യതകളുണ്ട്.

നമ്മർടെ പഞ്ചായത്തിൽ ലഭ്യമായ വിഭവങ്ങൾ ഉപയോഗിച്ചുകൊണ്ട് നിരവധി ചെറുകിട വ്യവസായ യൂണിററുകൾ ആരംഭിക്കാവുന്നതാണ്. തീരദേശ മേഖലയുടെ ഒരു പ്രധാനപ്പെട്ട വരുമാന മാർഗ്ഗം മത്സ്യബന്ധനമാണ്. ഈമേഖലയിൽ തൊഴിലെടുക്കുന്നവരാണ് ഭൂരിഭാഗം ആളുകളും അതു കൊണ്ടുതന്നെ ഈ പ്രദേശത്ത് ഒരു മത്സ്യസംസ്കരണ യൂണിററ്, മത്സ്യ വള നിർമ്മാണ യൂണിററ്, ഒരു ഐസ് പ്ലാൻറ് എന്നിവ ആരംഭിക്കാവുന്നതാണ്.

തീരദേശ മേഖലയിൽ വ്യാപകമായി കൃഷി ചെയ്യുന്ന രാമച്ചം ഇന്ന് മാറു സംസ്ഥാനങ്ങളിലേക്ക് കയററി അയക്കുകയാണ്. രാമച്ചകൃഷിക്കാർക്ക് ന്യായമായ വില ലഭിക്കാതെ വരുന്നതുമൂലം പലരും ഇന്ന് കൃഷിയിൽനിന്നും പിന്തിരിഞ്ഞുവരികയാണ്. ഈ അവസ്ഥമാററി യെടുക്കുവാൻ രാമച്ച കൃഷിയെ പ്രോത്സാഹിപ്പിച്ച് രാമച്ചമുപയോഗിച്ചുള്ള വിശറി, കിടക്ക, തുടങ്ങിയ ഉൽപന്നങ്ങൾ നി

മ്മിക്കവാനുള്ള ശ്രമം നടത്തേണ്ടതാണ്. രാമച്ചതൈലം, ഷാംപൂ തുടങ്ങിയവ നിർമ്മിക്കുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കാവുന്നതാണ്.

അതുപോലെതന്നെ നമ്മുടെ പഞ്ചായത്തിലെ പ്രധാനപ്പെട്ട വിഭവമായ നാളികേരവുമായി ബന്ധപ്പെട്ട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനുള്ള സാദ്ധ്യതകൾ ഏറെയുണ്ട്. പഞ്ചായത്തിൽ പ്രധാനപ്പെട്ട മൂന്ന് കേന്ദ്രങ്ങളിലായി കൊപ്ര സംഭരണം, വെളിച്ചെണ്ണ നിർമ്മാണം എന്നിവ സഹകരണ മേഖലയിൽ ആരംഭിക്കാവുന്നതാണ്. ഒരു കയറുല്പന്ന കേന്ദ്രവും, ചകിരി സംസ്കരണ കേന്ദ്രവും സഹകരണ മേഖലയിൽ ആരംഭിക്കേണ്ടതാണ്.

പപ്പട നിർമ്മാണവുമായി ബന്ധപ്പെട്ട ആളുകളെ സംഘടിപ്പിച്ചുകൊണ്ട് ഒരു വലിയ പപ്പട നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള ശ്രമം നടത്തേണ്ടതുണ്ട്. നമ്മുടെ പഞ്ചായത്തിലേക്കാവശ്യമായ പപ്പടം നിർമ്മിക്കുന്നതോടൊപ്പം വിദേശരാജ്യങ്ങളിലേക്ക് പോലും കയറ്റുമതി ചെയ്യാവുന്ന രീതിയിൽ ഈ മേഖലയെ വളർത്തിയെടുക്കാവുന്നതാണ്.

പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽപ്പെട്ട ചെറവല്ലൂർ കായൽ പ്രദേശത്ത് വ്യവസായികാടിസ്ഥാനത്തിൽ മത്സ്യ കൃഷി നടത്തുവാനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്.

വനിതകൾക്കായി പ്രത്യേകം ചെയ്യാൻ കഴിയുന്ന വ്യവസായ യൂണിറ്റുകൾക്ക് നിരവധി സാദ്ധ്യതകളുണ്ട്. തീരദേശ മേഖലയിൽ ബീഡി വ്യവസായവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് ഒരു ബീഡി വ്യവസായ സഹകരണ സംഘം ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിൽ ലഭ്യമായ കശുമാങ്ങ, മാമ്പഴം, ചക്ക മുതലായ ഫലവർഗ്ഗങ്ങളിൽ നിന്ന് മററ് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിററുകൾ, (ഉദാ: സ്ക്വാഷ്, ജാം എന്നിവ) കറിപൗഡറുകൾ, അച്ചാറുകൾ, ബേക്കറി ഉൽപന്നങ്ങൾ എന്നിവയുടെയും യൂണിററുകൾ, ആരംഭിക്കാവുന്നതാണ്.

വ്യവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴി, മുട്ടക്കോഴി വളർത്തൽ എന്നിവയുടെ ഒരു യൂണിററ് ആരംഭിക്കാവുന്നതാണ്.

ഇതുപോലെ നമ്മുടെ പ്രദേശത്തിന് അനുയോജ്യവും, വിപണന സാദ്ധ്യതകളുള്ളതും, അസംസ്കൃത വസ്തുക്കൾ ധാരാളം ലഭിക്കുന്നതുമായ വളരെയധികം വ്യവസായയൂണിററുകൾ ആരംഭിക്കുവാനും തൊഴിലില്ലാത്ത ധാരാളം യുവതി–യുവാക്കൾക്ക് തൊഴിൽ നല്കാനും കഴിയും.

## നിർദ്ദേശങ്ങൾ

1 വ്യവസായ പുരോഗതിക്കാവശ്യമായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുവാൻ പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോമറുകൾ സ്ഥാപിക്കേണ്ടതുണ്ട്.

2 ഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാദ്ധ്യതയുള്ളതിനാൽ ചുരുങ്ങിയത് 4 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറെറടുത്ത് ഒരു വ്യവസായ എസ്റ്റേററാക്കി സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

3 വ്യവസായം തുടങ്ങുന്നതിന് താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുകയും അവർക്കാവശ്യമായ പരിശീലനമടക്കമുള്ള സഹായങ്ങളും ചെയ്യുക.

4 ബാങ്ക് തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങളുടെ സഹായങ്ങൾ ഉറപ്പുവരുത്തുക.

5 ഇവിടെ ലഭ്യമായ നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധതരം വ്യവസായങ്ങളെപ്പററി ബോധവല്ക്കരണം നടത്തുന്നതിന് നാളികേര വികസന ബോർഡ്, കയർ വികസന ഡയറക്ടർ, കേരഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കണം.

6 വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും നല്ലനിലയിൽ പ്രാവർത്തികമാക്കുവാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിററിംഗ് കമ്മററി രൂപീകരിക്കുകയും വേണം.

മേൽപറഞ്ഞ പ്രശ്നങ്ങളും സാദ്ധ്യതകളും നിർദ്ദേശങ്ങളുമെല്ലാം ഗൗരവപൂർണ്ണമായ ചർച്ചക്ക് വിധേയമാക്കികൊണ്ട് മുൻഗണന ക്രമമനുസരിച്ച് നമ്മുടെ പ

ഞ്ചായത്തിൽ നടപ്പിലാക്കിയാൽ അടുത്ത ഏതാനും വർഷങ്ങാംകളിൽ ചെറുകിട വ്യവസായിക രംഗത്ത് വലിയൊരു പുരോഗതിയുണ്ടാക്കാൻ നമ്മുക്ക് കഴിയും. നമ്മുടെ പഞ്ചായത്തിലെ കാർഷിക മേഖലയെ ശക്തിപ്പെടുത്തിക്കൊണ്ടുള്ള പദ്ധതികാംക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങാംക്കാണ് പ്രാധാന്യം നല്കേണ്ടത്.

ഇങ്ങനെ കൂടുതൽ തൊഴിലവസരങ്ങാം സൃഷ്ടിച്ചുകൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ–സാമ്പത്തിക – സാംസ്കാരിക രംഗത്ത് വലിയൊരു മാററം കുറിക്കുന്നതിനുവേണ്ടി നമുക്ക് സാധിക്കും.

## പട്ടിക 1

## ചെറുകിട വ്യവസായ യൂണിററുകൾ

| വ്യവസായങ്ങാം | എണ്ണം | പു | സ്ത്രീ | ആകെ |
|---|---|---|---|---|
| 1 നാളികേരം | 5 | 20 | — | 20 |
| 2 തടി വ്യവസായം | 13 | 50 | — | 50 |
| 3 എഞ്ചിനീയറിംഗ് | 5 | 20 | — | 20 |
| 4 ബീഡി | 2 | 4 | 9 | 13 |
| 5 അച്ചടി | 3 | 6 | 6 | 12 |
| 6 ഭക്ഷ്യധാന്യംപൊടിക്കൽ | 23 | 28 | — | 28 |
| 7 ഐസ് ഫാക്ടറി | 1 | 4 | — | 4 |
| 8 സോഡ നിർമ്മാണം | 2 | 5 | — | 5 |
| 9 മററുള്ളവ | 12 | 38 | 22 | 60 |
| | 66 | 175 | 37 | 212 |

സെക്കൻറി ഡാററ ഗ്രാമസഭ ചച്ച്

## പട്ടിക 2

## പരമ്പരാഗത കുടിൽ വ്യവസായങ്ങൾ

| ഇനം | തൊഴിലാളികളുടെ എണ്ണം പു | സ്ത്രീ | ആകെ |
|---|---|---|---|
| 1 കൈതോലപ്പായനിർമ്മാണം | 3 | 8 | 11 |
| 2 കട്ട നെയ്ത്ത് | 4 | 11 | 15 |
| | 7 | 19 | 26 |

## പട്ടിക 3

## വിവിധമേഖലകളിലെ കൂലി നിരക്ക്

| | ഇനം | കൂലി നിരക്ക് പു | സ്ത്രീ |
|---|---|---|---|
| 1 | കൊപ്ര സംസ്കരണം | 70 | — |
| 2 | തടി വ്യവസായം | 100 | — |
| 3 | അച്ചടി | 60 | 35 |
| 4 | ബേക്കറി | 60 | — |
| 5 | ഓയിൽ മിൽ | 60 | — |
| 6 | പപ്പടം | 50 | 30 |
| 7 | ഭക്ഷ്യധാന്യം പൊടിക്കൽ | 60 | — |
| 8 | ഐസ് ഫാക്ടറി | 50 | — |
| 9 | സോഡ നിർമ്മാണം | 60 | — |
| 10 | ബീഡിതെറുപ്പ് | 40 | 30 |
| 11 | എഞ്ചിനീയറിംഗ് | 70 | - |
| 12 | പായ നെയ്ത്ത് | 40 | 30 |
| 13 | കട്ടനെയ്ത്ത് | 40 | 30 |
| 14 | റെഡിമെയ്ഡ് | 50 | 40 |

## പട്ടിക 4

ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങാം ഉപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള യൂണിററുകാം.

### വിഭാഗം ജനറൽ S.S.I

1 യന്ത്രം ഉപയോഗിച്ചുള്ള പച്ചചകിരി നാര് നിർമ്മാണം.

2 യന്ത്ര വൽകൃത കയർ നിർമ്മാണം.

3 കയർ ഉല്പന്ന വ്യവസായം (ചവിട്ടി, ചകിരി നാര്, കിടക്ക, തലയിണ, ചൂടിപ്പടം തുടങ്ങിയവ)

4 ജൈവവളം (ചകിരിച്ചവറ് ഉപയോഗിച്ച്)

5 ചിരട്ടപ്പൊടി

6 തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണ്ണീച്ചറുകളും

7 തേങ്ങപൊടി–തേങ്ങാപാൽ ക്രീം

8 തേങ്ങാവെള്ളം ഉപയോഗിച്ചുള്ള ശീതളപാനീയം

9 വെളിച്ചെണ്ണ

## വിഭാഗം ജനറൽ S. S. I

10 കന്നുകാലിത്തീററ
11 മത്സ്യ വളം
12 കക്കത്തോട് (ഇത്താം)
13 രാമച്ച ഉൽപന്നങ്ങളുടെ വ്യവസായം (കിടക്ക, വിശറി, ജനൽ കർട്ടൻ, തുടങ്ങിയവ)
14 രാമച്ച തൈലം
15 അവിൽ വ്യവസായം

## വനിതാവ്യവസായം

1 തെങ്ങ്, ചിരട്ട, ഈക്കിലി, കക്കത്തോട് മുതലായവ ഉപയോഗിച്ച് കരകൗശല വസ്തുക്കളുടെ നിർമ്മാണം
2 അച്ചാർ കറിപൗഡർ, സ്ക്വാഷ്, ജാം, (കശുമാങ്ങ, മാമ്പഴം)
3 വേസ്റ്റ് പേപ്പർ റീ സൈക്ലിംഗ്

## പട്ടിക 5

## സഹകരണ സംഘം (വനിത)

1 കട നിർമ്മാണം
2 നോട്ട്ബുക്ക്, ഫയൽ, ചോക്ക്
3 കറിപൗഡർ
4 അച്ചാർ
5 സ്ക്വാഷ്, ജാം
6 വേസ്റ്റ് പേപ്പർ സംസ്കരണം
7 ബാഗ്, റെയിൻകോട്ട്, മുതലായവ റക്സിൻ ഉല്പന്നങ്ങൾ
8 നെയ്ത്ത് കസേരകളുടെ നിർമ്മാണം
9 ഭക്ഷ്യ ഉല്പന്നങ്ങൾ (ബേക്കറി സാധനങ്ങൾ)

## സഹകരണ സംഘം (ജനറൽ)

1 സിമൻറ് ജനൽ, കട്ടള, കട്ട നിർമ്മാണം
2 ജൈവവള നിർമ്മാണം
3 സ്റ്റീൽ ഫർണീച്ചർ
4 മത്സ്യ സംസ്കരണം
5 പ്ലാസ്റ്റിക് റീ സൈക്ലിംഗ്
6 മിഠായി നിർമ്മാണം
7 തീപ്പെട്ടി
8 പാൽ ഉല്പന്നങ്ങൾ
9 പട്ടുനൂൽ വ്യവസായം

## സഹകരണ സംഘം (പട്ടികജാതി)

1 കൂൺകൃഷി
2 കിടക്ക നിർമ്മാണം
3 റെഡിമെയ്ഡ് വസ്ത്രങ്ങൾ
4 പ്രിൻറിംഗ്

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായങ്ങൾ


## ജനറൽ S. S. I

1 നൈലോൺ വല
2 ശാസ്ത്രീയമായ കോഴിവളർത്തൽ
3 ഫർണ്ണിച്ചർ നിർമ്മാണം (തെങ്ങ്, തടി)
4 ഹവായ് ചെരുപ്പ്, ലതർ ചെരുപ്പ്
5 ഫാൻസി ലതർ ഗുഡ്സ്
6 സ്കൂൾ ബാഗ്
7 ക്ലീനിംഗ് പൗഡർ
8 പ്ലാസ്റ്റിക് ബട്ടൺസ്
9 ഇലക്ട്രോണിക് ചോക്ക് നിർമ്മാണം
10 ഇലക്ട്രോണിക് ഫാൻ റഗുലേറ്റർ
11 ഇലക്ട്രോണിക് ഓവർലോഡ് കട്ട്–ഓഫ്
12 എമർജൻസി ലാംബ്
13 സ്വിച്ച് ബോർഡ്
14 ജനറൽ എഞ്ചിനീയറിംഗ്
15 കുട്ടികളുടെ കളികോപ്പ് നിർമ്മാണം
16 ആണി, വട്ടക്കണ്ണി, കററികൊളുത്ത് തുടങ്ങിയവയുടെ നിർമ്മാണം

## വനിത

1 റെഡിമെയ്ഡ് വസ്ത്രങ്ങൾ
2 അലക്ക് സോപ്പ്
3 നിലം, സോപ്പുപൊടി
4 മെഴുകുതിരി, ചന്ദനത്തിരി
5 പേപ്പർ കവർ

312




# 5 4

# വിദ്യാഭ്യാസം

മലപ്പുറം ജില്ലയുടെ തെക്കെ അററത്ത്, അറബിക്കടലിൻെറ തലോടലേററ്, കിഴക്കോട്ട് നീണ്ടു കിടക്കുന്ന ഒരു പഞ്ചായത്താണ് പെരുമ്പടപ്പ്. കുറുകെ ഒഴുകുന്ന കനോലികനാലും പുഞ്ചക്കായലും ഈ പഞ്ചായത്തിൻെറ രണ്ട് വെള്ളി നാടകളായി കാണപ്പെടുന്നു ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ നിരവധി മഹൽ വ്യക്തിത്വങ്ങളുടെ നിസ്വാർത്ഥ പ്രയത്നത്തിൻെറ പ്രതീകമെന്നോണം തലയുയർത്തി നില്ക്കുന്ന 13 വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെളിഞ്ഞുവരുന്നു. ഇവയിൽ 2 ഹൈസ്കൂളുകളും 3 യു. പി. സ്കൂളുകളും 7 എൽ. പി. സ്കൂളുകളും 1 CBSE+2 സ്കൂളും ഉൾപ്പെടുന്നു. ഗവൺമെൻറ് ഉടമയിൽ 2 സ്കൂളുകളെയുള്ളു 1 ഹൈസ്കൂളും, 1 യു. പി സ്കൂളും. ഇംഗ്ലീഷ് മീഡിയം പ്ലസ്ടു സ്കൂൾ അൺ എയിഡഡ് മേഖലയിലാണ്. ബാക്കിയെല്ലാം എയിഡഡ് മേഖലയിലാണ്. ഈ പഞ്ചായത്തിലെ 1ഉം 7ഉം വാർഡുകളിൽ സ്കൂളുകൾ ഇല്ല.

ഈ പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ എ.എം. എൽ. പി. സ്കൂൾ പെരുമ്പടപ്പ് (പാറ) ആകുന്നു. അമ്മു മുസല്യാർ എന്ന വ്യക്തിയാണ് ഇത് സ്ഥാപിച്ചത്. ഏററവും ഒടുവിൽ സ്ഥാപിച്ചത് ഗവർമ്മെൻറ് ഉടമയിലുള്ള പാലപ്പെട്ടി ഹൈസ്കൂളാണ് 1981ൽ ഈ പഞ്ചായത്തിലെ ഏററവും വലിയതും സ്ഥലസൗകര്യമുള്ളതുമായ സ്കൂൾ വന്നേരി ഹൈസ്കൂളാണ്. ഇത് സ്ഥാപിച്ചത് ഒരു ജനകീയ കമ്മററിയാണ്. ഇപ്പോൾ മാനേജ്മെൻറിൻെറ പ്രതിനിധി ഈ സ്കൂൾ ഗവർമ്മെൻറിന് കൈമാറുവാൻ നടപടികൾ സ്വീകരിച്ചു വരികുന്നു.

രണ്ട് വാർഡുകളിൽ കൂടി ഓരോ എൽ. പി സ്കൂൾ അനുവദിച്ചുകിട്ടിയാൽ ഇപ്പോൾ 13 സ്കൂളുകളുള്ള ഈ പഞ്ചായത്ത് എണ്ണത്തിൻെറ കാര്യത്തിൽ സ്വയം പര്യാപ്തമാകും. എന്നാൽ വിദ്യാഭ്യാസത്തിൻെറ ഗുണനിലവാരവും വിദ്യാഭ്യാസം കൊണ്ടുദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ നേടിയോ എന്ന കൃത്യവും വിശദമായി പരിശോധിക്കേണ്ട സംഗതികളാണ്. വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മയില്ലായ്മ പൊതുവെയുള്ള പ്രശ്നമാണ് വിദ്യാഭ്യാസമെന്നാൽ എന്താണെന്നുള്ള അവബോധം ഈ രംഗത്ത് പ്രവർത്തിക്കുന്നവർക്ക് പോലും വേണ്ടത്രയില്ല. വിദ്യാ സമ്പന്നരിൽ പലരും സമൂഹത്തോടുള്ള പ്രതിബന്ധത കാര്യമായെടുക്കാത്തവരാണ്. ഇന്നുള്ള പരീക്ഷാ സമ്പ്രദായം ഓർമ്മശക്തി മാത്രം പരിശോധിക്കുന്നതാണ്. ഒരു വ്യക്തിയുടെ മററു കഴിവുകൾ പരീക്ഷിക്കപ്പെടുന്നില്ല. ഇതിനൊക്കെ പുറമെ സമൂഹത്തിലുണ്ടായിട്ടുള്ള മൂല്യച്യുതി വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബാധിച്ചിരിക്കുന്നു.

വ്യക്തി വികാസത്തിലൂടെ രാഷ്ട്രവികാസം എന്നൊരു ലക്ഷ്യം വിദ്യാഭ്യാസത്തിനുണ്ടെങ്കിലും ഇത് ഉറപ്പ് വരുത്തുന്ന ഒരു നടപടിയും ഇന്നില്ല.

മെച്ചപ്പെട്ട ഭൗതിക സൗകര്യങ്ങളുള്ള ഇംഗ്ലീഷ് വിദ്യാലയങ്ങളുടെ രംഗപ്രവേശം സാധാരണ സ്കൂളുകളെ അനാകർഷകമാക്കി. നല്ല വിദ്യാഭ്യാസം സാധാരണക്കാരന് എത്തിപ്പിടിക്കാൻ പററാത്ത ഒന്നാണെന്ന ധാരണ പരന്നു. ഒന്നാം ക്ലാസിൽ 100 ശതമാനവും മററു ക്ലാസുകളിൽ 90ഉം, 80ഉം ശതമാനം നിർബന്ധ വിജയം വേണമെന്ന നിർദ്ദേശം പഠിച്ചില്ലെങ്കിലും ക്ലാസ് കയററം കിട്ടുമെന്ന ധാരണ കുട്ടികളിലുണ്ടാക്കി. സ്കൂളുകളുടെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുന്ന സമ്പ്രദായം ഇന്നില്ല. വല്ലപ്പോഴുമുള്ള വിദ്യാഭ്യാസ ഓഫീസറുടെ പരിശോധന അപര്യാപ്തമാണ്. വിദ്യാർത്ഥികളിലും അദ്ധ്യാപകരിലുമുള്ള രാഷ്ട്രീയ അതിപ്രസരം പലപ്പോഴും വിദ്യാലയ അന്തരീക്ഷങ്ങളെ കലുഷിതമാക്കി. സിലബസിലും പഠന രീതികളിലും കാലാകാലങ്ങളിൽ വരുത്തുന്ന മാററം ജനങ്ങൾ അറിയാതെ പോകുന്നു. പാഠപ്പുസ്തക വിതരണം സമയം തെററിയാണ് പലപ്പോഴും നടക്കുന്നത്.

പഞ്ചായത്തിലെ ചില സ്കൂളുകളിൽ കുട്ടികളുടെ ഇടക്ക് വെച്ചുള്ള കൊഴിഞ്ഞുപോക്കുണ്ട്. ഇതിനുള്ള കാരണങ്ങൾ നിരവധിയാണ്. പഠനം അനാകർഷകമാകുന്നതാണ് പ്രധാന കാരണം. പെൺകുട്ടികളുടെ നേരത്തെയുള്ള വിവാഹവും പെൺകുട്ടികളുടെ വിദ്യാഭ്യാസം പ്രധാനമായി കരുതാത്ത സാമൂഹ്യ പശ്ചാത്തലവും കാരണങ്ങളാണ്. കുട്ടികളെ ജോലിക്ക് നിർത്തുന്ന സമ്പ്രദായം അപൂർവ്വമാണെങ്കിലും ഉണ്ട്. ഇത് അവരുടെ പഠിത്തത്തെ ബാധിക്കുന്നു. ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന DPEP പദ്ധതി കാര്യക്ഷമമായാൽ പല പ്രശ്നങ്ങൾക്കും പരിഹാരമാകും.

പഞ്ചായത്തിലെ ഓരോ സ്കൂളിലെയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം പട്ടിക 1 ൽ കൊടുത്തിരിക്കുന്നു.

## പഞ്ചായത്തിലെ,സ്കൂളുകൾ.വിദ്യാർത്ഥികൾ,അദ്ധ്യാപകർ പട്ടിക 1

| | സ്കൂളിൻെറ പേര് | മാനേജ്മെൻറ് | വിദ്യാർത്ഥികൾ ആൺ | പെൺ | ആകെ | ആകെ അദ്ധ്യാപകർ |
|---|---|---|---|---|---|---|
| 1 | വന്നേരി ഹൈസ്കൂൾ | എയിഡഡ് | 1221 | 1261 | 2482 | 92 |
| 2 | പാലപ്പെട്ടി ഗവ: ഹൈസ്കൂൾ | ഗവ: | 425 | 373 | 798 | 27 |
| 3 | എ. യു. പി. സ്കൂൾ അയിരൂർ | എയിഡഡ് | 662 | 562 | 1224 | 40 |
| 4 | എ. എം. യു പി. സ്കൂൾ പെരുമ്പടപ്പ് | ,, | 434 | 377 | 811 | 22 |
| 5 | ഗവ: ഫിഷറീസ് യു. പി. സ്കൂൾ, പാലപ്പെട്ടി. | ഗവ: | 414 | 395 | 809 | 22 |
| 6 | എ. എം. എൽ. പി. സ്കൂൾ, ചെറവല്ലൂർ. | എയിഡഡ് | 180 | 147 | 327 | 9 |
| 7 | എം. എ. ആർ. എം. എൽ. പി. സ്കൂൾ പെരുമ്പടപ്പ്. | ,, | 136 | 84 | 220 | 8 |
| 8 | എ എം. എൽ. പി. സ്കൂൾ. പാറ. | ,, | 119 | 118 | 237 | 9 |
| 9 | എ. എം. എൽ. പി. സ്കൂൾ, കോടത്തൂർ | ,, | 121 | 92 | 213 | 8 |
| 10 | എ. എം. എൽ. പി. സ്കൂൾ, പാലപ്പെട്ടിസൗത്ത് | ,, | 173 | 139 | 312 | 11 |
| 11 | എ. എം. എൽ. പി. സ്കൂൾ. പാലപ്പെട്ടി | ,, | 144 | 130 | 274 | 10 |
| 12 | എ. എം. എൽ. പി. സ്കൂൾ, പുതിയിരുത്തി | ,, | 134 | 136 | 270 | 7 |
| | ആകെ | | 4163 | 3814 | 7977 | |
| 13 | കെ. എം. എം. ഇംഗ്ലീഷ് മീഡിയം സ്കൂൾ | അൺഎയിഡഡ് | 509 | 444 | 953 | 35 |

പഠനം ഇടക്ക് വെച്ച് നിർത്തിയവരുടെ കണക്ക് പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

ഓരോ സ്കൂളുകളിലെ ഭൗതീക സൗകര്യങ്ങളും പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

### പട്ടിക 2
### പഠനം നിർത്തിയവരുടെ കണക്ക്

| SC / ST | | | മററുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 3 | 2 | 5 | 81 | 48 | 129 |
| | | | | ആകെ | 134 |

### സ്ക്കൂളുകളിലെ ഭൗതീക സാഹചര്യങ്ങൾ — പട്ടിക 3

| | സ്കൂളിൻെറ പേര് | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | കുടിവെള്ളം | വൈദ്യുതി | മൂത്രപ്പുര | കക്കൂസ് | കളിസ്ഥലം | ചുററുമതിൽ |
|---|---|---|---|---|---|---|---|---|---|
| 1 | വന്നേരി ഹൈസ്ക്കൂൾ | 2482 | 92 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2 | പാലപ്പെട്ടി ഗവ: ഹൈസ്ക്കൂൾ | 798 | 27 | ,, | ,, | ,, | ഇല്ല | ,, | ഇല്ല |
| 3 | എ.. യു. പി. സ്ക്കൂൾ അയിരൂർ | 1224 | 40 | ,, | ,, | ,, | ഉണ്ട് | ,, | ഇല്ല |
| 4 | എ എം.യു പി. സ്കൂൾ പെരുമ്പടക്ക് | 811 | 22 | ,, | ഇല്ല | ,, | ,, | ഇല്ല | ഇല്ല |
| 5 | ജി.എഫ്.യു.പി. സ്കൂൾ പാലപ്പെട്ടി | 809 | 22 | ,, | ,, | ,, | ഇല്ല | ,, | ,, |
| 6 | എ.എം.എൽ.പി. സ്കൂൾ ചെറുവല്ലൂർ | 327 | 9 | ഇല്ല | ഇല്ല | ,, | ഉണ്ട് | ഇല്ല | ,, |
| 7 | എം.എ ആർ.എം.എൽ.പി.സ്കൂൾ പെരുമ്പടപ്പ്. | 220 | 8 | ഉണ്ട് | ഉണ്ട് | ,, | ,, | ,, | ,, |
| 8 | എ. എം. എൽ. പി. സ്ക്കൂൾ പാറ | 237 | 9 | ഇല്ല | ഇല്ല | ,, | ഇല്ല | ,, | ,, |
| 9 | എ.എം.എൽ.പി.സ്ക്കൂൾ കോത്തൂർ | 213 | 8 | ഉണ്ട് | ,, | ,, | ഉണ്ട് | ,, | ,, |
| 10 | എ. എം. എൽ. പി. സ്ക്കൂൾ പാലപ്പെട്ടി സൗത്ത് | 312 | 11 | ,, | ,, | ,, | ഇല്ല | ,, | ,, |
| 11 | എ.എം.എൽ.പി.സ്കൂൾ പാലപ്പെട്ടി | 274 | 10 | ,, | ,, | ,, | ,, | ,, | ,, |
| 12 | എ.എം.എൽ.പി.സ്കൂൾ പുതിയിരുത്തി | 270 | 7 | ഇല്ല | ,, | ,, | ,, | ,, | ,, |
| | അൺ എയിഡഡ് (CBSE) ഇംഗ്ലീഷ് മീഡിയം സ്കൂൾ | | | | | | | | |
| 13 | കെ.എം.എം.ഇംഗ്ലീഷ് മീഡിയം സ്കൂൾ | 953 | 35 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത പട്ടിക 4ൽ കാണിച്ചിരിക്കുന്നു.

### അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത — പട്ടിക 4

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാമ്പ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലേക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് P T A പ്രവർത്തിക്കുന്നുണ്ടോ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | — | 8 | — | 8 | 7 | 4 | 0 | 0 | 1 | 36 | 11 | 9 |
| ഇല്ലാത്തത് | 4 | — | 4 | — | 4 | 5 | 8 | 12 | 12 | 11 | — | 1 | 3 |

സ്കൂളുകളിൽ പഠിക്കുന്ന പെൺകുട്ടികളുടെ കണക്ക് പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 5
## LP, UP, HS വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | | ആൺ | പെൺ | % |
|---|---|---|---|---|
| 7977 | LP | 1007 | 846 | 45.6 |
| | UP | 1510 | 1334 | 46.9 |
| | HS | 1646 | 1634 | 49.8 |
| | | | ആകെ % | 47.8 |

സ്കൂളുകളിൽ പഠിക്കുന്ന പട്ടികജാതി കുട്ടികളുടെ കണക്ക് പട്ടിക 6ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 6
## പട്ടികജാതി / പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| ആകെ LP | SC / ST | % | ആകെ UP | SC / ST | % |
|---|---|---|---|---|---|
| 1853 | 37 | 1.9 | 2844 | 84 | 2.9 |
| ആകെ HS | SC / ST | % | | | |
| 3280 | 151 | 4.6 | | | |
| | | | | ആകെ % | 3.4 |

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും SSLC വിജയ ശതമാനം വളരെ മോശമാണ്. പാലപ്പെട്ടി ഹൈസ്കൂൾ 10%ൽ താഴെ റിസൽററ് ആണ് അധിക വർഷങ്ങളിലും ഉണ്ടാക്കിയിട്ടുള്ളത്. കടലോര പ്രദേശത്തെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥയാണ്. ഇതിന്റെ കാരണങ്ങളിലൊന്ന് താരതമ്യേന ഉയർന്ന ജീവിത നിലവാരമുള്ള പ്രദേശമാണ് വന്നേരി പരിസരം എങ്കിലും ജനങ്ങളിൽ പലരും വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം വേണ്ടവിധത്തിൽ ഉൾക്കൊള്ളാത്തവരുമാണ്. അമ്മമാരുടെ വിദ്യാഭ്യാസമില്ലായ്മയും പഠന രീതികളിലെ അശാസ്ത്രീയതയും അദ്ധ്യയന രംഗത്തെ ശ്രദ്ധക്കുറവും മററു കാരണങ്ങളാണ്.

പഞ്ചായത്തിലെ രണ്ട് ഹൈസ്കൂളുകളിലെയും കഴിഞ്ഞ വർഷങ്ങളിലെ SSLC റിസൽട്ട് ശതമാനം പട്ടിക 7ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 7
## SSLC റിസൽട്ട് കഴിഞ്ഞവർഷങ്ങളിൽ
(ശതമാനം)

| സ്കൂളിന്റെ പേര് | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| വന്നേരി ഹൈസ്കൂൾ | 23 | 31 | 23 | 16 |
| പാലപ്പെട്ടി ഹൈസ്കൂൾ | 6.3 | 8.6 | 12.5 | 5.5 |

പെരുമ്പടപ്പ് പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്തെ വികസന സാദ്ധ്യതകൾ

1 പഞ്ചായത്തിലെ ഗവമ്മെൻറ് ഉടമയിലുള്ള ഏക ഹൈസ്കൂളായ പാലപ്പെട്ടി ഹൈസകൂളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക

2 തുന്നൽ, മെഴുക്തിരി നിമ്മാണം, പച്ചക്കറി കൃഷി തുടങ്ങിയ കാര്യങ്ങൾ സ്ക്കൂളുകളിൽ പരിശീലിപ്പിക്കാൻ ട്രയിനർ മാരെ നിശ്ചയിക്കുക. ഓരോ സ്ക്കൂളിലും ഒരു മാസം എന്ന കണക്കിന് നിയമിച്ചാൽ എല്ലാ സ്ക്കൂളുകളിലേക്കും ഓരോ ട്രെയിനർ മതിയാകും. പ്രവത്തി പരിചയത്തിനുള്ള പിരിയഡ് ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഗവമ്മെൻറ് ഉത്തരം പോസ്റ്റ് അനുവദിക്കാത്ത സാഹചര്യത്തിൽ ട്രയിനർമാർക്കുള്ള ശമ്പളം പഞ്ചായത്ത് സമിതിയോ PTA യോ നല്കേണ്ടതാണ്.

3 പഞ്ചായത്തിലെ ഓരോ തൊഴിൽ മേഖലകളിലും ആവശ്യമുള്ളവരുടെ എണ്ണം പരിശോധിച്ച് അതിന്റെയടിസ്ഥാനത്തിൽ താല്പര്യമുള്ള ഹൈസ്ക്കൂൾ കുട്ടികൾക്ക് പരിശീലനം നല്കുക.

ഉദാ: 1 കാർഷിക മേഖലയിലെ കൊയ്ത്ത്, ഞാററ് നടൽ, മരുന്ന് തെളി, തെങ്ങ്കയററം, മണ്ണ് പരിശോധന തുടങ്ങിയ ജോലികൾ പരിശീലിപ്പിക്കുക. ഇത്തരം തൊഴിൽ മേഖലകളിൽ ആളില്ലാതെ തമിഴ് നാട്ടുകാരാണ് ജോലിചെയ്യുന്നതെന്ന കാര്യം പ്രസ്താവ്യമാണ്.

ഉദാ: 2 കോഴിരോഗങ്ങൾക്കെതിരായ കുത്തിവെയ്പ്പ്, കോഴി വളത്തലിനുള്ള സാങ്കേതിക വിദ്യ........തുടങ്ങിയവയുടെ ഹ്രസ്വകാല കോഴ്സുകൾ നടത്തുക.

4 പെരുമ്പടപ്പ് പഞ്ചായത്തിൽ നിന്ന് SSLC പാസാവുന്ന കുട്ടികളിൽ നല്ലൊരു വിഭാഗം പാരലൽ കോളേജുകളെയാണ് ആശ്രയിക്കുന്നത്. കുന്നംകുളം, തൃശ്ശൂർ ഭാഗങ്ങളിലെ സ്വകാര്യ ടെക്നിക്കൽ സ്ഥാപനങ്ങളിൽ പോയി പഠിക്കുന്നവരുമുണ്ട്. ഇവരുടെ യാത്രാ ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് പഞ്ചായത്തിൽ ജൂനിയർ കോളേജുകളും ടെക്നിക്കൽ സ്ഥാപനങ്ങളും അനുവദിക്കുക.

5 പെൺകുട്ടികൾക്ക് മാത്രമായുള്ള ഒരു നേഴ്സിങ്ങ് കോളേജ് സ്ഥാപിക്കുക.

## മററു നിർദ്ദേശങ്ങൾ

1 1ഉം 7ഉം വാർഡുകളിൽ LP സ്ക്കൂൾ അനുവദിക്കുക.

2 ചെറുവല്ലൂരിൽ ഇപ്പോഴുള്ള LP UP ആക്കി ഉയർത്തുക.

3 ഇപ്പോൾ ഭൗതീക സാഹചര്യങ്ങളില്ലാത്ത എയിഡഡ് സ്ക്കൂളുകളിൽ അതുണ്ടാക്കിയെടുക്കാൻ മാനേജരിൽ സമ്മർദ്ദം ചെലുത്തുക.

4 വന്നേരി ഹൈസ്ക്കൂൾ ഗവമ്മെൻറ് ഏറെറടുക്കാൻ അവശ്യമായ ജനകീയ സമ്മർദ്ദം ഉണ്ടാക്കുക. ഏറെറടുത്താൽ അവിടെ പ്ലസ് 2 കോഴ്സ് ആരംഭിക്കുക.

5 6—ാം വാർഡിലെ LP UP ആക്കുക. സ്ക്കൂളുകളിലേക്ക് റോഡ് നിർമ്മിക്കുക.

6 പാലപ്പെട്ടി G F.U.P സ്ക്കൂളിലെ UP വിഭാഗം പാലപ്പെട്ടി ഗവ: ഹൈസ്ക്കൂളിലേക്ക് മാററുക.

7 അംഗനവാടിയുടെയും ശിശുവിഹാറുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കുക.

8 പഞ്ചായത്തിൽ ശാസ്ത്ര സാഹിത്യ സെമിനാറുകൾ സംഘടിപ്പിക്കുക.

9 പഠിക്കുന്ന സമൂഹം എന്ന സങ്കല്പം സാദ്ധ്യമാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

10 പാവപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങളും സ്കോളർഷിപ്പുകളും നല്കുക.

11 ക്ലാസ്സ് PTA എല്ലാ സ്ക്കൂളുകളിലും ക്രൂടനുണ്ടെന്ന് ഉറപ്പ് വരുത്തുക.

12 ഓരോ വിദ്യാഭ്യാസ സ്ഥാപനത്തിനും ഒരു വിദ്യാഭ്യാസ സമിതി ഉണ്ടാക്കുക. ഈ സമിതിയിൽ വിദ്യാഭ്യാസം എന്തെന്ന് അറിയുന്നവർ ഉണ്ടെന്ന് ഉറപ്പാക്കുക.

13 DPEP തുടങ്ങിയ വിദ്യാഭ്യാസ പരിഷ്കരണ പരിപാടികൾ നടപ്പാക്കാൻ എല്ലാ സഹായവും നല്കുക.

14 അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറക്കുക.

15 ടെക്സ്റ്റ്ബുക്ക് വിതരണം കാര്യക്ഷമമാക്കുക.

16 സിലബസ്സിലും പഠനരീതികളിലും വരുന്ന മാററങ്ങൾ ജനങ്ങൾ അറിയാനുള്ള സൗകര്യമേർപ്പെടുത്തുക.

17 ഉച്ചഭക്ഷണ പരിപാടി കാര്യക്ഷമമാക്കുക.

18 പെൺകുട്ടികളുടെ ശൈശവ വിവാഹം നിരുത്സാഹപ്പെടുത്തുക.

19 കുട്ടികളെ ജോലിക്ക് വെക്കുന്ന സമ്പ്രദായം കർശനമായി നിരോധിക്കുക.


20 രണ്ട് തരം പൗരന്മാരെ സൃഷ്ടിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം നിർത്തലാക്കുക.

21 പ്രീ—പ്രൈമറി രംഗത്ത് ഇന്ന് നിലവിലുള്ള ചൂഷണം അവസാനിപ്പിക്കുക.

22 കുട്ടികളിലും അദ്ധ്യാപകരിലും ആത്മവിശ്വാസം വളർത്തുന്ന പദ്ധതികൾ നടപ്പാക്കുക.

23 ഓരോ സ്ക്കൂൾ വിദ്യാഭ്യാസ സമിതിയുമായി ബന്ധപ്പെടുത്തിക്കൊണ്ട് ഒരു പഞ്ചായത്ത് തല വിദഗ്ദ സമിതി ഉണ്ടാക്കുക. ഈ സമിതി ഇടയ്ക്കിടെ സ്ക്കൂൾ സന്ദർശിക്കുകയും പോരായ്മകൾ ചൂണ്ടിക്കാണിക്കുകയും വേണം.

24 അപ്പ് ഗ്രയ്ഡ് ചെയ്യാൻ സാദ്ധ്യതയുള്ള സ്ക്കൂളുകൾ ഉയർത്തുക.




**5** 6

# ഗതാഗതം ഊർജ്ജം മാർക്കററ്

'സർകനോലി' എന്ന സായിപ്പിന്റെ പേരി ലറിയപ്പെടുന്ന കനോലി കനാൽ നമ്മുടെ പഞ്ചായ ത്തിലൂടെയാണ് കടന്നുപോകുന്നത്. ജല ഗതാഗത ത്തിനും ചരക്കുകടത്തലിനുമായി ഉപയോഗിച്ചിരുന്ന ഈ കനാൽ ഇന്ന് പൂർണ്ണമായും ഗതാഗതസൗകര്യ ങ്ങളും ഇല്ലാതായി തീർന്നിരിക്കുന്ന അവസ്ഥയാണു ള്ളത്.

1968ൽ പഞ്ചായത്ത് രൂപീകരിച്ചപ്പോൾ കോ ട്ടപ്പടി കുണ്ടുകടവ് റോഡ് മാത്രമെ ഗതാഗതയോഗ്യ മായി ഉണ്ടായിരുന്നൊള്ളൂ. 1967ൽ സ: ഇ. കെ. ഇ മ്പിച്ചിബാവ ഗതാഗത വകുപ്പ് മന്ത്രിയായിരിക്കു മ്പോഴാണ് ആദ്യമായി പഞ്ചായത്തിന്റെ തീരദേശ ത്തുകൂടി, പൂഴി മണലിലൂടെ ബസ്സ് ഗതാഗതം ആരം ഭിച്ചുകൊണ്ട് ഈ പഞ്ചായത്തിന്റെയും വിശിഷ്യ തീരപ്രദേശത്തിന്റേയും പുരോഗതിക്ക് തുടക്കംകുറി ച്ചത്. നമ്മുടെ പഞ്ചായത്തിലൂടെ കടന്നുപോകുന്ന N H 17 റോഡിന്റെ നിർമ്മാണത്തോടുകൂടി ഗതാഗത രംഗത്ത് ഒരു വലിയ മാററംതന്നെയുണ്ടായി നമ്മു ടെ പഞ്ചായത്തിൽ റയിൽപാത ഇല്ല.

പഞ്ചായത്തിൽ വാഹന ഗതാഗത യോഗ്യമാ യആകെ റോഡുകളുടെനീളം 42 കി. മീററാണ്. പ ഞ്ചായത്തിന്റെമൊത്തം വിസ്തീർണ്ണം 15.02 ച. കി മീററാണ്. ഒരു ച. കി. മീററർ വിസ്തീർണ്ണത്തിന് ശരാശരി 23/4 കി. മീററർ റോഡാണ് നമ്മുക്കുള്ള ത്. സംസ്ഥാന ശരാശരി 3.2 കി. മീററർ ആയിരി ക്കെ നമ്മുടെത് വളരെ പരിമിതമാണ്.

പഞ്ചായത്തിലെ ടാർ ചെയ്തറോഡ് 15.51 കി മീററാണ്. പഞ്ചായത്തിൽ 5 ഓട്ടോ സ്ററാൻറു കളും 6 ടാക്സി സററാൻറുകളുംമുണ്ട്. ചാവക്കാട് പതുപൊന്നാനി റൂട്ടിൽ 30 ബസ്സുകളും, കോട്ടപ്പടി കുണ്ടുകടവ് റോട്ടിൽ 37 ബസ്സുകളും: ചങ്ങരംകുളം ഉ പ്പുങ്ങൽ റൂട്ടിൽ 3 ബസ്സുകളുമടക്കം 70 ബസ്സുകൾ സർവ്വീസ് നടത്തുന്നതോടൊപ്പം ടക്കർ സർവ്വീസും നിലവിലുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകൾ അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗക ര്യങ്ങൾ എന്നിവ താഴെകൊടുക്കുന്ന പട്ടികയിൽ കാ ണിച്ചിരിക്കുന്നു. [പട്ടിക–1]

1 ടിപ്പുസുൽത്താൻ NH 17 3 15 ബസ്സ്സർവ്വീസ് ഉണ്ട്
2 കോട്ടപ്പടി കുണ്ടുകടവ് PWD 2.500 8 ബസ്സ്സർവ്വീസ് ഉണ്ട്
3 ചങ്ങരംകുളം ഉപ്പുങ്ങൽ PWD 2 6 ബസ്സ്സർവ്വീസ് ഉണ്ട്
4 പാറ കുണ്ടിച്ചിറ PWD 2.400 6 ബസ്സ്സർവ്വീസ് ഉണ്ട്
5 ബ്ലോക്കാഫീസ് ചെറവല്ലൂർ പഞ്ചായത്ത് 1.785 6 യാത്രസൗകര്യമുണ്ട്
6 തുക്കേകടവ് അരിക്കാട് പഞ്ചായത്ത് 1.975 6 യാത്രസൗകര്യമുണ്ട്
7 പാലപ്പെട്ടിബീച്ച് പഞ്ചായത്ത് 1.455 6 യാത്രസൗകര്യമുണ്ട്
8 പാലപ്പെട്ടി ആസ്പത്രിബീച്ച് പഞ്ചായത്ത് .400 6 യാത്രസൗകര്യമുണ്ട്

ഇത്രയും റോഡുകൾ നമ്മുണ്ടെങ്കിലും അവയുടെ അവസ്ഥ ശോചനീയമാണ്. അററകുററപണികൾ നടക്കുന്നില്ല. ഓവുചാലുകളും കലുങ്കുകളും ഇല്ലാത്തതിനാൽ വർഷക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നു. ആവശ്യത്തിന് ഫണ്ടില്ലാത്തതും റോഡ് വികസനത്തിന് തടസ്സം നിൽക്കുന്നു.

## റോഡ് നിർമ്മാണം

(1) ടാർറോഡുകൾ പ്രശ്നങ്ങൾ

വേണ്ടത്ര റോഡുകൾ ഇല്ലായ്മ, ഗുണനിലവാരകുറവ്, യാത്രാഅസൗകര്യങ്ങൾ (വളവുകളും, വീതികുറവും, നടപ്പാതഇല്ലായ്മയും, മണ്ണൊലിപ്പും)

(2) പുതിയ റോഡുകൾ

ഐരൂരിൽകൂടി കടന്നുപോകുന്ന M L Aറോഡ്, കൂടാതെ പലവാർഡുകളിലും പുതിയറോഡുകൾ ഉണ്ടാക്കണമെന്നും, ഉള്ളവ മെച്ചപ്പെടുത്തണമെന്നും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(3) മെററൽമണൽ റോഡുകളുടെ ശോചനീയാവസ്ഥ

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന നിർദ്ദേശങ്ങളിൽ ഭൂരിഭാഗവും നിലവിലുള്ള മൺറോഡുകളുടെയും മെററൽ റോഡുകളുടെയും ശോചനീയാവസ്ഥ ആസ്പദമാക്കിയുള്ളതാണ്, പൊട്ടിപ്പൊളിഞ്ഞതും കുണ്ടും കുഴിയുമായി കിടക്കുന്ന റോഡുകൾ അടിയന്തിരമായി അററകുററപ്പണികൾ നടത്തേണ്ടതാണ്. പല റോഡുകളും മെററൽ ചെയ്യാനും ടാർ ചെയ്യാനും ഉള്ള നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

(4) പുതിയ മണൽ റോഡുകൾ

പുതിയ മണൽ റോഡുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ള ഇടവഴികൾ വീതി കൂട്ടി മൺ റോഡാക്കി മാററാനും നിർദ്ദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഇവകൾ അനു: B പട്ടികയിൽ ചേർത്തിരിക്കുന്നു.

(5) പരിസ്ഥിതി പ്രശ്നങ്ങൾ

മരങ്ങൾ വളരെയേറെ നശിപ്പിക്കപ്പെട്ടു, പറമ്പുകളിലെ ഇടവഴികൾ വീതി കൂട്ടി മൺറോഡാക്കി മാററിയപ്പോൾ അരികിലുണ്ടായിരുന്ന മരങ്ങൾ മുറിച്ച് മാററപ്പെട്ടു ഇവ മണ്ണൊലിപ്പിനും ഉയർന്ന പ്രദേശങ്ങളിലെ മണ്ണ് ഇടിച്ചിലിനും കാരണമായി.

ഇടവഴികൾ മൺറോഡുകളായി മാറിയപ്പോൾ വർഷകാലത്ത് അധികമുള്ള വെള്ളം താഴ്ന്ന പ്രദേശങ്ങളിലേക്ക് ഒഴുകിപ്പോകാതെ മൺറോഡുകളിൽ നീക്കെട്ടുകൾ ഉണ്ടാകുകയും, വർഷക്കാലത്ത് ഗതാഗതയോഗ്യമല്ലാതായി തീരുകയും ചെയ്തു.

## സാദ്ധ്യതകൾ

I റയിൽ ഗതാഗതം

(1) ഈ പഞ്ചായത്തിൽ റയിൽ യാത്രക്ക് വേണ്ട സൗകര്യം ഇപ്പോഴില്ല നിർദ്ദിഷ്ട ഗുരു–കുററിപ്പുറം റയിൽ പാത ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം.

(2) താനൂരിൽ നിന്നാരംഭിക്കുന്ന തീരദേശ റയിൽവേ പൊന്നാനി വഴി ഈ പഞ്ചായത്തിന്റെ തീരദേശത്തു കൂടി കടന്നു പോകുവാൻ നടപടി സ്വീകരിക്കണം.

II ജലഗതാഗതം

(1) കനോലികനാൽ ആഴം കൂട്ടുകയും ഇരു വശവും കരിങ്കൽകൊണ്ട് കെട്ടുകയും ചെയ്ത് ഗതാഗതയോഗ്യമാക്കി തീർക്കുകയും ബോട്ട് സർവ്വീസ് ആരംഭിക്കുകയും ചെയ്യുക.

III റോഡുകൾ

എല്ലാ ഗ്രാമസഭകളിലും ഉയർന്നുവന്നിട്ടുള്ള പ്രധാനപ്പെട്ട ഒന്നായിരുന്നു റോഡുകളുടെ ശോചനീയാവസ്ഥയും പുതിയ റോഡുകളുടെ നിർമ്മാണത്തെയും പററിയുള്ള ചർച്ച.

ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ

1 പാറ–കുണ്ടിച്ചിറ റോഡ് അററകുററപണി തീർത്ത് 8 മീററർ വീതിയാക്കുക.
2 NH 17 ലെ മണ്ണൊലിപ്പ് തടഞ്ഞ് എഡ്ജുകൾ ഇല്ലാതാക്കുക
3 പല റോഡുകളുടെയും വീതി കുറവ് പരിഹരിക്കുക.
4 ടാർ ചെയ്ത റോഡുകളുടെ വീതിവർദ്ധിപ്പിക്കുക.
5 ടാർചെയ്യുന്ന റോഡുകൾക്ക് JRY പദ്ധതിയിൽ തീരദേശ പഞ്ചായത്തിന് 6 മീററർ വീതി വേണമെന്നത് 4മീററർ ആക്കി ചുരുക്കേണ്ടതാണ്.
6 NH 17ൽ കൂടി പൊന്നാനി–തിരുവനന്തപുരം

ഗുരുവായൂർ—കോഴിക്കോട്, ചങ്ങരംകുളം—ഉപ്പങ്ങൽ, പൊന്നാനി—തൃശ്ശൂർ, പൊന്നാനി—എറണാകുളം, പൊന്നാനി—പുത്തൻപള്ളി—കുന്നംകുളം എന്നീ റൂട്ടുകളിൽ KSRTC ബസ് സർവ്വീസ് ആരംഭിക്കേണ്ടതാണ്.

7 പ്രധാന സ്റ്റോപ്പുകളിൽ വെയിററിംഗ് ഷെഡ് നിർമ്മിക്കേണ്ടതാണ്.

8 NH 17 ലൂടെ പുതുപൊന്നാനി വരെ പോകുന്ന ബസുകൾ പൊന്നാനി ബസ്സ്റ്റാൻറുവരെ നീട്ടുക.

9 പുത്തൻപള്ളി സെൻററിൽ ഒരു ബസ്സ്റ്റാൻറ് നിർമ്മിക്കുക.

10 കനോലി കനാലിൽ പാലപ്പെട്ടി കടവത്ത് ഒരു നടപ്പാലം നിർമ്മിക്കുക.

IV മെററൽ റോഡുകളും പ്രധാന മൺറോഡുകളും

(1) ടാർ ചെയ്യേണ്ട മെററൽ റോഡുകൾ

നിലവിലുള്ള ടാർ റോഡുകളുടെ ദൂരത്തോടൊപ്പം ടാർ ചെയ്യേണ്ട മെററൽ റോഡുകളുടെ ദൂരംകൂടി കൂട്ടുമ്പോൾ ആകെ ദൂരം 20.28 ഇത്രയേ വരുന്നൊള്ളൂ. ഇതിൽനിന്നും ടാർ ചെയ്യുന്നതിന് അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതാണെന്ന് വ്യക്തമാകുന്നു.

## പട്ടിക 2
## ടാർ ചെയ്യേണ്ട മെററൽ റോഡുകൾ

3-ാം വാർഡ് കൊഴപ്പുള്ളി അമ്പലം, കൊഴപ്പുള്ളി കടവ് റോഡ് 500 മീററർ

10-ാം വാർഡ് പാലപ്പെട്ടി ബീച്ച് റോഡ് പാലപ്പെട്ടി ആശുപത്രി ബീച്ച് റോഡ് 1-100

4-ാം വാർഡ് വന്നേരി ഹൈസ്കൂൾ—പുന്നയൂർക്കുളം അതിര് റോഡ് 1-667

(2) പ്രധാന മൺറോഡുകൾ

അടിയന്തിര പ്രാധാന്യത്തോടെ മെററൽ ചെയ്ത് ടാർ ചെയ്യേണ്ട 56 റോഡുകൾ ഈ പഞ്ചായത്തിൽ ഉണ്ട്.

## പട്ടിക 3

V മെററൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

1-ാം വാർഡ് ചെറവല്ലൂർ പോസ്റ്റോഫീസ്—കുരിക്കാട് റോഡ് 513 മീററർ

ചെറവല്ലൂർ തെക്കുംമുറി—കുരിക്കാട് മുനമ്പം റോഡ് 450 മീററർ

പുറംകോൾ പടവ്—നടപ്പാത 0.195

തെക്കാട് കോൾപ്പടവ്—നടപ്പാത 0.075

2-ാം വാർഡ് ആമയം പള്ളി മുതൽ എളംപാടം കോൾ പടവ് ആലി അഹമ്മദുണ്ണി മസ്ല്യാർ റോഡ് 0.450

ചെറവല്ലൂർക്കടവ് കല്ലൂർ സെൻറർ മുതൽ കരുവാൻ കുന്ന് വരെ (ഫുട് പാത്ത്) 0.150

3-ാം വാർഡ് കൊഴപ്പുള്ളി അമ്പലം—കൊഴപ്പുള്ളിക്കടവ് റോഡ് 0 500

ബ്ലോക്കോഫീസ് ചെറവല്ലൂർക്കടവ് റോഡ് മുതൽ തവളക്കുന്ന് റോഡ് വരെ 0 750

ബ്ലോക്കോഫീസ് ചെറവല്ലൂർ കടവ് മുതൽ കൊമ്പത്തേൽ പറമ്പ് വരെ 0 900

കുഞ്ഞുട്ടിപ്പടി—മുത്തപ്പൻ തൊടി 1 153

MARM-LPS—വട്ടപ്പാടം റോഡ് 0 240

തവളക്കുന്ന് പത്തുകണ്ടം റോഡ് 0 350

ബ്ലോക്കോഫീസ് ചെറവല്ലൂർ റോഡ് MARM-LPS റോഡ് വരെ 0.485

പട്ടേരിക്കുന്ന് ലക്ഷം വീട് കോളനി റോഡ് 0.180

കുഞ്ഞുട്ടിപ്പടി മുതൽ നൂനക്കടവ് പള്ളിവരെ 1 km

3ഉം 4ഉം വാർഡ് പുത്തൻപള്ളി—കൊഴപ്പുള്ളി എരമംഗലം നാക്കോല റോഡ് 1. 450

4-ാം വാർഡ് വന്നേരി ഹൈസ്കൂൾ പുന്നയൂർക്കുളം റോഡ് 1.417

കണ്ടകടവ് കോട്ടപ്പടി മുതൽ നൂനക്കടവ് റോഡ് 1.‿00

പൊക്കായി മുക്ക് കാട്ടുമാടം റോഡ് 0.440

മാരത്തേൽ പറമ്പ് നൂനക്കടവ് റോഡ് 0.550

കണ്ടു. പ്പള്ളി പീടിക തൊളിക്കണ്ടം റോഡ് 1.120

കാട്ടുമാടം ലക്ഷം വീട് കോളനി റോഡ് 0.128

മെയിൻറോഡ് ആമയൂർ റോഡ് 1 km

നൂണക്കടവ് മെയിൻറോഡ് 1 km

തൊളിക്കണ്ടം റോഡ് വടക്കൂട്ട് പള്ളിവരെ 0.500 m

4-ാം വാർഡ് ബ്ലോക്കോഫീസ് കാട്ടുമാടം റോഡ് 2 km

5-ാം വാർഡ് പാറ ബ്ലോക്കോഫീസ് റോഡ് 1 km

പുളിയമ്പററയിൽ ഇടവഴി റോഡ്

മെററൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡ്

6–ാം വാർഡ് മാപ്പാട്ട് എടവഴി റോഡ് 1.244
,, നാക്കോല കോടത്തൂർ എടവഴി റോഡ് 0.400
,, കോടത്തൂർമദ്രസ്സ ശവപ്പറമ്പ് റോഡ് 0.350
,, കാവപ്പുര മാലംച്ചൂട്ട് പടി റോഡ് 0.400
,, മടപ്പാട്ട് ഇടവഴി–കോടത്തൂർ ജംഗ്ഷൻ. കോടത്തൂർ കാരാക്കണ്ടി പാലം റോഡ് 1.500
6–ാം വാർഡ് മലംച്ചട്ടി പീടിക കാവപ്പുര പീടിക റോഡ് 0.400
,, കോടത്തൂർ ബാലവാടി റോഡ് 0.400
7–ാം വാർഡ് ആതവനാട് റോഡ്. കടിക്കാട് അതിറ് കനോലി കനാൽ റോഡ് 0 300
,, തലച്ചനാത്ത് റോഡ് 0 250
8–ാം വാർഡ് പുതിയിരുത്തി അറസ്സൽപ്പടി റോഡ് 0 940
,, തിക്കാട് പറമ്പ് മുതൽ വെളിയംകോട് പഞ്ചായത്ത് ബൗണ്ടറി റോഡ് വരെ 0.523
,, അയിരൂർ മദ്രസ്സ പാലപ്പെട്ടി കടവ് റോഡ് 0. 420
,, വെളിയംകോട് അതിര് അയിരൂർ എരമംഗലം റോസ് 0. 425
,, അറസ്സൽപ്പടി മുക്കിലറ റോഡ് 0.105
,, കാരാക്കണ്ടി എം. എൽ. എ. റോഡ് 0.215
,, എം.എൽ എ. റോഡ് തലച്ചനാട്ട് ഇടവഴി റോഡ് 0.240
,, അയിരൂർ സെൻറർ പുതിയിരുത്തി റോഡ് 1 km
,, നെയ്ത്താലി എം.എൽ.എ. റോഡ് 0.275
9–ാം വാർഡ് പുതിയിരുത്തി വടക്കേ തട്ടപറമ്പ് റോഡ് 1.000
,, പുതിയിരുത്തി കനോലി കനാൽ റോഡ് 0.595
,, വടക്കെ തട്ടപറമ്പ് തണ്ണിത്തുറ 1.000
,, സിഡിമുസിലി അജ്മീർ നഗർ റോഡ് 1.500

റോഡിൻെറ പേര്

10–ാം വാർഡ് പാലപ്പെട്ടി അള്ളായി മദ്രസ്സ വടക്കെ തട്ടപറമ്പ് റോഡ് (ജയന്തി റോഡ്) 1.250
,, പാലപ്പെട്ടി ടിപ്പുസുൽത്താൻ റോഡ് മുതൽ കനോലിക്കനാൽ വരെ 0. 400
,, റസാക്ക്പടി മുതൽ പാലപ്പെട്ടി ബീച്ച് റോഡ് വരെ 0.600
11–ാം വാർഡ് പാലപ്പെട്ടി അള്ളായി മദ്രസ്സ കാപ്പിരിക്കാട് ബീച്ച് റോഡ് വരെ 0.650
,, കാപ്പിരിക്കാട് ഹിദ്ഗർ പള്ളി റോഡ് 0.250
,, കാപ്പിരിക്കാട് ബീച്ച് അറപ്പ റോഡ് 0.300
,, കാപ്പിരിക്കാട് ബീച്ച് റോഡ് 850

പുതുതായി നിർമ്മിക്കേണ്ട മൺ റോഡുകളം നിർദ്ദേശിക്കുന്ന പേര്

1–ാം വാർസ് അജ്മീർ പള്ളി മുതൽ നീലയിൽ കോളം പടവ് വരെ 0.500
2–ാംവാർഡ് തുരുത്തുമ്മൽ ചെറവല്ലൂർ റോസ് 0.500
,, ചെറവല്ലൂർ പെരുമ്പടപ്പുമായി ബന്ധിപ്പിക്കുന്നതിന് കടവിൽ നടപ്പാലം 0 200
,, ചെറവല്ലൂർ ഹെൽത്ത് സെൻറർ റോഡ് 250
,, ചെറവല്ലൂർ സെൻറർ പള്ളി തുരുക്കെ കടവ് റോഡ് 300
3–ാം വാർഡ് തവളക്കുഴല് മുതൽ മുത്തപ്പൻ തൊടി വരെ 600
,, കൊമ്പത്തേൽ പറമ്പ് റോഡ് മുതൽ തുരുത്തുവരെ നടപ്പാത 300
4–ാം വാർഡ് ഡോക്ടർ പടി വടക്കൂട്ട് പള്ളി റോസ് 300
,, വടക്കൂട്ട് പള്ളി ഹരിജൻകോളനി റോഡ് 400
,, തെളിക്കണ്ടം റോഡ് 250
,, ആമയൂർ കോളനി കുഞ്ഞുസാഹിബ് റോഡ് 250
,, നുണക്കടവ് പള്ളി കുഞ്ഞുട്ടിപടിവരെ വീതികൂട്ടുക 1.000
5–ാം വാർഡ് കൊയപ്പുള്ളി കായൽ റോഡ് 400
,, പാറ തെക്കോട്ട് ചൂണ്ടപറമ്പ് വഴി തൊളിക്കണ്ടം റോഡ് 600
,, പണിക്കർ ഇടവഴി വൈശ്യം വീട് റോഡ് 250
,, കണ്ടിച്ചിറ റോഡിൽനിന്ന് തൊഴുംഞ്ചാറ തെക്കുഫുട്പാത്ത് 650
6–ാം വാർഡ് കോടത്തൂർ ഭഗവതി ക്ഷേത്രം റോഡ് (തീയ്യത്ത്) 500
,, ഗാന്ധിജി റോഡ് (സ്കൂളിൻെറ തെക്ക

ഭാഗം 0.200
,, കോടത്തൂർ സ്മാരം റോഡ് 0.100
,, സഗ്ഗം റോഡ് ( മണ്ണൂരയിൽ പടി തെക്കോട്ട് ഒാവ് പാലം വേണം ) 500
,, കോടത്തൂർ ബാലവാടി മുതൽ ചെറായി വരെ 200

7–ാം വാർഡ് ആർന്തർ അമ്പലം വഴി എം. എൽ. എ റോഡ് വരെ 300
,, വാലിപ്പറമ്പ് അയിരൂർ സെൻറർ റോഡ് 100
,, തെക്കംതിയ്യം മുതൽ എ എം. എൽ പി. സ്കൂം വരെ 600

8–ാം വാർഡ് എം. എൽ. എ റോഡിൽ നിന്ന് കിഴക്കോട്ട് അയിരൂർ കോവിലകം പറമ്പിൽ നിന്നും തെക്കോട്ട് തലച്ചിനാത്ത് റോഡുമായി ബന്ധിപ്പിക്കുന്ന റോഡ് 500
,, എം. എൽ എ റോഡിൽ നിന്ന് പടിഞ്ഞാട്ട് പഴഞ്ചേരി ഇടവഴിയിലൂടെ സെൻറർ പുതിയിരുത്തി റോഡിൽ ബന്ധിപ്പിക്കുക. 250

9–ാം വാർഡ് കുഞ്ഞുട്ടി മാസ്റ്റർ ഇടവഴി മുതൽ പൊററാടി കുഞ്ഞിമോൻ പീടിക വരെ 1.000
,, ചേക്കുട്ടി മുസിലിവീട് മുതൽ വി. നൂറുദ്ധീൻ വീട് വരെ 350
,, ശങ്കരൻമാസ്ററർ ഇടവഴി കനോലികനാൽ വരെ 200
,, ചെറിയകത്ത് മഹമ്മത് വീട് മുതൽ കടൽ വരെ (അറപ്പ റോഡ്) 400
,, NH റോഡിൽ നിന്ന് ആലാട്ടുകാരൻ കോളനി റോഡ് കനാൽ വരെ 250
,, വടക്കേ തട്ടപറമ്പ് അജ്മീർ റോഡ് വരെ 150
,, പൊററാടി ഹമീദ് വീട് മുതൽ തണ്ണിത്തുറ വഴി കടൽ വരെ 500
,, കന്നമ്മൽ ഇടവഴി വടക്കോട്ട് 100
,, N·K മൊയ്തുട്ടി ഇടവഴി പുഞ്ചപ്പാടം വരെ 200
,, കാട്ടുപുറത്ത് ഇടവഴി NH റോഡ് മുതൽ പുഞ്ചപ്പാടം വരെ 200
,, കാലടി ഇടവഴി NH റോഡ് മുതൽ പുഞ്ചപ്പാടം വരെ 200

10–ാം വാർഡ് പാലപ്പെട്ടി ഹൈസ്കൂം മുതൽ പടിഞ്ഞാട്ട് പാലക്കപ്പള്ളി ശേഖരൻമാസ്ററർ ഇടവഴി പടിഞ്ഞാറ് റോഡ് വരെ 350
,, മലായ റോഡ് മാരാം കളം മുതൽ ആസ്പത്രി ബീച്ച് റോഡ് വരെ 250
,, ബാവ മാസ്ററർ പടി മുതൽ പുതിയിരുത്തി മാളിയക്കൽ പടി വരെ 250
,, പുതിയിരുത്തി സ്വാമിപ്പടി ആലുംതായം വഴി തട്ടപറമ്പ് റോഡ് വരെ 300
,, തട്ടപറമ്പ് മുതൽ ദാസേട്ടൻ ഇടവഴി അജ്മീർ റോഡ് വരെ 250
,, തെക്കുട്ട് ബീരാൻ പടി മുതൽ ആലുങ്ങൽ മുഹമ്മതുണ്ണി വരെ 600

11–ാ വാർഡ് അറപ്പ റോഡ് (ആശുപത്രി ബീച്ച് പണിയൻ അറപ്പ) 650
,, ഹിളർ പള്ളി റോഡ് 500
,, ടാഗോർ റോഡ് (തെക്കുട്ട് സെയ്ത് വഴി പോകുന്നത്) 400

A·K·G റോഡ് (ആശുപത്രി ബീച്ച് റോഡിൽ നിന്ന് P·A മുഹമ്മദാലി വീട് വരെ) 250
,, സഞ്ചാരി റോഡ് (കാപ്പിരിക്കാട് ബീച്ച് റോഡ് അറപ്പ റോഡ് വരെ) 300
,, പുവ്വാങ്കര റോഡ് (കാപ്പിരിക്കാട് ബീച്ച് റോഡ് തെക്കെയറ്റം പുഷ്പാഗതൻ വഴി പോകുന്നത്) 400

ചെന്താര റോഡ് (ദ്രൈവ പടി NH റോഡിൽ നിന്ന് മോഹനൻ പീടിക വരെ) 300

## ഊർജ്ജം

1957–58 കാലഘട്ടത്തിൽ ഈ പഞ്ചായത്തിൽപ്പെട്ട ബ്ലോക്കാഫീസ് കൊയപ്പുള്ളി ഭാഗത്തെ ചില വീടുകളിലാണ് ആദ്യമായി വൈദ്യുതി എത്തിയത് എങ്കിലും ഇപ്പോഴും എല്ലാ വാർഡുകളിലും എല്ലാ പ്രദേശത്തേക്കും വൈദ്യുതി എത്തിയിട്ടില്ല. പഞ്ചായത്തിൽ മൊത്തം 4800ൽ പരം ഉപഭോക്താക്കളാണ് ഉള്ളത്. ഈ പഞ്ചായത്തിൽ വൈദ്യുതി ബോർഡിന്റെ ഓഫീസുകരം ഒന്നും പ്രവർത്തിക്കുന്നില്ല. പുന്നയൂക്കുളം മേജർ സെക്ഷൻ 16000ൽ പരം ഉപഭോക്താക്കരം ഉള്ളതിനാൽ വൈദ്യുതി ലഭിക്കുന്നത് എടപ്പാറം, ഗുരുവായൂർ സബ് സ്റ്റേഷനുകളിൽ നിന്നാണ്. പുന്നയൂക്കുളത്ത് അനുവദിച്ച സബ്സ്റ്റേഷന്റെ പണി ഉടനെ ആരംഭിച്ചാൽ പെരുമ്പടപ്പ് പഞ്ചായത്തിലെ വോറംട്ടേജ ക്ഷാമത്തിന് കുറച്ചെങ്കിലും പരിഹാരമുണ്ടാകും. എരമംഗലത്തെ സബ് എഞ്ചിനീയർ ആഫീസ്സിൽ 7500ൽ പരം ഉപഭോക്താക്കരം ഉണ്ട്. ആ സബ് സ്റ്റേഷൻ അസിസ്റ്റൻറ് എൻജിനിയർ ആഫീസ്സാക്കി ( സെക്ഷൻ ഓഫീസ് ) ഉയർത്തുക

യും പെരുമ്പടപ്പ് പഞ്ചായത്തിൽ ഒരു സബ് എൻജിനീയർ ആഫീസ് തുറക്കുകയും ചെയ്യുക.

ഇപ്പോൾ ഈ പഞ്ചായത്തിലേക്ക് ആവശ്യമായ വൈദ്യുതി എടപ്പാൾ സബ് സ്റ്റേഷനിൽ നിന്നാണ് ലഭിക്കുന്നത്. ഉപഭോക്താക്കൾ കരൻറ് ചാർജ്ജ് അടക്കുവാൻ വെളിയംകോട്, പുന്നയൂർക്കുളം എന്നീ പഞ്ചായത്തുകളിലുള്ള ഓഫീസുകളിൽ വളരെ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.

പുന്നയൂർക്കുളം മേജർ സെക്ഷൻ ഓഫീസിൽ നിന്നും, റേഷൻ കടകളിൽ നിന്നും, സാമൂഹ്യ പ്രവർത്തകരിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് സുമാർ 4800ൽ പരം ഉപഭോക്താക്കൾ ഉണ്ട്. ഇതിൽ 79% ഗാർഹിക ആവശ്യത്തിനും, 12% കാർഷിക ആവശ്യത്തിനും 8% വ്യാപാരികളും 1% വ്യവസായികളുമാണ്.

ഇപ്പോൾ 18 ട്രാൻസ്ഫോമറുകൾ ഉണ്ട്. ഉപഭോക്താക്കൾ വോൾട്ടേജ് കുറവിനെ സംബന്ധിച്ച് ധാരാളം പരാതിയുള്ളവരാണ്. കൂടുതൽ ട്രാൻസ്ഫോമറുകൾ സ്ഥാപിക്കണം. മീററുകൾ പലതും കേടാണ്. പകരം പുതിയ മീററുകൾ വേണം. ഇലക്ട്രിക് പോസ്റ്റുകൾ പലതും സ്വകാര്യ ഉടമകളുടെ സ്ഥലത്തുകൂടി പോവുന്ന അവയെല്ലാം പൊതു വഴിയിലേക്ക് മാററി സ്ഥാപിക്കണം. കേടുവന്നതും, ദ്രവിച്ചതുമായ പോസ്റ്റുകൾ മാററി പുതിയ പോസ്ററുകൾ ഇടണം. പഞ്ചായത്തിൽ ഏകദേശം 35 KM 11 KV ലൈനുകളും, 50 KM ത്രീഫേസ് ലൈനുകളും 60 KM സിങ്കിൾ ഫേസ് ലൈനുകളുമുണ്ട്. പഞ്ചായത്തിൽ 3 ട്യൂബുകളും 63 ബൾബുകളും കൂടി 66 സ്ട്രീററ് ലൈററുകൾ ഉണ്ട്.

പഞ്ചായത്തിലെ ട്രാൻസ് ഫോർമറുകളും അവയുടെ കപ്പാസിററിയും താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| | | | |
|---|---|---|---|
| 100 KVA | കൈതക്കൽ 1 | 10-ാം നമ്പർ | പാറ |
| 100 ,, | ,, 2 | 11 ,, | കോടത്തൂർ |
| 100 ,, | ,, 3 | 12 ,, | എളാട്ടെപ്പടി |
| 100 ,, | ചെറവല്ലൂർ | 13 ,, | അയിരൂർ |
| 160 ,, | തുരുത്തുമ്മൽ കെട്ട് | 14 ,, | പാലപ്പെട്ടി 1 |
| 63 ,, | കടക്കഴി | 15 ,, | പാലപ്പെട്ടി 2 |
| 250 ,, | പെരുമ്പടപ്പ് | 16 ,, | പാലപ്പെട്ടി 3 |
| 100 ,, | പുത്തൻപള്ളി | 17 ,, | പുതിയിരുത്തി |
| 63 ,, | പഴംഞ്ചിറ | 18 ,, | പാലപ്പെട്ടി 4 |

അവലംബം: പുന്നയൂർക്കുളം മേജർ സ്റ്റേഷൻ റിക്കാഡ്

## പ്രശ്നങ്ങൾ

1 എല്ലാ വാർഡിലും എല്ലാ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.
2 വോൾട്ടേജ് കുറവാണ്.
3 വൈദ്യുതി ബോർഡിൻെറ പല ഓഫീസും മററു പഞ്ചായത്തിൽ ആണ്.
4 ലൈൻ പോവുന്ന സ്ഥലങ്ങളിൽ ധാരാളം മരങ്ങൾ ഉള്ളത് വൈദ്യുതി നഷ്ടം വരുത്തുന്നു.
5 ലക്ഷം വീട് കോളനികൾ, ഹരിജൻ കോളനികൾ, ഫിഷറീസ് കോളനികൾ എന്നിവിടങ്ങളിൽ വൈദ്യുതി എത്തിയിട്ടില്ല.
6 പഞ്ചായത്തിലെ 3 മുതൽ 11 വാർഡുകളിൽ സ്ട്രീററ് ലൈററ് എത്തിയിട്ടില്ല. പ്രധാന കവലകളിൽ സോഡിയം വേപ്പർ സ്ഥാപിക്കണം.
7 KSEB രജിസ്റ്റർ പ്രകാരമുള്ളതിനേക്കാൾ അധികം വൈദ്യുതി ഉപയോഗിക്കുന്നു.
8 സ്റ്റപ്പ്—അപ്പ് ഉപയോഗം ദരിദ്ര കുടുംബങ്ങളെ ദോഷമായി ബാധിക്കുന്നു.
9 മത്സ്യത്തൊഴിലാളികൾക്ക് ഒരു സർച്ച് ലൈററ് സ്ഥാപിക്കണം.
10 ബോർഡിൻെറ അഴിമതിയും അനാസ്ഥയും അവസാനിപ്പിക്കണം.
11 പെരുമ്പടപ്പിൽ ഒരു സബ് എൻജിനീയർ ഓഫീസ് തുറക്കണം.
12 പുന്നയൂർക്കുളത്ത് അനുവദിച്ച അബ് സ്റ്റേഷൻ പണി ആരംഭിക്കണം.
13 ആവശ്യത്തിന് ലൈൻമാൻ മാർ ഇല്ലാത്തത് കാരണം അററ കുററ പണികൾ വൈകിയാണ് നടക്കാറുള്ളത്. ലൈൻമാൻമാരെ അടിയന്തിരമായി നിയമിക്കുക.
14 പുതിയ ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

## സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്ററററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ

വൈദ്യുതി ഉപഭോഗം. സമ്പന്ന കുടുംബങ്ങളിൽ സ്റ്റെറപ്-അപ്പ് വ്യാപകമായി ഉപയോഗിക്കുന്നതുകാരണം മററുവീടുകളിൽ വോൾട്ടേജ് കുറയാൻ കാരണമാകുന്നു. പ്രസരണ വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നുണ്ട്. മരച്ചില്ലകളിലും മററ് ലൈനുകളിലും തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും ഇവിടെ വൈദ്യുതി വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ പ്രത്യേക സംവിധാനം പ്രദേശിക തലത്തിൽ ഉണ്ടാകേണ്ടതാണ്.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം കി. മീററർ 11 KV ലൈനുകളും കി മീററർ 3 ഫേസ് ലൈനുകളും കി. മീററർ സിംഗിൾ ഫേസ് ലൈനുകളും വലിക്കേണ്ടതുണ്ട്. മിക്ക വാർഡുകളിലും സ്ട്രീററ്ലൈററ്, ലൈററുകൾ സ്ഥാപിക്കണമെന്ന ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. പഞ്ചായത്തിലെ പ്രധാന കവലകളിൽ സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കേണ്ടതുണ്ട്. കടൽ തീരത്ത് ഒരു 'സർച്ച് ലൈററ്' അത്യന്താപേക്ഷിതമാണ്.

വൈദ്യുതി ബോർഡിലെ ജീവനക്കാരുടെ അഴിമതിയെക്കുറിച്ചും അനാസ്ഥയെക്കുറിച്ചും ഗ്രാമ സഭകളിൽ ഗൗരവമായ ചർച്ചയാണ് നടന്നത്.

വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുവാനുള്ള സംവിധാനം പാലപ്പെട്ടിയിലും, പാറയിലും, ചെറവല്ലൂരും ഉണ്ടാക്കുകയാണെങ്കിൽ കൂടുതൽ സൗകര്യമായിരുന്നു. പൊട്ടി വീഴാറായ വൈദ്യുതി കമ്പികളും ദ്രവിച്ച പഴയ പോസ്ററുകളും ഉടൻ തന്നെ മാററേണ്ടതാണ്. പഞ്ചായത്തിലെ ഹരിജൻ, ലക്ഷംവീട്, ഫിഷറീസ് കോളനികളിൽ ഉടൻ തന്നെ വൈദ്യുതി എത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കണം.

പഞ്ചായത്തിലെ മിക്ക വീടുകളിലും വിറകാണ് പാചകത്തിനുപയോഗിക്കുന്നത്. പുകയില്ലാത്ത അടുപ്പുകൾ കുറവാണ്. പുകയില്ലാത്ത പരിഷത്തടുപ്പുകളെ കുറിച്ചുള്ള അറിവില്ലായ്മയും അത് ലഭിക്കുവാനുള്ള ബുദ്ധിമുട്ടുമാണ് ഈ അടുപ്പുകളുടെ ഇല്ലായ്മക്ക് കാരണം. പഞ്ചായത്തടിസ്ഥാനത്തിൽ പരിഷത്തടുപ്പുകൾ സ്ഥാപിക്കുവാനുള്ള ഒരു ശ്രമം നടത്തിയാൽ അത് വിജയിക്കുവാനുള്ള സാദ്ധ്യതകൾ ഏറെയാണ്. പാലപ്പെട്ടി പ്രദേശത്ത് ശാസ്ത്രസാഹിത്യ പരിഷത്തിന്റെ നേതൃത്വത്തിൽ 30-ഓളം പരിഷത്തടുപ്പുകൾ സ്ഥാപിച്ചിരുന്നു. ഗ്യാസ്, വൈദ്യുതി, മണ്ണെണ്ണ തുടങ്ങിയവ ഉപയോഗിച്ച് പാചകം നടത്തുന്നവർ വളരെ കുറവാണ്.

സോളാർ വിളക്കുകളെപ്പററിയും പരിഷത്തടുപ്പുകളെപ്പററിയും വൈദ്യുതി ബോർഡ് അനർട്ട് തുടങ്ങിയവയുടെ സഹകരണത്തോടെ പഞ്ചായത്ത് മുൻകൈ എടുത്ത് ബോധ വല്ക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതുണ്ട്. കൂടാതെ വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കാനും, അനാവശ്യ ഉപയോഗങ്ങൾ തടയാനും, അപകടങ്ങൾ ഇല്ലാതാക്കാനും വൈദ്യുതി ബോർഡിന്റെ സഹകരണത്തോടെ ബോധവല്ക്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്നും നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

പഞ്ചായത്തിൽ നല്ലപോലെ സൂര്യ പ്രകാശം ലഭിക്കുന്നതിനാൽ ഗൃഹങ്ങളിലെ ഉപയോഗത്തിനും തെരുവുവിളക്കുകൾക്കായും 'സോളാർ ലാംമ്പു'കളെ ആധാരമാക്കി ഒരു പഞ്ചായത്ത് തല സംവിധാനം ഉണ്ടാക്കാവുന്നതാണ്.

## മാർക്കററ്

ഈ പഞ്ചായത്തിൽ നിന്ന് വിപണനം നടത്തിയിരുന്നതും പുറം പ്രദേശങ്ങളിലേക്ക് അയക്കുകയും ചെയ്തിരുന്ന മത്സ്യം, തേങ്ങ, കശുവണ്ടി, ചകിരി, അടക്ക, നെല്ല് എന്നിവ വിററഴിക്കുവാൻ വിപണി കണ്ടെത്താനുള്ള ബുദ്ധിമുട്ട് നേരിടുകയാണ്. പാലപ്പെട്ടി പ്രദേശത്ത് സജീവമായിരുന്ന മത്സ്യകച്ചവടം പൂർണ്ണമായും നശിച്ചിരിക്കുന്നു. മുൻ കാലങ്ങളിലുണ്ടായിരുന്ന ജനജീവിതവും പ്രകൃതി വിഭവങ്ങളും തമ്മിലുള്ള ബന്ധം ഇല്ലാതായി വരുന്നു. ഇവ സജീവമാക്കുവാൻ ഗ്രാമീണ ചന്തകൾ ഉണ്ടാവണം.

ഈ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകൾ നാളികേരം, അടക്ക, നേന്ത്രക്കായ, കശുവണ്ടി, നെല്ല്, രാമച്ചം, മത്സ്യം, പയർ വർഗ്ഗങ്ങൾ എന്നിവയാണ്. ഇതിൽ പ്രധാനമായ നാളികേരത്തിന് പോലും ഒരു പൊതു വിപണിയില്ല.

കാർഷിക ഉല്പന്നങ്ങളും അവയുടെ മാക്കററിങ്ങ് പ്രശ്നങ്ങളും നിവാരണ നിർദ്ദേശങ്ങളും അടങ്ങിയ വാർഡ് അടിസ്ഥാനത്തിലുള്ള പട്ടികയാണ് താഴെ കൊടുക്കുന്നത്.

1-ാം വാർഡ് നെല്ല്, നാളികേരം, അടക്ക, നേന്ത്ര വാഴ, മത്സ്യം മാക്കററോ, ആഴ്ച ചന്തയോ, ഇല്ല മാർക്കററ് വേണം മത്സ്യ മാക്കററ് അത്യന്താപേക്ഷിതം.

2-ാം വാർഡ് നെല്ല്, നാളികേരം, അടക്ക, നേന്ത്ര വാഴ, മത്സ്യം മാക്കററോ ആഴ്ച ചന്തയോ ഇല്ല. ചെറവല്ലൂർ പൊതു മാക്കററ് വേണം മത്സ്യ മാർക്കററ്.

3-ാം വാർഡ് നാളികേരം, നെല്ല്, അടക്ക, മത്സ്യം ആഴ്ച ചന്തയോ പൊതു മാക്കററോ ഇല്ല. പുത്തൻപള്ളി കേന്ദ്രീകരിച്ച് ചന്തയും പൊതു മാക്കററും വേണം.

4-ാം വാർഡ് നാളികേരം, നേന്ത്രക്കായ, പച്ചക്കറി പൊതു മാക്കററ് ആഴ്ച, ചന്തയും ഇല്ല. വന്നേരി ഹൈസ്കൂൾ സെൻററിൽ പൊതു മാക്കററ് വേണം.

5-ാം വാർഡ് നാളികേരം, അടക്ക, നേന്ത്രക്കായ പൊതു മാക്കററ് ഇല്ല. വിപണന സൗകര്യം ഉണ്ടാക്കണം.

6-ാം വാർഡ് നാളികേരം, നെല്ല്, പച്ചക്കറി പൊതു മാക്കററ് ഇല്ല. മാക്കററ് ഉണ്ടാക്കണം.

7-ാം വാർഡ് നാളികേരം, അടക്ക, നെല്ല്, പച്ചക്കറി പൊതു മാക്കററ് ഇല്ല കണ്ടു ബസാറിൽ പൊതു മാക്കററ് വേണം.

8-ാം വാർഡ് നാളികേരം, അടക്ക, നെല്ല്, പച്ചക്കറി പൊതു മാക്കററ് ഇല്ല അയിരൂർ സെൻററിൽ പൊതു മാക്കററ് വേണം.

9-ാം വാർഡ് നാളികേരം, രാമച്ചം, നെല്ല്, വാഴ, പൂള, അടക്ക, മത്സ്യം, ഇത്തിൾ പൊതു മാക്കററ്, എന്നിവ ഇല്ല. പുയിയിരുത്തി സെൻററിൽ മാക്കററിങ്ങ് വേണം.

10-ാം വാർഡ് നാളികേരം, നെല്ല്, രാമച്ചം, കിഴങ്ങ് വർഗ്ഗങ്ങൾ, പയറ് വർഗ്ഗങ്ങൾ, മത്സ്യം, ഇത്തിൾ പൊതു മാക്കററിൻെറ അഭാവം ഉല്പന്നങ്ങൾക്ക് ഡിമാൻറ് ഇല്ലാതാക്കുന്നു. തട്ടുപറമ്പ് കേന്ദ്രീകരിച്ച് മാക്കററിങ്ങ് സമ്പ്രദായം അത്യന്താപേക്ഷിതമാണ്.


11-ാം വാർഡ് നാളികേരം, രാമച്ചം, നെല്ല്, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പയറ് വർഗ്ഗങ്ങൾ, മത്സ്യം ഇത്തിൾ പൊതു മാക്കററിൻെറ അഭാവം ഉല്പന്നങ്ങൾക്ക് ഡിമാൻറ് ഇല്ലാതാക്കുന്നു. ആശുപത്രി സെൻറർ കേന്ദ്രീകരിച്ച് പൊതു മാക്കററിങ്ങ് സമ്പ്രദായം അത്യന്താപേക്ഷിതം.


സഹകരണാടിസ്ഥാനത്തിൽ (സ്വകാര്യ വ്യക്തികൾ ഒന്നിച്ച് ചേർന്നോ, വിവിധ ഗ്രാമസഭകൾ പ്രാധിനിത്യ സ്വഭാവത്തിൽ സംഘടിച്ചോ) നാളികേരം, അടക്ക, രാമച്ചം ഉപയോഗിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും പഞ്ചായത്തിൽ നല്ല സാദ്ധ്യതയുള്ള നേന്ത്രവാഴ കൃഷിയും, ഏത്തക്കായ ഉൽപന്നങ്ങളും നിർമ്മിക്കാം.

9, 10, 11 വാർഡുകളിൽ ലഭിക്കുന്ന രാമച്ചം ഉപയോഗിച്ച് വിവിധ രാമച്ച ഉൽപന്നങ്ങൾ നിർമ്മിച്ച് വിപണനം ചെയ്യുന്നതിനും ധാരാളം സാദ്ധ്യത ഉണ്ട്.

മറെറാരു ഉൽപന്നമായ മത്സ്യം, വിപണനം നടത്താനും സംസ്കരിക്കാനും പഞ്ചായത്ത് ഗൗരവമായി ആലോചിക്കേണ്ടതാണ്. പഞ്ചായത്തിൽ ഒരു ആഴ്ച ചന്ത നടത്താവുന്നതാണ്.

ഇപ്രകാരം നമ്മുടെ പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അവയുടെ ഉൽപന്നങ്ങൾക്ക് കുറേ കൂടി മെച്ചപ്പെട്ട വില ലഭ്യമാക്കാനും. സാദ്ധ്യമാണ്.






# പൊതുജനാരോഗ്യം

പെരുമ്പടപ്പ് പഞ്ചായത്തിലെ മൊത്തം ജനങ്ങളുടെ ആരോഗ്യനില തൃപ്തികരമാണെങ്കിലും അടിസ്ഥാന പരമായി ലഭ്യമാകേണ്ട ചികിത്സാ സൗകര്യങ്ങളുടെ ലഭ്യത ആശാവഹമല്ല. പാലപ്പെട്ടിയിലും ചെറവല്ലൂരും പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഓരോ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളും അയിരൂരിലെ ഒരു സബ് സെൻററും മാത്രമാണ് പഞ്ചായത്തിൽ ഗവർമ്മെണ്ട് തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങൾ. ജനങ്ങളിൽ ബഹുഭൂരിപക്ഷവും സ്വകാര്യ ചികിത്സാ സംവിധാനങ്ങളെ ഉപയോഗപെടുത്തുകയാണ് ചെയ്യുന്നത്. 27204 ജനസംഖ്യയുള്ള പഞ്ചായത്തിൽ ആരോഗ്യ കേന്ദ്രങ്ങളുടെ അപര്യാപ്തതയും ഉള്ളവയിലെതന്നെ കാര്യക്ഷമതക്കുറവും വലിയൊരളവിൽ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്.

തീരപ്രദേശ വാർഡായ 9—ാം വാർഡിൽ സ്ഥിതിചെയ്യുന്ന പാലപ്പെട്ടി പ്രൈമറി ഹെൽത്ത് സെൻററിൽ നാളുകളേറെയായി സ്ഥിരമായി ഡോക്ടറെ നിയമിക്കാത്തതിനാൽ സെൻററിൻെറ പ്രയോജനം തദ്ദേശവാസികൾക്ക് പൂർണ്ണമായികിട്ടുന്നില്ല.

ഒന്നാം വാർഡിൽ പ്രവർത്തിക്കുന്ന **P H C** തദ്ദേശവാസികൾക്ക് ഏറെ പ്രയോജന പ്രദമാണ് കഴിഞ്ഞ 12 വർഷത്തിലേറെയായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന് സൗകര്യങ്ങളുടെ പരിമിതിയാണ് പറയാനുള്ളത്. പ്രദേശത്തിൻെറ ആരോഗ്യ പരിപാലനത്തിൽ മുഖ്യ പങ്ക് വഹിക്കേണ്ട ഈ സെൻററിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നാട്ടുകാർ വാങ്ങി ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചിട്ടുള്ള ഒരേക്കർ ഭൂമി ഉപയോഗപ്പെടുത്തപ്പെടാതെ കിടക്കുകയാണ്.

പഞ്ചായത്തിൻെറ ഭൂമിശാസ്ത്ര പരമായ പ്രത്യേകത കാരണം ചെറവല്ലൂരിലെ **P H C** 1, 2, വാർഡുകളിലെ ജനങ്ങൾക്ക് മാത്രമാണ് പ്രയോജനപ്പെടുത്താൻ കഴിയുന്നത്. പഞ്ചായത്തിൻെറ മദ്ധ്യമേഖലയായ 3, 4, 5, 6, വാർഡുകളിലെ ജനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്ന വിധം 3–ാം വാർഡിലോ 5–ാം വാർഡിലോ ഒരു **P H C** കൂടി അനുവദിച്ചുകിട്ടുക എന്നത് പ്രദേശത്തുകാരുടെ ചിരകാലാഭിലാഷമാണ്.

ആരോഗ്യപാലനരംഗത്ത് ജനകീയ ബോധവത്കരണ പരിപാടികൾ നാമമാത്രമായി മാത്രമേ

പഞ്ചായത്തിൽ നടക്കാറുള്ളൂ. പ്രാഥമിക വിദ്യാലയങ്ങളിലെ ആരോഗ്യ പരിപാടികളുടെ പ്രവർത്തനവും ശുഷ്ക്കമാണ്. നിലവിലുള്ള പ്രൈമറി ഹെൽത്ത് സെൻററുകളിൽ വനിതാരോഗികളുടെ പരിശോധനക്കായി ലേഡീഡോക്ടറുടെ സേവനം ഇപ്പോഴും ലഭ്യമാകുന്നില്ല.

പാരമ്പര്യ വൈദ്യൻമാരുടെയും മർമ്മ ചികിത്സകാരുടെയും സേവനം ഗണ്യമായ തോതിൽ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിൽ പങ്കുവഹിക്കുന്നുണ്ട്. ആയുർവേദ ചികിത്സാരംഗത്ത് പ്രാവീണ്യം നേടിയ അഞ്ചോളം വൈദ്യന്മാർ പഞ്ചായത്തിലുണ്ട്. എന്നാൽ ഹോമിയോപ്പതി, യൂനാനി പ്രകൃതി ചികിത്സ തുടങ്ങിയ ചികിത്സാ മേഖലയിൽ വൈദഗ്ദ്യം നേടിയവരോ സ്ഥാപനങ്ങളോ ഇവിടെ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ സർവ്വ സജ്ജീകൃതമായ ഒരു ആയുർവേദ ഡിസ്പൻസറി സ്ഥാപിച്ചുകിട്ടുന്നതിന് ആവശ്യമുയർന്നിട്ടേറെയായി. ഹോമിയോപ്പതി, നേചറോപ്പതി, യൂനാനി തുടങ്ങിയ ചികിത്സാ മേഖലകളെ പരിചയപ്പെടുത്തുന്നതിനും ആരോഗ്യ വിജ്ഞാനം നൽകുന്നതിനും ഏർപ്പാടുകളുണ്ടാകുന്നത് ജനങ്ങളുടെ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടുമെന്നത് നിസ്തർക്കമത്രെ

ആലോപ്പതി ഡോക്ടർമാർ സർക്കാർ സർവ്വീസിലുള്ളവരും അല്ലാത്ത വരുമായി ആകെ രണ്ടുപേർമാത്രമാണ് പഞ്ചായത്തിലുള്ളത്. മൂന്നുപേർ ഇപ്പോഴും പഠിച്ചു കൊണ്ടിരിക്കുന്നുമുണ്ട്. ആരോഗ്യപരിപാലനപരിപാടികളിൽ ഇവരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. ജനങ്ങളുടെ ആരോഗ്യനിലവാരം വിലയിരുത്തുന്നതിനും ബോധവൽക്കരണം നടത്തുന്നതിനും ആറുമാസത്തിലൊരിക്കലെങ്കിലും സൗജന്യ പരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കേണ്ടതാണ്. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന ഇത്തരം ക്യാമ്പുകൾക്ക് പുറമെ ഭവന സന്ദർശനങ്ങളിലൂടെയും മററും നടത്താവുന്ന ചികിത്സാ പ്രവർത്തനങ്ങളിൽ തദ്ദേശിയർ തന്നെയായ ഈ ഡോക്ടർമാരുടെ സേവനം ഔപചാരികതയുടെ മേൽമൂടിയില്ലാതെ പ്രയോജനപ്പെടുത്താൻ കഴിയേണ്ടതുണ്ട്.

പഞ്ചായത്തിലെ സ്ഥായിയായ രോഗങ്ങളുടെ പട്ടികയിൽ മുന്നിട്ടുനിൽക്കുന്നത് പ്രമേഹമാണ്, രക്തസമ്മർദ്ദം തൊട്ടുപിന്നിലുണ്ട്. എന്നാൽ കാൻസർ, കുഷ്ഠം, ഹൃദ്രോഗം മുതലായ മാരക രോഗങ്ങൾ താരതമ്യേന കുറവാണ് എന്നതാണ് കണക്കുകൾ കാണിക്കുന്നത്.

സന്താന നിയന്ത്രണ മാർഗ്ഗങ്ങളെ കുറിച്ചുള്ള സന്ദേശം ഭൂരിപക്ഷം പേരിലും എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജനനിരക്കിലെ വർഷാവർഷങ്ങളിലെ പ്രകടമായ വിത്യാസം ഈ വസ്തുതയാണ് സൂചിപ്പിക്കുന്നത്. ആരോഗ്യ പരിപാലനത്തിലെ പുരോഗതി മരണനിരക്കിൽ നിന്നുതന്നെ മനസിലാക്കാം.

| വർഷം | ജനനം | മരണം | ചാപ്പിള്ള ജനനം |
|---|---|---|---|
| 1993_94 | 1003 | 176 | 4 |
| 1994_95 | 620 | 137 | 1 |
| 1995_96 | 360 | 136 | |

കേരളത്തിൻെറ മൊത്തം ജനനനിരക്ക് 17ാണ് എന്നാൽ പഞ്ചായത്തിലേത് 13.23 മാത്രം മരണനിരക്ക് സംസ്ഥാനതലത്തിൽ 5.9 ആണെന്നിരിക്കെ ഇവിടെ അത് 5.03 ആണ്. 95% കുട്ടികളെയും സമയ ബന്ധിത പ്രതിരോധ കുത്തിവെയ്പ്പുകൾക്ക് വിധേയമാക്കുന്നതിൽ മാതാപിതാക്കൾ ഉത്സുകരാണ്

പഞ്ചായത്തിലെ 55% വീടുകൾക്ക് മാത്രമെ കക്കൂസുകൾ സ്വന്തമായുള്ളൂ എന്നാൽ 75% ലേറെ വീടുകൾക്കു മലീനജലം ഒഴുക്കി വിടുന്നതിനോ മാലിന്യങ്ങൾ നശിപ്പിക്കുന്നതിനോ ഏർപ്പാടുകളില്ല തീരപ്രദേശങ്ങളിലുള്ളവർക്ക് വെള്ളക്കെട്ടു കാരണം കക്കൂസുകളുടെ സെപ്ററിക് ടാങ്കുകൾ നാശമാകുന്നത് തടയാൻ പ്രത്യേകതരം ടാങ്കുകളുടെ നിർമ്മാണത്തെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊന്നൊടുക്കുന്നതിനും വളർത്തുനായക്കൾക്ക് വാക്സിനേ

ഷൻ നടത്തുന്നതിനും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപടികൾ സ്വീകരിക്കാറുണ്ട്. ഇത് കൂടുതൽ കാര്യക്ഷമ മാക്കേണ്ടതാവശ്യമാണ്.

കൊതുകു നിവാരണ പ്രവത്തനങ്ങൾക്കായി അഴുക്കുജലം കെട്ടിനിൽക്കുന്ന പൊതുസ്ഥലങ്ങളിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുന്നതിനും ചപ്പുചവറുകൾ നീക്കംചെയ്യുന്നതിനും ഒരു സ്ഥിരം സംവിധാനം നിലവില്ല. പെരുമ്പടപ്പ് പുത്തൻപ്പള്ളി സെൻററിൽ റോഡിനിരുവശവും കെട്ടിനിൽക്കുന്ന മലിനജലം ഒഴുകിപ്പോകുന്നതിന് സംവിധാനങ്ങളില്ല.

അറവുമൃഗങ്ങളുടെ അവശിഷ്ടങ്ങൾ വെളിമ്പറമ്പുകളിൽ ഉപേക്ഷിക്കുന്നതും പൊതുനിരത്തുകളിൽ മത്സ്യമാംസ വിൽപ്പന നടത്തുന്നതും മൂലം സംജാതമാകുന്ന ആരോഗ്യ പ്രശ്നങ്ങൾ ചെറുതായി കാണാവുന്നതല്ല.

പഞ്ചായത്തിലുടനീളമുള്ള ഹോട്ടലുകളിലെ ശുചിത്വ നിലവാരം തൃപ്തികരമല്ല അടുക്കളകളും പിന്നാമ്പുറങ്ങളും വൃത്തിയാക്കി വെക്കുന്നതിനും മലിനജലം ഒഴുക്കികളയുന്നതിനും മാലിന്യങ്ങൾ നശിപ്പിക്കുന്നതിനും കാര്യക്ഷമമായ ഏർപ്പാടുകൾ മിക്കയിടത്തും ഇല്ലെന്നതാണ് സത്യം. കർശന പരിശോധകളും നിർബന്ധ നടപടികളും ഉണ്ടായാൽ ഈ നില മാററിയെടുക്കാവുന്നതാണ്. പെരുമ്പടപ്പ് പുത്തൻപള്ളി കെ. എം. എം. ഇംഗ്ലീഷ് സ്ക്കൂളിലെയും ഹോസ്ററലിലെയും മാലിന്യങ്ങൾ ഒഴുക്കുന്നതിന് ഉപയോയോഗിക്കുന്ന അഴുക്കുചാൽ പരിസരത്തെ വീടുകൾക്കിടയിലൂടെയാണ് കടന്നുപോകുന്നത്. ഇതിന് സ്ഥിരമായ മേൽമൂടി ഇടുന്നതിന് നടപടി സ്വീകരിക്കേണ്ടതാവശ്യമാണ്

പ്രദേശത്തെ ജനങ്ങളുടെ ചികിത്സാരംഗത്ത് കനത്ത സംഭാവന കളർപ്പിക്കുന്നതിൽ സ്വകാര്യ മേഖലയുടെ ചൂഷണ മുറകളേറെയില്ലാത്ത പുത്തൻപള്ളി കെ. എം. എം. ഹോസ്പിററലിന്റെ സാന്നിദ്ധ്യം എടുത്തുപറയേണ്ടതാണ്. ചികിത്സാസഹായങ്ങളിലൂടെയും ജീവ കാരുണ്യ പ്രവർത്തനങ്ങളിലൂടെയും പുത്തൻപള്ളി ജാറം പെരുമ്പടപ്പിന്റെ ആരോഗ്യ പരിപാലന മേഖലയിൽ ചെറുതല്ലാത്ത പങ്കുവഹിച്ചിട്ടുണ്ട്. തുടർന്നും ഇത് പ്രതീക്ഷിക്കാവുന്നതാണ്.

സത്വര നടപടികളർഹിക്കുന്ന ആവശ്യങ്ങൾ:-

(1) പാലപ്പെട്ടി പ്രൈമറി ഹെൽത്ത് സെൻററിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുക

(2) അഞ്ചാം വാർഡിൽ ഒരു പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

(3) രണ്ടാം വാർഡിലെ P H C ക്ക് സ്വന്തം കെട്ടിടം നിർമ്മിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കുക്കുക.

(4) പഞ്ചായത്തിൽ ഒരു ആയുർവേദ ഡിസ്പൻസറി സ്ഥാപിക്കുക.

(5) പത്താം വാർഡിൽ സ്ഥാപിച്ചിട്ടുള്ള മാതൃ ശിശു സംരക്ഷണ കേന്ദ്രം എത്രയും വേഗം പ്രവർത്തന ക്ഷമമാക്കുക.

(6) ഒമ്പതാം വാർഡിൽ ഒരു PHC സബ് സെൻറർ സ്ഥാപിക്കുക.

(7) പഞ്ചായത്തിലെ കക്കൂസുകൾ ഇല്ലാത്ത മുഴുവൻ പേർക്കും കക്കൂസുകൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക

(8) സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമാക്കുക.

(9) കൊതുകു നിവാരണ പ്രവർത്തനങ്ങൾക്കും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും സ്ഥിരം സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

(10) പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ പൊതു അറവുശാലകളും മത്സ്യമാംസ വിൽപ്പന കേന്ദ്രങ്ങളും സ്ഥാപിക്കുക

(11) 8-ാം വാർഡിൽ സംഭാവനയായി ലഭിച്ചിട്ടുള്ള അഞ്ചു സെൻറ് സ്ഥലത്ത് ഒരു P H C സബ്സെൻറർ സ്ഥാപിച്ചു കിട്ടുക.

(12) പഞ്ചായത്തിനെ പേ വിമുക്ത മേഖലയാക്കി മാററുന്നതിന് നാട്ടുനായ്ക്കളെ കൊല്ലുന്നതിനും വളർത്തു നായ്ക്കൾക്ക് വാക്സിനേഷൻ നടത്തുന്നതിനും സമയ ബന്ധിത നടപടി കളാവിഷ്ക്കരിക്കുക.

(13) ആറുമാസത്തിലൊരിക്കൽ സൗജന്യ വൈദ്യ പരിശോധനാ ക്യാമ്പുകൾ നടത്തുക.

## കുടിവെള്ളം

പഞ്ചായത്തിന്റെ മുഖ്യ കുടിവെള്ള സ്രോതസ്സ് ശുദ്ധ ജല കിണറുകളാണ്. പ്രകൃതി ദത്ത ഉറവകളോ നീരൊഴുക്കുള്ള നദികളോ പഞ്ചായത്തിലില്ല. 7, 8, 9, 10, 11, വാർഡുകളിൽ പൊതു വിതരണ ടാപ്പുകളെ വലിയൊരു വിഭാഗം കുടിവെള്ളത്തിനായി ആശ്രയിക്കുന്നുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയായ 1, 2, വാർഡുകളിൽ ഓരുജലം കയറുന്നതും പടിഞ്ഞാറൻ മേഖലയായ 7, 8, 9, വാർഡുകളിൽ ഉപ്പുവെള്ളം കയറുന്നതും പ്രദേശത്തിന്റെ ശുദ്ധ ജല ലഭ്യതയിൽ വലിയൊരു ഭീഷണിയായി നിലനിൽക്കുന്നു.

പഞ്ചായത്തിലെ ജനങ്ങൾക്കുള്ള ശുദ്ധജല ലഭ്യതയെക്കുറിച്ചുള്ള ഒരു നഖച്ചിത്രം മേൽ പട്ടികയിൽ നിന്നും മനസിലാക്കാം.

ശുദ്ധജല വിതരണ ടാപ്പുകളുടെ സമീപത്ത് വസ്ത്രം അലക്കുന്നതും കാലികളെ കഴുകുന്നതുമായ പ്രവണത നിലവിലുണ്ട്. ഇത് തടയേണ്ടതാണ്.

പ്രദേശത്തെ ജനങ്ങളുടെ കുടിനീർ ലഭ്യതക്കുള്ള സംവിധാനങ്ങളുടെ അപര്യാപ്തത വിളിച്ചറിയിക്കുന്നതാണ്. ഗ്രാമസഭ റിപ്പോർട്ടുകളും സ്ഥിതിവിവര കണക്കുകളും അടിയന്തിര പരിഹാരം തേടുന്നവയാണ് മുഴുവൻ പ്രശ്നങ്ങളും.

| വാർഡ് | സാനിററി വെൽ | സാധാരണ കിണർ | കുളം | നദി | കുഴൽ കിണർ | പൊതുവിതരണ ടാപ്പുകൾ |
|---|---|---|---|---|---|---|
| 1 | | 300 | 15 | | | |
| 2 | | | | | | |
| 3 | | | | | | |
| 4 | | | | | | |
| 5 | | 196 | 8 | | | 4 |
| 6 | 100 | 200 | 8 | | | |
| 7 | | 85 | | | | 30 |
| 8 | | | | | | |
| 9 | | 105 | 16 | | 65 | 22 |
| 10 | | | | | | 345 |
| 11 | | 27 | | | | |
| ആകെ | | | | | | |

പരിഗണനക്കായി സമർപ്പിക്കപ്പെട്ടിട്ടുള്ള നിർദ്ദേശങ്ങൾ താഴെ:-

(1) കനോലിക്കനാലിന്റെ തീരപ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.

(2) എടക്കഴിയൂർ വെളിയംകോട് M L A റോഡി (പഞ്ചായത്തിലൂടെ കടന്നു പോകുന്ന) ൽ മുമ്പ് സ്ഥാപിച്ചിട്ടുള്ള പൈപ്പുകളുപയോഗിച്ച് ജല വിതരണം ആരംഭിക്കുക.

(3) അയിരൂർ ലക്ഷം വീടുകോളനിയിലേക്ക് ശുദ്ധജല വിതരണത്തിന് സംവിധാനമേർപ്പെടുത്തുക.

(4) വൈശ്യം വീട്കോളനി, പുളയുള്ളതിൽ കോളനി (വാർഡ് 5) എന്നിവക്ക് പൊതുകിണർ നിർമ്മിച്ചു നൽകുക.

(5) പെരുമ്പടപ്പ് പാറ A M L P സ്ക്കൂളിലേക്ക് വാട്ടർ ടാപ്പ് അനുവദിക്കുക.

(6) കിണറില്ലാത്ത ദരിദ്രർക്ക് കിണർ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുക.

(7) തീരദേശത്ത് പാർക്കുന്ന കുടുംബങ്ങൾക്ക് വേണ്ടി കുഴൽകിണറുകൾ കുഴിക്കുന്നതിന് ധനസഹായം നൽകുക.

(8) ബ്ലോക്ക് ഓഫീസ് പരിസരത്തേക്കും കൈതക്കാട്ടയിൽ പള്ളി സമീപത്തേക്കും ശുദ്ധജല പൊതുവിതരണ സംവിധാനമേർപ്പെടുത്തുക. ★

# പട്ടിക ജാതി പട്ടിക വർഗ ക്ഷേമം

പെരുമ്പടപ്പ് പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 3.9% പട്ടികജാതി കുടുംബം ഇവിടെ താമസിക്കുന്നു. രണ്ട് അംഗീകൃത കോളനിയുണ്ട്. കോളനികളിൽ ഏകദേശം 65 വീടുകളുണ്ട്. ഇടകലർന്ന് ജീവിക്കുന്ന 110 വീടുകളുണ്ട്.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒരു പരിധിവരെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹിക രംഗത്തും സാമ്പത്തിക രംഗത്തും നിരവധി കാലം ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പവകാശവും മിച്ച ഭൂമിയുടെ ലഭ്യതയും ഒരു പരിധിവരെ സാമൂഹിക പുരോഗതി കൈവരിക്കാൻ സഹായക മായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ച നീചത്വങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനം നേടാൻ ഇന്ന് കഴിഞ്ഞിട്ടുണ്ട്. എല്ലാ ജാതി മത സ്ഥരുടെയും എല്ലാതരം ചടങ്ങുകളിലും പങ്കെടുക്കുകയും എല്ലാ പൊതു പരിപാടികളിലും മോശമല്ലാത്ത പരിഗണന ലഭിക്കുകയും ചെയ്തുവരുന്നുണ്ട്.

ഈ വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പാക്കി വരുന്ന പല പദ്ധതികളെ സംബന്ധിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ടും, പദ്ധതികളുടെ പ്രയാസ മേറിയ നിബന്ധനകൾ കൊണ്ടും പദ്ധതികൾ ഫല പ്രദമായി ഉപയോഗപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടില്ല. സക്കാർ നല്കുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന്നു സഹായകമായിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ നിലനില്ക്കുന്നു.

## വിദ്യാഭ്യാസം

പൊതുവെ നിരക്ഷരർ കുറവാണെങ്കിലും വിദ്യാഭ്യാസ രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എസ്. എസ്. എൽ. സി ക്കുശേഷം തുടർന്ന് പഠിക്കാൻ പല കുട്ടികളും താൽപര്യം കാണിക്കുന്നില്ല. പ്രധാന കാരണങ്ങൾ കുടുംബബാദ്ധ്യത ഏറ്റെടുക്കേണ്ടിവരുകയും രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധചെലുത്താതെയും, വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടാതെയുംമാണ്.

ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്ക് വേണ്ടി സ്കൂൾ തലത്തിലും കോളേജ് തലത്തിലും സ്കോളർഷിപ്പുകൾ നൽകൽ പഞ്ചായത്ത് തലത്തിൽ കൊണ്ടുവരാൻ തീരുമാനമുണ്ടാക്കണം.

ഹരിജൻ വിദ്യാർത്ഥികളുടെ വിദ്യഭ്യാസ വളർച്ചക്ക് വേണ്ടി സൗജന്യ ട്യൂഷൻ ക്ലാസ്സുകൾ കൊടുക്കുവാൻ മുൻകൈ എടുക്കണം.

പത്താം ക്ലാസ്സ് തോററതിന് ശേഷം തുടർന്ന് പഠിക്കാനുള്ള സഹായം ചെയ്തുകൊടുക്കാൻ മുൻകൈ എടുക്കേണ്ടതുണ്ട്.

ഇങ്ങിനെയൊക്കെയാണെങ്കിലും **SSLC** പാസ്സായവരും **P D C** പാസ്സായവരും, ഡിഗ്രിപാസ്സായവരും കൂടാതെ വളരെ ഉയന്ന വിദ്യാഭ്യാസമുള്ളവരുമായ ഒരുപാട് യുവതീയുവാക്കാം ഉണ്ട്. ഇവർ വളരെ ഉയന്ന വിദ്യാഭ്യാസം നേടിയിട്ടും സ്വന്തമായി ഒരു തൊഴിലോ, സ്വന്തമായി ഒരുവരുമാന മാഗ്ഗമോ അവക്കില്ല.

## പട്ടിക I

| വാർഡ് | SC | ST | പു | സ്ത്രീ | ആകെ | നിരക്ഷരർ |
|---|---|---|---|---|---|---|
| 1 | ഇല്ല | — | — | — | | — |
| 2 | 30 | — | 90 | 85 | 175 | 50 |
| 3 | 19 | — | 79 | 61 | 140 | 50 |
| 4 | 33 | — | 125 | 91 | 216 | 86 |
| 5 | 19 | — | 55 | 43 | 78 | 28 |
| 6 | 12 | — | 40 | 30 | 70 | 28 |
| 7 | 29 | — | 85 | 91 | 176 | 111 |
| 8 | 14 | — | 57 | 54 | 111 | 71 |
| 9 | 7 | — | 34 | 22 | 56 | 24 |
| 10 | 1 | — | 3 | 4 | 7 | 5 |
| 11 | 1 | — | 9 | 3 | 12 | 7 |

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാഷിക മേഖലകളിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വന്നിരുന്നവരാണ്. എന്നാൽ അടുത്തകാലത്തായി കാഷിക മേഖലകളിൽ വന്ന തകച്ച ഈ വിഭാഗത്തിൻെറ തൊഴിൽ നഷ്ടപ്പെടുത്തുകയും ജീവിക്കാനുള്ള തൊഴിലിന് വേണ്ടി മററു മേഖലകളിലേക്ക് പോകാൻ നിർബന്ധിതരാവുകയും ചെയ്തു. തൃപ്തികരമായ കൂലി ലഭിക്കുന്നതിനാൽ പുതിയ തലമുറ പൂണ്ണമായി കാഷിക മേഖലകളിൽ നിന്ന് മാറി സ്ത്രീകാം മാത്രം ചെയ്തിരുന്ന ഞാറുനടൽ, കൊയ്ത്ത് പായ നെയ്ത്ത് എന്നീ തൊഴിലുകാംക്ക് തൊഴിലാളികളെ കിട്ടാൻ വളരെ പ്രയാസമാണ്. തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉല്പാദന വദ്ധനവിൻെറ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകഷിക്കുന്നതിന് ആവശ്യമായ നടപടികാം കൈകൊള്ളേണ്ടതുണ്ട്.

കാർഷിക മേഖലയിൽ സീസണകളിലാണ് തൊഴിൽ എന്നത് കൊണ്ട് മിക്ക കർഷകതൊഴിലാളികളുടെയും പ്രധാന കൈതൊഴിലായിരുന്ന പായ നെയ്ത്ത്, കൊട്ട നെയ്ത്ത്, കയർ ഉല്പാദനം എന്നിവ പൂണ്ണമായും തടസ്സപ്പെട്ടിരിക്കുകയാണ്. കൂലി വേല ചെയ്ത മാത്രം ഉപജീവനം കഴിച്ചുവരുന്ന ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പുവരുത്തുകയും പുതിയ തൊഴിൽ സംരംഭങ്ങാം ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്.

പട്ടികജാതി വിഭാഗത്തിൽ പ്പെട്ട ഒട്ടമിക്ക പുരുഷന്മാരുടെയും പ്രധാന തൊഴിൽ തെങ്ങ് കയററമാണ്. ഇവക്ക് കൂലിയായി കിട്ടുന്ന നാളികേരം സംഭരിക്കുന്നതിനും ചൂഷണത്തിൽ നിന്ന് മോചനം കിട്ടാൻ വേണ്ടിയും അവക്ക് കിട്ടുന്ന നാളികേരത്തിന് മിതമായ വില കിട്ടാൻ വേണ്ടി പഞ്ചായത്ത് തലത്തിൽ ഒരു സൊസൈററി രൂപീകരിക്കണം.

ഹരിജൻ യുവതീയുവാക്കാംക്ക് ചെറിയതരം കൈതൊഴിലുകളിൽ (തയ്യൽ, കെയിൻ വർക്ക്സ്, ബുക്ക്ബൈൻഡിങ്ങ്, മെഴുകുതിരി നിമ്മാണം) പരിശീലനം കൊടുക്കേണ്ടത് വളരെ അടിയന്തിരമായ കാര്യമാണ്.

## പാർപ്പിടം

പാപ്പിടത്തിൻെറ കാര്യത്തിൽ ഹരിജനങ്ങാം വളരെ ദയനീയ സ്ഥിതിയിലാണ് ഒട്ടമിക്ക കുടുംബങ്ങളും കഴിയുന്നത്.

ചെററകുടിലിൽ നിന്ന് ഒരു വിധം മോചനമായിട്ടുണ്ടെങ്കിലും ഉള്ള വീടുകളിൽ കാലും നീട്ടി നിവന്ന് കിടക്കാൻ പോലും സൗകര്യമില്ലാത്ത ഒരു പാട് കുടുംബങ്ങാം ഈ പഞ്ചായത്തിൽ ഉണ്ട്.

പ്രാഥമിക സൗകര്യങ്ങാം പോലും നിറവേററാൻ കഴിയാതെ തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസ്സർജ്ജനം നടത്തുന്നത് കൊണ്ട് പരിസര മലനീ

കരണവും പലവിധ മാറാരോഗങ്ങളും പിടിപെടുന്നു പലരും വിവിധ ഏജൻസികരം നടപ്പാക്കി വരുന്ന വായ്പ യെടുത്ത് വലിയ കടക്കെണിയിൽ അകപ്പെട്ട് പോയിട്ടുണ്ട്. ഭൂമിയുടെ രേഖ ഓഫീസുകളിൽ പെട്ട് പോയതിനാൽ മററു ആനുകൂല്യങ്ങരം നിഷേധിക്കപ്പെടുന്ന അവസ്ഥയാണ്. വീട് നിർമ്മാണത്തിന് അനുവദിക്കുന്ന തുകയുടെ അപര്യാപ്തത കാരണം പല വീടുകളും പൂർത്തീകരിക്കാതെ കിടക്കുന്നുണ്ട്. വീട് വെക്കാൻ ധന സഹായം പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ചു കൊടുത്തെങ്കിൽ മാത്രമെ ഇത്തരം പ്രശ്നങ്ങരം പരിഹരിക്കപ്പെടുകയുള്ളു. കൂട്ടുകുടുംബമായി താമസിക്കുന്ന ഹരിജൻ കുടുംബങ്ങരംക്ക് പുതിയ പദ്ധതി ആവിഷ്കരിച്ച് പ്രത്യേക വീടുകരം നിർമ്മിച്ചു കൊടുക്കേണ്ടതുണ്ട്.

കുടിവെള്ളത്തിൻെറ കാര്യത്തിൽ വളരെയധികം കഷ്ടതകരം ഇവർ അനുഭവിക്കുന്നുണ്ട്. നാലും, അഞ്ചും വീടുകരംക്കപ്പുറം പോയി കുടിവെള്ളം കൊണ്ടുവന്ന് ഉപജീവനം നടത്തുന്ന കുടുംബങ്ങരം ഉണ്ട്.

പെരുമ്പടപ്പ് പഞ്ചായത്തിലുള്ള രണ്ട് കോളനികളും ഇപ്പോഴും വൈദ്യുതീകരിച്ചിട്ടില്ല. അതുപോലെ അംഗീകരിക്കാത്ത രണ്ട് കോളനികളിലും വൈദ്യുതിയും വെള്ളവും ഇല്ല. ചില വീടുകരം വയറിങ്ങ് കഴിഞ്ഞ് കണക്ഷനുവേണ്ടി കാത്തിരിക്കുന്നവരുണ്ട്. അതുപോലെ ഭൂഉടമകളുടെ അനുമതി കിട്ടാത്തതുകൊണ്ട് കണക്ഷൻ കിട്ടാത്ത വീടുകളും ഉണ്ട്. കോളനികളിലേക്ക് വഴിയില്ലാത്ത അവസ്ഥയും ഉണ്ട്.

ഭൂപരിഷ്കരണം വന്നതിന് ശേഷം മിക്ക ഭൂഉടമകളും ശവം മറവ് ചെയ്യാൻ അനുവാദം തരാത്തതുകൊണ്ട് മിക്ക കുടുംബങ്ങളിലും ചവിട്ട് പടിയോട് ചേർന്ന് ശവസംസ്കാരം നടത്തുന്നതായ ഒരു സ്ഥിതി വിശേഷമുണ്ട്. ഇതിന് പരിഹാരം കാണാൻ വേണ്ടി ഒരു പൊതു ശ്മശാനം വളരെയടിയന്തിരമായി വേണം.

## പ്രശ്നങ്ങൾ

1 വിദ്യാഭ്യാസത്തിൽ വളരെ പിന്നിലാണ്, കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.

2 സാമ്പത്തിക ഭദ്രത വളരെ മോശമാണ്. കാർഷിക മേഖലയിൽ തൊഴിൽ കുറഞ്ഞുവരുന്നു.

3 തൊഴിൽ ഇല്ല വിദ്യാസമ്പന്നക്ക് പോലും തൊഴിൽ ലഭിക്കുന്നില്ല.

4 കുടിവെള്ള ക്ഷാമം രൂക്ഷമാണ്. മിക്ക വീടുകരംക്കും കിണറുകളില്ല.

5 തൊഴിലധിഷ്ഠിത വിദ്യാഭ്യാസം കുറവാണ്. കാരണം ഇതിനുള്ള സ്ഥാപനങ്ങരം ഇല്ല.

6 ഭൂരിഭാഗവും സ്വന്തമായി വീടില്ലാത്തവരാണ്.

7 വീടു വെക്കാൻ സ്ഥലമില്ല.

8 എല്ലാ വീടുകരംക്കും കക്കൂസ് ഇല്ല.

9 ആരോഗ്യ സംരക്ഷണം സംവിധാനം മെച്ചപ്പെട്ടതല്ല.

10 ഗവൺമെൻറ് സ്കീമിലുള്ള ലോണുകളൊന്നും വേണ്ടപോലെ ലഭിക്കുന്നില്ല.

11 പട്ടികജാതി വികസന കോർപ്പറേഷനും ഹരിജന ക്ഷേമ വകുപ്പും അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളും ധന സഹായവും ലക്ഷ്യം നേടുന്നില്ല.

12 കാർഷിക മേഖലയിൽ നിന്ന് ലഭിക്കുന്ന അനുകൂല്യങ്ങരം കാര്യക്ഷമമാക്കുന്നില്ല.

13 ഹരിജൻ കോളനികളിൽ വായനശാലകളൊ വാർത്താമാധ്യമ സൗകര്യങ്ങളൊ ഇല്ല.

14 കോളനികളിൽ കലാകായിക സാംസ്കാരിക സൗകര്യങ്ങരം ഇല്ല.

15 കുറഞ്ഞ വിലക്ക് ഭക്ഷ്യ സാധനങ്ങരം ലഭിക്കുവാനുള്ള സ്ഥാപനങ്ങരം ഇല്ല.

16 ഉയന്ന വിദ്യാഭ്യാസം നേടുന്നതിന് കോച്ചിങ്ങ് സെൻററുകരം ഇല്ല.

17 വഴി പ്രശ്നങ്ങരം നില നില്ക്കുന്നു.

18 ജോലിക്ക് വേണ്ടി പരീക്ഷ എഴുതുന്നവക്ക് എങ്ങിനെ പരീക്ഷ എഴുതാം എങ്ങിനെ ഇൻറർവ്യൂകളെ നേരിടാം. എന്നതിനെ പററി ഒരു

സ്റ്റഡിക്ലാസ് കിട്ടുന്നില്ല.

19 വിദ്യാർത്ഥികൾക്കുള്ള ഗവൺമെൻറ് തലത്തിലുള്ള എല്ലാവിധ സ്കോളർഷിപ്പുകളും വേണ്ടപോലെ ലഭിക്കുന്നില്ല.

20 ഹരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങൾ മററു ഉയന്ന ജാതിക്കാർ തട്ടിയെടുക്കുന്നു.

21 ചെറവല്ലൂർ ഹരിജൻ കോളനിക്ക് ശ്മശാനം ഇല്ല.

22 ചെറവല്ലൂർ ഹരിജൻ കോളനിക്ക് ചുററുമതിൽ കെട്ടുക.

★

## നിർദ്ദേശങ്ങൾ

1 കോളനികളിൽ ബോധവല്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

2 കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വദ്ധിപ്പിക്കുക.

3 യുവതീ യുവാക്കൾക്ക്കൈതൊഴിലുകൾ പരിശീലിപ്പിക്കുക.

4 ടാപ്പുകളും കിണറുകളും നിർമ്മിക്കുക.

5 അഭ്യസ്ഥ വിദ്യക്ക് സക്കാർ ഏജൻസികൾ നല്കിവരുന്ന വായ്പകളും സഹായങ്ങളും പഞ്ചായത്ത് മുഖേന വിതരണം ചെയ്യുകയും വായ്പയുടെ മാനദണ്ഡങ്ങൾ ലഘൂകരിക്കുകയും പലിശരഹിത ലോണുകൾ നല്കുകയും രചയ്യുക.

### പട്ടിക 2

പഞ്ചായത്തിലെ മൊത്തം ഹരിജൻ വീടുകളും അവയുടെ സ്വഭാവവും

| വാഡ് | എണ്ണം | ഓട് | ഓല | കക്കൂസ് ഉണ്ട് | കക്കൂസ് ഇല്ല | വൈദ്യതി ഉണ്ട് | വൈദ്യതി ഇല്ല | കിണർ ഉണ്ട് | കിണർ ഇല്ല |
|---|---|---|---|---|---|---|---|---|---|
| 1 | ഇല്ല | ഇല്ല | ഇല്ല | — | — | — | — | — | — |
| 2 | 30 | 7 | 23 | 10 | 20 | 10 | 20 | 18 | 12 |
| 3 | 19 | 4 | 14 | 9 | 10 | 6 | 13 | 7 | 12 |
| 4 | 33 | 7 | 26 | 15 | 18 | 12 | 21 | 14 | 19 |
| 5 | 19 | 6 | 11 | 10 | 9 | 7 | 12 | 12 | 7 |
| 6 | 12 | 5 | 6 | 7 | 5 | 7 | 5 | 5 | 7 |
| 7 | 29 | 3 | 26 | 10 | 19 | 9 | 20 | 10 | 19 |
| 8 | 14 | — | 14 | 1 | 13 | 1 | 13 | 1 | 13 |
| 9 | 7 | — | 7 | 1 | 6 | 7 | — | 2 | 5 |
| 10 | 1 | — | 1 | — | — | — | | | — |
| 11 | 1 | — | 1 | — | — | — | — | — | — |

3—ാം വാർഡിൽ 1 ഉം, 5ാം—വാർഡിൽ 2 ഉം 6ാം—വാർഡിൽ 1ഉം കോൺക്രീററ് വീടുകൾ ഉണ്ട്

6 വ്യവസായ പരിശീലനം കിട്ടിയവക്ക് വ്യവസായങ്ങൾ തുടങ്ങാൻ വേണ്ടതായ സഹായങ്ങൾ ചെയ്തുകൊടുക്കുക.

7 പട്ടികജാതി സവ്വീസ് സഹകരണ സംഘം രൂപീകരിക്കുക.

8 കൃഷിഭവൻ മുഖേന നൽകുന്ന പച്ചക്കറി വിത്തുകളും മററു കാർഷിക വിത്തുകളും പട്ടികജാതിക്കാക്ക് കിട്ടാൻ വേണ്ടി പ്രത്യേക സൗകര്യം ഏർപ്പെടുത്തുകയോ അല്ലെങ്കിൽ ഒരാളെ നിയമിക്കുകയോ ചെയ്യുക.

9 വീടു് നിർമ്മാണ ധന സഹായം വർദ്ധിപ്പിക്കുക ഉള്ള വീടുകൾ റിപ്പയർ ചെയ്തു് ഓടു് മേയുന്ന തിനുള്ള അടിയന്തിര സഹായം നൽകുക.

10 പങ്ങം ഹരിജൻ കോളനിയിൽ ഉള്ള കുളം സൈഡുകൾ കെട്ടി ജനങ്ങൾക്കു് കുളിക്കാനും ജല സേചനത്തിനുമുള്ള സൗകര്യം ഉണ്ടാക്കി കൊടുക്കുക.

11 2-ാം വാർഡു് ഹരിജൻ കോളനി (ചെറവല്ലൂർ) സ്ഥിതിചെയ്യുന്നതു് ഒരു കായലിനു് അപ്പുറമാണു്. അതുകൊണ്ടു് അവർക്കു് പഞ്ചായത്തുമായി ബന്ധപ്പെടാൻ വളരെ പ്രയാസം നേരിടുന്നു അവിടെ ഒരു ബണ്ടു് കെട്ടി (ചിറ) ഗതാഗത സൗകര്യം ഉണ്ടാക്കി കൊടുക്കണം.

12 പങ്ങം ഹരിജൻ കോളനിയിൽ പഞ്ചായത്തിന്റെ രണ്ടു് സെന്റു് ഭൂമി അംഗൻവാടി കെട്ടിടത്തിനു് കൊടുക്കുകയും അവിടെ കെട്ടിടം പണിതുകൊടുക്കുകയും ചെയ്യുക

13 കോളനികളിലെ ജനങ്ങളെ ഉൽബുദ്ധരാക്കുന്നതിനു് വേണ്ടിയും വാർത്താ മാധ്യമ സൗകര്യങ്ങൾ ലഭിക്കുന്നതിനു് വേണ്ടിയും വായനശാലകളും ടി. വി. സെറ്റുകളും സ്ഥാപിച്ചു കൊടുക്കുക.

14 അഭ്യസ്ഥവിദ്യരുടെ സേവനം കോളനിയിലെ വിദ്യാഭ്യാസം നിലവാരം ഉയർത്താൻ പ്രയോജനപ്പെടുത്തുക.

15 ഹരിജൻ കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനു് ധന സഹായം നിർബന്ധമായും നൽകുക.

16 ഹരിജൻ കോളനികളിൽ തെരുവു വിളക്കുകൾ സ്ഥാപിക്കുക. അതു് വളരെ വൈകി ജോലി ചെയ്യുവരുന്ന തൊഴിലാളികൾക്കു് ഗുണപ്രദമായിരിക്കും.

17 കോളനികളിലേക്കുള്ള റോഡു് ടാർ ചെയ്യുക.

18 ഹരിജൻ വീടുകളിൽ വർഷം തോറും വൈദ്യ പരിശോധന നടത്താൻ വേണ്ടി ഏർപ്പാടുകൾ ചെയ്യുക.

19 പുരകെട്ടി മേയാൻ ധന സഹായം നൽകുക.

20 പൊതു ശ്മശാനം നിർമ്മിക്കുക.

21 ഹരിജനങ്ങൾക്കു് ഉണ്ടാകുന്ന പ്രശ്നങ്ങൾ ആരായുന്നതിനും അതിനു് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കാനും പരിഹാരം കാണാനും പഞ്ചായത്തിൽ ഒരു പ്രത്യേക സെൽ രൂപീകരിക്കുക.

22 ജോലിക്കു് വേണ്ടി പരീക്ഷ എഴുതുന്നവർക്കും ഇൻറർവ്യൂവിനെ നേരിടുന്നവർക്കും സ്റ്റഡീ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

23 മാവേലി സ്റ്റോറുകൾ തുടങ്ങുക.

24 ഓണ ചന്തയും ബക്രീദു് ചന്തയും തുടങ്ങുക.

25 അത്യുല്പാദന ശേഷിയുള്ള എരുമകളെയും പശുക്കളെയും നൽകുക.

26 ആധുനിക രീതിയിലും പഴയ രീതിയിലും ഉള്ള തീക്കൂടുകൾ നിർമ്മിക്കാൻ ധന സഹായം നല്കുക

27 ചെറവല്ലൂർ (ഒന്നും രണ്ടും വാർഡുകൾ) ഒരു കായലിനു് അപ്പുറമാണു് കിടക്കുന്നതു്. അവർക്കു് സ്വന്തമായി ഒരു ശ്മശാനം നിർമ്മിക്കുക.

28 ചെറവല്ലൂർ ഹരിജൻ കോളനിക്കു് ചുററും മതിൽകെട്ടി സംരക്ഷിക്കുക.

## പട്ടിക 3

| | കോളനിയുടെ പേരു് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | ചെറവല്ലൂർ | 30 | 175 |
| 2 | പങ്ങം | 30 | 190 |

### അംഗീകാരം ലഭിക്കേണ്ടതു്

| | | | |
|---|---|---|---|
| 1 | വലിയ പറമ്പ് ഹരിജൻ കോളനി | 8 | 75 |
| 2 | മൂത്തേടത്തു് കോളനി | 10 | 60 |
| 3 | തുരുത്തമ്മൽ കോളനി | 10 | 76 |

## സാദ്ധ്യതകൾ

1 പങ്ങം ഹരിജൻ കോളനിയിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ വോൾട്ടേജു് ക്ഷാമവും വൈദ്യുതി ക്ഷാമവും പരിഹരിക്കാൻ കഴിയും.

2 സ്ഥല പരിമിതി മൂലം കിണർ കുഴിക്കാൻ ബുദ്ധിമുട്ടുന്ന കോളനി നിവാസികളുടെ കുടിവെള്ള ക്ഷാമത്തിനു് പരിഹാരം കാണാൻ മൂന്നോ നാലോ അതിരുകൾ കൂടിചേരുന്ന ഭാഗത്തു് പഞ്ചായത്തു് കിണർ കുഴിക്കുവാൻ നിവാസികൾ സന്നദ്ധരാവാൻ സാദ്ധ്യതയുണ്ടു്.

# പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പെരുമ്പടപ്പ് പഞ്ചായത്ത് മുഖ്യമായും ഗൾഫ് വരുമാന മേഖലയാണ്. ഈ വരുമാനത്തിൽ വലിയപങ്കും ചിലവഴിക്കുന്നതു കൂററൻ മണിമന്ദിരങ്ങൾ നിർമ്മിക്കുന്നതിനു വേണ്ടിയാണ്. വളരെ ഉന്നത സുഖസൗകര്യങ്ങളും നഗര സ്വഭാവമുള്ള കെട്ടിടങ്ങളും വീടുകളും ഇവിടെ ഉണ്ട്. പക്ഷെ മൊത്തം വീടുകളുടെ കണക്കെടുക്കുമ്പോൾ അതു വളരെ കുറഞ്ഞ ശതമാനമെ വരുന്നുള്ളു. 108%. ഒരംഗത്തിനെങ്കിലും ഗൾഫിൽ ജോലിയുള്ള കുടുംബങ്ങളിൽ 90%വും തങ്ങളുടെ വീടുകൾ നന്നാക്കിയിട്ടുണ്ട്. അല്ലെങ്കിൽ പുതുക്കിയിട്ടുണ്ട്. ഇങ്ങിനെ പുതുക്കുന്ന വീടുകളിൽ 60%ത്തിലധികം ടെറസ് വീടുകളും ബാക്കി ഓടിട്ട വീടുകളുമാണ്. സമ്മിശ്ര സ്വഭാവമുള്ളവയുമുണ്ട്. ഗൾഫ് വരുമാനത്തിന്റെ സിംഹഭാഗവും ക്രിയാത്മകമായ രീതിയിലല്ല വിനിയോഗിക്കപ്പെടുന്നത്.

**വീടുകളുടെ തരം തിരിവ് പട്ടിക — വാർഡുതലത്തിൽ** പട്ടിക – (I)

| വാർഡ് | ഓല | ഓട് | ടെറസ്സ് | ഓട് ടെറസ്സ് | ഓടു ഓല | ഇരു നില | ഒററ നില | ആകെ |
|---|---|---|---|---|---|---|---|---|
| 1 | 136 | 164 | 38 | 26 | 16 | 65 | 315 | 380 |
| 2 | 132 | 168 | 37 | 28 | 29 | 68 | 326 | 394 |
| 3 | 242 | 273 | 98 | 104 | 106 | 274 | 549 | 823 |
| 4 | 147 | 173 | 76 | 88 | 80 | 74 | 490 | 564 |
| 5 | 192 | 183 | 96 | 87 | 106 | 160 | 510 | 674 |
| 6 | 129 | 189 | 46 | 53 | 27 | 103 | 341 | 444 |
| 7 | 139 | 209 | 56 | 48 | 21 | 73 | 404 | 474 |
| 9 | 164 | 203 | 43 | 73 | 60 | 63 | 480 | 543 |
| 8 | 186 | 200 | 28 | 65 | 64 | 46 | 397 | 543 |
| 10 | 262 | 232 | 36 | 140 | 90 | 58 | 702 | 760 |
| 11 | 194 | 172 | 29 | 76 | 55 | 39 | 487 | 526 |
| **Total:** | **2117** | **2338** | **616** | **864** | **709** | **1066** | **5588** | **6654** |

തങ്ങൾക്കുള്ള തുണ്ടുഭൂമിയിൽ ഒരു വീട് വയ്ക്കാനുള്ള സ്വപ്നം നിറവേറാത്ത കുടുംബങ്ങൾ ധാരാളം. മൺ ചുമരുകളും, ചളി തേച്ച് പിടിപ്പിച്ച നിലവിലുള്ള വീടുകളും, കടലോരങ്ങളിൽ ഓലകൊണ്ട് മറച്ച് തറപോലുമില്ലാത്ത വീടുകളും ഈ പഞ്ചായത്തിലുണ്ട്. ഒരു തുണ്ട് ഭൂമി ഇല്ലാത്തവർ, കിടക്കാനൊരു കൂര സ്വന്തമായി ഇല്ലാത്തവർ, പുറംപോക്കുകളിൽ കൂര കെട്ടിപ്പാർക്കുന്നവർ ഒക്കെ വേറെ.

ഗ്രാമാന്തരീക്ഷത്തിനു യോജിച്ച കെട്ടിട നിർമ്മാണ രീതിയല്ല മിക്ക വീട്ടു നിർമ്മിതിയിലും അവലംബിച്ചിട്ടുള്ളത്. ചിലവു കുറഞ്ഞതും കൂടുതൽ സൗകര്യവുമുള്ള വീടുകൾ എന്ന സങ്കല്പമിവിടെ ഇല്ല. സിമൻറും കമ്പിയും കൊണ്ട് തീർത്ത് വിലകൂടിയ പെയിൻറടിച്ച തീപ്പെട്ടികൾ പോലുള്ള കെട്ടിടങ്ങൾ അന്തരീക്ഷ സ്ഥിതിയെത്തന്നെ മാററിമറിക്കുന്നതാണ്. കാഴ്ചയുടെ ഭംഗിയോ, വാസയോഗ്യമോ എന്നതല്ല, വൈദഗ്ധ്യമില്ലാത്തവർ വരച്ചുകൊടുക്കുന്ന ചില വികൃത രൂപങ്ങൾക്ക് ജന്മം കൊടുക്കൽ മാത്രമെ ആകുന്നുള്ളു ഇവ. റോഡുവക്കിലും മററും കെട്ടിട നിർമ്മിതിക്കായി വയലുകൾ നികത്തി എടുക്കുന്ന ഏർപ്പാടും ഇവിടെയുണ്ട്. നെൽകൃഷിയെ പ്രതികൂലമായി ബാധിക്കുന്ന ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. (വീടുകളുടെ തരംതിരിവ് പട്ടിക 1 വാർഡുതലത്തിൽ)

വീടുകളുടെ നിർമ്മിതിയെ സംബന്ധിച്ചിടത്തോളം ഈ ഗ്രാമ പ്രദേശത്തിൻെറ രൂപഭംഗിക്കിണങ്ങിയ ചിലവുകുറഞ്ഞ മനോഹരമായ വീടുകൾക്ക് മാതൃകയും അപൂർവ്വമായി ഈ ഗ്രാമത്തിലുണ്ട്.

ഏററവുമധികം തൊഴിൽ സാധ്യത നല്കുന്ന മേഖല ഈ പഞ്ചായത്തിൽ കെട്ടിട നിർമ്മാണ മേഖലയാണ്. കൂടുതൽ ചെറുപ്പക്കാർ ഏർപ്പെട്ടിരിക്കുന്നതും ഈ തൊഴിലിൽ തന്നെ. ഉയർന്ന കൂലി നിരക്ക് പ്രാബല്യത്തിലുണ്ട്. പക്ഷെ വൈദഗ്ദ്ധ്യമുള്ള വേണ്ടത്ര തൊഴിലാളികളെ ഇവിടെ കിട്ടാനില്ല. അദ്ധ്വാന കൂടുതൽ വേണ്ടിവരുന്ന തൊഴിലുകൾ—കല്ലുചുമക്കൽ തോടു കീറൽ, കോൺക്രീററ് മിക്സിംഗ് മിക്കതും തമിഴ് നാട്ടുകാരായ തൊഴിലാളികളെ ആശ്രയിച്ചു നില്ക്കുന്നു.

തൊഴിൽ മേഖലയിൽ മറെറാരു വൈരുദ്ധ്യവും നിലനില്ക്കുന്നുണ്ട്. അതു് കൂലിയിലെ സ്ത്രീ പുരുഷ വിവേചനമാണ്. ഒരേ തൊഴിലിൽ ഏർപ്പെടുന്ന സ്ത്രീക്ക് പുരുഷൻേറതിനേക്കാൾ കുറഞ്ഞ കൂലിയെ ലഭിക്കുന്നുള്ളു

സർക്കാർ ജീവനക്കാർ, മററു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സാധാരണക്കാർ എന്നിവർക്ക് മുഖ്യമായും വീട്ടു നിർമ്മാണത്തിന് ആശ്രയിക്കേണ്ടിവരുന്നത് വായ്പകളെയാണ്. ബാങ്കുകൾ, ചില സ്വകാര്യ സ്ഥാപനങ്ങൾ എന്നിവ വായ്പ നൽകുന്നുണ്ട്. താങ്ങാനാവാത്ത പലിശ, വായ്പ ലഭിക്കുന്നതിനു വരുന്ന കാലതാമസം മററു നടപടി ക്രമങ്ങൾ എന്നിവ വായ്പ എടുക്കുന്നതിന് തടസ്സമായി നില്ക്കുന്നു. ഇതിന് പരിഹാരമായി ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1 നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.
2 പലിശ നിരക്ക് 12 % മായി നിജപ്പെടുത്തുക.
3 പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടെ വീട് നിർമ്മിച്ച് നൽകുക.

**ഭവന ലഭ്യത** **പട്ടിക 2**

| വാർഡ് നമ്പർ | വിവിധ പരിപാടികളിലിയി അനുവദിച്ച വീടുകൾ | പൂർത്തീകരിച്ച വീടുകൾ | അനുവദിച്ചതിൽ ഇനി പൂർത്തികരിക്കാനുള്ളത് |
|---|---|---|---|
| 1 | IAY 1 | 2 | |
| | MWS 1 | | |
| 2 | MWS 2 | 2 | |
| 3 | IAY 3 | 3 | |
| 4 | IAY 2 | | |
| | MWS 2 | 3 | 1 |
| 5 | MWS 1 | | |
| | IAY 2 | 3 | |
| 6 | MWS 1 | 1 | |
| 7 | JRY 1 | | 1 |
| 8 | JRY 2 | | |
| | MWS 1 | | |
| | IAY 2 | 5 | |
| 9 | IAY 3 | | |

പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കുന്ന പ്രവർത്തനങ്ങൾ പഞ്ചായത്ത് നടത്തിയിട്ടുണ്ട്. അതു അപര്യാപ്തമാണ്. അർഹരായ വളരെപ്പേർ ഇനിയും ഈ പദ്ധതിയിൽ ഉൾപ്പെടേണ്ടതുണ്ട്. സർക്കാർ തലത്തിലെ വിവിധ പദ്ധതികൾ വഴി നല്കിയ ഭവനങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു. (പട്ടിക 2)

വീടു നിർമ്മാണവുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. തൊഴിൽ മേഖലയിലും ഇത്തരം സഹകരണ സംഘങ്ങളില്ല.

ഈ പഞ്ചായത്തിലുള്ള ഭൂമിയോ വീടോ സ്വന്തമായില്ലാത്തവരും, പുറംപോക്കിൽ മറച്ചുകെട്ടി വസിക്കുന്നവരുമായവർക്ക് വീടുവച്ചു നല്കേണ്ട നടപടി അടിയന്തിരമായി ആരംഭിക്കേണ്ടതാണ്. പഞ്ചായത്തിലെത്തന്നെ പുറമ്പോക്കു ഭൂമികൾ കണ്ടെത്തി ആവശ്യമായത്ര വീടുകൾ പണിതു കോളനികളായി അവരെ താമസിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടതാണ്.

പാർപ്പിട നിർമ്മാണവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1 പഞ്ചായത്തു തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. വിദഗ്ദ തൊഴിൽ മുതൽ കൂലിപ്പണിക്കാരെ വരെ ഇതിൽ റജിസ്റ്റർ ചെയ്ത് സംഘത്തിലൂടെ നല്കുക.

2 കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക, വില കുറക്കുക.

3 നിർമ്മാണച്ചിലവ് രണ്ടുലക്ഷം രൂപക്ക് മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ പരിധി ഏർപ്പെടുത്തുക.

4 സർക്കാർ വായ്പകൾക്കുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

5 വായ്പകളുടെ മുഴവൻ വിതരണച്ചുമതലയും പഞ്ചായത്തുകൾ വഴിയാക്കുക.

6 ചിലവ് കുറഞ്ഞ, പരിസ്ഥിതിക്ക് ഇണങ്ങിയ വീടുകൾക്ക് പ്രചാരം നൽകുക.

7 സർക്കാർ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക

8 IAY, MWS, JRY, RLEGP എന്നീ പദ്ധതികൾക്കുള്ള വായ്പാ തുക 30,000 ആയി ഉയർത്തുക.

9 രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി തുക 26,400ൽ നിന്ന് 50,000 രൂപയായി ഉയർത്തുക.

10 പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപയിൽ നിന്ന് 25,000 രൂപയായി ഉയർത്തുക.

11 ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം അനുവദിക്കുന്ന പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കുക.

12 കണ്ടച്ചിറ പാലത്തിൻെറ അപ്രോച്ച് റോഡിൻെറ ഇരുവശത്തും കുടിലുകെട്ടി താമസിക്കുന്നവർക്ക് സ്വന്തമായി വീട് നിർമ്മിച്ച് കൊടുക്കുക.

13 ലക്ഷംവീട് കോളനികളിലെ കേടുവന്ന വീടുകൾ അററകുററപ്പണി ചെയ്തുകൊടുക്കുക.

14 പഞ്ചായത്തിലെ മുഴവൻ വീടുകൾക്കും കക്കൂസ് ഉണ്ടെന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കുക.

15 പാലപ്പെട്ടിയിൽ ഫിഷറീസ് സഹകരണ സംഘം സ്ഥാപിക്കുക.

## സാമൂഹ്യക്ഷേമം

രണ്ടു വിധത്തിലുള്ള സാമൂഹ്യ ക്ഷേമ പദ്ധതികളാണ് പഞ്ചായത്തിൽ നടപ്പിലാക്കികൊണ്ടിരിക്കുന്നത്. വിവിധ വിഭാഗക്കാർക്കായുള്ള പെൻഷൻ പദ്ധതികൾ, ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ എന്നിവയാണവ.

ചെറിയൊരു വിഭാഗം കുടുംബങ്ങൾക്കു മാത്രമെ ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നുള്ളു.

ഈ പദ്ധതികൾക്കു പുറമെ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല.

തൊഴിലാളി–തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമ നിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം ഈ പഞ്ചായത്തിലില്ല. കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളാകേണ്ടതാണ്. (പാലപ്പെട്ടിയിൽ ഒരു മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം '93ൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്.) വനിതാ വികസന കോർപ്പറേഷൻ എന്നൊന്ന് സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും ഇതേകുറിച്ച് യാതൊരറിവും വനിതകൾക്കില്ലെന്നതാണ് യാഥാർത്ഥ്യം

IRDP സർവ്വേകളിലൂടെ കണ്ടെത്തിയ ദാരിദ്ര്യരേഖക്കു താഴെയുള്ളവരായ കുടുംബങ്ങൾക്ക് 1992–93 മുതൽ 95–96 വരെയുള്ള കാലയളവിൽ സബ്സിഡിയും വായ്പയുമായി വിതരണം ചെയ്ത കണക്കുകൾ ലഭ്യമായിട്ടില്ല. ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാരിന്റെ നയം കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. ദാരിദ്ര്യരേഖയുടെ പരിധി 25,000 രൂപയായി ഉയർത്തണം.

**IRDP—പട്ടിക 3**

| വാർഡ് നമ്പർ | സർവ്വേ പ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST കുടുംബങ്ങൾ | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ | സഹായം ലഭിച്ചതു വഴി ദാരിദ്ര്യരേഖക്കു മുകളിലെത്തിയ കുടുംബം |
|---|---|---|---|---|
| 1 | 271 | 2 | 48 | 48 |
| 2 | 207 | 1 | 47 | 47 |
| 3 | 177 | 12 | 20 | 20 |
| 4 | 175 | 8 | 46 | 46 |
| 5 | 115 | — | 27 | 27 |
| 6 | 119 | 3 | 26 | 26 |
| 7 | 169 | 5 | 41 | 41 |
| 8 | 147 | 11 | 34 | 34 |
| 9 | 128 | 1 | 30 | 30 |
| 10 | 170 | 1 | 28 | 28 |

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഗുരുതരമായ ഉദാസീനത കാണിക്കുന്നതായി അറിവുണ്ട്. സഹകരണ മേഖലക്ക് പരമാവധി ഫണ്ട് അനുവദിച്ചുകൊണ്ട് ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ വഴി നടപ്പിലാക്കാൻ സർക്കാർ നടപടികൾ സ്വീകരിക്കണം.

## DWCRA സഹായ ലഭ്യത

സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനത്തിനായി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് DWCRA. ഈ പഞ്ചായത്തിലെ ഇതിന്റെ കീഴിലെ യൂണിറ്റുകളെക്കുറിച്ചോ സഹായ ലഭ്യതയെ കുറിച്ചോ കണക്കുകൾ കിട്ടിയിട്ടില്ല.

**ട്രൈസം:** 18 മുതൽ 35 വയസ്സുവരെയുള്ള യുവതീ യുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം. വിവിധ മേഖലകളിലായി എത്രതാനും പേർക്ക് ഈ പദ്ധതി വഴി ഇവിടെ പരിശീലനം നല്കപ്പെട്ടിട്ടുണ്ട്. ഇങ്ങിനെ പരിശീലനം കിട്ടിയവർക്ക് തുടർന്ന് ജോലി സാധ്യതകൾ കണ്ടെത്താൻ പ്രയാസം നേരിടുന്നുണ്ട്. ചുരുക്കം പേർക്കു മാത്രമെ ഈ പരിശീലനം ലഭിക്കുന്നുള്ളൂ. പരിശീലന

കാലത്തു നൽകുന്ന സ്റ്റൈപ്പൻറ് തുക കുറവാണ്. അതു വർദ്ധിപ്പിക്കണം. യുവജന സംഘടനകളെ കൂടി ബന്ധിപ്പിച്ച് ഈ പദ്ധതി വിപുലമാക്കണം.

**DWCRA സഹായ ലഭ്യത കണക്ക് പട്ടിക 4**

| വർഷം | സ്കീമുകളുടെ എണ്ണം | സബ്സിഡി തുക | വായ്പ |
|---|---|---|---|
| 90—91 | 1 | 23,000 | 23 000 |
| 91—92 | — | — | — |
| 92—93 | — | — | — |
| 93—94 | — | — | — |
| 94—95 | — | — | — |
| 95 96 | 1 | 34 000 | 86,000 |

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയായ 'ടൂൾകിററ്' മററുള്ളവർക്ക് ഫലപ്രദവും അർഹർക്ക് ലഭിക്കുന്ന വിധത്തിലും നടപ്പിലാക്കണം.

ദാരിദ്ര്യരേഖക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ സഹായം നൽകുന്ന പദ്ധതിയാണ് CRSP. ഇതുവഴി പഞ്ചായത്തിലെ മുഴുവൻ ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്കും കക്കൂസ് കിട്ടുവാനുള്ള ഫണ്ട് അനുവദിക്കണം. ഒരു തീവ്രയത്ന പരിപാടിയായി ഈ പഞ്ചായത്ത് അതേറെറടുത്ത് നടപ്പിലാക്കേണ്ടതാണ്.

## ക്ഷേമപദ്ധതികൾ—പെൻഷനുകൾ

സാമൂഹ്യക്ഷേമ രംഗത്ത് റവന്യ വകുപ്പ് പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായങ്ങളുമാണ് പഞ്ചായത്തിൽ ലഭ്യമാക്കുന്നത്. ഇതുവഴി അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം കിട്ടുന്നില്ല. കാര്യക്ഷമമായ നടത്തിപ്പിന് ഈ പദ്ധതികളുടെ ചുമതല ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടതും, ഫണ്ട് ലഭ്യമാക്കേണ്ടതുമാണ്.

**പെൻഷനുകൾ പട്ടിക 5**

| വർഷം | വാർദ്ധക്യം | വിധവ | വികലാംഗ പെൻഷൻ |
|---|---|---|---|
| 91—92 | 1 | 10 | 5 |
| 92—93 | 3 | 5 | 4 |
| 93—94 | 1 | 5 | 4 |
| 94—95 | 2 | 2 | 1 |
| 95—95 | — | 5 | 1 |

പെൻഷനുകളെ സംബന്ധിച്ച നിർദ്ദേശങ്ങൾ

1 പ്രായപൂർത്തിയാ ആൺകുട്ടികളുണ്ടെങ്കിൽ വിധവ പെൻഷൻ ലഭിക്കില്ല. ഇതിൽ മാററം വരുത്തി വരുമാനാടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടികൾ എടുക്കണം.

2 വികലാംഗ പെൻഷൻ ലഭിക്കുന്നതിന് ആവശ്യമായ സർട്ടിഫിക്കററ് ഇപ്പോൾ ജില്ലാ ആശുപത്രിയിൽ നിന്ന് ലഭിക്കണമെന്നാണ് വ്യവസ്ഥ. ഇത് പ്രയാസമുണ്ടാക്കുന്നു. ഈ സർട്ടിഫിക്കററ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആപ്പീസർക്ക് നൽകണം.

3 കർഷകതൊഴിലാളി പെൻഷന് അർഹരായവരെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകുകയും, അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും, മുഴുവൻ പേർക്കും പെൻഷൻ നൽകുകയും വേണം.

4 അർഹരും അനർഹരും പങ്കിടുന്ന വേതനമാണ് തൊഴിലില്ലായ്മ വേതനം. ഇങ്ങിനെ നൽകുന്ന തുക പ്രത്യുല്പാദന മേഖലകളിലേക്ക് തിരിച്ചുവിടുന്നതിനും അതിനാവശ്യമായ പ്രോജക്ററുകൾ ഉണ്ടാക്കുന്നതിനും പഞ്ചായത്തു തലത്തിൽ വിദഗ്ദ സമിതികൾ ഉണ്ടാകണം.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തേണ്ട സ്ഥാപനങ്ങളാണ് അംഗൻവാടികൾ. ആയിരം ജനങ്ങൾക്ക് ഒരു അംഗൻവാടിയെന്നതാണ് ICDS ൻെറ ലക്ഷ്യം. ഈ

പഞ്ചായത്തിൽ അത് നിറവേററപ്പെട്ടിട്ടില്ല. നല്ല രീതിയിൽ പ്രവത്തിക്കുവാൻ ഒരു സാഹചര്യവും കിട്ടാത്ത ചുററുപാടുകളാണ് മിക്ക അംഗൻവാടികൾക്കുമുള്ളത്. സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല പ്രാഥമിക സൗകര്യമില്ല, കളിപ്പാട്ടമില്ല. അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. വക്ക്ർ ഹെൽപ്പർ എന്നീ തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 മണി മുതൽ 3-30 വരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ അധികം ഒട്ടധികം പ്രവത്തനങ്ങൾ നടത്തേണ്ടിയും വരുന്നു. നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രയാസം സഹിച്ച് പണിഎടുക്കുന്ന ഈ ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ് ഇതിന് പരിഹാരം കാണണം.

അംഗൻവാടികളെ സംബന്ധിച്ച സ്ഥിതിവിവര കണക്ക് പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 6

**അംഗൻവാടികൾ**

| വാർഡ് നമ്പർ. | എണ്ണം | അംഗൻവാടി നമ്പരുകൾ | കുട്ടികളുടെ എണ്ണം | കെട്ടിടം ഉള്ളവ | കെട്ടിടം ഇല്ലാത്തത് | സ്ഥലം ഉള്ളത് | സ്ഥലം ഇല്ലാത്തത് | കളിസ്ഥലം ഉള്ളവ | കളിസ്ഥലം ഇല്ലാത്തത് | സ്ഥലം ഉണ്ട് കെട്ടിടം ഇല്ലാത്തത് |
|---|---|---|---|---|---|---|---|---|---|---|
| 1 | 3 | 53 54 55 | 376 | — | — | — | — | — | — | 56 |
| 2 | 3 | 56 57 58 | 393 | — | — | 56ന് ഉണ്ട് | | — | — | 60 |
| 3 | 3 | 59 60 61 | 330 | — | — | 60ന് ഉണ്ട് | | — | — | — |
| 4 | 2 | 62 63 | 196 | — | — | — | — | — | — | — |
| 5 | 2 | 64 65 — | 196 | 65ന് ഉണ്ട് | — | — | — | — | — | 66 |
| 6 | 2 | 66 67 — | 229 | — | — | 66ന് ഉണ്ട് | — | — | — | — |
| 7 | 3 | 68 69 70 | 238 | 68ന് ഉണ്ട് | — | — | — | — | — | 72, 73 |
| 8 | 3 | 71 72 73 | 383 | — | — | 72, 73 ഉണ്ട് | — | — | — | — |
| 9 | 4 | 74 75 76 77 | 397 | — | — | — | — | — | — | — |
| 10 | 2 | 78 79 — | 267 | — | — | — | — | — | | |

## നിർദ്ദേശങ്ങൾ

1 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു നല്കുക.

2 പഞ്ചായത്ത് ലീസ് ഭൂമിയോ, മിച്ച ഭൂമിയോ അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ അനുവദിക്കുക.

3 40ൽ കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുക.

4 DWCRA യൂണിററുകൾക്ക് നൽകുന്ന ഫണ്ടിന്റെ ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ അനുവദിക്കുക.

5 കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യക്ക് പരിധി വദ്ധിപ്പിക്കുക.

6 അനെട്ടിന്റെ അടുപ്പുകൾ അംഗൻവാടികളിൽ വ്യാപകമാക്കുക.

7 അംഗൻവാടി വക്ക്ർമാരേയും ഹെൽപ്പർ മാരേയും സക്കാർ ജീവനക്കാരായി അംഗീകരിക്കുകയും രചയ്യുക.

8 താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

9 പൊതു പ്രവത്തനത്തിൽ വക്ക്ർ മാരേയും ഹെൽപ്പർമാരേയും സജീവമാക്കാനുതകുന്ന ബോധവൽക്കരണം നടത്തുക.

## ക്ഷേമനിധികൾ

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ആഭരണ തൊഴിലാളി ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി, മത്സ്യത്തൊഴിലാളി ക്ഷേമനിധി തുടങ്ങി സംസ്ഥാനത്തു വിവിധ മേഖലകളിൽ ഇവ പ്രവർത്തിക്കുന്നുണ്ട്. പക്ഷെ ഈ പഞ്ചായത്തിൽ ഇത്തരം ക്ഷേമനിധികളിൽ അംഗങ്ങളായിട്ടുള്ളവർ ഉണ്ടെന്ന് തോന്നുന്നില്ല. അടിയന്തിരമായും മുഴുവൻ തൊഴിലാളികളെയും ഈ ക്ഷേമനിധി പ്രവർത്തനങ്ങൾക്ക് കീഴിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

## പൊതുവിതരണം

പെരുമ്പടപ്പ് പഞ്ചായത്തിൽ 9 റേഷൻ ഷാപ്പുകൾ ഉണ്ട്. ഇതിലെല്ലാമായി 4018 കാർഡുകളുണ്ട്

പൊതുവിതരണ രംഗത്ത് ഈ പഞ്ചായത്തിൽ മാവേലി സ്റ്റോർ ഇല്ല. ഉപഭോക്തൃ സഹകരണ സംഘങ്ങളും ഇല്ല. ആണ്ടറുതികൾ നടത്തപ്പെടാറുള്ള ചന്തകളും ഈ പഞ്ചായത്തിൽ നടക്കാറില്ല.

## നിർദ്ദേശങ്ങൾ

1 പൊതു വിതരണ കേന്ദ്രങ്ങൾ ' റേഷൻ ഷാപ്പുകളായി ' മാറ്റുക.


2 പഞ്ചായത്തിൽ ഒരു മാവേലി സ്റ്റോർ അനുവദിക്കുക.

3 റേഷൻ ഷാപ്പു വഴി ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം മെച്ചപ്പെടുത്തണം.

4 റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ താലൂക്ക് സപ്ലൈ ആപ്പീസിലേക്ക് പോകണമെന്ന സ്ഥിതി മാററി അവ ബന്ധപ്പെട്ട പഞ്ചായത്ത് തലത്തിൽ തന്നെ പരിഹരിക്കാനുള്ള വ്യവസ്ഥകൾ ഉണ്ടാകണം.

5 ഉപഭോക്തൃ മേഖലയെ കാര്യക്ഷമമാക്കാനും കുററമററതാക്കാനും ജനങ്ങളെ ബോധവല്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കാം.

— ◦ —



# സംസ്കാരം.

5 8

മനം കവരുന്ന പ്രകൃതി ഭംഗി നിറഞ്ഞൊഴുകുന്ന കിഴക്കൻ കായലോരം. അങ്ങിങ്ങായി കാണുന്ന കൊച്ചു കുന്നുകൾ, അതിമനോഹരമായ കല്പ വൃക്ഷങ്ങളുടെ മനം മയക്കുന്ന ഭംഗി, കനോലി കനാൽ, ഇടക്കിടക്കകാണുന്ന നെൽകൃഷി സ്ഥലങ്ങൾ, ശാന്തഗംഭീരമായ അറബിക്കടലിന്റെ ഘനഗംഭീരമായ ശബ്ദം. ഇതൊക്കെ കണ്ടും കേട്ടും വളർന്നു വളരുന്ന പെരുമ്പടപ്പ് പഞ്ചായത്തിലെ നിവാസികൾ കലാകാരന്മാരൊ സാഹിത്യകാരന്മാരൊ ചുരുങ്ങിയത് ഇത്തരം കാര്യങ്ങളോട് താല്പര്യമുള്ളവരൊ ആകാതിരുന്നാലെ അത്ഭുതമുള്ളു.

വളരെ കാലം മുമ്പുതന്നെ കലാസാംസ്കാരിക രംഗത്ത് പെരുമ്പടപ്പ് പഞ്ചായത്തിന്റെ പങ്ക് വളരെ പ്രശംസാർഹമാണ്. ആ പഴയ കാല ഘട്ടത്തിലേക്ക് നാമിപ്പോൾ തിരിഞ്ഞു നോക്കേണ്ടതില്ല.

ഏതാണ്ട് 1950 ന്റെയും 1960 ന്റെയും ഇടയിൽ അനേകം കലാസമിതികളും, നിരവധി സ്പോർട്സ് ക്ലബ്ബുകളും വായന ശാലകളും ഈ പഞ്ചായത്തിൽ നില നിന്നിരുന്നതായി കാണാം. അവയിൽ ചിലതിനെപ്പററി മാത്രം ഇവിടെ സൂചിപ്പിക്കാം. വന്നേരി കലാസമിതി, ജയ കേരള ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്, മിനർവ കലാസമിതി, യുവജന കലാവേദി, കിദ്വായ് മെമ്മോറിയൽ വായനശാല, യുവജന വായനശാല, ടാഗോർ വായനശാല, യുണൈററഡ് ഡ്രമാററിക് അസോസിയേഷൻ ( U. D. A ) എന്നിവയായിരുന്നു. ഇന്ന് ടാഗോർ വായനശാലയൊഴിച്ച് മററുള്ളവയെല്ലാം നാമാവശേഷമാവുകയൊ ഭാഗികമായി പ്രവർത്തനം നിലച്ചവയൊ ആണ്.

ഈ കാലഘട്ടത്തിൽ സാഹിത്യാദി വിഷയങ്ങളെ സംബന്ധിച്ചും മററും ചുരുങ്ങിയത് മാസത്തിലൊരിക്കലെങ്കിലും പഞ്ചായത്തിൽ പെട്ടവരും പുറമെനിന്നുള്ള പ്രശസ്ത സാഹിത്യകാരന്മാരേയും പങ്കെടുപ്പിച്ച് ബഹുവിധ വിഷയങ്ങളേ കുറിച്ച് നിരവധി സെമിനാറുകളും ചർച്ചകളും ഈ പഞ്ചായത്തിൽ വെച്ച് നടന്നിട്ടുണ്ട്.

അത്പോലെത്തന്നെ സ്പോർട്സിന്റെയും ഗയിംസിന്റെയും രംഗത്ത് ധാരാളം ചെറുപ്പക്കാർ സജീവ താല്പര്യത്തോടെ ഈ പ്രദേശത്തുണ്ടായിരുന്നു. ഇതിന്റെയൊക്കെ ഫലമായി ബാററ് മിൻടൺ, വോളി എന്നിവയിൽ അന്യസ്ഥലങ്ങളിൽ പോയി വിജയ ശ്രീലാളിതരായി കപ്പുമായി തിരിച്ചു വരികപതിവായിരുന്നു. ശ്രീ വി. മുഹമ്മദുണ്ണി (സിദ്ദുക്ക) കാട്ടുമാടം അനുജൻ, മുല്ലപ്പള്ളി വാസുദേവൻ ഭട്ടതിരി അക്കൂട്ടത്തിൽ ചിലരാണ്.

നാടക രംഗത്ത് പല പ്രശസ്തരായ നടന്മാരും ഈ പ്രദേശത്തുണ്ടായിരുന്നു. സാധു ടി. അബ്ദുള്ളകുട്ടി, കാട്ടുമാടം അനുജൻ, പുന്നയൂർക്കുളത്ത്കാരനാണെങ്കിലും ഈ പഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന വലിയകത്തെ അബ്ദു ( പി. കെ. എ റഹിം ) അന്തരിച്ച കുഞ്ഞിക്കാട്ടയിൽ സെയ്ത് മുഹമ്മദ്, എൻ. വി. അബൂബക്കർ ( കല്പനാ അബു ) അന്തരിച്ച മാനുണ്ണി മാസ്റ്റർ, നെല്ലിക്കപറമ്പിൽ ഇബ്രാഹിം കുട്ടി എന്നിവരാണിവർ.

സാഹിത്യരംഗം പ്രത്യേകം എടുത്ത് പറയേണ്ട വിഷയമാണ്. പല പ്രശസ്തരായ എഴുത്തുകാരും ഈ പ്രദേശത്ത് ചില പരിപാടികൾക്കായി പല പ്രാവശ്യങ്ങളായി സന്ദർശിച്ചിട്ടുണ്ട്. തകഴി ശിവശങ്കര പിള്ള, എൻ. വി. കൃഷ്ണവാരിയർ, കെ. എ. കൊടുങ്ങല്ലൂർ, അക്കിത്തം, പി. സി. കുട്ടികൃഷ്ണൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, എം. ഗോവിന്ദൻ, ഗുപ്തൻ നായർ, പി. ജെ. ആൻറണി എന്നിവരാണിവർ,

കാട്ടുമാടം നാരായണൻ കേരളം മുഴുവൻ അറിയപ്പെടുന്ന നാടക നിരൂപകനും സാഹിത്യകാരനുമാണ്. അന്തരിച്ച മേലേഴി കുട്ടികൃഷ്ണ മേനോൻ 'മാതൃഭൂമി' യിൽ പെരുമ്പടപ്പ് എന്ന പേരിൽ സ്ഥിരമായി എഴുതിയിരുന്നു.

ചതുരംഗം, പകിട കളി എന്നിവ ജനങ്ങൾക്കിടയിൽ വളരെയേറെ പ്രചാരം സിദ്ധിച്ചിരുന്നു. തിയ്യത്തുകാരുടെ കൃഷിസ്ഥലത്തുള്ള തൊളിക്കണ്ടത്തിലും നെല്ലിക്കപ്പറമ്പിൽ പാടത്തും, ചെറുവല്ലൂരും അതിഗംഭീരമായി കാളപ്പൂട്ട് മത്സരം നടന്നുവന്നിരുന്നു. കേരളത്തിലെ പ്രസിദ്ധ കാളകൾ ഈ മത്സരത്തിൽ പങ്കെടുക്കാനെത്തിയിരുന്നു. വളരെയേറെ ജനങ്ങൾ പങ്കെടുത്തിരുന്ന ഈ ഉത്സവം സംഘടിപ്പിച്ചിരുന്നത്. തിയ്യത്തെ അന്തരിച്ച താമി വെളിച്ചപ്പാടും അദ്ദേഹത്തിന്റെ മക്കളുമാണ്.

പാലപ്പെട്ടി ക്ഷേത്രത്തിലെ, മീന ഭരണിയും അതിനോടനുബന്ധിച്ച് നടത്തി വരുന്ന പാവക്കൂത്തും പ്രത്യേകം ശ്രദ്ധയാകഷിക്കുന്നു. തിയ്യത്തെ കുംഭഭരണി, കാട്ടുമാടം ഭഗവതി ക്ഷേത്രത്തിലെ മീനം 15-ാം തിയ്യതിയിലെ ഭഗവതിപ്പാട്ട് എന്നിവകൂടി വളരെ പ്രശസ്തിയുള്ളവയാണ്.

ഏതാണ്ട് 1960 ന് ശേഷം ഈ പഞ്ചായത്തിൽ സാംസ്കാരിക രംഗത്ത് മുരടിപ്പാണ് അനുഭവപ്പെടുന്നത്. ഇതിന്റെ പ്രനാന കാരണം ദൃശ്യ മാദ്ധ്യമങ്ങളുടെ തള്ളിക്കയററമാണ്. സിനിമ കാണുന്നതിനും, ടി. വി. കാണുന്നതിനും മാത്രമെ ജനങ്ങൾക്ക് താല്പര്യമുള്ളൂ. ഈ സാംസ്കാരിക മുരടിപ്പിൽ നിന്ന് കരകയറാൻ ഒരു പുനർചിന്തനം കൂടിയെ തീരൂ. കലാ സാംസ്കാരിക സാഹിത്യ രംഗത്ത് സജീവമായ ശ്രദ്ധയും, ഒരു തിരിച്ചുവരവിന് സത്വരമായ ശ്രദ്ധയിൽ ഊന്നിയ പ്രവർത്തനവും നടത്തേണ്ടതുണ്ട്.

എടുത്തുപറയത്തക്ക ഒരു സവിശേഷത, അറിഞ്ഞിടത്തോളം കാലങ്ങളിലെ ചരിത്രത്തിൽ ഈ പഞ്ചായത്തിൽ വഗ്ഗീയമായ ഒരു ചേരിതിരിവോ, തക്കങ്ങളൊ സംഘട്ടനങ്ങളൊ നടന്നിട്ടില്ല. പരിസരങ്ങളിലൊക്കെ ചില്ലറ അസ്വസ്ഥതകളും വഴക്കുകളും നടക്കുമ്പോഴും ഇവിടെ മത സൗഹാർദ്ദത്തിന് യാതൊരു പോറലുമേററിട്ടില്ല. സാമൂഹ്യമായ കൂടിച്ചേരലുകൾക്ക് ജാതിയോ, മതമോ ഇവിടെ തടസ്സമാകാറില്ല. കാലങ്ങൾക്ക് മുമ്പ് തന്നെ വിവാഹം, അടിയന്തിരം തുടങ്ങിയവയിൽ എല്ലാവരും പരസ്പരം പങ്കെടുക്കുകയും സഹകരിക്കുവയും ചെയ്തുവരാറുണ്ട്.

## നിലവിലുള്ള കലാ സാംസ്കാരിക സ്ഥാപനങ്ങൾ

| വാർഡ് | സ്ഥാപനത്തിൻെറ പേര് | പഞ്ചായത്തിൽനിന്ന് ആവശ്യപ്പെടുന്നത് | മററുകാര്യങ്ങൾ |
|---|---|---|---|
| 1 | വായനശാലയോ കളിസ്ഥലമോ ഇല്ല | കെട്ടിടവും പൊതുവായനശാലയും സ്ഥാപിച്ചു തരണം | സാക്ഷരതയുടെ തുടർവിദ്യാഭ്യാസം വേണം |
| 2 | വായനശാലയും മററും ഇല്ല | വായനശാല സ്ഥാപിച്ച്കിട്ടാൻ വേണ്ട ധന സഹായം അഭ്യർത്ഥിക്കുന്നു | |
| 3 | വായനശാലയും ടീസെൻറ് സ്ഥലവും ഉണ്ട് | പഞ്ചായത്തിൽ നിന്ന് സഹായം ലഭിക്കണം | |
| 4 | ഒന്നും ഇല്ല | ലക്ഷം വീട് കോളനിയിൽ വായനശാലയും ടി വി യും സ്ഥാപിച്ചു കിട്ടണം | |
| 5 | നെഹറു യുവജന വായനശാല എന്ന പേരിൽ ഒരു സംഘടനയുണ്ട് | പഞ്ചായത്തിൽ നിന്നും കഴിയുന്ന സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു | |
| 6 | കോടത്തൂർ സസ്റ്റം കലാവേദി റജി. No. 315/96 ജനാധിപത്യ യുവജന വായനശാല ടി വി ഏർപ്പെടുത്തിത്തരണം | പഞ്ചായത്ത് ഏറെറടുത്ത് നടത്തണം | |
| 7 | ഒന്നും ഇല്ല | പഞ്ചായത്ത് വകയായി വായനശാലക്കുള്ള കെട്ടിടവും, വായനശാലയും നിർമ്മിക്കുവാനുള്ള സാമ്പത്തിക സഹായം അനുവദിച്ചു തരണം | |
| 8 | ഒന്നും ഇല്ല | | |
| 9 | ടൈറൊ ടാലൻെറട് (യൂത്ത് റിക്രിയേഷൻ ക്ലബ്ബ്) T Y R O | പഞ്ചായത്തിൽ നിന്നും ടി വി റേഡിയോ അനുവദിക്കണം | |
| 10 | 1. ടാഗോർ മെമ്മോറിയൽ വായനശാല<br>2. സാംസ്കാരിക സഭ<br>3. ജവഹർ സ്പോർട്സ് ക്ലബ്ബ്<br>4. യൂത്ത് അസോസിയേഷൻ (P.Y.A.) | ടാഗോർ വായനശാലയിൽ ടി വി സെററ് ലൈബ്രറേറിയൻ എന്നിവ അനുവദിക്കണം | കലാകാരന്മാർക്ക് സാമ്പത്തിക സഹായം നല്കണം |
| 11 | ഒന്നും ഇല്ല | | |

5 9

# വനിത.

*വ*നിതാ വിമോചന പ്രസ്ഥാനം നാടെങ്ങും നല്ലരീതിയിൽ മുന്നേറുന്ന ഈ കാലഘട്ടത്തിൽ സ്ത്രീകൾ ഇതൊന്നും അറിയാതെ ഗ്രാമങ്ങളിൽ ഒതുങ്ങി ജീവിക്കുകയാണ്. പെരുമ്പടപ്പ് പഞ്ചായത്തിൽ ഈ പ്രവണത സജീവമായി നില്ക്കുന്നു.

സാമൂഹിക സാമ്പത്തിക പ്രവർത്തന മേഖലകളിൽ പഴയ കാലത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. ആ കാലഘട്ടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പെൺകുട്ടികൾക്ക് വേണ്ടത്ര ലഭിച്ചിരുന്നില്ല കുടിപ്പള്ളിക്കൂടത്തിലൂടെ ആയിരുന്നു പെൺകുട്ടികൾക്ക് എഴുതുവാനും വായിക്കുവാനും അറിവ് ലഭിച്ചിരുന്നത്. എന്നാൽ എല്ലാ ജാതിയിൽപ്പെട്ടവർക്കും ഇവിടെ പ്രവേശനം ഇല്ലായിരുന്നു. പൊതുപരിപാടികളിൽ സ്ത്രീ പങ്കാളിത്തം വളരെ അധികം കുറവായിരുന്നു. പഴയ കാലങ്ങളിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം ലഭിക്കാത്തതിന്റെ കാരണങ്ങൾ:—

1 വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പോരായ്മ

2 സാമ്പത്തിക കുറവ്

3 സാമുദായിക പ്രശ്നങ്ങൾ

4 രക്ഷിതാക്കളുടെ അറിവില്ലായ്മ

പെരുമ്പടപ്പ് പഞ്ചായത്തിലെ 1991–ലെ സെൻസസ് പ്രകാരം 13195 പുരുഷന്മാരും 14186 സ്ത്രീകളുമാണുള്ളത്. ഇതിൽ പട്ടികജാതി 952 പേരാണ്. ഇത്രയും സ്ത്രീകൾക്ക് സമൂഹത്തിൽ ഉയർന്ന സ്ഥാനം കിട്ടേണ്ടതിന്റെ ആവശ്യകത സൂചിപ്പിക്കുന്നു.

## പ്രശ്നങ്ങൾ

തൊഴിലില്ലായ്മ പ്രധാന പ്രശ്നമാണ്. ഉള്ള തൊഴിൽ മേഖലയിൽ തന്നെ കൂലി നിരക്കിലുള്ള വിവേചനം നിലനില്ക്കുന്നു. സ്ത്രീകൾ മാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെ കുറവാണ്. ഉദാഹരണമായി കാർഷിക മേഖല കൂലിവേല അംഗൻവാടി ജീവനക്കാരുടെ വേതന നിരക്ക്.

സ്ത്രീകളെ ബോധവല്ക്കരണത്തിലൂടെ മുന്നോട്ട് കൊണ്ടുവന്നാലെ പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അർഹമായ പങ്ക് വഹിക്കുവാൻ കഴിയുകയൊള്ളു. ഏതൊരു ജോലിയുടേയും ഉത്തരവാദിത്വം സ്ത്രീകളെ ഏല്പിക്കുവാനുള്ള താല്പര്യക്കുറവ് പുരുഷന്മാരിലുണ്ട്. സ്ത്രീകൾക്കിടയിൽ ആത്മവിശ്വാസമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. പുരുഷന്മാർക്കുള്ള അധികാരങ്ങളും അവകാശങ്ങളും തങ്ങൾക്ക് ലഭിക്കണമെന്നും എല്ലാ മേഖലകളിലും പുരുഷന്മാരോടൊപ്പം നില്ക്കുവാനുള്ള ബുദ്ധിയും തന്റേടവും സ്ത്രീകൾ കാണിക്കുകയും വേണം. അവകാശങ്ങൾ നേടിയെടുക്കുവാനുള്ള സമര പരിപാടികൾ സംഘടിപ്പിക്കുന്നതിൽ സ്ത്രീകൾ മുന്നോട്ടു വരണം.

## സാദ്ധ്യതകൾ

ഇന്നത്തെ സാമൂഹിക വ്യവസ്ഥിതിയിൽ പുരുഷന്മാരോടൊപ്പം സ്ത്രീകൾക്കും ജോലി ലഭിച്ചെങ്കിലേ ചെറിയ തോതിലെങ്കിലും ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ സാധിക്കുകയുള്ളൂ. ഒരു സംഘടിത തൊഴിൽ എന്ന നിലയിൽ പാലപ്പെട്ടി മേഖല

345

യിൽ അഞ്ഞൂറോളം (500) സ്ത്രീകൾ ബീഡി തൊഴിലു മായി ബന്ധപ്പെട്ട് ജീവിക്കുന്നുണ്ട്. അത് തൃശ്ശൂർ ജില്ലയിലെ ചാവക്കാട് മേഖലകളിലെ വ്യവസായികളെ ആശ്രയിച്ചാണ്. ഈ പഞ്ചായത്തിൽ ഒരു ബീഡിക്കമ്പനി സ്ഥാപിക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് ജോലി ലഭിക്കുവാൻ സാധിക്കും. പിന്നെ എല്ലാ വാർഡുകളിലും സഹകരണ സംഘം അടിസ്ഥാനത്തിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം ആരംഭിക്കുകയാണെങ്കിൽ കൂടുതൽ പേർക്ക് ജോലി

പട്ടിക I

| തൊഴിൽ മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| മത്സ്യ തൊഴിലാളികൾ | 160 | 1460 |
| കൃഷ്ക തൊഴിലാളികൾ | 1600 | 1000 |
| ബീഡി തൊഴിലാളികൾ | 400 | 45 |
| കർഷകർ | 130 | 365 |
| തയ്യൽ തൊഴിലാളികൾ | 160 | 1260 |
| മൃഗ സംരക്ഷകർ | 455 | 258 |
| ചെറുകിട വ്യവസായകർ | 2 | 23 |
| ഗതാഗത വാർത്താ വിനിമയം | 14 | 518 |
| വ്യാപാരികൾ | 17 | 1347 |
| കെട്ടിട നിർമ്മാണം | 173 | 912 |
| മററുള്ളവ | 10075 | 6007 |

ലഭ്യമാക്കുവാൻ കഴിയും. അതുപോലെ തന്നെ കറിപൗഡർ നിർമ്മാണ യൂണിററ്, അച്ചാർ നിർമ്മാണ യൂണിററ്, മെഴുകുതിരി നിർമ്മാണ യൂണിററ് എന്നിവ സ്ഥാപിച്ച് സ്ത്രീ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ അവസരം കൊടുക്കുക.

കാർഷിക മേഖലയിൽ ഊന്നൽ നല്കിക്കൊണ്ട് രാമച്ച കൃഷി, പച്ചക്കറി തോട്ടങ്ങൾ, പൂച്ചെടി കൃഷികൾ, മരച്ചീനി കൃഷി, എന്നിവ തുടങ്ങുവാൻ ആവശ്യമായ സാമ്പത്തിക സഹായം ചെയ്തു കൊടുത്താൽ ഈ രംഗത്ത് വളരെയധികം വനിതകൾക്ക് തൊഴിൽ

പട്ടിക 2

| തൊഴിൽ മേഖല | സ്ത്രീകൾ വേതനം | പുരുഷന്മാർ വേതനം |
|---|---|---|
| കർഷക തൊഴിലാളികൾ | 50–60 | 100–125 |
| 9, 10, 11 വാർഡുകളിൽ | | |
| രാമച്ച തൊഴിലാളികൾ | 60–75 | 100–150 |
| നിർമ്മാണ തൊഴിലാളികൾ | 75–80 | 120–150 |
| ബീഡി തൊഴിലാളികൾ | 35–42 | 40 |
| തയ്യൽ തൊഴിലാളികൾ | 40–50 | 75–100 |
| മത്സ്യ തൊഴിലാളികൾ | 35–40 | കണക്കുകൾ ലഭ്യമല്ല. |

ലഭിയ്ക്കുവാൻ സാധിക്കും. നിലവിലുള്ള പരമ്പരാഗതമായ വ്യവസായങ്ങൾ പുനരുദ്ധരിപ്പിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുക. ക്ഷീരോല്പാദന രംഗത്ത് സഹകരണ സംഘ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുമ്പോൾ സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ കൊടുക്കുക

വാർഡുകൾ തോറും മഹിളാ സമാജങ്ങൾ രൂപീകരിക്കുകയും നിലവിലുള്ളവ പുനരുജ്ജീവിപ്പിക്കുകയും ചെയ്താൽ വനിതകളുടെ ഇടയിൽ സാമൂഹികവും സാമ്പത്തികവും സാംസ്കാരികവുമായ ബോധവല്ക്കരണം നടത്തുവാൻ കഴിയും. പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വ്യാപകമായി പണ്ട് ഉണ്ടായിരുന്ന മരച്ചീനി കൃഷി, മത്സ്യ സംസ്കരണം മുതലായവ പുനരുദ്ധരിപ്പിച്ച് തൊഴിലവസരം സൃഷ്ടിക്കുക. ആടുവളർത്തൽ കോഴി വളർത്തൽ എന്നിവയ്ക്ക് സാമ്പത്തിക സഹായം നല്കുക.

അശ്ലീലത ചിത്രീകരിക്കുന്ന പോസ്റ്ററുകൾ തെരുവുകളിൽ പതിപ്പിക്കുന്നതിന് എതിരായ നിയമ നടപടികൾ സ്വീകരിക്കണം. വിവാഹമോചിതരാ സ്ത്രീകൾക്ക് സംരക്ഷണം ലഭിക്കുവാൻ സൗജന്യ നിയമ സഹായം നല്കുക. തുല്യ ജോലിക്ക് തുല്യ വേതനം നല്കുക. നിർദ്ധനകുടുംബങ്ങളിലെ പെൺമക്കളുടെ വിവാഹങ്ങൾക്ക് ധനസഹായം നല്കുക. സഹകരണ മേഖലകളിൽ പഞ്ചായത്തിലെ മുഴുവൻ വനിതക

ക്കും ഉപയോഗത്തക്കവണ്ണം ഒരു വനിത സൂപ്പർമാർക്കററ് സ്ഥാപിക്കുക. പഞ്ചായത്തിലെ മുഴുവൻ അംഗൻവാടികൾക്കും സ്ഥലം കണ്ടെത്തി കെട്ടിട നിർമ്മാണങ്ങൾക്ക് ധനസഹായം ലഭ്യമാക്കുക. അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താനും കുട്ടികളുടെ വിനോദത്തിനും വിശ്രമത്തിനും ആരോഗ്യത്തിനും വേണ്ട സംവിധാനം ഉണ്ടാക്കുക.

അംഗൻവാടി ജീവനക്കാർ ചെയ്യുന്ന ജോലി വളരെ കൂടുതലാണ്. അതിനുള്ള വേതനവും കൂടി അനുവദിച്ചുതരണം. അംഗൻവാടിയിൽ കുടിവെള്ളം എത്തിക്കുവാനുള്ള സംവിധാനവും കക്കൂസ്–വൈദ്യുതി എന്നിവയ്ക്കുള്ള സംവിധാവും ചെയ്തുതരിക.

സ്കൂളുകളിലെ പാഠ്യേതര മേഖലകളിലും പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിപ്പിക്കുവാനാവശ്യമായ സഹായം ചെയ്യുക.

## വനിതാ മേഖലനേരിടുന്ന പ്രശ്നങ്ങൾ

1 അംഗൻവാടി ജീവനക്കാർ ന്യായമായ വേതനം കിട്ടാതെ വിഷമിക്കുന്നു. അംഗൻവാടികൾക്ക് വേണ്ടത്ര സൗകര്യങ്ങൾ ഇല്ലാതെ ബുദ്ധിമുട്ടുന്നു.

2 സാമൂഹിക സേവന രംഗത്ത് പ്രവർത്തിക്കുവാൻ സ്ത്രീകൾ മുന്നോട്ട് വരുന്നില്ല.

3 തൊഴിൽ പരിശീലനങ്ങൾ സ്ത്രീകൾക്ക് വേണ്ടത്ര ലഭിക്കുന്നില്ല.

4 സ്ത്രീധന പ്രശ്നങ്ങൾ, സ്ത്രീ പീഡനം എന്നിവ വനിതാസമൂഹം നേരിടേണ്ടി വരുന്നു.

## സ്ത്രീകൾക്കിടയിലെ പ്രശ്നപരിഹാരം

1 സ്ത്രീകൾക്ക് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

2 തുല്യ ജോലിക്ക് തുല്യവേതനം നടപ്പിലാക്കുക.

3 തൊഴിലവസരങ്ങൾ തൊഴിൽ നിയമങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങളറിയിക്കുക.


4 സ്വയം തൊഴിൽ തുടങ്ങുന്നതിന്നാവശ്യമായ സാമ്പത്തിക സഹായങ്ങൾ നൽകുക.

5 വിധവ പെൻഷൻ, വികലാംഗ പെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ സ്ത്രീകൾക്ക് ലഭ്യമാക്കുക.

6 അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

7 സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിനുവേണ്ടി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക.

8 മാവേലി സ്റ്റോറുകളും പൊതു വിതരണ കേന്ദ്രങ്ങളും സഹകരണ സ്റ്റോറുകളും സ്ത്രീകളുടെ നേതൃത്വത്തിൽ തുടങ്ങാനേർപ്പാടുണ്ടാക്കുക.



**5 10**

# സഹകരണം

കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904-ലെ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ്. ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടങ്ങിയതെങ്കിൽ 21-ാം നൂററാണ്ടിന്റെ പടിവാതിക്കൽ എത്തിനിൽക്കുന്ന ഈകാലഘട്ടത്തിലും പെരുമ്പടപ്പ് പഞ്ചായത്തിൽ സഹകരണ സ്ഥാപനങ്ങൾക്ക് ജന്മമോ ജീവനോ ഉണ്ടായിട്ടില്ല.

പെരുമ്പടപ്പ്-വെളിയങ്കോട് പഞ്ചായത്തുകളുടെ പരിധിയിൽ ഇപ്പോൾ പ്രവർത്തിക്കുന്ന അണ്ടത്തോട സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിതമായത് 1946 ലാണ്. ഇതിന്റെ ആസ്ഥാന ഓഫീസ് എരമംഗലത്തും, ഒരു ബ്രാഞ്ച് വെളിയങ്കോടും പ്രവർത്തിക്കുന്നു. പെരുമ്പടപ്പ് പഞ്ചായത്തിൽ ഇതിന്റെ ശാഖകളൊന്നും പ്രവർത്തിക്കുന്നില്ല.

1946-ൽ ശ്രീ. പി ചിത്രൻ നമ്പൂതിരിപ്പാട് പ്രസിഡണ്ടും, കൊളാടി ഉണ്ണി, വെളുത്തശ്ശേരി ചന്ദ്രശേഖരമേനോൻ, തെക്കിയേടത്ത് ശിവദാസ്, പെരുമ്പാൾ മാനു, മലയംകുളത്തേൽ അബ്ദുറഹ്മാൻ സാഹിബ് എന്നിവർ ഇതിന്റെ ആദ്യകാല ഡയറക്ടർ.ബോർഡ് അംഗങ്ങളായിരുന്നു.

### *സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ.*

### *പട്ടിക 1*

| | | |
|---|---|---|
| 1 | സ്ഥാപനത്തിന്റെ പേര് | : അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക് ലിമിററഡ്. |
| 2 | പ്രവർത്തന പരിധി | : പെരുമ്പടപ്പ് വെളിയങ്കോട് പഞ്ചായത്തുകൾ. |
| 3 | ക്രെഡിററ്/നോൺ ക്രെഡിററ് | : ക്രെഡിററ്. |
| 4 | പ്രവർത്തനം ആരംഭിച്ച വർഷം | : 1946. |
| 5 | ആകെ അംഗങ്ങൾ | : 6471. |
| 6 | ഒരു ഓഹരിയുടെ വില | : 10 ക. |
| 7 | അംഗീകൃത ഓഹരി മൂലധനം | : 10 ലക്ഷം. |
| 6 | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | : 50.7000/- |
| 9 | സർക്കാർ ഓഹരിയുണ്ടോ? | : ഉണ്ട്. |
| 10 | ഉണ്ടെങ്കിൽ ലഭിച്ച തുക | : 78.000/- |
| 11 | പരമാവധി കടം എടുക്കാവുന്നതുക: | 2.5കോടി. |

### *പട്ടിക 2*

| പൊതു ജനങ്ങളിൽനിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ | | |
|---|---|---|
| a) | സ്ഥിരം | Rs. 135 ലക്ഷം |
| b) | എസ്.ബി. | Rs. 53 ലക്ഷം |

### പട്ടിക 3

| നൽകിയിട്ടുള്ള വായ്പകൾ | | |
|---|---|---|
| a) കാർഷിക വായ്പകൾ | തെങ്ങ്<br>നെല്ല് | Rs 10,27000/- |
| b) മററു വായ്പകൾ: | സ്വർണ്ണപ്പണയം | Rs 115ലക്ഷം |
| | ബിസിനസ്സ് | Rs. 2,50,000/- |

### പട്ടിക 4

| സ്ഥാപനങ്ങളിൽനിന്നും സ്വീകരിച്ച വായ്പകൾ | | |
|---|---|---|
| സ്ഥാപനം | സ്വഭാവം | തുക |
| മലപ്പുറം ജില്ലാ ബാങ്ക് | സ്വർണ്ണപ്പണയം | 25ലക്ഷം |

### പട്ടിക 5

നല്കിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ടും കിട്ടാനുള്ളവ

| വായ്പാസ്വഭാവം | തുക |
|---|---|
| 1) കാർഷിക ലോൺ | Rs. 3,71,000/- |
| 2) സ്വർണ്ണപ്പണയം | Rs. 10,27,000/- |
| 3) മററുള്ളവ | Rs. 2 85,000/- |

### പട്ടിക 6

| | |
|---|---|
| 1) സ്ഥാപ ക്കൽ | Rs. 8.50.000/- |
| 2) മററു ബന്ധപ്പെട്ടവ | Rs. 4.00.000/- |

### പട്ടിക 7

### ഈ സഹകരണ സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1 ബാങ്കിംഗ് ബിസിനസ്സ്.

2 കാർഷിക, കാർഷികേതര വായ്പാ വിതരണം.

3 സ്വർണ്ണപ്പണയ വായ്പകൾ.

4 ചിട്ടിക്ക് തുല്യമായ ഗ്രൂപ്പ് ഡെപ്പോസിററ്.

5 നിത്യ നിക്ഷേപം ഭണ്ഡാര നിക്ഷേപം.

6 കേരഫെഡ് കൊപ്ര സംഭരണം.

7 റേഷൻ ഹോൾസെയിൽ ബിസിനസ്.

മൊത്തം 6471 അംഗങ്ങൾഉള്ളതിൽ 2473 പേർ പെരുമ്പടപ്പ് പഞ്ചായത്തിൻെറ പടിഞ്ഞാററ മേഖലകളായ അയിരൂർ, പാലപ്പെട്ടി, പുതിയിരുത്തി പ്രദേശങ്ങളിൽ നിന്നുള്ളവരും, പെരുമ്പടപ്പ് പഞ്ചായത്തിൻെറ ബാക്കി മേഖലകൾക്കൂടെ കണക്കാക്കമ്പോൾ ഏകദേശം 50 ശതമാനത്തിൽ അധികം അംഗങ്ങൾ പെരുമ്പടപ്പ് പഞ്ചായത്തിൽ നിന്നുള്ളവരാണ്.

പെരുമ്പടപ്പ് പഞ്ചായത്തിലെ കായലിന് കിഴക്ക് വേറിട്ട് കിടക്കുന്ന ഒന്ന്, രണ്ട് വാർഡുകൾക്ക് ഇതിൻെറ പ്രവർത്തനങ്ങളിൽ മതിയായ പങ്കാളിത്തമോ പ്രയോജനമോ ഉണ്ടായിട്ടില്ല.

### പ്രശ്നങ്ങൾ

1 പഞ്ചായത്തിലെ മുഴുവൻ കർഷകരും ഈ ബാങ്കിൽ അംഗങ്ങളല്ല.

2 കർഷകാംഗങ്ങളുടെ സാമ്പത്തികാവശ്യങ്ങൾ പരിമിതമായി നിർവ്വഹിക്കാൻപോലും ബാങ്കിന് സാധിക്കുന്നില്ല.

പാലപ്പെട്ടി വെളിയങ്കോട് മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണം സംഘം.

തീരദേശ മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി രൂപംകൊണ്ട ഈ സഹകരണസംഘം 1988-ലാണ് രൂപീകൃതമായത്. 9 അംഗ ഡയരക്ടർ ബോർഡാണ് നിലവിലുള്ളത്.

## സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ

### പട്ടിക 8

| ആരംഭിച്ച വർഷം | ഓഹരി മൂലധനം | പ്രവർത്തന മൂലധനം | മെമ്പർഷിപ്പ് | ലോൺ കൊടുത്തത് | ലാഭം | നഷ്ടം |
|---|---|---|---|---|---|---|
| 1988 | 55750 | 46560 | 754 | 53897 | — | 1464 |

പെരുമ്പടപ്പ് പഞ്ചായത്തിലെ തീരദേശ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി 1993-ൽ രൂപം കൊണ്ട മറ്റൊരു സഹകരണ സംഘമായ പാലപ്പെട്ടി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘത്തിന്റെ ഒരു ലഘുവിവരണം താഴെ കൊടുക്കുന്നു.

### പട്ടിക 9

| നമ്പർ | മെമ്പർഷിപ്പ് | പ്രവർത്തന മൂലധനം | ഓഹരി മൂലധനം | ലോൺ കൊടുത്തത് | ലോൺ തിരിച്ചടച്ചത് | ലാഭം | നഷ്ടം |
|---|---|---|---|---|---|---|---|
| 128 93 | 357 | 1540 | 4770 | 22730 | 1158 78 | 572.62 | — |

## പൊന്നാനി താലൂക്ക് റൂറൽ ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

No: M. 16 Ponnani

പൊന്നാനി താലൂക്കിലെ ഏക ഹൗസിംഗ് സഹകരണ സംഘം പെരുമ്പടപ്പ് പ്രദേശത്ത് നൽകിയ ഭവന നിർമ്മാണ വായ്പകളുടെ ലഘു വിവരണം താഴെ കൊടുക്കുന്നു.

### പട്ടിക 10

| എത്ര പേർക്ക് | ഏത് ഇനം വായ്പ | നൽകിയ തുക. |
|---|---|---|
| 45 | ഭവന നിർമ്മാണം | 1,8,84,500 00 |

## കയർ വ്യവസായ സഹകരണസംഘം

പെരുമ്പടപ്പ് പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പ്രത്യേകിച്ചും കനോലികനാലിന്റെ പ്രാന്തപ്രദേശങ്ങളിൽ ഈ വ്യവസായത്തിന് ഏറെ സാദ്ധ്യതകളുണ്ട്. ഏതാനും വർഷങ്ങൾക്ക്മുമ്പ് ഈ പ്രദേശത്തുള്ള 7-ാം വാർഡിൽ ഒരു കയർ വ്യവസായ സഹകരണ സംഘത്തിന് തുടക്കം കുറിക്കുക. ഇതിന്റെ നടത്തിപ്പ് അവതാളത്തിലാവുകയും അംഗങ്ങൾക്ക് ഭീമമായ നഷ്ടം സംഭവിക്കുകയും സ്ഥാപനം പ്രവർത്തന രഹിതമാവുകയുമാണ് ഉണ്ടായത്.

## പൊന്നാനി താലൂക്ക് കാർഷിക വികസന ബാങ്ക് പൊന്നാനി

പെരുമ്പടപ്പ് പഞ്ചായത്തിലെ കാർഷിക-ഭവന ആവശ്യമായ ദീർഘകാല വായ്പ നൽകി വരുന്നത് ഈ ബാങ്കാണ്.

## ഇതര ബാങ്കിംഗ് സ്ഥാപനങ്ങൾ

### കനറാ ബാങ്ക്:-

പെരുമ്പടപ്പ് പഞ്ചായത്തിൽ പുത്തൻപള്ളി സെൻററിൽ പ്രവർത്തിക്കുന്ന ദേശസാൽകൃത ബാങ്കുകളിൽ പ്രമുഖ സ്ഥാനമാണ് കനറാബാങ്കിനുള്ളത്. നിക്ഷേപങ്ങളിൽ ഭൂരിഭാഗവും ഗൾഫ് മലയാളികളിൽനിന്നാണ. നിക്ഷേപത്തിന്റെ തോതനുസരിച്ച് വായ്പ നൽകുവാൻ ബാങ്ക് തയ്യാറാവുന്നില്ല. ഈ പ്രദേശങ്ങളിലെ കാർഷിക, വാണിജ്യ, വ്യവസായ ആവശ്യങ്ങൾക്ക്, P. M R Y തുടങ്ങിയ ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെൻറ് നടപ്പിലാക്കുന്ന ലോണുകളും നാമമാത്രമായേ അനുവദിക്കുന്നുള്ളൂ.

### സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്:-

ഗ്രാമ വികസന ലക്ഷ്യം കൈവരിക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്ന സൗത്ത് മലബാർ ഗ്രാമീണ ബാങ്കിന്റെ ശാഖ പെരുമ്പടപ്പ് പാറയിൽ പ്രവർത്തനം ആരംഭിച്ചിട്ട് 15 വർഷത്തോളമായി. കാർഷിക ലോൺ ചെറുകിടവ്യവസായം, കച്ചവടം, സ്വയംതൊഴിൽ, പണ്ടംപണയം തുടങ്ങിയ മേഖലകളിൽ ഈ ബാങ്കിന്റെ പ്രവർത്തനം പ്രശംസനീയമാണ്. ഗൾഫ് മലയാളികളിൽനിന്നുള്ള നിക്ഷേപങ്ങൾ ആകർഷിക്കുവാനുമുള്ള സംവിധാനം ഇല്ലാത്തതും ഒരു സ്പോൺസേർഡ് ബാങ്ക് എന്ന പരിമിതിയും ഈ ബാങ്കിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് വിലങ്ങുതടിയാണ്.

### സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂർ:-

സ്റ്റേററ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ബ്രാഞ്ച് പെരുമ്പടപ്പ് പഞ്ചായത്തിൽപ്പെട്ട പാലപ്പെട്ടിയിൽ പ്രവർത്തിക്കുന്നു. മത്സ്യത്തൊഴിലാളി, ഭവന നിർമ്മാണം, തൊഴിൽ, കച്ചവടം, ചെറുകിടവ്യവസായം തുടങ്ങിയആവശ്യങ്ങൾക്ക് ലോൺ അനുവദിക്കുന്ന വേണ്ടത്ര ഫണ്ട് ഈ സ്ഥാപനത്തിൽ ലഭ്യമാണെങ്കിലും മത്സ്യത്തൊഴിലാളികൾ തിങ്ങിപാർക്കുന്ന ഈ മേഖലയിലെ നിരവധി ആവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത അവസ്ഥയാണുള്ളത്.

### അർബൻ ബാങ്ക്:-

പൊന്നാനി കോ ഓപ്പറേററീവ് അർബൻ ബാങ്കിന്റെ ഒരു ബ്രാഞ്ച് 1996 നവംബർ 11-ാം മുതൽ പെരുമ്പടപ്പ് പുത്തൻപള്ളി സെൻററിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

### മററ് ധനകാര്യ സ്ഥാപനങ്ങൾ:-

പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്തിൽ 12 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ റെജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു. കച്ചവടം, വിവാഹം, ഗൾഫ് വിസ, റിയൽ എസ്റ്റേററ് തുടങ്ങിയ മേഖലകളിലാണ് ഇവർ ബിസിനസ്സ് കേന്ദ്രീകരിക്കുന്നത.

### വിവിധ മേഖലകളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ:-

1 പഞ്ചായത്തിൽ ഒരു സർവ്വീസ് സഹകരണ ബാങ്കിന് ജന്മം നൽകുക.

2 വിവിധ സംഘടനകൾ രൂപീകരിച്ച് സൊസൈററീസ് ആക്ട് അനുസരിച്ച് റെജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന് സഹായിക്കുക.

3 പെരുമ്പടപ്പ് നൂണക്കടവ് കോൾപടവ് കൃഷിക്കാരുടെ സഹകരണ സംഘം രൂപീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

4 തടത്തിപാടം മേഖലയിലെ കൃഷിക്കാരുടെ സഹകരണ സംഘം രൂപീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

5 കേരവികസനത്തിന് ഒരു "കോക്കനട്ട് ഗ്രോവേഴ്സ്" സഹകരണ സംഘം രൂപീകരിക്കുകയും സഹകരണ ബാങ്കിന്റെ പ്രവർത്തനവുമായി സംയോജിപ്പിക്കേണ്ടതുമാണ്.

6 പഞ്ചായത്തിന്റെ ഒന്ന്, രണ്ട് വാർഡുകളിൽ സഹകരണസംഘങ്ങളുടെ സേവനം ലഭ്യമാക്കുകയും വേണം.

7 ദീർഘകാല വായ്പ നൽകിവരുന്ന കാർഷിക ഗ്രാമ വികസന ബാങ്കുകളുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾതോറും വായ്പ മേളകൾ നടത്തി ബാങ്കിന്റെ പ്രവർത്തനം കൂടുതൽ ജനകീയ വല്ക്കരിക്കണം.

8 ഓരോ കർഷകനും ഒരു വർഷത്തേക്ക് ആവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പ് തന്നെ പാസാക്കി ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

9 ക്ഷീര വ്യവസായ സഹകരണ സംഘം സ്ഥാപിക്കാൻ മിൽമയുമായി ബന്ധപ്പെട്ട് ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ ചെയ്ത് തരേണ്ടതാണ്.

10 പെരുമ്പടപ്പ് പഞ്ചായത്തിലെ ഒന്ന്, രണ്ട് വാർഡുകൾ ഉൾപ്പെടുത്തി ചെറവല്ലൂർ ക്ഷീരോല്പാദന സഹകരണ സംഘവും, 3, 4, 5വാർഡുകൾ ഉൾപ്പെടുത്തി പെരുമ്പടപ്പ് ക്ഷീരോല്പാദന സംഘവും, 6, 7, 8 വാർഡുകൾ ഉൾപ്പെടുത്തി അയിരൂർ ക്ഷീരോല്പാദന സഹകരണ സംഘവും, 9, 10, 11 വാർഡുകൾ ഉൾപ്പെടുത്തി പാലപ്പെട്ടി ക്ഷീരോല്പാദന സഹകരണ സംഘവും ആരംഭിച്ച് ഈ പഞ്ചായത്തിലെ ഉൽപാദനവും വിപണനവും വിപുലപ്പെടുത്തേണ്ടതാണ്.

11 കാലിത്തീറ്റ വിതരണത്തിനായി ഓരോ സംഘത്തിലും സംവിധാനം ഉണ്ടാക്കണം.

12 നിലവിലുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ മുഴുവൻ മത്സ്യത്തൊഴിലാളികളേയും അംഗങ്ങളാക്കി പ്രവർത്തന മേഖല വിപുലീകരിക്കണം

13 ഉൽപാദിപ്പിക്കുന്ന മത്സ്യം കേടുകൂടാതെ സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനും സംഘം നടപടി എടുക്കുകയും ഇതിനാവശ്യമായ ഫ്രീസിംഗ് പ്ലാന്റ്, ഐസ് പ്ലാന്റ്. വാൻ എന്നിവ സംഘത്തിന്റെ കീഴിൽ ഉണ്ടായിരിക്കേണ്ടതുമാണ്.

14 സഹകരണ സംഘത്തിന്റെ കീഴിൽ ഒരു മത്സ്യ വല നിർമ്മാണ ശാലയും ഒരു ബന്ധനോപകരണശാലയും സ്ഥാപിക്കണം.

15 ഉൾനാടൻ മത്സ്യ ബന്ധനത്തിന് വികസന സാദ്ധ്യതയുള്ള പഞ്ചായത്തായതിനാൽ വിവിധ സ്ഥലങ്ങളിൽ ഉൾനാടൻ മത്സ്യ വികസന സംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

16 കയർ സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ഈ സംഘങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

17 സഹകരണാടിസ്ഥാനത്തിൽ വനിതകൾക്കായി റെഡിമെയ്ഡ് വസ്ത്രനിർമ്മാണത്തിനായി വാർഡുകൾതോറും സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും അവർക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതുമാണ്.

18 സഹകരണ മേഖലയിൽ വനിതാ സൂപ്പർമാർക്കറ്റുകൾ സ്ഥാപിക്കുകയും അവക്കാവശ്യമായ സാമ്പത്തിക സഹായങ്ങളും ലഭ്യമാക്കേണ്ടതുമാണ്.

19 പഞ്ചായത്തിന്റെ പരിധിയിൽ ഒരു കൺസ്യൂമർ സഹകരണ സംഘം രൂപീകരിക്കുകയും ഓരോ വീട്ടിലും നിത്യോപയോഗസാധനങ്ങൾ എത്തിക്കുന്ന ഡോർ ഡെലിവറി സിസ്റ്റം നടപ്പിലാക്കുകയും വേണം.

20 പട്ടിക ജാതി സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.


21 അസംഘടിതരായ തൊഴിലാളികൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് ഒരു ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപീകരിക്കേണ്ടതാണ്.

22 ഒരു കോഴി വളർത്തൽ സഹകരണ സംഘം രൂപീകരിച്ച് വീടുകൾതോറും ചെറിയ യൂണിറ്റുകളായി കോഴി വളർത്തലിനാവശ്യമായ പ്രോത്സാഹനം നൽകുകയും മൃഗസംരക്ഷണ ഉദ്യോഗസ്ഥന്റെ സേവനവും മററു സാമ്പത്തിക സഹായവും ലഭ്യമാക്കേണ്ടതാണ്.

23 പഞ്ചായത്തിന്റെ പടിഞ്ഞാറൻമേഖലയിലുള്ള രാമച്ച കൃഷി വികസനത്തിനായി സഹകരണ സംഘടനകൾ രൂപീകരിക്കുകയും, സംസ്കരണം, വിപണനം തുടങ്ങിയ ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകേണ്ടതാണ്.

24 പരമ്പരാഗത കുടിൽ വ്യവസായമായ കൊട്ട, വട്ടി നെയ്ത്തുകൾ കൂടാതെ. നോട്ട് ബുക്ക് നിർമ്മാണം, അച്ചാറ് കറിപൗഡർ, മെഴുകുതിരി, പപ്പട നിർമ്മാണം എന്നിവക്ക് വനിതാ സഹകരണ സംഘത്തിന്റെ കീഴിൽ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതാണ്.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി പെരുമ്പടപ്പിലെ 11 ഗ്രാമ സഭകൾ ചർച്ചചെയ്ത് സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ട് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനായി സമർപ്പിച്ചുകൊള്ളുന്നു.




5 12

# വിഭവ സമാഹാരണം

കാർഷിക മേഖലയിൽ പ്രത്യേകിച്ചും നെൽ കൃഷിയിൽ എവിടേയും വലിയ മാന്ദ്യമാണ്. തെങ്ങ് മുതലായ മററു കൃഷിയുടെകാര്യത്തിൽ ഇത്ര തന്നെ പറയാനില്ല പുഞ്ച നിലങ്ങൾ തരിശയികിടക്കുകയാണ് കുറെ കാലമായിട്ട്. ഈ മുരടിപ്പ് നമ്മുടെ വിഭവ സമാഹരണത്തെയും ഒരു പാധി വരെ ബാധിച്ചിട്ടുണ്ടെന്ന് പറയാതെവയ്യ.

ഗൾഫ് മേഖലയിൽ നിന്നുള്ള പണത്തിൻെറ വരവ് നമ്മുടെ നാട്ടിൻെറ മുഖഛായതന്നെ മാററിയെടുത്തിരിക്കുന്നു. ഒരു സമ്പന്ന പ്രദേശമായി ഇവിടം പലരും അംഗീകരിച്ചിട്ടുണ്ട് എന്നത് ഒരു സത്യം തന്നെയാണ്. കുറച്ചൊക്കെ ഉയർന്ന സാമ്പത്തികനില കൈവരിക്കാത്തവരും ഈ പട്ടികയിൽവരും.

പഞ്ചായത്തിലേക്കുള്ള വരവിനങ്ങളിൽ കാര്യമായത് കെട്ടിട നികുതികൾ തൊഴിൽ നികുതി വിനോദ നികുതികൾ എന്നിവയൊക്കെയാണ്. വസ്തു കൈമാററ നികുതി പിന്നീട് ഗ്രൻെറായിട്ടത്രെ വന്നുചേരുന്നത്. ഇവയുക്തി സഹമായി ഉയർത്തുകയും നേരെ അവ പഞ്ചായത്തിലേക്ക് വന്നുകിട്ടാൻ ചട്ടങ്ങളിൽ വേണ്ട ഭേദഗതികൾ കൊണ്ടുവരാൻ സർക്കാരിൻെറ ഭാഗത്ത് നിന്ന്നീക്കങ്ങൾ ഉണ്ടായാലെപററുകയുള്ളു.

പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടെ പങ്ക് വഹിക്കലാണ് നികുതികൊടുക്കൽ വഴിനിർവ്വഹിക്കുന്നതെന്ന ഉയർന്ന ചിന്താഗതി സാധാരണ പൗരൻമാരിൽ വരണം.

ചില നിർദ്ദേശങ്ങൾ.

1 വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം.

2 വരുമാനത്തിൻെറ ചെറിയ അംശം മാത്രമേ നികുതി ചുമത്താവു.

3 നികുതികൾ പിരിക്കാൻ ഗ്രാമ സമിതികൾ തയ്യാറാവണം.

4 നികുതിപിരിവിൻെറ സ്ഥലവും സമയവും മുൻകൂട്ടി തീർച്ചപ്പെടുത്തി മുഴുവൻ പിരിച്ചെടുക്കണം.

5 എല്ലാവരും നികുതി പഞ്ചായത്തിലേക്ക്കൊടുത്തുകഴിഞ്ഞുവെന്ന് ഉറപ്പാക്കണം.

6 കെട്ടിട നികുതികൾ
തറ വിസ്തീർണ്ണം മാത്രം നോക്കി നികുതി ചുമത്തുന്നതിൽ നിന്ന് മാററം വരുത്തി ആർഭാട സാമഗ്രികളുടെ ഉപയോഗംകൂടി മാനദണ്ഡമാക്കണം. എന്തടിസ്ഥാനത്തിലെന്ന് വീട്ടുടമസ്ഥനെ ബോധ്യപ്പെടുത്താൻ പഞ്ചായത്തിൽ രേഖ സൂക്ഷിക്കുകയും വേണം.

7 തൊഴിൽ നികുതി.
സർക്കാർ സ്ഥാപനങ്ങളിലും എയ്ഡഡ് സ്കൂളുകളിലും നികുതികൾ ചിട്ടപ്പടി വസൂലാക്കി വരുന്നുണ്ട് കൂടാതെ പട്ടികകളിൽരേഖപ്പെടുത്തി മാസ ശമ്പളം പററുന്നവരും ഈ ഇനത്തിൽ വരണം.

8 ഭൂ നികുതി.
ചിലതത്വങ്ങളെ അടിസ്ഥാനമാക്കി ഭൂനികുതി നിശ്ചയിച്ച് അവ പിരിക്കാനുള്ള ചുമതല പഞ്ചായത്തുകൾക്ക് വിട്ടു കൊടുക്കാൻ സർക്കാർ നേതൃത്വമേറെറടുക്കണം.

9 ലൈസൻസ്.
കച്ചവടം തുടങ്ങുന്നതിനുള്ള ലൈസൻസ് ശാസ്ത്രീയമായി പരിഷ്കരിച്ച് വർധിപ്പിക്കണം.

10 നേഷനൽ സേവിംഗ് സ്കീം.
ഈ ഇനത്തിൽ പിരിച്ചെടുക്കുന്ന സംഖ്യകൾ വർധിപ്പിക്കാൻ ഗ്രാമ സമിതികളും പഞ്ചായത്ത് മെമ്പർമാരും ഉൽസാഹിക്കണം. ഇതിൽ നിന്നും കമ്മീഷൻ പഞ്ചായത്തിനുകൊടുക്കാൻ വ്യവസ്ഥയുണ്ട്. അതാതു കലെത്ത് കമ്മീഷൻതുക പഞ്ചായത്തിൽ വന്നു ചേർന്നുവെന്ന് ഭരണസമിതി ഉറപ്പു വരുത്തുകയും വേണം.

മററു വിഭവ സമാഹരണങ്ങൾക്ക് നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.


1 ആഭരണങ്ങൾ വിൽപ്പന നടത്തുന്ന ഭേദപ്പെട്ട കടകൾക്ക് ഒരു പ്രത്യേക രജിസ്ട്രേഷൻഫീസ് ഏർപ്പെടുത്താം.
2 കേബ്ൾ ടി വി സംഘാടകർക്ക് ലൈസൻസ് വേണമെന്ന് നിബന്ധനവരുത്താം.
3 കേബ്ൾ ടിവി ഘടിപ്പിച്ച വീട്ടുകാരിൽ നിന്ന് വാർഷിക നികുതി ഈടാക്കാം.
4 ചിട്ടയായി പ്രൈവററ്പ്രാക്ററീസ് നടത്തുന്ന ഡോക്ടർമാർക്കും എഞ്ചിനീയർമാർക്കും ലൈലൻസ് ഫീ ചുമത്താം.
5 എല്ലാ വിവാഹങ്ങളുടേയും ഒരു രജിസ്ട്രേഷൻ രൂപത്തിലുള്ള രേഖ നിർബന്ധമാക്കുകയും ഒരു ചെറിയ നിരക്കിലുള്ള ഫീസ് ചുമത്തുകയുമാവാം.
6 ടോൾ പിരിവ് പഞ്ചായത്തിന്കിട്ടാറാക്കണം
7 ചിട്ടി. ഫൈനാൻസിയേഴ്സിന് ശാസ്ത്രീയമാമായ ഒരു നിർബന്ധിത രജിസ്ട്രേഷൻ ഫീസ് ചുമത്തണം.
8 വളർത്തുനായ്ക്കൾക്ക് ലൈസൻസ്വർദ്ധിപ്പിക്കണം.
9 ഉൽസവങ്ങളിൽ നിന്ന് ചെറുകിട കച്ചവടക്കാർക്ക് സ്പെഷൽനികുതി ചുമത്താം.
10 വളരെ ആർഭാടമെന്ന് കരുതാവുന്ന ടെക്സ്ററയിൽ കാർക്ക് ഒരു പ്രത്യേക ലൈസൻസ് ഏർപ്പെടുത്താം.

11 പെരുമ്പടപ്പ് പുത്തൻപള്ളി ഒരു തീർത്ഥാടന കേന്ദ്രമായി മാറിക്കഴിഞ്ഞു. ഇവിടെ ബസ സ്ററാൻഡ് ഉണ്ടാക്കുന്നതിന്ന് പഞ്ചായത്ത് മുൻകയ്യെടുക്കണം വാഹനനികുതിയായിനല്ലൊരു സംഖ്യ പഞ്ചായത്തിന്കിട്ടും.

12 പാലപെട്ടി കടപ്പുറത്ത് മീൻപിടുത്തം തീരെ ഇല്ല എന്നനിലയിലേക്ക് വരികയാണ് അഥവാ പേരിനുമാത്രം അൽപ സ്വൽപ്പമൊക്കെ ഉണ്ടെങ്കിലും അവയുടെ വിപണനം പൊന്നാനിയിലും മററുമാണ് ഇതിന് ഒരന്വേഷണമേർപ്പെടുത്തണം തോണികളുംമററും കരക്കടുക്കാൻ ഒരുസംവിധാനംവന്നാൽ നമ്മുടെപഞ്ചായത്തിൻെറ വിഭവസമാഹരണത്തിന്ന് ഒരു മുതൽക്കൂട്ടാവും തീർച്ച.

13 മനുഷ്യാധ്വാനമാണ് നമ്മുടെ കാതലായ വിഭവം ഈ നാട്ടിൻെറ ഉന്നമനത്തിന്ന് അധ്വാനമർപ്പിക്കാൻ ഒരു പരിധിവരെപലരും തയ്യാറുണ്ട് വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യവിഭവം സംഭാവന ചെയ്യാൻ പല ഗ്രാമസഭകളും തയ്യാറാണെന്ന് റിപ്പോർട്ടിൽ വന്നിട്ടുണ്ട് പൊതു മുതൽ കാത്തുസൂക്ഷിക്കുന്ന ഒരുചിന്ത വളർത്തി എടുക്കണം. റോഡുകൾ കാത്തുസൂക്ഷിക്കാൻ ഇരുപുറവും പാർക്കുന്നവർക്ക ബാധ്യസ്ഥതയുണ്ടെന്ന് ബോധവൽക്കരണം വരുത്തണം ചെലവുകൾ:- പൊതുമരാമത്തിനും ഭരണചിലവുകൾക്കുമാണ് പഞ്ചായത്ത് ധനം ഇപ്പോൾ കാര്യമായും ചെലവാക്കുന്നത്. റോഡുകളുടെ അററകുററപ്പണികൾക്കാണ് വലിയതുക ചിലവായത് മഴ വരുന്നതിന് മുമ്പായി റോഡ് പണികൾ അവസാനിപ്പിക്കുന്നതിന് പഞ്ചായത്ത് മുൻകയ്യെടുക്കണമെന്നുമാത്രം.

*




# ടൂറിസം

ഇന്ത്യയുടെ ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിക്കേണ്ട ദക്ഷിണ ഇന്ത്യയിലെ സുപ്രധാന ആരാധനാ കേന്ദ്രമാണ് പെരുമ്പടപ്പ് പുത്തൻ പള്ളി. ദിനം പ്രതി ആയിരത്തിലധികം സന്ദർശകർ ഇവിടെ വന്നുപോകുന്നു. വഴിപാടായി ഏകദേശം 45 000 രൂപ ദിവസവും ഇവിടെ ലഭിച്ചുകൊണ്ടിരിക്കുന്നു. സന്ദർശകരിൽ എല്ലാജാതി മതസ്ഥരായ ആളുകളുമുണ്ടെന്നത് ഇവിടത്തെ പ്രത്യേകതയാണ്. മത സൗഹാർദ്ദമാണ് ഇതിന്റെ മുഖമുദ്ര. മലയാളികളെ കൂടാതെ തമിഴ്നാട്ടുകാരും ധാരാളം വന്നുപോകുന്നു.

ഈ കേന്ദ്രത്തിന്റെ പ്രത്യേകതയും സന്ദർശകരുടെ ബാഹുല്യവും നാടിന്റെ വികസനവുമായി എങ്ങനെ ബന്ധപ്പെടുത്താമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

പുത്തൻ പള്ളിയിൽ നിന്ന് വെറും 3 കി. മി. അകലെയാണ് അറബിക്കടൽ. ഈ പഞ്ചായത്തിലെ മൂന്ന് വാർഡുകൾ കടലിനോട് തൊട്ടുരുമ്മിക്കിടക്കുന്നു. പുത്തൻ പള്ളിയിൽ നിന്ന് കടൽ തീരത്തേക്ക് യാത്ര ചെയ്യാൻ ടാറിട്ട റോഡുമുണ്ട്. 3 വാർഡുകളിലായി നീണ്ട് കിടക്കുന്ന കടൽ തീരം പ്രകൃതി സ്നേഹികളെ ആകർഷിക്കാൻ പര്യാപ്തമാണ്. പുത്തൻപള്ളിയിലെത്തുന്ന മലയാളികളും മറുനാട്ടുകാരുമായ സന്ദർശകരെ കടൽ തീരത്തേക്ക് ആകർഷിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതുണ്ട്.

ഈ കടൽ തീരത്തോട് തൊട്ടടുത്താണ് പുണ്യ പുരാതനമായ പാലപ്പെട്ടി ജുമാ അത്ത് പള്ളിയും ചരിത്ര പ്രസിദ്ധമായ പാലപ്പെട്ടി ഭഗവതീ ക്ഷേത്രവും. ആത്മീയവാദികളുടെയും തീർത്ഥാടകരുടെയും ചരിത്രാന്വേഷകരുടെയും വിജ്ഞാനതൃഷ്ണ മുതലെടുത്തുകൊണ്ട് ഇവർ തേടുന്ന ചരിത്ര സത്യങ്ങൾ കാണിച്ചു കൊടുക്കാൻ ഗൈഡുകളെ ഉപയോഗപ്പെടുത്താവുന്നതാണ്.

പെരുമ്പടപ്പ് പഞ്ചായത്തിലെ ചരിത്രമുറങ്ങുന്ന കേന്ദ്രങ്ങൾ:–

1 പുത്തൻപള്ളിയും ജാറവും,
2 കാട്ടമാടംക്ഷേത്രം,
3 തവള (താവള) കുന്ന്,
4 നൂണക്കടവ് പള്ളി, ജാറം, കായൽ.
5 പാലപ്പെട്ടി ഭഗവതിക്ഷേത്രം,
6 പാലപ്പെട്ടി ജുമാഅത്ത്പള്ളി.
7 പുതിയിരുത്തി (ഗോദവർമ്മ) ക്ഷേത്രം
8 പെരുമ്പടപ്പ് സ്വരൂപം കിണർ
9 കൊഴ്പുള്ളിക്ഷേത്രം
10 ചെറവല്ലൂർ കായൽ
11 കനോലി കനാൽ

നിരവധി പള്ളികളും ക്ഷേത്രങ്ങളും വേറെയുമുണ്ട്.

**സാധ്യതകളും നിർദ്ദേശങ്ങളും:-**

1 പെരുമ്പടപ്പ് പഞ്ചായത്ത് ഒരു ടൂറിസ്റ്റ് മേഖലയായി പ്രഖ്യാപിക്കുക.

2 സന്ദർശകർക്ക് കടലിൽ കുളിക്കാനും താമസിച്ച് അസ്തമയം കാണുവാനുമുള്ള സൗകര്യമുണ്ടാക്കുക.

3 പുത്തൻപള്ളിയിൽ ടൂറിസ്റ്റ് ഗൈഡ് സെൻറർ സ്ഥാപിക്കുക.

4 ബീച്ചിൽ മരങ്ങൾ വെച്ച് പിടിപ്പിക്കുക.

5 സാഹസിക തൽപരരായ ആളുകൾക്ക് കടലിൽ യാത്രചെയ്യുവാനും കടൽ സൗന്ദര്യം ആസ്വദിക്കുവാനുള്ള സൗകര്യമേർപ്പെടുത്തുക.

6 കടപ്പുറത്ത് നിയോൺ ബൾബുകളും കുട്ടികൾക്കായുള്ള പാർക്കും സ്ഥാപിക്കുക.

7 പുത്തൻപള്ളിയും ബീച്ചും ബന്ധപ്പെടുത്തുന്ന ബസ്റൂട്ട് അനുവദിക്കുക.

8 പാലപ്പെട്ടി ഭാഗത്ത് ഒരു ഒപ്പൺതീയേററും സ്റ്റേഡിയവും സ്ഥാപിക്കുക.

9 പുരാതനമായ പാലപ്പെട്ടി ബീച്ച് പിക്നിക് സ്പോട്ടായി ഉയർത്തുക.

10 കടൽ വിഭവങ്ങൾ ആധുനികരീതിയിൽ പാചകം ചെയ്ത് കുറഞ്ഞവിലക്ക് വില്ക്കുന്ന ഒരു ഭോജനശാല സ്ഥാപിക്കുക.

11 കനോലി കനാലിൽ ദേശീയ ജല പാതാ പദ്ധതി നടപ്പാക്കി ബോട്ട് സർവ്വീസ് ആരംഭിക്കുക.

പുത്തൻപള്ളിക്ക് കിഴക്ക് ഭാഗത്തുള്ള ചെറവല്ലൂർ പുഞ്ചക്കായലും തുരുത്തുകളും ടൂറിസ്റ്റ് സാദ്ധ്യതകളുള്ള പ്രദേശമാണ്. പ്രധാന ദ്വീപായ ചെറുവല്ലൂർ കൂടാതെ ആമയം, കൂരിക്കാട്, ഉരുത്തുമ്മൽ എന്നീ ചെറുദ്വീപുകളുണ്ട്. വെള്ളത്താൽ ചുററപ്പെട്ട ഈ പ്രദേശങ്ങളിലെ ശാന്തതയും ശീതക്കാററും സന്ദർശകരിൽ ആത്മ നിർവൃതി നിറക്കാൻ ഉതകും. ഇതൊരു പക്ഷി സങ്കേതമായി വികസിപ്പിച്ചെടുക്കാനും കഴിയും. ഇപ്പോൾ തന്നെ ചില സീസണുകളിൽ വന്നെത്തുന്ന സൈബീരിയൻ കൊക്കുകളും ഒട്ടനവധി അപൂർവ്വ പക്ഷികളും ജനശ്രദ്ധ പിടിച്ചുപററിയിട്ടുണ്ട്. കൂടാതെ ഒരു മത്സ്യ വളർത്തൽ കേന്ദ്രത്തിനും ഇവിടെ സാദ്ധ്യതകളുണ്ട് കായലിന് കുറുകെ നടപ്പാതയുണ്ടാക്കുകയും ഈ പാതയിൽ വൈദ്യുതി ബൾബുകൾ സ്ഥാപിക്കുകയും ചെയ്താൽ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയും.

പെരുമ്പടപ്പ് പഞ്ചായത്തിലെ ടൂറിസ്റ്റ് സാദ്ധ്യതകൾ മുതലെടുക്കുകയാണെങ്കിൽ അത് പഞ്ചായത്തിൻെറ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തും. ആത്മീയ നിർവൃതി തേടിയെത്തുന്ന ലക്ഷങ്ങളുടെ ആവശ്യങ്ങൾ കണ്ടറിയുകയും ആ അറിവിൻെറ അടിസ്ഥാനത്തിൽ രൂപം കൊടുക്കുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങൾക്കും വലിയ സാദ്ധ്യതകളുണ്ട്.

★

# വികസന റിപ്പോർട്ട്

മലപ്പുറം ജില്ലയുടെ തെക്കേ അററത്ത് തൃശൂർ ജില്ലയുമായി ചേർന്നു കിടക്കുന്നതും ചരിത്ര പ്രസിദ്ധമായ പെരുമ്പടപ്പ് സ്വരൂപത്തിന്റെ ആസ്ഥാനമായിരുന്നതുമായ ഒരു കടലോര പഞ്ചായത്താണ് പെരുമ്പടപ്പ് ഗ്രാമ പഞ്ചായത്ത്. ജനസംഖ്യ ഏതദേശം 30000 ത്തോളം വരുമെങ്കിലും ജന സാന്ദ്രത ഏററവും കൂടുതലാണ്. ചെറുകിട കർഷകരും, മൽസ്യ തൊഴിലാളികളും ചെറുകിട കച്ചവടക്കാരുടെ വിഭാഗത്തിൽ പെട്ടവരുമായ സാമാന്യ ജനവിഭാഗങ്ങളാണ് കൂടുതൽ. പഞ്ചായത്തിന്റെ മൂന്ന് വാർഡുകളും കടലുമായി ബന്ധപ്പെട്ടുകിടക്കുന്നു. ചരിത്ര പ്രസിദ്ധമായ പെരുമ്പടപ്പ് പുത്തൻപള്ളി ഈ പഞ്ചായത്തിൽ നിലകൊള്ളുന്നു.

നിലവിലുള്ള പഞ്ചായത്ത് കമ്മററി അധികാരത്തിൽ വന്നശേഷം പല റോഡുകളുടെയും വികസനത്തിന് ഊന്നൽ നൽകുകയുണ്ടായി. പങ്ങം– ഹരിജൻ കോളനി റോഡ്, കൊഴപ്പുള്ളി അമ്പലം റോഡ്, പാലപ്പെട്ടി ആസ്പത്രിറോഡ് എന്നിവ ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. പഞ്ചായത്തിന്റെ നട്ടെല്ലായ പുത്തൻപള്ളിയുമായി ബന്ധിപ്പിക്കുന്ന പാറ കുണ്ടിച്ചിറ റോഡ് അററകുററ പണികൾ നടത്തുന്നതിനായി ഏറെറടുത്തു കഴിഞ്ഞിരിക്കയാണ് പഞ്ചായങ്ങിലെ തീരദേശ വാർഡുകളിലെ ജനങ്ങളെ ഏററവും ബാധിക്കുന്ന പ്രശ്നം കുടി – വെള്ള ക്ഷാമവും പ്രാഥമികാവശ്യ നിർവ്വഹണത്തിനുള്ള സൗകര്യക്കുറവുമാണ്.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ഏകദേശം 50 സ്ട്രീററ് ടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. പഞ്ചായത്ത് ഫണ്ടും മററ് ഇതര സ്ഥാപനങ്ങളുടെ ഫണ്ടും ഉപയോഗിച്ച് ഏകദേശം 125–ഓളം കുഴൽ കിണറുകൾ സ്ഥാപിച്ചു കഴിഞ്ഞു. പ്രാഥമികാവശ്യ നിർവ്വഹണത്തിന്റെ തിരക്കിലാണ് ഇപ്പോൾ പഞ്ചായത്ത്., പാവപ്പെട്ട ദരിദ്രകുടുംബങ്ങൾക്ക് പുരകെട്ടിമേയൽ ധനസഹായം ഇതിനകം നൽകികഴിഞ്ഞു. പഞ്ചായത്തിലെ തീരപ്രദേശങ്ങളിൽപല പകർച്ച വ്യാധികളും പടർന്നു പിടിക്കാൻ സാധ്യതയുള്ളത് കൊണ്ട് കൊതുകു നിവാരണത്തിന് ജനപങ്കാളിത്വത്തോടെ പല നിർമാർജ്ജന പ്രവർത്തനങ്ങളും നടത്തികഴിഞ്ഞു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപ്പിച്ച് പരിസര മലിനീകരണം തടയാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തിലെ ജനങ്ങൾ ഏററവും കൂടുതൽ തിങ്ങിപ്പാർക്കുന്ന പ്രധാന സ്ഥലങ്ങളിൽ പൊതു ശ്മശാനം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയാണ്. പഞ്ചായത്തിലെ പ്രധാന റോഡുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടിയും ആയി കഴിഞ്ഞു.

തീരദേശ പഞ്ചായത്തുകളിലെ വികസനം സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ ബന്ധപ്പെട്ട അധികാരികൾക്ക് ഇതിനകം സമർപ്പിച്ചു കഴിഞ്ഞു പഞ്ചായത്തിന്റെ ധനസ്ഥിതി വളരെ മോശമാണെങ്കിലും വളരെ ജാഗ്രതയോടെ കർമ്മ പരിപാടികൾ ഏറെറടുത്തുകൊണ്ട് ജനമദ്ധ്യത്തിലേക്കുള്ള പ്രയാണത്തിൽ ന്യൂനതകൾ പരിഹരിക്കാനും പുതിയ വഴികൾ തേടാനുള്ള ശ്രമത്തിലാണ് അധികാരികൾ.

കേരള സർക്കാറിന്റെ ഒമ്പതാം പദ്ധതി ജനകീയ വൽക്കരിക്കുക മൂലം, ജനങ്ങളിൽ പുതിയ ഒരു ആവേശം പകർന്നിരിക്കയാണ്. ഒമ്പതാം പദ്ധതി അക്ഷരാർത്ഥത്തിൽ യാഥാർത്ഥ്യ മാകാൻ പോകുന്ന ഈ അവസരത്തിൽ ഗ്രാമ പഞ്ചായത്തുകൾ ആവിഷ്കരിക്കുന്ന കർമ്മ പദ്ധതികൾക്ക് രൂപം നൽകുന്ന പ്രവർത്തനങ്ങളുമായി ഇതിനകം പഞ്ചായത്തിലെ എല്ലാ സിരാകേന്ദ്രങ്ങളും ഉണർന്നു കഴിഞ്ഞു. ഇനിയുള്ള നാളുകൾ ജനങ്ങളുടെ ചിരകാല സ്വപ്നങ്ങളുടെ സാക്ഷാൽകാരത്തിന്റേതാണ്. ★

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

എൻ. വി. അബൂബക്കർ (ചെയർമാൻ)
രവീന്ദ്രനാഥ് സി. പി. (ജനറൽകൺവീനർ)

**കൃഷി, ജലസേചനം**
എൻ. വി. അബൂബക്കർ (കൺവീനർ)
പങ്ങുണ്ണി ചെറവല്ലൂർ ചന്ദ്രൻ
പി വി. എം. എ കാദർ
പി. ബീരാൻ ഹാജി

**മൽസ്യബന്ധനം മൃഗപരിപാലനം**
എ. മൊയ്തു (കൺവീനർ)
സഖറിയ പാലപ്പെട്ടി
മുഹമ്മദലി പാലപ്പെട്ടി
അഷ്റഫ് പെരുമ്പടപ്പ്
സദക്കത്ത് പ ലപ്പെട്ടി

**വിദ്യാഭ്യാസം**
വി. എം. അബ്ദുള്ളകുട്ടിമാസ്റ്റർ (കൺവീനർ)
പി. വി. എം. എ. സത്താർ അരവിന്ദാക്ഷൻ
സി. മുഹമ്മദ് സജീദ്

**ആരോഗ്യം, കുടിവെള്ളം**
സി. ഇബ്രാഹിംകുട്ടി (കൺവീനർ)
മുഹമ്മദലി അയിരൂർ
എൻ. വി. അബ്ദുൽമൻസൂർ പെരുമ്പടപ്പ്
കെ. കെ. സിദ്ദീക് മുരളി

**റോഡുകൾ, ഊർജജം, മാർക്കററ്**
പി. കെ. പോക്കുമാസ്ററർ (കൺവീനർ)
സുബൈർ പെരുമ്പടപ്പ്
ടി. എച്ച്. മുസ്തഫ
വി. മുഹമ്മദ്, എ അബു. പുരുഷോത്തമൻ

**ഭവനനിർമ്മാണം ക്ഷേമപ്രവർത്തനം**
പി. പരമേശ്വരൻ (കൺവീനർ)
എം. മുജീബ്
ഷരീഫ് കെ. യാക്കൂബ് തവളക്കുന്ന്
പി. അമീൻ

**സംസ്കാരം, കായികരംഗം**
കെ. വി. രാഘവവാരിയർ (കൺവീനർ)
അബ്ദുൽ റഷീദ് പങ്ങം
ഇബ്രാഹീംകുട്ടി സി.
ഹംസു കെ. എച്ച്. മുഹമ്മദ് കെ.

**വ്യവസായം**
കെ. ഷൽജി
എം. കെ. ബഷീർ
സി. അബ്ദു
മുഹമ്മദ് പുതിയിരുത്തി
വി. നാരായണൻ

**വനിതാക്ഷേമം**
ദേവു (കൺവീനർ)
താഹിറ മുംതാസ് ബീവാത്തുമ്മ
സുഹ്റ ലത പങ്ങം

**സഹകരണ മേഖല**
ഷരീഫ് (കൺവീനർ)
സുഹ്റാമുഹമ്മദലി
എ. മൊയ്തു ഒ. ഭരതൻ
കോരാട്ടയിൽ കുഞ്ഞിമോൻ

**പട്ടികജാതി പട്ടികവർഗ്ഗം**
ടി. എസ്. ബാലാദിത്യൻ (കൺവീനർ)
കൃഷ്ണൻ ഗിരിഷ്ചെറവല്ലൂർ
ബാലൻ കോടത്തൂർ
ചന്ദ്രൻ മാസ്ററർ


**വിഭവസമാഹരണം**
ബാവക്കുട്ടി മാസ്ററർ (കൺവീനർ)
മമ്മിക്കുട്ടി മാസ്ററർ
സി. മൂസക്കുട്ടി ലത്തീഫ് ചെറവല്ലൂർ

**ടൂറിസം**
എം. എസ്. ഗോപി (കൺവീനർ)
വി. എം. അബ്ദുള്ളക്കുട്ടി മാസ്ററർ
സി. പി. രവീന്ദ്രനാഥ്
എൻ. വി. അബൂബക്കർ

**നാട്ടറിവ് ചരിത്രം**
ബാവക്കുട്ടി മാസ്ററർ
വാരിയർ മാസ്ററർ
എൻ. വി. അബൂബക്കർ
പരമേശ്വരൻ
പോക്കു മാസ്ററർ
എ. മൊയ്തു
വി. എം. അബ്ദുള്ളക്കുട്ടി മാസ്ററർ

## ജനകീയാസൂത്രണ പ്രസ്ഥാനം

- 9-ാം പദ്ധതി 1997 ഏപ്രിൽ 1 മുതൽ 5 വർഷം
- വികസനം ഗ്രാമങ്ങളിൽ നിന്ന്.
- ഒമ്പതാം പദ്ധതിയിലൂടെ 5 കോടി രൂപയോളം ഗ്രാമ പഞ്ചായത്തുകൾക്ക്.
- നാടിന്റെ വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു.
- വികസനം ജനങ്ങളുടെ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്.
- ബഹുജന മുന്നേറ്റം അനിവാര്യമാകുന്നു.




# വെളിയങ്കോട് പഞ്ചായത്ത്
# വികസന റിപ്പോർട്ട്

വെളിയംകോട് ഗ്രാമ പഞ്ചായത്ത്

# വികസന സെമിനാർ

## സമഗ്ര വികസന രേഖ

1996 ഡിസംബർ 1

എഡിറ്റർ. എം പ്രകാശൻ

എഡിറ്റോറിയൽ സ്റ്റാഫ്

എം. എ. ഉബൈദ്

കെ.എം. ഭോജൻമാസ്റ്റർ

എസ്. ഗിരീഷ് ചന്ദ്രബാബു

എൻ.കെ. ഹുസൈൻ

പ്രൊ; വി.കെ. ബേബി

അലി വെളിയങ്കോട്

പി.വി. ജയപ്രകാശ് മാസ്റ്റർ

കവർ. ജയപ്രകാശ് മാസ്റ്റർ

*'ഇന്ത്യയിലെ ഇന്നത്തെ മഹത്തായതും പ്രധാനപ്പെട്ടതുമായ ചോദ്യം ദരിദ്രരും പട്ടിണികിടക്കുന്നവരുമായവരുടെ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതാണ്. നാം എങ്ങോട്ടൊക്കെ തിരിയുന്നുവോ അവിടെയൊക്കെ ഈ പ്രശ്നം നമുക്ക് പെട്ടെന്ന് പരിഹരിക്കാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ കടലാസ് ഭരണഘടനയെല്ലാം ഉപയോഗശൂന്യവും ഉദ്ദേശരഹിതവുമായിത്തീരും.'*

*ജവഹർലാൽനെഹ്റു.*


ശ്രീ. പി. വി. ഇബ്രാഹിം കുട്ടി
(പ്രസിഡണ്ട്)


ശ്രീ. ടി. എം. സിദ്ദിക്ക്
(വൈ. പ്രസിഡണ്ട്)


ശ്രീ. എ. കെ. മുഹമ്മദുണ്ണി
(ചെയർമാൻ
സ്റ്റേൻറിംഗ് കമ്മിറ്റി)


ശ്രീമതി.
സഫിയ അബൂബക്കർ


ശ്രീമതി. സാജിറ മനാഫ്


ശ്രീമതി. പി.വി. റസിയ


ശ്രീമതി.
സതി കൃഷ്ണനുണ്ണി


ശ്രീ. കെ.വി. അശോകൻ


ശ്രീ. ടി.വി. കേരളീയൻ


ശ്രീ. അജിത്ത് പള്ളിയറ


ശ്രീ. സി. സുലൈമാൻ

364



കൺവീനർ എം. എ.ഉബൈദ്

D.R.Pമാർ. എം. പ്രകാശൻ, എൻ.കെ. ഹുസൈൻ
റഷീദ്, എ. കാലിദിൻകുഞ്ഞ്, എസ്. ഗിരീഷ് ചന്ദ്രബാബു,
ഇ.കെ.മൊയ്തുണ്ണി, ടി.ഹബീബ്

III വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ

1. കൃഷിയും ജലസേചനവും

എ.കെ. മുഹമ്മദുണ്ണി., കെ.പി.ചന്ദ്രൻ
പി.പി.ഹനീഫ, പി.പി. ബാലൻ, വി.കെ അബൂബക്കർ

കെ.എം ശ്രീധരൻ, ഇ.കെ.മൊയ്തുണ്ണി

2. മത്സബന്ധനവും മൃഗസംരക്ഷണവും

ടി.എം. സിദ്ധിഖ്,ഹസൈനാർ, ഹബീബ്
സി.എസ്. ഭാസ്കരൻ, എൻ.കെ.ഹുസൈൻ

3. വ്യവസായം

ടി.പി കേരളീയൻ, എം. എൻ. കുഞ്ഞിബാപ്പു
അശോകൻ, മുജീബ് റഹ്മാൻ, കാലിദ് കുഞ്ഞ്, കരിക്കുളം മുഹമ്മദ്

4. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

റസിയ പി.വി., എ.കെ. ചന്ദ്രൻ, ഇസ്മയിൽ പി.സി., നസീർ, റഷീദ്, ഷാജി, ഷെഫീക്ക്

5. കുടിവെള്ളം, പൊതുജനാരോഗ്യം

സാജിറ മനാഫ്, പി. അബ്ദുറഹിമാൻ കുട്ടി മാസ്റ്റർ, ഉമ്മർമാസ്റ്റർ, റഷീദ്,
എം. പ്രകാശൻ, ഷാജഹാൻ എ.ടി..

6. വിദ്യാഭ്യാസം

സതി കൃഷ്ണനുണ്ണി, എം. വാസുമാസ്റ്റർ, വി.ഗോവിന്ദൻ, കൃഷ്ണകുമാർ, ഭോജൻമാസ്റ്റർ, എം. എ. ഉബൈദ്, വി.കെ. ബേബി, കാലിദ് കുഞ്ഞ്, എൻ. വേലായുധൻ മാസ്റ്റർ

7. സംസ്കാരം

സതി കൃഷ്ണനുണ്ണി, അലി വെളിയങ്കോട്, ഗിരീഷ് ചന്ദ്രബാബു, നൗഷാദ്,
ആറ്റുണ്ണി തങ്ങൾ പി.എം.

8. സാമൂഹ്യക്ഷേമവും പാർപ്പിടവും.

അജിത് പള്ളിയറ, ശശി, അബൂബക്കർ, കുമാരൻ

9. വനിത

സഫിയ അബൂബക്കർ, സരസ്വതി ചന്ദ്രൻ, പാത്തക്കുട്ടി, പുഷ്പലത, ഫാത്തിമ

10. സഹകരണം;

സി.സുലൈമാൻ, സുരേഷ് കാക്കനാത്ത്, മനോഹരൻ, അശോകൻ, ലക്ഷ്മണൻ

11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

കെ.വി. അശോകൻ, സുരേഷ് കാക്കനാത്ത്, അറമുഖൻ, ശ്രീരാമൻ,

12. വിഭവസമാഹരണം

പി.പി. ഇബ്രാഹിം കുട്ടി, കെ.രാജൻ, ഷംസു, ജി.കെ.കുഞ്ഞുണ്ണി, ഇ.ടി. ഖാലിദ്, എം. എ ഉബൈദ്

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം

5. സാമൂഹിക - സാമ്പത്തിക മേഖലകൾ

5-1 കൃഷിയും ജലസേചനവും

5-2 മത്സ്യബന്ധനവും മൃഗസംരക്ഷണവും

5-3 വ്യവസായം

5 -4 വിദ്യാഭ്യാസം

5-5 കുടിവെള്ളവും പൊതുജനാരോഗ്യവും

5-6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

5-7 പാർപ്പിടവും സാമൂഹ്യക്ഷേമവും

5-8 സംസ്കാരം

5-9 വനിത

5-10 സഹകരണം

5-11 പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

5-12 വിഭവസമാഹരണം

6 ഉപസംഹാരം

പ്രസിഡണ്ടിൻെറ പ്രവർത്തനരേഖ

# ആമുഖം

നമ്മുടെ രാജ്യം സ്വതന്ത്രമായിട്ട് പതിറ്റാണ്ടുകൾ പലതു കഴിഞ്ഞെങ്കിലും അധികാരങ്ങൾ മുഴുവൻ കേന്ദ്ര തലസ്ഥാനത്തും സംസ്ഥാന തലസ്ഥാനങ്ങളിലും കേന്ദ്രീകരിച്ച് കിടക്കുകയായിരുന്നു. അധികാരം താഴെ തട്ടിലേക്ക് പങ്കു വെച്ചു കൊടുക്കുവാൻ മാറി മാറി വന്ന ഭരണാധികാരികൾ തയ്യാറാവാതിരുന്ന സാഹചര്യത്തിൽ നമ്മുടെ രാഷ്ട്രപിതാവണ മഹാത്മാഗാന്ധി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് കേവല സ്വപ്നമായി അവശേഷിച്ചു. കേരളത്തിൽ 1964 ൽ പഞ്ചായത്ത് ഭരണസമ്പ്രദായം നിലവിൽ വന്നെങ്കിലും വേണ്ടത്ര അധികാരങ്ങളോ ആവശ്യമായ ഫണ്ടോ ഇല്ലാത്തത് കൊണ്ട് കാര്യമായ പ്രയോജനമൊന്നും ഉണ്ടായില്ല. 1990 കേരളത്തിൽ ജില്ലാതലത്തിൽ ജില്ലാകൗൺസിലുകൾ നിലവിൽ വന്നെങ്കിലും അതിനു ഭരണഘടനാപരമായ സംരക്ഷണം ഇല്ലാത്തത് കൊണ്ടും മാറി വന്ന സർക്കാർ ഉണ്ടായിരുന്ന അധികാരങ്ങൾ തന്നെ കവർന്നെടുത്തതുകൊണ്ടും അവ നിഷ്ക്രിയമായി. അതിന് ശേഷമാണ് ഇന്ത്യൻ പാർലമെൻറിൽ 1994 ഏപ്രിൽ മാസത്തിൽ പഞ്ചായത്തി രാജ് ഭരണസംവിധാനത്തിനു ഭരണഘടനാപരമായ പരിരക്ഷണം നൽകുന്നതും അധികാരം കൂടുതൽ വികേന്ദ്രീകൃതമായി നൽകുന്ന രീതിയിൽ 73-74 ഭരണഘടനാ ഭേദഗതികൾ പാസ്സായത്. കേരള നിയമസഭയിലും ഇതിൻെറ ചുവടു പിടിച്ചുകൊണ്ടുള്ള നിയമനിർമ്മാണങ്ങൾ പാസ്സാക്കി. ഈ പശ്ചാത്തലത്തിൽ 1995ൽ കേരളത്തിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുകയും ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വരുകയും ചെയ്തു. പുതിയ ഭരണസമിതികൾ അധികാരത്തിൽ വന്നിട്ട് ഒരു വർഷമായെങ്കിലും അധികാരങ്ങൾ താഴെ തട്ടിലേക്ക് വിട്ടുകൊടുക്കുന്ന നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതേയുള്ളൂ.

ഇത്തരം ഒരു സാഹചര്യത്തിലാണ് നമ്മുടെ 9-ാംപഞ്ചവത്സരപദ്ധതി രൂപപ്പെടാൻ പോകുന്നത്. കേരളത്തിൽ അധികാരത്തിൽ വന്ന പുതിയ സർക്കാർ 9-ാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുവാനും ആസൂത്രണപ്രക്രിയ താഴെ തലത്തിൽ നിന്ന് തുടങ്ങുവാൻ തീരുമാനിക്കുകയും അവ ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പരിപാടിക്ക് രൂപം നൽകുകയും ചെയ്തു.

നമ്മുടെ പഞ്ചായത്തിലും ജനകീയാസൂത്രണ പരിപാടികൾക്ക് ആവേശകരമായ പ്രതികരണമാണ്. പൊതുപ്രവർത്തകരിൽ നിന്നും സാധാരണ ജനങ്ങളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്. ജില്ലാവികസന ബോർഡിൻെറ നേതൃത്വത്തിൽ തവന്നൂരിൽ വെച്ച് നടത്തിയ ജനകീയ ആസൂത്രണവുമായി ബന്ധപ്പെട്ട ഒന്നാമത്തെ പരിശീലനത്തിൽ 6 പേർ നമ്മുടെ പഞ്ചായത്തിൽ നിന്നും പങ്കെടുത്തു. തുടർന്ന് നടത്തിയ പഞ്ചായത്ത്തല ശില്പ ശാലയിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥരും ജനപ്രതിനിധികളും പ്രാദേശിക പ്രവർത്തകരും

ഉൾപ്പടെ മൊത്തം 72 പേർ പങ്കെടുത്തു. പിന്നീട് നടന്ന ഗ്രാമസഭകൾ ജനങ്ങളിൽ വലിയ ആവേശവും വർദ്ധിതമായ വികസന അവബോധവും സൃഷ്ടിച്ചു. 1995 സെപ്റ്റംബർ 25 മുതൽ ഒക്ടോബർ ഒന്നുവരെ നടന്ന വിവിധ ഗ്രാമസഭായോഗങ്ങളിൽ 161 മുതൽ 427 വരെ ആളുകൾ പങ്കെടുത്തു. മൊത്തം 11 വാർഡുകളിലുമായി പങ്കെടുത്ത 2854 പേരിൽ 931 പേർ സ്ത്രീകൾ ആയിരുന്നു. ഗ്രാമസഭകൾക്ക് ശേഷം വികസന സെമിനാറിനുള്ള മുൻ ഒരുക്കങ്ങളും ദ്വിതീയ വിവര ശേഖരണവും റിപ്പോർട്ട് തയ്യാറാക്കാനുള്ള കോർ ഗ്രൂപ്പുകളുടെ പ്രവർത്തനവും ആരംഭിച്ചു. ഇതിനിടയിൽ നടന്ന രണ്ടാംഘട്ട ജില്ലാ തല പരിശീലനത്തിൽ 8 പേരും പഞ്ചായത്ത് തല ശില്പശാലയിൽ 64 പേരും പങ്കെടുത്തു.

ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിനും സമയപരിമിതി ആവശ്യമായ പ്രവർത്തകരുടേയും വിദഗ്ധരുടേയും അപര്യാപ്തത തുടങ്ങിയ നിരവധി പ്രതിസന്ധികൾ ഉണ്ടായിട്ടുണ്ടെങ്കിലും കിട്ടിയ പ്രവർത്തകർ പരമാവധി ജോലി ചെയ്ത് ധൃതിയിൽ ശേഖരിച്ച സ്ഥിതിവിവരകണക്കുകളും നാട്ടിൽ പ്രായം ചെന്നവരോടും മറ്റും അന്വേഷിച്ച് മനസ്സിലാക്കിയ നാട്ടറിവുകളും കേട്ടറിവുകളും ചേർന്നതാണ് ഈ റിപ്പോർട്ട്. പരിമിതമായ പ്രവർത്തകർ കൂടിച്ചേർന്ന് തയ്യാറാക്കിയത് കൊണ്ട് ആ പോരായ്മകളും പരിമിതികളും ഇതിൽ നിഴലിച്ചേക്കാം.

# വെളിയംകോട് ഗ്രാമപഞ്ചായത്ത്

പൊതുവിവരങ്ങൾ

| | |
|---|---|
| 1. പഞ്ചായത്തിന്റെ പേര് | വെളിയംകോട് |
| 2. റവന്യൂ വില്ലേജ് | വെളിയംകോട് |
| 3. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ | വെളിയംകോട്, എരമംഗലം |
| 4. ബ്ലോക്ക് പഞ്ചായത്ത് | പെരുമ്പടപ്പ് |
| 5. താലൂക്ക് | പൊന്നാനി |
| 6. ജില്ല | മലപ്പുറം |
| 7. അസംബ്ലി മണ്ഡലം | പൊന്നാനി |
| 8. വിസ്തീർണ്ണം | 15. 15 SQ. K.MS |
| 9. ജനസംഖ്യ | 26857 |
| 10. വാർഡ് എണ്ണം - | 11 |

11. പ്രസിഡണ്ട് / വൈസ് പ്രസിഡണ്ട് / സ്റ്റാൻിംഗ് കമ്മിറ്റി ചെയർമാൻ യഥാക്രമം ശ്രീ P.P. ഇബ്രാഹിം കുട്ടി, T.M.സിദ്ധിഖ്, എ.കെ. മുഹമ്മദുണ്ണി

12. നിലവിലുള്ള അതിർത്തികൾ

പടിഞ്ഞാറ് - അറബിക്കടൽ

കിഴക്ക് - മാറഞ്ചേരി പഞ്ചായത്ത്, നരണിപ്പുഴ

വടക്ക് - കാഞ്ഞിരമുക്ക് പുഴയും മാറഞ്ചേരി പഞ്ചായത്തും

തെക്ക് - പെരുമ്പടപ്പ് പഞ്ചായത്ത്

13. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകൾ. - 16 Nos

14. പഞ്ചായത്ത് നിലവിൽവന്ന ശേഷം മാറിവന്ന പഞ്ചായത്ത് പ്രസിഡണ്ട്മാർ

1. തൊഴുവാനിൽ കുഞ്ഞുകുട്ടൻ മേനോൻ

2. P.M.ചെറുകുഞ്ഞി കോയ തങ്ങൾ

3. വി. രാമുണ്ണി നമ്പ്യാർ

4. കൊളാടി ഉണ്ണി.

5. M.T. മുഹമ്മത്, O.K. മമ്മുണ്ണി

6. കൊളാടി ഗോവിന്ദൻകുട്ടി മേനോൻ

7. K. കോയ,

8. P.P. വീരാൻകുട്ടി

9. P.V.G. പണിക്കർ

9. P.P. ഇബ്രാഹിം കുട്ടി (6-3-91 മുതൽ)

15. നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

1. സർവ്വശ്രീ. P.P. ഇബ്രാഹിംകുട്ടി (പ്രസിഡണ്ട്)

2. ,, T.M സിദ്ധിഖ് (വൈസ് പ്രസിഡണ്ട്)

3. ,, A.K. മുഹമ്മതുണ്ണി (സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)

4. ,, അജിത്ത് പള്ളിയറ

5. ,, റസിയ പണിക്കവീട്ടിൽ

6. ,, T.P. കേരളീയൻ

7. ,, അശോകൻ

8. ,, സാജിറ മനാഫ്

9. ,, സുലൈമാൻ

10. ,, സതി കൃഷ്ണനുണ്ണി

11. ,, സഫിയ അബൂബക്കർ

# ചരിത്രം

കേരളം പരശുരാമൻ മഴുവെറിഞ്ഞ് ഉണ്ടായതാണ് എന്നത് കേവലം ഐതിഹ്യം മാത്രമാണെങ്കിലും കേരളത്തിൻെറ തീരദേശങ്ങളിൽ പലഭാഗങ്ങളും കാലാന്തരത്തിൽ കടൽ മാറി കരയായിത്തീർന്നതാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഈ തരത്തിൽ ഏറ്റവും ഒടുവിൽ കടൽ മാറി കരയായിതീർന്ന ഭൂപ്രദേശങ്ങളിൽ ഒന്നാണ് വെളിയംകോട് എന്ന് അനുമാനിക്കുന്നു. സമീപ ദേശങ്ങളായ പാലപ്പെട്ടി, പൊന്നാനി എന്നിവയുമായി തട്ടിച്ചുനോക്കുമ്പോൾ കടലോരം കൂടുതൽ താഴ്ന്നും ഏതാനും ഭാഗങ്ങൾ ചതുപ്പുപ്രദേശങ്ങളായി കാണുന്നതും ഭൂമിശാസ്ത്രപരമായി കിടപ്പും ഈ അനുമാനത്തിന് കൂടുതൽ ബലം നൽകുന്നു. പടിഞ്ഞാറ് അറബിക്കടലും വടക്കും കിഴക്കും ഭാഗങ്ങളിൽ പുഴയും കായലും അതിരുകൾ വേർതിരിക്കുന്ന ഈ പ്രദേശത്തെ അറിയപ്പെട്ടതും അല്ലാത്തതുമായ നിരവധി ചരിത്രസ്മരണകൾ ഒളിഞ്ഞ് കിടപ്പുണ്ട്. ഇസ്ലാം മതം കേരളക്കരയിൽ പ്രചാരം നേടാൻ തുടങ്ങിയ പ്രാരംഭഘട്ടത്തിൽ തന്നെ ഈ തീരദേശത്തും അതിൻെറ സന്ദേശം എത്തിയിട്ടുണ്ട്. അറബികളും യൂറോപ്യന്മാരും തീരപ്രദേശങ്ങളുമായി വ്യാപാരബന്ധം പുലർത്തിപ്പോന്നിരുന്ന ആദ്യകാല ഘട്ടങ്ങളിൽ വെളിയംകോട് നിന്നും അന്യദേശങ്ങളിലേക്ക് കൊപ്രയും ഉണക്കമീനും കയറ്റുമതി ചെയ്തിരുന്ന ഒരു തുറമുഖം ഇവിടെ ഉണ്ടായിരുന്നു. പറങ്കികൾ നമ്മുടെ തീരദേശങ്ങളിൽ വന്നിരുന്ന കാലഘട്ടങ്ങളിൽ ഒരിക്കൽ ഒരു പറങ്കി നാവികൻ കരയിൽ നിന്നും ഒരു സ്ത്രീയെ ബലമായി പിടിച്ച് കപ്പലിലേക്ക് കൊണ്ടുപോയി എന്ന് അവരോട് പടവെട്ടി രക്തസാക്ഷിത്വം വരിച്ചദേഹമാണ് മാനാത്ത് പറമ്പിൽ കുഞ്ഞിമരയ്ക്കാർ ഷെഹീദ്. സൈനുദ്ദീൻ മഖ്ദൂം (രണ്ടാമൻ) എഴുതിയ തുഹ്ഫത്തുൽ മുജാഹിദിൻ എന്ന ഗ്രന്ഥത്തിലെ പരാമർശങ്ങൾ ഇതിനെ ബലപ്പെടുത്തുന്നു. നമ്മുടെ പ്രദേശത്തിൻെറ സ്ഥലനാമവുമായി ബന്ധപ്പെട്ട് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പറഞ്ഞുകേൾക്കുന്നത്. സംഘകാലകൃതികളിൽ പരാമർശിക്കുന്ന വെളിയം എന്ന ഭൂപ്രദേശം നമ്മുടെ നാടാണെന്നും അതല്ല കൊല്ലം ജില്ലയിലെ വെളിയം ആണ് ഈ പരാമർശദേശമെന്നും രണ്ടു പക്ഷമുണ്ട്. വേലൻെറ കോട്ടയാണ് വെളിയങ്കോടായി മാറിയത് എന്നും ചിലർ പറയുന്നു.

പ്രശസ്തനായ വാസ്കോഡിഗാമ തന്നെയും ആദ്യം നങ്കൂരമിട്ടത് വെളിയങ്കോട് തീരത്താണ് എന്നും പിന്നീട് കാപ്പാട് കടപ്പുറത്തേക്ക് നീങ്ങിയതാണെന്നും ചിലർ വാദിക്കുന്നുണ്ട്. ബ്രിട്ടീഷുകാരിൽ നിന്നും മലബാർ പിടിച്ചെടുക്കുന്നതിനുവേണ്ടി ടിപ്പുസുൽത്താൻ നടത്തിയ പടയോട്ടത്തിന് സാക്ഷ്യം വഹിച്ച മണ്ണാണ് നമ്മുടേത്. അക്കാലത്ത് ടിപ്പുസുൽത്താൻ നിർമ്മിച്ച പാത ഇപ്പോൾ നാഷണൽ ഹൈവേ ആയി ടിപ്പുസുൽത്താൻെറ പേരിൽ തന്നെ അറിയപ്പെടുന്നു. അറബിനാടുകളിൽ 'ബിലൻകൂത്ത്' എന്ന പേരിൽ വെളിയംകോട് നേരത്തേതന്നെപ്രചുരപ്രചാരം നേടിയിരുന്നു. 18-ാം നൂറ്റാണ്ടിൽ ജീവിച്ച പ്രസിദ്ധ പണ്ഡിതനും ആത്മീയ ആചാര്യനും അറബി

മറ്റ് അറബിദേശങ്ങളിലും ശോഭിച്ചിരുന്നു. സ്വാതന്ത്ര്യ സമരപ്രസ്ഥാനം ശക്തമാവുകയും നികുതി നിഷേധത്തിനും നിയമലംഘനത്തിനും ആഹ്വാനമുണ്ടാവുകയും ചെയ്യുന്നതിന് എത്രയോ വർഷങ്ങൾക്കുമുമ്പ് ദൈവത്തിന്റെ ഭൂമിക്ക് നിങ്ങൾക്ക് നികുതി തരില്ല എന്ന് ബ്രിട്ടീഷുകാരന്റെ മുഖത്തുനോക്കി തുറന്നടിച്ച ധീരദേശാഭിമാനികൂടിയായിരുന്നു ഉമർഖാസി. ഇദ്ദേഹം പ്രവാചകന് പ്രശംസിച്ചുകൊണ്ടെഴുതിയ അറബികവിതാ സമാഹാരം അന്താരാഷ്ട്ര പ്രശംസ തന്നെ പിടിച്ചുപറ്റിയിട്ടുണ്ട്.

വെളിയംങ്കോടിന്റെ പൂർവ്വകാല ചരിത്രത്തിലേക്ക് തിരിഞ്ഞ് നോക്കിമ്പോൾ പല നഷ്ട പ്രതാപത്തിന്റേയും ദു:ഖസ്മരണകൾ നമ്മെ അസ്വസ്ഥരാക്കും. 18-ാം നൂറ്റാണ്ടിന്റെ അവസാനത്തിൽ വെളിയങ്കോട് അങ്ങാടിയിൽ പോലീസ് സ്റ്റേഷൻ, റജിസ്ട്രാഫീസ്,സെഷൻസ് കോടതി, ഹജൂർ കച്ചേരി, എന്നിവ പ്രവർത്തിച്ചിരുന്നതായി ചരിത്രം സാക്ഷ്യം വഹിക്കുന്നു. ഈ ആഫീസുകൾ നിലനിന്നിരുന്ന ഭാഗം 'കച്ചേരിപ്പുറായി' എന്നപേരിൽ ഇന്നും അറിയപ്പെടുന്നു. വെളിയങ്കോട് കോടതി പിൽക്കാലത്ത് കൂറ്റനാട്ടേക്കും അവിടെ നിന്ന് കോഴിക്കോട്, പൊന്നാനി എന്നിവിടങ്ങളിലേക്കും മാറ്റി എന്നും അറിയപ്പെടുന്നു. നമ്മുടെ തുരമുഖത്ത് കപ്പലുകൾ ചാരിയിരുന്നെന്നും ഈ കപ്പലുകൾ ചാരുന്നതിന് സമീപത്ത് പള്ളി ആയതുകൊണ്ടാണ് 'കപ്പിച്ചാർ പള്ളി' എന്ന് പേര് വന്നതെന്നും കാരണവൻമാർ പറയുന്നു.

മുഹമ്മദ് നബിയുടെ ഗോത്രപരമ്പരയിൽപെട്ട തങ്ങൾമാർ വർഷങ്ങൾക്ക മുമ്പ് തന്നെ നമ്മുടെ പ്രദേശത്ത് എത്തപ്പെട്ടിട്ടുണ്ട്. വെളിയങ്കോട് എത്തിയ തങ്ങൾമാരുടെ പൂർവ്വികർ സൂറത്തിൽ നിന്ന് വന്നവരായത് കൊണ്ട് സൂറത്തിലെ തങ്ങൾമാർ എന്നാണ് അവർ അറിയപ്പെടുന്നത്. ഇവരുടെ കുടുംബനാമവുമായി ബന്ധപ്പെടുത്തി 'ഫക്കറുൽ ഖുജൂദ്' എന്ന വിശേഷണം ചേർക്കാറുണ്ട്. മുസ്ലിം മത വൈഞ്ജാനികരംഗത്ത് അദ്വിതീയമായ ഒരു സ്ഥാനം നമ്മുടെ നാടിനുണ്ട്. പൊന്നാനിയിലെ പ്രസിദ്ധമായ മഖ്ദൂം കുടുംബം ആദ്യം താമസമാക്കിയത് വെളിയങ്കോടാണെന്നും പിന്നീട് പൊന്നാനിയിലേക്ക് മാറിയതാണെന്നും പറഞ്ഞുകേൾക്കുന്നു, മതപഠനത്തിനുവേണ്ടി കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും പലരും വെളിയങ്കോട് വന്ന് താമസിച്ചിരുന്നു. ഈ കാലഘട്ടിത്തിൽ പണികഴിപ്പിച്ചവയാണ് വെളിയങ്കോട് ഇപ്പോൾ കാണുന്ന മുസ്ലീം പള്ളികളിൽ പലതും.

തട്ടാങ്ങര കുട്ടിയാമു മുസ്ലിയാർ കേരളത്തിലെ പ്രസിദ്ധനായ ഒരു പണ്ഡിതനായിരുന്നു. സയ്യിദ് അബ്ദുൾ റഹിമാൻ ബാഫക്കി തങ്ങൾ, പാനായിക്കുളം അബ്ദുറഹിമാൻ മുസ്ലിയാർ തുടങ്ങിയ പല പ്രഗത്ഭരും കുട്ടിയാമു മുസ്ലിയാരുടെ ശിഷ്യഗണത്തിൽ പെടുന്നു. ഈ രംഗത്തു തന്നെ എടുത്തുപറയാവുന്ന മറ്റൊരു മഹത് വ്യക്തിയാണ് ഹസ്സൻ മുസ്ലിയാർ. കേരളത്തിൽ അറിയപ്പെടുന്ന സാമൂഹ്യപരിഷ്കർത്താവും പത്രപ്രവർത്തകനും നിരവധി ഗ്രന്ഥങ്ങളുടെ രചയിതാവുമായ മക്തി തങ്ങൾ ജന്മംകൊണ്ടും കർമ്മംകൊണ്ടും നമ്മുടെ നാടിനെ ധന്യമാക്കിയിട്ടുണ്ട്. മണത്തലയിൽ അന്ത്യവിശ്രമം കൊള്ളുന്ന ചാവക്കാട്ടെ പ്രസിദ്ധമായ ചന്ദനക്കുടത്തിന്റെ കാരണഭൂതനായ ഹൈദ്രോസ് കുട്ടി മൂപ്പൻ വെളിയങ്കോട്ടെ ശാന്തിപ്പുറം കുടുംബത്തിലെ അംഗമാണെന്ന വസ്തുത പുതിയ തലമുറയിലെ പലർക്കും അറിയില്ല. നമ്മുടെ നാടിനെ വിശ്വപ്രസിദ്ധിയിലേക്ക് ഉയർത്തിയ രണ്ട് കുടുംബങ്ങളാണ് ചേന്നാസ് മനയും പാണ്ടമ്പറമ്പത്ത് മനയും. സാമൂതിരിയുടെ പതിനെട്ടര സാമാജികരിൽ ഒരാളും മന്ത്രി

വാഴ്ചക്ക് അനിവാര്യമാണ്. ഇന്നും മുഴുവൻ ഹൈന്ദവദേവാലയങ്ങളിലെയും തന്ത്രമന്ത്രങ്ങളുടെ ആധികാരികരേഖയായ 'തന്ത്രസമുച്ചയം' ചേന്നാസ് നാരായണൻനമ്പൂതിരിപ്പാട് രചിച്ചതാണ്. 31
ഇതിൻെറ രചനയെക്കുറിച്ചുംപ്രസിദ്ധമായ ഒരു ഐതിഹ്യമുണ്ട്. ചേന്നാസ് കുടുംബം പെരുണ്ടിരി, പുഴക്കര എന്നീ രണ്ട് ശാഖകളായി പിരിഞ്ഞെങ്കിലും ഗുരുവായൂർ അമ്പലം, കോഴിക്കോട് തളിക്ഷേത്രം തുടങ്ങിയ നിരവധി ക്ഷേത്രങ്ങളിൽ താന്ത്രികജോലി ഇപ്പോഴും ഈ കുടുംബത്തിനാണ്. പ്രസിദ്ധമായ ഗുരുവായൂർ ക്ഷേത്രപ്രവേശനവിളംബരം നടക്കുമ്പോൾ യാഥാസ്ഥിതികൻമാരുടെ എതിർപ്പുകൾ വകവെയ്ക്കാതെ തന്ത്രിവൃത്തി തുടർന്നു പോന്ന പുഴക്കര ചേന്നാസ് പരമേശ്വരൻ നമ്പൂതിരിപ്പാടിന് പ്രത്യേകം പ്രശംസിക്കേണ്ടതുണ്ട്.

അപരിചിതരും വിദേശികളുമായ യാത്രക്കാർ ഏൽപ്പിച്ച സ്വർണണ്ണനാണയങ്ങൾ നിറഞ്ഞ ചീനഭരണികൾ പ്രയാസങ്ങൾക്കും പ്രാരാബ്ധങ്ങൾക്കിടയിലും നിരവധി വർഷക്കാലം വിശ്വസ്തതയോടെ കാത്തുസൂക്ഷിച്ചുകൊണ്ട് 'കോടൻഭരണിയിലെ ഉപ്പുമാങ്ങക്ക്' യാതൊരു പേരലുമേൽപ്പിച്ചില്ല എന്ന ഐതിഹ്യവും അതിലെ പാണ്ടപ്പറമ്പ് മനയും ഇന്നും ജനങ്ങളുടെ സ്മൃതിമണ്ഡലത്തിൽ ജീവിക്കുന്നു. 20-ാം നൂറ്റാണ്ടിൻെറ ആദ്യദശകങ്ങളിൽ വലിയ ദുരന്തങ്ങൾക്കും നമ്മുടെ നാട് സാക്ഷ്യം വഹിക്കേണ്ടി വന്നിട്ടുണ്ട്. കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, കോളറ എന്നിവ വരുത്തിവച്ച വിനാശങ്ങൾ നമ്മുടെ പഴമക്കാർ ഇന്നും ഭയപ്പോടെ ഓർക്കുന്നു.

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിൻെറയും അതിൻെറ ഭാഗമായി വളർന്നു വന്ന ഖിലാഫത്ത് പ്രസ്ഥാനത്തിൻേറയും അനുരണനങ്ങൾ നമ്മുടെ നാട്ടിലും ഉണ്ടായിട്ടുണ്ട്. ഖിലാഫത്തിനെ അടിച്ചമർത്താനുള്ള ബ്രിട്ടീഷ് പട്ടാളത്തിൻെറ കൊടിയ മർദ്ദനങ്ങളിൽനിന്ന് ഈ പ്രദേശത്തെ രക്ഷിച്ചത് മറയപ്പറമ്പിൽ മുഹമ്മദുണ്ണിയും അദ്ദേഹത്തിന് ഖാൻബഹദൂർ ആറ്റക്കോയ തങ്ങളിലുളള സ്വാധീനവുമായിരുന്നു. സ്വാതന്ത്ര്യ സമരത്തിൻെറ നെടുനായകന്മാരിൽ ഒരാളായ ഇ. മൊയ്തുമൗലവി കുറച്ചുകാലം നമ്മുടെ നാട്ടിലെ ഒരു മദ്രസ്സ അധ്യാപനായിരുന്നു എന്ന വസ്തുത പലർക്കും അറിയില്ല. ദേശീയപ്രസ്ഥാനമായ കോൺഗ്രസ്സിലും പിന്നീട് കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും ത്യാഗപൂർണ്ണമായ പ്രവർത്തനങ്ങളിലൂടെ ജനങ്ങളുടെ പ്രശംസ പിടിച്ചു പറ്റിയിരുന്നവരാണ് സാധു പി. അബ്ദുള്ളക്കുട്ടി, കൊളാടി ഉണ്ണി, ഒ.കെ. മമ്മുണ്ണി, എം.ടി. മുഹമ്മത് ആനകത്ത് തുടങ്ങിയവർ. സാധു തൻെറ പ്രവർത്തനരംഗവും താമസസ്ഥലവും ഇവിടെനിന്ന് മാറ്റിയെങ്കിലും ഉണ്ണിയും മമ്മുണ്ണിക്കയും ജീവിതാവസാനകാലംവരെയും തങ്ങളുടെ പ്രസ്ഥാനങ്ങൾക്കുവേണ്ടി ഉഴിഞ്ഞുവച്ചു. മലബാറിലെ ഏറ്റവും വലിയ ഭൂവുടമകളിൽ ഒരാളായിരുന്ന കൊളാടി അപ്പുമേനോൻെറ മരുമകനായി ഒരു വലിയ ജന്മി കുടുംബത്തിൽ ജനിച്ചു വളർന്ന കൊളാടി ഉണ്ണി തൊഴിലാളി നേതാവും ജനനായകനുമായിരുന്നു. അകാലത്തിലുള്ള ഉണ്ണിയുടെ മരണം നമ്മുടെ നാടിന് ഒരു തീരാനഷ്ടമായി തീർന്നു. തൻെറ ഹ്രസ്വമായ പൊതുജീവിതത്തിനിടയിൽ വെളിയങ്കോട് പഞ്ചായത്തിൻെറ പ്രസിഡണ്ടായും പള്ളിക്കര, പി.സി.സി. (ഇന്നത്തെ ASCബാങ്ക്) പ്രസിഡണ്ടായും സഖാവ് ഉണ്ണി സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രശസ്തമായ കൂടല്ലൂർ കുടുംബാംഗവും മടയപ്പറമ്പിൽ കുഞ്ഞിമരക്കാർ എന്നവരുടെ പുത്രനുമായ ഒ.കെ. മമ്മുണ്ണിയും ജന്മികുടുംബത്തിലെ അംഗമായിരുന്നു. ഉണ്ണിയുടെ സന്തതസഹചാരിയും സതീർത്ഥ്യനുമായ മമ്മുണ്ണിക്ക പഞ്ചായത്ത് പ്രസിഡണ്ടായും സൊസൈറ്റി പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

സൂക്ഷിക്കേണ്ട രണ്ട് പ്രധാന സംഭവങ്ങൾ കൂടി ഇവിടെ പരാമർശിക്കുന്നു.

374

1. തൊള്ളായിരത്തി നാൽപ്പതുകളുടെ ആരംഭത്തിൽ വെളിയങ്കോട് പാലത്തിന് സമീപം വെച്ച് നടന്ന അഖിലേന്ത്യ കിസാൻസഭയുടെ മഹാസമ്മേളനം.

2. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട ആയിരത്തി തൊള്ളായിരത്തി നാൽപ്പത്തെട്ടിൽ വെളിയങ്കോട് ഗ്രാമത്തിൽവെച്ച് നടത്തിയ കമ്മ്യൂണിസ്റ്റ് കാരെ വേട്ടയാടുന്നതിനുവേണ്ടിയുള്ള ആഹ്വാനവും തുടർന്നുണ്ടായ കൂട്ട അറസ്റ്റും .

കമ്മ്യൂണിസ്റ്റ് പാർട്ടി താത്വികാചാര്യനായിരുന്ന കെ.ദാമോദരൻേറയും മുൻമന്ത്രിയും എം.പിയുമായിരുന്ന സഖാവ് ഇമ്പിച്ചിബാവയുടേയും പ്രധാന പ്രവർത്തനമേഖലയായിരുന്നു ഈ പ്രദേശം. കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ട കാലഘട്ടങ്ങളിൽ ഉന്നതരായ പല നേതാക്കൾക്കും ഈ പ്രദേശത്ത് നിരവധി വീടുകൾ താമസസങ്കേതം ഒരുക്കികൊടുത്തിട്ടുണ്ട്. അതിൻെറ പേരിൽമാത്രം പലരും നിരവധി മർദ്ദനങ്ങൾക്ക് വിധേയരാവേണ്ടിയും വന്നിട്ടുണ്ട്. സഖാക്കൾ, ടി. കെ.അയമു, എം.എ. കുട്ടികൃഷ്ണൻ, മാടത്തേരി രാഘവൻനായർ, കവളങ്ങാട്ട് കുഞ്ഞുണ്ണി, എ.സി ബാലൻപണിക്കർ തുടങ്ങിയവർ ഇവരിൽ ചിലരാണ്. സഖാവ് ദാമോദരനെ പൊന്നാനിയിൽ വെച്ച് ബീഡിതൊഴിലാളി സമരത്തോടനുബന്ധിച്ച് അറസ്റ്റുചെയ്യപ്പെട്ടപ്പോൾ അതിനെതിരായി നടത്തിയ പ്രതിഷേധമാർച്ചിൽ ഏറ്റവും കൂടുതൽ പങ്കു വഹിച്ചത് ഈ പ്രദേശത്തുകാരാണ് എന്നതും പൊന്നാനിയിലെ ഈ പ്രതിഷേധമാർച്ചിൽ നിരവധി മുസ്ലീം വനിതകൾ അടക്കം പങ്കെടുത്തു എന്നത് ഇപ്പോഴും നമ്മെ ആവേശഭരിതരാക്കുന്നു.

ബ്രിട്ടീഷ് ഭരണകാലത്തും സ്വാതന്ത്ര്യാനന്തര ആദ്യ ഘട്ടത്തിലും നമ്മുടെ പ്രദേശങ്ങളിൽ ഭരണാധികാരികളുടെ പ്രതിപുരുഷനായി വാണരുളിയിരുന്നത് സർവ്വവിധ അധികാരങ്ങളോടും കൂടിയ 'അധികാരി'മാരായിരുന്നു.വലിയ ജന്മികുടുംബങ്ങളിലെ അംഗങ്ങളെയാണ് ബ്രിട്ടീഷുകാർ ഈ ചുമതല ഏൽപ്പിച്ചിരുന്നത്. നിലവിലുള്ള വില്ലേജ് ഓഫീസുകളും ഓഫീസർമാരും വരുന്നതുവരെ പാരമ്പര്യമായി ഈ പദവി തുടർന്നുപോന്നു. വെളിയങ്കോട് അയിനൂർ അംശങ്ങളിൽ സ്ഥിരമായി 'അധികാരി' പദവി നൽകിയിരുന്നത് കൊളാടി മൂത്തേരി കുടുംബത്തിനും കിഴക്കൂട്ടയിൽ കുടുംബത്തിനുമായിരുന്നു. പാരമ്പര്യമായ ഈ പദവിയിലെ അവസാനകണ്ണികളാണ് കൊളാടി മൂത്തേരി ഗോപാലമേനോൻ, കിഴക്കൂട്ടയിൽ മാധവപ്പണിക്കർ (മന്ത്രി ശിവദാസമേനോൻെറ ഭാര്യാപിതാവ്) വടക്കത്തേൽ അബ്ദു അധികാരി(എരമംഗലം) എന്നിവർ. ലോകത്തിൽതന്നെ ബാലറ്റിലൂടെ അധികാരത്തിലേറിയ ആദ്യത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയായ 1957ലെ ഇ.എം.എസ് സർക്കാരിന് നിർണ്ണായകമായ ഭൂരിപക്ഷം നേടിക്കൊടുത്തത് അണ്ടത്തോട് നിയോജകമണ്ഡലത്തിലെ ജനപ്രതിനിധിയായ സഖാവ് കൊളാടിയുടെ വിജയമായിരുന്നുവെന്നതും പിൽക്കാലത്ത് നീണ്ട പതിനേഴു വർഷം ഈ പഞ്ചായത്തിൻെറ പ്രസിഡണ്ടായിരുന്ന അദ്ദേഹം ഇപ്പോഴും കലാസാഹിത്യ സാംസ്കാരിക രാഷ്ട്രീയ മണ്ഡലങ്ങളിൽ നിറഞ്ഞുനിൽക്കുന്നു എന്നതും പ്രത്യേകം എടുത്തുപറയേണ്ടതാണ്.

സ്വാതന്ത്ര്യാനന്തര കാലത്തും നമ്മുടെ നാട്ടിലെ ബഹുജനപ്രസ്ഥാനങ്ങളുടെ മുഖ്യധാര കേരളത്തിൻെറ ഇതരഭാഗങ്ങളിലെന്ന പോലെ ഇവിടെയും ഭൂമിക്കുവേണ്ടിയുള്ള സമരങ്ങൾ തന്നെയായിരുന്നു. ഈ പ്രക്ഷോഭ സമരങ്ങളുടെ ഫലമായി ആയിരത്തി തൊള്ളായിരത്തി

അമ്പത്തേഴുമുതൽ എഴുപത്തി ഒന്നുവരെയുള്ള കാലഘട്ടിത്തിൽ വിവിധ ഭൂപരിഷ്കരണനിയമങ്ങൾ രൂപംകൊണ്ടു. ഈ ബഹുജനപ്രക്ഷോഭങ്ങളുടെ ഫലമായുള്ള ഭൂ പരിഷ്കരണ നടപടികൾ നമ്മുടെ നാടിൻെറ മുഖച്ഛായ തന്നെ മാറ്റി മറിച്ചിട്ടുണ്ട്.

ഈ നൂറ്റാണ്ടിലെ വ്യത്യസ്ത കാലഘട്ടങ്ങളിൽ വിവിധ തുറകളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഏതാനും പേരെ കൂടി എടുത്തുപറയേണ്ടതുണ്ട്. നമ്മുടെ നാട്ടിലെ പഴയ കാലത്തെ ഏറ്റവു വലിയ വ്യാപാരിയും നിരവധി പാണ്ടികശാലയുടേയും പായ്ക്കപ്പലുകളുടേയും ഉടമയുമായിരുന്ന കണ്ടറകായിൽ മായിൻകാക്ക, എരമംഗലത്ത്കാരനായ ചോഴിയാട്ടിൽ ബീരാൻകുട്ടി എന്നിവർ അക്കൂട്ടത്തിൽ പെടുന്നു. ഔദ്യോഗിക രംഗത്ത് പ്രശസ്തരായ വ്യക്തിത്വങ്ങളായിരുന്നു. നമ്മുടെ നാട്ടുകാരായ ഡി.വൈ.എസ്.പി. ശേഖരമേനോനും, സർജൻ ജനറൽ ഡോ; മാധവൻമേനോനും വെളിയങ്കോട്ടെ ആദ്യവ്യവസായ സംരംഭകരിൽ ഒരാളാണ് 'ഹനുമാൻ' കമ്പനിയിലൂടെ നെയ്ത്ത് വ്യവസായം തുടങ്ങിയ മൂലത്തേരി കുട്ടികൃഷ്ണമേനോൻ. പഴയ കാലത്തെ അധ്യാപക എൻ. ജി.ഒ. നേതാക്കന്മാരായിരുന്നു. കൊളാടി ഇടിയാട്ട് അച്ച്യുതക്കുട്ടിമേനോൻ, വി.സി. ചന്ദ്രമേനോൻ എന്നിവർ, പിൽകാലത്ത് അറിയപ്പെടുന്ന സഹകാരിയായും സഹകരണബാങ്ക് പ്രസിഡണ്ടായും ശ്രീ. ചന്ദ്രമേനോൻ പ്രവർത്തിച്ചിട്ടുണ്ട്. ആശുപത്രികളും ഡോക്ടർമാരും വിരളമായിരുന്ന പഴയകാലഘട്ടിത്തിലെ അറിയപ്പെടുന്ന നാട്ടുവൈദ്യന്മാരായിരുന്നു മാക്കുണ്ണി വൈദ്യരും, മണ്ണാറയ്ക്കർ കുഞ്ഞൻവൈദ്യനും, പുഴക്കര താമിവൈദ്യരും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുറവായിരുന്ന പഴയ കാലഘട്ടിത്തിൽ തൃശൂർ ജില്ലയിലെ പുന്നയൂർക്കുളം മുതൽ പൊന്നാനി വരെയുള്ള പ്രദേശങ്ങളിലെ വിദ്യാഭ്യാസത്തിനുള്ള കാര്യമായ അവലംബമാണ് ബോർഡ് ഹയർ എലിമെൻററി സ്കൂൾ എന്ന് അറിയപ്പെട്ടിരുന്ന ഇന്നത്തെ വെളിയങ്കോട് ഹൈസ്കൂൾ. നമ്മുടെ നാടിൻെറ പ്രഗത്ഭരായ പല വ്യക്തിത്വങ്ങളേയും സംഭാവന ചെയ്ത ഈ സ്കൂളും കുട്ടികളുടെ പേടിസ്വപ്നമായിരുന്ന ഹെഡ്മാസ്റ്റർ കരുണാകര മേനോനും ഇല്ലാത്ത നമ്മുടെ ചരിത്രം അപൂർണ്ണമാണ്. നമ്മുടെ നാടിനെ അന്താരാഷ്ട്ര പ്രശസ്തിയിലേക്ക് ഉയർത്തിയ ഈ നാടിൻെറ പുത്രനായ ശ്രീ. കെ.സി. എസ്. പണിക്കർ. ഇന്ത്യയുടെ മൈക്കൽ എയ്ഞ്ചലോ എന്ന് വിശേഷിപ്പിക്കാവുന്ന കെ.സി.എസ്. കേരളം ആധുനിക കാലഘട്ടത്തിൽ സംഭാവന ചെയ്ത മൂന്ന് അന്താരാഷ്ട്രവ്യക്തിത്വങ്ങളിൽ പ്രഥമ ഗണനീയനാണ് കെ.സി.എസിൻെറ ചിത്രകലയും ചെന്നൈ പട്ടണത്തിലെ ചോഴമണ്ഡലവും ആസ്വാദകമനസ്സുകളിൽ ഇപ്പോഴും പ്രഭ ചൊരിഞ്ഞുകൊണ്ടിരിക്കുന്നു. നമ്മുടെ നാട് സാഹിത്യലോകത്തിന് സംഭാവന ചെയ്ത പ്രഗത്ഭരാണ് വിദ്വാൻ എ. കൃഷ്ണനൻ, എ.പി. നമ്പീശൻ എന്നിവർ.

രാഷ്ട്രിയ പ്രസ്ഥാനങ്ങളിലേയും സഹകരണപ്രസ്ഥാനങ്ങളിലൂടെ വ്യക്തിമുദ്ര പതിപ്പിച്ച സർവ്വശ്രീ പി.പി. ബീരാൻകുട്ടി, പി.ടി മോഹനകൃഷ്ണമേനോൻ, കെ. ശ്രീധരൻ, യു. അബൂബക്കർ, എ.കെ. മുഹമ്മദുണ്ണി തുടങ്ങിയ നമ്മുടെ നാട്ടുകാർ ആധുനിക ചരിത്രത്തിൽ പ്രത്യേകം പരാമർശിക്കപ്പെടേണ്ടവരാണ്. ഇവരിൽ ശ്രീധരനും മോഹനകൃഷ്ണമേനോനും പൊന്നാനി നിയോജകമണ്ഡലം എം. എൽ.എ. മാരായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. ഈ കാലഘട്ടത്തിൽ ഇന്ത്യൻ പോലീസ് സർവ്വീസിൽ കടന്ന് വരാൻ കഴിഞ്ഞ ഏക വെളിയങ്കോട്ടുകാരൻ എന്ന ബഹുമതിയുടെ ഉടമസ്ഥനാണ് എം.ടി. മൊയ്തുട്ടിഹാജി. വിദ്യാഭ്യാസരംഗത്ത് നമ്മുടെ നാടിന് അഭിമാനപൂർവ്വം എടുത്തുപറയാവുന്നവരാണ് ഡോ. കെ

എം. മുഹമ്മദ്, ഡോ. ശങ്കരനാരായണൻ, പ്രൊ.ടി. കെ. അബ്ദുല്ലക്കുട്ടി, കെ.എം. ഭോജൻ മാസ്റ്റർ എന്നിവർ. മുസ്ലിംങ്ങളുടെ ഉൽപതിഷ്ണുവിഭാഗമായ മുജാഹിദ് പ്രസ്ഥാനത്തിൻെറ അമരക്കാരിൽ ഒരാളും മതപണ്ഡിതനും ദാറുൽ ഇഫ്തായുടെ പ്രതിനിധിയും അറബി നാടുകളിൽ ഏറ്റവും കൂടുതൽ സ്വാധീനമുള്ള കേരളീയരിൽ ഒരാളുമായ കെ. ഉമ്മർ മൗലവി ഇപ്പോൾ തീരൂർക്കാട് താമസമാണെങ്കിലും നമ്മുടെ നാടിൻെറ സന്തതിയാണ്.

നമ്മുടെ നാടിൻെറ ചരിത്രത്തിൽ ജൻമിമാരുടെയും ഭൂസ്വാമിമാരുടെയും മർദ്ദനങ്ങളും ഗുണ്ടാ വിളയാട്ടങ്ങളും അനുഭവിക്കാൻ മുൻതലമുറ വിധിക്കപ്പെട്ടിരുന്നെങ്കിലും പഴയ ഫ്യൂഡൽ കാലഘട്ടം തൊട്ട് പുതിയ കാലഘട്ടം വരെടും നാട്ടിലെ സമ്പന്നരും ദരിദ്രരുമായ സമസ്ത ജനവിഭാഗങ്ങളും വലിയ ഐക്യത്തോടും മതസഹിഷ്ണുതയോടും കൂടിയാണ് കഴിഞ്ഞു പോന്നിട്ടുള്ളത് എന്ന് ചരിത്രം ഉദ്ഘോഷിക്കുന്നു. സാമുദായികമായ അസ്വാസ്ഥ്യങ്ങളോ വർഗ്ഗീയ കലാപങ്ങളോ ഒരിക്കൽ പോലും ഈ പ്രദേശത്ത് ഉണ്ടായിട്ടില്ല എന്നത് നമ്മെ അഭിമാനപുളകിതയാക്കുന്നു. കാലങ്ങളായി ആചരിച്ചുപോരുന്ന വെളിയങ്കോട് ചന്ദനക്കുടം നേർച്ചയിലും പതിനെട്ടരകാവുകളിൽ പെട്ട കണ്ണേൻകാവ്, പണിക്കൻ കാവ് എന്നിവിടങ്ങളിലെ ഉത്സവങ്ങളിലും സാമുദായിക വ്യത്യാസങ്ങൾ വിസ്മരിച്ചുകൊണ്ട് ആബാലവൃദ്ധം ജനങ്ങളും പങ്കെടുക്കുന്നു എന്നതും നാം വർഷങ്ങളിലൂടെ കാത്തുസൂക്ഷിച്ചുപോന്ന മതമാത്രിയുടെ മകുടോദാഹരണമാണ്.

പഞ്ചായത്തിൻെറ ഭരണപരമായ ചരിത്രംകൂടി നമുക്ക് അല്പമൊന്ന് പരിശോധിക്കാം. സ്വാതന്ത്ര്യത്തിൻെറ നിരവധി വർഷങ്ങൾക്ക് മുമ്പ്തന്നെ വെളിയങ്കോട് പഞ്ചായത്ത് ഉണ്ടായിരുന്നു. അന്ന് വെളിയങ്കോട് വില്ലേജ് മാത്രം ഉൾക്കൊള്ളുന്നതായിരുന്നു വെളിയങ്കോട് പഞ്ചായത്ത്. സ്വാതന്ത്ര്യത്തിനു ശേഷവും പഴയ മലബാർ ഡിസ്ട്രിക്റ്റ് ബോർഡിൻെറ കാലത്തും ഈ നില തുടർന്നുപോന്നു. തൊഴുവാതിൽ കുഞ്ഞിക്കുട്ടൻമേനോൻ, വി. രാമുണ്ണി നമ്പ്യാർ, പി.എം. ചെറുകുഞ്ഞിക്കോയ തങ്ങൾ, കൊളാടി ഉണ്ണി, എം ടി മുഹമ്മദ് (ആനകത്ത്), ഒ.കെ. മമ്മുണ്ണി എന്നിവർ ആ കാലഘട്ടങ്ങളിലെ പ്രസിഡണ്ടുമാരായിരുന്നു. 1964 ൽ വെളിയങ്കോട്, എരമംഗലം, അയിരൂർ, പൊരുമ്പടപ്പ്, വില്ലേജുകൾ കൂട്ടിച്ചേർത്തുകൊണ്ട് പെരുമ്പടപ്പ് പഞ്ചായത്ത് നിലവിൽവന്നു. ശ്രീ. കൊളാടി ഗോവിന്ദൻകുട്ടിമേനോൻ പ്രസിഡണ്ടായും, ഹസ്സൻകുട്ടി വൈസ്പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു. 19 .. യിൽ പെരുമ്പടപ്പ് പഞ്ചായത്തിലെ രണ്ടായി വിഭജിച്ചുകൊണ്ട് പെരുമ്പടപ്പ് , എരമംഗലം പഞ്ചായത്തുകൾ നിലവിൽവന്നു. പെരുമ്പടപ്പ് പഞ്ചായത്ത് പ്രസിഡണ്ടായി ഹസ്സൻകുട്ടിയെ തെരഞ്ഞെടുക്കുകയും ശ്രീ. കൊളാടി എരമംഗലം പഞ്ചായത്ത് പ്രസിഡണ്ടായി തുടരുകയും ചെയ്തു. 19 .. യിൽ പഞ്ചായത്തിൻെറ പേരു മാറ്റി വെളിയങ്കോട് പഞ്ചായത്ത് എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. 1980 വരെ കൊളാടി പ്രസിഡണ്ടായും ഭരണസംവിധാനം തുടർന്നുപോന്നു. 1980 ൽ സഖാവ്. കെ.കോയ പ്രസിഡണ്ടായും കെ.പി. അബു വൈസ് പ്രസിഡണ്ടായും തിരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1971ൽ പി.പി.ബീരാൻകുട്ടി പ്രസിഡണ്ടായി ചുമതലയേറ്റു. അതിനുശേഷം 1979ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി.വി.ജി. പണിക്കർ പ്രസിഡണ്ടായും, പി.എം.മുത്തുകോയ തങ്ങൽ വൈസ് പ്രസിഡണ്ടായുള്ള ഭരണസമിതി ചുമതലയേറ്റു. 1991ൽ പി.പി. ഇബ്രാഹിംകുട്ടി പ്രസിഡൻറായി ഏറ്റവും ഒടുവിൽ 1995 ൽ നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി.പി. ഇബ്രാഹിം കുട്ടിയെ വീണ്ടും പ്രസിഡണ്ടായി തെരഞ്ഞെടുത്തു. ടി. എം സിദ്ധിഖിനെ വൈസ്

പ്രസിഡണ്ടായും, എ.കെ. മുഹമ്മദുണ്ണിയെ സ്റ്റാൻറിംങ്കമ്മിറ്റി ചെയ...റായും തെരഞ്ഞെടുത്തു. ഇവരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയാണ്. വികേന്ദ്രീകൃതമായ അധികാരങ്ങളോടു കൂടിയ ഭരണസമിതിക്ക് സാരഥ്യം വഹിക്കുന്നതും. ജനകീയാസൂത്രണത്തിന് ചുക്കാൻ പിടിക്കുന്നതും, നമ്മുടെ പഞ്ചായത്തിൻേറ സമഗ്രമായ വികസനപ്രക്രിയക്ക് ആക്കം കൂട്ടാനും വരുംകാലങ്ങളിൽ ജനങ്ങളുടെ പ്രതീക്ഷകൾക്കൊത്ത് ഉയരുവാനും ഈ ഭരണസമിതിക്ക് കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം.

# ഭൂപ്രകൃതി

തീരദേശ പഞ്ചായത്തായ വെളിയങ്കോടിൻെറ പടിഞ്ഞാറുഭാഗം കടലിനോടു ചേർന്ന മണൽപ്രദേശമാണ്. ഒന്നും രണ്ടും വാർഡുകളിലെ ചില ഭാഗങ്ങൾ സമുദ്രനിരപ്പിനേക്കാൾ താഴ്ന്ന ചതുപ്പു പ്രദേശങ്ങളാണ്. ഒറ്റപ്പെട്ടു കിടക്കുന്ന മാട്ടുമ്മൽ തുരുത്തും തീരദേശത്താണ്. പടിഞ്ഞാറുഭാഗത്തുനിന്നും കിഴക്കോട്ട് പോകുന്നതനുസരിച്ച് മണ്ണിൻെറ പ്രകൃതത്തിൽ മാറ്റം വരുന്നു. മണൽ പ്രദേശങ്ങളും ചതുപ്പുപ്രദേശങ്ങളും ഒഴിച്ചാൽ കൃഷിക്കുപയുക്തമായ ചുകന്ന മണ്ണാണ് പഞ്ചായത്തിൽ ഏറിയ പ്രദേശത്തും.

കടുംകൃഷി പ്രദേശങ്ങളിൽ കളിമണ്ണും പശിമരാശി മണ്ണുമാണ് ഉള്ളത്. ഒമ്പതും പതിനൊന്നും വാർഡുകളിലെ കിഴക്കൻ മേഖലയിൽ കുറച്ച് സ്ഥലം ചരിവ് പ്രദേശമാണ്. ഇവിടെ ചരൽമണ്ണും ചിലയിടങ്ങളിൽ പാറപ്രദേശങ്ങളുമുണ്ട്. കിഴക്കനതിർത്തി കോൾനില പ്രദേശങ്ങളും കായൽ നിലവുമാണ്. ഒറ്റപ്പെട്ടു കിടന്നിരുന്ന പത്തിരം തുരത്ത് നിവാസികൾക്ക് ഇന്ന് പ്രധാന വീഥിയുമായി ബന്ധപ്പെടാനുള്ള സൗകര്യങ്ങളേർപ്പെടുത്തിയിട്ടുണ്ട്.

വെളിയങ്കോട് പഞ്ചായത്ത് ഉത്തര അക്ഷാംശം 10 ഡിഗ്രിക്കും 10.5 ഡിഗ്രിക്കും മദ്ധ്യേയും പൂർവ്വരേഖാംശം 75. 5 ഡിഗ്രിക്കും 76 ഡിഗ്രിക്കും മദ്ധ്യേയുമാണ് സ്ഥിതിചെയ്യുന്നത്.

പഞ്ചായത്തിലെ ഭൂവിസ്ത്രിയുടെ വിന്യാസം താഴെ പട്ടികയിൽ കൊടുത്തിട്ടുണ്ട്.

### ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 180 ഹെക്ടർ |
| പുരയിടം | 650 ഹെക്ടർ |
| പുറമ്പോക്ക | 20 ഹെക്ടർ |
| കൃഷിയോഗ്യ തരിശ് | 12 |
| കൃഷിയോഗ്യമല്ലാത്ത തരിശ | |
| ആകെ | 882 ഹെക്ടർ |

**അതിർത്തികൾ**

കിഴക്ക് നരണിപ്പുഴയും കായൽ കോൾ മേഖലയും, പടിഞ്ഞാറ് അറബിക്കടലും, വടക്ക് പുതുപൊന്നാനിപ്പുഴയും കോൾനിലപ്രദേശങ്ങളും തെക്ക് പെരുമ്പടപ്പ് പഞ്ചായത്തുമാണ്- നമ്മുടെ പഞ്ചായത്തിൻെറ നാലതിരുകൾ

മണ്ണിൻെറ പ്രകൃതമനുസരിച്ച് പ്രദേശങ്ങളെ നാലായി തരംതിരിക്കാം. 379

1. മണൽ പ്രദേശം

2. ചതുപ്പ് പ്രദേശം

3. ചുവന്ന മണ്‍ പ്രദേശം

4. ചരൽ മണ്‍ പ്രദേശം

1. മണ്‍ പ്രദേശം

സമുദ്രത്തോട് ബന്ധപ്പെട്ടുകിടക്കുന്ന തീരഭൂമിയും കനോലികനാലിന് പടിഞ്ഞാറ് ഭാഗവും, കനാലിൻെറ കിഴക്ക് പ്രദേശം ഭാഗീകമായും മണൽപ്രദേശമാണ്. ജൈവാംശം കുറഞ്ഞ ഈ പ്രദേശത്ത് രാമച്ചം, തെങ്ങ്, കശുമാവ് എന്നിവയാണ് പ്രധാനവിളകൾ ജലലഭ്യതയുണ്ട്, പക്ഷെ ഓരുവെള്ളമാണ് നല്ലപങ്കും.

2. ചതുപ്പ് പ്രദേശം

ഒന്നാം വാർഡിൻേറയും രണ്ടാം വാർഡിൻേറയും ഭൂഭാഗങ്ങൾ ഭാഗീകമായി ചതുപ്പ് പ്രദേശമാണ്. സമുദ്ര നിരപ്പിൽനിന്ന് താഴ്ന്ന ചില പ്രദേശങ്ങൾ ഇതിലുൾപ്പെടുന്നു. ഈ പ്രദേശങ്ങൾ അധിവാസ യോഗ്യമാക്കാനും കൃഷിക്കുപയുക്തമാക്കിതീർക്കാനും കഴിയും.

3. ചുവന്ന മണ്‍ പ്രദേശം

പഞ്ചായത്തിൽ കാനോലി കനാലിൻെറ പടിഞ്ഞാറ്ഭാഗത്ത് ചില പ്രദേശങ്ങളും കനാലിൻെറ കിഴക്ക് പ്രദേശം നല്ല പങ്കും ഈ വിഭാഗത്തിൽപ്പെടുന്നു. തെങ്ങ്, ഇടവിളകൾ തുടങ്ങി കൃഷിയോഗ്യമായ പ്രദേശങ്ങളാണ് ഈ ഭാഗത്തിൽ വരുന്നത്. ജലലഭ്യതയുള്ള പ്രദേശമാണ്.

4. ചരിവ് പ്രദേശം (ചരൽ പ്രദേശം)

പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിൽ കുറച്ച് ഭാഗം ചരൽ മണ്‍ പ്രദേശമാണ്. കവുങ്ങ്, തെങ്ങ്, ഇടവിളകൾ എന്നിവ കൃഷി ചെയ്യുന്നു. ഈ ഭാഗത്ത് ജലലഭ്യത കുറവാണ്.

ജല സ്രോതസ്സുകൾ

തീരദേശപഞ്ചായത്തായ വെളിയംങ്കോടിൻെറ പടിഞ്ഞാറൻ അതിർത്തിയിൽ അഞ്ച് കിലോമീറ്ററോളം അറബിക്കടലിൻെറ സാന്നിദ്ധ്യമുണ്ട് പഞ്ചായത്തിൻെറ വടക്കനതിർത്തിയിൽ പുതുപൊന്നാനി പുഴയുടെ നീളം മൂന്ന് കിലോമീററോളം വരും. പഞ്ചായത്തിനെ രണ്ട് മേഖലകളായി തിരിച്ചുകൊഅട് ദേശീയ ജലപാതയായ കനോലി കനാൽ ആറ് കിലോമീറ്ററോളം ദൂരം പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടി ഒഴുകുന്നു. കിഴക്കൻ അതിർത്തിയിൽ നരണിപ്പുഴയ്ക്ക് (നൂറടി തോട്) രണ്ട് കിലോമീറ്ററോളം ദൂരം വരും. ഇത് ബിയ്യം റെഗുലേററിലൂടെ ഒഴുകി ബിയ്യം

കായലായി, പുതുപൊന്നാനി പുഴയായി പരിണമിച്ച് അറബിക്കടലിൽ ഒഴുകിച്ചേരുന്നു. ആനക്കോളും തിരുമല്ലാംകുഴിയും അനുബന്ധമായ നിരവധി കൈതോടുകളും അരുവൊടി, പാലക്കൽ താഴ്ഭാഗങ്ങളും കോൾനിലങ്ങളും കായൽപ്രദേശങ്ങളുമാണ് പഞ്ചായത്തിൻെറ മൂന്നതിരുകളും വെള്ളത്താൽ ചുറ്റപ്പെട്ടതാണെങ്കിലും പുതുപൊന്നാനി പുഴ, കാനോലികനാൽ എന്നിവയിലൂടെ ഉപ്പുവെള്ളമാണ് ഒഴുകുന്നത്. സമീപസ്ഥ പ്രദേശങ്ങളിലെ കൈതോടുകളിലൂടെയും ചാലുകളിലൂടെയും ഈ ഉപ്പുവെള്ളം കൃഷി സ്ഥലങ്ങളിൽ കയറി കൃഷിനാശം സംഭവിക്കുന്നതും കിണറുകളിൽ ഉപ്പുവെള്ളം (ഓരുവെള്ളം) ഊർന്നുവരുന്നതും നമ്മുടെ പഞ്ചായത്തിലെ പ്രധാന പ്രശ്നങ്ങളിലൊന്നാണ്. ഇവ കൂടാതെ സ്വകാര്യ, പൊതുകുളങ്ങളും അമ്പലക്കുളങ്ങളും ഉൾപ്പടെ 188 കുളങ്ങളും കടലിനോട് ചേർന്ന് 10 ഏക്കറിൽ വ്യാപിച്ചുകിടക്കുന്ന ജലാശയവും പഞ്ചായത്തിലുണ്ട്.

വെളിയങ്കോട് പഞ്ചായത്തിൽ ജൂൺ, ജൂലായ് ആഗസ്റ്റ് മാസങ്ങളിലാണ് കാര്യമായി മഴ ലഭിക്കാറുള്ളത്. കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചുതന്നെയാണ്. ഈ അടുത്ത വർഷങ്ങളിലായി ഋതുഭേദങ്ങളെക്കാളുപരി ന്യൂനമർദ്ദമാണ് മഴയെ നിയന്ത്രിക്കുന്നതെന്ന് കാരണവൻമാരായുള്ള ചർച്ചയിൽ ഉയർന്നുവന്ന അഭിപ്രായം തള്ളിക്കളയാനാവില്ല. സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷമഴയുടെ സാന്നിദ്ധ്യം ഉണ്ടാകാറുണ്ടെങ്കിലും ചിലപ്പോൾ ഈ മാസങ്ങളിൽ ഒട്ടും മഴ ലഭിക്കാതിരിക്കുകയും ചെയ്യാറുണ്ട്.

## ജനപ്രകൃതി

പഞ്ചായത്തിലെ ആകെ ജനസംഖ്യ 26857 ഉം ഇതിൽ പുരുഷൻമാർ 12965 ഉം സ്ത്രീകൾ 13892 ഉം വരും പഞ്ചായത്തിൽ ജനവാസമുള്ള 3954 വീടുകളുണ്ട്, ശരാശരി 6 പേർ വീതം വരുന്ന കുടുംബങ്ങളാണുള്ളത്. പഞ്ചായത്തിലെ ജനസാന്ദ്രത 1773 ആണ്. 1000 പുരുഷൻമാർക്ക് 1077 സ്ത്രീകൾ വരും. ഈ പ്രദേശത്ത് 96% ജനങ്ങളും സാക്ഷരരാണ്. പഞ്ചായത്തിലുള്ള നവസാക്ഷരിൽ ചിലർ തുടർസാക്ഷരതാപ്രവർത്തനത്തിൻെറ അഭാവത്താൽ നിരക്ഷരരായി മാറിയിട്ടുണ്ട്.

കർഷക തൊഴിലാളി, മത്സ്യതൊഴിലാളി വിഭാഗങ്ങൾ ഭൂരിഭാഗമുള്ള പഞ്ചായത്തിൽ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥ നിലനിൽക്കുകയാണ്. പ്രഗൽഭാതികളായ ഒട്ടേറെ പേരെ സംഭാവനചെയ്ത പ്രദേശമാണെന്നിരുന്നാലും ഇപ്പോൾ വിദ്യാഭ്യാസരംഗത്തെ സ്ഥിതി ശോചനീയമാണ്. കേരളത്തിലെ മറ്റേതൊരു പ്രദേശത്തേയുംപോലെ ഇവിടേയും അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. സാങ്കേതിക യോഗ്യതയുള്ള തൊഴിൽ രഹിതരുടെ എണ്ണം പരിമിതമാണ്. പട്ടികജാതി വിഭാഗങ്ങളിൽ നിന്നും പിന്നോക്ക സമുദായങ്ങളിൽ നിന്നും ഉയർന്ന വിദ്യാഭ്യാസം സിദ്ധിച്ചവരുടെ എണ്ണവും കുറവാണ്.

വെളിയംങ്കോട് പഞ്ചായത്തിലെ തൊഴിൽസേനയിൽ നല്ലപങ്കും വ്യാപരിക്കുന്നത് കാർഷിക മേഖലയിലും മത്സ്യമേഖലയിലും കയർരംഗം തുടങ്ങിയ പരമ്പരാഗത് മേഖലയിലുമാണ്. പഞ്ചായത്തിലെ യുവജനങ്ങളിൽ 2000 ത്തിനും 2500 നും ഇടയിൽ വരുന്നവർ ഗൾഫ് മേഖലയിൽ ജോലിചെയ്തിരുന്നുവെങ്കിലും തൊഴിൽമേഖലയിലെ പ്രതിസന്ധിമൂലം വിവിധ

കാലങ്ങളായി ഗൾഫിൽ നിന്നും തിരിച്ചെത്തിയവർ ഏറെക്കുറെ ആയിരത്തിനടുത്ത് വരും. കർഷകരിൽ ഒരു ഏക്രയിൽ താഴെ ഭൂമിയുള്ളവരാണധികവും. (3610), ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനുമിടക്ക് ഭൂമിയുള്ളവർ നാമമാത്രവും, (35) രണ്ട് ഹെക്ടറിനുമുകളിൽ ഭൂമിയുള്ളവർ പഞ്ചായത്തിലില്ലെന്നും രേഖകൾ സാക്ഷ്യപ്പെടുത്തുന്നു. കാർഷികരംഗത്തും കയർരംഗത്തും വികസന പ്രവർത്തനങ്ങളിലൂടെ കൂടുതൽ പേർക്ക് തൊഴിൽ കണ്ടെത്താനാകും.

വെളിയംങ്കോട് പഞ്ചായത്തിൽ നവോത്ഥാന പുരോഗമന പ്രസ്ഥാനങ്ങളുടെ ശക്തമായ സ്വാധീനം നിമിത്തം പ്രകടമായ ഉച്ചനീചത്വങ്ങൾ നിലവിലില്ലെന്ന് നമുക്ക് കണ്ടെത്താനാകും.

# സാമൂഹിക - സാമ്പത്തിക മേഖലകൾ

# കൃഷിയും ജലസേചനവും

**കൃഷി -ചരിത്രപശ്ചാത്തലം;-**

രണ്ടാംലോകമഹായുദ്ധം അവസാനിക്കുന്ന കാലഘട്ടത്തിൽ, 1946 ൽ വെളിയംകോട് പഞ്ചായത്തിലെ ഭൂസ്വത്ത് മുഴുവനും ഏതാനും ജന്മി കുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. ജന്മി ഭൂവുടമാ സമ്പ്രാദായത്തിൻ കീഴിൽ കൃഷി മുഖ്യ ജീവനോപാധിയായിരുന്നു. സധാരണ കൃഷിക്കാർക്ക് ഭൂവുടമകൾ പാട്ടത്തിനും, പങ്കുവാരത്തിനും, പകുതിവാരത്തിനുമായി ഭൂമി കൃഷി ചെയ്യാൻ കൊടുത്തിരുന്നു. വിളനശിച്ചാലും പ്രകൃതി ക്ഷോഭമുണ്ടായാലും ജന്മി മാർക്ക് കൊടുക്കേണ്ട പാട്ടനെല്ല് കൃത്യമായി കൊടുക്കേണ്ടതുണ്ടായിരുന്നു, ഇതിന് ഭംഗം വന്നാൽ യാതൊരു മുന്നറിയിപ്പും കൂടാതെ കൃഷിഭൂമി ഒഴിപ്പിക്കപ്പെടുമായിരുനന്നു. ജന്മിമാരുടെ വീടുകളിലെ ആണ്ടറുതി വിശേഷ ദിവസങ്ങളിൽ നേന്ത്രക്കുല, പച്ചക്കറി സാധനങ്ങൾ, മലക്കറി സാധനങ്ങൾ, ആട്, കോഴി മുതലായവ എത്തിച്ചുകൊടുക്കാൻ കാണക്കുടിയന്മാരും പാട്ടക്കുടിയാന്മാരും ബാധ്യസ്ഥരായിരുന്നു. നേന്ത്രക്കുലകളും പച്ചക്കറിസാധനങ്ങളും നാലാൾ കാൺകെ കൊണ്ടുപോകുകയും ജന്മികുടുംബങ്ങളുടെ വീടിന്റെ മുറ്റത്ത് കാഴ്ചവെയ്ക്കുകയും ചെയ്യുന്ന സമ്പ്രാദായത്തിന് ആകാലഘട്ടത്തിൽ 'പാട്ടക്കുല കൊടുക്കുക' എന്നാണ് പറഞ്ഞിരുന്നത്.

നാനവിധ ചൂഷണങ്ങൾ കാർഷിക മേഖലയിൽ നിലനിന്നിരുന്നു. കുടികിടപ്പുകാരൻ തന്റെ കുടിലിനു ചുറ്റും വെച്ചുപിടിപ്പിച്ച വിളകൾ പറിച്ചെടുക്കൻ ജന്മിമാരുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങണം, അതിനായി പണവും നൽകണം. 'കങ്കാണിപണം' എന്നാണ് ഇതിന് പേർ നൽകിയിരുന്നത്. നിലങ്ങൾ കൃഷി ചെയ്ത് നിശ്ചയിച്ചിട്ടുള്ള പാട്ടനെല്ല് കാലാകാലങ്ങളിൽ എത്തിച്ചുകൊടുക്കുമ്പോൾ തന്നെ 12 വർഷത്തിലൊരിക്കൽ കരാർ പുതുക്കുകയും ചെയ്തു വന്നിരുന്നു. 'പൊളിച്ചെഴുത്ത്' എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. കൃഷി ചെയ്തു കൊണ്ടിരിക്കുന്ന കൃഷിഭൂമി യാതൊരു മുന്നറിയിപ്പും കൂടാതെ പിടിച്ചുവാങ്ങി മറ്റൊരാൾക്ക് എഴുതിക്കൊടുക്കാൻ ജന്മിക്ക് അധികാരമുണ്ടായിരുന്നു. 'മേൽച്ചാർത്ത് എഴുതികൊടുക്കുക' എന്നാണ് ഇതിന് പറഞ്ഞുപോന്നിരുന്നത്.കൃഷിക്കാരൻ കിട്ടുന്ന നെല്ലിന്റെ പകുതി ജന്മിക്ക് പ്രതിഫലമായി കൊടുക്കുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു. 'ഇതാണ് പകുതിവാരം' ജന്മിക്ക് ഭൂമിയുടെ മേലുണ്ടായിരുന്ന അവകാശം സ്ഥായിയായിരുന്നു.

വിദ്യാഹീനരും ദരിദ്രരുമായ സാമാന്യജനങ്ങൾ തെങ്ങിൻപറമ്പുകളിൽ കുടിൽകെട്ടി സാമസിക്കുകയും കുടിയിരുപ്പു പറമ്പുകളിൽ കായ്കറികളും മറ്റും നട്ടുനനച്ചുണ്ടാക്കുന്ന തിനോടൊപ്പം ഇതര തൊഴിലുകളിലും ഏർപ്പെട്ടുപോന്നും. ജന്മിമാരുടെ പറമ്പുകളിൽ വൃക്ഷലതാദികൾ വെച്ചു പിടിപ്പിക്കുന്നതിനു ഇവർ ശ്രദ്ധിച്ചു വന്നു. ഇതിന്റെയെല്ലാം മേൽനോട്ടത്തിനായി ജന്മിമാർ വിശ്വസ്തൻമാരായ കാര്യസ്ഥൻമാരെഎ നിയോഗിച്ചിരുന്നു. ഈ

കാര്യസ്ഥൻമാർ ജന്മിമാരുടെ കൂലിപ്പടയായി ഉപയോഗിക്കപ്പെട്ടു. ഭൂവുടമക്കാർ വിധേയമല്ലാതെ കുടിയാൻമാർ എന്തെങ്കിലും ചെയ്തെന്ന് തോന്നിയാൽ കുടിലുകൾ നശിപ്പിക്കുകയും ആട്ടിപ്പുറത്താക്കുകയും ചെയ്തു പോന്നു. ഈ ക്രൂരവിനോദത്തിന് നേതൃത്വം നൽകുന്ന ചുമതല കാര്യസ്തൻമാർക്കായിരുന്നു. ജന്മിത്വത്തിൻെറ ക്രൂരമുഖങ്ങൾ നാട്ടിൻപുറങ്ങളിൽ അതിശക്തമായിരുന്നു. ഈ ക്രൂരതക്കെതിരായി കൃഷിക്കാരും കർഷകതൊഴിലാളികളും പാവപ്പെട്ടവരും ക്രമേണ സംഘടിക്കാൻ തുടങ്ങി.

## ഭൂപരിഷ്കരണം.

കൃഷി ഭൂമി കർഷകന്, പാട്ടവ്യവസ്ഥ നിർത്തലാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് കർഷകപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ നമ്മുടെപഞ്ചായത്തിലും പ്രക്ഷോഭങ്ങളും ചെറുത്തുനില്പുകളും സംഘടിപ്പിക്കപ്പെട്ടു. തീക്ഷണമായ സമരപോരാട്ടങ്ങൾക്ക് ഈ മണ്ണ് സാക്ഷ്യം വഹിച്ചു. ഈ സമരങ്ങളുടെയെല്ലാം ഫലമായി 1957 മുതൽ 1971 വരെയുള്ള കാലഘട്ടങ്ങളിൽ വിവിധ ഭൂപരിഷ്കരപണനിയമങ്ങൾ രൂപം കൊണ്ടതിനാലാണ് ഇന്നത്തെ നിലയിൽ നീതിപൂർവ്വകമായി ഭൂമി വിതരണം ചെയ്യപ്പെട്ടത്.

## വിളക്രമം

പഞ്ചായത്തിലെ പൂർവ്വകാല വിളക്രമം പരിശോധിച്ചാൽ വളരെ ആദായകരവും പ്രദേശത്തിന് അനുയോജ്യവുമായ ഒരു വിളക്രമം തുടർന്നുപോന്നിരുന്നതായി കാണാം.

നെല്ല്, തെങ്ങ്, കവുങ്ങ് മുതലായ പ്രധാനകൃഷിക്കുപുറമെ ഇടവിള കൃഷിയായി റാഗി, പയറ്, മരച്ചീനി, വാഴ,വെറ്റില, രാമച്ചം തുടങ്ങിയവയും, വേനൽക്കാലത്ത് പാടശേഖരങ്ങളിൽ പച്ചക്കറികൾ പണ്ട് മുതലേഏ നിലനിന്നിരുന്നു. എന്നാൽ ഇപ്പോൾ മരച്ചീന, റാഗി, പച്ചക്കറി, വെറ്റില മുതലായ കൃഷികൾ കുറഞ്ഞുവരുന്നതായി കാണുന്നു. മുൻകാലങ്ങളിൽ പാടശേഖരങ്ങളിലും കോൾനിലപ്രദേശങ്ങളിലും ജലസേചനത്തിന് സങ്കീർണ്ണമായ യന്ത്രസംവിധാനങ്ങൾ ഒന്നും ഉണ്ടായിരുന്നില്ല. പ്രത്യേകമായി തയ്യാറാക്കിയ കെട്ടലും കയറും ഉപയോഗിച്ച് രണ്ട് പേർ ചേർന്ന് വെള്ളം തേവിയൊഴിക്കുന്ന സമ്പ്യറദായമാണ് 'കയറ്റുകൊട്ടത്തേക്ക്'. കോൾനിലങ്ങളിൽ വെള്ളം വറ്റിക്കുന്നതിനും മറ്റുമായി ഒറ്റക്കും കൂട്ടായും നടത്തിവന്നിരുന്ന 'ചക്രം ചവിട്ടലും' 'കയറ്റുകൊട്ടത്തേക്കുമാണ്'.അന്നത്തെ ജലസേചന ഉപാധികൾ. വീതിയുള്ള പലകകൾ ആരങ്ങളായി ഉപയോഗിചചുണ്ടാക്കിയ ചക്രത്തെ വെള്ളം കെട്ടിനില്ക്കുന്ന കെട്ടുകളിൽ (ബണ്ടുകൾ) സ്ഥാപിച്ച് ചവിട്ടിതിരിക്കുമ്പോൾ പലകത്തണ്ടുകൾ തുഴകൾ പോലെ പ്രവർത്തിച്ച് വെള്ളം തള്ളിവിടുന്നു.

ഇന്ന് കാർഷിക മേഖലയിൽ ഭാഗികമായെങ്കിലും യന്ത്രവത്കരണം ആരംഭിച്ചുകഴിഞ്ഞു. ജലസേചനത്തിന് വൈദ്യുതിയും വെള്ളം വറ്റിക്കാനും ഉഴാനും (പൂട്ടാൻ) ട്രാക്റ്ററുകളും മോട്ടോർ എഞ്ചിനുകളും ഉപയോഗിച്ചുവരുന്നു. ഭാഗികമായെങ്കിലും കൃഷിസ്ഥലങ്ങളിൽ 'കന്നുപൂട്ടൽ' ഇപ്പോഴും തുടർന്നുവരുന്നു.

വെളിയങ്കോട് പഞ്ചായത്തിലെ മുഖ്യജീവനോപാധിയാണ് കൃഷി. കോൾപ്രദേശങ്ങളും കോൾപ്പാടങ്ങളും തെങ്ങിൻതോപ്പുകളും കടലിനോട് ചേർന്ന തീരപ്രദേഎശവും പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തുകൂടെ ഒഴുകികൊണ്ടിരിക്കുന്ന കനോലികനാലും നിരവധി കുളങ്ങളും ജലാശയങ്ങളും അടങ്ങിയതാണ് പഞ്ചായത്തിൻെറ ഭൂപ്രകൃതി. തെങ്ങ്, നെല്ല്,

തുടങ്ങിയ പ്രധാന കൃഷികളും കവുങ്ങ്, വാഴ,കുരുമുളക്, കശുമാവ്, വെറ്റില, രാമച്ചം എന്നിവയും ചില പ്രദേശങ്ങളിൽ കൃഷി ചെയ്തുവരുന്നു. കോൾ നിലങ്ങളും കടുംകൃഷിപ്രദേഎശങ്ങളും ഒഴിവാക്കിയാൽ പഞ്ചായത്തിലെ കരകൃഷി പ്രധാനമായും തെങ്ങിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ പച്ചക്കറി, മലക്കറി, ഉൽപ്പാദനം കടുംകൃഷി പാടങ്ങളിലും വീട്ടുവളപ്പിലും നടന്നിരുന്നെങ്കിലും ഇന്നത് കാണാനില്ല. പയർ, റാഗി എന്നിവ, മുൻകാലങ്ങളിൽ പഞ്ചായത്തിലെ വിളക്രമത്തിൽ ഉന്നത സ്ഥാനം നേടിയിരുന്നെങ്കിൽ ഇന്ന് നാമമാത്രമായ ഉൽപ്പാദനമാണ് നടക്കുന്നത്.

കവുങ്ങ് കകൃഷി പ്രധാനമായും പഞ്ചായത്തിലെ 9,10,11 വാർഡുകളിലെ കിഴക്കൻ ഭാഗങ്ങളിലാണ് നടക്കുന്നത്. മഹാളിരോഗം കവുങ്ങുകൃഷിയുടെ പ്രതിസന്ധിക്ക് കാരമമാണ്. തെങ്ങുകൃഷിയോടൊപ്പം കവുങ്ങ് കൃഷിയും നടത്താമെങ്കിലും വളരെ കുറഞ്ഞ പ്രദേശത്ത് ഇത് കൃഷിചെയ്യപ്പെടുന്നുള്ളൂ.

തീരദേശവാർഡുകളിലെ മണൽപ്രദേശങ്ങളിലാണ് രാമച്ചം കൃഷി ചെയ്യുന്നത്. ഔഷധസസ്യമെന്ന നിലയിലുള്ള പ്രധാന്യത്തോടെ രാമച്ചകൃഷി വ്യപിക്കുകയും ഉൽപ്പന്നം മുല്യ.വർദ്ധനവ് നടത്തി വിപണനം നടതതുകയും ചെയ്യാവുന്നതാണ്. നമ്മുടെ പ്രദേശത്ത് ധാരാളമായി ഉണ്ടായിരുന്ന കുറുന്തോട്ടി, കൃഷ്ണതുളസി, കൊതിപ്പുല്ല്, മറ്റ് ഔഷധസസ്യങ്ങൾ ഇവയുടെ കൃഷി വ്യാപകമാക്കി ഔഷധസസ്യകൃഷി പൂക്കൃഷി ഇവ തുടങ്ങാവുന്നതാണ്.

## നെൽകൃഷി

കടുംകൃഷി എന്ന് പുഞ്ചകൃഷി എന്നും രണ്ടുരീതിയിലാണ് നെൽകൃഷി നടന്നുവരുന്നത്. കടുംകൃഷി പഞ്ചായത്തിലെ തീരദേശവാർഡുകളിലൊഴികെ മററെല്ലാവാർഡുകളിലും ചെയ്തുവരുന്നു. പഞ്ചായത്തിൽ കടുംകൃഷി പൊതുവെ കുറഞ്ഞുവരുന്നതായി കാണുന്നു. റോഡരികിലുള്ള കടുംകൃഷി പ്രദേശങ്ങൾ നികത്തിയെടുത്ത് വീടുണ്ടാക്കുന്ന പ്രവണത വ്യാപകമാണ്. മാത്രമല്ല നെൽ കൃഷിപ്രദേശങ്ങളിൽതെങ്ങിൻതൈകൾ വെച്ചുപിടിപ്പിച്ച് സ്തലത്തിന് മൂല്യവർദ്ധനവ് നടത്തി വില്പനഭൂമിയാക്കുന്ന പ്രവണതയും സാർവത്രികമാണ്. കടും കൃഷിപ്രദേശങ്ങൾ സമീപഭാവിയിൽ പൂർണ്ണമായും തെങ്ങിൻതോട്ടമായി പരിണമിച്ചേക്കാം. മുൻകാലങ്ങളിൽ രണ്ട് തവണ കൃഷിചെയ്തിരുന്ന പ്രദേശങ്ങൾ വെള്ളത്തിൻെറ ലഭ്യത കുറവു നിമിത്തം തരിശിടുന്നതും ചിലയിടങ്ങളിൽ ഒരുപ്പു കൃഷിയായും മാറിക്കൊണ്ടിരിക്കുന്നതുമാണ് ഇന്നത്തെ ചരിത്രം.

കോൾമേഖലയെ കേന്ദ്രീകരിച്ചാണ് പുഞ്ചകൃഷി പ്രധാനാമായും നടന്നുവരുന്നത്. നരണിപ്പുഴ, കുറ്റിപ്പാലം, കോൾ കൾട്ടിവേറ്റേഴ്സ് സഹകരണസംഘം അരുവൊടെ കോൾ പാടശേകറ കമ്മിറ്റി പാലക്കത്തറ പാടശേഖര ക്കമ്മിറ്റി തുടങ്ങിയ കമ്മിറ്റികളാണ് നിലവിലുള്ളത്. ഈ പാടശേഖരക്കമ്മിററികളിൽ നരണിപ്പുഴ- കുററിപ്പാലം കോൾമേഖലയിൽ മാത്രമേ സഹകരണസംഘം അടിസ്ഥാനത്തിലുള്ള പ്രവർത്തനം നടക്കുന്നുള്ളൂ. ഈ സംഘത്തിൽ കൃഷിസ്ഥലമില്ലാത്ത ധാരാളം പേർ അംഗങ്ങളായുണ്ടെന്നും പ്രവർത്തനം തൃപ്കതികരമല്ലെന്നും പരക്കെ ആക്ഷേപമുണ്ട്. പാടശേഖരകമ്മിറ്റികളുടെ പ്രവർത്തനം വെള്ളം വറ്റിക്കുന്നതിനും കൃഷിക്ക് ഭൂമി ഒരുക്കുന്നതിലും മാത്രമായി പരിമിതപ്പെടുന്നു. കോൾമേഖലയിൽ സ്ഥിരം ബണ്ട് നിർമ്മിച്ച് അരുവൊടി പാലക്കത്തറ പ്രദേശങ്ങളിൽ ഒരുപൂവൽ കൃഷി ഇരുപ്പൂവൽ ആക്കി

86

മാറ്റാനും മത്സ്യകൃഷി ചെമ്മീൻ വളർത്തൽ തുടങ്ങിയവക്ക് നേതൃത്വം നൽകാനും ഈ കമ്മിറ്റിക്കാർക്ക് കഴിയും. നരണിപ്പുഴ - കുറ്റിപ്പാലം, ബണ്ട് നിർമ്മാണം പരിപൂർണ്ണമാക്കുകയും ബണ്ടിൻെറ രണ്ട് ഭാഗങ്ങളിലും കരിങ്കൽപതിച്ച് ശക്തിപ്പെടുത്തുകയും വേണം. മത്സ്യകൃഷി ചെമ്മീൻകൃഷി സാധ്യതകളെപറ്റി വിശദമായ സർവ്വേ നടത്തി വേണ്ട നടപടി കൈക്കൊള്ളാവുന്നതാണ്. കർഷകന് ലഭിക്കേണ്ട സഹായങ്ങൾ പുഞ്ചകൃഷി കമ്മിറ്റികളിലൂടെയാണ് കൃഷിക്കാർക്ക് ലഭിക്കുന്നതെന്നതിനാൽ എല്ലാ കർഷകർക്കും സഹായങ്ങൾ കിട്ടുന്നു എന്ന് ഉറപ്പുവരുത്തണം. കമ്മിററികളുടെഎ പ്രവർത്തനം സുതാര്യമാകേണ്ടതുണ്ട്.കവുങ്ങ്, വാഴ രാമച്ചം, കുരുമുളക്, പച്ചക്കറി കൃഷികൾ ഇടവിള എന്നനിലക്കാണ്.

പഞ്ചായത്തിനെ കിഴക്കും പടിഞ്ഞാറുമായി വിഭജിച്ചുകൊണ്ടൊഴുകുന്ന കനാൽ ബ്രിട്ടീഷ് ഗവൺമെൻറിൻെറ ഭരണകാലത്ത് കനോലി എന്ന സായ്പ്പിൻെര നേതൃത്വത്തിൽ വെട്ടിയതായതിനാൽ പ്രസ്തുത കനാലിന് കനോലി കനാൽ എന്ന പേര് വരാൻ കാരണമായി.

ഈ പ്രദേശത്തേ തോടുകളും കൈത്തോടുകളും ഇടവഴി തോടുകളും അറബിക്കടലിനോടും കനോലികനാലുമായും ബന്ധിക്കുന്നവയാണ്. കാർഷികമേഖലയോട് ബന്ധപ്പെട്ട് കിടക്കുന്ന പ്രദേശത്തെ ബന്ധിപ്പിച്ച് കൊണ്ടുപോകുന്ന ആലുചുവട് മാങ്ങാപ്പാടം തോടും, തച്ചംകോട് തോട്, വിരിപ്പിക്കൽതോട്, ചാങ്കേൽ താഴം തോട് ആലുങ്ങൽ തോട്, തണ്ണിത്തറ ഭാഗത്തുള്ള അറപ്പതോടുകളും, വെളിയങ്കോട് പുഴയുടെ കൈവഴികളും പുഞ്ചകൃഷി മേഖലയിൽ കൂടി പോകുന്ന പുല്ലാമ്പി തോട്, തോട്ടേക്കാട് താഴം കനാൽ എന്നിവയെല്ലാം പഞ്ചായത്തിലെ പ്രധാന തോടുകളാണ്. നരണിപ്പുഴയും (നൂറടിതോട്) കൈവഴികളുമാണ് കോൾ മേഖലയിലെ പ്രധാന ജലസ്രോതസ്സുകൾ

കനോലികനാലിൽകൂടി ഉപ്പുവെള്ളമാണ് ഒഴുകുന്നത് . കനാലിൽ നിന്ന് പുളിവെള്ളം കയറി സമസ്ത കൃഷമേഖലയും നശിക്കാൻ ഇടവരുന്ന ഈ കെടുതിക്ക് കാരണം ഷട്ടറുകൾ (ചീർപ്പുകൾ) പ്രവർത്തനക്ഷമമല്ലാത്തതാണ്. മണ്ണിനേയും മനുഷ്യനേയും കഷ്ടത്തിലാക്കുന്ന ഈ ദുരന്തം നമ്മുടെ പഞ്ചായത്തിൻേറ ഒരു പ്രധാന പ്രശ്നമാണ്. കുടിവെള്ളം, കൃഷി എന്നീ മേഖലകളിൽ കനോലി കനാലിലെ പുളിവെള്ള പ്രശ്നം നിരന്തര ഭീഷണിയാണ്.

കോൾ പാടശേഖരങ്ങളിൽ സ്ഥിരം ബണ്ടുകൾ ഉണ്ടാക്കേണ്ടതുംതോടുകൾ ആഴം കുട്ടി വെള്ളം കെട്ടിനില്ക്കാനുള്ള സൗകര്യം ഉണ്ടാക്കേണ്ടതുമാണ്. പൊതുവേ നെൽകൃഷിയെ പ്രതിസന്ധി നേരിട്ട് കൊണ്ടിരിക്കുകയാണ്.

ജലസേചനസൗകര്യത്തിൻെറ അഭാവം നിമിത്തം ഇടവിളകളായ പച്ചക്കറി, വാഴ, എന്നിവ കൃഷി ചെയ്യാൻ കഴിയുന്നില്ല. ആവശ്യമായ സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. കാർഷികമേഖലയിലെ പുരുഷതൊഴിലാളിക്ക് 100 രൂപ മുതൽ 120 വരേഏഎയും സ്ത്രീ തൊഴിലാളിക്ക് 50 ക മുതൽ 65 വരേയും കൂലി ഇന്ന് നിലവിലുണ്ട്.

തെങ്ങിൽ നിന്ന് ശരാശരി 40 നാളികേരവും കോൾകൃഷി മേഖലയിൽ ഒരു ഹെഎക്ടറിന് 3.5 ടൺ നെല്ലും കരഭൂമിയിൽ നിന്ന് 1 ഹെക്ടറിന് 15 ടൺ നെല്ലുമാണ് കിട്ടികൊണ്ടിരിക്കുന്നതെന്ന് കൃഷിഭവൻ രേഖകൾ വ്യക്തമാക്കുന്നു.

നെൽകൃഷി കുറഞ്ഞുവരികയും തെങ്ങുകൃഷി പാടശേഖരങ്ങളിൽ കൂടി വ്യാപിപ്പിക്കുകയുമാണ് ചെഎയ്തുകൊണ്ടിരുന്നത്. നെൽകൃഷി ലാഭകരമല്ലാ എന്നുള്ളതും ഇതിന് ഒരു പ്രധാന കാരണമാണ്. കൃഷിഭൂമി തരശിടാനുള്ള പ്രവണതയും കൂടി വരുന്നു.

കാർഷികമേഖലയിൽ രോഗങ്ങൾ വർദ്ധിച്ചുവരികയാണ് മഞ്ഞളിപ്പ്, മുഞ്ഞ, കൂമ്പ് ചീയ്യൽ, ചെള്ളിക്കുത്ത്, കറ ഒലിപ്പ് എന്നീ രോഗങ്ങൾ കണ്ടുവരുന്നുണ്ട്.

കർഷഖ തൊഴിലാളികളുടെ അഭാവം ഈ മേഖലയെ വല്ലാതെ ബാധിച്ചിരിക്കയാണ്.

കിട്ടിയ കണക്കനുസരിച്ച് 3645 കൃഷിക്കാരാണ് നമ്മുടെ പഞ്ചായത്തിൽ കാർഷികവരുമാനത്തിൻെറ അടിസ്ഥാനത്തിൽ ജീവിക്കുന്നത്. പഞ്ചായത്തിലെ കൃഷിക്കാരുടെഎ ഉല്പ്പന്നങ്ങൾ വാങ്ങാനോ, വിറ്റഴിക്കാനോ, ഉള്ള യാതോരു ഉപാധിയും പഞ്ചായത്തിനില്ല. മാത്രമല്ല ന്യായമായ വില കിട്ടുന്നില്ല. ശാസ്ത്രീയമായ കാർഷിക വിജ്ഞാനത്തിൻെറ അഭാവം, എന്നീ പ്രശ്നങ്ങൾ കൂടി നമ്മുടെ കാർഷിക മേഏഖല മുരടിക്കുവാൻ കാരണങ്ങളാണ്. കൃഷി ഭൂമിയുടെ വിസ്തൃതി, ഉല്പാദനം, വിവിധമേഏഖലകൾക്ക് ലഭിക്കുന്ന കൂലി, രാസവളവിത്തുവിതരണകേന്ദ്രങ്ങൾ, നടീൽ വസ്തു വിതരണം, ദുരിതാവാസ വിതരണം, തെങ്ങ്, കൃഷി സംബന്ധിച്ച വിവരങ്ങൾ, വൈശുഭൂമി വിസ്തൃതി എന്നിവയുടെഎ വിശദവിവരങ്ങൾ ഇവിടെ ഇതോടൊപ്പം താഴെ ചേർക്കുന്നു.

പഞ്ചായത്തിലെ കർഷകർക്കായി കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളുടെ ഒരു ചുരുക്ക രൂപം താഴെക്കൊടുക്കുന്നു.

### 1. സമഗ്ര നാളികേഏര വികസന പദ്ധതി

പദ്ധതി പ്രകാരം തെങ്ങിന് ജലസേചനം ചെയ്യുന്നതിന് കിണർ കുഴിക്കുവാനും പമ്പ് സെറ്റ് സ്ഥാപിക്കാനും മൊത്തം ചിലവിൻെറ 1/3 എന്ന തോതിൽ സബ്സിഡി ആനുകുല്യം അനുവദിക്കും. ഏറ്റവും ചുരുങ്ങിയത് 30 സെൻെറങ്കിലും തെങ്ങിൻ പറമ്പും അതിൽ 25 തെങ്ങെങ്കിലും ഉള്ള കർഷകർക്കാണ് പദ്ധതി ആനുകൂല്യം ലഭിക്കുക. റോക്കർ സ്പ്രേയർ വാങ്ങുവാൻ പൊതുജലസേചനം പച്ചിലച്ചെടി വിതരണം തെങ്ങുകയറ്റയന്ത്രവിതരണം എന്നിവയും പദ്ധതിയിൽ ഉൾപ്പെടുത്തിയിരുക്കുന്നു.

### 2. പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതി

വിളനാശത്തിനുള്ള നഷ്ടപരിഹാരം ലഭിക്കുന്നതിന് ഈ പദ്ധതി കൃഷി ഭവൻ മുഖേന നടപ്പിലാക്കിവരുന്നു. പലപ്പോഴും വിളനാശത്തിൻെറ ഏഴയലത്തുപോലും എത്താത്തത്ര തോതിലുല്ള നഷ്ടപരിബ്യഹാരത്തോതാണ് നിശ്ചയിച്ചിരിക്കുന്നത്.

### 3. വിള ഇൻഷുറൻസ് പദ്ധതി

25 കാർഷിക വിളകളെ ഉൾപ്പെടുത്തിയുള്ള സമഗ്ര കാർഷിക വിള ഇൻഷുറൻശ് പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നു. ഇൻഷുറൻസ് പ്രകാരം പ്രകൃതിക്ഷോഭം മൂലം നാശനഷ്ടം സംഭവിക്കുന്ന വിളകൾക്ക് ഉയർന്ന തോതിലുള്ള നഷ്ടപരിഹാരം ശുപാർശ ചെയ്തിരിക്കുന്നു.

388

4. പച്ചക്കറി വികസന പദ്ധതി

സ്കൂൾ കുട്ടികളുടെ കൃഷിയോടുള്ള ആഭിമുഖ്യം വളർത്തിയെടുക്കുന്നതിന് കുട്ടികൾക്ക് പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുന്നതോടൊപ്പം അവരുടെ വീടുകളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ സാങ്കേതിക സഹായവും നൽകിവരുന്നു. മികച്ച പച്ചക്കറിത്തോട്ടങ്ങൾക്ക് അവാർഡും ഏർപ്പെടുത്തിയിട്ടുണ്ട്.

5. യുവജനങ്ങൾക്ക് കാർഷികമേഖലയിൽ തൊഴിൽ കൊടുക്കുന്ന പദ്ധതി.

ഈ പദ്ധതിയിൽ 91 യുവ കർഷകരെ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതി അംഗങ്ങൾക്ക് കൃഷി ഭവൻെറ നേതൃത്വത്തിൽ പരിശീലനം നൽകുന്നുണ്ട്.

6. റജിസ്ട്രേഡ് വിത്തുല്പാദനപദ്ധതി

നെൽകൃഷിക്കാർക്ക് സഹായവ്യവസ്ഥയിൽ ഉന്നതഗുണനിലവാരമുള്ള വിത്ത് ഉൽപ്പാദിപ്പിച്ച് കൊടുക്കുന്ന ഈ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വരുന്നുണ്ട്.

7. കശുമാവ് വ്യാപനപദ്ധതി

നല്ല ഇനം കശുമാവിൻ ഗ്രാഫ്റ്റുകൾ വെച്ചു പിടിപ്പിക്കുന്നതിന് സൗജന്യമായി തൈയ്കളും (ഗ്രാഫ്റ്റുകൾ) നടീൽ ചാർജായി തൈ ഒന്നിന് മൂന്ന് രൂപ തോതിലും കർഷകർക്ക് നൽകുന്ന ഈ പദ്ധതി 4 ഹെക്ടർ സ്ഥലത്തേക്ക് പ്രയോജനപ്പെട്ടു.

8. പയർവർഗ്ഗവികസന പദ്ധതി

പകുതി വിലക്ക് പയർവിത്ത് കീടനാശിനികളും കർഷകർക്ക് നൽകുന്ന ഈ പദ്ധതി കൃഷിഭവൻ മുഖേന പഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു.

9. പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടകപദ്ധതി അംഗീകൃതപട്ടികജാതി കോളനി കുടുംബങ്ങളിൽ സമഗ്രമായ കാർഷിക സർവ്വേ നടത്തി അവർക്കാവശ്യമുള്ള തൈകൾ വിത്തുകൾ വളങ്ങൾ മുതലായവ സൗജന്യമായി നൽകുന്നതോടൊപ്പം കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റുകൾ സ്ഥാപിക്കുന്നതിനും 100%സബ്സിഡി നിരക്കിൽ ആനുകൂല്യം നൽകി വരുന്ന ഈ പദ്ധതി നമ്മുടെ പഞ്ചായത്തിലും കൃഷി ഭവൻ മുഖേന നടപ്പിലാക്കിവരുന്നു.

10. പൊതുജനപങ്കാളിത്തത്തോടെ കാർഷിക സെമിനാറുകൾ

11. കേന്ദ്രാവിഷ്കൃത കണിക ജലസേചന പദ്ധതി

ജലസേചനത്തിൽ ജലനഷ്ടം കുറക്കുന്ന നൂതന സാങ്കേതിക വിദ്യയായ 'കണികജലസേചന സങ്കേതം' സ്ഥാപിക്കുന്നതിന് ഒരു ഹെക്ടറിന് പരമാവധി 15000/= രൂപ (മൊത്തം ചിലവിൻെറ 50% എന്ന തോതിൽ) സബ്സിഡിയായി കർഷകർക്ക് ലഭ്യമാക്കുന്ന ഈ പദ്ധതി നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കുന്നുണ്ട്.

12. ഊർജ്ജിത സുഗന്ധവിള വികസന പദ്ധതി.

സുഗന്ധവിളകളുടെ സമഗ്രവികസനത്തിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സുഗന്ധവിള പദ്ധതി മുഖേന കുരുമുളക് ഇഞ്ചി, മഞ്ഞൾ, എന്നീ കൃഷികൾക്ക് ആനുകൂല്യം ലഭിച്ചുവരുന്നു.

13. കിഴങ്ങുവിള വികസന പദ്ധതി

കിഴങ്ങുവിളകൾ പ്രോത്സാഹിപ്പിക്കുന്നതിനും നാമമാത്രമായ വിലമാത്രം ഈടാക്കി നടീൽ വസ്തുക്കളുടെ കിറ്റുകൾ നൽകുന്ന ഈ പദ്ധതി മുഖേഎന ഒരു വർഷം ശരാശരി 4- 5 കിറ്റുകൾ വിതരണം ചെയ്യാറുണ്ട്.

14. ജൈവവളവികസന പദ്ധതി.

മണ്ണിൻെറ തനിമ നിലനിർത്തുന്നതിന് ജൈവവളങ്ങളെ പ്രോത്സാഹിപ്പിക്കണം എന്ന വളച്ചെടികളുടെ വിത്ത് വിതരണത്തിനും സബ്സിഡി അനുവദിക്കുന്നതാണ് ഈ പദ്ധതി.

15. നെൽകൃഷിക്കാർക്ക് ഉല്പാദനബോണസ്

നെൽകൃഷിക്കാർക്ക് ഉല്പാദനബോണസ് എന്ന നിലക്ക് ഹെക്ടർ ഒന്നുക്ക് 250/ പ്രകാരം ഓരോ സീസണിലും സാമ്പത്തികസഹായം നൽകിവരുന്നു. വിസ്തൃതി പരിധി നിശ്ചയിക്കാതെ പഞ്ചായത്തിൽ നെൽകൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും ഈ സഹായം ലഭ്യമാണ്.

16. കോൾ വികസന ഏജൻസി പദ്ധതി

കോൾ വികസന ഏജൻസി ഫണ്ട് നൽകി നടത്തുന്ന പദ്ധതി പ്രകാരം പഞ്ചായത്തിൽ കോൾ കൃഷിചെയ്യുന്ന കൃഷിക്കാർക്ക് പകുതി വിലക്ക് കുമ്മായം വിതരണം ചെയ്തുവരുന്നു.

17. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതി

പ്രസ്തുത പദ്ധതിയിൻകീഴിൽ നെൽകൃഷിക്കാർക്ക് പാടശേഖര അടിസ്ഥാനത്തിൽ ബണ്ട് നിർമ്മാണം, കുളം നിർമ്മാണം, തോട് നിർമ്മാണം എന്നീ പ്രവർത്തനങ്ങൾക്ക് 85 % എന്ന തോതിൽ സബ്സിഡി അനുവദിക്കുന്നു.

18. കാർഷികവിജ്ഞാനവ്യാപനം.

കാർഷികവിജ്ഞാനവ്യാപകത്വം അടിസ്ഥാനപ്പെടുത്തി നൂതനകർഷകമുറകൾ കർഷകരിൽ എത്തിക്കുന്നതിനും ഗ്രൂപ്പ് ചർച്ചകൾ സെമിനാറുകൾ ട്രെയിനിങ്ങുകൾ പ്രദർശന കൃഷി തുടങ്ങിയവ കൃഷിഭവൻ തലത്തിൽ നടത്തിവരുന്നു.

19. നടീൽ വസ്തുക്കളുടെ വിതരണം. / കീടനാശിനകളുടെ വിതരണം

മികച്ചയിനം നടീൽവസ്തുക്കൾ ന്യായമായ വിലക്കും സബ്സിഡി നിരക്കിലും കർഷകർക്ക് ലഭ്യമാക്കുന്നതിന് കൃഷിഭവൻ ഒരു പ്രധാന പങ്ക് വഹിക്കുന്നു. ന്യായനിരക്കിൽ കീയനാശിനികൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും ട്രേഡിങ്ങ് സ്കീം എന്ന പദ്ധതിയിൽ കൃഷിഭവൻ നടത്തിവരുന്നു.

20. ചെറുകിട യന്ത്രവത്കരണപദ്ധതി

50%സബ്സിഡി നിരക്കിൽ ട്രാക്ടർ പവർടില്ലർ കൊയ്ത്തുയന്ത്രം മെതിയന്ത്രം പാറ്റുയന്ത്രം എന്നിവ ലഭിക്കുന്നതിന് റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പാടശേഖര സമിതികൾക്കർഹതയുണ്ട്.

21. ബയോഗ്യാസ് വികസന പദ്ധതി

പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള പ്രോത്സാഹനമായി സബ്സിഡി നിരക്കിൽ ബയോഗ്യാസ് പ്ലാൻറുകൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതികൾ

നിലവിലുണ്ട്. പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങൾക്ക് പദ്ധതി 100 % സബ്സിഡി വിഭാവനം ചെയ്യുന്നു.

22. മണ്ണ് പരിശോധനാപദ്ധതി.

കർഷകരുടെ കൃഷിയിടത്തിലെ മണ്ണ് സൗജന്യമായി പരിശോധിച്ച് ശാസ്ത്രീയ വളപ്രയോഗം നിർദ്ദേശിക്കുന്ന പദ്ധതിയാണിത്.

23. നാളികേര വികസന ബോർഡ് പദ്ധതി

നാളികേര വികസന ബോർഡ് നടപ്പിലാക്കിവരുന്ന നാളികേര വിസ്തൃതി വ്യാപന പദ്ധതി അപേക്ഷകൾ കൃഷിഭവൻ മുഖേനയാണ് സ്വീകരിക്കുക. പദ്ധതിപ്രകാരം പുതുതായി തെങ്ങുകൃഷി തുടങ്ങുന്നതിന് തുടർച്ചയായി മൂന്ന് വർഷം സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കുന്നു.

24. നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യം

നെൽകൃഷിക്കാർക്ക് വൈദ്യുതി സൗജന്യമായി ലഭിക്കുന്നതിനുള്ള അപേക്ഷകൾ സ്വീകരിക്കുന്നത് കൃഷിഭവൻ മുഖേനയാണ്.

25.നെൽകൃഷി ഗ്രൂപ്പ് ഫാമിങ്ങ് പദ്ധതി

നെൽകൃഷിയിലെ ഗ്രൂപ്പ്ഫാമിങ്ങ് പരിപാടി കൃഷിഭവൻ മുഖേനയാണ് നടപ്പിലാക്കിവരുന്നത്.

## പ്രശ്നങ്ങൾ

കനോലി കനാലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് കൃഷിക്ക് പ്രശ്നമാകുന്നു.

2. ഉപയോഗശൂന്യമായി കിടക്കുന്ന തവളക്കുളം ജലസേചന ആവശ്യത്തിന് ഉപയുക്തമാക്കിയെടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

3. പുഴയോരപ്രദേശങ്ങളിൽ നിന്നും ഉപ്പുവെള്ളം കയറുന്നത് തടയുക.

4. അറപ്പ ഭാഗത്ത് പുളിവെള്ളം കയറുന്നത് തടയുക.

5. വെളിയങ്കോട് ജുമായത്ത് പള്ളി മുതൽ പണിക്കൻ കാവ് വരെയുള്ള സ്ഥലങ്ങളിൽ കെട്ടിനിൽക്കുന്ന വെള്ളം ഒഴിഞ്ഞുപോകാൻ വേണ്ട സൗകര്യം ചെയ്യുക.

കോൾകൃഷി മേഖലയിൽ തോടികൾ ആഴം കൂട്ടുക. പാലക്കൽ താഴം ബണ്ട് ഉയർത്തുക.

7. പഞ്ചായത്തിലെ തോടുകളിലൂടെയും കൈതോട് മറ്റു കൈവഴികളിൽ കൂടിയും പുളിവെള്ളം കയറുന്നത് തടയുക.

8. തണ്ണിത്തറ ഭാഗത്ത് ഉപ്പുവെള്ളം കയറുന്നത് തടയുക.

9. അരുടി കോൾ കൃഷി മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക.

10. കോൾ മേഖലയിൽ ആഫ്രിക്കൻ പായൽ വലിച്ചുനീക്കാൻ സംവിധാനം ഏർപ്പാടുചെയ്യുക. 391

11. പാടശേഖരങ്ങളിൽ തെങ്ങ് വെച്ച് പിടിപ്പിക്കുന്നതിനെതിരെ കർശനമായ നിയമനിർമ്മാണം നടത്തുകയും ബോധവത്കരണംനടത്തുകയും ചെയ്യുക.

12. നരണപ്പുഴ - കുറ്റിപ്പാലം ബണ്ട് കൂടുതൽ കരുത്തുള്ളതും [illegible]ഭാവമുള്ളതുമാക്കാൻ നടപടി വേണം.

13. ആനക്കോൾ, അരുവൊടി ഇരതകോൾ നില പ്രദേശങ്ങളിലെ കൈതോടുകൾ ആഴം കൂട്ടി ജലസേചനത്തിന് പ്രയോജനപ്രദമാക്കണം.

14. കച്ചേരിപ്പുറായി ഭാഗത്ത് വർഷക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്നത് കാരണം അവിടെ താമസിക്കുന്നവർക്ക് വളരെ പ്രയാസം അനുഭവപ്പെടുന്നു. വെള്ളം ഒഴുക്കികളയുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്തുക.

**കൃഷിഭവൻ പദ്ധതികൾക്കുള്ള നിർദ്ദേശങ്ങൾ**

1. സമഗ്രനാളികേര വികസനപദ്ധതിയിൽ പമ്പ് സെറ്റുകൾ വാങ്ങുന്നതിന് ISIമാർക്കുള്ള ഏതു പമ്പ് സെറ്റും അംഗീകൃതമായ ഏത് ഏജൻസിയിൽ നിന്നും വാങ്ങുവാനുള്ള സൗകര്യം ഉണ്ടാക്കണം. രോഗബാധിതമായ തെങ്ങുകൾ വെട്ടിമാറ്റുന്നതിനുള്ള പദ്ധതി ഫണ്ട് ഈ പഞ്ചയാത്തിലേക്കും അനുവദിക്കണം.

**2. വിള ഇൻഷുറൻസ് പദ്ധതി.**

2. വിള ഇൻഷുറൻസ് പദ്ധതിപ്രകാരം പ്രകൃതി ക്ഷോഭം മൂലം നശിച്ച വിളകൾക്ക് മാത്രമേ ഇപ്പോൾ നഷ്ടപരിഹാരത്തിന് അർഹതയുള്ളു. നിശ്ചിത പ്രീമിയം അടച്ചതിന് ശേഷം മാത്രം ആനുകൂല്യം ലഭിക്കുന്ന ഈ പദ്ധതിയിൽ രോഗം / കീടം ഇവ മൂലം സംഭവിക്കുന്ന നഷ്ടത്തിനു സാമ്പത്തികസഹായം നൽകണം. ശാസ്ത്രലോകത്തിന് ചികിത്സ നിശ്ചയിക്കാനാകാത്ത വൈറസ് രോഗങ്ങൾക്ക് ഇങ്ങനെയെങ്കിലും പരിഹാരം ലഭിക്കണം. കൂടാതെ ചില കാലാവസ്ഥയിൽ അധികരിച്ചുകാണാറുള്ള ചില രോഗങ്ങൾ മൂലം നിയന്ത്രിക്കാനാകാത്ത നഷ്ടം ഉണ്ടാകുന്നതും ഇൻഷുറൻസ് പരിഹാരവും വേണം.

3. പ്രത്യേകപദ്ധതി മുഖേന ഇപ്പോൾ കോളനി നിവാസികളായ പട്ടികജാതിക്കാർക്കുമാത്രമേ ആനുകൂല്യം ലഭിക്കുന്ന സാഹചര്യമുള്ളു. എന്നാൽ പഞ്ചായത്തിൽ പട്ടികജാതി അംഗങ്ങളായ ധാരാളം കർഷകർ കോളനിതളിലല്ലാതെ താമസിക്കുന്നുണ്ട്. പ്രത്യേക ഘടക പദ്ധതി ആനുകൂല്യം ഇത്തരക്കാർക്കും ലഭ്യമാകും .

4. കിഴങ്ങുവർഗ്ഗവികസന പദ്ധതിപ്രകാരം വൈവിദ്ധ്യമുള്ള വിളകളുടെ നടീൽ വസ്തുക്കൾ കൂടുതൽ കർഷകർക്ക് ലഭ്യമാക്കണം.

5. കൃഷിഭവൻ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിൻെറ ഭാഗമായി ഫയൽ/കടലാസ് ജോലികൾക്ക് ഗുമസ്തതസ്തിക ഏർപ്പെടുത്തി സാങ്കേതിക വിദഗ്ദർക്ക് സാങ്കേതിക വിദ്യ പകരുന്നതിന് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാക്കണം. ജീർണ്ണിച്ചു നിൽക്കുന്ന

കൃഷിഭവൻ കെട്ടിടത്തിൽ നിന്നും മോചനം ലഭിക്കുന്നതിന് സ്വന്തം കെട്ടിടം നിർമ്മിയ്ക്കുവാനുള്ള ഏർപ്പാടുകളുണ്ടാകണം.

മറ്റ് നിർദ്ദേശങ്ങൾ

1 ഈ പഞ്ചായത്തിലെ നെൽകൃഷിക്കാർക്കും തെങ്ങു കൃഷിക്കാർക്കും ജന ജീവിതത്തിനും ദുരിതമുണ്ടാക്കുന്ന കനോലിൽ നിന്ന് ഉപ്പുവെള്ളം കയറുന്നത് തടയുക - പുതിയ ചീർപ്പ് നിർമ്മിക്കുക.

2 കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ, ഉല്പാദന ഉപാധികൾ വിതരണം ചെയ്യുന്നതിനും കോൾ കർഷകരുടെ ഉല്പന്നങ്ങൾ സംഭരിക്കാനും സംസ്കരണം നടത്തുന്നതിനും ഒരു സഹ. സംഘം രൂപീകരിക്കുക.

3 ഉല്പാദനക്ഷമതയുള്ള തെങ്ങിൻ തൈകൾ സബ്സിഡി നിരക്കിൽ വിതരണം നടത്തുക.

4 കാലവർഷത്തിന് മുമ്പും പിമ്പും മരുന്നു തെളി ഏർപ്പെടുത്തുക

5 ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന കിണർ, പമ്പുസെറ്റ്, സബ്സിഡികൾ, ഭൂപരിതി കണക്കാക്കാതെ പാവപ്പെട്ട എല്ലാ കൃഷിക്കാർക്കും (അടുക്കളത്തോട്ടം കൃഷിയിലേർപ്പെടുന്നോർക്ക്) വിതരണം ചെയ്യുക

6 തെങ്ങു കൃഷിക്കും ഉല്പാദന ബോണസ്സ് ഏർപ്പെടുത്തുക

7 കാർഷിക മേഖലയിൽ പുത്തൻ സാങ്കേതിക അറിവുകൾ കർഷകർക്ക് എത്തിക്കുന്നതിനുവേണ്ടി കൃഷിഭവൻ ഉദ്യോഗസ്ഥൻമാർ ഊർജ്ജിത പ്രവർത്തനം നടത്തുക

8 കൃഷിയുടെ വികസനത്തിനും വളർച്ചക്കും ജലസേചന വകുപ്പ് പഞ്ചായത്തുകളുടെ കീഴിൽ കൊണ്ടുവരണം.

9 വാർഡ് അടിസ്ഥാനത്തിൽ കേരവികസന സമിതികൾ രൂപീകരിക്കുക. വാർഡ് അടിസ്ഥാനത്തിൽ പ്രാതിനിധ്യമില്ലാത്ത പഞ്ചായത്ത് കേരസമിതി പിരിച്ചുവിടുക

10 ജൈവവളങ്ങൾ ഉപയോഗിക്കാൻ കർഷകരെ പ്രേരിപ്പിക്കാൻ വ്യാപകമായ പ്രചരണവും ബോധവൽക്കരണ പ്രവർത്തനവും നടത്തുക. ജൈവവള ഡിപ്പോ സഹകരണ അടിസ്ഥാനത്തിൽ നടത്തുക.

11 എല്ലാ കേര കൃഷിക്കാർക്കും പ്രകൃതി ക്ഷോപം നേരിട്ടാൽ ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് സർക്കാർ ചിലവിൽ ഇൻഷ്വർ പ്രീമിയം അടക്കുക.

നെൽകൃഷി

1 നെൽകൃഷിക്കാർക്ക് ആവശ്യമായ ഉല്പാദന ഉപാദികൾ, വിത്ത്, വളം, കീടനാശിനി, ജൈവവളം എന്നിവ ലഭ്യമാക്കാനും നെല്ലു സംഭരിച്ച് അരിയാക്കി വിതരണം ചെയ്യാൻ പഞ്ചായത്തടിസ്ഥാനത്തിൽ നെല്ലുല്പാദന സഹ. സംഘം രൂപീകരിക്കുക.

## പഞ്ചായത്തിലെ ഭൂമി വിസ്തീർണ്ണം

| | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | പഞ്ചായത്തിന്റെ മൊത്തം വിസ്തീർണ്ണം | 3758.03 ഏക്കർ |
| 2 | നെൽകൃഷി ഒരു പൂകൽ | 446. 66 ഏക്കർ |
| | ഇരു പൂകൽ | 486.78 ഏക്കർ |
| 3 | സ്ഥിരം പുഞ്ച | 438.46 ,, |
| 4 | അസ്ഥിരം പുഞ്ച | 27.47 ,, |
| 5 | തോട്ട ഭൂമി | 1795.34 ,, |
| 6 | അമ്പലം പള്ളി മുതലയാവ നികുതി അടക്കെണ്ടത് | 45.59 ,, |
| 7 | പുറം പോക്ക് കായൽ മുതലായവ | 319.73 |

## പൊതുസ്ഥലം, പുറമ്പോക്ക് ഭൂമിയുടെ വിശദവിവരങ്ങൾ

| | ഇനം | എണ്ണം | വിസ്തീർണ്ണം |
|---|---|---|---|
| 1 | കുളം | 40 | 7.10 ഏക്കർ |
| 2 | കിണർ | 3 | .06 ,, |
| 3 | പള്ളി | 5 | 9.75 ,, |
| 4 | അമ്പലം | 3 | 2.97 ,, |
| 5 | തോട് | 40 | 17.53 ,, |
| 6 | വഴി | 3 | 0.04 ,, |
| 7 | പഞ്ചായത്ത് ആപ്പീസ് | 1 | 0'12 |
| 8 | വില്ലേജ ആപ്പീസ് | 1 | 0'10 |
| 9 | റോഡ് | - | 34.96 |
| 10 | കായൽ | - | 153.74 |
| 11 | തോട് പുറംമ്പോക്ക് | | 22.48 ,, |
| 12 | PWD MI ചിർപ്പ് | | 0.41 ,, |
| 13 | LP സ്ക്കൂൾ | 2 | 1.27 ,, |
| 14 | ഗവ. ഹൈസ്ക്കൂൾ | 1 | 4.35 ,, |
| 15 | പഴഞ്ചിറ ബങ്ക് | 1 | 0.08 ,, |
| 16 | പുഴ | | 89.48 ,, |
| 17 | ചാപ്പ | | 3.16 ,, |
| 18 | റൂറൽ ഡിസ്പൻസറി | 1 | 0.44 ,, |

## കൂലിവ്യവസ്ഥകൾ

| | തൊഴിൽ | കൂലി | |
|---|---|---|---|
| | | ആൺ | പെൺ |
| 1 | കിളയ്ക്കൽ | 110 | - |
| 2 | ഉഴവ് | 125 .ഒരേറ് | |
| 3 | ഞാറുനടൽ | | 40-60 വരെ |
| 4 | കളപറിക്കൽ | - | 40-60 ,, |
| 5 | കൊയ്ത്ത് | .5 പതം | |

| | | | |
|---|---|---|---|
| 6 | തേങ്ങ ഇടൽ | 60-70 [illegible] 100 തെങ്ങിന് | |
| 7 | കീടനാശിനി തളിക്കൽ | 200-300 രൂപ ഏക്കറിന് | |



## വിളവിസ്തീർണ്ണവും, ഉത്പാദനവും

### വെളിയംകോട് ഗ്രാമപഞ്ചായത്ത്

| വിള | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉല്പാദനക്ഷമത |
|---|---|---|---|
| നെല്ല് | 50 ഹെക്ടർ | 112 ടൺ | 2.44 എം.ടി |
| നെല്ല് | 50 ഹെക്ടർ | 112 ടൺ | 2.44 ടൺ |
| നെല്ല് | 127 ഹെക്ടർ | 508 ടൺ | 4 ടൺ |
| പയർ | 8.5 ഹെക്ടർ | 4.45 ടൺ | 500 കി. ഗ്രാം |
| എള്ള് | 7 ഹെക്ടർ | 5.25 ടൺ | 2 ടൺ |
| പച്ചക്കറികറിൾ | 2 ഹെക്ടർ | 35 ടൺ | |
| തെങ്ങ് | 428 ഹെക്ടർ | 446 ടൺ | 50 നാളികേരം |
| വാഴ | 2 ഹെക്ടർ | 35 ടൺ | 17.5 ടൺ |
| മരച്ചീനി | 8 ഹെക്ടർ | 80 ടൺ | 10 ടൺ |
| കുരുമുളക് | 7 ഹെക്ടർ | 1680 കി | 240 കി |
| കശുമാവ് | 5 ഹെക്ടർ | - | - |
| മാവ് | 5 ഹെക്ടർ | 200 ടൺ | 400 കി മരം ഒന്നിന് |
| റബ്ബർ | | | |
| കവുങ്ങ് | 12 ഹെക്ടർ | 12 ലക്ഷം | 1 ലക്ഷം |

### വെളിയംകോട് ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച വിവരങ്ങൾ

| ഇനം | വിസ്തീർണ്ണം |
|---|---|
| നിലം | 180 ഹെക്ടർ |
| പുരയിടം | 650 ഹെക്ടർ |
| പുറമ്പോക്ക് | 20 „ |
| കൃഷിയോഗ്യ തരിശ് | 12 „ |
| കൃഷിയൊഗ്യമല്ലാത്ത തരിശ് | - |
| ആകെ | 882 „ |

### വെളിയംകോട് ഗ്രാമപഞ്ചായത്ത് രാസവള കീടനാശി വിപണനം

| നമ്പർ | സ്ഥാപനത്തിൻെറ പേര് | 1993 - 94 | | | 1994 - 95 | | | 1994 - 96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രസവളം കി.ഗ്രാം | കീടനാശിനി ദ്രവം | ഖരം | രാസ വളം കി.ഗ്രാം | കീടനാശിനി ദ്രവം | ഖരം | രാസ വളം കി.ഗ്രാം | കീടനാശിനി ദ്രവം | ഖരം |
| 1 | അണ്ടത്തോട് സർവ്വീസ് സഹ. ബാങ്ക | 200 ടൺ | - | - | 15 ടൺ | - | - | 4 ടൺ | - | - |
| 2 | മുസ്തഫാ കമാൽ പി | 32 ടൺ | 45ലി | 20 | 35 | 4 ലി | 25 കി | 23 ടൺ | 10 ലി | 10 കി |
| 3 | എം.കെ. കുഞ്ഞുണ്ണി | - | - | - | - | - | - | - | 10ലി | |
| 4 | എം.കെ. രാധ | - | - | - | - | - | - | - | 35 ടൺ | |

## വെളിയംകോട് ഗ്രാമപഞ്ചായത്ത് ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതുജലസേചന കിണർ | കുഴൽ കിണർ | കുളം | ക്രോസ്ബാർ | ആയക്കെട്ട് |
|---|---|---|---|---|---|
| 1 | 4 | 40 | 28 | - | 330 ഹെക്ടർ |
| 2 | 1600 സ്വകാര്യം | | | | |
| 3 | | | | | |
| 4 | | | | | |
| 5 | | | | | |
| 6 | | | | | |
| 7 | | | | | |
| 8 | | | | | |
| 9 | | | | | |
| 10 | | | | | |
| 11 | | | | | |
| 12 | | | | | |
| 13 | | | | | |
| 14 | | | | | |
| 15 | | | | | |

## വെളിയങ്കോട് ഗ്രാമപഞ്ചായത്ത് നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 465 | 445 | 640 |
| കശുമാവ് | 960 | - | 300 |
| കുരുമുളക് | 1500 | 3600 | 5100 |
| കവുങ്ങ് | 166 | 100 | 250 |
| മാവ് | 46 | - | - |
| വാഴ | - | - | 250 |
| പച്ചക്കറിവിത്ത് | 800 പേക്കറ്റ് | 800 | 800 |

## വെളിയങ്കോട് ഗ്രാമപഞ്ചായത്ത് ദുരിതാശ്വാസ വിതരണം

| വർഷം | പ്രശ്ന ബാധിത പ്രദേശങ്ങൾ | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾ പൊട്ടൽ | | |
| 1993-94 | | | 9 എണ്ണം | | 4 | 190.00 |
| 1994-95 | നെൽകൃഷി 117 ഏ | | തെങ്ങ് 76<br>വാഴ 956 | | 298<br>99 | 135000.00 |
| 1995-96 | നെല്ല് 69.75<br>നെല്ല് 20 ഹെ. | | തെങ്ങ് 98 | | 89<br>34 | 42300.00<br>47000.00 |

## വെളിയങ്കോട് ഗ്രാമപഞ്ചായത്ത് തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| | 425 ഹെക്ടർ | 18000 | 72000 | 80000 | - | 300 | 115 | 250 | - | 665 |

## വെളിയങ്കോട് ഗ്രാമപഞ്ചായത്ത് കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പു സെറ്റ് |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്ക് സ്പ്രേയർ | നാപ് സ്സാക്ക് സ്പ്രേയർ | മറ്റുള്ളവ | | | |
| | 2 | 1 | 70 | 15 | 85 | 2 | - | 370 | 370<br>678 |

## വെളിയങ്കോട് ഗ്രാമപഞ്ചായത്ത് കൈവശ ഭൂമി വിസ്തീർണ്ണം

| വാർഡ് | നാമമാത്ര കർഷകർ 1 ഹെക്ടർ താഴെ | ചെറുകിട കർഷകർ 1-2 ഹെക്ടർ | വൻകിട കർഷകർ 2 ഹെക്ടറിനു മുകളിൽ |
|---|---|---|---|
| | 3610 | 35 | ഇല്ല |

2 കാർഷിക മേഖലയിൽ ചെറുകിട യന്ത്രവൽക്കരണം ഏർപ്പെടുത്തുക. കൊയ്ത്തു യന്ത്രം, ട്രാക്ടർ, മെതിയെന്ത്രം, പമ്പുസെറ്റുകൾ മുതലായവ വാടക നിശ്ചയിച്ച് കൊടുക്കുവാൻ വേണ്ട ഏർപ്പാട് പഞ്ചായത്ത് ഉണ്ടാക്കുക. 39

3 ബിയ്യം റഗുലേറ്റർ കംബ്രിഡ്ജിൻെറ ഷട്ടറുകൾ ശക്തിപ്പെടുത്തി ഉപയോഗപ്രദമാക്കുക

4 കോൾ മേഘലയിൽ വെള്ളം സംഭരിച്ചു നിർത്തുവാൻ ബണ്ടുകൾ, റോഡുകൾ എന്നിവ ഉയർത്തി ബലപ്പെടുത്തുക.

5 പുറം തോടുകൾ വീതികൂട്ടി ആഴം വരുത്തി ജലസംഭരണി ശേഷി കൂട്ടുക

6 കോൾ മേഖലയിലെ കൃഷിക്കാരുടെ ആനുകൂല്യങ്ങൾ തക്കസമയത്ത് കൃഷിക്കാർക്ക് ലഭിക്കുന്നുണ്ടോ എന്നുറപ്പുവരുത്തുക.

7 എല്ലാ പാടശേഖരങ്ങളും ഗ്രൂപ്പ് ഫാമിംങ്ങ് ഏർപ്പെടുത്തുക. പഞ്ചായത്തിലോ, കൃഷിഭവനിലോ, ഗ്രൂപ്പ് ഫാമിങ്ങ് പ്രകാരം രജിസ്റ്റർ ചെയ്യാൻ അനുമതി നൽകുക.

8 കുളങ്ങളും തോടുകളും ജലസ്രോതസ്സുകളും നിയമം മൂലം സംരക്ഷിക്കുക.

9. മണ്ണിൽ പണിയെടുക്കുന്നതിന് പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിക്കാരെ ആദരിക്കുന്നതിനുവേണ്ടി പഞ്ചായത്തടിസ്ഥാനത്തിൽ കാരഷിക മേള നടത്തുക.

10 കാർഷിക മേഖലയിലെ കൃഷിക്കാരും തൊഴിലാളികളും തമ്മിൽ സേവന വേതന വിഷയങ്ങളിലെ തർക്കങ്ങൾക്ക് സമിതികൾ രൂപീകരിക്കുന്നു. രാമച്ച കൃഷിയെ ഔഷധ കൃഷിയിൽ ഉൾപ്പെടുത്തുക.

11 കമ്പോസ്റ്റ് വള നിർമ്മാണ പദ്ധതിക്ക് ഇന്നുള്ള സബ്സിഡി പരിധി ഉയർത്തുക.

12 കുളം, കിണർ റിപ്പയർ ചെയ്യുന്നതിന് (കൃഷിക്ക് ഉപയോഗപ്രദമാകുന്ന) സഹായം നൽകുക

13 തരിശിടുന്ന കൃഷിഭൂമി കൃഷിക്കുപയുക്തമാക്കുക

14 ബാങ്കുകളുടെ വായ്പാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക

15 മൾബറി, കൂൺ കൃഷി, പൂകൃഷി എന്നിവ ഒട്ടുംതന്നെയില്ലാത്ത ഈ പഞ്ചായത്തിൽ അവയുടെ കൃഷിക്കാവശ്യമായ സൗകര്യങ്ങൾ നടീൽ വസ്തുകൾ എന്നിവ ലഭ്യമാക്കുക.

399

# മത്സ്യബന്ധനം മൃഗസംരക്ഷണം

മസ്സ്യബന്ധനം

സ്വാതന്ത്ര്യപ്രാപ്തിക്ക് വളരെ മുൻപ് തന്നെ മത്സ്യബന്ധന കേന്ദ്രമെന്ന നിലയിലും വിപണനകേന്ദ്രമെന്ന നിലയിലും വെളിയംകൊട് ശ്രദ്ധേയമായ പ്രദേശമായിരുന്നു. കടൽ തീരത്തോട് ചേർന്ന് കിടക്കുന്ന മൂന്ന് ഏക്കറിലധികം വരുന്ന ഫിഷറീസ് ഡിപ്പാർട്ട്മെൻറിൻെറ അധീനതയിലുള്ള സ്ഥലത്ഥ് കെട്ടിയുണ്ടാക്കിയ ചാപ്പകളിൽ (ഷെഡുകൾ) തൂത്തുക്കുടി തുടങ്ങിയ പ്രമുഖ തുറമുഖങ്ങളിൽ നിന്നും പത്തേമാരികളിൽ വന്നിറങ്ങുന്ന ഉപ്പ് സൂക്ഷിക്കാനും, ഇതരമത്സ്യമേഖലകളിലേക്ക് വിതരണം ചെയ്യുന്നതിനും ഉണക്കമത്സ്യങ്ങൾ കയറ്റി അയക്കുന്നതിനും സംവിധാനമുണ്ടായിരുന്നു. ഇത്തരം ചാപ്പകളുടെ പ്രധാന ചുമതല വഹിച്ചിരുന്ന ഓഫീസറെ പ്രദേശികമായി 'പെട്ട്യാഫീസർ' എന്നാണറിയപ്പെട്ടിരുന്നത്. ഇവിടെ നിന്നും ടൺ കണക്കിന് മത്സ്യങ്ങൾ സംസ്കരിച്ച് വിവിധഭാഗങ്ങളിലേക്ക് കയറ്റി അയച്ചിരുന്നു. ഈ രംഗത്ത് ചെറുകിട, ഇടത്തരം മുതലാളിമാരാണ് പൂർണ്ണമായും ആധിപത്യം പുലർത്തിയിരുന്നത്.

മത്സ്യതൊഴിലാളികളിൽ നല്ലപങ്കും സ്ത്രീകളായിരുന്നു. നാടൻവള്ളങ്ങളുപയോഗിച്ച് അത്യന്തം സാഹസികമായ രീതിയിലാണ് ആദ്യകാലങ്ങളിൽ മത്സ്യബന്ധനം നടത്തിയിരുന്നത്. അന്ന് ഉപയോഗിച്ചിരുന്ന വള്ളങ്ങളിൽ പത്തൽ മുക്ക് എന്നിവ ഉപയോഗിച്ചുണ്ടാക്കിയ നാല് മുളത്തണ്ടുകളും, മരം കൊണ്ടുണ്ടാക്കിയ തുഴയും (ചുക്കാൻ) ആയിരുനനു മുഖ്യ ഉപകരണങ്ങൾ. കാറ്റിൻെറ ഗതിക്കനുസരിച്ച് തണ്ട് ഉപയോഗിക്കാതെ വള്ളം മുന്നോട്ട് കൊണടുപോകാൻ കട്ടിയുള്ള തുണികൊണ്ടുണ്ടാക്കിയ 'പായ' മുളകളുപയോഗിച്ച് പ്രവർത്തിപ്പിച്ചിരുന്നു. ഇതിനെ 'ഓടിക്കുന്ന പായ ' എന്നാണ് പറഞ്ഞിരുന്നത്.രണ്ട് വള്ളങ്ങളിലായി പത്ത് പേരടങ്ങുന്ന സംഘമാണ് (വലക്കാർ) മത്സ്യബന്ധനത്തിന് പോയിരുന്നത്. ഈ വലക്കാർ ഉപയോഗിച്ചിരുന്നത് അൻപത് കിലോ വലയും, ഇരുപത്തഞ്ച് കിലോ റോപ്പും, കല്ലും ഓവും (flot) ബന്ധിപ്പിച്ച വലയായിരുന്നു.

മത്സ്യബന്ധനത്തിൻെറ എല്ലാ മേഖലകളും സ്വകാര്യ വ്യക്തികളുടെ അധീനതയിലായിരുന്നു. മത്സ്യം ധാരാളം കിട്ടുന്ന കാലങ്ങളിലും തൊഴിലാളികൾക്ക് മത്സ്യമുതലാളിമാർ നൽകുന്ന തുച്ഛമായ കൂലികൊണ്ട്തൃപ്തിപ്പെടേണ്ടി വന്നിരുന്നു. കൂലിയുമായി ബന്ധപ്പെട്ട് കണക്കുപറയാൻ തൊഴിലാളിക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നില്ല. മത്സ്യ ദൗർബ്ബല്യമുള്ള കാലങ്ങളിൽ പട്ടിണിയും പരിവെട്ടവുമായി കഴിയുമ്പോൾ മുതലാളിമാരിൽ നിന്ന് തൊഴിലാളികൾ കടമായി വാങ്ങുനന സംഖ്യ.ക്ക് പറ്റ് എന്ന് പറയും. കടക്കാരനായ തൊഴിലാളി രോഗബാധിതനാകുകയോ മരണമടയുകയോ ചെയ്താൽ പ്രായപൂർത്തിയാവാത്ത മക്കളുടെ

മേൽ ഇതിന്റെ ഉത്തരവാദിത്വം അടിച്ചേല്പിക്കപ്പെടുമായിരുന്നു. ഈ കുട്ടികൾ മുതലാളിയുടെ കീഴിൽ അടിമയെപോലെ പണിയെടുക്കണം. തൊഴിലാളികൾ ഓരോ വർഷവും കരാർ അടിസ്ഥാനത്തിൽ ഏതെങ്കിലും ഒരു മുതലാളിയുടെ കീഴിൽ നിർബന്ധമായും പണിയെടുക്കണ മെന്നുണ്ടായിരുന്നു, ഈ കരാറിന് എല്ലാവർഷവും മിഥുനം 15 എന്ന നിശ്ചിതദിവസമാണ് തെരഞ്ഞെടുത്തിരുന്നത്. ഇക്കാലത്ത് നിരവധി മത്സ്യതൊഴിലാളികൾ കടൽക്ഷോഭത്താൽ അപകടത്തിൽ പെടുകയും ജീവഹാനി സംഭവിക്കുകയുമുണ്ടായിട്ടുണ്ട്. കടൽക്ഷോഭമുണ്ടായാൽ കണ്ണാടി കാട്ടിയും കൊടി ഉയർത്തികാണിച്ചും മത്സബന്ധനത്തിന് പോയവർക്ക് വിവരം നൽകും.

1980 നു ശേഷം മത്സ്യതൊഴിലാളികളുടെ ജീവിതത്തിലും തൊഴിൽരംഗത്തും മാറ്റം വരാൻ തുടങ്ങി. തൊഴിലാളിയൂണിയനുകളുടെയും പുരോഗമപ്രസ്ഥാനങ്ങളുടേയും ഇടപെടലും സ്വാധീനവുമാണ് ഈ മാറ്റങ്ങൾക്ക് കാരണമായത്. 1982 മുതൽ ആധുനിക രീതിയിൽ എട്ട് കുതിരശക്തിയുള്ള ഔട്ട് ബോർഡ് എഞ്ചിനുകൾ ഉപയോഗിച്ച് മത്സ്യബന്ധനരംഗത്ത് യന്ത്രവത്കരണത്തിന് നാന്ദി കുറിച്ചു. 1987 മുതൽ അഞ്ച് കുതിരശക്തിയുള്ള 'യമഹ' എന്നീ എഞ്ചിനുകൾ ഉപയോഗിച്ച് 35 ചുണ്ടൻവള്ളങ്ങൾ പ്രവർത്തിച്ചുതുടങ്ങി. ഇതിൽ 500 കിലോ വരുന്ന നൈലോൺ 200 കിലോ വരുന്ന റോപ്പും 300 കിലോ വരുന്ന ഇയ്യം കൊണ്ട് നിർമ്മിച്ച മണികളും 25 കിലോ വരുന്ന പിച്ചളറിങ്ങും ബന്ധിച്ചുള്ള വലകൊണ്ടാണ് മത്സ്യം പിടിക്കുന്നത്. ഇതിന് പുറമെ പ്ലാസ്റ്റിക് കൊണ്ടുള്ള പൊങ്ങ് (Flot) 1500 എണ്ണം ഉണ്ടാകും. ഇപ്പോൾ 800 കിലോ വലയും 40 കുതിരശക്തി എൻജിൻ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്ന ചുണ്ടൻവള്ളങ്ങളുമുണ്ട്. പുഴയോര, കായലോര മത്സ്യബന്ധന രംഗത്ത് ചെറിയ തോണികളും വീശു വലയും ഉപയോഗിച്ച് തൊഴിലാളികൾ തന്നെയാണ് മത്സ്യം പിടിച്ചം വിപണനം നടത്തിവരുന്നത്. ഈ മേഖലയിൽ പണ്ട് മുതലേ മത്സ്യം തപ്പിപിടിക്കുന്ന വിദഗ്ദതൊഴിലാളികളുമുണ്ട്. ഒറ്റിൽ, കുരുത്തി എന്നിവയും ഉൾനാടൻ മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്നുണ്ട്.

### മത്സ്യതൊഴിലാളികൾ

മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് 2920 പേർ സ്ത്രീകളാണ്. വിശദവിവരം താഴെ ചേർക്കുന്ന പട്ടികയിൽ കൊടുത്തിട്ടുണ്ട്.

### ലഭിക്കുന്ന മത്സ്യങ്ങൾ

കടലിൽനിന്നും പ്രധാനമായി, അയില, മത്തി, ചെമ്മീൻ, ചെമ്പാൻ, മെത്തൽ, ചൂട,കുടുത,ആവോലി, മാന്തൾ, കോര, പലവക മീനുകൾ എന്നീ മത്സ്യങ്ങളാണ് കിട്ടിവരുന്നത്. ജനുവരി മുതൽ മെയ് വരെയുള്ള മാസങ്ങളിൽ മത്സ്യലഭ്യത വളരെ കുറവാണ്. ജൂൺ, ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ അയില, മത്തി,ചെമ്മീൻ, മെത്തൽ, ചൂട എന്നീ മീനുകളാണ് കിട്ടാറുള്ളത്. സെപ്റ്റംബർ,ഒക്ടോബർ, നവംബർ മാസങ്ങളിൽ അയില, മത്തി, ചെമ്പാൻ,ചൂട എന്നീ മത്സ്യങ്ങളാണ് കിട്ടുന്നത്. മുൻകാലങ്ങളിൽ മത്തിയായിരുന്നു കൂടുതൽ കിട്ടിയിരുന്ന മത്സ്യം. എന്നാൽ കുറേ വർഷങ്ങളായി ചെമ്മീനും മത്തിയും വളരെ കുറവാണ്. ചെമ്മീൻകുട്ടുങ്ങളെ അരിച്ചെടുക്കുന്നതു മൂലമാണ് ഇതെന്ന് മത്സ്യബന്ധ ഉദ്യോഗസ്ഥൻമാർ പറയുന്നു. പുഴയിൽ നിന്നും പ്രധാനമായി കിട്ടാറുള്ളത് ചെമ്മീൻ, മാലാൻ, പൂളാൻ, ഏട്ട, പ്രാച്ചി,പരൽ, കരിമീൻ, ഞണ്ട്, എന്നിവയാണ്. ഇതുകൂടാതെ ഉൾനാടൻ ജലാശയങ്ങളിൽ നിന്ന്

വരാൽ,(കണ്ണൻ) ചെമ്പല്ലി, കോലാൻ , മൊയ്യി, പൂട്ട, പാലാത്താൻ, പിലാപി, എന്നീ മത്സ്യങ്ങളും കിട്ടും .

## മത്സ്യബന്ധന സൗകര്യങ്ങൾ

വെളിയങ്കോട് കടലോരപ്രദേശത്ത് ഫിഷിങ്ങ് ലാൻറിങ്ങ് സെൻറർ (F.L.C) ഇല്ലാത്തത് കൊണ്ട് മത്സ്യബന്ധനത്തിനും വിപണനത്തിനും ബുദ്ധിമുട്ടുന്നു. അതുകൊണ്ടു തന്നെ കിട്ടുന്ന മത്സ്യം പൊന്നാനിയിലും ചാവക്കാടുള്ള ഫിഷിങ്ങ് ലാൻറിങ്ങ് സെൻററുകളെ ആശ്രയിക്കേണ്ടി വരുന്നു. ഒരു വർഷത്തിൽ ഏകദേശം 35 ലക്ഷം രൂപ വിലവരുന്നു.വള്ളം, വല ഔട്ട് ബോർഡ് എൻജിൻ എന്നീ ഉപകരണങ്ങൾ വെളിയങ്കോട് കടലോരപ്രദേശത്ത് ഉള്ളവർ മാത്രം വാങ്ങിക്കുന്നുണ്ട്. കായലോരം, പുഴയോരം ഭാഗങ്ങളിൽ ഒന്നരലക്ഷം രൂപയുടെ വഞ്ചി, വല, കയർ എന്നിവയും ഒരു വർഷത്തിൽ വാങ്ങുന്നു. ഇവയെല്ലാം തന്നെ വിദൂരസ്ഥലങ്ങളായ കൊല്ലം, കൊച്ചി, മാഹി, മംഗലാപുരം എന്നിവിടങ്ങളിൽ നിന്നാണ് വാങ്ങുന്നത്. സമീപപ്രദേശങ്ങളിൽ എവിടേയും മത്സ്യബന്ധനഉപകരണങ്ങൾ ഒന്നും തന്നെ ലഭ്യമല്ല. വെളിയങ്കോട് പടവൂത്ത് 35 പേർപോകുന്ന ചുണ്ടൻവള്ളം 10 എണ്ണവും 5 പേർ വീതം പോകുന്ന 35 വള്ളവും (യന്ത്രവത്കരിച്ചത്) 3 പേർ വീതം പോകുന്ന 50 വള്ളവും കരയോട് ചേർന്ന് അരക്കിലോമീറ്ററിനുള്ളിൽ വളച്ച് പിടിക്കുന്ന ചവിട്ട് വല പത്ത് എണ്ണവും (ഓരോന്നിൽ 30 മുതൽ50 പേർ വരെ അടങ്ങുന്നത് ) നിലവിലുണ്ട്. ഉൾനാടൻ മത്സ്യതൊഴിലാളികൾ പണിയെടുക്കുന്ന 42 വീശി തോഓണികളും വെള്ളവലി 10 എണ്ണവും വളച്ചുപിടിക്കുന്ന ചവിട്ടുവല 5 എണ്ണവും ഉണ്ട്. ചെമ്മീൻ അരിപ്പ് നടത്തുന്ന 28 സ്ത്രീകളും ഈ രംഗത്ത് തൊഴിലെടുക്കുന്നു. പഞ്ചായത്തിൽ മത്സ്യമാർക്കറ്റുകളില്ല. വെളിയങ്കോടം അങ്ങാടി, എരമംഗലം, അച്ചൊട്ടിച്ചിറ, കോതമുക്ക്, മലപ്പുറം എന്നീ സ്ഥലങ്ങളിൽ റോഡരികിൽ വെച്ചാണ് മത്സ്യക്കച്ചവടം നടത്തുന്നത്. ഇത് വാഹന ഗതാഗതത്തേയും, വഴിയാത്രക്കാരേയു, പൊതുജനാരോഗ്യത്തേയും പ്രതികൂലമായി ബാധിക്കുന്നു.

വെളിയങ്കോട് പഞ്ചായത്തിൽ മത്സ്യഫെഡിൻെറ ഒരു ചെറിയ വിത്തുൽപാദന കേന്ദ്രമുണ്ട്. ഇവിടെ ധാരാളം ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നു. വിശദ വിവരങ്ങൾ പട്ടികയിൽ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്. ഈ പഞ്ചായത്തിൽ ചെമ്മീൻ കൃഷി ചെയ്യാൻ ഏറെ സാധ്യതകളുണ്ട്. ചെമ്മീൻ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം കിട്ടാത്തത് കൊണ്ടും, ജനങ്ങൾ വേണ്ടത്ര ബോധവാൻമാരല്ലാത്തത് കൊണ്ടും പഞ്ചായത്തിൽ ചെമ്മീൻ കൃഷി നടക്കാതെ പോകുന്നു. ഇവിടെ നിന്ന് ധാരാളം ചെമ്മീൻ കുഞ്ഞുങ്ങളെ അന്യ സംസ്ഥാനങ്ങളിലേക്ക് കയറ്റി അയ്ക്കുകയാണ് പതിവ്. കൂടാതെ നമ്മുടെ പുഴകളിൽ നിന്നും ചെമ്മീൻ കുഞ്ഞുങ്ങളെ ശേഖരിച്ച് സ്വകാര്യ വ്യക്തികളും വില്പന നടത്തിവരുന്നു. ഈ പ്രദേശങ്ങളിൽ ശുദ്ധജല മത്സ്യകൃഷിയും നടത്താൻ സൗകര്യമുണ്ട്. കടലോര പ്രദേശത്തെ മത്സ്യത്തൊഴിലാളികൾ 2, 3, 5, 6 വാർഡുകളിലും പുഴയോരത്തെ തൊഴിലാളികൾ 1, 2, 3, 4 എന്നീ വാർഡുകളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 7, 9, 11 എന്നീ വാർഡുകളിലും തിങ്ങി താമസിക്കുന്നു. 1995ൽ മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പിൻെറ കീഴിലുള്ള സ്ഥലത്ത് 8 വീടുകൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. 5-ാം വാർഡിലെ തണ്ണിത്തുറ 6,3 വാർഡുകളിലെ പടിഞ്ഞാറൻ ഭാഗങ്ങളിലും മത്സ്യത്തൊഴിലാളികൾ മാത്രമാണ് താമസിക്കുന്നത്. ഈ പ്രദേശങ്ങളിൽ ഭൂരിഭാഗവും ഓലക്കുടിലുകളാണ്. ഇവിടെ കുടിവെള്ളം കക്കൂസ് ഗതാഗത സൗകര്യങ്ങൾ വേണ്ടത്രയില്ല. ഇതിനാൽ ഈ പ്രദേശത്തെ ജനങ്ങൾ

വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുന്നു. ഈ പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസ സൗകര്യത്തിനായി വെളിയങ്കോട് ഫിഷറീസ് സ്കൂൾ മാത്രമാണുള്ളത്. ഉപരിപഠനത്തിനുള്ള സാദ്ധ്യതകളില്ലാത്തതിനാൽ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസ യോഗ്യത നേടാനാകുന്നില്ല.

മത്സ്യഫെഡ് മുഖാന്തിരം വള്ളം, വല, എഞ്ചിൻ എന്നിവ നൽകുന്നുണ്ടെങ്കിലും ആവശ്യത്തിൻെറ പത്തിൽ ഒരംശം പോലും കിട്ടുന്നില്ല. ഔട്ട് ബോർഡ് എൻജിൻ റിപ്പയർ ചെയ്യാൻ ഇവിടെ സൗകര്യമില്ലാത്തത് കൊണ്ട് കോഴിക്കോട്, പരപ്പനങ്ങാടി, കൊച്ചി, കൊല്ലം എന്നീ സ്ഥലങ്ങളിലേക്കാണ് കൊണ്ടു പോകുന്നത്. ഇത് ഒരുപാട് സാമ്പത്തിക നഷ്ടവും, തൊഴിൽ നഷ്ടവും മറ്റു പ്രയാസങ്ങളും ഉണ്ടാക്കുന്നു. 5 കി.മീറ്ററോള മുള്ള കടലോരത്ത് 3 കി.മീറ്റർ വരെ മാത്രമേ കടൽ ഭിത്തി നിർമ്മിച്ചിട്ടുള്ളു. ഇതുതന്നെ കടൽ ക്ഷോപത്തിൽ പൂർണ്ണമായും നശിച്ചു. വർഷം തോറും ഈ പ്രദേശങ്ങളിൽ കടൽ ക്ഷോഭം ഉണ്ടാവാറുണ്ട്. ഇതുമൂലം ഭൂമിയും, പാർപ്പിടവും, തെങ്ങ് തുടങ്ങിയ വൃക്ഷങ്ങളും വൻതോതിൽ നഷ്ടപ്പെടാറുണ്ട്. കടൽ ഭീത്തി നിർമ്മിക്കുന്ന കോൺട്രാക്ടർമാരുടെ അമിത ലാഭേച്ഛയും ഡിപ്പാർട്ടുമെൻറിൻെറ ദീർഘ വീക്ഷണക്കുറവുമാണ് ഇത്തരം നാശനഷ്ടങ്ങൾക്ക് കാരണമായിത്തീരുന്നത്. ഇതു മൂലം മത്സ്യത്തൊഴിലാളികൾ കടൽ ക്ഷോഭ ഭീഷണിയെ ഇപ്പോഴും നേരിട്ട് കൊണ്ടിരിക്കുന്നു.

'യന്ത്രവൽക്കരണവും ആധുനിക ഉപകരണങ്ങളും മത്സ്യത്തൊഴിലാളികളുടെ നിലവാരം അല്പം ഉയർത്തെയെങ്കിലും ബാധ്യതകളിൽ നിന്നും പൂർണ്ണമായും മോചനം നേടാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സംഘങ്ങൾ മുഖേനയും മത്സ്യഫെഡ് മുഖേനയും ബാങ്കുകൾ വഴിയും, സ്വകാര്യ വ്യക്തികളിൽ നിന്നും കടമെടുക്കുന്നതിനാൽ മത്സ്യ ലഭ്യത മൂലവും വായ്പകൾ യഥാവിധി തിരിച്ചടക്കാൻ കഴിയാതെ വരുന്നു.

വിപണനം

കടലിൽ നിന്ന് പിടക്കുന്ന മത്സ്യങ്ങൾ കരയിൽവെച്ച് ലേലം ചെയ്ത് വിൽക്കുന്നു. ലേലത്തിന് ഇടനിലക്കാരുണ്ട്. മൊത്തമായും ചില്ലറയായും ലേലം ചെയ്യുന്നു. മൊത്തമായി ലേലം നടത്തി മത്സയം വാങ്ങിയവർ നോറികളിലുംമറ്റു വാഹനങ്ങളിലും കേരളത്തിലെ പ്രധാന മാർക്കറ്റുകളിലെത്തിക്കുന്നു. ചില്ലറയായി ലേലത്തിൽ മത്സയം എടുക്കുന്നവർ ഇരു ചക്രവാഹനങ്ങളിലും തലച്ചുമടായും അങ്ങാടികളിലും ഉൾ പ്രദേശങ്ങളിലും വീടുകലിലുമായി വില്പന നടത്തി വരുന്നു. മത്സ്യം ഉണക്കി സംസ്കരിച്ചെടുത്തും മൊത്തമായും ചില്ലറയായും വിപണനം നടത്തിവരുന്നു.

മത്സ്യ വിപണന രംഗത്ത് സഹായകമായി നിൽക്കുന്ന ഐസ്പ്ലാൻറ് പഞ്ചായത്തിൽ ഒരെണ്ണം മാത്രമേ ഉള്ളു. ഇതിൻെറ പ്രവർത്തനം തന്നെ കാര്യക്ഷമമല്ല. ഇത് കൊണ്ട് മത്സ്യം സൂക്ഷിച്ച് വിപണനം നടത്തുന്നതിന് പ്രയാസപ്പെടുന്നു. ഐസ് ദൂര സ്ഥലങ്ങളിൽ നിന്നും കൊണ്ട് വരുന്നത് സാമ്പത്തിക നഷ്ടവും മറ്റും ഉണ്ടാക്കുന്നു.

ഇതിനെല്ലാം പുറമേ കടൽ മത്സ്യബന്ധനവും വിപണനവുമായി ബന്ധപ്പെട്ട് പുറത്ത് നിന്ന് 36 പേർ ഈ പഞ്ചായത്തിൽ പണിയെടുത്ത് വരുന്നു. പഞ്ചായത്തിൽ അഴിമുഖത്തിനോട് തൊട്ടു കിടക്കുന്ന 10 ഏക്കറോളം വരുന്ന ചതുപ്പ് നിലം ഉണ്ട്. ഇവിടെ ചെമ്മീൻ കൃഷിക്ക്

ഉപയോഗപ്രദമാക്കിയെടുക്കാവുന്നതാണ്. മത്സ്യ തൊഴിലാളി ക്ഷേമ നിധിയിൽ അംഗത്വമില്ലാത്ത തൊഴിലാളികൾ കുറവാണ്. വിശഗവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. മത്സയത്തൊഴിലാളി സമ്പാദ്യ. പദ്ധതിയിലും തൊഴിലാഴികളുടെ അംഗത്വം കുറവാണ്. വിശദവിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്. ഈ ക്ഷേമനിധി, സമ്പാദ്യ പദ്ധതി, സൗകര്യങ്ങൾ, പുഴയോര ഉൾനാടൻ തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.

മൂന്ന് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഇതിൽ ഒരെണ്ണം പട്ടിക ജാതി മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘമാണ്. ഉൾ നാടൻ മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം നിലവിലില്ല. സഹകരണ സംഘങ്ങളെ സംബന്ധിച്ച പ്രസക്ത വിവിരങ്ങൾ സഹകരണ റിപ്പോർട്ടിനോടൊപ്പം ചേർത്തുന്നുണ്ട്.

## പ്രശ്നങ്ങൾ

1. പുതുതായി നിലവിൽ വന്ന തീരദേശ പരിപാലന നിയമം മത്സ്യത്തൊഴിലാളികളുടെ തൊഴിലിനേയും ഭവനനിർമ്മാണത്തേയും പ്രതികൂലമായി ബാധിക്കുന്നു. ഉൾനാടൻ മേഖലയിലും ഇതിൻെറ പ്രയാസം അനുഭവപ്പെടുന്നു.
2. മുഴുവൻ കടൽതീരവും കടൽഭിത്തിക്കെട്ടി സംരക്ഷിച്ചിട്ടില്ല. കഴിഞ്ഞ വർഷങ്ങളിൽ നിർമ്മിച്ച കടൽഭിത്തികൾ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായും നശിച്ചിരിക്കുന്നു.
3. ഫിഷിങ്ങ് ലാൻറീങ്ങ് സെൻറർ (FLC)ഇല്ലാത്തതുകൊണ്ട് മത്സ്യബന്ധനത്തിനും വിപണനത്തിനും ബുദ്ധിമുട്ടുന്നു.
4. മത്സ്യ ബനധന ഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കാൻ സംവിധാമില്ല. ഔട്ട് ബോർഡ് എഞ്ചിൻ വർക്ഷോപ്പ് ഇല്ലാത്തതിനാലും തൊഴിലാളികൾ പ്രയാസം അനുഭവിക്കുന്നു.
5. വെളിയംകോട് അഴിമുഖത്ത് മണൽ വന്ന് കൂടുന്നത് കൊണ്ട് മത്സ്യബന്ധനം നടത്താൻ കടലിൽ പോകാൻ പ്രയാസം അനുഭവിക്കുന്നു ഇത് മൂലം തൊഴ ിലാളികൾക്ക് അംഗവൈകല്യം സംഭവിക്കുകയും മരണപ്പെടുകയും ഒരുപാട് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു.
6. അനുയോജ്യമായ സ്ഥലങ്ങളുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നതിന് പ്രോൽസാഹനവും സഹായവും ലഭിക്കുന്നില്ല
7. ഉൾനാടൻ ജലാശങ്ങളിലുള്ള മത്സ്യരോഗം കാരണം വിവിധ ഇനം മത്സ്യങ്ങളുടെ വംശ നാശവും തൊഴിലും നഷ്ടപ്പെടുന്നു.
8. മത്സ്യ വിപണനത്തിന് ആധുനിക സംവിധാനങ്ങളില്ല.
9. മത്സ്യമേഖലയിൽ സ്ത്രീകൾക്ക് തൊഴിലവസരങ്ങൾ കുറഞ്ഞ് വരുന്നു.

10. ഉൾനാടൻ മത്സ്യമേഖലയിൽ സഹകരണ സംഘങ്ങളില്ല. ഇവർ ദേശീയ സമ്പാദ്യ പദ്ധതിയിലും ഉൾപ്പെട്ടിട്ടില്ല. 403

11. മത്സ്യതൊഴിലാളികൾ തിങ്ങിതാമസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ അപര്യാപ്തമായ ശുചിത്വകുറവും തത്ഫലമായി മാരകരോഗങ്ങൾ നിരന്തര ഭീഷണിയുമാകുന്നു.

12. മത്സ്യതൊഴിലാളികളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം നേടാൻ സൗകര്യവും പ്രോൽസാഹനവും ഇല്ല.

13. വെളിയംകോട് കടപ്പുറത്ത് സ്ഥിതിചെയ്യുന്ന ഫിഷറീസ് ഡിസ്പെൻസറിയിൽ ഡോക്ടറോ മരുന്നുകളോ ഇല്ല. അത്കൊണ്ട് മത്സ്യതൊഴിലാളികൾക്ക് അസുഖങ്ങൾ ഉണ്ടായാൽ കിലോമീറ്ററോളം സഞ്ചരിച്ച് സ്വകാര്യ ആശുപത്രികളെ ആശ്രയിക്കേണ്ടിവരുന്നു.

## സാദ്ധ്യതകൾ

1. തീരദേശ പരിപാലന നിയമം എടുത്ത് കളയണം.

2. കടൽ ഭിത്തി കെട്ടാത്ത സ്ഥലത്ത് ഭിത്തികെട്ടുകയും നശിച്ചുപോയ കടൽഭിത്തി പുതുക്കി കെട്ടി സംരക്ഷിച്ച് സ്ഥിരമായുണ്ടാകുന്ന കടൽക്ഷോഭ ഭീഷണിയിൽ നിന്നും സംരക്ഷണം നൽകുക. സർക്കാർ ഭൂമി വാങ്ങി മത്സ്യത്തൊഴിലാളികളെ മാറ്റിപ്പാർപ്പിക്കുക. കടൽ ഭിത്തികൾ യഥാ സമയം അറ്റകുറ്റ പണികൾ നടത്തുക

3 കടപ്പുറത്ത് ഫിഷിംങ്ങ് ലാൻറിങ്ങ് സെൻറർ സ്ഥാപിക്കുക.

4 വെളിയങ്കോട് കടപ്പുറത്ത് ഔട്ട് ബോർഡ് എഞ്ചിൻ സ്ഥാപിക്കുക. വെളിയങ്കോട് അഴിമുഖത്ത് ഗൈഡ് ലൈറ്റ് സ്ഥാപിക്കുക. കടപ്പുറത്ത് ഒരു വല നിർമ്മാണ യൂണിറ്റ് സ്ഥാപിച്ച് തൊഴിലവസര മുണ്ടാക്കുക.

5 വെളിയങ്കോട് അഴിമുഖത്ത് മണൽ വന്നടിഞ്ഞ് ഉണ്ടാകുന്ന അപകടങ്ങളും മറ്റ് നഷ്ടങ്ങളും ഒഴിവാക്കാൻ ഭിത്തികെട്ടി സംരക്ഷിക്കുകയും ചെറിയ ഒരു തുറമുഖം സ്ഥാപിക്കുകയും ചെയ്യുക.

6. നരണിപ്പുഴ പഴഞ്ഞി അയ്യോട്ടു ചിറ, തണ്ണിത്തുറ, വടക്കേപുറം പ്രദേശങ്ങളിലുള്ള ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യകൃഷിയും ചെമ്മീൻ കൃഷിയും നടപ്പാക്കുക. ഇതിനായി ഒരു സഹ. സംഘം രൂപീകരിക്കുക.

7. ഉൾനാടൻ ജലാശയങ്ങൾ കണ്ടുവരുന്ന മത്സ്യരോഗത്തിന് അടിയന്തിരമായി പരിഹാരം കാണുക.

8. മത്സ്യ വിപണന രംഗത്ത് സഹ. സംഘങ്ങൾ മുഖേന മത്സ്യം വാങ്ങാനും സംസ്കരിച്ച് വിതരണം ചെയ്യാനും സംവിധാനം ഏർപ്പെടുത്തുക.

9. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം ലഭിക്കുന്നതിന് മത്സ്യ സംസ്കരണവുമായി ബന്ധപ്പെട്ട വ്യവസായ ശാലകൾ ആരംഭിക്കുക. വനിതാ സഹ.

സംഘം ആരംഭിക്കുക. മത്സ്യം സംസ്കരിച്ച് പേക്ക് ചെയ്തും, ചെമ്മീൻ അച്ചാറുകൾ നിർമ്മിച്ചും വിപണനം നടത്താനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

10 ഉൾനാടൻ മത്സ്യത്തൊഴിലാളികളെ ദേശീയ സമ്പാദ്യ പദ്ധതിയുൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഭവന നിർമ്മാണത്തിനുള്ള ഗ്രാൻറ് നൽകുകയും ഈ ഗ്രാൻറ് വർദ്ധിപ്പിക്കുകയും ചെയ്യുക.

11 മത്സ്യത്തൊഴിലാളികൾ താമസിക്കുന്ന പ്രദേശങ്ങളിൽ കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ എത്തിക്കുക. പരിസര ശുചീകരണത്തിൽ ബോധവത്കരണം നടത്തുയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

12 മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം കിട്ടാൻ സൗകര്യം വർദ്ധിപ്പിക്കുക.

13 മത്സ്യത്തൊഴിലാളി മേഖലയിലുള്ള ഫിഷറീസ് ആശുപത്രിയിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുകയും മരുന്നുകൾ എത്തിക്കുകയും ചെയ്യുക.

14 കടൽ ക്ഷോപത്തിൽ വീടു നഷ്ടപ്പെട്ട കുടുംബാംഗങ്ങളെ പുനരധിവസിക്കുക.

15 ഫിഷിംങ്ങിന് അനുവദിക്കുന്ന മണ്ണെണ്ണ വർദ്ധിപ്പിച്ച് തൊഴിലാളികൾ അനുഭവിക്കുന്ന സാമ്പത്തിക പ്രയാസത്തിന് ആശ്വാസം നൽകുക.

16. വെളിയങ്കോട് അങ്ങാടിയിലും എരമംഗലത്തും മത്സ്യമാർക്കറ്റുകൾ ഉടൻ സ്ഥാപിക്കുക.

17. കേടായ മത്സ്യമുപയോഗിച്ച് ജൈവവളം നിർമ്മിക്കുന്ന യൂണിറ്റും മത്സ്യ സംസ്കരണയൂണിറ്റുകളും വ്യവസായ അടിസ്ഥാനത്തിൽ തുടങ്ങുക

18 ഐസ് പ്ലാൻറ് സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുക

## മൃഗസംരക്ഷണം

പശു ആട് എരുമ എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ. ഉഴവു കാളകളേയും നാമമാത്രമായി വളർത്തുന്നു. വളർത്തു പക്ഷികളിൽ പ്രധാനമായും കോഴികളാണു മുന്നിൽ. വളരെ ചെറിയ തോതിൽ താറാവു വളർത്തപ്പെടുന്നു. പേരിനുമാത്രമായി വീടുകളിൽ കോഴികളെ വളർത്തിവരുന്നു. പകുതിയിലധികം വീടുകളിലും പശുക്കളെ ഇപ്പോൾ വളർത്തുന്നതായി കാണുന്നില്ല. വളർത്തുന്നവർ തന്നെ അത് ഒരു വരുമാനമാർഗ്ഗമായിട്ടല്ല കാണുന്നത്. ഭൂരിഭാഗം വീടുകളിലും ആടുകളെ വളർത്തുന്നുണ്ട്. പാലുല്പാദന രംഗത്ത് പഞ്ചായത്ത് വളരെ പുറകിലാണ്.

നെൽകൃഷി കുറഞ്ഞതും കാർഷിക യന്ത്രവൽക്കരണം വന്നതും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്. മുൻ കാലങ്ങളിൽ പഞ്ചായത്തിൽ മുഖ്യ വീടുകളിലും പശു ആട്, എരുമ എന്നീ മൃഗങ്ങളെ വളർത്തുകയും ഇവയിൽ നിന്ന് കിട്ടുന്ന പാൽ വിറ്റ് കുടുംബജീവിതം വരെ കഴിഞ്ഞിരുന്നു. സാമ്പത്തിക രംഗത്തു വന്ന മാറ്റം മൂലം ഇത്തരം മേഖലയിൽ നിന്ന് ജനങ്ങൾ പുറകോട്ട് പോയിത്തുടങ്ങി.

കാലിത്തീറ്റയുടെ വിലവർദ്ധനവ് പുല്ലിൻേറയും വൈക്കോലിൻേറയും ലഭ്യത കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിന് പൊതുവിൽ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. വെളിയങ്കോട് പഞ്ചായത്തിൽ പാൽ സൊസൈറ്റികൾ തീരെ ഇല്ല. പരിസര പ്രദേശങ്ങളിൽ നിന്നുപോലും പാൽ വിതരണം ഇവിടെ എത്തുന്നില്ല. പഞ്ചായത്തിൽ നാമമാത്രമായി ആറാം വാർഡിലെ ഗ്രാമത്തിൽ ഒരു മൃഗാശുപത്രിയുണ്ട്. ഇവിടെ സ്ഥിരമായി ഡോക്ടറോ ചികിത്സാ സൗകര്യങ്ങളോ, മരുന്നോ ഇല്ല. കാലികൾക്ക് രോഗം വന്നാൽ മൃഗാശുപത്രിയിലേക്ക് എത്തിക്കാൻ കഴിയുന്നില്ല. സമയത്തിന് ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം ഇതുമൂലം ഉണ്ടാകാറുണ്ട്. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പുരോഗം, ഉദരരോഗം, കാലാവസ്ഥാ മാറ്റത്തിനനുസരിച്ചുള്ള പനി എന്നിവയാണ്. രോഗ പ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലി കർഷകരിൽ നിൽക്കുന്ന അറിവില്ലായ്മ രോഗങ്ങൾ തുടക്കത്തിലെ ചികിത്സിച്ചു മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

വെളിയങ്കോട് പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാൻറുകൾ ചെറിയതോതിലെങ്കിലും സ്ഥാപിക്കുന്നതിന് സാധ്യതയുണ്ടെങ്കിലും കർഷകർക്ക് ഇതു സംബന്ധിച്ച അജ്ഞതയാണ് പ്രധാന തടസ്സം. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിൻെറ വലിയൊരു ഭാഗം ഗോബർ ഗ്യാസ് പ്ലാൻറുകൾ ഉണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണ വകുപ്പു മുഖേന ഇത്തരം പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ജനങ്ങളിൽ എത്തിയിട്ടില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലിയൊരു പങ്ക് നിറവേറ്റാൻ കാലി വളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവിൽ നെൽകൃഷി ലാഭകരമല്ലാതായതോടെ കന്നുകാലി വളർത്തലിൽ മാന്ദ്യം സംഭവിച്ചു. മുൻകാലങ്ങളിൽ എല്ലാ വീടുകളിലും നാടൻ കോഴികളെ വളർത്തിയിരുന്നു. എന്നാൽ ഇന്ന് ഇറച്ചിക്കു വേണ്ടി വൻതോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി അവസ്ഥയാണ് കോഴിവളർത്തലിന് കൂടുതൽ സാധ്യതയുണ്ടെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പഞ്ചായത്തിൽ എട്ട് ഇറച്ചിക്കോഴി വില്പന സ്ഥാപനങ്ങളുണ്ട്. കോഴിക്കുഞ്ഞുങ്ങളെ വാങ്ങി വളർത്തി ഇറച്ചിക്കോഴികളായി വിൽക്കുന്ന ഒരു യൂണിറ്റുമുണ്ട്.

മൃഗങ്ങളെ കശാപ്പു ചെയ്തു വിൽക്കുന്ന അറവുശാലകൾ 13 എണ്ണം പഞ്ചായത്തിലുണ്ട്. ഇതുമൂലമുള്ള പരിസരമലിനീകരണ പ്രശ്നങ്ങൾ പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി മാറിക്കൊണ്ടിരിക്കുന്നു. മുഖ്യമായും കൗതുകത്തിനു വേണ്ടിയാണം ചുരുക്കം ചില വീടുകളിലെങ്കിലും മുയലിനെ വളർത്തന്നത്. പ്രത്യത്പാദന നിരക്ക് കൂടുതലായതുകൊണ്ട് ഇറച്ചി ആവശ്യത്തിന് മുയലുകളെ വളർത്തുകയാണെങ്കിൽ വളരെ ലാഭകരമാണ്. സമ്പന്ന വീടുകളിൽ കൗതുകത്തിനായി പക്ഷി വളർത്തൽ നടത്തുന്നു.

## പ്രശ്നങ്ങൾ

1 ക്ഷീര വിപണത്തിനുള്ള സൗകര്യങ്ങൾ തീരെയില്ല.

2 കാലികളെ വളർത്താൻ സാമ്പത്തിക സഹായം ലഭിക്കാനുള്ള പ്രയാസങ്ങളുണ്ട്.

3 കാലിത്തീറ്റയുടെ വിലക്കൂടുതൽ, പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ് കാലി വളർത്തലിന് പ്രതികൂലമായി ബാധിക്കുന്നു.

4 മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

5 കോഴി രോഗങ്ങൾ തടയാൻ ഫലപ്രദമായ സംവിധാന മില്ലാത്തതിനാൽ കോഴി വളർത്തലിനേയും നിരുത്സാഹപ്പെടുത്തുന്നു.

## സാധ്യതകൾ

1 വെളിയംകോട് പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരവ്യവസായ സഹ. സംഘം രൂപീകരിക്കുക. ഓരോ വാർഡുകളിലും പാൽ സംഭരണ കേന്ദ്രങ്ങൾ സ്ഥാപിക്കുക.

2 സഹ. സംഘങ്ങൾ മുഖേന കുറഞ്ഞ വിലക്ക് കാലിത്തീറ്റ ലഭ്യമാക്കുക. തീറ്റപ്പുൽ കൃഷിക്ക് വിത്തും വളവും സൗജന്യമായി നൽകുക

3 മൃഗ ചികിത്സാ സൗകര്യത്തിനുവേണ്ടി മൃഗാശുപത്രി സ്ഥാപിച്ച് ഉയർന്ന നിലവാരത്തിലുള്ള ചികിത്സാ സമ്പ്രദായം ലഭ്യമാക്കുക

4 മുയൽ വളർത്തൽ പ്രോത്സാഹിപ്പിക്കുക

5 ഉൾനാടൻ ജലാശയമുള്ളതിനാൽ താറാവു വളർത്തൽ പ്രോത്സാഹിപ്പിക്കുക

6 അത്യുത്പാദന ശേഷിയുള്ള പശുക്കളെ വളർത്തുന്നതിന് ബോധ വത്ക്കരണവും സാമ്പത്തിക സഹായവും നൽകുക

7 കാട വളർത്തുന്നതിനു വേണ്ട പോത്സാഹനമുണ്ടാക്കുക

## മത്സ്യത്തൊഴിലാളി സമ്പാദ്യ പദ്ധതി

| ആകെ അംഗങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ | പെൻഷൻ കിട്ടുന്നവർ | മരിച്ചവർ | ബാക്കി |
|---|---|---|---|---|---|
| 341 | 341 | - | 124 | 10 | 114 |

## കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി

| 1995 - 96ൽ ആകെ അംഗങ്ങൾ | പരമ്പരാഗത തൊഴിലാളികൾ | | ഉൾനാടൻ തൊഴിലാളികൾ | |
|---|---|---|---|---|
| | പുരുഷന്മാർ | സ്ത്രീകൾ | പുരുഷന്മാർ | സ്ത്രീകൾ |
| 872 | 854 | - | 6 | 12 |
| | ആകെ 854 | | ആകെ 18 | |

## വെളിയങ്കോഓട് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം രജി. നമ്പർ 129-93

| സ്ഥാപിതം | ആകെ അംഗങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1993 | 369 | 286 | 83 |

## പാലപ്പെട്ടി, വെളിയങ്കോട് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘം രജി. നമ്പർ. 3-87

| സ്ഥാപിതം | ആകെ അംഗങ്ങൾ | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|---|
| 1987 | 754 | 731 | 23 |

## വെളിയങ്കോട് പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ മേഖലയിലെ കണക്ക്

| ത്സ്യത്തൊഴിലാളികളുടെ ആകെ എണ്ണം | | പരമ്പരാഗത തൊഴിലാളികൾ | | പുഴയോര മത്സ്യത്തൊഴിലാളികൾ | | സംസ്കരണം | | വിപണനം | | ഉൾനാടൻ തൊഴിലാളികൾ | | ചെമ്മീൻ അരിപ്പ് തൊഴിലാളികൾ |
|---|---|---|---|---|---|---|---|---|---|---|---|---|
| 2920 | | 1500 | | 525 | | 100 | | 510 | | 275 | | |
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | സ്ത്രീ |
| 660 | 260 | 1440 | 60 | 467 | 58 | 20 | 80 | 488 | 22 | 263 | 12 | |

## വെളിയങ്കോട് പഞ്ചായത്തിലെ ചെമ്മീൻ വിത്തുൽപാദന കേന്ദ്രത്തിലെ വിവരം

| സ്ഥാപിതം | സ്ഥിരം ജീവനക്കാർ | 1994-95ൽ ഉല്പാദിപ്പിച്ച | 1995-96ൽ ഉല്പാദിപ്പിച്ച | വിറ്റത് | കടലിൽ നിക്ഷേപിച്ചത് |
|---|---|---|---|---|---|
| 1995 | 5 | 2 മാസം 8 ലക്ഷം നാരൻ കുഞ്ഞുങ്ങൾ | 7 മാസം 71 ലക്ഷം നാരൻ 5 ലക്ഷം | 40.5 ലക്ഷം | 31 ലക്ഷം |

# വ്യവസായം

1930 കളിൽ മോത്തേരി കുട്ടികൃഷ്ണമേനോൻ ഹനുമാൻ കമ്പനി എന്നപേരിൽ ആരംഭിച്ച നെയ്ത് വ്യവസായമാണ് ഈ പ്രദേശത്തെ ആദ്യത്തെ വ്യവസായം. അഭിമാനിക്കാനാവും വിധം ഏറെ സമ്പന്നമായ ഒരി വ്യവസായിക ചരിത്രം വെളിയങ്കോടിനവകാശപ്പെടാനില്ല. വ്യവസായികമായി മുൻതലമുറ തീർത്തും നിഷ്ക്രരായിരുന്നു എന്നല്ലതിനർത്ഥം. പ്രാദേശിക വിപണിയിൽ വളരെ പ്രശസ്തമായിരുന്ന വിവിധയിനം ബ്രാടൻെറുബീഡികൾ (ഇരട്ടതത്ത, മാങ്ങാമാർക്ക്, പോപ്പുലർ തുടങ്ങിയവ) കയർ വ്യവസായരംഗത്തെ ആദ്യകാല സംരംഭങ്ങൾ എന്നിവയെല്ലാം എടുത്തു പറയാവുന്നവയാണ് എങ്കിലും വിപണിയുടെ വികാസത്തിനനുസൃതമായി വളർന്നുവലുതാവേണ്ടിയിരുന്ന ഈ വ്യവസായങ്ങൾല്ലാം ഇടക്കാലത്ത് മൃതിയടയുകയായിരുന്നു. ഒന്നല്ലങ്കിൽ മറ്റോരുകാരണംകൊണ്ട് .അനാകർഷകമായ സേവന വേതന വ്യവസ്ഥകൾ ബീഡി വ്യവസായത്തിൻെറ നടുവൊടിച്ചു. അമിതമായ സർക്കാർ നിയന്ത്രണം മൂലം കയർ വ്യവസായം പൊട്ടിപോവുകയും ചെയ്തു. മാറിയ സാഹചര്യങ്ങളിൽ ലഭ്യമായ എല്ലാ അനുകൂല ഘടകങ്ങളും പരാമാവധി പ്രയോജനംപ്പെടുത്തി ഒരു രണ്ടാംജന്മത്തിനു ശ്രമിക്കകയാണ് ഇന്ന് ഈ പരമ്പരാഗത വ്യവസായങ്ങൾ.

സഹകരണസംഘങ്ങളുടെയോ സർക്കാർ ഏജൻസികളുടെയോ സഹായമില്ലാതെ തീർത്തും അണുഘടിതമായാണ് രണ്ടാംജന്മത്തിലും ഈ വ്യവസായങ്ങൾ മുന്നോട്ടു നീങ്ങുന്നത് . തൻ മൂലം പരാധീനതകൾ തരണം ചെയ്യാനാവാതെ വീണ്ടുമൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ് ഇവ എന്നാണ് പഠന പര്യടനം നൽകുന്ന സൂചന.

വെളിയങ്കോട് പഞ്ചായത്തിൽ പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ പ്രവർത്തിക്കുന്നവൻകിയവ്യവസായങ്ങളൊന്നും തന്നെയില്ല. സ്വകാര്യമേഖലയിലോ പ്രവർത്തിക്കുന്ന ഏതാനും ചെകിട യൂനിറ്റുകൾ മാത്രമാണ് വ്യവസായ രംഗത്ത് ഇന്നുള്ള സംരഭങ്ങൾ. പഞ്ചായത്തിൻെറ സാമ്പത്തിക രംഗത്ത് കാര്യമായ സ്വാധീനം ചെലുത്താൻമാത്രം ശക്തിയും വ്യാപ്തിയും ഇവക്കൊട്ടില്ലതാനും.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 20% ത്തോളം ആളുകൾ വിവിധ മേഖലകളായി തൊഴിലെക്കുന്നുണ്ട് മൊത്തം ജനസംഖ്യയുടെ 3. 17% മാത്രമാണ് വ്യവസായരംഗത്ത് പ്രവർത്തിക്കുന്നത്. വ്യവസായ രംഗത്ത് തൊഴിലെടുക്കന്ന സ്ത്രീപുരുഷ അനുപാതം ഏതാണ്ട് തുല്യമാണ്.

വിവിധ വ്യവസായ തുറകളിൽ പണിയെടുക്കന്ന തൊഴിലാളികളെ സംബന്ധിച്ച വിവരം പട്ടിക 2 ൽ കൊടുത്തിട്ടുണ്ട്.

## പ്രശ്നങ്ങളും പരിഹാരങ്ങളും

പഞ്ചായത്തിലെ വ്യവസായങ്ങളിൽ പ്രമുഖ സ്ഥാമുള്ള കയർ മേഖല പ്രശ്നങ്ങളിലാണ്.

അസംസ്കൃത വസ്തുവായ ചകിരിയുടെ വില കൂടുതൽ ചകിരി ചീച്ചെടിക്കാനുള്ള സ്ഥലത്തിൻെറ ദൗർലഭ്യം, ചകിരിസംസ്കരണത്തിനുള്ള പ്രാദേശികമായ സൗകര്യത്തിൻെറ അപര്യാപ്തത, ഉല്പന്നം വിദൂരവിപണികളിൽ

വ്യവസായ യൂണിറ്റുകൾ

| ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു | സ്ത്രീ | ആകെ |
| കയർ | 24 | 80 | 150 | 230 |
| ബീഡി | | 150 | 250 | 400 |
| തടിവ്യവസായം | 9 | 81 | - | 81 |
| ആഭരണനിർമ്മാണം | 5 | 10 | - | 10 |
| റെഡിമെയ്ഡ് & ഗാർമെൻറ്സ് | 3 | 8 | 14 | 22 |
| പപ്പടം | 3 | 10 | 2 | 12 |
| കസേരനെയ്ത്ത് | 2 | - | 6 | 6 |
| കൊട്ടനെയ്ത്ത് | 1 | 1 | 4 | 5 |
| പഴസംസ്ക്കരണം | 1 | 3 | - | 3 |
| റൈസ് &ഫ്ലോർമിൽ | 22 | 44 | - | 44 |
| ഓയിൽമിൽ | 5 | 15 | - | 15 |
| പ്രസ്സ് | 3 | 10 | 2 | 12 |
| എഞ്ചിനീയറിംഗ് | 4 | 16 | - | 16 |
| സോഡ | 2 | 4 | - | 4 |
| ഐസ് ഫാക്ടറി | 1 | 5 | - | 5 |
| ഫൈബർ ബോട്ട് നിർമ്മാണം | 1 | 6 | - | 6 |
| ആകെ | 86 | 443 | 428 | 871 |

വ്യവസായ തൊഴിലാളികളെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകൾ

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | | ശതമാനം |
|---|---|---|---|---|---|
| | | പുരു. | സ്ത്രീ | ആകെ | |
| 1 | കയർ | 80 | 150 | 230 | 26.40 |
| 2 | ബീഡി | 150 | 250 | 400 | 45.92 |
| 3 | തടിവ്യവസായം | 81 | - | 81 | 9.29 |
| 4 | റെഡിമെയ്ഡ് &ഗാർമെൻറസ് | 8 | 14 | 22 | 2.52 |
| 5 | റൈസ്& ഓയിൽമിൽ | 59 | - | 59 | 6.77 |
| 6 | മറ്റുളളവ | 65 | 14 | 79 | 9.10 |
| | ആകെ | 443 | 428 | 871 | 100 |

കൊണ്ടുപോയി വില്കേണ്ടഗതികേട് തുടങ്ങിയവ കയറിൻെറ ഉല്പാദനച്ചെലവ് വർദ്ധിപ്പിക്കുന്നു. വിപണിയിൽ ഇടക്കിടെയുണ്ടാകുന്ന മാന്ദ്യം ഈ മേഖലയിലെ തോഴിലാളികളെ പട്ടിയിലാക്കകുകയും ചെയ്യുന്നു.

ചകിരി സമാഹരണത്തിനും വിതരണത്തിനും ഉല്പാദീപിക്കപ്പെടുന്ന സംഭരണത്തിനും വിപണനത്തിനും സഹായതകരമാകും വിധം ഒരു സൊസൈറ്റി രൂപികരിച്ചാൽ മേൽ വിവരിച്ച പ്രശ്നങ്ങൾ പൂർണ്ണമായും പരിഹരിക്കാനാവും ഇത്തരത്തിൽ ഒരു സൊസൈറ്റി മുമ്പ് പ്രവർത്തിച്ചിരുന്നു. രാഷ്ട്രീയാതിപ്രസരവും പ്രവർത്തനത്തിലെ വൈകല്യങ്ങളും പ്രസ്തു ത സൊസൈറ്റിയെ ഇല്ലാതാക്കി.

പഞ്ചായത്തിൻേറ പുറത്തു പ്രർത്തിക്കുന്ന മാതൃയൂണിറ്റിനുവേണ്ടി യുള്ള അടിസ്ഥാനത്തിൽ കുടിൽ വ്യവസായമാണ് ബീഡി നിർമ്മാണം നീങ്ങുന്നത് കുറഞ്ഞ കൂലി നിരക്കാണ് ഈ മേഖലയിലെ പ്രധാന പ്രശം ബീഡി നർമ്മാണം നടക്കുന്ന വീടുകളിലെ മറ്റ് അംഗങ്ങൾ പോലും ഇതു മൂലം ഈ രംഗത്തേക്ക് കടന്നുവരുന്നില്ല.

ആഭ്യന്തര അന്താരാഷ്ട്രവിപണിയിൽ ഇന്ത്യൻ തുണിത്തരങ്ങളുടെ വർദ്ധിച്ച ഡിമാൻെറ് റെഡിമെയ്ഡ് ഗാർമെൻെറ് തുടങ്ങിയ വ്യവസായങ്ങൾക്ക് അത്ഭുതപൂർവ്വമായ സാദ്ധ്യതകൾ നല്കിയിട്ടുണ്ട്. പഞ്ചായത്തിൻേറ വിവിധഭാഗങ്ങളിലായി മൂന്ന് റെഡിമെയ്ഡ് നിർമ്മാണ ശാലകൾ പ്രവർത്തിക്കുന്നുണ്ട് ഇവയിൽ ഒരുയൂണിറ്റിൻെറ ഉല്പാദന വിഭാഗം അടുത്ത കാലത്തായി തൊഴിലാളികളുടെ അപര്യാപ്തത മൂലം പഞ്ചായത്തിനു പുറത്തേക്കു കൊണ്ടുപോകേണ്ടിവന്നു. തൊഴിറിയാവുന്നവരുടെ ദൗർലഭ്യത്തേക്കാൾ തൊഴിലെടുക്കാനുള്ള വൈമുഖ്യമാണ് ഈദു..സ്ഥിതിക്ക്കാരണമായി ചൂണ്ടിക്കണിക്കപ്പെടുന്നത്.

സർക്കാരിൽനിന്നും ധനസഹായമായി ആവശ്യപ്പെടുന്ന മൂലധനം സംരംഭകരുടെ കൈകളിലെത്തിക്കാനുള്ള കാലതാമസം , വ്യവസായം തുടങ്ങാനാവശ്യമായ രേഖകൾ ബന്ധപെട്ട ഡിപ്പാർമെൻെറുകളിൽ നിന്നും ശരിയായിക്കിട്ടാനുള്ള കാലതാമസം എന്നിവയുടെ പരിഹരിക്കപ്പെടേണ്ടതാണ്.

412

## സാദ്ധ്യതകൾ

തേങ്ങയാണ് പഞ്ചായത്തിലെ മുഖ്യ കാഷിക വിഭവം പഞ്ചായത്തിൽ പക്ഷെ , തേങ്ങ ,വ്യവസായി കമായ തോതിൽ പ്രയോജനപെടുന്നില്ല. ചെറിയതോതിൽ നടക്കുന്ന കൊപ്രയുല്പാദനവും വെളിച്ചെണ്ണ ഉല്പാദനവും ആണ് ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന വ്യവസായം . വെളിച്ചണ്ണക്കുപുറമെ വാസനതൈത ലങ്ങളുടെ ഉല്പാദനം, ഗാർഹികാവശ്യത്തിനായി ടിന്നിലും പാക്കറ്റുകളിലും തയ്യാർ ചെയ്ത തേങ്ങയുടെ വിപണനം തേങ്ങാവെള്ളം കൊണ്ടുള്ള ശീതളപാനിയങ്ങൾ, ചിരട്ട ഉപയോഗിച്ചുള്ള കരകൗശലവസതു ക്കൾ നിർമ്മിക്കുക തുടങ്ങിയവ ഈ കാഷിക വിഭവവുമായി ബന്ധപെട്ട വിജയസാധ്യതയുള്ള വ്യവസാ യങ്ങളാണ്.

കേവലം കയറുല്പാദനത്തിലൊതുങ്ങിയാണ് കയർ വ്യവസായം മുന്നോട്ടു നീങ്ങുന്നത് കയർ ഉപ യോഗിച്ചുകൊണ്ടുള്ള ചവിട്ടി , പരവതാനി തുടങ്ങിവയുടെ നിർമ്മാണത്തിലൂടെ ഈ വ്യവസായത്തെ വൈവിധ്യവൽക്കരിക്കാൻകൂടുതൽ ആളുകൾക്ക് ഈ മേഖലയിൽ തൊഴിൽ നൽകാനും ഈ വ്യവസാ യം ആരോഗ്യകരമായി നിലനിൽക്കാനും സഹായകമാകും.

കാർഷിക ഗ്രാമമായ പഞ്ചായത്തിലെനിവാസികളിൽ ഭൂരിഭാഗവും കന്നുവളർത്തലിലും കോഴിവ ളർത്തലിലും തല്പരരാണ്. അത്യുല്പാദനശേഷിയുള്ള പശുക്കളെ വാങ്ങാൻ ധനസഹായം നൽകുകയും ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിച്ച് ഗ്രാമവാസികളിൽ നിന്നും പാൽ ശേഖരിച്ച് വിപണ നം നടത്താനാവുകയും ചെയ്താൽ ജനങ്ങളുടെ അഭിരുചി വ്യവസായികമായ തോതിൽ ഉപയോഗപ്പെടു ത്താനാവും മുട്ടകോഴികളെയും ഇറച്ചികോഴികളെയും വളർത്തുന്ന പദ്ധതികൾക്കും പഞ്ചായത്തിൽ വിജയ സാദ്ധ്യതയുണ്ട്.

മത്സ്യ ബന്ധനമാണ് പഞ്ചായത്തിലെ വലിയൊരു ശതമാനം ജനങ്ങളുടെ തൊഴിൽ മത്സ്യ സംഭര ണത്തിനും സംസകരണത്തിനും വേണ്ട സൗകര്യങ്ങളുടെ അഭാവം മൂലം പിടിക്കപ്പെടുന്ന മത്സ്യം ഉട നെ വിറ്റഴിക്കപ്പെടേണ്ടിവരുന്നു.

ഫർണീച്ചറുകൾ ഗൃഹോപകരണങ്ങൾ കൗതുകവസ്തുക്കൾ അലങ്കാരപ്പണികളോടുകൂടിയ ഉരുപ്പടി കൾ തുടങ്ങിയവ നിർമ്മിക്കുന്ന ഒരു കാർപൻെററി വ്യവസായം തുടങ്ങയാൽ കൂടുതൽ മെച്ചപ്പെടുത്താ നാവും.

നൂൽ നിർമ്മാണം . നെയ്ത് കൈത്തറി, തുടങ്ങിയ സ്ത്രീകൾക്ക് തൊഴിൽ സാദ്ധ്യത.ഉള്ള യൂനിറ്റുക ളൊന്നം തന്നെ പഞ്ചായത്തിലില്ല. ഖാദി ഗ്രാമവ്യവസായ ബോർഡിൻെറ കീഴിലുള്ള നെയ്തു കേന്ദ്രങ്ങ ൾ പോലുള്ള വയുടെ യൂണുറ്റുകൾ പഞ്ചായത്തിൽ ആരംഭിക്കുക.

### നിർദ്ദേശങ്ങൾ

| | |
|---|---|
| 1 | ചകിരിയുടെ സമാഹരണത്തിനു വിതരണത്തിനും കയറിൻേറ സംഭരണത്തിനും വിപണന ത്തുനും വേണ്ടി ഒരു സൊസൈറ്റി രൂപൂകരിക്കുക. |
| 2 | ചവിട്ടി പരവതാനി തുടങ്ങയവയുടെ നിർമ്മാണത്തലൂടെഎ കയർ വ്യവസായം വൈവിധ്യവ ൽക്കരിക്കുക. |
| 3 | ഇതിനു വേണ്ട ഫാക്ടറികളും തൊഴിൽപരിശീലനകേന്ദ്രങ്ങളും ആരംഭിക്കുക. |
| 4 | കാഷിക വിഭവമായ തേങ്ങ വ്യവസായികമായി പ്രയോജനപ്പെടുത്തുക. |

| | |
|---|---|
| 5 | മത്സ്യസംസകരണത്തിനും സംഭരണത്തിനും വേണ്ട സൗകര്യങ്ങൾ സൃഷ്ടിക്കുക. |
| 6 | നൈലോൺ വല നിർമ്മാണ യൂണിറ്റ് ആരംഭിക്കുക. |
| 7 | അത്യുല്പാദന ശേഷിയുള്ള കാലികളെ വാങ്ങാൻ ധനസഹായം നൽകുക. |
| 8 | ക്ഷീര വ്യവസായ സഹ.സംഘങ്ങൾ ആരംഭിക്കുക. |
| 9 | ഇറച്ചികോഴികളെയും മുട്ടകോഴികളെയും വ്യാവസായികമായി വളർത്തുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുക. |
| 10 | കാർപൻററി വ്യവസായങ്ങൾ ആരംഭിക്കുക. |
| 11 | മെച്ചപെട്ട വിലയും വിപണിയും കണ്ടെത്താൻ ചെമ്മീൻ അരിച്ചെടുക്കുന്ന സ്ത്രീകളെ സഹായിക്കുക. |
| 12 | നെയ്ത്ത് കൈത്തറി തുടങ്ങിയ വനിത വ്യവസായ യൂണിറ്റുകൾ തുടങ്ങുക. |
| 13 | തയ്യൽ പരിശീലന കേന്ദ്രങ്ങളും റെഡിമേഡ് നിർമ്മാണയൂണിറ്റുകളും ആരംഭിക്കാൻ തയ്യാറുള്ള വനിതാ ഗ്രൂപുകളെ സഹായിക്കുക. |
| 14 | പപ്പടവ്യവസായത്തിൻെറ പുനരുജ്ജീവനത്തിന് വേണ്ട നടപടികളെടുക്കുക. |
| 15 | ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി ബീഡിതൊഴിലാളി ക്ഷേമ സഹകരണസംഘം സ്ഥാപിക്കുക. |
| 16 | ബീഡി തൊഴിലാളികളുടെ ക്ഷേമത്തിനായി ബീഡിതൊഴിലാളി ക്ഷേമ സഹകരണസംഘം സ്ഥാപിക്കുക. |
| 17 | പാഴായി പോകുന്ന ചകിരിച്ചോറിൽ നിന്ന് രാസവളം നിർമ്മിക്കുന്നതിന് വേണ്ട പ്ലാൻറ് സ്ഥാപിക്കുക. |

ചതുപ്പുപ്രദേശങ്ങൾ വ്യാവസായികമായ ഞണ്ടു കൃഷിക്കും ചെമ്മീൻ കൃഷിക്കും ഉപയോഗപ്പെടുത്തുക.

## ആധുനിക വ്യവസായങ്ങൾ

ഏതാനും ഓയിൽ റൈസ് മില്ലുകൾ വിരലിലെണ്ണാവുന്ന ജനറൽ എഞ്ചിനീയറിങ്ങ്സ്ഥാപനങ്ങൾ എന്നിവ മാത്രമാണ് ഈ തുറയിലെ പഞ്ചായത്തിൻെറ നേട്ടങ്ങൾ. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ആധുനികവ്യവസായരംഗത്ത് പഞ്ചായത്തിൻെറ സ്ഥാനം ഏറെ പുറകിലാണ്. ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽസ് തുടങ്ങിയ വിഭാഗത്തിൽ പെട്ട ആധുനിക ഉപകരണങ്ങളുടെ നിർമ്മാണവുമായി ബന്ധപെട്ട യൂണിറ്റുകളൊന്നും തന്നെ പഞ്ചയാത്തിലില്ല.

ആധുനിക ഉപകരണങ്ങളുടെ വർദ്ധിച്ച ഉപഭോഗവും വിദേശ കമ്പനികളുടെ ഇന്ത്യയിലേക്കുള്ള വരവും ഈ രംഗത്ത് ഏറെ സാധ്യതകൾ നൽകുന്നുണ്ട്. ഈ രംഗത്ത് വിജയിക്കുന്നതിന് മൂലധനത്തോളം തന്നെ പ്രധാനമാണ് സാങ്കേതിക പരിജ്ഞാനം. തൊഴിൽ വൈദഗ്ധ്യവും ഈ രണ്ട് മേഖലകളിലെയും പിന്നോക്കാവസ്ഥയാവാം. ആധുനികവ്യവസായങ്ങളുടെ കാര്യത്തിൽ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥക്ക് കാരണം.

14

വ്യാവസായികവളർച്ചയാണ് ഏതൊരുദേശത്തിൻെറയും സാമ്പത്തികവളർച്ചയുടെ സൂചികയെങ്കിൽ നാമിനിയും ഏറെ മുന്നോട്ട് പോകേണ്ടിയിരിക്കുന്നു. ജനപങ്കാളിത്തത്തോടെ പഞ്ചായത്തിൽ സാധ്യതയുള്ള വ്യാവസായികപ്രവർത്തനങ്ങളെ കുറിച്ചു ചർച്ചചെയ്യുക. വ്യവസായ സംരംഭ പരിശീലനങ്ങൾ സംഘടിപ്പിക്കുക. വിജയികളായ സംരംഭകേന്ദ്രങ്ങളുമായി അനുഭവങ്ങൾ പങ്കിടുക. വിദഗ്ദരായ തൊഴിലാളികളെ സൃഷ്ടിക്കാൻ പരിശീലനകേന്ദ്രങ്ങൾ സ്ഥാപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഒരു വ്യവസായിക ബോധം വ്യവസായിക സംസ്കാരം നാട്ടിൽ നാം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ ആധുനിക വ്യവസായങ്ങൾക്ക് നാട്ടിൽ വേരോടാനും നിലനില്ക്കാനും കഴിയൂ.

## സാധ്യതകൾ

1. പഞ്ചായത്തിൽ പൊതുമേഖലാടിസ്ഥാനത്തിൽ മത്സ്യസംസ്കരണ യൂണിററ് നടത്തുക.

2. വ്യവസായങ്ങളില്ലാത്തതിന് പ്രധാനകാരണം സംരംഭങ്ങൾക്ക് ആവശ്യമായ ഗൈഡ്ലൈൻസ് നൽകാനുള്ള സംവിധാനമില്ലായ്മയുമാണ്.

3. വ്യവസായ സ്ഥാപനങ്ങൾ ആരംഭിക്കാൻ പ്രധാനതടസ്സം സ്ഥലത്തിൻെറ അമിതമായ വിലയും ഇലക്ട്രിസിറ്റിയുടെ അപര്യാപ്തതയുമാണ്.

4. വ്യവസായ സഹകരണസംഘങ്ങൾ ഉണ്ടാക്കി ആധുനിക മാനേജ്മെൻറ് തന്ത്രങ്ങൾ ഉപയോഗിച്ച് നടത്തിപ്പ് വിജയകരമാക്കാം.

5. ബാങ്കുകളിൽ നിന്ന് ആവശ്യമായ വായ്പകൾ ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.

6. വ്യവസായ വികസനത്തിൻെറ ഭാഗമായി സെറിഫേസ് മുഖേന നടപ്പാക്കുന്ന പരിപാടികൾ - മൾബറികൃഷിയും, പട്ടുനൂൽ ഉല്പാദനവും തുടങ്ങിയവ പഞ്ചായത്തിൽ നടപാക്കാൻ സംവിധാനമുണ്ടാക്കണം.

416

# വെളിയങ്കോട് പഞ്ചായത്തിലെ വിദ്യാഭ്യാസ വികസന റിപ്പോർട്ട്

സ്വാതന്ത്ര്യ സമ്പാദനത്തിനു മുമ്പ് മലബാർ, മദിരാശി സംസ്ഥാനത്തിൻെറ ഭാഗമായിരുന്നു. അന്ന് മലബാർ ജില്ലാ ബോർഡിൻെറ കീഴിലായിരുന്നു വെളിയങ്കോട് പഞ്ചായത്ത്. സ്വാതന്ത്ര്യത്തിനുമുമ്പ് തന്നെ ഇവിടെ നാല് വിദ്യാലയങ്ങൾ പ്രവൃത്തിച്ചിരുന്നു. വെളിയംകോട് ബോർഡ് ഹയർ എലിമെൻററി സ്കൂൾ, ലോവർ എലിമെൻററി സ്കൂൾ, വെളിയം കോട് വെസ്റ്റ് എന്നിവ മലബാർ ജില്ലാ ബോർഡിൻെറ കീഴിലും വെളിയംകോട് ലോവർ എലിമെൻററി സ്കൂൾ കടപ്പുറത്ത് ഫിഷറീസ് വകുപ്പിൻ കീഴിലും എരമംഗലം പുഴക്കര പ്രദേശത്ത് സ്വകാര്യ മേഖലയിൽ ഒരു ലോവർ എലിമെൻററി സ്കൂളും ആയിരുന്നു അവ. വെളിയംകോട് ബോർഡ് ഹയർ എലിമെൻററി സ്കൂൾ (8-ാം തരം ഉൾപ്പെടെയുള്ളത്) പിന്നീട് വെളിയംകോട് ഗവ. ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇന്ന് വെളിയങ്കോട് സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്ന സ്ഥാപനം പാലക്കാട് ജില്ലയിൽ അന്ന് കാലത്ത് 'ഉപരിപഠന'ത്തിന് ആശ്രയിത്തപ്പെട്ടിരുന്ന ഏക വിദ്യാലയം ആയിരുന്നു. 8-ാം തരം വരെയുണ്ടായിരുന്ന ഈ സ്കൂളായിരുനു മാറഞ്ചേരി, പുന്നയൂർക്കുളം തുടങ്ങി സമീപ പ്രദേശങ്ങളിലെ വിദ്യാർത്ഥികളുടെ ഉപരിപഠനത്തിനുള്ള ഏക ആശ്രയം. വെളിയംകോട് വെസ്റ്റ് സ്കൂൾ ഇന്നത്തെ വെളിയംകോട് ജി.എം.എൽ.പി. സ്കുളിനോട് കൂട്ടിച്ചേർത്തു. മറ്റു രണ്ടു സ്കൂളുകളും അതേപടി തുടർന്നുപോരുന്നു. ഹയർ എലിമെൻററി സ്കൂൾ അന്ന് 8-ാം തരം ഉൾക്കൊള്ളുന്നതായിരുന്നു. 8-ാം തരം പരീക്ഷ പൊതു പരീക്ഷയായിരുന്നു. അതാകട്ടെ ഇംഗ്ലീഷ് ഉൾപ്പെടുന്നതും ഉൾപ്പെടാത്തതുമായി രണ്ടുതരത്തിൽ നടത്തപ്പെട്ടിരുന്നു. ഇംഗ്ലീഷ് ഉൾപ്പെടെ 8-ാം തരം പാസ്സാകുന്നവർക്കു അന്നത്തെ സ്കൂളിൽ IV ഫോറത്തിൽ പ്രവേശനത്തിനർഹതയുണ്ടായിരുന്നു. ഇംഗ്ലീഷ് എടുക്കാതെ 8-ാംതരം പാസ്സാകുന്നവരെ III ഫോറത്തിലേ പ്രവേശനത്തിനർഹതയുണ്ടായിരുന്നുള്ളു. ലോവർ എലിമെൻററി സ്കൂൾ 5-ാം തരം കൂടിയുള്ളവയായിരുന്നു. സംസ്ഥാന രൂപീകരണത്തിനുശേഷമാണ് ഹയർ എലിമെൻററിയിൽ നിന്നും 9-ാംതരം മാറ്റി അപ്പർ പ്രൈമറി സ്കൂളും ലോവർ എലിമെൻററിയിൽ നിന്നും 5-ാം തരം മാറ്റി ലോവർ പ്രൈമറി ആക്കി മാറ്റിയത്.

## ഈ പഞ്ചായത്തിൽ പ്രവൃത്തിച്ചുവരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ

ഒരു ഹൈസ്കൂൾ, 2 യു.പി.സ്കൂൾ, 7 എൽ.പി. സ്കൂൾ എന്നിവയടക്കം 10 ഔപചാരിക വിദ്യാലയ സ്ഥാപനങ്ങൾ എന്നിവയടക്കം 1 മലയാളം എൽ.പി. സ്കൂൾ 3 ഇംഗ്ലീഷ് പ്രീ. പ്രൈമറി സ്കൂൾ എന്നിവ അംഗീകാരമില്ലാത്തതും ഇപ്പോൾ പഞ്ചായതതിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ 2 തയ്യൽ പരിശീലന കേന്ദ്രങ്ങൾ, 2 ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ, 1 കംപ്യൂട്ടർ സെൻറർ എന്നിവയും പ്രവർത്തിച്ചുവരുന്നു. ട്യൂഷൻ സെൻറർ ഒന്നുമാത്രമേയുള്ളു. സാമൂഹ്യ ക്ഷേമ വകുപ്പിനു കീഴിൽ 26 അംഗനവാടികൾ പ്രവർത്തിക്കുന്നു.

അംഗീകൃത സ്കൂളുകളിൽ 96-97 വർഷത്തിൽ 3088 ആൺകുട്ടികളും 2900 പെൺകുട്ടികളും കൂടി ആകെ 5988 കുട്ടികൾ പഠിച്ചുവരുന്നു. അംഗീകരിക്കാത്ത പ്രൈവറ്റ് മേഖലയിൽ ഇംഗ്ലീഷ്, മലയാളം മാദ്ധ്യമമായി പഠിക്കുന്ന പ്രീപ്രൈമറി വിദ്യാർത്ഥികൾ ഈ വർഷത്തിൽ 342ഉം പ്രൈമറി ക്ലാസുകളിൽ 453ഉം ആകെ 793 ഉം ആണ്.

അംഗീകൃത സ്കൂളുകളിൽ അദ്ധ്യാപകരുടെ എണ്ണം 57 പുരുഷൻമാരും 123 സ്ത്രീകളുമാണ് ആകെ 180 അദ്ധ്യാപകരുണ്ട്. അംഗീകാരമില്ലാത്ത സ്വകാര്യമേഖലയിലെല്ലാം കൂടി 30 പേർ ജോലിനോക്കുന്നുണ്ട്. അദ്ധ്യാപന രംഗത്തേക്കുള്ള സ്ത്രീകളുടെ വർദ്ധനവ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 50% മടങ്ങു അധികമായിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. അദ്ധ്യാപികമാരുടെ എണ്ണത്തിലുള്ള വർദ്ധനവ് അദ്ധ്യനരംഗത്ത് എടുത്തുപറയത്തക്ക ചില പ്രശ്നങ്ങൾ ഉയർത്തി വിടുന്നുണ്ട്. ഇത് പാഠ്യേതര പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. സർക്കാർ വിദ്യാലയങ്ങളിലാണ് ഇത് കൃത്യമായി പഠനത്തെ ബാധിക്കുന്നത്. പ്രസവാവധിയിൽ വരുന്ന ഒഴിവുഖൾ സാധാരണ ഗതിയിൽ സർക്കാർ സ്കൂളുകളിൽ നികത്താറില്ല. ഇത്തരം ശൂന്യത വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നു. സ്കൂൾ സമയത്തിനു ശേഷമുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് പൊതുവിൽ അദ്ധ്യാപികമാരുടെ സേവനം ലഭ്യമല്ല.

ജനസംഖ്യാ വർദ്ധന നിരക്കനുസരിച്ച് സ്ത്രീകളുടെ അനുപാതം പുരുഷന്മാരെക്കാൾ അധികമാണ്. എന്നാൽ സ്കൂളുകളിലെ വിദ്യാർത്ഥികനികളുടെ എണ്ണത്തിൻെറ കാര്യത്തിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. 3088 ആൺകുട്ടികൾ ഇപ്പോൾ 2900 പെൺകുട്ടികളെ സ്കൂളിൽ എത്തുന്നുള്ളു. കടലോര പ്രദേശമായ ഈ പഞ്ചായത്തിൽ മുസ്ലീം പെൺകുട്ടികൾ മുഴുവനും ഹൈസ്കൂളിൽ എത്തുന്നില്ല. എന്നാണീ കണക്കുകൾ കാണിക്കുന്നത്. മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കണത്തിൻെറ അനിവാര്യത ഇത് സ്പഷ്ടമാക്കുന്നു.

## ശിശു വിദ്യാലയങ്ങൾ.

സർക്കാർ ഉടമസ്ഥതയിലോ മറ്റ് അംഗീകൃത രീതിയിലോ ശിശു വിദ്യാലയങ്ങൾ നടക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ 26 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. വർക്കർമാരായും ഹെൽപ്പർമാരായും 52 പേർ ജോലിക്കുണ്ട്. അംഗന വാടികൾക്കൊന്നിനും തന്നെ സ്വന്തമായ സ്ഥലമോ കെട്ടിടങ്ങളോ കളിക്കോപ്പുകളോ ഇല്ല. അംഗനവാടികൾക്ക് സ്ഥിരമായി സ്ഥലമോ കെട്ടിടങ്ങളുണ്ടാക്കണം. കൂടുതൽ സർവ്വെ നടത്തി ആവശ്യമുള്ളിടങ്ങളിൽ പുതിയവ ആരംഭിക്കണം. കുട്ടികൾക്ക് കളിക്കാൻ പുറമെ പാർക്കുകല കണ്ടെത്തണം. വർക്കർമാർക്കും സഹായികൾക്കും വേണ്ടവിധം പരിശീലനം നൽകി തൊഴിൽപരമായി അവരെ കാര്യപ്രാപ്തിയുള്ളവരാക്കേണ്ടതാണ്. മതിയായ വേതനവും നൽകണം.

## അനൗപചാരിക വിദ്യാഭ്യാസം

ഈ മണ്ഡലത്തിൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുക ഗ്രന്ഥശാലകൾ, വാനയശാലകൾസ ക്ലബ്ബുകൾ, കലാസമിതികൾ, മറ്റു സാസ്കാരിക സംഘടനകൾ എന്നിവക്കാണ്. പ്രാഥമിക വിദ്യാലയത്തിൽ പ്രവേശിക്കപ്പെടുന്ന കുട്ടികളിൽ ഏറെക്കുറെ 50% കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. ഇവരിൽ പകുതിയോളം പേർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. ഡ്രോപ്പ് ഔട്സ് എന്ന ഓമനപ്പേരിൽ ഇവർ അറിയപ്പെടുന്നു. വിദ്യാഭ്യാസ ചെലവിൻെറ ഒരു നല്ല പങ്ക് ഇങ്ങനെ ദുർവ്യയം ചെയ്യുന്നു. ഇങ്ങനെ കൊഴിഞ്ഞു പോകുന്നവർ 100% വും പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ്. നമ്മുടെ വിദ്യാലയങ്ങളുടെ അപര്യാരപ്തതകൾ നേരിട്ടു ബാധിക്കുന്നത് ഇവരെയാണ്. കുട്ടികൾക്ക് രക്ഷിതാക്കളിൽ നിന്ന് വിദ്യാഭ്യാസപരമായി ഒരു സഹായവും പ്രതിക്ഷിക്കാനില്ല. അക്ഷര വിദ്യ പഠിക്കാൻ അവസരം ലഭിച്ചവരല്ലല്ലോ അവർ

ഇങ്ങനെ കൊഴിഞ്ഞു പോകുന്നവരെ അവരാർജ്ജിച്ച എഴുത്തും വായനയും മറന്നുപോകാതെ നിലനിർത്താൻ നമ്മുടെ ഗ്രന്ഥശാലകൾക്ക് കഴിയും. ലളിതമായ ഭാഷയിൽ രചിക്കപ്പെട്ട പത്രമാസികകൾ പുസ്തകങ്ങൾ, ചർച്ചകൾ, എന്നിവ സംഘടിപ്പിച്ചും വിദ്യാഭ്യാസത്തിൻെറ മുഖ്യധാരയിൽ നിന്നും മാറിപ്പോകാതെ നിലനിർത്തേണ്ട ചുമതല പ്രാദേശിക ഭരണകൂടങ്ങളും ഗ്രാമീണ വായനശാലകളും ഗ്രന്ഥശാലകളും ഏറ്റെടുക്കണം. ഗ്രന്ഥശാല പ്രസ്ഥാനത്തിൻെറ മുഖ്യ ഘടകം തൊഴിലാളികൾ ഇടത്തരക്കാർ എന്നിവരാണ്. വ്യാപാരക്കണ്ണുവെച്ച് സാസ്കാരിക മേഖലയിലേക്ക് നുഴഞ്ഞു കയറുന്ന പ്രസ്ഥാനങ്ങളേയും പ്രതിഭാസങ്ങളേയും

ചെറുത്തു നില്ക്കാൻ ഇതിനെക്കാൾ നല്ല പ്രസ്ഥാനം വേറെയില്ല. പുസ്തകം, മാസിക, സിനിമ എന്നിവയിലെ അനാശാസ്യതക്കെതിരെ പ്രതികരിക്കാ ഗ്രന്ഥശാലകൾക്കും സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും കഴിയണം.

സാക്ഷരതാ പ്രസ്ഥാനം പുനരുജ്ജീവിപ്പിക്കേണ്ട കടമ മേൽപറഞ്ഞ പ്രസ്ഥാനങ്ങൾക്കുണ്ട്. വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കും ഈ രംഗത്ത് വഴിയൊരുക്കേണ്ടിയിരിക്കുന്നു.

വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിൽ 1957 ലെ വിദ്യാഭ്യാസ ബിൽ കേരളത്തിൽ വമ്പിച്ച സ്വാധീനം ചെലുത്തി. മുമ്പ് കടന്ന് ചെന്നിട്ടില്ലാത്ത മേഖലകളിൽ വിദ്യാഭ്യാസം എത്തി. വിദ്യാലയങ്ങൾ വർദ്ധിച്ചു. എന്നാൽ സ്വാതന്ത്ര്യ പൂർവ്വ കാലത്തെ വിദ്യാഭ്യാസ രീതിക്കും സ്വാതന്ത്ര്യാനന്തര വിദ്യാഭ്യാസ രീതിക്കും തമ്മിൽ മൗലികമായ അന്തരമില്ല എന്നത് വസ്തുതയാണ്. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെന് അഭിമാന പൂർവ്വം ഉദ്ഘോഷിക്കുമ്പോൾ നമ്മുടെ ക്ലാസ്സ് മുറികളിൽ നിരക്ഷരത നിലനില്ക്കുന്നുവെന്ന് നാം കാണുന്നു. വിദ്യാഭ്യാസ രംഗവുമായി ബന്ധപ്പെട്ട് എല്ലാവരും അസംതൃപ്തരാണ് എന്നതും ശ്രദ്ധേയമാണ്. നാം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കാം. വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട പട്ടികകൾ ഇതൊടൊപ്പം ചേർക്കുന്നു.

## പ്രശ്നങ്ങൾ

1 നമ്മുടെ വിദ്യാലയങ്ങലിൽ പഠിക്കുന്ന കുട്ടികൾക്കിടയിൽ നിരക്ഷരതയുണ്ട്. അതായ് ക്ലാസ് മുറികളിലേക്കു വേണ്ട പഠന നിലവാരം 50% കുട്ടികൾക്കും ഇല്ല.

2 വെളിയംകോട് ഹൈസ്കൂളിലെ വിജയശതമാനം ക്രമാനുഗതമായി കുറഞ്ഞുവരുന്നു.

3 പല സ്കൂളുകളുടേയും ഭൗതിക സാഹചര്യങ്ങൾ ഒട്ടും തൃപ്തികരമല്ല

4 അംഗീകൃത വിദ്യാലയങ്ങളിലെ പ്രവേശനം കഴിഞ്ഞ വർഷമായി കുറഞ്ഞുവരുന്നു. തന്മൂലമുള്ള ഡിവിഷൻ കുറവ് അദ്ധ്യാപകരുടെ ജോലിസ്ഥിരതക്ക് ഭീഷണിയാവുന്നു.

5 അംഗനവാടികൾ ഒട്ടും തൃപ്തികരമായല്ല പ്രവർത്തിക്കുന്നത്. അവക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയുന്നില്ല. 26 അംഗനവാടികൾക്കും സ്വന്തമായി സ്ഥലവും കെട്ടിടങ്ങളുമില്ല

6 തീരപ്രദേശത്തെ നിവാസികൾക്കിടയിൽ വിദ്യാഭ്യാസത്തിൻെറ സന്ദേശം വേണ്ടത്ര എത്തിയിട്ടില്ല. അതിനാൽ പെൺകുട്ടികളെയെന്നല്ല ആൺകുട്ടികളെ പോലു സ്കൂളിലയക്കാൻ രക്ഷിതാക്കൾ താല്പര്യം കാണിക്കുന്നില്ല.

7 സ്കൂളുകളിൽ കലാ കായിക പരിശീലനത്തിനു വേണ്ടത്ര സൗകര്യങ്ങളില്ല

8 പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളില്ല. അതിനാൽ അതെപ്പറ്റി ജനങ്ങൾക്ക് അവബോധമില്ല.

9 DPEP പരിപാടി നടപ്പിലാക്കിയ സ്കുളുകളിൽ ഇനിയും പാഠപുസ്തകങ്ങൾ എത്തിക്കാൻ കഴിഞ്ഞിട്ടില്ല.

10 സർക്കാർ സ്കൂളിൽ വേണ്ട സമയത്ത് അദ്ധ്യാപകരെ നിയമിക്കുന്നില്ല

11 താമസസ്ഥലത്ത് സൗകര്യമില്ലാത്തതിനാൽ 75% അദ്ധ്യാപകരും വിദൂര സ്ഥലങ്ങളിൽ നിന്നും സ്കൂളിലേക്കു വരുന്നതിനാൽ പാഠ്യേതര പ്രവർത്തനങ്ങളിൽ മാത്രമല്ല പഠന ക്രിയ പോലും പ്രതീക്ഷിക്കുന്ന നിലവാരത്തിലെത്തുന്നില്ല.

12 മതപാഠ ക്ലാസ്സുകളുടെ സമയക്രമം പൊതു വിദ്യാഭ്യാസ പ്രവർത്തനത്തെ ബാധിക്കുന്നു. വളരെ സജീവമായി പരിഗണിക്കപ്പെടേണ്ട ചില പ്രശ്നങ്ങൾ മാത്രമേ ഇവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളു., ഇനിയും വളരെയധികം പ്രശ്നങ്ങൾ ബാക്കി കിടക്കുന്നുണ്ട്.

## സാധ്യതകൾ

1 DPEP പരിപാടി എല്ലാ പ്രൈമറി സ്കൂളുകളിലും നടപ്പാക്കുകയാണെങ്കിൽ അക്ഷര പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ അദ്ധ്യാപകരും വിദ്യാർത്ഥിക്കതും സൗകര്യം ലഭിക്കും. പി.ടി.എ., വെൽഫയർ കമ്മറ്റി, മറ്റു സാമൂഹ്യ സംഘടനകൾ എന്നിവയുടെ ഇടപെടൽകൊണ്ടു കുട്ടികളെ വീഴ്ച കൂടാതെ ക്ലാസുകളിലെത്തിക്കാൻ പ്രചരണം സംഘടിപ്പിക്കാം. സ്കൂളിൽ പൊതു ജനസമ്പർക്ക പരിപാടികൾ മാതൃസംഗമ പരിപാടികൾ എന്നിവ ഏർപ്പെടുത്തുക.

2 ഹൈസ്കളിലെ ഷിഫ്റ്റ് അവസാനിപ്പിക്കാൻ കെട്ടിടങ്ങൾ പണിയുക. ഫർണീച്ചറുകൾ നിർമ്മിക്കുക. അദ്ധ്യാപകരെ ജൂൺ മാസത്തിൽ തന്നെ നിയമിക്കാൻ ഡിപ്പാർട്ടുമെൻറിൽ സമ്മർദ്ദം ചെലുത്തുക. പി.ടി.എ. വെൽഫയർ കമ്മറ്റി, എന്നിവ സജീവമാക്കുക. അടിയന്തിരമായും പഞ്ചായത്തിലെ ഉപാധിരഹിത ഫണ്ടുപയോഗിച്ചു നാട്ടുകാരിൽ നിന്നു പിരിവെടുത്തും മേൽപറഞ്ഞ കാര്യങ്ങൾ ഉടനടി നടപ്പാക്കുക.

3 ചുരുക്കത്തിൽ ജനകീയ പങ്കാളിത്തം ഉണ്ടാക്കുക. വളരെ അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ മുൻഗണനാ ക്രമമനുസരിച്ച് നടപ്പാക്കി അഞ്ചു കൊല്ലത്തിനുള്ളിൽ സമയബന്ധിതമായി ഭൗതിക സാഹചര്യത്തിൽ സൃഷ്ടിക്കുക.

### S.S.L.C. വിജയശതമാനം G.H.S. വെളിയംകോട്

| വർഷം | മൊത്തം വിദ്യാർത്ഥികൾ | വിജയിച്ചവർ | ശതമാനം (%) |
|---|---|---|---|
| 93 - 94 | 210 (ഇരുനൂറ്റി പത്ത് മാത്രം) | 49 SC SC ആൺ - 3 പെൺ - 5=8 | 23% |
| 94 -95 | 250 (ഇരുനൂറ്റി അമ്പത്) | 43 SC SC ആൺ 5 - പെൺ 2=6 | 18ഌ |
| 95 96 | 287 (ഇരുനൂറ്റി എൺപത്തിഏഴ്) ആൺ 146 പെൺ 151 | 48 മഞ്ഞ ആൺ 13 SC പെൺ 13 =26 | 18% |

അംഗീകൃത സ്കൂളുകളിൽ അദ്ധ്യാപകരുടെ എണ്ണം 57 പുരുഷൻമാരും 123 സ്ത്രീകളുമാണ് ആകെ 180 അദ്ധ്യാപകരുണ്ട്. അംഗീകാരമില്ലാത്ത സ്വകാര്യമേഖലയിലെല്ലാം കൂടി 30 പേർ ജോലിനോക്കുന്നുണ്ട്. അദ്ധ്യാപന രംഗത്തേക്കുള്ള സ്ത്രീകളുടെ വർദ്ധനവ് കഴിഞ്ഞ 10 വർഷത്തിനുള്ളിൽ 50% മടങ്ങു അധികമായിട്ടുണ്ടെന്ന് കണക്കുകൾ കാണിക്കുന്നു. അദ്ധ്യാപികമാരുടെ എണ്ണത്തിലുള്ള വർദ്ധനവ് അദ്ധ്യനരംഗത്ത് എടുത്തുപറയത്തക്ക ചില പ്രശ്നങ്ങൾ ഉയർത്തി വിടുന്നുണ്ട്. ഇത് പാഠ്യേതര പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. സർക്കാർ വിദ്യാലയങ്ങളിലാണ് ഇത് കൃത്യമായി പഠനത്തെ ബാധിക്കുന്നത്. പ്രസവാവധിയിൽ വരുന്ന ഒഴിവുഖൾ സാധാരണ ഗതിയിൽ സർക്കാർ സ്കൂളുകളിൽ നികത്താറില്ല. ഇത്തരം ശുന്യത വിദ്യാർത്ഥികളുടെ പഠനത്തെ ബാധിക്കുന്നു. സ്കൂൾ സമയത്തിനു ശേഷമുള്ള ഏതെങ്കിലും പ്രവർത്തനങ്ങൾക്ക് പൊതുവിൽ അദ്ധ്യാപികമാരുടെ സേവനം ലഭ്യമല്ല.

ജനസംഖ്യാ വർദ്ധന നിരക്കനുസരിച്ച് സ്ത്രീകളുടെ അനുപാതം പുരുഷന്മാരെക്കാൾ അധികമാണ്. എന്നാൽ സ്കുളുകളിലെ വിദ്യാർത്ഥികനികളുടെ എണ്ണത്തിൻെറ കാര്യത്തിൽ ഈ അനുപാതം പാലിച്ചു കാണുന്നില്ല. 3088 ആൺകുട്ടികൾ ഇപ്പോൾ 2900 പെൺകുട്ടികളെ സ്കൂളിൽ എത്തുന്നുള്ളു. കടലോര പ്രദേശമായ ഈ പഞ്ചായത്തിൽ മുസ്ലീം പെൺകുട്ടികൾ മുഴുവനും ഹൈസ്കൂളിൽ എത്തുന്നില്ല. എന്നാണീ കണക്കുകൾ കാണിക്കുന്നത്. മുസ്ലീം പെൺകുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് ജനങ്ങൾക്കിടയിൽ ബോധവൽക്കണത്തിൻെറ അനിവാര്യത ഇത് സ്പഷ്ടമാക്കുന്നു.

## ശിശു വിദ്യാലയങ്ങൾ.

സർക്കാർ ഉടമസ്ഥതയിലോ മറ്റ് അംഗീകൃത രീതിയിലോ ശിശു വിദ്യാലയങ്ങൾ നടക്കുന്നില്ല. സാമൂഹ്യക്ഷേമ വകുപ്പിൻ കീഴിൽ 26 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. വർക്കർമാരായും ഹെൽപ്പർമാരായും 52 പേർ ജോലിക്കുണ്ട്. അംഗന വാടികൾക്കൊന്നിനും തന്നെ സ്വന്തമായ സ്ഥലമോ കെട്ടിടങ്ങളോ കളിക്കോപ്പുകളോ ഇല്ല. അംഗനവാടികൾക്ക് സ്ഥിരമായി സ്ഥലമോ കെട്ടിടങ്ങളുണ്ടാക്കണം. കൂടുതൽ സർവെ നടത്തി ആവശ്യമുള്ളിടങ്ങളിൽ പുതിയവ ആരംഭിക്കണം. കുട്ടികൾക്ക് കളിക്കാൻ പുറമെ പാർക്കുകല കണ്ടെത്തണം. വർക്കർമാർക്കും സഹായികൾക്കും വേണ്ടവിധം പരിശീലനം നൽകി തൊഴിൽപരമായി അവരെ കാര്യപ്രാപ്തിയുള്ളവരാക്കേണ്ടതാണ്. മതിയായ വേതനവും നൽകണം.

## അനൗപചാരിക വിദ്യാഭ്യാസം

ഈ മണ്ഡലത്തിൽ ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയുക ഗ്രന്ഥശാലകൾ, വാനയശാലകൾസ ക്ലബ്ബുകൾ, കലാസമിതികൾ, മറ്റു സാസ്കാരിക സംഘടനകൾ എന്നിവക്കാണ്. പ്രാഥമിക വിദ്യാലയത്തിൽ പ്രവേശിക്കപ്പെടുന്ന കുട്ടികളിൽ ഏറെക്കുറെ 50% കുട്ടികളും ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. ഇവരിൽ പകുതിയോളം പേർ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കുന്നില്ല. ഡ്രോപ്പ് ഔട്സ് എന്ന ഓമനപ്പേരിൽ ഇവർ അറിയപ്പെടുന്നു. വിദ്യാഭ്യാസ ചെലവിൻെറ ഒരു നല്ല പങ്ക് ഇങ്ങനെ ദുർവ്യയം ചെയ്യുന്നു. ഇങ്ങനെ കൊഴിഞ്ഞു പോകുന്നവർ 100% വും പിന്നോക്ക വിഭാഗത്തിൽപ്പെടുന്ന കുട്ടികളാണ്. നമ്മുടെ വിദ്യാലയങ്ങളുടെ അപര്യാരപ്പതകൾ നേരിട്ടു ബാധിക്കുന്നത് ഇവരെയാണ്. കുട്ടികൾക്ക് രക്ഷിതാക്കളിൽ നിന്ന് വിദ്യാഭ്യാസപരമായി ഒരു സഹായവും പ്രതിക്ഷിക്കാനില്ല. അക്ഷര വിദ്യ പഠിക്കാൻ അവസരം ലഭിച്ചവരല്ലല്ലോ അവർ

ഇങ്ങനെ കൊഴിഞ്ഞു പോകുന്നവരെ അവരാർജ്ജിച്ച എഴുത്തും വായനയും മറന്നുപോകാതെ നിലനിർത്താൻ നമ്മുടെ ഗ്രന്ഥശാലകൾക്ക് കഴിയും. ലളിതമായ ഭാഷയിൽ രചിക്കപ്പെട്ട പത്രമാസികകൾ പുസ്തകങ്ങൾ, ചർച്ചകൾ, എന്നിവ സംഘടിപ്പിച്ചും വിദ്യാഭ്യാസത്തിൻെറ മുഖ്യധാരയിൽ നിന്നും മാറിപ്പോകാതെ നിലനിർത്തേണ്ട ചുമതല പ്രാദേശിക ഭരണകൂടങ്ങളും ഗ്രാമീണ വായനശാലകളും ഗ്രന്ഥശാലകളും ഏറ്റെടുക്കണം. ഗ്രന്ഥശാല പ്രസ്ഥാനത്തിൻെറ മുഖ്യ ഘടകം തൊഴിലാളികൾ ഇടത്തരക്കാർ എന്നിവരാണ്. വ്യാപാരക്കണ്ണുവെച്ച് സാസ്കാരിക മേഖലയിലേക്ക് നുഴഞ്ഞു കയറുന്ന പ്രസ്ഥാനങ്ങളേയും പ്രതിഭാസങ്ങളേയും

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 8. | സി.എം.എം.യു.പി.സ്കൂൾഎരമംഗലം | 21 | 4 | 17 | 21 | 303 | 267 | 570 | - | - | - | - | |
| 9. | ,, എൽ.പി. എരമംഗലം | 10 | 2 | 8 | 10 | 123 | 123 | 246 | - | - | - | - | |
| 10. | എം.എൽ.പി.സ്കൂൾചേന്ദമംഗലം | 9 | ,, | 9 | 9 | 133 | 114 | 247 | ,, | ,, | ,, | - | |
| | | 187 | 57 | 123 | 180 | 3088 | 2900 | 5988 | | | | | |

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ജി.എൽ.പി.സ്കൂൾ വെളിയങ്കോട് സർക്കാർ ന്യൂ | | ഇല്ല | ഇല്ല | | 50 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 2. | ജി.എം.യുപി.സ്കൂൾ വെളിയങ്കോട് സൗത്ത് | | ഉണ്ട് | ഇല്ല | | 149 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. | ജി.എം എൽ.പി.സ്കൂൾ വെളിയങ്കോട് | | ഇല്ല | ഇല്ല | | 54 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 4. | ജി.എഫ്.എൽ.പി.സ്കൂൾ വെളിയങ്കോട് | ല | ഇല്ല | ഇല്ല | | 44 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല (ഉപയോഗക്ഷമമല്ല |
| 5. | ജി.എൽ.പി.സ്കൂൾ വെളിയങ്കോട് | | ഇല്ല | ഇല്ല | | 39 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 6. | ജി.എച്ച് സ്കൂൾ വെളിയങ്കോട് | | ഉണ്ട് | ഉണ്ട് | | 3712 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല് |
| 7. | എ.എൽ.പി.സ്കൂൾ ചേന്ദമംഗലം | | ഇല്ല | ഇല്ല | | 27 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

വിദ്യാർത്ഥികളുടെ പ്രവേശനവും വിടുതലും സംബന്ധിച്ച വിവരം

| SO NO | സ്കൂളിന്റെ പേര് | പ്രവേശനം | | | | | വിടുതൽ | | | | | ആവർത്തന ചെലവുകൾ 95.96 | (വർത്തന പരമല്ലാത്ത ചെലവുകൾ 95.96 ആ കെട്ടിടങ്ങളുടെ അറ്റകുറ്റപണി ഫർണിച്ചർ നിർമ്മാണം) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 91-92 | 92-93 | 93-94 | 94-95 | 95-96 | 91-92 | 92-93 | 93-94 | 94-95 | 95-96 | | |
| 1. | ജി.എം.എൽ. പി. സ്കൂൾ വെളി യങ്കോട് ന്യൂ | 110 | 112 | 76 | 99 | 85 | 139 | 146 | 121 | 123 | 104 | 4,86,036 / | |
| 2. | ജി.എഫ്.എൽ .പി.സ്കൂൾ ,, | 107 | 60 | 68 | 60 | 89 | 106 | 89 | 93 | 65 | 87 | 849812 / | |
| 3. | ജി.എം.യു.പി .സ്കൂൾ ,, സൗത്ത് | 342 | 351 | 308 | 286 | 251 | 92 | 115 | 120 | 220 | 81 | 1453459 / 50 | |
| 4. | ജി.എം. എൽ.പി.സ്കൂൾ ,, | 42 | 39 | 31 | 32 | 56 | | | | | | | |
| 5. | ജി.എം.സ്കൂൾ വെളിയങ്കോട് | 365 | 380 | 422 | 446 | 472 | 52 | 60 | 110 | 142 | 130 | 2470502 | 18545 |
| 6. | ജി.എൽ.പി.സ്കൂൾ,, | 71 | 76 | 49 | 68 | 67 | 80 | 70 | 79 | 56 | 65 | 318370 | 800 |
| 7. | എ.എം.എൽ. പി.സ്കൂൾ എരമംഗലം | 132 | 133 | 140 | 118 | 112 | 137 | 130 | 104 | 109 | 112 | 650527 | 15372 / |
| 8. | സി.എം.എം.യു.പി ,, | 273 | 195 | 212 | 187 | 206 | 292 | 222 | 197 | 236 | 162 | 1856515 | 5000 |
| 9. | സി.എം.എം എൽ.പി. ,, | 64 | 74 | 71 | 65 | 71 | 109 | 78 | 75 | 68 | 78 | 457093 | 2400 |

| | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 10. | എ.എൽ.പി.സ്കൂൾ ചേന്ദമംഗലം | 49 | 51 | 94 | 88 | 66 | 38 | 31 | 58 | 72 | 83 | 336718 | 20000 | 2400 |

### അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിച്ച വിവരങ്ങൾ

| നമ്പ്ര | സ്കൂളിൻെറ പേര് | അനുവദിച്ച തസ്തികകൾ | അദ്ധ്യാപകർ | | | വിദ്യാർത്ഥികൾ | | | കെട്ടിടം | | ഫർണിച്ചർ | | റിമാർക്സ് (വേണ്ടത്ര സ്ഥലം) |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | പുരു | സ്ത്രീ | ആകെ | ആൺ | പെൺ | ആകെ | വേണ്ടത്രയുള്ളവ | വേണ്ടത്രയില്ലാത്തവ | വേണ്ടത്രയുള്ളവ | വേണ്ടത്രയില്ലാത്തവ | |
| 1. | ജി.എം.എൽ.പി. സ്കൂൾ വെളിയങ്കോട് ന്യൂ | 11 | 5 | 6 | 11 | 268 | 373 | 641 | 4 | 7 | ,, | ,, | |
| 2. | ജി.എഫ്.എൽ.പി. വെളിയങ്കോട് | 12 | 5 | 7 | 12 | 189 | 136 | 325 | 11 | - | ,, | - | Private |
| 3. | ജി.എം.യുപി സ്കൂൾ വെളിയങ്കോട് സൗത്ത് | 39 | 11 | 26 | 37 | 713 | 651 | 1364 | 31 | 16 | ,, | ,, | LKG+ UKG= 342 |
| 4. | ജി.എം എൽ പി സ്കൂൾ വെളിയങ്കോട് | 5 | 3 | 3 | 11 | 70 | 52 | 122 | 8 | - | - | - | I to IX class Eng + mala 451 B+G = 793 |
| 5. | ഗവ.ഹൈസ്കൂൾ വെളിയങ്കോട് | 52 | 20 | 31 | 51 | 919 | 823 | 1742 | 5 | 30 | 210 ഡ 220 ബ | 150 ഡ 150 ബ | 3 ഏക്ര 34 സെൻറ് |
| 6. | ജി.എൽ.പി. സ്കൂൾ വെളിയങ്കോട് | 8 | 3 | 5 | 8 | 3 | 116 | 216 | 5 | - | 42ബ6 ഡ | 20ബ 10 ഡ | |
| 7. | എം എൽ.പി സ്കൂൾ എരമംഗലം | 17 | 5 | 12 | 17 | 270 | 245 | 515 | 5 | - | 80ബ15ഡ | 20ബ15ഡ | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 9. | ,, എൽ.പി. എരമംഗലം | 10 | 2 | 8 | 10 | 123 | 123 | 246 | - | - | - | - | |
| 10. | എം.എൽ.പി.സ്കൂൾചേന്ദമംഗലം | 9 | ,, | 9 | 9 | 133 | 114 | 247 | ,, | ,, | ,, | - | |
| | | 187 | 57 | 123 | 180 | 3088 | 2900 | 5988 | | | | | |

അംഗീകരിക്കാത്തവ

I ഗ്രാമ നേഴ്സറി സ്കൂൾ : കുട്ടികൾ : 11+19 = 30 അദ്ധ്യാപിക 1 പരിശീലനം ലഭിച്ചിട്ടില്ല. (മലയാളം)

II വ്യാസ വിദ്യാനികേതൻ : (മലയാളം) 22+8 = 30 അദ്ധ്യാപിക 1 + ഹെൽപ്പർ 1 : നഴ്സറി പരിശീലനം സിദ്ധിച്ചിട്ടുണ്ട്.

SKDI യതിംഖാനക്കു കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ

1. ഇംഗ്ലീഷ് L.K.G, U.K.G സ്കൂൾ
2. ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് (ഇംഗ്ലീഷ്)
3. കംമ്പ്യൂട്ടർ സെൻറർ

II. അൽഫലാഹ് ഇംഗ്ലീഷ് മീഡിയം.

1. L.K.G. - U.K.G. സ്കൂൾ (ഇംഗ്ലീഷ്)
2. L.K.G. - U.K.G.L.P. (ഇംഗ്ലീഷ്)
3. തയ്യൽ പരിശീലനം

III ഉമറി ഇംഗ്ലീഷ് സ്കൂൾ

1. L.K.G. - U.K.G..L.P. (ഇംഗ്ലീഷ്)
2. തയ്യൽ പരിശീലനം

IV. V.G.P. ടൈപ്പിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട് എരമംഗലം

ഇംഗ്ലീഷ്, ഹിന്ദി, മലയാളം, അറബി എന്നീ ഭാഷ.

ഗ്രാമം ടൂട്ടോറിയൽസ് വെളിയംങ്കോട് ഗ്രാമം

സ്കൂൾ ഗോയിങ്ങ് - കോളേജ് ഗോയിങ്ങ്

## വിദ്യാലയ സൗകര്യങ്ങൾ

| ക്രമനമ്പർ | സ്കൂളിൻെറ പേര് | വിസ്തീർണ്ണം | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലാബറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചക മുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ജി.എൽ.പി.സ്കൂൾ വെളിയങ്കോട് സർക്കാർ ന്യൂ | | ഇല്ല | ഇല്ല | | 50 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| 2. | ജി.എം.യു.പി.സ്കൂൾ വെളിയങ്കോട് സൗത്ത് | | ഉണ്ട് | ഇല്ല | | 149 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് |
| 3. | ജി.എം എൽ.പി.സ്കൂൾ വെളിയങ്കോട് | | ഇല്ല | ഇല്ല | | 54 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 4. | ജി.എഫ്.എൽ.പി.സ്കൂൾ വെളിയങ്കോട് | ല | ഇല്ല | ഇല്ല | | 44 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല (ഉപയോഗക്ഷമമല്ല |
| 5. | ജി.എൽ.പി.സ്കൂൾ വെളിയങ്കോട് | | ഇല്ല | ഇല്ല | | 39 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 6. | ജി.എച്ച് സ്കൂൾ വെളിയങ്കോട് | | ഉണ്ട് | ഉണ്ട് | | 3712 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| 7. | എ.എൽ.പി.സ്കൂൾ ചേന്ദമംഗലം | | ഇല്ല | ഇല്ല | | 27 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| 8. | സി.എം.എം യു.പി.സ്കൂൾ എരമംഗലം | | ഉണ്ട് | ഇല്ല | | 187 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല |
| 9. | സി.എം.എം എൽ.പി.സ്കൂൾ എരമംഗലം | | ഇല്ല | ഇല്ല | | 46 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 10. | എ.എൽ.പി.സ്കൂൾ എരമംഗലം | | ഉണ്ട് | ഇല്ല | - | 76 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

**സ്കോളർഷിപ്പിനത്തിൽ ചെലവായ തുക**

| സ്കൂളിൻെറ പേര് | ലാപ്സം ഗ്രാൻറ് | ഫിഷർമെൻ സ്കോളർഷിപ്പ് | മുസ്ലിം ഗേൾസ് സ്കോളർഷിപ്പ് |
|---|---|---|---|
| 1 ജി.എച്ച് എസ് വെളിയങ്കോട് | 15100 | 11780 | 1160 |
| 2. UMMLPS എരമംഗലം | ആകെ ഇനങ്ങളിൽ 400 | | |
| 3. GLPS വെളിയങ്കോട് | 1025 (ലാപ്സം ഗ്രാൻറ് ) | | |
| 4. ALPS ചേന്ദമംഗലം | ആകെ ഇനങ്ങളിൽ 493 | | |
| 5. CMMUPS എരമംഗലം | ആകെ ഇനങ്ങളിൽ 6725 | | |

425

# കുടിവെള്ളം, പൊതുജനാരോഗ്യം

## കുടിവെള്ളം

നമ്മുടെ പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സുകൾ കിണറുകളാണ്. പഞ്ചായത്തിലെ 60%ആളുകളും ശുദ്ധജലത്തിനായി കിണറുകളെ ആശ്രയിക്കുന്നു. ബാക്കി 40 %ആളുകളും ഹാൻഡ് പമ്പ്, പൈപ്പ് ലൈൻ, എന്നിവയെ ആശ്രയിക്കുന്നു. 3,5,6 എന്നീ വാർഡുകൾ കടൽത്തീരത്തിനോട് ബന്ധപ്പെട്ടുകിടക്കുന്നു. 2-ാം വാർഡിൻെറ ഭൂരിഭാഗം പ്രദേശങ്ങളും ബിയ്യം കായലിനോട് ചേർന്ന് കിടക്കുന്നു. ബിയ്യം കായലിൽ നിന്നും ആരംഭിച്ച് ചേറ്റുവ പുഴയുമായ് ബന്ധപ്പെട്ടുകിടക്കുന്നു കനോലി കനാൽ 1, 3, 4, 6, 7 എന്നീ വാർഡുകളിലൂടെ കടന്നുപോകുന്നു

കടൽതീരം, പുഴ, തോട് എന്നിവയുമായി ചേർന്ന് കിടക്കുന്ന ഭാഗങ്ങളിൽ ജലത്തിൽ ഉപ്പ് ,പുളി, ഓര്എന്നിവ ഉള്ളതിനാൽ കിണറുകളെ ആശ്രയിക്കാൻ കഴിയുന്നില്ല.

പഞ്ചായത്തിൻെറ കിഴക്കു ഭാഗത്ത് 9, 10, 11 എന്നീ വാർഡുകൾ കായലോരവുമായ് ബന്ധപ്പെട്ടു കിടക്കുന്നു. 9-ാം വാർഡിലെ പത്തിരം ഹരിജൻ കോളനിയിൽ കിണറുകളുണ്ടെങ്കിലും കലക്കവെള്ളം ലഭിക്കുന്നത് കൊണ്ട് ശുദ്ധജലത്തിന് വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നു.

പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും ഏപ്രിൽ, മെയ് മാസങ്ങളിൽ കിണറുകളും കുളങ്ങളും വറ്റുന്നത് കാരണം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പഞ്ചായത്തിലെ ശുദ്ധജലവിതരപണ സംവിധാനം തൃപ്തികരമല്ല.

നമ്മുടെ പഞ്ചായത്തിലെ ഇപ്പോൾ നടന്നുവരുന്ന ശുദ്ധജലവിതരണം പാലപ്പെട്ടിയിലുള്ള R.W.S.S open well scheme പ്രകാരമാണ്. പഞ്ചായത്തിൽ ഇപ്പോൾ പണി പൂർത്തീകരിച്ച 5,0000 ലിറ്റർ കപ്പാസിറ്റിയുള്ള വാട്ടർടാങ്ക് കമ്മീഷൻ ചെയ്തിട്ടില്ല. പ്രസ്തുത ടാങ്ക് കമ്മീഷൻ ചെയ്തുകഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പൂർണ്ണമായും പരിഹരിക്കാൻ കഴിയും.

(പുളി, ഉപ്പ്) ഭാഗങ്ങളിൽ പ്രധാനമായും പൈപ്പ്ലൈൻ എക്സ്റ്റൻഷൻ ചെയ്യുകയാണെങ്കിൽ കുടിവെള്ളത്തിന് ഒരു ശാശ്വതപരിഹാരമാർഗമാകും.

പട്ടിക 1

| പൊതു കിണറുകൾ | കുഴൽ കിണറുകൾ |
|---|---|
| 7 | 51 |

പട്ടിക 2

| വാർഡ് | ടാപ്പുകൾ | വെള്ളം ലഭിക്കുന്നത് | വെള്ളം ലഭിക്കാത്തത് |
|---|---|---|---|
| 1 മുതൽ 6 വരെ | 98 | 73 | 25 |
| പുതിയതായി സ്ഥാപിച്ചത് | 41 | - | -എ |

നമ്മുടെ പഞ്ചായത്തിൽ ഇപ്പോൾ 15 കിലോമീറ്റർ പൈപ്പ് ലൈൻ ഉണ്ട്. പഞ്ചാത്തിൽ പുതിയതായി 45 കിലോമീറ്റർ പൈപ്പ് ലൈൻ പൂർത്തീകരിച്ചിട്ടുണ്ട്.

വാർഡ്

## പ്രശ്നങ്ങൾ

### പരിഹാരമാർഗ്ഗങ്ങൾ

1 കനോലികനാൽ ഈ വാർഡിൽ കൂടി കടന്നുപോകുന്നതിനാൽ ഇരുവശങ്ങളിലും പുളിവെള്ള ശല്യം അനുഭവപ്പെടുന്നു. പൊതുജലവിതരണ സംവിധാനവുമായി ബന്ധപ്പെടുത്തി പ്രധാന പൈപ്പ് ലൈനുമായി ബന്ധിപ്പിച്ച് ജലലഭ്യത ഉറപ്പുവരുത്തുക.

2 വാർഡിൻെറ പടിഞ്ഞാറും വടക്കും ഭാഗങ്ങൾ കാഞ്ഞിമുക്ക് പുഴയോട് ചേർന്ന് കിടക്കുന്നത് കൊണ്ട് പുളി, ഓര് ,വെള്ളമാണ് ലഭിക്കുന്നത്. അഴിമുഖം ഭാഗത്തിൽ ജനവാസം നിറഞ്ഞ തുരുത്തും സ്ഥിതിചെയ്യുന്നു. ഈ ഭാഗങ്ങളിലും കുടിവെള്ളം ലഭ്യമല്ല. പൈപ്പ് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക. തുരുത്തിലേക്ക് ലൈൻ നീട്ടി ടാപ്പുകൾ സ്ഥാപിക്കുക.

3 വാർഡിൻെറ ഭൂരിഭാഗം പ്രദേശങ്ങളും കടലും, പുഴയും, തോടുമായി ബന്ധപ്പെട്ട് കിടക്കുന്നതിനാൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നിലവിലുള്ള ആവശ്യമുള്ള ഭാഗങ്ങളിലേക്ഖ് വ്യാപിപ്പിച്ച് ശുദ്ധജലക്ഷാമം പരിഹരിക്കുക. ഹാൻറ് പമ്പുകൾ സ്ഥാപിക്കുക.

4. വാർഡിൽ കൂടി കനോലി കനാൽ കടന്നുപോകുന്നതിനാൽ ഇരുവശങ്ങളിലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള പൈപ്പ് ലൈൻ ആവശ്യമുള്ള ഭാഗത്തേക്ക് നീട്ടി വെള്ളമെത്തിക്കുക.

ഹാൻറ് പമ്പ് സ്ഥാപിക്കുക.

6. വാർഡിൻെറ പല ഭാഗങ്ങലും കടൽ തീരത്തിനോടും കനാൽതീരത്തോടും ചേർന്ന് കിടക്കുന്നു. കടലിനോടും കനാലി തോടിനോടും ചേർന്നുള്ള ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടുക. ഹാൻറ് പമ്പുകൾ സ്ഥാപിക്കുക.

7. കനോലി കനാലിന് ചേർന്നുള്ള ഭാഗങ്ങളിൽ കുടി വെള്ള ക്ഷാമം അനുഭവപ്പെടുന്നു. പൈപ്പ് ലൈൻ നീട്ടുക കിണറുകൾ കുഴിക്കുക.

8. വാർഡിൽ മൊത്തം കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുക കിണറുകൾ കുഴിക്കുക.

9. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങളാണ്(പത്തിരം ഹരിജൻ കോളനി,തോട്ടേക്കാട്) കോളനിയിലേക്ക് പൈപ്പ് ലൈൻ സ്ഥാപിക്കുക.തോട്ടേക്കാട് പാടത്തിനേക്കാൾ ആഴത്തിൽ പൊതു കിണർ കുഴിക്കുക.

10. കുടീവെള്ളക്ഷാമം അനുഭവപ്പെടുന്ന സ്ഥലങ്ങൾ ഉണ്ട്. കിണറുകൾ നിർമ്മിക്കുക പൈപ്പ് ലൈൻ സ്ഥാപിക്കുക.

11. വാർഡിൽ (ലക്ഷം വീട് പരിസരം) കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പൊതുകിണർ കുഴിക്കുക. പൈപ്പ് ലൈൻ നീട്ടുക.

## പൊതുപ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പല ഭാഗങ്ങളിലും കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. പൈപ്പ് വെള്ളം മുഴുവൻ സമയവും ലഭിക്കുന്നില്ല.
3. ടാപ്പുകളുടെ തകരാറുകാരണ് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.(ടാപ്പുകൾ തകരാറിലായാൽ യഥാസമയം അറ്റകുറ്റ പണികൾ ചെയ്യാത്തതുമൂലം ശുദ്ധജലം നഷ്ടപ്പെടുന്നു.)
4. സ്കൂളുകൾ അംഗനവാടികൾ എന്നിവയിൽ ശുദ്ധജലം ലഭ്യമല്ല.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 5,00000 ലിറ്റർ സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് ഉടൻ കമ്മീഷൻ ചെയ്യുക.
2. പഞ്ചായത്തിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന വിവിധ സ്ഥലങ്ങൾ പൈപ്പ് ലൈൻ എക്സറ്റൻഷൻ ചെയ്ത് ടാപ്പുകൾ സ്ഥാപിക്കുക.
3. ഉപയോഗ യോഗ്യമായ സ്ഥലങ്ങളിൽ ഹാൻറ് പമ്പുകൾ സ്ഥാപിക്കുക.

428

4. ആവശ്യമുള്ള സ്ഥലങ്ങളിൽ പൊതു കിണറുകൾ കുഴിക്കുക. നിലവിലുള്ള പൊതു കിണറുകൾ ഉപയോഗ്യമാക്കുക.

5. അണു വിമുക്തമായ ജലം ലഭിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക. ജലത്തിലൂടെയുണ്ടകുന്ന രോഗങ്ങളേക്കുറിച്ച് ബോധവത്ക്കരണം നടത്തുക.

6. സ്കൂൾ അംഗന വാടികൾക്ക് ശുദ്ധജലം എത്തിക്കാനുള്ള സംവിധാനം ഏർപ്പടുത്തുക.

7. തീരപ്രദേശങ്ങളിൽ ലഭിക്കുന്ന കുടിവെള്ളത്തിൻെറ ഗുണമേൻമ പരിശോധനക്ക് വിധേയമാക്കുക.

## പൊതുജനാരോഗ്യം

ആരോഗ്യമുള്ള ജനതയാണ് രാഷ്ട്രത്തിൻെറ സമ്പത്ത്. രാഷ്ട്രത്തിൻെറ നിർമ്മാണ പ്രവർത്തങ്ങളിൽ പങ്കെടുക്കണമെങ്കിൽ പൗരന് ശാരീരികവും മാനസികവുമായ ആരോഗ്യം ആവശ്യമാണ്. അന്തരീക്ഷ വായുവിൻേറയും കുടിവെള്ളത്തിൻേറയും മലിനീകരണം അസഹ്യമായ ഇന്നത്തെ സാഹചര്യങ്ങളിൽ ആരോഗ്യ സംരക്ഷണത്തിന് വ്യക്തമായ ഒരു സംവിധാനം ഉണ്ടായേ തീരു.

1957ന് മുമ്പ് അലോപ്പതി ചികിത്സ ലഭിക്കണമെങ്കിൽ പൊന്നാനി, ചാവക്കാട് ആശുപത്രികളെ ആശ്രയിക്കേണ്ടി വന്നിരുന്നു. 1957നു ശേഷം വടക്കേക്കാട് പ്രാഥമികാരോഗ്യകേന്ദ്രം, പാലപ്പെട്ടി, മാറൻഞ്ചേരി റൂറൽ ഡിസ്പെൻസറികൾ നിലവിൽവന്നു. തുടർന്നുണ്ടായ വെളിയംകോട് സർക്കാർ ഡിസ്പെൻസറിയാണ് ഇന്നത്തെ വെളിയങ്കോട് പ്രാഥമികാരോഗ്യകേന്ദ്രം.

പൊതുജനാരോഗ്യ കാര്യത്തിൽ വെളിയങ്കോട് പഞ്ചായത്ത് സമീപ പഞ്ചായത്തുകളേക്കാൾ ഒരല്പം മുന്നിൽ തന്നെയാണ്. എങ്കിൽപ്പാലും ഒരുപാട് പുരോഗമനപരമായ പ്രവർത്തനങ്ങൾ ഈ മേഖലയിൽ നടത്തിയേപറ്റൂ.

ആരോഗ്യ രംഗത്ത് നമ്മുടെ പഞ്ചായത്തിൻെറ അവസ്ഥ എന്താണെന്നും കൂടുതൽ മെച്ചപ്പെടുത്തുവാൻ എന്തുചെയ്യണമെന്നും നമുക്ക് പരിശോധിക്കാം.

| വാർഡ് | വിരങ്ങൾ | വെളിയംകോട് പഞ്ചായത്തിൻെറ ശരാശരി | സംസ്ഥാന ശരാശരി | കൂടുതലോ കുറവോ എന്ന് |
|---|---|---|---|---|
| 1 | പൊതുമരണനിരക്ക് 1996ൽ | 4.5 | 5.9 | 1.4 കുറവ് |
| 2 | ശിശുമരണ നിരക്ക് 1996 ൽ | 21.37 | 16 | 5.37 കൂടുതൽ |
| 3 | മാതൃമരണനിരക്ക് 1992-96 | 1.27 | - | - |
| 4 | ജനനനിരക്ക് 1996ൽ | 22 | 17 | 5 കൂടുതൽ |

# സാധ്യതകൾ

1. കായികാഭ്യാസകേന്ദ്രം (ഹെൽത്ത് ക്ലബ്) പഞ്ചായത്ത് നിവാസികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഒരു കായികാഭ്യാസകേന്ദ്രം വേണമെന്ന ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. സ്വകാര്യ വ്യക്തികൾ പല സ്ഥലങ്ങളിലായി നടത്തുന്ന ക്യാമ്പുകൾ ഏകോപിപ്പിച്ച് കുറഞ്ഞ ഫീസ്വ്യവസ്ഥയിൽ കായികാഭ്യാസകേന്ദ്രം സ്ഥാപിക്കേണ്ടിയിരിക്കുന്നു.

2. ഫുട്ബോൾ, വോളിബോൾ, ക്രിക്കറ്റ് തുടങ്ങിയ കായിക വിനോദങ്ങളെ പ്രോത്സാഹിപ്പിക്കുക വഴി പഞ്ചായത്തിലെ യുവ തലമുറയുടെ ശാരീരികാരോഗ്യം മെച്ചപ്പെടുത്താവുന്നതാണ്.

3. ആരോഗ്യ കേന്ദ്രങ്ങൾ വഴി പോഷകാഹാരങ്ങൾ വിതരണം ചെയ്ത് ജനങ്ങളിൽ കണ്ടുവരുന്ന പോഷണക്കുറവുകൊണ്ടുണ്ടാകുന്ന രോഗങ്ങൾ കുറക്കാവുന്നതാണ്.

4. പ്രാദേശികമായി ലഭിക്കുന്ന ഫല മൂലാധികളുടേയും ഭക്ഷ്യ വസ്തുക്കളുടേയും പോഷക പ്രാധാന്യത്തേക്കുറിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്ക്കരണം നടത്തണം.

5. ശുദ്ധജല വിതരണ സംവിധാനം ഊർജ്ജിതപ്പെടുത്തുകയും ക്ലോറിനേഷൻ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തുകയും ചെയ്യുക.

6. വൃദ്ധജനഹ്ങളുടെ ആരോഗ്യ സംരക്ഷണത്തിനു വേണ്ടി ഒരു വയോജനാരോഗ്യ കേന്ദ്രം സ്ഥാപിക്കുന്നത് നന്നായിരിക്കും.

7. ഹോട്ടലുകളിലേയും,ബേക്കറികളിലേയും ഭക്ഷണ സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പു വരുത്തുകയും ആരോഗ്യപ്രവർത്തകർ സ്ഥാപനങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ കൊടുക്കുകയും വേണം.

8. ഹോട്ടലുകൾ, ചായക്കടകൾ,ബേക്കറികൾ മറ്റ് ഭക്ഷ്യവസ്തുക്കൾ ഉല്പാദിപ്പിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നൽകുമ്പോൾ പ്രസ്തുതസ്ഥാപനത്തിനാവശ്യമായ ശുചിത്വ സൗകര്യങ്ങൾ ഉണ്ട് എന്ന് ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്.

9. പഞ്ചായത്തിലെ പാരമ്പര്യ വൈദ്യൻമാരെ ഏകോപിപ്പിക്കുകയും പരമ്പരാഗത വിജ്ഞാനം, താളിയോല, ഗ്രന്ഥ ശേഖരങ്ങൾ തുടങ്ങി അമൂല്യമായ വിജ്ഞാനഖനികൾ സംരക്ഷിച്ച് ഭാവിതലമുറക്ക് നൽകാനുള്ള സംവിധാനം ഉണ്ടാക്കണം. പ്രകൃതിദത്തവും, അമൂല്യവുമായ ഔഷധ സസ്യങ്ങൾ പ്രാദേശികമായ ഒറ്റമൂലി ചികിത്സകൾ ഇവയെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാനും പ്രയോജനപ്പെടുത്താനും സംവിധാനമുണ്ടാക്കണം.

10. പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം ഉറപ്പുവരുത്താനായി മൂന്ന് മാസത്തിലൊരിക്കലെങ്കിലും ഓരോരുത്തരേയും വിശദമായി പരിശോധന നടത്തി അവർക്ക് ആജീവനാന്തം സൂക്ഷിക്കാവുന്ന ഒരു ആരോഗ്യകാർഡ് ഏർപ്പെടുത്തുന്നതും നന്നായിരിക്കും.

11. സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമായ ആരോഗ്യ സേവന സൗകര്യങ്ങളേക്കുറിച്ചും ഗുണനിലവാരത്തെക്കുറിച്ചും ബോധവത്ക്കരണം നടത്തുക.

കുടുംബാസൂത്രണത്തിൻെറ പ്രാധാന്യം.

ജനന നിരക്ക് നമ്മുടെ പഞ്ചായത്തിൽ സംസ്ഥാന ശരാശരിയേക്കാൾ ഒരല്പം ഉയർന്നു നിൽക്കുന്നു. കുടുംബാസൂത്രണം ഫലവത്തായ രീതിയിൽ പ്രായോഗികമാക്കാത്തതിൻെറ അപാകതയാണിത്. അടിസ്ഥാനപരമായ ബോധവത്ക്കരണം ഈ മേഖലയാൽ നടത്തേണ്ടിയിരിക്കുന്നു.

പുതിയ തലമുറയിലെ ദമ്പതികൾ കുടുംബാസൂത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ട ആവശ്യകതയേക്കുറിച്ച് തികച്ചും ബോധവാൻമാരാണ്.

## പ്രശ്നങ്ങൾ

1. വെളിയങ്കോട് പഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിനോ ആയുർവ്വേദ ഡിസ്പെൻസറിക്കോ സ്വന്തമായി ഒരു കെട്ടിടമില്ല. രണ്ട് സ്ഥാപനങ്ങളും പടിഞ്ഞാറൻ മേഖലയിൽ കേന്ദ്രീകരിച്ചിരിക്കുന്നു.
2. നല്ല ശതമാനം കുടുംബങ്ങൾക്കും കക്കൂസുകൾ ഇല്ല.
3. ഫിഷറീസ് ഡിസ്പെൻസറിയിൽ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
4. ആരോഗ്യ സ്ഥാപനങ്ങളിൽ ആവശ്യത്തിന് മരുന്നില്ല,ജീവനക്കാരില്ല.
5. M.M.R മഞ്ഞപ്പിത്ത വാക്സിനുകൾ ലഭിക്കുന്നില്ല.
6. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മൈക്രോസ്ക്കോപ്പ് മറ്റു സൗകര്യങ്ങൾ ഉണ്ടെങ്കിലും ലാബ് ടെക്നിഷൻ ഇല്ല.
7. മത്സ്യ മാർക്കറ്റുകൾ പഞ്ചായത്തിൽ ഒരിടത്തുമില്ല.
8. അനധികൃത അറവുശാലകൾ പരിസരമലിനീകരണത്തിന് ഗുണനിലവാരമില്ലാത്ത മാംസങ്ങൾ വിൽപ്പന നടത്തുന്നതിനും കാരണമായി തീരുന്നു.
9. വെള്ളം കെട്ടി നിൽക്കുന്നതിനാൽ കൊതുകുശല്യം പഞ്ചായത്തിൽ വ്യാപകമാണ്.
10. പോഷകാഹാരകുറവുമൂലമുള്ള രോഗങ്ങൾ കൂടുതലാണ്.
11. കുഷ്ഠരോഗം പഞ്ചായത്തിൽ വ്യാപകമാകുന്നുണ്ടൊ എന്ന് സംശയിക്കണം.
12. വൃദ്ധജനങ്ങളുടെ ആരോഗ്യ പ്രശ്നം പരിഹരിക്കപ്പെടേണ്ടതാണ്.
13. പട്ടിശല്യം വ്യാപകമാണ്.
14. പാൻപരാഗ്, നമ്പർ മുറുക്കാൻ വ്യാപകമാകുന്നു.
15. ഹോട്ടലുകൾ ചായക്കടകൾ ഇവ ശുചിത്വം പാലിക്കുന്നില്ല, ഭക്ഷണം മോശമാണ്.
16. കുടുംബക്ഷേമ മാർഗ്ഗങ്ങൾ സ്വീകരിക്കാൻ ജനങ്ങൾ വിമുഖരാണ്.

## പ്രാഥമികാരോഗ്യകേന്ദ്രം വെളിയങ്കോട്

ഈ പ്രസ്ഥാനത്തിൻെറ പ്രധാന പ്രശ്നം സ്വന്തമായി കെട്ടിടമില്ല എന്നതാണ്. നമ്മുടെ പഞ്ചായത്തിലെ പൊതുജനാരോഗ്യത്തിൻെറ കേന്ദ്രബിന്ദുവാകേണ്ടത് ഈ സ്ഥാപനമാണ്. വാടക കെട്ടിടത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. സംസ്ഥാന സർക്കാർ ആരോഗ്യകേന്ദ്രങ്ങൾക്ക് അനുവദിച്ച പരിചരണചിലവ് ആയ 10 ലക്ഷംരൂപ ഈ സ്ഥാപനത്തിന് ലഭിക്കാതെ പോയത് സ്വന്തമായ കെട്ടിടമില്ല എന്നകാരണത്താലാണ്. കെട്ടിടത്തിനാവശ്യമായ സ്ഥലം വാങ്ങി തറ പണിതീർത്തിട്ടുണ്ട്.

പ്രതി രോധക്കുത്തിവെപ്പുകൾ നടത്തുന്നതിനും നറ്റ് പ്രവർത്തനങ്ങൾക്കും വേണ്ടി സഞ്ചരിക്കാൻ സ്വന്തമായി വാഹനമില്ല. സ്ഥാപനത്തിനോട്ചേർന്ന് ഒരു ലബോററ്ററി തുടങ്ങണമെന്നത് ജനങ്ങളുടെ ആവശ്യമാണ്. സ്വകാര്യ ലാബുകളിൽ താങ്ങനാവാത്ത പ്രതിഫലമാണ് ഇപ്പോൾ ഈടാക്കുന്നത്. പഞ്ചായത്തിലെ സർക്കാർ സ്ഥാപനങ്ങളിൽ വേണ്ട സൗകര്യങ്ങളില്ലാത്തതിനാൽ ജനങ്ങൾ ചികിത്സക്കും മറ്റ് ആവശ്യങ്ങൾക്കും വേണ്ടി സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കുന്നു.

## ഗവൺമെൻെറ് ആയുർവേദ ആശുപത്രി വെളിയംങ്കോട്

ഈ സ്ഥാപനത്തിൽ മെഡിക്കൽഓഫീസർ, ഫാർമസിസററ്, അററൻഡർ, പാർട്ട്ടൈം സ്വീപ്പർ എന്നിങ്ങനെ നാലു ജീവിനക്കാരാണ് ഉള്ളത്. നിത്യവും 60- ഓളം രോഗികൾ ചികിത്സക്കായി ഇവിടെ എത്തുന്നു. കൂടുതലായി സ്ത്രീകളും കുട്ടികളുമാണ്. 50 വയസ്സിനുമുകളിലുള്ള ജനങ്ങൾ പൊതുവെ ആയുർവേദ ചികിത്സയെയാണ് ആശ്രയിക്കുന്നത്. ഇവിടത്തെ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. ത്വക് രോഗം, അസ്ഥിസ്രാവം വിവിധതരം വാതരോഗങ്ങൾ, വിരശല്യം തുടങ്ങിയവയാണ് കൂടുതലായി കണ്ടുവരുന്നരോഗങ്ങൾ . സ്വന്തമായി കിടത്തിചികിത്സിക്കുവാൻ സൗകര്യമുള്ള കെട്ടിടം നിർമ്മിക്കേണ്ടതാണ്.

## സാധാരണ കണ്ടുവരുന്ന രോഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സാധാരണ കണ്ടുവരുന്ന അസുഖങ്ങളെ ക്കുറിച്ച് ഒരു ധാരണയുണ്ടാക്കാൻ താഴെ കൊടുക്കുന്ന പട്ടിക സഹായിക്കും.

| ജലജന്യരോഗങ്ങൾ | വായുരോഗങ്ങൾ | പ്രാണിജ്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|

| | | | |
|---|---|---|---|
| 432 വയറിളക്ക്, വയറുകടി, ഛർദി അതിസാരം | ക്ഷയം, ന്യുമോണിയ | മലേറിയ, മന്ത് | കുഷ്ഠം, വൈറ്റമിൻെറ കുറവുകൊണ്ടുണ്ടാകുന്ന അസുഖങ്ങൾ, വിരശല്യം, ഓട്ട് ബ്രേക്സ് |

## കുടിവെള്ളം

ജലജന്യരോഗങ്ങൾ തടയുന്നതിന് ഏറ്റവും പ്രധാനമായി ചെയ്യേണ്ടത് കുടിവെള്ളം ശുദ്ധമാക്കുക എന്നതാണ്. കുടിവെള്ളത്തിലെ മാലിന്യങ്ങൾ ഒട്ടേറെ സാക്രമികരോഗങ്ങൾക്ക് കാരണമാകുന്നു. പഞ്ചായത്തിലെ തീരപ്രദേശങ്ങളെയും കനോലികനാലാനോട് ചേർന്ന് കിടക്കുന്ന ഭാഗങ്ങളെയുമാണ് കുടിവെള്ളപ്രശ്നം കാര്യമായി ബാധിക്കുന്നത്. തീരദേശങ്ങളിലെ വെള്ളത്തിൽ കാണപ്പെടുന്ന ക്ഷാരാംങ്ങളുടെ സാരമായി സാന്നദ്ധ്യം പൊതുജനാരോഗ്യത്തിന് ഭീഷണിയായിട്ടണ്ട്.

എൻെറമീബിയ, ഹിസ്റ്റോലിമിക്ക എന്ന അണുവിൻെറ പ്രവർത്തനം ഫലമായിള്ശ അമീബിയസീസ് എന്ന അവസ്ഥയാണ് വയറിളക്കത്തിന് പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. വായുജന്യരോഗങ്ങളിൽ പ്രധാനമായവ ക്ഷയവും ന്യൂമോണിയയുമാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത സർക്കാർ ആശ്രുപത്രിയിൽ നിന്ന് ചികിത്സ ലഭിക്കുന്ന രണ്ട് പേരെ ഉള്ളുവെങ്കിലും യഥാർത്ഥത്തിൽ സംഖ്യ അതിലും കൂടുതലാണ് എന്ന് കരുതപ്പെടുന്നു

തുടങ്ങിയ ഗണത്തിൽ പ്പെട്ട അണുക്കൾ പരത്തുന്ന ക്ഷയരോഗമാണ് പഞ്ചായത്തിൽ കണ്ടുവരുന്നത്.

പ്രാജന്യരോഗങ്ങളിൽ പ്രാധാനമായവ മലേറിയയും മന്തുമാണ്. കൊതുകുകളുടെ കടിയേൽക്കന്നതുകൊണ്ട് പകരുന്ന ഈ രോഗം തീരപ്രദേശങ്ങളിൽ അപൂർവമായി കണ്ടുവരുന്നു. ഈ രോഗം നിർമാർജ്ജനം ചെയ്യുന്നതിനായി ജനങ്ങളുടെ ഇടയിൽ ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിലെ അപകടകരമായ ആരോഗ്യ പ്രശ്നങ്ങളിൽ ഒന്ന് ക്ഷയരോഗത്തിൻെറ പകർച്ചയാണ്. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ റിപ്പോർട്ട് ചെയ്ത് ഇവിടെ നിന്നും കുഷ്ഠരോഗകേന്ദ്രത്തിലേക്ക് അയച്ച ചികിത്സ തുടരുന്ന 40 പേർ ഇപ്പോഴുണ്ട്. അപകടകരമായ പ്രവണതയെന്തെന്നാൽ രോഗംകുട്ടികളിൽ കൂടുതലായി കണ്ടുവരുന്നു എന്നുള്ളതാണ്. ഈഅടുത്തകാലത്ത് പ്രാഥമിക ആരോഗ്യകേന്ദ്രം സ്കൂളുകളിൽ സംഘടിപ്പിച്ച പരിശോധനയിൽ പഞ്ചായത്തിൽ 250 ഓളം കുട്ടകൾക്ക് അസുഖലക്ഷണങ്ങൾ ഉള്ളതായി മനസ്സിലായി. വിശദമായ പരിശോധനകൾക്ക് ആരോഗ്യകേന്ദ്രവുമായി

ബന്ധപ്പെടാൻ ആവശ്യപ്പെട്ടെങ്കിലും കൂടുതൽ പേരും എത്തിയിട്ടില്ല. ഈ വിഷയത്തിൽ വസ്തുനിഷ്ഠമായ സർവ്വെ നടത്തി വേണ്ട പ്രതിവിധികൾ കണ്ടെത്താത്തപക്ഷം ഭാവി കൂടുതൽ അപകടകരമായിതീരും. 433

## വൈറ്റമിൻെറ കുറവുമൂലം ഉള്ളഅസുഖങ്ങൾ

| വിവിധ വിറ്റാമിനുകൾ | കുറവുകൊണ്ടുണ്ടാകുന്ന അസുഖങ്ങൾ | നിലവാരം |
|---|---|---|
| വിറ്റാമിൻ എ | നിശാന്ധത | ആകെ 8 പേർ |
| വിറ്റാമിൻ ഡി | എല്ലുകൾക്കുണ്ടാകുന ബലക്കുറവ് | ലഭ്യമല്ല |
| ഇരുമ്പ് സത്ത്, വൈറ്റമിൻ | വിളർച്ച | സാധാരണമാണ് |
| വിറ്റാമിൻ ബി | വായ്പുണ്ണ് | സാധാരണയാണ് |

സാധാരണകണ്ടുവരുന്ന മറ്റൊരു അസുഖം വരശല്യമാണ് അതിനെതിരെ വേണ്ട മരുന്നുകൾ വിതരണം ചെയ്യേണ്ട ആവശ്യമുണ്ടെന്ന് മാത്രമല്ല ബോധവൽക്കരണം നടത്തി ശുചിത്വശീലങ്ങൾ അനുഷ്ടിക്കാൻ നാട്ടുക്കാരെ പ്രേരിപ്പക്കുകയും വേണം.

വേനലിൻെറ അവസാനത്തിൽ പെട്ടന്നുണ്ടായ വയറിളക്കമാണ് പഞ്ചായത്തിലെ മറ്റൊരു ആരോഗ്യ പ്രശ്നം.കുടിവെള്ളം മലിനമാകുന്നതിനുള്ള സാധ്യതകൾ ഇക്കാലത്ത് ഏറെയാണെന്ന് നമുക്കറിയാമല്ലോ.?

### പ്രതിരോധ പ്രർത്തനത്തിൻെറ ആവശ്യകത

പ്രതിരോധമാണ് പ്രതിക്രിയയേക്കാൽ അഭികാമ്യം. ഒരു രോഗം ബാധിച്ചിട്ട് നമ്മൾ അതിന് പരിഹാരം തേടുന്നതിനേക്കാൾ എന്തുകൊണ്ടും ഉത്തമം ആ രോഗം വരാതെ നോക്കുന്നതാണ് ഇവിടെ പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രസകതി കുട്ടികൾക്കും മുതിർന്നവർക്കും എടുക്കന്ന വിവിധ വാക്സിനേഷനുകൾ രോഗപ്രതിരോഗ കുത്തിവെപ്പുകളും മരുന്ന് നൽകലും പഞ്ചായത്തിലെ എല്ലാ സബ്സെൻെറുകളിലും, പ്രാഥമികകാരോഗ്യ കേന്ദ്രത്തലും ലഭ്യമാണ്. കഴിഞ്ഞവർഷമുണ്ടായ ശിശുക്കളിൽ 83% പേർക്കും പ്രതിരോഗകുത്തവെപ്പ് നൽകാൻ സാധിച്ചിട്ടുണ്ടെന്ന് രേഖകൾ ചുണ്ടികാട്ടുന്നു. ഈ രംഗത്ത് അമ്മമാരിലുണ്ടായിട്ടുള്ള പ്രകടമായ അവബോധം ആത്മവിശ്വാസം നൽകിന്നതാണ്. ഈ ഉണർവ്വ് നിലനിർത്താനും സർക്കാർ സംവിധാനത്തിൽ ലഭ്യമല്ലാത്ത മുണ്ടിവീക്കം, റുബല്ല, അഞ്ചാംപനി വാക്സിൻ (MMR വാക്സിൻ ) മഞ്ഞപ്പിത്തത്തിനുള്ള കുത്തിവെയ്പ്പ് എന്നിവയും പഞ്ചായത്തിൽ സൗജന്യമാക്കാനുള്ള സംവിധാനമുണ്ടാക്കണം

പരിസര ശുചിത്വം

ാഹചര്യങ്ങൾ ആരോഗ്യപരമായ ജീവിതത്തിന് അത്യന്താപേക്ഷിതമാണ്. നല്ലശതമാന അസുഖങ്ങളും ഉത്ഭവിക്കുന്നത് വൃത്തിഹീനമായ പരിസരങ്ങളിൽ നിന്നാണ്. കൊതുക് ശല്യമാണ് പ്രധാന പ്രശ്നം. മാരകങ്ങളായ അസുഖങ്ങളുണ്ടാക്കുന്ന അണു ജീവികളുടെ വാഹകരായ അനുഫിലോസ് ക്യൂലക്സാ ഈസിസ് എന്നീ ഇനം കൊതുകുകളാണ് കുട്ടത്തിൽ ഏറ്റവും അപകടകാരികൾ. ഇതുപോലെയുള്ള ഒരു പ്രധാന പ്രശ്നമാണ് ഈച്ച ശല്യം. വെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യം ഇല്ലാതാക്കുക, കെട്ടിനിൽക്കുന്ന വെള്ളത്തിൽ അണുനാശിനികൾ തളിച്ച് സുരക്ഷിതത്വം ഉറപ്പുവരുത്തുക തുടങ്ങിയ പ്രവർത്തനങ്ങളാണ് ആ മേഖലയിൽ ചെയ്യേണ്ടത്. വീടുകളിലുള്ള ചാണകകുഴികളിലും ചെറിയ തോടുകളിലും കൊതുകുകൾ പെരുകുന്നതിന് കീടനാശിനികൾ തളിക്കുക. അറവുശാലകളും, മത്സ്യ മാർക്കറ്റുകളുമാണ് പരിസര ശുചിത്വത്തിന് ഭീഷണി ഉയർത്തുന്ന മറ്റൊരു പ്രശ്നം. പഞ്ചായത്തിൽ മൊത്തം 13 അറവുശാലകളുണ്ട്. ഇവയ്ക്കൊന്നും തന്നെ അറവിന്റെ അവശിഷ്ടങ്ങൾ ഉപേക്ഷിക്കുന്നതിനുള്ള സംവിധാനമില്ല. അലക്ഷ്യമായി വലിച്ചെറിയുന്ന അവശിഷ്ടങ്ങൾ നാട്ടിൽ പട്ടിശല്യം പെരുകുന്നതിന് കാരണമായിട്ടുണ്ട്. റാബീസ് കാര്യമായ റിപ്പോർട്ട് ചെയ്യപ്പെട്ടില്ലെങ്കിലും ഇതിനെതിരായുള്ള പ്രവർത്തനം ആവശ്യമാണ്.

എരമംഗലം, വെളിയംകോട്, അങ്ങാടികളിൽ മത്സ്യമാംസമാർക്കറ്റ് ഇല്ലാത്തതിനാൽ പ്രത്യേക സ്ഥലത്ത്മാത്രം വിൽക്കുക എന്ന ഏർപ്പാട് ഇല്ല. ജനം കൂടിനിൽക്കുന്ന അങ്ങാടിയിലെ പാതയോരങ്ങളിൽ വെച്ച് മത്സ്യം വിൽക്കുന്ന പ്രവണത കണ്ടുവരുന്നുണ്ട്. എരമംഗലം, കോതമുക്ക്, അയ്യോട്ട്ച്ചിറ, വെളിയംകോട് തുടങ്ങിയ സ്ഥലങ്ങളിൽ മത്സ്യമാർക്കറ്റുകൾ അനിവാര്യമാണ്.

കക്കൂസ്

പഞ്ചായത്തിൽ ഏകദേശം 60% വീടുകളിലും കക്കൂസുകൾ ഉണ്ട്. ലക്ഷം വീട് കോളനികളിലും തീരപ്രദേശങ്ങളിൽ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിലുമാണ് കക്കൂസുകളുടെ അഭാവം കാരണമുള്ള ബുദ്ധിമുട്ടുകൾ കൂടുതലായി അനുഭവപ്പെടുന്നത്.

മറ്റൊരുപ്രശ്നം നീർവാഴ്ചയുള്ള മണ്ണായതുകൊണ്ട് കക്കൂസിന് ടാങ്കുകൾ നിർമ്മിക്കുമ്പോൾ ഭൂനിരപ്പിൽ നിന്നും ഉയർത്തിനിർത്തിയ കാലുകളിൽ ഉറപ്പിക്കേണ്ടതുണ്ട്. കോളനികളിൽ കൂടുതലായി പൊതുകക്കൂസുകൾ നിർമ്മിച്ചു കൊടുക്കുകയും അശ്രദ്ധമായി പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതിന്റെ ദോഷഫലങ്ങൾ മനസ്സിലാക്കി കൊടുക്കുകയും വേണം. കുറച്ചുവർഷങ്ങളായി പഞ്ചായത്തുവഴി സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതിപ്രകാരം നല്ല പ്രയോജനം ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും ആ രീതിയിൽ കൂടുതൽ മുന്നേറ്റങ്ങൾ നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ ജനന മരണ നിരക്കുമായി ബന്ധപ്പെട്ട കാര്യങ്ങൾ പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്.

## രോഗാതുരത.

മരണ നിരക്ക് പൊതുവേ കുറവാണെങ്കിലും പഞ്ചായത്തിലെ രോഗാതുരതാ നിരക്ക് കൂടുതലാണെന്ന് ആശുപത്രികളിലെ ഔട്ട് പേഷ്യൻറ് റജിസ്റ്ററിലെ രോഗികളുടെ എണ്ണം സൂചിപ്പിക്കുന്നു. പട്ടിക 2-ൽ വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക.

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ചികിത്സക്കും മറ്റ് ആരോഗ്യപരമായ ആവശ്യങ്ങൾക്കും പ്രധാനമായും സ്വകാര്യ ആശുപത്രികളേയാണ് സമീപിക്കുന്നത്. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ഗുണനിലവാരത്തിനേക്കുറിച്ചുള്ള അസംബന്ധമായ ധാരണകളോ അല്ലെങ്കിൽ ആരോഗ്യ സ്ഥാപനങ്ങളുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്താനുള്ള സന്നദ്ധത ഇല്ലായ്മയുമൊക്കെയാണ് ഇതിനുകാരണം. എന്നാൽ ഇപ്പോൾ ഈ പ്രവണത കുറഞ്ഞു വരുന്നതായി കാണാവുന്നതാണ്.

| വർഷം | ഔട്ട് പേഷ്യൻറ് എണ്ണം | രോഗങ്ങൾ സംബന്ധിച്ച വിവരം. പ്രതിവർഷം | | | | | |
|---|---|---|---|---|---|---|---|
| | | ത്വക് രോഗം | വാത രോഗം | പകർച്ച വ്യാധികൾ | വിഷ ചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 1992-93 | 7174 | 835 | 19 | 2985 | ഇല്ല | 3335 | 7174 |
| 93-94 | 6072 | 637 | 17 | 1890 | ഇല്ല | 3528 | 6072 |
| 94-95 | 5175 | 505 | 12 | 1650 | | 3008 | 5175 |
| 95-96 | 8884 | 953 | 23 | 3090 | | 4118 | 8884 |

നാം ജീവിക്കുന്ന പരിസ്ഥിതി നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യത്തെ സാരമായി ബാധിക്കുന്നു. നമ്മുടെ പഞ്ചായത്തിൻെറ മധ്യത്തിലൂടെ കടന്നുപോകുന്ന കനോലി കനാലിൻെറ രണ്ട് വശങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ ആരോഗ്യ സ്ഥിതികൾ താരതമ്യം ചെയ്താൽ ഇത് നമുക്ക് ബോധ്യമാകും. താരതമ്യേന ശുദ്ധജലവും ശുദ്ധവായുവും ലഭിക്കുന്ന കനോലി കനാലിന് കിഴക്കുഭാഗത്തുള്ള പ്രദേശങ്ങളിൽ ആരോഗ്യപരമായ പ്രസ്നങ്ങൾ കുറവാണ്.

## സ്ഥാപനങ്ങളും സേവനങ്ങളും

പഞ്ചായത്തിലെ ആരോഗ്യസ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം | ആവശ്യങ്ങൾ |
|---|---|---|---|
| പ്രാഥമിക ആരോഗ്യകേന്ദ്രം വെളിയംകോട് | 4 | 9 | സ്വന്തമായി കെട്ടിടമില്ല. വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മൈക്രോസ്കോപ്പും മറ്റ് സൗകര്യങ്ങളും ഉണ്ടെങ്കിലും ലാബ് ടെക്നീഷ്യനില്ല. ഔട്ട് ഡോർ വാക്സിനേഷന് വേണ്ട വാഹനങ്ങൾ ഇല്ല |
| ഐ.പി.പി. സബ്സെൻറർ | 1 | 1 | അടിസ്ഥാന സൗകര്യങ്ങളില്ല. വാക്സിനേഷനും ട്രീറ്റ്മെൻറിനും വേണ്ടത്ര സ്റ്റാഫില്ല |
| ഐ.പി.പി. സബ് സെൻർ കോതമുക്ക് | 7 | 1 | കെട്ടിടം പുതിയതാണെങ്കിലും സീലിങ്ങ് പോയതിനാൽ ചോർച്ചയുണ്ട്. മരുന്നുകളുടെ കുറവുണ്ട് |
| ഐ.പി.പി. സബ് സെൻർ പുഴക്കര | 9 | 1 | മോശമല്ലാത്ത രീതിയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ഥാപനമാണ്. സ്റ്റാഫ് ഒരാൾ കൂടി ആവശ്യമുണ്ട്. ആ പ്രദേശത്ത് മറ്റ് ആരോഗ്യസ്ഥാപനങ്ങൾ ഇല്ലാത്തതിനാൽ ദിവസവും ഡോക്ടറുടെ സേവനം ആവശ്യമാണ് |
| കുടുംബക്ഷേമ ഉപകേന്ദ്രം വെളിയങ്കോട് | 3 | 1 | സ്റ്റാഫ് ആവശ്യമാണ്. ഫർണീച്ചറിൻറ അഭാവമുണ്ട് |
| സബ്സെൻറർ അയ്യോട്ട് ചിറ | 5 | 1 | വാക്സിനേഷനുള്ള സൗകര്യങ്ങൾ പരിഗണിക്കണം. ഡോക്ടറുടെ സേവനം എല്ലാ ദിവസവും ലഭിക്കാൻ സൗകര്യം വേണം |
| ആയുർവേദ ഡിസ്പെൻസറി വെളിയംകോട് | 3 | 2 | കെട്ടിടത്തിൻെറ ശോചനീയാവസ്ഥയും ഫർണീച്ചറിൻെറ പരിമിതിയുമുണ്ട്. മരുന്ന് ഡിസ്പെൻസ് ചെയ്യുന്നതിന് സൗകര്യമില്ല. ആശുപത്രിയാക്കി ഉയർത്തണം. |

# ഗതാഗതവും ഊർജ്ജവും

1. ഗതാഗതം

നവഭാരതം ഉടലെടുക്കുന്നതിന് നൂറ്റാണ്ടുകൾക്ക് മുൻപ് ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്ത് നിർമ്മിച്ച ചരിത്രപ്രസിദ്ധമായ റോഡാണ് ഇന്നത്തെ വെളിയങ്കോട് പഞ്ചായത്തിലൂടെ കടന്നുപോകുന്ന ടിപ്പുസുൽത്താൻറോഡ്.ഗതാഗതസൗകര്യത്തിനുവേണ്ടി ബ്രിട്ടീഷ് ഭരണക്കാലത്ത് മലബാർ കലക്ടറായിരുന്ന കനോലിസായിപ്പ് 1847-ൽ നിർമ്മിച്ച കനോലികനാൽ വെളിയങ്കോട് പഞ്ചായത്തിലെ ഹൃദയഭാഗത്തിലൂടെ കടന്നു പോകുന്നു. അന്ന് ഗതാഗതയോഗ്യമായിരുന്ന ഈ കനാലിലൂടെ യാത്രാ ബോട്ടുകളും കെട്ടുവള്ളങ്ങളും പതിവുകാഴ്ചകളായിരുന്നു. ജനങ്ങൾക്കനുഗ്രഹമായിരുന്ന ഈ കനാൽ ഇന്ന് ജനങ്ങൾക്ക് തീരാശാപമായിമാറി. ഈ കനാൽ പഞ്ചായത്തിനെ രണ്ട് പ്രദേശം ആയി വിഭജിക്കാൻ ഇടയാകുകയും ഈ പ്രദേശത്തെ ജനങ്ങൾക്ക് യാത്രാ ക്ലേശം ഉണ്ടാക്കുകയും ചെയ്തു. 20 ാം നൂറ്റാണ്ടിൻെറ അവസാനദശകത്തിലും ഈ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്നതിന് വേണ്ടി ഗതാഗതയോഗ്യമായ പാലം ഇതുവരേയും നിശ്ചയിക്കാൻ കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഓഫീസ്, വില്ലേജ് ഓഫീസ്, ഇലക്ട്രിസിറ്റി ഓഫീസ് എന്നീ സർക്കാർ സ്ഥാപനങ്ങളിലേക്ക് തീരപ്രദേശത്ത് വസിക്കുന്ന ജനങ്ങൾക്ക് വാഹനങ്ങളിൽ എത്തിപ്പെടണമെങ്കിൽ തൊട്ടടുത്ത പഞ്ചായത്തായ പെരുമ്പടപ്പിലൂടെ പാലപ്പെട്ടി വഴി ഒൻപത് കി.ലോ. സഞ്ചരിക്കണം. അല്ലെങ്കിൽ പുതുപൊന്നാനി പാലംകടന്ന് പൊന്നാനി മുൻസിപ്പാലിറ്റിയിലൂടെ ഈഴവത്തിരുത്തി, മാറഞ്ചേരി, പഞ്ചായത്തിലൂടെ ചുറ്റിക്കറങ്ങി വേണം ഈ സർക്കാർ സ്ഥാപനങ്ങളിൽ എത്താൻ.

പഞ്ചായത്തിലെ നിലവിലുള്ള ആകെ റോഡുകളുടെ നീളം 50.540 കി. മീ. ആണ്. 4 കി.മീ. നാഷണൽ ഹൈവേയും 2.500 കി.മീ. പി.ഡ.ബ്ലു. ഡി. റോഡുമാണ്. 10.085 കി.മീ പഞ്ചായത്തിൻെറ കീഴിൽ ടാർ ചെയ്തതുമാണ്. ബാക്കിവരുന്ന 35.955 കി.മീ റോഡ് ഭാഗികമായോ പൂർണ്ണമായോ ഗതാഗതയോഗ്യമല്ലാത്തതാകുന്നു

1968-69 അന്നത്തെ കേരളഗതാഗതവകുപ്പ് മന്ത്രിയായിരുന്ന ബഹു:- ഇ.കെ. ഇമ്പിച്ചിബാവയുടെ ശ്രമഫലമായാണ് ടിപ്പുസുൽത്താൻ റോഡിലൂടെ ചാവക്കാട് മുതൽ വെളിയങ്കോട് പഞ്ചായത്തതിർത്തിയായ പുതുപൊന്നാനിവരെ വാഹനമോടിയത്. നിലവിലുള്ള റോഡുകളിൽ പഞ്ചായത്തിലെ തീരപ്രദേശങ്ങളിലൂടെ കടന്നുപോകുന്ന പൊന്നാനി - ചാവക്കാട് NH17 റോഡും കിഴക്ക് എരമംഗലം ഭാഗത്ത് കൂടെ കടന്നുപോകുന്ന

കോട്ടപ്പടി കുണ്ടുകടവ് റോഡ് മാത്രമാണ് ഗതാഗതയോഗ്യമായ പഞ്ചായത്തിലെ റോഡുകൾ. കോതമുക്ക്, പഴഞ്ഞി ഭാഗത്തിലൂടെ കടന്നുപോകുന്ന എടക്കഴിയൂർ വെളിയങ്കോട് റോഡ് വർഷങ്ങളായി തകർന്നു കിടക്കുകയാണ്. ഇപ്പോൾ M.L.A. സ്കീമിൽ ഉൾപ്പെടുത്തിയിട്ടും പണി പൂർത്തിയായിട്ടില്ല. നാല് റോഡിലൂടെയാണ് പഞ്ചായത്തിൽ ബസ് സർവ്വീസ് ഉള്ളത്.

1. ചാവക്കാട്- പുതുപൊന്നാനി
2. കോട്ടപ്പടി- കുണ്ടുകടവ്
3. എരമംഗലം - കോതമുക്ക്
4. എരമംഗലം - തരണിപ്പുഴ

വെളിയങ്കോട് അങ്ങാടി എരമംഗലം ടൗൺ എന്നിവിടങ്ങളിൽ ഓരോ ഓട്ടോ സ്റ്റാൻറും ടാക്സി സ്റ്റാൻറും ഉണ്ട്. ചാവക്കാട് - പുതുപൊന്നാനി റോഡിലും, പുത്തൻപള്ളി - കുണ്ടുകടവ് റോഡിലും ട്രക്കർ, ജീപ്പ് തുടങ്ങിയവയും പാരലൽ സർവ്വീസും നടത്തുന്നുണ്ട്. റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും ഇവിടത്തെ റോഡിൻെറ സ്ഥിതി ശോചനീയമാണ്. മിക്കവാറും റോഡുകൾ ഗതാഗതയോഗ്യമല്ലാത്ത രീതിയിൽ പൊട്ടിയും പൊളിഞ്ഞും കിടക്കുകയാണ്. ഇതിന് പ്രധാന കാരണം ഒട്ടു മിക്ക റോഡുകൾക്കും ഓവുചാലും നടപ്പാതയും ഇല്ലാത്തതാണ്. പല റോഡുകളും താഴ്ന്ന പ്രദേശത്തിലൂടെ നിർമ്മിച്ചതിനാൽ വർഷക്കാലത്ത് വെള്ളം കെട്ടിനിൽക്കുന്നു. മഴക്കാലത്ത് തീരപ്രദേശത്തെയും കിഴക്ക് താഴ്ന്നു കിടക്കുന്ന പ്രദേശത്തു റോഡുകൾ ഗതാഗതയോഗ്യമല്ല. കൾബർട്ടുകളുടെ അപര്യാപ്തതയും ഓവുചാലുകളും കാനയും ഇല്ലാത്തതും യഥാസമയം അറ്റകുറ്റ പണികൾ നടക്കാത്തതുമാണ് ഇതിന് കാരണം. സാമ്പത്തിക ബുദ്ധിമുട്ട് കൊണ്ട് റോഡിൻെറ അറ്റകുറ്റ പണി നടത്തുക എന്നത് പഞ്ചായത്തിന് വളരെയധികം പ്രയാസം ഉണ്ടാകുന്നുണ്ട്.

### ഗ്രാമസഭകളിൽ നിന്ന് ഉയർന്നു വന്നിട്ടുള്ള പ്രധാനനിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ നിലവിലുള്ള റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾ നടത്തുകയും കലുങ്കുകളും ഓവുചാലുകളും നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കുകയും വേണം.
2. പഞ്ചായത്തിൻെറ കീഴിലുള്ള ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ റിപ്പയർ ചെയ്ത് ഗതാഗതയോഗ്യമാക്കിത്തീർക്കുക.
3. നിലവിലുള്ള ടാർ ചെയ്ത റോഡുകൾ സംരക്ഷിക്കുകയും അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്യുക.
4. പഞ്ചായത്ത് റോഡുകളുടെ സ്ഥലം പല സ്ഥലങ്ങളിലും സ്വകാര്യവ്യക്തികൾ കൈയ്യടക്കിവെച്ചിരിക്കുന്നത് വീണ്ടെടുക്കുകയും പഞ്ചായത്തിൻെറ റോഡുകൾ മുഴുവനും സർവ്വേ നടത്തി അതിരുകൾ നിർണ്ണയിക്കുകയും ചെയ്യുക.
5. ജനസാംഖ്യാവർദ്ധനവിൻെറ ഫലമായി ഉൾപ്രദേശങ്ങളിൽ വീടുകൾ

വർദ്ധിച്ചിരിക്കുന്നു. പല ഭാഗങ്ങളിലും ഇത്തരം ഉൾപ്രദേശങ്ങളിൽ നിന്ന് മൈലുകളോളം താണ്ടിവേണം നിലവിലുള്ള പഞ്ചായത്ത് റോഡിലെത്തിപ്പെടാൻ. അതുകൊണ്ടു തന്നെ ഈ പ്രദേശങ്ങളിൽ റോഡുകൾ നിർമ്മിക്കൽ അത്യാവശ്യം തന്നെ. പഞ്ചായത്തിലെ പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഇത്തരം ഉൾപ്രദേശങ്ങൾക്ക് മുൻഗണണന നൽകേണ്ടതാണ്.

6. വാഹനങ്ങളുടെ വർദ്ധനവനുസരിച്ച് പഞ്ചായത്തിൽ റോഡുകൾ വർദ്ധിക്കുന്നില്ല

7. 1936ൽ ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ചതും ഇപ്പോൾ ഉപയോഗശൂന്യമായി കിടക്കുന്നതുമായ ചീർപ്പ് പാലവും മറ്റു റഗുലേറ്റർ ബ്രിഡ്ജുകളും പുന നിർമ്മിക്കുകയാണെങ്കിൽ ഗതാഗതസൗകര്യം വർദ്ധിപ്പിക്കാൻ കഴിയും.

8. കനോലി കനാലിന് കുറുകെയുള്ള തകർന്നുകൊണ്ടിരിക്കുന്ന വെളിയങ്കോട് ചങ്ങാടത്തിന് സാമിപ്യമുള്ള നടപ്പാലം വാഹനഗതാഗതയോഗ്യമായ പാലമായി പു നർനിർമ്മിക്കേണ്ടതാണ്.

9. നിലവിലുള്ള റോഡുകളുടെ മരാമത്ത് പണി കോൺട്രാക്ട് അടിസ്ഥാനത്തിലാണ് നടത്തുന്നത്. അതുകൊണ്ട് നിർദ്ദേശസംഖ്യയുടെ 60, 65% മാത്രമേ പണിക്കുപയോഗിക്കുന്നുള്ളൂ. ഇതുമാറ്റി ജനപങ്കാളിത്തത്തോടെ നടത്തുവാൻ ശ്രമിക്കണം.

10. പഞ്ചായത്തിലെ ടാർചെയ്യാത്ത റോഡുകൾ മുൻഗണനാക്രമത്തിൽ പടിപടിയായി ടാർചെയ്യേണ്ടതാണ്.

11. ആറ് മീറ്റർ വീതിയുള്ള റോഡുകൾ മാത്രമേ ടാർചെയ്യാൻ പാടുള്ളൂ എന്ന നിലപാട് മാറ്റി വീതി കുറഞ്ഞ റോഡുകൾ ടാർചെയ്യാൻ പറ്റുന്ന രീതിയിൽ നിലവിലുള്ള നിയമം ഭേദഗതി ചെയ്യുക.

12. മെറ്റൽ ചെയ്ത റോഡുകൾ ആദ്യപടിയായി ടാർചെയ്യുക.

13. ടാർറോഡില്ലാത്ത വാർഡിൽ മെറ്റൽ ചെയ്ത് മുൻഗണനാ അടിസ്ഥാനത്തിൽ ടാർ ചെയ്യുക.

14. എല്ലാ വാർഡുകളിൽ നിന്നും പുതിയ റോഡുകൾ വേണമെന്ന നിർദ്ദേശം ഉണ്ട്. ചില വാർഡിൽ കൂടുതൽ പുതിയ റോഡുകളുടെ ആവശ്യം ഉന്നയിച്ചിട്ടുണ്ട്. ജനപങ്കാളിത്തത്തോടെയും പഞ്ചായത്തിൻെറ ധനസഹായത്തോടെയും ഈ റോഡുകൾ നിർമ്മിക്കുക.

15. പൂക്കൈത റോഡിൻെറ ഇരുവശത്തുമുള്ള അനധികൃത കുടിയേറ്റക്കാരെ മാറ്റിപ്പാർപ്പിച്ച് ഗതാഗതം കൂടുതൽ സുഖപ്രദമാക്കുക.

16 P.W.Dഏറ്റെടുത്തതും MLA റോഡുമായ കുണ്ടുകടവ് - എടക്കഴിയൂർ റോഡിൻെറ ദീർഘകാലമായി സ്തംഭിച്ചു കിടന്ന പണികൾ ദ്രുതഗതിയിൽ നടത്തി ഗതാഗതയോഗ്യമാക്കുക.

17. കനോലി കനാലിനെ ദേശീയ ജല പാതയിൽ ഉൾപ്പെടുത്തി ഗതാഗതയോഗ്യമാക്കുക.

18. നിർദ്ദിഷ്ട താനൂർ - ഗുരുവായൂർ ലൈനിൻെറ പണികൾ സ്തംഭനാവസ്ഥയിലാണെന്നറിയുന്നു. വെളിയങ്കോട് പഞ്ചായത്തിലൂടെ കടന്നുപോകേണ്ട ഈ

ലൈനിൻെറ ജോലികൾ ഉടൻ ആരംഭിക്കണം ചരിത്ര സ്മരണകളുറങ്ങുന്ന വെളിയങ്കോട് ഒരു റെയിൽവേ സ്റ്റേഷൻ ഉണ്ടാകുന്നത് ഇത് ഈ പ്രദേശത്തിൻെറ വികസനത്തിനു വളരെയേറെ സഹായമാകും.

| റോഡിൻെറ പേര് | ഉടമസ്ഥത | ദൂരം | വീതി | ബസ്സ് മറ്റു യാത്രാ സൗകര്യം |
|---|---|---|---|---|
| ചാവക്കാട് - പുതുപൊന്നാനി N.H. 17 | N.H. 17 | 4. കി.മീ. | 30 മീ. | ഉണ്ട് |
| കോട്ടപ്പടി - കുണ്ടുകടവ് | PWD | 2.5 കി.മീ. | 12 മീ. | ഉണ്ട് |
| എരമംഗലം - കോതമുക്ക് | പഞ്ചായത്ത് | 1.400 കി.മീ. | 8 മീ. | ഉണ്ട് |
| കോതമുക്ക് കുണ്ടുകടവ് മുതൽ മടപ്പാട് വഴി മാറഞ്ചേരി പഞ്ചായത്ത് അതിർത്തിവരെ | പഞ്ചായത്ത് | .815 കി.മീ. | 6 മീ. | മറ്റു യാത്രാ സൗകര്യം |
| ചങ്ങാരം ഫൂട്പാത്ത് റോഡ് | ,, | .740 കി.മീ. | 4 മീ. | ,, |
| എം.ജി.റോഡ് | ,, | 300 മീ. | 6 മീ. | ,, |
| വെളിയംകോട് പാഞ്ചൻ റോഡ് | ,, | 2 കി.മീ. | 6 മീ | ,, |
| താഴത്തേൽ പടി റോഡ് | ,, | 1 കി.മീ. | 6 മീ. | ,, |
| ടിപ്പുസുൽത്താൻ റോഡുമുതൽ ഫിഷറീസ് സ്കൂൾ വരെ | ,, | 2 കി.മീ. | 6 മീ. | ,, |

## ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് | നീളം | വീതി |
|---|---|---|---|
| 1 | പുക്കൈത റോഡ് | 2 കി.മീ. | 8 മീ. |
| 3 | ബീവിപ്പടി കടപ്പുറം റോഡ് | 2 കി.മീ. | 6 മീ |
|  | എരമംഗലം അയിരൂർ റോഡ് | .900 കി.മീ. | 6 മീ. |

| | |
|---|---|
| 10 | ചെമ്പയിൽ പറമ്പ് മുതൽ ജ ഐ അ വരെ |
| 10 | ശ്മശാനം റോഡ് തട്ടാൻ തറയിൽ എത്തിക്കുക |
| 10 | കോതമുക്ക് ശിവക്ഷേത്രം റോഡ് മുതൽ പെറുമുടി ശെരി റോഡ് വരെ |
| 11 | നമ്പിശ്ശേരി മുതൽ കാലടിപ്പറമ്പ് വരെ |
| 11 | അടിയാർ കുളം മുതൽ തടത്തിപ്പാടം വരെ |
| 11 | തണിക്കറായി പറമ്പു മുതൽ നാക്കോലവവരെ |
| 3 | പടുന്നപള്ളി ജംഗഷനിൽ നിന്നും തെക്കോട്ട് ബീച്ച്റോഡ്വരെ |
| 3,4 | ബീവിപ്പടിയിൽ നിന്നും കിഴക്കോട്ട് വലക്കയവരെ |

## നിലവിലുള്ള ടാറിടാത്ത റോഡുകൾ

| റോഡിൻെറ പേര് | നിളം | വീതി | ഒരുവർഷത്തിൽ ചിലഴിച്ച ഫണ്ട് | മെറ്റൽ | | ഓട | | കലുങ്ക് | അറ്റകുറ്റപ്പണി |
|---|---|---|---|---|---|---|---|---|---|
| | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | ഇല്ലാത്തത് | | |
| കോതമുക്ക് കുണ്ടുകടവ് റോഡിൽ പഴഞ്ഞിമുതൽ മാറഞ്ചേരി പഞ്ചായത്ത് വരെ | 1.200 | 8 | | | | | | | |
| ടിപ്പുസുൽത്താൻ റോഡിൽ നിന്ന് വെളിയങ്കോട് പള്ളിവരെ | 3 | 6 | | | | | | | |
| വെളിയംകോട് ബീച്ച് റോഡ് | 2.160 | 6 | | | | | | | |
| എരമംഗലം ചേനാത്ത്മുക്ക് മുതൽ കോതമുക്ക് കണ്ടുകടവവരെ റോഡ് | 2.280 | 6 | | | | | | | |

## മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

| വാർഡ് | റോഡിൻെറ പേര് | ദൂരം | വീതി |
|---|---|---|---|
| 9 | മനപ്പടി പത്തിരം റോഡ് | .500 കി.മീ. | 6 മീ |
| 9 | കൊളാടി ബാലകൃഷ്ണൻ മെമ്മോറിയൽ റോഡ് | .900 കി.മീ. | 6 മീ. |
| 11 | കളത്തിൽപടി റോഡ് | .400 കി.മീ. | 6 മീ. |
| 11 | നാക്കോല - കൊഴപ്പുള്ളി റോഡ് | .900 കി.മീ. | 6 മീറ്റർ |
| 11 | നാക്കോല - പടിഞ്ഞാറുഭാഗത്തേക്കുള്ള റോഡ് | .400 കി.മീ. | 5 മീ |
| 10 | മണ്ണുപ്പാടം റോഡ് | .400 കി.മീ. | 5 മീ. |
| 8 | താഴത്തേൻ പടി - കണ്ണേങ്കാവ് റോഡ് | .500 കി.മീ. | .5 മീ. |

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

| | |
|---|---|
| 1 | താണപാടത്ത് പടി മുതൽ ചങ്ങാടം വരെയുള്ള ചെമഴി |
| 1 | പഴഞ്ഞി പാലം മുതൽ തവളക്കുളം ചങ്കേതാഴം വരെ |
| 2 | പാമ്പൻ റോഡിൽ നിന്നും തീരപ്രദേശത്തേക്ക് |
| 3 | മരക്കാന പള്ളി മുതൽ കനോലി കലാൽവരെ |
| 4 | ലക്ഷം വീട് ഭാഗത്തെക്ക് |
| 5 | പാടത്തകായി റോഡിൽ നിന്ന് കാക്കാച്ചി പറമ്പ് വരെ |
| 5 | അയ്യോടിച്ചിറയിൽ നിന്ന് കടൽവരെ |
| 5 | അയ്യോട്ടിച്ചിറ പള്ളിമുതൽ പാടത്തക്കായിൽ റോഡ് വരെ |
| 6 | കച്ചേരി പൊറായി റോഡ് |
| 6 | കന്മില വളപ്പിൽ നിന്ന് റോഡ് വരെ |
| 6 | ശ്രമം സെൻററിൽ നിന്ന് റോഡ് വരെ |
| 7 | ചെന്താത്ത് സ്കൂൾ അറക്കലാം കുന്ന് |
| 8 | ലക്ഷം വീട് കോളനിയിൽ നിന്ന് മെയിൻ റോഡ് വരെ |
| 10 | മുന്നുള്ളി പറമ്പ് |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| കോതമുക്ക് കുണ്ടുകടവ് റോഡിൽ നിന്ന് മാറഞ്ചേരി പഞ്ചായത്ത് | .815 | 6 | | | | | | | | |
| അളപ്പൂർ പടിമുതൽ അനപ്പടി വരെ | .545 | 4 | | | | | | | | |
| വെളിയംകോട് റൈസ് മിൽ റോഡ് | .875 | 4 | | | | | | | | |
| വെളിയങ്കോട് റൈസ്മിൽ റോഡ് | .875 | 4 | | | | | | | | |
| പഴഞ്ചിറ റോഡ് | .835 | 4 | | | | | | | | |
| വലക്കടവ് വഴിയുള്ള റോഡ് | .94 | 4 | | | | | | | | |
| ടിപ്പുസുൽത്താൻ റോഡുമുതലുള്ള ചാങ്കേൽ താഴം വരെയുള്ള റോഡ് | 1 | 4 | | | | | | | | |
| ടിപ്പു വെളിയംകോട് പാലംവരെയുള്ള റോഡ് | 850മീ | 4 | | | | | | | | |
| ടിപ്പു പൂക്കൈത റോഡ് | 1.200 | 8 | | | | | | | | |
| ടിപ്പു പുതുപൊന്നാനി കടവ് വരെയുള്ളത് | 1 | 8 | | | | | | | | |
| ടിപ്പു തണ്ണിതുറവരെയുള്ള റോഡ് | .375 | 4 | | | | | | | | |

## ഊർജ്ജം

വെളിയങ്കോട് പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യേണ്ടത് ഇടപ്പാൾ സബ് സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തുമായി ബന്ധപ്പെട്ട ട്രാൻസ്ഫോർമറുകളുടെ ശേഷി

ഇവിടത്തെ വൈദ്യുതി ഉപയോഗത്തെക്കാൾ കുറവാണ്. എല്ലാ ട്രാൻസ്ഫോർമറുകളും അധികഭാരം വഹിക്കുന്നു. ഉപഭോക്താക്കളുടെ എണ്ണത്തിലും വൈദ്യുതി ഉപയോഗത്തിലും വർദ്ധനവുണ്ടായിരിക്കുന്നു എങ്കിലും പഞ്ചായത്തിലേക്ക് ലഭിക്കുന്ന വൈദ്യുതി വിതരണവും ട്രാൻസ്ഫോർമറുകളും ഇവിടുത്തെ ആവശ്യങ്ങൾക്ക് പര്യാപ്തമല്ല. പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രധാനപ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. വൈദ്യുതി ഉപയോഗത്തിന്റെ75% ഗാർഹിക ആവശ്യങ്ങൾക്കാണ(വെളിച്ചം) ഉപയോഗിക്കുന്നത്. 20 % കാർഷികവൃത്തിക്കുപയോഗിക്കുന്നു. 5%വ്യാവസായിക ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇടപ്പാൾ സബ്സ്റ്റേഷനിൽ നിന്ന് യഥാർത്ഥത്തിൽ ലഭിക്കേണ്ട വോൾട്ടേജിന്റെ 60% മാത്രമാണ് ലഭിക്കുന്നത്. ഇതുകാരണം പഞ്ചായത്തിലേക്ക് ലഭിക്കേണ്ട വോൾട്ടേജിൽ 50% കുറവു വരുന്നു.

പഞ്ചായത്തിൽ 50% ൽ കുറവ് വീടുകൾ മാത്രമാണ് വൈദ്യുതീകരിച്ചിട്ടുള്ളത്. കാർഷിക ആവശ്യങ്ങൾക്ക് വളരെ കുറച്ച് വൈദ്യുതി മാത്രമാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ നാമമാത്രമായ ചെറുകിട വ്യവസായ യൂണിറ്റ് (സോമില്ലുകൾ മുതലായവ) മാത്രമാണ് വൈദ്യുതി ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ ആകെ കോളനികളിൽ വൈദ്യുതീകരിച്ച ഏക കോളനി പത്തിരംതിരുത്ത് ഹരിജൻ കോളനിയാണ്. പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ എണ്ണം ആകെ 16 ആകുന്നു. അതിൽ പുന്നയൂർക്കുളം സബ്ഡിവിഷൻ ആപ്പീസിന്റെ കീഴിൽ 13 ട്രാൻസ്ഫോർമറുകളും പൊന്നാനി സബ്ഡിവിഷന്റെ കീഴിൽ 3 ട്രാൻഫോമറുകളാണുള്ളത്. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

a ബൾബ് - 135

b ട്യൂബ് -6

c മെർക്കുറി വേപ്പർ -0

d സോഡിയം വേപ്പർ -6

സ്ട്രീറ്റ് ലൈറ്റിനുവേണ്ടി പഞ്ചായത്ത് പ്രതിമാസം 1965 രൂപ അടയ്ക്കുന്നു.

## പ്രശ്നങ്ങൾ

### 1. വോൾട്ടത കുറവ്

പഞ്ചായത്തിലെ ധാരാളം ഉപഭോക്താക്കൾ 110 V ബൾബാണ് ഉപയോഗിക്കേണ്ടിവരുന്നത്. പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ 25 V താഴെയാണ് വോൾട്ടേജ് ലഭിക്കുന്നത്. പഞ്ചായത്തിലെ മീറ്റർ റീഡിങ്ങുകൾ ആറുമാസത്തിലൊരിക്കലാണ് എടുക്കുന്നത്. 10% മീറ്ററുകളും കേടാണ്. പ്രധാനമായും വൈദ്യുതി നഷ്ടപ്പെടുന്നത്

വിതരണത്തിലുള്ള തകരാറം മൂലമാണ്. വൈദ്യുതി ലൈനുകളും പോസ്റ്റുകളും മിക്കതും തകർന്നതും പൊട്ടിവീഴാറായതുമാണ്.

## നിർദ്ദേശങ്ങൾ

1. പ്രധാനമായും വോൾട്ടേജ് ക്ഷാമം ആകുന്നു. ഇതിനു പരിഹാരം കാണാൻ പഞ്ചായത്ത് മുൻഗണന നൽകേണ്ടതാണ്.

2. പൊന്നാനി 66 കെ.വി. സബ്സ്റ്റേഷൻെറ പണി ഉടൻ പൂർത്തീകരിക്കുക.

3. ട്രാൻസ്ഫോർമറുകളുടെ എണ്ണം കൂട്ടുക.

4. പ്രേഷണ വിതരണസംവിധാനം കാര്യക്ഷമമാക്കുകയും ലൈനുകളുടേയും പോസ്റ്ററുകളുടേയും മറ്റും അറ്റകുറ്റപണികൾ യഥാസമയം നടത്തുകയും ചെയ്യുക.

5. വൈദ്യുതി ലൈനുകളിൽ മുട്ടികിടക്കുന്ന മരങ്ങളും മറ്റു തടസ്സങ്ങളും നീക്കം ചെയ്യുക.

6. പഞ്ചായത്തിൻെറ പ്രധാന കവലകളിലും റോഡിൻെറ വശങ്ങളിലും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.

7. കാർഷിക ആവശ്യങ്ങൾക്ക് വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള നിയമനടപടികൾ ലഘൂകരിക്കുക.

8. പഞ്ചായത്തിൽ അധിവസിക്കുന്ന ജനങ്ങളിൽ ഭൂരിഭാഗവും സാമ്പത്തികശേഷി കുറഞ്ഞവരാകുന്നു. ഇവർക്ക് വീട് വൈദ്യുതീകരിക്കാൻ സാമ്പത്തികസഹായം നൽകുക.

9. പ്രൈവറ്റ പ്രോപ്പർട്ടിയിലൂടെ ലൈൻ വലിക്കാനുള്ള വ്യക്തികളുടെ തടസ്സം നീക്കാൻ ആവശ്യമായ നടപടികൾ എടുക്കുക

10. A വൈദ്യുതി ഉപയോഗിച്ചുള്ള ഗാർഹികാവശ്യങ്ങൾക്ക് പ്രയാസങ്ങൾ അനുഭവപ്പെടുന്നതിനാൽ ബയോഗ്യാസ്, ഗോവർഗ്യാസ്, പ്ലാൻറുകൾ നിർമ്മിച്ച് പരിഹാരം കാണാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

B ശാസ്ത്ര സാഹിത്യ പരിഷത്തിൻെറ പുകയില്ലാത്ത അടുപ്പുകൾക്ക് പ്രചരണം നടത്തുക.

C കോംപാക്ട് ഫ്ലൂറസൻറ് ലാംബ് ഉപയോഗിക്കാൻ ജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

D പമ്പ് സെറ്റുകളിൽ ഫ്രിക്ഷൻലെസ് ഫൂട്ട് വാൾവ് ഉപയോഗിക്കാൻ പ്രേരിപ്പിക്കുക.

11. അനർട്ട് മുഖേന സോളാർ ഉപകരണങ്ങളായ റാന്തൽ പ്രഷർകുക്കർ മുതലായവ പഞ്ചായത്തിൽ പ്രചാരം നൽകുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും പഞ്ചായത്ത് ധനസഹായം നൽകി ഇവ ആവശ്യക്കാർക്ക് വിതരണം ചെയ്യുക.

12. പഞ്ചായത്ത് കോളനികളിൽ വൈദ്യുതി സൗജന്യമായി നൽകാനുള്ള സംവിധാനം ഏർപ്പെടുത്തുക.

13. വൈദ്യുതി എത്തിച്ചേരാത്ത ഉൾപ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കാനുള്ള നടപടി കൈക്കൊള്ളുക.

14. പഴഞ്ചിറ ട്രാൻസ്ഫോർമർ പുന്നയൂർക്കുളം സെക്ഷനിൽ നിന്ന് മാറ്റി എരമംഗലം സബ് എഞ്ചിനീയറുടെ കീഴിലാക്കുക.

15. വൈദ്യുതി കണക്ഷൻ താമസിയാതെ ലഭ്യമാക്കുക.

16. എരമംഗലത്ത് നിലവിലുള്ള ഇലക്ട്രിസിറ്റി ഓഫീസ് സെക്ഷൻ ഓഫീസായി ഉയർത്തുകയും അതിനുകീഴിൽ വെളിയങ്കോട് അങ്ങാടിയിൽ സബ്ഓഫീസ് ആരംഭിക്കുകയും ചെയ്യുക.

17. ഉപഭോക്താക്കളുടെ വർദ്ധനവുള്ള പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

18. ആഢംബരാവശ്യങ്ങൾക്കും അനാവശ്യമായും വൈദ്യുതി ദുരുപയോഗപ്പെടുത്തുന്നത് തടയുക.

19. പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലും സ്ഥിരം ലൈൻമാൻമാരെ നിയമിക്കുക.

20. ജനങ്ങളുടെ സൗകര്യത്തിനുവേണ്ടി പഞ്ചായത്തിൻെറ പടിഞ്ഞാറു ഭാഗത്തുള്ള ഇലക്ട്രിസിറ്റി ഉപഭോക്താക്കളെ പുന്നയൂർക്കുളം സെക്ക്ഷനിൽ നിന്നും മാറ്റി പൊന്നാനി സെക്ഷൻെറ കീഴിലാക്കുക.

# പാർപ്പിടവും സാമൂഹ്യക്ഷേമവും

സാമൂഹ്യമായും വിദ്യാഭ്യാസമായും പിന്നോക്കാവസ്ഥയിൽ കഴിയുന്ന ജനങ്ങൾ അധിവസിക്കുന്ന വെളിയംകോട് വില്ലേജിനെ ഉൾക്കൊള്ളുന്നതാണ് വെളിയംകോട് ഗ്രാമ പഞ്ചായത്ത്.

ഗൾഫ് പണത്തിൻെറ സ്വാധീനം ഈ പഞ്ചായത്തിൻെറ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണ്. എന്നാൽ ഈ പണം ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. ഭവന നിർമ്മാണ രംഗത്തെ കോൺക്രീറ്റ് സൗധങ്ങളിൽ ഒതുങ്ങി നില്ക്കുന്നു ഈ വരുമാനം.

കൂലി പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ടു തന്നെ കുടിലുകളു ഇടത്തരം വീടുകളും ആണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. ഇതിൽ കുടിലുകൾ കൂടുതലും മൽസ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന രണ്ട്, മുന്ന്, അഞ്ച്, ആറ് എന്നീ വാർഡുകളിലുമാണ്.

**വീടുകളുടെ തരം തിരിവ് പട്ടിക വാർഡ് തലത്തിൽ**

| വാർഡ് | ഓട് | ടെറസ് | ഓല | ഇരുനില | ആകെ |
|---|---|---|---|---|---|
| 1 | 165 | 51 | 269 | 26 | 511 |
| 2 | 235 | 71 | 298 | 34 | 638 |
| 3 | 278 | 65 | 358 | 57 | 758 |
| 4 | 164 | 31 | 262 | 24 | 481 |
| 5 | 258 | 80 | 210 | 36 | 584 |
| 6 | 125 | 102 | 315 | 41 | 583 |
| 7 | 118 | 22 | 239 | 32 | 461 |
| 8 | 100 | 147 | 191 | 101 | 539 |
| 9 | 127 | 123 | 158 | 108 | 516 |
| 10 | 140 | 43 | 212 | 31 | 426 |
| 11 | 106 | 43 | 212 | 31 | 426 |
| ആകെ | 1816 | 839 | 2781 | 539 | 6025 |

പഞ്ചായത്തിലെ 6025 വീടുകളിൽ ഇടത്തരവും ബാക്കി 2781 വീടുകൾ കുടിലുകളോ ഓല മേഞ്ഞവയോ ആണ്. 91-92 വർഷം മുതൽ ഈ കാലയളവ് വരെ പഞ്ചായത്തിലെ 11 വാർഡുകളിലായി നിർമ്മിച്ച വീടുകൾ വിലയിരുത്തുന്നതിൽ പാർപ്പിട നിർമ്മാണ ചിലവ് വളരെയധികം വർദ്ധിച്ചതായി കാണുന്നു.

P.W.D. NH, പഞ്ചായത്ത് റോഡ്, എന്നിവയുടെ സമീപങ്ങളിലായിട്ടാണ് ലക്ഷങ്ങൾ മുടക്കി വീടുകൾ നിർമ്മിക്കുന്നത്. പാടങ്ങൾ നികത്തി കെട്ടിടങ്ങൾ ഉണ്ടാക്കുന്ന പ്രവണതയും പഞ്ചായത്തിൽ ഉണ്ട്. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിനും ആശങ്കാജനകമാണ്.

ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ പഞ്ചായത്തിലില്ല. അതുകൊണ്ട് സാമ്പത്തിക സഹായത്തിന് സഹകരണ സംഘങ്ങളെ ആശ്രയിക്കേണ്ടി വരികയാണ് ചെയ്യുന്നത്. എന്നാൽ അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കാത്തതും കാരണം ഈ വായ്പ സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവന നിർമ്മാണ വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്.

നിർമ്മിക്കുന്ന വീട് ഈടായിസ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. പലിശ നിരക്ക് 10% എങ്കിലും ആക്കണം. പ്ലോട്ട് അടിസ്ഥാനത്തിൽ തവണ വ്യവസ്ഥയിൽ വീട് നിർമ്മിച്ച് നല്കുക തുടങ്ങിയ നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്. സർക്കാർ ഭവന നിർമ്മാണ ബോർഡുവഴി ദുർബല-ഇടത്തരം വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവന വായ്പ ദുർബല വിഭാഗക്കാർക്ക് മാത്രമായും അത് തന്നെ വിരലിൽ എണ്ണാവുന്നവർക്കു മാത്രമായുമാണ് ലഭിക്കുന്നത്.

ദുർബല വിഭാഗക്കാർക്ക് വീട് വെയ്ക്കാനും ഇടത്തരക്കാർക്കം നിർമ്മാണത്തിനും പുതുക്കിപ്പണിയാനും ഈ സഹായങ്ങളോ - വായ്പകളോ ലഭ്യമാക്കാത്തതിൽ ഈ വിഭാഗം ജനങ്ങൾ അസംതൃപ്തരാണ്. പാർപ്പിട പ്രശ്നം അടിയന്തിര പ്രാധാന്യത്തോടെ പരിഹരിക്കപ്പെടേണ്ടതാണ്.

**പഞ്ചായത്തിൽ വിവിധ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളുടെ വിവരപ്പട്ടിക.**

| വർഷം | റിലീഫ് | NREP | IAY | MWS | JRY | ആകെ |
|---|---|---|---|---|---|---|
| 1992-93 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | നാല് | നാല് |
| 1993-94 | ഇല്ല | ഇല്ല | 16 | ഇല്ല | രണ്ട് | പതിനെട്ട് |
| 1994-95 | ഇല്ല | ഇല്ല | ഇല്ല | രണ്ട് | ഇല്ല | രണ്ട്എ |
| 1995-96 | ഇല്ല | ഇല്ല | ഒൻപത് | രണ്ട് | ആറ് | പതിനേഴ് |

ഭവന നിർമ്മാണ സാമഗ്രീകളുടെ അമിതമായ വിലക്കയറ്റം, കൂലി നിരക്കിലെ ക്രമാതീതമായ വർദ്ധനവ് ഇവ നിമിത്തം പാവപ്പെട്ടവർക്ക് സ്വന്തമായ വീട് എന്ന മോഹം

സ്വപ്നമായി അവശേഷിക്കുന്നു. കിട്ടിയ ആനുകൂല്യങ്ങൾകൊണ്ട് വീട് നിർമ്മിക്കാനും പണി പൂർത്തിയാക്കാനും കഴിയാത്ത അവസ്ഥയാണുള്ളത്.

ഏകീകരിച്ച കൂലി നിരക്ക് ഈ പഞ്ചായത്തിൽ ഇല്ല. 95-96 കാലയളവിൽ വിദഗ്ദ തൊഴിലാളികൾക്ക് 100 മുതൽ 130 രൂപ വരെയാണ് കൂലി നിരക്ക്. അവിദഗ്ദ തൊഴിലാളികൾക്ക് 60 മുതൽ 80 രൂപ വരെയാണ് കൂലി നിരക്ക് പുരുഷതൊഴിലാളികളേക്കാൾ സ്ത്രീകൾക്ക് കെട്ടിട നിർമ്മാണ മേഖലയിലും കൂലി കുറവാണ്.

റവന്യൂ വകുപ്പ് വഴി പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതിയുടെ ആനുകൂല്യവും പഞ്ചായത്തിൽ ലഭിക്കുന്നുണ്ടെങ്കിലും ഇത് അപര്യാപ്തമാണ്. പഞ്ചായത്തിലെ തീരദേശത്ത് അനുഭവപ്പെടുന്ന പ്രകൃതി ക്ഷോഭം തടയാനും വീടിന്റെ സംരക്ഷണം ഉറപ്പുവരുത്താനും ശ്രദ്ധിക്കണം. കൂലി നിരക്കിലേയും അതിനെ വെല്ലുന്ന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീട് നിർമ്മാണത്തിന് സർക്കാർ വിവിധപദ്ധതികളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും വർദ്ധിപ്പിക്കാനും വായ്പക്കുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും നടപടികൾ ഉണ്ടാകേണ്ടതുണ്ട്.

പഞ്ചായത്തിൽ ആകെ ഒരു പട്ടികജാതി കോളനിയാണുള്ളത്.(പത്തിൽ) ലക്ഷം വീടുകോളനികൾ അഞ്ചെണ്ണം ഉണ്ട്. വെളിയംകൊട് പഞ്ചായത്തിൽ രണ്ടാം വാർഡിൽ ലക്ഷം വീട് കോളനിക്ക് വടക്കു പടിഞ്ഞാറുഭാഗത്ത് കടമ്പാളം എന്ന സ്ഥലം പുതിയ വീടുകളുണ്ടാക്കാനായി മാറ്റി വെക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1. ഒന്നും രണ്ടും വാർഡുകളെ സുമാർ 25 വർഷക്കാലത്തോളമായി റോഡ് പുറംപോക്കിൽ താമസിച്ചുവരുന്ന 32 കുടുംബങ്ങൾക്ക് ആവശ്യമുള്ള വീടും സ്ഥലവും ലഭ്യമാക്കി പുനരധിവസിപ്പിക്കേണ്ടതാണ്.

2. വെളിയംകോട് പഞ്ചായത്തിലെ 5 ലക്ഷം വീട് കോളനികൾ താഴെ പറയുന്നവയാണ്.

1. തണ്ണിത്തുറ ലക്ഷം വീട്.
2. കവളങ്ങാട്ട് ലക്ഷം വീട്
3. വാരിയംപുള്ളി ലക്ഷം വീട്.
4. വെളിയംകോട് 4-ാം വാർഡ് ലക്ഷം വീട്.

5. വെളിയംകോട് 2-ാം വാർഡ് ലക്ഷം വീട്. ലക്ഷം വീട് കോളനികളിൽ നിലവിലുള്ള വീടുകൾ കേടുപാടുകൾപ്പറ്റി തകർന്നു കൊണ്ടിരിക്കുകയാണ്, ഇവ പുതുക്കി പണിയേണ്ടതാണ്. കോളനികളിൽ ഫ്ലാറ്റ് സിസ്റ്റം പരിഗണിക്കാവുന്നതാണ്.

6. നമ്മുടെ പ്രദേശത്തിനനുയോജ്യമായ വീടുകൾ കുറഞ്ഞ ചിലവിൽ നിർമ്മിക്കാനുള്ള സാങ്കേതിക വിദ്യ അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രചരിപ്പിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ നിർമ്മിതി പോലുള്ള ഏജൻസികളുടെ സഹായം ലഭ്യമാക്കുക

7. പാർപ്പിട നിർമ്മാണത്തിലെ പാഴ്ബലവും ഒഴിവാക്കാൻ പ്രചരണം നടത്തണം

8. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ രംഗത്ത്. സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകാവുന്ന സഹ. സംഘങ്ങൾ ഉണ്ടാകേണ്ടതാണ്.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജന പദ്ധതിയും, സംഘടിത- അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായി ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പഞ്ചായത്തിൽ കയർ തൊഴിലാളികൾ, കെട്ടിട നിർമ്മാണ തൊഴിലാളികൾ- കർഷക തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല.

പെരുമ്പടപ്പ് ബ്ളോക്ക് ഡവലപ്പ് മെൻറ് ആപ്പീസിനു കീഴിലുള്ള എരമംഗലം. വെളിയംകോട് എന്നീ രണ്ട് വില്ലേജ് സർക്കിളുകൾ വഴിയാണ് ഗ്രാമവകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ലഭിക്കുന്നത്.

രണ്ട് സർക്കിളുകളിലൂടെയും നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായ വിലയിരുത്തലിന് ഗുണഭോക്താക്കളിൽ നിന്നും വ്യക്തവും കൃത്യവുമായ വിവരങ്ങൾ സ്വീകരിക്കപ്പെടേണ്ടതുണ്ട്. രണ്ട് VEO സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി താഴെ പ്രതിപാദിക്കുന്നു.

ദാരിദ്ര്യ രേഖക്ക് താഴെയുള്ള ഗ്രാമീണജനതയുടെ ഉന്നമനത്തിനുവേണ്ടിയുള്ള ഈ ക്ഷേമപദ്ധതി നടപ്പാക്കുന്നതിൽ ആശാവഹമായ പുരോഗതി നേടിയിട്ടില്ല എന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്. ഈ പദ്ധതിയെക്കുറിച്ചുള്ള സർക്കാറിൻെറ നിർവചനം കാലോചിതമായ മാറ്റത്തിന് വിധേയമാക്കേണ്ടതാണ്. ദാരിദ്രരേഖയുടെ പരിധി 25,000 രൂപയെങ്കിലും ആക്കി ഉയർത്തണം.

DWCRA സഹായലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോ അതിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽസംരംഭമാണ് DWCRA

ആവശ്യമായ സഹായം നൽകാനും അതാതു പ്രദേശത്തെ സന്നദ്ധസംഘടന പ്രവർത്തകരടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന സാധനങ്ങൾക്ക് മാർക്കറ്റ് കണ്ടെത്താൻ സാധിക്കാത്ത സ്ഥിതിയുണ്ട്, ഉൽപ്പന്നങ്ങൾ സർക്കാർ ഏജൻസികൾ മുഖേന വിറ്റഴിക്കാനുള്ള സംവിധാനം ഉണ്ടാക്കണം.

| യൂണിറ്റിൻെറ പേര് | തുടങ്ങിയ വർഷം | സ്കീം | സബ്സിഡി | വായ്പ | ആകെ സ്ത്രീകൾ |
|---|---|---|---|---|---|
| ഐശ്വര്യ യൂണിറ്റ് വെളിയംകോട് | 1988-89 | കയർ നിർമ്മാണം | 27000 | 54000 | 15 |
| കാട്ടുകുളം യൂണിറ്റ് വെളിയംകോട് | 1991-92 | ആടുവളർത്തൽ, ബീഡി തെറുപ്പ് | 40000 | 42000 | 10 |
| വെളിയം യൂണിറ്റ് | 1991-92 | ആടുവളർത്തൽ, ബീഡി തെറുപ്പ് | 8080 | 16170 | 5 |
| പഴഞ്ഞി യണിറ്റ് | 1990-94 | ആടുവളർത്തൽ, ബീഡി തെറുപ്പ് | 9500 | 19000 | 5 |
| നീതു യൂണിറ്റ് | 1990-91 | ആടുവളർത്തൽ, അവിൽ നിർമ്മാണം | 27000 | 27000 | 10 |
| അനുഗ്രഹ യൂണിറ്റ് | 1991-92 | ഫുഡ് പ്രോസസ്സിങ്ങ് യൂണിറ്റ് | 33000 | 33000 | 11 |
| കളത്തിൽ യൂണിറ്റ് | 1994-95 | പശുവളർത്തൽ | 48000 | 92000 | 10 |
| എരമംഗലം യൂണിറ്റ് | 1993-94 | പശുവളർത്തൽ | 19750 | 39500 | 5 |
| കാട്ടുകുളം -നീതു - അനുഗ്രഹ - കളത്തിൽപടി എന്നീ യൂണിറ്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നു. | | | | | |
| ഐശ്വര്യ കയർ നിർമാണ യൂണിറ്റ് പ്രവർത്തനം തൃപ്തികരമല്ല. പ്രസ്തുത യൂണിറ്റിൻെറ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതുണ്ട്. മറ്റു യൂണിറ്റുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. | | | | | |

ട്രൈസം

18 മുതൽ 35 വരെയുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകുന്നതാണ് ട്രൈസം.

92-93 വർഷം മുതൽ 95 - 96 വർഷം വരെ 30 പേർക്ക് പരിശീലനം ലഭിച്ചതായി കണക്കുകൾ കാണുന്നു. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിലിൽ പരിശീലനം

നൽകുവാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽസംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. വളരെ ചുരുക്കം പേർക്കു മാത്രമേ ഈ പദ്ധതിയിലൂടെ പരിശീലനം നൽകാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ലഭിക്കുന്ന സ്റ്റൈപൻറ് തുക കൂട്ടുകയും വേണം.

### ടൂൾ കിറ്റ്

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്.

92-93 മുതൽ 95-96 വർഷം വരെ 11 പേർക്ക് 22,000 രൂപയുടെ ഉപകരണങ്ങൾ വിതരണം ചെയ്തതായി കണക്കുകൾ കാണിക്കുന്നു. ആവശ്യക്കാർക്ക് കിട്ടുന്നില്ല എന്ന പരാതി നിലനില്ക്കേ 92-93 വർഷത്തിൽ ഗുണഭോക്താക്കൾക്ക് കിട്ടിയിട്ടുമില്ല. ഈ പദ്ധതികളെ കുറിച്ച് ഈ മേഖലയിലെ തൊഴിലാളികൾ ബോധവാന്മാരല്ല.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുനന പദ്ധതിയാണ് CRSP.

92-93 മുതൽ 95-96 വർഷക്കാലയളവിനുള്ളിൽ നമ്മുടെ പഞ്ചായത്തിൽ 58,000 രൂപ സഹായം അനുവദിച്ച് 29 കക്കൂസുകളാണ് നിർമ്മിച്ചിട്ടുള്ളത് എന്ന് കാണുന്നു. ഓരോ വർഷത്തിലും ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിൻെറ ഗുണം ലഭിക്കുന്നുള്ളൂ എന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ഇപ്പോൾ അനുവദിക്കുന്ന സംഖ്യ കക്കൂസ് നിർമ്മിക്കാൻ പര്യാപ്തമല്ല. ആയതിനാൽ കൂടുതൽ സംഖ്യ അനുവദിക്കണം. കക്കൂസ് നേരിട്ട് നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

## പെൻഷനുകളെ സംബന്ധിച്ച്

### വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺകുട്ടികൾ ഉണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിൻെറ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. പഞ്ചായത്തിൽ 188 പേർക്ക് പെൻഷൻ ലഭിക്കുന്നു.

### വികലാംഗപെൻഷൻ

വൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ലഭിക്കാൻ ബുദ്ധിമുട്ടുകൾ ഏറെയാണ്. സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. ഇതിന് വൈകല്യം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം

താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആപ്പീസർക്ക നൽകണം. പഞ്ചായത്തിൽ 96 പേർക്ക് വികലാംഗപെൻഷൻ ലഭിക്കുന്നുണ്ട്.

### കാർഷികതൊഴിലാളി പെൻഷൻ

പഞ്ചായത്തിൽ അനർഹരായ ധാരാളം പേർ കർഷകതൊഴിലാളി പെൻഷൻ വാങ്ങുന്നുണ്ട്. അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നുമില്ല. അർഹരായവരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരെ തിരഞ്ഞെടുത്ത് ആ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

### അഗതി പെൻഷൻ

അനാഥരായ, വാർദ്ധക്യം ബാധിച്ചവർക്ക് നൽകുന്നതാണിത്. പഞ്ചായത്തിൽ 55 പേർക്ക് അഗതിപെൻഷൻെറ ഗുണം ലഭിക്കുന്നു.

### രോഗികൾക്കുളള സാമ്പത്തികസഹായം

നാല്പേർക്ക് കാൻസർ സഹായം ലഭിക്കുന്നു. ഇതിൻെറ കാലവധി ഒരു വർഷമാണ്. നമ്മുടെ പഞ്ചായത്തിലെ 8 പേർക്ക് ക്ഷയരോഗ ബാധിതർക്കുള്ള സഹായം ലഭിക്കുന്നു. കുഷ്ഠരോഗം വന്നവർക്ക് ലഭിക്കുന്ന സഹായം അഞ്ചുപേർക്ക് ഈ പഞ്ചായത്തിൽ ലഭിക്കുന്നു.

### തൊഴിലില്ലായ്മ വേതനം

നമ്മുടെ പഞ്ചായത്തിൽ നിന്ന് പൊന്നാനി എംപ്ലോയ്മെൻറ് എക്സേഞ്ചിൽ പേർ റജിസ്ററർ ചെയ്ത് പുതുക്കുന്നവരുടെ എണ്ണം 497 ആണ്. അതിൽ 173 വനിതകളും 324 പുരുഷന്മാരുമാണ്. 37 പേർ തൊഴിലില്ലായ്മവേതനം വാങ്ങുന്നവരായിട്ടുണ്ട്. വികസന പ്രവർത്തനത്തിൽ തൊഴിലില്ലായ്മ വേതനം വാങ്ങുന്നവരുടെ സേവനം ഉറപ്പുവരുത്തണം.

### അംഗനവാടികൾ

സാമൂഹ്യ ക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന്ന അംഗന വാടികൾ നമ്മുടെ പഞ്ചായത്തിലെ 11 വാർഡുകളിലായി 26 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനസംഖ്യക്ക് ഒരു അംഗനവാടി എന്നതാണ് ICDS ൻെറ ലക്ഷ്യം എങ്കിലും ഇത് പഞ്ചായത്തിൽ നിറവേറ്റപ്പെട്ടിട്ടില്ലെന്ന് കണക്കുകൾ കാണിക്കുന്നു. പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിൻെറ കടന്നു കയറ്റം പഞ്ചായത്തിലും പ്രകടമാണ്. നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിൻെറ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. കാര്യക്ഷമമായ പ്രവർത്തനത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്തതും സ്ഥലം ഇല്ലാത്തതും വലിയ പ്രശ്നമാകുന്നു.

അംഗൻ വാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയമാണ്. പ്രസ്തുതജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണണം.

അംഗൻ വാടികളിലെ വിവരമാണ് മേൽ കൊടുത്തിട്ടുള്ളത്. കളിക്കോപ്പുകൾ ഒരിടത്തും ഇല്ല. കസേര രണ്ടെണ്ണം വീതവും മേശ ഒരെണ്ണം വീതവും എല്ലാ അംഗൻ വാടികളിലും ഉണ്ട്.

## ക്ഷേമ നിധികളെ സംബന്ധിച്ച്

### കയർത്തൊഴിലാളി ക്ഷേമ നിധി

കയർത്തൊഴിലാളികൾ മുഴുവനും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകളും മറ്റും മുൻകൈയെടുത്താണ് തൊഴിലാളികളെ അംഗങ്ങളാക്കുന്നത്.തൊഴിലാളിവിഹിതം നൽകുന്നുണ്ടെങ്കിലും ഉടമ വിഹിതം അടയക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായ 60 വയസ്സ് തികഞ്ഞവർക്ക് പെൻഷൻ നൽകണം. മറ്റ് ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കയർ തൊഴിലാളിക്കും നൽകണം.

### കർഷകത്തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ എല്ലാവരും കർഷകത്തൊഴിലാളിക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനും മറ്റും താല്പര്യം എടുത്താണ് അംഗങ്ങളെ ചേർക്കുന്നത്. ക്ഷേമ നിധിവിഹിതം അടയക്കുവാൻ മലപ്പുറം ഓഫീസുമായി ബന്ധപ്പെടണം. അത് ഒഴിവാക്കി താലൂക്കിൽ അതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കണം.

### കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ അനേകം പേർ കെട്ടിട നിർമ്മാണരംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ ആളുകളും ക്ഷേമ നിധിയിൽ അംഗങ്ങളായിട്ടില്ല.കടിനാദ്ധ്വാനം മൂലം അകാല വാർദ്ധക്യം ബാധിക്കുന്ന സ്ഥിതിയാണ് കണ്ട് വരുന്നത് ഇവർക്ക് 55വയസ്സിലെങ്കിലും പെൻഷൻ കൊടുക്കാനുള്ള ഏർപ്പാട് ചെയ്യേണ്ടതാണ്.

### പൊതുവിതരണകേന്ദ്രം

പഞ്ചായത്തിലാകെ 11 പൊതുവിതരണ കേന്ദ്രങ്ങൾ ഉണ്ട്. ഇതിൽ 4589 കാർഡുകൾ ഉണ്ട്. പൊതുവിതരണരംഗത്ത് ഒരു മാവേലി സ്റ്റോർ ആണ് പഞ്ചായത്തിലുള്ളത്. അത് 8-ാം വാർഡിൽ പ്രവർത്തിക്കുന്നു.

# സംസ്കാരം

സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ്തന്നെ വെളിയങ്കോട് പഞ്ചായത്തിൽ 4 ഔപചാരിക വിദ്യാലയങ്ങളുണ്ടായിരുന്നു.

നൂറ്റാണ്ടിനു മുമ്പ് തന്നെ സാമൂഹിക സാംസ്കാരിക രംഗത്ത് ഗണനീയമായ സംഭാവനകൾ ചെയ്ത മഹാ പ്രതിഭകളുടെ ജന്മഗേഹം കൂടിയായിരുന്നല്ലോ ഈ പഞ്ചായത്ത്. വെളിയങ്കോട് പഴഞ്ഞിഭാഗത്ത് പരേതനായ ആലക്കാട്ടിൽ ചിയ്യാമു സാഹിബ് സംഭാവന ചെയ്ത കെട്ടിടത്തിൽ 'ദാറുൽ-ഉലൂം' എന്ന വായനശാലയുടെ പ്രവർത്തനം സ്മരണീയമാണ്. പുരോഗമനപരമായ നിരവധി ഗ്രന്ഥങ്ങളുടെ കൂട്ടായ പാരായണവും സംവാദവും ഇവിടെ പതിവായിരുന്നു. ധാരാളം കാവ്യാസ്വാദകരെ വാർത്തെടുക്കുന്നതിൽ ഈ ഗ്രന്ഥശാല സജീവപങ്ക് വഹിച്ചിട്ടുണ്ട്.

എരമംഗലത്ത് അക്ഷരത്തിൻെറ അണയാത്ത അഗ്നി പകർന്നുകൊണ്ട് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചിരുന്ന 'ജയ്ഹിന്ദ്' വായനശാലയുടെ പ്രർത്തനങ്ങളും സ്മരണീയമാണ്. കാൽ നൂറ്റാണ്ടിനുമുമ്പ് തന്നെ നാമാവശേഷമായ ഈ വായനശാലയുടെ നേതൃത്വത്തിൽ അക്കാലത്ത് വർഷംതോറും നടന്നുവന്നിരുന്ന ബോൾ ബാഡ്വിൻെറൺ ടൂർണമെൻറിനും മറ്റ് കായിക മത്സരങ്ങൾക്കും നേതൃത്വം കൊടുത്തിരുന്നത് , പുഴക്കര ചേനാസ് രാമൻ നമ്പൂതിരിപ്പാട്, പി.ടി. മോഹനകൃഷ്ണ മേനോൻ, കെ.പി. അച്ചുതമേനോൻ, ദിവാകരൻ നമ്പൂതിരിപ്പാട് തുടങ്ങിയവരായിരുന്നു. ഇന്നും പൊതുപ്രവർത്തനരംഗത്ത് ശ്രീ. കെ. എം. ഭോജൻസ്ററററായിരുന്നു നായനശാലയുടെ അമരക്കാരിൽ ഒരാൾ.

ഇതേ പോലെ ഈ പ്രദേശത്ത് വിജ്ഞാനത്തിൻെറ പ്രകാശം പരത്തിയിരുന്ന ധീരകേരളം ക്ലബ്ബും നാമാവശേഷമായിട്ട് വർഷങ്ങളായി.ഇന്ന് പഞ്ചായത്ത് അതിർത്തിക്കുള്ളിൽ പ്രവർത്തിച്ചുവരുന്ന മൂന്ന് ഗ്രന്ഥശാലകളിൽ ഉണ്ണിസ്മാരക വായനശാല കോതമുക്ക് യാണ് ദീർഘകാല പ്രവർത്തന പാരമ്പര്യം അവകാശപ്പെടാവുന്ന ഏക ഗ്രന്ഥാലയം

എരമംഗലത്ത്തന്നെ കഴിഞ്ഞ പത്ത് വർഷമായി പ്രവർത്തിച്ചുവരുന്ന സർഗ്ഗവേദി ഗ്രന്ഥാലയം വെളിയങ്കോട് പ്രവർത്തിക്കുന്ന ടാസ്ക് ലൈബ്രറി എന്നിവയാണ് ഇതര വായനശാലകൾ. ഉണ്ണിസ്മാരകവായനശാലയൊഴികെ മറ്റ് രണ്ട് വായനശാലകൾക്കും സ്ഥിരം കെട്ടിടം ഇല്ല എന്നത് കാര്യക്ഷമമായ പ്രവർത്തനത്തിന് വിഘാതമായി നില്ക്കുന്നു. രജിസ്റ്റർ ചെയ്ത പതിനഞ്ച് ക്ലബുകളും കലാ-കായിക സ്ഥാപനങ്ങളും പഞ്ചായത്ത്

അതിർത്തിക്കുള്ളിൽ പ്രവത്തികത്തിക്കുന്നുണ്ടെങ്കിലും എടുത്തു പറയാവുന്ന നേട്ടങ്ങൾ കൈവരിക്കാൻ ഇവക്കൊന്നിനും കഴിഞ്ഞിട്ടില്ല.

അറബിസാഹ്യത്യചരിത്യത്തിൽ തനതായ സംഭാവനകൾ നല്കിയ ആത്മീയാചാര്യനും പണ്ഡിതനും കവിയുമായിരുന്നു- വെളിയംങ്കോട് ഉമർഖാസിയുടെ സംസ്ക്കാരിക രംഗത്തെ സംഭാവനകൾ എന്നെന്നും നിലനൽക്കുന്നതാണ്. !ഖദീസത്തുൽ ഉമരിയ്യ! എന്ന ഗ്രന്ഥം ഈജിപ്പിൽ പ്രസിദ്ധീകരിക്കുകയും അറബ് ധൈഷണിക രംഗത്ത് ഏറെ വിലയിരുത്തപ്പെടുകയും പ്രശംസനേടുകയും ചെയ്തിട്ടുണ്ട്. ഇദ്ദേഹത്തിൻെറ നിരവധി കൃതികൾ പാശ്ചാത്യ പൗരസ്യസർവ്വകലാശാലകളിൽ ഇന്നും പാഠ്യവിഷയങ്ങളാണ്. ഇദ്ദേഹത്തെ പോലെ അറബിസാഹ്യത്യത്തിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ച രണ്ട് മഹത് വ്യക്തികളാണ് .വെളിയംങ്കോട് ഹസ്സൻ മുസ്ല്യാരും, സനാവുല്ലമക്തി തങ്ങളും. കവരത്തി തുടങ്ങിയ ദ്വീപുകളിൽ അനേകംശിഷ്യഗണങ്ങളുള്ള ഒരു അറബിക് പണ്ഡിതനും സൂഫിവര്യനുമായിരുന്നു പാടത്തകായിൽ ശൈഖ് മുഹമ്മദ് സാലിഹ് മൗല. കുശുണ്ടയും കുന്തിരിയും എന്ന ആക്ഷേപഹാസ്യകൃതി അക്കാലത്ത് ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നായിരുന്നു . അബു ഉബൈദ് എന്ന തൂലികാ നാമത്തിൽ പരേതനായ ടി. കെ. അബ്ദുല്ല മൗലവി എന്ന വെളിയങ്കോട് സ്വദേശി രചിച്ചതാണ് ഈ കൃതി.

പ്രശസ്തനിയമജ്ഞനായിരുന്നു അഡ്വക്കറ്റ് ശങ്കരമേനോൻ ജന്മം കൊണ്ട് വെളിയംങ്കോട്ടകാരനായിരുന്നു. ഇദ്ദേഹത്തിൻെറ മകൻ പി. രാമചന്ദ്രൻ സി പി ഐ എമ്മിൻെറ പോളിറ്റ് ബ്യൂറോ മെമ്പറാണ്.

ചിത്രകലാരംഗത്ത് നൂതനാദ്ധ്യായങ്ങൾ രചിച്ച വിശ്വവിഖ്യാതനായ ചിത്രകാരൻ ശ്രീ കെ. സി. എസ് പണിക്കർ വെളിയങ്കോട് കോലാഴി ചീരമ്പത്തേൽ കുടുബാംഗമാണ്. ഇദ്ദേഹത്തിൻെറ വെളിയങ്കോട് പാലം എന്ന ചിത്രം അതിപ്രശസ്തമാണ്.

നമ്മുടെ സാംസ്കാരിക രംഗത്ത് വിലയേറിയ സംഭാവനകൾ നൽകിയവരിൽ ചിര സ്മരണീയരാണ്. വിദ്വാൻ എ കൃഷ്ണൻ, എ. പി. വാസുനമ്പീശൻ തുടങ്ങിയവർ . മലയാള സാഹ്യത്യരംഗത്ത് ഇന്നും പ്രവർത്തച്ചുകൊണ്ടിരിക്കുന്ന ബഹുമുഖപ്രതിഭയാണ് കൊളാടി ഗോവിന്ദൻകുട്ടി. മതസൗഹാർദ്ദത്തിന് പുകൾപെറ്റ ഈ നാട്ടിൽ നാളിതുവരെ വർഗ്ഗീയമായ ചേരിതിരിവുകൾ ഉണ്ടായിട്ടില്ല എന്നത് ഈ പ്രദേശത്തിൻെറ സാംകാരികോന്നതിക്ക് നിർദശനമാണ്.

അന്യംനിന്നുപോകുന്ന അനുഷ്ഠാന കലകളുടെയും പ്രചുരപ്രചാരം സിദ്ധിച്ച മാപ്പിള കലകളുടെയും സമ്മേളനവേദിയും ഇതിൽ കൂടി ഉരുതിരിഞ്ഞുരുന്ന മതസൗഹാർദ്ദത്തിൻെറയും പ്രതീകങ്ങളാണ്. ഇവിടെ നടന്നുവരുന്ന വെളിയങ്കോട് ചന്ദന ക്കുടം നേർച്ചയും പെരിണ്ടിരി വേട്ടക്കൊരുമകൻ ക്ഷേത്രത്തിലെ പന്തീരായിരവും,

പണിക്കൻകാവ്, കണ്ണേക്കാവ് ഉൽസവാഘോഷങ്ങളും. നമ്മുടെ സാംകാരിക മുന്നേററത്തിൽ ഇവ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 45

മുകളിൽ പറഞ്ഞ സാംസാകാരിക പ്രവർത്തനരംഗങ്ങളിൽ നാം വളരെ പിന്നിലാണ് എന്ന വസ്തുത ഗൗരവ ബുദ്ധ്യാ പരിഗണിക്കേണ്ടതാണ്.

മലപ്പുറം ജില്ലയുടെ തെക്ക്പടിഞ്ഞാറൻ അതിർത്തപ്രദേശമായ ഈ പഞ്ചായത്തൽ മത്സ്യ തൊഴിലാളികളും, കർഷകതൊഴിലാളികളും, കാർഷികേതര തൊഴിലാളി കുടുംബങ്ങളാണ ധികവും. വിദ്യാഭ്യാസപരമായി ഈ പ്രദേശം വളരെ പിന്നോക്കം പോയിരിക്കുന്നു. നാടിൻെറ സാസ്കാരിക മുന്നേറ്റത്തിന് നെടുനായകത്വം വഹിക്കേണ്ടത് അതാത് പ്രദേശങ്ങളിലെ ഔപചാരിക, അനൗപചാരിക, വിദ്യഭ്യാസകേന്ദ്രങ്ങളും ഗ്രന്ഥശാലകളുമാണ്.

സംസ്കാരത്തിൻെറ ആണിക്കല്ലായ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിർമ്മാണത്തിന് തുടക്കം കുറിക്കാൻ ഭൂമിയും സമ്പത്തും നൽകി നാടിനെ ഉറക്കത്തിൽ നിന്നും ഉണർത്തിയ മഹാരഥൻമാരെ ഇത്തരുണത്തിൽ ഹൃദയപൂർവ്വം അനുസ്മരിക്കാതിരിക്കാൻ കഴിയില്ല.

അടിയന്തര പ്രാധാന്യമുള്ള പ്രശ്നങ്ങളും അവക്കുള്ള പരിഹാരമാർഗ്ഗങ്ങളും സാസ്കാരിക റിപ്പോർട്ടിൽ ഇങ്ങനെ സംഗ്രഹിക്കാം.

സാംസ്കാരികരംഗം

വെളിയങ്കോട് പഞ്ചായത്തിൽ വായന ശാലകൾ, ലൈബറികൾ , കലാകായികസംഘടനകൾ സാംസ്കാരിക സമിതികൾ ഇവ നാമമാത്രമായി പ്രവർത്തിക്കുന്നവയാണ്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സാംസ്കാരികസംഘടനകളുടെ വിദ്യാലയങ്ങൾ ഒഴികെ എണ്ണം ഒമ്പതാണ്. പഞ്ചായത്ത് വകയായി നൽകിയ രണ്ട് ടെലിവിഷൻ സെറ്റുകൾ കോതമുക്ക് ഉണ്ണിസ്മാരകവായനശാലയിലും, വെളിയങ്കോട് ഭാവന ആർട്സ് ആൻെ സ്പോർട്സ് ക്ലബ്ബിലുമായി പ്രവർത്തുക്കുന്നു. പഞ്ചായത്ത്വക സാംസ്കാരികനിലയം, ഗ്രന്ഥശാല, വായനശാല ഇവ നമ്മുടെ പഞ്ചായത്തിലില്ല. സാംസ്കാരികരംഗത്ത് മുൻപന്തിയിൽ നിൽകേണ്ട വിദ്യാലയങ്ങൾ പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ ശുഷ്കാന്തി കാണിക്കുന്നില്ല.

ഇതിന് പ്രധാനകാരണം വിദ്യാലയങ്ങളിലെ കെട്ടിടങ്ങളുടേയും ഫർണീച്ചറുകളുടെയും അപര്യാപ്തതയും, യഥാസമയത്ത് വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള കാലതാമസവുമാണ്. ജനപങ്കാളിതത്തോടെ സാംസ്കാരികസംഘടനകളും, സ്ഥാപനങ്ങളും നടത്തുന്ന പ്രവർത്തനങ്ങളും പഞ്ചായത്തിൽകുറവാണ്.

സാംസ്കാരിക സംഘടനകൾ സാംസ്കാരികപ്രവർതത്തനങ്ങൾ സംഘടിപ്പിക്കുന്നതിൽ നിശ്ചയദാർഢ്യത്തോടെ പ്രവർക്കുന്നില്ല. ജനകീയാസൂത്രണത്തിൻെറ സന്ദേശം പോലും ജനങ്ങളിൽ എത്തിക്കാൻ പഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന സംഘടനകൾ

ശ്രമിക്കാത്തത് ശ്രദ്ധേയമാണ്. എരമംഗ്ഗലം സർഗ്ഗവേദിവായനശാല മാത്രമാണ് ഈ കാര്യത്തിൽ ഒരു ചെറിയകാൽവവെപ്പ് നടത്തിയത്.

പഞ്ചായത്തിൽ ജാതിമത വിഭാഗങ്ങൾ സൗഹാർദ്ദത്തോടും, സാഹോദര്യത്തോടും, കൂടി ജീവിച്ചുവരുന്നു. കലാസാംസ്കാരിക രംഗത്തെ പ്രതിലോമ പ്രവർത്തങ്ങൾക്കും, മയക്കുമരുന്ന് പാശ്ചാത്യ അധമസംസ്കാരത്തിൻെറ നുഴഞ്ഞുകയറ്റം എന്നിവക്ക് എതിരായി ബോധവൽ ക്കരണം നടത്തേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. വീട്ടുനികുതി കെട്ടിടനികുതി യോടൊപ്പം ഈടാക്കുന്ന ലൈബ്രറിസെസ്സ് ലൈബ്രറി കൗസിലിന് അടക്കുന്നു. ഇത് പഞ്ചായത്തിൽ തന്നെ ഉപയോഗപ്പെടുത്താൻ സംവിധാനമുണ്ടാകുന്നില്ല.
2. ഗവൺമെൻെറിൽ നിന്ന് സ്പോർട്ട്സ് ക്ലബ് , ഗ്രനഥശാല എന്നിവക്ക് പര്യാപ്തമായ ധനസഹായം ലഭിക്കന്നില്ല.
3. മുൻകാലത്ത് നിലിവിൽ ഉണ്ടായിരുന്ന നാടൻ കലാ രൂപങ്ങൾക്ക് വേണ്ട വിധത്തിൽ പ്രോത്സാഹനം ലഭിക്കാത്തത് കാരണം നശിച്ചുകൊണ്ടിരിക്കുന്നു.
4. പഞ്ചായത്തിൽ സാസ്കാരിക കേന്ദ്രം പ്രവർത്തിക്കന്നില്ല.
5. പഞ്ചായത്ത് വായനശാല, ഗ്രന്ഥശാല ഇവപ്രവർത്തിക്കുന്നില്ല.
6. ഇതരപഞ്ചായത്തുകൾ വാർഡുകൾ തോറും വായനശാലകളും സാസ്കാരികനിലയവും ആവശ്യപ്പെടുമ്പോൾ നമുക്ക് പഞ്ചായത്തിൽ തന്നെ ഇവ ഒന്നും ഇല്ലാത്ത അതീവ ദു..ഖകരമായ അവസ്ഥയാണുള്ളത്.

## നിർദ്ദേശങ്ങൾ

1. വായന ശാലകൾക്കും ലൈബ്രറികൾക്കും പഞ്ചായത്ത് ഗ്രാൻെറ് നൽകുക. സൗകര്യം ഉണ്ടാക്കി കൊടുക്കുക. ലൈബ്രറി സെസ്സ് പഞ്ചായത്തിൽ തന്നെ ഉപയോഗിക്കാൻ സാധിക്കാൻ സംവിധാനമുണ്ടാകണം.
2. പഞ്ചായത്ത് അതിർത്തിക്കുള്ളിൽപ്പെടുന്ന എല്ലാ കലാകാരൻമാരെയും. സാഹ്യത്യ കാരൻമാരേയും പങ്കെടുപ്പിച്ച് പതിവായി പഞ്ചായത്തിൽ സൗഹൃദ, സാഹ്യത്യ സദസ്സുകൾ സംഘടിപ്പിക്കുക.
3. പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു അമെച്ച്വർ നാടക സമിതി രൂപീകരിക്കുക.
4. ചെണ്ട, തബല തുടങ്ങിയ വാദ്യകലകളും പുള്ളുവൻപാട്ട്, തെയ്യം, തിറ, കളമെഴ ുത്ത് പാട്ട്, മാപ്പിളപ്പാട്ട്, ദഫ്, അറവനമുട്ട്, കോൽക്കളി, കൈകൊട്ടിക്കളി തുടങ്ങിയ

നാടൻ കലകളെ പരിപോഷിപ്പിക്കാൻ കലാസാംസ്കാരിക സംഘടനകൾക്ക് സാമ്പത്തികവും ധാർമ്മികവുമായ പിന്തുണയും പ്രോസാഹനവും പഞ്ചായത്ത് നേരിട്ട് നൽകുക. 45

5. പഞ്ചായത്തിൽ എല്ലാ വർഷവും പഞ്ചായത്ത്തല സാസ്കാരിക ഉൽസവം സംഘടിപ്പിക്കുക.

6. പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ സമിതി രൂപീകരിക്കുക.

7. പഞ്ചായത്തിലെ വിവിധ ക്രേന്ദ്രങ്ങളിൽ ചരിത്രസെമിനാറുകൾ സംഘടിപ്പിക്കുക.

8. കലാസംസ്കാരിക രംഗത്തും പൊതുരംഗത്തും വനിതകളെ കൊണ്ട് വരുന്നതിനുള്ള ഊർജ്ജിതബോധവൽക്കരണം നടത്തുക.

9. അടിയന്തിര പ്രാധാന്യത്തോടെ പഞ്ചായത്ത് വായനശാല, സാംസ്കാരികനിലയം ആരംഭിക്കുക.

10. പഞ്ചായത്ത് അതിർത്തിക്കുള്ളിൽ അശ്ലീല പോസ്റ്ററുകൾ നിരോധികക്കുക. ബോധവൽക്കരണം നടത്തുക.

11. വായനയുടെ പൈങ്കിളിവൽക്കരണം നിരുത്സാഹപ്പെടുത്താനായി ശ്രമങ്ങൾ നടത്തണം.

12. എല്ലാ സ്കൂളുകളിലും സ്കൂൾ ലൈബ്രറിയിലെ നിശ്ചിത എണ്ണം പുസ്തകങ്ങൾ വിദ്യാതഥികൾ വായിച്ചിരിക്കണമെന്നും ഇത് പ്രോഗ്രസ് കാർഡിൽ രേഖപ്പെടുത്തണമെന്നും ധാരണയുണ്ടാവണം.

13. വെളിയങ്കോടിൻെറ സാംസ്കാരിക,ചരിത്ര പൈതൃകം ഉൾക്കൊള്ളിച്ചകൊണ്ട് ഡോക്യുമെൻെറി ദൃശ്യ്യ മാധ്യമങ്ങളിലൂടെ സംപ്രേഷണം ചെയ്യാൻ ശ്രമിക്കണം.

14. പഞ്ചായത്തിലെ ഉൽസവങ്ങൾ, വേലകൾ, നേർച്ചകൾ ആഘോഷങ്ങൾ ഇവ ഉൾപ്പെടുത്തി ഉത്സവ കലണ്ടർ രൂപപ്പെടുത്താം.

15. സാസ്കാരിക പ്രവർത്തകരെ, കലാകരെമാരെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്യാൻ പഞ്ചായത്ത് മുൻ കൈ എടുക്കണം.

16. മയക്കു മരുന്നിനെതിരെ, പാശ്ചാത്യ അധസംസ്കാരവും നമ്മുടെ യുവാക്കളിൽ വളർന്നു വരുന്നത് തടയണം.

## സ്പോർട്സ്

സ്പോർട്സ് രംഗത്ത് കായികതാരങ്ങളെ വളർത്തി കൊണ്ടുവരാൻ യാതൊരു സംവിധാനവും ഇന്ന് പഞ്ചായത്തിൽ നിലവിലില്ല. കഴിവുള്ള കായിക താരങ്ങൾ നമ്മുടെ ഇടയിലുണ്ട്. അവക്ക് വളർന്നുവരുന്നതിനാവശ്യമായ പരിശീലനവും,

സാമൂഹ്യസാഹചര്യവും ലഭിക്കന്നില്ല. കായിക പ്രേമികളുടെ ചിരകാല അഭിലാഷമായ പഞ്ചായത്ത് സേറ്റഡിയം ഇന്നും ഒരു സ്വപ്നമായി അവശേഷിക്കുന്നു.

യശ ശരീരനായ മുൻ പഞ്ചായത്ത് പ്രസിഡൻെറ് പി. വി. ജി. പണിക്കർ മിനിസേറ്റഡിയത്തിനുവേണ്ടി 6 വാർഡിലും 7 വാർഡിലും സ്ഥലങ്ങൾ കണ്ടെത്തി ശ്രമങ്ങൾ നടത്തിയെങ്കിലും ചിലസാങ്കേതിക കാരണങ്ങളാൽ വിജയിച്ചില്ല.

1. സ്പോർട്സ് വികസനത്തിന് സ്റ്റേഡിയം അനിവാര്യമാണ്.
2. സ്കൂളുകളൽ സ്പോർട്സ് പരിശീലനം നിർബന്ധമാക്കണം.

# വനിത- വികസന റിപ്പോർട്ട്

വെളിയംങ്കോട് പഞ്ചായത്തിലെ ജനസംഖ്യയിൽ 51.21 ശതമാനം സ്ത്രീകളാണ്. മൊത്തജനസംഖ്യയിൽ 1000 പുരുഷൻമാർക്ക് 1077 സ്ത്രീകൾ വരും. ഗ്രാമസഭകളിൽ നിന്നുളള ചർച്ചകളിൽ നിന്ന് ലഭിച്ച റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ 460 കുടുംബങ്ങൾ വനിതകളുടെ നിയന്ത്രണത്തിലുളളവയാണ്. സ്ത്രീ തൊഴിലാളികളിൽ 70% ഭാഗീക തൊഴിലാളികളാണ്.

## തൊഴിൽ മേഖലയിലെ പങ്കാളിത്തം

കർഷകതൊഴിലാളി മേഖല, അദ്ധ്യാപകമേഖല, കെട്ടിടനിർമ്മാണ മേഖല, കയർ, മത്സ്യമേഖലകളിലാണ് സ്ത്രീകൾ പ്രധാനമായും തൊഴിലെടുക്കുന്നത്. ഇതിൽ കർഷക തൊഴിലാളികളുടെ മേഖലയിൽ സ്ത്രീകളാണ് മുന്നിട്ട് നിൽക്കുന്നത്. അപൂർവ്വം സ്ത്രീകൾ ബീഡിതെരുപ്പിലും തൊഴിൽ കണ്ടെത്തുന്നു. ഒരു പുത്തൻ പ്രവണതയെന്ന നിലയിൽ കർഷകതൊഴിലാളി സ്ത്രീകളിൽ ചിലർ ഹയർപർച്ചേർസ് മേഖലയിലും അപൂർവ്വം സ്ത്രീകൾ തുണി ഷാപ്പുകളിലും, പണമിടപാട് സ്ഥാപനങ്ങളിലും ജോലിചെയ്യുന്നുണ്ട്. കാർഷികരംഗത്ത് വനിതാ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരികയും ചെയ്യുന്നു. രണ്ടു രംഗത്തും ജോലിചെയ്യുന്ന സ്ത്രീ തൊഴിലാളികളുമുണ്ട്. തൊഴിൽ രംഗത്തെ കൂലി നിരക്കിൽ സ്ത്രീപുരുഷ അന്തരം പ്രകടമാണ്. പ്രസക്ത വിവരങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.

തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക-2 ൽ കൊടുത്തിട്ടുണ്ട്. തൊഴിലെടുക്കാൻ സന്നദ്ധരായ നിരവധി അഭ്യസ്തവിദ്യ.രായ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുന്നില്ല. 173 പേർ എംപ്ളോയ്മെൻറ് എക്സേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും രജിസ്റ്റർ ചെയ്യാത്തവരാണ് നല്ലപങ്കും. പഞ്ചായത്തിൽ സ്ത്രീകൾക്കു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഒന്നു പോലുമില്ല. സ്വകാര്യ മേഖലയിൽ വെളിയംങ്കോട് ഒരു തയ്യൽ പരിശീലന കേന്ദ്രമുണ്ടെന്നത് ഇതിരൊപവാദമാണ്.

## പൊതുരംഗത്തെ പ്രാതിനിധ്യം

പൊതുപ്രവർത്തനത്തിൻെറ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്ത് തലത്തിലോ, വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന ബഹുജനസംഘടനകളുടെ ഭാരവാഹികളിൽ വനിതകൾ വളരെ കുറച്ച് മാത്രമേയുള്ളൂ. വനിതകളുടേതു മാത്രമായി എട്ട് DWCRA തൊഴിൽ സ്ഥാപനങ്ങൾ പഞ്ചായത്തിലുണ്ടായിരുന്നെങ്കിലും ..... ചില യൂണിറ്റുകൾ മാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. 7-ാം വാർഡിലെ ബുക്ക് ബൈൻറിംഗ് യൂണിറ്റും 1-ാം വാർഡിലെ കയർ യൂണിറ്റും സാമ്പത്തിക പ്രശ്നങ്ങളാൽ പ്രവർത്തിക്കുന്നല്ല പ്രസക്തവിവരങ്ങൾ സാമൂഹ്യ ക്ഷേമ റിപ്പോർട്ടിൽ പട്ടികയിൽ ചേർത്തിട്ടുണ്ട്. 4-ാം വാർഡിൽ ഒരു കയർ സഹകരണസംഘം ഉണ്ടായിരുന്നു. അത് കറെ കാലങ്ങളായി പ്രവർത്തിക്കുന്നില്ല. ഈ സംഘം വികസിപ്പിച്ചെടുക്കുകയാണെങ്കിൽ കൂടുതൽ വനിതകൾക്ക് തൊഴിൽ നൽകാൻ സാധിക്കും. കയർ മേഖലയിൽ യന്ത്രം ഉപയോഗിച്ച് വിവിധ തരം ചവിട്ടികൾ, കാർപ്പെറ്റുകൾ തുടങ്ങി വൈവിധ്യമാർന്ന കയറു

ൽപ്പന്നങ്ങൾ നിരമ്മിച്ചാൽ പഞ്ചായത്തിൽ തന്നെ കൂടുതൽ വനിതകൾക്ക് തൊഴിലവസരം സൃഷ്ടിക്കാൻ സാധിക്കും. തൊഴിൽ രഹിതമായ യുവജനങ്ങളിൽ കൂടുതലും വനിതകളാണ്.

62

## പ്രശ്നങ്ങൾ

1. പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
2. മിക്ക തൊഴിൽ മേഖലയിലും സ്ത്രീകൾക്ക് വേണ്ടത്ര അവസരം ലഭിക്കുന്നില്ല.
3. സ്ത്രീകളുടെ തൊഴിൽ സംരഭങ്ങൾ വളർത്തിയെടുക്കുന്നതിൽ സംഘടിതമായ ശ്രമങ്ങൾ വളരെ കുറവാണ്.
4. DWCRA യൂണിറ്റുകളുടെ പ്രവർത്തനത്തിൽ സ്ത്രീകൾക്കിടയിലെ നേതൃത്വത്തിൻെറ അഭാവം പ്രകടമാണ്. സാമ്പത്തിക സഹായം കുറവായതും ഈ സ്ഥാപനങ്ങളുടെ തകർച്ച ത്വരിതപ്പെടുത്തുന്നു.
5. ഏതു രംഗത്തും വനിതകൾക്ക് ജനസംഖ്യാനുപാതികമായി പ്രാധിനിധ്യം നൽകുന്ന കാഴ്ചപാട് ഒരു രാഷ്ട്രീയ പാർട്ടിയിലും കാണാനില്ല.
6. സ്ത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടി ഒന്നും തന്നെ നിലവിലില്ല.
7. സാംസ്ക്കാരിക രംഗത്ത് സ്ത്രീകളെ അപമാനകരമായി ചിത്രീകരിക്കുന്നതിൽ എതിരായി കുടുതൽ ബോധവൽക്കരണം നടത്തണം.
8. തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ഒന്നും തന്നെയില്ല.
9. വനിതാ സഹകരണസംഘങ്ങൾ നിലവിലില്ല.
10. സ്ത്രീകൾക്കിടയിൽ വിദ്യാഭ്യാസ നിലവാരം കുറവാണ്. സ്ക്കൂൾ തലത്തിൽ പഠിക്കുന്നവരിൽ പെൺകുട്ടികൾ കൂടുതലാണെങ്കിൽ, കോളേജ് തലത്തിൽ ആൺകുട്ടികളാണ് കൂടുതൽ .
11. പഞ്ചായത്തിൽ മഹിളാ സമാജങ്ങൾ ഒന്നോ രണ്ടോ മാത്രമാണ് ഉള്ളത്. അതുപോലും വേണ്ടത്ര കാര്യക്ഷമമായ പ്രവർത്തനത്തിനില്ല.

## സാധ്യതകൾ

1. ഖാദി ബോർഡിൻെറ കീഴിൽ നൂൽനൂൽപ്പ്, കൈത്തറി വസ്തുക്കൾ എന്നിവ നിർമ്മിക്കുന്നതിന് വേണ്ട സൗകര്യങ്ങളും അതിന് വേണ്ട ധനസഹായവും വേണം. പരിശീലനം കൊടുക്കുന്നതിന് പഞ്ചായത്തിൻെറ കീഴിൽ സംവിധാമുണ്ടാക്കണം.

### 2. ആരോഗ്യം

നമ്മുടെ പ്രദേശത്ത് ഗുരുതരമായി ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നത് താഴ്ന്ന വരുമാനക്കാർ തിങ്ങി പാർക്കുന്ന കോളനികളിലാണ്. പരിസര മലിനീകരണം, സ്ത്രീകളുടെയും കുട്ടികളുടേയും പോഷാകാഹാര ക്കുറവ്, പുരുഷൻമാരുടെ അമിതമായ മദ്യപാനം എന്നിവ അപകടകരമായ രോഗങ്ങൾക്ക് കാരണമാകുന്നു. ഇത്തരം കോളനികളിൽ ബോധവൽക്കരണ പ്രവർത്തനം, പ്രതിരോധ കുത്തിവെയ്പ്പുകൾക്കുള്ള സൗകര്യങ്ങൾ, ചികിത്സാ ക്യാമ്പുകൾ എന്നിവ നടത്തേണ്ടതാണ്.

### 3. അംഗനവാടി.

പ്രൈമറി വിദ്യാഭ്യാസത്തിൻെറ നല്ല മാതൃകയായി അംഗനവാടികളെ മാറ്റാൻ നാം ശ്രമിക്കേണ്ടതുണ്ട്. അംഗനവാടികളിലെ പോഷകാഹാര വിതരണ പരിപാടി താഴ്ന്ന വരുമാനക്കാരായ എല്ലാ സ്ത്രീകൾക്കും കുട്ടികൾക്കും ലഭിക്കാനും ഗുണനിലവവാരം ഉറപ്പുവരുത്താനും ശ്രദ്ധിക്കണം.

### 4. കൃഷി

സ്ത്രീകളുടെ പങ്കാളിത്തം കുറഞ്ഞ മേഖലയാണ് കൃഷിയും വ്യവസായവും. കാർഷികമേഖലയിൽ സുപ്രധാന പങ്ക് സ്ത്രീകൾക്ക് വഹിക്കാനുണ്ട്. കാർഷികമേഖലയിലെ അദ്ധ്വാനത്തിൽ വലിയ ഒരു പങ്ക് സ്ത്രീകളാണ്. സംഭാവനചെയ്യുന്നത്. നമ്മുടെ പഞ്ചായത്തിൻെറ കാർഷികമേഖലയിൽ സ്ത്രീകൾക്ക് വമ്പിച്ച മാറ്റങ്ങൾ ഉണ്ടാക്കാൻ സാധിക്കും. പൂകൃഷി, ഔഷധസസ്യകൃഷി, കോഴി, താറാവ് വളർത്തൽ, ഗ്രൂപ്പടിസ്ഥാനത്തിൽ ആട്, പശുവളർത്തൽ എന്നിവ നടത്താൻ സ്ത്രീകൾക്ക് സാമ്പത്തിക സഹായവും, സാങ്കേതിക പരിജ്ഞാനവും നൽകാൻ ശ്രമിക്കണം.

### 6. വനിതാ സഹകരണ സംഘം

പഞ്ചായത്ത് തലത്തിൽ വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കാവുന്നതും വൈവിദ്ധ്യമുള്ള ഒട്ടേറെ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തുകൊണ്ട് സ്ത്രീകൾക്ക് ജോലിസാദ്ധ്യത വർദ്ധിപ്പിക്കാനും ഇതുവഴി കഴിയും.

### 7. ചെറുകിട വ്യവസായം

തയ്യൽ, കരകൗശല തൊഴിലുകൾ, കസേര നെയ്ത്ത്, ടൈപ്പ്റൈറ്റിങ്ങ്, അച്ചാർ, കറിമസാല പൊടി നിർമ്മാണം. എന്നീ മേഖലകളിൽ സ്ത്രീകൾക്ക് തൊഴിലുണ്ടാക്കാൻ സാധിക്കും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ ഈ തൊഴിലുകളിൽ പരിശീലനം നൽകാൻ സംവിധാനമുണ്ടാക്കണം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് അതാത് രംഗത്ത് ചെറുകിട യൂണിറ്റുകൾ തുടങ്ങാൻ വ്യക്തിഗതമായോ, സഹകരണാടിസ്ഥാനത്തിലോ സഹായം നൽകി തൊഴിൽ സൃഷ്ടിക്കാം.

### 8. വിപണനന മേളകൾ സംഘടിപ്പിക്കുക

വ്യക്തികളോ, സഹകരണസംഘങ്ങളോ ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ആഴ്ചകളും, വിപണനമേളകളും സംഘടിപ്പിച്ച് ഉല്പാദന വിപണന സൗകര്യങ്ങൾ കാര്യക്ഷമമാക്കാൻ ഗ്രാമപഞ്ചായത്തുമുൻകൈ എടുത്ത് സഹായങ്ങൾ നൽകാൻ ശ്രദ്ധിക്കണം.

### 9. ഏജൻസികൾ

വനിതാസംഘടനകൾ, മഹിളാസമാജങ്ങൾ, സർക്കാർ ഏജൻസികൾ ഇവയുടെ സഹകരണത്തോടെയും പങ്കാളിത്തത്തോടെയും ബോധവൽക്കരണ പ്രവർത്തങ്ങളും, മാനേജ്മെൻറ് വിഷയങ്ങളിൽ ക്ലാസ്സുകളും സംഘടിപ്പിച്ച് സത്രീകളുടെ നേതൃത്വഗുണം വർദ്ധിപ്പിക്കുകയും പൊതുപ്രവർത്തനത്തിൻെറ മുഖ്യധാരയിലേക്ക് സത്രീകളെ കൊണ്ടുവരാൻ ബോധപൂർവ്വമായ പരിശ്രമങ്ങൾ നടത്തുകയും വേണം.

## സ്ത്രീ-പുരുഷ-കൂലി അന്തരം

| തൊഴിൽമേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കൃഷിതൊഴിൽ | 40-60 | 100-125 |
| കെട്ടിടനിർമ്മാണം | 60-80 | 125-150 |
| കയർ | 40-50 | 100-110 |
| മത്സ്യം | | |

## തൊഴിൽ പങ്കാളിത്തം

| തൊഴിൽമേഖല | സ്ത്രീ | പുരുഷൻ |
|---|---|---|
| കൃഷിക്കാർ | 22 | 397 |
| കൃഷിതൊഴിലാളി | 515 | 1090 |
| മൃഗസസംരക്ഷണം അനുബന്ധതൊഴിലുകൾ | 14 | 885 |
| ഉല്പാദന, സംസക്കരണ, റിപ്പയർ യൂണിറ്റുകൾ | 26 | 54 |
| കുടിൽ വ്യവസായം | 63 | 436 |
| നിർമ്മാണമേഖല | 9 | 184 |
| കച്ചവടം | 9 | 960 |
| ട്രാൻസ്പോർട്ട്, കമ്മ്യൂണിക്കേഷൻ | 2 | 315 |
| മറ്റ് സേവനങ്ങൾ | 173 | 548 |
| ഭാഗിക തൊഴിലാളികൾ | 259 | 368 |

# സഹകരണം

'Each for all. All for Each'

1932ലെ മദ്രാസ് കോ-ഓപ്പ്റേറ്റീവ് സൊസൈറ്റീസ് ആക്റ്റ് പ്രകാരം അണ്ടത്തോട് റവന്യൂ ഫർക്കയിലെ 19 അംശങ്ങൾ പ്രവർത്തന പരിധിയായി 1946 ൽ പ്രവർത്തനമാരംഭിച്ച പള്ളിക്കര P.C.C.കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് വെളിയം കോട് പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും സഹകരണ പ്രസ്ഥാനത്തിൻെറ തുടക്കം കുറിച്ചത്. വിദ്യാഭ്യാസ ഡയറക്ടറായി റിട്ടയർ ചെയ്ത ശ്രീ ചിത്രൻ നമ്പൂതിരിപ്പാടായിരുന്നു പള്ളിക്കര P.C.C സൊസൈറ്റിയുടെ പ്രഥമ പ്രസിഡണ്ട്. പ്രസ്തുത സൊസൈറ്റിയാണ് ഇന്ന് അണ്ടത്തോട് സർവീസ് സഹകരണ ബാങ്ക് എന്ന നാമധേയത്തിൽ എരമംഗലത്ത് പ്രവർത്തിച്ച് കൊണ്ടിരിക്കുന്നത്.

1956-ൽ P.C.Cസൊസൈറ്റി അണ്ടത്തോട് ഫർക്ക റൂറൽ ബാങ്ക് എന്ന് പുനർ നാകരണം ചെയ്യുകയും ആസ്ഥാനം പള്ളിക്കരയിൽ നിന്ന് എരമംഗലേത്ത് മാറ്റുകയും ചെയ്തു. ഇതോട് കൂടിയാണ് ബാങ്കിംങ്ങ് ബിസിനസ്സ് ആരംഭിച്ചിത്. കൊളാടി ബാലകൃഷ്ണൻ ഉണ്ണി ആയിരുന്നു അന്ന് ബാങ്കിൻെറ പ്രസിഡണ്ട്.

1958 ആയപ്പോഴേക്കും നമ്മുടെ പഞ്ചായത്തിൽ വെളിയംകോട് കയർ വ്യവസായ സഹകരണസംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്യപ്പെട്ടു. 511 അംഗങ്ങളുള്ള ഈ സംഘം ഇന്ന് നിർജ്ജീവമാണ്. സ്വതന്ത്ര്യാനന്തരമുള്ള ബഹുജനപ്രസ്ഥാനങ്ങൾക്ക് ഈ സംഘങ്ങളുമായി ബന്ധമുണ്ടായിരുന്നുവെങ്കിലും വേണ്ടത്ര ജനകീയ പിൻബലം നേടിയെടുക്കാൻ നമ്മുടെ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് കഴിഞ്ഞിട്ടല്ല.

1958 ന് ശേഷമുള്ള കാലയളവിൽ നമ്മുടെ പഞ്ചായത്തിൽ രജിറ്റർ ചെയ്യപ്പെട്ട സഹകരണസംഘങ്ങൾ കേവലം എട്ടെണ്ണത്തിൽ അവസാനിച്ചു എന്നുള്ളത് സകരണ പ്രസ്ഥാനത്തിൻെറ സാധ്യതകളെ മനസ്സിലാക്കാനോ, ഉപയോഗപെടുത്താനോ നമുക്ക് സാധിച്ചില്ല എന്നതിന് മതിയായ തെളിവാണ്. ഗ്രാമീണ ജനതയെ ഋണ ബാധ്യതയിൽ നിന്നും, കൊള്ളപലിശയിൽ നിന്നുംരക്ഷിക്കുന്നതിന് വേണ്ടിയാണ് സഹകരണ പ്രസ്ഥാനം ഉദയം ചെയ്തത് എന്നാൽ ഇപ്പോഴും ഗ്രാമീണ ജനതയുടെ ശോചനീയാവസ്ഥ നിലനിൽക്കുകയാണ്.

വി. സി.ചന്ദ്രശേഖരൻ, ശ്രീ കൊളാടി ബാലകൃഷ്ണൻ, ഒ. കെ. മമ്മുണ്ണി , പി. പി. ബീരാൻകുട്ടി, കൊളാടി ഗോവിന്ദൻകുട്ടി, പി. ടി. മോഹനകൃഷണൻ, പി. വി. ജി. പണിക്കർ, യു.അബൂബക്കർ, എ. കെ. ബാപ്പുട്ടിഹാജി, എ. കെ. മുഹമ്മദുണ്ണി എന്നിവർ പഞ്ചായത്തിലെ ആദ്യകാല സഹകാരികളാണ്. ഇതിൽ കൊളാടി ബാലകൃഷ്ണൻ ,സി, കെ മമ്മുണ്ണി, വി. സി. ചന്ദ്രനശേഖരമേനോൻ, പി .വി. ജി. പണിക്കരും എന്നിവർ ഇന്ന് നമ്മോടൊപ്പമില്ല. അനന്ത സാധ്യതകളുള്ള സഹകരണ പ്രസ്ഥാനത്തെ ശരിയായി ഉപയോഗിക്കാൻ സമീപ കാലയളവിൽ നമുക്ക് സാധിച്ചിട്ടില്ല. സഹകരണ മേഖലയിൽ 18 പേർക്ക് പ്രത്യക്ഷമായും 26 ഓളം പേർ പരോക്ഷമായും നമ്മുടെ പഞ്ചായത്തിൽ ജോലി ചെയ്യുന്നുണ്ട്.

**പഞ്ചായത്തിൻറ സഹകരണ സ്ഥാപനങ്ങൾ**

1. അണ്ടത്തോട് സർവീസ് സഹകരണ ബാങ്ക് എച്ച്, ഒ. എരമംഗലം

2.വെളിയംകോട് പഞ്ചായത്ത് കയർ വ്യവസായ സഹകരണ സംഘം.

3. വെളിയംകോട് സൗത്ത് കയർ വ്യവസായ സഹകരണ സംഘം.

4. നരണിപ്പുഴ-കുമ്മിപ്പാലം കോൾ കൾട്ടിവേറ്റേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി.

5. പാലപ്പെട്ടി-വെളിയംകോട് മത്സ്യതൊഴിലാഴി വികസന ക്ഷേമ സഹകരണ സംഘം.Ltd f(m)3

6. വെളിയംകോട് പഞ്ചായത്ത് പട്ടികജാതി മത്സ്യ തൊഴിലാഴി വികസന ക്ഷേമസഹകരണ സംഘം.Ltd No. f(m) 334

7. വെളിയം കോട് പഞ്ചായത്ത് സഹകരണ കൺസ്യൂമർ സ്റ്റോർ.

8. വെളിയംകോട് പഞ്ചായത്ത് സെറികൾച്ചർ സഹകരണ സംഘം.

9. വെളിയംകോട് വനിതാഗ്രാമവ്യവസായ സഹകരണ സംഘം.

10. വെളിയംകോട് മത്സ്യതൊളിലാളി വികസന ക്ഷേമസഹകരണസംഘം.

11. വെളിയംകോട് ഗവൺമെൻറ് ഹൈസ്കൂൾ കോ-ഓപ്പ്സൊസൈറ്റി.

12. പുതിയിരുത്തി മേഖലാ സ്കൂൾ കോ-ഓപ്പ്സൊസൈറ്റി.

13. പെരുമ്പടപ്പ് ഗ്രൂപ്പ് പ്രൈമറി സ്കൂൾ കോ-ഓപ്പ് സൊസൈറ്റി.

14. അണ്ടത്തോട് സർവീസ് സഹകരണബാങ്ക് ബ്രാഞ്ച് വെളിയംകോട്.

15. പൊന്നാനി കോ-ഓപ്പറേറ്റീവ് അർബൻ ബാങ്ക് ബ്രാഞ്ച് വെളിയംകോട്.

467

## വായപാ സഹകരണ സംഘങ്ങൾ

### അണ്ടത്തോട് സർവീസ് സഹകരണ ബാങ്ക്.

അണ്ടത്തോട് ഫർക്ക റൂറൽ ബാങ്ക് കാർഷിക മേഖലയിലെ സേവന പ്രവർത്തനങ്ങൾക്ക് വേണ്ടി 1961 അണ്ടത്തോട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കായി രൂപാന്തരപ്പെട്ടു. ഓരോ പഞ്ചായത്തിലും സർവ്വീസ് ബാങ്കുകൾ രജിസ്റ്റർ ചെയ്തതോടുകൂടി ബാങ്കിൻെറ പ്രവർത്തന പരിധി കുറഞ്ഞു വന്നു. ഇപ്പോൾ പെരുമ്പടപ്പ്, വെളിയംകോട് എന്നീ പഞ്ചായത്തുകൾ മാത്രമാണ് പ്രവർത്തന പരിധി.

കാർഷികമേഖലയിലെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് സ്കീമുകൾ തയ്യാറാക്കുന്നതിന് വേണ്ടത്ര താല്പര്യം ഉണ്ടാകുന്നില്ല എന്നുള്ളത് പോരായ്മയായി നിലനില്ക്കുന്നു. അംഗങ്ങൾക്ക് നൽകിയ വായ്പയിൽ 16,83,000 രൂപ കാലാവധി കഴിഞ്ഞിട്ടും ബാങ്കിനു തിരിച്ചു കിട്ടിയിട്ടില്ല. വർദ്ധിച്ചു വരുന്ന Over due ബാങ്കിൻെറ സുഖരമായി പ്രവർത്തനത്തിന് വിഘാതമാണ്. കേരഫെഡ് കൊപ്ര സംഭരണം, റേഷൻ ഹോൾസെയിൽ ബിസിനസ്, സ്വർണ പണയം എന്നിവ ബാങ്ക് നടത്തിവരുന്നുണ്ട്. നിലവിലുള്ള അംഗങ്ങൾ 6481 പേരാണ്. അംഗത്വം വിപുലീകരിക്കുകയും കാർഷിക മേഖലയെ പരിപോഷിപ്പിക്കുന്നതിനാവശ്യമായ സ്കീമുകളും മറ്റും ആവിഷ്കരിക്കേണ്ടത് അത്യാവശ്യമാണ്. 3452159 രൂപ നഷ്ടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്.

### വായ്പേതര സഹ. സംഘങ്ങൾ

മത്സ്യത്തൊഴിലാളി സഹ. സംഘങ്ങൾ നമ്മുടെ പഞ്ചായത്തിൽ മത്സ്യ ബന്ധനവും വിപണവുമായി ബന്ധപ്പെട്ട് ജീവിക്കുന്ന മത്സ്യത്തോഴിലാളി കുടുംബങ്ങളുടെ എണ്ണം ഭീമമായതാണ്. ഇവരുടെ പിന്നോക്കാവസ്ഥ പരിഹരിക്കാൻ ശ്രദ്ധ ചെലുത്തേണ്ട മത്സ്യത്തൊഴിലാളി സഹ. സംഘങ്ങൾ മൂന്നെണ്ണം പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ഒന്ന് പട്ടികജാതി മത്സ്യ ത്തൊഴിലാളി സംഘമാണ്. മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ലാക്കാക്കിയുള്ള സ്കീമുകൾ പ്രാവർത്തികമാക്കാൻ ഈ സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. വളരെ കുറച്ച് അംഗങ്ങൾ മാത്രമേ സംഘങ്ങളിൽ അംഗത്വം എടുത്തിട്ടുള്ളു എന്നുള്ളതും പോരായ്മായാണ്. പാലപ്പെട്ടി-വെളിയംകോട് മത്സ്യത്തൊഴിലാളി സഹ.സംഘമാണ് അല്പമെങ്കിലും മെച്ചമുള്ളത്. ഈ സംഘത്തിൻെറ പ്രവർത്തന പരിധിയിൽ പെരുമ്പടപ്പ് പഞ്ചായത്തിലെ തീരപ്രദേശം കൂടി ഉൾപ്പെടുന്നു. സംഘത്തിൻെറ പ്രവർത്തനം മത്സ്യ ഉല്പാദനം, സംസ്കരണം, വിപണം എന്നീ മേഖലകളിലേക്ക് വ്യാപിക്കണം.

### വ്യവസായ സഹ. സംഘങ്ങൾ

1958 ൽ പ്രവർത്തനം തുടങ്ങിയ വെളിയംകോട് പഞ്ചായത്ത് കയർ വ്യവസായ സഹ. സംഘം ഇന്ന് പ്രവർത്തന രഹിതമാണ്. ഈ പ്രവർത്തനക്ഷമമാക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളണം. കയർ വ്യവസായ രംഗത്ത് നിരവധിപേർ തൊഴിൽ കണ്ടെത്തിയിട്ടുള്ള പഞ്ചായത്താണ് നമ്മുടേത്. പക്ഷേ ഈ മേഘലയിൽ പ്രവർത്തിക്കുന്ന രണ്ട് സഹ. സംഘങ്ങളുടേയും പ്രവർത്തനം കാര്യക്ഷമമല്ലാത്തത് പരിശോധിക്കപ്പെടണം. സംഘങ്ങൾ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഉല്പാദന രംഗത്ത് വൈവിദ്യവത്ക്കരണം

ഏർപ്പെടുത്തിയും ആധുനിക ഉല്പാദനം വിപണന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്താൽ ഈ മേഘലയിൽ മുന്നേറ്റം നടത്താനാകും.

1990ൽ വെളിയംകോട് വനിതാ ഗ്രാമ വ്യവസായ സഹ. സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തുവെങ്കിലും ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല. ഈ സംഘം പ്രവർത്തനക്ഷമമാക്കുകയും കളിപ്പാട്ട നിർമ്മാണം, ബുക്ക് ബൈൻറിംഗ്, വസ്ത്ര നിർമ്മാണം, കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നീ മേഘലകളിലേക്ക് ശ്രദ്ധ കൊടുക്കുകയും ചെയ്താൽ പഞ്ചായത്തിലെ വനിതകളുടെ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിധിവരെയെങ്കിലും സഹായകരമാകും.

**ഉപഭോക്തൃ സഹ. സംഘങ്ങൾ**

മൂന്ന് സഹ. സംഘങ്ങളും ഒരു പഞ്ചായത്ത് കൺസ്യൂമർ സ്റ്റോറുമാണ് ഈ പട്ടികയിൽ പെടുന്നത്. ന്യായവിലക്ക് അവശ്യ സാധനങ്ങൾ വിതരണം ചെയ്യുന്നതിനും പൊതുമാർക്കറ്റിൽ ഇടപെടുന്നതിനും കൺസ്യൂമർ സ്റ്റോറിനു കഴിയണം. എന്നാൽ നമ്മുടെ പഞ്ചായത്തിലെ സഹ. കൺസ്യൂമർ സ്റ്റോറിൻെറ പ്രവർത്തനം അയ്യോട്ടുചിറ പ്രദേശത്തുമാത്രം ഒതുങ്ങി നില്ക്കുന്നു. നിലവിൽ 110 അംഗങ്ങളുള്ള ഈ സംഘം കൂടുതൽ അംങ്ങളെ ചേർത്ത് വിപുലപ്പെടുത്തി പഞ്ചായത്തിൻെറ ഇതര മേഘലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ച് കാര്യക്ഷമമാക്കണം. പുതിയ മാനേജ് മെൻറ് തന്ത്രങ്ങളും അർപ്പണ ബോധവും ഈ മേഖലയിൽ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. പഞ്ചായത്തിലെ പ്രധാന കേന്ദ്രങ്ങളായ വെളിയംങ്കോടങ്ങാടി എരമംഗലം, കോതമുക്ക്, പഴഞ്ഞി തുടങ്ങിയ പ്രദേശങ്ങളിൽ കൺസ്യൂമർ സ്റ്റോറിൻെറ ഷോപ്പുകൾ പ്രവർത്തനം തുടങ്ങണം.

**ഇതര സംഘങ്ങൾ**

നരണിപ്പുഴ കുന്നിപ്പാലം കോൾ കൾട്ടിവേറ്റേഴ്സ് സഹ. സംഘം എന്ന പേരിൽ പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലെ കോൾ കർഷകരുടെ ഒരു സഹ. സംഘം പ്രവർത്തിക്കുന്നുണ്ട്. ഈ സംഘത്തിൻെറ പ്രവർത്തനം ഏതാനും വ്യക്തികളിൽ ഒതുങ്ങിപ്പോകുന്നു എന്ന് പരക്കെ ആക്ഷേപമുണ്ട്. കോൾ മേഖലയിലെ ക്ഷേമ പ്രവർത്തനങ്ങളുടെ ഏജൻസിയായ ഈ സംഘത്തിൻെറ പ്രവർത്തനം സുതാര്യമല്ല. സംഘം കോൾ കർഷകരുടെ പുരോഗമനം ലാക്കാക്കിയുള്ള പ്രവർത്തനം സംഘടിപ്പിക്കേണ്ടതുണ്ട്.

വെളിയംകോട് സെറി കൾച്ചർ സഹ. സംഘം എന്ന പേരിൽ ഒരു സംഘം രജിസ്റ്റർ ചെയ്തിട്ടുണ്ട് എങ്കിലും ഒരു പ്രവർത്തനവും നടത്തിയിട്ടില്ല.

## നേരിടുന്ന പ്രശ്നങ്ങൾ

ക്രെഡിറ്റ് സഹ. സംഘം കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല

അണ്ടത്തോട് സർവ്വീസ് സഹ. ബാങ്കിൽ കൊടുത്ത വായ്പയിൽ 1603000 രൂപ കാലാവധി കഴിഞ്ഞിട്ടും പിരിഞ്ഞു കിട്ടാനാണ്. ഇത് ബാങ്കിൻെറ പ്രവർത്തനങ്ങളെ ബാധിക്കുന്നുണ്ട്.

അണ്ടത്തോട് സർവ്വീസ് സഹ. ബാങ്കിൻെറ പ്രവർത്തന പരിധിയും മേഖലയും രണ്ടു പഞ്ചായത്തിൽ വ്യാപിച്ചിരിക്കുന്നത് പഞ്ചായത്തിൻെറ പ്രത്യേക താല്പര്യത്തിന് വിഘാതമാണ്. പഞ്ചായത്ത് മുഴുവൻ പ്രവർത്തനമേഖലയുള്ള പഞ്ചായത്ത് കൺസ്യൂമർ സഹ. സംഘത്തിൽ കേവലം 110 പേർ മാത്രമാണ് അംഗത്വം എടുത്തിട്ടുള്ളത്. കൺസ്യൂമർ സഹ. സംഘത്തിൻെറ സ്റ്റോർ അയ്യോട്ടുചിറ സെൻററിൽ മാത്രമേയുള്ളു. അംഗങ്ങളെ കൂടുതൽ ചേർക്കാനോ പ്രവർത്തനം വ്യാപിക്കാനോ ശ്രമം കാണാനില്ല. ക്ഷീരോല്പാദക രംഗത്തുള്ള സാധ്യതകൾ ഉപയോഗിക്കാൻ സാധിക്കുന്നില്ല.

ഉത്തമ താല്പര്യത്തോടെയല്ലാതെ സംഘങ്ങൾ വെറുതെ രജിസ്റ്റർ ചെയ്തിട്ടുള്ള പ്രവണത കാണുന്നുണ്ട്. ഇത് ഗുണകരമല്ല.

മത്സ്യത്തൊഴിലാളി മേഖലയിൽ രണ്ടു സഹ. സംഘങ്ങൾ നിലവിലുണ്ടെങ്കിലും ഭൂരിപക്ഷവും സംഘങ്ങളിൽ അംഗത്വം എടുത്തിട്ടില്ല.

ഉൾ നാടൻ മത്സ്യത്തൊഴിലാളികൾ ധാരാളമുള്ള പഞ്ചായത്തിൽ ആ മേഖലയിൽ സംഘങ്ങൾ രൂപീകരിക്കാനുള്ള ശ്രമം കാണുന്നില്ല.

മത്സ്യോത്പാദന മേഖലയിൽ സഹ. സംഘങ്ങൾക്കുള്ള സാധ്യതതൾ ഉപയോഗപ്പെടുത്താൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിലെ ഭൂരിപക്ഷം പേരും സഹ. സംഘങ്ങളിൽ പ്രത്യേകിച്ച് അണ്ടത്തോട് സർവ്വീസ് ബാങ്കിൽ അംഗത്വം എടുത്തിട്ടില്ല. അർഹരായ മുഴുവൻ പേരും സഹ. സംഘങ്ങളിൽ അംഗങ്ങളാകേണ്ടതാണ്.

വിവിധ മേഖലകളിൽ വനിത സഹ. സംഘങ്ങൾ രൂപീകരിക്കാനുള്ള സാധ്യതയുണ്ട്. അത് പ്രയോജനപ്പെടുത്താൻ സാധിച്ചിട്ടില്ല.

പരമ്പരാഗത വ്യവസായമായ കയർവ്യവസായത്തിൽ സഹ. സംഘങ്ങളുടെ പ്രവർത്തനം വളരെ മോശമാണ്. നിലവിലുള്ള രണ്ട് സംഘങ്ങളും പ്രവർത്തനരഹിതമാണ്. നിലവിലുള്ള സംഘങ്ങളിൽ കയർ സഹകരണ സംഘങ്ങൾ, പട്ടികജാതി മത്സ്യതൊഴിലാളി സംഘം, ഗ്രാമീണ വനിതാ വ്യാവസായ സംഘം, സെറി കൾച്ചർ എന്നിവയുടെ പ്രവർത്തനം തീർത്തും നിർജ്ജീവമാണ്. അവശേഷിക്കുന്നതിൽ അണ്ടത്തോട് സർവ്വീസ് ബാങ്ക് ഒഴിച്ചുള്ളതിൻെറ

പ്രവർത്തനങ്ങൾ നാമമാത്രമാണ്. സഹ. പ്രസ്ഥാനത്തിന് വേണ്ട രീതിയിലുള്ള ജനകീയ പിൻബലം നേടിയെടുക്കാൻ സാധിച്ചിട്ടില്ല.

സഹ. പ്രസ്ഥാനത്തിന്റെ സാധ്യതകളെ കുറിച്ചുള്ള ഭൂരിപക്ഷം വരുന്ന ജനങ്ങളും അജ്ഞരാണ് എന്നുള്ളതും, കക്ഷിരാഷ്ട്രീയത്തിന്റെ അതിപ്രസരവും സഹ. സംരംഭങ്ങളും മുഖം തിരിഞ്ഞുനിൽക്കുവാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നുണ്ട്.

സ്കൂൾ സഹ.സംഘങ്ങൾ സ്കൂൾ വർഷാരംഭത്തിൽ പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നു എന്നതൊഴിച്ചാൽ മറ്റ് യാതൊരു പ്രവർത്തനവും നടത്തുന്നില്ല. വിദ്യാർത്ഥികളിൽ സഹ. സംഘങ്ങളുടെ ബാലപാഠം ഈ സൊസൈറ്റികൾ മുഖേന വർഗ്ഗീകരിക്കുന്നതിനും പരിശീലിപ്പിക്കുനനതിനും സഹകാരികളായി വളർത്തുന്നതിനും അംഗത്വം നടത്തിപ്പിൽ കൂടുതൽ പങ്കാളിത്തം എന്നിവ ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. കുട്ടികൾക്കും അധ്യാപകർക്കും ആവശ്യമായ മുഴുവൻ പഠനോപകരണങ്ങളും മറ്റ് ഉപഭോഗവസ്തുക്കളും എല്ലാ കാലങ്ങളിലും സ്കൂല സൊസൈറ്റികൾ മുഖേന ലഭ്യമാക്കുകയും അവയുടെ പ്രവർത്തനം കാര്യ.ക്ഷമമാക്കുകയും വേണം.

## സാധ്യതകൾ

നമ്മുടെ പഞ്ചായത്തിൽ സഹ. മേഖലയിലെ സാധ്യതകളെ അർഹിക്കുന്ന രീതിയിൽ ഉപയോഗപ്പെടുത്താൻ ഇതുവരെയും നമുക്കായിട്ടില്ല എന്നുള്ളത് ഒരു പോരായ്മയായി നിലനിൽക്കുന്നു. പല മേഖലയിലും സഹ. പ്രസ്ഥാനത്തിന്റെ രൂപീകരണം കൊണ്ടും കാര്യക്ഷമമായ പ്രവർത്തനം കൊണ്ടും വലിയ അളവിൽ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് സാധിക്കും.

## വനിതാ വ്യവസായ സഹ.സംഘങ്ങൾ

പഞ്ചായത്തിലെ രജിസ്റ്റർ ചെയ്തിട്ടുള്ള വനിതാ വ്യവസായ സഹ.സംഘം നിർജ്ജീവമാണ് ഈ സംഘം പുനർജീവിപ്പിക്കുകയും വൈവിധ്യമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും വേണം. കളിപ്പാട്ടനിർമ്മാണം,അച്ചാറുകളുടെ നിർമ്മാണം, വസ്ത്ര നിർമ്മാണം, ബുക്ക് ബൈൻറിംങ്ങ് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വാർഡ് തലത്തിൽ വനിതാ സഹകരണസംഘങ്ങൾ രൂപീകരിക്കേണ്ടതും പഞ്ചായത്തിലെ സ്ത്രീകളുടെ അഭിവൃദ്ധിക്കും പുരോഗതിക്കും സഹായകമായി വർത്തിക്കും. ക്ഷീരോത്പാദക സഹ.സംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ ക്ഷീരമേഖലയിൽ സഹ. സംഘങ്ങൾക്ക് സാധ്യതയും അതിന്റെ ആവശ്യകതയുമുണ്ട്. മിക്കവാറും എല്ലാ വീടുകളിലും പശു, ആട് എന്നിവയുണ്ട്. വാർഡ് തോറും ഓരോ ക്ഷീരോത്പാദക സഹ.സംഘങ്ങൾ രൂപീകരിച്ച് അതുവഴി കുടുംബത്തിന്റെ സാമ്പത്തിക നിലവാരം മെച്ചപ്പെടുത്താൻ സാധിക്കും. നമ്മുടെ പഞ്ചായത്തിൽ വ്യവസായ രംഗത്ത് ഇത്തരം സംരംഭങ്ങൾ ഇല്ലാത്തത് ഒട്ടും ആശ്വാസകരമല്ല.

## അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക്

| സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നിക്ഷേപം | വായ്പ കൊടുത്തത് | വാങ്ങിയത് | നഷ്ടം - ലാഭം+ |
|---|---|---|---|---|---|---|
| 1946 | 6471 | 507000 | 188 ലക്ഷം | 25 ലക്ഷം | 127.77 ലക്ഷം | 35.55 ലക്ഷം |
| | | | | | | |

## മത്സ്യത്തൊഴിലാളി സഹ. സംഘങ്ങൾ

| | പേര് | പ്രവർത്തനം ആരംഭിച്ചവർഷം | അംഗങ്ങളുടെ എണ്ണം | ഓഹരി മൂലധനം | നിക്ഷേപം | വായ്പ നൽകിയത് | നഷ്ടം - ലാഭം + | ജോലി നൽകിയത് |
|---|---|---|---|---|---|---|---|---|
| 1 | പാലപ്പെട്ടി വെളിയംകോട് മത്സ്യതൊഴിലാളി സഹകരണ സംഘം | 1987 | 754 | 65750 | - | 53897 | -1446 | 1 |
| 2 | വെളിയംകോട് പട്ടികജാതി മത്സ്യതൊഴിലാളി സംഘം | 1989 | 74 | 150740 | - | 270000 | -53391 | - |
| 3 | വെളിയംകോട് മത്സ്യതൊഴിലാളി സഹകരണ സംഘം | 1993 | 369 | 33690 | - | 30500 | 5570. | 1 |

## വ്യവസായ സഹ. സംഘങ്ങൾ

| | പേര് | പ്രവർത്തനം ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | പ്രവർത്തനമൂലധനം | Net loss | ജോലിക്കാർ |
|---|---|---|---|---|---|---|---|
| 1 | വെളിയംകോട് കയർ വ്യവസായ സഹകരണ സംഘം no 243 | 1958 | 511 | 88583 | 172248 | -170953 | - |
| 2 | വെളിയംകോട് സൗത്ത് കയർ വ്യവസായ സഹകരണ സംഘം KLM 601 | 1977 | 339 | 63075 | 151752 | -232804 | -- |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | വെളിയംകോട് വനിത ഗ്രാമവ്യവസായ സഹ.കരണ സംഘം | 1990 | 39 | 11250 | 10083 | -8924 | - |

## ഉപഭോക്തൃ സഹ. സംഘങ്ങൾ

| | പേര് | ആരംഭിച്ച വർഷം | അംഗങ്ങൾ | ഓഹരി മൂലധനം | - നഷ്ടം ലാഭം + | തൊഴിൽ |
|---|---|---|---|---|---|---|
| 1 | വെളിയംകോട് പഞ്ചായത്ത് കൺസ്യൂമർ സ്റ്റോർ | 1989 | 110 | 41050 | - 7517 | 1 |
| 2 | വെളിയംകോട് ഗവ. ഹൈസ്ക്കൂൾ സഹകരണ സംഘം | 1959 | 4845 | 7163 | -14414.64 | - |

## ഇതര സഹകരണ സംഘങ്ങൾ

| | പേര് | പ്രവർത്തനം | Members | paid up | Net loss | തൊഴിൽ |
|---|---|---|---|---|---|---|
| 1 | നരണിപ്പുഴ കുമ്മിപ്പാലം കോൾ കൾട്ടിവേറ്റേൾസ് കോ ഓഫ് സൊസൈറ്റി | 1983 | 216 | 2250 | -319861 | 1 |
| 2 | വെളിയംകോട് പഞ്ചായത്ത് സെറികൾച്ചർ സഹ.കരണ സംഘം | 1990 | 13 | 1300 | 32.50 | - |

# പട്ടികജാതിപട്ടിക വർഗ്ഗക്ഷേമം

പട്ടികജാതി വിഭാഗത്തിലെ ജനസംഖ്യ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 18 % വരും. 1991 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 26857 ഉം അതിൽ പട്ടിക ജാതി ജനസംഖ്യ 1527. ഉം വരും. നൂറ്റാണ്ടുകളോളം അവശതയുടെയും അവഗണനയുടെയും കയത്തിൽ ജീവിച്ചിരുന്നവർക്ക് സാമൂഹ്യക്ഷേമ മേഖലയിൽ അല്പം പുരോഗതി നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക മേഖലയിൽ മുന്നേറാൻ സാധിച്ചിട്ടില്ല. 1957 ലെ ഭൂപരിഷ്കരണനിയമം മൂലം കുടികിടപ്പവകാശം ലഭിച്ചതും, വിദ്യാഭ്യാസമേഖലയിൽ കേരളസംസ്ഥാനം ആർജ്ജിച്ചെടുത്ത സാർവത്രിക സ്വഭാവവും പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹ്യാവസ്ഥ മെച്ചപ്പെടുത്താൻ സഹായകരമായ വസ്തുതകാളാണ്. കേരളത്തിലെ സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും പുരോമന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനവും നമ്മുടെ പഞ്ചായത്തിലും അർഹിക്കുന്ന രീതിയിൽ അതിൻെറ പങ്ക് നിർവഹിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സാമൂഹ്യാഘോഷങ്ങളിൽ പട്ടികജാതി വിഭാഗങ്ങൾക്കിടയിലുള്ളവർ അവരുടേതായ പങ്ക് നിർവഹിക്കുകയും അതിൽ തങ്ങലുടെ സ്ഥാനം ഉറപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി പട്ടിക വർഗ്ഗങ്ങളെ കുറിപ്പ് നടത്തിയിട്ടുള്ള സർവെകൾ പഞ്ചായത്ഥ് തലത്തിലല്ല ക്രോഡീകരിച്ചത് എന്നുള്ളതിനാൽ വിശദമായ സ്ഥിതി വിവരകണക്കുകൾ ലഭ്യമല്ല. റിപ്പോർട്ട് ഉണ്ടാക്കുന്നതിന് പ്രധാനമായും ആശ്രയിക്കേണ്ടി വന്നത്. ഗ്രാമസഭായോഗത്തിലെ ചർച്ചകളേയും നിർദ്ദേശങ്ങളെയും ആണ്. എന്നാൽ ഭൂരിപക്ഷം വാർഡുകളിലേയും നിർദ്ദേശങ്ങളും വിവരങ്ങളും ശുഷ്കമായി പോയത് ഈ റിപ്പോർട്ടിൻെറ പോരായ്മയായി നിലനിൽക്കുന്നുണ്ട്.

### തൊഴിൽ മേഖല

കാർഷിക മേഖലയിലാണ് ഭൂരിഭാഗം പേരും പ്രധാനമായും തൊഴിലെടുക്കുന്നത്. പുരുഷൻമാരിൽ കൂടുതലും തെങ്ങുകയറ്റതൊഴിലാളികളാണ്. സ്ത്രീകൾ കാർഷിക മേഖലയിലും, കെട്ടിടനിർമ്മാണരംഗത്തും തൊവിൽ കണ്ടെത്തുന്നു. അല്പം ചിലർ കയർ, മത്സ്യം തുടങ്ങിയ മേഖലയിലും ജോലിയെടുക്കുന്നുണ്ട്. ചില വീടുകളിൽ കുട്ട നെയ്ത്ത് തുടങ്ങിയ ജോലികളും ചെയ്യുന്നുണ്ട്. സർക്കാർ ഓഫീസുകളിൽ ജോലി ചെയ്യുന്നവരുടെ എണ്ണം 15ൽ താഴെയെ വരികയുള്ളൂ. തൊഴിൽ ലഭിക്കാത്ത അഭ്യസ്തവിദ്യരായ ചെറുപ്പക്കാരും കുറവല്ല. കാർഷിക മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം

നാൾക്കുനാൾ കുറഞ്ഞുവരുന്നുണ്ട്. കാർഷികമേഖലയിലെ മുരടിപ്പ് ഇതിന് പ്രധാന കാരണമാണ്.

## കോളനികൾ

9-ാം വാർഡിൽ പത്തിരം എന്ന പ്രദേശത്ത് ഒരു കോളനി മാത്രമാണ് അംഗീകരിക്കപ്പെട്ട പട്ടികജാതി കോളനി. ഇവിടെ ഏകദേശം 20 ഓളം കുടുംബങ്ങൾ താമസിക്കുന്നുണ്ട്. വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും മുഴുവൻ വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. കക്കൂസുകളുടെ അപര്യാപ്തതയും വളരെ പ്രശ്നമാണ്. മഴക്കാലത്ത് പത്തിരം തിരുത്തിലെ താമസം ദുരിത പൂർണ്ണമാണ്, വെള്ളം കയറുന്ന പ്രശ്നമുണ്ട്. കുടിവെള്ളക്ഷാമം രൂക്ഷമാണ്. പത്തിരം കോളനിയിലേക്കുള്ള റോഡിൽ ഗതാഗതം ക്ലേശകരമാണ്. നാലാം വാർഡിൽ 8ഓളം കുടുംബങ്ങൾ താമസിക്കുന്ന കോളനിയുണ്ട്. ഈ കോളനിയെ പട്ടികജാതി കോളനിയായി അംഗീകരിപ്പിക്കാൻ നടപടിയെടുക്കണം.

## സാമൂഹ്യ സാമ്പത്തിക മേഖല

സാമൂഹ്യപരമായി ഉച്ചനീചത്വങ്ങൾ പ്രകടമായി നിലവിലില്ല എന്നു പറയാം. പട്ടികജാതി കുടുംബങ്ങളും മററുള്ളവരും ഇടകലർന്നാണ് താനസിക്കുന്നത്. പത്തിരം പ്രദേശത്തെ കോളനി നിവാസികൾ മാത്രമാണ് ഒറ്റപ്പെട്ട് ജീവിക്കുന്നവർ. വിവിധസമുദായങ്ങൾ തമ്മിലുള്ള ഐക്യം നമ്മുടെ പഞ്ചായത്തിൽ ദൃഢമാണ്. സാമൂഹ്യമേഖലയിൽ പുരോഗതിയുണ്ടായിട്ടുണ്ട്. എങ്കിലും സാമ്പത്തികമേഖലയിൽ വളർച്ച പ്രാപിക്കാൻ പട്ടികജാതി വിഭാഗങ്ങൾക്കായിട്ടില്ല. എത്ര കഠിനമായ ജോലിയും ചെയ്യാൻ തയ്യാറുള്ളവരാണെങ്കിലും അതിനനുസരിച്ച് സംമ്പാദ്യ ശീലം വളർത്തിയെടുക്കാൻ സാധിച്ചിട്ടില്ല. നാമമാത്രമായി ഗൾഫുമേഖലയിൽ തൊഴിലെടുക്കുന്നവർ ഉണ്ട്. സമൂഹത്തെ കാർന്നുതിന്നുന്ന മദ്യപാനശീലം പട്ടികജാതി വിഭാഗങ്ങൾക്കിടയിലും വ്യാപകമാണ്.

## വിദ്യാഭ്യാസം

കുട്ടികളെ വിദ്യാഭ്യാസത്തിന് സ്കൂളിൽ പറഞ്ഞയക്കുന്നുണ്ട്. എന്നാൽ പഠന നിലവാരം മെച്ചപ്പെട്ടതാണെന്ന് പറയാൻ സാധിക്കില്ല. S.S.L.C പാസാകുന്നവരുടെ എണ്ണം വളരെ കുറവാണ്. ഡിഗ്രീ വരെ പഠിച്ചവരുടെ എണ്ണം പത്തിൽ താഴെയേ വരുകയുള്ളൂ. കുടുംബത്തിലെ ദരിദ്ര പശ്ചാത്തലവും സാമൂഹ്യ സാഹചര്യവും കുട്ടികളുടെ പഠനത്തെ ബാധിക്കുന്നുണ്ട്. മുതിർന്നവരിൽ നിരക്ഷരരായ ആളുകളും കുറവല്ല. പെൺകുട്ടികളാണ് പഠനകാര്യത്തിൽ മുന്നിൽ നിൽക്കുന്നത് എന്നുള്ളത് പ്രത്യേകതയാണ്. ആൺകുട്ടികൾ പഠനം പൂർത്തിയാക്കാതെ തൊഴിൽ മേഖലയിലേക്ക് വ്യാപരിക്കുമ്പോൾ പെൺകുട്ടികൾ പഠനം തുടർന്നുകൊണ്ടു പോകുവാൻ താല്പര്യം കാണിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളിൽപഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം താഴെ ചേർക്കുന്നു.

| സ്കൂളിൻെറ പേര് | വിദ്യാർത്ഥികളുടെ എണ്ണം | | | | കൊഴിഞ്ഞുപോയവരുടെ എണ്ണം | | | |
|---|---|---|---|---|---|---|---|---|
| | SC | ST | SC | ST | SC | ST | SC | ST |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| GLPS (NMEW) | | | | 48 | | | | | 63 |
| GFLPS | | | | 38 | | | | | 46 |
| GMLPS | | | | 153 | | | | | 52 |
| GMLPS | | | | 20 | | | | | 26 |
| GHS Vadakkekad | | | | 208 | | | | | 39 |
| GLPS | | | | 31 | | | | | 411 |
| AMLPS ERM | | | | 19 | | | | | 16 |
| CMMUP ERM | | | | 107 | | | | | 106 |
| CMMLP | | | | 34 | | | | | 40 |
| ALPS | | | | 34 | | | | | 28 |

പഞ്ചായത്തിനു പുറത്തുള്ള സ്കൂളുകൾ കോളേജുകൾ പാരലൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ലഭ്യമല്ല.

### പൊതുപ്രവർത്തന രംഗം

പൊതു പ്രവർത്തന രംഗത്തും രാഷ്ട്രീയ രംഗത്തും കുറച്ചുപേർ പ്രവർത്തിക്കുന്നുണ്. യുവജന സംഘടനകൾ രാഷ്ട്രീയ പാർട്ടികൾ, എന്നിവയുടെ സജീവ പ്രവർത്തകരായവരുണ്ട്. കലാ സാംസ്കാരികരംഗത്തും കായികരംഗത്തും ഇടപെടാൻ സാധിക്കുന്നുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൻെറ മുഖ്യ ധാരയിലേക്ക് കടന്നു വരാൻ മടി കാണിക്കുന്നവർ ഭൂരിപക്ഷം ആണെന്നുള്ളത് കാണാതെ പോകുന്നില്ല. പക്ഷേ ഇത് സമൂഹത്തെ മൊത്തത്തിൽ ബാധിച്ചിട്ടുള്ളതാണ്.

### ക്ഷേമ പ്രവർത്തനങ്ങൾ

പട്ടിക ജാതിയിലെ ഭൂരിപക്ഷം പേർക്കും വീടില്ലാത്ത സ്ഥിതിയുണ്ട്. കലകുടിലിലാണ് ഭൂരിപക്ഷം പേരും താമസികന്നത്. 80 ശതമാനം പേരും പ്രാഥമികസൗകര്യങ്ങൾ ഇല്ലത്തവരാണ്. കക്കൂസ്, കിണർ, എന്നിവ 85% പേർക്കും ഇല്ല. സർക്കാരിൽ നിന്നും ലഭിക്കുന്ന ആനുകൂല്യവും ധനസഹായവും ഒന്നും വാങ്ങിയെടുക്കാൻ സാധിക്കാറില്ല. പദ്ധതികളെക്കുറിച്ച് അറിയാത്തതും അവകാശങ്ങളെ പറ്റി ബോധവാന്മാരല്ലാത്തതും പോരായ്മയായി നിലനില്ക്കുന്നു. സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായങ്ങൾ ന്യൂനപക്ഷം വരുന്നവർക്ക് മാത്രമേ ലഭിക്കാറുള്ളു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പഞ്ചായത്ത് വഴി വിതരണം ചെയ്ത ക്ഷേമപദ്ധതികളുടെ വിവരം പട്ടിക 2ൽ കൊടുത്തിരിക്കുന്നു. കഴിഞ്ഞ വർഷത്തിൽ 50 ഓളം കുടുംബങ്ങൾക്ക് വൈദ്യുതീകരിക്കാൻ പഞ്ചായത്ത് പദ്ധതി തയ്യാറാക്കി. 30 കുടുംബങ്ങൾ കൊടുത്തുകഴിഞ്ഞു.

### ഇതരപ്രശ്നങ്ങൾ

കാർഷികമേഖലയിൽ ലഭിക്കുന്ന തൊഴിൽ ചില കാലങ്ങളിൽ മാത്രം ലഭിക്കുന്നതാകയാൽ വർഷത്തിൽ ഭൂരിഭാഗം ദിവസവും തൊഴിൽ ലഭിക്കാറില്ല. തുച്ഛമായി ലഭിക്കുന്ന തൊഴിൽ ദിനങ്ങൾ മൂലം ഭൂരിഭാഗം കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയാണ്. കുട്ടികളുടെ വിദ്യാഭ്യാസം, പെൺകുട്ടികളുടെ വിവാഹം എന്നിവക്ക് നിവൃത്തിയില്ലാത്ത കുടുംബങ്ങൾ നിരവധിയാണ്.പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള സ്ഥാപനങ്ങൾ നമ്മുടെ പഞ്ചായത്തിൽ ഇല്ല എന്നു തന്നെ പറയാം. ഒരു ഹരിജൻ മത്സ്യതൊഴിലാളി സഹകരണസംഘം മാത്രമാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ

476

മുഴുവൻ പട്ടികജാതി അംഗങ്ങളെയും ചേർത്ത് സഹകരണമേഖലയിൽ നൂതനസംരംഭങ്ങൾ നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ള സംഘത്തെക്കുറിച്ചുള്ള വിവരങ്ങൾ പട്ടിക 3 ൽ കൊടുത്തിരിക്കുന്നു.

## പ്രശ്നങ്ങൾ

1. കാർഷിക മേഖലയിൽ നാമമാത്രമായ തൊഴിൽദിനങ്ങളേ ലഭിക്കാറുള്ളൂ.
2. സർക്കാരിൽ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ വാങ്ങാൻ ഭൂരിഭാഗം പേർക്കും സാധിക്കുന്നില്ല.
3. പട്ടികജാതി വിഭാഗങ്ങളുടെ അവകാശങ്ങൾ ബിനാമി ഇടപാടിലൂടെ തട്ടിയെടുക്കുന്ന സ്ഥിതി നിലനിൽക്കുന്നുണ്ട്.
4. സർക്കാറിൻെറ 7ഏ്യമപ്രവർത്തനങ്ങളെ കുറിച്ച് അറിയാൻ പഞ്ചായത്തിൽ വ്യക്തമായ സംവിധാനങ്ങളില്ല.
5. പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്നിടത്തേക്ക് ശരിയായ റോഡുകൾ കുറവാ ണ്.
6. ഭൂരിഭാഗം പേരും അഞ്ചുസെൻറിലോ പത്ത് സെൻറിലോ താമസിക്കുന്നവരാണ് എന്നതിനാൽ പലപ്പോഴും ശവസംസ്കാരം നടത്തുന്നതിന് ആവശ്യമായ സ്ഥലമില്ലാത്തത് ഗുരുതരമായ പ്രശ്നമാണ്.
7. വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെട്ടതല്ല.
8. സഹകരണമേഖലയിൽ കാര്യമായതൊന്നും ചെയ്യാൻ സാധിച്ചിട്ടില്ല.
9. ഭൂരിഭാഗം വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.
10. കക്കൂസ് 80 % കുടുംബങ്ങൾക്കുമില്ല.
11. കാർഷികമേഖലയിലെ മുരടിപ്പ് തൊഴിലവസരങ്ങൾ കുറയ്ക്കുന്നുണ്ട്.
12. യുവാക്കളിൽ ഭൂരിഭാഗം പേർക്കും സ്ഥായിയായ തൊഴിൽ മേഖലകണ്ടെത്താൻ സാധിച്ചിട്ടില്ല.
13. പാർപ്പിടപ്രശ്നം വളരെ രൂക്ഷമാണ്. പാർപ്പിടമില്ലാത്ത കുടുംബങ്ങൾ നിരവധിയുണ്ട്. ഇവരുടെ പ്രാഥമിക സൗകര്യങ്ങൾ ശോചനീയമാണ്.
14. മദ്യപാന ശീലം മിക്ക കുടുംബങ്ങളുടെയും പരാധീനതക്ക് കാരണമാണ്. സ്ത്രീകൾ ഇതുമൂലം അനുഭവിക്കുന്ന കഷ്ടപ്പാടുകൾ നിസ്സാരമല്ല.

# നിർദ്ദേശങ്ങൾ

1 പട്ടിക ജാതിവിഭാഗങ്ങൾക്ക് ലഭിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുന്നതിന് സഹായിക്കുന്നതിനുവേണ്ടി പഞ്ചായത്തിലൊരു ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കേണ്ടതാണ്. പഞ്ചായത്തിൽ നിന്ന് നടപ്പാക്കുന്ന സ്കീമുകൾ ഇൻഫർമേഷൻ സെൻറർ ജനങ്ങളിലേക്ക് എത്തിക്കാൻ നടപടി സ്വീകരിക്കണം. ജനപ്രതിനിധികളും, മറ്റും ഈ സെൻററിൻെറ ഭാഗമായിരിക്കണം.

2. പട്ടികജാതി വിഭാഗങ്ങളുടെ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതിനെതിരെയും അതിക്രമങ്ങൾക്കെതിരെ ജാഗ്രത പാലിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ ജനകീയസമിതി രൂപീകരിക്കണം.

3. പൊതുസ്മശാനമില്ലാത്തത് ഗുരുതരമായ പ്രശ്നമാണ്.

4. പട്ടികജാതി കുടുംബങ്ങലുടെ പൊതുസ്ഥിതിയെക്കുറിച്ചു വിശദമായ സർവ്വേ വാർഡ്തലത്തിൽ സംഘടിപ്പിക്കണം. ഇവയിൽ വീടില്ലാത്തവരുടെ എണ്ണം, കക്കൂസ് വൈദ്യുതി, കിണർഇല്ലാത്തവരുടെ എണ്ണം. ഇവ പ്രധാനമായും ശേഖരിക്കുകയും ഇല്ലാത്തവർക്ക് മുൻഗണനാടിസ്ഥാനത്തിൽ ഇവ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും വേണം.

5. വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്തുന്നതിന് പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കൂളിൽ പ്രത്യേക കോച്ചിംങ്ങ് ക്ലാസ്സുകൾ സംഘടിപ്പിക്കണം. ഇതിന് സന്നദ്ധപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.

6. അഭ്യസ്ഥവിദ്യരായ പട്ടികജാതി യുവതീ യുവാക്കൾക്ക് തൊഴിൽ പരിശീലനം നൽകാൻ ഒരു സെൻറർ ആരംഭിക്കണം. സ്വയംതൊഴിൽ ചെയ്യുന്നതിന് ലളിതമായ വ്യവസ്ഥയിൽ ധനസഹായം നൽകാൻ സാധിക്കണം. സഹായത്തിന് അർഹതയുള്ളവരുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

7. S.S.L.Cക്ക് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുകയും ഇവർക്ക് ഉപരിപഠനത്തിനുള്ള വർദ്ധിച്ച സഹായവും സാഹചര്യവും ഒരുക്കികൊടുക്കുകയും വേണം.

8. വെളിയംകോട് പഞ്ചായത്ത് പട്ടികജാതി വികസനക്ഷേമ സഹകരണസംഘം എന്ന പേരിൽ ഒരു സഹകരണസ്ഥാപനം രൂപീകരിക്കേണ്ടതും, ഈ സംഘം വൈവിദ്ധ്യമുള്ള സ്കീമുകളും പ്രവർത്തനങ്ങളും സംഘടിപ്പിക്കേണ്ടതുമാണ്. തൊഴിൽമേഖലയെ ആസ്പദമാക്കികൊണ്ട് സഹകരണസ്ഥാപനം രൂപീകരിക്കാവുന്നതാണ്.

9. പട്ടികജാതി വിഭാഗങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പുരോഗതി ലക്ഷ്യമാക്കുന്നതിനും വേണ്ടി വിദഗ്ദരെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത്

478

തലത്തിൽ ഒരു സെമിനാർ സംഘടിപ്പിച്ചാൽ നന്നായിരിക്കും. പട്ടികജാതി വിഭാഗങ്ങളുടെ അവകാശങ്ങൾ ക്ഷേമപ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് അറിയാനും ബോധവത്കരണത്തിനും സഹായകരമാവുന്ന രീതിയിലാണ് സെമിനാർ സംഘടിപ്പിക്കേണ്ടത്.

10. പട്ടികജാതി ജനസംഖ്യക്ക് ആനുപാതികമായി വികസനപദ്ധതികളിൽ തുക നീക്കിവെക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ തെങ്ങുകയറ്റ തൊഴിലാളികളെ മുഴുവൻ പേരെയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ കൊണ്ടുവരാൻ നടപടിയെടുക്കേണ്ടതാണ്.

പട്ടികജാതി വർഗ ക്ഷേമത്തെ കുറിച്ചുള്ള ഈ റിപ്പോർട്ട് അതർഹിക്കുന്ന രീതിയിൽ പൂർണ്ണമല്ല. ഗ്രാമസഭാനിർദ്ദേശങ്ങളിലെ പോരായ്മയും സ്ഥിതിവിവരകണക്കുകളുടെ ലഭ്യമില്ലായ്മയുമാണ് ഇതിനു കാരണമായത്.

# വിഭവ സമാഹരണം

നമ്മുടെ പഞ്ചായത്ത് ഇന്ന് വലിയൊരു പ്രതിസന്ധിയെ നേരിടുകയാണ്. വ്യാവസായികമായി കാര്യമായ മുന്നേറ്റം നടത്താൻ പഞ്ചായത്തിനായിട്ടില്ല. നാമമാത്രമായ ചെറുകിട വ്യവസായങ്ങളുടെ സ്ഥിതിയും ദയനീയമാണ്. ഇന്നത്തെ സാഹചര്യത്തിൽ ഈ മേഖലയിൽനിനനളം അധിക വിഭവ സമാഹരണ ശ്രമങ്ങൾക്ക് സാധ്യത കാണുന്നില്ല. പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിച്ചും കൂടുതൽ ചെറുകിട, കുടിൽ, ഇടത്തരം വ്യവസായങ്ങൾക്ക് സാധ്യതയൊരുക്കിയെങ്കിലേ ഈ മേഖലയിൽ വിഭവസമാഹരണത്തിന് വഴിയൊരുക്കാനാകൂ.

കാർഷിക രംഗവും മുരപ്പിനെ പ്രതിസന്ധിയേയും നേരിടുകയാണ്. കാർഷിക മേഖലയിൽ മുന്നേറ്റങ്ങൾ നടത്തുക വഴി ഈ രംഗത്തു വിഭവസമാഹരണ സാധ്യതകൾ കണ്ടെത്താനാകും. ഈ രണ്ട് രംഗങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള സ്വാതന്ത്ര്യവും അധികാരവും പഞ്ചായത്തിനു ലഭിത്താൽ വലിയൊരു മാറ്റങ്ങൾ ഉണ്ടാക്കാനാകും.

**1995-96 വർഷത്തെ പഞ്ചായത്തിൻെറ വരവുചിലവും താഴെ കാണിക്കുന്നതുപോലെയാണ്.**

| ഇനം | വരവ് |
|---|---|
| 1. കെട്ടിട നികുതി | 268811.05 |
| 2. തൊഴിൽ നികുതി | 51211.00 |
| 3. വിനോദ നികുതി | 56850.00 |
| 4. കെട്ടിട വാടക | 14360.00 |
| 5. ലേലം | 11.87.00 |
| 6. കടത്തു ലേലം | 3120.00 |
| 7. ഉപാധിരഹിത ഫണ്ട് | 287500.00 |
| 8. ലൈബ്രറി ഫീസ് | 13357.70 |
| 9. ഗ്രാൻറുകൾ | 831750.75 |
| 10. പലവക | 192465.75 |
| ആകെ | 1720613.25 |

## ചിലവുകൾ സംബന്ധിച്ച വിവരങ്ങൾ

| ഇനം | ചിലവ് |
|---|---|
| 1 ഭരണം | 482200.00 |
| 2 പൊതുമരാമത്ത് | 787434.00 |
| 3 വിദ്യാഭ്യാസം | 11185.00 |
| 4 ജലവിതരണം, ഓടകൾ പൊതുജനാരോഗ്യം | 74800.00 |
| 5 തെരുവുവിളക്കുകൾ കത്തിക്കൽ | 28571.00 |
| 6 മറ്റുള്ളവ | 144944.00 |
| ആകെ | 17,29,134.00 |

സർക്കാർ ഗ്രാൻറുകൾ യഥാസമയങ്ങളിൽ പഞ്ചായത്തിനു ലഭിക്കാത്തതും വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തടസ്സമാകുന്നു. ഗ്രാൻറുകൾ വിതരണം ചെയ്യുന്നത് പ്രദേശങ്ങളുടെ പിന്നോക്ക അവസ്ഥ, പട്ടിക ജാതിക്കാരുടെ എണ്ണം, ആകെ ജനസംഖ്യ എന്നിവ കണക്കിലെടുത്തുകൊണ്ടാകണം.

## കച്ചവട സ്ഥാപനങ്ങൾ

പഞ്ചായത്തിൽ എല്ലാ കച്ചവടസ്ഥാപനങ്ങൾക്കും ലൈസൻസ് ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കണം. ഇതിന്നായി ഓരോ വാർഡിലേയോ മുഴുവൻ കച്ചവട സ്ഥാപനങ്ങളേയും സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തി കെട്ടിടത്തിൻെറ സ്വഭാവം, ഉടമസ്ഥൻെറ പേര്, കച്ചവടത്തിൻെറ സ്വഭാവം, കച്ചവടക്കാരൻെറ പേര്, തൊഴിലാലികളുടെ പേരും എണ്ണവും, നൽകുന്ന വേതനം എന്നിവ ശേഖരിക്കണം. ഇതിൻെറ അടിസ്ഥാനത്തിൽ കച്ചവടത്തിന് ലൈസൻസ് ചുമത്തണം.

കഴിഞ്ഞ വർഷത്തിൽ ലൈസൻസ് ഇനത്തിൽ 6446 രൂപയേ പിരിഞ്ഞുകിട്ടിയിട്ടുള്ളു. ലൈസൻസ് നൽകുന്നതിനും പിരിച്ചെടുക്കുന്നതിലും ഇന്നുള്ള ഉദാസീനത മാറണം. ലോൺ വാങ്ങേണ്ട ആവശ്യങ്ങൾക്കോ മറ്റാവശ്യങ്ങൾക്കോ വേണ്ടി പഞ്ചായത്താഫീസിൽ വരുമ്പോൾ മാത്രം ലൈസൻസ് അടക്കുന്ന ഇന്നത്തെ സമ്പ്രദായം മാറണം. വാസയോഗ്യമായ കെട്ടിടങ്ങൾ ഒഴികെയുള്ളവക്ക് ലഭിക്കുന്ന വാടകയുടെ അടിസ്ഥാനത്തിലായിരിക്കണം നികുതി ചുമത്തുന്നത്. വാസ യോഗ്യമായ കെട്ടിടങ്ങൾക്ക് ഇന്നത്തെ നികുതി ചുമത്തുന്ന സമ്പ്രദായത്തിൽ മാറ്റം അനിവാര്യമാണ. കെട്ടിടത്തിൻെറ തറ വിസ്തീർണ്ണം, കെട്ടിടത്തിനകത്തെ സൗകര്യങ്ങൾ എന്നിവ കൂടി കണക്കിലെടുത്ത് ശാസ്ത്രീയമായ രീതിയിലായിരിക്കണം കെട്ടിട നികുതി ചുമത്തുന്നത്. നികുതി നിർണ്ണയിത്തിൽ ഉദ്യോഗസ്ഥൻമാരും ജനപ്രതിനിധികളും ഉൾപ്പെടുന ഒരു ജനകീയ കമ്മറ്റി ഏർപ്പെടുത്തിയാൽ അഴിമതി, സ്വജന പക്ഷപാതം എന്നിവ ഒഴിവാക്കാൻ കഴിയും. ഇങ്ങനെ ചുമത്തുന്ന നികുതി യഥാവസരത്തിൽ തന്നെ കെട്ടിട ഉടമയെ ബോധ്യപ്പെടുത്താൻ കഴിഞ്ഞാൽ അനാവശ്യമായ അപ്പീലും കാലതാമസവും ഒഴിവാക്കാൻ കഴിയും. കഴിഞ്ഞ

വർഷത്തിൽ ഈ ഇനത്തിൽ 2,68,811 രൂപ മാത്രമാണ് പിരിഞ്ഞുകിട്ടിയത്. യഥാർത്ഥത്തിൽ പിരിഞ്ഞു കിട്ടേണ്ടിയിരുന്നത് 3,00,830 രൂപയാണ്. നികുതി കൊടുക്കുന്നതിനും നികുതിദായകരേയും ഉദ്യോഗസ്ഥരേയും ഒരുപോലെ സഹായിക്കാവുന്ന തരത്തിൽ മുൻകൂട്ടി നോട്ടീസ് മുഖേനയും മറ്റും പ്രചരണവും പരസ്യവും നൽകി വിവിധ സ്ഥലങ്ങളിൽ ഉദ്യോഗസ്ഥന്മാർ ക്യാമ്പ് ചെയ്ത് പിരിവ് നടത്തുന്നത് നന്നായിരിക്കും. പഞ്ചായത്തിൽ പലയിടങ്ങളിലും അനിയന്ത്രിതമായി വളർന്നു വരുന്ന സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുണ്ട്. അവയ്ക്ക് അടിയന്തിരമായി ലൈസൻസ് ഏർപ്പെടുത്തണം.

## തൊഴിൽ നികുതി

പഞ്ചായത്തിലെ സർക്കാർ ജീവനക്കരാർ, സ്വകാര്യസ്കൂളുകളിലേയും മറ്റും അദ്ധ്യാപകർ എന്നിവയിൽ നിന്നാണ് തൊഴിൽ നികുതി പ്രധാനമായും ഈടാക്കുന്നത്. കഴിഞ്ഞ വർഷം 51211 രൂയാണ് തൊഴിൽ നികുതിയായി വരവ്. ധനകാര്യ സ്ഥാപനങ്ങൾ, കച്ചവട സ്ഥാപനങ്ങൾ, തുടങ്ങി നിശ്ചിത വരുമാനമുള്ള എല്ലാവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാൻ കഴിയണം. മുമ്പ് സൂചിപ്പിച്ച സർവ്വേ പ്രകാരം ഇത്തരത്തിൽ നികുതി കൊടുക്കാനുള്ളവരെ കണ്ടെത്താൻ കഴിയും. സർവോപരി മുഴുവൻ തൊഴിലാളികളേയും ഗ്രൂപ്പ് ഇൻഷൂറൻസിൽ നിന്നു കീഴിൽ കൊണ്ടുവരാൻ കഴിഞ്ഞാൽ അവരിൽ നിന്നെല്ലാം തൊഴിൽ നികുതി ഈടാക്കുകയും ചെയ്യാം.

## വെൽത്ത് ടാക്സ്

ഒരു ഹെക്ടറിന് മുകളിൽ കൃഷിഭൂമിയുള്ളവരുടെ വിവരം ശേഖരിച്ച് അവരിൽ നിന്നും ഒരു നിശ്ചിത സംഖ്യ വെൽത്ത് ടാക്സ് എന്ന പേരിൽ ഈടാക്കാം. ഇത് ഭൂമിയുടെ തരം, ആദായം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചുമത്തുന്നത്. കർഷകർക്കും ഭൂവുടമകൾക്കും താങ്ങാൻ കഴിയുന്ന വിധത്തിൽ മാത്രമേ നികുതിയീടാക്കാൻ പാടുള്ളു എന്നുകൂടി ശ്രദ്ധിക്കേണ്ടതാണ്.

## വിനോദ നികുതി

പഞ്ചായത്തിൽ എരമംഗലത്തുമാത്രമാണ് ഒരു സിനിമാ തിയേറ്റർ ഉള്ളത്. വളരെ ശാസ്ത്രീയ തരത്തിലാണണ് അതിൽ നിന്നും നികുതി ഈടാക്കുന്നത്. നിലവിലുള്ള കോംപൗണ്ടിങ്ങ് സിസ്റ്റം മാറ്റി ഓരോ ദിവസത്തേയും പിരിവിൻെറ അടിസ്ഥാനത്തിലായിരിക്കണം നികുതി ചുമത്തുന്നത്. തിയ്യറ്ററിലെ പരിശോധന ഉദ്യോഗസ്ഥന്മാർക്കു പുറമെ പഞ്ചായത്ത് അംഗങ്ങൾകൂടി നടത്തണം. വെളിയങ്കോട് ഭാഗത്ത് ഒരു സിനിമാ തിയേറ്റർ ആരംഭിക്കുന്നതിനുള്ള സാധ്യതകളും ഇന്നുണ്ട്. അതിനുള്ള പ്രോത്സാഹനങ്ങൾ പഞ്ചായത്തിൻെറ ഭാഗത്തു നിന്നും ഉണ്ടാവേണ്ടിയിരിക്കുന്നു.

## മറ്റു ധനാഗമന മാർഗ്ഗങ്ങൾ

1 നമ്മുടെ പഞ്ചായത്തിൽ വെളിയങ്കോട് സെൻററിൻെറ ഹൃദയഭാഗത്ത് നാഷണൽ ഹൈവേയോട് ചേർന്നു കിടക്കുന്ന ഗവ. പുറമ്പോക്ക് ഭൂമി പഞ്ചായത്തിലേക്ക് കൈമാറ്റം നടതഇ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും മറ്റും ലോൺ എടുത്ത് ഒരു ഷോപ്പിങ്ങ് കോപ്ലക്സ് നിർമ്മിച്ച് വാടകക്ക് കൊടുക്കേണ്ടതാണ്.

2 അതുപോലെ ഒട്ടേറെ കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അത് വിവിധ ആളുകളുടെ കൈവശത്തിലുമാണ്. അന്യാധീനപ്പെട്ടിരിക്കുന്ന ഈ സ്ഥലങ്ങൾ അടിയന്തിരമായും സർവേ നടത്തി പഞ്ചായത്ത് കൈവശപ്പെടുത്തണം. തെങ്ങുകളും മറ്റും വെച്ച് കൈവശപ്പെടുത്തിയുള്ളവ മാർക്കറ്റ് വില നിശ്ചയിച്ച് കൈവശക്കാർക്ക് തന്നെ ലീസിങ്ങിന് കൊടുക്കാം. മതധർമ്മ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ളവ ഒഴികെ ബാക്കെ സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാവുന്ന തരത്തിൽ വെള്ളം പമ്പുചെയ്യുന്നതിനോ, മത്സ്യകൃഷിക്കോ പാട്ടത്തിന് കൊടുക്കാവുന്നതാണ്. ഇങ്ങനെ കൊടുക്കുമ്പോൾ ഇന്നത്തെ കൈവശക്കാർ, ചുറ്റുമുള്ള സ്ഥലമുടമകൾ എന്നിവർക്ക് മുൻഗണനന കൊടുക്കണം.

3 പഞ്ചായത്തിൻെറ വടക്കുഭാഗത്ത് വിസ്തൃതിയിൽ കിടക്കുന്ന പുഴയുടെ ഓരങ്ങളിൽ ധാരാളം പേർ ചകിരി പൂഴ്ത്തി വരുന്നുണ്ട്. അവർക്ക്പോലും ലൈസൻസ് പഞ്ചായത്തിൽ നിന്നും എടുക്കുന്നില്ലസ. പ്രസ്തുത സ്ഥലം ദീർഘകാലയളവിലേക്ക് ലീസിങ്ങിന് കൊടുക്കുകയും ലൈസൻസ് ഏർപ്പെടുത്തുകയും വേണം.

4 നമ്മുടെ പഞ്ചായത്തിലെ ഉൾപ്രദേശ കേന്ദ്രങ്ങളായ വെളിയങ്കോട്, എരമംഗലം എന്നിവിടങ്ങളിൽ മത്സ്യ മാംസ മാർക്കറ്റുകൾ ഇല്ല. റോഡരുകിൽ വെച്ചാണ് ഇപ്പോൾ അവയുടെ വില്പന. തന്മൂലം അതിൻെറ അവശിഷ്ടങ്ങളും മറ്റും അവിടെക്കിടന്ന് ജീർണ്ണിച്ച് പലതരത്തിലുള്ള മാരകരോഗങ്ങൾക്ക് കാരണമാകുന്നു. ഇതിനുള്ള പരിഹാരമായി രണ്ടു കേന്ദ്രങ്ങളിലും മത്സ്യ മാംസ മാർക്കറ്റുകൾ അടിയന്തിരമായും ആരംഭിച്ച് ലേലത്തിൽ കൊടുക്കെണ്ടതാണ്.

## ഗ്രാമചന്ത

വെളിയങ്കോട്, എരമംഗലം സെൻററുകളിൽ ഓരോ ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കണം. എല്ലാ ഗ്രാമസെമിനാറുകളിലും പൊതുവെ വന്ന നിർദ്ദേശമാണ് പച്ചക്കറി വിതരണം. കാര്യമായത്ര ശ്രദ്ധചെലുത്തിയാൽ പച്ചക്കറിയുടെ കാര്യത്തിൽ നമുക്ക് സ്വയം പര്യാപ്തത നേടാൻ കഴിയും. പച്ചക്കറി വികസനത്തോടെ കർഷകരുടെ ഉല്പന്നങ്ങളും ഇന്ന് നശിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കൈതൊഴിൽ മേഖലയിലെ ഉൽപന്നങ്ങളും മറ്റും വിറ്റഴിക്കാനുള്ള അവസരമായി ഇതിനെ മാറ്റാൻ കഴിയും. ചുരുങ്ങിയ വിലക്ക് നല്ല സാധനങ്ങൾ ലഭിക്കാനുള്ള ഒരു ഉദ്യമമായി സാധാരണക്കാർക്ക് അത് പ്രയോജനപ്പെടും. എന്ന കാര്യത്തിൽ സംശയമില്ല. പഞ്ചായത്തിന് ഇതുമൂലം വരുമാനം ഉണ്ടാക്കാനും കഴിയും.

## നാഷണൽ സേവിങ്ങ്സ്

ഓരോ പഞ്ചായത്തിൽ നിന്നും പിരിക്കുന്ന ഇന്ദിരാ വികാസ് പത്രത്തിൻെറ 15 - 20% അതാത് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ഒരു വ്യവസ്ഥ നിലവിലുണ്ട്. പഞ്ചായത്ത് സമിതിയും വികസന സമിതിയും ഉദ്യോഗസ്ഥരും കൂട്ടായി ശ്രമിച്ച് പരമാവധി സംഖ്യ പിരിക്കാൻ കഴിഞ്ഞാൽ ഈ ഇനത്തിൽ വമ്പിച്ച വരുമാനമുണ്ടാക്കാം. ഗൾഫ് മേഖലക്ക് സ്വാധീനമുള്ള നമ്മുടെ പഞ്ചായത്തിൽ യാതൊരു ബുദ്ധിമുട്ടുകളും കാര്യമായില്ല.

## ഓട്ടോ ടാക്സി സ്റ്റാൻറുകൾ

ടാക്സി - ഓട്ടോ മുതലായ വാഹനങ്ങൾ ഇന്ന് റോഡിൻെറ ഒരു ഭാഗങ്ങളിലാണ് പാർക്കിങ്ങ് ചെയ്യുന്നത്. ഇഷ്ടമുള്ള സ്ഥലത്ത് തന്നിഷ്ടം പോലെ ഇടുന്നതിനാൽ ഒട്ടേറെ വാഹന തടസ്സങ്ങൾക്കും തന്മൂലം അപകടങ്ങൾക്കും കാരണമാകുന്നു. എരമംഗലത്തും വെളിയങ്കോട്ടും ഓരോ ടാക്സി സ്റ്റാൻറുകൾ നിർമ്മിച്ചുകൊടുത്താൽ പഞ്ചായത്തിലെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും.

## ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ അണ്ടത്തോട് സർവ്വീസ് സഹ. ബാങ്കിൻെറ വകയായി രണ്ട് ശാഖയും പോന്നാനി അർബൻ ബാങ്കിൻെറ ഒരു ശാഖയും സൗത്ത് ഇന്ത്യൻ ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയുടെ ഓരോ ശാഖകളും ഉൾപ്പെടെ മൊത്തം അഞ്ച് ധനകാര്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ 5 ബാങ്കുകളിലും കൂടി നമ്മുടെ പഞ്ചായത്തിൽ മൊത്തം 9,77,51147 രൂപ സ്വകാര്യ നിക്ഷേപമുണ്ട്. എന്നാൽ നിക്ഷേപത്തിനനുസൃതമായ വായ്പാത്തുക പലബാങ്കുകളും നൽകുന്നില്ല എന്നുള്ളതും നിക്ഷേപത്തിൻെറ ചെറിയ ശതമാനം മാത്രമാണ് വായ്പകളായി കൊടുക്കുന്നത് എന്നതും കണക്കുകൾ തെളിയിക്കുന്നു. വിവിധ ഇനങ്ങളിലായി നമ്മുടെ പഞ്ചായത്തിലെ ധനകാര്യസ്ഥാപനങ്ങൾ നൽകിയ വായ്പയുടെ ഇനം തിരിച്ച കണക്ക് താഴെ കൊടുക്കുന്നു

| | |
|---|---|
| 1 കൃഷിയും അനുബന്ധ കാര്യങ്ങളും | 21.71 ലക്ഷം |
| 2 ചെറുകിട വ്യവസായം | 18.03 ലക്ഷം |
| 3 ഭവന നിർമ്മാണം | 11.76 |
| 4 സ്വയം തൊഴിൽ | 53.73 |
| 5 കച്ചവടം | 43.45 |
| 6 വാഹനങ്ങൾ | 7.07 |
| 7 സ്വർണ്ണപണയം | 115 |
| 8 ഇതര ആവശ്യങ്ങൾ | 201.45 |
| ആകെ | 472.20 ലക്ഷം |

84 നമ്മുടെ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളിലെ സങ്കീർണ്ണമായ ജാമ്യവ്യവസ്ഥകളും വിവിധയിനം വായ്പകളെ സംബന്ധിച്ചുള്ള ജനങ്ങളുടെ അജ്ഞതയും വായ്പാത്തോത് കുറയുവാൻ കാരണമാകുന്നു. സ്വകാര്യ സ്ഥാപനങ്ങൾക്ക് കൂടുതൽ ലളിതവും ഉദാരവുമായ രീതിയിൽ വായ്പ ലഭ്യമാക്കാനുള്ള നടപടിക്രമങ്ങളും പ്രചാര വേലകളും ആരംഭിക്കണം. നമ്മുടെ പഞ്ചായത്തിലെ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾ കൂടി പണം വായ്പയെടുക്കുന്നതിന് ആവശ്യമായ നിയമനിർമ്മാണവും ക്രമങ്ങളും ആരംഭിക്കണം.

## ചിലവുകൾ

നമ്മുടെ പഞ്ചായത്തിലെ വരുമാനങ്ങൾ ചെലവഴിക്കുന്നത് കൂടുതലും പ്രത്യുല്പാദന പരമല്ലാത്ത കാര്യങ്ങൾക്ക് വേണ്ടിയാണ്. വരുമാനത്തിന്റെ 48%വും സാമൂഹ്യ സേവനങ്ങൾക്ക് 2% ആരോഗ്യം .61% വിദ്യാഭ്യാസം .13% എന്നിവങ്ങനെയാണ്. പൊതുമരാമത്തിന്റെ ചിലവിൽ കൂടുതലും പഞ്ചായത്ത് റോഡുകൾക്ക് വേണ്ടിയാണ്. ഈ റോഡുകളൊക്കെ മഴക്കാലം ആരംഭിച്ചാൽ ഗതാഗതയോഗ്യമല്ലാതാവുന്നു. ഈ റോഡുകളുടെ സംരക്ഷണച്ചുമതലകൾ ഏറ്റെടുക്കണം. ഇരുഭാഗങ്ങളിലുള്ള കാനകളുടെ സംരക്ഷണം അതാത് ഭാഗത്തെ ജനങ്ങളെ ഏല്പിക്കണം. അങ്ങിനെ റോഡുകൾ സംരക്ഷിക്കേണ്ട ചുമതല തങ്ങൾക്കുകൂടി ഉണ്ടെന്ന ബോധം വളർത്തിയെടുക്കണം.

## മനുഷ്യാദ്ധ്വാനം

ഏറ്റവും പ്രധാന വിഭവം മനുഷ്യാദ്ധ്വാനം തന്നെയാണ്. നമ്മുടെ പഞ്ചായത്തിൽ ഇതിനുള്ള സാദ്ധ്യത വളരെ കൂടുതലാണ്. എല്ലാ ഗ്രാമസഭ റിപ്പോർട്ടുകളിലും മനുഷ്യാർപ്പണബോധം പ്രയോജനപ്പെടുത്തി വികസന പ്രവർത്തനം നടത്തണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. കക്ഷിരാഷ്ട്രീയം മറന്ന് ജാതി ചിന്തകൾക്ക് അതീതമായി എല്ലാവിഭാഗവും സംഘടിച്ച് മുന്നോട്ടുവന്നാൽ മാത്രമേ ഇത് സാധ്യമാകൂ. ഓരോരുത്തരും തന്റെ നാടിന്റെ വികസനത്തിനുവേണ്ടി തന്റെ അദ്ധ്വാനത്തിന്റെ പങ്ക് സംഭാവന ചെയ്യാൻ തയ്യാറാണ് എന്ന ബോധത്തിലേക്ക് എത്തണം. സന്നദ്ധ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തണം. എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും സന്നദ്ധ സംഘടനകൾക്കും ഉൾപ്പെടുത്തി അവരെ വാർഡ് അടിസ്ഥാനത്തിലും അതിൽ തന്നെ ചെറിയ ചെറിയ യൂണിറ്റുകളായി സംഘടിപ്പിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തനം നടത്താൻ കഴിഞ്ഞാൽ പഞ്ചായത്തിന്റെ വികസനത്തിൽ ഇന്നു വന്നുചേരുന്ന അഴിമതി, ദൂർത്ത് എന്നിവയും മറ്റു പാഴ്ചിലവും കുറച്ച് യഥാസമയം കൃത്യമായി പ്രവർത്തനങ്ങൾ നടത്തി മുന്നേറാൻ കഴിയും.

# ഉപസംഹാരം

അശാസ്ത്രീയമായ വികസനസമീപനമാണ് ഇന്നലെ വരേയും നമുക്കിടയിൽ നിലനിന്നിരുന്നത്. റോഡ്, പാലം, വെള്ളം,വെളിച്ചം ഇവയിലൊതുങ്ങിനിന്നു നമ്മുടെ വികസനസങ്കല്പം. അടിസ്ഥാനമേഖല യായ കൃഷിയും വ്യവസായവും വികസന സമവാക്യത്തിലെ ഊടും പാവും ആണെന്ന തിരിച്ചറിവ് നാട്ടി ലുണ്ടാക്കി എന്നതാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ പ്രധാന നേട്ടം. ഈ മേഖലകളുടെ വ ളർച്ചയിലൂടെ വേണം സേവന മേഖല വികസിക്കാൻ.

ജനപങ്കാളിത്തത്തോടെ ആസൂത്രണം ഫലപ്രദമാക്കാനാകുമെന്ന് കുറഞ്ഞ കാലയളവു കൊണ്ട് മ നസ്സിലാക്കാൻ നമുക്ക് കഴിഞ്ഞു. പദ്ധതികളുടെ നടത്തിപിലും ജനപങ്കാളിത്തം സാധ്യമാക്കിയാൽ ഉണ്ടാ കാവുന്ന മാറ്റം അതിബൃഹത്തായിരിക്കും.

ഫണ്ടിൻെറ അപര്യാപ്തത പഞ്ചായത്തിൻെറ പ്രവർത്തനത്തെ കാര്യമായി ബാധിക്കാറുണ്ട്. വികസ നപ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ ഫണ്ടില്ല എന്നതായിരുന്നു ഇന്നലെവരേയും സ്ഥിതി. സന്നദ്ധപ്ര വർത്തനത്തിൻെറ സാധ്യതകൾ ഉപയോഗപെടുത്താൻ നമുക്ക് കഴിയുമെന്ന് ഇക്കഴിഞ്ഞ ആഴ്ചകൾ സാക്ഷ്യപ്പെടുത്തുന്നു. അനുയോജ്യമായ പദ്ധതികൾക്ക് രൂപം നൽകിയാൽ സർക്കാരേതര ഏജൻസിക ളിൽ നിന്നും സഹായം ലഭ്യമാക്കാനാകും. ഫണ്ട് സമാഹരണത്തിന് പുതിയ സാധ്യതകൾ കണ്ടെത്തുക യും വേണം.

പ്രശ്നങ്ങളെ ആത്മനിഷ്ഠമായി മാത്രം സമീപിക്കുന്നതിലാണ് എല്ലാ തർക്ക പ്രശ്നങ്ങളുടേയും തായ്‌വേര്. വസ്തു നിഷ്ഠമായ വിശകലനം സത്യത്തെ കണ്ടെത്താനും ഐക്യം ഊട്ടിയുറപ്പിക്കാനും സ ഹായകമാണ്. നമ്മുടെ പഞ്ചായത്തിൽ പ്രാഥമിക വിവരശേഖരണസർവ്വേ, വിഭവ ഭൂപടനിർമ്മാണം എ ന്നിവ നടക്കാനിരിക്കുകയാണ്. ഇവയുടെ പൂർത്തീകരണത്തോടെ കൂടുതൽ വസ്തു നിഷ്ഠമായ അടി ത്തറയിൽ വികസന പ്രശ്നങ്ങളെ പറ്റി പര്യലോചിക്കുന്നതിന് നമുക്ക് കഴിയും.

നിഷ്പക്ഷവും, നീതിപൂർവ്വകവും, മാനുഷികവുമായ മാനദണ്ഡങ്ങൾ ആധാരമാക്കിവേണം മുൻഗ ണനകൾ നിശ്ചയിക്കാൻ. മുൻഗണനാക്രമം നിശ്ചയിക്കുന്നതിൽ ഗ്രാമസഭാ നിർദ്ദേശങ്ങളിലെ മുൻഗ ണനകൾക്ക് പ്രഥമ പരിഗണന നൽകണം.

ആസൂത്രണം അർത്ഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗിക്കുമ്പോ ഴാണ്. പ്രകൃതി വിഭവങ്ങൾ, ജനസമ്പത്ത് എന്നിവ പരമാവധി പ്രയോജനപ്പെടുത്തി പ്രായോഗിക ബുദ്ധി യോടെ നമ്മുടെ പദ്ധതികൾ രൂപപെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളി ലും നിർദ്ദേശങ്ങളും, സാധ്യതകളും, പദ്ധതികലായി രൂപപ്പെടുത്തുന്നതിന് വിദഗ്ദ സമിതികൾക്ക് കഴി യും.

ഒൻപതാം പദ്ധതി കാലയളവിൽ പദ്ധതി അടങ്കലിൻെറ 40 % പഞ്ചായത്തുകൾക്ക് ലഭിക്കും എന്നു വന്നാൽ തന്നെ പ്രാദേശിക വികസനത്തിൽ കുതിച്ചുചാട്ടം നടത്താൻ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് കഴിയും. ഒരു വർഷം പഞ്ചായത്തിന് ലഭിക്കാനിടയുള്ള തുക ഏറെക്കുറെ 70 - 75 ലക്ഷം രൂപയോളം വരും, ഇതൊരു നിസ്സാരസംഖ്യയല്ല. സാർവത്രികമായ അഴിമതിയിൽ നിന്ന് വികസനരംഗം വിമോചിപ്പിക്കപെടണമെങ്കിൽ വർദ്ധിച്ച ജനപങ്കാളിത്തം ജനജാഗ്രതയും കൂടിയേ തീരൂ.

ജനകീയ ആസൂത്രണം ജനോപകാരപ്രദമായ പദ്ധതികൾ ജനപങ്കാളിത്തത്തോടെ ദ്രുതഗതിയിൽ ഫലപ്രദമായി നടപ്പാക്കുന്നതിനുള്ള സാമൂഹ്യ ആയുധമാണ്. അതുകൊണ്ട് തന്നെ ഗ്രാമപഞ്ചായത്തിൻെറ 'വികസനരേഖ' ചർച്ചകളിലൂടെ സമ്പുഷ്ടമാക്കി, സമ്പൂർണ്ണമായി നടപ്പാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ. ഗ്രാമസഭകളിലുണ്ടായ ഉയർന്ന ജനപങ്കാളിത്തവും, നിലവാരമുള്ള ചർച്ചകളും, പ്രവർത്തനത്തിനുള്ള സന്നദ്ധതയും, വികസനപദ്ധതികൾ ഏറ്റെടുക്കാൻ ആത്മവിശ്വാസം നൽകുന്നതാണ്.

അടുത്ത അഞ്ച് വർഷം കൊണ്ട് വികസന രംഗത്തൊരു വേലിയേറ്റമുണ്ടാക്കാൻ നമുക്ക് കഴിയണം. മഹത്തായ ഈ പ്രതീക്ഷ നിറവേററാൻ സമീപകാലത്ത് തന്നെ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ ഈ 'വികസനരേഖ' വെളിയങ്കോട് ഗ്രാമപഞ്ചായത്ത് വികസനസെമിനാറിന് മുമ്പാകെ വിശദമായ ചർച്ചക്കും, വിശകലനത്തിനും, പരിഷ്കരണത്തിനും വേണ്ടി സമർപ്പിക്കുന്നു.

'നിയമങ്ങളും ഭരണഘടനയും മാത്രമായി ഒരു രാജ്യത്തെ മഹത്തായതാക്കുന്നില്ല. അതിനെ ഒരു മഹാരാഷ്ട്രമാക്കി തീർക്കുന്നത് ജനങ്ങളുടെ ഉത്സാഹവും ഊർജ്ജസ്വലതയും നിരന്തര യത്നവുമാണ്. '

# പ്രവർത്തനരേഖ വെളിയങ്കോട് പഞ്ചായത്ത്

1995 ഒക്ടോബർ രണ്ടാം തിയ്യതി അധികാരത്തിൽ വന്ന ഭരണ സമിതിക്ക് ഏറെ വെല്ലുവിളകളെയാണ് നേരിടേണ്ടിവന്നത്.

വരൾച്ച, കുടിവെള്ള ക്ഷാമം, പകർച്ചവ്യാധികൾ തുടങ്ങിയ അനവധി പ്രശ്നങ്ങളെ അതിജീവിക്കാൻ ഭഗീരഥ പ്രയത്നം നടത്തുകയാണിപ്പോഴും. കാലിയായ ഖജനാവ് എല്ലാ വികസനപ്രവർത്തനങ്ങൾക്കും വിരാമം ഇടുന്നു.

സമൂഹത്തിൽ താഴെ തട്ടിലുള്ളവർക്കും, പിന്നോക്കവിഭാഗക്കാർക്കും കുടിവെള്ളമെത്തിക്കുന്നതിനും പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനും സൗകര്യം ചെയ്ത് കൊടുക്കുന്നതിനും പ്രതിജ്ഞാബദ്ധമാണ് ഭരണസമിതി. 50 പിന്നോക്കവിഭാഗക്കാരുടെ വീടുകൾ വൈദ്യുതീകരിക്കുന്നതിന് നടപടികൾ പൂർത്തിയായി. പത്തെണ്ണത്തിൻെറ ജോലി കഴിഞ്ഞു. ബാക്കി പ്രവർത്തി പുരോഗമിച്ചുവരുന്നു. പ്രഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് സൗകര്യം ചെയ്തുകൊടുക്കുന്നതിൻെറ മുന്നോടിയായി പഞ്ചായത്തിലെ മുഴുവൻ പിന്നോക്കവിഭാഗക്കാർക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു. 137 എണ്ണം അനുവദിക്കുന്നതിന് നടപടികൾ പൂർത്തിയായിവരുന്നു. ദുർബലവിഭാഗത്തിൽ പെട്ടവർക്കുവേണ്ട സൗകര്യങ്ങളും ഉണ്ടാക്കികൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ഏതാനും പിന്നോക്കവിഭാഗക്കാരുടെ വീടുകൾ ഓടുമേഞ്ഞ് കൊടുക്കുന്നതിനും വൈദ്യുതീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

വ്യാവസായിക, കാർഷിക രംഗങ്ങളിൽ മറ്റെങ്ങുമില്ലാത്ത പിന്നോക്കാവസ്ഥയാണ് പഞ്ചായത്തിൽ നിലവിലുള്ളത്. ഭൂമിശാസ്ത്രപരമായി ഏറെ വൈചിത്ര്യമാണ് പഞ്ചായത്തിനെ വിഭജിച്ച് കൊണ്ട് കനോലി കനാൽ ഒഴുകുന്നു. വാണിജ്യവികസനത്തിനായി നിർമ്മിച്ച ഈ കനാൽ ഇന്ന് ഈ നാടിൻെറ ഏറ്റവും വലിയ ശാപമായി തീർന്നിരിക്കയാണ്. ഉപ്പുവെള്ളം കയറി നാമമാത്രമായ നെൽകൃഷി നശിച്ചുപോകുന്നു. കനാലിന് പടിഞ്ഞാറ് ഭാഗത്തുള്ളവർക്ക് കിഴക്ക്ഭാഗത്ത് എരമംഗലത്ത് സ്ഥിതിചെയ്യുന്ന സർക്കാർ ഓഫീസുകളിൽ എത്താൻ തലചുറ്റി മൂക്ക് പിടിക്കുന്നത് പോലെ പെരുമ്പടപ്പ് പാറ വഴിയോ, പുതുപൊന്നാനി വഴിയോ യാത്ര ചെയ്യണം. കനോലി കനാലിന് കുറുകെ ഒരു പാലവും ഉപ്പുവെള്ളം കയറുന്നത് തടയുവാൻ ചീർപ്പുകളും അടിയന്തിരമായി നിർമ്മിക്കലാണ് ഈ ദുരവസ്ഥ ഒഴിവാക്കാൻ ഏക മാർഗ്ഗം. ഈ ആവശ്യം ഉൾപ്പെടുത്തി ഭരണസമിതി അധികാരമേറ്റ ഉടനെതന്നെ 24,50000 രൂപയുടെ വികസന പരിപാടികൾക്ക് ആസൂത്രണം ചെയ്ത് സർക്കാരിലേക്ക് സമർപ്പിച്ചു. പഞ്ചായത്തിലെ റോഡുകളുടെ ദുരവസ്ഥ മുന്നിൽ കണ്ട് തയ്യാറാക്കിയ മേൽകർമ്മ പരിപാടി തീരദേശ വികസന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണസമിതി സർക്കാരിൽ സമ്മർദ്ദം ചെലുത്തിവരുന്നുണ്ട്.

ജനകീയാസൂത്രണപരിപാടിയുടെ ഭാഗമായി പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടത്തി. വമ്പിച്ച സഹകരണമാണ് ഗ്രാമവാസികളിൽ നിന്ന് ലഭിച്ചത്.

പുനരർപ്പണദിന പദ്ധതി അനുസരിച്ച് 4-ാം വാർഡിൽ നാട്ടുകാർ ശ്രമദാനമായി നിർമ്മിച്ച വെളിയങ്കോട് അങ്ങാടി മുതൽ കനോലി കനാൽ വരെയുള്ള റോഡ് പഞ്ചായത്ത് ഏറ്റെടുക്കുകയും നവംബർ 1-ാം തീയ്യതി റോഡിൻെറ റിപയർ പ്രസിഡണ്ട് ഉദ്ഘാടനം നടത്തുകയും ചെഎയ്തു. മറ്റ് എല്ലാ വാർഡുകളിലും ഓരോ പ്രവർത്തികൾ ഏറ്റെടുക്കുകയും ചെയ്തു.

സമഗ്ര നാളികേര വികസന പദ്ധതി നടപ്പിലാക്കുന്നതിന് തെങ്ങ് കൃഷിക്കാരുടെ യോഗങ്ങൾ 24 - 10- 96നും 26 -10 -96നും ചേർന്നു. കേരകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ വിശദമായി ചർച്ച ചെയ്തു. കേരകൃഷിക്കാർക്ക് കിണർ കുഴിക്കുന്നതിനും പമ്പ് സെററുകൾ വാങ്ങുന്നതിനും വേണ്ടിയുള്ള പരിപാടികൾ നടപ്പിലാക്കാൻ തീരുമാനിച്ചു.

എരമംഗലം, വെളിയങ്കോട് അങ്ങാടികളുടെ ശുചീകരണം സംബന്ധിച്ച് വിവിധ രാഷ്ട്രീയപാർട്ടികളുടേയും, വ്യാപാരി വ്യവസായികളുടേയും, ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻമാരുടേയും യോഗം വിളിച്ചു ചേർത്തു. ശുചീകരണം സംബന്ധിച്ച് എടുക്കേണ്ട നടപടികളെ കുറിച്ചും, പകർച്ചവ്യാധികൾ തടയുന്നത് സംബന്ധിച്ച് എടുക്കേണ്ട നടപടികളെ പറ്റി സമഗ്രമായി ചർച്ച ചെയ്തു.

പഞ്ചായത്ത് ഭരണസമിതിയും ജനകീയാസൂത്രണ സമിതിയും കൈകോർത്ത് പിടിച്ചുകൊണ്ട് പരിമിതമായ ഫണ്ട് ഉപയോഗപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപാക്കാനുള്ള പരിശ്രമത്തിലാണ്.

വരും കാലങ്ങളിൽ കൂടുതൽ ജനകീയ പങ്കാളിത്തത്തോടുകൂടി ജനങ്ങളുടെ നാനാവിധ പ്രശ്നങ്ങൾക്ക് ഫലപ്രദമായ പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രത്യാശിക്കാം. ജനകീയാസൂത്രണ പരിപാടിയുടെ നടത്തിപ്പിന് വേണ്ടി സേവനം സമർപിച്ച എല്ലാ നല്ലവരായ വ്യക്തികൾക്കും പ്രത്യേകം നന്ദി പ്രകടിപ്പിക്കുന്നതോടൊപം വരും കാലങ്ങളിൽ നമ്മുടെ വികസന സംരംഭങ്ങളിൽ എല്ലാവരുടേഏയും അകമഴിഞ്ഞ സഹായസഹകരണങ്ങൾ തുടർന്നും പ്രതീക്ഷിക്കുന്നു.

എന്ന്

പി.പി. ഇബ്രാഹിം കുട്ടി

പഞ്ചായത്ത് പ്രസിഡണ്ട്.





അധികാരം
ജനങ്ങൾക്ക്

Printed at: UKC Offset Printers KKM.